# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

ഏഴാം സമ്മേളനം

2022 ഡിസംബർ 9, വെള്ളി

## ഔദ്യോഗിക റിപ്പോർട്ട്


വാല്യം 190 - നമ്പർ 5

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

ഏഴാം സമ്മേളനം

**2022 ഡിസംബർ 9, വെള്ളി**

സ്പീക്കർ

**ശ്രീ. എ. എൻ. ഷംസീർ**

ഡെപ്യൂട്ടി സ്പീക്കർ

**ശ്രീ. ചിറ്റയം ഗോപകുമാർ**

സെക്രട്ടറി

**ശ്രീ. എ. എം. ബഷീർ**

ചീഫ് എഡിറ്റർ

**ശ്രീമതി എസ്. ജയശ്രീ**

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# മന്ത്രിസഭാംഗങ്ങൾ

| | | |
|---|---|---|
| മുഖ്യമന്ത്രി | : | ശ്രീ. പിണറായി വിജയൻ |
| മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി | : | ശ്രീ. വി. അബ്ദുറഹിമാൻ |
| തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി | : | ശ്രീ. അഹമ്മദ് ദേവർകോവിൽ |
| ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി | : | ശ്രീ. ജി. ആർ. അനിൽ |
| ഗതാഗത വകുപ്പുമന്ത്രി | : | ശ്രീ. ആന്റണി രാജു |
| ധനകാര്യ വകുപ്പുമന്ത്രി | : | ശ്രീ. കെ. എൻ. ബാലഗോപാൽ |
| ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി | : | ഡോ. ആർ. ബിന്ദു |
| മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി | : | ശ്രീമതി ജെ. ചിഞ്ചുറാണി |
| വൈദ്യുതി വകുപ്പുമന്ത്രി | : | ശ്രീ. കെ. കൃഷ്ണൻകുട്ടി |
| പൊതുമരാമത്ത്- വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി | : | ശ്രീ. പി. എ. മുഹമ്മദ് റിയാസ് |
| കൃഷി വകുപ്പുമന്ത്രി | : | ശ്രീ. പി. പ്രസാദ് |
| പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | : | ശ്രീ. കെ. രാധാകൃഷ്ണൻ |
| റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി | : | ശ്രീ. കെ. രാജൻ |
| നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി | : | ശ്രീ. പി. രാജീവ് |
| തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി | : | ശ്രീ. എം. ബി. രാജേഷ് |
| ജലവിഭവ വകുപ്പുമന്ത്രി | : | ശ്രീ. റോഷി അഗസ്റ്റിൻ |
| വനം-വന്യജീവി വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ശശീന്ദ്രൻ |
| പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി | : | ശ്രീ. വി. ശിവൻകുട്ടി |
| സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി | : | ശ്രീ. വി. എൻ. വാസവൻ |
| ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി | : | ശ്രീമതി വീണാ ജോർജ് |

## ഉള്ളടക്കം

**I. ചോദ്യോത്തരങ്ങൾ**

വാങ്മൂലം നൽകിയ ഉത്തരങ്ങൾ

(രേഖാമൂലം നൽകിയ ഉത്തരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.)

**II. അടിയന്തരപ്രമേയം**

ലഹരി ഉപയോഗംമൂലമുണ്ടാകുന്ന അക്രമസംഭവങ്ങൾ
- ഡോ. മാത്യു കുഴൽനാടൻ

(അവതരണാനുമതി നിഷേധിച്ചു)

**അനുബന്ധം I & II**

# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

### ഏഴാം സമ്മേളനം

2022 ഡിസംബർ 9, വെള്ളി

---

വാല്യം 190} ഔദ്യോഗിക റിപ്പോർട്ട് {നമ്പർ 5

---

നിയമസഭ 2022 ഡിസംബർ മാസം 9-ാം തീയതി വെള്ളിയാഴ്ച രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എ. എൻ. ഷംസീറിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**I. ചോദ്യോത്തരങ്ങൾ**

(ഈ സമ്മേളനകാലത്തേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രായ്ക്കറ്റിൽ കാണിച്ചിരിക്കുന്നു.)

## 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ......... ഓർഡർ........ ചോദ്യം നമ്പർ (*121)

വിഴിഞ്ഞം തുറമുഖ നിർമ്മാണ കരാർ

1 (*121) ശ്രീ. കടകംപള്ളി സുരേന്ദ്രൻ:
ശ്രീ. വി. ജോയി:
ശ്രീ. വി. കെ. പ്രശാന്ത്:
ശ്രീ. കെ. ആൻസലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ നിർമ്മാണ രീതി കരാറിൽ പറഞ്ഞിട്ടുള്ളതിൽനിന്ന് വ്യതിചലിച്ചിട്ടില്ലെന്ന് ഉറപ്പാക്കാൻ ഈ സർക്കാർ മേൽനോട്ടം നടത്തുന്നുണ്ടോ; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി അട്ടിമറിക്കാൻ ചിലർ ശ്രമിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(സി) ജീവനോപാധി നഷ്ടത്തിന് നഷ്ടപരിഹാരം നൽകാനും പുനരധിവാസവും പ്രദേശവാസികളുടെ ക്ഷേമം ഉറപ്പാക്കാനും സർക്കാർ നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കാമോ?

തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി (ശ്രീ. അഹമ്മദ് ദേവർകോവിൽ): സർ, (എ) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതി

നിർവ്വഹണത്തിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി അദ്ധ്യക്ഷനായ വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ട് ലിമിറ്റഡ് (VISL) എന്ന സർക്കാർ കമ്പനിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പദ്ധതിയുടെ നിർവ്വഹണം കൺസഷൻ കരാർ പ്രകാരമാണ് നടപ്പാക്കുന്നതെന്ന് ഉറപ്പുവരുത്താൻ ഒരു ഇൻഡിപെൻഡന്റ് എഞ്ചിനീയറെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. ചെന്നൈ ഐ.ഐ.ടി.-യിലെ സിവിൽ എഞ്ചിനീയറിംഗ് വിഭാഗമാണ് ഇപ്പോൾ ഈ ദൗത്യം നിർവ്വഹിക്കുന്നത്. കൂടാതെ, കരാറും പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ അതത് സമയങ്ങളിൽ ഉചിതമായ തീരുമാനമെടുക്കുന്നതിന് ചീഫ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ വിവിധ വകുപ്പ് സെക്രട്ടറിമാർ അംഗങ്ങളായ ഒരു എംപവേർഡ് കമ്മിറ്റിയും പ്രവർത്തിച്ചുവരുന്നുണ്ട്. പദ്ധതിയുടെ പുരോഗതി സംബന്ധിച്ച് ഇൻഡിപെൻഡന്റ് എഞ്ചിനീയർ സ്ഥിരമായി അവലോകന റിപ്പോർട്ടുകൾ ലഭ്യമാക്കുകയും ആവശ്യമായ തുടർനടപടി സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.

(ബി) ഇതുസംബന്ധിച്ച് തെളിവുകളൊന്നും ലഭിച്ചിട്ടില്ല.

(സി) വിഴിഞ്ഞം തുറമുഖവുമായി ബന്ധപ്പെട്ട് മത്സ്യത്തൊഴിലാളികളുടെ ഭൂമി ഏറ്റെടുത്തിട്ടില്ലെന്നുള്ളതാണ് ഏറ്റവും വലിയ പ്രത്യേകത. ഇതിനായി കടലോരത്തുനിന്ന് മാറി മറ്റാളുകളുടെ ഭൂമിയാണ് ഏറ്റെടുത്തിട്ടുള്ളത്. ഇങ്ങനെ

ഭൂമി നഷ്ടപ്പെട്ടവർക്കെല്ലാം ഉഭയസമ്മതപ്രകാരമുള്ള നഷ്ടപരിഹാരവും വീട് നഷ്ടപ്പെട്ടവർക്ക് 5 സെന്റ് വീതം സ്ഥലവും അനുവദിച്ചുനല്കിയിട്ടുണ്ട്. എന്നാൽ തുറമുഖം വരുന്നതോടെ പദ്ധതി പ്രദേശത്തെ കരമടി, കട്ടമരം, ചിപ്പി വാരൽ തുടങ്ങിയ തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്ന മത്സ്യത്തൊഴിലാളികൾക്ക് അവിടെ തൊഴിൽ ചെയ്യാൻ കഴിയാത്ത സാഹചര്യമുണ്ടായി. ഇവരെ പുനരധിവസിപ്പിക്കുന്നതിനാവശ്യമായ പുനരധിവാസ പാക്കേജ് തയ്യാറാക്കി സമർപ്പിക്കുന്നതിന് ആർ.ഡി.ഒ.-യുടെ അദ്ധ്യക്ഷതയിൽ ഒരു Livelihood Impact Assessment Committee-യും അവർ നൽകുന്ന ശിപാർശകൾ അവലോകനംചെയ്ത് സർക്കാരിന് സമർപ്പിക്കുന്നതിനും പരാതികൾ പരിഹരിക്കുന്നതിനും ജില്ലാ കളക്ടർ അദ്ധ്യക്ഷനായ ഒരു അപ്പീൽ സമിതിയും രൂപീകരിക്കുകയുണ്ടായി. ഈ സമിതികൾ സമർപ്പിച്ച ശിപാർശകൾ സർക്കാർ അംഗീകരിച്ചുകൊണ്ട് ബന്ധപ്പെട്ട തൊഴിലാളികൾക്ക് ധനസഹായം വിതരണം ചെയ്തിട്ടുണ്ട്. പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ നിരവധി തവണ സഭയിൽ സമർപ്പിച്ചിട്ടുണ്ട്.

കരാർ ഒപ്പുവയ്ക്കുന്ന സമയത്ത് കേന്ദ്ര പരിസ്ഥിതി മന്ത്രാലയം 8.65 കോടി രൂപയുടെ പുനരധിവാസ പ്രവർത്തനങ്ങൾ നടത്താനാണ് നിർദ്ദേശിച്ചിരുന്നത്. എന്നാൽ ഈ സർക്കാർ മത്സ്യത്തൊഴിലാളികളോട്

വളരെ അനുകൂലമായ നയം സ്വീകരിക്കുകയും പുനരധിവാസത്തിന് മാത്രമായി 100 കോടി രൂപ ചെലവഴിക്കുകയുമുണ്ടായി. ഇതുകൂടാതെ ഒട്ടേറെ പ്രശ്നങ്ങൾ വിഴിഞ്ഞം നിവാസികൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. സർക്കാർ ഫണ്ട് ഉപയോഗപ്പെടുത്തിയും നിർമ്മാണ കമ്പനിയുടെ CSR (Corporate Social Responsibility) ഫണ്ട് ഉപയോഗിച്ചും ഒട്ടേറെ പ്രവൃത്തികൾ ഏറ്റെടുത്തിട്ടുണ്ട്. വിഴിഞ്ഞം തുറമുഖം വന്നതോടെ ഹാർബറിലെ തിരയടി വർദ്ധിച്ചതിന്റെ ഫലമായി ബോട്ടുകൾ അപകടത്തിൽപ്പെടുന്നുവെന്ന് വിഴിഞ്ഞം മത്സ്യമേഖലയിലുള്ളവർ ആശങ്ക ഉയർത്തിയ സാഹചര്യത്തിൽ ഇതിന് പരിഹാരമായി അപകടത്തിൽപ്പെടുന്ന ബോട്ടുകൾക്ക് നഷ്ടപരിഹാരം നൽകുന്നതിന് വിഴിഞ്ഞം മേഖലയിലെ എല്ലാ ബോട്ടുകളും ഇൻഷ്വർ ചെയ്യുകയുണ്ടായി. ഈ പ്രശ്നത്തിന് ശാശ്വത പരിഹാരം കണ്ടെത്തുന്നതിനായി പൂനെയിലെ കേന്ദ്ര സർക്കാർ സ്ഥാപനമായ CPWRS (The Central Water and Power Research Station)-നെക്കൊണ്ട് പഠനം നടത്തുകയും അവരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പഴയ വിഴിഞ്ഞം തുറമുഖത്തിന്റെ പുലിമുട്ടിൽ 170 മീറ്റർ നീളമുള്ള ഒരു ഫർ ബ്രേക്ക് വാട്ടർ നിർമ്മിക്കാൻ ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. ഈ പുലിമുട്ട് നിർമ്മാണം പൂർത്തിയായാൽ ഹാർബറിൽ വലിയ തിരകളുണ്ടാകില്ലെന്നാണ് CPWRS

കണ്ടെത്തിയിരിക്കുന്നത്. വിഴിഞ്ഞം ഹാർബറിന്റെ കവാടത്തിൽ മണ്ണ് അടിഞ്ഞുകൂടി അവിടെ ബോട്ടുകൾ അപകടത്തിൽപ്പെടുന്നുവെന്ന ആക്ഷേപമുണ്ടായ സാഹചര്യത്തിൽ പ്രശ്നപരിഹാരമായി ഹാർബറിന്റെ കവാടം വർഷംതോറും ഹൈഡ്രോഗ്രാഫിക് സർവ്വേ വിംഗിനെക്കൊണ്ട് സർവ്വേയും ഡ്രഡ്ജിംഗും നടത്തിവരികയാണ്. ഈ വർഷം നടത്തിയ പഠനത്തിൽ ഹാർബറിന്റെ കവാടത്തിൽ മണ്ണ് അടിഞ്ഞിട്ടില്ലെന്ന് കണ്ടെത്തിയതിനെത്തുടർന്ന് ഈ കാലവർഷത്തിൽ അവിടെ അപകടങ്ങളൊന്നുമുണ്ടായിട്ടില്ലെന്നത് പ്രസ്താവ്യമാണ്.

തുറമുഖ നിർമ്മാണം ആരംഭിക്കുന്നതോടെ അവിടെയുള്ള മത്സ്യബന്ധന യാനങ്ങൾക്ക് കൂടുതൽ ദൂരം സഞ്ചരിക്കേണ്ടിവരുമെന്ന ആക്ഷേപം ഉയർന്നുവന്ന സാഹചര്യത്തിൽ ഇതിന് പരിഹാരമെന്ന നിലയിൽ വിഴിഞ്ഞത്തുനിന്ന് പുറപ്പെടുന്ന യാനങ്ങൾക്ക് അവയുടെ എഞ്ചിൻ കപ്പാസിറ്റിയുടെ അടിസ്ഥാനത്തിൽ ചുരുങ്ങിയത് 4 ലിറ്റർ മണ്ണെണ്ണ 2017 മുതൽ അനുവദിച്ചുനൽകിയിട്ടുണ്ട്. ഇതിന്റെ ഗുണം 2383 ബോട്ട് എഞ്ചിനുകൾക്ക് ലഭിച്ചിട്ടുണ്ട്. കഴിഞ്ഞ വർഷം സർക്കാരിന് ഈയിനത്തിൽ 27.13 കോടി രൂപ ചെലവായിട്ടുണ്ട്. ഈ വർഷം മണ്ണെണ്ണയുടെ വില വർദ്ധിച്ച സാഹചര്യത്തിൽ 46 കോടി രൂപ ചെലവാകുമെന്നാണ്

കണക്കാക്കിയിരിക്കുന്നത്. ഇത് ഒരു വർഷത്തേയ്ക്കുകൂടി ദീർഘിപ്പിക്കുവാൻ തീരുമാനമെടുത്തിട്ടുണ്ട്. വിഴിഞ്ഞത്തുള്ള ആരോഗ്യ സബ് സെന്ററിനെ പി.എച്ച്.സി. ആയി ഉയർത്തണമെന്ന ആവശ്യമുണ്ടായിരുന്നു; എന്നാൽ ഈ സബ് സെന്റർ സ്ഥിതി ചെയ്യുന്ന സ്ഥലത്ത് പി.എച്ച്.സി. സ്ഥാപിക്കാനുള്ള സ്ഥലസൗകര്യം ഇല്ലാത്തതിനാൽ നിലവിലുള്ള കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിനെ 100 ബെഡ്ഡുകളുള്ള താലൂക്കാശുപത്രിയായി ഉയർത്തുന്നതിന് ഇതുവരെ 10 കോടി രൂപയാണ് സർക്കാർ ചെലവഴിച്ചിട്ടുള്ളത്. നിലവിൽ നിർമ്മാണം പുരോഗമിച്ചുകൊണ്ടിരിക്കുന്ന പ്രസ്തുത കെട്ടിടത്തിൽ ഓപ്പറേഷൻ തിയേറ്റർ അടങ്ങുന്ന ഒരു നിലയുടെ നിർമ്മാണം കമ്പനി നടത്തിവരികയാണ്; അതിന്റെ പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. നിലവിലുള്ള സബ്സെന്ററിനെ പി.എച്ച്.സി. ആയി ഉയർത്താമെന്ന് ആരോഗ്യ വകുപ്പ് സമ്മതിച്ചിട്ടുണ്ട്. ഇതിനുള്ള ഭൂമി കണ്ടെത്തുന്ന നടപടി സ്വീകരിച്ചുവരികയാണ്.

വിഴിഞ്ഞത്തെ പ്രായാധിക്യമുള്ളവർക്ക് പകൽസമയം ചെലവഴിക്കുന്നതിനുള്ള ഒരു പകൽവീട് നിർമ്മിക്കുന്നതിനായി ഫിഷറീസ് ഡിപ്പാർട്ട്മെന്റ് 1.8 കോടി രൂപയുടെ പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്. സ്ഥലം കണ്ടെത്താൻ കഴിയാത്തതുകൊണ്ടാണ് പ്രോജക്ട് ഏറ്റെടുക്കാൻ

സാധിക്കാത്തത്. വിഴിഞ്ഞം തുറമുഖം പ്രാവർത്തികമാകുമ്പോൾ അവിടെയുള്ള തൊഴിലുകൾ സ്വദേശികൾക്ക് നൽകാമെന്ന് നിർമ്മാണ കമ്പനി സമ്മതിച്ചിട്ടുണ്ട്. അതിന്റെ ഭാഗമായി അവർക്ക് പരിശീലനം നൽകുന്നതിന് ASAP (Additional Skill Acquisition Programme Kerala) 48 കോടി രൂപ ചെലവഴിച്ചുകൊണ്ട് കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ഈ വർഷംതന്നെ നിർമ്മാണ കമ്പനി ട്രെയിനിംഗ് സെന്റർ ആരംഭിച്ച് തദ്ദേശവാസികൾക്ക് വിവിധ കോഴ്സുകളിൽ പരിശീലനം നൽകുന്നതാണ്. കെട്ടിട നിർമ്മാണത്തിനായി 22 കോടി രൂപ ഏഷ്യൻ ഡെവലപ്മെന്റ് ബാങ്കും 26 കോടി രൂപ വിഴിഞ്ഞം തുറമുഖ കമ്പനിയുമാണ് ചെലവഴിക്കുന്നത്. വിഴിഞ്ഞം പ്രദേശത്ത് മാലിന്യ സംസ്കരണത്തിന് പ്രോജക്ട് തയ്യാറാക്കി തിരുവനന്തപുരം കോർപ്പറേഷൻ മുഖേന നടപ്പാക്കുന്നതാണ്.

കോട്ടപ്പുറം ഭാഗത്തെ പ്രദേശവാസികൾക്ക് കുടിവെള്ളം ലഭിക്കുന്നില്ലെന്ന പരാതി പരിഹരിക്കുന്നതിനായി 1.72 കോടി രൂപ ചെലവഴിച്ച് കോട്ടപ്പുറത്ത് 1000 വീട്ടുകാർക്ക് സൗജന്യ വാട്ടർ കണക്ഷൻ നൽകിയിട്ടുണ്ട്. തുറമുഖ നിർമ്മാണം ആരംഭിച്ചതോടെ തങ്ങളുടെ കളിസ്ഥലം നഷ്ടപ്പെട്ടതായി നാട്ടുകാർ ആക്ഷേപമുയർത്തിയ സാഹചര്യത്തിൽ ഇതിന്

പരിഹാരമായി ഹാർബർ എഞ്ചിനീയറിംഗ് ഡിപ്പാർട്ട്മെന്റിന്റെ രണ്ടേക്കർ ഭൂമിയിൽ കളിസ്ഥലം നിർമ്മിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിന് മുമ്പ് 2020 സെപ്റ്റംബർ 30 മുതൽ 33 ദിവസം കോട്ടപ്പുറം ഇടവകയുടെ നേതൃത്വത്തിൽ അവിടത്തെ പ്രവൃത്തികൾ തടഞ്ഞുകൊണ്ട് സമരം നടത്തുകയുണ്ടായി. പ്രദേശവാസികളെന്ന നിലയിൽ അവർ ഉന്നയിച്ച പ്രശ്നങ്ങൾക്ക് പരിഹാര നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിലേയ്ക്കായി ഒരു ഐ.എ.എസ്. ഓഫീസർ അദ്ധ്യക്ഷനായ മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കുകയും ടി കമ്മിറ്റി യോഗം ചേർന്ന് പുനരധിവാസ പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്യുന്നുണ്ട്. ഇതിനുപുറമേ ഫിഷറീസ് വകുപ്പ് മുഖാന്തരം കരാർ കമ്പനി മറ്റനവധി ക്ഷേമ പ്രവർത്തനങ്ങളും പദ്ധതി പ്രവർത്തനങ്ങളും നടപ്പാക്കിവരുന്നുണ്ട്. പ്രദേശവാസികളുടെ ക്ഷേമം ഉറപ്പാക്കി പ്രോജക്ട് സമയബന്ധിതമായി പൂർത്തീകരിക്കാനാണ് സർക്കാർ ശ്രമിക്കുന്നത്.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, വിഴിഞ്ഞം സമരം ഒത്തുതീർപ്പായ സാഹചര്യത്തിൽ അതിന് നേതൃത്വം കൊടുത്ത മുഖ്യമന്ത്രിയെയും മന്ത്രിമാരെയും സമരസമിതിയെയും ഈ ജില്ലയിലെ പൊതുജനാധിപത്യ സമൂഹത്തിനുവേണ്ടി ഞാൻ അഭിനന്ദിക്കുകയാണ്. 2023 സെപ്റ്റംബറിൽ മലയാളികൾക്കുള്ള ഓണസമ്മാനമായി വിഴിഞ്ഞത്ത് ആദ്യ കപ്പലെത്തുമെന്ന

ബഹുമാനപ്പെട്ട മന്ത്രിയുടെ പ്രഖ്യാപനം വളരെ സന്തോഷത്തോടുകൂടിയാണ് നമ്മളെല്ലാവരും ശ്രവിച്ചത്. ആ പ്രഖ്യാപനം പൂർത്തിയാക്കുവാൻ കഴിയുമോ; അതിന് എന്തൊക്കെ നടപടികളാണ് ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്?

<u>ശ്രീ. അഹമ്മദ് ദേവർകോവിൽ</u>: സർ, തുറമുഖ നിർമ്മാണം വളരെ വേഗത്തിൽ പുരോഗമിക്കുന്ന സാഹചര്യത്തിലാണ് ലത്തീൻ അതിരൂപത സമരം ആരംഭിച്ചത്. സമരംമൂലം ഏതാണ്ട് നൂറ് ദിവസത്തെ നിർമ്മാണ പ്രവൃത്തികൾ തടസ്സപ്പെടുകയുണ്ടായി. നഷ്ടപ്പെട്ട പ്രവൃത്തിദിനങ്ങൾ കൗണ്ട്ഡൗൺ കലണ്ടറിന്റെ അടിസ്ഥാനത്തിൽ വീണ്ടെടുക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. നിലവിൽ പ്രതിദിനം പതിനയ്യായിരം ടൺ പാറയാണ് കടലിൽ നിക്ഷേപിച്ചിരുന്നത്. ഇത് ഇരട്ടിയാക്കി വർദ്ധിപ്പിക്കാമെന്ന് നിർമ്മാണകമ്പനി ഉറപ്പുനൽകിയിട്ടുണ്ട്. ഇതിനായി പുതിയ ലോഡ് ഔട്ട് ഫെസിലിറ്റി നിർമ്മിക്കാനുള്ള പ്രവർത്തനങ്ങൾ ആരംഭിക്കുകയും ഈ മാസം പൂർത്തീകരിച്ച് പ്രവർത്തനക്ഷമമാക്കാൻ ഉദ്ദേശിക്കുകയും ചെയ്യുന്നുണ്ട്. ഈ വർഷത്തെ നിർമ്മാണത്തിനാവശ്യമായ പാറ ശേഖരിച്ചിട്ടുള്ളതുകൊണ്ട് പ്രവർത്തനങ്ങൾക്ക് തടസ്സമുണ്ടാകില്ല. നിർമ്മാണത്തിന് ഉപയോഗിക്കുന്ന ബാർജുകളും ക്രെയിനുകളും നിർമ്മാണകമ്പനി ഇവിടെത്തന്നെയാണ് സൂക്ഷിച്ചിരുന്നത്. അതുകൊണ്ട്

സമരം പിൻവലിച്ചതിന് തൊട്ടടുത്ത ദിവസംതന്നെ നിർമ്മാണ പ്രവൃത്തി പുനരാരംഭിക്കാൻ കഴിഞ്ഞിട്ടുണ്ട്. പാറ കൊണ്ടുവരുന്നതിനുള്ള ബാർജ്ജുകളുടെ എണ്ണം വർദ്ധിപ്പിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. എത്രയുംവേഗം പുലിമുട്ട് നിർമ്മാണം പൂർത്തീകരിക്കാനാണുദ്ദേശിക്കുന്നത്. അതോടൊപ്പം അനുബന്ധ ഘടകങ്ങളുടെ നിർമ്മാണവും ത്വരിതപ്പെടുത്തിയിട്ടുണ്ട്. തുറമുഖത്ത് സ്ഥാപിക്കാനുള്ള ക്രെയിനുകൾ, റീച്ച് സ്റ്റാക്കറുകൾ എന്നിവയുടെ നിർമ്മാണം അടിയന്തരമായി പൂർത്തിയാക്കി എത്തിക്കാനാവശ്യമായ നടപടി കൈക്കൊണ്ടിട്ടുള്ളതോടൊപ്പം 400 മീറ്റർ ബർത്ത് അടിയന്തരമായി പൂർത്തീകരിക്കാനും നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ രീതിയിൽ മുന്നോട്ടുപോയാൽ നഷ്ടപ്പെട്ട തൊഴിൽദിനങ്ങൾ വീണ്ടെടുക്കാൻ കഴിയുമെന്നുമാത്രമല്ല, പൊന്നോണ സമ്മാനമായി കേരളത്തിൽ ആദ്യത്തെ കപ്പൽ വിഴിഞ്ഞത്തെത്തിക്കാൻ സാധിക്കുന്നതുമാണ്.

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ:</u> സർ, വിഴിഞ്ഞം തുറമുഖം പ്രദേശവാസികൾക്കും സംസ്ഥാനത്തിന്റെ ടൂറിസം, സാമ്പത്തികം, തൊഴിൽ, ചരക്ക് ഗതാഗതം എന്നീ മേഖലകളിലും വലിയ മാറ്റങ്ങൾ കൊണ്ടുവരുമെന്നാണ് കരുതുന്നത്. ഏതെല്ലാം തരത്തിലുള്ള മാറ്റങ്ങളുണ്ടാകുമെന്നാണ് ഗവൺമെന്റ് കരുതുന്നത്; ഇതിനാവശ്യമായ

പശ്ചാത്തലസൗകര്യ വികസനത്തിന് എന്തെല്ലാം ഒരുക്കങ്ങളാണ് നടത്തുന്നത്?

ശ്രീ. അഹമ്മദ് ദേവർകോവിൽ: സർ, വിഴിഞ്ഞം തുറമുഖം സംസ്ഥാനത്തിന്റെ സാമ്പത്തിക – വ്യാവസായിക - ടൂറിസം രംഗങ്ങളിൽ അമ്പരപ്പിക്കുന്ന പുരോഗതിക്ക് കാരണമാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. പ്രത്യക്ഷമായ തൊഴിലവസരത്തെക്കാൾ പരോക്ഷമായ സാമ്പത്തിക വളർച്ചയാണ് വിഴിഞ്ഞം തുറമുഖംവഴി ലഭിക്കാൻ പോകുന്നത്. തുറമുഖനിർമ്മാണവേളയിലെ തൊഴിലുകളിൽ ഭൂരിഭാഗവും പ്രദേശവാസികൾക്കാണ് നൽകിയിട്ടുള്ളത്. അതുപോലെ തുറമുഖം കമ്മീഷൻ ചെയ്യുമ്പോൾ ഇവിടെയുണ്ടാകുന്ന തൊഴിലസരങ്ങളിൽ ഭൂരിഭാഗവും പ്രദേശവാസികൾക്കുതന്നെ നൽകാമെന്ന് കരാർ കമ്പനി ഉറപ്പുനൽകിയിട്ടുണ്ട്. അങ്ങനെ വരുമ്പോൾ തദ്ദേശവാസികൾക്ക് സാങ്കേതികവൈദഗ്ദ്ധ്യമില്ലെന്ന പ്രശ്നം ഉയർന്നുവരാനിടയുണ്ട്. ഇത് പരിഹരിക്കുന്നതിനായി 50 കോടി രൂപ ചെലവഴിച്ച് അസാപ്-ന്റെ ആഭിമുഖ്യത്തിൽ ഒരു ട്രെയിനിംഗ് സെന്റർ ആരംഭിക്കാനുള്ള നടപടിക്ക് തുടക്കംകുറിക്കുകയും ഇതിനുള്ള കെട്ടിടനിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. നിർമ്മാണ കമ്പനി ട്രെയിനിംഗ് പാർട്ണർ ആയിട്ടുള്ള പ്രസ്തുത

സെന്ററിൽ സാങ്കേതികവൈദഗ്ദ്ധ്യമില്ലാത്തവർക്ക് അവർതന്നെ സാങ്കേതിക പരിശീലനം നൽകുന്നതാണ്. ഇപ്രകാരം പരിശീലനം പൂർത്തിയാക്കുന്നവർക്ക് ഒഴിവുകളുണ്ടാകുന്നമുറയ്ക്ക് തുറമുഖത്ത് തൊഴിൽ നൽകുന്നതിനും തീരുമാനമായിട്ടുണ്ട്. അതോടൊപ്പം പ്രദേശവാസികൾക്കുൾപ്പെടെ തൊഴിൽ നൽകുന്നതിനായി ഒരു ലോജിസ്റ്റിക് പാർക്ക് ആരംഭിക്കാമെന്ന് സമ്മതിച്ചതിന്റെ അടിസ്ഥാനത്തിൽ നിർമ്മാണ കമ്പനി സർവ്വേ നടപടികളാരംഭിച്ചിട്ടുണ്ട്. ആദ്യഘട്ടത്തിൽ 2500 പേർക്ക് നേരിട്ട് തൊഴിൽ നൽകാമെന്നും ഇത് പടിപടിയായി പതിനായിരമായി വർദ്ധിപ്പിക്കാമെന്നും കമ്പനി സമ്മതിച്ചിട്ടുണ്ട്. തുറമുഖം വരുന്നതോടുകൂടി വെയർഹൗസുകൾ, ഹോട്ടലുകൾ, പാർപ്പിട സമുച്ചയങ്ങൾ എന്നിവയും ആരംഭിക്കേണ്ടിവരും. ഇത് സംസ്ഥാനത്തിന്റെ സാമ്പത്തികമേഖലയിൽ ഗണ്യമായ പുരോഗതിയുണ്ടാക്കുമെന്ന് മാത്രമല്ല, വലിയതോതിലുള്ള തൊഴിലവസരങ്ങളും സൃഷ്ടിക്കുന്നതാണ്. തുറമുഖത്തോടനുബന്ധിച്ച് അനുബന്ധവ്യവസായങ്ങളുടെ ഒരു നിരതന്നെ സംസ്ഥാനത്തുടനീളം രൂപപ്പെടുത്താൻ സാധിക്കുന്നതാണ്. ടൂറിസം മേഖലയിൽ വലിയ ചലനങ്ങളുണ്ടാക്കുന്ന ക്രൂയിസ്ഷിപ്പുകളുടെയും ക്രൂചെയ്ഞ്ചിംഗിന്റെയും ഗുണഫലങ്ങൾ സംസ്ഥാനത്തിനുണ്ടാകും. തുറമുഖത്തിനുവേണ്ടി ഒരു ഔട്ടർ

റിംഗ് റോഡ് നിർമ്മിക്കുന്നതിന് കേന്ദ്ര സർക്കാർ അനുമതി നൽകിയിട്ടുണ്ട്. അതിനുചുറ്റും ഒരു ഇൻഡസ്ട്രിയൽ കോറിഡോർ ആരംഭിക്കാൻ മികച്ച സാധ്യതയുമുണ്ട്. തുറമുഖം പ്രവർത്തനക്ഷമമാകുന്നതിന്റെ ആദ്യഘട്ടത്തിൽ 10 ലക്ഷം കണ്ടെയ്നറുകൾ കൈകാര്യം ചെയ്യാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. ലോകത്തിലെ ചരക്കുനീക്കത്തിന്റെ 95 ശതമാനവും കടൽമാർഗ്ഗമാണ് നടക്കുന്നത്. അതിന്റെ 30 ശതമാനവും ഇന്ത്യയുടെ തെക്കുപടിഞ്ഞാറ് ഭാഗത്തുള്ള അന്താരാഷ്ട്ര കപ്പൽച്ചാൽ മുഖേനയാണ് നടത്തുന്നത്. രാജ്യത്തിനുവേണ്ടിയുള്ള കണ്ടെയ്നറുകളിൽ 75 ശതമാനവും കൈകാര്യം ചെയ്യുന്നത് കൊളംബൊ തുറമുഖം മുഖേനയാണ്. സിംഗപൂർ, സലാല, ദുബായ് തുറമുഖങ്ങളും ഇന്ത്യൻ കണ്ടെയ്നറുകൾ കൈകാര്യം ചെയ്ത് സാമ്പത്തിക നേട്ടമുണ്ടാക്കുന്നതിലൂടെ രാജ്യത്തിന് പ്രതിവർഷം 2,500 കോടി രൂപയുടെ വിദേശനാണ്യ നഷ്ടമുണ്ടാകുന്നുണ്ടെന്നാണ് കണക്കാക്കുന്നത്. ഈ ബിസിനസ് സംസ്ഥാനത്ത് വരുന്നതോടെ സാമ്പത്തികമായും തൊഴിൽപരമായും നേട്ടമുണ്ടാക്കാൻ സാധിക്കുന്നതാണ്. വിദേശ തുറമുഖത്തിറങ്ങുന്ന ഒരു കണ്ടെയ്നർ ഇന്ത്യയിൽ എത്തിക്കാൻ പതിനായിരത്തിലധികം രൂപയുടെ അധികച്ചെലവ് നടത്തേണ്ടിവരുന്നുണ്ട്. വിഴിഞ്ഞം തുറമുഖത്ത് മദർഷിപ്പുകൾവഴി ചരക്കുകൾ ഇറക്കുവാൻ

കഴിയുന്നതുമൂലം ഈ അധികച്ചെലവ് ഒഴിവാക്കാൻ സാധിക്കുമെന്നത് വലിയ നേട്ടമാണ്. ഇതിനുപുറമെ, സമയലാഭം കണക്കിലെടുക്കുമ്പോൾ വാണിജ്യ വ്യവസായ രംഗങ്ങളിൽ ഇറക്കുമതി ചെലവ് ഗണ്യമായി കുറയുന്നതിനും സാധ്യതയുണ്ട്. സംസ്ഥാനത്ത് ചെറുകിട തുറമുഖങ്ങളുടെ വികസനത്തിന് വിഴിഞ്ഞം തുറമുഖം വഴിവയ്ക്കുമെന്നതിൽ സംശയമില്ല. കൊല്ലം, ബേപ്പൂർ തുറമുഖങ്ങളിൽ ആവശ്യമായ അടിസ്ഥാന സൗകര്യവികസനത്തിന് മാരിടൈം ബോർഡ് നടപടി സ്വീകരിച്ചുവരുന്നു. ഇത്തരത്തിൽ സംസ്ഥാനത്തെ സമഗ്ര പുരോഗതിക്ക് വിഴിഞ്ഞം തുറമുഖം കാരണമാകുന്നതാണ്.

<u>ശ്രീ. വി. ജോയി</u>: സർ, വിഴിഞ്ഞം തുറമുഖ നിർമ്മാണം വൈകുന്നതിന് പ്രധാനപ്പെട്ട കാരണം പുലിമുട്ട് നിർമ്മാണമാണെന്ന് സൂചിപ്പിക്കുകയുണ്ടായി. 3100 മീറ്റർ പുലിമുട്ട് നിർമ്മിക്കേണ്ട സ്ഥാനത്ത് 1500 മീറ്റർ നിർമ്മാണമാണ് നടത്തിയിട്ടുള്ളത്. ഇതിൽ സംസ്ഥാന സർക്കാർ സാമ്പത്തിക സഹായം നൽകുന്നുണ്ടോ; സ്ഥലം ഏറ്റെടുക്കലും പുനരധിവാസവുമായി ബന്ധപ്പെട്ട് സർക്കാർ എത്ര രൂപ ചെലവഴിച്ചിട്ടുണ്ട്?

<u>ശ്രീ. അഹമ്മദ് ദേവർകോവിൽ</u>: സർ, ചോദ്യത്തിന്റെ മറുപടി എഴുതി നൽകുന്നതാണ്.+

\+ അനുബന്ധം II ആയി ചേർത്തിട്ടുണ്ട്.

<u>ശ്രീ. വി. കെ. പ്രശാന്ത്</u>: സർ, വിഴിഞ്ഞം തുറമുഖം കേരളത്തിന്റെ വികസന ചരിത്രത്തിലെ നാഴികക്കല്ലാകുമെന്നതിൽ തർക്കമില്ല. അതിന്റെ നഷ്ടപരിഹാരവും മറ്റുകാര്യങ്ങളെക്കുറിച്ചും സൂചിപ്പിക്കുകയുണ്ടായി. മാരിടൈം ലാ, ഇന്റർനാഷണൽ ലാ, ലോജിസ്റ്റിക് ലാ തുടങ്ങിയ വിവിധ കോഴ്സുകൾ പഠിപ്പിക്കുന്ന സംവിധാനംകൂടി ഇതിന്റെ ഭാഗമായി തയ്യാറാക്കാൻ സാധിക്കുമോ; ഇത് കൂടുതൽ ചെറുപ്പക്കാർക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതാണ്. അതിനാവശ്യമായ എന്തെല്ലാം നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്?

<u>ശ്രീ. അഹമ്മദ് ദേവർകോവിൽ</u>: സർ, പ്രതിമാസം 10,000 രൂപയിൽ താഴെ വരുമാനമുള്ള സമർത്ഥരായ നൂറ് വിദ്യാർത്ഥികൾക്ക് എല്ലാ വർഷവും വിദ്യാഭ്യാസ സ്കോളർഷിപ്പും ഇംഗ്ലീഷ് ഭാഷാ പരിശീലനം, കരിയർ ഗൈഡൻസ്, ഓപ്പൺ ഹൗസ്, ലിറ്ററി മീറ്റ് എന്നിവയിലൂടെ പരിശീലനം നൽകിവരുന്നുണ്ട്. വീട്ടമ്മമാരെ ഡിജിറ്റൽ സേവനങ്ങൾ പരിചയപ്പെടുത്തുന്ന പരിശീലനത്തിന്റെ ഭാഗമായി പ്രതിവർഷം 1200 പേർക്ക് ഡിജിറ്റൽ ലിറ്ററസി പരിശീലനം നൽകുകയും ടെലഫോൺ, വൈദ്യുതി, വെള്ളം എന്നിവയുടെ ബിൽ പേമെന്റുകളും ബാങ്കിംഗ് സേവനങ്ങളും ഓൺലൈനായി ചെയ്യാൻ അവരെ പ്രാപ്തരാക്കുകയും ചെയ്യുന്നുണ്ട്. സ്മാർട്ട് ക്ലാസ്സുറൂമുകളായി

ഉപയുക്തമാക്കാൻ കഴിയുന്ന രീതിയിൽ പദ്ധതി പ്രദേശത്തെ 9 സർക്കാർ വിദ്യാലയങ്ങളും 5 എയ്ഡഡ് സ്കൂളുകളുമുൾപ്പെടെ 14 വിദ്യാലയങ്ങൾക്ക് സ്മാർട്ട് ക്ലാസ്റൂം ഉപകരണങ്ങൾ നൽകുകയും അദ്ധ്യാപകർക്ക് പരിശീലനം നൽകുകയും ചെയ്യുന്നുണ്ട്. അസാപ് മുഖേനയാണ് സാങ്കേതിക വൈദഗ്ദ്ധ്യമുള്ള തൊഴിലാളികൾക്ക് പ്രത്യേക പരിശീലനം നൽകിക്കൊണ്ടിരിക്കുന്നത്. ഇപ്രകാരം സാങ്കേതിക വൈദഗ്ദ്ധ്യം നേടിയവർക്കാണ് ആദ്യം തൊഴിൽ നിയമനം നൽകുന്നത്.

ശ്രീ. കെ. ആൻസലൻ: സർ, വിഴിഞ്ഞം തുറമുഖം പദ്ധതി പൂർത്തീകരിക്കുമ്പോൾ അതിൽ ഏറ്റവും പ്രധാനപ്പെട്ട ചരക്കുഗതാഗത മാർഗ്ഗമായ റെയിൽവേ കണക്ടിവിറ്റിയുടെ പുരോഗതിയെക്കുറിച്ച് വ്യക്തമാക്കാമോ?

ശ്രീ. അഹമ്മദ് ദേവർകോവിൽ: സർ, റെയിൽവേ കണക്ടിവിറ്റിക്ക് അനുമതി ലഭിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് ലഭിച്ച ക്വറികൾക്കുള്ള മറുപടിയും നൽകിയിട്ടുണ്ട്.

കെ.എസ്.ആർ.ടി.സി.- സ്വിഫ്റ്റ്

2 (*122) ശ്രീ. സജീവ് ജോസഫ്:
ശ്രീ. എം. വിൻസെന്റ്:
ശ്രീ. ടി. ജെ. വിനോദ്:

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാരിന്റെ കോർപ്പറേറ്റ് കാര്യ മന്ത്രാലയത്തിൽ കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ് കമ്പനി സംയോജിപ്പിക്കുന്നതിന് അപേക്ഷ നൽകിയത് ആരാണെന്ന് അറിയിക്കുമോ; ഇതിനുവേണ്ടി സമർപ്പിച്ച രേഖകൾ എന്തെല്ലാമാണ്; കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ് പ്രവർത്തിപ്പിക്കുന്നതിനായി ലൈസൻസോ അനുമതിയോ ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റും കെ.എസ്.ആർ.ടി.സി.-യും തമ്മിൽ എന്തെങ്കിലും കരാറിൽ ഏർപ്പെടുകയോ ധാരണാപത്രം ഒപ്പുവയ്ക്കുകയോ ചെയ്തിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റിന് പുതിയ ഇലക്ട്രിക് ബസ്സുകൾ വാങ്ങുന്നതിന് മാനേജ്മെന്റ് ഏതെങ്കിലും വിദഗ്ദ്ധ സമിതിയെക്കൊണ്ട് പരിശോധിപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(ഡി) കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ് ഇലക്ട്രിക് ബസ്സുകൾ വാങ്ങിയതിനുശേഷം പ്രസ്തുത കമ്പനി ആസ്ഥാനത്ത് എത്തിയ ബസ്സുകളുടെ

ഗുണനിലവാരം മാനേജ്മെന്റ് വിദഗ്ദ്ധ സമിതി പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആന്റണി രാജു): സർ, (എ) കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ് കമ്പനി സംയോജിപ്പിക്കുന്നതിന് (incorporation) കെ.എസ്.ആർ.ടി.സി. ചെയർമാൻ & മാനേജിംഗ് ഡയറക്ടറാണ് അപേക്ഷ സമർപ്പിച്ചത്. കെ.എസ്.ആർ.ടി.സി.-യുടെ ചെയർമാൻ & മാനേജിംഗ് ഡയറക്ടറുടെ KYC വ്യക്തിവിവരങ്ങളും സർക്കാർ ഉത്തരവുകളും പകർപ്പുകളും കമ്പനി ആക്ട് നിഷ്കർഷിക്കുന്നപ്രകാരം നൽകിയിട്ടുണ്ട്. ഇപ്രകാരം കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ് എന്ന കമ്പനി രജിസ്ട്രാർ ഓഫ് കമ്പനീസ് 09-11-2021-ൽ പുറപ്പെടുവിച്ച ഇൻകോർപ്പറേഷൻ സർട്ടിഫിക്കറ്റും ലഭ്യമായിട്ടുണ്ട്. (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു).+

(ബി) കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ് രൂപീകരിക്കുന്നതും പ്രവർത്തനം ആരംഭിക്കുന്നതും 19-02-2021-ലെ G.O.(Ms)No.7/2021/TRANS, 11-12-2021-ലെ പരിഷ്കരിച്ച G.O.(Ms)No.58/2021/TRANS എന്നീ ഉത്തരവുകൾപ്രകാരമാണ്. 07-04-2022-ൽ ചേർന്ന കെ.എസ്.ആർ.ടി.സി.-

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

യുടെ 411-ാമത് ഭരണസമിതി യോഗത്തിൽ കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ് സർവ്വീസ് 11-04-2022 മുതൽ ആരംഭിക്കുന്നത് കണക്കിലെടുത്ത് ബസുകൾക്ക് കിലോമീറ്ററിന് നിരക്ക് നിശ്ചയിച്ച് കരാറിൽ ഏർപ്പെടുന്നത് അംഗീകരിക്കുകയും തുടർന്ന് 07-07-2022-ലെ കെ.എസ്.ആർ.ടി.സി.-യുടെ 412-ാം ഭരണസമിതി യോഗത്തിൽ കെ.എസ്.ആർ.ടി.സി.-യും കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റും തമ്മിലുള്ള കരാറിന്റെ നിബന്ധനകളും വ്യവസ്ഥകളും അംഗീകരിച്ച് സ്വിഫ്റ്റിന് കൈമാറുകയും കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റിന്റെ നാലാമത് ഭരണസമിതിയോഗം ടി നിബന്ധനകൾ അംഗീകരിക്കുകയുമുണ്ടായി. 11-04-2022 മുതൽ 10 വർഷ കാലാവധിയുള്ള കരാർ 20-09-2022-ൽ ഒപ്പുവയ്ക്കുകയുമുണ്ടായി.

(സി) കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ്-നുവേണ്ടി 50 ഇലക്ട്രിക് ബസ് വാങ്ങുന്നതിനായി 18-06-2021-ൽ കെ.എസ്.ആർ.ടി.സി. ഇ-ദർഘാസ് ക്ഷണിച്ചിരുന്നു. പ്രസ്തുത ടെണ്ടറിൽ രണ്ട് കമ്പനികൾ മാത്രം പങ്കെടുത്തതുകൊണ്ടും മത്സരനിരക്കിന് കിഫ്ബി അനുവദിച്ച 95 ലക്ഷം രൂപ എന്നതിൽ വർദ്ധനവ് വന്നതിനാലും പ്രി-ക്വാളിഫിക്കേഷൻ നിബന്ധനകളിൽ ഇളവുവരുത്തുകയും പിന്നീട് 08-09-2021-ൽ വിളിച്ച ടെണ്ടറിൽ 5 കമ്പനികൾ പങ്കെടുക്കുകയും ചെയ്തിട്ടുണ്ട്. ഏറ്റവും കുറഞ്ഞ

തുകയായ 94.53 ലക്ഷം രൂപ ക്വാട്ട് ചെയ്തത് M/s. PMI Electro Mobility Solution Pvt Ltd. ആണ്. മറ്റുകമ്പനികൾ ക്വാട്ട് ചെയ്ത തുക ഐഷർ - 95.20 ലക്ഷം രൂപ, ടാറ്റ - 110.31 ലക്ഷം രൂപ, JBM - 113.00 ലക്ഷം രൂപ, ലൈലാന്റ് - 117.65 ലക്ഷം രൂപ എന്നിങ്ങനെയാണ്. രണ്ടാമത്തെ ടെണ്ടറിൽ L1 സ്ഥാനത്ത് വന്ന M/s. PMI Electro Mobility Solution Pvt Ltd.-നോട് ഒരു ഉദ്യോഗസ്ഥ സമിതി വിലപേശുകയും അന്തിമവിലയായി 92.43 ലക്ഷം രൂപ നിശ്ചയിക്കുകയും ചെയ്തു. ഈ ബസ്സുകൾക്ക് കേന്ദ്ര മോട്ടോർ വാഹന നിയമം 1989-ലെ നിബന്ധനകൾക്ക് വിധേയമായി കേന്ദ്ര ടെസ്റ്റിംഗ് ഏജൻസിയായ ICAT (International Centre for Automotive Technology) പരിശോധിച്ച് Type approval സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ട്. കേരളാ മോട്ടോർ വാഹന വകുപ്പ് പ്രസ്തുത സർട്ടിഫിക്കറ്റും ബസ്സും പരിശോധനയ്ക്ക് വിധേയമാക്കിയാണ് കേരളത്തിൽ ഈ വാഹനം രജിസ്റ്റർ ചെയ്തിട്ടുള്ളത്.

ദർഘാസ് വ്യവസ്ഥപ്രകാരം ബസ് നിർമ്മാണ സമയത്ത് കെ.എസ്.ആർ.ടി.സി.-യിലെയും കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ്-ലെയും ഓഫീസർമാർ ബസ് നിർമ്മാണത്തിന്റെ വിവിധ ഘട്ടത്തിൽ ദർഘാസിലെ സ്പെസിഫിക്കേഷൻ പ്രകാരമാണോ ബസ്സുകൾ നിർമ്മിക്കുന്നതെന്ന് ബസ്

നിർമ്മാണ കമ്പനിയായ M/s. PMI Electro Mobility Solutions Pvt. Ltd.-ന്റെ പ്ലാന്റ് സന്ദർശിച്ച് പരിശോധന നടത്തി റിപ്പോർട്ട് ലഭിച്ചശേഷം മാത്രമാണ് നടപടിക്രമങ്ങൾ പൂർത്തീകരിച്ചത്.

(ഡി) കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ് ഇലക്ട്രിക് ബസ്സുകൾ വാങ്ങുന്നതിനുള്ള നടപടിയുടെ ഭാഗമായി പ്രസ്തുത ബസ്സുകൾ കെ.എസ്.ആർ.ടി.സി.-യിൽനിന്നുള്ള ഉദ്യോഗസ്ഥർ ടെണ്ടർ വ്യവസ്ഥകൾ പ്രകാരമുള്ള നിലവാരം പരിശോധിക്കുകയും റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ദർഘാസ് വ്യവസ്ഥപ്രകാരം ടി ബസ്സുകളുടെ മൂന്ന് മാസത്തെ (01-08-2022 മുതൽ 31-10-2022 വരെ) പ്രവർത്തന നിലവാരം പരിശോധിക്കുന്നതിന് കെ.എസ്.ആർ.ടി.സി.-യിലെയും കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റിലെയും ഏഴ് ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി ഒരു സമിതിയെ നിയോഗിക്കുകയും ടി സമിതി ബസ്സുകളുടെ പ്രവർത്തനം വിലയിരുത്തുകയും ചെയ്തിട്ടുണ്ട്. ടി സമിതി വിലയിരുത്തിയതിൽ ഈ ബസ്സുകൾ പ്രധാന പരാമീറ്ററുകൾ തൃപ്തികരമായി പിൻതുടരുന്നുവെന്ന് ബോധ്യപ്പെടുത്തിയിട്ടുണ്ട്. അതുപോലെ ഈ ബസ്സുകളുടെ വിലയുടെ 40 ശതമാനം നൽകുന്നത് 3 മാസം ബസ്സുകൾ നിരത്തിൽ ഓടിച്ച് തൃപ്തികരമെന്ന് കണ്ടതിനുശേഷം മാത്രമാണ്.

<u>ശ്രീ. സജീവ് ജോസഫ്</u>: സർ, കേരളത്തിലെ സാധാരണക്കാരുടെ ഏറ്റവും വിപുലമായ പൊതുമേഖലാ സംവിധാനമായ കെ.എസ്.ആർ.ടി.സി.-യെ വെല്ലുവിളികൾ അതിജീവിച്ച് സംരക്ഷിക്കേണ്ടതിനുപകരം തകർക്കുന്ന സമീപനമാണ് ഗവൺമെന്റ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്; അതിന്റെ നേർസാക്ഷ്യമാണ് നിലവിൽ വന്നിരിക്കുന്ന സ്വിഫ്റ്റ് കമ്പനി. ലാഭത്തിലായിരുന്ന മുഴുവൻ സർവ്വീസുകളും കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റിലേയ്ക്ക് മാറ്റിയതിലൂടെ കെ.എസ്.ആർ.ടി.സി. അഞ്ചിരട്ടിയോളം നഷ്ടത്തിലേയ്ക്ക് പോകുന്ന സാഹചര്യമാണുള്ളത്. കഴിഞ്ഞ അഞ്ചുവർഷമായി കെ.എസ്.ആർ.ടി.സി.-ക്ക് പുതിയ ബസുകൾ വാങ്ങാൻ തുക നൽകുന്നില്ല. വളരെ പരിമിതമായ ബസുകൾ മാത്രമാണ് വാങ്ങിയിരിക്കുന്നത്. എന്നാൽ കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ് കമ്പനിക്ക് പുതിയ ബസുകൾ വാങ്ങാൻ സർക്കാർ പ്ലാൻ ഫണ്ട് അനുവദിക്കുകയും അത് വിനിയോഗിക്കുകയും ചെയ്യുന്നു. ഇത് സംബന്ധിച്ച് എന്ത് വിശദീകരണമാണ് നൽകാനുള്ളത്?

<u>ശ്രീ. ആന്റണി രാജു</u>: സർ, കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ് കമ്പനി രൂപീകരിച്ചതുതന്നെ കെ.എസ്.ആർ.ടി.സി.-യെ സംരക്ഷിക്കുന്നതിനും നിലനിർത്തുന്നതിനും വേണ്ടിയാണ്. പത്ത് വർഷം കഴിഞ്ഞാൽ കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ് കമ്പനിയുടെ എല്ലാ ആസ്തികളും

കെ.എസ്.ആർ.ടി.സി.-യിലേയ്ക്കാണ് കൈമാറുന്നത്. കെ.എസ്.ആർ.ടി.സി.-യുടെയും കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ് കമ്പനിയുടെയും ചെയർമാൻ & മാനേജിംഗ് ഡയറക്ടർ (സി.എം.ഡി.) ഒരാൾതന്നെയാണ്. ലാഭകരമായ റൂട്ടുകൾ മാത്രമാണ് സ്വിഫ്റ്റ് സർവ്വീസിലേയ്ക്ക് മാറ്റിയതെന്ന് ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചത് ശരിയല്ല. തിരുവനന്തപുരം ഉൾപ്പെടെയുള്ള നഗരങ്ങളിലെ സിറ്റി സർവ്വീസുകൾ ഭീമമായ നഷ്ടത്തിലാണ് സർവ്വീസ് നടത്തിക്കൊണ്ടിരുന്നത്. തുടക്കമെന്ന നിലയിൽ, തിരുവനന്തപുരം സിറ്റി സർവ്വീസുകളിൽ നാൽപ്പത് കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ് ഇലക്ട്രിക് ബസുകൾ നഗരത്തിൽ സർവ്വീസ് നടത്തുന്നുണ്ട്. ദീർഘദൂര സർവ്വീസുകൾ മാത്രമല്ല ലാഭകരമായ സർവ്വീസുകളും ഏറ്റവും നഷ്ടത്തിലുള്ള സർവ്വീസുകളും കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ് ഏറ്റെടുത്തിട്ടുണ്ട്. ഇപ്രകാരം ചെയ്യുന്നത് കെ.എസ്.ആർ.ടി.സി.-യെ നിലനിർത്തുന്നതിനുവേണ്ടിയാണ്. കെ.എസ്.ആർ.ടി.സി.-ക്ക് സാമ്പത്തിക ബാധ്യതയുള്ളതിനാൽ ധനകാര്യ സ്ഥാപനങ്ങൾ വായ്പ നൽകാൻ തയ്യാറാകുന്നില്ല. പ്രസ്തുത കമ്പനി രൂപീകരിച്ചാൽ മാത്രമെ ധനകാര്യ സ്ഥാപനങ്ങളും മറ്റും ബസ് വാങ്ങാൻ ധനസഹായം നൽകുകയുള്ളൂ. ആ ഉദ്ദേശ്യവുംകൂടി കണക്കിലെടുത്താണ് കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ് എന്നൊരു പ്രത്യേക കമ്പനി രൂപീകരിച്ചത്.

ശ്രീ. സജീവ് ജോസഫ്: സർ, സ്വിഫ്റ്റ് കമ്പനിയുടെ ഇലക്ട്രിക് ബസുകളുടെ അറ്റകുറ്റപ്പണികൾ കെ.എസ്.ആർ.ടി.സി.-യുടെ വർക്ക്ഷോപ്പുകളിൽ നടത്തുന്നുണ്ടോ; ഉണ്ടെങ്കിൽ അതിനാവശ്യമായ തുക സ്വിഫ്റ്റ് കമ്പനിയിൽനിന്നോ ബസ് നൽകിയ കമ്പനിയിൽനിന്നോ കെ.എസ്.ആർ.ടി.സി.-ക്ക് മെയിന്റനൻസ് ഇനത്തിൽ നൽകുന്നുണ്ടോ?

ശ്രീ. ആന്റണി രാജു: സർ, കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റിന്റെ അത്യാവശ്യമായ ചെറിയ മെയിന്റനൻസ് മാത്രമാണ് കെ.എസ്.ആർ.ടി.സി.-യുടെ വർക്ക്ഷോപ്പുകളിൽ നടത്തുന്നത്. അതിനാവശ്യമായ സ്പെയർ പാർട്ട്സുകൾക്കുള്ള തുക നൽകുന്നത് കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ് കമ്പനിയാണ്. മേജർ മെയിന്റനൻസുകൾ നടത്തുന്നതിനായി കമ്പനിയുടെതന്നെ എ.എം.സി. (ആന്വൽ മെയിന്റനൻസ് കോൺട്രാക്ട്) ഉണ്ട്. ദിവസേനയുള്ള പതിവ് അറ്റകുറ്റപ്പണികൾക്കായി കെ.എസ്.ആർ.ടി.സി.-യുടെ മെക്കാനിക് സ്റ്റാഫിന്റെ സേവനം ഉപയോഗപ്പെടുത്തുന്നുണ്ട്.

ശ്രീ. എം. വിൻസെന്റ്: സർ, ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ഗതാഗത വകുപ്പുമന്ത്രിയായതിനുശേഷം കെ.എസ്.ആർ.ടി.സി.-ക്ക് ഏറ്റവും നല്ല കളക്ഷൻ ലഭിക്കുന്ന കാലഘട്ടമാണിതെന്ന് അങ്ങ് മുമ്പ് ഈ സഭയിൽ

പരാമർശിക്കുകയുണ്ടായി. കഴിഞ്ഞ മാസത്തെ ഓപ്പറേറ്റിംഗ് റവന്യൂ 196 കോടി രൂപയും നോൺ-ഓപ്പറേറ്റിംഗ് റവന്യൂ 15 കോടി രൂപയും ചേർത്ത് ഇരുനൂറ് കോടി രൂപയ്ക്ക് മുകളിൽ വരുന്നുണ്ട്. എല്ലാ മാസവും അഞ്ചാം തീയതി ജീവനക്കാർക്ക് ശമ്പളം നൽകുമെന്നാണ് ബഹുമാന്യനായ മുഖ്യമന്ത്രി ഉറപ്പ് നൽകിയിരിക്കുന്നത്. എന്നാൽ ആ ഉറപ്പ് കേവലം ഒരു മാസം മാത്രമാണ് പാലിക്കാൻ സാധിച്ചത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി നൽകിയ ഉറപ്പുകൾ പാലിക്കാതെ, കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ് കമ്പനിയിലെ ജീവനക്കാർക്ക് ശമ്പളം കൊടുത്തിട്ടും കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് ശമ്പളം കൊടുക്കാത്തതിന്റെ കാരണമെന്താണെന്ന് വ്യക്തമാക്കുമോ?

ശ്രീ. ആന്റണി രാജു: സർ, അങ്ങ് ഉന്നയിച്ച ചോദ്യവും ഇന്നത്തെ ചോദ്യവുമായി യാതൊരു ബന്ധവുമില്ല. കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റാണ് ഇന്നത്തെ ചർച്ചാ വിഷയവും ചോദ്യവും. കെ.എസ്.ആർ.ടി.സി.-യെ സംബന്ധിച്ച് ചോദ്യം ചോദിക്കണമെങ്കിൽ പ്രത്യേകമായി എഴുതിത്തരികയോ വേറെ ചോദ്യമുന്നയിക്കുകയോ വേണം. കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ് കമ്പനിയിലെ ജീവനക്കാർക്ക് ശമ്പളം

കൊടുക്കുന്നുണ്ടെന്ന് അദ്ദേഹംതന്നെ പറഞ്ഞ സ്ഥിതിക്ക് ഈ ചോദ്യത്തിന് യാതൊരു പ്രസക്തിയുമില്ല.

ശ്രീ. ടി. ജെ. വിനോദ്: സർ, എറണാകുളത്തുള്ള കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാൻഡിന്റെ ശോചനീയാവസ്ഥയെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രിക്ക് അറിയാവുന്നതാണ്. ആ സ്ഥിതി മാറ്റുന്നതിന് അങ്ങയുടെ നല്ല മനസ്സുണ്ടെങ്കിലും അതിനുള്ള നടപടികളൊന്നും നടത്തുന്നില്ലെന്നുള്ളതാണ് വസ്തുത. കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ് കമ്പനിക്ക് ഇലക്ട്രിക് ബസുകൾ വാങ്ങുന്നതിന് കെ.എസ്.ആർ.ടി.സി.-യാണ് ടെണ്ടർ നടപടികൾ സ്വീകരിച്ചതെന്ന് അങ്ങ് മറുപടിയിൽ സൂചിപ്പിച്ചിട്ടുണ്ട്. ഏത് നിയമപ്രകാരമാണ് കെ.എസ്.ആർ.ടി.സി. മറ്റൊരു സ്വതന്ത്ര കമ്പനിയുടെ ടെണ്ടർ നടപടികൾ നടത്തിയതെന്ന് വിശദീകരിക്കാമോ?

ശ്രീ. ആന്റണി രാജു: സർ, കെ.എസ്.ആർ.ടി.സി.-യുടെയും കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ് കമ്പനിയുടെയും സി.എം.ഡി. ഒരാൾതന്നെയാണ്. പത്ത് വർഷം കഴിഞ്ഞാൽ കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ് കമ്പനിയുടെ മുഴുവൻ ആസ്തിയും കെ.എസ്.ആർ.ടി.സി.-യിലേയ്ക്ക് കൈമാറുന്നതാണ്. മോട്ടോർ വെഹിക്കിൾസ് ആക്ട് പ്രകാരം പെർമിറ്റുകൾ കൈമാറാൻ വ്യവസ്ഥയില്ലാത്തതിനാൽ, ഭാവിയിൽ സുഗമമായി

കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ് കമ്പനിയുടെ ബസുകൾ കെ.എസ്.ആർ.ടി.സി.-യിലേയ്ക്ക് കൈമാറുന്നതിലേയ്ക്കായി കെ.എസ്.ആർ.ടി.സി.-യുടെ പേരിൽ മാത്രമെ വാഹനം രജിസ്റ്റർ ചെയ്യാൻ കഴിയുകയുള്ളൂ.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, സർക്കാർ കെ.എസ്.ആർ.ടി.സി.-ക്ക് നൽകുന്ന പ്ലാൻ ഫണ്ടുപയോഗിച്ചാണ് കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ് കമ്പനിക്ക് ബസ് വാങ്ങിയത്. ഡീസൽ നിറയ്ക്കുന്നതും മെയിന്റനൻസും ഓപ്പറേഷനുകൾ നടത്തുന്നതും കെ.എസ്.ആർ.ടി.സി. ഫണ്ടുപയോഗിച്ചാണ്. ജീവനക്കാർക്ക് ശമ്പളം നൽകാൻ 57 ലക്ഷം രൂപ വേണമെന്നിരിക്കെ (ആറുമാസത്തേയ്ക്ക് 3 മുതൽ 3.5 കോടി രൂപയിൽക്കൂടുതൽ വരും) 10 കോടി 70 ലക്ഷം രൂപ വാടകയിനത്തിൽ സ്വിഫ്റ്റ് കമ്പനിക്ക് നൽകിയത് എന്തുകൊണ്ടാണെന്ന് വിശദീകരിക്കാമോ?

ശ്രീ. ആന്റണി രാജു: സർ, പ്ലാൻ ഫണ്ടനുസരിച്ചുള്ള തുക സർക്കാർ നൽകുമ്പോൾ അത് എങ്ങനെ വിനിയോഗിക്കണമെന്ന് തീരുമാനിക്കാനുള്ള അധികാരം സർക്കാരിനുതന്നെയാണ്. സർക്കാർ നൽകിയ ഉത്തരവുകളുടെ അടിസ്ഥാനത്തിലാണ് കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ് കമ്പനിക്കുവേണ്ടി

പ്ലാൻ ഫണ്ടിലെ തുക ഉപയോഗിച്ച് ബസ് വാങ്ങാൻ ഉത്തരവ് പുറപ്പെടുവിച്ചത്. ഇക്കഴിഞ്ഞ ഏപ്രിൽ മുതൽ നവംബർ മാസം വരെയുള്ള കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ് ബസ്സുകളുടെ കളക്ഷൻ എന്നനിലയിൽ കെ.എസ്.ആർ.ടി.സി.-ക്ക് റെമിറ്റ് ചെയ്തത് 53.4 കോടി രൂപയാണ്. ഇവിടെ മനസ്സിലാക്കേണ്ടത് കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ് ബസ്സുകളിൽനിന്നും ലഭിക്കുന്ന മുഴുവൻ കളക്ഷനും റെമിറ്റ് ചെയ്യുന്നത് കെ.എസ്.ആർ.ടി.സി.-യിലേയ്ക്ക് തന്നെയാണ്. അവയുടെ വാടകയും ഡീസലും മാത്രമാണ് കെ.എസ്.ആർ.ടി.സി. നൽകുന്നത്. ബസ്, ഡ്രൈവർ, കണ്ടക്ടർ എന്നിവയുടെ ചെലവുകൾ നിർവ്വഹിക്കുന്നത് കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ് കമ്പനിയാണ്.

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: സർ, കാസർഗോഡ് ജില്ലയിൽ നിലവിലുണ്ടായിരുന്ന പല സർവ്വീസുകളും മുടങ്ങിയിരിക്കുകയാണ്. അവിടെ കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ് ബസ് സർവ്വീസ് നടത്തുന്നില്ല. കോവിഡ് കാലഘട്ടത്തിൽ കേരളത്തിൽ മിക്കവാറും ബസ് സർവ്വീസുകൾ മുടങ്ങിയിരുന്നു. അപ്രകാരം മുടങ്ങിയ സർവ്വീസുകളിൽ പലതും പുനഃസ്ഥാപിക്കാനുള്ള ശ്രമം ആരംഭിച്ചത് തീർച്ചയായും സന്തോഷകരമാണ്. 91 സർവ്വീസുകളുണ്ടായിരുന്ന കാസർഗോഡ് ജില്ലയിൽ ഇപ്പോൾ 68

സർവ്വീസുകൾ മാത്രമാണുള്ളത്. കാഞ്ഞങ്ങാടുനിന്നും ഓപ്പറേറ്റ് ചെയ്യുന്ന 59 സർവ്വീസുകളിൽ 43 എണ്ണം മാത്രമാണ് നിലവിലുള്ളത്. കാഞ്ഞങ്ങാടുനിന്നും കാസർഗോഡുനിന്നും ബംഗളൂരു, മംഗളൂരു, പുത്തൂർ, ചുള്ളി തുടങ്ങിയ സ്ഥലങ്ങളിലേയ്ക്ക് അന്തർസംസ്ഥാന സർവ്വീസുകൾ അടക്കം നടത്തുന്ന അതിർത്തി ജില്ലയെന്ന നിലയിൽ പ്രത്യേക പരിഗണന നൽകി പുതിയ ബസുകൾ അനുവദിക്കാനും അതിനാവശ്യമായ ജീവനക്കാരെ നിയോഗിക്കാനും നടപടി സ്വീകരിക്കുമോ?

<u>ശ്രീ. ആന്റണി രാജു</u>: സർ, ഇന്നത്തെ ചോദ്യം കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റിനെ സംബന്ധിച്ചാണ്. കോവിഡിനുശേഷം കെ.എസ്.ആർ.ടി.സി. യാത്രക്കാരുടെ എണ്ണം 35 ലക്ഷത്തിൽനിന്ന് ഏകദേശം പകുതിയായി കുറഞ്ഞിരിക്കുന്നു. എല്ലാവരും ഇരുചക്രവാഹനങ്ങളുൾപ്പെടെയുള്ള സ്വകാര്യ വാഹനങ്ങളെയാണ് ആശ്രയിക്കുന്നത്. ഈ സാഹചര്യത്തിൽ പൊതുഗതാഗത സംവിധാനത്തിലേയ്ക്ക് യാത്രക്കാരെ കൂടുതൽ അടുപ്പിക്കാനുള്ള പരിശ്രമം നടത്തിയാൽ മാത്രമെ ഈ സംവിധാനം നിലനിൽക്കുകയുള്ളൂ. യാത്രക്കാരുടെ എണ്ണം പകുതിയായി കുറഞ്ഞിട്ടും കെ.എസ്.ആർ.ടി.സി. ഇപ്പോഴും കൂടുതൽ സർവ്വീസുകൾ ഓപ്പറേറ്റ് ചെയ്യുന്നുണ്ട്. കാസർഗോഡ് ജില്ലയിൽ കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ് ബസ്

സർവ്വീസ് നടത്തുന്നില്ലെന്നാണ് അങ്ങ് പറഞ്ഞത്. എന്നാൽ കാസർഗോഡുവഴി കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ് ബസ് സർവ്വീസ് നടത്തുന്നുണ്ട്. അടുത്ത ഘട്ടത്തിൽ പുതിയ കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ് ബസുകൾ വാങ്ങുമ്പോൾ കാസർഗോഡുനിന്ന് സർവ്വീസ് ആരംഭിക്കുന്നതരത്തിലുള്ള ക്രമീകരണത്തെക്കുറിച്ച് തീർച്ചയായും പരിഗണിക്കുന്നതാണ്.

ശ്രീ. യു. എ. ലത്തീഫ്: സർ, രണ്ട് കോടി രൂപ ചെലവഴിച്ച് മഞ്ചേരിയിൽ ഒരു കെ.എസ്.ആർ.ടി.സി. ഡിപ്പോ ആരംഭിക്കുമെന്ന് കഴിഞ്ഞ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്നെങ്കിലും അതുമായി ബന്ധപ്പെട്ട് നാളിതുവരെ യാതൊരു നടപടിയും ആരംഭിച്ചിട്ടില്ല. മാത്രമല്ല, അവിടെയുണ്ടായിരുന്ന സ്റ്റേഷൻ മാസ്റ്ററുടെ ഓഫീസ് പുനഃസ്ഥാപിക്കണമെന്ന ആവശ്യം അംഗീകരിച്ചതുമില്ല. അതുകൊണ്ട് രണ്ട് കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ് ബസ്സുകളെങ്കിലും മഞ്ചേരി മണ്ഡലത്തിൽ അനുവദിക്കാമോ?

ശ്രീ. ആന്റണി രാജു: സർ, സ്വിഫ്റ്റ് ബസിന് ഇത്രയേറെ സ്വീകാര്യതയുള്ളതിലും പ്രതിപക്ഷത്തുനിന്നുതന്നെ കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ് ബസ് ആവശ്യപ്പെടുന്നതിലും ഞങ്ങൾക്ക് അഭിമാനമുണ്ട്. അങ്ങയുടെ ആവശ്യം ഗൗരവമായി പരിശോധിക്കുന്നതാണ്.

ശ്രീ. ടി. സിദ്ദിഖ്: സർ, വന-മലയോര തോട്ടംമേഖലയായ വയനാട് ജില്ലയിലെ ജനങ്ങൾക്ക് ഉൾനാടുകളിലേയ്ക്ക് സഞ്ചരിക്കാനുള്ള ഏക ആശ്രയം കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസ് മാത്രമാണ്. കേരളത്തിലെ ഏക ആസ്പിരേഷണൽ ഡിസ്ട്രിക്ട് എന്നനിലയിലും വയനാട് ജില്ലയ്ക്ക് പ്രത്യേകതയുണ്ട്. രാജ്യത്തെ സോഷ്യോ-ഇക്കണോമിക് ഹെൽത്ത് ഇൻഡിക്കേറ്റേഴ്സ് പ്രകാരം പിന്നിൽനിൽക്കുന്ന ജില്ലകളിലൊന്നാണ് വയനാട്. ഈ ജില്ലയിലെ ഉൾനാടുകളിലേയ്ക്ക് സഞ്ചരിക്കുന്നതിനുള്ള നിരവധി ബസ്സുകൾ വെട്ടിച്ചുരുക്കിയത് പുന:സ്ഥാപിക്കുന്നതിനായി അപേക്ഷ നൽകിയിട്ടും നാളിതുവരെ നടപടിയുണ്ടായിട്ടില്ല. വയനാടിനെ സംബന്ധിച്ച് വൈകാരിക ബന്ധമുള്ള താളൂരിലേയ്ക്കുള്ള ബസ് റൂട്ട് വലിയ രീതിയിൽ ലാഭകരമായ സർവ്വീസായിരുന്നു. ഇവിടെയുള്ള ഉൾനാട് പ്രദേശമായ മുണ്ടകെയിൽനിന്നും മെഡിക്കൽ കോളേജ് റൂട്ട് വഴിയുള്ള കോഴിക്കോട് ബസ് സർവ്വീസ് കെ.എസ്.ആർ.ടി.സി. ആരംഭിച്ചകാലം മുതലുള്ളതാണ്. പ്രസ്തുത ഷെഡ്യൂൾ പുന:സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് സർക്കാരിന് നിരവധി കത്തിടപാടുകൾ നടത്തിയെങ്കിലും നാളിതുവരെ പുനരാരംഭിച്ചിട്ടില്ല. മാത്രമല്ല, വിദ്യാർത്ഥികളുടെ കൺസഷൻ പ്രശ്നവും നിലനിൽക്കുന്നുണ്ട്. വിദ്യാർത്ഥികൾക്ക് സഞ്ചരിക്കുന്നതിന് ചില റൂട്ടുകളിൽ

കെ.എസ്.ആർ.ടി.സി. മാത്രമാണ് സർവ്വീസ് നടത്തുന്നത്. അവരുടെ കൺസഷനിലും കെ.എസ്.ആർ.ടി.സി. ലിമിറ്റ് ഏർപ്പെടുത്തിയിട്ടുണ്ട്. വിദ്യാർത്ഥികൾക്കുള്ള കൺസഷനിലെ ലിമിറ്റ് ഒഴിവാക്കാനും ഇത്തരം റൂട്ടുകളിൽ ബസ് സർവ്വീസ് പുന:സ്ഥാപിക്കാനും നടപടി സ്വീകരിക്കുമോ?

ശ്രീ. ആന്റണി രാജു: സർ, ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചിരിക്കുന്നത് ഇന്നത്തെ ചോദ്യത്തിന്റെ വിഷയവുമായി ബന്ധമില്ലാത്തതുകൊണ്ട് ഇതിനുള്ള മറുപടിക്കായി പ്രത്യേക ചോദ്യം ഉന്നയിക്കണം. കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റിനെക്കുറിച്ചാണ് ഇന്നത്തെ ചോദ്യം. ഇവിടെ ചില റൂട്ടുകളിലേയ്ക്കുള്ള സർവ്വീസുകളെക്കുറിച്ചാണ് അദ്ദേഹം ചോദ്യം ഉന്നയിച്ചത്. ഞാൻ ഇതുമായി ബന്ധപ്പെട്ട് പൊതുവായ മറുപടി പറഞ്ഞിട്ടുണ്ട്. മാനന്തവാടിയിലേയ്ക്ക് 2023 ജനുവരി മാസം 6-ാം തീയതി പുതിയ ഗ്രാമവണ്ടി സർവ്വീസ് ആരംഭിക്കുകയാണ്. ഗ്രാമവണ്ടി ഇപ്പോൾ ഹിറ്റായി മാറിയിരിക്കുകയാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന്റെ മണ്ഡലത്തിൽ കഴിഞ്ഞ ആഴ്ച ഗ്രാമവണ്ടി ഉദ്ഘാടനം ചെയ്തപ്പോൾ എത്ര വലിയ സ്വീകാര്യതയാണ് ഗ്രാമവണ്ടിക്ക് ലഭിച്ചതെന്ന് അദ്ദേഹത്തിന് അറിയാം. ബഹുമാനപ്പെട്ട എം.എൽ.എ.-മാർ മുൻകയ്യെടുത്ത് ഗ്രാമവണ്ടി പദ്ധതിയിലേയ്ക്ക് അപേക്ഷ സമർപ്പിച്ചാൽ 30 ദിവസത്തിനകം എം.എൽ.എ.-

യും ഗ്രാമപഞ്ചായത്തും നിർദ്ദേശിക്കുന്ന റൂട്ടുകളിലേയ്ക്ക് ഗ്രാമവണ്ടി സർവ്വീസ് അനുവദിക്കുന്നതാണ്. പാറശ്ശാലയിൽ ഇപ്പോൾത്തന്നെ രണ്ട് ഗ്രാമവണ്ടികൾ സർവ്വീസ് ആരംഭിച്ചിട്ടുണ്ട്. മൂന്ന് ഗ്രാമവണ്ടികളുടെ സർവ്വീസ് കൂടി ഈ മാസം ആരംഭിക്കുന്നതാണ്. ബഹുമാനപ്പെട്ട അംഗം കുറച്ചുകൂടി താൽപ്പര്യമെടുത്താൽ അവിടെയുള്ള എല്ലാ സർവ്വീസുകളും പുന:സ്ഥാപിക്കാൻ കഴിയുന്നതാണ്.

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: സർ, കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ് ബസ്സിന്റെ ചോദ്യമാണെങ്കിൽപ്പോലും അങ്ങ് ട്രാൻസ്പോർട്ട് മന്ത്രിയായതുകൊണ്ടാണ് ഈ ചോദ്യം ചോദിക്കുന്നത്. വയനാട് ജില്ലയിലെ സുൽത്താൻ ബത്തേരിയിലേയ്ക്ക് കോവിഡ് കാലഘട്ടത്തിനുമുമ്പുവരെ രാത്രികാലങ്ങളിൽ നിരവധി ബസ്സുകൾ കെ.എസ്.ആർ.ടി.സി. സർവ്വീസ് നടത്തിയിരുന്നു. കോവിഡ് കാലഘട്ടത്തിൽ ഈ സർവ്വീസുകൾ നിർത്തിവയ്ക്കുകയുണ്ടായി. ഇപ്പോൾ രാത്രികാലങ്ങളിൽ യാത്ര ചെയ്യുന്നവർ വലിയ ദുരന്തത്തിലാണ്. രാത്രി 8.00 മണിക്ക് സർവ്വീസ് നടത്തുന്ന കോഴിക്കോട്നിന്നും മേപ്പാടി വഴിയുള്ള താളൂർ-തമിഴ്നാട് ഇന്റർസ്റ്റേറ്റ് ബസ്സുകൾ നമ്മുടെ സംസ്ഥാനത്തുതന്നെയാണ് തങ്ങുന്നത്. ബഹുമാനപ്പെട്ട മന്ത്രി ഡിപ്പോ സന്ദർശനം നടത്തിയപ്പോൾ ആ ബസ് സർവ്വീസുമായി ബന്ധപ്പെട്ട് ഞാൻ അങ്ങേയ്ക്കൊരു കത്ത് നൽകിയിരുന്നു.

രാത്രികാലങ്ങളിലെ സർവ്വീസുകൾ പുന:സ്ഥാപിക്കാനും ദീർഘദൂര സർവ്വീസുകൾ അനുവദിക്കാനും നടപടി സ്വീകരിക്കുമോ?

ശ്രീ. ആന്റണി രാജു: സർ, ട്രാൻസ്പോർട്ട് മന്ത്രിയായതുകൊണ്ടും വിഷയം കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ് ബസ് ആയതുകൊണ്ടും മോട്ടോർ വെഹിക്കിൾ വകുപ്പിലെയും കെ.എസ്.ആർ.ടി.സി.-ലെയും ജലഗതാഗത വകുപ്പിലെയും ചോദ്യങ്ങൾക്ക് മറുപടി പറയാൻ പരിമിതികളുണ്ട്. എങ്കിലും ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച സർവ്വീസുകളെ സംബന്ധിച്ച് ഗൗരവമായി പരിശോധിക്കുന്നതാണ്.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, മണ്ഡലകാലമായതിനാൽ ജനലക്ഷങ്ങൾ ശബരിമല സന്നിധാനത്തേയ്ക്ക് ദർശനത്തിനായി യാത്രചെയ്യുന്ന സമയമാണിത്. അതുമായി ബന്ധപ്പെട്ട് നിരവധി സർവ്വീസുകൾ കെ.എസ്.ആർ.ടി.സി. നടത്തിയിരുന്നു. അത്തരമൊരു സർവ്വീസ് കെ.എസ്.ആർ.ടി.സി. 2012-ൽ ആരംഭിച്ചിരുന്നു. ടി സർവ്വീസ് മുഖേന മണ്ണാർക്കാടുനിന്നും യാത്ര ആരംഭിക്കുന്ന അയ്യപ്പൻമാർ ഗുരുവായൂർ ക്ഷേത്രദർശനവുംകഴിഞ്ഞ് ശബരിമലയിൽ ദർശനം നടത്തി തിരിച്ചുവരുമായിരുന്നു. പ്രസ്തുത സർവ്വീസ് കോവിഡ് കാലഘട്ടത്തിൽ തടസ്സപ്പെടുകയുണ്ടായി; എന്നാൽ കോവിഡിനുശേഷം അത്

പുനരാരംഭിച്ചിട്ടില്ല. ഈ ആവശ്യം നിരവധി തവണ ഉന്നയിച്ചിട്ടുമുണ്ട്. മണ്ണാർക്കാടുനിന്നും ശബരിമലയിലേയ്ക്കുള്ള ബസ് സർവ്വീസ് ഈ മണ്ഡലകാലത്ത് പുനരാരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. ആന്റണി രാജു: സർ, മുമ്പൊരിക്കലും ഉണ്ടാകാത്തവിധം ഈ വർഷത്തെ ശബരിമല സീസണിൽ കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ വർദ്ധിപ്പിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട എം.എൽ.എ.-മാർ ശബരിമല സീസണിലേയ്ക്കായി ആവശ്യപ്പെട്ട ഏകദേശം എല്ലാ സർവ്വീസുകളും പുന:സ്ഥാപിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം ഈ വിഷയം എന്റെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നെങ്കിൽ ഇന്നലെത്തന്നെ പ്രസ്തുത സർവ്വീസ് ആരംഭിക്കുമായിരുന്നു. അങ്ങ് ഈ വിഷയം സഭയുടെ ശ്രദ്ധയിൽപ്പെടുത്തിയ സാഹചര്യത്തിൽ നാളെ മുതൽ ടി സർവ്വീസ് ആരംഭിക്കുന്നതാണ്.

വായ്പാ തിരിച്ചടവ് മുടങ്ങിയ കർഷകരെ സഹായിക്കാൻ നടപടി

3 (*123) ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. കുറുക്കോളി മൊയ്തീൻ:
ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാർഷിക വായ്പയെടുത്ത കർഷകരിൽ ഭൂരിഭാഗവും കടക്കെണിയിലാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) വന്യമൃഗങ്ങളുടെ ശല്യംമൂലമുള്ള കൃഷിനാശത്തെത്തുടർന്ന് വായ്പാ തിരിച്ചടവ് മുടങ്ങുന്ന കർഷകരെ സഹായിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്നറിയിക്കാമോ;

(സി) കാർഷിക കടവുമായി ബന്ധപ്പെട്ട പലിശ എഴുതി തള്ളാനും കാർഷിക വിഭവങ്ങൾക്ക് മതിയായ താങ്ങുവില വർദ്ധിപ്പിച്ച് നൽകുന്നതിനും നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്): സർ, (എ) സംസ്ഥാനതല ബാങ്കേഴ്സ് സമിതിയുടെ 2022-23 സാമ്പത്തികവർഷത്തിലെ ജൂൺ 30-ന് അവസാനിച്ച ഒന്നാം പാദത്തിലെ കണക്കുപ്രകാരം കാർഷിക മേഖലയിലെ വാർഷിക നിഷ്ക്രിയ ആസ്തി വെറും 4.2 ശതമാനം മാത്രമാണ്. കർഷകരുടെ വായ്പാ തിരിച്ചടവ് കൃത്യമാണെന്നുള്ളതാണ് ഇത് സൂചിപ്പിക്കുന്നത്. അതിനാൽതന്നെ കാർഷിക വായ്പയെടുത്ത കർഷകരിൽ ഭൂരിഭാഗവും കടക്കെണിയിലാണെന്ന ആക്ഷേപം അടിസ്ഥാനരഹിതമാണ്.

(ബി) സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗങ്ങളായ കർഷകർക്ക് വന്യജീവി ആക്രമണംമൂലം കൃഷിനാശമാണ്ടായാൽ നിശ്ചിത നിരക്കുകൾക്കും മാനദണ്ഡങ്ങൾക്കും വിധേയമായി നഷ്ടപരിഹാരം നൽകുന്നതാണ്. കൂടാതെ വനം-വന്യജീവി വകുപ്പിൽനിന്നുള്ള നഷ്ടപരിഹാരത്തിനും കർഷകർ അർഹരാണ്. വായ്പക്കാരുടെ അപേക്ഷകളുടെ അടിസ്ഥാനത്തിൽ വായ്പകൾ പുതുക്കി നൽകുകയും നിയമപരമായ ഇളവുകൾ സഹകരണ ബാങ്കുകൾ അനുവദിക്കുകയും ചെയ്തുവരുന്നുണ്ട്. ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിലൂടെ അർഹമായ അപേക്ഷകൾക്ക് പലിശയിലും മുതലിലും ഇളവ് നൽകുന്നതിനും സഹകരണ രജിസ്ട്രാർ നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്കുകൾ, കാർഷിക ഗ്രാമ വികസന ബാങ്കുകൾ മുഖേന വിതരണം ചെയ്യുന്ന ഹ്രസ്വകാല കാർഷിക വായ്പകൾ കൃത്യമായി തിരിച്ചടയ്ക്കുന്ന കർഷകരുടെ പലിശ പൂർണ്ണമായി ഒഴിവാക്കി പലിശരഹിത വായ്പയായി മാറ്റുന്നതിന് സംസ്ഥാന സർക്കാരിന്റെ പദ്ധതിയേതര വിഹിതത്തിൽ "ഉത്തേജന പലിശയിളവ്" നടപ്പിലാക്കിവരുന്നു.

കേരളത്തിലെ കർഷകർ സഹകരണ സ്ഥാപനങ്ങളിൽനിന്നും എടുത്ത വായ്പകൾക്ക് (വയനാട്, ഇടുക്കി ജില്ലകളിലെ കർഷകർ 31-08-2020 വരെ എടുത്ത വായ്പകൾക്കും മറ്റ് ജില്ലകളിലെ കർഷകർ 31-03-2016 വരെ എടുത്ത വായ്പകൾക്കും) നിശ്ചിത നിബന്ധനകൾക്ക് വിധേയമായി പരമാവധി രണ്ട് ലക്ഷം രൂപ വരെ സംസ്ഥാന കാർഷിക കടാശ്വാസ കമ്മീഷൻ മുഖേന കടാശ്വാസം അനുവദിക്കുന്നുണ്ട്. സംസ്ഥാനത്ത് കൃഷി ചെയ്യുന്ന 16 വിളകൾക്ക് 2020 നവംബർ ഒന്ന് മുതൽ "കേരള ഫാം ഫ്രഷ് പഴം, പച്ചക്കറി അടിസ്ഥാന വില പദ്ധതി" പ്രകാരം അടിസ്ഥാനവില നിശ്ചയിച്ചിട്ടുണ്ട്. അഞ്ച് ഇനങ്ങൾക്ക് കൂടി അടിസ്ഥാനവില നിശ്ചയിക്കുന്ന കാര്യം സർക്കാരിന്റെ പരിശോധനയിലാണ്. പച്ചത്തേങ്ങ കിലോയ്ക്ക് 32 രൂപ നിരക്കിലും നെല്ല് കിലോയ്ക്ക് 28.20 രൂപ നിരക്കിലുമാണ് സംഭരിക്കുന്നത്. വയനാട് കാപ്പിക്ക് വില കുറഞ്ഞപ്പോൾ കർഷകരെ സഹായിക്കാൻ വയനാട് പ്രത്യേക പദ്ധതിപ്രകാരം മാർക്കറ്റ് വിലയേക്കാൾ 10 രൂപ കിലോയ്ക്ക് അധികം നൽകി കാപ്പി സംഭരിച്ചിട്ടുണ്ട്.

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: സർ, കർഷകർ കടക്കെണിയിൽപ്പെട്ടിരിക്കുന്നതിനാൽ ബാങ്കുകളിൽ നിന്നെടുത്ത വായ്പ തിരിച്ചടയ്ക്കാൻ സാധിക്കുന്നില്ല. കാലാവസ്ഥാ വ്യതിയാനവുമായി ബന്ധപ്പെട്ട്

നിയമസഭയിൽ സംഘടിപ്പിച്ച ചടങ്ങിൽ പ്രസംഗിച്ച ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വാക്കുകളാണ് എനിക്ക് ഓർമ്മവരുന്നത്. പണ്ടുകാലങ്ങളിൽ ഏതൊക്കെ മാസത്തിൽ ഏതൊക്കെ ദിവസങ്ങളിൽ ഏതൊക്കെ സമയങ്ങളിൽ മഴയുണ്ടാകുമെന്ന് പഴമക്കാർക്ക് കൃത്യമായി പറയാൻ സാധിക്കുമായിരുന്നു; എന്നാൽ ഇന്ന് അത് പറയാൻ ആർക്കും സാധിക്കില്ല. ഇതുതന്നെയാണ് കർഷകരും നമ്മളുമൊക്കെ അനുഭവിക്കുന്ന വലിയ ദുരിതമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. കാലാവസ്ഥാവ്യതിയാനങ്ങൾക്കനുസൃതമായി മാറാൻ നമുക്ക് കഴിയണമെന്ന് മാത്രമല്ല, നമ്മുടെ രീതിയിലും മാറ്റമുണ്ടാകണം. ചില സംസ്ഥാനങ്ങളിൽ സീഡിംഗിന്റെ സമയത്തും കൊയ്യുന്ന സമയത്തും മഴ വരുമ്പോൾ കർഷകർക്ക് ടാർപ്പോളിൻ കൊടുക്കാറുണ്ട്. സമാനമായി, സംസ്ഥാനത്തെ കർഷകർക്ക് കൊയ്ത്തുയന്ത്രം കൊടുക്കുന്നുണ്ടെന്നാണ് മനസ്സിലാക്കുന്നത്. കാലാവസ്ഥാ വ്യതിയാനത്തിനനുസൃതമായി പുതിയ രീതിയിലേയ്ക്ക് കർഷകർ മാറുന്നതിന് എന്തെല്ലാം പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്; ഇല്ലെങ്കിൽ എന്തെല്ലാം പദ്ധതികൾ ആവിഷ്കരിക്കാൻ സാധിക്കും?

ശ്രീ. പി. പ്രസാദ്: സർ, ബഹുമാനപ്പെട്ട അംഗത്തിന്റെ ചോദ്യം വളരെ പ്രസക്തമാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വാക്കുകൾകൂടി അദ്ദേഹം

ഉദ്ധരിക്കുകയുണ്ടായി. കേരളത്തിൽ പരമ്പരാഗതമായ കാലാവസ്ഥ കലണ്ടർ എന്നൊരു രീതിയുണ്ടായിരുന്നു. തുലാമാസത്തിൽ പെയ്യുന്ന മഴയ്ക്ക് തുലാവർഷമെന്നും ഇടവമാസം പകുതിയാകുമ്പോൾ പെയ്യുന്ന മഴയ്ക്ക് ഇടവപ്പാതിയെന്നും പറയുമായിരുന്ന കർഷകർക്ക് ഇതിനെക്കുറിച്ച് കൃത്യമായ ധാരണയുണ്ടായിരുന്നു. എന്നാൽ ആഗോളതാപനത്തിന്റെയും കാലാവസ്ഥാ വ്യതിയാനത്തിന്റെയും ഭാഗമായി അതെല്ലാം മാറിമറിയുന്ന തരത്തിലുള്ള പ്രതിസന്ധി കേരളത്തിന്റെ കാർഷികമേഖലയിലും ഉണ്ടായിട്ടുണ്ട്. അതുകൊണ്ട് യന്ത്രങ്ങളുടെ കാര്യത്തിൽ മാത്രമല്ല, വളരെ പെട്ടെന്നുതന്നെ വിളവ് ലഭിക്കുന്നതരത്തിൽ വിത്തിനങ്ങളും അതിനാവശ്യമായ യന്ത്രങ്ങളും കൂടുതലായി പരീക്ഷിക്കുന്നതിനുള്ള പരിപാടികൾ കൃഷി വകുപ്പ് ആസൂത്രണം ചെയ്ത് നടപ്പാക്കുന്നതാണ്. ഇക്കാര്യം വളരെ ഗൗരവമായിത്തന്നെയാണ് കൃഷിവകുപ്പ് കണ്ടിരിക്കുന്നത്.

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: സർ, കാസർഗോഡ് ജില്ല അടയ്ക്കകൃഷിയുടെ നാടാണ്. കേരളത്തിലെ ഏറ്റവും ഗുണമേന്മയുള്ള അടയ്ക്ക ലഭിക്കുന്നത് കാസർഗോഡ് ജില്ലയിലെ പെർള, ബദിയടുക്ക പ്രദേശങ്ങളിൽനിന്നാണ്. ഇപ്പോൾ അടയ്ക്ക കർഷകർ അഭിമുഖീകരിക്കുന്ന ഏറ്റവും വലിയ പ്രശ്നമാണ് കവുങ്ങിനെ ബാധിച്ചിരിക്കുന്ന മഹാളി രോഗം.

അടയ്ക്ക പാകമാകുന്നതിനുമുമ്പുതന്നെ താഴെ വീഴുന്നതിനാൽ മഴക്കാലത്ത് ഇവ ഉണക്കിയെടുക്കാൻ സാധിക്കുന്നില്ല. ഇതിന് ഏറ്റവുംനല്ല പ്രതിവിധി സോളാർ പ്ലാസ്റ്റിക്കാണ്. ഒരു ലക്ഷം രൂപ വരെ വിലവരുന്ന സോളാർ പ്ലാസ്റ്റിക്കിന് സബ്സിഡി കൊടുക്കാൻ സാധിക്കുമോ? അതുകൂടാതെ ലീഫ് സ്പോട്ട് ഡിസീസ് എന്നൊരു പുതിയ രോഗംകൂടി കവുങ്ങുകളെ ബാധിച്ചിരിക്കുകയാണ്. കഴിഞ്ഞ രണ്ട് വർഷമായി കണ്ടുവരുന്ന ഈ രോഗം വായുവിൽക്കൂടിയാണ് പരക്കുന്നത്. ഈ രോഗത്തിന് Hexaconazole, Propiconazole തുടങ്ങിയ കീടനാശിനികളാണ് കർഷകർ ഉപയോഗിക്കുന്നത്. എൻഡോസൾഫാൻ പോലുള്ള വലിയ വിപത്തുണ്ടാക്കിയ കീടനാശിനി ഉപയോഗിച്ചതിന്റെ ദുരന്തത്തിൽനിന്ന് സംസ്ഥാനത്തിന് ഇതുവരെ മുക്തമാകാൻ കഴിഞ്ഞിട്ടില്ല. ഇത്തരത്തിലുള്ള കീടനാശിനികൾ ഉയോഗിക്കാൻ ആരെങ്കിലും ലൈസൻസ് കൊടുത്തിട്ടുണ്ടോയെന്നും ഇതുപയോഗിക്കുന്നതിന് ആരെങ്കിലും കർഷകർക്ക് ഉപദേശം നൽകിയിട്ടുണ്ടോയെന്നും തീർച്ചയായും പരിശോധിക്കേണ്ടതാണ്. നമ്മളും വരാനിരിക്കുന്ന തലമുറയും എൻഡോസൾഫാൻമൂലം അനുഭവിക്കുന്ന ദുരന്തത്തെക്കാൾ വലിയ ദുരന്തം അനുഭവിക്കാനുള്ള സാഹചര്യം സൃഷ്ടിക്കരുത്. ഇക്കാര്യങ്ങൾ സർക്കാർ പരിശോധിക്കുമോ?

ശ്രീ. പി. പ്രസാദ്: സർ, ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച പ്രശ്നം സർക്കാർ ഗൗരവമായി പരിശോധിക്കുന്നതാണ്. കാസർഗോഡ് ജില്ലയിലെ കവുങ്ങുകൾക്കുണ്ടായിരിക്കുന്ന രോഗത്തെക്കുറിച്ച് പരിശോധിക്കുന്നതിനായി പ്രത്യേക സംഘത്തെ നിയോഗിക്കുന്നതാണ്. അവർ സമർപ്പിക്കുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അങ്ങ് പറഞ്ഞതുൾപ്പെടെയുള്ള വിഷയങ്ങളിന്മേൽ ഏറ്റവും ഉചിതമായ പരിഹാരമാർഗ്ഗങ്ങൾ കണ്ടെത്തി നടപടി സ്വീകരിക്കുന്നതാണ്. അവിടെ ഉപയോഗിക്കുന്നത് അനുവദനീയമായ കീടനാശികളാണോയെന്നും അവ ശാസ്ത്രീയമായിട്ടുള്ളതാണോയെന്നും ഏത് കാറ്റഗറിയിൽപ്പെടുന്നതാണെന്നും പരിശോധിക്കുന്നതാണ്. ദോഷകരമല്ലാത്ത കീടനാശിനികൾ മാത്രം ഉപയോഗിക്കാനുള്ള നിർദ്ദേശം നൽകാനും നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. മഞ്ഞളാംകുഴി അലി ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. ടി. വി. ഇബ്രാഹിം: സർ, ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയിൽ കാർഷിക വായ്പയെടുത്തവരെ ജപ്തി ഭീഷണിയിലേയ്ക്കും ആത്മഹത്യയിലേയ്ക്കുമൊന്നും നയിക്കുന്നില്ലെന്ന രീതിയിലാണ് സംസാരിച്ചത്. കാർഷിക വായ്പയെടുത്ത ഗുരുതര രോഗം ബാധിച്ചവർ വളരെയധികം പ്രയാസം അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. അവർ ആത്മഹത്യയിലേയ്ക്കുവരെ നീങ്ങുന്ന

സന്ദർഭങ്ങളുണ്ടായിട്ടുണ്ട്. സഹകരണ ബാങ്കുകളിൽനിന്ന് കാർഷിക വായ്പയെടുത്തവരെ സഹകരണ വകുപ്പിന്റെ സഹകരണത്തോടെ റിസ്ക് ഫണ്ടിൽ ഉൾപ്പെടുത്തിയെങ്കിലും അവരുടെ വായ്പ എഴുതിത്തള്ളുന്ന വിധത്തിൽ തീരുമാനമെടുക്കാൻ സാധിക്കുമോ?

ശ്രീ. പി. പ്രസാദ്: സർ, 137-ാമത് എസ്.എൽ.ബി.സി. (സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് കമ്മിറ്റി) യോഗത്തിന്റെ മിനിട്ട്സ് പ്രകാരമുള്ള കണക്കാണ് ഞാൻ സൂചിപ്പിച്ചത്. സംസ്ഥാനത്തെ കാർഷിക മേഖലയുടെ നിഷ്ക്രിയ ആസ്തി 4.2 ശതമാനം മാത്രമാണെന്ന് അവർ കണക്കുകൂട്ടിയിട്ടുണ്ട്. അതിൽ സഹകരണ ബാങ്കുകളും സ്വകാര്യ ബാങ്കുകളും ഗ്രാമീണ ബാങ്കുകളും ഉൾപ്പെടുന്നുണ്ട്. കാർഷിക വായ്പയെടുത്തവർ കടക്കെണിയിൽപ്പെട്ടിരിക്കുന്നുവെന്നാണ് ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചത്. എന്നാൽ സത്യത്തിൽ അവർ കടക്കെണിയിലായിട്ടില്ല. അതിന്റെ കാരണമെന്ന് പറയുന്നത്, സാധാരണ വായ്പകൾ 90 ദിവസം കഴിഞ്ഞ് കുടിശ്ശികയാകുമ്പോഴാണ് എൻ.പി.എ. (നോൺ പെർഫോമിംഗ് അസറ്റ്സ്)-യുടെ പട്ടികയിൽ വരുന്നത്. കാർഷിക വായ്പകൾ വിളകളെ അടിസ്ഥാനപ്പെടുത്തിയാണ് കണക്കാക്കുന്നത്. എൻ.പി.എ.-യുടെ കണക്കുകൾ പരിശോധിക്കുമ്പോൾ കർഷകർക്ക് കടമുണ്ടെങ്കിലും കടക്കെണിയിലാണെന്ന് പറയാൻ സാധിക്കില്ല. നിലവിൽ

സഹകരണ ബാങ്കുകളിൽനിന്നെടുക്കുന്ന വായ്പകൾക്ക് കടാശ്വാസം നൽകുന്നുണ്ട്. മറ്റ് പദ്ധതികളെക്കുറിച്ചുള്ള കാര്യങ്ങൾ മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്; അവ സർക്കാർ കൃത്യമായി നടപ്പിലാക്കുന്നുമുണ്ട്.

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, ഇന്നലെ പാർലമെന്റ് പാസ്സാക്കിയ വന്യമൃഗ സംരക്ഷണ നിയമംപോലും കർഷക സൗഹൃദപരമല്ല. കേരളത്തിൽ ഈ വർഷം വന്യമൃഗങ്ങളുടെ അക്രമണംമൂലം 88 കർഷകർ മരണപ്പെട്ടിട്ടുണ്ട്. കേരളത്തിലെ കർഷകരുടെ കൃഷി വന്യമൃഗങ്ങൾ നശിപ്പിച്ചാൽ നഷ്ടപരിഹാരത്തുക നിർണ്ണയിക്കാനും അത് പരിശോധിക്കാനും വനം വകുപ്പിനെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. എന്നാൽ ഒരു വർഷത്തോളം ഇതുമായി ബന്ധപ്പെട്ട് പ്രശ്നങ്ങൾ കൈകാര്യം ചെയ്തിട്ടും വനം വകുപ്പിന് നടപടിക്രമങ്ങൾ പൂർത്തിയാക്കാൻ കഴിയാത്ത ഘട്ടങ്ങളുണ്ടായിട്ടുണ്ട്. അതുകൊണ്ടുതന്നെ പല കർഷകരും തീരാനഷ്ടത്തിലും കഷ്ടത്തിലുമാണ്. ഇത്തരം സാഹചര്യങ്ങളിൽ വന്യമൃഗങ്ങളാൽ കൃഷി നശിച്ചാൽ വനം വകുപ്പ് പരിശോധിക്കുന്നതിനുപകരം അതിലേയ്ക്കായി കൃഷി വകുപ്പുദ്യോഗസ്ഥരെ ചുമതലപ്പെടുത്തി നടപടിക്രമങ്ങൾ ദ്രുതഗതിയിലാക്കാനും കർഷകർക്കാശ്വാസം നൽകാനുള്ള സംവിധാനമൊരുക്കാനും മരണപ്പെട്ട കർഷകരുടെ വായ്പകൾ എഴുതിത്തള്ളാനും നടപടി സ്വീകരിക്കുമോ?

<u>ശ്രീ. പി. പ്രസാദ്</u>: സർ, മുൻകൂട്ടി എഴുതി നൽകാത്തതും രണ്ട് വകുപ്പുകളുമായി ബന്ധപ്പെട്ടതുമായ ചോദ്യമാണ് ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചിരിക്കുന്നത്. അതിനെക്കുറിച്ച് ഗവൺമെന്റ് പ്രത്യേകം പരിശോധിച്ചശേഷം എപ്രകാരം നടപടി സ്വീകരിക്കാൻ കഴിയുമെന്ന് ആലോചിക്കുന്നതാണ്. നിലവിൽ വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗമാകുന്നവരുടെ വിളകൾക്ക് വന്യമൃഗങ്ങളുടെ ശല്യംമൂലം വിളനാശമുണ്ടായാൽ (27 ഇനം വിളകൾക്ക്) ആയതിനുള്ള നഷ്ടപരിഹാരം കൃഷി വകുപ്പ് പ്രത്യേകം നൽകുന്നുണ്ട്. അതുകൂടാതെ ഗവൺമെന്റിന്റെ പ്രത്യേക ഉത്തരവിലൂടെ നഷ്ടപരിഹാരത്തിന്റെ തോത് സംബന്ധിച്ച് റവന്യൂ വകുപ്പ് തയ്യാറാക്കുന്ന കണക്കിന്റെ അടിസ്ഥാനത്തിൽ സാധാരണ ലഭ്യമാക്കുന്നതിനേക്കാൾ 10 ശതമാനംകൂടി അധികം തുകയാണ് വനം വകുപ്പ് കർഷകർക്ക് നൽകുന്നത്. അപ്രകാരം നൽകുന്ന തുക പര്യാപ്തമാണെന്നും അതുവഴി കർഷകരെ പൂർണ്ണമായി സഹായിക്കാൻ കഴിയുന്നുണ്ടെന്നുമുള്ള അഭിപ്രായമല്ല സർക്കാരിനുള്ളത്. വന്യമൃഗങ്ങളുടെ ശല്യം വളരെ രൂക്ഷമായിരിക്കുകയാണ്. ആലപ്പുഴപോലെ വനമില്ലാത്ത ജില്ലയിൽപോലും വന്യമൃഗത്തിന്റെ/കാട്ടുപന്നിയുടെ ശല്യമുണ്ടാകുന്നുവെന്നത് കർഷകർ നേരിടുന്ന വലിയ പ്രശ്നമാണ്. അത്തരം പ്രശ്നങ്ങളെ

ഗൗരവതരമായി അഭിമുഖീകരിക്കുന്നതിന് വരുംനാളുകളിൽ സർക്കാർ നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. പി. അബ്ദുൽ ഹമീദ് ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. പി. ഉബൈദുള്ള: സർ, പല കാരണങ്ങൾകൊണ്ട് കർഷകർ വീണ്ടും കടക്കെണിയിലേയ്ക്ക് നീങ്ങിക്കൊണ്ടിരിക്കുകയാണ്. ബാങ്കിൽനിന്നെടുത്ത വായ്പ യഥാസമയം തിരിച്ചടയ്ക്കാൻ കഴിയാതെ എത്രയോ കർഷകർ സംസ്ഥാനത്ത് ആത്മഹത്യ ചെയ്തിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് കർഷക ആത്മഹത്യയുണ്ടായിട്ടില്ലെന്ന് ഏത് കണക്കിന്റെ അടിസ്ഥാനത്തിലാണ് ബഹുമാനപ്പെട്ട മന്ത്രി പറയുന്നതെന്ന് എനിക്കറിയില്ല. ഏതായാലും അതീവ ഗുരുതരമായ ഈ പ്രശ്നത്തിന് സ്ഥായിയായ പരിഹാരമുണ്ടാകേണ്ടതല്ലേ? ബാങ്കിൽനിന്നെടുക്കുന്ന വായ്പ തിരിച്ചടയ്ക്കാൻ കഴിയാതെ ഇടയ്ക്കിടയ്ക്ക് കർഷക ആത്മഹത്യയുണ്ടാകുന്നെന്ന് മാത്രമല്ല, പട്ടിണിയിലും പരിവട്ടത്തിലുമായാണ് അവർ കഴിയുന്നത്. ഇതിനൊരു സ്ഥായിയായ പരിഹാരമുണ്ടാക്കാൻ നിലവിൽ സർക്കാരിന് എന്തെങ്കിലും പദ്ധതിയുണ്ടോ? കേരളത്തിലെ കർഷകർ കടബാദ്ധ്യതയിൽ കുടുങ്ങാതെ ജീവിച്ചുപോകാൻ പ്രാപ്തരാക്കിയെടുക്കുന്ന തരത്തിൽ വ്യക്തതയുള്ള ഏതെങ്കിലും പദ്ധതി സർക്കാരിന്റെ പരിഗണനയിലുണ്ടോ; ഇല്ലെങ്കിൽ കർഷകർ ഇത്തരം

പ്രയാസങ്ങൾ അനുഭവിക്കേണ്ടിവരുന്നതിന്റെ കാരണം സംബന്ധിച്ച് വിശദമായ പഠനം നടത്തി ബൃഹത്തായ പദ്ധതിക്ക് സർക്കാർ രൂപം നൽകുമോ?

ശ്രീ. പി. പ്രസാദ്: സർ, കേരളത്തിലെ കർഷകർ ആത്മഹത്യ ചെയ്യുന്നില്ലെന്ന് പറയുന്നില്ല. ആത്മഹത്യകളെക്കുറിച്ച് നിരവധി റിപ്പോർട്ടുകളും പത്രവാർത്തകളും വരാറുണ്ട്. കർഷക ആത്മഹത്യയുണ്ടാകുമ്പോൾ ഏതൊരു സർക്കാരിന്റെ കാലത്തും ചെയ്യുന്നത് ആദ്യം അത് കർഷക ആത്മഹത്യയാണോയെന്ന സ്ഥിരീകരണമാണ്. അതിനായി ജില്ലാ കളക്ടർ അദ്ധ്യക്ഷനായ സമിതി പ്രത്യേക പരിശോധന നടത്തി ലഭ്യമാകുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് കൃഷിയുമായി ബന്ധപ്പെട്ടുകൊണ്ടാണോ ആത്മഹത്യയുണ്ടായതെന്ന് സ്ഥിരീകരിക്കുന്നത്. അപ്രകാരം സ്ഥിരീകരിച്ച കണക്കുകൾ സർക്കാരിന്റെ മുമ്പിലുണ്ട്. കർഷകർക്ക് കടമുണ്ടെങ്കിലും അവർ കടക്കെണിയിൽ അകപ്പെട്ടിട്ടില്ലെന്നാണ് ഞാൻ സൂചിപ്പിച്ചത്. കടബാദ്ധ്യതയുള്ള കർഷകൻ കടക്കെണിയിൽ അകപ്പെടാതിരിക്കണമെങ്കിൽ അവരുടെ കാർഷികോല്പന്നങ്ങൾക്ക് ന്യായമായ വില ലഭിക്കണം. ഉൽപ്പന്നങ്ങൾക്ക് നിലവിൽ ലഭിക്കുന്ന വിലയുടെ 50 ശതമാനമെങ്കിലും അധികരിച്ച വില

ലഭിക്കണമെങ്കിൽ വിളയുടെയും കൃഷിയുടെയും കാര്യത്തിൽ പുതിയ രീതി അവലംബിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. അതിന്റെ അടിസ്ഥാനത്തിലാണ് വിളയിടം അടിസ്ഥാനപ്പെടുത്തിക്കൊണ്ടുള്ള കൃഷിയിലേയ്ക്ക് കേരളം നീങ്ങുന്നത്. അത്തരത്തിൽ വിളയിടം-വാർഡ്-പഞ്ചായത്ത്-ബ്ലോക്ക്-ജില്ല എന്നിങ്ങനെ അടിസ്ഥാനപ്പെടുത്തി പ്രത്യേകം ആസൂത്രണം നടത്തുന്നതാണ്. അത്തരത്തിലുള്ള ഫാം പ്ലാനാണ് ആവിഷ്കരിച്ചിരിക്കുന്നത്. കേരളത്തിൽ നിലവിൽ ഇരുന്നൂറ്റി അൻപതിലധികം ഫാം പ്ലാനുകൾ രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാനം ആദ്യമായാണ് ഫാം പ്ലാൻ എന്ന സംവിധാനത്തിലേയ്ക്ക് മാറുന്നത്. അതുകൂടാതെ കൃഷിക്കാരന്റെ ഉല്പന്നങ്ങൾ മൂല്യവർദ്ധിത ഉല്പന്നങ്ങളാക്കി വിൽപ്പന നടത്തുമ്പോൾ മാത്രമെ നല്ലരീതിയിൽ വരുമാനം ലഭിക്കുകയുള്ളൂ. അതിലേയ്ക്കായി വാല്യു ആഡഡ് അഗ്രികൾച്ചറൽ മിഷൻ കേരളത്തിൽ യഥാർത്ഥ്യമായിരിക്കുന്നു. ഇക്കാര്യത്തിൽ എല്ലാവരുടേയും സഹകരണത്തോടെ ഒരു കൃഷി ഭവനിൽനിന്നും ഏറ്റവും കുറഞ്ഞത് ഒരു മൂല്യവർദ്ധിത ഉല്പന്നമെങ്കിലും തയ്യാറാക്കി വിപണനം നടത്താമെന്നാണ് കണക്കുകൂട്ടിയിരിക്കുന്നത്. അത്തരത്തിൽ നടപ്പാക്കാൻ സാധിച്ചാൽ നമ്മുടെ നാട്ടിലെ കർഷകരെ നല്ല രീതിയിൽ സഹായിക്കാൻ കഴിയുന്നതാണ്.

തീർച്ചയായും അതിനുള്ള തയ്യാറെടുപ്പുകളുമായാണ് സർക്കാർ മുന്നോട്ടുപോകുന്നത്.

<u>ശ്രീ. ലിന്റോ ജോസഫ്</u>: സർ, കർഷക കടാശ്വാസ കമ്മീഷന്റെ പ്രവർത്തനങ്ങൾ കേരളത്തിലെ കർഷകർക്ക് വലിയ അനുഗ്രഹമായി മാറിയിരിക്കുന്നുവെന്നാണ് മനസ്സിലാക്കാൻ സാധിച്ചത്. വയനാട്, ഇടുക്കി തുടങ്ങിയ ജില്ലകളിലെ കർഷകരിൽനിന്നും 2020 വരെയും മറ്റ് ജില്ലകളിൽനിന്ന് 2016 വരെയുമുള്ള അപേക്ഷകളാണ് സ്വീകരിച്ചുവരുന്നതെന്നാണ് അങ്ങ് മറുപടിയിൽ സൂചിപ്പിച്ചത്. ഇപ്രകാരം നിലവിൽ സ്വീകരിച്ച അപേക്ഷകളുടെ സ്ഥിതിയെന്താണ്; പുതുതായി കൂടുതൽ കർഷകരെ സഹായിക്കുന്നതിനുവേണ്ടി കർഷക കടാശ്വാസ കമ്മീഷൻ ഉപയോഗപ്പെടുത്തി നടപ്പിലാക്കാനുദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണ്?

<u>ശ്രീ. പി. പ്രസാദ്</u>: സർ, 2007-ലാണ് കർഷക കടാശ്വാസ കമ്മീഷൻ നിലവിൽ വന്നത്. അന്നുമുതൽ 31-10-2022 വരെ 5,30,348 അപേക്ഷകളിന്മേൽ 565,20,04,551 രൂപയാണ് കടാശ്വാസ അവാർഡ് കമ്മിറ്റി പാസ്സാക്കിയിട്ടുള്ളത്. ഇടുക്കി, വയനാട് ഉൾപ്പെടെയുള്ള ബാക്കി

ജില്ലകളും ചേർത്തുള്ള കണക്ക് ലഭ്യമായിക്കൊണ്ടിരിക്കുന്നതേയുള്ളൂ. ടി അപേക്ഷകൾ സ്വീകരിക്കുന്നതനുസരിച്ചുള്ള കണക്ക് അറിയിക്കുന്നതാണ്.

ശ്രീ. എ. രാജ: സർ, എന്റെ മണ്ഡലത്തിലെ വട്ടവട, കാന്തല്ലൂർ, മാങ്കുളം എന്നീ പ്രദേശങ്ങളിൽ കഴിഞ്ഞ വർഷം കാലാവസ്ഥാ വ്യതിയാനവും വന്യമൃഗആക്രമണംമൂലവും വളരെയധികം കൃഷിനാശം സംഭവിച്ചിട്ടുണ്ട്. ഇവിടത്തെ കർഷകർക്ക് നൽകേണ്ട നഷ്ടപരിഹാരത്തുക കൃത്യസമയത്ത് നൽകാൻ സർക്കാർ ഇടപെടൽ നടത്തുമോ?

ശ്രീ. പി. പ്രസാദ്: സർ, തീർച്ചയായും.

ശ്രീ. ജി. സ്റ്റീഫൻ: സർ, കേരളത്തിൽ വന്യമൃഗങ്ങൾ നാട്ടിലിറങ്ങി കൃഷി നശിപ്പിക്കുന്നത് വ്യാപകമായിക്കൊണ്ടിരിക്കുകയാണ്. വനത്തിനുള്ളിൽ കൃഷി ചെയ്യുന്ന കൃഷിക്കാരും ഈ ഭീഷണി നേരിടുന്നുണ്ട്. കഴിഞ്ഞ മാസം ഒന്നാം തീയതി വിതുര ജേഴ്സി ഫാമിൽ കാട്ടാനക്കൂട്ടമിറങ്ങുകയും അത്യുല്പാദനശേഷിയുള്ള മുഴുവൻ പുല്ലുല്പന്നങ്ങളും നശിപ്പിക്കുകയുമുണ്ടായി. തൽഫലമായി ഇവിടത്തെ ജനജീവിതം താറുമാറായെന്ന് മാത്രമല്ല ജേഴ്സി ഫാമിലെ വളർത്തുമൃഗങ്ങൾക്കുള്ള ജലവിതരണ പൈപ്പുകൾക്കും കേടുപാടുകളുണ്ടായി. ഇതുമൂലം വായ്പയെടുത്ത് കൃഷിയിറക്കിയ ടി പ്രദേശത്തെ കൃഷിക്കാർ രൂക്ഷമായ പ്രയാസങ്ങൾ

അനുഭവിക്കുകയാണ്. മേൽ സാഹചര്യത്തിൽ ഇത്തരം പ്രയാസം അനുഭവിക്കുന്ന കർഷകരെ സഹായിക്കുന്നതിനുവേണ്ടി ഇവരുടെ വായ്പ എഴുതിത്തള്ളുന്നതിന് സഹകരണ വകുപ്പും കൃഷി വകുപ്പുമായി ബന്ധപ്പെട്ട് പുതിയ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുമോ?

ശ്രീ. പി. പ്രസാദ്: സർ, നിലവിലുള്ള സംവിധാനത്തെക്കുറിച്ച് ഞാൻ മുൻപ് നൽകിയ മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. പ്രസ്തുത വിഷയം പരിശോധിക്കുന്നതാണ്.

ശ്രീ. ഷാഫി പറമ്പിൽ: സർ, നെല്ല് സംഭരണത്തിന്റെ കാര്യങ്ങളെക്കുറിച്ച് ഇന്നലെ സൂചിപ്പിക്കുകയുണ്ടായി. പാലക്കാട് ജില്ലയിലെ ആലത്തൂർ താലൂക്കിൽ 18944 കർഷകരുടെ നെല്ല് സംഭരിച്ചതിൽ വെറും 10376 കർഷകർക്കാണ് നാളിതുവരെ പി.ആർ.എസ്. (Paddy Receipt Sheet) കൊടുത്തിരിക്കുന്നത്. അവിടെയുള്ള 8568 കർഷകർക്ക് ഇതുവരെയും പി.ആർ.എസ്. നൽകിയിട്ടില്ലെന്ന പരാതി നിലനിൽക്കുകയാണ്. പി.ആർ.എസ്. ലഭിക്കാത്ത കർഷകരുടെ പേരിൽ നെല്ല് പുറത്തുനിന്നും വരുമോ; നെല്ല് അളന്നതിന് അവർക്ക് പണം കൊടുക്കേണ്ടി വരുമോ; ഇതിന്റെ പേരിൽ കർഷകർ പ്രയാസപ്പെടേണ്ടിവരുമോ എന്നീ കാര്യങ്ങളിൽ കർഷകർ ആശങ്കയിലാണ്. സംസ്ഥാനത്ത് മറ്റൊരിടത്തും കാണാത്ത

തരത്തിലുള്ള പ്രതിഭാസം അവിടെ നിലനിൽക്കുന്ന സാഹചര്യത്തിൽ അങ്ങ് ഈ വിഷയത്തിന്മേൽ ഗൗരവമായ ഇടപെടൽ നടത്തുമോയെന്നും എത്രയുംവേഗം നെല്ല് അളന്ന കർഷകർക്ക് പി.ആർ.എസ്. കൊടുക്കാനുള്ള നിർദ്ദേശം നൽകുമോയെന്നും വ്യക്തമാക്കുമോ?

ശ്രീ. പി. പ്രസാദ്: സർ, ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചത് പ്രധാനപ്പെട്ട കാര്യമാണ്. പി.ആർ.എസ്. കൊടുക്കുന്നതിൽ ഏതെങ്കിലും തരത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും വീഴ്ചയുണ്ടായാൽ അന്നുതന്നെ അവർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. ടി. ഐ. മധുസൂദനൻ: സർ, കാർഷികാടിസ്ഥാന സൗകര്യമേഖലയിൽ അഗ്രികൾച്ചറൽ ഇൻഫ്രാസ്ട്രക്ചർ ഫണ്ടിലൂടെ കൃഷിക്കാർക്ക് ലഭ്യമാകുന്ന സഹായങ്ങളെക്കുറിച്ച് വ്യക്തമാക്കാമോ?

ശ്രീ. പി. പ്രസാദ്: സർ, അതിനെക്കുറിച്ചുള്ള മറുപടിക്ക് പ്രത്യേക ചോദ്യം ചോദിക്കണം. അഗ്രികൾച്ചറൽ ഇൻഫ്രാസ്ട്രക്ചർ ഫണ്ട് മുഖേന സഹകരണ ബാങ്കുകൾവഴി ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിന് പ്രത്യേകം സംവിധാനമുണ്ട്. പ്രാഥമിക കാർഷിക സഹകരണ ബാങ്കുകൾക്ക് നല്ല രീതിയിൽ കർഷകരെ സഹായിക്കാൻ കഴിയുന്ന അഗ്രിക്കൾച്ചറൽ ഇൻഫ്രാസ്ട്രക്ചർ ഫണ്ടിലൂടെ ഒരു ശതമാനം പലിശയ്ക്ക് രണ്ട് കോടി രൂപ

വരെ ലഭ്യമാകുന്നതാണ്. ഇതിന്റെ തിരിച്ചടവ് കാലാവധി അഞ്ച് വർഷമാണ്; രണ്ട് വർഷത്തെ മൊറട്ടോറിയവും ലഭിക്കുന്നതാണ്. ഇപ്രകാരം 7 വർഷംകൊണ്ട് ടി തുക തിരിച്ചടച്ചാൽ മതിയാകും. സംസ്ഥാനത്തെ ഗ്രാമീണ മേഖലയിലെ കർഷകരെ സഹായിക്കാൻ കഴിയുന്ന പ്രാഥമിക കാർഷിക സഹകരണ ബാങ്കുകളുടെ പുരോഗതി വിലയിരുത്തുന്നതിനായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി മുൻകയ്യെടുത്ത് സഹകരണ-ഭക്ഷ്യ-കൃഷി വകുപ്പുമന്ത്രിമാരും ഉദ്യോഗസ്ഥരും യോഗം ചേരുകയുണ്ടായി. അതിന്റെ വിശദാംശങ്ങൾ എല്ലാ ബഹുമാനപ്പെട്ട അംഗങ്ങൾക്കും നൽകുന്നതിന് സംവിധാനമുണ്ടാക്കുന്നതാണ്. സംസ്ഥാനത്തെ കാർഷിക മേഖലയെ സഹായിക്കാൻ കഴിയുന്നതരത്തിലുള്ള നിവധി പദ്ധതികളുണ്ട്. ഓരോ എം.എൽ.എ.-മാരും അവരവരുടെ നിയോജകമണ്ഡലങ്ങളിലെ വിവിധ പ്രദേശങ്ങളിൽ ടി പദ്ധതികൾ നടപ്പാക്കുന്നതിനാവശ്യമായ ഇടപെടൽ നടത്തേണ്ടതാണ്.

ശ്രീമതി സി. കെ. ആശ: സർ, നാഷണലൈസ്ഡ് ബാങ്കിൽനിന്നും കാർഷിക വായ്പയെടുത്ത കർഷകർക്ക് കർഷക കടാശ്വാസ കമ്മീഷൻ മുഖേന സഹായമനുവദിക്കാൻ സാധിക്കുമോ; ഇല്ലെങ്കിൽ കാരണം

വ്യക്തമാക്കാമോ; പ്രസ്തുത കർഷകർക്ക് സഹായം അനുവദിക്കുന്നതിന് എന്തുനടപടിയാണ് സ്വീകരിക്കുന്നത്?

ശ്രീ. പി. പ്രസാദ്: സർ, നാഷണലൈസ്ഡ് ബാങ്കുകൾ സംസ്ഥാന സർക്കാരിന്റെ നിയന്ത്രണത്തിലല്ലാത്തതുകൊണ്ട് അവരോട് ആവശ്യങ്ങൾ ഉന്നയിക്കാമെന്നല്ലാതെ അക്കാര്യത്തിൽ സർക്കാരിന് തീരുമാനമെടുക്കാൻ സാധിക്കില്ല. സംസ്ഥാനത്തിന് മഹത്തും ബൃഹത്തുമായ സഹകരണ പ്രസ്ഥാനമുള്ളതുകൊണ്ടാണ് ഇക്കാര്യങ്ങൾ അവരോട് പറയാനും ആവശ്യമായ ഇടപെടൽ നടത്താനും കഴിയുന്നത്. നാഷണലൈസ്ഡ് ബാങ്കുകൾക്കുമേൽ സംസ്ഥാന സർക്കാരിന് യാതൊരു നിയന്ത്രണവും ഏർപ്പെടുത്താൻ കഴിയില്ല; മറിച്ച് അഭ്യർത്ഥന നടത്താൻ മാത്രമെ കഴിയുകയുള്ളൂ. കാർഷിക മേഖലയ്ക്ക് പരമാവധി ഇളവുകളും സഹായങ്ങളും ലഭ്യമാക്കണമെന്ന് കാലങ്ങളായി നാഷണലൈസ്ഡ് ബാങ്കുകളോട് സർക്കാർ ആവശ്യപ്പെടുന്നുണ്ട്.

ശ്രീ. കെ. പ്രേംകുമാർ: സർ, 'ഞങ്ങളും കൃഷിയിലേയ്ക്ക്' ഉൾപ്പെടെയുള്ള പദ്ധതികളിലൂടെ കർഷകരുടെ ക്ഷേമത്തിന് സാദ്ധ്യമായ എല്ലാ നടപടികളും സർക്കാരും കൃഷിവകുപ്പും സ്വീകരിച്ചുവരികയാണ്. കാർഷികരംഗത്തെ

മുന്നേറ്റത്തിന് സംസ്ഥാന സർക്കാർ നടത്തുന്ന ഇത്തരം ഇടപെടലുകൾക്ക് കേന്ദ്ര സർക്കാരിന്റെ പൊതുവായ സമീപനമെന്താണെന്ന് വ്യക്തമാക്കാമോ?

ശ്രീ. പി. പ്രസാദ്: സർ, ഇത്തരം കാര്യങ്ങൾക്ക് ഇതുവരെയും കേന്ദ്ര സർക്കാർ യാതൊരു പ്രത്യേകസഹായവും വാഗ്ദാനം ചെയ്തിട്ടില്ല. സംസ്ഥാനത്തിന്റെ പല ആവശ്യങ്ങൾക്കും കേന്ദ്രത്തോട് സഹായം അഭ്യർത്ഥിച്ചിട്ടുണ്ടെങ്കിലും നാളികേര സംഭരണമടക്കമുള്ള കാര്യങ്ങളിൽ അനുകൂലമായ നിലപാടും തീരുമാനവുമുണ്ടായിട്ടില്ല. 'ഞങ്ങളും കൃഷിയിലേയ്ക്ക്' എന്ന പദ്ധതിയുടെ ഭാഗമായി കേരളത്തിൽ രൂപംകൊണ്ട ഇരുപത്താറായിരത്തോളം കൃഷിക്കൂട്ടങ്ങൾ കാർഷിക മേഖലയ്ക്ക് പുത്തനുണർവ് നൽകുന്നുണ്ട്. പുതുക്കിയ ഫാം പ്ലാൻ വരുന്നതോടുകൂടി ഈ മേഖലയിൽ കൂടുതൽ മെച്ചമുണ്ടാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

ശ്രീ. മോൻസ് ജോസഫ്: സർ, പച്ചക്കറി കർഷകരുടെ ഹരിത സംഘങ്ങൾ ചേർന്നുള്ള ക്ലസ്റ്ററുകൾക്ക് അർഹമായ ആനുകൂല്യങ്ങൾ കൊടുക്കാത്ത പ്രശ്നം മുമ്പും അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. കോട്ടയം ജില്ലയിൽ കടുത്തുരുത്തി നിയോജകമണ്ഡലത്തിലെ കുറുപ്പന്തറയിൽ വളരെ നന്നായി പ്രവർത്തിക്കുന്ന ക്ലസ്റ്ററുകളുണ്ട്. നിലവിൽ അപ്പെക്സ് ബോഡിയാണ് കൃഷിക്കാരിൽനിന്നും പച്ചക്കറി സംഭരിച്ച് ഗവൺമെന്റിന് കൊടുക്കുന്നത്.

ഹോർട്ടികോർപ്പ്, കൃഷി വകുപ്പ് എന്നിവ മുഖേന നൽകുന്ന ട്രാൻസ്പോർട്ടേഷൻ സബ്സിഡിയും ഇതുവരെകൊടുത്ത പച്ചക്കറിയുടെ തുകയുമുൾപ്പെടെ വൻതുക കുടിശ്ശികയായി നിൽക്കുന്നതിനാൽ കൃഷിക്കാർ വളരെയധികം ബുദ്ധിമുട്ടനുഭവിക്കുകയാണ്. കടബാദ്ധ്യതയിൽ പൊറുതിമുട്ടുന്ന ഈ സമയത്തുപോലും സർക്കാരിൽനിന്നും ലഭിക്കേണ്ട ആനുകൂല്യങ്ങൾ കർഷകർക്ക് യഥാസമയം ലഭിക്കാത്തത് വളരെ കഷ്ടമാണ്. അതുകൊണ്ട് എത്രയുംവേഗം കുടിശ്ശിക തുകയും ട്രാൻസ്പോർട്ടേഷൻ ചാർജ്ജും ഹാൻഡ്ലിംഗ് ചാർജ്ജും കൊടുത്തുതീർക്കാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. പി. പ്രസാദ്: സർ, തീർച്ചയായും അക്കാര്യം വിശദമായി പരിശോധിച്ച് പരമാവധി വേഗത്തിൽ അവർക്ക് നൽകേണ്ട തുക നൽകാനാവശ്യമായ ഇടപെടൽ നടത്തുന്നതാണ്.

## ഉന്നതവിദ്യാഭ്യാസ മേഖലയിൽ തൊഴിലധിഷ്ഠിത കോഴ്സുകൾ

4 (*124) ഡോ. എൻ. ജയരാജ്:
ശ്രീ. ജോബ് മൈക്കിൾ:
ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:
ശ്രീ. പ്രമോദ് നാരായൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉന്നതവിദ്യാഭ്യാസ മേഖലയെ വൈജ്ഞാനിക ഹബ്ബാക്കുന്നവിധത്തിൽ പരിഷ്കാരങ്ങൾ നടപ്പാക്കുമോയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത മേഖലയിൽ തൊഴിലധിഷ്ഠിത കോഴ്സുകൾ കൂടി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) വിദ്യാർത്ഥികളുടെ ഗവേഷണ ഫലങ്ങളെ പ്രായോഗിക തലത്തിലെത്തിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; ഇതിനായി സർവ്വകലാശാലകളുടെ ഉപകേന്ദ്രങ്ങൾ സ്ഥാപിക്കാനുദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, സംസ്ഥാനത്ത് ഉന്നത വിദ്യാഭ്യാസത്തിന്റെ ഘടനയും ഉള്ളടക്കവും പരിഷ്കരിക്കുന്നതിന് ഡോ. ശ്യാം ബി. മേനോൻ അദ്ധ്യക്ഷനായി ഉന്നതവിദ്യാഭ്യാസ പരിഷ്കരണ കമ്മീഷൻ, ഡോ. എൻ. കെ. ജയകുമാർ അദ്ധ്യക്ഷനായി നിയമപരിഷ്കരണ കമ്മീഷൻ, ഡോ. സി. റ്റി. അരവിന്ദകുമാർ അദ്ധ്യക്ഷനായി പരീക്ഷാ പരിഷ്കരണ കമ്മീഷൻ എന്നിങ്ങനെ മൂന്ന് കമ്മീഷനുകളെ നിയമിച്ചിരുന്നു. ടി കമ്മീഷനുകൾ അവരുടെ റിപ്പോർട്ടുകൾ സർക്കാരിന് സമർപ്പിച്ചുകഴിഞ്ഞിട്ടുണ്ട്.

സംസ്ഥാനത്ത് ഉന്നത വിദ്യാഭ്യാസ മേഖലയെ വൈജ്ഞാനിക ഹബ്ബാക്കുന്നവിധത്തിൽ നടപ്പാക്കാനുദ്ദേശിക്കുന്ന പരിഷ്കാരങ്ങൾ ഇവയാണ്:

1. കരിക്കുലം പരിഷ്കാരം: 4 വർഷ ബിരുദ പ്രോഗ്രാമുകൾ ആരംഭിക്കുന്നതിനാവശ്യമായ കരിക്കുലം ചട്ടക്കൂട് (കേരള ഹയർ എഡ്യൂക്കേഷൻ കരിക്കുലം ഫ്രെയിം വർക്ക്) രൂപീകരിക്കാൻ നടപടി ആരംഭിച്ചു.

2. പുതുതലമുറ കോഴ്സുകൾ: സംസ്ഥാനത്തെ സർവ്വകലാശാലകളിലും കോളേജുകളിലും ബിരുദ-ബിരുദാനന്തര ബിരുദ പ്രോഗ്രാമുകൾക്ക് ഇരുപതിനായിരത്തോളം സീറ്റുകൾ വർദ്ധിപ്പിക്കുകയുണ്ടായി. കൂടാതെ സർവ്വകലാശാലകളിലും കോളേജുകളിലും പുത്തൻ തലമുറ (New Generation Inter Disciplinary) സ്വഭാവമുള്ള കോഴ്സുകൾ ആരംഭിക്കുകയുണ്ടായി.

3. സർവ്വകലാശാലകളിൽ പ്രോജക്ട്-മോഡ് പ്രോഗ്രാമുകൾ, ട്രാൻസ്‌ലേഷണൽ റിസർച്ച് സെന്ററുകൾ, ഡൊമസ്റ്റിക് & ഇന്റർനാഷണൽ ഹോസ്റ്റലുകൾ എന്നിവ ആരംഭിക്കാനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്.

4. മറ്റ് പ്രധാന പദ്ധതികൾ:

a) കേരള അക്കാഡമിക് ലൈബ്രറി നെറ്റ്‌വർക്കിന്റെ (കാൽനെറ്റ്) വികസനം

b) ഇ-ജേർണൽ കൺസോർഷ്യം

c) ഡിജികോൾ

d) ഓൺലൈൻ ഡിജിറ്റൽ ശേഖരം

e) കേരള ഇൻസ്റ്റിറ്റ്യൂഷണൽ റാങ്കിംഗ് ഫ്രെയിം വർക്ക് (KIRF)

f) അദ്ധ്യാപക പരിശീലന പദ്ധതി

g) സ്റ്റേറ്റ് അസസ്സ്മെന്റ് ആൻഡ് അക്രഡിറ്റേഷൻ സെന്റർ (SAAC)

h) ബ്രെയിൻ ഗെയിൻ - (ലോകമെമ്പാടുമുള്ള കേരളീയ അക്കാദമിക് ഡയസ്പോറയെ കുറിച്ചുള്ള ഡാറ്റാബേസ്)

g) എറുഡൈറ്റ് സ്കോളർ ഇൻ റെസിഡൻസ് പ്രോഗ്രാം

i) ചീഫ് മിനിസ്റ്റേഴ്സ് നവകേരള പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പ്

(ബി) വിവിധ പുത്തൻതലമുറ (New Generation Inter Disciplinary) സ്വഭാവമുള്ള കോഴ്സുകൾ GO (Ms) No. 389/2020/H.Edn. dated 5-11-2020 പ്രകാരം ആരംഭിക്കുകയുണ്ടായി. ഇപ്രകാരം ആരംഭിച്ച ചില കോഴ്സുകൾ താഴെ കൊടുക്കുന്നു.

1. Integrated Political Science with International Relations
2. M.Sc. Statistics with specialization in Data Analytics
3. M. Com International Trade
4. Masters in Commerce in Taxation

5. M. Sc. Physics with Computational and Nano science Specialization
6. M.Sc. Chemistry with Drug Chemistry
7. M.Sc. Computer Science with Specialization in Artificial Intelligence
8. B.Sc. Physics with Machine Learning
9. M.Sc. Physics with Specialization in Space Physics
10. M.Sc. Chemistry in Drug Design and Development
11. M.A. History (World History and Historiography)
12. M.Sc. Botany with Specialization in Ethno Botany and Ethno Pharmacology
13. M.A. Econometrics
14. M.A. Business Economics
15. Bachelor of Sports Management
16. B.A. Advertising Sales Management
17. Integrated Botany with Computational Biology
18. M.Sc. Applied Plant Science

സർവ്വകലാശാലകളിൽ പ്രോജക്ട്-മോഡ് പ്രോഗ്രാമുകൾ ആരംഭിക്കാനുള്ള നടപടികളുമാരംഭിച്ചിട്ടുണ്ട്.

(സി) വിവിധ സർവ്വകലാശാലകളിൽ ട്രാൻസ്‌ലേഷണൽ റിസർച്ച് സെന്ററുകൾ സ്ഥാപിക്കുന്നതിന് അനുമതി നൽകി.

വിഷയാധിഷ്ഠിതമായി ഗവേഷണത്തിന് പ്രോത്സാഹനം നൽകുന്നതിന് മുഖ്യമന്ത്രിയുടെ നവകേരള പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പുകൾ ഏർപ്പെടുത്തി. ആദ്യഘട്ടത്തിൽ 77 ഫെലോഷിപ്പുകൾ നൽകിക്കഴിഞ്ഞു.

ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്): സർ, ഉന്നതവിദ്യാഭ്യാസ രംഗത്ത് സമൂലമായ മാറ്റമുണ്ടാക്കാൻ ക്രിയാത്മകമായ പ്രവർത്തനങ്ങളാണ് ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകുന്നത്. സർവ്വകലാശാലയെ കുട്ടികൾക്ക് സൗഹാർദ്ദപരമായി മാറ്റാനുള്ള സംവിധാനമൊരുക്കണം. അതായത് അഡ്മിഷൻ മുതൽ അക്കാദമിക് ട്രാൻസ്ക്രിപ്റ്റ് വരെയുള്ള സമയവും ഡിഗ്രി നൽകുന്നതുൾപ്പെടെയുള്ള കാര്യങ്ങളും അതിനുശേഷം വിവിധ സർവ്വകലാശാലകളുമായി ബന്ധപ്പെട്ട അക്കാഡമിക് ട്രാൻസ്ക്രിപ്ഷൻ നൽകുന്നതിനുള്ള സംവിധാനത്തിലും ഇപ്പോഴും പഴയകാലരീതിയാണ് തുടർന്നുകൊണ്ടിരിക്കുന്നത്. ഒരു ഡിഗ്രി പാസ്സായാൽ ആദ്യം പ്രൊവിഷണൽ സർട്ടിഫിക്കറ്റിനുവേണ്ടിയും അതിനുശേഷം ഡിഗ്രി സർട്ടിഫിക്കറ്റിനുവേണ്ടിയും അപേക്ഷിക്കണം. ഇതെല്ലാം പഴയകാല സംവിധാനങ്ങളാണ്. ബഹുമാനപ്പെട്ട മന്ത്രി മുൻകയ്യെടുത്ത് കുട്ടികൾക്ക് ഇവ വളരെവേഗം ലഭ്യമാക്കുന്നതിന് വിദ്യാർത്ഥി-സൗഹൃദ സംവിധാനം സർവ്വകലാശാലകളിൽ നടപ്പാക്കാൻ മുൻകയ്യെടുക്കുമോ?

<u>ഡോ. ആർ. ബിന്ദു:</u> സർ, ഏറ്റവും പുതിയ ഡിജിറ്റൽ സാങ്കേതികവിദ്യയുടെ സഹായമുപയോഗിച്ച് ഒരു ERP (Enterprise Resource Planning) ഈ മേഖലയിൽ തയ്യാറാക്കാൻ തീരുമാനിച്ചിട്ടുണ്ട്. K-REAP (Kerala Resource for Educational Administration and Planning) എന്ന പേരിൽ ഒരു സോഫ്റ്റ്‌വെയർ വികസിപ്പിച്ചുകൊണ്ട് കുട്ടികളുടെ അഡ്മിഷൻ മുതൽ അവർ ബിരുദമോ ബിരുദാനന്തരബിരുദമോ നേടി പുറത്തിറങ്ങുന്നതുവരെയുള്ള മുഴുവൻ പ്രവർത്തനങ്ങളും ഏകോപിപ്പിച്ച് ശേഖരിക്കാൻ കഴിയുന്നവിധത്തിലുള്ള റിസോഴ്സ് മാപ്പിംഗ് നടപ്പാക്കാനാണുദ്ദേശിക്കുന്നത്. ആ സംവിധാനം പൂർത്തീകരിക്കുന്നതിലൂടെ സമയബന്ധിതമായി എല്ലാ കാര്യങ്ങളും സുതാര്യമായി അറിയാനും ഡിഗ്രി സർട്ടിഫിക്കറ്റ് DigiLocker എന്ന ആപ്ലിക്കേഷനിൽനിന്നും ഡൗൺ ലോഡ് ചെയ്തെടുക്കുന്നതുവരെയുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് നടത്താനും കഴിയുന്നതാണ്. അത് ഈ രംഗത്തെ വലിയൊരു കാൽവയ്പ്പായിരിക്കുമെന്ന് കരുതുകയാണ്. പൊതുവിൽ നമ്മുടെ സർവ്വകലാശാലയുടെയും അഫിലിയേറ്റഡ് കോളേജുകളുടെയും ഭരണവും പരീക്ഷാ പ്രവർത്തനങ്ങളുമൊക്കെ ചിട്ടയായി കൊണ്ടുപോകുന്നതിന് അത്തരത്തിലുള്ള സോഫ്റ്റ്‌വെയർ തികച്ചും സഹായകരമായിരിക്കും.

ഡോ. എൻ. ജയരാജ്: സർ, ഉന്നതവിദ്യാഭ്യാസ രംഗത്ത് മാറ്റങ്ങളുണ്ടാക്കുന്നതിന് നെതർലാൻഡുമായി ബന്ധപ്പെട്ട് വളരെ സമഗ്രമായ പ്രോജക്ട് നടപ്പാക്കാനുദ്ദേശിക്കുന്നുവെന്നും ഇതുമായി ബന്ധപ്പെട്ട് കഴിഞ്ഞ ദിവസം ആ ടീം കേരളത്തിൽ വന്നിരുന്നതായും മനസ്സിലാക്കാൻ സാധിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വിദേശയാത്രയുടെ ഭാഗമായി അവരുമായി ചർച്ച നടത്തിയതിന്റെ അടിസ്ഥാനത്തിലാണ് ഇത് സാദ്ധ്യമാകുന്നത്. നെതർലാൻഡുമായി ബന്ധപ്പെട്ട ഈ പുതിയ സംവിധാനത്തിൽ പ്രധാനമായും എന്തൊക്കെ പ്രോജക്ടുകളാണ് ഗവൺമെന്റ് നടപ്പാക്കാനുദ്ദേശിക്കുന്നത്?

ഡോ. ആർ. ബിന്ദു: സർ, കാർഷിക മേഖലയിലും വെറ്ററിനറി സയൻസിലും നെതർലാൻഡ് ആർജ്ജിച്ചിട്ടുള്ള വളരെ ആസൂത്രണത്തോടുകൂടിയ ഉന്നതവിദ്യാഭ്യാസ സാദ്ധ്യതകൾ കേരളത്തിലേയ്ക്കും വ്യാപിപ്പിക്കുന്നതിനായി ഇവിടെ ഉന്നതവിദ്യാഭ്യാസ മേഖലയിലുണ്ടാകുന്ന പുതിയ അറിവുകളുടെ ആദാനപ്രദാനങ്ങൾ നടത്താനാണ് തീരുമാനിച്ചിട്ടുള്ളത്.

മി. സ്പീക്കർ : ഓർഡർ, ഓർഡർ, ചോദ്യോത്തരസമയം അവസാനിച്ചു.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

(രേഖാമൂലം നൽകിയ ചോദ്യോത്തരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.)+

**[10.00 AM]**

## II. അടിയന്തരപ്രമേയം

ലഹരി ഉപയോഗംമൂലമുണ്ടാകുന്ന അക്രമസംഭവങ്ങൾ

മി. സ്പീക്കർ: സംസ്ഥാനത്ത് ലഹരിയുടെ ഉപയോഗംകൊണ്ടുള്ള അക്രമങ്ങളും സ്ത്രീപീഡനങ്ങളും  വർദ്ധിക്കുന്നതുമൂലം സമൂഹത്തിൽ ആശങ്ക ഉളവായിട്ടുള്ളതായി പറയപ്പെടുന്ന സാഹചര്യം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ. ഡോ. മാത്യു കുഴൽനാടൻ, പി. ഉബൈദുള്ള, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ, ശ്രീമതി കെ. കെ. രമ എന്നീ അംഗങ്ങൾ  റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

തദ്ദേശസ്വയംഭരണം, എക്സൈസ്  വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, ബഹുമാനപ്പെട്ട ഡോ. മാത്യു കുഴൽനാടൻ നൽകിയ അടിയന്തരപ്രമേയ നോട്ടീസിലെ കാര്യങ്ങൾ വളരെ ഗൗരവമുള്ളതായാണ് സർക്കാർ കാണുന്നത്. മയക്കുമരുന്ന് ഭീഷണി ഉയർത്തുന്ന പ്രശ്നങ്ങളുടെ ഗൗരവം ഉൾക്കൊണ്ടുകൊണ്ടാണ് 99 ദിവസം മുൻപ് ഈ സഭയിൽ

+ അനുബന്ധം I

ബഹുമാനപ്പെട്ട മുഖ്യമന്ത്രി മയക്കുമരുന്ന് വിപത്തിനെതിരെ വിപുലമായ ജനകീയ ക്യാമ്പയിനും ശക്തമായ എൻഫോഴ്സ്മെന്റ് നടപടികളും ഉൾപ്പെടുന്ന ഒരു സമഗ്ര പരിപാടി മുന്നോട്ടുവച്ചത്. ആ പരിപാടിയുടെ അടിസ്ഥാനത്തിൽ കേരളത്തിൽ കക്ഷിരാഷ്ട്രീയ-ജാതിമത ഭേദമെന്യേ ഒറ്റക്കെട്ടായി ഒക്ടോബർ 2 മുതൽ നവംബർ 1 വരെ ക്യാമ്പയിനിന്റെ ആദ്യഘട്ടം നടത്തുകയുണ്ടായി. അതുകഴിഞ്ഞ് ഒട്ടും കാലതാമസമില്ലാതെ പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിന്റെ ജന്മദിനമായ നവംബർ 14 ശിശുദിനം മുതൽ റിപ്പബ്ലിക് ദിനമായ ജനുവരി 26 വരെ രണ്ടാംഘട്ട ക്യാമ്പയിനും പ്രഖ്യാപിച്ചിരിക്കുകയാണ്. ക്യാമ്പയിനോടൊപ്പം എൻഫോഴ്സ്മെന്റ് നടപടികളും ശക്തിപ്പെടുത്തിയിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച പ്രശ്നത്തിന്റെ ഗൗരവം പൂർണ്ണമായും ഉൾക്കൊണ്ടുകൊണ്ടാണ് ഗവൺമെന്റ് എല്ലാവരെയും യോജിപ്പിച്ചുകൊണ്ട് ഒറ്റക്കെട്ടായി മുന്നോട്ടുപോകുന്നത്. ഇപ്രകാരം കേരളം ഒറ്റക്കെട്ടായി ക്യാമ്പയിനുകൾ നടത്താൻ തീരുമാനിച്ചിരിക്കുന്ന അവസരത്തിൽ ചില കേന്ദ്രങ്ങളിൽനിന്ന് ഇതിനെതിരെ തെറ്റിദ്ധാരണാജനകമായ പ്രചരണം നടത്താനുള്ള ശ്രമമുണ്ടായിട്ടുണ്ടെന്ന് സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരികയാണ്. കേരളം മയക്കുമരുന്നിന്റെ ഒരു തലസ്ഥാനമായി മാറിയെന്നും കേരളത്തിലാണ് ഈ

പ്രശ്നം ഏറ്റവും കൂടുതലുള്ളതെന്നും മറ്റെവിടെയും ഇങ്ങനെയൊരു പ്രശ്നമില്ലെന്നുമുള്ള തരത്തിൽ ചില പ്രചരണങ്ങൾ നടത്തിവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ അവയൊന്നും വസ്തുതാപരമല്ലെന്ന് ഈ സന്ദർഭത്തിൽ നാം തിരിച്ചറിയേണ്ടതുണ്ട്. കേന്ദ്ര സർക്കാരിന്റെ Ministry of Social Justice and Empowerment ആൾ ഇന്ത്യാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസിന്റെ സഹായത്തോടുകൂടി Magnitude of Substance Use in India എന്ന പഠന റിപ്പോർട്ടിൽ ഇന്ത്യൻ സംസ്ഥാനങ്ങളിൽ മയക്കുമരുന്ന് ഏറ്റവും കൂടുതൽ ഉപയോഗിക്കുന്നത് എവിടെയൊക്കെയാണെന്ന് ചൂണ്ടിക്കാണിച്ചിട്ടുണ്ട്. അതിൽ പറയുന്നത് ഉത്തർപ്രദേശ്, പഞ്ചാബ്, സിക്കിം, ഛത്തീസ്ഗഡ്, ഡൽഹി എന്നീ അഞ്ച് സംസ്ഥാനങ്ങളിലാണ് കഞ്ചാവിന്റെ ഉപയോഗം ഏറ്റവും കൂടുതലുള്ളതെന്നാണ്. അതിൽ ഒരിടത്തും കേരളം ഉൾപ്പെടുന്നില്ല. Opioids ഏറ്റവും കൂടുതൽ ഉപയോഗിക്കുന്നതിലും അഞ്ച് വടക്കുകിഴക്കൻ സംസ്ഥാനങ്ങളാണ് ഉൾപ്പെട്ടിട്ടുള്ളത്. Sedatives and Inhalants-ലാണ് പ്രധാനമായും synthetic drug ഉൾപ്പെടുന്നത്. Sedatives and Inhalants കൂടുതലും 10 വയസ്സ് മുതൽ 75 വയസ്സ് വരെയുള്ളവർ ഉപയോഗിക്കുന്നുവെന്നാണ് ഈ പഠനത്തിൽ വ്യക്തമാക്കുന്നത്. അതിൽ

ഉത്തർപ്രദേശ്, മഹാരാഷ്ട്ര, പഞ്ചാബ്, ആന്ധ്രാപ്രദേശ്, ഗുജറാത്ത് എന്നീ അഞ്ച് സംസ്ഥാനങ്ങളും ഉൽപ്പെട്ടിട്ടുണ്ട്. അതിലും കേരളം ഉൾപ്പെട്ടിട്ടില്ല. ഇന്ത്യയിൽ കേരളത്തിലാണ് ഏറ്റവും കൂടുതൽ മയക്കമരുന്നിന്റെ ഉപയോഗം എന്നൊരു പ്രതീതി ചിലർ സൃഷ്ടിക്കാൻ ശ്രമിക്കുന്നതുകൊണ്ടാണ് പ്രസ്തുത പഠന റിപ്പോർട്ടിനെക്കുറിച്ച് ഞാൻ സൂചിപ്പിച്ചത്. സംസ്ഥാനത്ത് ജനകീയ ക്യാമ്പയിൻ നടത്തുന്നതുകൊണ്ട് കേരളത്തിലാണ് ലഹരി ഉപയോഗം കൂടുതലായുള്ളതെന്ന് അർത്ഥമാകുന്നില്ല. സർക്കാർ ഇതിന്റെ ഗൗരവം ഒട്ടും കുറച്ചുകാണുന്നില്ല; ഇരുപക്ഷത്തുള്ളവരും ഈ വിഷയത്തെ ഒരുപോലെ ഗൗരവത്തോടുകൂടിയാണ് കാണുന്നത്. അതുകൊണ്ടാണ് മറ്റെല്ലാ അഭിപ്രായ വ്യത്യാസങ്ങളും നിലനിൽക്കെ ഒറ്റക്കെട്ടായി ഒരു ക്യാമ്പയിനിൽ സഹകരിക്കുന്നത്. ക്യാമ്പയിൻ നടത്തിയതിലൂടെ ഏറ്റവും പ്രധാനപ്പെട്ട മാറ്റമുണ്ടായിരിക്കുന്നത്, ഈ ശക്തികളെ ചോദ്യം ചെയ്യാൻ ഇന്ന് ആളുകൾക്ക് ആത്മവിശ്വാസമുണ്ടായി എന്നുള്ളതാണ്. ജനകീയ ക്യാമ്പയിൻ വന്നതോടുകൂടി അവരുടെ ആത്മവിശ്വാസം വർദ്ധിക്കുകയും അവർ നേരിട്ട് ഇത്തരം ശക്തികളെ ചോദ്യം ചെയ്യാനും തുടങ്ങുന്ന സാഹചര്യമുണ്ടായിട്ടുണ്ട്. അത്തരത്തിൽ ചോദ്യം ചെയ്യാൻ തുടങ്ങിയപ്പോൾ അതിനെതിരെ മയക്കമരുന്ന് മാഫിയയുടെ ഭാഗത്തുനിന്നും അക്രമങ്ങളുമുണ്ടാകുന്നുണ്ട്.

അത്തരത്തിലൊരു സംഭവമാണ് അങ്ങയുടെ മണ്ഡലമായ തലശ്ശേരിയിലുണ്ടായത്. തലശ്ശേരിയിൽ മയക്കുമരുന്ന് ശക്തികളെ ചോദ്യം ചെയ്തതിന്റെ പേരിലാണ് സി.പി.ഐ.(എം.)-ന്റെ പ്രവർത്തകരായ ചിറമ്മൽ കെ. ഖാലിദും പി. ഷമീറും കൊലചെയ്യപ്പെട്ടത്. മയക്കുമരുന്ന് മാഫിയയാണ് അവരുടെ കച്ചവടത്തെ ചോദ്യം ചെയ്തതിന്റെ പേരിൽ സി.പി.ഐ.(എം.) പ്രവർത്തകരെ കൊലപ്പെടുത്തിയത്. ചിറമ്മൽ കെ. ഖാലിദിനെയും പി. ഷമീറിനെയും മയക്കുമരുന്നിനെതിരായ കേരളത്തിന്റെ ജനകീയ പോരാട്ടത്തിന്റെ രക്തസാക്ഷികളെന്ന് വിശേഷിപ്പിക്കാനാകും. ജനങ്ങളിലാകെ ഉയർന്നുവന്നിരിക്കുന്ന ജാഗ്രതയുടെയും ഇതിനെയൊക്കെ ചെറുത്തുനിൽക്കാനുള്ള ആത്മവിശ്വാസത്തിന്റെയുംകൂടി ഭാഗമായാണ് ഇത്തരം ചോദ്യം ചെയ്യലുകൾ ധാരാളമായി വരുന്നത്. 31-08-2022-ലാണ് ഈ സഭയിൽ ഇതേ വിഷയം സംബന്ധിച്ച അടിയന്തരപ്രമേയ നോട്ടീസ് വന്നത്. അതിനെത്തുടർന്നാണ് ഇവിടെ സൂചിപ്പിച്ച ക്യാമ്പയിനുകൾ സർക്കാർ പ്രഖ്യാപിച്ചത്. ഈ ക്യാമ്പയിനൊപ്പം എൻഫോഴ്സ്മെന്റ് നടപടിയും ശക്തിപ്പെടുത്തിയിട്ടുണ്ട്. എക്സൈസ്-പോലീസ് വകുപ്പുകൾ മയക്കുമരുന്ന് കടത്തിനും ഉപയോഗത്തിനും വിൽപ്പനയ്ക്കുമെതിരെ തീവ്രമായ പ്രതിരോധ നടപടി സ്വീകരിക്കുന്നുണ്ട്. ഈ ഗവൺമെന്റ് അധികാരത്തിൽ

വന്നശേഷം എക്സൈസ് വകുപ്പ് 7177 എൻ.ഡി.പി.എസ്. കേസ്സുകൾ കണ്ടെത്തുകയും ഇതിലുൾപ്പെട്ട 7123 പേരെ അറസ്റ്റ് ചെയ്തിട്ടുമുണ്ട്. പോലീസ് വകുപ്പ് ഈ വർഷം 24563 മയക്കുമരുന്ന് കേസ്സുകൾ രജിസ്റ്റർ ചെയ്യുകയും ഇതിലുൾപ്പെട്ട 27088 പ്രതികളെ അറസ്റ്റ് ചെയ്തിട്ടുമുണ്ട്. ഗാന്ധിജയന്തി ദിനമായ ഒക്ടോബർ 2-ാം തീയതി മുതൽ ആരംഭിച്ച ക്യാമ്പയിനോടൊപ്പം എൻഫോഴ്സ്മെന്റ് നടപടി ശക്തിപ്പെടുത്തുകയും 805 കേസ്സുകൾ രജിസ്റ്റർ ചെയ്യുകയും 798 പ്രതികളെ അറസ്റ്റ് ചെയ്യുകകയും 60 വാഹനങ്ങൾ പിടിച്ചെടുക്കുകയും ചെയ്തിട്ടുണ്ട്. അതിനുപുറമെ മയക്കുമരുന്ന് കേസ്സുകളിൽ സ്ഥിരം കുറ്റവാളികളായ 153 പേർക്കെതിരെ PIT NDPS (Prevention of Illicit Traffic in Narcotic Drugs and Psychotropic Substances) Act പ്രകാരവും NDPS നിയമത്തിലെ 31, 34 വകുപ്പുകൾ പ്രകാരവും നിയമനടപടി സ്വീകരിച്ചിട്ടുണ്ട്. ഇതുകൂടാതെ ലഹരിക്ക് അടിമപ്പെട്ടവർക്ക് ചികിത്സ നൽകുന്നതിന് എക്സൈസ് വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ട്. എക്സൈസ്-ആരോഗ്യ വകുപ്പുകൾ സഹകരിച്ചുകൊണ്ട് എല്ലാ ജില്ലകളിലും ഡി-അഡിക്ഷൻ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. സംസ്ഥാനത്ത് മൂന്ന് മേഖലകളിലായി ടെലിഫോണിക് കൗൺസിലിംഗ് സൗകര്യമുൾപ്പെടെയുള്ള കൗൺസിലിംഗ് കേന്ദ്രങ്ങളും പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. എല്ലാ

ജില്ലകളിലും ശാസ്ത്രീയമായ കൗൺസിലിംഗ് സൗകര്യം ഉറപ്പുവരുത്തുന്നതിനായി എക്സൈസ് വകുപ്പിലെ തെരഞ്ഞെടുക്കപ്പെട്ട 140 ഉദ്യോഗസ്ഥർക്ക് ബംഗളൂരുവിലെ നിംഹാൻസിൽ പ്രത്യേക പരിശീലനം നൽകി അധിക കൗൺസിലിംഗ് പ്രവർത്തനങ്ങൾക്കായി നിയോഗിച്ചിട്ടുണ്ട്. വിദ്യാർത്ഥികളും യുവജനങ്ങളുമാണ് ലഹരിക്ക് പ്രധാനമായും അടിമപ്പെടുന്നതെന്ന വസ്തുത ഗൗരവമുള്ളതും ഈ സഭ മുമ്പ് ചർച്ച ചെയ്തിട്ടുള്ളതുമാണ്. അതുകൊണ്ട് സർക്കാർ നടത്തുന്ന ക്യാമ്പയിനിന്റെ മുഴുവൻ ഫോക്കസും വിദ്യാർത്ഥികളെയും യുവജനങ്ങളെയും കേന്ദ്രീകരിച്ചുകൊണ്ടുള്ളതായിരുന്നു. ഇന്ത്യൻ ക്രിക്കറ്റ് ടീമിന്റെ മുൻക്യാപ്റ്റനായ ശ്രീ. സൗരവ് ഗാംഗുലി കേരളത്തിന്റെ ലഹരി വിരുദ്ധ പ്രവർത്തനങ്ങളുടെ അംബാസിഡറാകാൻ മുന്നോട്ടുവന്നതും ഈ സന്ദർഭത്തിൽ ഞാൻ ഓർമ്മിപ്പിക്കുകയാണ്. യുവജനങ്ങളെയും വിദ്യാർത്ഥികളെയും അഡ്രസ് ചെയ്യുന്നതിന് ഇത്തരം പ്രവർത്തനങ്ങൾ സഹായിക്കുമെന്നാണ് കരുതുന്നത്. ലഹരി വിൽപ്പനക്കാർ വിദ്യാലയ പരിസരങ്ങളിൽ എത്തുന്നില്ലെന്ന് ഉറപ്പുവരുത്താനുള്ള പരിശോധന ഊർജ്ജിതമാക്കിയിട്ടുണ്ട്. സംസ്ഥാനതലത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ്

ഉൾപ്പെട്ട ലഹരിവിരുദ്ധ സമിതിയുടെ അതേ മാതൃകയിൽത്തന്നെ എല്ലാ ജില്ലകളിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും വാർഡുകളിലും ഓരോ വിദ്യാലയങ്ങളിലും ലഹരിവിരുദ്ധ സമിതികൾ പ്രവർത്തിക്കുന്നുണ്ട്. ഇത് വിപുലമായ ജനകീയ മോണിറ്ററിംഗിന് സഹായകരമാക്കുന്നതാണ്. ഓരോ വിദ്യാലയത്തിലും ജനകീയ മോണിറ്ററിംഗ് നടത്താൻ ലഹരിവിരുദ്ധ സമിതിയുടെ പ്രവർത്തനം സഹായകരമാകുമെന്നാണ് അനുഭവങ്ങളിൽനിന്നും വ്യക്തമാകുന്നത്. ഇതുവഴി ധാരാളം വിവരങ്ങൾ എക്സൈസിനും പോലീസിനും ലഭിക്കുന്നത് എൻഫോഴ്സ്മെന്റ് നടപടിയെ ശക്തിപ്പെടുത്തിയിട്ടുണ്ട്. വിദ്യാലയ പരിസരങ്ങളിൽ ലഹരി വിൽപ്പന നടത്തുന്നുണ്ടോയെന്ന് എക്സൈസിന്റെ ഇന്റലിജൻസ് വിഭാഗവും പോലീസും സ്പെഷ്യൽ ബ്രാഞ്ചും നടത്തിയ അന്വേഷണത്തിൽ 263 വിദ്യാലയങ്ങളെ കണ്ടെത്തിയിട്ടുണ്ട്. അതിന്റെ ഭാഗമായി മോണിറ്ററിംഗ് സമിതികളുടെ പ്രവർത്തനത്തോടൊപ്പം ഉദ്യോഗസ്ഥരുടെ നിരീക്ഷണവും ശക്തിപ്പെടുത്തിയിട്ടുണ്ട്. ലഹരി വിൽപ്പനക്കാരെന്ന് സംശയിക്കപ്പെടുന്നവരുടെ വിവരങ്ങളും മറ്റും സർക്കാർ സംസ്ഥാനാടിസ്ഥാനത്തിൽ ശേഖരിച്ചിട്ടുണ്ട്. മയക്കുമരുന്നിന് പിന്നിലുള്ള ശക്തികൾ ആരായിരുന്നാലും അവരെ ശക്തമായി എതിർക്കാനും

നിയമത്തിന്റെ മുമ്പിൽ കൊണ്ടുവരാനും നാം ഒറ്റക്കെട്ടായി പ്രവർത്തിക്കേണ്ടതുണ്ട്. അടിയന്തര പ്രമേയനോട്ടീസിൽ കഴിഞ്ഞ ദിവസങ്ങളിൽ സംസ്ഥാനത്തെ ചില പ്രദേശങ്ങളിൽ ലഹരിയുടെ ഉപയോഗംമൂലമുണ്ടായ ആക്രമണങ്ങൾ, സ്ത്രീപീഡനങ്ങൾ എന്നിവയെ സംബന്ധിച്ച് പരാമർശിച്ചിട്ടുണ്ട്. ഓരോ സംഭവങ്ങളുടെയും വിശദാംശത്തെക്കുറിച്ചും പോലീസും എക്സൈസും സ്വീകരിച്ച നടപടികളെക്കുറിച്ചും ഞാൻ പ്രതിപാദിക്കുന്നില്ല. ഈ സംഭവങ്ങളെല്ലാം നമ്മെ ആശങ്കപ്പെടുത്തുകയും അലോസരപ്പെടുത്തുകയും ചെയ്യുന്നുണ്ടെന്ന ആശങ്ക സഭയാകെ പങ്കുവയ്ക്കുകയാണ്.

ലഹരി വിരുദ്ധ പ്രവർത്തനങ്ങൾക്കുനേരെ ലഹരി മാഫിയ അക്രമം അഴിച്ചുവിടുന്നത് ഗൗരവത്തോടെയാണ് സർക്കാർ കാണുന്നത്. ഇത്തരത്തിൽ അക്രമം അഴിച്ചുവിടുന്ന ലഹരി മാഫിയയെ ശക്തമായി നേരിടുന്നതോടൊപ്പം നിർദ്ദാക്ഷിണ്യം അടിച്ചമർത്തുന്ന നടപടി സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകുന്നതാണ്. ഇക്കാര്യത്തിൽ ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലെന്ന് 31-8-2022-ന് സഭയിൽ നടന്ന ചർച്ചയ്ക്ക് മറുപടിയായി വ്യക്തമാക്കിയിട്ടുള്ളതാണ്. കേരളസമൂഹം നേരിടുന്ന അതീവ ഗൗരവമായ ഈ വിഷയത്തെ അതിന്റേതായ ഗൗരവത്തിലാണ് സർക്കാർ

കാണുന്നത്. പണ സമ്പാദനത്തിനുവേണ്ടി ബോധപൂർവ്വം ഏത് ഹീനമാർഗ്ഗവും സ്വീകരിക്കാൻ തയ്യാറാകുന്നതിന്റെ പിന്നിൽ പ്രവർത്തിക്കുന്ന ശക്തികൾ നിസ്സാരക്കാരായിരിക്കില്ല. ലഹരി വിരുദ്ധ പ്രവർത്തനങ്ങൾക്ക് ഏകോപിതവും സംഘടിതവുമായ രൂപമുണ്ടാകണം. അതിലേയ്ക്കായി നാട് ഒന്നടങ്കം അണിനിരന്നുകൊണ്ടുള്ള നീക്കമാണുണ്ടാകേണ്ടത്. ലഹരിക്കെതിരായ പോരാട്ടത്തിൽ എല്ലാ വിഭാഗം ജനങ്ങളെയും അണിനിരത്താൻ സാധിക്കണം. മുമ്പ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞ കാര്യം ഇന്നും പ്രസക്തമാണ്; സർക്കാരിന്റെ നിലപാടും അതുതന്നെയാണെന്ന് വീണ്ടും ആവർത്തിക്കുകയാണ്. ഇതിനെതിരെ സർക്കാർ സ്വീകരിച്ച ശക്തമായ നടപടിക്ക് എല്ലാ വിഭാഗങ്ങളുടെയും പിന്തുണ ലഭിച്ചിട്ടുമുണ്ട്. അതിന്റെ ബലവും കരുത്തുമാണ് ലഹരി മാഫിയയ്ക്കെതിരെയുള്ള പ്രവർത്തനങ്ങൾക്ക് സർക്കാരിന് കരുത്ത് നൽകുന്നത്. അതുകൊണ്ടുതന്നെ ഇതിന്റെ പ്രവർത്തനങ്ങൾ നാം ഒറ്റക്കെട്ടായി നേരിട്ടുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ലഹരി മാഫിയയെ വേരോടെ പിഴുതെറിയുകയെന്ന ലക്ഷ്യം കൈവരിക്കുന്നതുവരെ തുടർന്നും ഒറ്റക്കെട്ടായി ഇതിന്റെ പ്രവർത്തനങ്ങളുമായി മുന്നോട്ട് പോകുന്നതാണ്.

Dr. Mathew Kuzhalnadan: Sir, I am sorry to start my speech with a dissenting note. ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടി കേട്ടപ്പോൾ എനിക്ക് ഓർമ്മ വന്നത് പഞ്ചാബിലെ ഒരു മന്ത്രിയുടെ പ്രതികരണമാണ്. അതിൽ രാജ്യം ശ്രദ്ധിച്ച ഒന്നു-രണ്ട് സംഭവങ്ങളെക്കുറിച്ചാണ് ആദ്യമായി സൂചിപ്പിക്കാനുള്ളത്. പഞ്ചാബിലെ മുക്ത്യാർ സിംഗ് എന്നയാൾ തന്റെ മകന്റെ ശവശരീരം ചുമന്നുകൊണ്ട് തെരുവിലൂടെ നടന്നശേഷം പ്രധാനമന്ത്രിക്ക് കത്തെഴുതി - 'ഞാൻ എന്റെ മകന്റെ ശവശരീരം ഒരു മെമ്മോറാണ്ടമായി സമർപ്പിക്കാൻ ആഗ്രഹിക്കുകയാണ്; കാരണം ഈ സംസ്ഥാനത്തും രാജ്യത്തും ലക്ഷക്കണക്കിന് യുവാക്കൾ ഡ്രഗ്സിന് അടിമയായി മരിക്കുകയാണ്'. ഈ വാർത്ത റിപ്പോർട്ട് ചെയ്യാനെത്തുന്ന ബി.ബി.സി.-യുടെ ലേഖകന് പരിമിതമായ ജീവത സാഹചര്യമുള്ള മുക്ത്യാർ സിംഗ് എന്ന ഈ ഗവൺമെന്റ് ജീവനക്കാരൻ വളരെ മിടുക്കനായ ഒരു കൊച്ചുകുട്ടിയുടെ ഫോട്ടോ കാണിച്ചു. അത് 11-ാം ക്ലാസ്സിൽ തന്റെ മകൻ മൻജിത് സിംഗ് വലിയ വിജയം നേടിയപ്പോൾ എടുത്ത ഫോട്ടോയായിരുന്നു. അതിനുശേഷം അദ്ദേഹം പറഞ്ഞത്, 'എന്റെ ജീവിതത്തിൽ ഒരിക്കലും എന്റെ മകൻ ഈ ഗതിയിലേയ്ക്ക് പോകുമെന്ന് ഞാൻ പ്രതീക്ഷിച്ചിരുന്നില്ല' എന്നാണ്. വളരെ ഹൃദയസ്പർശിയായിട്ടാണ് ബി.ബി.സി. ഈ സംഭവം

റിപ്പോർട്ട് ചെയ്തിരിക്കുന്നത്. അതിനുശേഷം പഞ്ചാബിൽ നടക്കുന്ന ഒരു വാർത്ത വീണ്ടും വരികയുണ്ടായി. ഒരമ്മ മകന്റെ ചിത്രം കയ്യിൽ പിടിച്ചതിനുശേഷം പറയുകയാണ്, 'I wanted my son to die.' ഏത് അമ്മയാണ് മകൻ മരിക്കണമെന്ന് ആഗ്രഹിക്കുന്നത്; തന്റെ മകൻ മരിക്കണമെന്നാണ് താൻ ആഗ്രഹിക്കുന്നതെന്ന് അവർ തുറന്നുപറയുകയാണ്. അതിനുള്ള കാരണമായി അമ്മ പറയുന്നത്, ആ മകൻ ഡ്രഗ്സിന് അടിമപ്പെട്ടിരിക്കുന്നുവെന്നാണ്. ഈ വിഷയങ്ങൾ ചർച്ചയ്ക്ക് വന്നപ്പോൾ പഞ്ചാബിലെ മന്ത്രി പ്രതികരിച്ചത്, 'ഇവിടെ കാര്യങ്ങൾ കൈവിട്ടുപോയെന്ന് പറയുന്നതിൽ അർത്ഥമില്ല; ഞങ്ങൾ ചെയ്യാൻ കഴിയുന്ന കാര്യങ്ങൾ ചെയ്തുകൊണ്ടിരിക്കുകയാണ്; അങ്ങനെ ആശങ്കപ്പെടേണ്ട കാര്യമില്ല' എന്നാണ്. ഡ്രഗ്സ് ഓവർഡോസ് ഡെത്തെന്ന് പറയുന്നത് പഞ്ചാബിൽ ഇന്ന് വാർത്തയല്ലാതായി മാറിയിരിക്കുന്നു. കാരണം ദിവസേന ആളുകൾ അവിടെ മരിച്ചുകൊണ്ടിരിക്കുകയാണ്. ഒരു മാസത്തെ കണക്ക് പരിശോധിച്ചാൽ നൂറുകണക്കിന് ചെറുപ്പക്കാർ ഡ്രഗ്സിന്റെ അമിത ഉപയോഗം കൊണ്ട് മരിച്ചുവീഴുന്നത് പഞ്ചാബിൽ വാർത്തയല്ലാതായി മാറിയിരിക്കുകയാണ്. സമാനമായി കേരളത്തിലും വളരെ ഗൗരവത്തോടെ റിപ്പോർട്ട് ചെയ്തവാർത്ത കോഴിക്കോട്നിന്നും കേൾക്കുകയുണ്ടായി. ഫർഹൻ

എന്ന ചെറുപ്പക്കാരൻ ഡ്രഗ്സ് ഓവർഡോസായി ഉപയോഗിച്ചതുമൂലം മരണപ്പെടുകയുണ്ടായി. ആ ഉമ്മയ്ക്ക് മൂന്ന് മക്കളാണുണ്ടായിരുന്നത്. ഈ കുടുംബത്തെ സഹായിക്കാനായി ഹൈദരാബാദിൽനിന്നും വന്ന അവരുടെ അനുജനും ഡ്രഗ്സിന്റെ പാതയിലാണെന്നാണ് പറയപ്പെടുന്നത്. ഡ്രഗ്സിന്റെ ഉപയോഗം കാരണം തന്റെ മകൻ മരിച്ചുപോയെന്ന് ആ അമ്മ കരഞ്ഞുകൊണ്ടാണ് കേരളത്തോട് പറഞ്ഞത്. പോലീസുകാരെ അറിയിച്ചെങ്കിലും അവർ സഹായത്തിന് എത്തിയില്ലെന്ന് മാത്രമല്ല, ആവശ്യമായ കാര്യങ്ങൾ ചെയ്തിട്ടുമില്ല. ഇത്തരത്തിൽ ആയിരക്കണക്കിന് കുട്ടികൾ ഇതേ ഗതിയിൽ മരിച്ചുവീഴുകയും അവരുടെ ജീവിതംതന്നെ കൈവിട്ടുപോകുകയും ചെയ്യുന്ന സ്ഥിതിയിലെത്തിയിട്ടും എന്താണ് ഗവൺമെന്റ് ഒന്നും ചെയ്യാത്തതെന്നാണ് ആ ആമ്മ ചോദിച്ചത്.

മയക്കുമരുന്നിന്റെ ഇത്രയും ആപൽക്കരമായ കയത്തെക്കുറിച്ച് കേരളത്തിലെ പൊതുസമൂഹത്തിന്റെയും നിയമസഭയുടെയും സർക്കാരിന്റെയും മനസ്സാക്ഷിയെ ഉണർത്തിയത് 31-8-2022-ന് എന്റെ സുഹൃത്ത് ശ്രീ. പി. സി. വിഷ്ണുനാഥ് കൊണ്ടുവന്ന അടിയന്തരപ്രമേയ ചർച്ചയിലൂടെയാണ്. വളരെ പോസിറ്റീവായി ഞങ്ങളെല്ലാവരും സഹകരിക്കുകയും പ്രതിപക്ഷനേതാവ് സാധ്യമായ കാര്യങ്ങളെക്കുറിച്ച് കൂട്ടിച്ചേർത്തുകൊണ്ട് വളരെ പോസിറ്റീവായ

ചർച്ച നടത്തുകയും ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ വിഷയം വളരെ ഗൗരവമായെടുത്തുകൊണ്ട് ദീർഘമായ മറുപടി പറയുകയും ചെയ്തു. അതിനുശേഷം സർക്കാർ നടപടിയൊന്നും സ്വീകരിച്ചില്ലെന്ന് ഞാൻ പറയുന്നില്ല. പക്ഷേ അതിനോടൊപ്പം നേരത്തെ പറഞ്ഞ കാര്യങ്ങളെല്ലാം kick off ചെയ്തു. ലഹരി ഉപയോഗത്തിനെതിരെ നിരവധി ക്യാമ്പയിനുകൾ നടന്നുകൊണ്ടിരിക്കുകയാണ്. എന്നാൽ ഈ വിഷയത്തെ വ്യത്യസ്തമായ രീതിയിലാണ് ഞാൻ സമീപിക്കാൻ ശ്രമിക്കുന്നത്. ഡ്രഗ്സിന്റെ ഉപയോഗം കൂടുതലായുണ്ടാകുന്നത് vulnerable territories-ലാണെന്ന് ഡ്രഗ്സിന്റെ ഇന്റർനാഷണൽ സോഴ്സിനെക്കുറിച്ച് പരിശോധിച്ചാൽ മനസ്സിലാക്കാൻ സാധിക്കും. ഇന്ത്യയിലേയ്ക്ക് ഏറ്റവും കൂടുതൽ ഡ്രഗ്സ് വരുന്നത് അഫ്ഗാനിസ്ഥാനിൽനിന്നും തയ്യാറാക്കി പാക്കിസ്ഥാൻ വഴി പഞ്ചാബിലും രാജസ്ഥാനിലൂടെയുമാണ്. രാഷ്ട്രീയ അനിശ്ചിതത്വമുള്ള അഫ്ഗാനിസ്ഥാൻ പോലുള്ള പ്രദേശങ്ങളിലാണ് ലഹരിവസ്തുക്കളുടെ നിർമ്മാണത്തിന് ഏറ്റവും അനുയോജ്യമായ സാഹചര്യമുള്ളത്. പാകിസ്ഥാനിലെ അനിശ്ചിതത്വത്തെക്കുറിച്ചും നമുക്കറിയാം. ഈ വസ്തുക്കൾ ഇന്ത്യയിലേയ്ക്ക് വരുന്നത് പാകിസ്ഥാനിലൂടെയാണ്. കേരളവും ഒരു vulnerable territory ആയി മാറിക്കൊണ്ടിരിക്കുകയാണ്. നൈജീരിയക്കാർ

ഉൾപ്പെടെ ബംഗളൂരുവിൽവന്ന് തമ്പടിച്ച് രാജ്യത്തേയ്ക്ക് കൊണ്ടുവരുന്ന ഡ്രഗ്സ് വളരെ അനായാസം അവിടെനിന്നും കേരളത്തിലേയ്ക്ക് എത്തിക്കുകയാണ് ചെയ്യുന്നത്. കേരളം ഇതിന്റെ വലിയൊരു മാർക്കറ്റായി മാറുന്ന സാഹചര്യമാണുള്ളത്. ബഹുമാനപ്പെട്ട മന്ത്രിക്ക് വേണമെങ്കിൽ എന്റെ വാദങ്ങൾ നിഷേധിക്കുന്ന തരത്തിൽ കേരളത്തിൽ ഒന്നും സംഭവിക്കുന്നില്ലെന്ന് പറയാം. എങ്ങനെയാണ് കേരളം ഒരു vulnerable territory ആകുന്നത്; ഡ്രഗ് മാഫിയയ്ക്ക് ഏതെങ്കിലും ഒരു സംസ്ഥാനം vulnerable territory ആണെന്ന് തോന്നുന്നത് Lack of political will to fight; political patronage എന്നീ രണ്ട് കാര്യങ്ങൾ ഉണ്ടാകുമ്പോഴാണ്. ഇത്തരം ഡ്രഗ് മാഫിയകളെ നേരിടാനുള്ള രാഷ്ട്രീയ ഇച്ഛാശക്തി ഒരു സംസ്ഥാനത്തിനില്ലെന്ന് ബോധ്യപ്പെടുമ്പോൾ അവർക്ക് അനായാസം തുളച്ചുകയറാൻ സാധിക്കുന്നതാണ്. രണ്ടാമതായി, രാഷ്ട്രീയപരമായ സംരക്ഷണം ഇവർക്ക് ലഭിക്കുന്നുണ്ടെന്നതാണ്. ഇത് ഏറ്റവും അപകടകരമായ കാര്യമാണ്. ഞാൻ ഗൗരവത്തോടെ കേരളത്തിലെ പൊതു സമൂഹത്തോടും സർക്കാരിനോടും ചോദിക്കുന്നത്, Till this day, whether Kerala was able to demonstrate sufficient political-will to fight against drug mafia? ഏറ്റവും ഒടുവിലായി കേരളത്തിന്റെ മനസ്സാക്ഷിയെ

മരവിപ്പിച്ച സംഭവമാണ് അങ്ങയുടെ മണ്ഡലത്തിനടുത്തുള്ള പ്രദേശത്തുണ്ടായിരിക്കുന്നത്. വടകരയിലെ ഏട്ടാം ക്ലാസ്സിൽ പഠിക്കുന്ന ഒരു കുട്ടിയുടെ അനുഭവമാണിത്. കുട്ടികളെ നമ്മൾ തെറ്റുപറഞ്ഞിട്ട് കാര്യമില്ല. ഏതൊരു മാതാപിതാക്കളുടെയും ഏറ്റവും വലിയ സമ്പത്തെന്ന് പറയുന്നത് അവരുടെ മക്കളാണ്. എന്നെ ഇവിടെ നിൽക്കാൻ പ്രാപ്തനാക്കിയത് എന്റെ അച്ഛനും അമ്മയും അവരുടെ ജീവിതം വേണ്ടന്നുവച്ച് മക്കൾക്കുവേണ്ടി ജീവിച്ചതുകൊണ്ടാണ്. ഇവിടെ ഇരിക്കുന്ന മഹാഭൂരിപക്ഷം ആളുകളുടെയും അനുഭവം തിരിച്ചാകാൻ സാധ്യതയില്ല. അവരെല്ലാം ജീവിക്കുന്നതും അദ്ധ്വാനിക്കുന്നതും അവരുടെ മക്കൾക്കുവേണ്ടിയാണ്. ഈ അവസരത്തിൽ നാളെ എന്റെയും നിങ്ങളുടെയും മക്കൾ സുരക്ഷിതരല്ലെന്നുകൂടി ഓർക്കണം. എന്റെയും നിങ്ങളുടെയും വീട്ടിൽ ഇത് വന്നുകയറാൻ അധികനാൾ വേണ്ടെന്ന് നിങ്ങൾ ചിന്തിക്കണം. ഞാനിത് പറയുന്നത് പരസ്പര ആരോപണങ്ങൾക്കുവേണ്ടിയല്ല. എട്ടാം ക്ലാസിലെ കുട്ടിക്ക് ബിസ്കറ്റ് നൽകി ഡ്രഗ് മാഫിയക്കാർ വലിച്ചുകൊണ്ടുപോയ വാർത്ത നാം കാണുകയുണ്ടായി. ഇത്തരത്തിൽ എണ്ണിയാലൊടുങ്ങാത്ത സംഭവങ്ങളെക്കുറിച്ച് പറയാൻ സാധിക്കും. പക്ഷേ, അതിൽ ഏറ്റവും അപകടകരമായ സംഭവമെന്ന് പറയുന്നത്, ഈ കുട്ടി മൊഴി രേഖപ്പെടുത്താനായി പോലീസ് സ്റ്റേഷനിൽ

പോയപ്പോൾ അവിടെയുണ്ടായിരുന്ന സാന്നിദ്ധ്യം ആരുടേതാണെന്ന് അറിയാമോ? കുട്ടി മൊഴി നൽകാനെത്തുമെന്നറിഞ്ഞുകൊണ്ട് പോലീസ് സ്റ്റേഷന്റെ പ്രിമിസസ്സിലെത്തിയ മയക്കുമരുന്ന് നൽകിയവരെ കണ്ട് കുട്ടി ഭയചകിതയാകുകയാണ്. എങ്ങനെയാണ് ഡ്രഗ് മാഫിയയ്ക്ക് ധൈര്യപൂർവ്വം പോലീസ് സ്റ്റേഷനിൽ കടന്നുവന്ന് സാക്ഷിയെ സ്വാധീനിക്കാനും ഒരു പരാതിക്കാരിയെ നേരിടാനും കഴിയുന്നത്? This shows the lack of political will; how freely they are moving; and also that how confident they are. അതിനുശേഷമുള്ള സംഭവങ്ങൾ പരിശോധിക്കണം. ഇവിടെ ശക്തമായ നടപടിയുണ്ടാകുമെന്നും enforcement ഉണ്ടാകുമെന്നും ബഹുമാനപ്പെട്ട മുഖ്യമന്ത്രി വ്യക്തമാക്കിയിരുന്നു. ഈ കുട്ടി പരാതി നൽകിയത് ഡിസംബർ 2-ാം തീയതിയാണ്. ഇന്ന് 9-ാം തീയതിയായിരിക്കുന്നു; ഇതിന്മേൽ സ്വീകരിക്കപ്പെട്ട നടപടിയെക്കുറിച്ച് കേരളം പരിശോധിക്കണം. ആ കുട്ടിയുടെ മൊഴി കേരളത്തിലെ പൊതുസമൂഹം കേട്ടതാണ്. എന്നിട്ട് ആ കേസ്സിൽ എഫ്.ഐ.ആർ. എടുക്കുമ്പോൾ ഡ്രഗ്സിന്റെയോ അതുമായി ബന്ധപ്പെട്ട മയക്കുമരുന്നിന്റെ illegal traffiking-നെ സംബന്ധിച്ച പരാമർശമോ വകുപ്പുകളോ അട്ടാക്ക് ചെയ്യപ്പെടുന്നില്ല. ഡ്രഗ് മാഫിയയുമായി ബന്ധപ്പെട്ട് ആ കുട്ടിയെ

സ്വാധീനിച്ചവരെക്കുറിച്ചും സ്വർണ്ണമുടിയുള്ള ആളുകളെക്കുറിച്ചും കുട്ടി പറയുന്നുണ്ട്. അവർ പ്രതികളാകുന്നുവെന്നും കരുത്തും ശക്തിയോടുംകൂടി ഡ്രഗ് മാഫിയയ്ക്കെതിരെ പോരാട്ടമെന്നും പറയുമ്പോഴും നാം ഓർക്കേണ്ടത് അവർ സ്റ്റേഷൻ ജാമ്യത്തിൽ പുറത്ത് പോകുന്നുവെന്നാണ്. 13 വയസ്സുള്ള കുട്ടിയെ സ്വാധീനിച്ച് ഡ്രഗ് മാഫിയ വലയിലാക്കിയിട്ടും ഈ കേസ് രജിസ്റ്റർ ചെയ്ത പോലീസ് പറയുന്നത് കുട്ടിയുടെ മൊഴി പരസ്പര വിരുദ്ധമായതുകൊണ്ട് കേസ്സെടുക്കാൻ കഴിയില്ലെന്നാണ്. ആർക്കുവേണ്ടിയാണ് ഇങ്ങനെ പറയുന്നത്; ഇവിടത്തെ എൻഫോഴ്സ്മെന്റ് സംവിധാനം ആരുടെ ഭാഗത്താണ്? ആ കുട്ടിയുടെ പരാതിയിന്മേൽ ജുവനൈൽ ജസ്റ്റിസ് ആക്ട് പ്രകാരം കേസ്സെടുക്കാമായിരുന്നു. പോക്സോ ആക്ട് പ്രകാരം കേസ്സെടുത്താൽ സ്റ്റേഷൻ ജാമ്യം നൽകാൻ കഴിയില്ല. അതുമാത്രമല്ല അധികാരത്തിലിരിക്കുന്നത് സി.പി.ഐ.(എം) ആയതുകൊണ്ടായിരിക്കാം മന:പൂർവ്വം ഡ്രഗ് മാഫിയയെ തേടിപ്പിടിക്കുന്ന കാഴ്ചയാണ് നാം കഴിഞ്ഞ കുറച്ചു നാളുകളായി കണ്ടുകൊണ്ടിരിക്കുന്നത്. ഇത്തരത്തിൽ എത്രയെത്ര സംഭവങ്ങളാണുണ്ടായിരിക്കുന്നത്. മലയിൻകീഴുണ്ടായ സംഭവത്തിൽ ഡി.വൈ.എഫ്.ഐ.-യുടെ നേതാവാണ് പ്രതിയായത്. ബഹുമാനപ്പെട്ട മന്ത്രി തലശ്ശേരിയിൽ ചോദ്യം ചെയ്ത രണ്ട് സി.പി.ഐ.(എം)-കാർ

കൊല്ലപ്പെട്ടതിനെക്കുറിച്ച് സൂചിപ്പിക്കുകയുണ്ടായി. ഈ സംഭവത്തിന്റെ മറുവശത്തുള്ളത് ആരാണ്? അതിൽ സി.പി.ഐ.(എം)-ന്റെ പ്രവർത്തകരോ അനുഭാവികളോ ആണുള്ളത്. ഇത്തരത്തിൽ നിരവധി സംഭവങ്ങളുണ്ടായിട്ടുണ്ട്. നിങ്ങൾക്ക് രാഷ്ട്രീയപരമായി പ്രതിരോധിക്കാനാണ് താൽപ്പര്യം. ഡി.വൈ.എഫ്.ഐ.-യുടെ യൂണിറ്റ് പ്രസിഡന്റ്, എസ്.എഫ്.ഐ. നേതാക്കന്മാർ, ഏര്യാ സെക്രട്ടറിയുടെ മകൻ എന്നിവർ കഞ്ചാവ് കേസ്സിൽ അറസ്റ്റിലാവുന്ന സംഭവങ്ങളാണുള്ളത്. അതുമാത്രമല്ല മലയിൻകീഴിൽ പത്താം ക്ലാസ് വിദ്യാർത്ഥിയെ പീഡിപ്പിച്ച കേസ്സിൽ ഡി.വൈ.എഫ്.ഐ. പ്രാദേശിക നേതാവടക്കം 8 പേർ അറസ്റ്റിലായിരിക്കുന്നു. ഇതെല്ലാം യാഥാർത്ഥ്യമാണ്. ഇപ്രകാരം സംസ്ഥാനത്ത് ഭരിക്കുന്ന പാർട്ടിയുടെ പ്രധാനപ്പെട്ട വിദ്യാർത്ഥി യുവജന നേതാക്കന്മാർ ഡ്രഗ് മാഫിയ കേസ്സുകളിൽ പ്രതികളാകുന്ന സംഭവങ്ങൾ സൂചിപ്പിക്കുന്നത് പൊളിറ്റിക്കൽ ലിങ്കുകളാണ്. ഇതൊരു അപകടകരമായ സാദ്ധ്യതയായി മാറുമ്പോൾ ഈ സർക്കാരിന് ഡ്രഗ് മാഫിയയ്ക്കെതിരെ ഫൈറ്റ് ചെയ്യാനുള്ള political will നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്. അവിടെയാണ് ഞങ്ങൾ ചോദ്യം ഉയർത്തുന്നത്.

Mr. Speaker: Your time is exceeding the limit.

<u>ഡോ. മാത്യു കുഴൽനാടൻ</u>: സർ, ഈ സർക്കാരിന്റെ പ്രയോറിറ്റിയും ഫൈറ്റ് ചെയ്യാനുള്ള വിൽ കാണിക്കുന്നതും എവിടെയാണ്? ഞാൻ കഴിഞ്ഞ ദിവസമാണ് കെ.എസ്.യു. കോഴിക്കോട് ജില്ലാ സെക്രട്ടറി ശ്രീ. ബുഷൽ ജമാറിനെ ആർഗ്യൂ ചെയ്ത് പുറത്തിറക്കിയത്. സമരം ചെയ്തതിന്റെ പേരിൽ 8 കാപ്പ കേസ്സുകൾ ചുമത്തി അറസ്റ്റ് ചെയ്ത് ജയിലിലിടുകയാണ് ചെയ്തത്. ഇവിടത്തെ ഡ്രഗ് മാഫിയയുടെ ഭാഗമായിരിക്കുന്ന നിരവധി എൻ.ഡി.പി.എസ്. കേസ്സുകളിൽ പ്രതിയായ ഒരുവനെ കാപ്പ കേസ്സിൽപ്പെടുത്തി ജയിലിലടക്കാൻ കഴിഞ്ഞോ? നിങ്ങൾ ഫൈറ്റ് ചെയ്യണമെന്ന് ആലോചിക്കുമ്പോൾ നിങ്ങളുടെ പ്രയോരിറ്റി വേറെയാണ്. പക്ഷേ, ഈ സർക്കാർ ഡ്രഗ് മാഫിയയ്ക്കെതിരെ ഫൈറ്റ് ചെയ്യാനുള്ള പൊളിറ്റിക്കൽ വിൽ കാണിക്കുന്നില്ല. മറുവശത്ത്, ഡ്രഗ് മാഫിയ മന:പൂർവ്വം ഇവിടത്തെ രാഷ്ട്രീയ നേതാക്കന്മാരെയും അവരുടെ മക്കളെയും വിദ്യാർത്ഥി യുവജന സംഘടനകളുമായി ചേർന്നുനിൽക്കുന്ന ഭരണപാർട്ടിയിൽപ്പെട്ടവരെയും സ്വാധീനിച്ച് പൊളിറ്റിക്കൽ പാട്രണേജുണ്ടാക്കുന്നുവെന്നതാണ് ഏറ്റവും അപകടകരമായ കാര്യം. അതുകൊണ്ടാണ് ഓരോ ദിവസവും മദ്യ-മയക്കുമരുന്ന് മാഫിയയുമായി ബന്ധപ്പെട്ട അക്രമങ്ങളും വയലൻസും സംസ്ഥാനത്ത് വർദ്ധിച്ചുവരുന്നത്. ഇത്

നിയന്ത്രിക്കാനുള്ള നടപടി സ്വീകരിക്കുന്നതിനായി ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെടുന്നു.

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, 99 ദിവസം മുമ്പ് ഇതേ വിഷയത്തിൽ പ്രതിപക്ഷത്തുനിന്ന് ശ്രീ. പി. സി. വിഷ്ണുനാഥ് ഒരു അടിയന്തരപ്രമേയം അവതരിപ്പിച്ചിരുന്നു. അന്ന് ഞാൻ സ്പീക്കറുടെ ചെയറിലിരുന്നുകൊണ്ട് ശ്രീ. പി. സി. വിഷ്ണുനാഥിനെ അഭിനന്ദിച്ചത് ഈ സന്ദർഭത്തിൽ ഓർമ്മിക്കുകയാണ്. പക്ഷേ, വളരെ ഖേദത്തോടെ പറയട്ടെ, ഡോ. മാത്യു കുഴൻനാടനെയും അഭിനന്ദിക്കണമെന്ന് ആഗ്രഹമുണ്ടായിരുന്നുവെങ്കിലും അദ്ദേഹം ആ അഭിനന്ദനത്തിന് അർഹനല്ലെന്ന് അദ്ദേഹത്തിന്റെ പ്രസംഗത്തിലൂടെ തെളിയിച്ചു. ഡോ. മാത്യു കുഴൽനാടന്റെ പരാമർശങ്ങൾ അങ്ങേയറ്റം നിർഭാഗ്യകരമായിപ്പോയെന്ന് ഞാൻ ഖേദത്തോടെ പറയുകയാണ്. നിയമസഭയും കേരള സമൂഹവും ഒറ്റക്കെട്ടായി മയക്കുമരുന്നിനെതിരായ പോരാട്ടത്തിൽ പുലർത്തിവരുന്ന യോജിപ്പിനെയും ഐക്യത്തെയും ഇല്ലാതാക്കാൻ വളരെ നിർഭാഗ്യകരമായ ശ്രമമാണ് അദ്ദേഹത്തിന്റെ ഭാഗത്തുനിന്നുമുണ്ടായത്. എന്റെ മറുപടി പ്രസംഗത്തിലൂടെ ഇതിനെ കക്ഷിരാഷ്ട്രീയവൽക്കരിക്കാൻ ശ്രമിച്ചിട്ടില്ല. ഇനിയും അങ്ങനെ ശ്രമിച്ച് ഡോ.

മാത്യു കുഴൽനാടന്റെ കെണിയിൽ അകപ്പെടണമെന്ന് ഞാൻ ഉദ്ദേശിക്കുന്നുമില്ല. കാരണം, ഇവിടത്തെ തർക്കത്തിൽ പോയിന്റ് സ്കോർ ചെയ്യുന്നതിനായി സംസാരിക്കുമ്പോൾ അത് കേട്ടുകൊണ്ടിരിക്കുന്ന ജനങ്ങൾക്കുണ്ടാകുന്ന ഇംപാക്ടിനെക്കുറിച്ചുകൂടി അദ്ദേഹം ഓർക്കേണ്ടതായിരുന്നു. അദ്ദേഹത്തിന് കുറച്ചുകൂടി പക്വമായി ഇത്തരം കാര്യങ്ങളെ സമീപിക്കാൻ കഴിയേണ്ടതായിരുന്നു. ഭാവിയിൽ കുറച്ചുകൂടി പ്രായം ചെല്ലുമ്പോൾ അദ്ദേഹത്തിന് അതിന് കഴിയുമെന്നും കുറച്ചുകൂടി പക്വത കൈവരിക്കുമെന്നും ഞാൻ പ്രതീക്ഷിക്കുകയാണ്. ഇവിടെ അദ്ദേഹം സൂചിപ്പിച്ച ചില കാര്യങ്ങൾ രേഖയിൽ വന്നതുകൊണ്ടുതന്നെ മറുപടി പറയാതിരിക്കാൻ കഴിയില്ല. ഇതിനെ Lack of political will to fight against drugs എന്നാണ് അദ്ദേഹം സ്വതസിദ്ധമായ ശൈലിയിൽ സൂചിപ്പിച്ചത്. യഥാർത്ഥത്തിൽ ഇന്ത്യയിൽ കേരളത്തിലാണ് നിങ്ങളും നമ്മളും എന്ന വ്യത്യാസമില്ലാതെ എല്ലാവരേയും അണിനിരത്തിക്കൊണ്ടുള്ള ഫൈറ്റ് ഒരുമിച്ച് നടത്തിയത്. ആ ഫൈറ്റ് നടത്തിക്കൊണ്ടിരിക്കെ Lack of political will എന്നുപറഞ്ഞുകൊണ്ട് സർക്കാരിനെ കുത്താനാണ് ശ്രമിക്കുന്നതെങ്കിൽ അത് തിരിഞ്ഞുകുത്തുന്ന കാര്യംകൂടിയാണെന്ന് അങ്ങ് മനസ്സിലാക്കണം. കാരണം നമ്മൾ ഒറ്റക്കെട്ടായാണ് ഈ പോരാട്ടം

നടത്തുന്നത്. നവംബർ 1-ാം തീയതി കേരളപ്പിറവി ദിനത്തിൽ ഒരുകോടി ജനങ്ങളാണ് വിദ്യാലയങ്ങളിലും വാർഡുകളിലുമാകെ നടത്തിയ മനുഷ്യ ശൃംഖലയിൽ പങ്കെടുത്തത്. 45 ലക്ഷം കുട്ടികൾ ഉൾപ്പെടെ ഒരു കോടി ആളുകൾ പങ്കെടുത്തതുകൊണ്ട് കക്ഷിരാഷ്ട്രീയം നോക്കാതെ ഇരുപതിനായിരത്തോളം വാർഡുകളിലും ഈ പരിപാടി നടന്നിട്ടുണ്ട്. അതിൽ എല്ലാവരും പങ്കെടുത്തില്ലേ? പല പ്രതിപക്ഷ എം.എൽ.എ.-മാരുടെ മണ്ഡലങ്ങളിലും അവർ നേതൃത്വം നൽകിക്കൊണ്ട് ഈ പരിപാടി നല്ലരീതിയിൽ നടത്തിയിട്ടുണ്ട്. ഭരണ-പ്രതിപക്ഷം നോക്കിയിട്ടാണോ ഇതുപോലൊരു കാര്യത്തിൽ ഇടപെട്ടത്. Political will എന്നുപറഞ്ഞാൽ സർക്കാരിന്റെ മാത്രം political will അല്ല; അത് ഈ സഭയുടെയും കേരള സമൂഹത്തിന്റെയും political will ആണ്. അത് പ്രദർശിപ്പിക്കുകയും ലോകം മുഴുവൻ ശ്രദ്ധിക്കുകയും ചെയ്യുന്ന സന്ദർഭത്തിൽ നമ്മളെല്ലാവരും ചേർന്ന് നടത്തുന്ന അദ്ധ്വാനത്തെ പരിഹസിക്കുകയും വിലകുറച്ച് കാണുകയും ചെയ്യുന്ന രീതിയിലാണ് അങ്ങ് സംസാരിച്ചത്. അങ്ങ് ഈ വിഷയം അടിയന്തര പ്രമേയമായി കൊണ്ടുവന്നപ്പോൾ ഞാൻ പ്രതീക്ഷിച്ചത് സർക്കാരിന്റെ ശ്രമങ്ങളെ കൂടുതൽ ശക്തിപ്പെടുത്താൻ സഹായിക്കുന്ന പ്രസംഗം അങ്ങയുടെ ഭാഗത്തുനിന്നുമുണ്ടാകുമെന്നായിരുന്നു. ഈ

ശൈലിയോടും സമീപനത്തോടും അങ്ങയുടെ ഒപ്പമിരിക്കുന്നവർക്ക് യോജിപ്പിണ്ടാകുമെന്ന് എനിക്ക് തോന്നുന്നില്ല. കാരണം അവരാരും അങ്ങനെയൊരു സമീപനമല്ല ഇക്കാര്യത്തിൽ സ്വീകരിച്ചിട്ടുള്ളത്. ചോമ്പാലയിലെ ഒരു കുട്ടിയുടെ കാര്യത്തെക്കുറിച്ച് സൂചിപ്പിച്ചത് വളരെ ഗൗരവത്തോടെയാണ് സർക്കാർ കാണുന്നത്. 13 വയസ്സുള്ള കുട്ടി പഠനത്തിൽ ശ്രദ്ധിക്കാതെ അലസത കാട്ടിയപ്പോഴാണ് ടീച്ചർ കുട്ടിയുടെ അമ്മയെ അറിയിച്ചതും കൗൺസിലിംഗിൽ കുട്ടിക്കെതിരെ ലൈംഗിക അതിക്രമം നടന്നതായി വാർത്തകൾ പുറത്തുവരികയും ചെയ്തത്. അതിനെത്തുടർന്ന് ചോമ്പാല പോലീസ് സ്റ്റേഷനിൽ പോക്സോ നിയമ പ്രകാരം ക്രൈം 397/22 ആയി കേസ് രജിസ്റ്റർ ചെയ്യപ്പെട്ടു. ബഹുമാനപ്പെട്ട കോടതി പെൺകുട്ടിയുടെ രഹസ്യ മൊഴി രേഖപ്പെടുത്തുകയും ആ കേസിന്റെ തുടരന്വേഷണം നടത്തിവരികയുമാണ്. പെൺകുട്ടിയെ ലഹരി സംഘം കാരിയറായി ഉപയോഗിച്ചെന്ന ആരോപണമുൾപ്പെടെയുള്ള കാര്യങ്ങളിൽ വടകര ഡിവൈ.എസ്.പി.-യുടെ നേതൃത്വത്തിൽ 8 പേരടങ്ങുന്ന സംഘം അന്വേഷണം നടത്തിക്കൊണ്ടിരിക്കുന്നുവെന്നുള്ളതാണ് വസ്തുത. അങ്ങ് മലയിൻകീഴിൽ നടന്ന സംഭവത്തെക്കുറിച്ച് സൂചിപ്പിക്കുകയുണ്ടായി. വളരെ പെറ്റി ആയി ഇത്തരം കാര്യങ്ങളെ സമീപിക്കരുതെന്ന് ഓർമിപ്പിക്കുകയാണ്.

മലയിൻകീഴിലെ പ്രതി ഇപ്പോൾ ജയിലിലാണ്; ഒരു പൊളിറ്റിക്കൽ പാട്രണേജും അയാൾക്ക് ലഭിച്ചിട്ടില്ലെന്ന് മനസ്സിലാക്കണം. ഐ.പി.സി. 363, പോക്സോ ആക്ട് എന്നീ നിയമങ്ങൾപ്രകാരം മലയിൻകീഴ് പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 1557/22 ആയി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരികയാണ്. ഇതിൽപ്പെട്ട മറ്റുള്ള ഏഴ് പേരെ സംബന്ധിച്ച വിവരങ്ങൾ പോലീസിന് ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ഇതിനോടനുബന്ധിച്ച് ഏഴ് കേസ്സുകൾ കൂടി രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇത്തരം സംഭവങ്ങളെ അങ്ങേയറ്റം നിയമപരമായാണ് സർക്കാരും പോലീസും നേരിടുന്നത്; അല്ലാതെ കക്ഷി രാഷ്ട്രീയത്തിന്റെ അടിസ്ഥാനത്തിലല്ലെന്ന് വ്യക്തമാക്കാൻ ആഗ്രഹിക്കുകയാണ്. എക്സൈസിനെ ശക്തിപ്പെടുത്താൻ സർക്കാർ ചില നടപടി സ്വീകരിച്ചിട്ടുണ്ട്. ലഹരിക്കെതിരെയുള്ള പോരാട്ടത്തിന്റെ ഭാഗമായി എക്സൈസ് എൻഫോഴ്സ്മെന്റിനെ ശക്തിപ്പെടുത്താനും എക്സൈസിനെ നവീകരിക്കുന്ന പ്രവർത്തനങ്ങളും സർക്കാർ നടത്തിക്കൊണ്ടിരിക്കുകയാണ്. എക്സൈസ് വകുപ്പിൽ ഡിജിറ്റൽ വയർലെസ് സിസ്റ്റം സ്ഥാപിക്കുന്ന നടപടി അന്തിമഘട്ടത്തിലാണ്. കാലപ്പഴക്കമേറിയ വാഹനങ്ങൾ കണ്ടം ചെയ്ത് 37 പുതിയ വാഹനങ്ങൾ വാങ്ങാൻ അനുമതി നൽകിയിട്ടുണ്ട്. 83 പുതിയ 9mm auto pistol-കൾ വാങ്ങുകയും മൂന്ന്

സോണുകളിലായി ആധുനിക ചോദ്യം ചെയ്യൽമുറികൾ സ്ഥാപിക്കുകയും സൈബർ സെൽ നവീകരിക്കുകയും ചെയ്തിട്ടുണ്ട്. കേസന്വേഷണം ഫലപ്രദമാക്കാൻ സൈബർ സെല്ലിനെ നല്ല രീതിയിൽ ഉപയോഗപ്പെടുത്താൻ കഴിയുന്നുണ്ട്. മയക്കുമരുന്ന് ഉപയോഗം കണ്ടെത്താനുതകുന്ന പുതിയ ഡ്രഗ് ഡിറ്റക്ഷൻ കിറ്റുകൾ വിതരണം ചെയ്തിട്ടുണ്ട്. അതിർത്തിയിലൂടെയാണ് മയക്കുമരുന്ന് കേരളത്തിലെത്തുന്നത്. ഗുജറാത്തിലെ മുന്ദ്ര തുറമുഖത്തുനിന്നും ഏകദേശം 21000 കോടി രൂപയുടെ മയക്കുമരുന്നാണ് ഏതാനും മാസങ്ങൾക്കുമുമ്പ് പിടിച്ചെടുത്തത്. ഇതിനോടകം 72000 കോടി രൂപയുടെ മയക്കുമരുന്ന് ഇന്ത്യയിൽ എത്തിയിട്ടുണ്ടെന്നാണ് റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്. ഇതിന്റെ ഉത്ഭവസ്ഥാനം കേരളമല്ലെന്നും മറ്റുള്ള സംസ്ഥാനങ്ങളാണെന്നുമാണ് ഇതിൽനിന്നും മനസ്സിലാക്കേണ്ടത്. അതുകൊണ്ടുതന്നെ സംസ്ഥാനത്തിന്റെ അതിർത്തികളിൽ പരിശോധന ശക്തിപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്. അതിനായി ഡ്രഗ് ഡിറ്റക്ഷൻ കിറ്റുകൾ, ബോംബ് സ്ക്വാഡ് എന്നിവ ഉപയോഗപ്പെടുത്തി പരിശോധന ശക്തിപ്പെടുത്താനാണ് സർക്കാർ തീരുമാനിച്ചിരിക്കുന്നത്. പോലീസിന്റെ ഡോഗ് സ്ക്വാഡിനെ എക്സൈസ് വകുപ്പും ഉപയോഗിക്കുന്നുണ്ട്. പലതും സിന്തറ്റിക് ഡ്രഗുകൾ വളരെ ചെറിയ അളവിൽ കൊണ്ടുവരുന്നത് സാധാരണ നടത്തുന്ന പരിശോധനയിൽ കണ്ടെത്താൻ

കഴിയില്ല. ഡോഗ് സ്ക്വാഡാണ് അതിന് ഏറ്റവും ഫലപ്രദമെന്ന് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിലാണ് ഡോഗ് സ്ക്വാഡിനെ ഉപയോഗിച്ച് സിന്തറ്റിക് ഡ്രഗ് കണ്ടെത്താൻ ശ്രമം നടത്തുന്നത്. പ്രസ്തുത പ്രവൃത്തി ഫലപ്രദമാകുന്നുമുണ്ട്. ഇത്തരത്തിലുള്ള നടപടി സ്വീകരിച്ച് വളരെ സമഗ്രമായാണ് സർക്കാർ ഈ വിഷയം കൈകാര്യം ചെയ്തുകൊണ്ടിരിക്കുന്നത്.

ചെക്ക്പോസ്റ്റുകളിലെ പരിശോധന ശക്തമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ 14 ചെക്ക്പോസ്റ്റുകളിൽ സി.സി.ടി.വി. ക്യാമറ സ്ഥാപിച്ച് പരിശോധന ഉറപ്പാക്കിയിട്ടുണ്ട്. ചെക്ക്പോസ്റ്റുകളില്ലാത്ത അതിർത്തി റോഡുകളിൽ മൊബൈൽ പട്രോളിംഗ് യൂണിറ്റുകൾ വാഹന പരിശോധന ശക്തിപ്പെടുത്തിയിട്ടുണ്ട്. ഇതിനുപുറമേ അതിർത്തി റോഡുകളിൽ സ്ഥിരമായ വാഹന പരിശോധന നടത്തുന്നതിനായി Kerala Excise Mobile Intervention Unit (KEMU) ഉടനെ ആരംഭിക്കാനും നടപടിയായിട്ടുണ്ട്. ഡോ. മാത്യു കുഴൽനാടൻ തെറ്റായ രീതിയിൽ സഭയിൽ കാര്യങ്ങൾ അവതരിപ്പിക്കാൻ ശ്രമിച്ചുകൊണ്ട് ഒരുക്കിയ കെണിയിൽ അകപ്പെടാനും നമുക്കിടയിലുള്ള യോജിപ്പിനെ തകർക്കാനും ഞാൻ ആഗ്രഹിക്കുന്നില്ല. അദ്ദേഹത്തിന് ചില സംഭവങ്ങൾ മാത്രമെ ഓർമ്മ വന്നിട്ടുള്ളൂ. ഇതിനിടയിൽ വളരെ പ്രമാദമായി നടന്ന സംഭവത്തെക്കുറിച്ച് സൂചിപ്പിക്കാൻ അദ്ദേഹം മറന്നുപോയി. എന്നാൽ

പഞ്ചാബിലെയും ഉത്തർപ്രദേശിലേയും കേസുകൾ അദ്ദേഹം ഓർമ്മിച്ചു. മേപ്പാടിയിൽ എസ്.എഫ്.ഐ.-യുടെ ജില്ലാ വൈസ് പ്രസിഡന്റായ അപർണ്ണ ഗൗരിയെ തല്ലി ബോധം കെടുത്തുകയും തലയ്ക്ക് മാരകമായി പരിക്കേൽപ്പിക്കുകയും ചെയ്തതിന്റെ ഫലമായി ആ കുട്ടിയുടെ 4 വാരിയെല്ലുകൾ പൊട്ടുകയും ഇപ്പോഴും ഐ.സി.യു.-വിൽ ചികിത്സ തുടരുകയുമാണ്. ടി കേസിലെ പ്രതികൾ ലഹരി മാഫിയ ശക്തികളാണ്. അവരുടെ രാഷ്ട്രീയ ബന്ധത്തെക്കുറിച്ച് പറഞ്ഞാൽ ഞാനും ഡോ. മാത്യു കുഴൽനാടനും ഒരേപോലെയായിപ്പോകുമെന്നതുകൊണ്ട് അതിനെക്കുറിച്ച് ഞാൻ പറയുന്നില്ല. (......ബഹളം......) അങ്ങയെ ഞാൻ കുറച്ചുകൂടി പക്വതയുള്ള നേതാവായാണ് കാണുന്നത്. അതിന്റെ കൂടുതൽ തർക്കങ്ങളിലേയ്ക്കും വിശദീകരണങ്ങളിലേയ്ക്കും പോകുന്നില്ല. ഈ സംഭവത്തിലെ പ്രതികളുടെ പേരും രാഷ്ട്രീയ ബന്ധങ്ങളും സംബന്ധിച്ച വിവരങ്ങൾ എന്റെ പക്കലുണ്ട്. അദ്ദേഹം ഒട്ടനവധി കേസുകളെക്കുറിച്ച് പറഞ്ഞതുകൊണ്ട് ഇക്കാര്യം ഞാൻ സൂചിപ്പിച്ചുവെന്നേയുള്ളൂ. അപ്പുറത്താണെങ്കിലും ഇപ്പുറത്താണെങ്കിലും ഇത്തരം കേസുകൾ ആരോപണ പ്രത്യാരോപണങ്ങൾക്കല്ല ഉപയോഗിക്കേണ്ടത്. അങ്ങ് മറ്റെല്ലാ കാര്യങ്ങളും ഓർക്കുകയും ഇത് മറന്നുപോകുകയും ചെയ്തതുകൊണ്ട് ഞാൻ ഓർമ്മിപ്പിച്ചുവെന്ന് മാത്രം. അങ്ങയുടെ പ്രസംഗത്തിലുടനീളം ഒരു രാഷ്ട്രീയ ദുഷ്ടലാക്കുണ്ടായിരുന്നതുകൊണ്ടാണ് എനിക്കിത് പറയേണ്ടിവന്നത്.

ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഉൾപ്പെടെ ബഹുമാന്യരായ എല്ലാ അംഗങ്ങളുടേയും പിന്തുണ സർക്കാരിന്റെ ലഹരി വിരുദ്ധ പ്രവർത്തനങ്ങൾക്ക് ലഭിച്ചിട്ടുണ്ട്. ഈ സഹകരണ മനോഭാവം തുടർന്നുമുണ്ടാകണം. ഇത്തരം പ്രവർത്തനങ്ങളിൽ കക്ഷിരാഷ്ട്രീയ താല്പര്യത്തോടുകൂടി, മയക്കമരുന്ന് മാഫിയയെ ആരും സഹായിക്കുമെന്ന് കരുതുന്നില്ല. അതുകൊണ്ടുതന്നെ ഈ പ്രശ്നം ഗൗരവമുള്ളതാണ്. പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് കേരളം വൾനറബിളാണെന്ന് സൂചിപ്പിച്ചതിനോട് യോജിക്കുന്നില്ല. മിനിസ്ട്രി ഓഫ് സോഷ്യൽ ജസ്റ്റിസിന്റെ പഠനങ്ങളിൽ 3 കാറ്റഗറിയിലായി വരുന്ന സംസ്ഥാനങ്ങളിലൊന്നിലും കേരളം ഉൾപ്പെടുന്നില്ല. United Nations Office on Drugs and Crime-ന്റെ World Drug Report 2022-ലും കേരളം ഉൾപ്പെടുന്നില്ല. അതായത് കേരളം വൾനറബിളായിട്ടില്ലെന്നാണ് മനസ്സിലാക്കേണ്ടത്. അങ്ങനെയാകാതിരിക്കാനുള്ള ജാഗ്രത ഇരുകൂട്ടർക്കുമുണ്ടാകണം; അതിന് നമ്മൾ ഒട്ടക്കെട്ടായി പ്രവർത്തിക്കണം. പൊളിറ്റിക്കൽ വിൽ എന്നാൽ നമ്മൾ ഇരുകൂട്ടരുടേയും പൊളിറ്റിക്കൽ വിൽ ആണ്. സർക്കാർ നേതൃത്വം കൊടുക്കുന്ന ആ പ്രവൃത്തിയെ രാഷ്ട്രീയ ലക്ഷ്യത്തോടുകൂടി സമീപിച്ചാൽ സമൂഹത്തിന്റെ പൊളിറ്റിക്കൽ വിൽ ആണ് ദുർബ്ബലപ്പെടുന്നത്. മയക്കമരുന്നിനെതിരായ പോരാട്ടത്തിലെ സമൂഹത്തിന്റെ രാഷ്ട്രീയ ഇച്ഛാശക്തി ഉയർത്തിപ്പിടിക്കുകയാണ്

ഇരുകൂട്ടരും ചെയ്യേണ്ടത്. പ്രശ്നത്തിന്റെ ഗൗരവം ഉൾക്കൊണ്ടുകൊണ്ടുള്ള സമീപനം പ്രതിപക്ഷത്തിന്റെ ഭാഗത്തുനിന്നുണ്ടായിട്ടുണ്ട്. തുടർന്നും അതുണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് സംസാരിക്കുമ്പോൾ അത്തരമൊരു നിലപാട് അദ്ദേഹത്തിന്റെ ഭാഗത്തുനിന്നും ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു. ലഹരിക്കെതിരെയുള്ള പ്രവർത്തനങ്ങളിൽ തുടർന്നും നമുക്കൊരുമിച്ച് മുന്നോട്ടുപോകാനും അത്തരത്തിലൊരു സന്ദേശം സമൂഹത്തിനാകെ കൊടുക്കാനും കഴിയണം. അതുകൊണ്ട് ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ടതില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിന് അവതരണാനുമതി നിഷേധിച്ചിരിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സൂചിപ്പിച്ചതുപോലെ, സംസ്ഥാനം നേരിടുന്ന ഏറ്റവും പ്രധാനപ്പെട്ട പ്രശ്നമെന്ന നിലയിലാണ് 'യുവജനങ്ങളിലും വിദ്യാർത്ഥികളിലും വർദ്ധിച്ചുവരുന്ന ലഹരി ഉപയോഗം' എന്ന വിഷയം 31-08-2022-ന് അടിയന്തരപ്രമേയമായി പ്രതിപക്ഷം സഭയിൽ കൊണ്ടുവന്നത്.

അന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി വളരെ പോസിറ്റീവായി മറുപടി നൽകുകയും ആ ചർച്ചയെത്തുടർന്ന് ഒരു വലിയ ക്യാമ്പയിൻ സംസ്ഥാന സർക്കാർ പ്രഖ്യാപിക്കുകയും ചെയ്തിരുന്നു. പ്രസ്തുത ക്യാമ്പയിന് സഭയ്ക്കകത്തും പുറത്തും പൂർണ്ണമായ പിന്തുണ പ്രതിപക്ഷം നൽകിയെന്ന് മാത്രമല്ല, അതിപ്പോഴും തുടർന്നുകൊണ്ടിരിക്കുകയുമാണെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. കേരളം ഒറ്റക്കെട്ടായി നേരിടേണ്ട പ്രധാനപ്പെട്ട വെല്ലുവിളിയാണ് 'ലഹരിമരുന്ന് ഉപയോഗം'. കഴിഞ്ഞ കുറച്ച് ദിവസങ്ങളായി സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നും ഞെട്ടിപ്പിക്കുന്ന റിപ്പോർട്ടുകൾ വന്നുകൊണ്ടിരിക്കുന്ന സാഹചര്യത്തിലാണ് പ്രധാനമായും ഈ വിഷയം വീണ്ടും സഭയിൽ കൊണ്ടുവരാൻ ഞങ്ങളെ പ്രേരിപ്പിച്ചത്. ലഹരിമരുന്ന് ഉപയോഗിക്കുന്നത് മാത്രമല്ല, ഉപയോഗിച്ചതിനുശേഷമുണ്ടാകുന്ന അക്രമങ്ങളും സ്ത്രീ പീഡനങ്ങളും തുടങ്ങി ചെറിയപെൺകുട്ടികളെ വരെ ലഹരിക്കടത്തിനായി അപകടകരമായ തരത്തിൽ ഉപയോഗപ്പെടുത്തുന്ന സാഹചര്യമാണ് സംസ്ഥാനത്തുണ്ടായിരിക്കുന്നത്. ലഹരിവിരുദ്ധ പ്രവർത്തനങ്ങളുടെ ഭാഗമായി സർക്കാർ പ്രഖ്യാപിച്ച മനുഷ്യശൃംഖലയിൽ എന്റെ നിയോജകമണ്ഡലത്തിൽ ഞാനും പങ്കെടുത്തിരുന്നു. മനുഷ്യശൃംഖല, കൂട്ടയോട്ടം, കൂട്ടപ്രതിജ്ഞ, മെഴുകുതിരി കത്തിക്കൽ, രണ്ടുകോടി ഗോൾ, സ്കൂളിനടുത്തുള്ള കടകളിൽ 'ഇവിടെ

ലഹരിമരുന്ന് വില്പനയില്ല' എന്ന ബോർഡ് പ്രദർശിപ്പിക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ തുടങ്ങി ഒട്ടനവധി പ്രവർത്തനങ്ങൾ ക്യാമ്പയിനിന്റെ ഭാഗമായി നടക്കുന്നുണ്ട്. എല്ലാ എക്സൈസ് ഉദ്യോഗസ്ഥരും പോലീസുകാരും ജനപ്രതിനിധികളും ഈ ക്യാമ്പയിനിൽ പങ്കാളികളാണ്. ഇത്രയും കാര്യങ്ങൾ മാത്രം മതിയോ? ഒരു വശത്ത് ക്യാമ്പയിൻ നടക്കുമ്പോൾ മറുവശത്ത്, സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നും ഞെട്ടിപ്പിക്കുന്ന റിപ്പോർട്ടുകൾ വന്നുകൊണ്ടിരിക്കുകയാണ്. ഇതിൽ എൻഫോഴ്സ്മെന്റല്ല ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം. ബഹുമാനപ്പെട്ട മന്ത്രി ഇവിടെ ചില കാര്യങ്ങൾ പ്രഖ്യാപിച്ചു. എന്നാൽ എൻഫോഴ്സ്മെന്റ് ഫലപ്രദമാക്കാനും ലഹരിയെത്തുന്ന വഴികൾ കണ്ടുപിടിക്കാനും കണ്ണികൾ മുറിക്കാനും കോടിക്കണക്കിന് രൂപയുടെ മയക്കുമരുന്ന് ബിസിനസ്സ് നടക്കുന്നതിന്റെ ഉറവിടങ്ങൾ കണ്ടെത്താനും നമുക്ക് കഴിയുന്നുണ്ടോ? ഇതെല്ലാം വളരെ പ്രധാനപ്പെട്ട ചോദ്യങ്ങളാണ്. ഒൻപതാം ക്ലാസ്സുകാരന് മയക്കുമരുന്ന് സംഘവുമായുള്ള ബന്ധത്തെക്കുറിച്ചാണ് അന്ന് ഞങ്ങൾ സൂചിപ്പിച്ചത്. ആ ബന്ധത്തിലൂടെ പതിനൊന്ന് വിദ്യാർത്ഥിനികളാണ് പീഡിപ്പിക്കപ്പെട്ടത്. സ്കൂൾ പരിസരത്തിന് പുറത്തുള്ളവർ നടത്തുന്ന ഇടപെടലുകൾ അവസാനിപ്പിക്കുന്നതിനേക്കാളുപരി സ്കൂളുകളെ നിരീക്ഷണ വലയത്തിലാക്കുന്നതിനുള്ള പ്രത്യേക സംവിധാനമൊരുക്കണം.

സ്കൂളിനുപുറത്തുള്ള കടകളിൽ ലഹരിമരുന്ന് വിൽപ്പനയില്ലെന്ന് എഴുതിവച്ചിട്ടില്ല. സ്കൂളുകൾ കേന്ദ്രീകരിച്ച് വലിയ സംഘങ്ങൾ കുട്ടികളെ കണ്ണികളാക്കാൻവേണ്ടി പ്രവർത്തിക്കുകയാണ്. അഴിയൂരിലെ സംഭവത്തെക്കുറിച്ച് അന്വേഷിച്ചറിഞ്ഞപ്പോൾ എന്റെ കയ്യുംകാലും വിറച്ചുപോയി. എട്ടാം ക്ലാസിൽ പഠിക്കുന്ന പെൺകുട്ടിയെ ലഹരിക്കടത്തിനായി ഉപയോഗിച്ചിരിക്കുകയാണ്. ലഹരിമരുന്ന് കൈമാറുമ്പോൾ ആരാണ് കൊണ്ടുവരുന്നതെന്ന് മനസ്സിലാക്കാൻ കുട്ടിയെ അടയാളം വച്ചാണ് കൊണ്ടുപോകുന്നത്. ആ കുട്ടിയെ ലഹരി മരുന്നിന് അടിമയാക്കി. ഒരു ദിവസം സ്കൂളിൽ വച്ച് ആ കുട്ടി അവിടത്തെ ബാത്ത്റൂമിലെ ബക്കറ്റിൽനിന്ന് വെള്ളം തലയിലൊഴിച്ച് പേടിച്ച് വിറച്ച് ചുണ്ട് കോടിയിരിക്കുകയാണ്. കാരണം, അതിന് ചൂട് സഹിക്കാൻ കഴിയുന്നില്ല. സ്ഥിരമായി ലഹരി ഉപയോഗിക്കുന്ന കുട്ടിക്ക് അത് കിട്ടാതെവന്നപ്പോൾ ചൂട് സഹിക്കാനാകാതെ തലയിൽ വെള്ളമൊഴിക്കുകയാണ്. അങ്ങനെയാണ് സ്കൂൾ അധികൃതർ വീട്ടുകാരെ വിവരമറിയിക്കുന്നത്. കുട്ടിയുടെ വീട്ടുകാർ പോലീസ് സ്റ്റേഷനിൽ പരാതിയുമായി പോയി. എട്ടാം ക്ലാസ്സിൽ പഠിക്കുന്ന കുട്ടിയുടെ മൊഴിയെടുക്കാനായി പോലീസ് സ്റ്റേഷനിലേയ്ക്ക് വിളിക്കണ്ടേ? കുട്ടിയെ

മൊഴിയെടുക്കാൻ വിളിപ്പിച്ചപ്പോൾ പോലീസ് സ്റ്റേഷനുചുറ്റും കുട്ടിയെ ലഹരിക്കടത്തിനായി ഉപയോഗിച്ച പ്രതികളുണ്ടായിരുന്നു. അവരെക്കണ്ടപ്പോൾ ആ കുട്ടി വിരണ്ടുപോയി. ഇതൊക്കെ നമ്മുടെ നാട്ടിൽ സംഭവിക്കാമോ; ലഹരിക്കെതിരെ സർക്കാരും ജനങ്ങളും പ്രതിപക്ഷവുംകൂടി നടത്തുന്ന ക്യാമ്പയിനെക്കുറിച്ച് പോലീസ് സ്റ്റേഷനിലുള്ളവർ അറിയുന്നില്ലേ? മൊഴി ശരിയല്ലെന്നുപറഞ്ഞുകൊണ്ട് ആ കുട്ടിയെ പോലീസ് സ്റ്റേഷനിൽനിന്നും പറഞ്ഞുവിടുകയാണ് ചെയ്തത്. അതിനുശേഷമാണ് ഈ വിഷയം വളരെ ഗൗരവമായി വന്നത്. അപ്പോഴും ഡ്രഗ്സുമായി ബന്ധപ്പെട്ട കേസ്സെടുക്കാതെ പോക്സോ കേസ്സാണെടുത്തത്. ഇതിന്റെ പിന്നിൽ പ്രവർത്തിക്കുന്ന നെക്സസുകൾക്ക് പലതരത്തിലുള്ള ബന്ധമാണുള്ളത്. മയക്കുമരുന്ന് മാഫിയകൾക്ക് പോലീസ് സ്റ്റേഷനുചുറ്റും കറങ്ങിനടക്കാനും പരാതികൊടുക്കാൻ വരുന്നവരെ വിരട്ടാനും കഴിയുമെങ്കിൽ എന്തുമാത്രം ധൈര്യമാണ് അവർക്കുള്ളതെന്ന് മനസ്സിലാക്കണം. പൊളിറ്റിക്കൽ സ്പോൺസർഷിപ്പിനെക്കുറിച്ച് രാഷ്ട്രീയമായി പറഞ്ഞതല്ല. പലസ്ഥലത്തും പല പ്രാദേശിക ഘടകങ്ങളും ഇതിന്റെ ഭാഗമായി നിൽക്കുന്നുണ്ട്. പല സ്ഥലത്തും തദ്ദേശീയരായ ചിലരുടെ പിന്തുണയോടെയാണ് ഈ സംഘങ്ങൾ പ്രവർത്തിക്കുന്നത്. അതുകൊണ്ടാണ് മലയിൻകീഴിലെ വിഷയത്തെക്കുറിച്ച്

സൂചിപ്പിച്ചത്. മലയിൻകീഴിലെ ഡി.വൈ.എഫ്.ഐ. നേതാവ് ജയിലിലാണെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത് ശരിയാണ്. അയാളുടെ ഫോണിൽനിന്നും മുപ്പതോളം സ്ത്രീകളുമായി ബന്ധപ്പെട്ട കാര്യങ്ങളാണ് പിടിച്ചെടുത്തത്. ആറ് വർഷംമുമ്പ് അവിടെയുണ്ടായ സംഭവമെന്താണെന്നറിയാമോ? ആറുവർഷം മുമ്പ് അവിടെ തൊട്ടടുത്തുള്ള ഒരു സ്ത്രീയുടെ ഫോൺ നമ്പർ അശ്ലീല സൈറ്റിൽ കൊടുത്തപ്പോൾ ആ നമ്പരിലേയ്ക്ക് ആളുകൾ വിളിക്കാൻ തുടങ്ങി. ആ സ്ത്രീ അക്കാര്യത്തെക്കുറിച്ച് അന്വേഷിച്ചപ്പോൾ ഇയാളാണ് നമ്പർ കൊടുത്തതെന്ന് മനസ്സിലായി. അവർ പരാതികൊടുക്കാൻ പോയപ്പോൾ പരാതികൊടുത്താൽ അവരെ വച്ചേയ്ക്കില്ലെന്നുപറഞ്ഞ് ഭീഷണിപ്പെടുത്തുകയുണ്ടായി. അവർ അക്കാര്യംകൂടി ചേർത്ത് പരാതികൊടുക്കാൻ പോയപ്പോൾ പ്രതിയുടെ മാതാപിതാക്കൾ ആത്മഹത്യ ചെയ്യുമെന്ന് പറഞ്ഞു. അതിനുശേഷം അവർ തിരിച്ചുപോകാൻ തുടങ്ങുമ്പോൾ 'നാളെകഴിഞ്ഞാൽ നിങ്ങളെ ജീവിക്കാൻ സമ്മതിക്കില്ല' എന്ന് പറഞ്ഞു. അവർ എന്താണ് ചെയ്തത്; സെറ്റിൽമെന്റുണ്ടായപ്പോൾ അവർ ശ്രീചിത്ര പുവർ ഹോമിലേയ്ക്ക് 25,000/- രൂപ അവനെക്കൊണ്ട് അടപ്പിച്ചു. എന്നിട്ട് അവനൊരു അടി കൊടുത്തിട്ട് പറഞ്ഞു, 'നിന്റെ അമ്മ തന്നതാണെന്ന് പറയാൻ പറഞ്ഞു' എന്ന്. അതിനുശേഷം തിരിച്ചുവരുന്ന

നേരത്ത്, അവരെ വച്ചേക്കില്ലെന്ന് പറയുകയും ചെയ്തു. അന്ന് അവർ ഫേസ്ബുക്ക് പേജിൽ ഒരു പോസ്റ്റിട്ടിരുന്നു. അതിൽ പറയുന്നത്, 'വീടുകയറി വെട്ടുന്ന സ്വഭാവമാണ് ഇവന്, ക്രിമിനൽ പശ്ചാത്തലവും സ്വഭാവവുമുള്ള ഇവനെ ഇത്രയുംനാൾ പാർട്ടി കൊണ്ടുനടന്നതുതന്നെ തീർത്തും അപഹാസ്യമാണ്. സ്ത്രീ സുരക്ഷ ഉറപ്പാക്കേണ്ട യുവജന പ്രസ്ഥാനങ്ങൾ ഇങ്ങനെ അധഃപതിക്കുന്നത് തികച്ചും ലജ്ജാവഹമാണ് ' എന്നായിരുന്നു. ഇത് ആറ് വർഷംമുമ്പുണ്ടായ സംഭവമാണ്. അയാൾക്ക് ഇപ്പോൾ പ്രൊമോഷൻ ലഭിച്ച് മേഖലാ പ്രസിഡന്റായിരിക്കുകയാണ്.

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (<u>ശ്രീ. എം. ബി. രാജേഷ്</u>): സർ, അങ്ങ് ഉദ്ധരിക്കുന്ന പത്രം ഏതാണെന്ന് എനിക്കും അങ്ങേയ്ക്കുമറിയാം. ഇക്കാര്യങ്ങളിൽ ചില പത്രങ്ങൾ ചില സന്ദർഭങ്ങളിൽ സ്വീകരിക്കുന്ന സങ്കുചിതമായ നിലപാടുണ്ട്. അത് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിൽനിന്ന് പ്രതീക്ഷിക്കുന്നില്ല. മേപ്പാടിയിലെ സംഭവമുണ്ടായി 48 മണിക്കൂർ കഴിഞ്ഞിട്ടും ആ വാർത്ത പുറത്തുവന്നില്ല. അങ്ങ് പത്രത്തിലുള്ളത് ഉദ്ധരിച്ചുകൊണ്ട് ഞാൻ ഇത് അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ഒരു പെൺകുട്ടി ലഹരി മാഫിയയാൽ ആക്രമിക്കപ്പെട്ട് ഐ.സി.യു.-വിൽ അഡ്മിറ്റായി 48 മണിക്കൂർ കഴിഞ്ഞിട്ടും

ആ വാർത്ത വന്നിട്ടില്ല. പിന്നീട് വാർത്ത വന്നത് എങ്ങനെയാണെന്ന് അറിയാമോ? ഇതിൽ ഉൾപ്പെട്ട പ്രതികളെ നാട്ടുകാർ കൈകാര്യം ചെയ്യുന്ന സ്ഥിതിയുണ്ടായപ്പോൾ ഒരു ടെലിവിഷൻ ചാനലിൽ എഴുതിക്കാണിക്കുകയാണ് 'നിയമം കയ്യിലെടുക്കുന്നവർ' എന്ന്. നേരത്തെ അപർണ ഗൗരിയെ തല്ലിയത് നിയമം താലത്തിലെടുത്തതാണോ? ഇങ്ങനെയുള്ള സമീപനങ്ങളാണുള്ളതെന്ന് അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തിയതാണ്.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, ഇത് തിരുവനന്തപുരം നഗരത്തിന് തൊട്ടടുത്തുള്ള സ്ഥലമല്ലേ; ഒരു സ്ത്രീ അവരുടെ ഫേസ്ബുക്ക് പേജിൽ 25,000/- രൂപ ശ്രീചിത്രാ പുവർ ഹോമിൽ അടപ്പിച്ചതിന്റെ രസീത് ഉൾപ്പെടെ പോസ്റ്റ് ചെയ്തൊരു സംഭവമാണ്. എന്നിട്ടും യാതൊരു നടപടിയുമെടുത്തില്ല. അദ്ദേഹത്തെ പാർട്ടിയിൽനിന്ന് പുറത്താക്കുമെന്നാണ് അവർക്ക് ഉറപ്പുകൊടുത്തത്. അദ്ദേഹം ജയിലിലാണെന്ന് അങ്ങ് പറഞ്ഞതുകൊണ്ടാണ് ഇക്കാര്യം സൂചിപ്പിച്ചത്. ഈയൊരു സ്ഥാനത്തിരുന്നുകൊണ്ടാണ് ഇത്തരം കുഴപ്പങ്ങളെല്ലാം അയാൾ കാണിച്ചത്. അയാളുടെ കയ്യിൽനിന്ന് ലഭിച്ച വിവരങ്ങളും അയാൾ നടത്തുന്ന മയക്കമരുന്ന് ഇടപാടിനെക്കുറിച്ചും ഞാൻ പറയുന്നില്ല. പത്രം ഉദ്ധരിച്ചത് മാത്രമല്ല,

ആറുകൊല്ലം മുമ്പുണ്ടായിരുന്ന അവരുടെ ഫേസ്ബുക്ക് കുറിപ്പുമുണ്ട്. അങ്ങ് മേപ്പാടിയിലെ വിഷയം പറഞ്ഞു. നിങ്ങൾ ഇന്നും ഇന്നലെയും അതിനെക്കുറിച്ച് പറഞ്ഞു; എന്നാൽ ഞങ്ങൾക്ക് പൊളിറ്റിക്കൽ സ്പോൺസർഷിപ്പിന്റെ കാര്യം പറയാൻ പാടില്ലെന്നാണോ? മേപ്പാടിയിൽ ഗവൺമെന്റ് പോളിടെക്നിക് ആരംഭിച്ചിട്ട് 23 വർഷമായി. അവിടെ നമ്മുടെ കുട്ടികളുടെ ഭാഗത്തുനിന്നും വലിയൊരു തെറ്റുണ്ടായി. കാരണം, 23 വർഷത്തിനുശേഷം ആദ്യമായി അവിടെ കെ.എസ്.യു. ജയിച്ചു. അതാണ് പ്രശ്നം. അവരെ ആക്രമിച്ചത് മയക്കുമരുന്ന് സംഘമാണെന്ന് അങ്ങ് പറഞ്ഞല്ലോ; ക്യാമ്പസിൽ വ്യാപകമായി ലഹരി ഉപയോഗിക്കുന്ന ദൃശ്യങ്ങളുൾപ്പെടെ പുറത്തുവന്ന സാഹചര്യത്തിൽ എസ്.എഫ്.ഐ. യൂണിയൻ സെക്രട്ടറി വിഷ്ണുവിന്റെ നേതൃത്വത്തിലുള്ള രണ്ട് വിദ്യാർത്ഥികളെ ഇന്നലെ കോളേജിൽനിന്ന് സസ്പെന്റ് ചെയ്തതായി പ്രിൻസിപ്പാൾ അറിയിച്ചു.

ശ്രീ. ലിന്റോ ജോസഫ്: സർ, എസ്.എഫ്.ഐ.-യുടെ കാര്യം പറയേണ്ട. അങ്ങ് പച്ചക്കള്ളമാണ് പറയുന്നത്. (.....ബഹളം.....)

മി. സ്പീക്കർ: ശ്രീ. ലിന്റോ ജോസഫ് സീറ്റിലിരിക്കു (.....ബഹളം.....) പ്ലീസ്......പ്ലീസ്..... ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് സംസാരിക്കട്ടെ.

ശ്രീ. വി. ഡി. സതീശൻ: സർ, ഈ ബഹളത്തിനിടയിൽ എങ്ങനെയാണ് സംസാരിക്കുന്നത്? (.....ബഹളം.....)

മി. സ്പീക്കർ: ശ്രീ. ടി. സിദ്ദിഖ്, സീറ്റിലിരിക്കൂ (.....ബഹളം.....) പ്രതിപക്ഷനേതാവ് സംസാരിക്കട്ടെ.

ശ്രീ. വി. ഡി. സതീശൻ: സർ, ബഹുമാനപ്പെട്ട മന്ത്രി മേപ്പാടിയിലെ കാര്യം പറഞ്ഞതുകൊണ്ടാണ് ഞാനും മേപ്പാടിയിലെ കാര്യം സൂചിപ്പിച്ചത്. 07-12-2022-ന് ആക്രമണത്തിൽ പരിക്കേറ്റ് ആശുപത്രിയിൽ അഡ്മിറ്റ് ചെയ്തിരിക്കുന്ന എസ്.എഫ്.ഐ. നേതാവായ ആ പെൺകുട്ടി മനോരമ ന്യൂസിൽ കൊടുത്ത സ്റ്റേറ്റ്മെന്റ് ഞാൻ കണ്ടതാണ്. അതിൽ കാര്യങ്ങളെല്ലാം കൃത്യമായി പറയുന്നുണ്ട്. പണ്ട് നാട്ടിൽ സജീവമായി എസ്.എഫ്.ഐ.-യിൽ പ്രവർത്തകരായിരുന്നവരാണ് മേപ്പാടി പോളിടെക്നിക് കോളേജിൽ വന്ന് ലഹരി ഉപയോഗത്തിന് നേതൃത്വം നൽകുന്നതെന്നും പിന്നീട് അവർ തമ്മിലാണ് തർക്കമുണ്ടായതെന്നുമാണ് അപർണ ഗൗരി മനോരമ ന്യൂസിന് നൽകിയ ഇന്റർവ്യൂവിൽ പറഞ്ഞത്. (.....ബഹളം.....) ഇത് ആ പെൺകുട്ടി ഇന്റർവ്യൂവിൽ സൂചിപ്പിച്ച കാര്യമാണ്. (.....ബഹളം.....)

മി. സ്പീക്കർ: പ്ലീസ്.... പ്ലീസ്... ബഹുമാനപ്പെട്ട അംഗങ്ങൾ സീറ്റിലിരിക്കണം. ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി സീറ്റിലിരിക്കൂ.

ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് വാക്കൗട്ട് പ്രസംഗം തുടരട്ടെ. പ്ലീസ്.... പ്ലീസ്.....

ശ്രീ. എം. ബി. രാജേഷ്: സർ,......

ശ്രീ. വി. ഡി. സതീശൻ: സർ, (.....ബഹളം.....) ബഹുമാനപ്പെട്ട മന്ത്രിക്ക് സംസാരിക്കാൻ ഞാൻ വഴങ്ങിക്കൊടുത്തിട്ടില്ല. എനിക്ക് സംസാരിക്കാൻ നൽകിയ സമയത്ത് ബഹുമാനപ്പെട്ട മന്ത്രിയെ സംസാരിക്കാൻ ഞാൻ അനുവദിക്കുന്നതെങ്ങനെയാണ്. ബഹുമാനപ്പെട്ട മന്ത്രിക്ക് ഞാൻ വഴങ്ങുന്നില്ല. (.....ബഹളം.....)

മി. സ്പീക്കർ: പ്ലീസ്... പ്ലീസ്..... (.....ബഹളം......) ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പ്രസംഗിക്കട്ടെ. എല്ലാവരും അവരവരുടെ സീറ്റുകളിലിരിക്കണം. ശ്രീ. ടി. സിദ്ദിഖ്, അങ്ങ് സീറ്റിലിരിക്കണം. ബഹുമാനപ്പെട്ട ഭരണപക്ഷാംഗങ്ങൾ സീറ്റിലിരിക്കൂ. പ്ലീസ്.... പ്ലീസ്.... ശ്രീ. കെ. എം. സച്ചിൻദേവ്, ശ്രീ. ലിന്റോ ജോസഫ്, ശ്രീ. കെ. യു. ജനീഷ് കുമാർ സീറ്റിലിരിക്കൂ. പ്ലീസ്..... പ്ലീസ്..... ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പ്രസംഗം തുടരട്ടെ. നിങ്ങളുടെ പ്രതിഷേധം അറിയിച്ചുകഴിഞ്ഞല്ലോ. എല്ലാവരും അവരവരുടെ സീറ്റുകളിലിരിക്കണം. ബഹുമാനപ്പെട്ട പ്രതിപക്ഷാംഗങ്ങൾ സീറ്റിലിരിക്കൂ.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, ഞാൻ ബഹുമാനപ്പെട്ട മന്ത്രിക്ക് വഴങ്ങാം.

<u>ശ്രീ. എം. ബി. രാജേഷ്</u>: സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഇവിടെ ഒരു ഇന്റർവ്യൂവാണ് ഉദ്ധരിക്കുന്നത്. അടികൊണ്ട് ഐ.സി.യു.-വിൽ അഡ്മിറ്റായി കിടക്കുന്ന കുട്ടിയുടെ ഫേസ്ബുക്ക് പോസ്റ്റ് ഞാൻ വായിക്കാം. (.....ബഹളം......) ഇത് അങ്ങ് പറഞ്ഞതിനുള്ള മറുപടിയാണ്. 'ട്രാബിയോക്ക്' എന്ന കൂട്ടായ്മയിൽ... (.....ബഹളം......) അങ്ങ് ആ കുട്ടിയെക്കുറിച്ച് പരാമർശിച്ചു. അങ്ങ് വഴങ്ങിയതുകൊണ്ടാണ് ഞാൻ സംസാരിച്ചത്. (.....ബഹളം......)

<u>മി. സ്പീക്കർ</u>: യെസ്.... യെസ്..... ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് വഴങ്ങിയതുകൊണ്ടാണ് ബഹുമാനപ്പെട്ട മന്ത്രി സംസാരിച്ചത്. ബഹുമാനപ്പെട്ട മന്ത്രി ഇരിക്കൂ. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പ്രസംഗം തുടരട്ടെ. (.....ബഹളം......) പ്ലീസ്.... പ്ലീസ്....

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, ഞാൻ സംസാരിച്ചുകൊണ്ടിരുന്ന കാര്യം പൂർത്തിയാക്കാതെ ബഹുമാനപ്പെട്ട മന്ത്രിയെ പ്രസംഗിക്കാൻ അനുവദിക്കില്ല. ഞാൻ വഴങ്ങിയത് അങ്ങേയ്ക്ക് ചോദ്യം ചോദിക്കാനാണ്; അല്ലാതെ പ്രസംഗിക്കാനല്ല.

മി. സ്പീക്കർ: അങ്ങ് ബഹുമാനപ്പെട്ട മന്ത്രിക്ക് ചോദ്യം അനുവദിക്കുന്നുണ്ടോ? പ്ലീസ്... പ്ലീസ്... ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് വഴങ്ങാൻ തയ്യാറല്ല; അദ്ദേഹം പ്രസംഗിക്കട്ടെ, പ്രസംഗം തുടരൂ.

ശ്രീ. വി. ഡി. സതീശൻ: സർ, ഈ പെൺകുട്ടിയെ ആക്രമിച്ചുവെന്ന് പറയപ്പെടുന്ന കേസിൽ അറസ്റ്റിലായ അതേ പ്രതികൾ തന്നെയാണ് മൂന്ന് മാസങ്ങൾക്കുമുമ്പ് അവിടെ സ്ഥാപിച്ച എം.എസ്.എഫ്.-ന്റെ കൊടിമരം പിഴുതെറിഞ്ഞ കേസിലും പ്രതികളായിരിക്കുന്നത്. (.....ബഹളം......) കെ.എസ്.യു.-ക്കാർ അല്ലല്ലോ അത് നശിപ്പിച്ചത്. അവിടെ ഒരാൾക്കും പ്രവർത്തന സ്വാതന്ത്ര്യമില്ല. കാരണം, ഒരു മയക്കുമരുന്ന് സംഘം ആ ക്യാമ്പസിൽ പ്രവർത്തിക്കുകയാണ്. അവിടത്തെ പഴയ ആളുകളാണ്. എസ്.എഫ്.ഐ.-ക്ക് ഇലക്ഷനിൽ തോൽവിയുണ്ടായതിന്റെ കാരണം കെ.എസ്.യു.-ക്കാരുടെ പേരിൽ ആക്കേണ്ട. അവിടെ പ്രവർത്തിക്കുന്നത് മയക്കുമരുന്ന് സംഘമാണ്. മയക്കുമരുന്ന് ഉപയോഗിച്ചതിന് എസ്.എഫ്.ഐ. യൂണിറ്റ് സെക്രട്ടറിയെ പ്രിൻസിപ്പാൾ പുറത്താക്കി. കെ.എസ്.യു. ജയിച്ചതിന് കുട്ടികളെ മുഴുവൻ ആണിവച്ച പട്ടികകൊണ്ട് തലയ്ക്കടിച്ച് പരിക്കേൽപ്പിക്കുകയാണ് ചെയ്തത്. എന്നിട്ട് അവരെ സംരക്ഷിക്കാൻ ശ്രമിക്കുകയാണ്. (.....ബഹളം......)

അടിയന്തരപ്രമേയത്തിൽ പോയിന്റ് ഓഫ് ഓർഡർ അനുവദിക്കാറില്ല. കഴിഞ്ഞ ദിവസം എനിക്ക് പോയിന്റ് ഓഫ് ഓർഡർ അനുവദിച്ചില്ലല്ലോ. അടിയന്തരപ്രമേയത്തിൽ പോയിന്റ് ഓഫ് ഓർഡർ അനുവദിക്കില്ലെന്ന് അങ്ങുതന്നെ എന്നോട് കഴിഞ്ഞ ദിവസം പറഞ്ഞല്ലോ. (.....ബഹളം......) ഞാൻ ഭീരുവായ ഒരാളാണ്. അങ്ങയെപ്പോലെ എനിക്ക് ധൈര്യമില്ല. (.....ബഹളം......)

മി. സ്പീക്കർ: അങ്ങ് പ്രസംഗം തുടരൂ.

ശ്രീ. വി. ഡി. സതീശൻ: സർ, എന്നെ ശല്യപ്പെടുത്തുകയല്ലേ? എല്ലാവരുംകൂടി ബഹളമുണ്ടാക്കി ഭീഷണിപ്പെടുത്തി എന്റെ പ്രസംഗം അവസാനിപ്പിക്കാൻ ശ്രമിക്കേണ്ട. അംഗസംഖ്യ കൂടുതലായതുകൊണ്ട് ബഹളമുണ്ടാക്കി ഭീഷണിപ്പെടുത്താമെന്ന് കരുതരുത്. ബഹുമാനപ്പെട്ട മന്ത്രി ഇങ്ങനെ സംസാരിക്കുന്നത് ശരിയാണോ? എങ്ങനെയാണ് പാരലലായി പ്രസംഗിക്കാനാകുന്നത്? (.....ബഹളം......)

മി. സ്പീക്കർ: എല്ലാവരും ഇരിക്കൂ. പ്ലീസ്.... പ്ലീസ്...... ശ്രീ. കെ. യു. ജനീഷ് കുമാർ, ശ്രീ. കെ. എം. സച്ചിൻദേവ് ദയവായി സീറ്റിലിരിക്കൂ...

ശ്രീ. വി. ഡി. സതീശൻ: സർ, കഴിഞ്ഞ ദിവസം ഞാൻ അടിയന്തരപ്രമേയ വേളയിൽ പോയിന്റ് ഓഫ് ഓർഡർ ഉന്നയിച്ചപ്പോൾ

ബഹുമാനപ്പെട്ട സ്പീക്കർ ഒരു തീരുമാനമെടുത്തിരുന്നു. അടിയന്തരപ്രമേയം അവതരിപ്പിക്കുമ്പോൾ പോയിന്റ് ഓഫ് ഓർഡർ ഇല്ലെന്നുപറഞ്ഞു. അത് നല്ല കാര്യമാണ്. ഞാൻ അതിനെ അനുകൂലിക്കുന്നു. ഞാൻ സംസാരിച്ചുകൊണ്ടിരിക്കുമ്പോഴും അത് ബാധകമല്ലേ? ഭരണപക്ഷബെഞ്ചുകളിലെ പുറകിലിരിക്കുന്നവർ ബഹളമുണ്ടാക്കി എന്റെ പ്രസംഗത്തെ തടസ്സപ്പെടുത്തുകയാണ്. മേപ്പാടിയിലെ കാര്യം ബഹുമാനപ്പെട്ട മന്ത്രി ....(.....ബഹളം......) ബഹളമുണ്ടാക്കുന്നത് ഞാൻ സംസാരിക്കാതിരിക്കാൻ വേണ്ടിയാണ്. എന്റെ പ്രസംഗത്തിന്റെ ഏഴാമത്തെ മിനിട്ട് മുതൽ ആരംഭിച്ച ബഹളമാണിത്.

മി. സ്പീക്കർ: ഇന്ന് വെള്ളിയാഴ്ചയാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് സംസാരിക്കൂ.

ശ്രീ. വി. ഡി. സതീശൻ: സർ, പ്രതിപക്ഷനേതാവിന് പ്രസംഗിക്കാൻ അനുമതി നൽകാതെ ബഹളമുണ്ടാക്കിയിട്ട് സമയം ഇത്രയായെന്ന് പറഞ്ഞാൽ... ഇതിൽ പൊളിറ്റിക്കൽ സ്പോൺസർഷിപ്പുണ്ട്. ഡി.വൈ.എഫ്.ഐ.-യുടെ ഒരു ഫുട്ബോൾ ടൂർണമെന്റ് കൊച്ചി നഗരത്തിൽ നടത്തിയിരുന്നു. അതിലെ ഒന്നാം സമ്മാനമായ 10,000/- രൂപ സ്പോൺസർ ചെയ്തത് സി.ഐ.ടി.യു.-വിന്റെ ഏരിയ കമ്മിറ്റി മെമ്പറാണ്. അദ്ദേഹം

ഇപ്പോൾ ലഹരിമരുന്ന് കേസിൽ അറസ്റ്റിലായിരിക്കുകയാണ്. അയാളുടെ പേര് ഞാൻ പറയുന്നില്ല. (.....ബഹളം......) ഞങ്ങൾ ആത്മാർത്ഥമായി തന്നെയാണ് സംസാരിക്കുന്നത്.

മി. സ്പീക്കർ: ഇതിലൊരു തർക്കം വേണ്ട. അങ്ങ് സംസാരിക്കൂ.

ശ്രീ. വി. ഡി. സതീശൻ: സർ, അങ്ങ് എന്നെയല്ല നിയന്ത്രിക്കേണ്ടത്. (....ബഹളം....)

(പ്രതിപക്ഷനേതാവിന്റെ പ്രസംഗത്തിനിടെയുണ്ടായ പരാമർശത്തിൽ പ്രതിഷേധിച്ച് ഭരണ-പ്രതിപക്ഷാംഗങ്ങൾ ബഹളം വച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

മി. സ്പീക്കർ: ബഹുമാനപ്പെട്ട ഭരണപക്ഷാംഗങ്ങൾ സീറ്റിലിരിക്കണം. (.....ബഹളം......) ഇതൊരു കോമൺ ഫൈറ്റാണ്. ഇതിന് പൊളിറ്റിക്കൽ കളർ കൊടുത്ത് ഫൈറ്റ് ഡിവൈഡ് ചെയ്യരുത്. ഭരണപക്ഷവും പ്രതിപക്ഷവും പരസ്പരം പോരടിച്ചാൽ സഭ നടത്തിക്കൊണ്ടുപോകാൻ സാധിക്കില്ല. അതുകൊണ്ട് ചെയറുമായി സഹകരിക്കണം. എല്ലാവരും സീറ്റിലിരിക്കണം. (.....ബഹളം......)

ഓർഡർ..... ഓർഡർ..... സഭാനടപടികൾ സുഗമമായി നടത്തിക്കൊണ്ടുപോകാൻ സാധിക്കാത്ത സാഹചര്യത്തിൽ കാര്യവിവരപ്പട്ടികയിലെ തുടർന്നുള്ള നടപടികൾ സസ്പെൻഡ് ചെയ്യുന്നു.

(ഭരണ-പ്രതിപക്ഷ ബഹളത്തെത്തുടർന്ന് സഭാനടപടികൾ സുഗമമായി നടത്തിക്കൊണ്ടുപോകാൻ കഴിയാത്ത സാഹചര്യത്തിൽ കാര്യവിവരപ്പട്ടികയിലെ തുടർന്നുള്ള നടപടികൾ സസ്പെൻഡ് ചെയ്തു.)

ഓർഡർ...... ഓർഡർ.... സഭ ഇപ്പോൾ പിരിയുന്നതും തിങ്കളാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2022 ഡിസംബർ മാസം 12-ാം തീയതി തിങ്കളാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ രാവിലെ 11.02-ന് പിരിഞ്ഞു.)

* * * *

**അനുബന്ധം 1**

## 2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### ഉന്നതവിദ്യാഭ്യാസ മേഖലയിൽ പാഠ്യപദ്ധതി നവീകരണം

5 (*125) ശ്രീ. കെ. യു. ജനീഷ് കുമാർ:
ശ്രീ. എം. വിജിൻ:
ശ്രീമതി ദെലീമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ബൗദ്ധിക മികവിനൊപ്പം ആഗോള തൊഴിൽ വിപണിയിലെ അവസരങ്ങൾ കരസ്ഥമാക്കുന്നതിനും മത്സരപരീക്ഷകളിൽ മികച്ച പ്രകടനം കാഴ്ചവയ്ക്കുന്നതിനും വിദ്യാർത്ഥികളെ പ്രാപ്തരാക്കുന്ന തരത്തിൽ ഉന്നതവിദ്യാഭ്യാസ മേഖലയിൽ പാഠ്യപദ്ധതി നവീകരിക്കാനുദ്ദേശിക്കുന്നുണ്ടോ?

ഉണ്ട്. സംസ്ഥാനത്തെ സർവ്വകലാശാലകളിലും കോളേജുകളിലും പാഠ്യപദ്ധതി പരിഷ്കരണവും നാലുവർഷ ഡിഗ്രി പ്രോഗ്രാമും ആരംഭിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു.

(ബി) ഉന്നതവിദ്യാഭ്യാസത്തിനായി വൻതുക മുടക്കി മറ്റ് രാജ്യങ്ങളിലും രാജ്യത്തെ തന്നെ വൻനഗരങ്ങളിലും പോകുന്ന വിദ്യാർത്ഥികളെയും മറ്റ് രാജ്യങ്ങളിൽ നിന്നുള്ള വിദ്യാർത്ഥികളെയും കൂടി ആകർഷിക്കാൻ കഴിയുന്ന തരത്തിൽ മികച്ച അക്കാദമിക പരിസരം സൃഷ്ടിച്ചുകൊണ്ട് കേരളത്തെ ഉന്നതവിദ്യാഭ്യാസത്തിന്റെ ആഗോള ഹബ്ബാക്കി മാറ്റുകയെന്ന ലക്ഷ്യത്തോടെ നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ?

സംസ്ഥാനത്ത് ഉന്നത വിദ്യാഭ്യാസത്തിന്റെ ഘടനയും ഉള്ളടക്കവും പരിഷ്കരിക്കുന്നതിന് ഡോ. ശ്യാം ബി. മേനോൻ അദ്ധ്യക്ഷനായി ഉന്നത വിദ്യാഭ്യാസ പരിഷ്കരണ കമ്മീഷൻ, ഡോ. എൻ. കെ. ജയകുമാർ അദ്ധ്യക്ഷനായി നിയമപരിഷ്കരണ കമ്മീഷൻ, ഡോ. സി. റ്റി. അരവിന്ദകുമാർ അദ്ധ്യക്ഷനായി പരീക്ഷാ പരിഷ്കരണ കമ്മീഷൻ എന്നിങ്ങനെ മൂന്ന് കമ്മീഷനുകളെ നിയമിച്ചിരുന്നു. കമ്മീഷനുകൾ അവരുടെ റിപ്പോർട്ടുകൾ സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

സംസ്ഥാനത്ത് ഉന്നതവിദ്യാഭ്യാസ മേഖലയെ വൈജ്ഞാനിക ഹബ്ബാക്കുന്ന വിധത്തിൽ നടപ്പിലാക്കാനുദ്ദേശിക്കുന്ന പരിഷ്കാരങ്ങൾ ചുവടെ ചേർക്കുന്നു.

1. <u>കരിക്കുലം പരിഷ്കാരം</u>: 4 വർഷ ബിരുദ പ്രോഗ്രാമുകൾ ആരംഭിക്കുന്നതിനാവശ്യമായ കരിക്കുലം ചട്ടക്കൂട് രൂപീകരിക്കാൻ നടപടിയാരംഭിച്ചു.

2. <u>പുതുതലമുറ കോഴ്സുകൾ</u>: സർവ്വകലാശാലകളിലും കോളേജുകളിലും പുത്തൻ തലമുറ (New Generation Inter Disciplinary) സ്വഭാവമുള്ള വിവിധ കോഴ്സുകളാരംഭിക്കുകയുണ്ടായി. ഇപ്രകാരം ആരംഭിച്ച ചില കോഴ്സുകൾ താഴെപ്പറയുന്നു.

- Integrated Political Science with International Relations
- M.Sc. Statistics with specialization in Data Analytics
- M.Com International Trade
- Masters of Commerce in Taxation
- M.Sc. Physics with Computational and Nano science Specialization
- M.Sc. Chemistry with Drug Chemistry
- M.Sc. Computer Science with Specialization in Artificial Intelligence
- B.Sc. Physics with Machine Learning

- M.Sc. Physics with Specialization in Space Physics
- M.Sc. Chemistry in Drug Design and Development
- M.A. History (World History and Historiography)
- M.Sc. Botany with Specialization in Ethno Botany and Ethno Pharmacology
- M.A. Econometrics
- M.A. Business Economics
- Bachelor of Sports Management
- B.A. Advertising Sales Management
- Integrated Botany with Computational Biology
- M.Sc. Applied Plant Science

3. സർവ്വകലാശാലകളിൽ പ്രോജക്ട് മോഡ് പ്രോഗ്രാമുകൾ ആരംഭിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

4. മറ്റ് പ്രധാന പദ്ധതികൾ:

- കേരള അക്കാദമിക് ലൈബ്രറി നെറ്റ്‌വർക്കിന്റെ (കാൽനെറ്റ്) വികസനത്തിന്
- ഇ-ജേർണൽ കൺസോർഷ്യം

- ഡിജികോൾ
- ഓൺലൈൻ ഡിജിറ്റൽ ശേഖരം
- കേരള ഇൻസ്റ്റിറ്റ്യൂഷണൽ റാങ്കിംഗ് ഫ്രെയിം വർക്ക് (KIRF)
- അദ്ധ്യാപക പരിശീലന പദ്ധതി
- സ്റ്റേറ്റ് അസെസ്മെന്റ് ആൻഡ് അക്രഡിറ്റേഷൻ സെന്റർ (SAAC)
- ബ്രെയിൻ ഗെയിൻ-(ലോകമെമ്പാടുമുള്ള കേരളീയ അക്കാദമിക് ഡയസ്പോറയെക്കുറിച്ചുള്ള ഡാറ്റാ ബേസ്)
- എറുഡൈറ്റ് സ്കോളർ ഇൻ റസിഡൻസ് പ്രോഗ്രാം
- ചീഫ് മിനിസ്റ്റേഴ്സ് നവകേരള പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പ്

(സി) സിലബസ് തുടരെ നവീകരിക്കുന്നതോടൊപ്പം പരീക്ഷാ സമ്പ്രദായത്തിലെ ന്യൂനതകൾ പരിഹരിക്കുന്നതിനും മുൻകയ്യെടുക്കുമോയെന്ന് വ്യക്തമാക്കുമോ?

ഡോ. സി. റ്റി. അരവിന്ദകുമാർ അദ്ധ്യക്ഷനായ പരീക്ഷാ പരിഷ്കരണ കമ്മീഷൻ അതിന്റെ റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. റിപ്പോർട്ടിലെ ശിപാർശകൾ നടപ്പാക്കുന്നതിനുള്ള തുടർനടപടികൾക്കായി ഉന്നതവിദ്യാഭ്യാസ പരിഷ്കരണ നിർവ്വഹണ സെല്ലിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

## ഉന്നതവിദ്യാഭ്യാസ രംഗത്ത് നൂതന പഠന വകുപ്പുകൾ

6(*126) ഡോ. കെ. ടി. ജലീൽ:

ശ്രീ. എച്ച്. സലാം:

ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു) സദയം മറുപടി നൽകുമോ:

(എ) ശാസ്ത്ര സാങ്കേതിക രംഗവുമായി ബന്ധപ്പെട്ടുണ്ടാകുന്ന മുന്നേറ്റങ്ങളും പഠന, ഗവേഷണ പ്രവർത്തനങ്ങളും സമന്വയിപ്പിക്കുകയെന്ന ലക്ഷ്യമിട്ട് ബിരുദാനന്തര ബിരുദ, ഗവേഷണ പ്രോഗ്രാമുകളാരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; ഇതിനായി നൂതന പഠന വകുപ്പുകളാരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശം നൽകുമോ;

(ബി) സംസ്ഥാനത്തിന്റെ സമഗ്രപുരോഗതിക്ക് ജ്ഞാന സമ്പദ്‌വ്യവസ്ഥ രൂപപ്പെടുത്തുകയെന്ന ലക്ഷ്യം നേടുന്നതിന് ഇത് എത്രത്തോളം സഹായകരമാകുമെന്ന് വിശദമാക്കുമോ; ജ്ഞാന സമ്പദ്‌വ്യവസ്ഥയ്ക്ക് അടിത്തറയിടുന്ന മറ്റെന്തെല്ലാം നടപടികളാണ് ഉന്നതവിദ്യാഭ്യാസ രംഗത്ത് നടപ്പാക്കിവരുന്നത്; വിശദമാക്കുമോ?

(എ&ബി) സംസ്ഥാനത്ത് ഉന്നത വിദ്യാഭ്യാസത്തിന്റെ ഘടനയും ഉള്ളടക്കവും പരിഷ്കരിക്കുന്നതിന് നിയമിക്കപ്പെട്ട ഡോ. ശ്യാം ബി. മേനോൻ അദ്ധ്യക്ഷനായി ഉന്നതവിദ്യാഭ്യാസ പരിഷ്കരണ കമ്മീഷൻ, ഡോ. എൻ. കെ. ജയകുമാർ അദ്ധ്യക്ഷനായി നിയമപരിഷ്കരണ കമ്മീഷൻ, ഡോ. സി. റ്റി. അരവിന്ദകുമാർ അദ്ധ്യക്ഷനായി പരീക്ഷാ പരിഷ്കരണ കമ്മീഷൻ എന്നീ മൂന്ന് കമ്മീഷനുകളുടെ റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ 4 വർഷ ബിരുദ പ്രോഗ്രാമുകൾ ആരംഭിക്കുന്നതിനാവശ്യമായ കരിക്കുലം ചട്ടക്കൂട് രൂപീകരിക്കാൻ നടപടികളാരംഭിച്ചു (കേരള ഹയർ എഡ്യൂക്കേഷൻ കരിക്കുലം ഫ്രെയിംവർക്ക്). കൂടാതെ പ്രോജക്ട് മോഡ് പ്രോഗ്രാമുകൾ സർവ്വകലാശാലാതലത്തിലാരംഭിക്കാൻ അനുമതി നൽകിയിട്ടുണ്ട്.

<u>സംസ്ഥാനത്തിന്റെ സമഗ്ര പുരോഗതിയ്ക്ക് ജ്ഞാന സമ്പദ്‌വ്യവസ്ഥ രൂപപ്പെടുത്തുകയെന്ന ലക്ഷ്യത്തോടെ നടപ്പിലാക്കാനുദ്ദേശിക്കുന്ന പരിഷ്കാരങ്ങൾ:</u>

1. <u>കരിക്കുലം പരിഷ്കാരം</u>:- 4 വർഷ ബിരുദ പ്രോഗ്രാമുകൾ ആരംഭിക്കുന്നതിനാവശ്യമായ കരിക്കുലം ചട്ടക്കൂട് രൂപീകരിക്കാൻ നടപടികളാരംഭിച്ചു.

2. <u>പുതുതലമുറ കോഴ്സുകൾ</u>:- സർവ്വകലാശാലകളിലും കോളേജുകളിലും ബിരുദ, ബിരുദാനന്തര ബിരുദ പ്രോഗ്രാമുകൾക്ക് ഇരുപതിനായിരത്തോളം സീറ്റുകൾ വർദ്ധിപ്പിക്കുകയും പുത്തൻതലമുറ (New Generation Inter Disciplinary) സ്വഭാവമുള്ള കോഴ്സുകളാരംഭിക്കുകയുമുണ്ടായി.

3. സർവ്വകലാശാലകളിൽ പ്രോജക്ട് മോഡ് പ്രോഗ്രാമുകൾ ആരംഭിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

4. <u>മറ്റ് പ്രധാന പദ്ധതികൾ</u>:-

- കേരള അക്കാദമിക് ലൈബ്രറി നെറ്റ്‌വർക്കിന്റെ (കാൽനെറ്റ്) വികസനത്തിന്
- ഇ-ജേർണൽ കൺസോർഷ്യം
- ഡിജികോൾ
- ഓൺലൈൻ ഡിജിറ്റൽ ശേഖരം
- കേരള ഇൻസ്റ്റിറ്റ്യൂഷണൽ റാങ്കിംഗ് ഫ്രെയിം വർക്ക് (KIRF)
- അദ്ധ്യാപക പരിശീലന പദ്ധതി
- സ്റ്റേറ്റ് അസെസ്മെന്റ് ആൻഡ് അക്രെഡിറ്റേഷൻ സെന്റർ (SAAC)

- ബ്രെയിൻ ഗെയിൻ - (ലോകമെമ്പാടുമുള്ള കേരളീയ അക്കാദമിക് ഡയസ്പോറയെ കുറിച്ചുള്ള ഡേറ്റാബേസ്)
- എറുഡൈറ്റ് സ്കോളർ ഇൻ റെസിഡൻസ് പ്രോഗ്രാം
- ചീഫ് മിനിസ്റ്റേഴ്സ് നവകേരള പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പ്.

<u>കേരള സർവ്വകലാശാല</u>

ശാസ്ത്ര സാങ്കേതിക രംഗവുമായി ബന്ധപ്പെട്ടുണ്ടാകുന്ന മുന്നേറ്റങ്ങളും പഠന ഗവേഷണ പ്രവർത്തനങ്ങളും സമന്വയിപ്പിക്കുകയെന്ന ലക്ഷ്യമിട്ട് ബിരുദാനന്തര ബിരുദ ഗവേഷണ പ്രോഗ്രാമുകൾ ആരംഭിക്കുന്നതിന് സർവകലാശാല പദ്ധതികൾ ആവിഷ്കരിച്ച് താഴെപ്പറയുന്ന 9 നൂതന പഠന വകുപ്പുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

1. Atmospheric Science
2. Design Science
3. Communication Science and Electronics
4. Artificial Intelligence and Robotics
5. Data Science
6. Functional Organic Materials
7. Oceanography and Blue Economy

8. Renewable Energy

9. Integrative Biology

കൂടാതെ സംസ്ഥാനത്ത് സാമൂഹ്യനീതിയിലധിഷ്ഠിതമായി ജ്ഞാന സമൂഹനിർമ്മിതിയെന്ന പ്രഖ്യാപിത ലക്ഷ്യം കൈവരിക്കുന്നതിന് സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.

1. നൂതന അക്കാദമിക് പ്രോഗ്രാമുകൾ നടപ്പിലാക്കി

2.നാക് അക്രഡിറ്റേഷനുമായി ബന്ധപ്പെട്ട് അഫിലിയേറ്റഡ് കോളേജുകളെ അക്രഡിറ്റേഷന് സഹായിച്ചുവരുന്നു.

3.കോഴ്സ് പരിഷ്കരണം സംബന്ധിച്ച് " Outcome Based Education" എന്ന പേരിൽ ശിൽപ്പശാലകൾ സംഘടിപ്പിച്ച് സമൂലമായ പാഠ്യപദ്ധതി പരിഷ്കരണം നടന്നുവരുന്നു.

4. റിസർച്ച് ഡയറക്ടറേറ്റ് രൂപീകരിച്ചു.

5. Research Council പുന:ക്രമീകരിച്ചു.

6.ഐ.ക്യു.എ.സി.-യുടെ ആഭിമുഖ്യത്തിൽ അക്കാദമിക് ആഡിറ്റ് നടപ്പിലാക്കി.

പുതിയ ഗവേഷണ നയം രൂപീകരിച്ചു.

7.വിദ്യാർത്ഥികൾക്കായി Learning Management System (LMS) നടപ്പിലാക്കി.

8.Interaction with Eminent Scholar പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി.

9.കേരള സംസ്ഥാന Higher Education-ന്റെ ഭാഗമായ ASAP പദ്ധതിയിൽ ഭാഗമാകാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

10. മീറ്റ് ദി സ്കോളർ സംവാദ പരമ്പര ആവിഷ്കരിച്ച് നടപ്പിലാക്കി.

11. ട്രാവൽ ത്രൂ നോബൽ വിന്നേഴ്സ് പരിപാടി ആവിഷ്കരിച്ച് നടപ്പിലാക്കി.

12.ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

13.ഗവേഷണ പ്രവർത്തനങ്ങൾക്ക് ബൗദ്ധിക സ്വത്തവകാശ നയം വഴി പ്രത്യേക പദ്ധതികൾ നടപ്പിലാക്കി വരുന്നു.

<u>കാലിക്കറ്റ് സർവ്വകലാശാല</u>

ട്രാൻസ്‌ലേഷൻ റിസർച്ച് കേന്ദ്രങ്ങളും പുതിയ പ്രൊഫഷണൽ കോഴ്സുകളും തുടങ്ങുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. യൂണിവേഴ്സിറ്റി സെൻട്രൽ സോഫിസ്റ്റിക്കേറ്റഡ് ഇൻസ്ട്രുമെന്റേഷൻ ഫെസിലിറ്റി യൂണിവേഴ്സിറ്റി ഡിപ്പാർട്ടുമെന്റുകളിലെ ഗവേഷകർക്കും അഫിലിയേറ്റഡ് റിസർച്ച് സെന്ററുകളിലെ ഗവേഷകർക്കും പോസ്റ്റ് ഗ്രാജ്വേറ്റ് വിദ്യാർത്ഥികൾക്കും ഉപയോഗിക്കുന്നതിന് അനുയോജ്യമാക്കിയിട്ടുണ്ട്.

അക്കാദമിക പ്രവർത്തനങ്ങൾക്കൊപ്പം നൈപുണ്യ വികസനം, പരിശീലനം, വരുമാനം എന്നിവ ഉറപ്പാക്കാൻ ആധുനിക സൗകര്യങ്ങളും സ്റ്റാർട്ടപ്പുകളുമുള്ള മൈക്രോ ബിസിനസ് യൂണിറ്റുകൾ സർവ്വകലാശാലകളിലും കോളേജ് കാമ്പസുകളിലും സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഡിജിറ്റൽ സാങ്കേതികവിദ്യയുടെ സഹായത്തോടെ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും ഇതിലൂടെ ലക്ഷ്യമിടുന്നു.

കൂടാതെ യൂണിവേഴ്സിറ്റി സി.എച്ച്.എം.കെ. ലൈബ്രറിയിൽ പൊതുജനങ്ങൾക്ക് സന്ദർശിക്കുവാനും INFLIBNET ഫെസിലിറ്റി ലഭ്യമാവുന്നതാണ്. ഭിന്നശേഷി വിഭാഗത്തിലുള്ള ഗവേഷകർക്ക് അസിസ്റ്റീവ് ടെക്നോളജി ഉപയോഗിച്ചുകൊണ്ട് ഗവേഷണം നടത്താവുന്നതുമാണ്.

കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല

സ്കൂൾ ഓഫ് ഫോറൻസിക് സയൻസ് ആരംഭിച്ചിട്ടുണ്ട്. ഗവേഷണ ഫലങ്ങളെ പ്രായോഗിക തലത്തിലെത്തിക്കാൻ കിഫ്ബിയുടെ ധനസഹായത്തോടെ ഒരു ട്രാൻസ്‌ലേഷണൽ റിസർച്ച് സെന്റർ തുടങ്ങുവാനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്.

മഹാത്മാഗാന്ധി സർവ്വകലാശാല

ഉന്നതവിദ്യാഭ്യാസ മേഖലയിൽ വിദ്യാർത്ഥികൾക്ക് ആർട്ടിഫിഷ്യൽ ഇന്റലിജൻസ് പോലുള്ള നൂതന സാങ്കേതികവിദ്യകളിൽ അറിവും തൊഴിൽവൈദഗദ്ധ്യവും ആർജ്ജിക്കുന്നതിനായി School of Artificial Intelligence, School of Data Analytics, School of Nano Science & technology School of Food Technology and Quality Assurance, School of Energy Materials, School of Mathematics & Statistics എന്നീ പുതിയ പഠനവകുപ്പുകളാരംഭിച്ചിട്ടുണ്ട്. കൂടാതെ Science, Social Science വിഷയങ്ങളിലും ഇന്റഗ്രേറ്റഡ് ബിരുദ ബിരുദാനന്തര കോഴ്സുകൾ ആരംഭിച്ചിട്ടുണ്ട്.

ജ്ഞാന, സമൂഹനിർമ്മിതിക്കായി നടപ്പിലാക്കിയിട്ടുള്ള വിവിധ പദ്ധതികൾ ചുവടെ നൽകുന്നു.

1. ജേർണലുകൾ, ഇ-ജേണലുകൾ, പുസ്തകങ്ങൾ എന്നിവ കൂടുതലായി ഉൾപ്പെടുത്തി സർവ്വകലാശാലാ ലൈബ്രറി വിപുലപ്പെടുത്തി.

2. National Knowledge Network സംവിധാനം വിപുലീകരിച്ചു.

3. Artificial Intelligence & Deep Learning Lab സ്ഥാപിച്ചു.

4. ശാസ്ത്ര-സാമൂഹിക ശാസ്ത്ര മേഖലകളിലെ ഗവേഷണ പ്രവർത്തനങ്ങൾ ഒരു കുടക്കീഴിൽ കൊണ്ടുവരുന്ന Convergence Academia Complex പ്രവർത്തനമാരംഭിച്ചു.

**ലഹരി ഉപയോഗിച്ച് വാഹനം ഓടിക്കുന്നവരെ കണ്ടെത്താൻ പരിശോധന**

7 (*127) ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. ഇ. ചന്ദ്രശേഖരൻ:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീ. പി. ബാലചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആന്റണി രാജു) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന വാഹനാപകടങ്ങൾക്ക് ലഹരി പദാർത്ഥങ്ങളുടെ ഉപയോഗം ഒരു പ്രധാന ഘടകമാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

സംസ്ഥാനത്തുണ്ടാകുന്ന റോഡപകടങ്ങളിൽ ലഹരി പദാർത്ഥങ്ങൾ ഉപയോഗിച്ചുകൊണ്ട് വാഹനമോടിക്കുന്നതും ഒരു കാരണമാണെന്നുള്ള വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ ഡ്രൈവർമാർ ലഹരി പദാർത്ഥങ്ങൾ ഉപയോഗിച്ചിട്ടുണ്ടോയെന്നുള്ള വിഷയം പരിശോധിക്കുവാൻ മോട്ടോർ വാഹന വകുപ്പിന് പരിമിതിയുള്ളതിനാൽ, ഇത്

പരിശോധിക്കുന്നതിന് എക്സൈസ് വകുപ്പിന്റെ സേവനവും ഉപയോഗപ്പെടുത്തിവരുന്നുണ്ട്.

(ബി) രാത്രികാലങ്ങളിലുൾപ്പെടെ വാഹന പരിശോധന ശക്തിപ്പെടുത്തുന്നതിനും പുതിയ തരത്തിലുള്ള സിന്തറ്റിക് ലഹരിവസ്തുക്കളുപയോഗിക്കുന്ന ഡ്രൈവർമാരെ കണ്ടെത്തുന്നതിനും പര്യാപ്തമായ എന്തെല്ലാം സംവിധാനങ്ങളാണ് മോട്ടോർ വാഹന വകുപ്പിനുള്ളതെന്ന് വിശദമാക്കുമോ;

(സി) ലഹരി പദാർത്ഥങ്ങളുപയോഗിച്ചുകൊണ്ട് വാഹനമോടിക്കുന്ന ഡ്രൈവർമാർക്കെതിരെ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ?

(ബി&സി) 07-10-2022-ന് ബഹുമാനപ്പെട്ട ഗതാഗത വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ ഉന്നതതലയോഗത്തിൽ എക്സൈസ് വകുപ്പുമായി ചേർന്ന് ലഹരിയുപയോഗിച്ച് വാഹനമോടിക്കുന്നതിനെതിരെ സംയുക്ത പരിശോധനകൾ നടത്താൻ തീരുമാനിക്കുകയും അതനുസരിച്ച് പരിശോധനകൾ നടത്തിവരികയും ചെയ്യുന്നു. ലഹരി ഉപയോഗിച്ചതിനുശേഷമാണ് വാഹനമോടിച്ചതെന്ന് തെളിഞ്ഞാൽ മോട്ടോർ വാഹന നിയമത്തിലെ സെക്ഷൻ 185 പ്രകാരം കേസ് ചാർജ്ജ് ചെയ്ത്, പിഴയീടാക്കുന്നതും ലൈസൻസ് അയോഗ്യത കല്പിക്കുന്നതുമുൾപ്പെടെയുള്ള

നടപടിയും സ്വീകരിക്കുന്നുണ്ട്. ലഹരിവസ്തുക്കൾ ഉപയോഗിച്ചിട്ടുണ്ടോയെന്ന് പരിശോധിക്കുന്നതിനുള്ള ഉപകരണങ്ങൾ കേരളാ റോഡ് സേഫ്റ്റി ഫണ്ടുപയോഗിച്ച് വാങ്ങുന്നതിന് മോട്ടോർ വാഹന വകുപ്പ് നടപടികൾ സ്വീകരിച്ചുവരുന്നു. ലഹരി വിരുദ്ധ പ്രചാരണത്തിന്റെ ഭാഗമായി എക്സൈസ് വകുപ്പുമായി ചേർന്ന് 22-12-2022 മുതൽ 30-12-2022 വരെ ഒരു സ്പെഷ്യൽ ഡ്രൈവ് നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. മോട്ടോർ വാഹന വകുപ്പിന്റെ എല്ലാ ഓഫീസുകളിലും ലഹരിവിരുദ്ധ ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുവാനും വകുപ്പിലെ ജീവനക്കാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) നിയമവിരുദ്ധവും അപകടകരവുമായ രീതിയിൽ വാഹനമോടിച്ച് സമൂഹമാധ്യമങ്ങളിലൂടെ പ്രചരിപ്പിക്കുന്നവരെ കണ്ടെത്തുന്നതിനും അവർക്കെതിരെ ശക്തമായ നടപടി സ്വീകരിക്കുന്നതിനും എന്തെല്ലാം മുൻകരുതൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ?

ഇത്തരം നിയമവിരുദ്ധ പ്രവർത്തനങ്ങൾക്കെതിരെ നടപടിയെടുക്കാൻ കേരളാ പോലീസിലെ സൈബർ വിഭാഗത്തിന് കത്ത് നൽകിയിട്ടുണ്ട്.

## നാളികേരത്തിന്റെ വിലയിടിവ് പരിഹരിക്കാൻ നടപടി

8(*128) ശ്രീ. നജീബ് കാന്തപുരം:
ശ്രീ. യു. എ. ലത്തീഫ്:
ശ്രീ. കുറുക്കോളി മൊയ്തീൻ:
ശ്രീ. എ. കെ. എം. അഷ്‌റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നാളികേരത്തിന്റെ വിലയിടിവിന് കാരണമെന്തെല്ലാമാണെന്ന് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഉണ്ട്. കേന്ദ്രസർക്കാർ കൈക്കൊണ്ടിരിക്കുന്ന നയങ്ങൾ തന്നെയാണ് ഈ വിലയിടിവുകൾക്ക് പ്രധാന കാരണം. ഭക്ഷ്യയെണ്ണയുടെ കയറ്റുമതി-ഇറക്കുമതി നയങ്ങൾ കർഷകരുടെ താല്പര്യങ്ങൾ സംരക്ഷിക്കാതെയാണ് കേന്ദ്രസർക്കാർ കൈക്കൊള്ളുന്നത്. 01-03-2018-ൽ പാമോയിലിന്റെ ഇറക്കുമതി തീരുവ 44 ശതമാനമുണ്ടായിരുന്നത് ഫെബ്രുവരി 2022-ൽ 5.5 ശതമാനമായി കുറച്ചു. ഈ തീരുമാനം 30-09-2022 വരെയായിരുന്നു കൈക്കൊണ്ടിരുന്നത്. സെപ്റ്റംബറിനുശേഷമെങ്കിലും നാളികേരത്തിന് നല്ല വില ലഭ്യമാകുമെന്ന് പ്രതീക്ഷിച്ചിരുന്നുവെങ്കിലും കേരളത്തിലെ നാളികേര കർഷകരെ കൂടുതൽ പ്രതിസന്ധിയിലാക്കികൊണ്ട് 2022 ഒക്ടോബർ മാസം ഈ ഇളവ് 31-03-2023 വരെ കേന്ദ്ര സർക്കാർ നീട്ടുകയുണ്ടായി.

പാമോയിലിന്റെ ഇറക്കുമതി ഒക്ടോബർ 2019 മുതൽ സെപ്റ്റംബർ 2020 വരെ 5.35 ലക്ഷം ടണ്ണായിരുന്നത് ഒക്ടോബർ 2021 മുതൽ മെയ് 2022 വരെയുള്ള 8 മാസത്തിൽ മാത്രം 10.8 ലക്ഷം ടണ്ണായി ഉയർന്നു. വെളിച്ചെണ്ണയുടെ വിലയേയും നാളികേരത്തിന്റെ വിലയേയും ഇത് സാരമായി ബാധിച്ചിട്ടുണ്ട്. നാണ്യവിളകളുടേയും കാർഷിക വിഭവങ്ങളുടേയും കയറ്റുമതി-ഇറക്കുമതി നയങ്ങൾ കേന്ദ്രസർക്കാർ കൈക്കൊള്ളുമ്പോൾ പ്രസ്തുത വിഭവങ്ങൾ ഏറ്റവും കൂടുതൽ ഉല്പാദിപ്പിക്കുന്ന സംസ്ഥാനങ്ങളുടെ അഭിപ്രായംകൂടി മാനിച്ചായിരിക്കണമെന്ന് പല തവണ കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചെങ്കിലും ആശാവഹമായ നടപടികൾ കേന്ദ്ര സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടാകുന്നില്ല. പാചകാവശ്യങ്ങൾക്കായി വെളിച്ചെണ്ണ അല്ലാതെയുള്ള മറ്റ് എണ്ണകൾ കുറഞ്ഞ വിലയ്ക്ക് ലഭിച്ച് തുടങ്ങിയതിനെത്തുടർന്ന് വെളിച്ചെണ്ണയുടെ ഉപഭോഗം കുറഞ്ഞതും നാളികേരത്തിന്റെ വിലയിടിവിന് കാരണമായിട്ടുണ്ട്.

(ബി) നാളികേര വിലയിടിവ് തടയാൻ പ്രഖ്യാപിച്ച സംഭരണ പദ്ധതി നടത്തിപ്പിലെ അപര്യാപ്തതമൂലം കർഷകർക്ക് ഗുണഫലം ലഭിക്കുന്നില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്മേൽ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) നാളികേരത്തിന്റെ താങ്ങുവില ഉയർത്തുന്നതിനും കൂടുതൽ സംഭരണ കേന്ദ്രങ്ങളാരംഭിക്കുന്നതിനും നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം നൽകുമോ?

(ബി&സി) കേന്ദ്രനയങ്ങൾമൂലം നാളികേരത്തിനുണ്ടാകുന്ന വിലയിടിവ് കാരണം കർഷകർ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിച്ച് സംസ്ഥാനത്തെ നാളികേര കർഷകരെ സഹായിക്കുന്നതിനായി സംസ്ഥാന സർക്കാർ ഈ വർഷം പച്ചത്തേങ്ങ സംഭരണം പുനരാരംഭിക്കുകയുണ്ടായി. കേരഫെഡ്, VFPCK, കേരള സംസ്ഥാന നാളികേര വികസന കോർപ്പറേഷൻ (KSCDC) എന്നീ സ്ഥാപനങ്ങൾ മുഖേന പച്ചത്തേങ്ങ കിലോയ്ക്ക് 32/- രൂപ സംഭരണ വില നൽകി സംഭരിക്കുന്നുണ്ട്. സംഭരണകേന്ദ്രങ്ങളുടെ കുറവ് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിനാൽ ആവശ്യകതയനുസരിച്ച് സംഭരണ കേന്ദ്രങ്ങളുടെ എണ്ണം സർക്കാർ വർദ്ധിപ്പിച്ചുകൊണ്ടിരിക്കുകയാണ്. നിലവിൽ 79 കേന്ദ്രങ്ങളിലൂടെയാണ് പച്ചത്തേങ്ങ സംഭരണം നടത്തിവരുന്നത്. കൂടുതൽ സംഭരണ കേന്ദ്രങ്ങളാരംഭിച്ച് കേരകർഷകനെ സഹായിക്കുകയെന്ന ഉദ്ദേശ്യത്തോടെ കേരഫെഡിനോട് 27 സംഭരണ കേന്ദ്രവും VFPCK-യോട് 28 സംഭരണകേന്ദ്രവും KSCDC-യോട് 30 സംഭരണകേന്ദ്രവും അധികമായി ആരംഭിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ സംഭരണ കേന്ദ്രങ്ങളിൽ 22

എണ്ണം മൊബൈൽ പ്രൊക്യൂവർമെന്റ് സെന്ററായി പ്രവർത്തിക്കുന്നതാണ്. തേങ്ങ സംഭരിച്ചയിനത്തിൽ 18 കോടി രൂപ കേരഫെഡ് നാളിതുവരെ കർഷകർക്ക് നൽകുകയും ചെയ്തിട്ടുണ്ട്. വിവിധ സംഭരണ കേന്ദ്രങ്ങളിലൂടെ 01-12-2022 വരെ 6001.12 ടൺ പച്ചത്തേങ്ങ സംഭരിച്ചിട്ടുമുണ്ട്. സർക്കാരിന്റെ ഇടപെടൽമൂലം മാർക്കറ്റിൽ പച്ചത്തേങ്ങയുടെ വില ഉയരുന്ന സാഹചര്യമാണുള്ളത്.

04-03-2022-ലെ സ.ഉ. (കൈ) 16/2022/കൃഷി പ്രകാരം ഒരു തെങ്ങിൽ നിന്ന് പരമാവധി 50 തേങ്ങ സംഭരിക്കാമെന്ന നിബന്ധനയാണ് നിലവിലുണ്ടായിരുന്നത്. എന്നാൽ കർഷകരുടെ അഭ്യർത്ഥന മാനിച്ച് രജിസ്റ്റർ ചെയ്ത കർഷകരിൽ നിന്നും 08-11-2022 മുതൽ ഒരു വർഷത്തിൽ തെങ്ങൊന്നിന് പരമാവധി 70 നാളികേരമെന്ന കണക്കിൽ ആറ് തവണകളായോ രേഖാമൂലം ആവശ്യപ്പെടുന്നപക്ഷം 5 തവണകളായോ പച്ചത്തേങ്ങ സംഭരിക്കുവാനുള്ള പുതുക്കിയ നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) അതത് പ്രദേശങ്ങളിലെ കൃഷി ഓഫീസുകളിൽ കെട്ടിക്കിടക്കുന്ന തെങ്ങിൻ തൈകൾ കർഷകർ വാങ്ങിയാൽ മാത്രമെ അവരിൽ നിന്ന് നാളികേരം സംഭരിക്കേണ്ടതുള്ളൂവെന്ന നിർദേശം നൽകിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ?

ഇല്ല.

## ഉന്നതവിദ്യാഭ്യാസം സംബന്ധിച്ച സമിതികളുടെ റിപ്പോർട്ടുകൾ

9(*129) ശ്രീ. പി. ഉബൈദുള്ള:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. പി. അബ്ദുൽ ഹമീദ്:
ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉന്നതവിദ്യാഭ്യാസ മേഖലയിലെ ന്യൂനതകൾ കണ്ടെത്തി പരിഹരിക്കുന്നതിനും ഉന്നതവിദ്യാഭ്യാസ മേഖലയെ ശക്തിപ്പെടുത്തുന്നതിനും സർക്കാർ നിയോഗിച്ച സമിതികളുടെ റിപ്പോർട്ടുകൾ പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുണ്ടോ?

ഉന്നതവിദ്യാഭ്യാസ രംഗത്തെ സമഗ്ര പരിഷ്കരണം ലക്ഷ്യമാക്കി സർക്കാർ നിയോഗിച്ച സമിതികളുടെ റിപ്പോർട്ടുകളിലെ നിർദ്ദേശങ്ങൾ പരിശോധിച്ച് നടപ്പിലാക്കുന്നതിന് വിദ്യാഭ്യാസ വിചക്ഷണരും സർവ്വകലാശാലാ പ്രതിനിധികളുമുൾപ്പെട്ട ഈ രംഗവുമായി ബന്ധപ്പെട്ടവരെയുൾപ്പെടുത്തി ശില്പശാലകൾ നടത്തിയിട്ടുണ്ട്.

ഉന്നതവിദ്യാഭ്യാസ കരിക്കുലം ഫ്രെയിംവർക്ക് രൂപീകരിക്കുന്നതിന് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത മേഖലയിലെ അടിസ്ഥാനസൗകര്യങ്ങളും അക്കാദമിക സൗകര്യങ്ങളും മെച്ചപ്പെടുത്താനുള്ള നിർദ്ദേശങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ?

ഉന്നതവിദ്യാഭ്യാസ മേഖലയിലെ അടിസ്ഥാനസൗകര്യങ്ങളും അക്കാദമിക സൗകര്യങ്ങളും മെച്ചപ്പെടുത്താനുള്ള നിർദ്ദേശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു+.

(സി) അദ്ധ്യാപനത്തിന്റെ ഗുണനിലവാരം വർദ്ധിപ്പിക്കാൻ പ്രത്യേക റിക്രൂട്ട്മെന്റ് ബോർഡ് രൂപീകരിക്കാനുദ്ദേശിക്കുന്നുണ്ടോ?

അദ്ധ്യാപനത്തിന്റെ ഗുണനിലവാരം വർദ്ധിപ്പിക്കാൻ പ്രത്യേക റിക്രൂട്ട്മെന്റ് ബോർഡ് രൂപീകരിക്കുന്ന കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

(ഡി) ഓരോ സർവകലാശാലകൾക്കും പ്രത്യേകം ചാൻസലർമാരെ നിയോഗിക്കാൻ ആലോചനയുണ്ടോ; സർവകലാശാലകളുടെ ഭരണ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സമിതികളിൽ എന്തെല്ലാം മാറ്റങ്ങൾ വരുത്താനാണ് തീരുമാനിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ചാൻസലർ നിയമനം സംബന്ധിച്ച ബിൽ പതിനഞ്ചാം സഭയുടെ 7-ാം സമ്മേളനത്തിന്റെ പരിഗണനയിലാണ്. സർവ്വകലാശാല ഭരണ സമിതികളിൽ മാറ്റം വരുത്തുന്നതിന് വിശദമായ ചർച്ചകൾക്കുശേഷം നടപടികൾ ആലോചിക്കുന്നതാണ്.

### കേരള സർവകലാശാലയ്ക്ക് നാക് A++ അക്രഡിറ്റേഷൻ

10(*130) ശ്രീമതി യു. പ്രതിഭ:
ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ:
ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ:
ഡോ. സുജിത് വിജയൻപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു) സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരും ഈ സർക്കാരും കിഫ്ബി ഫണ്ടുൾപ്പെടെ ഉപയോഗിച്ചുകൊണ്ട് ഉന്നതവിദ്യാഭ്യാസ മേഖലയിൽ അടിസ്ഥാനസൗകര്യ വിപുലീകരണത്തിനും അക്കാദമിക നവീകരണത്തിനും നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കുമോ?

സംസ്ഥാനത്തെ കോളേജുകളുടെ അടിസ്ഥാനസൗകര്യ വികസനത്തിന്റെ ഭാഗമായി കിഫ്ബി മുഖേന നാളിതുവരെ സർവകലാശാലകൾ, പോളിടെക്നിക് കോളേജുകൾ, എഞ്ചിനീയറിംഗ് കോളേജുകൾ, ആർട്സ് & സയൻസ് കോളേജുകൾ എന്നിവയുൾപ്പെടെ 74 സ്ഥാപനങ്ങളിലെ പ്രവൃത്തികൾക്ക് അനുമതി നൽകിയിട്ടുണ്ട്. കിഫ്ബി മുഖേന ഓരോ സ്ഥാപനത്തിനും അനുവദിച്ച തുക സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

ഉന്നതവിദ്യാഭ്യാസ മേഖലയിലെ അടിസ്ഥാനസൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് കോളേജ് വിദ്യാഭ്യാസ വകുപ്പിലും സാങ്കേതികവിദ്യാഭ്യാസ വകുപ്പിലും തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് തൃശ്ശൂർ ലാ കോളേജുകളിലും ഐ.എച്ച്.ആർ.ഡി.-യിലും പ്ലാൻഫണ്ടുൾപ്പെടെ ഉപയോഗിച്ച് നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു+. കൂടാതെ, കണ്ണൂർ സർവകലാശാലയിൽ ഭൂമിയേറ്റെടുക്കൽ, കമ്പ്യൂട്ടർ പർച്ചേസ്, ഫർണിച്ചർ പർച്ചേസ് തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. 28-04-2020-ലെ GO(Ms)No.159/2020/HEDN പ്രകാരം 'കേരള സർവകലാശാലയെ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

മികവിന്റെ കേന്ദ്രമാക്കുക' എന്ന പദ്ധതിക്ക് 150 കോടിയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. എ.പി.ജെ. അബ്ദുൽകലാം സാങ്കേതിക സർവകലാശാലയിൽ അടിസ്ഥാനസൗകര്യ വികസനവുമായി ബന്ധപ്പെട്ട് മുൻസർക്കാരിന്റെ കാലത്ത് സാങ്കേതിക സർവകലാശാലയുടെ കാമ്പസ് പദ്ധതി ഉദ്ഘാടനം ചെയ്തു. ശ്രീശങ്കരാചാര്യ സംസ്കൃത സർവകലാശാലയിൽ ഹോസ്റ്റൽ, അക്കാഡമിക് ബ്ലോക്ക്, ഭരണവിഭാഗ കെട്ടിടം എന്നിവ നവീകരിക്കുകയും സ്മാർട്ട്ക്ലാസ്സ് സജ്ജമാക്കുകയും റെക്കോർഡിംഗ് സ്റ്റുഡിയോ, സോളാർ പവർ പ്ലാന്റ് എന്നിവ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. മലയാള സർവകലാശാലയിൽ ഓഫീസുകൾ, ലൈബ്രറി, ക്ലാസ്സ്മുറികൾ എന്നിവയുടെ ഡിജിറ്റൈസേഷനും സർവകലാശാലയ്ക്കാവശ്യമായ കെട്ടിടങ്ങളുടെയും ക്ലാസ്സ്മുറികളുടെയും നിർമ്മാണം, മലയാളം ശ്രേഷ്ഠഭാഷാ മികവ് കേന്ദ്രത്തിനുള്ള സൗകര്യങ്ങൾ, തുടങ്ങിയ അടിസ്ഥാനസൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ട്. കേരള സെന്റർ ഫോർ കണ്ടിന്യൂയിംഗ് എഡ്യൂക്കേഷനുകീഴിൽ കേരള സ്റ്റേറ്റ് സിവിൽ സർവ്വീസ് അക്കാഡമി, കല്ല്യാശ്ശേരിയിൽ ഒരു ഡിജിറ്റൽ ലൈബ്രറിയും ബഹുമാനപ്പെട്ട എം.എൽ.എ.-യുടെ ആസ്തിവികസന ഫണ്ടിൽ നിന്നും 60 ലക്ഷം രൂപ ചെലവിൽ തിരുവനന്തപുരത്തെ വിദഗ്ധ

അദ്ധ്യാപകരുടെ ക്ലാസുകൾ ലഭിക്കുന്നതിനാവശ്യമായ വെർച്വൽ ക്ലാസ് മുറിയും സജ്ജീകരിച്ചിട്ടുണ്ട്. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കരിയർ സ്റ്റഡീസ് ആൻഡ് റിസർച്ച്, പൊന്നാനിക്കുവേണ്ടി സ്ഥിരം കെട്ടിടനിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. തിരുവനന്തപുരം, കേരള സ്റ്റേറ്റ് സിവിൽ സർവ്വീസ് അക്കാദമി കെട്ടിടത്തിൽ അഡ്മിനിസ്ട്രേറ്റീവ് വിഭാഗവും വെർച്വൽ ക്ലാസ് റൂമുകളും കോൺഫറൻസ് ഹാളും സജ്ജീകരിച്ചിട്ടുണ്ട്.

മഹാത്മാഗാന്ധി സർവകലാശാലയിൽ പുതിയ പരീക്ഷാഭവൻ കെട്ടിടത്തിൽ അധിക നിലകളുടെ നിർമ്മാണം, കൺവെർജൻസ് അക്കാദമിക കോംപ്ലക്സ് നിർമ്മാണം, പി. ജി. ലാബ് നിർമ്മാണം, പുതിയ പരീക്ഷാഭവൻ കെട്ടിടത്തിൽ ആധുനിക റെക്കോർഡ് റൂം സജ്ജീകരിക്കൽ, DASTP (Directorate for Applied Short Term Programme) വിദ്യാർത്ഥിസേവനങ്ങൾക്കായുള്ള അടിസ്ഥാനസൗകര്യങ്ങളൊരുക്കൽ, സ്കൂൾ ഓഫ് ടൂറിസം സ്റ്റഡീസിന് പഠനാവശ്യത്തിനനുസൃതമായ കെട്ടിടത്തിന്റെ നിർമ്മാണം എന്നീ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ SWAYAM ലാബ് നിർമ്മാണം, സ്കൂൾ ഓഫ് ലെറ്റേഴ്സിൽ Library cum Cultural Complex, K. N. Raj സെന്ററിൽ Economics and Learning Lab, സ്കൂൾ ഓഫ് കമ്പ്യൂട്ടർ സയൻസസിൽ Artificial Intelligence and Deep Learning

Lab, സ്കൂൾ ഓഫ് എൻവയോൺമെന്റൽ സയൻസസിൽ Laboratory facility for Department of Geology, SPESS (School of Physical Education & Sports Sciences)-ൽ Sports Hub വികസനം എന്നീ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

കൊച്ചി ശാസ്ത്രസാങ്കേതിക സർവ്വകലാശാലയുടെ മറൈൻ സയൻസ് കാമ്പസിലെ ആധുനിക അക്കാദമിക് കെട്ടിടത്തിന്റെ പണി പൂർത്തിയാക്കി. കൂടാതെ കാമ്പസിലെ പുതിയ അക്കാദമിക് ബിൽഡിംഗ്, സർവ്വകലാശാല എഞ്ചിനീയറിംഗ് വിഭാഗത്തിനുള്ള കെട്ടിടം എന്നിവയുടെ നിർമ്മാണപ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്.

(ബി) ലക്ഷ്യബോധത്തോടെയുള്ള സർക്കാർ പ്രവർത്തനങ്ങളുടെ ഫലമായി നാക് A++ അക്രഡിറ്റേഷനോടെ കേരള സർവകലാശാലയ്ക്ക് രാജ്യത്തെ ഏറ്റവും മികച്ച പത്ത് സർവ്വകലാശാലകളിൽ ഒന്നാകാനും മറ്റ് സർവ്വകലാശാലകൾക്ക് മികച്ച ഗ്രേഡിങ്ങോടെ ദേശീയതലത്തിൽ അഭിമാനകരമായ നേട്ടം കൈവരിക്കാനും സാധിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(സി) ഈ സാഹചര്യത്തിലും ഉന്നതവിദ്യാഭ്യാസ മേഖലയെ ദുർബലപ്പെടുത്തുന്നതിന് ചിലർ ശ്രമിക്കുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവത്തിലെടുത്തിട്ടുണ്ടോ?

ഉന്നതവിദ്യാഭ്യാസ മേഖലയുടെ ശാക്തീകരണം ലക്ഷ്യമിട്ടുള്ള പ്രവർത്തനങ്ങളിൽ നേരിടുന്ന വെല്ലുവിളികൾ സഗൗരവം കണക്കിലെടുത്ത് സർക്കാരിന്റെ ഗതിവേഗത്തെ ബാധിക്കാത്ത രീതിയിൽ മുന്നോട്ടുപോകാൻ ശ്രദ്ധിക്കുന്നുണ്ട്.

(ഡി) മാനവവിഭവശേഷി വികസനം പൂർണ്ണതോതിൽ സാദ്ധ്യമാക്കുന്നതിന് എൺറോൾമെന്റ് റേഷ്യോ എഴുപത്തിയഞ്ച് ശതമാനമായി ഉയർത്താൻ ലക്ഷ്യമിടുന്നുണ്ടോ; അതിനായി നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കുമോ?

ഉണ്ട്. ഇതിനായി ചുവടെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്:

1. സർവ്വകലാശാലകളിലും കോളേജുകളിലും പുത്തൻതലമുറ (New Generation Inter Disciplinary) സ്വഭാവമുള്ള 170 ഓളം കോഴ്സുകൾ ആരംഭിച്ചിട്ടുണ്ട്.

2. സർവ്വകലാശാലകളിൽ പ്രോജക്ട് മോഡ് പ്രോഗ്രാമുകൾ ആരംഭിക്കാനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

3. സംസ്ഥാനത്തെ സർവ്വകലാശാലകളിലും കോളേജുകളിലും ബിരുദ, ബിരുദാനന്തര ബിരുദ പ്രോഗ്രാമുകൾക്ക് ഇരുപതിനായിരത്തോളം സീറ്റുകൾ വർദ്ധിപ്പിച്ചിട്ടുണ്ട്.

**വി.സി. നിയമനങ്ങളിൽ പാലിക്കേണ്ട യു.ജി.സി. മാനദണ്ഡങ്ങൾ**

11(*131) ശ്രീ. എം. വിൻസെന്റ്:
ശ്രീ. അൻവർ സാദത്ത്:
ശ്രീ. ടി. ജെ. വിനോദ്:
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു) സദയം മറുപടി നൽകുമോ:

(എ) 2016-ലെ രാധാകൃഷ്ണപ്പിള്ള കേസിൽ ഹൈക്കോടതി കേരളത്തിലെ സർവകലാശാലകൾ യു.ജി.സി. മാനദണ്ഡങ്ങൾ അനുസരിച്ചുമാത്രമെ പ്രവർത്തിക്കാൻ പാടുള്ളൂവെന്ന് നിഷ്കർഷിച്ചത് ശ്രദ്ധയിൽപ്പെട്ടിരുന്നോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത വിധിയിൽ യു.ജി.സി. ചട്ടങ്ങൾ പാലിക്കാൻ യുണിവേഴ്സിറ്റിക്കും സർക്കാരിനും ചാൻസലർക്കും ബാദ്ധ്യതയുണ്ടെയെന്ന് വ്യക്തമാക്കിയിട്ടുണ്ടോ?

അഫിലിയേറ്റഡ് കോളേജ് പ്രിൻസിപ്പാൾ നിയമനവുമായി ബന്ധപ്പെട്ട പ്രസ്തുത കേസിൽ യു.ജി.സി. മാനദണ്ഡങ്ങളനുസരിച്ചുമാത്രമെ പ്രവർത്തിക്കാവൂയെന്ന് ബഹുമാനപ്പെട്ട ഹൈക്കോടതി നിർദ്ദേശിച്ചിട്ടുണ്ട്.

(സി) പ്രസ്തുത വിധി നിലനിൽക്കെ കേരള സാങ്കേതിക സർവകലാശാല വി.സി. നിയമനങ്ങളിലടക്കം യു.ജി.സി. മാനദണ്ഡങ്ങൾ പാലിക്കാത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വിശദമാക്കുമോ?

പ്രസ്തുത കേസ് അഫിലിയേറ്റഡ് കോളേജ് പ്രിൻസിപ്പാൾ നിയമനവുമായി ബന്ധപ്പെട്ടതാണ്.

**ഉന്നതവിദ്യാഭ്യാസ മേഖലയിൽ പുതുതലമുറ കോഴ്സുകൾ**

12(*132) ശ്രീ. എച്ച്. സലാം:
ശ്രീ. ടി. പി. രാമകൃഷ്ണൻ:
ശ്രീ. ടി. ഐ. മധുസൂദനൻ:

<u>ശ്രീ. കെ. എം. സച്ചിൻദേവ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (<u>ഡോ. ആർ. ബിന്ദു</u>) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസ മേഖലയെ ശാക്തീകരിക്കുന്നതിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ബി) സംസ്ഥാനത്ത് പുതുതലമുറ കോഴ്സുകളാരംഭിക്കാനും പരമ്പരാഗത കോഴ്സുകളെ കാലാനുസൃതമായി നവീകരിക്കാനുമാവശ്യമായ ഇടപെടൽ നടത്തുന്നുണ്ടോ?

**(എ&ബി)** സംസ്ഥാനത്ത് ഉന്നതവിദ്യാഭ്യാസത്തിന്റെ ഘടനയും ഉള്ളടക്കവും പരിഷ്കരിക്കുന്നതിന് ഡോ. ശ്യാം ബി. മേനോൻ അദ്ധ്യക്ഷനായി ഉന്നതവിദ്യാഭ്യാസ പരിഷ്കരണ കമ്മീഷൻ, ഡോ. എൻ. കെ. ജയകുമാർ അദ്ധ്യക്ഷനായി നിയമപരിഷ്കരണ കമ്മീഷൻ, ഡോ. സി. റ്റി. അരവിന്ദകുമാർ അദ്ധ്യക്ഷനായി പരീക്ഷാപരിഷ്കരണ കമ്മീഷൻ എന്നിങ്ങനെ മൂന്ന് കമ്മീഷനുകളെ നിയമിച്ചിരുന്നു. കമ്മീഷനുകൾ അവരുടെ റിപ്പോർട്ടുകൾ സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

സംസ്ഥാനത്ത് ഉന്നതവിദ്യാഭ്യാസ മേഖലയെ വൈജ്ഞാനിക ഹബ്ബാക്കുന്ന വിധത്തിൽ നടപ്പിലാക്കാനുദ്ദേശിക്കുന്ന പരിഷ്കാരങ്ങൾ ചുവടെ ചേർക്കുന്നു.

1. <u>കരിക്കുലം പരിഷ്കാരം</u>: 4 വർഷ ബിരുദ പ്രോഗ്രാമുകൾ ആരംഭിക്കുന്നതിനാവശ്യമായ കരിക്കുലം ചട്ടക്കൂട് രൂപീകരിക്കാൻ നടപടികളാരംഭിച്ചു.

2. <u>പുതുതലമുറകോഴ്സുകൾ</u>: സർവ്വകലാശാലകളിലും കോളേജുകളിലും പുത്തൻ തലമുറ (New Generation Inter Disciplinary) സ്വഭാവമുള്ള 170 ഓളം കോഴ്സുകൾ ആരംഭിക്കുകയുണ്ടായി. ചുവടെപ്പറയുന്ന കോഴ്സുകൾ അവയിൽ ചിലതാണ്.

- Integrated Political Science with International Relations
- M.Sc. Statistics with specialization in Data Analytics
- M.Com International Trade
- Masters in Commerce in Taxation
- M.Sc. Physics with Computational and Nano science Specialization

- M.Sc. Chemistry with Drug Chemistry
- M.Sc. Computer Science with Specialization in Artificial Intelligence
- B.Sc. Physics with Machine Learning
- M.Sc. Physics with Specialization in Space Physics
- M.Sc. Chemistry in Drug Design and Development
- M.A. History (World History and Historiography)
- M.Sc. Botany with Specialization in Ethnobotany and Ethnopharmacology
- M.A. Econometrics
- M.A Business Economics
- Bachelor of Sports Management
- BA Advertising Sales Management
- Integrated Botany with Computational Biology
- M.Sc. Applied Plant Science

3. സർവ്വകലാശാലകളിൽ പ്രോജക്ട് മോഡ് പ്രോഗ്രാമുകളാരംഭിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്

4. <u>മറ്റ് പ്രധാന പദ്ധതികൾ</u>:

- കേരള അക്കാദമിക് ലൈബ്രറി നെറ്റ്‌വർക്കിന്റെ (കാൽനെറ്റ്) വികസനത്തിന്.
- ഇ-ജേർണൽ കൺസോർഷ്യം
- ഡിജികോൾ
- ഓൺലൈൻ ഡിജിറ്റൽ ശേഖരം
- കേരള ഇൻസ്റ്റിറ്റ്യൂഷണൽ റാങ്കിംഗ് ഫ്രെയിം വർക്ക് (KIRF)
- അദ്ധ്യാപക പരിശീലന പദ്ധതി
- സ്റ്റേറ്റ് അസസ്‌മെന്റ് ആൻഡ് അക്രെഡിറ്റേഷൻ സെന്റർ (SAAC)
- ബ്രെയിൻ ഗെയിൻ-(ലോകമെമ്പാടുമുള്ള കേരളീയ അക്കാദമിക് ഡയസ്പോറയെക്കുറിച്ചുള്ള ഡേറ്റാബേസ്)
- എറുഡൈറ്റ് സ്കോളർ ഇൻ റെസിഡൻസ് പ്രോഗ്രാം
- ചീഫ് മിനിസ്റ്റേഴ്സ് നവകേരള പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പ്

(സി) ഗവേഷണ ഫലങ്ങൾ നാടിന്റെ പുരോഗതിക്ക് ഉപയുക്തമാക്കാനുദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

ഗവേഷണഫലങ്ങൾ നാടിന്റെ വികസനത്തിന് ഉപയോഗപ്രദമാക്കുന്നതിനായി ഗവേഷണ പ്രബന്ധങ്ങൾ സർവ്വകലാശാല

വെബ്സൈറ്റിലും/ലൈബ്രറികളിലും പൊതുജനങ്ങൾക്കായി ലഭ്യമാക്കുന്നുണ്ട്. വിദ്യാർത്ഥികളുടെ ഗവേഷണഫലങ്ങളെ പ്രായോഗിക തലത്തിലെത്തിക്കാൻ സർവ്വകലാശാലകളിൽ ട്രാൻസ്ലേഷണൽ റിസർച്ച് സെന്റർ രൂപീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. വിഷയാധിഷ്ഠിതമായി ഗവേഷണത്തിന് പ്രോത്സാഹനം നൽകുന്നതിന് മുഖ്യമന്ത്രിയുടെ നവകേരള പോസ്റ്റ് ഡോക്ടറൽ ഫെല്ലോഷിപ്പുകൾ ഏർപ്പെടുത്തി ആദ്യഘട്ടത്തിൽ 77 ഫെല്ലോഷിപ്പുകൾ നൽകിക്കഴിഞ്ഞു.

**ഉന്നതവിദ്യാഭ്യാസ മേഖലയുടെ സമൂല നവീകരണവും ഏകീകരണവും**

13(* 133) ശ്രീ. പി. നന്ദകുമാർ:
ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:
ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഒരു ജ്ഞാനസമൂഹമായി പരിവർത്തനപ്പെടുത്തുകയെന്ന ലക്ഷ്യത്തോടെ ഉന്നതവിദ്യാഭ്യാസ മേഖലയുടെ സമൂല നവീകരണത്തിനും ഏകീകരണത്തിനുമായി സർക്കാർ നടത്തുന്ന പ്രവർത്തനം വിശദമാക്കുമോ?

സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസത്തിന്റെ ഘടനയും ഉള്ളടക്കവും പരിഷ്കരിക്കുന്നതിന് ഡോ. ശ്യാം ബി. മേനോൻ അദ്ധ്യക്ഷനായ ഉന്നതവിദ്യാഭ്യാസ പരിഷ്കരണ കമ്മീഷൻ, ഡോ. എൻ. കെ. ജയകുമാർ അദ്ധ്യക്ഷനായ നിയമപരിഷ്കരണ കമ്മീഷൻ, ഡോ. സി. റ്റി. അരവിന്ദകുമാർ അദ്ധ്യക്ഷനായ പരീക്ഷാ പരിഷ്കരണ കമ്മീഷൻ എന്നിങ്ങനെ 3 കമ്മീഷനുകളെ സർക്കാർ നിയമിച്ചിരുന്നു. ടി കമ്മീഷനുകൾ സർക്കാരിന് റിപ്പോർട്ടുകൾ സമർപ്പിച്ചിട്ടുണ്ട്.

സംസ്ഥാനത്തെ ഒരു ജ്ഞാനസമൂഹമായി പരിവർത്തനപ്പെടുത്തുകയെന്ന ലക്ഷ്യത്തോടെ ഉന്നതവിദ്യാഭ്യാസ മേഖലയിൽ നടപ്പിലാക്കാനുദ്ദേശിക്കുന്ന പരിഷ്കാരങ്ങൾ ചുവടെ കൊടുക്കുന്നു.

1. <u>കരിക്കുലം പരിഷ്കാരം</u>:- 4 വർഷ ബിരുദ പ്രോഗ്രാമുകൾ ആരംഭിക്കുന്നതിനാവശ്യമായ കരിക്കുലം ചട്ടക്കൂട് രൂപീകരിക്കാൻ നടപടികളാരംഭിച്ചു. (കേരള ഹയർ എഡ്യൂക്കേഷൻ കരിക്കുലം ഫ്രെയിംവർക്ക്)

2. <u>പുതുതലമുറ കോഴ്സുകൾ</u>:- സംസ്ഥാനത്തെ സർവ്വകലാശാലകളിലും കോളേജുകളിലും ബിരുദ ബിരുദാനന്തര ബിരുദ പ്രോഗ്രാമുകൾക്ക് ഇരുപതിനായിരത്തോളം സീറ്റുകൾ വർദ്ധിപ്പിക്കുകയുണ്ടായി. കൂടാതെ

സർവ്വകലാശാലയിലും കോളേജുകളിലും പുത്തൻ തലമുറ കോഴ്സുകൾ 5-11-2020-ലെ G.O.(Ms) No. 389/2020/H.Edn. പ്രകാരം ആരംഭിക്കുന്നതിന് അനുമതി നൽകിയിരുന്നു.

3. സർവ്വകലാശാലകളിൽ പ്രോജക്ട് മോഡ് പ്രോഗ്രാമുകൾ, ട്രാൻസ്‌ലേഷണൽ റിസർച്ച് സെന്ററുകൾ, ഇന്റർനാഷണൽ/ഡൊമസ്റ്റിക് ഹോസ്റ്റലുകൾ എന്നിവ ആരംഭിക്കാനുള്ള നടപടികളാരംഭിച്ചിട്ടുണ്ട്.

4. <u>മറ്റ് പ്രധാന പദ്ധതികൾ</u>:

- കേരള അക്കാദമിക് ലൈബ്രറി നെറ്റ്‌വർക്കിന്റെ വികസനം (കാൽനെറ്റ്)
- ഇ-ജേർണൽ കൺസോർഷ്യം
- ഡിജികോൾ
- ഓൺലൈൻ ഡിജിറ്റൽ ശേഖരം
- കേരള ഇൻസ്റ്റിറ്റ്യൂഷണൽ റാങ്കിംഗ് ഫ്രെയിം വർക്ക് (KIRF)
- അദ്ധ്യാപക പരിശീലന പദ്ധതി
- സ്റ്റേറ്റ് അസസ്മെന്റ് ആൻഡ് അക്രഡിറ്റേഷൻ സെന്റർ (SAAC)
- ബ്രെയിൻ ഗെയിൻ-(ലോകമെമ്പാടുമുള്ള കേരളീയ അക്കാദമിക് ഡയസ്പോറയെക്കുറിച്ചുള്ള ഡാറ്റാബേസ്)
- എറുഡൈറ്റ് സ്കോളർ ഇൻ റസിഡൻസ് പ്രോഗ്രാം
- ചീഫ് മിനിസ്റ്റേഴ്സ് നവകേരള പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പ്

(ബി) സർവകലാശാലകൾക്ക് സ്വയംഭരണാനുവാദം നൽകിയിരിക്കുന്നത് ഏതെങ്കിലും രീതിയിൽ തെറ്റായി വ്യാഖ്യാനിക്കുന്ന സ്ഥിതിയുണ്ടായിട്ടുണ്ടോ; വിശദമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) വൈസ് ചാൻസലർമാരെ ചാൻസലർ ഏകപക്ഷീയമായി നിയമിക്കുന്നത് ജനാധിപത്യവും ശാസ്ത്രീയ ചിന്തയും യുക്തിചിന്തയും പ്രോത്സാഹിപ്പിച്ച് ഉന്നതവിദ്യാഭ്യാസ മേഖലയെ ലോകോത്തരമാക്കുകയെന്ന ലക്ഷ്യത്തിന് അനുഗുണമാകാനിടയില്ലെന്ന ആശങ്ക ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

യു.ജി.സി. റെഗുലേഷൻസ് നിഷ്കർഷിക്കുന്ന പ്രകാരമാണ് സർവകലാശാലകളിൽ വൈസ് ചാൻസലർമാരെ നിയമിക്കുന്നത്.

**കെ.എസ്.ആർ.ടി.സി.-യെ പ്രവർത്തന ലാഭത്തിലെത്തിക്കാൻ നടപടി**

14(*134) <u>ശ്രീ. എം. നൗഷാദ്:</u>
<u>ശ്രീ. കെ. കെ. രാമചന്ദ്രൻ:</u>
<u>ശ്രീ. പി. പി. ചിത്തരഞ്ജൻ:</u>
<u>ശ്രീ. പി. വി. ശ്രീനിജിൻ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി (<u>ശ്രീ. ആന്റണി രാജു</u>) സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലയെ തകർക്കുന്നതായി പറയപ്പെടുന്ന കേന്ദ്ര സർക്കാർ നയത്തിനും 2011-16 കാലത്തെ സംസ്ഥാന സർക്കാരിന്റെ

നിലപാടിനും വ്യത്യസ്തമായി കെ.എസ്.ആർ.ടി.സി.-യെ പൊതുമേഖലയിൽ നിലനിർത്താൻ ഈ സർക്കാർ നൽകി വരുന്ന ധനസഹായം സംബന്ധിച്ച വിവരമറിയിക്കാമോ; 2015-16-ൽ കെ.എസ്.ആർ.ടി.സി.-ക്ക് സർക്കാരിൽ നിന്ന് ലഭിച്ച ധനസഹായം എത്രയായിരുന്നുവെന്ന് വ്യക്തമാക്കുമോ?

2011-16 കാലയളവിൽ വായ്പ ധനസഹായമായി 1220.82 കോടി രൂപയും പദ്ധതി വിഹിതമായി 263.04 കോടി രൂപയും ഗ്രാന്റ്, സബ്സിഡി എന്നീ ഇനങ്ങളിലുൾപ്പെടുത്തി 60 കോടി രൂപയുമാണ് സർക്കാർ, കെ.എസ്.ആർ.ടി.സി.-ക്ക് അനുവദിച്ചുനൽകിയത്. എന്നാൽ കോവിഡിനെത്തുടർന്ന് രൂക്ഷമായ സാമ്പത്തിക പ്രതിസന്ധിയിൽപ്പെട്ട കോർപ്പറേഷനെ പൊതുമേഖലയിൽ നിലനിർത്താനായി ഈ സർക്കാർ 2021-22 സാമ്പത്തികവർഷത്തിൽ 2037.51 കോടി രൂപ വായ്പ ധനസഹായമായും നാല് പദ്ധതികളുടെ നടത്തിപ്പിനായി 87.21 കോടി രൂപ പദ്ധതി വിഹിതമായും അനുവദിക്കുകയുണ്ടായി. ഇതിനുപുറമെ 2022-23 സാമ്പത്തികവർഷത്തിൽ സർക്കാർ സംസ്ഥാന ബഡ്ജറ്റിൽ വായ്പ ധനസഹായമായി 1000 കോടി രൂപ വകയിരുത്തിയെങ്കിലും നാളിതുവരെയായി ടി ഇനത്തിൽ 1069.22 കോടി രൂപ

അനുവദിക്കുകയുണ്ടായി. ഇതിനുപുറമെ 2022-23 സാമ്പത്തികവർഷത്തിൽ വിവിധ പദ്ധതികളുടെ നടത്തിപ്പിനായി 5.69 കോടി രൂപ പദ്ധതി വിഹിതമായും അനുവദിച്ചിട്ടുണ്ട്. 2015-16 കാലയളവിൽ മാത്രം സർക്കാർ 214.40 കോടി രൂപ വായ്പ ധനസഹായമായും 39.55 കോടി രൂപ പദ്ധതി വിഹിതമായും കെ.എസ്.ആർ.ടി.സി.-ക്ക് അനുവദിച്ചിട്ടുണ്ട്.

(ബി) കെ.എസ്.ആർ.ടി.സി.-യെ പ്രവർത്തന ലാഭത്തിൽ എത്തിക്കുന്നതിന് നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കുമോ?

കെ.എസ്.ആർ.ടി.സി.-യെ പുനരുദ്ധരിക്കുന്നതിന്റെ ഭാഗമായി പ്രൊഫ. സുശീൽ ഖന്നയുടെ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കോർപ്പറേഷന്റെ മാനേജ്മെന്റ്, പ്രവർത്തനരീതി എന്നിവ പുനഃക്രമീകരിക്കുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

<u>മാനേജ്മെന്റ് പ്രൊഫഷണലിസം</u>

കെ.എസ്.ആർ.ടി.സി.-യിലെ വിവിധ വിഭാഗങ്ങളിലേയ്ക്ക് അതത് മേഖലകളിൽ യോഗ്യതയും പരിചയവുമുള്ള ഉദ്യോഗസ്ഥരുടെ സേവനം ലഭ്യമാക്കുന്നതിനായി ഓരോ വിഭാഗങ്ങളിലും വൈദഗ്ധ്യമുള്ളവരെ മതിയായ നിയമന നടപടിക്രമങ്ങൾ പാലിച്ച് കരാറടിസ്ഥാനത്തിൽ നിയമിക്കുക വഴി മാനേജ്മെന്റ് ശാക്തികരിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

പ്രൊഫ. സുശീൽ ഖന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, കോർപ്പറേഷനിലെ ടോപ് ലെവൽ മാനേജ്മെന്റ് ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി General Manager (F&A), General Manager (Tech.), Dy. General Manager (F&A), Dy. General Manager (Operations), Dy. General Manager (Tech.), Chartered/Cost Accountant എന്നീ തസ്തികകൾ താല്ക്കാലികമായി സർക്കാർ സൃഷ്ടിക്കുകയും നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

മാനവവിഭവശേഷി വർദ്ധിപ്പിക്കുന്നതിന്റെയും കോർപ്പറേഷനെ കൊമേർഷ്യലൈസ് ചെയ്യുന്നതിന്റെയും ഭാഗമായി പ്രാവീണ്യം തെളിയിക്കുന്നവരെ ഓപ്പൺ മാർക്കറ്റിൽ നിന്നും കരാറടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്.

പ്രൊഫ. സുശീൽ ഖന്നയുടെ റിപ്പോർട്ടിലെ പ്രധാന നിർദ്ദേശം കോർപ്പറേഷനെ മൂന്ന് (3) സ്വയം പര്യാപ്തമായ ലാഭകേന്ദ്രങ്ങളാക്കി മാറ്റുകയെന്നതാണ്. ആയതിൻപ്രകാരം കെ.എസ്.ആർ.ടി.സി.-യെ സൗത്ത്, സെൻട്രൽ, നോർത്ത് സോണുകളായി തരംതിരിച്ചിട്ടുണ്ട്.

കൂടാതെ ഭരണപരവും അക്കൗണ്ട്സ് സംബന്ധവുമായ നടപടികൾ ജില്ലാടിസ്ഥാനത്തിൽ സ്വീകരിക്കുന്നതിന് പതിനഞ്ച് (15) ജില്ലാ ഓഫീസുകൾ ചുവടെ കാണുംപ്രകാരം രൂപീകരിച്ചിട്ടുണ്ട്.

| | ജില്ല | ജില്ലാ ഓഫീസ് പ്രവർത്തിക്കുന്ന സ്ഥലം | പരിധിയിൽ വരുന്ന ഡിപ്പോ, സബ് ഡിപ്പോ, വർക്ക്ഷോപ്പ്, ഓപ്പറേറ്റിംഗ് സെന്റർ, DCP. |
|---|---|---|---|
| 1 | തിരുവനന്തപുരം സൗത്ത് | സെൻട്രൽ വർക്സ്, പാപ്പനംകോട് | Thiruvananthapuram Central, Thiruvananthapuram City, Peroorkada, Vikasbhavan, Pappanamcode, Central Works, Neyyattinkara, Parassala, Poovar, Vizhinjam. |
| 2 | തിരുവനന്തപുരം നോർത്ത് | നെടുമങ്ങാട് | Attingal, Kilimanoor, Kaniyapuram, Venjaramoodu, Kattakkada, Nedumangad, Aryanad, Vellanad, Vellarada, Vithura, Palode. |
| 3 | കൊല്ലം | കൊട്ടാരക്കര (താൽക്കാലികം) | Chadayamangalam, Chathannoor, Kollam, Karunagapally, Kottarakkara, Punalur, Pathanapuram, Kulathupuzha, Aryankavu. |
| 4 | പത്തനംതിട്ട | പത്തനംതിട്ട | Adoor, Pandalam, Thiruvalla, Mallappally, Ranni, Konni, Pathanamthitta. |
| 5 | ആലപ്പുഴ | ഹരിപ്പാട് (താൽക്കാലികം) | Alappuzha, Cherthala, Edathua, Harippad, Kayamkulam, Mavelikkara, Chengannoor,<br>Regional Workshop Mavelikkara. |
| 6 | കോട്ടയം | ചങ്ങനാശ്ശേരി (താൽക്കാലികം) | Changanassery, Kottayam, Erumeli, Pala, Ponkunnam, Erattupetta, Vaikom. |
| 7 | ഇടുക്കി | തൊടുപുഴ | Thodupuzha, Kattappana, Moolamattom, Kumily, Munnar, Nedumkandam. |
| 8 | എറണാകുളം | ആലുവ (താൽക്കാലികം) | Aluva, Ankamali, Ernakulam, Thevara, Piravom, Koothattukulam, Kothamangalam, Muvattupuzha, North Paravur, Perumbavoor, Regional Workshop Aluva. |

| | | | |
|---|---|---|---|
| 9 | തൃശ്ശൂർ | തൃശ്ശൂർ | Chalakkudy, Irinjalakkuda, Guruvayoor, Kodungalloor, Mala, Thrissur, Puthucaud. |
| 10 | പാലക്കാട് | പാലക്കാട് | Palakkad, Chittoor, Vadakkancherry, Mannarkkad. |
| 11 | മലപ്പുറം | മലപ്പുറം | Malappuram, Ponnani, Perinthalmanna, Nilambur, Regional Workshop Edappal. |
| 12 | കോഴിക്കോട് | കോഴിക്കോട് | Kozhikkode, Thiruvambady, Thottilpalam, Vadakara, Thamarassery, Regional Workshop Kozhikkode, |
| 13 | വയനാട് | സുൽത്താൻ ബത്തേരി | Sulthanbatherry, Kalpetta, Mananthavady. |
| 14 | കണ്ണൂർ | കണ്ണൂർ | Kannur, Payyannur, Thalassery. |
| 15 | കാസർഗോഡ് | കാസർഗോഡ് | Kasaragod, Kanhangad. |

വരുമാന വർദ്ധനവ് വരുത്തുകയെന്നതിനോടൊപ്പം കോർപ്പറേഷന്റെ പ്രവർത്തനങ്ങളുടെ ശാക്തീകരണമാണ് പ്രസ്തുത മേഖലകളുടെ രൂപീകരണം കൊണ്ട് ലക്ഷ്യമിട്ടിട്ടുള്ളത്. കെ.എസ്.ആർ.ടി.സി. നേരിടുന്ന കടുത്ത സാമ്പത്തിക പ്രതിസന്ധി നിമിത്തം വരവും ചെലവും തമ്മിലുള്ള അന്തരം കുറച്ച് സ്ഥാപനത്തെ പ്രവർത്തന ലാഭത്തിലെത്തിക്കുന്നതിനായി 2021-22 സാമ്പത്തികവർഷത്തിൽ 2037.51 കോടി രൂപയും വിവിധ പദ്ധതികളുടെ നടത്തിപ്പിനായി പദ്ധതി വിഹിതമായി 87.21 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. മാത്രമല്ല, 2022-23 സാമ്പത്തികവർഷത്തിൽ 1069.22 കോടി രൂപ നാളിതുവരെ വായ്പ ധനസഹായമായും 5.69 കോടി രൂപ വിവിധ പദ്ധതികളുടെ നടത്തിപ്പിനായി പദ്ധതി വിഹിതമായും അനുവദിച്ചിട്ടുണ്ട്.

കോവിഡിനെത്തുടർന്നുള്ള കടുത്ത സാമ്പത്തിക പ്രതിസന്ധി നിമിത്തം പെൻഷൻ മുടങ്ങുന്ന അവസ്ഥ സംജാതമായപ്പോൾ സർക്കാർ മുൻകയ്യെടുത്ത് പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളുടെ കൺസോർഷ്യം മുഖാന്തരം പെൻഷൻ മുടക്കം കൂടാതെ നൽകുകയുണ്ടായി. ഇതിനുപുറമെ കൂടുതൽ ബസ്സുകൾ നിരത്തിലിറക്കി ടിക്കറ്റ് വരുമാനം വർദ്ധിപ്പിക്കുന്നതിനോടൊപ്പം ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിനായി നിരവധി നൂതന പദ്ധതികളും ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നുണ്ട്. പ്രതിവാഹന ജീവനക്കാരുടെ എണ്ണം ദേശീയ ശരാശരിയിൽ എത്തിക്കുന്നതിന് ശ്രമങ്ങൾ നടന്നുവരുന്നു. അധികമായി നോൺ പീക്ക് സമയത്ത് ഓപ്പറേറ്റ് ചെയ്തിരുന്ന ട്രിപ്പുകൾ ക്രമീകരിക്കുകയും പീക്ക് സമയത്ത് പരമാവധി ട്രിപ്പുകൾ ലഭിക്കുകയും ചെയ്യുന്ന രീതിയിൽ മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് ആക്ട് 1961 പ്രകാരം ഡ്യൂട്ടികൾ ക്രമീകരിച്ച് വരുന്നു. പ്രാരംഭഘട്ടമെന്ന നിലയിൽ തിരുവനന്തപുരം ജില്ലയിലെ പാറശ്ശാല ഡിപ്പോയിൽ 2022 ഒക്ടോബർ 1 മുതൽ പൈലറ്റ് പദ്ധതി നടപ്പിലാക്കുകയും 20-10-2022 മുതൽ പൂർണ്ണതോതിൽ നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. ഇപ്രകാരം ഒക്ടോബർ 20 മുതൽ നവംബർ 19 വരെയുള്ള ഒരു മാസക്കാലം സർവ്വീസ് ക്രമീകരിച്ചതിൽ തുടർച്ചയായി ഒന്നിലധികം ഡ്യൂട്ടി ചെയ്യുന്നതിലൂടെ ജീവനക്കാർക്കുണ്ടായിരുന്ന അധിക

ജോലിഭാരവും ജീവനക്കാരുടെ ശാരീരിക മാനസിക ആരോഗ്യം തകരാറിലാകുന്നതുമൊഴിവാക്കി അപകടം കുറയ്ക്കുവാനും മാനവവിഭവശേഷി വർദ്ധിപ്പിച്ച് കൂടുതൽ സർവ്വീസുകൾ ഓപ്പറേറ്റ് ചെയ്യുവാനും മുൻമാസത്തെ സമാന കാലയളവിനെ അപേക്ഷിച്ച് പ്രതിദിനം ശരാശരി 26 ശതമാനം അധിക കിലോമീറ്റർ ഓപ്പറേറ്റ് ചെയ്യുവാനും അതിലൂടെ 14 ശതമാനം അധിക വരുമാനം നേടുവാനും സാധിച്ചിട്ടുണ്ട്. കൂടാതെ പ്രതികിലോമീറ്റർ ചെലവ് 5.68 രൂപയും ജീവനക്കാർക്കുള്ള ചെലവിൽ ഒരു കിലോമീറ്ററിന് 3.44 രൂപയും കുറഞ്ഞിട്ടുണ്ട്. 2023 മാർച്ച് മാസത്തോടുകൂടി മുഴുവൻ യൂണിറ്റുകളിലും പ്രസ്തുത ഡ്യൂട്ടി പരിഷ്കരണം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ ത്വരിതഗതിയിൽ നടന്നുവരികയാണ്. ഇപ്രകാരം ജീവനക്കാരുടെ എണ്ണം ക്രമീകരിച്ച് പുതിയ റൂട്ടുകളിൽ കൂടുതൽ സർവ്വീസ് നടത്തുന്നതിലൂടെ കുറഞ്ഞത് 25 കോടി രൂപ പ്രതിമാസം അധികമായി സമാഹരിക്കുവാൻ കഴിയുമെന്ന് കണക്കാക്കുന്നു. ചെലവ് കുറച്ച് കൂടുതൽ കാര്യക്ഷമമായി ഓപ്പറേറ്റ് ചെയ്തതിന്റെ ഭാഗമായി 2022 സെപ്റ്റംബർ മാസം 12-ാം തീയതി കെ.എസ്.ആർ.ടി.സി. വരുമാനത്തിൽ ചരിത്രനേട്ടം കൈവരിച്ചു. കേവലം 3941 ബസുകളുപയോഗിച്ച് 13.31 ലക്ഷം കിലോമീറ്റർ ദൂരം ഓപ്പറേറ്റ് ചെയ്തപ്പോൾ 8.41 കോടി രൂപ റെക്കോർഡ് കളക്ഷൻ

നേടുവാൻ കഴിഞ്ഞു. ഇപ്രകാരം പ്രതിദിനം 8 കോടി രൂപയെന്ന ലക്ഷ്യം നേടുവാൻ കൂടുതൽ ബസ്സുകളും ജീവനക്കാരെയും വിന്യസിച്ച് കെ.എസ്.ആർ.ടി.സി. സർവ്വീസ് കൂടുതൽ വ്യാപിപ്പിക്കുവാൻ നടപടികൾ നടന്നുവരികയാണ്. തിരുവനന്തപുരം നഗരത്തിലെ സമഗ്രമായ നഗരഗതാഗതത്തിന് നഗരപരിധിയിൽ വിവിധ പ്രദേശങ്ങളെയും സ്ഥാപനങ്ങളെയും ബന്ധിപ്പിച്ച് നഗരത്തിലേയ്ക്ക് വിവിധ ആവശ്യങ്ങൾക്കായി എത്തിച്ചേരുന്ന പൊതുജനങ്ങൾക്കും നഗരത്തിലെ വിവിധ ഭാഗങ്ങളിൽ സഞ്ചരിക്കേണ്ട യാത്രക്കാർക്കും പ്രയോജനകരമായ രീതിയിൽ സിറ്റി സർക്കുലർ (ഹോപ്പ് ഓൺ ഹോപ്പ് ഓഫ്) ആരംഭിച്ചു. ഇതിലൂടെ തിരുവനന്തപുരം നഗരത്തിലേയ്ക്കുള്ള സ്വകാര്യ വാഹനങ്ങളുടെ തിരക്കും പാർക്കിംഗും അന്തരീക്ഷ മലിനീകരണവും കുറയ്ക്കുവാൻ കഴിഞ്ഞിട്ടുണ്ട്. സമഗ്രമായ പഠനത്തിന്റെ വെളിച്ചത്തിൽ സിറ്റി ഷട്ടിൽ സർവ്വീസുകളാരംഭിച്ചു. കൂടുതൽ സ്ഥലസൗകര്യവും സൗകര്യപ്രദമായ വാതിലുകളും ഉയരം കുറഞ്ഞ പ്ലാറ്റ്ഫോമുമുള്ള ലോഫ്ളോർ ബസ്സുകൾ ഉപയോഗിച്ചതിനാൽ കൂടുതൽ യാത്രക്കാർ ടി ബസ്സുകളെ ആശ്രയിക്കുകയും മറ്റ് ബസ്സുകൾ ഒറ്റപ്പെട്ട ഗ്രാമീണ റൂട്ടുകളിൽ ഉപയോഗിക്കുവാനും കഴിഞ്ഞിട്ടുണ്ട്. അനാവശ്യമായി യാത്രക്കാരില്ലാതെ റിട്ടേൺ ഡെഡ് ട്രിപ്പുകൾ കുറയ്ക്കുന്നതിനും യാത്രക്കാരുടെ

സൗകര്യത്തിനുമായി സിറ്റി റേഡിയൽ സർവ്വീസ് ആരംഭിച്ചു. സിറ്റിക്ക് വെളിയിലുള്ള രണ്ട് പ്രധാന സ്ഥലങ്ങളെ തമ്മിൽ ബന്ധിപ്പിക്കുക വഴി യാത്രക്കാർക്ക് ഇറങ്ങി കയറുന്നത് ഒഴിവാക്കുകയും യാത്രക്കാർ കൂടുതലായി ഇത്തരം ബസ്സുകളെ ആശ്രയിക്കുകയും ചെയ്തതിനാൽ കട്ട് ട്രിപ്പുകൾ സിറ്റിയിലേയ്ക്ക് നടത്തിയിരുന്ന ബസ്സുകളുടെ എണ്ണം കുറക്കുവാനും തദ്വാര അനാവശ്യ ഗതാഗതകുരുക്കും ചെലവും അന്തരീക്ഷ മലിനീകരണം ഒഴിവാക്കുന്നതിനും കഴിഞ്ഞു. അന്തരീക്ഷ മലിനീകരണവും പ്രവർത്തനച്ചെലവും കുറയ്ക്കുന്നതിന്റെ ഭാഗമായി 40 ഇലക്ട്രിക് ബസ്സുകൾ തിരുവനന്തപുരം നഗരത്തിൽ സിറ്റി സർക്കുലർ സർവ്വീസിനായി ഉപയോഗിച്ചുവരുന്നു. സംസ്ഥാനത്തിന്റെ ഉൾപ്രദേശങ്ങളിലേയ്ക്ക് സർവ്വീസുകൾ നടത്തുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന്, ഗ്രാമവണ്ടി എന്ന പേരിൽ പ്രത്യേക ബസ് സർവ്വീസ് പദ്ധതി ആരംഭിച്ചിട്ടുണ്ട്. തദ്ദേശസ്വയംഭരണ വകുപ്പ് - കെ.എസ്.ആർ.ടി.സി.-യുടെ ഗ്രാമവണ്ടി സർവ്വീസിന് തദ്ദേശഭരണസ്ഥാപനങ്ങൾ നിർദ്ദേശിക്കുന്ന റൂട്ടുകളിലോടുന്ന ബസ്സുകൾക്ക് തനത് ഫണ്ട്/സംഭാവന ഉപയോഗിച്ച് ഡീസലിനുള്ള പണം നൽകുന്നതിന് യഥേഷ്ടാനുമതി നൽകി 22-03-2022-ലെ സ.ഉ.(സാധാ)നം.704/2022/LSGD പ്രകാരം

ഉത്തരവായിട്ടുള്ളതാണ്. പദ്ധതിക്ക് തദ്ദേശസ്വയംഭരണ വകുപ്പ് കോ-ഓർഡിനേഷൻ കമ്മിറ്റി അനുമതി നൽകിയിട്ടുണ്ട്. കൂടാതെ സ്വകാര്യ വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും അതത് പ്രദേശത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് സ്പോൺസർ ചെയ്യാവുന്നതുമാണ്. 29-07-2022-ൽ സംസ്ഥാനതല ഉദ്ഘാടനം തിരുവനന്തപുരം ജില്ലയിലെ പാറശ്ശാലയിലെ കൊല്ലയിൽ പഞ്ചായത്തിലും, തുടർന്ന് 19-08-2022, 03-09-2022, 06-10-2022, 25-11-2022, 21-10-2022, 05-11-2022, 01-12-2022 എന്നീ തീയതികളിൽ യഥാക്രമം തൃശ്ശൂർ ജില്ലയിലെ എളവള്ളി പഞ്ചായത്ത്, കോഴിക്കോട് ജില്ലയിലെ ചാത്തമംഗലം പഞ്ചായത്ത്, കോട്ടയം ജില്ലയിലെ കടുത്തുരുത്തി പഞ്ചായത്തിൽ രണ്ട് സർവ്വീസുകൾ, മലപ്പുറം ജില്ലയിലെ എടവണ്ണ പഞ്ചായത്ത്, ആലപ്പുഴ ജില്ലയിലെ പത്തിയൂർ പഞ്ചായത്ത്, തിരുവനന്തപുരം ജില്ലയിലെ കുന്നത്തുകാൽ പഞ്ചായത്ത്, കൊല്ലം ജില്ലയിലെ കൊല്ലം കോർപ്പറേഷൻ എന്നീ സ്ഥലങ്ങളിൽ ജില്ലാതല ഉദ്ഘാടനവും കൂടുതൽ സർവ്വീസുകളും നടത്തിയിട്ടുണ്ട്.

സർവ്വീസുകളുടെ ക്രോണോളജി പരിശോധിച്ച് അനാവശ്യ ട്രിപ്പുകളും സർവ്വീസുകളും കുറക്കുകയും കൃത്യമായി ആവശ്യാനുസരണം സർവ്വീസുകൾ ക്രമീകരിക്കുകയും പുതിയ മലയോര തീരദേശ പാതകളിലൂടെ സർവ്വീസുകൾ

പുനഃക്രമീകരിക്കുകയും ചെയ്ത് വരുന്നതിൽ നിന്നും ക്രമാനുഗതമായി ബസ്സുകളിലെ യാത്രക്കാരുടെ എണ്ണം വർദ്ധിക്കുകയും അനാവശ്യ കിലോമീറ്റർ കുറച്ചതിലൂടെ ഡീസൽ, മെയിന്റനൻസ് ചെലവുകൾ കുറയ്ക്കുകയും ചെയ്തു. ദീർഘദൂര സർവ്വീസുകളിലും അന്തർസംസ്ഥാന സർവ്വീസുകളിലും കൂടുതൽ പഠനം നടത്തി കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ് മുഖാന്തരം പുതിയ ബസ്സുകൾ ലീസ് വ്യവസ്ഥയിൽ ലഭ്യമാക്കി ക്രൂ ചെയ്ഞ്ച് ഡ്രൈവർ-കം-കണ്ടക്ടർ സംവിധാനം ഏർപ്പെടുത്തുന്നതുൾപ്പെടെ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ഇതിലൂടെ മെച്ചപ്പെട്ട വരുമാനം നേടുവാനും ജീവനക്കാരുടെ ചെലവ് കുറയ്ക്കുവാനും കഴിയുന്നുണ്ട്. കെ.എസ്.ആർ.ടി.സി.-യിൽ നിലവിലുള്ള ഫ്ലീറ്റുകളുടെ ഉപയോഗം 75 ശതമാനത്തിൽ നിന്നും 95 ശതമാനത്തിലേയ്ക്ക് ഉയർത്തുന്നതിലേയ്ക്ക് നടപടികൾ സ്വീകരിച്ചുവരുന്നു. യാത്രക്കാരുടെ ഡിമാന്റ് പരിശോധിച്ച് " ഒറിജിൻ-ഡെസ്റ്റിനേഷൻ" പൈലറ്റ് സ്റ്റഡി നടത്തി ഡിമാന്റനുസരിച്ച് പരീക്ഷണാർത്ഥം നെയ്യാറ്റിൻകര-തിരുവനന്തപുരം റൂട്ടിലും എറണാകുളം-തിരുവനന്തപുരം റൂട്ടിലും നോൺ സ്റ്റോപ്പ്, ലിമിറ്റഡ് സ്റ്റോപ്പ് സർവ്വീസുകളാരംഭിച്ചതിൽ ചെലവ് ചുരുക്കി വരുമാനം വർദ്ധിപ്പിക്കുവാനും കഴിഞ്ഞിട്ടുണ്ട്. നൂതന സാങ്കേതികവിദ്യയുടെ സഹായത്തോടെ ട്രാവൽ

ഡിമാന്റ് ലൊക്കേഷൻ ട്രാക്കിംഗ് എന്നിവ കണ്ടെത്തുന്നതിന് ആധുനിക ഇ.റ്റി.എം., വി.എൽ.റ്റി.ഡി. എന്നിവ ലഭ്യമാക്കുക വഴി റൂട്ട് റാഷണലൈസേഷൻ കൂടുതൽ മെച്ചപ്പെടുകയും ഡാറ്റാ അനാലിസിസ് നടത്തുന്നതിന് സഹായകരമാകുകയും ചെയ്യും. ഇതിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും സഹായം ലഭ്യമാക്കുന്നതിനും DIMTS എന്ന സ്ഥാപനത്തെ പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടന്റായി നിയോഗിക്കുകയും പ്രവർത്തനങ്ങൾ നടന്നുവരികയുമാണ്. ഇത്തരത്തിൽ ഡാറ്റാ പ്രോസസിംഗ് പൂർത്തിയാകുന്നതോടെ വിവരസാങ്കേതികവിദ്യയുടെ സഹായത്തോടെ റൂട്ടുകൾ പുനഃക്രമീകരിക്കുകയും ട്രിപ്പുകൾ കാര്യക്ഷമമാക്കുകയും നോൺ സ്റ്റോപ്പ് ലിമിറ്റഡ് സ്റ്റോപ്പ് ബസ്സുകൾ കൂടുതലാരംഭിച്ച് ജനോപകാരപ്രദമായും ജനാഭിലാഷമനുസരിച്ചും ചെലവ് കുറച്ച് കാര്യക്ഷമമായി ഓപ്പറേഷൻ കൂടുതൽ സാദ്ധ്യമാക്കും. ഇതിനുള്ള പദ്ധതികൾ നടന്നുവരികയാണ്. യൂണിറ്റുകളിലെ നിലവിലെ സർവ്വീസുകളുടെയും ഭാവി സാദ്ധ്യതകൾ പരിഗണിച്ച് ദൈനംദിന വരുമാന ലക്ഷ്യം നിശ്ചയിച്ച് നൽകിയിട്ടുണ്ട്. മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് ആക്ട് പ്രകാരം ഷെഡ്യൂൾ ഒപ്റ്റിമൈസേഷനിലൂടെ കൂടുതൽ ബസ്സുകൾ യൂണിറ്റുകൾക്ക് നൽകി ഓപ്പറേറ്റ് ചെയ്തും കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ് വഴി ലഭിക്കുന്ന ആധുനിക ബസ്സുകളും ജീവനക്കാരും ഉപയോഗിച്ച്

സർവ്വീസ് നടത്തുമ്പോൾ ലഭിക്കുന്ന അധിക വരുമാനവും കൂടാതെ കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ് ക്രൂ ലഭ്യമാകുന്നതിലൂടെ ചെലവ് കുറയ്ക്കുകയും കെ.എസ്.ആർ.ടി.സി.-ക്ക് ഒഴിവാകുന്ന ജീവനക്കാരെ ഉപയോഗിച്ച് പുതിയ അധിക സർവ്വീസ് നടത്തിയും ആദ്യഘട്ടത്തിൽ പ്രതിമാസ വരുമാനം 8 കോടി രൂപയിൽ എത്തിക്കുകയും ക്രമാനുഗതമായി പ്രതിദിന വരുമാനം 10 കോടി രൂപയിൽ എത്തിക്കുന്നതിനുമാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ഇതിനായി ആവശ്യമായ സാങ്കേതിക സഹായവും നടപടികളും ദ്രുതഗതിയിൽ നടന്നുവരുന്നു. നിലവിൽ സിറ്റി സർവ്വീസിനുപയോഗിക്കുന്ന ഇന്ധനചെലവ് കൂടിയ ഡീസൽ ബസുകൾക്കുപകരം പ്രവർത്തനച്ചെലവ് കുറവുള്ള ഇലക്ട്രിക് ബസുകളുപയോഗിച്ച് മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആയതിന്റെ ആദ്യപടിയായി 50 ഇലക്ട്രിക് ബസുകൾ M/s. PMI Electro Mobility Solutions Pvt. Ltd. എന്ന സ്ഥാപനത്തിൽ നിന്നും കെ.എസ്.ആർ.ടി.സി.- സ്വിഫ്റ്റിന് വാങ്ങുന്നതിനായി വിതരണ ഉത്തരവ് നൽകുകയും ടി സ്ഥാപനം 40 ബസുകൾ ഇതുവരെ വിതരണം നടത്തിയിട്ടുമുണ്ട്. ടി ബസ് സിറ്റിയിലെ ഗതാഗതക്ലേശം കുറയ്ക്കുന്നരീതിയിൽ സർവ്വീസ് നടത്തുന്നുണ്ട്. കൂടാതെ തിരുവനന്തപുരം സിറ്റി കോർപ്പറേഷന്റെ സ്മാർട്ട് സിറ്റി പദ്ധതിയിൽ നിന്നും അനുവദിക്കുന്ന ഫണ്ടുപയോഗിച്ച് 125

ഇലക്ട്രിക് ബസുകൾ വാങ്ങുന്നതിനുള്ള ദർഘാസ് ക്ഷണിച്ചിട്ടുണ്ട്.

മുതൽമുടക്കില്ലാതെ ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പൊതുമേഖലാ എണ്ണക്കമ്പനികളുമായി ചേർന്ന് കെ.എസ്.ആർ.ടി.സി.-യുടെ നിലവിലെ കൺസ്യൂമർ പമ്പുകളെ പൊതുജനങ്ങൾക്കുകൂടി പ്രയോജനപ്പെടുന്ന രീതിയിൽ സംസ്ഥാനത്തുടനീളം പൊതുജനങ്ങൾക്കായി 75 ഇന്ധന ചില്ലറ വില്പനശാലകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലായി 12 ഔട്ട്‌ലെറ്റുകളുടെ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.

<u>കമ്പ്യൂട്ടറൈസ്ഡ് വെഹിക്കിൾ ട്രാക്കിംഗ് ആൻഡ് മോണിറ്ററിംഗ് സിസ്റ്റം</u>

പൊതുജനങ്ങൾക്കും യാത്രക്കാർക്കും ഉപയോഗപ്രദമാകുന്ന രീതിയിൽ വിവരസാങ്കേതികവിദ്യ ഉപയോഗിച്ച് ഷെഡ്യൂളുകളുടെയും സർവ്വീസുകളുടെയും യഥാർത്ഥ സമയക്രമം നൽകുന്നതിനായി പാസഞ്ചർ ഇൻഫർമേഷൻ സിസ്റ്റം (PIS), വെഹിക്കിൾ ട്രാക്കിംഗ് സിസ്റ്റം (VLTS) എന്നിവ നടപ്പിലാക്കുന്നതിനായി ഒരു പദ്ധതി DIMTS (Delhi Integrated Multi-model Transit System)-നെ ഏൽപ്പിച്ച് നടപടികൾ പുരോഗമിച്ചുവരുന്നു.

ടി പദ്ധതിയിൽ വരുന്ന പ്രധാന ഘടകങ്ങൾ പാസഞ്ചർ ഇൻഫർമേഷൻ സിസ്റ്റം (PIS), വെഹിക്കിൾ ലൊക്കേഷൻ ട്രാക്കിംഗ് സിസ്റ്റം (VLTS),

Decision Support System, Control room monitoring system എന്നിവയാണ്. ടി പദ്ധതി പൂർണ്ണമായി നടപ്പിലാക്കി കഴിയുന്നതിലൂടെ താഴെപ്പറയുന്ന പ്രയോജനങ്ങൾ ലഭ്യമാകുന്നതാണ്.

- പൊതുജനങ്ങൾക്കും യാത്രക്കാർക്കും മൊബൈൽ ആപ്ലിക്കേഷനുപയോഗിച്ച് ഷെഡ്യൂളുകളുടെയും സർവ്വീസുകളുടെയും യഥാർത്ഥ സമയക്രമം ഓൺലൈനായി ലഭ്യമാകും.
- വെഹിക്കിൾ ട്രാക്കിംഗ് സിസ്റ്റത്തിലൂടെ യാത്രക്കാർക്ക് ബസുകളുടെ ലൊക്കേഷൻ ലൈവായിത്തന്നെ ലഭ്യമാകും.
- ബസ് Utilization, Mileage, Service സംബന്ധിച്ച വിവരങ്ങൾ എന്നിവ വിശകലനം ചെയ്യുവാൻ സാധിക്കും.

ഇതിന്റെ ഭാഗമായി വെഹിക്കിൾ ലൊക്കേഷൻ ട്രാക്കിംഗ് ഡിവൈസുകൾ വാങ്ങുവാനുള്ള പർച്ചേസ് ഓർഡർ നൽകുകയും അതിൻപ്രകാരം ബസുകളിൽ ടി ഡിവൈസുകൾ ഘടിപ്പിക്കുന്ന നടപടികൾ പുരോഗമിക്കുന്നു.

GPRS, Bluetooth, RFID സംവിധാനമുള്ള ETM മെഷീനുകൾ

Closed Loop Smart Card സംവിധാനം ഉപയോഗിക്കത്തക്ക വിധത്തിൽ GPRS, Bluetooth, RFID സംവിധാനമുള്ള ETM മെഷീനുകൾ വാങ്ങുന്നതിനുള്ള പർച്ചേസ് ഓർഡർ നൽകുകയും വിവിധ ഡിപ്പോകളിലേയ്ക്കും ടി മെഷീനുകളുടെ വിതരണം പുരോഗമിച്ചുവരികയുമാണ്. ഇത് നടപ്പിലാക്കി കഴിയുമ്പോൾ തത്സമയം ഓരോ ട്രിപ്പിലുമുള്ള യാത്രക്കാരുടെ എണ്ണം ഓൺലൈനായി അറിയുവാൻ സാധിക്കും. മാത്രമല്ല പ്രീ-പെയ്ഡ് കാർഡുപയോഗിച്ച് യാത്ര ചെയ്യുന്നതിനുള്ള സൗകര്യവുമുണ്ടായിരിക്കുന്നതാണ്. കൂടാതെ ഓരോ ട്രിപ്പുകളുടെയും കളക്ഷൻ വിവരങ്ങളും ഓരോ ബസിന്റെയും വരുമാനം സംബന്ധിച്ച വിവരങ്ങളും ലഭ്യമാക്കുവാൻ സാധിക്കും. ആയത് വഴി ടി ട്രിപ്പ് ലാഭകരമാണോയെന്ന് വിശകലനം ചെയ്യുവാനും സാധിക്കും. വിവിധതരം പാസുകളെ സ്മാർട്ട് കാർഡ് സംവിധാനത്തിലേയ്ക്ക് മാറ്റുവാനും കഴിയുന്നതാണ്.

ഓൺലൈൻ റിസർവേഷൻ സംവിധാനം

കെ.എസ്.ആർ.ടി.സി.-യിലേയ്ക്ക് യാത്രക്കാരെ ആകർഷിക്കുന്നതിനും ടിക്കറ്റുകൾ മുൻകൂർ ബുക്ക് ചെയ്യുന്നതിനും പരിഷ്കരിച്ചതും കൂടുതൽ സൗകര്യങ്ങളോടുകൂടിയതുമായ ഓൺലൈൻ റിസർവേഷൻ സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. ഇതിലൂടെ യാത്രക്കാർക്ക് 30 ദിവസം മുൻകൂറായി

ടിക്കറ്റുകൾ ബുക്ക് ചെയ്യാവുന്നതാണ്. മുൻകൂർ ടിക്കറ്റ് ബുക്കിംഗിനായി " എന്റെ കെ.എസ്.ആർ.ടി.സി." എന്ന മൊബൈൽ ആപ്ലിക്കേഷൻ ആരംഭിച്ചിട്ടുണ്ട്. ടി ആപ്പ് ഉപയോഗിച്ചും യാത്രക്കാർക്ക് കെ.എസ്.ആർ.ടി.സി. ബസുകളിൽ ടിക്കറ്റ് ബുക്ക് ചെയ്യാൻ സാധിക്കുന്നതാണ്. ഒരു സ്ഥലത്ത് നിന്നും മറ്റൊരു സ്ഥലത്തേയ്ക്ക് നേരിട്ട് ബസ്സ് ലഭ്യമല്ലെങ്കിൽ, ' Link Ticket' എന്ന സംവിധാനത്തിലൂടെ യാത്രക്കാർക്ക് രണ്ട് ബസ്സുകളിലെയും ടിക്കറ്റ് ടി ആപ്പ് മുഖേന ബുക്ക് ചെയ്യാൻ സാധിക്കും. കൂടുതൽ യാത്രക്കാരെ ആകർഷിക്കുന്നതിനായി ഓൺലൈൻ റിസർവേഷൻ ബുക്കിംഗ്ചാർജ് 30 രൂപയിൽ നിന്നും 10 രൂപയായി കുറച്ചിട്ടുണ്ട്. കൂടാതെ ' Group Ticket' Option മുഖേന നാലോ അതിലധികമോ യാത്രക്കാർ ഒരുമിച്ച് ബുക്ക് ചെയ്യുമ്പോൾ ഒരു ടിക്കറ്റിന്റെ ബുക്കിംഗ് ചാർജ്ജായ 10 രൂപ മാത്രം നൽകിയാൽ മതിയാകും. Round Ticket ബുക്ക് ചെയ്യുമ്പോൾ റിട്ടേൺ ടിക്കറ്റ് തുകയുടെ 10% ഇളവ് ലഭിക്കുന്നതാണ്. പുതുക്കിയ Cancellation Policy പ്രകാരം 72 മണിക്കൂറിന് മുമ്പ് ടിക്കറ്റ് ക്യാൻസൽ ചെയ്യുമ്പോൾ മുഴുവൻ തുകയും യാത്രക്കാർക്ക് തിരികെ നൽകുന്നതാണ്. ടി ആപ്പിൽ കൂടുതൽ Payment Option-കൾ (UPI, Credit/Debit card, Net banking) ഏർപ്പെടുത്തിയിട്ടുണ്ട്.

ഇ-ഓഫീസ്

ഓഫീസ് പ്രവർത്തനങ്ങൾ സുഗമവും വേഗതയേറിയതും കാര്യക്ഷമവുമാക്കുന്നതിനുമായി ഇ-ഓഫീസ് സംവിധാനം കേരള സ്റ്റേറ്റ് ഐ.ടി മിഷൻ/NIC എന്നിവയുമായി ചേർന്ന് നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. ആദ്യഘട്ടമെന്ന നിലയിൽ കെ.എസ്.ആർ.ടി.സി.-യുടെ ചീഫ് ഓഫീസിൽ ടി സംവിധാനം നടപ്പിലാക്കുന്നതാണ്. ഇതിനാവശ്യമായ കമ്പ്യൂട്ടറും മറ്റ് അനുബന്ധ ഉപകരണങ്ങളും ടെണ്ടർ നടപടികളിലൂടെ വാങ്ങിയിട്ടുണ്ട്. ഇ-ഓഫീസ് നടപ്പിലാക്കുമ്പോൾ കടലാസുപയോഗത്തിൽ ഗണ്യമായ കുറവുവരുന്നതാണ്. ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിനായി 2022 നവംബർ 1 മുതൽ ബഡ്ജറ്റ് ടൂറിസം സെൽ രൂപീകരിക്കുകയും ടൂറിസം പദ്ധതികൾ നടപ്പിലാക്കിവരികയും ചെയ്യുന്നു. കുറഞ്ഞ ചെലവിൽ വിനോദസഞ്ചാരം സാധ്യമാക്കുകയെന്ന ലക്ഷ്യത്തോടെ കെ.എസ്.ആർ.ടി.സി. ബഡ്ജറ്റ് ടൂറിസം ട്രിപ്പുകൾ നടത്തിവരികയാണ്. സംസ്ഥാന സർക്കാരിന്റെ വിവിധ വകുപ്പുകളും ഏജൻസികളുമായും ബന്ധപ്പെട്ടാണ് ഏറ്റവും കൂടുതൽ ടൂർ പാക്കേജുകൾ കെ.എസ്.ആർ.ടി.സി. നടപ്പാക്കിവരുന്നത്. ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിനായി 2022 നവംബർ 1 മുതൽ ബഡ്ജറ്റ്

ടൂറിസം സെൽ രൂപീകരിക്കുകയും ടൂറിസം പദ്ധതികൾ നടപ്പിലാക്കി വരികയും ചെയ്യുന്നു.

പൊതുജനങ്ങൾക്ക് കുറഞ്ഞ ചെലവിൽ വിനോദസഞ്ചാരം സാധ്യമാക്കുകയെന്ന ലക്ഷ്യത്തോടെയാണ് കെ.എസ്.ആർ.ടി.സി. ബഡ്ജറ്റ് ടൂറിസം ട്രിപ്പുകൾ നടത്തിവരുന്നത്. 2021 നവംബറിൽ പ്രവർത്തനമാരംഭിച്ച് ഒരു വർഷം പിന്നിടുമ്പോൾ രണ്ട് ലക്ഷത്തിലധികം വിനോദ സഞ്ചാരികളാണ് ബഡ്ജറ്റ് ടൂറിസത്തിന്റെ വിനോദ സഞ്ചാരയാത്രാ സർവീസുകൾ ഉപയോഗപ്പെടുത്തിയത്.

മൂന്നാറിലെ സൈറ്റ് സീയിംഗ്, സ്ലീപ്പർ ബസ് യാത്രകൾക്ക് വിനോദ സഞ്ചാരികളിൽ നിന്ന് ലഭിച്ച സ്വീകാര്യതയും മലക്കപ്പാറ എന്ന കൊച്ച് അതിർത്തി ഗ്രാമത്തിലേയ്ക്ക് സഞ്ചാരികൾക്കായി ഏർപ്പെടുത്തിയ യാത്രകളുടെ വിജയവുമാണ് 2021 നവംബർ 1 മുതൽ ബഡ്ജറ്റ് ടൂറിസം സെൽ എന്ന ഒരു പ്രത്യേക വിഭാഗം തന്നെ കെ.എസ്.ആർ.ടി.സി.-യിൽ ആരംഭിക്കാൻ പ്രേരണയായത്. ഇപ്പോൾ ഏറ്റവും കൂടുതൽ വിനോദ യാത്രകൾ നടത്തുന്നതും കൂടുതൽ ആവശ്യക്കാരുള്ളതും മൂന്നാർ വിനോദ യാത്രകൾക്കാണ്. 25 ഡിപ്പോകളിൽ നിന്ന് മൂന്നാറിലേയ്ക്ക് വിനോദ യാത്രകൾ നടത്തുന്നുണ്ട്. നെല്ലിയാമ്പതി, തട്ടേക്കാട്, പൊൻമുടി, റോസ് മല,

അരിപ്പ തുടങ്ങി വനമേഖലകളുമായി ബന്ധപ്പെടുത്തി കെ.എസ്.ആർ.ടി.സി. ആരംഭിച്ച എല്ലാ വിനോദയാത്രകളും വൻവിജയമായിരുന്നു. കേരള സ്റ്റേറ്റ് ഇൻലാൻഡ് നാവിഗേഷൻ കോർപ്പറേഷന്റെ കൊച്ചിയിലെ സാഗര റാണി, ആഡംബര ക്രൂയിസായ നെഫെർറ്റിറ്റി എന്നിവയിലേയ്ക്ക് ഏറ്റവും കൂടുതൽ വിനോദസഞ്ചാരികളെ എത്തിച്ച രണ്ടാമത്തെ സെയിൽസ് ഏജന്റെന്ന അവാർഡും ഈ 9 മാസത്തെ പ്രവർത്തനത്തിനിടയിൽ കെ.എസ്.ആർ.ടി.സി. ബഡ്ജറ്റ് ടൂറിസം സെല്ലിന് ലഭിച്ചു.

കേരളത്തിലാദ്യമായി ഓപ്പൺ ഡെക്ക് ഡബിൾ ഡെക്കർ ബസിൽ സൈറ്റ് സീയിംഗും തിരുവനന്തപുരം നഗരത്തിൽ നടത്തിവരുന്നു. 7000-ത്തിലധികം വിനോദസഞ്ചാരികൾ ഈ സൈറ്റ് സീയിംഗ് സർവ്വീസ് ആസ്വദിച്ചുകഴിഞ്ഞു. വിനോദസഞ്ചാരികളുടെ ആവശ്യപ്രകാരം വയനാട് എന്നിവിടങ്ങൾ കേന്ദ്രീകരിച്ച് സൈറ്റ് സീയിംഗ് യാത്രകൾ പുതുതായി ആരംഭിച്ചിട്ടുണ്ട്.

വിനോദസഞ്ചാരികൾക്ക് കുറഞ്ഞ ചെലവിൽ താമസം നൽകുകയെന്ന ലക്ഷ്യത്തോടെ മൂന്നാർ, സുൽത്താൻ ബത്തേരി ഡിപ്പോകളുടെ മാതൃകയിൽ എ. സി. സ്ലീപ്പർ ബസുകളും എ. സി. ഡോർമിറ്ററികളും വിവിധ സ്ഥലങ്ങളിൽ സ്ഥാപിക്കുന്ന പ്രവർത്തനങ്ങളാരംഭിച്ചിട്ടുണ്ട്. പതിനായിരത്തിലധികം

പേർക്ക് ഒരു ദിവസം കുറഞ്ഞ ചെലവിലെ താമസസൗകര്യം കേരളത്തിലുടനീളം കെ.എസ്.ആർ.ടി.സി. ഡിപ്പോകളുമായി ബന്ധപ്പെട്ട് വിനോദസഞ്ചാരികളുടെയും മറ്റ് യാത്രക്കാരുടെയും സൗകര്യാർത്ഥം സ്ഥാപിക്കുകയെന്നതാണ് ലക്ഷ്യം. "കെ.എസ്.ആർ.ടി.സി. ബഡ്ജറ്റ് സ്റ്റേ" എന്ന പേരിൽ കുറഞ്ഞ ചെലവിൽ താമസസൗകര്യമൊരുക്കുന്ന സ്വകാര്യ സംരഭകരുടെ ലോഡ്ജ്/ഹോം സ്റ്റേ/ഡോർമിറ്ററികളുമായി സഹകരിച്ച് പ്രവർത്തിക്കുന്ന പദ്ധതിക്കും അന്തിമരൂപം നൽകി വരുന്നു.

"കെ.എസ്.ആർ.ടി.സി. റിഫ്രഷ്" എന്ന പേരിൽ കേരളത്തിലുടനീളം കെ.എസ്.ആർ.ടി.സി. അംഗീകൃത ഹോട്ടൽ/റെസ്റ്റോറന്റ് ശൃംഖലകൾ വിനോദസഞ്ചാരികൾക്കും യാത്രക്കാർക്കുമായി സ്ഥാപിക്കുന്ന പ്രവർത്തനങ്ങൾക്കും തുടക്കം കുറിച്ചിട്ടുണ്ട്. സംസ്ഥാനത്തുടനീളം വിനോദ യാത്രകൾക്കിടയിലും സാധാരണ യാത്രയ്ക്കിടയിലും ഗുണമേന്മയുള്ള ഭക്ഷണം ലഭ്യമാക്കുകയെന്നതാണ് പദ്ധതിയുടെ ലക്ഷ്യം. ഭക്ഷണം മുൻകൂട്ടി ബുക്ക് ചെയ്യുന്നതിനുള്ള ഓൺലൈൻ സംവിധാനവും നടപ്പിൽ വരുത്തുന്നതാണ്.

കെ.എസ്.ആർ.ടി.സി.-യുടെ വരുമാനത്തിന്റെ ഏറിയ പങ്കും സർവീസ് ഓപ്പറേഷനിലൂടെയാണ് ലഭിക്കുന്നത്. കൂടാതെ കെ.എസ്.ആർ.ടി.സി.-യുടെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളിലും ഷോപ്പിംഗ് കോംപ്ലക്സുകളിലും കച്ചവട

സ്ഥാപനങ്ങൾ പ്രവർത്തിപ്പിക്കുന്നതിലൂടെയും ബസ് സ്റ്റേഷൻ പരസ്യം, ബസിലെ പരസ്യം, മൊബൈൽ ടവർ, Public Information system, ഷോപ്പ് ഓൺ വീൽസ് മുതലായവയിൽ നിന്നും ടിക്കറ്റിതര വരുമാനം ലഭിച്ചുവരുന്നു. കൂടാതെ ബസ് സ്റ്റേഷനുകളിൽ ATM കൗണ്ടറുകൾ സ്ഥാപിക്കുന്നതിനുള്ള ടെണ്ടർ നടപടികളും കൊറിയർ പാഴ്സൽ സർവ്വീസ് ആരംഭിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. കെ.എസ്.ആർ.ടി.സി.-യിൽ ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിലേയ്ക്കായി കൊമേഴ്സ്യൽ വിഭാഗം രൂപീകരിക്കുകയും ബസുകളിൽ പരസ്യം പതിപ്പിക്കൽ, ബസുകൾ വാടകയ്ക്ക് നൽകൽ, യൂണിറ്റുകളിലെ സ്ഥലങ്ങളും കടമുറികളും കച്ചവട സംബന്ധമായ ആവശ്യങ്ങൾക്ക് വാടകയ്ക്കനുവദിക്കൽ, യൂണിറ്റുകളിൽ ജനശ്രദ്ധയാകർഷിക്കുന്ന സ്ഥലങ്ങൾ ഹോർഡിംഗ്സ്, കോഫി വെൻഡിംഗ് (LR Stall) സ്ഥാപിക്കുന്നതിലേയ്ക്കായി സ്ഥലം വാടകയ്ക്ക് അനുവദിക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾ ചെയ്തുവരുന്നു. ത്രീ ടയർ മെയിന്റനൻസ് സംവിധാനം നടപ്പിൽ വരുത്തി ബസ്സുകളുടെ മെയിന്റനൻസ് സമയബന്ധിതമായി പൂർത്തീകരിച്ച് നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ആയതിന് വർക്ക് ഷോപ്പുകളുടെ നവീകരണം, Purchase of tools and equipments എന്നിവ പ്ലാൻ ഫണ്ടുപയോഗിച്ച് നടത്തിവരുന്നു.

മെയിന്റനൻസ് 5 പ്രൊഡക്ഷൻ സെന്ററുകളിലും 22 ജില്ലാ/സബ് ജില്ലാ വർക്ക് ഷോപ്പുകളിലും കേന്ദ്രീകരിക്കുന്നതിനും ഡിപ്പോ ഗ്യാരേജുകളിൽ പ്രതിദിന, പ്രതിവാര മെയിന്റനൻസുകൾ മാത്രം നിർവ്വഹിക്കുന്നതിനുള്ള ക്രമീകരണവും ഏർപ്പെടുത്തിയിട്ടുണ്ട്. റിപ്പയർ ഷെഡ്യൂളിന്റെ അടിസ്ഥാനത്തിൽ ഫ്ലോട്ട് യൂണിറ്റുകൾ ലഭ്യമാക്കി മാറ്റുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. മെക്കാനിക്കൽ വിഭാഗം ജീവനക്കാരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് വാഹന നിർമ്മാതാക്കൾ മുഖാന്തരം ട്രെയിനിംഗ് നൽകി വരുന്നു. മെക്കാനിക്കൽ വിഭാഗം ജീവനക്കാരുടെ അദ്ധ്വാനഭാരം കുറച്ച് തദ്വാര ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിന് ആധുനിക ഉപകരണങ്ങൾ വാങ്ങി നൽകുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

(സി) ഇന്ധന വിലവർദ്ധനവ് കെ.എസ്.ആർ.ടി.സി.-യുടെ സാമ്പത്തിക സ്ഥിതിയെ ഏതുതരത്തിൽ ബാധിക്കുന്നുവെന്ന് അറിയിക്കാമോ?

2022 ഫെബ്രുവരിക്ക് മുമ്പുവരെ വൻകിട ഉപഭോക്താവായ കെ.എസ്.ആർ.ടി.സി.-ക്ക് എണ്ണ കമ്പനികൾ ഡീസൽ നൽകിയിരുന്നത് വിപണി വിലയെക്കാൾ പ്രതിലിറ്ററിന് ഏകദേശം 4 രൂപ വരെ കുറഞ്ഞ നിരക്കിലായിരുന്നു.

01-02-2022-ൽ വൻകിട ഉപഭോക്താക്കൾക്ക് ഡീസൽ പ്രതിലിറ്ററിന് 97.70 രൂപയായും 01-07-2022-ൽ പ്രതിലിറ്ററിന് 138.46 രൂപ വരെ വർദ്ധിപ്പിക്കുകയും ചെയ്തു. 01-12-2022 മുതൽ പ്രതിലിറ്ററിന് 111.58 രൂപയുമാണ്. എന്നാൽ വിപണി വില പ്രതിലിറ്ററിന് 96.52 രൂപയിൽ തുടരുകയുമാണ്. ഇക്കാരണത്താൽ 2022 ഫെബ്രുവരി മാസം മുതൽ നവംബർ മാസം വരെ ഏകദേശം 173 കോടി രൂപയുടെ അധികച്ചെലവ് കെ.എസ്.ആർ.ടി.സി.-ക്കുണ്ടാകുമായിരുന്നു.

(ഡി) വാഹനങ്ങളുടെ ശരിയായ വിനിയോഗം വർദ്ധിപ്പിച്ചുകൊണ്ടും റൂട്ടുകളുടെ ശരിയായ ഉപയോഗത്തിലൂടെയും വരുമാനം വർദ്ധിപ്പിക്കുന്നതിന് മാനേജ്മെന്റ് സംവിധാനം ഫലപ്രദമാക്കാനുദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

വാഹനങ്ങളുടെ ശരിയായ വിനിയോഗം വർദ്ധിപ്പിക്കുന്നതിലൂടെ അധികമായി നോൺ പീക്ക് സമയത്ത് ഓപ്പറേറ്റ് ചെയ്തിരുന്ന ട്രിപ്പുകൾ ക്രമീകരിക്കുകയും പീക്ക് സമയത്ത് പരമവധി ട്രിപ്പുകൾ ലഭിക്കുകയും ചെയ്യുന്ന രീതിയിൽ മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് ആക്ട് 1961 പ്രകാരം ഡ്യൂട്ടികൾ ക്രമീകരിച്ചുവരുന്നു.

മാനേജ്മെന്റ് സംവിധാനം ഫലപ്രദമാക്കുന്നതിനായി മേഖലാ ഓഫീസുകൾ ശക്തിപ്പെടുത്തുകയും ജില്ലാതലത്തിൽ സർവ്വീസ് ഓപ്പറേഷൻ കാര്യക്ഷമമാക്കുന്നതിനായി ക്ലസ്റ്ററുകളായി തിരിച്ച് ജില്ലാ ഓഫീസിൽ ക്ലസ്റ്റർ ഓഫീസർമാരേയും സർവ്വീസ് ഓപ്പറേഷനിൽ പൂർണ്ണമായും സഹായിക്കുന്നതിനായി അസിസ്റ്റന്റ് ക്ലസ്റ്റർ ഓഫീസർമാരേയും നിയോഗിച്ചിട്ടുണ്ട്. ഓരോ ജില്ലയിലും സർവ്വീസ് ഓപ്പറേഷനാവശ്യമായ ജീവനക്കാരെ ലഭ്യമാക്കുന്നതിനും ക്രമീകരിക്കുന്നതിനുമായി ജില്ലാതല അഡ്മിനിസ്ട്രേറ്റീവ് ഓഫീസുകൾ ക്രമീകരിച്ചിട്ടുണ്ട്.

## ഉന്നതവിദ്യാഭ്യാസ രംഗത്തെ പരിഷ്കരണം

15(*135) ശ്രീ. വാഴൂർ സോമൻ:
ശ്രീ. ഇ. കെ. വിജയൻ:
ശ്രീ. വി. ശശി:
ശ്രീ. വി. ആർ. സുനിൽകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉന്നതവിദ്യാഭ്യാസ രംഗം പരിഷ്കരിക്കുന്നതിന് സർക്കാർ നിയോഗിച്ച സമിതികൾ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

ഉണ്ട്. ഉന്നതവിദ്യാഭ്യാസ പരിഷ്കരണ കമ്മീഷൻ, പരീക്ഷാപരിഷ്കരണ കമ്മീഷൻ, നിയമപരിഷ്കരണ കമ്മീഷൻ എന്നീ കമ്മീഷനുകൾ സർക്കാരിന് സമർപ്പിച്ച റിപ്പോർട്ടുകളിലെ നിർദ്ദേശങ്ങളും ശിപാർശകളും നടപ്പിലാക്കുന്നതിന് സംസ്ഥാന ഉന്നതവിദ്യാഭ്യാസ കൗൺസിലിനുകീഴിൽ കേരള സംസ്ഥാന ഉന്നതവിദ്യാഭ്യാസ പരിഷ്കരണ നിർവ്വഹണ സെൽ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത നിർദേശങ്ങളിലൂടെ സർവകലാശാലാ പ്രവർത്തനങ്ങളിലും പരീക്ഷാരീതികളിലും വരുത്താനുദ്ദേശിക്കുന്ന മാറ്റങ്ങൾ വ്യക്തമാക്കുമോ?

ഉന്നതവിദ്യാഭ്യാസ രംഗത്തെ സമഗ്രപരിഷ്കരണം ലക്ഷ്യമാക്കി സർക്കാർ നിയമിച്ച മൂന്ന് കമ്മീഷനുകളിൽ ഒന്നായ പരീക്ഷാ പരിഷ്കരണ കമ്മീഷന്റെ റിപ്പോർട്ടുപ്രകാരമുള്ള പ്രധാന നിർദ്ദേശങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

(സി) പരീക്ഷകൾ, പരീക്ഷാഫലം, സർട്ടിഫിക്കറ്റ് വിതരണം തുടങ്ങിയവ ത്വരിതപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പരീക്ഷകൾ സർവകലാശാലാ അക്കാദമിക കലണ്ടർ പ്രകാരം സമയബന്ധിതമായി നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. സർവകലാശാല പരീക്ഷാ കലണ്ടർ മാനദണ്ഡമാക്കിയാണ് പരീക്ഷകൾ നടത്തുന്നതും ഫലം പ്രഖ്യാപിക്കുന്നതും. സർട്ടിഫിക്കറ്റ് വിതരണത്തിനായി പുതിയ സോഫ്റ്റ്‌വെയർ തയ്യാറാക്കുകയും അതിന്റെ അടിസ്ഥാനത്തിൽ ദ്രുതഗതിയിൽ സർട്ടിഫിക്കറ്റ് തയ്യാറാക്കി വിതരണം ചെയ്തുവരികയും ചെയ്യുന്നു.

(ഡി) ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സേവനാവകാശ നിയമം നടപ്പിലാക്കുന്നത് പരിഗണനയിലുണ്ടോ; വിശദമാക്കുമോ?

ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സേവനാവകാശ നിയമം നടപ്പിലാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

**ആശ്വാസ കിരണം പദ്ധതി**

16(*136) ശ്രീ. സനീഷ്കുമാർ ജോസഫ്:
ശ്രീ. അൻവർ സാദത്ത്:
ശ്രീ. സി. ആർ. മഹേഷ്:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു) സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യസുരക്ഷാ മിഷൻ മുഖേന നടപ്പിലാക്കിവരുന്ന ആശ്വാസ കിരണം പദ്ധതി മുടങ്ങിയിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ?

കേരള സാമൂഹ്യ സുരക്ഷാ മിഷൻ നടപ്പിലാക്കി വരുന്ന ആശ്വാസ കിരണം പദ്ധതി മുടങ്ങിയിട്ടില്ല. സാമൂഹ്യനീതി വകുപ്പിന്റെ 11-10-2012-ലെ 60/2012/സാക്ഷേവ. പ്രകാരം ആശ്വാസ കിരണം പദ്ധതിയുടെ മാനദണ്ഡം ലഘൂകരിക്കുകയും ആനുകൂല്യം ലഭിക്കുന്ന ശയ്യാവലംബർ, ബുദ്ധിമാന്ദ്യം, ഓട്ടിസം, സെറിബ്രൽ പാൾസി, മാനസിക വൈകല്യമുള്ളവർ, മാനസിക രോഗികൾ, എന്നിവർക്കുപുറമെ 100 ശതമാനം അന്ധത, പ്രായാധിക്യം കൊണ്ടും ക്യാൻസർ മുതലായ പലവിധ ഗുരുതരമായ രോഗങ്ങളാലും കിടപ്പിലായവരെയും ദൈനംദിന കാര്യങ്ങൾക്ക് പരസഹായമാവശ്യമായിട്ടുള്ള മുഴുവൻ ആളുകളുടെ പരിചാരകരെയും ഈ പദ്ധതിയിലുൾപ്പെടുത്തി ഉത്തരവായി. തന്മൂലം പ്രസ്തുത പദ്ധതിയിലെ അപേക്ഷകളുടെ എണ്ണം ക്രമാതീതമായി വർദ്ധിക്കുകയും ബഡ്ജറ്റ് വിഹിതത്തിനെക്കാൾ കൂടുതൽ തുക പദ്ധതിക്കാവശ്യമായി വരുന്ന സാഹചര്യം സംജാതമാകുകയും ചെയ്തു. പദ്ധതിയുടെ ആനുകൂല്യം യഥാർത്ഥ ഗുണഭോക്താക്കൾക്ക് തന്നെയാണ് ലഭിക്കുന്നതെന്നുറപ്പാക്കാൻ

ഗുണഭോക്താക്കളുടെ ലൈഫ് സർട്ടിഫിക്കറ്റ്, ബാങ്ക്, ആധാർ വിവരങ്ങൾ ലിങ്ക് ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) സഹായ വിതരണം മുടങ്ങുന്നത് പരിഹരിക്കുന്നതിനായി ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സഹായ വിതരണം സമയബന്ധിതമായി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. 2021-22 സാമ്പത്തികവർഷം പദ്ധതി വിഹിതമായി 40 കോടി രൂപ അനുവദിച്ചിരുന്നു. 2022-23 സാമ്പത്തികവർഷത്തിൽ പ്രസ്തുത പദ്ധതിക്കായി 42.5 കോടി രൂപയുടെ ഭരണാനുമതി നൽകി. അതിലെ ആദ്യഗഡുവായി അനുവദിച്ച 10 കോടി രൂപയിൽ 9,86,20,800/- രൂപ ചെലവഴിച്ച് 7 ജില്ലകളിൽ 5 മാസത്തെയും ബാക്കി 7 ജില്ലകളിൽ 4 മാസത്തെയും ലൈഫ് സർട്ടിഫിക്കറ്റ്, ബാങ്ക്, ആധാർ വിവരങ്ങൾ ലഭ്യമാക്കിയ 34,965 ഗുണഭോക്താക്കൾക്ക് ധനസഹായമായി അവരുടെ ബാങ്ക് അക്കൗണ്ട് വഴി വിതരണം ചെയ്തു.

(സി) പ്രസ്തുത പദ്ധതിയിൽ ഇപ്പോൾ ആരെയൊക്കെയാണ് ഗുണഭോക്താക്കളായി ചേർത്തിരിക്കുന്നതെന്ന് വ്യക്തമാക്കുമോ; പ്രസ്തുത

പദ്ധതി അട്ടിമറിക്കുന്നതിനുള്ള ശ്രമം നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്നറിയിക്കുമോ?

തീവ്രമായ ശാരീരിക/മാനസിക വെല്ലുവിളികൾ നേരിടുന്നവരെയും 100 ശതമാനം അന്ധത ബാധിച്ചവരെയും ബുദ്ധിമാന്ദ്യം, ഓട്ടിസം, സെറിബ്രൽ പാൾസി എന്നീ രോഗങ്ങൾ ബാധിച്ചവരെയും പ്രായാധിക്യം കൊണ്ടും ക്യാൻസർ മുതലായ പലവിധ രോഗങ്ങളാലും കിടപ്പിലാവുകയും ദൈനംദിന കാര്യങ്ങൾക്ക് പരസഹായം ആവശ്യമായിട്ടുള്ളവരുമായ ആളുകളുടെ പരിചാരകരെയാണ് ഈ പദ്ധതിയിലുൾപ്പെടുത്തിയിരിക്കുന്നത്. ഗുണഭോക്താക്കളിൽ ലൈഫ് സർട്ടിഫിക്കറ്റ്, ബാങ്ക്, ആധാർ വിവരങ്ങൾ ലഭ്യമാക്കിയ 34,965 പേർക്കാണ് ഇപ്പോൾ ആനുകൂല്യം അനുവദിച്ചുനൽകിയിട്ടുള്ളത്. ആശ്വാസ കിരണം പദ്ധതി അട്ടിമറിക്കുന്നതിനുള്ള ശ്രമം നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) അനർഹരെ ഈ പദ്ധതിയിലുൾപ്പെടുത്തി യഥാർത്ഥ ഗുണഭോക്താക്കളുടെ ധനസഹായം നിഷേധിക്കുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് അവസാനിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പദ്ധതിയുടെ ആനുകൂല്യം യഥാർത്ഥ ഗുണഭോക്താക്കൾക്ക് തന്നെയാണ് ലഭിക്കുന്നതെന്നുറപ്പാക്കാൻ ഗുണഭോക്താക്കളുടെ ലൈഫ് സർട്ടിഫിക്കറ്റ്, ബാങ്ക്, ആധാർ എന്നീ വിവരങ്ങൾ ലിങ്ക് ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

## ഉന്നതവിദ്യാഭ്യാസ മേഖലയുടെ സമ്പൂർണ്ണ പരിഷ്കരണത്തിനായി ചേർന്ന കൊളോക്വിയം

17(*137) ശ്രീ. എം. എസ്. അരുൺ കുമാർ:

ശ്രീ. കടകംപള്ളി സുരേന്ദ്രൻ:

ശ്രീ. പി. ടി. എ. റഹീം:

ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു) സദയം മറുപടി നൽകുമോ:

(എ) ഉന്നതവിദ്യാഭ്യാസ മേഖലയുടെ സമഗ്രപരിഷ്കരണം ചർച്ച ചെയ്യുന്നതിനായി ചേർന്ന കൊളോക്വിയം സംബന്ധിച്ച് വിലയിരുത്തിയിട്ടുണ്ടോ; തീരുമാനങ്ങൾ വിശദമാക്കുമോ;

(ബി) ഉന്നതവിദ്യാഭ്യാസ മേഖലയിൽ നൂതന കോഴ്സുകളും നാലുവർഷ ബിരുദവും കോൺസ്റ്റിറ്റ്യുവന്റ് കോളേജുകളും തുടങ്ങുവാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

(എ&ബി) ഉന്നതവിദ്യാഭ്യാസവുമായി ബന്ധപ്പെട്ട കൊളോക്വിയം 2022 ഒക്ടോബർ 25, 26 തീയതികളിൽ തിരുവനന്തപുരത്ത് സംഘടിപ്പിക്കുകയുണ്ടായി. ഉന്നതവിദ്യാഭ്യാസ മേഖലയുമായി ബന്ധപ്പെട്ട സർവ്വകലാശാല/കോളേജ് അദ്ധ്യാപകരും അനദ്ധ്യാപകരും മറ്റും രണ്ട് ദിവസത്തെ കൊളോക്വിയത്തിൽ ക്വിയത്തിൽ പങ്കെടുത്ത്, ഉന്നതവിദ്യാഭ്യാസ പരിഷ്കരണവുമായി ബന്ധപ്പെട്ട റിപ്പോർട്ടുകൾ ചർച്ച ചെയ്തു.

<u>പ്രധാന തീരുമാനങ്ങൾ</u>:

- സംസ്ഥാനത്ത് 4 വർഷ ഡിഗ്രി കോഴ്സുകൾ 2023-24 അദ്ധ്യയനവർഷം ആരംഭിക്കാനുള്ള നടപടികൾ സ്വീകരിക്കും.
- 4 വർഷ ഡിഗ്രി പ്രോഗ്രാമുകളിൽ ഫൗണ്ടേഷൻ കോഴ്സുകൾ ഉൾപ്പെടുത്തും.
- 3-ാം വർഷം ഡിഗ്രി പഠനം അവസാനിപ്പിക്കാൻ വിദ്യാർത്ഥികൾക്ക് അനുമതിയുണ്ടാകും.
- 4 വർഷ ബിരുദക്കാർക്ക് പി.ജി. തലത്തിൽ ലാറ്ററൽ എൻട്രി
- പി.ജി.-പി.എച്ച്.ഡി. ഇന്റഗ്രേറ്റഡ് കോഴ്സുകളാരംഭിക്കും.

- ഗവേഷണ താല്പര്യമുള്ള JRF/SRF ലഭിക്കാത്ത സാമൂഹ്യവും സാമ്പത്തികവുമായി പിന്നാക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് ഫെല്ലോഷിപ്പ്.
- ഉന്നതവിദ്യാഭ്യാസ വികസനത്തിനായി പ്രത്യേക ഫണ്ട് സമാഹരിക്കും.
- ഇന്റർയൂണിവേഴ്സിറ്റി മാറ്റം സുഗമമാക്കുന്ന തരത്തിൽ തുല്യതാസർട്ടിഫിക്കറ്റുകൾ നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കും.
- ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങൾ കുറവുള്ള പ്രദേശങ്ങളിൽ കൂടുതൽ കോളേജുകളും കോഴ്സുകളും അനുവദിക്കും.
- ഉന്നതവിദ്യാഭ്യാസ രംഗത്ത് പുതിയ പദ്ധതികളും/സ്ഥാപനങ്ങളുമാരംഭിക്കും.

(സി) ഉന്നതവിദ്യാഭ്യാസ മേഖലയുടെ സമ്പൂർണ്ണ പരിഷ്കരണത്തിലൂടെ വിജ്ഞാന സമ്പദ്‌വ്യവസ്ഥ കെട്ടിപ്പടുക്കുകയെന്ന ലക്ഷ്യത്തിലധിഷ്ഠിതമായ പ്രവർത്തനങ്ങളുമായി ഈ സർക്കാർ മുന്നോട്ടുപോകുമ്പോൾ പ്രസ്തുത ലക്ഷ്യത്തിന് തടസ്സമുണ്ടാക്കുന്ന പ്രവർത്തനങ്ങൾ ചില കോണുകളിൽ നിന്നുണ്ടാകുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇത്തരം പ്രവർത്തനങ്ങൾ സർക്കാരിന്റെ ഗതിവേഗത്തെ ബാധിക്കുമോയെന്ന് വ്യക്തമാക്കുമോ?

(സി&ഡി) വിജ്ഞാന സമ്പദ്‌വ്യവസ്ഥ സൃഷ്ടിക്കുന്നതിനുള്ള പ്രവർത്തനങ്ങളിൽ നേരിടുന്ന വെല്ലുവിളികൾ സർക്കാരിന്റെ ഗതിവേഗത്തെ ബാധിക്കാതിരിക്കാൻ ശ്രദ്ധിക്കുന്നുണ്ട്.

**ഉന്നതവിദ്യാഭ്യാസ രംഗത്ത് തൊഴിൽ നൈപുണ്യ കോഴ്സുകൾ**

18(*138) ശ്രീ. കെ. പി. എ. മജീദ്:
ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. പി. കെ. ബഷീർ:
ഡോ. എം. കെ. മുനീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു) സദയം മറുപടി നൽകുമോ:

(എ) ഉന്നതവിദ്യാഭ്യാസത്തിനായി സംസ്ഥാനത്ത് നിന്നും ഓരോ വർഷവും മുപ്പതിനായിരത്തിലധികം പേർ വിദേശത്ത് പോകുന്നുവെന്നത് പരിശോധിച്ചിട്ടുണ്ടോ?

വിദേശപഠനത്തിനായി ധാരാളം വിദ്യാർത്ഥികൾ കേരളത്തിൽ നിന്നും പോകുന്നതായി ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ നോർക്ക-റൂട്ട്സ് തിരിച്ചറിയൽ കാർഡായ സ്റ്റുഡന്റ് ഐ. ഡി. കാർഡ് പദ്ധതി 2020 ഏപ്രിലിൽ ആരംഭിക്കുകയുണ്ടായി. ഈ പദ്ധതി വഴി നാളിതുവരെ 54

രാജ്യങ്ങളിലായി 2020 സ്റ്റുഡന്റ് കാർഡുകൾ വിതരണം ചെയ്യുകയും വിവരശേഖരണം നടത്തുകയും ചെയ്തിട്ടുണ്ട്.

(ബി) വിദേശത്ത് നിന്നുള്ള വിദ്യാഭ്യാസത്തിന് പ്രേരിപ്പിക്കുന്ന ഘടകങ്ങൾ എന്തെല്ലാമാണെന്ന് കണ്ടെത്തിയിട്ടുണ്ടോ?

ഇല്ല.

(സി) തൊഴിൽ നൈപുണ്യം വർദ്ധിപ്പിക്കുന്ന കോഴ്സുകളും പാർട്ട്ടൈം ജോലി ചെയ്ത് പഠനം നടത്താനുള്ള സാഹചര്യവും ഒരുക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ഡി) എങ്കിൽ ഇക്കാര്യത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

(സി&ഡി) തൊഴിൽ നൈപുണ്യം വർദ്ധിപ്പിക്കുന്ന കോഴ്സുകളും പാർട്ട്ടൈം ജോലി ചെയ്ത് പഠനം നടത്താനുള്ള സാഹചര്യവുമൊരുക്കുന്നതിന് ആധുനികകാലത്തെ അക്കാദമിക സാഹചര്യങ്ങളിൽ മൂല്യബോധമുള്ള വിദ്യാഭ്യാസസമൂഹത്തെ വാർത്തെടുക്കുന്നതോടൊപ്പം തൊഴിൽപരമായ നൈപുണ്യവും അതിലൂടെ സമ്പാദ്യശീലവും സാമ്പത്തിക സ്വാശ്രയത്വവും കൈവരിക്കാൻ അവരെ

പ്രാപ്തരാക്കുകയെന്ന ലക്ഷ്യത്തോടെ 'Earn While You Learn' എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

ഒരു വിജ്ഞാനസമൂഹത്തെ ഫലപ്രദമായി ഒരു വിജ്ഞാന സമ്പദ്‌വ്യവസ്ഥയായി പരിവർത്തനപ്പെടുത്തുകയും അതിലൂടെ ആ വിദ്യാർത്ഥിയുൾപ്പെടുന്ന സമൂഹത്തെ കൂടുതൽ കെട്ടുറപ്പുള്ളതാക്കുകയും സമഗ്രമായ വികസന പന്ഥാവിലേയ്ക്കെത്തിക്കുകയും ചെയ്യുകയെന്നുള്ളതാണ് ആത്യന്തികമായി പദ്ധതി ലക്ഷ്യംവയ്ക്കുന്നത്.

കോളേജ് വിദ്യാഭ്യാസ വകുപ്പിനുകീഴിലുള്ള 'Earn While You Learn' പദ്ധതിയും Kerala Knowledge Economy Mission-ന്റെ " Connect Career to Campus" പദ്ധതിയും തമ്മിൽ സംയോജിപ്പിച്ച് കേരളത്തിലെ എല്ലാ കോളേജ് വിദ്യാർത്ഥികൾക്കും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും Career guidance, Interview grooming support, Internships മുതലായവ സൃഷ്ടിക്കുവാനുള്ള സമഗ്രപദ്ധതി രൂപീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി കേരളത്തിലെ കോളേജുകളിലെ വിദ്യാർത്ഥികളിൽ ഈ പദ്ധതിയെക്കുറിച്ചുള്ള അവബോധം സൃഷ്ടിക്കുവാൻ ആദ്യഘട്ടത്തിൽ ഒരു Mass campaign നടത്തിവരികയാണ്. Kerala Knowledge Economy Mission-ന്റെ work management portal ആയ DWMS (Digital Work

Management System)-ന്റെ സേവനം പ്രസ്തുത പദ്ധതിക്കുപകാരപ്പെടുന്ന രീതിയിൽ പരിഷ്കരിക്കുന്നതിന്റെ സാദ്ധ്യതയും പരിശോധിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ' പഠനത്തോടൊപ്പം തൊഴിൽ' പദ്ധതിയുടെ ഭാഗമായി, നിലവിൽ വിദ്യാർത്ഥികൾക്ക് നൽകിവരുന്ന തൊഴിലവസരങ്ങൾക്കൊപ്പം നൈപുണ്യ വികസനത്തിനും കരിയർ ഓറിയന്റഡ് കോഴ്സുകളിലും അടിസ്ഥാനപ്പെടുത്തിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാനും കോളേജ് അവധിക്കാലത്ത് വിദ്യാർത്ഥികൾക്ക് തൊഴിൽ പരിചയസമ്പത്ത് വർദ്ധിപ്പിക്കുന്നതിനുമായി ഇന്റേൺഷിപ്പ് ഏർപ്പെടുത്തുവാനുള്ള വിവിധ പദ്ധതികൾ, Internship partners-നെ കണ്ടെത്തുന്നതിനുള്ള വിവിധ പരിപാടികൾ മുതലായവ Kerala Knowledge Economy Mission-ന്റെ സഹായത്തോടുകൂടി നടപ്പിലാക്കുന്നതിനും കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ Skill Training and Employment Enhancing Programme (STEEP) പദ്ധതിയും ASAP Kerala നടത്തിവരുന്ന വിവിധ മൂല്യാധിഷ്ഠിത നൈപുണ്യ വികസന Skill Training കോഴ്സുകൾ, Soft Skill Training കോഴ്സുകൾ, Core subject oriented and Other Interdisciplinary Job creation കോഴ്സുകൾ മുതലായവ പ്രസ്തുത പദ്ധതിയിലുൾപ്പെടുത്തുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

സാങ്കേതിക വിദ്യാഭ്യാസ വകുപ്പിനുകീഴിലുള്ള പോളിടെക്നിക് കോളേജുകളിൽ Industry on Campus പ്രോഗ്രാം വഴി കേരള സർക്കാരിന്റെ "Earn While You Learn" എന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. പഠനത്തോടൊപ്പം വരുമാനം നേടുകയെന്ന ലക്ഷ്യത്തോടുകൂടി വനിതാ പോളിടെക്നിക് കോളേജ്, കോഴിക്കോട്, ഗവൺമെന്റ് പോളിടെക്നിക് കോളേജ് പെരുമ്പാവൂർ എന്നീ സ്ഥാപനങ്ങളിൽ പ്രൊഡക്ഷൻ & ട്രെയിനിംഗ് സെന്റർ എന്ന പ്രോഗ്രാം നടന്നുവരുന്നു. കൂടാതെ, പെരുമ്പാവൂർ ഗവൺമെന്റ് പോളിടെക്നിക് കോളേജിൽ Mini Industrial Unit ആരംഭിക്കുന്നതിനുള്ള അനുവാദം നൽകിയിട്ടുണ്ട്. TBI (Technology Business Incubation) വഴി എല്ലാ ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജുകളിലും ചില പോളിടെക്നിക്കുകളിലും നവസംരംഭങ്ങൾക്കായിട്ടുള്ള സാങ്കേതിക വ്യാപാര സഹായങ്ങളും നിർദ്ദേശങ്ങളും നൽകിവരുന്നു. ഗവൺമെന്റ് പോളിടെക്നിക് കോളേജ്, കളമശ്ശേരി, ഗവൺമെന്റ് പോളിടെക്നിക് കോളേജ്, കട്ടുത്തുരുത്തി, വനിതാ പോളിടെക്നിക് കോളേജ്, തൃശ്ശൂർ, ശ്രീ രാമ പോളിടെക്നിക് കോളേജ്, തൃപ്രയാർ, സി. ഡി. സെന്റർ, കളമശ്ശേരി, എന്നീ പോളിടെക്നിക് കോളേജുകളിൽ Technology Business Incubator (TBI) എന്ന പ്രോഗ്രാം നടന്നുവരുന്നു. മൂന്നുവർഷത്തെ incubation

കാലാവധിക്കുശേഷം കാമ്പസ്സുകളിൽ നിന്നും മാറി വ്യവസായ യൂണിറ്റുകളാരംഭിക്കുന്നു.

തൊഴിൽ നൈപുണ്യം വർദ്ധിപ്പിക്കുന്നതിനായി അസാപ് കേരള നിലവിൽ 150-ൽപ്പരം വ്യവസായ പ്രസക്തിയുള്ള നൈപുണ്യ കോഴ്സുകൾ 19 സെക്ടറുകളിലായി നൽകിവരുന്നു. ആധുനിക വ്യവസായ ലോകത്ത് വളരെ പ്രാധാന്യം നേടി വരുന്ന ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ആൻഡ് മെഷീൻ ലേണിങ്, സൈബർ സെക്യൂരിറ്റി, ബിസിനസ്സ് അനലിറ്റിക്സ്, ക്ലൗഡ് കമ്പ്യൂട്ടിംഗ്, ഇലക്ട്രിക്ക് വെഹിക്കിൾ ടെക്നോളജി, എൻറോൾഡ് ഏജന്റ് പോലെയുള്ളവ അസാപ്പിന്റെ കോഴ്സുകളിലുൾപ്പെടുന്നു. NCVET-യുടെ ഡ്യുവൽ റെക്കഗ്നിഷൻ ലഭിച്ച സംസ്ഥാനത്തെ ഏക സ്ഥാപനമെന്ന നിലയിൽ നിലവിൽ വികസിപ്പിച്ച 13 NSQF (National Skills Qualification Framework) അധിഷ്ഠിത കോഴ്സുകൾക്കുപുറമെ, മാറി വരുന്ന വ്യവസായ-തൊഴിൽ സാഹചര്യങ്ങൾക്കനുസൃതമായ നൂതന നൈപുണ്യ കോഴ്സുകൾ വികസിപ്പിക്കുവാനുള്ള പ്രവർത്തനങ്ങൾ അസാപ് ത്വരിതഗതിയിൽ നടത്തിവരുന്നു. അസാപ് കേരള നിലവിൽ നൽകിവരുന്ന നൈപുണ്യ വികസന കോഴ്സുകൾ പാർട്ട് ടൈം ജോലിയോടൊപ്പം പഠനം സാദ്ധ്യമാക്കുന്ന

തരത്തിൽ പാഠ്യപദ്ധതിയും സമയക്രമവും നിശ്ചയിച്ചിട്ടുള്ളവയാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. ' Industry on Campus' പദ്ധതിയിലൂടെ കേരളത്തിലെ വിവിധ പോളിടെക്നിക്കുകളിൽ ലാബുകൾ സജ്ജീകരിക്കുകയും വിദ്യാർത്ഥികൾക്കായി ' Earn While You Learn' പദ്ധതി 2020 മുതൽ പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കിവരികയും ചെയ്യുന്നു.

2. ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അധ്യാപകരെ വ്യാവസായിക പ്രാധാന്യമുള്ള ആധുനിക കോഴ്സുകളുടെ പരിശീലകരാക്കാൻ സ്കിൽ ട്രെയിനർ എംപാനൽമെൻറ് പ്രോഗ്രാം (STEP) നടപ്പിലാക്കിയിട്ടുണ്ട്.

3. അസാപ് കേരള വഴി വിദ്യാർത്ഥികൾക്ക് 150-ൽപ്പരം വ്യവസായിക കോഴ്സുകൾ 2022-23 വർഷത്തിൽ ലഭ്യമാക്കിയിട്ടുണ്ട്. ഇതിലേയ്ക്കായി വാർഷിക പരിശീലന കലണ്ടറും പ്രസിദ്ധീകരിച്ചിട്ടുണ്ട്. നിലവിൽ 5000-ത്തിലധികം വിദ്യാർത്ഥികൾ അസാപിന്റെ വിവിധ വ്യാവസായിക അധിഷ്ഠിത കോഴ്സുകളിൽ പരിശീലനം നേടുന്നുണ്ട്.

4. അസാപിലൂടെ വിവിധ നൈപുണ്യ മേഖലകളിൽ പരിശീലനം ലഭിക്കുന്ന വിദ്യാർത്ഥികൾക്ക് ജോലി ലഭിക്കുന്നതിന് സഹായകരമാകുന്ന

തരത്തിലുള്ള ഇന്റേൺഷിപ്പ് പദ്ധതിയും ഓൺ ദി ജോബ് (OJT) പരിശീലനവും നടത്തിവരുന്നു.

ഗവൺമെന്റ് പോളിടെക്നിക് കോളേജുകളിൽ സ്ഥാപിതമാകുന്ന ഇൻഡസ്ട്രി ഓൺ കാമ്പസുകളെ വരുംവർഷങ്ങളിൽ മിനി പ്രൊഡക്ഷൻ സെന്ററുകളും മൈക്രോ പ്രൊഡക്ഷൻ യൂണിറ്റുകളും സ്വതന്ത്ര ഉല്പാദന കേന്ദ്രങ്ങളുമാക്കി മാറ്റുകയെന്ന ഉദ്ദേശ്യത്തോടുകൂടിയാണ് വിഭാവനം ചെയ്തിരിക്കുന്നത്. നിലവിൽ പതിനാല് സ്ഥാപനങ്ങളിൽ ഇൻഡസ്ട്രീസ് പങ്കാളിത്തവും ഉല്പാദനത്തിനായുള്ള പ്രാരംഭനടപടികളും ആരംഭിച്ചിട്ടുണ്ട്. പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം 2022 ഏപ്രിൽ നാലാം തീയതി നടന്നു. NULM, NBCFDC എന്നീ കേന്ദ്ര സർക്കാർ പദ്ധതിയിലുൾപ്പെടുന്ന വിവിധ തൊഴിൽ നൈപുണ്യ കോഴ്സുകൾ ഐ.എച്ച്.ആർ.ഡി.-യുടെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നടത്തിവരുന്നുണ്ട്. ഐ.എച്ച്.ആർ.ഡി.-യുടെ കീഴിലുള്ള 87 സ്ഥാപനങ്ങളിൽ 55 എണ്ണം NSDC-യുടെ SMART (Skill Management & Accreditation of Training Centres) അക്രഡിറ്റേഷനുള്ളവയാണ്. ഈ 55 സ്ഥാപനങ്ങളിൽ SDC നടപ്പിലാക്കുകയാണ് ലക്ഷ്യം. National Skill Development Corporation (NSDC) വികസിപ്പിച്ചെടുത്ത വിവിധ NSQF പ്രോഗ്രാമുകൾക്ക് ആവശ്യമായ

പരിശീലനം നൽകുന്നതിന് മോഡൽ ഫിനിഷിംഗ് സ്കൂളുകളും ഐ.എച്ച്.ആർ.ഡി.-യുടെ മറ്റ് പരിശീലന കേന്ദ്രങ്ങളും പ്രയോജനപ്പെടുത്തി, സ്കിൽ അക്വിസിഷൻ പ്രോഗ്രാമുകൾ വാഗ്ദാനം ചെയ്യുന്നതിനൊപ്പം ഒരു അക്രഡിറ്റഡ് ഏജൻസിയായി പ്രവർത്തിക്കുവാനുമുദ്ദേശിക്കുന്നു.

## സാമൂഹ്യസുരക്ഷാ മിഷന്റെ പദ്ധതികൾ

19(*139) ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. എം. വിൻസെന്റ്:
ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സാമൂഹ്യസുരക്ഷാ മിഷൻ സാമ്പത്തിക സഹായം നൽകി നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശം നൽകാമോ?

വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

(ബി) ആശ്വാസകിരണം, സമാശ്വാസം, സ്നേഹപൂർവ്വം, സ്നേഹസ്പർശം, വി കെയർ എന്നീ പദ്ധതികളുടെ സാമ്പത്തിക സഹായം നിലച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പദ്ധതികളുടെ സാമ്പത്തിക സഹായം ബഡ്ജറ്റ് വിഹിതത്തിന്റെ പരിധിയ്ക്കുള്ളിലും ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ചും നിലവിൽ നൽകി വരുന്നുണ്ട്. വിശദാംശം അനുബന്ധമായി ചേർക്കുന്നു+.

(സി) സാമൂഹ്യസുരക്ഷാ മിഷന് അനുവദിച്ച ഫണ്ട് കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ പേരിൽ വകമാറ്റിയതാണ് പ്രസ്തുത പദ്ധതികളുടെ ധനസഹായം നിലയ്ക്കാനുള്ള കാരണമെന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ?

കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി അഡ്മിനിസ്ട്രേറ്റീവ് ഫണ്ടായ റ്റി. എസ്.ബി. അക്കൗണ്ടിൽ നിന്നും തുക ചെലവഴിച്ചിട്ടുണ്ട്. മറ്റ് വിവിധ സ്ഥാപനങ്ങളിൽ നിന്ന് ഈ ആവശ്യങ്ങളിലേയ്ക്കായി ലഭിച്ച തുകകളും അഡ്മിനിസ്ട്രേറ്റീവ് ഹെഡ്ഡിലുൾപ്പെടുത്തി ചെലവഴിച്ചിട്ടുണ്ട്. പ്ലാൻ ഹെഡിൽ തുകകൾ വകമാറ്റുകയോ അതുമൂലം പദ്ധതി പ്രവർത്തനം നിലയ്ക്കുകയോ ചെയ്തിട്ടില്ല.

(ഡി) കോവിഡ് പ്രതിരോധ സാമഗ്രികൾ വാങ്ങാനുള്ള സർക്കാരിന്റെ ഏജൻസിയായി മെഡിക്കൽ സർവീസസ് കോർപ്പറേഷനെ തെരഞ്ഞെടുത്തശേഷവും സാമൂഹ്യസുരക്ഷാ മിഷൻ കോവിഡ് പ്രതിരോധ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സാമഗ്രികൾ വാങ്ങിയിട്ടുണ്ടോ; എങ്കിൽ ഇതിന്റെ കാരണം വിശദമാക്കുമോ?

20-03-2020-നുശേഷം കോവിഡ് രോഗബാധയുടെ പശ്ചാത്തലത്തിൽ കേരളത്തിൽ സാനിറ്റൈസറിന് ദൗർലഭ്യം നേരിട്ട അടിയന്തരസാഹചര്യം കണക്കിലെടുത്ത് N-95 മാസ്ക്, സാനിറ്റൈസർ, ത്രീ ലയർ മാസ്ക്, Hand rub solution തുടങ്ങിയ സാധനങ്ങൾ KMSCL-ൽ നിന്നും അല്ലാതെ മറ്റ് സ്ഥാപനങ്ങളിൽ നിന്നും വാങ്ങിയിട്ടുണ്ട്. ക്ലോത്ത് മാസ്ക് ജയിൽ വകുപ്പുമുഖേന നിർമ്മിക്കുകയും സാനിറ്റൈസർ KSDP എക്സൈസ്, ജയിൽ എന്നീ വകുപ്പുകൾ മുഖേന നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്.

(ഇ) സാമൂഹ്യസുരക്ഷാ മിഷൻ സാമ്പത്തിക സഹായം നൽകിവരുന്ന പദ്ധതികൾ അടിയന്തരമായി പുനഃസ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഗുണഭോക്താക്കൾക്ക് കഴിയുന്നത്ര വേഗം ധനസഹായം വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. സാമൂഹ്യസുരക്ഷാ മിഷൻ സാമ്പത്തിക സഹായം നൽകി വരുന്ന പദ്ധതികൾ ബഡ്ജറ്റ് വിഹിതത്തിന്റെ പരിധിയ്ക്കുള്ളിലും ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ചും നൽകിവരുന്നുണ്ട്.

## കെ.എസ്.ആർ.ടി.സി.-യെ ലാഭകരമാക്കാൻ നടപടി

20(*140) ശ്രീ. കെ. പി. മോഹനൻ:
ശ്രീ. തോമസ് കെ. തോമസ്:
ശ്രീ. കോവൂർ കുഞ്ഞുമോൻ:
ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആന്റണി രാജു) സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യെ ലാഭകരമാക്കാൻ ഈ സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കുമോ?

കെ.എസ്.ആർ.ടി.സി.- യെ ലാഭകരമാക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

മാനേജ്മെന്റ് പ്രൊഫഷണലിസം

പ്രൊഫ. സുശീൽ ഖന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, കോർപ്പറേഷനിലെ ടോപ് ലെവൽ മാനേജ്മെന്റ് ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി General Manager (F&A), General Manager (Tech.), Dy. General Manager (F&A), Dy. General Manager (Operations), Dy. General Manager (Tech.), Chartered/Cost Accountant എന്നീ തസ്തികകൾ താല്ക്കാലികമായി സർക്കാർ സൃഷ്ടിച്ചതിന്റെ അടിസ്ഥാനത്തിൽ അതത് മേഖലകളിൽ യോഗ്യതയും പരിചയവുമുള്ള ഉദ്യോഗസ്ഥരുടെ

സേവനം ലഭ്യമാക്കുന്നതിനായി ഓരോ വിഭാഗങ്ങളിലും വൈദഗ്ധ്യമുള്ളവരെ സുതാര്യമായ നിയമന നടപടിക്രമങ്ങൾ പാലിച്ച് കരാറടിസ്ഥാനത്തിൽ നിയമിച്ചതുവഴി മാനേജ്മെന്റുതലത്തിൽ പുനഃക്രമീകരണം നടത്തുന്നതിന് കഴിഞ്ഞിട്ടുണ്ട്.

മാനവവിഭവശേഷി വർദ്ധിപ്പിക്കുന്നതിന്റെയും കോർപ്പറേഷനെ കൊമേർഷ്യലൈസ് ചെയ്യുന്നതിന്റെയും ഭാഗമായി പ്രാവീണ്യം തെളിയിക്കുന്നവരെ ഓപ്പൺ മാർക്കറ്റിൽ നിന്നും HR വിഭാഗത്തിലും കൊമേഴ്സ്യൽ വിഭാഗത്തിലും കരാറടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്. പ്രൊഫ. സുശീൽ ഖന്നയുടെ റിപ്പോർട്ടിലെ പ്രധാന നിർദ്ദേശം കോർപ്പറേഷനെ മൂന്ന് (3) സ്വയം പര്യാപ്തമായ ലാഭ കേന്ദ്രങ്ങളാക്കി മാറ്റുകയെന്നതാണ്. ആയതിൻപ്രകാരം കെ.എസ്.ആർ.ടി.സി.-യെ സൗത്ത്, സെൻട്രൽ, നോർത്ത് സോണുകളായി തരംതിരിച്ചിട്ടുണ്ട്. കൂടാതെ ഭരണപരവും അക്കൗണ്ട്സ് സംബന്ധവുമായ നടപടികൾ ജില്ലാടിസ്ഥാനത്തിൽ സ്വീകരിക്കുന്നതിന് പതിനഞ്ച് (15) ജില്ലാ ഓഫീസുകൾ ചുവടെ ചേർത്തിരിക്കുംപ്രകാരം രൂപീകരിച്ചിട്ടുണ്ട്.

| ജില്ല | ജില്ലാ ഓഫീസ് പ്രവർത്തിക്കുന്ന സ്ഥലം | പരിധിയിൽ വരുന്ന ഡിപ്പോ, സബ് ഡിപ്പോ, വർക്ക്ഷോപ്പ്, ഓപ്പറേറ്റിംഗ് സെന്റർ, DCP. |
|---|---|---|

| | | | |
|---|---|---|---|
| 1 | തിരുവനന്തപുരം സൗത്ത് | സെൻട്രൽ വർക്സ്, പാപ്പനംകോട് | Thiruvananthapuram Central, Thiruvananthapuram City, Peroorkada, Vikasbhavan, Pappanamcode, Central Works, Neyyattinkara, Parassala, Poovar, Vizhinjam. |
| 2 | തിരുവനന്തപുരം നോർത്ത് | നെടുമങ്ങാട് | Attingal, Kilimanoor, Kaniyapuram, Venjaramoodu, Kattakkada, Nedumangad, Aryanad, Vellanad, Vellarada, Vithura, Palode. |
| 3 | കൊല്ലം | കൊട്ടാരക്കര (താൽക്കാലികം) | Chadayamangalam, Chathannoor, Kollam, Karunagapally, Kottarakkara, Punalur, Pathanapuram, Kulathupuzha, Aryankavu. |
| 4 | പത്തനംതിട്ട | പത്തനംതിട്ട | Adoor, Pandalam, Thiruvalla, Mallappally, Ranni, Konni, Pathanamthitta. |
| 5 | ആലപ്പുഴ | ഹരിപ്പാട് (താൽക്കാലികം) | Alappuzha, Cherthala, Edathua, Harippad, Kayamkulam, Mavelikkara, Chengannoor, Regional Workshop Mavelikkara. |
| 6 | കോട്ടയം | ചങ്ങനാശ്ശേരി (താൽക്കാലികം) | Changanassery, Kottayam, Erumeli, Pala, Ponkunnam, Erattupetta, Vaikom. |
| 7 | ഇടുക്കി | തൊടുപുഴ | Thodupuzha, Kattappana, Moolamattom, Kumily, Munnar, Nedumkandam. |
| 8 | എറണാകുളം | ആലുവ (താൽക്കാലികം) | Aluva, Ankamali, Ernakulam, Thevara, Piravom, Koothattukulam, Kothamangalam, Muvattupuzha, North Paravur, Perumbavoor, Regional Workshop Aluva. |
| 9 | തൃശ്ശൂർ | തൃശ്ശൂർ | Chalakkudy, Irinjalakkuda, Guruvayoor, Kodungalloor, Mala, Thrissur, Puthucaud. |
| 10 | പാലക്കാട് | പാലക്കാട് | Palakkad, Chittoor, Vadakkancherry, Mannarkkad. |
| 11 | മലപ്പുറം | മലപ്പുറം | Malappuram, Ponnani, Perinthalmanna, Nilambur, Regional Workshop Edappal. |
| 12 | കോഴിക്കോട് | കോഴിക്കോട് | Kozhikkode, Thiruvambady, Thottilpalam, Vadakara, Thamarassery, Regional Workshop Kozhikkode, |

| | | | |
|---|---|---|---|
| 13 | വയനാട് | സുൽത്താൻ ബത്തേരി | Sulthanbatherry, Kalpetta, Mananthavady. |
| 14 | കണ്ണൂർ | കണ്ണൂർ | Kannur, Payyannur, Thalassery. |
| 15 | കാസർഗോഡ് | കാസർഗോഡ് | Kasaragod, Kanhangad. |

വരുമാന വർദ്ധനവ് വരുത്തുകയെന്നതിനോടൊപ്പം കോർപ്പറേഷന്റെ പ്രവർത്തനങ്ങളുടെ ശാക്തീകരണമാണ് പ്രസ്തുത മേഖലകളുടെ രൂപീകരണംകൊണ്ട് ലക്ഷ്യമിട്ടിട്ടുള്ളത്. പ്രൊഫ. സുശീൽ ഖന്ന റിപ്പോർട്ടിലെ മറ്റ് ശിപാർശകളിന്മേൽ സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു:

പ്രതിവാഹന ജീവനക്കാരുടെ എണ്ണം ദേശീയ ശരാശരിയിൽ എത്തിക്കുന്നതിന് ശ്രമങ്ങൾ നടന്നുവരുന്നു.

അധികമായി നോൺ പീക്ക് സമയത്ത് ഓപ്പറേറ്റ് ചെയ്തിരുന്ന ട്രിപ്പുകൾ ക്രമീകരിക്കുകയും പീക്ക് സമയത്ത് പരമാവധി ട്രിപ്പുകൾ ലഭിക്കുകയും ചെയ്യുന്ന രീതിയിൽ മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് ആക്ട് 1961 പ്രകാരം ഡ്യൂട്ടികൾ ക്രമീകരിച്ചുവരുന്നു.

പ്രാരംഭഘട്ടമെന്ന നിലയിൽ തിരുവനന്തപുരം ജില്ലയിലെ പാറശ്ശാല ഡിപ്പോയിൽ 2022 ഒക്ടോബർ 1 മുതൽ പൈലറ്റ് പദ്ധതി നടപ്പിലാക്കുകയും 20-10-2022 മുതൽ പൂർണ്ണതോതിൽ നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്.

ഇപ്രകാരം ഒക്ടോബർ 20 മുതൽ നവംബർ 19 വരെയുള്ള ഒരു മാസക്കാലം സർവ്വീസ് ക്രമീകരിച്ചതിൽ തുടർച്ചയായി ഒന്നിലധികം ഡ്യൂട്ടി ചെയ്യുന്നതിലൂടെ ജീവനക്കാർക്കുണ്ടായിരുന്ന അധിക ജോലിഭാരവും ജീവനക്കാരുടെ ശാരീരിക മാനസിക സമ്മർദ്ദമൊഴിവാക്കി അപകടം കുറയ്ക്കുവാനും മാനവവിഭവശേഷി വർദ്ധിപ്പിച്ച് കൂടുതൽ സർവ്വീസുകൾ ഓപ്പറേറ്റ് ചെയ്യുവാനും മുൻമാസത്തെ സമാന കാലയളവിനെ അപേക്ഷിച്ച് പ്രതിദിനം ശരാശരി 26 ശതമാനം അധിക കിലോമീറ്റർ ഓപ്പറേറ്റ് ചെയ്യുവാനും അതിലൂടെ 14 ശതമാനം അധിക വരുമാനം നേടുവാനും സാധിച്ചിട്ടുണ്ട്. കൂടാതെ പ്രതി കിലോമീറ്റർ ചെലവ് 5.68 രൂപയും ജീവനക്കാർക്കുള്ള ചെലവിൽ ഒരു കിലോമീറ്ററിന് 3.44 രൂപയും കുറഞ്ഞിട്ടുണ്ട്. 2023 മാർച്ച് മാസത്തോടുകൂടി മുഴുവൻ യൂണിറ്റുകളിലും പ്രസ്തുത ഡ്യൂട്ടി പരിഷ്കരണം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ ത്വരിതഗതിയിൽ നടന്നുവരികയാണ്.

ഇപ്രകാരം ജീവനക്കാരുടെ എണ്ണം ക്രമീകരിച്ച് പുതിയ റൂട്ടുകളിൽ കൂടുതൽ സർവ്വീസ് നടത്തുന്നതിലൂടെ കുറഞ്ഞത് 25 കോടി രൂപ പ്രതിമാസം അധികമായി സമാഹരിക്കുവാൻ കഴിയുമെന്ന് കണക്കാക്കുന്നു.

ചെലവുകുറച്ച് കൂടുതൽ കാര്യക്ഷമമായി ഓപ്പറേറ്റ് ചെയ്തതിന്റെ ഭാഗമായി 2022 സെപ്റ്റംബർ മാസം 12-ാം തീയതി കെ.എസ്.ആർ.ടി.സി. വരുമാനത്തിൽ ചരിത്രനേട്ടം കൈവരിച്ചു. കേവലം 3941 ബസ്സുകളുപയോഗിച്ച് 13.31 ലക്ഷം കിലോമീറ്റർ ദൂരം ഓപ്പറേറ്റ് ചെയ്തപ്പോൾ 8.41 കോടി രൂപ റെക്കോർഡ് കളക്ഷൻ നേടുവാൻ കഴിഞ്ഞു. ഇപ്രകാരം പ്രതിദിനം 8 കോടി രൂപയെന്ന ലക്ഷ്യം നേടുവാൻ കൂടുതൽ ബസ്സുകളും ജീവനക്കാരെയും വിന്യസിച്ച് കെ.എസ്.ആർ.ടി.സി. സർവ്വീസ് കൂടുതൽ വ്യാപിപ്പിക്കുവാൻ നടപടികൾ നടന്നുവരികയാണ്.

തിരുവനന്തപുരം നഗരത്തിലെ സമഗ്രമായ നഗരഗതാഗതത്തിന് നഗരപരിധിയിൽ വിവിധ പ്രദേശങ്ങളെയും സ്ഥാപനങ്ങളെയും ബന്ധിപ്പിച്ച് നഗരത്തിലേയ്ക്ക് വിവിധ ആവശ്യങ്ങൾക്കായി എത്തിച്ചേരുന്ന പൊതുജനങ്ങൾക്കും നഗരത്തിലെ വിവിധ ഭാഗങ്ങളിൽ സഞ്ചരിക്കേണ്ട യാത്രക്കാർക്കും പ്രയോജനകരമായ രീതിയിൽ സിറ്റി സർക്കുലർ (ഹോപ്പ് ഓൺ ഹോപ്പ് ഓഫ്) ആരംഭിച്ചു.

കൂടാതെ സമഗ്രമായ പഠനത്തിന്റെ വെളിച്ചത്തിൽ സിറ്റി ഷട്ടിൽ സർവ്വീസുകളാരംഭിച്ചു. കൂടുതൽ സ്ഥലസൗകര്യവും സൗകര്യപ്രദമായ വാതിലുകളും ഉയരം കുറഞ്ഞ പ്ലാറ്റ്ഫോമുമുള്ള ലോഫ്ളോർ ബസ്സുകൾ

ഉപയോഗിച്ചതിനാൽ കൂടുതൽ യാത്രക്കാർ ടി ബസ്സുകളെ ആശ്രയിക്കുകയും മറ്റ് ബസ്സുകൾ ഒറ്റപ്പെട്ട ഗ്രാമീണ റൂട്ടുകളിൽ ഉപയോഗിക്കുവാനും കഴിഞ്ഞിട്ടുണ്ട്.

അനാവശ്യമായി യാത്രക്കാരില്ലാതെ റിട്ടേൺ ഡെഡ് ട്രിപ്പുകൾ കുറക്കുന്നതിനും യാത്രക്കാരുടെ സൗകര്യത്തിനുമായി സിറ്റി റേഡിയൽ സർവ്വീസാരംഭിച്ചു. സിറ്റിയ്ക്ക് വെളിയിലുള്ള രണ്ട് പ്രധാന സ്ഥലങ്ങളെ തമ്മിൽ ബന്ധിപ്പിക്കുക വഴി യാത്രക്കാർക്ക് ഇറങ്ങി കയറുന്നത് ഒഴിവാക്കുകയും യാത്രക്കാർ കൂടുതലായി ഇത്തരം ബസ്സുകളെ ആശ്രയിക്കുകയും ചെയ്തതിനാൽ കട്ട് ട്രിപ്പുകൾ സിറ്റിയിലേയ്ക്ക് നടത്തിയിരുന്ന ബസ്സുകളുടെ എണ്ണം കുറയ്ക്കുവാൻ കഴിഞ്ഞിട്ടുണ്ട്. അന്തരീക്ഷ മലിനീകരണവും പ്രവർത്തനച്ചെലവും കുറയ്ക്കുന്നതിന്റെ ഭാഗമായി 40 ഇലക്ട്രിക് ബസ്സുകൾ തിരുവനന്തപുരം നഗരത്തിൽ സിറ്റി സർക്കുലർ സർവ്വീസിനായി ഉപയോഗിച്ചുവരുന്നു. സംസ്ഥാനത്തിന്റെ ഉൾപ്രദേശങ്ങളിലേയ്ക്ക് സർവ്വീസുകൾ നടത്തുന്നതിനായി ഗ്രാമവണ്ടി എന്ന പേരിൽ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന്, പ്രത്യേക ബസ് സർവ്വീസ് ആരംഭിക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. തദ്ദേശസ്വയംഭരണ വകുപ്പ് -കെ.എസ്.ആർ.ടി.സി.-യുടെ ഗ്രാമവണ്ടി സർവ്വീസിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നിർദ്ദേശിക്കുന്ന റൂട്ടുകളിൽ

ഓടുന്ന ബസ്സുകൾക്ക് തനത് ഫണ്ട്/സംഭാവനയുപയോഗിച്ച് ഡീസലിനുള്ള പണം നൽകുന്നതിന് യഥേഷ്ടാനുമതി നൽകി 22-03-2022-ലെ സ.ഉ.(സാധാ)നം.704/2022/LSGD പ്രകാരം ഉത്തരവായിട്ടുള്ളതാണ്.

29-07-2022-ൽ സംസ്ഥാനതല ഉദ്ഘാടനം തിരുവനന്തപുരം ജില്ലയിലെ പാറശ്ശാലയിലെ കൊല്ലയിൽ പഞ്ചായത്തിലും തുടർന്ന് 19-08-2022, 03-09-2022, 06-10-2022, 25-11-2022, 21-10-2022, 05-11-2022, 01-12-2022 എന്നീ തീയതികളിൽ യഥാക്രമം തൃശ്ശൂർ ജില്ലയിലെ എളവള്ളി പഞ്ചായത്ത്, കോഴിക്കോട് ജില്ലയിലെ ചാത്തമംഗലം പഞ്ചായത്ത്, കോട്ടയം ജില്ലയിലെ കടുത്തുരുത്തി പഞ്ചായത്തിൽ രണ്ട് സർവ്വീസുകൾ, മലപ്പുറം ജില്ലയിലെ എടവണ്ണ പഞ്ചായത്ത്, ആലപ്പുഴ ജില്ലയിലെ പത്തിയൂർ പഞ്ചായത്ത്, തിരുവനന്തപുരം ജില്ലയിലെ കുന്നത്തുകാൽ പഞ്ചായത്ത്, കൊല്ലം ജില്ലയിലെ കൊല്ലം കോർപ്പറേഷൻ, 3-12-2022-ൽ എറണാകുളം ജില്ലയിലെ വടക്കൻ പരവൂറിലെ ചേന്ദമംഗലം എന്നീ സ്ഥലങ്ങളിൽ ജില്ലാതല ഉദ്ഘാടനവും കൂടുതൽ സർവ്വീസുകളും നടത്തിയിട്ടുണ്ട്. ദീർഘദൂര സർവ്വീസുകളിലും അന്തർസംസ്ഥാന സർവ്വീസുകളിലും കൂടുതൽ പഠനം നടത്തി കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ് മുഖാന്തരം പുതിയ ബസ്സുകൾ ലീസ് വ്യവസ്ഥയിൽ ലഭ്യമാക്കി ക്രൂ ചെയ്ഞ്ച്

ഡ്രൈവർ-കം-കണ്ടക്ടർ സംവിധാനമേർപ്പെടുത്തുന്നതുൾപ്പെടെ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ഇതിലൂടെ മെച്ചപ്പെട്ട വരുമാനം നേടുവാനും ജീവനക്കാരുടെ ചെലവ് കുറയ്ക്കുവാനും കഴിയുന്നുണ്ട്. കെ.എസ്.ആർ.ടി.സി.-യിൽ നിലവിലുള്ള ഫ്ലീറ്റുകളുടെ ഉപയോഗം 75 ശതമാനത്തിൽ നിന്നും 95 ശതമാനത്തിലേയ്ക്ക് ഉയർത്തുന്നതിലേയ്ക്ക് നടപടികൾ സ്വീകരിച്ചുവരുന്നു.

യാത്രക്കാരുടെ ഡിമാന്റ് പരിശോധിച്ച് " ഒറിജിൻ-ഡെസ്റ്റിനേഷൻ" പൈലറ്റ് സ്റ്റഡി നടത്തി ഡിമാന്റനുസരിച്ച് പരീക്ഷണാർത്ഥം നെയ്യാറ്റിൻകര-തിരുവനന്തപുരം റൂട്ടിലും എറണാകുളം -തിരുവനന്തപുരം റൂട്ടിലും നോൺ സ്റ്റോപ്പ്, ലിമിറ്റഡ് സ്റ്റോപ്പ് സർവ്വീസുകൾ ആരംഭിച്ചതിൽ ചെലവ് ചുരുക്കി വരുമാനം വർദ്ധിപ്പിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. നൂതന സാങ്കേതികവിദ്യയുടെ സഹായത്തോടെ ട്രാവൽ ഡിമാന്റ് ലൊക്കേഷൻ ട്രാക്കിംഗ് എന്നിവ കണ്ടെത്തുന്നതിന് ആധുനിക ഇ.റ്റി.എം., വി.എൽ.റ്റി.ഡി. എന്നിവ ലഭ്യമാക്കുകവഴി റൂട്ട് റാഷണലൈസേഷൻ കൂടുതൽ മെച്ചപ്പെടുകയും ഡാറ്റാ അനാലിസിസ് നടത്തുന്നതിന് സഹായകരമാകുകയും ചെയ്യും. ഇതിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും സഹായം ലഭ്യമാക്കുന്നതിനും DIMTS എന്ന സ്ഥാപനത്തെ പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടന്റായി

നിയോഗിക്കുകയും പ്രവർത്തനങ്ങൾ നടന്നുവരികയുമാണ്. ഇത്തരത്തിൽ ഡാറ്റാ പ്രോസസിംഗ് പൂർത്തിയാകുന്നതോടെ വിവരസാങ്കേതികവിദ്യയുടെ സഹായത്തോടെ റൂട്ടുകൾ പുനഃക്രമീകരിക്കുകയും ട്രിപ്പുകൾ കാര്യക്ഷമമാക്കുകയും നോൺ സ്റ്റോപ്പ് ലിമിറ്റഡ് സ്റ്റോപ്പ് ബസ്സുകൾ കൂടുതൽ ആരംഭിച്ച് ജനോപകാരപ്രദമായും ജനാഭിലാഷമനുസരിച്ചും ചെലവ് കുറച്ച് കാര്യക്ഷമമായി ഓപ്പറേഷൻ കൂടുതൽ സാദ്ധ്യമാക്കും. ഇതിനുള്ള പദ്ധതികൾ നടന്നുവരികയാണ്.

യൂണിറ്റുകളിലെ നിലവിലെ സർവ്വീസുകളുടെയും ഭാവി സാദ്ധ്യതകൾ പരിഗണിച്ച് ദൈനംദിന വരുമാന ലക്ഷ്യം നിശ്ചയിച്ച് നൽകിയിട്ടുണ്ട്. മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് ആക്ടുപ്രകാരം ഷെഡ്യൂൾ ഒപ്റ്റിമൈസേഷനിലൂടെ കൂടുതൽ ബസ്സുകൾ യൂണിറ്റുകൾക്ക് നൽകി ഓപ്പറേറ്റ് ചെയ്തും കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ് വഴി ലഭിക്കുന്ന ആധുനിക ബസ്സുകളും ജീവനക്കാരും ഉപയോഗിച്ച് സർവ്വീസ് നടത്തുമ്പോൾ ലഭിക്കുന്ന അധികവരുമാനവും കൂടാതെ കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ് ക്രൂ ലഭ്യമാകുന്നതിലൂടെ ചെലവ് കുറയ്ക്കുകയും കെ.എസ്.ആർ.ടി.സി.-ക്ക് ലഭിക്കാൻ കഴിയുന്ന ജീവനക്കാരെയുപയോഗിച്ച് പുതിയ അധിക സർവ്വീസ് നടത്തിയും ആദ്യഘട്ടത്തിൽ പ്രതിമാസ വരുമാനം 8 കോടി രൂപയിൽ

എത്തിക്കുന്നതിനുമാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ഇതിനായി ആവശ്യമായ സാങ്കേതികസഹായവും നടപടികളും ദ്രുതഗതിയിൽ നടന്നുവരുന്നു.

മുതൽമുടക്കില്ലാതെ ടിക്കറ്റ് ഇതര വരുമാനം വർധിപ്പിക്കുന്നതിന്റെ ഭാഗമായി പൊതുമേഖലാ എണ്ണക്കമ്പനികളുമായി ചേർന്ന് കെ.എസ്.ആർ.ടി.സി.-യുടെ നിലവിലെ കൺസ്യൂമർ പമ്പുകളെ പൊതുജനങ്ങൾക്കുകൂടി പ്രയോജനപ്പെടുന്ന രീതിയിൽ സംസ്ഥാനത്തുടനീളം 75 ഇന്ധന ചില്ലറ വില്പനശാലകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലായി 12 റീട്ടെയിൽ ഔട്ട്‌ലെറ്റുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

കമ്പ്യൂട്ടറൈസ്ഡ് വെഹിക്കിൾ ട്രാക്കിംഗ് ആൻഡ് മോണിറ്ററിംഗ് സിസ്റ്റം

പൊതുജനങ്ങൾക്കും യാത്രക്കാർക്കും ഉപയോഗപ്രദമാകുന്ന രീതിയിൽ വിവരസാങ്കേതികവിദ്യ ഉപയോഗിച്ച് ഷെഡ്യൂളുകളുടെയും സർവ്വീസുകളുടെയും യഥാർത്ഥ സമയക്രമം നൽകുന്നതിനായി പാസഞ്ചർ ഇൻഫർമേഷൻ സിസ്റ്റം (PIS), വെഹിക്കിൾ ട്രാക്കിംഗ് സിസ്റ്റം (VLTS) എന്നിവ നടപ്പിലാക്കുന്നതിനായി ഒരു പദ്ധതി DIMTS (Delhi Integrated Multi-model Transit System)-നെ ഏൽപ്പിച്ച് നടപടികൾ പുരോഗമിച്ചുവരുന്നു.

ടി പദ്ധതിയിൽ വരുന്ന പ്രധാന ഘടകങ്ങൾ പാസഞ്ചർ ഇൻഫർമേഷൻ സിസ്റ്റം (PIS), വെഹിക്കിൾ ലൊക്കേഷൻ ട്രാക്കിംഗ് സിസ്റ്റം (VLTS), Decision Support System, Control room monitoring system എന്നിവയാണ്. ടി പദ്ധതി പൂർണ്ണമായി നടപ്പിലാക്കി കഴിയുന്നതിലൂടെ താഴെപ്പറയുന്ന പ്രയോജനങ്ങൾ ലഭ്യമാകുന്നതാണ്.

പൊതുജനങ്ങൾക്കും യാത്രക്കാർക്കും മൊബൈൽ ആപ്ലിക്കേഷൻ ഉപയോഗിച്ച് ഷെഡ്യൂളുകളുടെയും സർവ്വീസുകളുടെയും യഥാർത്ഥ സമയക്രമം ഓൺലൈനായി ലഭ്യമാകും.

വെഹിക്കിൾ ട്രാക്കിംഗ് സിസ്റ്റത്തിലൂടെ യാത്രക്കാർക്ക് ബസുകളുടെ ലൊക്കേഷൻ ലൈവായിത്തന്നെ ലഭ്യമാകും.

ബസ് Utilization, Mileage, Service സംബന്ധിച്ച വിവരങ്ങൾ എന്നിവ വിശകലനം ചെയ്യുവാൻ സാധിക്കും.

ഇതിന്റെ ഭാഗമായി വെഹിക്കിൾ ലൊക്കേഷൻ ട്രാക്കിംഗ് ഡിവൈസുകൾ വാങ്ങുവാനുള്ള പർച്ചേസ് ഓർഡർ നൽകുകയും അതിൻപ്രകാരം ബസുകളിൽ ടി ഡിവൈസുകൾ ഘടിപ്പിക്കുന്ന നടപടികൾ പുരോഗമിച്ച് വരികയുമാണ്.

GPRS, Bluetooth, RFID സംവിധാനമുള്ള ETM മെഷീനുകൾ

Closed Loop Smart Card സംവിധാനം ഉപയോഗിക്കത്തക്ക വിധത്തിൽ GPRS Bluetooth, RFID സംവിധാനമുള്ള ETM മെഷീനുകൾ വാങ്ങുന്നതിനുള്ള പർച്ചേസ് ഓർഡർ നൽകുകയും വിവിധ ഡിപ്പോകളിലേക്കും ടി മെഷീനുകളുടെ വിതരണം പുരോഗമിച്ചുവരികയുമാണ്. ഇത് നടപ്പിലാക്കി കഴിയുമ്പോൾ തത്സമയം ഓരോ ട്രിപ്പിലുമുള്ള യാത്രക്കാരുടെ എണ്ണം ഓൺലൈനായി അറിയുവാൻ സാധിക്കും. മാത്രമല്ല, പ്രീ-പെയ്ഡ് കാർഡുപയോഗിച്ച് യാത്ര ചെയ്യുന്നതിനുള്ള സൗകര്യവുമുണ്ടായിരിക്കുന്നതാണ്. കൂടാതെ ഓരോ ട്രിപ്പുകളുടെയും കളക്ഷൻ വിവരങ്ങളും ഓരോ ബസിന്റെയും വരുമാനം സംബന്ധിച്ച വിവരങ്ങളും ലഭ്യമാക്കുവാൻ സാധിക്കും. ആയത് വഴി ടി ട്രിപ്പ് ലാഭകരമാണോയെന്ന് വിശകലനം ചെയ്യുവാനും സാധിക്കും. വിവിധതരം പാസുകളെ സ്മാർട്ട് കാർഡ് സംവിധാനത്തിലേക്ക് മാറ്റുവാനും കഴിയുന്നതാണ്.

ഓൺലൈൻ റിസർവേഷൻ സംവിധാനം

കെ.എസ്.ആർ.ടി.സി.-യിലേക്ക് യാത്രക്കാരെ ആകർഷിക്കുന്നതിനും ടിക്കറ്റുകൾ മുൻകൂർ ബുക്ക് ചെയ്യുന്നതിനും പരിഷ്കരിച്ചതും കൂടുതൽ

സൗകര്യങ്ങളോടുകൂടിയതുമായ ഓൺലൈൻ റിസർവേഷൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

ഇതിലൂടെ യാത്രക്കാർക്ക് 30 ദിവസം മുൻകൂറായി ടിക്കറ്റുകൾ ബുക്ക് ചെയ്യാവുന്നതാണ്. മുൻകൂർ ടിക്കറ്റ് ബുക്കിംഗിനായി " എന്റെ കെ.എസ്.ആർ.ടി.സി" എന്ന മൊബൈൽ ആപ്ലിക്കേഷൻ ആരംഭിച്ചിട്ടുണ്ട്. ടി ആപ്പ് ഉപയോഗിച്ചും യാത്രക്കാർക്ക് കെ.എസ്.ആർ.ടി.സി. ബസുകളിൽ ടിക്കറ്റ് ബുക്ക് ചെയ്യാൻ സാധിക്കുന്നതാണ്. ഒരു സ്ഥലത്ത് നിന്നും മറ്റൊരു സ്ഥലത്തേയ്ക്ക് നേരിട്ട് ബസ്സ് ലഭ്യമല്ലെങ്കിൽ, ' Link Ticket' എന്ന സംവിധാനത്തിലൂടെ യാത്രക്കാർക്ക് രണ്ട് ബസ്സുകളിലെയും ടിക്കറ്റ് ടി ആപ്പ് മുഖേന ബുക്ക് ചെയ്യാൻ സാധിക്കും. കൂടുതൽ യാത്രക്കാരെ ആകർഷിക്കുന്നതിനായി ഓൺലൈൻ റിസർവേഷൻ ബുക്കിംഗ് ചാർജ് 30 രൂപയിൽ നിന്നും 10 രൂപയായി കുറച്ചിട്ടുണ്ട്. കൂടാതെ ' Group Ticket Option' മുഖേന നാലോ അതിലധികമോ യാത്രക്കാർ ഒരുമിച്ച് ബുക്ക് ചെയ്യുമ്പോൾ ഒരു ടിക്കറ്റിന്റെ ബുക്കിംഗ് ചാർജ്ജായ 10 രൂപ മാത്രം നൽകിയാൽ മതിയാകും. Round Ticket ബുക്ക് ചെയ്യുമ്പോൾ റിട്ടേൺ ടിക്കറ്റ് തുകയുടെ 10% ഇളവ് ലഭിക്കുന്നതാണ്. പുതുക്കിയ Cancellation Policy പ്രകാരം 72 മണിക്കൂറിനുമുമ്പ് ടിക്കറ്റ് ക്യാൻസൽ ചെയ്യുമ്പോൾ മുഴുവൻ

തുകയും യാത്രക്കാർക്ക് തിരികെ നൽകുന്നതാണ്. ടി ആപ്പിൽ കൂടുതൽ Payment Option-കൾ (UPI, Credit/Debit card, Net banking) ഏർപ്പെടുത്തിയിട്ടുണ്ട്.

ഇ-ഓഫീസ്

ഓഫീസ് പ്രവർത്തനങ്ങൾ സുഗമവും വേഗതയേറിയതും കാര്യക്ഷമവുമാക്കുന്നതിനായി ഇ-ഓഫീസ് സംവിധാനം കേരള സ്റ്റേറ്റ് ഐ.ടി. മിഷൻ/NIC എന്നിവയുമായി ചേർന്ന് നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

ആദ്യഘട്ടമെന്ന നിലയിൽ കെ.എസ്.ആർ.ടി.സി.-യുടെ ചീഫ് ഓഫീസിൽ ടി സംവിധാനം നടപ്പിലാക്കുന്നതാണ്. ഇതിനാവശ്യമായ കമ്പ്യൂട്ടറും മറ്റനുബന്ധ ഉപകരണങ്ങളും ടെണ്ടർ നടപടികളിലൂടെ വാങ്ങിയിട്ടുണ്ട്. ഇ-ഓഫീസ് നടപ്പിലാക്കുമ്പോൾ കടലാസുപയോഗത്തിൽ ഗണ്യമായ കുറവുവരുന്നതാണ്.

ബഡ്ജറ്റ് ടൂറിസം

ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിനായി 2021 നവംബർ 1 മുതൽ ബഡ്ജറ്റ് ടൂറിസം സെൽ രൂപീകരിക്കുകയും ടൂറിസം പദ്ധതികൾ നടപ്പിലാക്കിവരികയും ചെയ്യുന്നു.

കുറഞ്ഞ ചെലവിൽ വിനോദസഞ്ചാരം സാദ്ധ്യമാക്കുകയെന്ന ലക്ഷ്യത്തോടെ കെ.എസ്.ആർ.ടി.സി. ബഡ്ജറ്റ് ടൂറിസം ട്രിപ്പുകൾ നടത്തിവരികയാണ്. സംസ്ഥാന സർക്കാരിന്റെ വിവിധ വകുപ്പുകളും ഏജൻസികളുമായും ബന്ധപ്പെട്ടാണ് ഏറ്റവും കൂടുതൽ ടൂർ പാക്കേജുകൾ കെ.എസ്.ആർ.ടി.സി. നടപ്പാക്കിവരുന്നത്. 2021 നവംബറിൽ പ്രവർത്തനമാരംഭിച്ച് ഒരു വർഷം പിന്നിടുമ്പോൾ രണ്ട് ലക്ഷത്തിലധികം വിനോദസഞ്ചാരികളാണ് ബഡ്ജറ്റ് ടൂറിസത്തിന്റെ വിനോദസഞ്ചാര യാത്രാസർവീസുകൾ ഉപയോഗപ്പെടുത്തിയത്. മൂന്നാറിലെ സൈറ്റ് സീയിംഗ്, സ്ലീപ്പർ ബസ് യാത്രകൾക്ക് വിനോദസഞ്ചാരികളിൽ നിന്ന് ലഭിച്ച സ്വീകാര്യതയും മലക്കപ്പാറ എന്ന കൊച്ചതിർത്തി ഗ്രാമത്തിലേയ്ക്ക് സഞ്ചാരികൾക്കായി ഏർപ്പെടുത്തിയ യാത്രകളുടെ വിജയവുമാണ് 2021 നവംബർ 1 മുതൽ ബഡ്ജറ്റ് ടൂറിസം സെൽ എന്നൊരു പ്രത്യേക വിഭാഗം തന്നെ കെ.എസ്.ആർ.ടി.സി.-യിൽ ആരംഭിക്കാൻ പ്രേരണയായത്.

കേരള സ്റ്റേറ്റ് ഇൻലാൻഡ് നാവിഗേഷൻ കോർപ്പറേഷന്റെ കൊച്ചിയിലെ സാഗര റാണി, ആഡംബര ക്രൂയിസായ നെഫെർറ്റിറ്റി എന്നിവയിലേയ്ക്ക് ഏറ്റവും കൂടുതൽ വിനോദസഞ്ചാരികളെ എത്തിച്ച രണ്ടാമത്തെ സെയിൽസ് ഏജന്റ് എന്ന അവാർഡും ഈ 9 മാസത്തെ പ്രവർത്തനത്തിനിടയിൽ കെ.എസ്.ആർ.ടി.സി. ബഡ്ജറ്റ് ടൂറിസം സെല്ലിന് ലഭിച്ചു.

ഡിസംബർ 1 മുതൽ ഗവിയിലേയ്ക്കുള്ള ജംഗിൾ സഫാരി വിനോദയാത്രകൾ കെ.എസ്.ആർ.ടി.സി. ആരംഭിച്ചു. കേരള വനം വകുപ്പുമായുള്ള സംയുക്ത സഹകരണത്തിൽ ദിവസേന 3 കെ.എസ്.ആർ.ടി.സി. ബസ്സുകൾക്ക് ഗവിയിലേയ്ക്ക് യാത്രയ്ക്കുള്ള അനുമതി ലഭിച്ചിട്ടുണ്ട്. കേരളത്തിലാദ്യമായി ഓപ്പൺ ഡെക്ക് ഡബിൾ ഡെക്കർ ബസിൽ സൈറ്റ് സീയിംഗും തിരുവനന്തപുരം നഗരത്തിൽ നടത്തിവരുന്നു. വിനോദസഞ്ചാരികളുടെ ആവശ്യപ്രകാരം വയനാട് കേന്ദ്രീകരിച്ച് സൈറ്റ് സീയിംഗ് യാത്രകൾ പുതുതായി ആരംഭിച്ചിട്ടുണ്ട്. വിനോദസഞ്ചാരികൾക്ക് കുറഞ്ഞ ചെലവിൽ താമസം നൽകുകയെന്ന ലക്ഷ്യത്തോടെ മൂന്നാർ, സുൽത്താൻ ബത്തേരി ഡിപ്പോകളുടെ മാതൃകയിൽ എ.സി. സ്ലീപ്പർ ബസുകളും എ. സി. ഡോർമിറ്ററികളും വിവിധ സ്ഥലങ്ങളിൽ സ്ഥാപിക്കുന്ന

പ്രവർത്തനങ്ങളാരംഭിച്ചിട്ടുണ്ട്. പതിനായിരത്തിലധികം പേർക്ക് ഒരു ദിവസം കുറഞ്ഞ ചെലവിലെ താമസസൗകര്യം കേരളത്തിലുടനീളം കെ.എസ്.ആർ.ടി.സി. ഡിപ്പോകളുമായി ബന്ധപ്പെട്ട് വിനോദസഞ്ചാരികളുടെയും മറ്റ് യാത്രക്കാരുടെയും സൗകര്യാർത്ഥം സ്ഥാപിക്കുകയെന്നതാണ് ലക്ഷ്യം. "കെ.എസ്.ആർ.ടി.സി. ബഡ്ജറ്റ് സ്റ്റേ" എന്ന പേരിൽ കുറഞ്ഞ ചെലവിൽ താമസസൗകര്യമൊരുക്കുന്ന സ്വകാര്യസംരഭകരുടെ ലോഡ്ജ്/ഹോം സ്റ്റേ/ഡോർമിറ്ററികളുമായി സഹകരിച്ച് പ്രവർത്തിക്കുന്ന പദ്ധതിക്കും അന്തിമരൂപം നൽകിവരുന്നു.

"കെ.എസ്.ആർ.ടി.സി. റിഫ്രഷ്" എന്ന പേരിൽ കേരളത്തിലുടനീളം കെ.എസ്.ആർ.ടി.സി. അംഗീകൃത ഹോട്ടൽ/റെസ്റ്റോറന്റ് ശൃംഖലകൾ വിനോദസഞ്ചാരികൾക്കും യാത്രക്കാർക്കുമായി സ്ഥാപിക്കുന്ന പ്രവർത്തനങ്ങൾക്കും തുടക്കം കുറിച്ചിട്ടുണ്ട്. സംസ്ഥാനത്തുടനീളം വിനോദയാത്രകൾക്കിടയിലും സാധാരണയാത്രയ്ക്കിടയിലും ഗുണമേന്മയുള്ള ഭക്ഷണം ലഭ്യമാക്കുകയെന്നതാണ് പദ്ധതിയുടെ ലക്ഷ്യം. ഭക്ഷണം മുൻകൂട്ടി ബുക്ക് ചെയ്യുന്നതിനുള്ള ഓൺലൈൻ സംവിധാനവും നടപ്പിൽ വരുത്തുന്നതാണ്. കെ.എസ്.ആർ.ടി.സി. നേരിടുന്ന സാമ്പത്തിക പ്രതിസന്ധി കുറയ്ക്കുന്നതിലേയ്ക്കായി ടിക്കറ്റിതര വരുമാനം

വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി കൊമേഴ്സ്യൽ വിഭാഗം രൂപീകരിക്കുകയും ബസുകളിൽ പരസ്യം പതിപ്പിക്കൽ, ബസുകൾ വാടകയ്ക്ക് നൽകൽ, യൂണിറ്റുകളിലെ സ്ഥലങ്ങളും കടമുറികളും കച്ചവട സംബന്ധമായ ആവശ്യങ്ങൾക്ക് വാടകയ്ക്കനുവദിക്കൽ, യൂണിറ്റുകളിൽ ജനശ്രദ്ധയാകർഷിക്കുന്ന സ്ഥലങ്ങളിൽ ഹോർഡിംഗ്സ് സ്ഥാപിക്കുന്നതിന് സ്ഥലം വാടകയ്ക്കനുവദിക്കൽ, കോഫി വെൻഡിംഗ് (LR Stall) തുടങ്ങിയ പ്രവർത്തനങ്ങൾ ചെയ്തുവരുന്നു. ഇതിലൂടെ ടിക്കറ്റിതര വരുമാനമായി നല്ലൊരു തുക സമാഹരിക്കുവാൻ കഴിയുന്നു.

ത്രീ ടയർ മെയിന്റനൻസ് സംവിധാനം നടപ്പിൽവരുത്തി ബസ്സുകളുടെ മെയിന്റനൻസ് സമയബന്ധിതമായി പൂർത്തീകരിച്ച് നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ആയതിന് വർക്ക്ഷോപ്പുകളുടെ നവീകരണം പ്ലാൻ ഫണ്ടുപയോഗിച്ച് നടത്തിവരുന്നു. മെയിന്റനൻസ് 5 പ്രൊഡക്ഷൻ സെന്ററുകളിലും 22 ജില്ലാ/സബ് ജില്ലാ വർക്ക്ഷോപ്പുകളിലും കേന്ദ്രീകരിക്കുന്നതിനും ഡിപ്പോ ഗ്യാരേജുകളിൽ പ്രതിദിന, പ്രതിവാര മെയിന്റനൻസുകൾ മാത്രം നിർവ്വഹിക്കുന്നതിനുള്ള ക്രമീകരണവും ഏർപ്പെടുത്തിയിട്ടുണ്ട്. റിപ്പയർ ഷെഡ്യൂളിന്റെ അടിസ്ഥാനത്തിൽ ഫ്ലോട്ട് യൂണിറ്റുകൾ ലഭ്യമാക്കി മാറ്റുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

(ബി) കെ.എസ്.ആർ.ടി.സി.-യെ ലാഭകരമാക്കുന്നതിന്റെ ഭാഗമായി കൂടുതൽ ഇലക്ട്രിക് ബസുകൾ വാങ്ങുന്നതിനും മറ്റ് പരിഷ്കാരങ്ങൾ നടപ്പാക്കുന്നതിനും നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

പൊതുഗതാഗതരംഗത്ത് കൂടുതൽ ഇലക്ട്രിക് വാഹനങ്ങൾ ലഭ്യമാക്കുന്നതിനും ഹരിത ഇന്ധന വാഹനനയത്തിന്റെ ഭാഗമായും കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റിനായി 50 ഇലക്ട്രിക് ബസുകൾ വാങ്ങുന്നതിന് ഇ-ദർഘാസ് ക്ഷണിച്ചതിൽ കുറഞ്ഞ വില വാഗ്ദാനം ചെയ്ത M/s. PMI Electro Mobility Solutions Pvt. Ltd. എന്ന സ്ഥാപനത്തിന് വിതരണ ഉത്തരവ് നൽകുകയും ടി സ്ഥാപനം 40 ബസുകൾ ഇതുവരെ വിതരണം നടത്തിയിട്ടുമുണ്ട്. ടി ബസുകൾ തിരുവനന്തപുരം നഗരത്തിൽ സർവ്വീസ് നടത്തിവരുന്നുണ്ട്.

ഇതുകൂടാതെ തിരുവനന്തപുരം സിറ്റി കോർപ്പറേഷൻ സ്മാർട്ട് സിറ്റി പദ്ധതിയിൽ അനുവദിച്ചിരിക്കുന്ന ഫണ്ടുപയോഗിച്ച് 125 ഇലക്ട്രിക് ബസുകൾ വാങ്ങുന്നതിനുള്ള ദർഘാസ് ക്ഷണിച്ച് തുടർനടപടി സ്വീകരിച്ചുവരുന്നു.

## കർഷകരുടെ ക്ഷേമത്തിനും അഭിവൃദ്ധിക്കുമായി നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ

21(*141) ശ്രീ. പി. പി. ചിത്തരഞ്ജൻ:
ശ്രീ. എം. എം. മണി:
ശ്രീ. കെ. ബാബു (നെന്മാറ):
ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കർഷകരുടെ ക്ഷേമത്തിനും അഭിവൃദ്ധിക്കുമായി ഈ സർക്കാർ നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ പരിശോധിച്ച് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

സംസ്ഥാനത്ത് കർഷകരുടെ ക്ഷേമത്തിനും അഭിവൃദ്ധിക്കുമായി ഈ സർക്കാർ നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ പരിശോധിച്ച് വിലയിരുത്താറുണ്ട്. കൃഷി വകുപ്പ് നടത്തുന്ന എല്ലാ പ്രവർത്തനങ്ങളും സാമൂഹികമായി വിലയിരുത്താൻ വേണ്ടി സോഷ്യൽ ആഡിറ്റിംഗ് പ്രക്രിയ ആരംഭിച്ചിട്ടുണ്ട്. കോട്ടയം ജില്ലയിലെ പാമ്പാടി ബ്ലോക്കിലെ കൂരോപ്പട കൃഷിഭവനിൽ പരീക്ഷണാടിസ്ഥാനത്തിലാരംഭിച്ച സോഷ്യൽ ആഡിറ്റിംഗ് പ്രക്രിയ പൂർത്തീകരിച്ചുകഴിഞ്ഞു. മറ്റ് 13 ജില്ലകളിൽനിന്നും ഓരോ കൃഷിഭവനുകൾ തെരഞ്ഞെടുത്ത് പരീക്ഷണാടിസ്ഥാനത്തിൽ സോഷ്യൽ ആഡിറ്റിംഗ് പ്രക്രിയ നടന്നുകൊണ്ടിരിക്കുകയാണ്. ഈ സർക്കാർ

അധികാരത്തിൽ വന്നതിനുശേഷം ഏറ്റവും കൂടുതൽ പദ്ധതി വിഹിതം വകയിരുത്തുന്ന മൂന്ന് മേഖലകളാണ് നെല്ലുല്പാദന വികസനം, പച്ചക്കറി വികസനം, നാളികേര വികസനം. ഈ മൂന്ന് മേഖലകളിലും കൃഷി വകുപ്പിന്റെ ഫലപ്രദമായ ഇടപെടലുകൾ ഫലപ്രാപ്തിയിലെത്തിയിട്ടുണ്ട്. സേവനമേഖലയിലും കാർഷിക ഇൻഷ്വറൻസ് മേഖലയിലും വകയിരുത്തിയ തുകയുടെ പ്രയോജനം കർഷകർക്ക് യഥാസമയം ലഭ്യമാകുന്നുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതികൾ ഫലപ്രദമായി നടപ്പാക്കുന്നുണ്ടെന്ന് അവയുടെ സാമ്പത്തിക വിശകലനത്തിൽക്കൂടിയും ഭൗതിക വിശകലനത്തിൽക്കൂടിയും സർക്കാർ ഉറപ്പാക്കുന്നുണ്ട്. കേരള കാർഷിക സർവകലാശാലയുടെയും കാർഷിക രംഗത്ത് പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെയും പ്രവർത്തനം കൃഷിയെ പ്രോത്സാഹിപ്പിക്കുംവിധം പുന:സംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. മണ്ണ് സംരക്ഷണ, മണ്ണ് പര്യവേക്ഷണ വകുപ്പിന്റെ പ്രവർത്തനങ്ങൾ കൃഷി വകുപ്പിന്റെ പ്രവർത്തനങ്ങളുമായി ഏകോപിപ്പിക്കേണ്ടതിന്റെ ആവശ്യകത മനസ്സിലാക്കി തുടർനടപടികൾ കൈക്കൊണ്ടിട്ടുണ്ട്. കർഷകർക്ക് ലഭ്യമാകേണ്ട ആനുകൂല്യങ്ങൾ യഥാസമയം ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പാക്കുവാനും കർഷകപ്രശ്നങ്ങൾ നേരിട്ട് മനസ്സിലാക്കുവാനും അതിവേഗം അവ പരിഹരിക്കുവാനും സംസ്ഥാനത്തെ

എല്ലാ കാർഷിക ബ്ലോക്കുകളും കേന്ദ്രീകരിച്ച് കൃഷിദർശൻ എന്ന പരിപാടി കൃഷി വകുപ്പ് ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നു.

(ബി) സംസ്ഥാനത്ത് കടബാദ്ധ്യതമൂലം ദുരിതത്തിലാകുന്ന കർഷകരെ സംരക്ഷിക്കുന്നതിനായി സർക്കാർ രൂപീകരിച്ച കടാശ്വാസ കമ്മീഷന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

കടബാദ്ധ്യതമൂലം ദുരിതത്തിലാണ്ട കർഷകർക്ക് ആശ്വാസം നൽകുന്നതിനുവേണ്ടി ന്യായനിർണ്ണയം നടത്തി അവാർഡുകൾ പാസ്സാക്കുകയും മധ്യസ്ഥതയിലൂടെയും അനുരഞ്ജനത്തിലൂടെയും കർഷകരുടെ സങ്കടങ്ങൾ പരിഹരിക്കുകയും ചെയ്യുന്നതിനുവേണ്ടിയാണ് കർഷക കടാശ്വാസ കമ്മീഷൻ നിലവിൽ വന്നത്. കേരള സംസ്ഥാന കർഷക കടാശ്വാസ കമ്മീഷൻ കടക്കാരായ കർഷകരെയും ബന്ധപ്പെട്ട സഹകരണ സ്ഥാപനങ്ങളെയും കേൾക്കുകയും അനുരഞ്ജനം നടത്തി അവാർഡ് പ്രഖ്യാപിക്കുകയും സർക്കാരിലേയ്ക്ക് കടാശ്വാസത്തിനുള്ള ശിപാർശ നൽകുകയും ചെയ്യുന്നു. കേരളത്തിലെ കർഷകർ സഹകരണ സ്ഥാപനങ്ങളിൽ നിന്നും എടുത്തിട്ടുള്ള വായ്പകളിൽ (വയനാട്, ഇടുക്കി ജില്ലകളിലെ കർഷകർ 31-08-2020 വരെ എടുത്ത വായ്പകൾക്കും മറ്റ് ജില്ലകളിലെ കർഷകർ 31-03-2016 വരെ എടുത്ത വായ്പകൾക്കും) കുടിശ്ശിക

തുക 50,000/- രൂപയോ അതിൽ കുറവോ ആണെങ്കിൽ പരമാവധി 75 ശതമാനം വരെയോ 50,000/- രൂപയിൽ കൂടുതലാണെങ്കിൽ പരമാവധി 50 ശതമാനം തുകയോ 2 ലക്ഷം രൂപ വരെയോ കമ്മീഷൻ കടാശ്വാസം അനുവദിച്ചുവരുന്നു. ഇതിനായി കമ്മീഷനിൽ ലഭിക്കുന്ന വിശദാംശങ്ങളടങ്ങിയ അപേക്ഷകൾ വിവിധ ജില്ലകളിൽ വച്ച് നടത്തുന്ന സിറ്റിംഗുകളിൽ കർഷകരുടെയും ബാങ്ക് പ്രതിനിധികളുടേയും സാന്നിദ്ധ്യത്തിൽ പരിശോധിച്ച് കടാശ്വാസം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(സി) കർഷകരുടെ ക്ഷേമത്തിനും സാമ്പത്തികപുരോഗതിക്കും മുൻഗണന നൽകിക്കൊണ്ട് ആസൂത്രണം ചെയ്ത് നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുള്ള നൂതന പദ്ധതികൾ സംബന്ധിച്ച വിവരം ലഭ്യമാക്കാമോ?

കർഷകരുടെ വരുമാന വർദ്ധനവിനായി നടപ്പ് സാമ്പത്തികവർഷത്തിൽ നടപ്പാക്കുന്ന പുതിയ പദ്ധതികളാണ് കൃഷിയിടാസൂത്രണാധിഷ്ഠിത വികസന സമീപനത്തിലുൾപ്പെട്ട പദ്ധതികൾ. സംസ്ഥാനത്തെ ഓരോ വ്യക്തിയെയും കൃഷിയിലേയ്ക്ക് ആകർഷിക്കുവാനും സ്വന്തമായി കൃഷി ചെയ്യുന്നതിന് പ്രേരണ നൽകുന്നതിനും അതുവഴി

കാർഷികമേഖലയിൽ ജനകീയ മുന്നേറ്റം സൃഷ്ടിക്കുകയെന്ന ലക്ഷ്യത്തോടെ "ഞങ്ങളും കൃഷിയിലേക്ക്" എന്ന പരിപാടി ആവിഷ്കരിച്ച് നടപ്പിലാക്കുകയും ഈ പദ്ധതിയുടെ ഭാഗമായുണ്ടായ കൃഷിക്കൂട്ടങ്ങൾ കേന്ദ്രീകരിച്ച് ഉല്പാദന സേവന വിപണന മൂല്യവർദ്ധന മേഖലയിൽ ഇടപെടലുകളുണ്ടാക്കുകയും ചെയ്തിട്ടുണ്ട്. മൂല്യവർദ്ധന മേഖലയ്ക്ക് പ്രാമുഖ്യം നൽകിക്കൊണ്ട് കാർഷിക മേഖലയെ ഊർജ്ജസ്വലമാക്കുവാൻ മൂല്യവർദ്ധിത കാർഷിക മിഷൻ സർക്കാർ ആവിഷ്കരിച്ചുകഴിഞ്ഞു.

കർഷകരുടെ ക്ഷേമത്തിനായി സംസ്ഥാന സർക്കാർ കൊണ്ടുവന്ന പുതിയ പദ്ധതിയാണ് കർഷകക്ഷേമനിധി ബോർഡ്.

ഈ സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കി വരുന്ന നൂതന പദ്ധതികൾ/ നടപടികൾ

(i) കൃഷിയിടാധിഷ്ഠിത (ഫാം പ്ലാൻ) വികസന സമീപന പദ്ധതികൾ

(ii) ഞങ്ങളും കൃഷിയിലേക്ക്

(iii) കൃഷിദർശൻ

(iv) സ്മാർട്ട് കൃഷി ഭവനുകൾ

(v) കൃഷിശ്രീ സെന്ററുകൾ

(vi) VAAM

(vii) കുട്ടനാട് വികസന ഏകോപന കൗൺസിൽ

(viii) കേരള അഗ്രോ ബിസിനസ്സ് കമ്പനി

**റബ്ബർ വില തകർച്ച പരിഹരിക്കാൻ നടപടി**

22(*142) ശ്രീ. മാണി. സി. കാപ്പൻ:
ശ്രീ. പി. ജെ. ജോസഫ്:
ശ്രീ. മോൻസ് ജോസഫ്:
ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാർഷിക മേഖലയുടെ പ്രധാന ഉല്പന്നമായ സ്വാഭാവിക റബ്ബറിന്റെ വിലത്തകർച്ച കാർഷിക മേഖലയിലും സാമ്പത്തിക മേഖലയിലുമിണ്ടാക്കിയിട്ടുള്ള പ്രതിസന്ധി വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

ഉണ്ട്. റബ്ബറിന്റെ വിലത്തകർച്ച കാരണം ദുരിതമനുഭവിക്കുന്ന റബ്ബർ കർഷകരെ സഹായിക്കുന്നതിനായി 2015 മുതൽ സംസ്ഥാന സർക്കാർ നടപ്പിലാക്കിവരുന്ന പദ്ധതിയാണ് 'റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം'. ഈ പദ്ധതി നടപ്പിലാക്കിയതുവഴി റബ്ബറിന് താങ്ങുവില ഉറപ്പുവരുത്തുവാൻ സാധിച്ചിട്ടുണ്ട്. റബ്ബറിന്റെ ഉല്പാദനച്ചെലവ് വർദ്ധിച്ച സാഹചര്യം കണക്കിലെടുത്ത് 2021-22 സാമ്പത്തികവർഷത്തെ ബഡ്ജറ്റ്

പ്രഖ്യാപനപ്രകാരം കിലോയ്ക്ക് 150 രൂപയായിരുന്ന താങ്ങുവില 2021 ഏപ്രിൽ 1 മുതൽ കിലോയ്ക്ക് 170 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. റബ്ബറിന്റെ താങ്ങുവില 170 രൂപയിൽ നിന്നും 200 ആയി ഉയർത്തുന്നതിന് കേന്ദ്ര സർക്കാരിനോട് സഹായം അഭ്യർത്ഥിച്ചിട്ടുണ്ടെങ്കിലും നാളിതുവരെ പരിഗണിച്ചിട്ടില്ല.

റബ്ബറിന്റെ വിലയിടിവ് കാരണം ബുദ്ധിമുട്ടുന്ന റബ്ബർ കർഷകർക്ക് ഗുണപ്രദമാകുന്ന രീതിയിൽ താങ്ങുവില വർദ്ധിപ്പിച്ചും ധനസഹായം മുടക്കമില്ലാതെയും കുടിശ്ശികയില്ലാതെയും ലഭ്യമാക്കുകയെന്നുള്ളതിനാണ് സർക്കാർ മുൻഗണന നൽകിവരുന്നത്. പദ്ധതിൻകീഴിൽ 1788.99 കോടി രൂപ സബ്സിഡിയായി അനുവദിച്ചിട്ടുണ്ട്.

(ബി) റബ്ബറിന്റെ വിലത്തകർച്ച കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുകയും സംരക്ഷണ പ്രതിരോധ നടപടികൾ ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ടോ; വിശദാംശം നൽകുമോ?

തീരുവയില്ലാതെയുള്ള സ്വാഭാവിക റബ്ബർ ഇറക്കുമതി അവസാനിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും എല്ലാ തരത്തിലുമുള്ള ഉണക്കരൂപത്തിലുള്ള റബ്ബറിന്റെ ഇറക്കുമതി തീരുവ 70 ശതമാനത്തിലേയ്ക്ക് ഉയർത്തണമെന്നും റബ്ബറിനെ "Make in India"

പദ്ധതിയിൽ ഉൾപ്പെടുത്തണമെന്നും കേന്ദ്ര സർക്കാരിന്റെ റോഡ് പ്രോജക്ടുകളിൽ റബ്ബർ ഉപയോഗിക്കുന്നതിനുള്ള നിർദ്ദേശം നൽകണമെന്നും സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനോട് നിരവധി തവണ ആവശ്യപ്പെട്ടിട്ടുണ്ടെങ്കിലും നടപടിയുണ്ടായില്ല. റബ്ബറിന്റെ താങ്ങുവില 170 രൂപയിൽ നിന്നും ഇരുന്നൂറായി ഉയർത്തുന്നതിന് കേന്ദ്ര സർക്കാരിനോട് സഹായം അഭ്യർത്ഥിച്ചിട്ടുണ്ടെങ്കിലും ഇക്കാര്യത്തിലും നടപടിയുണ്ടായിട്ടില്ല. ചണ്ടി റബ്ബർ (Cup Lump rubber) ഇറക്കുമതി ചെയ്യുന്നതിന് ഇന്ത്യയിൽ നിലവിലുള്ള നിരോധനം തുടരണമെന്നും കേരളം ആവശ്യപ്പെട്ടിരുന്നു. സംസ്ഥാനങ്ങളുടെ വിളകളുടെ ഉല്പാദനച്ചെലവ് വ്യത്യസ്തമായതിനാൽ തറവില നിശ്ചയിക്കുമ്പോൾ ഇക്കാര്യം പരിഗണിച്ച് സംസ്ഥാനങ്ങൾക്ക് പ്രത്യേകം പ്രത്യേകം തറവില നിശ്ചയിക്കണമെന്ന് നിരന്തരം കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടെങ്കിലും നടപടിയുണ്ടായിട്ടില്ല.

കേന്ദ്ര സർക്കാർ പരിഷ്കരിച്ച് നടപ്പാക്കുവാനുദ്ദേശിക്കുന്ന റബ്ബർ ആക്ട്, കോഫി ആക്ട്, സ്പൈസസ് ആക്ട് എന്നിവയുടെ കരട് റിപ്പോർട്ടിലെ ശിപാർശകളിൽ കേരളത്തിനുള്ള ആശങ്കകൾ കേന്ദ്രസർക്കാരിനെ അറിയിച്ചിട്ടുമുണ്ട്. കൂടാതെ, റബ്ബർ ഇറക്കുമതി പരിമിതപ്പെടുത്തണമെന്നും സ്വാഭാവിക റബ്ബർ, ചിരട്ടപ്പാൽ എന്നിവയുടെ ഇറക്കുമതി 2019-ലെ

നാഷണൽ റബ്ബർ പോളിസിയിലൂടെ തടയണമെന്നും ദേശീയതലത്തിൽ റോഡ് റബ്ബറൈസ് ചെയ്യുന്നത് പ്രോത്സാഹിപ്പിക്കുന്നതിനും മറ്റ് നിർമ്മാണപ്രവൃത്തികളിൽ റബ്ബർ വൃഥ്ധിന്റെയും റബ്ബർ അനുബന്ധഉല്പന്നങ്ങളുടെയും ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനും നാഷണൽ റബ്ബർ പോളിസിയിലൂടെ സാദ്ധ്യമാകണമെന്നും കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. നിലവിൽ കോമ്പൗണ്ട് റബ്ബറിന്റെ അടിസ്ഥാന കസ്റ്റംസ് ഡ്യൂട്ടി പത്ത് ശതമാനമാണ്. റബ്ബറിനൊപ്പം കാർബണും മറ്റ് രാസവസ്തുക്കളും ചേർത്ത മിശ്രിതമായ കോമ്പൗണ്ട് റബ്ബർ പ്രോത്സാഹിപ്പിക്കാൻ കേന്ദ്ര സർക്കാർ ഇറക്കുമതി നയത്തിൽ മാറ്റം വരുത്തിയിട്ടില്ലെന്നാണ് റബ്ബർ ബോർഡ് അറിയിച്ചിട്ടുള്ളത്.

(സി) റബ്ബർ ഇറക്കുമതി നിയന്ത്രണം നടപ്പിലാക്കാൻ കേന്ദ്ര സർക്കാർ നടപടി സ്വീകരിക്കാത്ത സാഹചര്യത്തിൽ വിലത്തകർച്ചയിൽ നിന്ന് കർഷകരെ രക്ഷിക്കാൻ സംസ്ഥാന സർക്കാർ വാഗ്ദാനം ചെയ്ത ഒരു കിലോയ്ക്ക് ഇരുന്നൂറ്റിയമ്പത് രൂപയെന്ന സഹായ പദ്ധതി നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ?

പരിശോധിക്കുന്നതാണ്.

(ഡി) വൻതോതിൽ ഇറക്കുമതി ചെയ്യുന്ന കോമ്പൗണ്ട് റബ്ബറിന്റെ ഇറക്കുമതി ചുങ്കം പത്ത് ശതമാനത്തിൽ നിന്നുയർത്തുക, ഡബ്ല്യു.റ്റി.ഒ. കരാറിൽ വിലത്തകർച്ച, തൊഴിൽ നഷ്ടം എന്നീ കാരണങ്ങളുയർത്തി ഇറക്കുമതി തടഞ്ഞ് കർഷകരെ സംരക്ഷിക്കാൻ സംരക്ഷണ ചുങ്കം ചുമത്താൻ അനുവദിച്ചിട്ടുള്ളതിനാൽ ആയത് ഏർപ്പെടുത്തുകയെന്നീ ആവശ്യങ്ങൾ കേന്ദ്ര സർക്കാരിനോട് ഉന്നയിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉന്നയിച്ചിട്ടുണ്ട്.

(ഇ) കർഷകർക്ക് അടിയന്തരസഹായമെന്ന നിലയിൽ നിലവിലുള്ള നൂറ്റിയെഴുപത് രൂപ വിലസഹായ പദ്ധതി നടപ്പിലാക്കാൻ വേണ്ട തുക അനുവദിക്കാൻ നടപടി സ്വീകരിക്കുമോ?

റബ്ബറിന്റെ വിലയിടിവ് കാരണം ബുദ്ധിമുട്ടുന്ന റബ്ബർ കർഷകർക്ക് ഗുണപ്രദമാകുന്ന രീതിയിൽ താങ്ങുവില വർദ്ധിപ്പിച്ചും ധനസഹായം മുടക്കമില്ലാതെയും കുടിശ്ശികയില്ലാതെയും ലഭ്യമാക്കുകയെന്നുള്ളതിനാണ് സർക്കാർ മുൻഗണന നൽകി വരുന്നത്. പദ്ധതിൻകീഴിൽ നാളിതുവരെ 1788.99 കോടി രൂപ സബ്സിഡിയായി അനുവദിച്ചിട്ടുണ്ട്. ഇതിൽ കർഷകരുടെ 2022 ഒക്ടോബർ മാസം വരെയുള്ള ബില്ലുകളുൾപ്പെടും.

## പൊതുഗതാഗത സംവിധാനം കാര്യക്ഷമമാക്കാൻ നടപടി

23(*143) ശ്രീ. പി. മമ്മിക്കുട്ടി:
ശ്രീ. പി. ടി. എ. റഹീം:
ശ്രീ. പി. വി. അൻവർ:
ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആന്റണി രാജു) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ക്രമാതീതമായ വാഹനപ്പെരുപ്പവും ശരിയായ ഡ്രൈവിംഗ് സംസ്കാരത്തിന്റെ അഭാവവും റോഡപകടങ്ങൾക്ക് മുഖ്യകാരണമെന്നതുകൊണ്ട് പൊതുഗതാഗത സംവിധാനം കാര്യക്ഷമമാക്കുന്നതിനും ഗതാഗത നിയമലംഘനം കർശനമായി തടയുന്നതിനും നടപടി സ്വീകരിച്ചുവരുന്നുണ്ടോ?

പൊതുഗതാഗതം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി, യാത്രാ സൗകര്യം ഉറപ്പുവരുത്തുന്നതിനായി, ഇന്റലിജന്റ് പബ്ലിക് ട്രാൻസ്പോർട്ട് സിസ്റ്റം (ഐ.ടി.എസ്.) നടപ്പിലാക്കുന്നതിനായി ഈ സാമ്പത്തികവർഷത്തെ പ്ലാൻ ബഡ്ജറ്റിൽ ഒരു കോടി രൂപ വകയിരുത്തിയിട്ടുണ്ട്. റോഡപകടങ്ങൾ കുറയ്ക്കുന്നതിനുള്ള പദ്ധതികളിൽ വാഹനങ്ങളിൽ അനധികൃത രൂപമാറ്റം വരുത്തൽ, അമിത വേഗത, അമിത ശബ്ദ സംവിധാനം, സ്പീഡ് ഗവർണ്ണർ വിച്ഛേദിക്കൽ മുതലായ നിയമലംഘനങ്ങൾ കണ്ടെത്തുന്നതിനും അത്തരം

നിയമ ലംഘനങ്ങൾക്കെതിരെ നടപടികൾ സ്വീകരിക്കുന്നതിനുംവേണ്ടി മോട്ടോർ വാഹന വകുപ്പ് സ്പെഷ്യൽ ഡ്രൈവുകൾ നടത്തുന്നുണ്ട്. കൂടാതെ, വടക്കാഞ്ചേരി ബസ്സപകടത്തെത്തുടർന്ന് കോൺട്രാക്ട് കാര്യേജുകൾ/ സ്വകാര്യ സ്റ്റേജ് കാര്യേജുകൾ എന്നിവയിലെ നിയമലംഘനങ്ങൾ കർശനമായി തടയുന്നതിനായി ഒരു ത്രിതല പരിശോധന സംവിധാനം കൂടി വകുപ്പ് നടപ്പാക്കിയിട്ടുണ്ട്. കോൺട്രാക്ട് കാര്യേജുകൾ/സ്വകാര്യ കോൺട്രാക്ട് കാര്യേജുകൾ എന്നിവയുടെ നിരീക്ഷണച്ചുമതല എ.എം.വി.ഐ./എം.വി.ഐ. എന്നിവർക്ക് വീതിച്ച് നൽകിയിട്ടുണ്ട്. ഇത്തരത്തിൽ വീതിച്ച് നൽകിയിട്ടുള്ള വാഹനങ്ങളിൽ ഏതെങ്കിലും തരത്തിലുള്ള നിയമലംഘനങ്ങൾ, ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാരുടെ സ്ക്വാഡിന്റെ കൺട്രോൾ ചെക്കിംഗിലോ ട്രാൻസ്പോർട്ട് കമ്മീഷണറുടെ സ്ക്വാഡിന്റെ സൂപ്പർ ചെക്കിംഗിലോ കണ്ടെത്തിയാൽ പ്രസ്തുത വാഹനത്തിന്റെ ചുമതല ലഭിച്ചിട്ടുള്ള ഉദ്യോഗസ്ഥനെതിരെ അച്ചടക്കനടപടി സ്വീകരിക്കുന്നതാണ്.

(ബി) ഗതാഗത സംവിധാനം അപകടരഹിതവും കാര്യക്ഷമവുമാക്കുന്നതിന് ഏകീകൃത ട്രാഫിക് മാനേജ്മെന്റ് സംവിധാനം രൂപീകരിക്കാനുദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

ഏകീകൃത ട്രാഫിക് മാനേജ്മെന്റ് സംവിധാനം പാൻ ഇന്ത്യാ അടിസ്ഥാനത്തിൽ കേന്ദ്ര സർക്കാർ രൂപീകരിച്ച പദ്ധതിയാണ്. ഒരു എക്സിക്യൂട്ടീവ് വെബ്പോർട്ടലിലൂടെ വീഡിയോ ക്ലിപ്പുകൾ, ഇമേജുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ ട്രാഫിക് ലംഘനങ്ങൾ പകർത്തി അയച്ചുകൊണ്ട്, പൊതുജനങ്ങൾക്ക് വകുപ്പിന്റെ എൻഫോഴ്സ്മെന്റിനെ സഹായിക്കാനുദ്ദേശിച്ചുകൊണ്ടാണ് ടി പദ്ധതി നടപ്പിൽ വരുന്നത്. നാഷണൽ ഇൻഫോർമാറ്റിക് സെന്റർ വികസിപ്പിച്ച വാഹൻ സോഫ്റ്റ്വെയറിന്റെ ഇ-ചെലാൻ മൊഡ്യൂൾ വഴിയാണ് ഈ സംവിധാനം നടപ്പിലാക്കാൻ കേന്ദ്ര സർക്കാരുദ്ദേശിക്കുന്നത്. കേന്ദ്ര സർക്കാർ ടി പദ്ധതി പാൻ ഇന്ത്യാ അടിസ്ഥാനത്തിൽ നടപ്പിലാക്കുന്നതിനാൽ സംസ്ഥാന സർക്കാരിന് മാത്രമായി ഒരു സംവിധാനം രൂപകല്പന ചെയ്തിട്ടില്ല.

(സി) ആഡംബര ബസുകളും സ്വകാര്യ ആഡംബര വാഹനങ്ങളും നടത്തുന്ന നിയമലംഘനങ്ങൾ വലിയ അപകടങ്ങൾക്ക് വഴിവയ്ക്കുന്നുവെന്നതുകൊണ്ട് അവ കർശനമായി തടയാൻ പ്രത്യേക ശ്രദ്ധപതിപ്പിക്കുമോ; ഓപ്പറേഷൻ ഫോക്കസ്-3 കാര്യക്ഷമമായി തുടരുന്നുണ്ടോയെന്ന് അറിയിക്കുമോ?

ആഡംബര ബസുകളുടെയും സ്വകാര്യ ആഡംബര വാഹനങ്ങളുടെയും നിയമലംഘനങ്ങൾ കണ്ടെത്തി നടപടി സ്വീകരിക്കുന്നതിനും അവ ആവർത്തിക്കാതിരിക്കുവാനും മോട്ടോർ വാഹന വകുപ്പ് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

വടക്കാഞ്ചേരി ബസ്സപകടത്തെത്തുടർന്ന് കോൺട്രാക്ട് കാര്യേജുകൾ/സ്വകാര്യ സ്റ്റേജ് കാര്യേജുകൾ എന്നിവയിലെ അനധികൃത രൂപമാറ്റം, അമിത വേഗത, അമിത ശബ്ദ സംവിധാനം, സ്പീഡ് ഗവർണർ വിച്ഛേദിക്കൽ മുതലായ നിയമലംഘനങ്ങൾ കണ്ടെത്തുന്നതിനും അത്തരം നിയമലംഘനങ്ങൾക്കെതിരെ നടപടികൾ സ്വീകരിക്കുന്നതിനുമായി 07-10-2022 മുതൽ 30-10-2022 വരെ ഓപ്പറേഷൻ ഫോക്കസ്-3 എന്ന പേരിൽ ഒരു സ്പെഷ്യൽ ഡ്രൈവ് മോട്ടോർ വാഹനവകുപ്പ് നടത്തിയിട്ടുണ്ട്.

പ്രസ്തുത ഡ്രൈവിൽ 13,587 കേസുകൾ രജിസ്റ്റർ ചെയ്യുകയും 46,08,930/- (നാല്പത്തിയാറ് ലക്ഷത്തി എണ്ണായിരത്തിത്തൊള്ളായിരത്തി മുപ്പത്) പിഴയിനത്തിൽ ഈടാക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ 287 ഡ്രൈവിംഗ് ലൈസൻസുകൾക്ക് അയോഗ്യത കല്പിക്കുകയും 682 വാഹനങ്ങളുടെ ഫിറ്റ്നസ് റദ്ദാക്കുകയും ചെയ്തിട്ടുണ്ട്. ഓപ്പറേഷൻ ഫോക്കസ്-3 എന്ന പരിശോധന മോട്ടോർ വാഹന വകുപ്പ് തുടരുന്നതാണ്.

ഇത്തരത്തിലുള്ള നിയമലംഘനങ്ങൾ ആവർത്തിക്കാതിരിക്കുവാൻ ഒരു ത്രിതല പരിശോധന സംവിധാനം കൂടി വകുപ്പ് നടപ്പാക്കിയിട്ടുണ്ട്. കോൺട്രാക്ട് കാര്യേജുകൾ/സ്വകാര്യ കോൺട്രാക്ട് കാര്യേജുകൾ എന്നിവയുടെ നിരീക്ഷണച്ചുമതല എ.എം.വി.ഐ./എം.വി.ഐ. എന്നിവർക്ക് വീതിച്ച് നൽകിയിട്ടുണ്ട്. ഇത്തരത്തിൽ വീതിച്ച് നൽകിയിട്ടുള്ള വാഹനങ്ങളിൽ ഏതെങ്കിലും തരത്തിലുള്ള നിയമലംഘനങ്ങൾ, ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാരുടെ സ്ക്വാഡിന്റെ കൺട്രോൾ ചെക്കിംഗിലോ ട്രാൻസ്പോർട്ട് കമ്മീഷണറുടെ സ്ക്വാഡിന്റെ സൂപ്പർ ചെക്കിംഗിലോ കണ്ടെത്തിയാൽ പ്രസ്തുത വാഹനത്തിന്റെ ചുമതല ലഭിച്ചിട്ടുള്ള ഉദ്യോഗസ്ഥനെതിരെ അച്ചടക്ക നടപടി സ്വീകരിക്കുന്നതാണ്.

(ഡി) പൊതുഗതാഗത വാഹനങ്ങളെ ജി.പി.എസ്. സംവിധാനത്തിലൂടെ നിരീക്ഷിക്കുന്നത് ഫലപ്രദമാക്കാൻ ഇടപെടലുണ്ടാകുമോ; വ്യക്തമാക്കാമോ?

പൊതുഗതാഗത വാഹനങ്ങളെ ജി.പി.എസ്. അഥവാ വെഹിക്കിൾ ലൊക്കേഷൻ ട്രാക്കിങ് സംവിധാനത്തിലൂടെ നിരീക്ഷിക്കുന്നതിന് കേന്ദ്രീകൃത നിരീക്ഷണ സംവിധാനം (മാസ്റ്റർ കൺട്രോൾ റൂം) ഗതാഗത കമ്മീഷണറേറ്റിൽ സ്ഥാപിക്കപ്പെട്ടിട്ടുണ്ട്. പ്രസ്തുത കൺട്രോൾ റൂമിന്റെ

(24x7) നിരീക്ഷണ പ്രവൃത്തികൾക്കായി ഉദ്യോഗസ്ഥരെ നിയമിച്ചിട്ടുള്ളതും സംശയനിവാരണങ്ങൾക്കായി ഹെൽപ്പ്ഡെസ്ക് സംവിധാനത്തിനായി പ്രത്യേകം ജീവനക്കാരെ നിയമിച്ചിട്ടുള്ളതുമാണ്. കൂടാതെ, ജില്ലാ അടിസ്ഥാനത്തിൽ, ജി.പി.എസ്. നിരീക്ഷണ സംവിധാനം ശാക്തീകരിക്കുന്നതിനായി 14 മിനി കൺട്രോൾ റൂമുകൾ പ്രവർത്തിക്കുന്നുണ്ട്. നിലവിൽ, രണ്ട് ലക്ഷത്തിലധികം പൊതുവാഹനങ്ങളിൽ ജി.പി.എസ്. സംവിധാനം ഘടിപ്പിച്ച്, നിരീക്ഷണ വിധേയമാക്കിയിട്ടുണ്ട്.

ജി.പി.എസ്. സംവിധാന നിരീക്ഷണ ഏകോപനത്തിനായി സംസ്ഥാനതലത്തിൽ ഒരു നോഡൽ ഓഫീസറെ നിയമിച്ചിട്ടുള്ളതും നിർദ്ദേശങ്ങൾ യഥാസമയം നൽകിവരികയും ചെയ്യുന്നു. പ്രസ്തുത സംവിധാനത്തിലൂടെ വാഹനയുടമയ്ക്ക് ഓവർസ്പീഡ്, എമർജൻസി അലർട്ട്, ടിൽറ്റ് അലർട്ട് എന്നിവ ലഭ്യമാകുകയും അതുവഴി അവർക്ക് ജാഗ്രത പാലിക്കുവാനും അപകടങ്ങളൊഴിവാക്കാനും സാധിക്കുകയും ചെയ്യുന്നു. അതോടൊപ്പംതന്നെ കേരളത്തിലെ വിദ്യാർത്ഥികൾക്ക് സുരക്ഷിത യാത്ര ഉറപ്പുവരുത്തുന്നതിനായി ജി.പി.എസ്. അധിഷ്ഠിത മൊബൈൽ ആപ്ലിക്കേഷൻ 'വിദ്യാവാഹിനി' തയ്യാറാക്കിവരുന്നു. ഇതിലൂടെ സ്കൂൾ അധികൃതർക്കും രക്ഷകർത്താക്കൾക്കും തങ്ങളുടെ കുട്ടികളുടെ യാത്ര

തത്സമയം നിരീക്ഷിക്കുവാൻ സാധിക്കും. ഇതിനായി ഒരു ടോൾ ഫ്രീ നമ്പർ സംവിധാനവുമേർപ്പെടുത്തുന്നുണ്ട്. കൂടാതെ, സംസ്ഥാനത്തെ ബസ്സുകളുടെ സമയക്രമം ജി.പി.എസ്. അധിഷ്ഠിതമായി ഡിജിറ്റൈസ് ചെയ്യുന്നതിനായി റൂട്ട് മാനേജ്മെന്റ് സിസ്റ്റം എന്നൊരു പദ്ധതികൂടി നടപ്പിൽവരുത്തുന്നുണ്ട്. ഇതുവഴി പൊതുയാത്രാ വാഹനങ്ങൾ ഉപയോഗിക്കുന്നവർക്ക് ബസ്സുകളുടെ സമയക്രമം ഒരു മൊബൈൽ ആപ്പിന്റെ സഹായത്തോടെ അറിയാൻ സാധിക്കും.

സംസ്ഥാനത്തെ ആംബുലൻസുകളെ ജി.പി.എസ്. സംവിധാനത്തിലൂടെ നിരീക്ഷണവിധേയമാക്കുന്നതിന്റെ ഭാഗമായി പുതിയൊരു പദ്ധതി ആരോഗ്യ വകുപ്പുമായി ചേർന്ന് മോട്ടോർ വാഹന വകുപ്പ് നടപ്പിൽ വരുത്താനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

## ഉന്നതവിദ്യാഭ്യാസ മേഖലയെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്കുയർത്താൻ നടപടി

24(*144) ശ്രീ. എം. മുകേഷ്:
ശ്രീ. എം. രാജഗോപാലൻ:
ശ്രീ. കെ. വി. സുമേഷ്:
ശ്രീ. പി. പി. സുമോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു) സദയം മറുപടി നൽകുമോ:

(എ) ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വൈസ് ചാൻസലർ നിയമനം ചാൻസലറുടെ മാത്രം തീരുമാനത്തിന്റെ അടിസ്ഥാനത്തിലാകുന്നത് പ്രസ്തുത മേഖലയ്ക്ക് ഹാനിവരുത്തുമെന്ന കാര്യം പരിശോധനാ വിധേയമാക്കിയിട്ടുണ്ടോ?

യു.ജി.സി. നിഷ്കർഷിക്കുന്നപ്രകാരമാണ് സർവകലാശാല ചാൻസലർ, വൈസ് ചാൻസലർമാരുടെ നിയമനം നടത്തുന്നത്.

(ബി) ഉന്നതവിദ്യാഭ്യാസ രംഗത്ത് യു.ജി.സി. ചെയർമാൻ അധികാരപരിധിക്ക് അതീതമായ ഇടപെടൽ നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരം ഇടപെടൽ ഉന്നതവിദ്യാഭ്യാസ രംഗത്തെ പിന്നോട്ടടിക്കുമെന്നതിനാൽ ഇത്തരം നീക്കങ്ങളെ നിയമപരമായും ജനകീയമായും നേരിടാൻ നടപടിയെടുക്കുമോ; വ്യക്തമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ഉന്നതവിദ്യാഭ്യാസ മേഖലയെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്കുയർത്തുകയെന്ന പ്രഖ്യാപിത ലക്ഷ്യത്തോടെ നടത്തിയ കൊളോക്വിയത്തിൽ ഉയർന്ന പ്രധാനനിർദ്ദേശങ്ങൾ അറിയിക്കാമോ; അവ പരിഗണിക്കുന്നതിനുള്ള തുടർനടപടി സ്വീകരിച്ചിട്ടുണ്ടോ?

ഉന്നതവിദ്യാഭ്യാസവുമായി ബന്ധപ്പെട്ട കൊളോക്വിയം 2022 ഒക്ടോബർ 25, 26 തീയതികളിൽ തിരുവനന്തപുരത്ത് സംഘടിപ്പിക്കുകയുണ്ടായി. ഉന്നതവിദ്യാഭ്യാസ മേഖലയുമായി ബന്ധപ്പെട്ട സർവ്വകലാശാല/കോളേജ് അദ്ധ്യാപകരും അനദ്ധ്യാപകരും മറ്റും രണ്ടുദിവസത്തെ കൊളോക്വിയത്തിൽ പങ്കെടുത്ത്, ഉന്നതവിദ്യാഭ്യാസ പരിഷ്കരണവുമായി ബന്ധപ്പെട്ട റിപ്പോർട്ടുകൾ ചർച്ച ചെയ്തു.

പ്രധാന തീരുമാനങ്ങൾ

സംസ്ഥാനത്ത് 4 വർഷ ഡിഗ്രി കോഴ്സുകൾ 2023-24 അദ്ധ്യയനവർഷം ആരംഭിക്കാനുള്ള നടപടി സ്വീകരിക്കും.

- 4 വർഷ ഡിഗ്രി പ്രോഗ്രാമുകളിൽ ഫൗണ്ടേഷൻ കോഴ്സുകളുൾപ്പെടുത്തും.
- 3-ാം വർഷം ഡിഗ്രി പഠനം അവസാനിപ്പിക്കാൻ വിദ്യാർത്ഥികൾക്കനുമതിയുണ്ടാകും.
- 4 വർഷ ബിരുദക്കാർക്ക് പി.ജി. തലത്തിൽ ലാറ്ററൽ എൻട്രി
- പി. ജി.-പി.എച്ച്.ഡി ഇൻറഗ്രേറ്റഡ് കോഴ്സുകളാരംഭിക്കും.
- ഗവേഷണ താല്പര്യമുള്ള JRF/SRF ലഭിക്കാത്ത സാമൂഹ്യവും സാമ്പത്തികവുമായി പിന്നാക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് ഫെല്ലോഷിപ്പ്.

- ഉന്നതവിദ്യാഭ്യാസ വികസനത്തിനായി പ്രത്യേക ഫണ്ട് സമാഹരിക്കും.
- ഇന്റർ യൂണിവേഴ്സിറ്റി മാറ്റം സുഗമമാക്കുന്നതരത്തിൽ തുല്യതാ സർട്ടിഫിക്കറ്റുകൾ നൽകുന്നതിനുള്ള നടപടി സ്വീകരിക്കും.
- ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങൾ കുറവുള്ള പ്രദേശങ്ങളിൽ കൂടുതൽ കോളേജുകളും കോഴ്സുകളുമനുവദിക്കും.
- ഉന്നതവിദ്യാഭ്യാസ രംഗത്ത് പുതിയ പദ്ധതികളും/ സ്ഥാപനങ്ങളുമാരംഭിക്കും.

(ഡി) ഉന്നതവിദ്യാഭ്യാസ പരിഷ്കരണത്തിനായുള്ള കമ്മീഷനുകളുടെ റിപ്പോർട്ടിന്മേൽ തുടർ പ്രവർത്തനമാരംഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഉന്നതവിദ്യാഭ്യാസ പരിഷ്കരണ കമ്മീഷൻ, പരീക്ഷാപരിഷ്കരണ കമ്മീഷൻ, നിയമ പരിഷ്കരണ കമ്മീഷൻ എന്നീ കമ്മീഷനുകൾ സർക്കാരിന് സമർപ്പിച്ച റിപ്പോർട്ടുകളിലെ നിർദ്ദേശങ്ങളും ശിപാർശകളും നടപ്പിലാക്കുന്നതിന് സംസ്ഥാന ഉന്നതവിദ്യാഭ്യാസ കൗൺസിലിനുകീഴിൽ കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ പരിഷ്കരണ നിർവ്വഹണ സെൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

## ഒരു ലക്ഷം കൃഷിയിടങ്ങളിൽ കാർഷിക പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് നടപടി

25(*145) <u>ശ്രീ. പി. എസ്. സുപാൽ:</u>

ശ്രീമതി സി. കെ. ആശ:
ശ്രീ. മുഹമ്മദ് മുഹസിൻ:
ശ്രീ. സി. സി. മുകുന്ദൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൂടുതൽ പ്രദേശങ്ങളിലേയ്ക്ക് കൃഷി വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി ഒരു ലക്ഷം കൃഷിയിടങ്ങളിൽ പുതുതായി കാർഷിക പ്രവർത്തനങ്ങളാരംഭിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോയെന്ന് അറിയിക്കാമോ?

സംസ്ഥാനത്ത് കൂടുതൽ പ്രദേശങ്ങളിലേയ്ക്ക് കൃഷി വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി ഒരു ലക്ഷം കൃഷിയിടങ്ങളിൽ പുതുതായി കാർഷിക പ്രവർത്തനങ്ങളാരംഭിക്കുന്നതിനുള്ള പദ്ധതി " ഞങ്ങളും കൃഷിയിലേക്ക്" പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കിയിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതിയിലൂടെ സംസ്ഥാനത്തെ മുഴുവൻ പഞ്ചായത്ത് വാർഡുകളിലും പുതിയ കൃഷിയിടങ്ങളിൽ കൃഷി നടത്തുന്നുവെന്ന് ഉറപ്പാക്കുന്നതിനായി സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം നൽകാമോ?

ഉണ്ട്. സാമൂഹിക പങ്കാളിത്തത്തോടെ കാർഷിക മേഖലയിൽ പുതിയ ഉണർവ്വുണ്ടാക്കുവാനാണ് സർക്കാർ ശ്രമിക്കുന്നത്. കൃഷി വകുപ്പിന്റെയും

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും നേതൃത്വത്തിലാണ് പുതിയ കൃഷിയിടങ്ങൾ കണ്ടെത്തി കൃഷി വകുപ്പിന്റെ 'ഞങ്ങളും കൃഷിയിലേക്ക്' പദ്ധതിയിൽക്കൂടി പുതിയ കർഷകരെ കാർഷിക മേഖലയിലേയ്ക്കെത്തിക്കുന്നത്. കൃഷിക്കൂട്ടങ്ങൾ സൃഷ്ടിച്ച് ഉല്പാദന സേവന വിപണന മൂല്യവർദ്ധന മേഖലയിൽ നടത്തുന്ന ഇടപെടലുകൾ കാർഷികമേഖലയിൽ മാറ്റങ്ങളുണ്ടാക്കിക്കൊണ്ടിരിക്കുകയാണ്. ഞങ്ങളും കൃഷിയിലേക്ക് പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തൊട്ടാകെ ആകെ 25887 എണ്ണം കൃഷിക്കൂട്ടങ്ങൾ പ്രാഥമികഘട്ടത്തിൽ രൂപീകരിച്ചു. നിലവിൽ 19849 എണ്ണം കൃഷിക്കൂട്ടങ്ങൾ വിവിധ മേഖലകളിൽ പ്രവർത്തിച്ചുവരുന്നു. ഈ പ്രവർത്തനം കാര്യക്ഷമമായി നടക്കുന്നുവെന്നുറപ്പാക്കുവാനും പുരോഗതി വിലയിരുത്തുന്നതിനുമായി പഞ്ചായത്ത്, മുൻസിപ്പാലിറ്റി, കോർപ്പറേഷൻ തലത്തിലും ജില്ലാതലത്തിലും സംസ്ഥാന തലത്തിലും കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്.

(സി) തരിശുഭൂമിയിൽ കൃഷി കൂട്ടായ്മകൾവഴി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി നടപ്പിലാക്കിയ പദ്ധതികൾ എത്രത്തോളം വിജയകരമായിട്ടുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

തരിശുഭൂമിയിൽ കൃഷി കൂട്ടായ്മകൾവഴി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി നടപ്പിലാക്കിയ പദ്ധതികൾ വിജയകരമാണെന്ന് വിലയിരുത്തിയിട്ടുണ്ട്.

2021-22 സാമ്പത്തികവർഷത്തിൽ സുഭിക്ഷ കേരളം പദ്ധതിയിൽ വിവിധ കൂട്ടായ്മകളുടെ കൂടി സഹായത്തോടെ 4431 ഹെക്ടർ സ്ഥലത്ത് നെൽകൃഷി വ്യാപിപ്പിച്ചു. കൂടാതെ 2022-23 വർഷത്തിൽ നെൽകൃഷി വികസന പദ്ധതിയുടെ ഭാഗമായി 1415 ഹെക്ടർ സ്ഥലത്ത് തരിശുനില കൃഷി വ്യാപിപ്പിക്കുവാൻ ലക്ഷ്യമിട്ടിട്ടുണ്ട്. സുഭിക്ഷ കേരളം പദ്ധതിയുടെ തുടർ പദ്ധതിയായ " ഞങ്ങളും കൃഷിയിലേക്ക്" പദ്ധതിയുടെ ഭാഗമായി പ്രവർത്തനക്ഷമമായ 19849 എണ്ണം കൃഷിക്കൂട്ടങ്ങൾ മുഖേന തരിശു നിലത്തുൾപ്പെടെ 1,02,314 കൃഷിയിടങ്ങളിൽ പുതുതായി കൃഷി ഇറക്കിയിട്ടുണ്ട്.

" ഞങ്ങളും കൃഷിയിലേക്ക്" പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കി വരുന്ന സമഗ്ര പച്ചക്കറി വികസന പദ്ധതി പ്രകാരം 2021-22 സാമ്പത്തികവർഷത്തിൽ 601 ഹെക്ടർ സ്ഥലത്ത് തരിശുനിലത്തിൽ പച്ചക്കറി കൃഷി വ്യാപിപ്പിക്കുവാൻ സാധിച്ചു. 2022-23 വർഷത്തിൽ

നാളിതുവരെ 104.9045 ഹെക്ടർ സ്ഥലത്ത് തരിശുനിലത്തിൽ കൃഷി നടപ്പിലാക്കിയിട്ടുണ്ട്.

(ഡി) ശാസ്ത്രീയ കൃഷിരീതികൾ അവലംബിക്കുന്നതിനും ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിനും കർഷകരെ സഹായിക്കുന്നതിനുമായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ?

ശാസ്ത്രീയ കൃഷിരീതികൾ പ്രോത്സാഹിപ്പിക്കുന്നതിനും ആയതിലൂടെ സംസ്ഥാനത്ത് കാർഷികവിളകൾക്ക് മികച്ച ഉല്പാദനവും ഉല്പാദനക്ഷമതയും കൈവരിക്കുന്നതിനായി കാർഷിക വികസന കർഷക ക്ഷേമവകുപ്പ് പ്രത്യേകം ശ്രദ്ധനൽകുന്നുണ്ട്. കേരള കാർഷിക സർവ്വകലാശാല ശിപാർശ ചെയ്യുന്ന തെളിയിക്കപ്പെട്ട ശാസ്ത്രീയ സാങ്കേതികവിദ്യകൾ ഉൾക്കൊള്ളിച്ചാണ് കൃഷി വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ ആവിഷ്കരിക്കുന്നത്.

മണ്ണ് പരിശോധനയും കൃഷിക്കാവശ്യമായ ഉല്പാദനോപാധികളുടെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിനും കൃഷി വകുപ്പിനുകീഴിൽ പ്രവർത്തിച്ചുവരുന്ന ലബോറട്ടറികളിൽ ഇവയുടെ ഗുണനിലവാര പരിശോധന കൃത്യമായി നടത്തിവരുന്നു. മണ്ണ്, വിത്ത്, വളം, ജൈവ/ജീവാണു വളം, രാസ കീടനാശിനി, ജൈവ കീടനാശിനി എന്നിവയുടെ ഗുണനിലവാര

പരിശോധനയ്ക്ക് പ്രത്യേകം ലബോറട്ടറികൾ കൃഷി വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്നുണ്ട്. ശാസ്ത്രീയ കൃഷിരീതികളെക്കുറിച്ചുള്ള അവബോധം കർഷകരിൽ സൃഷ്ടിക്കുവാനും ഇത്തരത്തിലുള്ള മുറകൾ പ്രോത്സാഹിപ്പിക്കുവാനും പ്രത്യേകം കാർഷിക വിജ്ഞാന വ്യാപന പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. ഇതിന്റെ ഭാഗമായി കാർഷിക വിജ്ഞാന വ്യാപനം ശക്തിപ്പെടുത്തൽ, കർഷകരിൽ അവബോധം സൃഷ്ടിക്കുന്നതിനും മികച്ച പരമ്പരാഗത വിദ്യകളും ശാസ്ത്രീയമായി തെളിയിക്കപ്പെട്ട പുതിയ സാങ്കേതികവിദ്യകളും ഫീൽഡുതല പ്രദർശനങ്ങളിലൂടെ ജനകീയമാക്കുന്നതിന് ലക്ഷ്യമിടുന്ന കൃഷി പാഠശാല, കൃഷി വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന ഫാം ഇൻഫർമേഷൻ ബ്യൂറോ എന്ന സ്ഥാപനത്തിലൂടെ നടപ്പാക്കുന്ന കാർഷിക വിവരവും വിനിമയം, മാനവശേഷി വികസനം എന്നീ പദ്ധതികളുമുൾപ്പെടുന്നു. കേരളാ അഗ്രിക്കൾച്ചറൽ യൂണിവേഴ്സിറ്റി നിഷ്കർഷിച്ചിട്ടുള്ള ശാസ്ത്രീയ കൃഷിരീതികൾ അവലംബിച്ച് ഫാം പ്ലാൻ അടിസ്ഥാനമാക്കി കൃഷി ചെയ്യുന്ന രീതിയായ ഫാം പ്ലാൻ ബേസ്ഡ് പ്രൊഡക്ഷൻ പ്രോഗ്രാം സർക്കാർ ഈ സാമ്പത്തികവർഷത്തിൽ ആവിഷ്കരിച്ചിട്ടുണ്ട്. കൂടാതെ നവീന കൃഷിരീതികൾ സംബന്ധിച്ച് ആർ.എ.റ്റി.റ്റി.സി., എഫ്.റ്റി.സി., ആർ.റ്റി.റ്റി.സി. മുഖേന പരിശീലനങ്ങൾ

നൽകിവരുന്നു. കൃഷിപാഠശാല എന്ന പദ്ധതി മുഖേന കാർഷിക ആവാസ മേഖല അടിസ്ഥാനത്തിലുള്ള കൃഷിരീതികളെക്കുറിച്ച് ഫീൽഡുതല പരിശീലനവും പ്രദർശന തോട്ടങ്ങളും നടപ്പിലാക്കിവരുന്നു. കൂടാതെ ആത്മ പദ്ധതി പ്രകാരം കർഷകർക്ക് നവീന കൃഷിരീതിയിലുള്ള പരിശീലനങ്ങൾ, കർഷക പഠനയാത്രകൾ, പ്രദർശനത്തോട്ടങ്ങൾ, കിസാൻ മേളകൾ, എക്സിബിഷനുകൾ എന്നിവ നടപ്പിലാക്കുന്നു. ഇതിൽ വനിതാ ഗ്രൂപ്പുകൾ, ഭക്ഷ്യസുരക്ഷാ ഗ്രൂപ്പുകൾ, ഫാർമർ ഇന്ററസ്റ്റ് ഗ്രൂപ്പുകൾ (എഫ്.ഐ.ജി.) എന്നിവർക്ക് മുൻഗണന നൽകിവരുന്നു. കാർഷിക-ശാസ്ത്രജ്ഞ മുഖാമുഖം, സോഷ്യൽ മീഡിയ പ്രചാരണ പരിപാടികൾ, നൂതന പദ്ധതികൾ എന്നിവയും നടപ്പിലാക്കിവരുന്നു. സമഗ്ര പച്ചക്കറി വികസന പദ്ധതിയിൽ മുഖ്യഘടകമായി ഉൾപ്പെടുത്തി ശാസ്ത്രീയ കൃഷിരീതികളവലംബിച്ചുകൊണ്ട് വീട്ടുവളപ്പിലെ കൃഷി പ്രോത്സാഹനം, സ്ഥലപരിമിതിമൂലം കൃഷി ചെയ്യാൻ സാധിക്കാത്തവർക്ക് ചെടിച്ചട്ടികളിലുള്ള കൃഷി, ലംബകൃഷി (വെർട്ടിക്കൽ ഫാമിംഗ്), ഹൈഡ്രോപോണിക്സ് കൃഷി, തുടങ്ങിയ കൃഷിരീതികൾ പ്രോത്സാഹിപ്പിച്ചുവരുന്നു.

രോഗകീടബാധ മുൻകൂട്ടി അറിയുവാൻ വിള ആരോഗ്യപരിപാലന പദ്ധതി പ്രകാരം നിരന്തരമായി നിരീക്ഷണം നടത്തിവരുന്നു.

സംസ്ഥാനത്താകെ 276 സസ്യാരോഗ്യ ക്ലിനിക്കുകൾ പ്രവർത്തിച്ചുവരുന്നു. ഈ ക്ലിനിക്കുകളിൽ പ്രവർത്തിക്കുന്ന പെസ്റ്റിസ് സ്കൗട്ടുകൾ നിരന്തരമായി നടത്തുന്ന കീടരോഗ നിരീക്ഷണത്തിന്റെ ഫലമായി മുൻകൂട്ടിതന്നെ നിയന്ത്രണമാർഗ്ഗങ്ങൾ സ്വീകരിക്കുവാൻ സാധിക്കുകയും തന്മൂലം ഉല്പാദനനഷ്ടം കുറയ്ക്കുവാനും സാധിക്കുന്നു.

**കേരളത്തെ ഉന്നതവിദ്യാഭ്യാസത്തിന്റെ ഹബ്ബാക്കി മാറ്റാൻ നടപടി**

26(*146) ശ്രീ. കോവൂർ കുഞ്ഞുമോൻ:
ശ്രീ. തോമസ് കെ. തോമസ്:
ശ്രീ. മാത്യു ടി. തോമസ്:
ശ്രീ. കെ. ബി. ഗണേഷ് കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു) സദയം മറുപടി നൽകുമോ:

(എ) മെഡിക്കൽ വിദ്യാഭ്യാസത്തിനുൾപ്പെടെയുള്ള ഉന്നതവിദ്യാഭ്യാസത്തിനായി ധാരാളം വിദ്യാർത്ഥികൾ മറ്റ് സംസ്ഥാനങ്ങളിലേയ്ക്കും വിദേശരാജ്യങ്ങളിലേയ്ക്കും പോകുന്ന സാഹചര്യത്തിൽ കേരളത്തെ ഉന്നതവിദ്യാഭ്യാസത്തിന്റെ ഹബ്ബാക്കി മാറ്റാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്ത് ഉന്നതവിദ്യാഭ്യാസത്തിന്റെ ഘടനയും ഉള്ളടക്കവും പരിഷ്കരിക്കുന്നതിന് നിയമിക്കപ്പെട്ട ഡോ. ശ്യാം ബി മേനോൻ അദ്ധ്യക്ഷനായി ഉന്നതവിദ്യാഭ്യാസ പരിഷ്കരണ കമ്മീഷൻ, ഡോ. എൻ. കെ. ജയകുമാർ അദ്ധ്യക്ഷനായി നിയമ പരിഷ്കരണ കമ്മീഷൻ, ഡോ. സി. റ്റി. അരവിന്ദകുമാർ അദ്ധ്യക്ഷനായി പരീക്ഷാ പരിഷ്കരണ കമ്മീഷൻ എന്നീ മൂന്ന് കമ്മീഷനുകളുടെ റിപ്പോർട്ടുകൾ സമർപ്പിച്ചിട്ടുണ്ട്.

<u>സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ മേഖലയെ വൈജ്ഞാനിക ഹബ്ബാക്കുന്ന വിധത്തിൽ നടപ്പിലാക്കാനുദ്ദേശിക്കുന്ന പരിഷ്കാരങ്ങൾ</u>:

1. <u>കരിക്കുലം പരിഷ്കാരം</u>:- 4 വർഷ ബിരുദ പ്രോഗ്രാമുകൾ ആരംഭിക്കുന്നതിനാവശ്യമായ കരിക്കുലം ചട്ടക്കൂട് രൂപീകരിക്കാൻ നടപടികളാരംഭിച്ചു.

2. <u>പുതുതലമുറകോഴ്സുകൾ</u>: സർവ്വകലാശാലകളിലും കോളേജുകളിലും പുത്തൻ തലമുറ (New Generation Inter Disciplinary) സ്വഭാവമുള്ള 170 ഓളം കോഴ്സുകൾ ആരംഭിക്കുകയുണ്ടായി.

ചുവടെ പറയുന്ന കോഴ്സുകൾ അവയിൽ ചിലതാണ്.

- Integrated Political Science with International Relations
- MSc Statistics with specialization in Data Analytics
- M.Com. International Trade

- Masters of Commerce in Taxation
- M.Sc. Physics with Computational and Nano science Specialization
- M.Sc. Chemistry with Drug Chemistry
- M.Sc. Computer Science with Specialization in Artificial Intelligence
- B.Sc. Physics with Machine Learning
- M.Sc. Physics with Specialization in Space Physics
- M.Sc. Chemistry in Drug Design and Development
- M.A. History (World History and Historiography)
- M.Sc. Botany with Specialization in Ethno Botany and Ethno Pharmacology
- M.A. Econometrics
- M.A. Business Economics
- Bachelor of Sports Management
- B.A. Advertising Sales Management
- Integrated Botany with Computational Biology
- M.Sc. Applied Plant Science

3. സർവ്വകലാശാലകളിൽ പ്രോജക്ട് മോഡ് പ്രോഗ്രാമുകൾ, ട്രാൻസ്‌ലേഷണൽ റിസർച്ച് സെന്ററുകൾ, ഇന്റർനാഷണൽ/ഡൊമസ്റ്റിക് ഹോസ്റ്റലുകൾ എന്നിവ ആരംഭിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

4. <u>മറ്റ് പ്രധാന പദ്ധതികൾ</u>:-

- കേരള അക്കാദമിക് ലൈബ്രറി നെറ്റ്‌വർക്കിന്റെ (കാൽനെറ്റ്) വികസനത്തിന്
- ഇ-ജേർണൽ കൺസോർഷ്യം
- ഡിജികോൾ
- ഓൺലൈൻ ഡിജിറ്റൽ ശേഖരം
- കേരള ഇൻസ്റ്റിറ്റ്യൂഷണൽ റാങ്കിംഗ് ഫ്രെയിം വർക്ക് (KIRF)
- അദ്ധ്യാപക പരിശീലന പദ്ധതി
- സ്റ്റേറ്റ് അസസ്മെന്റ് ആൻഡ് അക്രെഡിറ്റേഷൻ സെന്റർ (SAAC)
- ബ്രെയിൻ ഗെയിൻ-(ലോകമെമ്പാടുമുള്ള കേരളീയ അക്കാദമിക് ഡയസ്പോറയെക്കുറിച്ചുള്ള ഡാറ്റാബേസ്)
- എറുഡൈറ്റ് സ്കോളർ ഇൻ റെസിഡൻസ് പ്രോഗ്രാം
- ചീഫ് മിനിസ്റ്റേഴ്സ് നവകേരള പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പ്.

(ബി) സംസ്ഥാനത്ത് ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങാനുദ്ദേശിക്കുന്നവർക്ക് ഏകജാലക സംവിധാനമേർപ്പെടുത്തി

അടിയന്തരമായി അനുമതി ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

ഇപ്പോൾ പരിഗണനയിലില്ല.

**കേരള സർവകലാശാലയിൽ അന്തർദേശീയ പഠന ഗവേഷണകേന്ദ്രം**

17(*147) ശ്രീ. വി. ജോയി:
ശ്രീ. ആന്റണി ജോൺ:
ശ്രീ. എം. നൗഷാദ്:
ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ സമഗ്ര പുരോഗതിക്കും നവീകരണത്തിനുമുതകുന്ന ഗവേഷണങ്ങളെ പ്രോത്സാഹിപ്പിക്കുകയെന്ന ലക്ഷ്യത്തോടെ സ്വീകരിച്ചുവരുന്ന നടപടികളെന്തെല്ലാമെന്നും തുടർ ഗവേഷണത്തിന് ഫെല്ലോഷിപ്പ് നൽകുന്ന പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോയെന്നും അറിയിക്കുമോ?

സംസ്ഥാനത്തിന്റെ സമഗ്ര പുരോഗതിക്കും നവീകരണത്തിനുമുതകുന്ന ഗവേഷണങ്ങളെ പ്രോത്സാഹിപ്പിക്കുകയെന്ന ലക്ഷ്യത്തോടെ വിവിധ സർവ്വകലാശാലകളിൽ ട്രാൻസ്ലേഷണൽ റിസർച്ച് സെന്ററുകൾ

സ്ഥാപിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. വിഷയാധിഷ്ഠിതമായി ഗവേഷണത്തിന് പ്രോത്സാഹനം നൽകുന്നതിന് മുഖ്യമന്ത്രിയുടെ നവകേരള പോസ്റ്റ് ഡോക്ടറൽ ഫെല്ലോഷിപ്പുകൾ ഏർപ്പെടുത്തുകയും ആദ്യഘട്ടത്തിൽ 77 ഫെല്ലോഷിപ്പുകൾ നൽകുകയും ചെയ്തിട്ടുണ്ട്.

കേരള സർവകലാശാലയിൽ ഗവേഷണത്തെ പ്രോത്സാഹിപ്പിക്കാൻ താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

- ഗവേഷണ ഫണ്ടിംഗ്, ഗവേഷണ പ്രവർത്തനങ്ങൾ എന്നിവ പരിഗണിച്ച് അദ്ധ്യാപകർക്ക് റിസർച്ച് അവാർഡുകൾ നൽകിവരുന്നു.
- ഗവേഷണ പ്രവർത്തനങ്ങൾക്ക് സാമ്പത്തിക സഹായം നൽകിവരുന്നു.
- പേറ്റൻറ് ഫയലിംഗ്, പേറ്റൻറ് മെയിന്റനൻസ് മുതലായവയ്ക്ക് സാമ്പത്തിക സഹായം നൽകിവരുന്നു.
- മുഴുവൻ ഗവേഷകർക്കും റിസർച്ച് ഫെല്ലോഷിപ്പ് നൽകിവരുന്നു.
- സർവകലാശാലാ തലത്തിൽ പോസ്റ്റ് ഡോക്ടറൽ ഫെല്ലോഷിപ്പ് നൽകിവരുന്നു. തെരഞ്ഞെടുക്കപ്പെടുന്നവർക്ക് പ്രതിമാസം 20000/- രൂപ നിരക്കിലാണ് ഫെല്ലോഷിപ്പ് നൽകുന്നത്.

മേൽപ്പറഞ്ഞ നടപടികൾക്കുപുറമെ ഗവേഷണത്തെ ശക്തിപ്പെടുത്തുന്നതിനായി സർവ്വകലാശാലാതലത്തിൽ റിസർച്ച്

ഡയറക്ടറേറ്റ് രൂപീകരിച്ചിട്ടുണ്ട്. Kerala University Business Incubation and Innovation Centre മുഖേനയും വിവിധ നടപടികൾ സ്വീകരിച്ചുവരുന്നു.

കണ്ണൂർ സർവ്വകലാശാലയിൽ ഗവേഷണങ്ങളെ പ്രോത്സാഹിപ്പിക്കുകയെന്ന ലക്ഷ്യത്തോടെ അർഹരായ ഗവേഷണവിദ്യാർത്ഥികൾക്ക സർവ്വകലാശാലാ ഫണ്ടിൽനിന്നും മൂന്ന് വർഷംവരെ മാസം പതിനായിരം രൂപ നിരക്കിൽ യൂണിവേഴ്സിറ്റി ഫെല്ലോഷിപ്പ് നൽകുന്നുണ്ട്.

ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയിൽ ഗവേഷണ വിഷയങ്ങളിലെ സഹകരണം ഉദ്ദേശിച്ച് ചെന്നൈയിലെ അഡയാർ ലൈബ്രറിയുമായി ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ട്. അത്യപൂർവ്വങ്ങളായ താളിയോലകൾ കണ്ടെത്തി സംരക്ഷിക്കുന്ന പദ്ധതികൾ നടന്നുവരുന്നു. എ.പി.ജെ. അബ്ദുൽ കലാം സാങ്കേതികശാസ്ത്ര സർവ്വകലാശാലയിൽ 2022-23 അക്കാദമിക വർഷം മുതൽ ഓരോവർഷവും രജിസ്റ്റർ ചെയ്ത 100 ഗവേഷണ വിദ്യാർഥികൾക്ക് ഫെല്ലോഷിപ്പ് നൽകുവാൻ തീരുമാനിച്ചിട്ടുണ്ട് കൂടാതെ, N.D.F, U.G.C, CSIR-JRF ഫെല്ലോഷിപ്പുകളും AICTE ഡോക്ടറൽ ഫെല്ലോഷിപ്പും സംസ്ഥാന സർക്കാരിന്റെ ഉന്നതവിദ്യാഭ്യാസ ഫെല്ലോഷിപ്പും KSCSTE ഫെല്ലോഷിപ്പും നേടിയ വിദ്യാർത്ഥികൾ

സർവകലാശാല അംഗീകരിച്ച വിവിധ സ്ഥാപനങ്ങളിൽ ഗവേഷണം നടത്തുന്നുണ്ട്.

കാലിക്കറ്റ് സർവ്വകലാശാലയിൽ വിവിധ പഠന വകുപ്പുകളിൽ 10 പോസ്റ്റ് ഡോക്ടറേറ്റ് ഫെല്ലോഷിപ്പുകൾ നൽകുന്നുണ്ട്. ഗവേഷണങ്ങളെ പ്രോത്സാഹിപ്പിക്കുകയെന്ന ലക്ഷ്യത്തോടെ സർവ്വകലാശാലയിലെ പഠന വകുപ്പുകളിലെ Ph.D ഗവേഷക വിദ്യാർത്ഥികൾക്ക് 11000/- രൂപയും (JRF) 13000/- രൂപയും (SRF) എന്ന നിരക്കിൽ ഫെല്ലോഷിപ്പ് തുക 4 വർഷത്തേയ്ക്ക് അനുവദിച്ചുവരുന്നു.

എം. ജി. സർവ്വകലാശാലയിൽ ERUDITE പ്രോഗ്രാമിന്റെ ഭാഗമായി ഇന്ത്യക്കകത്തും പുറത്തുമുള്ള പ്രഗത്ഭരായ ശാസ്ത്രജ്ഞരെ സർവ്വകലാശാലയിലേയ്ക്ക് ക്ഷണിച്ചുവരുത്തി വിദ്യാർത്ഥികൾക്കും അധ്യാപകർക്കും സംവാദത്തിന് അവസരം നൽകുന്നുണ്ട്. Nobel Laureate Visiting Programme മുഖേന നോബൽ ജേതാക്കളായ ശാസ്ത്രജ്ഞന്മാരുടെ പ്രഭാഷണങ്ങളും നടത്തിവരുന്നു

(ബി) കേരള സർവകലാശാലയിൽ അന്തർ ദേശീയ പഠന ഗവേഷണകേന്ദ്രം സ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ

ഏതൊക്കെ മേഖലകളിലാണ് പഠന സൗകര്യമൊരുക്കുന്നത്; വിശദാംശം നൽകുമോ?

കേരള സർവകലാശാലയിൽ Thanu Padmanabhan Centre for Excellence in Astronomy and Astrophysics എന്ന സെന്ററാരംഭിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

International and Inter University Centre for Natural Resource Management, International Centre for Kerala Studies, International Centre for Marxian Studies and Research, Centre for Australian Studies, Centre for Canadian Studies, International Centre for Sreenarayana Guru Studies, Centre for Latin American Studies തുടങ്ങിയവയും കേരള സർവ്വകലാശാലയിൽ പ്രവർത്തിച്ചുവരുന്നു.

ഇതുകൂടാതെ കേന്ദ്ര കേരള സർക്കാരുകളുടെയും യു.ജി.സി.-യുടെയും അനുമതിക്കുവിധേയമായി പ്രവാസികൾക്കും കുടുംബങ്ങൾക്കും സർവ്വകലാശാല പഠനഗവേഷണ അവസരങ്ങൾ നേരിട്ട് ലഭ്യമാക്കാനാകുന്ന തരത്തിൽ യു.എ.ഇ., കുവൈറ്റ് തുടങ്ങിയ വിദേശരാജ്യങ്ങളിൽ സർവ്വകലാശാല നേരിട്ട് നടത്തുന്ന പഠനഗവേഷണ കേന്ദ്രങ്ങൾ

തുടങ്ങുന്നതിലേയ്ക്കായി സർവ്വകലാശാലയുടെ 2022-23 ബഡ്ജറ്റിൽ 25 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

## ആശ്വാസ കിരണം പദ്ധതി

18(*148) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. ടി. സിദ്ദിഖ്:
ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആശ്വാസ കിരണം പദ്ധതി നിലവിലുണ്ടോയെന്ന് വ്യക്തമാക്കുമോ?

കേരള സാമൂഹ്യ സുരക്ഷാ മിഷൻ നടപ്പിലാക്കിവരുന്ന ആശ്വാസ കിരണം പദ്ധതി നിലവിലുണ്ട്.

(ബി) എങ്കിൽ പ്രസ്തുത പദ്ധതിപ്രകാരം പ്രതിമാസം നൽകുന്ന തുകയെത്രയെന്നും നിലവിൽ എത്ര മാസത്തെ തുക കുടിശ്ശികയുണ്ടെന്നും അറിയിക്കുമോ?

കേരള സാമൂഹ്യ സുരക്ഷാ മിഷൻ നടപ്പിലാക്കിവരുന്ന ആശ്വസ കിരണം പദ്ധതി പ്രകാരം ധനസഹായമായി പ്രതിമാസം 600 രൂപ

നൽകിവരുന്നു. 2022-23 സാമ്പത്തികവർഷം 42.5 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. അതിൽ ആദ്യഗഡുവായി അനുവദിച്ച 10 കോടി രൂപയിൽ 9,86,20,800 രൂപ ലൈഫ് സർട്ടിഫിക്കറ്റ്, ബാങ്ക് ആധാർ വിവരങ്ങൾ ലഭ്യമാക്കിയ 34,965 ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തു. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, കോട്ടയം, ഇടുക്കി, വയനാട്, കാസർഗോഡ് എന്നീ ജില്ലകളിലെ ഗുണഭോക്താക്കൾക്ക് 4 മാസത്തെയും ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകളിലെ ഗുണഭോക്താക്കൾക്ക് 5 മാസത്തെയും ധനസഹായം ബാങ്ക് മുഖേന അനുവദിച്ചുനൽകിയിട്ടുണ്ട്.

(സി) ബുദ്ധിമാന്ദ്യം, ഓട്ടിസം, സെറിബ്രൽ പാൾസി എന്നീ രോഗങ്ങൾമൂലം ബുദ്ധിമുട്ടുന്നവരെ പരിചരിക്കുന്നവർ ഉൾപ്പെടെയുള്ളവർക്ക് നൽകുന്ന പ്രസ്തുത ധനസഹായം കുടിശ്ശിക സഹിതം നൽകുന്നതിന് അടിയന്തരനടപടി സ്വീകരിക്കുമോ?

11-10-2012-ലെ സ.ഉ.(എം.എസ്)നം.60/2012/സാ.ക്ഷേ.വ പ്രകാരം ആശ്വാസ കിരണം പദ്ധതിയുടെ മാനദണ്ഡം ലഘൂകരിക്കുകയും ആനുകൂല്യം ലഭിക്കുന്ന ശയ്യാവലംബർ, ബുദ്ധിമാന്ദ്യം, ഓട്ടിസം, സെറിബ്രൽ പാൾസി, മാനസിക വൈകല്യമുള്ളവർ, മാനസികരോഗികൾ എന്നിവർക്കുപുറമേ

100% അന്ധത, പ്രായാധിക്യം കൊണ്ടും ക്യാൻസർ മുതലായ പലവിധ ഗുരുതരമായ രോഗങ്ങളാലും കിടപ്പിലായവരെയും ദൈനംദിന കാര്യങ്ങൾക്ക് പരസഹായമാവശ്യമായിട്ടുള്ള മുഴുവൻ ആളുകളുടെ പരിചാരകരെയും ഈ പദ്ധതിയിലുൾപ്പെടുത്തി ഉത്തരവായി. തന്മൂലം പ്രസ്തുത പദ്ധതിയിലെ അപേക്ഷകളുടെ എണ്ണം ക്രമാതീതമായി വർദ്ധിക്കുകയും ബഡ്ജറ്റ് വിഹിതത്തിനെക്കാൾ കൂടുതൽ തുക പദ്ധതിക്ക് ആവശ്യമായിവരുന്ന സാഹചര്യം സംജാതമാകുകയും ചെയ്തു.

നടപ്പ് സാമ്പത്തികവർഷം വകയിരുത്തിയ ബഡ്ജറ്റ് വിഹിതത്തിൽ അവശേഷിക്കുന്ന തുക കൂടി അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

**സർവകലാശാലകളിലെ വൈസ് ചാൻസലർമാരുടെ നിയമനത്തിലെ യു.ജി.സി. മാനദണ്ഡം**

29(*149) ശ്രീ. ടി. വി. ഇബ്രാഹിം:
ഡോ. എം. കെ. മുനീർ:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. നജീബ് കാന്തപുരം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു) സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ സർവകലാശാലകളിലെ വൈസ് ചാൻസലർമാരുടെ നിയമനങ്ങളിൽ യു.ജി.സി. നിയമം പാലിക്കപ്പെടുന്നില്ലെന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ?

1956-ലെ യു.ജി.സി. നിയമത്തിൽ വൈസ് ചാൻസലർ നിയമനം സംബന്ധിച്ച നിബന്ധനകളുള്ളതായി കാണുന്നില്ല. എന്നാൽ വൈസ് ചാൻസലർമാരുടെ നിയമനം സംബന്ധിച്ച് യു.ജി.സി. റെഗുലേഷനുകളിലെ നിബന്ധനകൾക്ക് വിധേയമായി നിയമനം നടത്തുന്നത് ചാൻസലർ കൂടിയായ ബഹുമാനപ്പെട്ട ഗവർണറാണ്.

(ബി) ബഹു. സുപ്രീംകോടതി വിധിയുടെയടിസ്ഥാനത്തിൽ ഏതെങ്കിലും വൈസ് ചാൻസലർക്ക് സ്ഥാനം ഒഴിയേണ്ടതായി വന്നിട്ടുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. ബഹു. സുപ്രീം കോടതി വിധിയുടെയടിസ്ഥാനത്തിൽ എ.പി.ജെ. അബ്ദുൾ കലാം കേരള സാങ്കേതിക ശാസ്ത്ര സർവകലാശാലയിലെ വൈസ് ചാൻസലർ ഡോ. രാജശ്രീ എം. എസ്. സ്ഥാനമൊഴിയുകയുണ്ടായി.

(സി) വൈസ് ചാൻസലർമാരുടെ നിയമനത്തിന് ഒന്നിലേറെ പേരുകൾ നൽകണമെന്ന യു.ജി.സി. ചട്ടം സംസ്ഥാനത്ത് നടപ്പിലാക്കാനുദ്ദേശിക്കുന്നുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ?

യു.ജി.സി. ചട്ടങ്ങൾ സംസ്ഥാനത്തിന് ബാധകമായിട്ടുള്ളതും ഇതിനകംതന്നെ നടപ്പിലാക്കിയിട്ടുള്ളതുമാണ്.

**മോട്ടോർ വാഹന നിയമ ലംഘനം തടയാൻ നടപടി**

30(*150) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u>:
<u>ശ്രീ. യു. എ. ലത്തീഫ്</u>:
<u>ശ്രീ. എ. കെ. എം. അഷ്റഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി (<u>ശ്രീ. ആന്റണി രാജു</u>) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വാഹനങ്ങളുടെ അമിതവേഗത തടയുന്നതിന് നിലവിൽ എന്തെല്ലാം സംവിധാനങ്ങളാണുള്ളത്; അമിതവേഗത തടയാൻ നിലവിലുള്ള സംവിധാനങ്ങൾ പര്യാപ്തമാണോയെന്ന് പരിശോധിച്ചിട്ടുണ്ടോ?

സംസ്ഥാനത്ത് വാഹനങ്ങളുടെ അമിതവേഗത തടയുന്നതിന് വാഹന പരിശോധനയും ക്യാമറ സംവിധാനം വഴി അമിതവേഗത കണ്ടെത്തി നടപടി സ്വീകരിക്കുന്ന സംവിധാനവുമാണ് നിലവിലുള്ളത്. വാഹനങ്ങളുടെ അമിതവേഗത തടയുന്നതിന് നിലവിലുള്ള സമ്പ്രദായം പര്യാപ്തമാണ്.

(ബി) അമിതമായ പലവിധ ശബ്ദമുള്ള ഹോണുകളും പല നിറത്തിലുള്ള ആഡംബര ലൈറ്റുകളുമുപയോഗിച്ച് സർവ്വീസ് നടത്തുന്ന വാഹനങ്ങൾക്കെതിരെ നടപടി സ്വീകരിക്കാറുണ്ടോ?

അമിതമായ പലവിധ ശബ്ദമുള്ള ഹോണുകളും പല നിറത്തിലുള്ള ആഡംബര ലൈറ്റുകളുമുപയോഗിച്ച് സർവ്വീസ് നടത്തുന്ന വാഹനങ്ങൾക്കെതിരെ 'ഓപ്പറേഷൻ ഫോക്കസ്' എന്ന പേരിൽ സ്പെഷ്യൽ ഡ്രൈവുൾപ്പെടെ കർശന പരിശോധനകളും നടപടികളും സ്വീകരിക്കുന്നുണ്ട്.

(സി) നിയമലംഘനം നടത്തുന്ന വാഹനയുടമകൾക്കെതിരെയും ഡ്രൈവർമാർക്കെതിരെയും എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

നിയമലംഘനം നടത്തുന്ന ഡ്രൈവർമാർക്കെതിരെയും വാഹനയുടമകൾക്കെതിരെയും കർശനനടപടികൾ സ്വീകരിക്കുന്നുണ്ട്. അമിതവേഗത കണ്ടെത്തിയാൽ കേന്ദ്ര മോട്ടോർ വാഹന നിയമത്തിന്റെ സെക്ഷൻ 183 പ്രകാരം പിഴ ഈടാക്കൽ, ഡ്രൈവിംഗ് ലൈസൻസിന് അയോഗ്യത കല്പിക്കൽ, ഫിറ്റ്നസ് റദ്ദാക്കൽ എന്നീ കടുത്ത നടപടികളും സ്വീകരിക്കുന്നുണ്ട്.

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### തുറമുഖ വകുപ്പിലെ താല്ക്കാലിക നിയമനങ്ങൾ

1(1742) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തുറമുഖ വകുപ്പിലും വകുപ്പിന്റെ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളിലും എത്ര താല്ക്കാലിക നിയമനങ്ങൾ, കരാർ നിയമനങ്ങൾ നടത്തിയിട്ടുണ്ടെന്നും ഏതൊക്കെ തസ്തികകളിലാണ് ഇപ്രകാരം നിയമനം നടത്തിയിട്ടുള്ളതെന്നും അറിയിക്കുമോ?

| തുറമുഖ വകുപ്പ് (കേരള മാരിടൈം ബോർഡ്) | |
|---|---|
| കരാറടിസ്ഥാനം | സെക്യൂരിറ്റി ജീവനക്കാർ |
| അഴീക്കൽ തുറമുഖം | 4 |
| ആലപ്പുഴ പോർട്ടോഫീസ് | 3 |
| കൊല്ലം പോർട്ട് ഓഫീസ് | |
| താല്ക്കാലിക നിയമനം<br>നൈറ്റ് വാച്ച്മാൻ | 1 |
| വാച്ച്മാൻ-കം-ഗാർഡനർ | 1 |

| | |
|---|---|
| കോഴിക്കോട് തുറമുഖ ഓഫീസ് വാച്ച്മാൻ | 4 |
| കോഴിക്കോട് മറൈൻ ബംഗ്ലാവ് | 1 |
| വടകര പോർട്ട് കൺസർവ്വേറ്റർ ഓഫീസിനുകീഴിലുള്ള മാനുവൽ ഡ്രഡ്ജിംഗ് കടവിലേയ്ക്ക് കടവ് അസിസ്റ്റന്റ് | 1 |

ആലപ്പുഴ തുറമുഖ ഓഫീസിൽ ഡ്രൈവർ തസ്തിക ഇല്ലാത്തതിനാലും വാഹനം അനുവദിച്ചിട്ടുള്ളതിനാലും അത്യാവശ്യഘട്ടങ്ങളിൽ ദിവസവേതനാടിസ്ഥാനത്തിൽ ഒരു ഡ്രൈവറുടെ സേവനം ഉപയോഗിച്ചുവരുന്നു.

| | |
|---|---|
| കൊടുങ്ങല്ലൂർ തുറമുഖ ഓഫീസിൽ വാച്ച്മാൻ | |
| **ഹൈഡ്രോഗ്രാഫിക് സർവ്വേ വിംഗ്**<br>താല്ക്കാലിക നിയമനം<br>സീമാൻ | 12<br>(കണ്ണൂർ-3, ബേപ്പൂർ-6, കൊല്ലം-3) |
| ഡ്രാഫ്റ്റ്സ് മാൻ ഗ്രേഡ് I | 1 |
| ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ് II | 1 |
| ഡ്രൈവർ ഗ്രേഡ് II | 1 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 1 |

| | |
|---|---|
| (മെക്കാനിക്കൽ) | |
| പാർട്ട് ടൈം സ്വീപ്പർ | 4 |

കരാർവ്യവസ്ഥയിൽ ആർക്കും നിയമനം നൽകിയിട്ടില്ല.

(ബി) ഇപ്രകാരം നിയമിതരായവർക്ക് വേതനവും മറ്റ് ആനുകൂല്യങ്ങളുമായി 2022 ഒക്ടോബർ മാസം അനുവദിച്ച ആകെ തുകയെത്രയാണെന്ന് വ്യക്തമാക്കുമോ?

2022 ഒക്ടോബർ മാസത്തിൽ വേതനവും മറ്റാനുകൂല്യങ്ങളും നൽകിയ ഇനത്തിലുള്ള തുക വിവരം ചുവടെ ചേർക്കുന്നു.

1. തുറമുഖ വകുപ്പ് (കേരള മാരിടൈം ബോർഡ്)- 3,81,712 /- രൂപ

2. ഹൈഡ്രോഗ്രാഫിക് സർവ്വേ വിംഗ്- 4,72,717/-രൂപ

(സി) ഇതിൽ എംപ്ലോയ്മെന്റ് മുഖേന നടത്തിയ നിയമനങ്ങൾ എത്രയാണെന്നും മറ്റുള്ള നിയമനങ്ങളിൽ റിക്രൂട്ട്മെന്റിനായി അവലംബിച്ച മാർഗ്ഗമേതാണെന്നും ഏത് ഏജൻസി മുഖേനയാണ് നിയമനങ്ങൾ നടത്തിയതെന്നുമുള്ള വിശദാംശം വ്യക്തമാക്കുമോ?

| | |
|---|---|
| **കേരള മാരിടൈം ബോർഡ്**<br>എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് | 5 |

| | |
|---|---|
| വാച്ച്മാൻ | |
| <u>ഇന്റർവ്യൂവിലൂടെ നിയമനം നടത്തിയത്</u><br>കടവ് അസിസ്റ്റന്റ് | 1 |
| <u>കെക്സോൺ മുഖാന്തരം</u><br>സെക്യൂരിറ്റി ജീവനക്കാർ | 7 |
| <u>താല്ക്കാലികാടിസ്ഥാനം</u><br>കെയർടേക്കർ | 1 |
| കോഴിക്കോട് മറൈൻ ബംഗ്ലാവ് (കേരള മാരിടൈം ബോർഡ്)<br>നൈറ്റ് വാച്ച്മാൻ | 1 |
| വാച്ച്മാൻ-കം-ഗാർഡനർ | 1 |
| <u>(തുറമുഖ ഓഫീസ്, കൊല്ലം)</u><br>ഡ്രൈവർ | 1 |

(ആലപ്പുഴ തുറമുഖ ഓഫീസിൽ ഡ്രൈവർ തസ്തികയിൽ ദിവസവേതനാടിസ്ഥാനത്തിൽ ഒരു ഡ്രൈവറുടെ സേവനം ഉപയോഗിച്ചുവരുന്നു.)

<u>ഹൈഡ്രോഗ്രാഫിക് സർവ്വേ വിംഗ്</u>

ഇതിൽ 14 നിയമനങ്ങൾ എംപ്ലോയ്മെന്റ് മുഖേനയും മറ്റുള്ളവ 11-02-2021-ലെ സ.ഉ. (അച്ചടി) നം.29/2021/ധന. വ്യവസ്ഥകൾ പ്രകാരം ദിവസവേതനാടിസ്ഥാനത്തിൽ 6 നിയമനങ്ങളുമാണ് നടത്തിയിട്ടുള്ളത്.

**അഴീക്കൽ പോർട്ടിനെ റീജിയണൽ പോർട്ടായി ഉയർത്താൻ നടപടി**

2(1743) <u>ശ്രീ. കെ. വി. സുമേഷ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഴീക്കൽ പോർട്ടിനെ റീജിയണൽ പോർട്ടായി ഉയർത്തുന്നതിന്റെ ഭാഗമായുള്ള പ്രവർത്തനങ്ങളുടെ പുരോഗതി വിശദമാക്കുമോ?

കേരള മാരിടൈം ബോർഡിന്റെ ഓർഗാനോഗ്രാം തയ്യാറാക്കി അംഗീകാരം നേടുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്. അഴീക്കൽ തുറമുഖത്തെ റീജിയണൽ പോർട്ടായി ഉയർത്തുന്നതിനുള്ള പ്രൊപ്പോസലും ഇതിലുൾപ്പെടും.

(ബി) പോർട്ടിലെത്തിച്ചേരുന്ന കപ്പലുകൾക്കാവശ്യമായ ശുദ്ധജല വിതരണത്തിനുള്ള പൈപ്പ്ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തിയുടെ പുരോഗതി അറിയിക്കാമോ?

അഴീക്കൽ തുറമുഖത്ത് എത്തിച്ചേരുന്ന കപ്പലുകൾക്കാവശ്യമായ ശുദ്ധജലവിതരണത്തിനുള്ള പൈപ്പ്ലൈൻ സ്ഥാപിക്കുന്നതിനായി 12-02-2021-ൽ 2 കോടി രൂപ കേരള വാട്ടർ അതോറിറ്റിയുടെ അക്കൗണ്ടിലേയ്ക്ക് നിക്ഷേപിച്ചെങ്കിലും 31-03-2021-ൽ ടി തുകയിൽ നിന്നും 1.90 കോടി രൂപ ധനവകുപ്പ് പിൻവലിച്ചു. പ്രസ്തുത തുക തിരികെ ലഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്.

**കണ്ണൂർ ഗ്രീൻ ഫീൽഡ് തുറമുഖം**

3(1744) <u>ശ്രീ. കെ. വി. സുമേഷ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂരിൽ പുതുതായി ആരംഭിക്കാൻ പോകുന്ന ഗ്രീൻ ഫീൽഡ് തുറമുഖത്തിന്റെ പഠനങ്ങൾ പൂർത്തിയായോ; അറിയിക്കാമോ?

പദ്ധതി പ്രദേശത്തെ വിശദമായ മണ്ണുപരിശോധന (ജിയോ ടെക്നിക്കൽ ഇൻവെസ്റ്റിഗേഷൻ വിത്ത് ഡ്രില്ലിങ് 60 മീറ്റർ വരെ അണ്ടർ ദി സീ-ബെഡ്) പൂർത്തിയാക്കുകയും അന്തിമ റിപ്പോർട്ട് എൻ.ഐ.ടി. കോഴിക്കോടിന്റെയും ജി.ഇ.സി. തൃശ്ശൂരിന്റെയും പരിശോധനയ്ക്കും അംഗീകാരത്തിനുംശേഷം ജനുവരി 2022-ൽ ലഭിച്ചു.

അതിനുശേഷം സാങ്കേതിക കൺസൾറ്റന്റ്, M/s Howe Engineering Projects (India) Pvt Ltd. സമർപ്പിച്ച ഡിസൈൻ റിപ്പോർട്ടുപ്രകാരം breakwater ഡിസൈൻസ് സാങ്കേതിക പരിശോധനയിൽ മാറ്റങ്ങൾ വരുത്തേണ്ടതാണെന്ന് ബോദ്ധ്യപ്പെട്ടു. ഐ.ഐ.ടി. മദ്രാസ് ഡിസൈൻസ് പരിശോധിച്ചു. പ്രത്യേകിച്ച് ബ്രേക്‌വാട്ടർ ഫൗണ്ടേഷൻ മാറ്റിക്കൊണ്ടുള്ള അവരുടെ ശിപാർശകളോടെ റിപ്പോർട്ട് ജൂൺ 2022-ൽ ലഭിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ പോർട്ടിന്റെ അന്തിമ ഡിസൈൻ റിപ്പോർട്ട് സാങ്കേതിക കൺസൾട്ടന്റ് തയ്യാറാക്കി. സാങ്കേതിക കൺസൾട്ടന്റ് തയ്യാറാക്കിയ വിശദമായ പ്രോജക്ട് റിപ്പോർട്ട് (ഡി.പി.ആർ.) സർക്കാരിന്റെ പരിഗണനയിലാണ്.

2021 മാർച്ച് മാസത്തിൽ State Environmental Impact Assessment Authority പാരിസ്ഥിതിക പഠനം നടത്തുന്നതിനുള്ള Terms of Reference അംഗീകരിച്ചു. അതിനുശേഷം, വിശദമായ പാരിസ്ഥിതിക പഠനങ്ങളും സാമ്പിളുകളും ശേഖരിച്ചശേഷം പരിശോധനയും നക്കൽ റിപ്പോർട്ട് തയ്യാറാക്കലും എല്ലാം പുരോഗമിച്ചുവരുന്നു. തുറമുഖ വികസന പദ്ധതിയുടെ ഭാഗമായി കയറ്റുമതി-ഇറക്കുമതി വ്യാപാരം വർദ്ധിപ്പിക്കുന്നതിനും തുറമുഖത്തെ അടിസ്ഥാനമാക്കിയുള്ള സാമ്പത്തിക വികസനത്തിനും

പദ്ധതികൾ വിഭാവനം ചെയ്തിട്ടുണ്ട്. ഇതിന്റെ കൺസൾട്ടന്റ്, ടാറ്റ കൺസൾട്ടിംഗ് എഞ്ചിനീയേഴ്സ് ലിമിറ്റഡ് (TCE), പ്രത്യേക സാമ്പത്തിക മേഖലകളുടെ (Special Economic Zones) ഇൻസെപ്ഷൻ റിപ്പോർട്ട് 2021 മാർച്ചിലും ഹിന്റർലാൻഡ് ബിസിനസ് പൊട്ടൻഷ്യൽ റിപ്പോർട്ട് 2022 മാർച്ചിലും സമർപ്പിച്ചു. എസ്.ഇ.ഇസഡ്.-ന്റെ ഡി.പി.ആർ. അംഗീകരിച്ചശേഷം തുടങ്ങുന്നതാണ്.

(ബി) ഈ പ്രവൃത്തി എപ്പോഴത്തേയ്ക്ക് ആരംഭിക്കാൻ കഴിയും; വിശദാംശം അറിയിക്കാമോ?

പോർട്ടിന്റെ സാങ്കേതിക കൺസൾട്ടന്റ് തയ്യാറാക്കിയ വിശദമായ പ്രോജക്ട് റിപ്പോർട്ട് (ഡി.പി.ആർ.) സർക്കാർ പരിശോധിച്ചുവരികയാണ്. ടി റിപ്പോർട്ട് അംഗീകരിച്ചശേഷം ഫൈനാൻസിങ് എപ്രകാരമാണെന്ന തീരുമാനമെടുക്കേണ്ടതുണ്ട്. എന്നിട്ട് വിശദമായ എഞ്ചിനീയറിംഗ് പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടന്റ്/EPC കോൺട്രാക്ടറുടെ നിയമനം എന്നിവ നടത്തേണ്ടതുണ്ട്.

**വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതി**

4(1745) <u>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ</u>:

<u>ശ്രീ. ജി. എസ്. ജയലാൽ</u>:

ശ്രീ. ഇ. ചന്ദ്രശേഖരൻ:

ശ്രീ. പി. ബാലചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ വികസനത്തിൽ നിർണ്ണായക സ്വാധീനം ചെലുത്താൻ കഴിയുന്ന വിഴിഞ്ഞം തുറമുഖ നിർമ്മാണത്തെ അട്ടിമറിക്കുന്നതിന് വിദേശസഹായത്തോടെ പ്രവർത്തിക്കുന്ന സന്നദ്ധ സംഘടനകൾ ശ്രമിക്കുന്നതായുള്ള വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തുറമുഖ നിർമ്മാണത്തിനെതിരെ സമരം ചെയ്യുന്നവരെ സംബന്ധിച്ച് കേന്ദ്ര ഇന്റലിജൻസ് ബ്യൂറോ അന്വേഷണം നടത്തിയതായുള്ള വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് സംബന്ധിച്ച് എന്തെങ്കിലും റിപ്പോർട്ടുകൾ സംസ്ഥാന സർക്കാരിന് ലഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

(എ&ബി) ഇതുസംബന്ധിച്ച് തെളിവുകളൊന്നും ലഭിച്ചിട്ടില്ല.

(സി) പ്രസ്തുത തുറമുഖ നിർമ്മാണത്തിനെതിരായി സമരം ചെയ്യുന്ന സംഘടനകളുമായി സംസ്ഥാന സർക്കാർ നടത്തിയ സമവായ ചർച്ചകളുടെ വിശദാംശം ലഭ്യമാക്കുമോ?

സമരക്കാരുടെ ആവശ്യങ്ങൾ കേൾക്കാനും അവ നടപ്പാക്കുന്നതിനുമായി ബഹുമാനപ്പെട്ട ഫിഷറീസ്, തുറമുഖം, ഗതാഗതം, റവന്യൂ, ഭക്ഷ്യ-സിവിൽ സപ്ലൈസ്, പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രിമാരടങ്ങിയ സബ് കമ്മിറ്റിയെ ചുമതലപ്പെടുത്തി. അതനുസരിച്ച് ഈ സബ് കമ്മിറ്റി രൂപതാ അധികൃതരുമായി ഔദ്യോഗികമായി 5 തവണ ചർച്ച നടത്തുകയുണ്ടായി. ഇതുകൂടാതെ ഫിഷറീസ്, പൊതുവിദ്യാഭ്യാസ മന്ത്രിമാരുമായി നിരവധി അനൗദ്യോഗിക ചർച്ചകളും നടന്നിട്ടുണ്ട്. തുടർന്ന് ചീഫ് സെക്രട്ടറി തലത്തിലും ചർച്ച നടത്തി. 06-12-2022-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി സമരക്കാരുമായി നടത്തിയ ചർച്ചയെത്തുടർന്ന് സമരം അവസാനിച്ചിട്ടുണ്ട്.

(ഡി) വിഴിഞ്ഞം തുറമുഖ പദ്ധതിയുമായി ബന്ധപ്പെട്ട് തദ്ദേശവാസികളുടെ ക്ഷേമത്തിനായും അടിസ്ഥാനസൗകര്യ വികസനത്തിനായും ഈ സർക്കാർ നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ വിശദമാക്കാമോ?

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയുമായി ബന്ധപ്പെട്ട് തദ്ദേശവാസികളുടെ ക്ഷേമത്തിനും അടിസ്ഥാനസൗകര്യ വികസനത്തിനുമായി സർക്കാർ നടത്തിയ നടപടികൾ അനുബന്ധമായി ചേർത്തിരിക്കുന്നു+.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഇ) തുറമുഖ നിർമ്മാണം തടസ്സരഹിതമായി മുന്നോട്ടുകൊണ്ടുപോകുന്നതിനുവേണ്ടി ഈ സർക്കാർ സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ?

മന്ത്രിമാർ അടങ്ങിയ ഉപസമിതി പലപ്രാവശ്യം സമരക്കാരുമായി ചർച്ച നടത്തി അവർ ആവശ്യപ്പെട്ട വിഷയങ്ങളിൽ സംസ്ഥാനത്തിന് തീരുമാനമെടുക്കാൻ സാധിക്കുന്ന വിഷയത്തിലൊക്കെ തീരുമാനം എടുത്തിട്ടുണ്ട്. വിശദാംശം ചുവടെച്ചേർക്കുന്നു.

1. കടലാക്രമണത്തെത്തുടർന്ന് വീടും സ്ഥലവും നഷ്ടപ്പെട്ട് ദുരിതാശ്വാസ ക്യാമ്പുകളിൽ കഴിയുന്ന മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് ഓരോന്നിനും അവരുടെ പുനരധിവാസം പൂർത്തിയാകുന്നതുവരെ വാടകയ്ക്ക് വീടെടുത്ത് മാറി താമസിക്കുതിന് 5,500 രൂപ വീതം വാടക നൽകുവാൻ ഉത്തരവായി.

2. മത്സ്യത്തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിന് ഫ്ലാറ്റുകൾ നിർമ്മിക്കാൻ മുട്ടത്തറയിൽ ക്ഷീരവികസന വകുപ്പിന്റെ ഉടമസ്ഥതയിലുള്ള 17.43 ഏക്കർ ഭൂമിയിൽ നിന്നും 8 ഏക്കർ സ്ഥലം സർക്കാർ അനുവദിച്ചു.

3. മണ്ണെണ്ണ വില വർദ്ധിച്ച സാഹചര്യത്തിൽ ഇതര ഇന്ധനങ്ങൾ ഉപയോഗിച്ചുള്ള ബോട്ടുകൾ വാങ്ങുന്നതിന് ഒറ്റത്തവണ സബ്സിഡി നൽകുന്നുണ്ട്.

4. മുതലപ്പൊഴി ഫിഷിംഗ് ഹാർബറിന്റെ നിർമ്മാണത്തിലുള്ള അപാകത സംബന്ധിച്ച് ശാസ്ത്രീയമായി പഠനം നടത്തി പരിഹാരനടപടികൾ നിർദ്ദേശിക്കുന്നതിനായി പൂനെ ആസ്ഥാനമായുള്ള CWPRS-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

5. വിഴിഞ്ഞം തുറമുഖ നിർമ്മാണത്തിന്റെ ഭാഗമായി തീരശോഷണം സംഭവിക്കുന്നതായി നാളിതുവരെയുള്ള പഠനങ്ങളിലൊന്നും തെളിഞ്ഞിട്ടില്ല. എന്നിരുന്നാലും തീരശോഷണത്തെപ്പറ്റി പഠിക്കുവാൻ നാലംഗ വിദഗ്ദ്ധ സമിതിയെ സർക്കാർ ചുമതലപ്പെടുത്തിയിട്ടുണ്ട്.

**വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ കമ്പനിക്ക് ഇളവ്**

5(1746) ശ്രീ. യു. എ. ലത്തീഫ്:

ശ്രീ. നജീബ് കാന്തപുരം:

ശ്രീ. പി. ഉബൈദുള്ള:

<u>ശ്രീ. എ. കെ. എം. അഷ്റഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിക്ക് ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടത്തിപ്പിനായി ചെലവായ തുക തുറമുഖ നിർമ്മാണ കമ്പനി അടയ്ക്കണമെന്ന് റവന്യൂ വകുപ്പ് ശിപാർശ ചെയ്തിരുന്നോവെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത തുക അടയ്ക്കുന്നതിൽ നിന്നും തുറമുഖ നിർമ്മാണ കമ്പനിയെ ഒഴിവാക്കിയിട്ടുണ്ടോ;

(സി) പ്രസ്തുത കമ്പനിക്ക് 44.90 കോടി രൂപയുടെ ഇളവ് അനുവദിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കുമോ?

(എ-സി) കൺസഷൻ കരാർ പ്രകാരം വിഴിഞ്ഞം തുറമുഖ നിർമ്മാണത്തിനുള്ള ഭൂമി ഏറ്റെടുത്ത് നൽകേണ്ട ഉത്തരവാദിത്വം അതോറിറ്റിയെന്ന നിലയിൽ സംസ്ഥാന സർക്കാരിൽ നിക്ഷിപ്തമാണ്. വിഴിഞ്ഞം തുറമുഖ കമ്പനി (VISL) ആണ് ഈ നടപടി സർക്കാരിനുവേണ്ടി നിർവ്വഹിക്കുന്നത്. 2013-ലെ ലാൻഡ് അക്വിസിഷൻ റൂൾ 4(2) അനുസരിച്ച് ഭൂമിയേറ്റെടുക്കുന്നതിനുള്ള എസ്റ്റാബ്ലിഷ്മെന്റ് തുക അതത് റിക്വിസിഷനിംഗ് അതോറിറ്റി റവന്യൂ വകുപ്പിൽ അടയ്ക്കേണ്ടതാണ്. ഈ വിവരം റവന്യൂ

വകുപ്പ് തുറമുഖ വകുപ്പിനെ അറിയിച്ചിട്ടുണ്ട്. എന്നാൽ സർക്കാരിനുവേണ്ടി ഈ പ്രവൃത്തി നിർവ്വഹിക്കുന്നതിനാൽ എസ്റ്റാബ്ലിഷ്മെന്റ് ചാർജ്ജടയ്ക്കുന്നതിൽ നിന്നും റിക്വിസിഷൻ അതോറിറ്റിയായ വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ട് ലിമിറ്റഡ് കമ്പനിയെ 10-11-2022-ലെ സ.ഉ. (എം.എസ്)നം.22/2022/മതുവ പ്രകാരം ഒഴിവാക്കിയിട്ടുണ്ട്.

**വിഴിഞ്ഞം തുറമുഖ പദ്ധതി**

6(1747) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം തുറമുഖം പദ്ധതി യാഥാർത്ഥ്യമാക്കുന്നതിനായി സ്വീകരിക്കുന്ന നടപടികളെക്കുറിച്ച് വിശദമാക്കാമോ?

വിഴിഞ്ഞം പദ്ധതി കരാർപ്രകാരമുള്ള തീയതിക്കുള്ളിൽ (03-12-2019) പൂർത്തിയാക്കാൻ കരാർ കമ്പനിക്ക് സാധിച്ചിട്ടില്ല. പദ്ധതിയുടെ നിർണ്ണായക ഘടകമായ പുലിമുട്ട് നിർമ്മാണത്തിനാവശ്യമായ പാറ യഥാസമയം ലഭ്യമാക്കുന്നതിന് കരാർ കമ്പനിക്ക് കഴിയാതെ വന്ന സാഹചര്യത്തിലാണ് പദ്ധതി വൈകിയത്. ഇതിനെത്തുടർന്ന് കരാർ കമ്പനി നേരിട്ട് ക്വാറികൾ സ്ഥാപിച്ച് പാറ ലഭ്യമാക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തുകയുണ്ടായി. ക്വാറികൾ സ്ഥാപിക്കുന്നതിനായി കരാർ കമ്പനി അപേക്ഷകൾ

സമർപ്പിച്ചിട്ടുള്ള വിവിധ വകുപ്പ്/ഏജൻസികളെ ഏകോപിപ്പിച്ചും ത്വരിതപ്പെടുത്തികൊണ്ടും അനുമതികൾ ലഭ്യമാക്കുന്നതിനായി സർക്കാർ വിവിധ തലത്തിൽ യോഗങ്ങൾ നടത്തുകയും ആവശ്യമായ തുടർനടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. പുലിമുട്ട് നിർമ്മാണത്തിന്റെ പുരോഗതി നിരന്തരം വിലയിരുത്തി പദ്ധതി എത്രയുംവേഗം പൂർത്തീകരിക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങളും നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി പ്രദേശവാസികളുടെയും മത്സ്യത്തൊഴിലാളികളുടെയും ആശങ്കകൾ പരിഹരിക്കുന്നതിനായി വകുപ്പ് സ്വീകരിക്കുന്ന നടപടികളെക്കുറിച്ച് വിശദമാക്കാമോ?

പദ്ധതി ബാധിത പ്രദേശത്തെ ജനങ്ങളുടെ പുനരധിവാസവും മറ്റ് അനുബന്ധ ആവശ്യങ്ങളും പരിഗണിച്ച് പരിഹരിക്കുന്നതിന് സർക്കാർ മുന്തിയ പരിഗണനയാണ് നൽകിവരുന്നത്. പ്രദേശവാസികളുമായി ബന്ധപ്പെട്ട എല്ലാ വിഷയങ്ങളും കൂടിയാലോചനകളിലൂടെയാണ് നടപ്പിലാക്കി വരുന്നത്. ചർച്ച ചെയ്യുന്നതിനായി പ്രദേശവാസികളിൽ നിന്നും ഉയർന്നുവരുന്ന വിഷയങ്ങൾ അതത് സമയങ്ങളിൽ തന്നെ ഉദ്യോഗസ്ഥതലത്തിലും സർക്കാർ തലത്തിലും ചർച്ച ചെയ്തുവരുന്നുണ്ട്.

കൂടാതെ, പദ്ധതി ബാധിത പ്രദേശമായ കോട്ടപ്പുറത്തെ പുനരധിവാസ പ്രവർത്തനങ്ങൾ മേൽനോട്ടം വഹിച്ച് ഏകോപിപ്പിക്കുന്നതിനും ത്വരിതപ്പെടുത്തുന്നതിനുമായി ഒരു മോണിറ്ററിംഗ് കമ്മിറ്റി സർക്കാർ രൂപീകരിക്കുകയും ടി മോണിറ്ററിംഗ് കമ്മിറ്റി വിവിധ സർക്കാർ വകുപ്പുകളുമായി ബന്ധപ്പെട്ട് പ്രദേശവാസികളുടെ പുനരധിവാസ പ്രവർത്തനങ്ങൾ ഫലപ്രദമായി നടത്തിവരുന്നുണ്ട്.

വിദ്യാഭ്യാസ മേഖലയുടെ ഉന്നമനത്തിനായും തൊഴിൽ നൈപുണ്യം വർദ്ധിപ്പിക്കുന്നതിനുമായി ഒരു കമ്മ്യൂണിറ്റി സ്കിൽ പാർക്ക് സ്ഥാപിച്ച് കഴിഞ്ഞു. പ്രദേശവാസികൾക്ക് മുൻഗണന നൽകി തുറമുഖാനുബന്ധ തൊഴിൽ പരിശീലനം ഈ കേന്ദ്രം മുഖേന നൽകുന്നതാണ്. കൂടാതെ, ഈ മേഖലയിൽ 7.3 കോടി രൂപ ചെലവഴിച്ച് നിർമ്മിച്ച ജല ശുദ്ധീകരണശാലയുൾപ്പെടെ ആയിരത്തോളം വീടുകൾക്ക് സൗജന്യ കുടിവെള്ള കണക്ഷനുകൾ ലഭ്യമാക്കിക്കഴിഞ്ഞു. വിഴിഞ്ഞത്ത് നിലവിലുള്ള കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിനെ 100 കിടക്കകളുള്ള ആധുനിക ആശുപത്രിയായി 4 നിലകളിൽ സ്ഥാപിക്കുന്നതിനായുള്ള നടപടികൾ പൂർത്തികരണഘട്ടത്തിലാണ്. നിരവധി വർഷങ്ങളായി മലിനപ്പെട്ട് കിടന്ന

ഗംഗയാർ തോട് മാലിന്യങ്ങൾ നീക്കം ചെയ്ത് തടസ്സരഹിതമായി ഒഴുകുവാനുള്ള പദ്ധതി നടപ്പിലാക്കി.

സർക്കാരിന്റെ ഒരേക്കർ സ്ഥലത്ത് കളിസ്ഥലം സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. വയോധികർക്കായി ഒരു 'പകൽവീട്' പദ്ധതി പ്രദേശത്ത് സ്ഥാപിക്കുവാനുള്ള നടപടിയും സ്വീകരിച്ചുവരുന്നു. കോട്ടപ്പുറത്ത് മാലിന്യ നിർമ്മാർജ്ജനത്തിനായി ഒരു MRF (Materials Recovery Facility) സ്ഥാപിക്കുന്നതിനുള്ള ഉത്തരവ് നൽകി. വിഴിഞ്ഞം മേഖലയിലെ മത്സ്യത്തൊഴിലാളികൾക്കും കുടുംബാംഗങ്ങൾക്കും പ്രയോജനം ചെയ്യുന്ന രീതിയിൽ കോട്ടപ്പുറത്ത് ഒരു ആധുനിക സീഫുഡ് പാർക്ക് സ്ഥാപിക്കുന്നതിനാവശ്യമായ സ്ഥലം കണ്ടെത്തി പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുന്നു. ഇങ്ങനെ പദ്ധതി ബാധിത പ്രദേശങ്ങളിൽ വിവിധ സാമൂഹികക്ഷേമ പദ്ധതികൾ സർക്കാർ മേൽനോട്ടത്തിൽ നടത്തിവരുന്നു. ഇതുകൂടാതെ നിരവധി CSR പ്രവർത്തനങ്ങൾ തുറമുഖ കരാർ കമ്പനിയുമായി ചേർന്നും നടത്തി വരുന്നുണ്ട്.

**വിഴിഞ്ഞം തുറമുഖ പദ്ധതി**

7(1748) <u>ശ്രീ. അനൂപ് ജേക്കബ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം തുറമുഖ നിർമ്മാണം തീരശോഷണത്തിന് കാരണമാകുന്നുവെന്ന് കരുതുന്നുണ്ടോ; വിശദമാക്കാമോ?

തുറമുഖ നിർമ്മാണത്തിന് മുന്നോടിയായിട്ടുള്ള വിശദവും സമഗ്രവും ശാസ്ത്രീയവുമായുള്ള പാരിസ്ഥിതികാഘാത പഠനം (EIA) നടത്തിയിട്ടുണ്ട്. ഇതിന്റെഭാഗമായി തുറമുഖ നിർമ്മാണം സമീപപ്രദേശങ്ങളിൽ തീരശോഷണത്തിന് കാരണമാകുമോയെന്നത് പ്രത്യേകം പഠിച്ചിട്ടുള്ളതും കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന്റെ കീഴിലുള്ള Expert Appraisal Committee (EAC)-യുടെ വിശദമായ പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുള്ളതുമാണ്. തുറമുഖ നിർമ്മാണം സമീപതീരങ്ങളിൽ കാര്യമായ തീരശോഷണത്തിന് കാരണമാകില്ലായെന്നാണ് പഠനത്തിൽ തെളിഞ്ഞിട്ടുള്ളത്. ഇതിന്റെ അടിസ്ഥാനത്തിലാണ് 2014 ജനുവരിയിൽ കേന്ദ്ര പരിസ്ഥിതി മന്ത്രാലയം (MoEF&CC) പദ്ധതിക്ക് പാരിസ്ഥിതികാനുമതി നൽകിയത്.

തുറമുഖ പദ്ധതിക്കായി കണ്ടെത്തിയിട്ടുള്ള തീരം അതിന്റെ സമീപതീരങ്ങളിൽനിന്നും തീർത്തും വ്യത്യസ്തവും വേറിട്ടും നിൽക്കുന്ന പ്രദേശമാണ്. പദ്ധതി പ്രദേശത്തിന്റെ തെക്കും വടക്കുമുള്ള തീരങ്ങൾ നേർരേഖയിലുള്ള തീരങ്ങളായിരിക്കെ, നിർദ്ദിഷ്ട തുറമുഖം ഉൾപ്പെട്ടുവരുന്ന, ആഴിമല മുനമ്പ് മുതൽ കോവളം മുനമ്പ് വരെയുള്ള തീരപ്രദേശം ഒരു 'പോക്കറ്റ്' (അകത്തേക്ക് വളഞ്ഞ) ആകൃതിയിലുള്ളതും ടി മുനമ്പുകളാൽ വേർതിരിക്കപ്പെട്ടതുമാണ്. (അതുകൊണ്ട്, ഈ cell-നുള്ളിൽ നടക്കുന്ന മണൽ നീക്കം സമീപതീരങ്ങളിൽ കാര്യമായ മാറ്റങ്ങളൊന്നും സൃഷ്ടിക്കുകയില്ല. നേർരേഖയിലുള്ള ഒരു തീരപ്രദേശത്ത് നിർമ്മാണപ്രവർത്തനങ്ങൾ നടത്തുമ്പോൾ സ്വാഭാവികമായിട്ടും അതിന്റെ പ്രത്യാഘാതം തൊട്ടടുത്ത തീരങ്ങളിൽ പ്രത്യക്ഷമാകുന്നതാണ്.) എന്നാൽ, ഇതിൽനിന്നും വ്യത്യസ്തമായി 'പോക്കറ്റ്' ആകൃതിയിൽ മുനമ്പുകൾക്കിടയിൽ (headlands/rock promontories) സ്ഥിതിചെയ്യുന്നതും പ്രത്യേകം യൂണിറ്റായി നിലകൊള്ളുന്നതുമായ തീരപ്രദേശമായതിനാൽ ഇവിടെയുള്ള നിർമ്മാണപ്രവർത്തനങ്ങൾ സമീപതീരങ്ങളിൽ കാര്യമായ ആഘാതം സൃഷ്ടിക്കുകയില്ലെന്നതാണ് അടിസ്ഥാനതത്വം. അതുകൊണ്ട് തുറമുഖ നിർമ്മാണത്തിന് ഏറ്റവും അനുയോജ്യമായി കണക്കാക്കപ്പെടുന്നത്

ഇത്തരത്തിലുള്ള തീരപ്രദേശമാണ്. ടി വസ്തുതകളുടെയടിസ്ഥാനത്തിൽ തുറമുഖം നിർമ്മിക്കുന്നതിലൂടെ 10 മുതൽ 30 കിലോമീറ്റർ വരെ മാറി സ്ഥിതി ചെയ്യുന്ന വടക്കൻ തീരങ്ങളിലോ തെക്കൻ തീരങ്ങളിലോ തീരശോഷണമുണ്ടാകുമെന്ന വാദത്തിനടിസ്ഥാനമില്ല. ഒരു തുറമുഖത്തിന്റെ പുലിമുട്ട് നിർമ്മാണം തീരത്തെ ബാധിക്കുന്നുണ്ടെങ്കിൽ അത് പുലിമുട്ടിന്റെ ഏറ്റവും അടുത്തുള്ള തീരങ്ങളിൽ മാത്രമായിരിക്കും. ക്രമേണ അതിന്റെ പ്രഭാവം കുറഞ്ഞ് ഇല്ലാതാകുകയും ചെയ്യും. ഇതിന് ശാസ്ത്രീയമായ പഠനഫലങ്ങൾ ലഭ്യമാണ്. ബഹുമാനപ്പെട്ട NGT പരമാവധി 10 കി.മി ദൂരം വരെ മാത്രം നിരീക്ഷിക്കുവാനാണ് നിർദ്ദേശിച്ചിട്ടുള്ളതെന്നത് ഇതിന് തെളിവാണ്. ഇന്ത്യയുടെ തീരപ്രദേശത്തെ വിവിധ sediment cell/Unit-നെപ്പറ്റിയുള്ള വിശദമായ പഠനം കേന്ദ്ര സർക്കാരിന്റെ സ്ഥാപനമായ National Centre for Sustainable Coastal Management (NCSCM) പുറത്തിറക്കിയ റിപ്പോർട്ടിലും ഉൾപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത മേഖലയിലെ തീരശോഷണം സംബന്ധിച്ച് പഠനം നടത്തുന്നതിനായി സമിതി രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ അതിൽ അംഗങ്ങൾ ആരെല്ലാമെന്നും എന്തെല്ലാം പഠനവിഷയങ്ങളാണ്

സമിതിയുമായി ധാരണയിലെത്തിയിരിക്കുന്നതെന്നും അറിയിക്കാമോ; വിശദാംശം ലഭ്യമാക്കാമോ?

തിരുവനന്തപുരം ലത്തീൻ അതിരൂപതയുടെ തീരശോഷണം ആരോപിച്ചുള്ള സമരത്തിന്റെ പശ്ചാത്തലത്തിൽ ഇതുസംബന്ധിച്ച് പഠിക്കുവാൻ നാലംഗ Expert Committee-യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കമ്മിറ്റിയിലെ അംഗങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

(സി) തുറമുഖ നിർമ്മാണം നടക്കുന്നതിന്റെ 20 കി. മീ. ചുറ്റളവിൽ പരിസ്ഥിതിയുമായി ബന്ധപ്പെട്ട ഘടകങ്ങൾ സ്ഥിരമായി നിരീക്ഷിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; പാരിസ്ഥിതിക വ്യതിയാനങ്ങൾ സംബന്ധിച്ച എന്തെങ്കിലും ഇത്തരത്തിലുള്ള നിരീക്ഷണത്തിൽ കണ്ടെത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിക്കുവേണ്ടി NGT പുറപ്പെടുവിച്ച ഉത്തരവിൽ പദ്ധതി പ്രദേശത്തിന്റെ 10 കി.മീ ദൂരപരിധിയിലുള്ള (പരമാവധി സാധ്യതയുള്ള) തീരങ്ങളിലെ വ്യതിയാനം സൂക്ഷ്മമായി നിരീക്ഷിക്കണമെന്നും (High Resolution ഉപഗ്രഹചിത്രങ്ങളും ബീച്ച് സർവ്വേയും അടിസ്ഥാനമാക്കിയുള്ള പഠനങ്ങൾ) തുറമുഖ പദ്ധതിമൂലം സമീപതീരങ്ങളിൽ

തീരശോഷണം സംഭവിക്കുന്നുണ്ടെന്ന് കണ്ടെത്തുകയാണെങ്കിൽ അവ പരിഹരിക്കുന്നതിനായുള്ള മാർഗ്ഗങ്ങൾ NGT വിദഗ്ദ്ധ സമിതിയുടെ നിർദ്ദേശപ്രകാരം നടപ്പിലാക്കണമെന്നും നിഷ്കർഷിക്കുന്നുണ്ട്. ഈ നിബന്ധനകളെല്ലാം കർക്കശമായി പാലിക്കപ്പെടുന്നുണ്ടോയെന്ന് ഉറപ്പുവരുത്താനായി ദേശീയതലത്തിൽ പ്രഗത്ഭരായ ശാസ്ത്രജ്ഞന്മാരെയും മറ്റും ഉൾപ്പെടുത്തിക്കൊണ്ട് ഒരു വിദഗ്ദ്ധ സമിതിയെയും (Expert Committee), തീരനിരീക്ഷണ സമിതിയെയും (Shoreline Monitoring Cell) ചുമതലപ്പെടുത്തിയിട്ടുമുണ്ട്.

ഈ കമ്മിറ്റികൾ ഓരോ 6 മാസം കൂടുമ്പോൾ പദ്ധതിപ്രദേശവും അതിന് 20 കിലോമീറ്റർ തെക്കോട്ടും വടക്കോട്ടുമുള്ള തീരപ്രദേശങ്ങൾ (NGT ഉത്തരവുപ്രകാരം 10 കിലോമീറ്റർ മതിയെങ്കിലും) സന്ദർശിക്കുകയും EC, CRZ അനുമതിയിലെയും NGT ഉത്തരവിലെയും നിബന്ധനകൾ പാലിക്കപ്പെടുന്നുണ്ടോയെന്നുള്ളത് അവലോകനം ചെയ്യുന്നുമുണ്ട്. കൂടാതെ, നിർമ്മാണവേളയിൽ തീരവ്യതിയാനവുമായി ബന്ധപ്പെട്ട് നടത്തുന്ന നിരീക്ഷണങ്ങളും ശാസ്ത്രീയ പഠനങ്ങളും ടി കമ്മിറ്റികൾ വിലയിരുത്തി NGT-ക്ക് സമർപ്പിക്കുന്നുമുണ്ട്. തുറമുഖ നിർമ്മാണം കാരണം തീരശോഷണം സംഭവിക്കുന്നതായി NGT നിയോഗിച്ച കമ്മിറ്റികൾ കണ്ടെത്തിയിട്ടില്ല.

## വിഴിഞ്ഞം തുറമുഖ നിർമ്മാണവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ

8(1749) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം തുറമുഖ നിർമ്മാണവുമായി ബന്ധപ്പെട്ട സമരത്തിനും സംഘർഷത്തിനുമിടയാക്കിയ സാഹചര്യമെന്താണെന്ന് വ്യക്തമാക്കാമോ?

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ നിർമ്മാണവുമായി ബന്ധപ്പെട്ട് മത്സ്യമേഖല നേരിടുന്ന ഗുരുതര പ്രശ്നങ്ങളും അതിജീവന ഭീഷണി നേരിടുന്ന തീരദേശജനതയുടെ ദുരിതങ്ങൾക്കും പരിഹാരം കാണണമെന്നാവശ്യപ്പെട്ടാണ് സമരമാരംഭിച്ചത്. തുറമുഖത്തിനെതിരെ ഉയരുന്ന പ്രതിഷേധങ്ങൾക്ക് തുറമുഖ നിർമ്മാണവുമായി യാതൊരു ബന്ധവുമില്ല.

(ബി) പ്രസ്തുത വിഷയത്തിൽ സമരക്കാർ ഉന്നയിക്കുന്ന ആവശ്യങ്ങളും സർക്കാരിന്റെ നിലപാടുകളും എന്താണെന്ന് വ്യക്തമാക്കാമോ?

വിഴിഞ്ഞം തുറമുഖ നിർമ്മാണംമൂലം തീരശോഷണം ഉണ്ടാകുന്നുവെന്നും തൊഴിൽ നഷ്ടപ്പെടുന്നുവെന്നും ചൂണ്ടിക്കാട്ടി താഴെപ്പറയുന്ന ആവശ്യങ്ങൾ

ഉന്നയിച്ചുകൊണ്ടാണ് ബഹുമാനപ്പെട്ട തിരുവനന്തപുരം ലത്തീൻ അതിരൂപത സമരമാരംഭിച്ചത്.

1. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ നിർമ്മാണംമൂലമുണ്ടാകുന്ന തീരശോഷണത്തിന് ശാശ്വതപരിഹാരം കാണുക.

2. മനുഷ്യോചിതമല്ലാത്ത അവസ്ഥയിൽ തീരശോഷണംമൂലം ഭവനം നഷ്ടപ്പെട്ട് ക്യാമ്പുകളിൽ കഴിയുന്ന കുടുംബങ്ങളെ അടിയന്തരമായി വാടക നൽകി മാറ്റി പാർപ്പിക്കുക.

3. വീടും സ്ഥലവും നഷ്ടപ്പെട്ടവരെ വീടിനും വസ്തുവിനും നഷ്ടപരിഹാരം നൽകി പുനരധിവസിപ്പിക്കുക.

4. അനിയന്ത്രിതമായ മണ്ണെണ്ണ വില വർദ്ധന പിൻവലിക്കാൻ സർക്കാർ ഇടപെടുക, തമിഴ്നാട് മാതൃകയിൽ മത്സ്യത്തൊഴിലാളികൾക്ക് മണ്ണെണ്ണ ലഭ്യമാക്കുക.

5. കാലാവസ്ഥാ മുന്നറിയിപ്പ് കാരണം തൊഴിൽ നഷ്ടപ്പെടുന്ന ദിവസങ്ങളിൽ മത്സ്യത്തൊഴിലാളികൾക്ക് മിനിമം വേതനം നൽകുക.

6. മുതലപ്പൊഴിയിലെ പ്രശ്നങ്ങൾ പരിഹരിക്കുക.

7. തീരശോഷണത്തിനും വിഴിഞ്ഞം മത്സ്യബന്ധന തുറമുഖത്തിനും കോവളം, ശംഖുമുഖം ബീച്ചുകൾക്കും ഭീഷണിയായിട്ടുള്ള വിഴിഞ്ഞം തുറമുഖ നിർമ്മാണം നിർത്തിവച്ച് പ്രദേശവാസികളെ ഉൾപ്പെടുത്തി സുതാര്യമായ പഠനം നടത്തുക.

ഓഖി ദുരന്തത്തെത്തുടർന്ന് വലിയതുറ തുറമുഖ ഗോഡൗണുകളിലും ബന്ധുവീടുകളിലും മാറി താമസിപ്പിക്കേണ്ടിവന്നവരെ പുനരധിവസിപ്പിക്കുന്നതിനായി 12-10-2022-ന് മുട്ടത്തറ വില്ലേജിൽ ക്ഷീരവകുപ്പിന്റെ കൈവശമുള്ള ഭൂമിയിൽ നിന്ന് 8 ഏക്കർ ഭൂമി മത്സ്യബന്ധന വകുപ്പിന് കൈമാറി ഉത്തരവായിട്ടുണ്ട്. അവിടെ ഫ്ലാറ്റ് നിർമ്മാണത്തിന് ഭരണാനുമതിയും നൽകി. ഫ്ലാറ്റ് നിർമ്മാണം പൂർത്തിയാകുന്നതുവരെ തുറമുഖ ഗോഡൗണുകളിലും ബന്ധുവീടുകളിലും താമസിക്കുന്നവർക്ക് ജില്ലാഭരണകൂടം നിശ്ചയിച്ചപ്രകാരം പ്രതിമാസം 5,500/- രൂപ വീതം വാടക അനുവദിച്ചുകൊണ്ട് 01-09-2022-ന് ഉത്തരവായിട്ടുണ്ട്. ഈ തുക സെപ്റ്റംബർ മുതൽ വിതരണമാരംഭിച്ചു. രണ്ടുമാസത്തെ വാടക അഡ്വാൻസായി നൽകിയിട്ടുണ്ട്. തുറമുഖ നിർമ്മാണം തീരശോഷണം വരുത്തുന്നുവെന്ന ആക്ഷേപം പഠിക്കുന്നതിനായി 06-10-2022-ന് Central Water and Power Research Station(CWPRS) മുൻ അഡീഷണൽ ഡയറക്ടർ ഡോ. കുടാലെ

അദ്ധ്യക്ഷനായി നാല് വിദഗ്ധരെയുൾപ്പെടുത്തി ഒരു വിദഗ്ധ സമിതി രൂപീകരിച്ചു. മുതലപ്പൊഴി മത്സ്യബന്ധന തുറമുഖത്തിന്റെ നിർമ്മാണത്തിലുള്ള അശാസ്ത്രീയത കണ്ടെത്തി rectification നടപടികൾ ശിപാർശ ചെയ്യുന്നതിനായി കേന്ദ്ര സർക്കാർ സ്ഥാപനമായ പൂനെയിലെ Central Water and Power Research Station (CWPRS)-നെ ചുമതലപ്പെടുത്തി. മണ്ണെണ്ണ വില കൂടിയ സാഹചര്യത്തിൽ പരിസ്ഥിതി സൗഹൃദമായ മറ്റ് ഇന്ധനങ്ങളിലേയ്ക്ക് മാറുന്നതിന് എഞ്ചിൻ വാങ്ങുന്നതിലേയ്ക്ക് സബ്സിഡി നൽകാൻ തീരുമാനിച്ചു.

തുറമുഖ നിർമ്മാണ കാലയളവിൽ മത്സ്യബന്ധനത്തിന് പുറപ്പെടുന്ന ബോട്ടുകൾക്ക് കൂടുതൽ ദൂരം സഞ്ചരിക്കേണ്ടി വരുമെന്നത് പരിഗണിച്ച് എഞ്ചിൻ കപ്പാസിറ്റിയനുസരിച്ച് 3 മുതൽ 7 ലിറ്റർ വരെ മണ്ണെണ്ണ വീതം 2017 മുതൽ സൗജന്യമായി നൽകിവരുന്നുണ്ട്. ട്രോളിംഗ് നിരോധന സമയത്ത് സൗജന്യ റേഷൻ അനുവദിച്ച് നൽകിവരുന്നുണ്ട്. ഓഖി, കോവിഡ് തുടങ്ങിയ വലിയ കെടുതികളുണ്ടായപ്പോൾ തീരദേശത്തുള്ള മുഴുവൻ പേർക്കും സൗജന്യറേഷനും മത്സ്യത്തൊഴിലാളി ക്ഷേമനിധിയിൽ നിന്ന് ധനസഹായവും നൽകിയിട്ടുണ്ട്.

(സി) സമരം ചെയ്യുന്നവർ ഉന്നയിക്കുന്ന പ്രശ്നങ്ങൾക്ക് ഇതുവരെ പരിഹാരം കാണാൻ കഴിയാത്തതെന്തുകൊണ്ടാണ്; പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിനായി വകുപ്പുമന്ത്രി ഇതുവരെ നടത്തിയ ഇടപെടലുകളും ചർച്ചകളും സംബന്ധിച്ച വിശദാംശം നൽകാമോ?

സമരക്കാരുടെ ആവശ്യങ്ങൾ കേൾക്കുവാനും അവ നടപ്പാക്കുന്നതിനുമായി ബഹുമാനപ്പെട്ട ഫിഷറീസ്, ഗതാഗതം, റവന്യൂ, ഭക്ഷ്യ സിവിൽ സപ്ലൈസ്, പൊതുവിദ്യാഭ്യാസം, തുറമുഖം വകുപ്പ് മന്ത്രിമാരടങ്ങിയ സബ് കമ്മിറ്റിയെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചുമതലപ്പെടുത്തി. അതനുസരിച്ച് ഈ സബ് കമ്മിറ്റി രൂപതാ അധികൃതരുമായി 5 പ്രാവശ്യം ചർച്ച നടത്തുകയുണ്ടായി. ഇത് കൂടാതെ ഫിഷറീസ്, പൊതുവിദ്യാഭ്യാസ മന്ത്രിമാരുമായി നിരവധി അനൗദ്യോഗിക ചർച്ചകളും നടന്നിട്ടുണ്ട്.

സെപ്റ്റംബർ 26-ന് ക്യാബിനറ്റ് സബ് കമ്മിറ്റിയുമായുള്ള ചർച്ചയിൽ തുറമുഖ നിർമ്മാണം നിർത്തിവയ്ക്കണമെന്ന ആവശ്യമൊഴികെ മറ്റ് കാര്യങ്ങളിൽ അനുകൂലമായ നടപടിക്ക് തയ്യാറാണെന്ന് മന്ത്രിസഭാ ഉപസമിതി സമരക്കാരെ അറിയിച്ചിരുന്നു. പിന്നീട് 06-12-2022-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി സമരക്കാരുമായി നടത്തിയ ചർച്ചയെത്തുടർന്ന് സമരം പിൻവലിക്കുകയുണ്ടായി.

(ഡി) വിഴിഞ്ഞം തുറമുഖം യാഥാർത്ഥ്യമാകുന്നതിനുള്ള തടസ്സങ്ങൾ എന്താണെന്നും പ്രസ്തുത തടസ്സങ്ങൾ പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്നും വ്യക്തമാക്കാമോ?

വിഴിഞ്ഞം പദ്ധതി കരാർപ്രകാരമുള്ള പൂർത്തീകരണ തീയതിക്കുള്ളിൽ പൂർത്തിയാക്കാൻ കരാർ കമ്പനിക്ക് സാധിച്ചിട്ടില്ല. പദ്ധതിയുടെ നിർണ്ണായക ഘടകമായ പുലിമുട്ട് നിർമ്മാണത്തിനാവശ്യമായ പാറ യഥാസമയം ലഭ്യമാക്കുന്നതിന് കരാർ കമ്പനിക്ക് കഴിയാതെ വന്ന സാഹചര്യത്തിലാണ് പദ്ധതി വൈകിയത്. ഇതിനെത്തുടർന്ന് കരാർ കമ്പനി നേരിട്ട് ക്വാറികൾ സ്ഥാപിച്ച് പാറ ലഭ്യമാക്കാനുള്ള ശ്രമങ്ങൾ സ്വീകരിക്കുകയുണ്ടായി. ക്വാറികൾ സ്ഥാപിക്കുന്നതിനായി കരാർ കമ്പനി അപേക്ഷകൾ സമർപ്പിച്ചിട്ടുള്ള വിവിധ വകുപ്പ്/ഏജൻസികളെ ഏകോപിച്ചും ത്വരിതപ്പെടുത്തികൊണ്ടും അനുമതികൾ ലഭ്യമാക്കുന്നതിനായി സർക്കാർ വിവിധ തലത്തിൽ യോഗങ്ങൾ നടത്തുകയും ആവശ്യമായ തുടർനടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. പുലിമുട്ട് നിർമ്മാണത്തിന്റെ പുരോഗതി നിരന്തരം വിലയിരുത്തി പദ്ധതി എത്രയുംവേഗം പൂർത്തീകരിക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങളും നൽകിവരുന്നു.

## വിഴിഞ്ഞം തുറമുഖം വഴി കേരളത്തിന് ലഭിക്കുന്ന നേട്ടം

9(1750) ശ്രീ. ടി. പി. രാമകൃഷ്ണൻ:

ശ്രീ. കെ. ജെ. മാക്സി:

ശ്രീ. ഐ. ബി. സതീഷ്:

ശ്രീ. വി. കെ. പ്രശാന്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു അന്താരാഷ്ട്ര തുറമുഖമെന്ന നിലയിൽ വിഴിഞ്ഞത്തിന് ഇന്ത്യയിലെ മറ്റ് തുറമുഖങ്ങളിൽ നിന്നും വ്യത്യസ്തമായ എന്തെല്ലാം അനുകൂല ഘടകങ്ങളാണുള്ളതെന്ന് വ്യക്തമാക്കാമോ?

അന്താരാഷ്ട്ര തുറമുഖങ്ങളുമായി കിടപിടിക്കുന്ന സ്ഥാനം, സ്വാഭാവിക ആഴം എന്നിവ വിഴിഞ്ഞത്തിന്റെ ഏറ്റവും വലിയ അനുകൂല ഘടകങ്ങളാണ്. കൂടാതെ, നിർദ്ദിഷ്ട സ്ഥാനം, തുറമുഖത്തിനനുകൂലമായ മുനമ്പുകളാൽ സംരക്ഷിക്കപ്പെട്ട മണൽ നീക്കം ഏറ്റവും കുറഞ്ഞ കടൽത്തീരത്താണെന്ന സവിശേഷതയുമുണ്ട്. ലോകത്തെ കടൽമാർഗ്ഗമുള്ള ചരക്കുനീക്കത്തിന്റെ 30 ശതമാനത്തോളം നടക്കുന്നത് ഇന്ത്യയുടെ തെക്കുഭാഗത്തുകൂടി കടന്നുപോകുന്ന അന്താരാഷ്ട്ര കപ്പൽച്ചാൽ വഴിയാണ്. ഇവിടെനിന്നും കേവലം 10 നോട്ടിക്കൽ മൈൽ (കപ്പൽചാലിന് ഏറ്റവും അടുത്തുള്ള ഇന്ത്യയുടെ തുറമുഖം) മാത്രം, അകലെയായുള്ള സ്ഥാനം നിർദ്ദിഷ്ട വിഴിഞ്ഞം തുറമുഖത്തിന്റെ പ്രാധാന്യം

വളരെയേറെ വർദ്ധിപ്പിക്കുന്നു. ഒരു ആഴക്കടൽ ട്രാൻസ്ഷിപ്പ്മെന്റ് തുറമുഖമല്ലെന്ന കുറവാണ് വിഴിഞ്ഞത്തിലൂടെ ഇന്ത്യ നികത്തുന്നത്. ഇതുമൂലം രാജ്യത്തിന് സാമ്പത്തിക നേട്ടവുമുണ്ടാകുന്നു.

(ബി) പ്രസ്തുത പ്രദേശത്ത് ഒരു വിഭാഗം ആളുകൾ നടത്തുന്ന സമരത്തിലുന്നയിക്കുന്ന ആവശ്യങ്ങൾ എന്തൊക്കെയാണെന്ന് സർക്കാർ പരിശോധിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത സമരക്കാരുമായുള്ള ചർച്ചയിൽ അംഗീകരിച്ച ആവശ്യങ്ങളും സംസ്ഥാന താല്പര്യം പരിഗണിച്ച് നിരസിച്ച ആവശ്യങ്ങളും എന്തെല്ലാമാണെന്നും ആയതിന്റെ കാരണങ്ങളും അറിയിക്കാമോ?

(ബി&സി) ഉണ്ട്.

വിഴിഞ്ഞം തുറമുഖ നിർമ്മാണംമൂലം തീരശോഷണമുണ്ടാകുന്നുവെന്നും തൊഴിൽ നഷ്ടപ്പെടുന്നുവെന്നും ചൂണ്ടിക്കാട്ടി താഴെപ്പറയുന്ന ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ടാണ് ബഹുമാനപ്പെട്ട തിരുവനന്തപുരം ലത്തീൻ അതിരൂപത സമരമാരംഭിച്ചത്.

1. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ നിർമ്മാണംമൂലമുണ്ടാകുന്ന തീരശോഷണത്തിന് ശാശ്വതപരിഹാരം കാണുക.

2. മനുഷ്യോചിതമല്ലാത്ത അവസ്ഥയിൽ തീരശോഷണംമൂലം ഭവനം നഷ്ടപ്പെട്ട് ക്യാമ്പുകളിൽ കഴിയുന്ന കുടുംബങ്ങളെ അടിയന്തരമായി വാടക നൽകി മാറ്റി പാർപ്പിക്കുക.

3. വീടും സ്ഥലവും നഷ്ടപ്പെട്ടവരെ വീടിനും വസ്തുവിനും നഷ്ടപരിഹാരം നൽകിക്കൊണ്ട് പുനരധിവസിപ്പിക്കുക.

4. അനിയന്ത്രിതമായ മണ്ണെണ്ണ വിലവർദ്ധന പിൻവലിക്കാൻ സർക്കാർ ഇടപെടുക, തമിഴ്നാട് മാതൃകയിൽ മത്സ്യത്തൊഴിലാളികൾക്ക് മണ്ണെണ്ണ ലഭ്യമാക്കുക.

5. കാലാവസ്ഥാ മുന്നറിയിപ്പ് കാരണം തൊഴിൽ നഷ്ടപ്പെടുന്ന ദിവസങ്ങളിൽ മത്സ്യത്തൊഴിലാളികൾക്ക് മിനിമം വേതനം നൽകുക.

6. മുതലപ്പൊഴിയിലെ പ്രശ്നങ്ങൾ പരിഹരിക്കുക.

7. തീരശോഷണത്തിനും വിഴിഞ്ഞം മത്സ്യബന്ധന തുറമുഖത്തിനും കോവളം, ശംഖുമുഖം ബീച്ചുകൾക്കും ഭീഷണിയായിട്ടുള്ള വിഴിഞ്ഞം തുറമുഖ നിർമ്മാണം നിർത്തിവച്ച് പ്രദേശവാസികളെ ഉൾപ്പെടുത്തി സുതാര്യമായ പഠനം നടത്തുക.

ഓഖി ദുരന്തത്തെത്തുടർന്ന് വലിയതുറ തുറമുഖ ഗോഡൗണുകളിലും ബന്ധുവീടുകളിലും മാറി താമസിക്കേണ്ടിവന്നവരെ പുനരധിവസിപ്പിക്കുന്നതിനായി 12-10-2022-ന് മുട്ടത്തറ വില്ലേജിൽ ക്ഷീരവകുപ്പിന്റെ കൈവശമുള്ള ഭൂമിയിൽ നിന്ന് 8 ഏക്കർ ഭൂമി മത്സ്യബന്ധന വകുപ്പിന് കൈമാറി ഉത്തരവായിട്ടുണ്ട്. അവിടെ ഫ്ലാറ്റ് നിർമ്മാണത്തിന് ഭരണാനുമതിയും നൽകി. ഫ്ലാറ്റ് നിർമ്മാണം പൂർത്തിയാകുന്നതുവരെ തുറമുഖ ഗോഡൗണുകളിലും ബന്ധുവീടുകളിലും താമസിക്കുന്നവർക്ക് ജില്ലാ ഭരണകൂടം നിശ്ചയിച്ചപ്രകാരം പ്രതിമാസം 5,500/- രൂപ വീതം വാടക അനുവദിച്ചുകൊണ്ട് 01-09-2022-ന് ഉത്തരവായിട്ടുണ്ട്. ഈ തുക സെപ്റ്റംബർ മുതൽ വിതരണമാരംഭിച്ചു. രണ്ട് മാസത്തെ വാടക അഡ്വാൻസായി നൽകിയിട്ടുണ്ട്. തുറമുഖ നിർമ്മാണം തീരശോഷണം വരുത്തുന്നുവെന്ന ആക്ഷേപം പഠിക്കുന്നതിനായി 06-10-2022-ന് Central Water and Power Research Station (CWPRS) മുൻ അഡീഷണൽ ഡയറക്ടർ ഡോ. കുടാലെ അദ്ധ്യക്ഷനായി നാല് വിദഗ്ധരെയുൾപ്പെടുത്തി ഒരു വിദഗ്ധ സമിതി രൂപീകരിച്ചു. മുതലപ്പൊഴി മത്സ്യബന്ധന തുറമുഖത്തിന്റെ നിർമ്മാണത്തിലുള്ള അശാസ്ത്രീയത കണ്ടെത്തി rectification നടപടികൾ ശിപാർശ ചെയ്യുന്നതിനായി കേന്ദ്ര സർക്കാർ സ്ഥാപനമായ പൂനെയിലെ

Central Water and Power Research Station (CWPRS)-നെ ചുമതലപ്പെടുത്തി. മണ്ണെണ്ണ വില കൂടിയ സാഹചര്യത്തിൽ പരിസ്ഥിതി സൗഹൃദമായ മറ്റ് ഇന്ധനങ്ങളിലേയ്ക്ക് മാറുന്നതിന് എഞ്ചിൻ വാങ്ങുന്നതിലേയ്ക്ക് സബ്സിഡി നൽകുവാൻ തീരുമാനിച്ചു. തുറമുഖ നിർമ്മാണ കാലയളവിൽ മത്സ്യബന്ധനത്തിന് പുറപ്പെടുന്ന ബോട്ടുകൾക്ക് കൂടുതൽ ദൂരം സഞ്ചരിക്കേണ്ടി വരുമെന്നത് പരിഗണിച്ച് എഞ്ചിൻ കപ്പാസിറ്റിയനുസരിച്ച് 3 മുതൽ 7 ലിറ്റർ വരെ മണ്ണെണ്ണ വീതം 2017 മുതൽ സൗജന്യമായി നൽകിവരുന്നുണ്ട്. ട്രോളിംഗ് നിരോധന സമയത്ത് സൗജന്യ റേഷൻ അനുവദിച്ച് നൽകിവരുന്നുണ്ട്. ഓഖി, കോവിഡ് തുടങ്ങിയ വലിയ കെടുതികളുണ്ടായപ്പോൾ തീരദേശത്തുള്ള മുഴുവൻ പേർക്കും സൗജന്യ റേഷനും മത്സ്യത്തൊഴിലാളി ക്ഷേമനിധിയിൽ നിന്ന് ധനസഹായവും നൽകിയിട്ടുണ്ട്.

(ഡി) വിഴിഞ്ഞം തുറമുഖ നിർമ്മാണം പൂർത്തീകരിക്കുമ്പോൾ അന്താരാഷ്ട്ര തുറമുഖമെന്ന നിലയിൽ കേരളത്തിന് ലഭിക്കുന്ന പ്രയോജനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

ഇന്ത്യയുടെ വിദേശ വാണിജ്യമേഖലയിലെ 95 ശതമാനം ചരക്കുനീക്കങ്ങളും നടക്കുന്നത് കടൽ മാർഗ്ഗമാണ്. ഈ വാണിജ്യ

വ്യാപാരങ്ങൾക്ക് ഇന്ത്യയുടെ തുറമുഖങ്ങളാണ് പ്രധാന പങ്കുവഹിക്കുന്നത്. ലോകത്തെ കടൽ മാർഗ്ഗമുള്ള ചരക്കുനീക്കത്തിന്റെ 30 ശതമാനത്തോളം നടക്കുന്നത് ഇന്ത്യയുടെ തെക്കുഭാഗത്തുകൂടി കടന്നുപോകുന്ന അന്താരാഷ്ട്ര കപ്പൽച്ചാൽ വഴിയാണ്. ഒരു ആഴക്കടൽ ട്രാൻഷിപ്പ്മെന്റ് തുറമുഖമല്ലെന്ന കുറവാണ് വിഴിഞ്ഞത്തിലൂടെ ഇന്ത്യ നികത്തുന്നത്. പ്രത്യക്ഷമായും പരോക്ഷമായും ലഭിക്കുന്ന തൊഴിലവസരങ്ങളാണ് കേരളത്തിന് ലഭിക്കുന്ന നേട്ടങ്ങളിലൊന്ന്. അതുകൂടാതെ, കേരളത്തിന്റെ സാമ്പത്തിക വ്യവസായ മേഖലകളിലും ടൂറിസം മേഖലയിലും വൻകുതിച്ചുചാട്ടത്തിന് വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം വഴിയൊരുക്കുന്നതാണ്. ലാഭകരമായ ചരക്കുനീക്കം കേരളം വഴി നടക്കുമ്പോൾ കേരളത്തിന്റെ വ്യാവസായികമേഖലയിലും അവശ്യസാധന മേഖലയിലും വമ്പിച്ച ഉണർവ്വുണ്ടാകുകയും ഉപഭോക്തൃമേഖലയിൽ ഗണ്യമായ വിലനിയന്ത്രണം സാദ്ധ്യമാകുകയും ചെയ്യുന്നതാണ്.

## വിഴിഞ്ഞം തീരദേശവാസികളുടെ ആവശ്യങ്ങൾ പരിഹരിക്കാൻ നടപടി

10(1751) <u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം തുറമുഖ പദ്ധതിയുമായി ബന്ധപ്പെട്ട് തീരദേശവാസികൾ നടത്തുന്ന സമരം സർക്കാർ ഗൗരവത്തോടെ കാണുന്നുണ്ടോ; എങ്കിൽ സമരക്കാരുടെ ആവശ്യങ്ങൾ പരിഹരിക്കുന്നതിനുവേണ്ടി എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) സമരസമിതിയുമായി നടത്തിയ ചർച്ചയിൽ സർക്കാരിനു മുന്നിൽ സമരസമിതി ഉന്നയിച്ചിട്ടുള്ള ആവശ്യങ്ങൾ എന്തൊക്കെയാണെന്നും ഇതിൽ ഏതൊക്കെ കാര്യങ്ങളിൽ സർക്കാർ അനുകൂല തീരുമാനമെടുത്തിട്ടുണ്ടെന്നുമുള്ള വിശദാംശം നൽകുമോ?

(എ&ബി) വിഴിഞ്ഞം തുറമുഖ നിർമ്മാണംമൂലം തീരശോഷണമുണ്ടാകുന്നുവെന്നും തൊഴിൽ നഷ്ടപ്പെടുന്നുവെന്നും ചൂണ്ടിക്കാട്ടി താഴെപ്പറയുന്ന ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ടാണ് ബഹുമാനപ്പെട്ട തിരുവനന്തപുരം ലത്തീൻ അതിരൂപത സമരം ആരംഭിച്ചത്.

1. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ നിർമ്മാണംമൂലമുണ്ടാകുന്ന തീരശോഷണത്തിന് ശാശ്വതപരിഹാരം കാണുക.

2. മനുഷ്യോചിതമല്ലാത്ത അവസ്ഥയിൽ തീരശോഷണംമൂലം ഭവനം നഷ്ടപ്പെട്ട് ക്യാമ്പുകളിൽ കഴിയുന്ന കുടുംബങ്ങളെ അടിയന്തരമായി വാടക നൽകി മാറ്റി പാർപ്പിക്കുക.

3. വീടും സ്ഥലവും നഷ്ടപ്പെട്ടവരെ വീടിനും വസ്തുവിനും നഷ്ടപരിഹാരം നൽകിക്കൊണ്ട് പുനഃരധിവസിപ്പിക്കുക.

4. അനിയന്ത്രിതമായ മണ്ണെണ്ണ വില വർദ്ധന പിൻവലിക്കാൻ സർക്കാർ ഇടപെടുക, തമിഴ്നാട് മാതൃകയിൽ മത്സ്യത്തൊഴിലാളികൾക്ക് മണ്ണെണ്ണ ലഭ്യമാക്കുക.

5. കാലാവസ്ഥാ മുന്നറിയിപ്പ് കാരണം തൊഴിൽ നഷ്ടപ്പെടുന്ന ദിവസങ്ങളിൽ മത്സ്യത്തൊഴിലാളികൾക്ക് മിനിമം വേതനം നൽകുക.

6. മുതലപ്പൊഴിയിലെ പ്രശ്നങ്ങൾ പരിഹരിക്കുക.

7. തീരശോഷണത്തിനും വിഴിഞ്ഞം മത്സ്യബന്ധന തുറമുഖത്തിനും കോവളം, ശംഖുമുഖം ബീച്ചുകൾക്കും ഭീഷണിയായിട്ടുള്ള വിഴിഞ്ഞം തുറമുഖ നിർമ്മാണം നിർത്തിവച്ച് പ്രദേശവാസികളെയുൾപ്പെടുത്തി സുതാര്യമായ പഠനം നടത്തുക.

ഓഖി ദുരന്തത്തെത്തുടർന്ന് വലിയതുറ തുറമുഖ ഗോഡൗണുകളിലും ബന്ധുവീടുകളിലും മാറി താമസിപ്പിക്കേണ്ടിവന്നവരെ പുനരധിവസിപ്പിക്കുന്നതിനായി 12-10-2022-ന് മുട്ടത്തറ വില്ലേജിൽ ക്ഷീരവകുപ്പിന്റെ കൈവശമുള്ള ഭൂമിയിൽനിന്ന് 8 ഏക്കർ ഭൂമി മത്സ്യബന്ധന വകുപ്പിന് കൈമാറി ഉത്തരവായിട്ടുണ്ട്. അവിടെ ഫ്ലാറ്റ് നിർമ്മാണത്തിന് ഭരണാനുമതിയും നൽകി. ഫ്ലാറ്റ് നിർമ്മാണം പൂർത്തിയാകുന്നതുവരെ തുറമുഖ ഗോഡൗണുകളിലും ബന്ധുവീടുകളിലും താമസിക്കുന്നവർക്ക് ജില്ലാഭരണകൂടം നിശ്ചയിച്ചപ്രകാരം പ്രതിമാസം 5,500/- രൂപ വീതം വാടക അനുവദിച്ചുകൊണ്ട് 01-09-2022-ന് ഉത്തരവായിട്ടുണ്ട്. ഈ തുക സെപ്തംബർ മുതൽ വിതരണം ആരംഭിച്ചു. രണ്ട് മാസത്തെ വാടക അഡ്വാൻസായി നൽകിയിട്ടുണ്ട്.

തുറമുഖ നിർമ്മാണം തീരശോഷണം വരുത്തുന്നുവെന്ന ആക്ഷേപം പഠിക്കുന്നതിനായി 06-10-2022-ന് Central Water and Power Research Station(CWPRS) മുൻ അഡീഷണൽ ഡയറക്ടർ ഡോ. കുടാലെ അദ്ധ്യക്ഷനായി നാല് വിദഗ്ദ്ധരെയുൾപ്പെടുത്തി ഒരു വിദഗ്ദ്ധ സമിതി രൂപീകരിച്ചു. മുതലപ്പൊഴി മത്സ്യബന്ധന തുറമുഖത്തിന്റെ നിർമ്മാണത്തിലുള്ള അശാസ്ത്രീയത കണ്ടെത്തി rectification നടപടികൾ

ശിപാർശ ചെയ്യുന്നതിനായി കേന്ദ്ര സർക്കാർ സ്ഥാപനമായ പൂനെയിലെ Central Water and Power Research Station (CWPRS)-നെ ചുമതലപ്പെടുത്തി. മണ്ണെണ്ണ വില കൂടിയ സാഹചര്യത്തിൽ പരിസ്ഥിതി സൗഹൃദമായ മറ്റ് ഇന്ധനങ്ങളിലേയ്ക്ക് മാറുന്നതിന് എഞ്ചിൻ വാങ്ങുന്നതിലേയ്ക്ക് സബ്സിഡി നൽകുവാൻ തീരുമാനിച്ചു. തുറമുഖ നിർമ്മാണ കാലയളവിൽ മത്സ്യബന്ധനത്തിന് പുറപ്പെടുന്ന ബോട്ടുകൾക്ക് കൂടുതൽ ദൂരം സഞ്ചരിക്കേണ്ടി വരുമെന്നത് പരിഗണിച്ച് എഞ്ചിൻ കപ്പാസിറ്റിയനുസരിച്ച് 3 മുതൽ 7 ലിറ്റർ വരെ മണ്ണെണ്ണ വീതം 2017 മുതൽ സൗജന്യമായി നൽകിവരുന്നുണ്ട്. ട്രോളിംഗ് നിരോധന സമയത്ത് സൗജന്യറേഷൻ അനുവദിച്ച് നൽകിവരുന്നുണ്ട്. ഓഖി, കോവിഡ് തുടങ്ങിയ വലിയ കെടുതികളുണ്ടായപ്പോൾ തീരദേശത്തുള്ള മുഴുവൻപേർക്കും സൗജന്യ റേഷനും മത്സ്യതൊഴിലാളി ക്ഷേമനിധിയിൽ നിന്ന് ധനസഹായവും നൽകിയിട്ടുണ്ട്.

(സി) സമരസമിതി ഉന്നയിച്ച ആവശ്യങ്ങളിൽ സർക്കാർ അംഗീകരിക്കാത്തതായിട്ടുള്ളവയുണ്ടോ; എങ്കിൽ അതിന് കാരണം വ്യക്തമാക്കുമോ;

(ഡി) തീരദേശ ജനതയെ വിശ്വാസത്തിലെടുത്തുകൊണ്ട് പ്രശ്നം പരിഹരിക്കുന്നതിന് സർക്കാർ അടിയന്തരനടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

(സി&ഡി) സമരസമിതി ഉന്നയിച്ച ആവശ്യങ്ങളിൽ മണ്ണെണ്ണ വിതരണത്തിൽ തമിഴ്നാട് മാതൃക നടപ്പിലാക്കുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുകളുള്ളതിനാൽ ഇതര ഇന്ധനങ്ങൾ ഉപയോഗിച്ചുള്ള മത്സ്യബന്ധനം പ്രോത്സാഹിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. തുറമുഖ നിർമ്മാണം നിർത്തിവച്ച് പ്രദേശവാസികളുൾപ്പെടുന്ന സുതാര്യമായ പഠനം നടത്തുകയെന്ന ആവശ്യത്തിൽ തുറമുഖ നിർമ്മാണം നിർത്തിവയ്ക്കാനാകില്ലെന്ന് അറിയിച്ചിട്ടുണ്ട്. തീരദേശ ജനതയെ വിശ്വാസത്തിലെടുത്തുകൊണ്ട് മാത്രമാണ് എല്ലാ പ്രവർത്തനങ്ങളും നടത്തിവരുന്നത്.

**വിഴിഞ്ഞം തുറമുഖം പദ്ധതി**

11(1752) <u>ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ:</u>

<u>ശ്രീ. സി. കെ. ഹരീന്ദ്രൻ:</u>

<u>ശ്രീമതി ഒ. എസ്. അംബിക:</u>

ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-16 കാലത്തെ സർക്കാർ കരാറിലേർപ്പെട്ട പ്രകാരം വിഴിഞ്ഞം തുറമുഖ നിർമ്മാണ കമ്പനി വ്യവസ്ഥകൾക്കനുസൃതമായി നിർമ്മാണം തുടരുമ്പോൾ പദ്ധതി അട്ടിമറിക്കാൻ ചിലർ ശ്രമം നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരം ശ്രമം സൃഷ്ടിക്കുന്ന ആശങ്ക പരിഹരിക്കുന്നതിന് നടത്തുന്ന ഇടപെടലുകൾ എന്തെല്ലാമെന്ന് അറിയിക്കുമോ?

അട്ടിമറി ശ്രമത്തിന് തെളിവുകളൊന്നും ലഭിച്ചിട്ടില്ല.

(ബി) പ്രസ്തുത തുറമുഖം യാഥാർത്ഥ്യമായാൽ കൈവരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്ന നേട്ടങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

വാണിജ്യ, വ്യാപാരങ്ങൾക്ക് ഇന്ത്യയുടെ തുറമുഖങ്ങളാണ് പ്രധാന പങ്കുവഹിക്കുന്നത്. ലോകത്തെ കടൽമാർഗ്ഗമുള്ള ചരക്കുനീക്കത്തിന്റെ 30%-ത്തോളം നടക്കുന്നത് ഇന്ത്യയുടെ തെക്കുഭാഗത്തുകൂടി കടന്നുപോകുന്ന അന്താരാഷ്ട്ര കപ്പൽച്ചാൽ വഴിയാണ്. ഇവിടെ നിന്നും കേവലം 10 നോട്ടിക്കൽ മൈൽ മാത്രം അകലെയായുള്ള സ്ഥാനം നിർദ്ദിഷ്ട വിഴിഞ്ഞം തുറമുഖത്തിന്റെ പ്രാധാന്യം വളരെയേറെ വർദ്ധിപ്പിക്കുന്നു. ഒരു ആഴക്കടൽ

ട്രാൻഷിപ്പ്മെന്റ് തുറമുഖമില്ലെന്ന കുറവാണ് വിഴിഞ്ഞത്തിലൂടെ ഇന്ത്യ നികത്തുന്നത്.

പ്രത്യക്ഷമായും പരോക്ഷമായും ലഭിക്കുന്ന തൊഴിലവസരങ്ങളാണ് കേരളത്തിന് ലഭിക്കുന്ന നേട്ടങ്ങളിലൊന്ന്. അതുകൂടാതെ, കേരളത്തിന്റെ സാമ്പത്തിക വ്യാവസായിക ടൂറിസം മേഖലകളിൽ വൻ കുതിച്ചുചാട്ടത്തിന് വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം വഴിയൊരുക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(സി) അന്താരാഷ്ട്ര ട്രാൻസ്ഷിപ്പ്മെന്റ് ഹബ്ബ് എന്ന നിലയിൽ തുറമുഖം പ്രവർത്തന സജ്ജമാകുന്നതോടുകൂടി സംസ്ഥാനത്തിന്റെയാകെ വികസനത്തിന് ഗതിവേഗം പകരുന്ന ഈ പദ്ധതി അട്ടിമറിക്കാൻ നടത്തുന്നതായി പറയപ്പെടുന്ന ശ്രമം തുറന്നുകാട്ടാൻ നടപടി സ്വീകരിക്കുമോ?

അട്ടിമറി ശ്രമത്തിന് തെളിവുകളൊന്നും ലഭിച്ചിട്ടില്ല.

## കേരള മാരിടൈം ബോർഡ്

12(1753) <u>ശ്രീ. എച്ച്. സലാം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള മാരിടൈം ബോർഡ് എന്നാണ് രൂപീകരിച്ചതെന്നും ഏതെങ്കിലും നിയമത്തിന്റെയോ സ്റ്റാറ്റ്യൂട്ടിന്റെയോ ആക്ടിന്റെയോ

അടിസ്ഥാനത്തിലാണോ ഇത് രൂപീകരിച്ചിട്ടുള്ളതെന്നും ഇതിന്റെ ചുമതലകൾ എന്തൊക്കെയാണെന്നും പ്രസ്തുത ബോർഡ് രൂപീകരിക്കപ്പെടുന്നതിനുമുമ്പ് പ്രസ്തുത ചുമതലകൾ നിർവ്വഹിച്ചിരുന്നത് എന്ത് സംവിധാനത്തിലൂടെയാണെന്നുമുള്ള വിവരങ്ങൾ നൽകുമോ; വ്യക്തമാക്കാമോ?

നിയമസഭ പാസാക്കിയ 16-09-2017-ലെ കേരള മാരിടൈം ബോർഡ് ആക്ട് (2017-ലെ 16) മുഖേനയാണ് കേരള മാരിടൈം ബോർഡ് നിലവിൽ വന്നത്. സംസ്ഥാനത്തെ ചെറുകിട തുറമുഖങ്ങളുടെയും ചില സംരംഭങ്ങളുടെയും ഭരണവും നിയന്ത്രണവും നടത്തിപ്പും നിക്ഷിപ്തമാക്കുന്നതിനും അവയുമായി ബന്ധപ്പെട്ട കാര്യങ്ങൾ വ്യവസ്ഥ ചെയ്യുന്നതിനുമാണ് കേരള മാരിടൈം ബോർഡ് രൂപീകരിച്ചത്.

കേരള മാരിടൈം ബോർഡ് രൂപീകരിക്കപ്പെടുന്നതിനുമുമ്പ് പ്രസ്തുത ചുമതലകൾ നിർവ്വഹിച്ചിരുന്നത് കേരള സർക്കാരിന്റെ തുറമുഖ വകുപ്പിനുകീഴിലുണ്ടായിരുന്ന തുറമുഖ ഡയറക്ടറേറ്റ് മുഖാന്തരമായിരുന്നു.

(ബി) കേരള ഇൻലാൻഡ് വെസ്സൽസ് റൂൾ 2010 പ്രകാരം ഉൾനാടൻ ജലഗതാഗതത്തിനാവശ്യമായ ഏതൊക്കെ ലൈസൻസുകളാണ് മാരിടൈം ബോർഡ് മുഖേന നൽകുന്നത്; അറിയിക്കുമോ?

കേരള ഇൻലാൻഡ് വെസ്സൽസ് റൂൾ പ്രകാരം (പുതുക്കിയ ഇൻലാന്റ് വെസൽ റൂൾ) പ്രവർത്തിക്കുന്ന ബോട്ട് ജീവനക്കാർക്കാവശ്യമായ ലാസ്കർ, സ്രാങ്ക്, മാസ്റ്റർ ക്ലാസ്-2, മാസ്റ്റർ ക്ലാസ്-1, എഞ്ചിൻ ഡ്രൈവർ ക്ലാസ്-2, എഞ്ചിൻ ഡ്രൈവർ ക്ലാസ്-1, എഞ്ചിൻ സ്രാങ്ക് കം ഡ്രൈവർ എന്നീ ലൈസൻസുകളാണ് അനുവദിക്കുന്നത്. കൂടാതെ ബോട്ടുകൾക്ക് ഉൾനാടൻ ജലഗതാഗത നിയമമനുസരിച്ചുള്ള രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്, വാർഷിക സർവ്വേ സർട്ടിഫിക്കറ്റ്, ഡ്രൈഡോക്ക് സർവ്വേ സർട്ടിഫിക്കറ്റ്, ബോട്ട് യാർഡ് അക്രെഡിറ്റേഷൻ, ബോട്ട് ജെട്ടി പെർമിഷൻ എന്നിവയും അനുവദിച്ചുവരുന്നു.

(സി) കനാൽ നിയമത്തിന്റെ അടിസ്ഥാനത്തിൽ മുമ്പ് ഇറിഗേഷൻ ഡിപ്പാർട്ട്മെന്റ് മുഖേന നൽകിവരുന്നതും ജലഗതാഗത വകുപ്പിലെ ബോട്ട് മാസ്റ്റർ തസ്തികയ്ക്കാവശ്യമായതുമായ ബോട്ട് മാസ്റ്റർ ലൈസൻസ് നൽകുന്നതിന് മാരിടൈം ബോർഡിനെ ചുമതലപ്പെടുത്തിയിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇതുമൂലം പന്ത്രണ്ട് വർഷമായി അൻപതിലധികം ബോട്ട് മാസ്റ്റർ തസ്തികയിൽ നിയമനം നടത്താൻ കഴിയാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

(സി&ഡി) കനാൽ നിയമപ്രകാരം ബോട്ട് മാസ്റ്റർ ലൈസൻസ് ടിക്കറ്റ് കളക്ടർക്കാണ് നൽകിയിരുന്നത്. കേരള ഇൻലാൻഡ് വെസ്സൽസ് നിയമത്തിൽ സാങ്കേതിക പ്രാഗത്ഭ്യം ആവശ്യമുള്ള തസ്തികയിലെ ജീവനക്കാർക്കുള്ള ലൈസൻസുകളെപ്പറ്റിയാണ് അനുശാസിക്കുന്നത്. അതുകൊണ്ടുതന്നെ കേരള ഇൻലാൻഡ് വെസ്സൽസ് നിയമത്തിൽ ബോട്ട് മാസ്റ്റർ ലൈസൻസിനെപ്പറ്റി പ്രതിപാദിക്കുന്നില്ല. എന്നാൽ കേരള ഇൻലാൻഡ് വെസ്സൽസ് നിയമപ്രകാരം ഫസ്റ്റ് ക്ലാസ് മാസ്റ്റർ, സെക്കന്റ് ക്ലാസ് മാസ്റ്റർ എന്നീ ലൈസൻസുകൾ നൽകി വരുന്നുണ്ട്. ഇന്ത്യാ ഗവൺമെന്റിന്റെ പുതിയ ഇൻലാന്റ് വെസൽ റൂൾ 2022 പ്രാബല്യത്തിൽ വന്നതിനാൽ ബോട്ട് ജീവനക്കാർക്കാവശ്യമായിട്ടുള്ള വിവിധ കോഴ്സുകളുടെ സർട്ടിഫിക്കറ്റുകൾ ഇനിമുതൽ ഈ റൂൾ പ്രകാരം മാത്രമെ അനുവദിക്കാൻ സാധിക്കുകയുള്ളൂ.

(ഇ) 2010-ലെ കേരള ഇൻലാൻഡ് വെസ്സൽസ് റൂളിൽ ആവശ്യമായ ഭേദഗതി വരുത്തി ബോട്ട് മാസ്റ്റർ ലൈസൻസ് കേരള മാരിടൈം ബോർഡ് മുഖേന നൽകുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

2021-ലെ ഇൻലാന്റ് വെസൽ ആക്ട് പ്രാബല്യത്തിൽ വന്ന സാഹചര്യത്തിൽ 2010-ലെ കെ.ഐ.വി. റൂൾ ഭേദഗതി ചെയ്യുന്നതിൽ

പ്രസക്തിയില്ല. ബോട്ട് മാസ്റ്റർ തസ്തിക ഒരു ടെക്നിക്കൽ തസ്തികയാക്കി മാറ്റിയാൽ മാത്രമേ കേരള മാരിടൈം ബോർഡിന് ഇക്കാര്യത്തിൽ തുടർനടപടി സ്വീകരിക്കുവാൻ കഴിയുകയുള്ളൂ.

## അഴിക്കൽ തുറമുഖത്തെ ഡ്രെഡ്ജിംഗ്

13(1754) ശ്രീ. കെ. വി. സുമേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഴിക്കൽ തുറമുഖത്തെ ഡ്രഡ്ജിംഗ് മെറ്റീരിയൽ നീക്കം ചെയ്യുന്ന പ്രവൃത്തിയുടെ പുരോഗതി അറിയിക്കാമോ?

അഴീക്കൽ തുറമുഖത്തെ രണ്ട് ബണ്ടുകളിലുള്ള ഡ്രഡ്ജ്ഡ് മെറ്റീരിയലുകൾ നീക്കം ചെയ്യുന്നതിലേയ്ക്കായി രണ്ട് ടെണ്ടർ വിളിച്ചിരുന്നു. ആയതിൽ ഓരോ വ്യക്തികൾ മാത്രമാണ് പങ്കെടുത്തത്. സർക്കാർ നിശ്ചയിച്ചിരിക്കുന്ന നിരക്കിനെക്കാളും വളരെ കുറഞ്ഞ തുകയാണ് ടി ടെണ്ടറുകളിൽ ക്വാട്ട് ചെയ്തിരിക്കുന്നത്. ആയതിനാൽ മൂന്നാമതും ടെണ്ടർ വിളിക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) 2022 ജൂലൈ മാസം 23325 ടൺ മെറ്റീരിയൽ നീക്കം ചെയ്യാനുള്ളതിൽ എത്ര ടൺ നീക്കം ചെയ്തിട്ടുണ്ടെന്നും ഇനി എത്ര ബാക്കിയുണ്ടെന്നുമുള്ള വിശദാംശം ലഭ്യമാക്കാമോ?

മെറ്റീരിയലുകൾ ഒന്നും ഇതുവരെ നീക്കം ചെയ്തിട്ടില്ല.

**കൊച്ചി കായലിൽ മുങ്ങിക്കിടക്കുന്ന യാനങ്ങൾ**

14(1755) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി കായലിന്റെ വിവിധ ഭാഗങ്ങളിൽ മുങ്ങിക്കിടക്കുന്ന യാനങ്ങൾ മത്സ്യത്തൊഴിലാളികളുടെ ജീവനും ഉപജീവനത്തിനും തടസ്സം സൃഷ്ടിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അതിനൂതന സാങ്കേതിക സംവിധാനങ്ങളുള്ള കൊച്ചിൻ പോർട്ട് ട്രസ്റ്റിനെക്കൊണ്ട് പ്രസ്തുത യാനങ്ങൾ നീക്കം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

(എ&ബി) നാവിഗേഷൻ പരിധിക്കുള്ളിൽ മുങ്ങുന്ന ബോട്ടുകൾ/യാനങ്ങൾ നീക്കം ചെയ്യാൻ കൊച്ചി പോർട്ട് ട്രസ്റ്റിനാവശ്യമായ നിർദ്ദേശങ്ങൾ നൽകണമെന്ന് കേന്ദ്ര തുറമുഖ മന്ത്രാലയത്തോട് ആവശ്യപ്പെടുന്ന കാര്യം ഫിഷറീസ് വകുപ്പ് പരിശോധിച്ചുവരികയാണ്.

**മുട്ടം ബങ്കര ബീച്ചിലെ തുറമുഖ വകുപ്പിന്റെ ഭൂമി കൈമാറുന്നതിന് നടപടി**

15(1756) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം മണ്ഡലത്തിലെ മംഗൽപാടി ഗ്രാമപഞ്ചായത്ത് പരിധിയിൽപ്പെട്ട മുട്ടം ബങ്കര ബീച്ചിൽ പാർക്ക് നിർമ്മിക്കുന്നതിനുവേണ്ടി തുറമുഖ വകുപ്പിന്റെ ഭൂമി പ്രസ്തുത ഗ്രാമപഞ്ചായത്തിന് അനുവദിക്കുന്നത് സംബന്ധിച്ച വിശദവിവരം ലഭ്യമാക്കുമോ;

(ബി) പാർക്ക് നിർമ്മിക്കുന്നതിനായി പ്രസ്തുത ഭൂമി മംഗൽപാടി ഗ്രാമപഞ്ചായത്തിന് എപ്പോൾ അനുവദിക്കാൻ കഴിയുമെന്ന് വിശദമാക്കുമോ?

(എ&ബി) മുട്ടം ബങ്കര ബീച്ചിൽ ശിശുപാർക്ക് ആരംഭിക്കുന്നതോടുകൂടി ഭാവിയിലെ തുറമുഖ വികസനം മുൻനിർത്തി തുറമുഖയിതര ആവശ്യങ്ങൾക്ക് ഭൂമി വിട്ടുനൽകാനാകില്ലെന്നതിനാൽ ഗ്രാമപഞ്ചായത്തിന്റെ ആവശ്യം അംഗീകരിക്കാനാകില്ല.

**മൂന്നാർ മേഖലയിൽ കാഴ്ചബംഗ്ലാവ് ആരംഭിക്കുന്നതിന് നടപടി**

16(1757) ശ്രീ. എ. രാജ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ കാഴ്ചബംഗ്ലാവുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

പുരാവസ്തു, പുരാരേഖാ, മ്യൂസിയം വകുപ്പുകളുടെ കീഴിൽ കണ്ണൂർ ജില്ലയിലെ ചെമ്പൻ തൊട്ടിയിൽ ബിഷപ്പ് വള്ളോപ്പിള്ളി സ്മാരക കുടിയേറ്റ മ്യൂസിയം, തൃശ്ശൂർ ചാലക്കുടിയിൽ ട്രാംവേ മ്യൂസിയം, തിരുവനന്തപുരം സെൻട്രൽ ആർക്കൈവ്സിൽ താളിയോല രേഖാ മ്യൂസിയം, കണ്ണൂർ ജില്ലയിൽ എ.കെ.ജി. സ്മൃതി മ്യൂസിയം, കൈത്തറി മ്യൂസിയം, തെയ്യം മ്യൂസിയം, വയനാട് ജില്ലയിലെ കുങ്കിച്ചിറയിൽ ജില്ലാ പൈതൃക മ്യൂസിയം എന്നീ മ്യൂസിയങ്ങൾ ആരംഭിക്കുന്നുണ്ട്.

(ബി) വിനോദസഞ്ചാരികൾ കൂടുതലായി എത്തിച്ചേരുന്ന മൂന്നാർ മേഖലയിൽ പുതിയ കാഴ്ചബംഗ്ലാവ് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ല.

**കണ്ണൂർ മണ്ഡലത്തിലെ പദ്ധതികൾ**

17(1758) <u>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി</u>: താഴെ കാണുന്ന ചോദ്യത്തിന് തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂർ മണ്ഡലത്തിൽ എത്ര പദ്ധതികൾ മ്യൂസിയം, പുരാവസ്തു വകുപ്പിനുകീഴിൽ നടന്നുകൊണ്ടിരിക്കുന്നുവെന്നും എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്നും വിശദമാക്കാമോ?

കണ്ണൂർ മണ്ഡലത്തിൽ മ്യൂസിയം, പുരാവസ്തു വകുപ്പിനുകീഴിൽ ചുവടെ പറയുന്ന മൂന്ന് പദ്ധതികൾ നിലവിൽ നടന്നുവരുന്നു.

<u>മ്യൂസിയം മൃഗശാലാ വകുപ്പ്</u>

1. കണ്ണൂർ ടൗണിൽ സ്ഥിതി ചെയ്യുന്ന കേരള സംസ്ഥാന ഹാന്റ്ലൂം ഡെവലപ്മെന്റ് കോർപ്പറേഷന്റെ കെട്ടിടത്തിൽ സജ്ജീകരിച്ചുവരുന്ന കൈത്തറി മ്യൂസിയം 2023 മാർച്ച് മാസത്തോടുകൂടി പൂർത്തീകരിക്കുവാൻ സാധിക്കുന്നതാണെന്ന് പ്രതീക്ഷിക്കുന്നു.

<u>പുരാവസ്തു വകുപ്പ്</u>

2. സംരക്ഷിത സ്മാരക പട്ടികയിലുൾപ്പെട്ടിട്ടുള്ള നിർമ്മിതിയായ പയ്യാമ്പലം ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിന്റെ സംരക്ഷണ പ്രവൃത്തി 2023 മാർച്ച് മാസത്തോടുകൂടി പൂർത്തിയാക്കുവാനുദ്ദേശിക്കുന്നു.

3. കോലത്തിരിയുടെ പടനായകനായിരുന്ന മുരിക്കഞ്ചേരി കേളുവിനെ സംസ്കരിച്ചുവെന്ന് കരുതപ്പെടുന്ന പയ്യാമ്പലത്ത് സ്ഥാപിക്കുന്ന ഒരു സ്മൃതി മണ്ഡപത്തിന്റെ പ്രവൃത്തി 2024 മാർച്ച് മാസം പൂർത്തീകരിക്കുവാൻ സാധിക്കുന്നതാണെന്ന് പ്രതീക്ഷിക്കുന്നു.

## എ. വി. സ്മാരക ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിൽ ചരിത്ര മ്യൂസിയം നിർമ്മാണം

18(1759) <u>ശ്രീ. ടി. ഐ. മധുസൂദനൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ മണ്ഡലത്തിലെ എ. വി. സ്മാരക ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിൽ ചരിത്ര മ്യൂസിയം നിർമ്മിക്കുന്നതിനായി പ്രൊപ്പോസലുകൾ ലഭിച്ചിട്ടുണ്ടോ; എങ്കിൽ അതിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) ചരിത്ര മ്യൂസിയം ഒരുക്കുന്നതിന് ഈ സാമ്പത്തികവർഷം തന്നെ ഫണ്ടനുവദിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് അറിയിക്കാമോ?

(എ&ബി) കരിവള്ളൂർ എ. വി. സ്മാരക ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിൽ ഒരു ചരിത്ര-സാംസ്കാരിക മ്യൂസിയം സ്ഥാപിക്കുന്നതിന് ഫണ്ടനുവദിച്ച് നൽകണമെന്നഭ്യർത്ഥിച്ച് വിദ്യാലയ വികസന സമിതി

നിവേദനം സമർപ്പിച്ചിരുന്നു. ഇപ്രകാരം ധനസഹായം അനുവദിക്കുവാൻ നിർവ്വാഹമില്ലെന്ന വിവരം നിവേദകനെ അറിയിച്ചിട്ടുണ്ട്.

## മ്യൂസിയം-പുരാവസ്തു വകുപ്പിലെ താല്ക്കാലിക നിയമനങ്ങൾ

19(1760) ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മ്യൂസിയം വകുപ്പിലും പുരാവസ്തു വകുപ്പിലും വകുപ്പിന്റെ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളിലും എത്ര താല്ക്കാലിക/കരാർ നിയമനങ്ങൾ നടത്തിയിട്ടുണ്ട്; ഏതൊക്കെ തസ്തികകളിലാണ് ഇപ്രകാരം നിയമനം നടത്തിയിട്ടുള്ളത്; ഇപ്രകാരം നിയമിതരായവർക്ക് വേതനവും മറ്റ് ആനുകൂല്യങ്ങളുമായി 2022 ഒക്ടോബർ മാസം അനുവദിച്ച ആകെത്തുക എത്രയാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത നിയമനങ്ങളിൽ എംപ്ലോയ്മെന്റ് മുഖേന നടത്തിയ നിയമനങ്ങൾ എത്രയാണ്; മറ്റുള്ള നിയമനങ്ങളിൽ റിക്രൂട്ട്മെന്റിനായി അവലംബിച്ച മാർഗ്ഗം ഏതാണ്; ഏത് ഏജൻസി മുഖേനയാണ് നിയമനങ്ങൾ നടത്തിയത് വിശദാംശം നൽകുമോ?

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മ്യൂസിയം വകുപ്പിലും പുരാവസ്തു വകുപ്പിലും വകുപ്പിന്റെ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളിലും നടത്തിയിട്ടുള്ള താല്ക്കാലിക/കരാർ നിയമനങ്ങളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു+.

**മാനന്തവാടി മണ്ഡലത്തിലെ കുങ്കിച്ചിറ നവീകരണ പ്രവൃത്തി**

20(1761) <u>ശ്രീ. ഒ. ആർ. കേളു</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനന്തവാടി മണ്ഡലത്തിലെ കുങ്കിച്ചിറയിലെ നവീകരണ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി അറിയിക്കാമോ?

കുങ്കിച്ചിറയിൽ നിർമ്മിക്കുന്ന പൈതൃക മ്യൂസിയത്തിന്റെ ഒന്നാംഘട്ടമായി കെട്ടിടം, ടോയ്‌ലറ്റുകൾ എന്നിവ നിർമ്മിക്കുകയും ടി കെട്ടിടത്തിൽ ലിഫ്റ്റ് സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. മ്യൂസിയത്തിന് മുന്നിലുള്ള ചിറയുടെ സംരക്ഷണ പ്രവൃത്തികൾ പൂർത്തീകരിക്കുകയും 160 KVA ശേഷിയുള്ള ട്രാൻസ്ഫോർമറും 82.5 KVA ജനറേറ്ററും സ്ഥാപിച്ചിട്ടുമുണ്ട്. വൈദ്യുതി കണക്ഷൻ ലഭ്യമാക്കാനുള്ള നടപടികൾ അവസാനഘട്ടത്തിലാണ്. പ്രദർശന സംവിധാനം സജ്ജീകരിക്കുന്ന

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രവൃത്തികൾ മ്യൂസിയം നോഡൽ ഏജൻസിയായ M/s കേരളം ചരിത്ര പൈതൃക മ്യൂസിയം മുഖേന ആരംഭിച്ചിട്ടുണ്ട്. 2023 ജൂൺ മാസത്തോടുകൂടി മ്യൂസിയം പ്രവർത്തന സജ്ജമാക്കി നാടിന് സമർപ്പിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) കുങ്കിച്ചിറ പൊതുജനങ്ങൾക്കായി തുറന്ന് കൊടുക്കുന്നതിനുണ്ടാകുന്ന കാലതാമസമെന്താണെന്ന് വ്യക്തമാക്കാമോ?

മ്യൂസിയം കെട്ടിടത്തിന് വനം-വന്യജീവി വകുപ്പിന്റെ NOC ലഭിക്കുന്നതിനുണ്ടായ കാലതാമസം, മ്യൂസിയം കെട്ടിടത്തിന് കെട്ടിട നമ്പർ ലഭിക്കുന്നതിലുണ്ടായ സാങ്കേതികതടസ്സങ്ങൾ, കോവിഡ് കാലത്തുണ്ടായ പൊതുവായ തടസ്സങ്ങൾ എന്നിവ കാരണമാണ് മ്യൂസിയം പൊതുജനങ്ങൾക്ക് തുറന്ന് കൊടുക്കുവാൻ കാലതാമസമുണ്ടായിട്ടുള്ളത്.

(സി) കാലതാമസം പരിഹരിക്കാൻ വകുപ്പ് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

വയനാട് ജില്ലാ കളക്ടർ, മാനന്തവാടി എം.എൽ.എ, വനം വന്യജീവി വകുപ്പ് ഉദ്യോഗസ്ഥർ, തൊണ്ടർനാട് ഗ്രാമപഞ്ചായത്ത് ഉദ്യോഗസ്ഥർ, റവന്യൂ, പി.ഡബ്ല്യൂ.ഡി., Habitat, HPL, KSEB, KSIE Ltd.-KKD യൂണിറ്റ്, ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ്, മ്യൂസിയം വകുപ്പ് ഉദ്യോഗസ്ഥരുടെ

സംയുക്തയോഗം വിളിച്ചുചേർത്ത് ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

## പുകയില പണ്ടകശാലയുടെ സംരക്ഷണം

21(1762) ശ്രീ. എം. മുകേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം നഗരത്തിന്റെ വ്യാപാര-വാണിജ്യ ചരിത്രവുമായി ബന്ധപ്പെട്ടതും വാസ്തുശില്പ ഭംഗിയുള്ളതുമായ പുകയില പണ്ടകശാലയുടെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സംസ്ഥാന വെയർ ഹൗസിംഗ് കോർപ്പറേഷന്റെ ഗോഡൗണായി പ്രവർത്തിച്ചുവരുന്ന നൂറ് വർഷത്തിലേറെ പഴക്കമുള്ള പ്രസ്തുത സ്മാരകത്തിന്റെ സംരക്ഷണത്തിനായി പുരാവസ്തു വകുപ്പ് അടിയന്തരനടപടി സ്വീകരിക്കുമോ?

(എ&ബി) കൊല്ലം നഗരത്തിൽ സ്ഥിതി ചെയ്യുന്ന പുകയില പണ്ടകശാല സംരക്ഷിത സ്മാരകമാക്കുന്നതിന് യോഗ്യമാണോയെന്ന കാര്യം പുരാവസ്തു വകുപ്പ് പരിശോധിച്ചു. പുരാവസ്തുപരമായ പ്രത്യേകതകളില്ലാത്തതിനാൽ ടി സ്മാരകത്തെ 1968-ലെ കേരള പ്രാചീന സ്മാരക പുരാവസ്തു സങ്കേത പുരാവശിഷ്ട നിയമപ്രകാരം ഒരു സംരക്ഷിത

സ്മാരകമായി പ്രഖ്യാപിക്കുന്നതിന് യോഗ്യമല്ലെന്നാണ് കണ്ടെത്തിയിട്ടുള്ളത്. ആകയാൽ കൊല്ലത്തുള്ള പുകയില പണ്ടകശാല സംരക്ഷിത സ്മാരകമാക്കുന്നതിന് ചട്ടപ്രകാരം നിർവ്വാഹമില്ല.

**നെറുങ്കൈതക്കോട്ട ഭഗവതി ക്ഷേത്രം ചരിത്രസ്മാരകമാക്കാൻ നടപടി**

22(1763) ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വള്ളിക്കുന്ന് മണ്ഡലത്തിലെ നെറുങ്കൈതക്കോട്ട ഭഗവതി ക്ഷേത്രം ചരിത്രസ്മാരകമാക്കുന്നതുമായി ബന്ധപ്പെട്ട് വകുപ്പുതലത്തിൽ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണ്; വിശദമാക്കാമോ;

(ബി) പ്രസ്തുത ക്ഷേത്രം ചരിത്രസ്മാരകമാക്കുന്നതിന്റെ ഭാഗമായി പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള ശിപാർശ സർക്കാരിൽ ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ;

(സി) പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുവേണ്ട അടിയന്തരനടപടി സ്വീകരിക്കുമോ?

(എ-സി) നെറുങ്കൈതകോട്ട ക്ഷേത്രം പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരകമാക്കുന്നത് സംബന്ധിച്ച ജില്ലാ കളക്ടറുടെയും ഫീൽഡ് അസിസ്റ്റന്റിന്റെയും റിപ്പോർട്ടുകളിൽ വിസ്തീർണ്ണം, സർവ്വേ നമ്പർ

എന്നിവയിൽ വ്യത്യാസം കണ്ടതിനെത്തുടർന്ന് 20-09-2022-ൽ റവന്യൂ വകുപ്പിലെ ഉദ്യോഗസ്ഥരും പുരാവസ്തു വകുപ്പിലെ ഉദ്യോഗസ്ഥരും സംയുക്ത പരിശോധന നടത്തി വില്ലേജ് ഓഫീസർ നൽകിയ പുതുക്കിയ റവന്യൂ വിശദാംശങ്ങളിൽ ചില ന്യൂനതകളുള്ളതിനാൽ ആയത് തിരുത്തി സമർപ്പിക്കാൻ പുരാവസ്തു വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിരിക്കുകയാണ്.

## തിരൂരങ്ങാടി ഹജ്ജൂർ കച്ചേരി ജില്ലാ പൈതൃക മ്യൂസിയം

23(1764) ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി ഹജ്ജൂർ കച്ചേരി ജില്ലാ പൈതൃക മ്യൂസിയത്തിന്റെ രണ്ടാംഘട്ട നിർമ്മാണവുമായി ബന്ധപ്പെട്ട വിശദവിവരങ്ങൾ ലഭ്യമാക്കാമോ?

മലപ്പുറം ജില്ലാ പൈതൃക മ്യൂസിയമായി സജ്ജീകരിക്കുന്ന തിരൂരങ്ങാടി ഹജ്ജൂർ കച്ചേരി മന്ദിരത്തിന്റെ ഘടനാസംരക്ഷണ പ്രവർത്തനങ്ങൾ വകുപ്പ് പൂർത്തീകരിച്ചിട്ടുണ്ട്. തുടർന്ന് മ്യൂസിയം സജ്ജീകരണത്തിന്റെ രണ്ടാംഘട്ടമെന്ന നിലയിൽ മ്യൂസിയം സജ്ജീകരിക്കുന്നതിനാവശ്യമായ

പദ്ധതി വകുപ്പ് തയ്യാറാക്കിയിട്ടുള്ളതും ആയതിന് ഭരണാനുമതി ഉടൻ നൽകുന്നതുമാണ്.

(ബി) പ്രസ്തുത പ്രവൃത്തിയുടെ ഡി.പി.ആർ. പ്രകാരമുള്ള എസ്റ്റിമേറ്റ് തുക എത്രയാണെന്നും പ്രസ്തുത എസ്റ്റിമേറ്റ് പ്രകാരം എന്തെല്ലാം പ്രവൃത്തികളാണ് നടപ്പിലാക്കുന്നതെന്നും അറിയിക്കാമോ?

മ്യൂസിയവും ഗ്യാലറികളും സജ്ജീകരിക്കുന്നതിലേയ്ക്ക് 3,88,88,667/- രൂപയുടെ ഒരു വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കി ആയതിന് വകുപ്പുതല വർക്കിംഗ് ഗ്രൂപ്പ് അംഗീകാരം നൽകിയിട്ടുണ്ട്. ഇതിൽ മ്യൂസിയത്തിന്റെയും ഗ്യാലറികളുടെയും സജ്ജീകരണം, പ്രദർശന വസ്തുക്കളുടെ ക്രമീകരണം, ആവശ്യമായ ലൈറ്റിംഗ് സംവിധാനം ഏർപ്പെടുത്തൽ, സൈൻബോർഡുകൾ സ്ഥാപിക്കൽ തുടങ്ങി മ്യൂസിയത്തിലേയ്ക്ക് ആവശ്യമായിട്ടുള്ള മുഴുവൻ ക്രമീകരണങ്ങൾക്കും വേണ്ടിയുള്ള തുകയാണ് പദ്ധതിയിലുൾപ്പെടുത്തിയിട്ടുള്ളത്.

## പുരാവസ്തു വകുപ്പിന്റെ അധീനതയിലുള്ള കെട്ടിടങ്ങൾ, സ്മാരകങ്ങൾ എന്നിവയുടെ സംരക്ഷണം

24(1765) <u>ശ്രീ. കെ. ജെ. മാക്സി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി മണ്ഡലത്തിലെ പുരാവസ്തു വകുപ്പിന്റെ അധീനതയിലുള്ള കെട്ടിടങ്ങൾ, സ്മാരകങ്ങൾ എന്നിവ ഏതൊക്കെയാണെന്ന് വിശദമാക്കാമോ?

കൊച്ചി മണ്ഡലത്തിലുള്ള പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരകങ്ങൾ താഴെപ്പറയുന്നവയാണ്.

1. അരിയിട്ടുവാഴ്ച കൊട്ടാരം, മട്ടാഞ്ചേരി
2. ബാസ്റ്റ്യൻ ബംഗ്ലാവ്, ഫോർട്ട്കൊച്ചി
3. സെന്റ് സെബാസ്റ്റ്യൻ ചർച്ച്, തോപ്പുംപടി
4. കടവുംഭാഗം സിനഗോഗ് (കറുത്ത ജൂതപ്പള്ളി), മട്ടാഞ്ചേരി.

(ബി) ഇവയുടെ സംരക്ഷണത്തിനായി ഈ സർക്കാർ നടപ്പാക്കിയ പ്രവർത്തനങ്ങൾ വിശദമാക്കാമോ?

മേൽപ്പറഞ്ഞ സംരക്ഷിത സ്മാരകങ്ങളിൽ വകുപ്പിലെ ഉദ്യോഗസ്ഥർ നടത്തുന്ന പരിശോധനയുടെ അടിസ്ഥാനത്തിൽ ആവശ്യമായ സംരക്ഷണ പ്രവൃത്തികൾ നടത്തിവരുന്നു. ഇത്തരത്തിൽ ഈ സർക്കാരിന്റെ കാലത്ത് സംരക്ഷിത സ്മാരകങ്ങളിൽ നടത്തിയ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. അരിയിട്ടുവാഴ്ച കൊട്ടാരം-സംരക്ഷണ പ്രവർത്തനങ്ങൾക്കായി 40,32,000/- രൂപ അനുവദിച്ചു. പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു.

2. കടവുംഭാഗം സിനഗോഗ്-സംരക്ഷണത്തിനായി 2021-22 സാമ്പത്തികവർഷം 22,83,830/- രൂപയുടെ പ്രവൃത്തികൾ നടപ്പിലാക്കിയിട്ടുണ്ട്.

(സി) ഇത്തരം കെട്ടിടങ്ങൾക്കുസമീപം നിർമ്മാണപ്രവൃത്തികൾ നടത്തുന്നതിന് എന്തെല്ലാം തരത്തിലുള്ള നിയന്ത്രണങ്ങളാണ് ഏർപ്പെടുത്തിയിരിക്കുന്നതെന്ന് വിശദമാക്കാമോ?

മേൽ സ്മാരകങ്ങളെ സംബന്ധിച്ച് കേരള പുരാവസ്തു വകുപ്പ് നിർമ്മാണപ്രവർത്തനങ്ങൾക്ക് ഏതെങ്കിലും ദൂരപരിധി നിശ്ചയിച്ച് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടില്ല.

## ശാസ്താംകുളങ്ങര ക്ഷേത്രം, ഇറപ്പുഴ പഴയപാലം എന്നിവ സംരക്ഷിക്കുന്നതിന് നടപടി

25(1766) ശ്രീ. സജി ചെറിയാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ക്ഷേത്രങ്ങൾ പുരാവസ്തു വകുപ്പ് ഏറ്റെടുത്തിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ?

1968-ലെ കേരള പ്രാചീന സ്മാരക പുരാവസ്തു സങ്കേത പുരാവശിഷ്ട ആക്ട് പ്രകാരം 49 ക്ഷേത്രങ്ങൾ പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരകങ്ങളായി വിജ്ഞാപനം ചെയ്തിട്ടുള്ളതാണ്.

(ബി) ചെങ്ങന്നൂരിൽ ശാസ്താംകുളങ്ങര ക്ഷേത്രം പുരാവസ്തു വകുപ്പ് ഏറ്റെടുത്ത് സംരക്ഷിക്കുന്നതിന് എന്തെങ്കിലും നടപടി ആരംഭിച്ചിട്ടുണ്ടോ?

ആലപ്പുഴ ജില്ലയിലെ ചെങ്ങന്നൂർ താലൂക്കിലെ വടക്കേക്കര വില്ലേജിൽപ്പെടുന്ന ചാത്തൻ കുളങ്ങര നരസിംഹ ക്ഷേത്രം (ശാസ്താംകുളങ്ങര ക്ഷേത്രം) 11-04-1969-ൽ പുരാവസ്തു വകുപ്പിന്റെ ഒരു സംരക്ഷിത സ്മാരകമായി വിജ്ഞാപനം ചെയ്തിട്ടുള്ളതാണ്.

(സി) ബ്രിട്ടീഷുകാരുടെ കാലത്ത് നിർമ്മിച്ച ചെങ്ങന്നൂർ ഇറപ്പുഴ പഴയ പാലം പുരാവസ്തു വകുപ്പ് ഏറ്റെടുക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

നടപടി സ്വീകരിച്ചിട്ടില്ല.

**കോഴിക്കോട് പുരാരേഖ ലൈബ്രറിയിലെ സെറ്റിൽമെന്റ് രജിസ്റ്ററുകൾ**

26(1767) <u>ശ്രീമതി കെ. കെ. രമ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1900-05 കാലഘട്ടത്തിലെ വിവിധ ദേശങ്ങൾ സംബന്ധിച്ച് ബ്രിട്ടീഷ് കാലഘട്ടത്തിൽ തയ്യാറാക്കിയ സെറ്റിൽമെന്റ് രജിസ്റ്ററുകൾ കോഴിക്കോട് പുരാരേഖാ ലൈബ്രറിയിൽ സൂക്ഷിച്ചിട്ടുണ്ടോ; അറിയിക്കുമോ?

സംസ്ഥാന പുരാരേഖാ വകുപ്പിന്റെ കോഴിക്കോട് മേഖല ഓഫീസിൽ 1900-05 കാലഘട്ടത്തിൽ തയ്യാറാക്കിയ വിവിധ ദേശങ്ങൾ സംബന്ധിച്ചുള്ള സെറ്റിൽമെന്റ് രജിസ്റ്ററുകളും ഫീൽഡ് മെഷർമെന്റ് ബുക്കുകളും ഇൻഡക്സ് ചെയ്ത് സൂക്ഷിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത സെറ്റിൽമെന്റ് രജിസ്റ്ററിൽ നാല്പത്തിയേഴാമതായി പ്രതിപാദിച്ചിട്ടുള്ള അട്ടപ്പാടിദേശം സംബന്ധിച്ച രേഖയുടെ പകർപ്പ് ലഭ്യമാക്കുമോ?

പ്രസ്തുത രജിസ്റ്ററുകളിൽ 47-ാം നമ്പറായി ഫീൽഡ് മെഷർമെന്റ് ബുക്കുകൾ മാത്രമാണ് പുരാരേഖ വകുപ്പിന്റെ ശേഖരത്തിലുള്ളത്.

(സി) കോഴിക്കോട് പുരാരേഖാ ലൈബ്രറിയിലെ പുരാരേഖകൾ ഡിജിറ്റൈസ് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ ഇവ ഡിജിറ്റൈസ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

കോഴിക്കോട് റീജിയണൽ ഓഫീസിലെ വിവിധ സെറ്റിൽമെന്റ് രജിസ്റ്ററുകൾ, FMB രേഖകൾ എന്നിവ ഡിജിറ്റൈസ് ചെയ്തിട്ടുണ്ട്.

(ഡി) ഇവിടെ സൂക്ഷിച്ചിട്ടുള്ള രേഖകൾ പ്രകാരം 1947-നുമുമ്പ് മലബാറിൽ എത്ര ബ്രിട്ടീഷ് തോട്ടങ്ങളാണുണ്ടായിരുന്നത്; ഇതിൽ എത്രയെണ്ണമാണ് ബ്രിട്ടീഷുകാർ നേരിട്ട് കൈവശം വച്ചിരുന്നത്; വ്യക്തമാക്കുമോ?

തോട്ടങ്ങൾ സംബന്ധിച്ച രേഖകൾ പ്രത്യേകമായി സൂക്ഷിച്ചിട്ടില്ല.

**കണ്ണൂർ ജില്ലയിലെ പുരാവസ്തു-ചരിത്ര സ്മാരകങ്ങൾ സംരക്ഷിക്കുന്നതിനുള്ള പദ്ധതി**

27(1768) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ പുരാവസ്തു-ചരിത്ര സ്മാരകങ്ങൾ സംരക്ഷിക്കുന്നതിന് പ്രത്യേക പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ?

കണ്ണൂർ ജില്ലയിലേതുൾപ്പെടെ പുരാവസ്തു വകുപ്പിന്റെ മുഴുവൻ സംരക്ഷിത സ്മാരകങ്ങളുടെയും കാലാകാലങ്ങളിലുള്ള പരിശോധന നടത്തുകയും ആവശ്യമായ അറ്റകുറ്റപ്പണികൾ നടത്തിവരികയും ചെയ്യുന്നുണ്ട്. ഘടനാ സംരക്ഷണ വിഭാഗത്തിന്റെയും രാസസംരക്ഷണ വിഭാഗത്തിന്റെയും മേൽനോട്ടത്തിലാണ് ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ നിർവ്വഹിക്കുന്നത്.

(ബി) മട്ടന്നൂർ മണ്ഡലത്തിൽ പുരാവസ്തു വകുപ്പുമുഖേന നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശം നൽകാമോ; പ്രസ്തുത മണ്ഡലത്തിൽ പുതിയ പദ്ധതികൾ എന്തെങ്കിലും പരിഗണനയിലുണ്ടോ; വ്യക്തമാക്കാമോ?

മട്ടന്നൂർ മണ്ഡലത്തിൽ കണ്ണവം തൊടീക്കളം ശിവക്ഷേത്രം കേരള പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരക പട്ടികയിലുൾപ്പെട്ടിട്ടുള്ളതാണ്. തൊടീക്കളം ശിവക്ഷേത്രത്തിന്റെ ഘടനാപരമായ സംരക്ഷണ പ്രവൃത്തികൾ പുരാവസ്തു വകുപ്പ് 2019-20 വർഷത്തിൽ പൂർത്തീകരിച്ചിട്ടുള്ളതാണ്. മട്ടന്നൂർ മണ്ഡലത്തിൽ നിലവിൽ പുതിയ പദ്ധതികളൊന്നും പുരാവസ്തു വകുപ്പിന്റെ പരിഗണനയിലില്ല.

## ആറ്റിങ്ങൽ കൊട്ടാരത്തിന്റെ പുനരുദ്ധാരണം

28(1769) <u>ശ്രീമതി ഒ. എസ്. അംബിക</u>: താഴെ കാണുന്ന ചോദ്യത്തിന് തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആറ്റിങ്ങൽ കൊട്ടാരത്തിന്റെ പുനരുദ്ധാരണവുമായി ബന്ധപ്പെട്ട് എന്തെല്ലാം പ്രവൃത്തികളാണ് നിർവ്വഹിക്കാൻ കഴിഞ്ഞതെന്ന് വ്യക്തമാക്കുമോ?

തിരുവനന്തപുരം ജില്ലയിലെ ആറ്റിങ്ങൽ കൊട്ടാരം പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരകമായി പ്രഖ്യാപിച്ചശേഷം അതിന്റെ ആദ്യഘട്ട

സംരക്ഷണ പ്രവർത്തനങ്ങളുടെ ഭാഗമായി പടിപ്പുരമാളികയുടെ സമഗ്ര സംരക്ഷണ പ്രവൃത്തികൾ പൂർത്തീകരിച്ചു കഴിഞ്ഞു. കൊട്ടാരത്തിന്റെ ഭാഗമായ നാലുകെട്ടിന്റെ സംരക്ഷണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരികയാണ്.

**കോഴിക്കോട് സിവിൽ സ്റ്റേഷനിലെ പുരാരേഖ ലൈബ്രറി**

29(1770) ഡോ. എം. കെ. മുനീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് സിവിൽ സ്റ്റേഷനിലെ പുരാരേഖ വകുപ്പ് ലൈബ്രറിയിൽ നിന്നും പുരാരേഖകൾ നഷ്ടപ്പെടുന്നതായുള്ള പരാതി ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) 1901-05 കാലഘട്ടത്തിൽ ബ്രിട്ടീഷുകാർ തയ്യാറാക്കിയ ദേശങ്ങളുടെ സെറ്റിൽമെൻറ് രജിസ്റ്ററിൽ അട്ടപ്പാടിയെക്കുറിച്ചുള്ള രജിസ്റ്റർ ലൈബ്രറിയിൽ നിന്നും നഷ്ടപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; ഇല്ലെങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കുമോ?

അട്ടപ്പാടി ദേശത്തിന്റെ ഫീൽഡ് മെഷർമെന്റ് ബുക്ക് മാത്രമാണ് കോഴിക്കോട് മേഖലാ ഓഫീസിൽ ലഭ്യമായിട്ടുള്ളത്.

## പുരാവസ്തു വകുപ്പിനുകീഴിലുള്ള കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ

30(1771) ശ്രീ. മുഹമ്മദ് മുഹസിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പുരാവസ്തു വകുപ്പിന്റെ ഉടമസ്ഥതയിലുള്ള സർക്കാർ ഓഫീസുകളുടെ അറ്റകുറ്റപ്പണികൾ യഥാസമയം നടത്തുന്നുണ്ടോ; വ്യക്തമാക്കുമോ?

സർക്കാർ ഓഫീസുകൾ പ്രവർത്തിക്കുന്ന ചില കെട്ടിടങ്ങൾ പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരക പട്ടികയിലുൾപ്പെട്ടിട്ടുണ്ടെങ്കിലും അവയുടെ ഉടമസ്ഥാവകാശം പുരാവസ്തു വകുപ്പിനില്ല. സംരക്ഷിത സ്മാരക പട്ടികയിലുൾപ്പെട്ടിട്ടുള്ള കെട്ടിടങ്ങളുടെ സംരക്ഷണത്തിനാവശ്യമായ നടപടികൾ വകുപ്പ് സ്വീകരിച്ചുവരുന്നുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള എത്ര സർക്കാർ ഓഫീസുകളിൽ

അറ്റകുറ്റപ്പണികൾ നടത്തിയിട്ടുണ്ട്; പ്രസ്തുത ഇനത്തിൽ ഓരോ ഓഫീസിനും എത്ര രൂപ വീതം ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മറ്റ് സർക്കാർ ഓഫീസുകൾ പ്രവർത്തിക്കുന്ന സംരക്ഷിത സ്മാരകങ്ങളായ കുറ്റ്യാടി സബ് രജിസ്ട്രാർ ഓഫീസ്, തിരൂരങ്ങാടി സബ് രജിസ്ട്രാർ ഓഫീസ് കെട്ടിടങ്ങളുടെ സംരക്ഷണപ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്. അന്തിമ ബിൽ തുക അനുവദിച്ചിട്ടില്ല.

(സി) തിരുവനന്തപുരം താലൂക്ക് ഓഫീസിലും പരിസര പ്രദേശത്തുള്ള മറ്റ് ഓഫീസുകൾക്കും അവസാനമായി അറ്റകുറ്റപ്പണികൾ നടത്തുവാനായി വിനിയോഗിച്ച തുകയുടെ ഇനം തിരിച്ചുള്ള വിവരം നൽകാമോ?

തിരുവനന്തപുരം താലൂക്കാഫീസുൾപ്പെടെ പ്രവർത്തിക്കുന്ന പഴയ പേഷ്കാർ ഓഫീസ് കെട്ടിടം പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരക പട്ടികയിലുൾപ്പെട്ടിട്ടുള്ളതിനാൽ, ഇതിൽപ്പെടുന്ന വില്ലേജ് ഓഫീസിന്റെ സംരക്ഷണ പ്രവർത്തനങ്ങൾക്കായി 2015 ആഗസ്റ്റിൽ 13,70,513/- രൂപ ചെലവഴിച്ചിട്ടുണ്ട്.

(ഡി) പ്രസ്തുത ഓഫീസുകളിൽ ഇഴജന്തുക്കളുടെ ശല്യമുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതുസംബന്ധിച്ച് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

ഇഴജന്തുക്കളുടെ ശല്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**കാർഷിക മേഖലയുടെ സ്വയംപര്യാപ്തതയ്ക്കുള്ള സമഗ്ര പരിഷ്കാരം**

31(1772) <u>ശ്രീ. തോമസ് കെ. തോമസ്</u>:

<u>ശ്രീ. കെ. ബി. ഗണേഷ് കുമാർ</u>:

<u>ശ്രീ. കെ. പി. മോഹനൻ</u>:

<u>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം കാർഷിക സ്വയംപര്യാപ്തത കൈവരിക്കുന്നതിന് കാർഷിക മേഖലയിൽ സമഗ്ര പരിഷ്കാരം നടപ്പാക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

സംസ്ഥാനം കാർഷിക സ്വയംപര്യാപ്തത കൈവരിക്കുന്നതിന് കാർഷിക വികസന കർഷകക്ഷേമ വകുപ്പ് വിവിധ പദ്ധതികൾ നടപ്പിലാക്കുന്നു.

കൃഷി ശാസ്ത്രീയവും ഫലപ്രദവുമാക്കുന്നതിനായി സംസ്ഥാനത്തെ അഞ്ച് അഗ്രോ ഇക്കോളജിക്കൽ സോണുകളായി തിരിച്ചിട്ടുണ്ട്. പ്രസ്തുത സോണുകളെ മണ്ണ്, കാലാവസ്ഥ, ഭൂപ്രകൃതി, കൃഷി സമ്പ്രദായം മുതലായവ അടിസ്ഥാനമാക്കി 23 അഗ്രോ ഇക്കോളജിക്കൽ യൂണിറ്റുകളായി വിഭജിച്ചിട്ടുണ്ട്. ഓരോ കാലാവസ്ഥയ്ക്കും മണ്ണിനുമനുയോജ്യമായ വിളകൾക്കാണ് ആ അഗ്രോ ഇക്കോളജിക്കൽ യൂണിറ്റിൽ പദ്ധതികൾ ആസൂത്രണം ചെയ്യുന്നത്. കാർഷിക ആവാസ യൂണിറ്റടിസ്ഥാനത്തിലുള്ള കൃഷിയെന്ന ആശയത്തെ സംബന്ധിച്ച് കർഷകർക്ക് അവബോധം നൽകുന്നത് കൂടാതെ ലാഭകരമായി കൃഷി ചെയ്യുന്നതിനാവശ്യമായ ശാസ്ത്രീയവും സാങ്കേതികവുമായ വശങ്ങളെ സംബന്ധിച്ചുള്ള സമകാലിക വിവരങ്ങൾ പ്രദാനം ചെയ്യുവാൻ കൃഷി പാഠശാല എന്ന പദ്ധതി കൊണ്ട് ലക്ഷ്യമിടുന്നു. വിവിധ പദ്ധതികൾക്കുകീഴിൽ നിർദ്ദേശിച്ചിട്ടുള്ള പരിശീലന, ബോധവൽക്കരണ പരിപാടികൾ കൃഷി പാഠശാല പദ്ധതിയിലൂടെ നടപ്പിലാക്കിവരുന്നു. ശാസ്ത്രീയ സമീപനത്തിലൂടെ ഭക്ഷ്യവിളകളുടെ ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനും അതിലൂടെ ഭക്ഷ്യോല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനും 2022-23 വാർഷിക പദ്ധതി ശ്രദ്ധ കേന്ദ്രീകരിക്കുന്നു.

ലഭ്യമായ വിഭവങ്ങൾ സുസ്ഥിരമായ രീതിയിൽ കാര്യക്ഷമമായും വിവേചനാപരവുമായി ഉപയോഗിക്കുന്നതിനും ഉറപ്പായ വരുമാനം കർഷകർക്ക് ലഭിക്കുന്നതിനുമായി വിളയടിസ്ഥാനമാക്കിയുള്ള വികസനത്തിൽ നിന്നും കൃഷിയിടാധിഷ്ഠിത (ഫാം) വികസനത്തിലേയ്ക്കുള്ള മാറ്റത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത് മൂന്ന് പുതിയ പദ്ധതികൾക്കുകീഴിൽ 2022-23 വർഷത്തിൽ കൃഷിയിടാധിഷ്ഠിത ആസൂത്രണം (ഫാം പ്ലാൻ) അടിസ്ഥാനമാക്കിയുള്ള വികസന സമീപനത്തിന് തുടക്കമിടുന്നു. ഉല്പാദനം, വിപണനം, സംസ്കരണം, വായ്പാ പിന്തുണ, ഇൻഷ്വറൻസ് തുടങ്ങി കൃഷിയുടെ എല്ലാ മേഖലകളിലും കർഷകർക്ക് പരമാവധി സേവനം ലഭ്യമാക്കുന്നതിനായി കൃഷിഭവനുകളുടെ പ്രവർത്തനക്ഷമത മെച്ചപ്പെടുത്തുകയെന്ന ലക്ഷ്യത്തോടുകൂടി കൃഷിഭവനുകളെ 'സ്മാർട്ട് കൃഷി ഭവനുകളായി' പരിഷ്കരിക്കുന്നതിനുള്ള നടപടികൾക്ക് തുടക്കമിട്ടു. ഇതിന്റെ ഭാഗമായി ഉല്പാദനം, വിപണനം, സംസ്കരണം, ഫാം ടൂറിസം, മറ്റ് വൈവിദ്ധ്യമാർന്ന പ്രവർത്തനങ്ങൾ എന്നിവയിലൂടെ ഗ്രാമീണ വരുമാനം വർധിപ്പിക്കാനുദ്ദേശിക്കുന്നു. 2022-23 വർഷത്തിൽ കാർഷിക യന്ത്രവൽക്കരണ മേഖലയിൽ ഏകജാലക സംവിധാനങ്ങളായ 20 കൃഷിശ്രീ സെന്ററുകൾ ആരംഭിക്കാനുദ്ദേശിക്കുന്നു. കാർഷിക രംഗത്തെ തൊഴിലാളി

ക്ഷാമം പരിഹരിക്കുകയെന്നതാണ് ഈ പദ്ധതികളുടെ പ്രധാന ലക്ഷ്യം. കൂടാതെ കാർഷിക മേഖലയിൽ യന്ത്രോപകരണങ്ങളുടെ ഉപയോഗം വ്യാപിപ്പിക്കുക, കാർഷിക മേഖലയ്ക്കാവശ്യമായ സഹായങ്ങളും സേവനങ്ങളും മിതമായ നിരക്കിൽ കർഷകർക്ക് നൽകുക, തൊഴിലാളി കുറവുമൂലം തരിശായികിടക്കുന്ന കൃഷിയിടങ്ങൾ കൃഷി യോഗ്യമാക്കുക, കാർഷിക മേഖലയിലെ ഉല്പാദനം, വിതരണം എന്നീ മേഖലകളിൽ ഇടപെടുക തുടങ്ങിയവയും ഈ പദ്ധതിയുടെ പ്രധാന പ്രവർത്തനങ്ങളിലുൾപ്പെടുന്നു.

തെങ്ങിന്റെ ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനായി ശാസ്ത്രീയ വിളപരിപാലന മാർഗ്ഗങ്ങളും കീടരോഗ നിയന്ത്രണമാർഗ്ഗങ്ങളും നടപ്പിലാക്കുന്ന കേരരക്ഷാവാരം പദ്ധതി നിലവിൽ നടപ്പിലാക്കിവരുന്നു. പ്രസ്തുത പദ്ധതിയോടൊപ്പം പയർവർഗ്ഗവിളകളുടെയും പച്ചിലവളങ്ങളുടെയും ഉപയോഗം വ്യാപിപ്പിച്ച് മണ്ണിന്റെ ഫലഭൂയിഷ്ഠത വർദ്ധിപ്പിക്കുവാനും ലക്ഷ്യമിടുന്നു. പരമ്പരാഗത ഊർജ്ജ സ്രോതസ്സുകളെ ആശ്രയിക്കുന്നത് കുറയ്ക്കുന്നതിന് പുനരുപയോഗിക്കാവുന്ന ഊർജ്ജ സ്രോതസ്സുകളിലേയ്ക്ക് മാറേണ്ടതിന്റെ പ്രാധാന്യത്തിന് 2022-23 കാലയളവിൽ അർഹമായ പ്രാധാന്യം നൽകിയിട്ടുണ്ട്. ഇത് കണക്കിലെടുത്ത് കേന്ദ്രാവിഷ്കൃത പദ്ധതിയായ 'പി എം കുസും' (PM KUSUM) വഴി കൃഷിയിൽ

സൗരോർജ്ജത്തിന്റെ ഉപയോഗം അനെർട്ടുമായി സഹകരിച്ച് കൃഷി വകുപ്പ് പ്രോത്സാഹിപ്പിക്കുവാനുദ്ദേശിക്കുന്നു. പി.എം.കുസുമിന്റെ ഗുണഭോക്താക്കൾക്ക് ഈ വർഷം സംസ്ഥാനാവിഷ്കൃത പദ്ധതിയായ 'കുട്ടനാട് മേഖലയിലെ കാർഷിക വികസനത്തിനുള്ള പദ്ധതി' എന്നതിലുൾപ്പെടുത്തി ടോപ്പ് അപ്പ് സബ്സിഡി നൽകുവാനുദ്ദേശിക്കുന്നു.

നിലവിലെ സാഹചര്യത്തിന്റെ സാങ്കേതികവിദ്യാധിഷ്ഠിത സ്വഭാവം കണക്കിലെടുത്തുകൊണ്ട് നൂതന സാങ്കേതികവിദ്യയുടെ മേഖലയിലേയ്ക്ക് കേന്ദ്രീകൃത സാമ്പത്തിക സഹായവുമാവശ്യമാണ്. ഇതിന്റെ ഭാഗമായി ഇ-ഓഫീസ് സംവിധാനം, AIMS പോർട്ടൽ, K-SWIFT തുടങ്ങിയ വിവരസാങ്കേതിക വിദ്യാധിഷ്ഠിത പരിഷ്കാരങ്ങൾക്ക് തുടക്കമിട്ടിട്ടുണ്ട്. കർഷകർക്ക് നേരിട്ട് അല്ലാതെ വിള ആരോഗ്യ പരിപാലന സേവനങ്ങൾ ഉപയോഗപ്പെടുത്താൻവേണ്ടി കോൺടാക്ട്ലെസ് വെബ് പോർട്ടൽ അധിഷ്ഠിത കണക്റ്റിവിറ്റി സൃഷ്ടിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

(ബി) കർഷകർക്ക് നൽകുന്ന വിവിധ ആനുകൂല്യങ്ങൾ ഏറ്റവും വേഗം ലഭ്യമാക്കുന്നതിന് നടപടിക്രമങ്ങൾ ലഘൂകരിക്കുന്ന കാര്യം പരിഗണിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

വകുപ്പിന്റെ വിവിധ പദ്ധതികൾ മുഖാന്തരം കർഷകർക്ക് നൽകിവരുന്ന ആനുകൂല്യങ്ങൾ കൂടുതലായും പണമായി അവരുടെ ബാങ്ക് അക്കൗണ്ടുകളിൽ നേരിട്ട് നൽകിവരുന്നു. വിത്ത്, നടീൽ വസ്തുക്കൾ, യന്ത്രോപകരണങ്ങൾ, സേവനങ്ങൾ എന്നിവയാണ് കർഷകർക്ക് നൽകി വരുന്ന മറ്റ് ആനുകൂല്യങ്ങൾ. വിവിധ പദ്ധതികളിലെ ഒന്നോ അതിൽ കൂടുതലോ ഘടകങ്ങൾ മുഖാന്തരം ലഭ്യമാകുന്ന ആനുകൂല്യങ്ങൾക്കുവേണ്ടിയുള്ള നടപടിക്രമങ്ങൾ വ്യത്യസ്തമാണ്. എന്നാൽ വിവിധ പദ്ധതികളുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ ലഘൂകരിക്കുവാൻ കഴിയും. പദ്ധതി നടത്തിപ്പ് സംബന്ധിച്ച പ്രക്രിയ ഓൺലൈൻ സംവിധാനത്തിലേയ്ക്ക് മാറ്റുന്നതുവഴി പൊതുവിൽ നടപടിക്രമങ്ങൾക്ക് വേഗതയും സുതാര്യതയും കാര്യക്ഷമതയുമുണ്ടാകുന്നതാണ്. കർഷകർക്ക് അടിയന്തരമായി നൽകേണ്ട താഴെപ്പറയുന്ന പദ്ധതികൾ/സേവനങ്ങൾ പൂർണ്ണമായും ഓൺലൈൻ സംവിധാനത്തിൽ നടന്നുവരുന്നു.

1. വിള ഇൻഷ്വറൻസ് പ്രീമിയം
2. വിള ഇൻഷ്വറൻസ് നഷ്ടപരിഹാരം
3. പ്രകൃതിക്ഷോഭ ദുരിതാശ്വാസം
4. നെൽ കർഷകർക്കുള്ള റോയൽറ്റി

5. പഴം, പച്ചക്കറി കർഷകർക്കുള്ള അടിസ്ഥാന വില

കൂടുതൽ പദ്ധതികൾ ഓൺലൈൻ സംവിധാനത്തിലേയ്ക്ക് മാറുമ്പോൾ പദ്ധതി നടത്തിപ്പ് സംബന്ധിച്ച് നടപടിക്രമങ്ങൾ പരമാവധി ലഘൂകരിക്കുന്നതിനുള്ള നടപടികൾ വകുപ്പ് സ്വീകരിക്കുന്നതാണ്. ഇതിനായി ഗവൺമെന്റ് പ്രോസസ്സ് റീ-എഞ്ചിനീയറിംഗ് ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**കാർഷികയന്ത്രങ്ങളുടെയും ഉപകരണങ്ങളുടെയും അറ്റകുറ്റപ്പണികൾ**

32(1773) <u>ശ്രീ. സജി ചെറിയാൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാർഷികയന്ത്രങ്ങളുടെയും ഉപകരണങ്ങളുടെയും അറ്റകുറ്റപ്പണികൾ നടത്തുന്നതിന് നിലവിലുള്ള സൗകര്യങ്ങൾ എന്തെല്ലാമെന്ന് വിശദീകരിക്കുമോ?

സംസ്ഥാനത്ത് കാർഷികയന്ത്രങ്ങളുടെയും ഉപകരണങ്ങളുടെയും അറ്റകുറ്റപ്പണികൾ നടത്തുന്നതിന് എല്ലാ ജില്ലകളിലും പ്രവർത്തിക്കുന്ന കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിലും കൃഷി വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന കേരള സംസ്ഥാന കാർഷിക യന്ത്രവൽക്കരണ മിഷനിലും സൗകര്യം ലഭ്യമാണ്.

(ബി) കാർഷിക യന്ത്രങ്ങളുടെ വർദ്ധനവിനനുസൃതമായി അറ്റകുറ്റപ്പണികൾ ചെയ്യുന്നതിനുള്ള സംവിധാനം അപര്യാപ്തമാണെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിവരം നൽകുമോ?

ഉണ്ട്. സംസ്ഥാനത്ത് കേടായി കിടക്കുന്ന കാർഷികയന്ത്രങ്ങൾ കേരള സംസ്ഥാന കാർഷികയന്ത്രവൽക്കരണ മിഷൻ മുഖേന അറ്റകുറ്റപ്പണി നടത്തുന്നതിനുള്ള സംവിധാനം പരിഗണനയിലാണ്.

(സി) യന്ത്രോപകരണങ്ങളുടെ ഓഡിറ്റ് നടത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

കേരള സംസ്ഥാന കാർഷികയന്ത്രവൽക്കരണ മിഷൻ മുഖേന വിവിധ പദ്ധതികളിലൂടെ നൽകിയിട്ടുള്ള കാർഷികയന്ത്രങ്ങളുടെ കണക്കെടുപ്പ് നടത്തിയിട്ടുണ്ട്. വിവിധ തരത്തിലുള്ള 11505 കാർഷികയന്ത്രങ്ങളിൽ 5354 എണ്ണം പ്രവർത്തനക്ഷമവും 6092 എണ്ണം പ്രവർത്തനരഹിതവുമാണെന്ന് കണ്ടെത്തിയിട്ടുണ്ട്.

(ഡി) കർഷകർക്ക് സമയബന്ധിതമായി കാർഷികയന്ത്രങ്ങളുടെ സേവനം, അറ്റകുറ്റപ്പണികൾ എന്നിവ ലഭിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വിശദീകരിക്കാമോ?

പഞ്ചായത്ത് അടിസ്ഥാനത്തിൽ കാർഷിക കർമ്മസേനകളും ബ്ലോക്കടിസ്ഥാനത്തിൽ അഗ്രോ സർവ്വീസ് സെന്ററുകളും (കൃഷിശ്രീ സെന്റർ), ജില്ലാ അടിസ്ഥാനത്തിൽ കസ്റ്റം ഹയറിങ് സെന്ററുകളും സ്ഥാപിച്ച കാർഷികയന്ത്രങ്ങളുടെ സേവനവും കാർഷിക യന്ത്രവൽക്കരണ മിഷൻ, കൃഷി വകുപ്പ് (എഞ്ചിനീയറിംഗ് വിഭാഗം) എന്നിവ മുഖേന അറ്റകുറ്റപ്പണികളും ചെയ്തുവരുന്നുണ്ട്.

(ഇ) നിയോജക മണ്ഡലാടിസ്ഥാനത്തിൽ അഗ്രികൾച്ചർ മെഷീനറി കേന്ദ്രങ്ങൾ ആരംഭിക്കുന്ന വിഷയം പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

ഇല്ല. നിലവിൽ ബ്ലോക്കടിസ്ഥാനത്തിലാണ് കാർഷിക സേവന കേന്ദ്രങ്ങൾ/കൃഷിശ്രീ സ്ഥാപിച്ചുവരുന്നത്.

**ജല സ്രോതസ്സുകൾ സംരക്ഷിച്ച് കൃഷിക്ക് ഉപയോഗപ്പെടുത്താൻ പദ്ധതികൾ**

33(1774) <u>ശ്രീ. കെ. പി. മോഹനൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തോടുകളും കുളങ്ങളും മറ്റ് ജലസ്രോതസ്സുകളും സംരക്ഷിച്ച് കൃഷിക്കുപയോഗപ്പെടുത്താൻ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ;

എങ്കിൽ ഇക്കാര്യത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കുമോ?

സംസ്ഥാനത്ത് തോടുകളും കുളങ്ങളും മറ്റ് ജലസ്രോതസ്സുകളും സംരക്ഷിച്ച് കൃഷിക്കുപയോഗപ്പെടുത്തുന്നതിനായി കൃഷിക്കാരും പാടശേഖര പ്രതിനിധികളും ആവശ്യപ്പെടുന്നതനുസരിച്ച് ഉദ്യോഗസ്ഥർ പദ്ധതിപ്രദേശത്തിന്റെ പരിശോധന നടത്തുകയും കൃഷിക്കും ജലസംരക്ഷണത്തിനും പ്രയോജനമാകുന്നതാണെന്ന് ഉറപ്പുവരുത്തിയ ശേഷം, കൃഷി ഓഫീസറുടെ feasibility റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അനുയോജ്യമായ പദ്ധതികൾ തയ്യാറാക്കി Rebuild Kerala Initiative (RKI), Rural Infrastructure Development Fund (RIDF), Rashtriya Krishi Vikas Yojana (RKVY) എന്നിവയിൽ ഭരണാനുമതിക്കായി സമർപ്പിക്കുകയും ഫണ്ടും ഭരണാനുമതിയും ലഭ്യമാകുന്നമുറയ്ക്ക് പ്രവൃത്തികൾ നടപ്പിലാക്കിവരുന്നു.

(ബി) ജലസ്രോതസ്സുകളിൽ ചെക്ക്ഡാമുകൾ നിർമ്മിച്ച് കൃഷിക്ക് ഉപകാരപ്രദമായ രീതിയിൽ പ്രയോജനപ്പെടുത്താൻ നടപടി സ്വീകരിക്കുമോ; എങ്കിൽ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

നിലവിൽ മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് നടപ്പിലാക്കുന്ന അംഗീകൃത പദ്ധതികളിലുൾപ്പെട്ട ചെറുതോടുകളിൽ ചെക്ക് ഡാമുകൾ നിർമ്മിച്ച്, നീരൊഴുക്കിന്റെ ശക്തി കുറച്ച് മണ്ണൊലിപ്പ് തടയുന്നതിനും ചെക്ക്ഡാമുകളിൽ സംഭരിക്കുന്ന ജലം കൃഷിക്കുപയുക്തമാകുന്ന രീതിയിൽ പ്രയോജനപ്പെടുത്തുന്നതിനും നടപടി സ്വീകരിച്ചുവരുന്നു.

(സി) സ്വകാര്യഭൂമിയിൽ മണ്ണ്, ജല സംരക്ഷണ പ്രവർത്തനങ്ങൾക്ക് ഫണ്ടനുവദിക്കുന്ന കാര്യം പരിശോധിക്കുമോ; വിശദമാക്കുമോ?

ഭരണാനുമതി നൽകിയ വിവിധ വാട്ടർഷെഡ് പദ്ധതികളിലുൾപ്പെടുന്ന സ്വകാര്യഭൂമിയിലെ മണ്ണ്-ജല സംരക്ഷണ പ്രവർത്തനങ്ങൾ മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പുമുഖേന ഏറ്റെടുത്ത് നടപ്പിലാക്കാവുന്നതാണ്.

**കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസിലെ ഒഴിവുള്ള തസ്തികകൾ**

34(1775) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ കൃഷി വകുപ്പിനുകീഴിൽ വരുന്ന അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസിൽ എത്ര തസ്തികകൾ ഒഴിഞ്ഞ് കിടക്കുന്നുണ്ടെന്ന് അറിയിക്കാമോ?

കാസർഗോഡ് ജില്ലയിൽ കൃഷി വകുപ്പിനുകീഴിൽ വരുന്ന അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസിൽ ചുവടെപ്പറയും പ്രകാരം 7 തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നു.

| | |
|---|---|
| അസിസ്റ്റന്റ് എഞ്ചിനിയർ | 2 |
| വർക്ക് സൂപ്രണ്ട് | 2 |
| ക്ലർക്ക് | 1 |
| മെക്കാനിക്ക് | 1 |
| ഫോർമാൻ | 1 |
| **ആകെ എണ്ണം** | **7** |

(ബി) പ്രസ്തുത തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നതുമൂലം നബാർഡ് സാമ്പത്തികസഹായ പദ്ധതിക്കുള്ള പ്രോജക്ടുകളടക്കം അനുമതിക്കായി ബന്ധപ്പെട്ട ഓഫീസിൽ സമർപ്പിക്കാൻ സാധിക്കാത്ത വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിവരം നൽകുമോ;

(സി) എങ്കിൽ ഒഴിവുള്ള തസ്തികകൾ അടിയന്തരമായി നികത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

(ബി&സി) ഉണ്ട്. പ്രസ്തുത തസ്തികകളിലെ ഒഴിവുകൾ നികത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

**കാർഷിക മേഖലയ്ക്ക് സൗജന്യമായി അധിക വൈദ്യുതി**

35(1776) ശ്രീ. മുഹമ്മദ് മുഹസിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കാർഷിക മേഖലയെ സ്വയംപര്യാപ്തമാക്കുന്നതിന് വൈദ്യുതി വകുപ്പിന്റെ സഹായത്തോടെ കാർഷിക മേഖലയ്ക്ക് സൗജന്യമായി അധിക വൈദ്യുതി ലഭ്യമാക്കുന്ന കാര്യം പരിഗണിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

സംസ്ഥാനത്തിന്റെ കാർഷികമേഖല ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി സർക്കാർ നടപ്പിലാക്കിയ വൈദ്യുതി സൗജന്യ പദ്ധതിയിൽ 1995-96 വർഷം മുതൽ 31-08-1995-ലെ സർക്കാർ ഉത്തരവ് നം. 311/95/എഡി പ്രകാരം നെൽകൃഷിക്ക് ഭൂവിസ്തൃതി പരിഗണിക്കാതെ കാർഷിക സൗജന്യ വൈദ്യുതി ആനുകൂല്യം കൃഷി വകുപ്പ് നൽകിവരുന്നു. പിന്നീട് 31-10-1998-ലെ സർക്കാർ ഉത്തരവ് നം. 235/98/എഡി പ്രകാരം

01-04-1997 മുതൽ 2 ഹെക്ടർ വരെയുള്ള കരകൃഷിക്കും കാർഷിക സൗജന്യ വൈദ്യുതി പദ്ധതി പ്രകാരം താരിഫ് തുക അനുവദിച്ചുവരുന്നു. പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ ചുവടെ ചേർത്തിരിക്കുന്നപ്രകാരമാണ്.

i) 30 സെന്റിൽ കുറയാതെ കൈവശഭൂമിയുള്ളവരും അതിൽ 75 ശതമാനത്തിൽ കുറയാതെ കൃഷി ചെയ്തിട്ടുള്ളതുമായ വ്യക്തികൾ.

ii) 10 സെന്റിൽ കുറയാതെ പച്ചക്കറി കൃഷി ചെയ്തിട്ടുള്ള കർഷകർ.

iii) 5 സെന്റിൽ കുറയാതെ വെറ്റില കൃഷി ചെയ്തിട്ടുള്ള കർഷകർ.

iv) കൂടാതെ നെൽകൃഷി ചെയ്യുന്ന കർഷകർക്ക് ഭൂപരിധിയില്ല.

കൂടാതെ ഈ പദ്ധതിയുടെ ആനുകൂല്യം കൂടുതൽ കർഷകരിലേയ്ക്ക് എത്തിക്കുന്നതിനും സുതാര്യത ഉറപ്പുവരുത്തുന്നതിനുമായി കാർഷികാവശ്യത്തിനുള്ള സൗജന്യ വൈദ്യുതി പദ്ധതി തുക മുൻകൂറായി ഡയറക്ട് ബെനിഫിറ്റ് ട്രാൻസ്ഫർ (ഡി.ബി.റ്റി.) മുഖേന നൽകുന്നതിന് 22-09-2021-ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 82/2021/കൃഷി പ്രകാരം സർക്കാർ തീരുമാനം കൈക്കൊള്ളുകയും ആയത് നടപ്പിലാക്കി വരികയും

ചെയ്യുന്നു. പദ്ധതിയുടെ എല്ലാ ഗുണഭോക്താക്കൾക്കും ആനുകൂല്യം നൽകുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

(ബി) നെൽക്കർഷകർക്ക് വൈദ്യുതിലഭ്യത ഉറപ്പുവരുത്തുന്നതിനും നെൽകൃഷി കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിനുമായി വേഗത്തിലും സൗജന്യമായും വൈദ്യുതി നൽകുന്നതിന് പ്രത്യേക പദ്ധതി നടപ്പാക്കുമോ?

കാർഷിക സൗജന്യ വൈദ്യുതി പദ്ധതിപ്രകാരം വൈദ്യുതി സൗജന്യത്തിന് അർഹരായ കർഷകരുടെ മാനദണ്ഡപ്രകാരം കൂടുതൽ നെൽകൃഷി ഉൾപ്പെടുത്തുന്നതിനായി, നെൽകൃഷി ചെയ്യുന്ന കർഷകർക്ക് ഭൂപരിധിയില്ലാതെയാണ് പദ്ധതിയുടെ ആനുകൂല്യം നൽകിക്കൊണ്ടിരിക്കുന്നത്. കൂടാതെ ഈ പദ്ധതിയുടെ ആനുകൂല്യം കൂടുതൽ കർഷകരിലേയ്ക്കെത്തിക്കുന്നതിനും സുതാര്യത ഉറപ്പുവരുത്തുന്നതിനുമായി ഡയറക്റ്റ് ബെനിഫിറ്റ് ട്രാൻസ്ഫർ (ഡി.ബി.റ്റി.) മുഖേന മുൻകൂറായി തുക വ്യക്തി/ഗ്രൂപ്പ്/സമിതിയുടെ അക്കൗണ്ടിൽ നിക്ഷേപിക്കുന്നതിനായി 22-09-2021-ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 82/2021/കൃഷി പ്രകാരം സർക്കാർ തീരുമാനം കൈക്കൊള്ളുകയും ആയത് നടപ്പിലാക്കിവരികയും ചെയ്യുന്നു.

## നെല്ല് സംഭരണം വേഗത്തിലാക്കാനുള്ള നടപടികൾ

36(1777) ശ്രീ. എൻ. എ. നെല്ലിക്കുന്ന്:

ഡോ. എം. കെ. മുനീർ:

ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാടങ്ങളിൽ കൊയ്ത്ത് കഴിഞ്ഞാലുടൻ നെല്ല് സംഭരിക്കാൻ എന്തെല്ലാം ക്രമീകരണങ്ങളാണ് ഏർപ്പെടുത്തിയിരിക്കുന്നത് എന്നറിയിക്കാമോ?

നെല്ലുസംഭരണം സുഗമമായി നടപ്പിലാക്കുന്നതിനായി ഫീൽഡുതലത്തിൽ പാഡി മാർക്കറ്റിംഗ് ഓഫീസർ, പ്രൊക്യൂർമെൻറ് അസിസ്റ്റൻറ് തസ്തികകളിലേയ്ക്കാവശ്യമായ ഉദ്യോഗസ്ഥരെ എല്ലാ ജില്ലകളിലേയ്ക്കുമായി സപ്ലൈകോ നിയോഗിക്കുകയും പാടശേഖരത്തിലെ കൊയ്ത്താരംഭിക്കുന്നതിന് മുമ്പുതന്നെ നെല്ല് സംഭരിക്കുന്നതിനായി മില്ലുകൾക്ക് പാടശേഖരങ്ങൾ അനുവദിച്ച് നൽകുകയും പാടശേഖരങ്ങളിൽ കൊയ്ത്താരംഭിക്കുന്നമുറയ്ക്കുതന്നെ നെല്ലെടുക്കാൻ നിയോഗിക്കപ്പെട്ട മില്ലുകൾ മുഖാന്തരം സപ്ലൈകോ നെല്ല് സംഭരിക്കുകയും ചെയ്യുന്നു.

(ബി) നെല്ല് കൈകാര്യം ചെയ്ത് അരിയാക്കുന്ന ഇനത്തിൽ മില്ലുടമകൾക്ക് നൽകാനുള്ള തുക വിതരണം ചെയ്യുന്നതിൽ കുടിശ്ശിക വരുത്തിയിട്ടുണ്ടോ?

2021-22 സീസണിൽ കൂലിയിനത്തിൽ 56 മില്ലുകൾക്ക് 05-12-2022 വരെ 53.32 കോടി രൂപ മില്ലുകൾക്കായി നൽകിയിട്ടുണ്ട്. മില്ലുകൾ സമർപ്പിച്ച ബില്ലുകൾ സൂക്ഷ്മപരിശോധന നടത്തി ബാക്കി തുക കൊടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) കൈകാര്യച്ചെലവ് വർദ്ധിപ്പിക്കണമെന്ന ആവശ്യം മില്ലുടമകൾ ഉന്നയിച്ചിട്ടുണ്ടോ; എങ്കിൽ ഇതുസംബന്ധിച്ച് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഉന്നയിച്ചിട്ടുണ്ട്. വിഷയം പരിശോധനയിലാണ്.

(ഡി) മില്ലുടമകളുടെ വിലപേശലൊഴിവാക്കി സർക്കാർ തന്നെ നെല്ല് സംഭരണത്തിന് സ്ഥിരസംവിധാനമൊരുക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

മില്ലുകളെ ഒഴിവാക്കി സർക്കാർ നേരിട്ട് സംഭരിക്കുന്നതിനുള്ള സാദ്ധ്യതകൾ പരിശോധിച്ചുവരുന്നു.

## ഭക്ഷ്യോല്പാദന മേഖലയിൽ സ്വയംപര്യാപ്തത കൈവരിക്കൽ

37(1778) ശ്രീ. കടകംപള്ളി സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യോല്പാദന മേഖലയിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിന് നടപ്പിലാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ വിശദമാക്കാമോ?

സംസ്ഥാനത്ത് ഭക്ഷ്യോല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനും ആയതിലൂടെ ഭക്ഷ്യോല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനുമായി വിവിധ പദ്ധതികൾ കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് നടപ്പിലാക്കിവരുന്നു. വിള വിസ്തൃതി വർദ്ധനവും വികസനവും ലക്ഷ്യമിട്ട് 2022-23 സാമ്പത്തികവർഷത്തിൽ സംസ്ഥാനത്താകെ 252.12 കോടി രൂപയുടെ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. പ്രസ്തുത പദ്ധതികളിലൂടെ നെല്ല്, പച്ചക്കറി, നാളികേരം, സുഗന്ധവ്യഞ്ജനങ്ങൾ, ഫലവർഗ്ഗങ്ങൾ, പുഷ്പകൃഷി, ഔഷധസസ്യങ്ങൾ എന്നിവയ്ക്ക് പ്രോത്സാഹനം നൽകിവരുന്നു.

കൂടാതെ സംസ്ഥാനത്ത് കാർഷിക വിളകളുടെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും ആയതിലൂടെ കർഷകരുടെ വരുമാനം

മെച്ചപ്പെടുന്നതിനുമായി ഈ സാമ്പത്തികവർഷത്തിൽ നടപ്പാക്കുന്ന പുതിയ പദ്ധതികളാണ് കൃഷിയിടാസൂത്രണാധിഷ്ഠിത വികസന സമീപനത്തിലുൾപ്പെട്ട പദ്ധതികൾ. കർഷകരുടെ വരുമാനം, സുസ്ഥിരത, ഭക്ഷ്യസുരക്ഷ, പാരിസ്ഥിതിക സ്ഥിരത എന്നിവ മെച്ചപ്പെടുത്തുന്നതിന് ഇപ്പോൾ പിന്തുടരുന്ന വിള-കേന്ദ്രീകൃത സമീപനത്തിന്റെ അപര്യാപ്തത കണക്കിലെടുത്തുകൊണ്ട് ലഭ്യമായ വിഭവങ്ങൾ സുസ്ഥിരമായ രീതിയിൽ കാര്യക്ഷമമായും വിവേചനാപരവുമായി ഉപയോഗിക്കുന്നതിനും ഉറപ്പായ വരുമാനം കർഷകർക്ക് ലഭിക്കുന്നതിനുമായി വിള അടിസ്ഥാനമാക്കിയുള്ള വികസനത്തിൽ നിന്നും കൃഷിയിടാധിഷ്ഠിത (ഫാം പ്ലാൻ) വികസന സമീപനത്തിലുള്ള പദ്ധതികൾ നടപ്പിലാക്കിവരുന്നു.

ഓരോ വ്യക്തിയെയും കൃഷിയിലേയ്ക്കാകർഷിക്കുവാനും സ്വന്തമായി കൃഷി ചെയ്യുന്നതിന് പ്രേരണ നൽകുന്നതിനും അതുവഴി കാർഷികമേഖലയിൽ ജനകീയ മുന്നേറ്റം സൃഷ്ടിക്കുകയെന്ന ലക്ഷ്യത്തോടെ "ഞങ്ങളും കൃഷിയിലേക്ക്" എന്ന പരിപാടി ആവിഷ്കരിച്ച് നടപ്പിലാക്കി.

കാർഷിക പാരിസ്ഥിതിക മേഖല അനുസരിച്ചുള്ള ശാസ്ത്രീയകൃഷി പ്രോത്സാഹിപ്പിക്കുന്നതിനും കർഷകർക്കാവശ്യമായ സാങ്കേതികോപദേശങ്ങൾ കൃഷിയിടത്തിൽ നൽകുന്നതിനുമായി കേരള

കാർഷിക സർവ്വകലാശാലയുടെ സഹകരണത്തോടെ നടപ്പിലാക്കുന്ന പദ്ധതിയാണ് ബ്ലോക്കുതല കൃഷി വിജ്ഞാനകേന്ദ്രങ്ങൾ. പ്രസ്തുത പദ്ധതി ശാസ്ത്രീയ കൃഷിരീതികളിലൂടെ കർഷരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിന് സഹായിക്കുന്നു.

(ബി) നെല്ലുല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുകയെന്ന ലക്ഷ്യത്തോടുകൂടി തരിശുഭൂമി സർക്കാർ തലത്തിൽ ഏറ്റെടുത്ത് കൃഷി നടത്തുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ?

തരിശുനിലങ്ങൾ പരമാവധി കൃഷിയോഗ്യമാക്കി നെൽക്കൃഷി വ്യാപിപ്പിക്കുന്നതിനും നെല്ലുല്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുന്നതിനുമുള്ള നടപടികളാണ് കൃഷി വകുപ്പ് കൈക്കൊണ്ട് വരുന്നത്. സംസ്ഥാനാവിഷ്കൃത പദ്ധതിയായ "നെൽകൃഷി വികസന"ത്തിൽ "തരിശുനില കൃഷി" ഘടക പദ്ധതിയായി ഉൾപ്പെടുത്തിയിട്ടുണ്ട്. തരിശുനിലങ്ങളിൽ നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി ഒരു ഹെക്ടറിന് 35000 രൂപ കർഷകനും 5000 രൂപ ഭൂവുടമക്കും ചേർത്ത് ആകെ 40,000/- രൂപ എന്ന നിരക്കിലാണ് ആനുകൂല്യം നൽകുന്നത്. 2022-23 വർഷത്തിൽ 1415 ഹെക്ടർ തരിശുനിലക്കൃഷിക്കായി 566.00 ലക്ഷം

രൂപയാണ് ബഡ്ജറ്റ് വിഹിതം നീക്കിവച്ചിട്ടുള്ളത്. പദ്ധതിയുടെ നടത്തിപ്പ് പുരോഗമിച്ചുവരുന്നു.

ഇതിനുപുറമെ, ജനകീയാസൂത്രണ പദ്ധതിയിലും തരിശുനെൽ കൃഷിക്ക് ഇതേ ആനുകൂല്യം ലഭ്യമാക്കുന്നുണ്ട്.

(സി) സർക്കാർ സ്വീകരിച്ച നടപടികളുടെ ഭാഗമായി ഭക്ഷ്യോല്പാദന മേഖലയിലുണ്ടായ പുരോഗതി വിശദമാക്കാമോ?

ഈ സർക്കാർ സ്വീകരിച്ച നടപടികളുടെ ഭാഗമായി ഭക്ഷ്യോല്പാദന മേഖലയിലുണ്ടായ നേട്ടങ്ങൾ ചുവടെ ചേർക്കുന്നു.

1. നെല്ലിന്റെ ഉല്പാദനക്ഷമത 3 ടണ്ണായി ഉയർത്തുവാൻ സാധിച്ചു.
2. തരിശുനിലകൃഷി പ്രോത്സാഹനത്തിന്റെ ഭാഗമായി 9086.1 ഏക്കർ തരിശുനിലങ്ങൾ കൃഷിയോഗ്യമാക്കി നെൽകൃഷിയിറക്കി. കൂടാതെ, 3600 ഏക്കറിൽ തരിശുനില പച്ചക്കറി കൃഷിയും നടപ്പിലാക്കി.
3. 'ഞങ്ങളും കൃഷിയിലേക്ക്' പദ്ധതിയിലൂടെ സംസ്ഥാനത്തെ കാർഷികോല്പാദനം വർദ്ധിപ്പിക്കാൻ സാധിച്ചിട്ടുണ്ട്. ഞങ്ങളും കൃഷിയിലേക്ക് പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കിവരുന്ന സമഗ്ര പച്ചക്കറി വികസന പദ്ധതിയിലെ വിവിധ ഘടകങ്ങൾ

നടപ്പിലാക്കിയതിലൂടെ 2020-21-ൽ 1.02 ലക്ഷം ഹെക്ടറിൽ പച്ചക്കറി കൃഷി നടപ്പിലാക്കുകവഴി 15.7 ലക്ഷം മെട്രിക് ടൺ ഉല്പാദനം ലഭിച്ചത് 2021-22 വർഷമായപ്പോൾ വിസ്തൃതി 1.08 ലക്ഷം ഹെക്ടറായി ഉയർത്തുന്നതിനും ഉല്പാദനം 16.01 ലക്ഷം മെട്രിക് ടണ്ണായി വർദ്ധിപ്പിക്കുവാനും സാധിച്ചു.

4. 2021-22 സാമ്പത്തികവർഷത്തിൽ കേന്ദ്രാവിഷ്കൃത പദ്ധതിയായ ഭാരതീയ പ്രകൃതി കൃഷി പദ്ധതിയിലൂടെ 82000 ഹെക്ടറിലായി സംസ്ഥാനത്ത് ജൈവ കൃഷി/പ്രകൃതി കൃഷി വ്യാപിപ്പിക്കുവാൻ സാധിച്ചു.

5. കേരളത്തിൽ തെങ്ങിന്റെ ഉല്പാദനവും ഉല്പാദനക്ഷമതയും കുറയുന്ന സാഹചര്യത്തിൽ തെങ്ങുകൃഷി വ്യാപിപ്പിക്കുന്നതിനും ഉല്പാദനക്ഷമത മെച്ചപ്പെടുത്തുന്നതിനുമായി കോക്കനട്ട് കൗൺസിലിന്റെ ഭാഗമായി തെങ്ങിൻതൈ വിതരണവും കേരഗ്രാമം പദ്ധതിയും നടപ്പിലാക്കുന്നുണ്ട്. കേരളത്തിലെ തെങ്ങുകൃഷി പുനരുജ്ജീവിപ്പിക്കുന്നതിന്റെ ഭാഗമായി 2022-23-ൽ ക്യാമ്പയിനടിസ്ഥാനത്തിൽ കേരരക്ഷാവാരം പരിപാടി നടപ്പിലാക്കുന്നു. ഈ പരിപാടിയുടെ ഭാഗമായി 859 പരിശീലന

പരിപാടികൾ നടത്തുകയും നിലവിൽ 42 ലക്ഷം തെങ്ങുകൾക്ക് ഈ പരിപാടിയുടെ ഗുണം ലഭിച്ചു.

6. കേരളത്തിലെ വിവിധ സ്ഥലങ്ങളിൽ എള്ള്, നിലക്കടല, കരിമ്പ്, ചെറുധാന്യങ്ങൾ തുടങ്ങിയവ പരമ്പരാഗതമായി കൃഷി ചെയ്തുവരുന്നു. പരമ്പരാഗത കൃഷിയിടങ്ങളിലും മറ്റ് സ്ഥലങ്ങളിലും ഈ വിളകളുടെ വിസ്തൃതി വർദ്ധനവിനും പ്രോത്സാഹനത്തിനും ഡെവലപ്‌മെന്റ് ആൻഡ് പ്രൊമോഷൻ ഓഫ് ലൊക്കേഷൻ സ്പെസിഫിക് ക്രോപ്സ് 2021-22 പദ്ധതി ഉപകരിച്ചു. 2021-22 വർഷം അനുവദിച്ച 323 ലക്ഷം രൂപയിൽ 246.01581 ലക്ഷം രൂപ ചെലവഴിച്ചു.

7. കിഴങ്ങുവർഗ്ഗ വിളകളുടെയും പയർവർഗ്ഗ വിളകളുടെയും വിസ്തൃതി വർദ്ധനവിനും കൃഷി പ്രോത്സാഹനത്തിനും ഡെവലപ്‌മെന്റ് ഓഫ് ട്യൂബർ ക്രോപ്സ് ആൻഡ് പൾസസ് 2021-22 എന്ന പദ്ധതി സഹായകമായി. 2021-22 വർഷം അനുവദിച്ച 243 ലക്ഷം രൂപയിൽ 242.77 ലക്ഷം രൂപ ചെലവഴിച്ചു.

8. ചെറുധാന്യ കൃഷി പ്രോത്സാഹനത്തിന്റെ ഭാഗമായി 2021-22-ൽ ഇടുക്കി ജില്ലയിൽ 75 ഏക്കർ സ്ഥലത്ത് പരമ്പരാഗത ചെറുധാന്യ കൃഷി നടപ്പിലാക്കുകയും അട്ടപ്പാടി ട്രൈബൽ വില്ലേജ്

പദ്ധതിപ്രകാരം 500 ഏക്കർ സ്ഥലത്തും ചെറുധാന്യ കൃഷി നടപ്പിലാക്കുകയും ചെയ്തു.

9. 2021-22-ൽ 8429984 ഫലവൃക്ഷതൈകളും 2022-23 സാമ്പത്തികവർഷത്തിൽ നാളിതുവരെ 4864165 ഫലവൃക്ഷതൈകളും വിതരണം നടത്തി

10. 918 ഹെക്ടറിൽ കുരുമുളക് കൃഷി, 924.48 ഹെക്ടറിൽ ഇഞ്ചി, മഞ്ഞൾ കൃഷി, 112.218 ഹെക്ടറിൽ ജാതി, ഗ്രാമ്പൂ കൃഷി എന്നിവ പുതിയതായി വ്യാപിപ്പിച്ചു.

(ഡി) വരുന്ന തലമുറയെ കൃഷിയിലേയ്ക്ക് ആകർഷിക്കുന്നതിന് നടപ്പിലാക്കുവാനുദ്ദേശിക്കുന്ന പദ്ധതികൾ വിശദമാക്കാമോ?

യുവതലമുറയെ പ്രത്യേകിച്ച് വിദ്യാർത്ഥികളിൽ കാർഷിക സംസ്കൃതി പകർന്ന് കൊടുക്കുന്നതിനും കൃഷിയിലേയ്ക്ക് ആകർഷിക്കുന്നതിനുംവേണ്ടി വിദ്യാഭ്യാസ വകുപ്പുമായി സഹകരിച്ചുകൊണ്ട് പച്ചക്കറി വികസന പദ്ധതിയുടെ ഭാഗമായും കാർഷിക വിജ്ഞാന വ്യാപനം ശക്തിപ്പെടുത്തൽ എന്ന പദ്ധതിയുടെ ഭാഗമായും നിലവിൽ പല ഘടകങ്ങൾ കാർഷിക വികസന കർഷകക്ഷേമ വകുപ്പ് മുഖേന നടപ്പിലാക്കിവരുന്നുണ്ട്.

എല്ലാ ജനങ്ങളെയും പ്രത്യേകിച്ച് സ്കൂൾ വിദ്യാർത്ഥികളെയും യുവതലമുറയെയും കാർഷിക മേഖലയിലേയ്ക്ക് ആകർഷിക്കുകയെന്ന ലക്ഷ്യത്തോടെ നടപ്പിലാക്കിയ ജനകീയ ക്യാമ്പയിനാണ് "ഞങ്ങളും കൃഷിയിലേയ്ക്ക്". കൃഷി വകുപ്പ്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും മറ്റ് അനുബന്ധ വകുപ്പുകളുടെയും ഏകോപനത്തിലൂടെയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കിവരുന്നത്. വിദ്യാസമ്പന്നരായ പുതിയ തലമുറയിലെ അംഗങ്ങളെ കൃഷിയിലേയ്ക്ക് ആകർഷിക്കുന്നതിനും അവർക്ക് കൃഷി വകുപ്പിൽ തന്നെ അവസരങ്ങൾ ഒരുക്കുന്നതിനുമായി ഇന്റേൺഷിപ്പ് പരിപാടി നടപ്പിലാക്കിവരുന്നു. 2020-21 സാമ്പത്തികവർഷം മുതൽ നടപ്പിലാക്കിവരുന്ന പദ്ധതിയാണ് കൃഷി പാഠശാല. പരിശീലനങ്ങളിലൂടെ കർഷകർക്ക് കൃഷിയിലെ നൂതന സാങ്കേതികവിദ്യകൾ കൈമാറുന്നതിനും മികച്ച കൃഷിക്കാരുടെ കൃഷിയിടങ്ങളിൽ വച്ചുതന്നെ നല്ല കൃഷിരീതികൾ പരിചയപ്പെടുത്തുന്നതിനുമാണ് ടി പദ്ധതി നടപ്പിലാക്കുന്നത്. ഇത്തരം പരിശീലന പരിപാടികൾ എല്ലാ കർഷകർക്കും പ്രത്യേകിച്ച് യുവാക്കൾക്കും കൃഷിയെക്കുറിച്ചും നൂതന കൃഷി രീതികളിലുമുള്ള അവബോധം സൃഷ്ടിക്കുവാൻ സഹായകരമാണ്.

(ഇ) കർഷകർ ഉല്പാദിപ്പിക്കുന്ന വിളകൾക്ക് ന്യായവില ഉറപ്പാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

കർഷകർക്കും ഉപഭോക്താക്കൾക്കും ന്യായവില ഉറപ്പാക്കുന്നതിനായി കൃഷി വകുപ്പ് വിപണി ഇടപെടൽ പദ്ധതി 2016 മുതൽ തുടർച്ചയായി നടപ്പിലാക്കിവരുന്നുണ്ട്. ഈ പദ്ധതിയോടൊപ്പം കൃഷി വകുപ്പിന്റെ അനുബന്ധ സ്ഥാപനങ്ങളായ ഹോർട്ടികോർപ്പും വി.എഫ്.പി.സി.കെ.-യും സഹകരിച്ചുവരുന്നുണ്ട്. കർഷകർക്ക് മെച്ചപ്പെട്ട വില ലഭിക്കുന്നതിനും ഉപഭോക്താക്കൾക്ക് ഗുണമേന്മയുള്ള നാടൻ പച്ചക്കറി ലഭിക്കുന്നതിനും ഈ പദ്ധതി വളരെ സഹായകരമാണ്. 2022 ഓണക്കാലത്ത് സംസ്ഥാനത്ത് 2010 ഓണവിപണികൾ സംഘടിപ്പിച്ചു. കാർഷികോല്പന്നങ്ങൾ പൊതുവിപണിയേക്കാൾ 30 ശതമാനം വിലകൂട്ടി സംഭരിക്കുകയും 10 ശതമാനം വിലകുറച്ച് വില്പന നടത്തുകയും ചെയ്തു. സംസ്ഥാനത്ത് തിരുവനന്തപുരം, എറണാകുളം, കോഴിക്കോട്, വയനാട് ജില്ലകളിൽ പ്രവർത്തിക്കുന്ന 6 (ആറ്) കാർഷിക മൊത്ത വ്യാപാര വിപണികളിലും കർഷകർക്ക് നേരിട്ട് അവരുടെ പച്ചക്കറികൾ എത്തിച്ച് ലേലത്തിൽ ന്യായവിലയ്ക്ക് വിറ്റഴിക്കുവാനുള്ള സംവിധാനവും കൃഷി വകുപ്പ് ഒരുക്കിയിട്ടുണ്ട്. കൃഷി വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന വെജിറ്റബിൾ

ആൻഡ് ഫ്രൂട്ട്സ് പ്രൊമോഷൻ കൗൺസിൽ കേരളം (VFPCK)-യുടെ കീഴിൽ സംസ്ഥാനത്തൊട്ടാകെയുള്ള 289 'സ്വാശ്രയ കർഷക വിപണികൾ' മുഖേന കാർഷികോല്പന്നങ്ങൾ ന്യായവിലയ്ക്ക് കർഷകരിൽ നിന്നും സംഭരിച്ച് വിപണനം നടത്തിവരുന്നു. കൂടാതെ കൃഷി വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന 'ഹോർട്ടികോർപ്പും' കർഷകരിൽ നിന്നും പഴം, പച്ചക്കറികൾ സംഭരിച്ച് ഹോർട്ടികോർപ്പിന്റെ ഔട്ട്ലെറ്റുകൾ മുഖേന വിപണനം നടത്തിവരുന്നു. സംസ്ഥാനത്തെ കർഷകർ ഉല്പാദിപ്പിക്കുന്ന പഴം, പച്ചക്കറികൾക്ക് വിളവെടുപ്പ് സമയത്തുണ്ടാകുന്ന വിലയിടിവ് വാണിജ്യാടിസ്ഥാനത്തിലുള്ള കൃഷി വ്യാപനത്തിന് തടസ്സമാകുന്നത് പരിഹരിക്കുന്നതിനും സംസ്ഥാനത്ത് കർഷകർ ഉല്പാദിപ്പിക്കുന്ന കാർഷികോല്പന്നങ്ങൾക്ക് ഇടനിലക്കാരുടെ ചൂഷണമൊഴിവാക്കി ന്യായവില ലഭ്യമാക്കുന്നതിനുമായി കേരള ഫാം ഫ്രഷ് പഴം, പച്ചക്കറി അടിസ്ഥാന വില പദ്ധതി, 2020 നവംബർ ഒന്ന് മുതൽ നടപ്പിലാക്കി വരുന്നു. കൃഷി വകുപ്പിന്റെ AIMS പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാ അർഹരായ കർഷകർക്കും ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കും. കൂടാതെ നെല്ല് സ്ഥിരമായി സംഭരണവില നിശ്ചയിച്ച് കർഷകരിൽ നിന്നും സംഭരിക്കുന്നുണ്ട്. 2022-23 സീസണിലെ നെല്ലിന്റെ സംഭരണവില 28.20 രൂപയായി സംസ്ഥാന സർക്കാർ വീണ്ടും

വർദ്ധിപ്പിച്ചാണ് നെല്ല് സംഭരണം നടത്തുന്നത്. നാളികേരത്തിന്റെ വിലയിടിവ് കണക്കിലെടുത്ത് കർഷകർക്ക് ന്യായവില ഉറപ്പാക്കുന്നതിന് കേരള സർക്കാർ 14-01-2022-ൽ പച്ചത്തേങ്ങ സംഭരണം പുനരാരംഭിക്കാൻ ഉത്തരവ് നൽകിയതിനെത്തുടർന്ന് കേരഫെഡ്, കേരള സംസ്ഥാന നാളികേര വികസന കോർപ്പറേഷൻ (KSCDC) മുഖേന പച്ചത്തേങ്ങ കിലോയ്ക്ക് 32/- രൂപ സംഭരണ വില നൽകി സംഭരണ നടപടികളാരംഭിച്ചു. ആദ്യഘട്ടത്തിൽ 5 കേന്ദ്രങ്ങളിലൂടെ കേരഫെഡും നാളികേര വികസന കോർപ്പറേഷനും പച്ചത്തേങ്ങ സംഭരണമാരംഭിച്ചു. നിലവിൽ 79 സംഭരണ കേന്ദ്രങ്ങൾ വഴി പച്ചത്തേങ്ങ സംഭരണം നടന്നുവരുന്നു.

(എഫ്) സംസ്ഥാനത്ത് അടുക്കളത്തോട്ടം വ്യാപകമാക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ?

സംസ്ഥാനത്ത് ലഭ്യമായ എല്ലാസ്ഥലത്തും എല്ലാ വിഭാഗം ജനങ്ങളെയും കൃഷി ചെയ്യുവാൻ പ്രേരിപ്പിക്കുന്നതിനായി ലക്ഷ്യമിട്ട് സംസ്ഥാന സർക്കാർ നടപ്പിലാക്കിവരുന്ന " ഞങ്ങളും കൃഷിയിലേയ്ക്ക്" പദ്ധതിയുടെ ഭാഗമായി പച്ചക്കറി വികസന പദ്ധതിയിൽ ഈ വർഷവും അടുക്കളത്തോട്ടത്തിലെ പച്ചക്കറിക്കൃഷി വ്യാപകമാക്കുന്നത് ഉൾക്കൊള്ളിച്ചിട്ടുണ്ട്.

(ജി) കർഷകരുടെ ക്ഷേമം ലക്ഷ്യമാക്കി നടപ്പിലാക്കുവാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ; കർഷകർക്കും വിളകൾക്കും സൗജന്യ ഇൻഷ്വറൻസ് പദ്ധതി നിലവിലുണ്ടോയെന്ന് വിശദമാക്കാമോ?

സംസ്ഥാനത്തെ കാർഷിക മേഖലയുടെ ഉന്നമനത്തിനും അതിനോടൊപ്പം കർഷകരുടെ വരുമാനവും സുരക്ഷയും ക്ഷേമവും ഉറപ്പാക്കുന്നതിന് കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് നിരവധി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. കാർഷിക വിളകളായ നെല്ല്, പച്ചക്കറി, തെങ്ങ്, ഫലവർഗ്ഗങ്ങൾ, സുഗന്ധവ്യഞ്ജന വിളകൾ, പുഷ്പകൃഷി, ഔഷധ സസ്യങ്ങൾ എന്നിവയുടെ ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനായി വിളവിസ്തൃതി വർദ്ധനവും വികസനവും എന്ന സമീപനത്തിലുൾപ്പെടുത്തി 252.12 കോടി രൂപയുടെ പദ്ധതികൾ സംസ്ഥാനത്ത് നടപ്പിലാക്കിവരുന്നു.

കർഷകരുടെ ക്ഷേമത്തിനായി സംസ്ഥാന സർക്കാർ രൂപീകരിച്ച പുതിയ സംവിധാനമാണ് കർഷകക്ഷേമനിധി ബോർഡ്. ക്ഷേമനിധി പദ്ധതികൾക്ക് സർക്കാർ അംഗീകാരം ലഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി, പ്രകൃതിക്ഷോഭംമൂലം വിളനാശമുണ്ടായാൽ നഷ്ടപരിഹാരം, കർഷക

പെൻഷൻ എന്നിവയും കർഷക ക്ഷേമം ലക്ഷ്യമാക്കി സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന പദ്ധതികളാണ്. കർഷകർക്കും വിളകൾക്കും സൗജന്യ ഇൻഷ്വറൻസ് പദ്ധതി നിലവിൽ കൃഷിവകുപ്പ് മുഖേന നടപ്പിലാക്കുന്നില്ല.

## കാർഷികോല്പന്നങ്ങൾക്ക് സാങ്കേതികവിദ്യയിലൂന്നിയുള്ള വിപണന സാദ്ധ്യതകൾ

38(1779) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:

ശ്രീ. ജോബ് മൈക്കിൾ:

ശ്രീ. പ്രമോദ് നാരായൺ:

ഡോ. എൻ. ജയരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷികമേഖലയ്ക്ക് സാങ്കേതികവിദ്യയിലൂന്നിയുള്ള സമുദ്ധാരണത്തിന് നടപടി സ്വീകരിക്കാമോ?

സ്വീകരിച്ചിട്ടുണ്ട്.

(ബി) മറ്റ് സംസ്ഥാനങ്ങളിലെ ഇത്തരം പ്രവർത്തനങ്ങളുമായി സഹകരിച്ച് സംസ്ഥാനത്തും പ്രസ്തുത പദ്ധതി പ്രാവർത്തികമാക്കാൻ നടപടി സ്വീകരിക്കുമോ?

നിലവിൽ പരിഗണനയിലില്ല.

(സി) കാർഷികോല്പന്നങ്ങൾക്ക് മികച്ച വില ലഭിക്കുന്നതിന് സാങ്കേതികവിദ്യയിലൂന്നിയുള്ള വിപണന സാദ്ധ്യതകൾ പ്രയോജനപ്പെടുത്തുമോ?

2022-23 സാമ്പത്തികവർഷം താഴെ പറഞ്ഞിരിക്കുന്ന പുതിയ പദ്ധതികൾക്ക് ഇതിനായി തുടക്കം കുറിച്ചിട്ടുണ്ട്.

1. കൃഷിയിടാസൂത്രണത്തിൽ അധിഷ്ഠിതമായ ഉല്പാദന പദ്ധതി.

2. ഉല്പാദന സംഘടനകളുടെ വികസനവും സാങ്കതികവിദ്യയുടെ പിന്തുണയും

3. വിതരണ മൂല്യ ശൃംഖലയുടെ വികസനം

കൃഷിയിടാധിഷ്ഠിത ആസൂത്രണം നടപ്പിൽ വരുത്തുന്ന കൃഷിയിടങ്ങളിൽ തുടങ്ങി ഉപഭോക്താക്കൾ വരെ എത്തുന്ന വിതരണ ശൃഖല രൂപപ്പെടുത്തുന്നതിനാണ് പദ്ധതി വിഭാവനം ചെയ്യുന്നത്. ഈ വിതരണ ശൃഖലയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് ഡിജിറ്റൽ സാങ്കതികവിദ്യ പദ്ധതിയിൽ ഉപയോഗപ്പെടുത്തുന്നുണ്ട്. കേരളാ-അഗ്രിനെറ്റ് എന്ന പേരിൽ ഒരു സമഗ്ര വിപണന പ്ലാറ്റ്ഫോം നിർമ്മിക്കുന്നത് പരിഗണനയിലാണ്. പദ്ധതിയിലംഗങ്ങളായ കർഷകർ, കൃഷിക്കൂട്ടങ്ങൾ, കർഷക ഉല്പാദക സംഘടനകൾ, വിപണന

ഏജൻസികൾ, കാർഷിക കർമ്മസേന, അഗ്രോ സർവ്വീസ് സെന്ററുകൾ എന്നിവയെല്ലാം ഈ വിപണന പ്ലാറ്റ്ഫോമുമായി ബന്ധപ്പെടുത്തുന്നതാണ്.

കേരളാ ഫാം-ഫ്രഷ് എന്നപേരിൽ ഉപഭോക്താക്കൾക്കുള്ള ഒരു മൊബൈൽ ആപ്പും പദ്ധതിയുടെ ഭാഗമായി വികസിപ്പിക്കുന്നതാണ്. ഇതിലൂടെ ഉപഭോക്താക്കൾക്കാവശ്യമായ കാർഷികോല്പന്നങ്ങൾ ഓൺലൈനായി ഓർഡർ ചെയ്ത് വാങ്ങാൻ കഴിയും. അഗ്രി സ്റ്റാർട്ടപ്പുകൾ ഓൺലൈൻ വിപണന സംവിധാനത്തിലൂടെ ഉല്പന്നങ്ങൾ വിറ്റഴിക്കുന്നുണ്ട്. കൃഷി വകുപ്പിന്റെയും കാർഷിക സർവ്വകാലാശാലയുടെയും നേതൃത്വത്തിൽ അഗ്രി സ്റ്റാർട്ടപ്പുകൾക്ക് സഹായങ്ങൾ നൽകിവരുന്നുണ്ട്. കൂടാതെ പല ജില്ലകളിലും കൃഷിഭവനുകളുടെയും ബ്ലോക്കുകളുടെയും നേതൃത്വത്തിൽ ഓൺലൈൻ വിപണന സംവിധാനങ്ങൾ പരിമിതമായ തോതിൽ ആരംഭിച്ചിട്ടുണ്ട്. VAAM പദ്ധതിയിലൂടെ ഇ-കൊമേഴ്സ്യൽ സംവിധാനം കൂടുതൽ ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

വിപണന സംവിധാനം ഡിജിറ്റൈസ് ചെയ്യുന്നതിനായി 100 ലക്ഷം രൂപ ഈ സാമ്പത്തികവർഷം വകയിരുത്തിയിട്ടുണ്ട്. നടത്തിപ്പ് സംബന്ധിച്ച പ്രാരംഭ ചർച്ചകൾ ഫീൽഡുതല ഉദ്യോഗസ്ഥരുമായി നടത്തിയിട്ടുണ്ട്. കേരളാ ഡിജിറ്റൽ സർവ്വകലാശാലയുടെ സാങ്കതിക സഹകരണത്തോടെ ഇതിനുള്ള

നടപടികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. ഹോർട്ടികോർപ്പിന്റെ വിപണന സംവിധാനം പൂർണ്ണമായും സാങ്കേതിക വിദ്യാധിഷ്ഠിതമാക്കുവാനുള്ള നടപടികളും പുരോഗമിക്കുന്നു. കാർഷികോല്പന്നങ്ങൾ മൂല്യവർദ്ധനവിന് വിധേയമാക്കി ഓൺലൈൻ വിപണിയിലൂടെ വില്പന നടത്തുവാനുള്ള നടപടികളും കൈക്കൊണ്ടുവരുന്നു.

## കൃഷിഭവനുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി നടപ്പാക്കിയ പദ്ധതികൾ

39(1780) ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം സംസ്ഥാനത്തെ കൃഷിഭവനുകളുടെ അടിസ്ഥാനസൗകര്യ വികസനത്തിനായി നടപ്പാക്കിയ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കൃഷിഭവനുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി നടപ്പിലാക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.

(i) സംസ്ഥാനത്തെ കൃഷിഭവനുകളെ സ്മാർട്ട് കൃഷിഭവനാക്കുന്നതിനുള്ള പദ്ധതിപ്രകാരം 2022-23 സാമ്പത്തികവർഷത്തിൽ സംസ്ഥാന ബഡ്ജറ്റിലുൾപ്പെടുത്തി 28 കൃഷി ഭവനുകളെ സ്മാർട്ട് കൃഷിഭവനുകളാക്കുന്നതിനുള്ള നടപടികളാരംഭിച്ചുകഴിഞ്ഞു.

(ii) നബാർഡിന്റെ സഹായത്തോടെയുള്ള ആർ.ഐ.ഡി.എഫ്.-27 പദ്ധതിയിലുൾപ്പെടുത്തി സംസ്ഥാനത്തെ 14 കൃഷിഭവനുകളെ കൂടി സ്മാർട്ട് കൃഷിഭവനാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ടി പദ്ധതി കെ.എൽ.ഡി.സി. മുഖാന്തരമാണ് നടപ്പിലാക്കുന്നത്.

(ബി) അമ്പലപ്പുഴ നിയോജകമണ്ഡലത്തിൽ സ്മാർട്ട് കൃഷിഭവനായി തെരഞ്ഞെടുത്ത കൃഷിഭവൻ ഏതാണെന്നും എന്തെല്ലാം സൗകര്യങ്ങളും സേവനങ്ങളുമാണ് സ്മാർട്ട് കൃഷിഭവനിൽ ലഭ്യമാക്കിയിട്ടുള്ളതെന്നും അറിയിക്കാമോ?

സ്മാർട്ട് കൃഷിഭവൻ പദ്ധതിപ്രകാരം അമ്പലപ്പുഴ നിയോജകമണ്ഡലത്തിൽ നിന്നും അമ്പലപ്പുഴ വടക്ക് കൃഷിഭവനെയാണ് സ്മാർട്ട് കൃഷിഭവനാക്കുന്നതിനായി ആലപ്പുഴ പ്രിൻസിപ്പൽ കൃഷി ഓഫീസർ ശിപാർശ ചെയ്തിട്ടുള്ളത്. കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെ

സേവനങ്ങൾ കാര്യക്ഷമമായും സുതാര്യമായും കർഷകരുടെ വിരൽത്തുമ്പിൽ എത്തിക്കുകയെന്നതാണ് ഈ പദ്ധതിയുടെ അടിസ്ഥാനലക്ഷ്യം.

സ്മാർട്ട് കൃഷിഭവൻ പദ്ധതിയുടെ പ്രധാന ഘടകങ്ങൾ താഴെ ചേർക്കുന്നു.

1. പഞ്ചായത്തിന്റെ വിഭവ ഭൂപടം തയ്യാറാക്കുകയും അടിസ്ഥാന വിവരങ്ങളെ കമ്പ്യൂട്ടർവൽക്കരിക്കുകയും ചെയ്യുക.

2. വിള ആരോഗ്യ ക്ലിനിക്കും ബയോ ഫാർമസിയും.

3. കൃഷിഭവനുകളിൽ IT അനുബന്ധ അടിസ്ഥാനസൗകര്യങ്ങളൊരുക്കുക.

4. കൃഷിഭവനുകളെ കടലാസുരഹിത അത്യാധുനിക ഓഫീസുകളാക്കി മാറ്റുക.

5. സ്മാർട്ട് കാർഡ് സംവിധാനം

6. കൃഷിഭവനുകളിൽ ആധുനിക സജ്ജീകരണങ്ങളോടെ ഫ്രണ്ട് ഓഫീസ് ഇൻഫർമേഷൻ സെന്റർ സ്ഥാപിക്കുക

7. കൃഷിഭവനുകളുടെ നവീകരണം

8. വിവിധ ഉല്പാദനോപാധികളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനുള്ള IT സംവിധാനം

9. ആധുനിക വിപണന സംഭരണ സംവിധാനം

10. കാർഷിക കർമ്മ സേന/അഗ്രോ സർവ്വീസ് സെന്റർ

(സി) കാർഷിക സേവനങ്ങൾ കർഷക സൗഹൃദമാക്കുന്നതിനും കാർഷികോല്പാദന വിപുലീകരണത്തിനും സ്വീകരിച്ച നടപടി എന്തൊക്കെയെന്ന് വിശദമാക്കാമോ?

കാർഷിക സേവനങ്ങൾ കർഷക സൗഹൃദമാക്കുന്നതിനായി നടപ്പിലാക്കിവരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. കൃഷിഭവനുകളെ കർഷക സൗഹൃദ കേന്ദ്രങ്ങളാക്കുന്നതിനും സേവനങ്ങൾ കാര്യക്ഷമമായും സുതാര്യമായും കർഷകരുടെ വിരൽത്തുമ്പിൽ എത്തിക്കുന്നതിനുമായി "സ്മാർട്ട് കൃഷിഭവൻ പദ്ധതി" വിഭാവനം ചെയ്ത് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സ്മാർട്ട് കൃഷിഭവനുകളോട് അനുബന്ധിച്ച് നിലവിൽ വരുന്ന അഗ്രോ സർവീസ് സെന്ററുകളും സസ്യാരോഗ്യ ക്ലിനിക്കുകളും കർഷകർക്ക് മെച്ചപ്പെട്ട സേവനം നൽകുന്നതിന് പര്യാപ്തമാകും.

2. കൃഷി വകുപ്പിന്റെ എയിംസ് പോർട്ടൽ മുഖാന്തരവും പ്രധാനപ്പെട്ട പദ്ധതികളുമായി ബന്ധപ്പെട്ട സേവനങ്ങൾ, ഓൺലൈനായി കർഷകർക്ക് നൽകിവരുന്നു.

3. കാർഷികോല്പാദനം വർദ്ധിപ്പിക്കുന്നതിന് ചുവടെ ചേർക്കുന്ന വിവിധ പദ്ധതികൾ കൃഷി വകുപ്പ് വിഭാവനം ചെയ്ത് നടപ്പിൽ വരുത്തിയിട്ടുണ്ട്.

1. തെങ്ങുകൃഷി പുനരുജ്ജീവിപ്പിക്കുന്നതിനായി ആരംഭിച്ച കേരഗ്രാമം പദ്ധതി

2. നെൽകൃഷി വികസന പദ്ധതി

3. പച്ചക്കറി കൃഷി വികസന പദ്ധതി

4. ഒരു കോടി ഫല വൃക്ഷ തൈകളുടെ വിതരണം

5. പുനഃക്രമീകരിച്ച വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം, പ്രീമിയം തുകയിൽ വർദ്ധനവ് വരുത്താതെതന്നെ വിളനാശത്തിനുള്ള നഷ്ടപരിഹാരത്തുക വർദ്ധിപ്പിച്ചുകൊണ്ടുള്ള പദ്ധതി

6. ഗുണമേന്മയുള്ള നടീൽ വസ്തുക്കളുടെ ഉല്പാദനം, നാടൻ വിത്തിനങ്ങളുടെ ജൈവ വൈവിദ്ധ്യവത്ക്കരണവും പ്രോത്സാഹനവും, ജൈവകൃഷിയും ഉത്തമകൃഷി മുറകളും, വിള ആരോഗ്യ പരിപാലനം തുടങ്ങിയ

പദ്ധതികളും സംസ്ഥാനത്തെ കാർഷികോല്പാദന വിപുലീകരണത്തിനുവേണ്ടിയുള്ള വിവിധ പദ്ധതികളാണ്

7. 2022-23 വർഷത്തിൽ പുതുതായി ആരംഭിച്ച, ഫാം പ്ലാൻ അധിഷ്ഠിത കാർഷിക വികസന പദ്ധതി കാർഷികോല്പാദന വിപുലീകരണമെന്ന ലക്ഷ്യം മുൻനിർത്തിയുള്ള ഏറ്റവും പുതിയ പദ്ധതിയാണ്. കൃത്യമായ കൃഷിയിട ആസൂത്രണത്തിലൂടെ സംയോജിത കൃഷി രീതികൾ, ഉല്പാദനോപാധികളുടെ ഫലപ്രദവും കാര്യക്ഷമവുമായ ഉപയോഗം, ലേബർ മാനേജ്മെന്റ് എന്നിവയിലൂടെയും കൂട്ടായ വിപണന, വിനിമയ സങ്കേതങ്ങളിലൂടെയും ഉല്പന്നങ്ങൾക്ക് വിപണിയും വിലസ്ഥിരതയും ഉറപ്പാക്കുന്നതിനും പദ്ധതി വിഭാവനം ചെയ്യുന്നു.

**ആറ്റിങ്ങൽ മണ്ഡലത്തിലെ ഇക്കോ ഷോപ്പുകൾ**

40(1781) <u>ശ്രീമതി ഒ. എസ്. അംബിക</u>: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആറ്റിങ്ങൽ മണ്ഡലത്തിൽ എത്ര ഇക്കോ ഷോപ്പുകളാണ് പ്രവർത്തിക്കുന്നത്; കൃഷിഭവൻ-തദ്ദേശസ്വയംഭരണ സ്ഥാപനം സഹിതം വിശദമാക്കുമോ; ഈ സർക്കാർ അധികാരമേറ്റശേഷം ഓരോ

ഇക്കോഷോപ്പിലും എത്ര രൂപയുടെ പ്രാദേശിക ഉല്പന്നങ്ങളാണ് സംഭരിക്കാൻ കഴിഞ്ഞിട്ടുള്ളത്; വിശദമാക്കുമോ?

ആറ്റിങ്ങൽ മണ്ഡലത്തിൽ ഒരു ഇക്കോഷോപ്പാണ് പ്രവർത്തിക്കുന്നത്. ആറ്റിങ്ങൽ കൃഷി ഭവനുകീഴിൽ ആറ്റിങ്ങൽ മുനിസിപ്പാലിറ്റിയിലാണ് ടി ഇക്കോഷോപ്പ് പ്രവർത്തിക്കുന്നത്. ഈ സർക്കാർ അധികാരമേറ്റശേഷം 1,44,000/- രൂപയുടെ പ്രാദേശിക ഉല്പന്നങ്ങളാണ് സംഭരിക്കാൻ കഴിഞ്ഞിട്ടിട്ടുള്ളത്.

**വെള്ളനാട് ബ്ലോക്കിലെ കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ ഓഫീസ്**

41(1782) <u>ശ്രീ. ജി. സ്റ്റീഫൻ</u>: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വെള്ളനാട് ബ്ലോക്കിലെ കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ ഓഫീസ് ഭരണപരമായ സൗകര്യത്തിനായി വെള്ളനാട് ബ്ലോക്ക് പഞ്ചായത്ത് ഓഫീസുമായി ചേർന്ന് പ്രവർത്തിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

നിലവിൽ പരിഗണനയിലില്ല.

**സ്മാർട്ട് കൃഷിഭവനുകൾ**

42(1783) <u>ശ്രീ. എം. വിജിൻ</u>: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാർഷിക വികസന കർഷകക്ഷേമ വകുപ്പിന്റെ സേവനങ്ങൾ കാര്യക്ഷമവും സുതാര്യവുമായി നടപ്പിലാക്കാനുദ്ദേശിച്ചുകൊണ്ടുള്ള സ്മാർട്ട് കൃഷിഭവൻ പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ; സംസ്ഥാനത്ത് എത്ര കൃഷിഭവനുകളാണ് ആദ്യഘട്ടത്തിൽ സ്മാർട്ട് കൃഷിഭവനുകളാക്കുന്നതെന്ന് അറിയിക്കാമോ?

കാർഷിക വികസന കർഷകക്ഷേമ വകുപ്പിന്റെ സേവനങ്ങൾ കാര്യക്ഷമമായും സുതാര്യമായും കർഷകരുടെ വിരൽത്തുമ്പിലെത്തിക്കുന്നതിനാണ് 'സ്മാർട്ട് കൃഷിഭവൻ' പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. കർഷക സമൂഹത്തിന്റെ എല്ലാ ആവശ്യങ്ങളും ഏകജാലക സംവിധാനത്തിൽ നിറവേറ്റുന്നതിനായി കൃഷിഭവനെ സ്മാർട്ട് കൃഷിഭവനാക്കി മാറ്റുകയെന്നാണ് ലക്ഷ്യമിടുന്നത്. സർവ്വീസ് ഡെലിവറി, അടിസ്ഥാന സൗകര്യങ്ങൾ, ഇൻഫർമേഷൻ സിസ്റ്റം എന്നിങ്ങനെ മൂന്ന് മേഖലകളിൽ കൃഷിഭവനെ മികച്ചതാക്കുകയെന്നതാണ് ഇതിന്റെ ലക്ഷ്യം.

സ്മാർട്ട് കൃഷിഭവൻ പദ്ധതിയുടെ പ്രധാന ഘടകങ്ങൾ താഴെ ചേർക്കുന്നു.

1. പഞ്ചായത്തിന്റെ വിഭവ ഭൂപടം തയ്യാറാക്കുകയും അടിസ്ഥാന വിവരങ്ങളെ കമ്പ്യൂട്ടർവൽക്കരിക്കുകയും ചെയ്യുക.

2. വിള ആരോഗ്യ ക്ലിനിക്കും ബയോ ഫാർമസിയും.

3. കൃഷിഭവനുകളിൽ IT അനുബന്ധ അടിസ്ഥാന സൗകര്യങ്ങളൊരുക്കുക.

4. കൃഷിഭവനുകളെ കടലാസുരഹിത അത്യാധുനിക ഓഫീസുകളാക്കി മാറ്റുക.

5. സ്മാർട്ട് കാർഡ് സംവിധാനം.

6. കൃഷിഭവനുകളിൽ ആധുനിക സജ്ജീകരണങ്ങളോടെ ഫ്രണ്ട് ഓഫീസ് ഇൻഫർമേഷൻ സെന്റർ സ്ഥാപിക്കുക.

7. കൃഷിഭവനുകളുടെ നവീകരണം.

8. വിവിധ ഉല്പാദനോപാധികളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനുള്ള IT സംവിധാനം

9. ആധുനിക വിപണന സംഭരണ സംവിധാനം

10. കാർഷിക കർമ്മ സേന/അഗ്രോ സർവ്വീസ് സെന്റർ

ആദ്യഘട്ടത്തിൽ 140 കൃഷിഭവനുകളെ സ്മാർട്ട് കൃഷിഭവനുകളാക്കുവാനാണ് ലക്ഷ്യമിടുന്നത്. 2022-23-ലെ വാർഷിക പദ്ധതിയിലുൾപ്പെടുത്തി 28 കൃഷിഭവനുകളെയും ആർ.ഐ.ഡി.എഫ്. ട്രാഞ്ചെ

XXVII പദ്ധതിയിലുൾപ്പെടുത്തി 14 കൃഷിഭവനുകളെയും സ്മാർട്ട് കൃഷി ഭവനുകളാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## കൃഷിനാശവും നഷ്ടപരിഹാരവും

43(1784) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഈ സർക്കാരിന്റെ കാലത്തും കഴിഞ്ഞ സർക്കാരിന്റെ കാലത്തും കർഷകർക്കുണ്ടായ കൃഷിനാശത്തിന് നഷ്ടപരിഹാരമായി ഇനി എത്ര തുക വിതരണം ചെയ്യാൻ ബാക്കിയുണ്ടെന്ന് അറിയിക്കാമോ; ജില്ല തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ;

കൃഷിനാശത്തിന് നഷ്ടപരിഹാരമായി സംസ്ഥാന വിഹിതമായി 3414.95350 ലക്ഷം രൂപയും സംസ്ഥാന ദുരന്ത പ്രതികരണ നിധി വിഹിതമായി 1076.63591 ലക്ഷം രൂപയും വിതരണം ചെയ്യാൻ ബാക്കിയുണ്ട്. ജില്ല തിരിച്ചുള്ള വിശദാംശം അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു+.

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്തും ഈ സർക്കാരിന്റെ കാലത്തും എത്ര കർഷക ആത്മഹത്യകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്; ഇവരുടെ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ആശ്രിതർക്ക് എന്തെല്ലാം സഹായം വിതരണം ചെയ്തിട്ടുണ്ട്; വിവരം അറിയിക്കാമോ;

കൃഷി വകുപ്പിന്റെ കണക്കുകൾ പ്രകാരം കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 26 കർഷക ആത്മഹത്യകൾ സ്ഥിരീകരിച്ചിട്ടുണ്ട്. ഈ സർക്കാരിന്റെ കാലത്ത് കർഷക ആത്മഹത്യകൾ സ്ഥിരീകരിച്ചിട്ടില്ല. ഇടുക്കി, വയനാട് ജില്ലകളിൽ ആത്മഹത്യ ചെയ്ത 14 കർഷകരുടെ കുടുംബങ്ങൾക്കായി 44 ലക്ഷം രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം അനുവദിച്ചിട്ടുണ്ട്.

(സി) കാർഷിക വായ്പയെടുത്ത് തിരിച്ചടവ് മുടങ്ങിയ എത്ര കർഷകർക്ക് നിലവിൽ ജപ്തി നടപടികൾ നേരിടേണ്ടി വരുന്നുണ്ട്; ഈ സർക്കാരിന്റെ കാലത്ത് ജപ്തി നടപടി പൂർത്തിയായ എത്ര കേസുകളുണ്ട്; വിശദാംശം ലഭ്യമാക്കുമോ;

സഹകരണ ബാങ്കുമായി ബന്ധപ്പെട്ട വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

(ഡി) മങ്കട നിയോജകമണ്ഡലത്തിലെ എത്ര കർഷകർക്ക് എത്ര രൂപയുടെ നഷ്ടപരിഹാരത്തുക കുടിശ്ശികയായുണ്ട്; വിശദാംശം

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ലഭ്യമാക്കുമോ; കുടിശ്ശികയായ നഷ്ടപരിഹാരത്തുക അടിയന്തരമായി വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

മങ്കട നിയോജകമണ്ഡലത്തിലെ കർഷകർക്ക് വിളനാശംമൂലമുള്ള നഷ്ടപരിഹാരം, സംസ്ഥാന വിഹിതം 53 കർഷകർക്കായി 4,85,219/- രൂപയും എസ്.ഡി.ആർ.എഫ്. വിഹിതം 12 കർഷകർക്കായി 48,531/- രൂപയും സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം 32 കർഷകർക്കായി 6,83,400/- രൂപയും നൽകുവാനുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു+. തുക നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**കാർഷിക മേഖലയിലെ യന്ത്രവൽക്കരണം**

44(1785) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാർഷിക മേഖലയിൽ യന്ത്രവൽക്കരണം അനിവാര്യമായ സാഹചര്യത്തിൽ, കാർഷികയന്ത്രങ്ങൾ പഞ്ചായത്തുകൾതോറും ലഭ്യമാക്കാനും ഇവയുടെ അറ്റകുറ്റപണികൾ സമയബന്ധിതമായി നടത്താനും നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കാർഷിക യന്ത്രോപകരണങ്ങൾ എല്ലാ പഞ്ചായത്തിലും ലഭ്യമാക്കുവാനായി ഘട്ടംഘട്ടമായി പഞ്ചായത്തുകൾതോറും കൃഷി വകുപ്പിന്റെ ആഭിമുഖ്യത്തിൽ കാർഷിക കർമ്മസേനകളും ബ്ലോക്കടിസ്ഥാനത്തിൽ കൃഷിശ്രീ സെന്ററുകളും സ്ഥാപിച്ചുവരുന്നു. ജില്ലകളിലെ കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തോടനുബന്ധിച്ച് പ്രവർത്തിക്കുന്ന കസ്റ്റം ഹയറിംഗ് സെന്ററുകൾ മുഖേനയും കർഷകർക്ക് കാർഷിക യന്ത്രങ്ങൾ ലഭ്യമാണ്. ഈ കേന്ദ്രങ്ങൾ മുഖേന കർഷകർക്ക് മിതമായ നിരക്കിൽ യന്ത്രങ്ങൾ ഉപയോഗിച്ചുള്ള കാർഷിക പ്രവർത്തനങ്ങൾ നടപ്പിലാക്കാവുന്നതാണ്. പഞ്ചായത്തുതലത്തിൽ നിലവിലെ 368 കാർഷിക കർമ്മസേനകളിൽ 205 കാർഷിക കർമ്മസേനകളിലും കാർഷികയന്ത്രങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതിയായ കാർഷികയന്ത്രവൽക്കരണ ഉപദൗത്യം (SMAM) വഴി സബ്സിഡിയോടെ വ്യക്തികൾക്കും പാടശേഖര സമിതികൾക്കും കാർഷികയന്ത്രങ്ങൾ ലഭ്യമാക്കുന്നുണ്ട്. കാർഷികയന്ത്രങ്ങളുടെ അറ്റകുറ്റപ്പണികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിന്റെ ഭാഗമായി കൃഷി വകുപ്പിനുകീഴിൽ കേരള കാർഷിക യന്ത്രവൽക്കരണ മിഷൻ പ്രവർത്തിച്ചുവരുന്നുണ്ട്. മിഷൻ ആവിഷ്കരിച്ച 'കാർഷിക യന്ത്രപരിരക്ഷണ യജ്ഞത്തിലൂടെ' ജില്ലകൾതോറും ക്യാമ്പ്

സംഘടിപ്പിച്ച് കാർഷിക യന്ത്രങ്ങൾ അറ്റകുറ്റപ്പണി നടത്തി പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്. ഇത്തരം ക്യാമ്പ് വഴി 705 പേർക്ക് അറ്റകുറ്റപ്പണി പരിശീലനം നൽകി പ്രാപ്തരാക്കിയിട്ടുണ്ട്.

## നെല്ല് സംഭരണം

45(1786) ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെല്ല് സംഭരണത്തിനായി എന്തെല്ലാം മാർഗ്ഗനിർദ്ദേശങ്ങളാണ് പുറപ്പെടുവിച്ചിട്ടുള്ളത്; വിവരം നൽകുമോ?

നെല്ല് സംഭരണത്തിനായി മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഈ മാർഗ്ഗനിർദ്ദേശങ്ങൾ സപ്ലൈകോയുടെ നെല്ല് സംഭരണ വെബ്സൈറ്റിൽ പ്രദർശിപ്പിച്ചിട്ടുണ്ട്. ആയതിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു+.

(ബി) ഇവ കർഷകർക്ക് പൂർണ്ണമായി സഹായകരമാണെന്ന് വിലയിരുത്തിയിട്ടുണ്ടോയെന്ന് അറിയിക്കാമോ?

ഇതുസംബന്ധിച്ച് ശാസ്ത്രീയമായ വിലയിരുത്തലുകൾ നടത്തിയിട്ടില്ലെങ്കിലും കർഷകരുടെ ഭാഗത്തുനിന്ന് ഇതുസംബന്ധിച്ച

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പരാതികൾ ലഭ്യമാകാത്തതിനാൽ കർഷകർക്ക് നിർദ്ദേശങ്ങൾ സഹായകരമാണെന്ന് കാണുന്നു.

## നെൽകൃഷി വിപുലീകരണം

46(1787) <u>ശ്രീ. ഇ. കെ. വിജയൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നെൽകൃഷി വിപുലീകരണവുമായി ബന്ധപ്പെട്ട് എന്തൊക്കെ മാറ്റങ്ങളാണ് വരുത്തിയിട്ടുള്ളതെന്നും എന്തൊക്കെ ആനുകൂല്യങ്ങളാണ് കർഷകർക്ക് നൽകുന്നതെന്നും വിശദമാക്കുമോ?

നെൽവയൽ ഉടമസ്ഥർക്കുള്ള റോയൽറ്റി തുക പ്രതിവർഷം ഹെക്ടറിന് 2000/- രൂപയായിരുന്നത് 2022-23 വർഷം മുതൽ ഹെക്ടറിന് 3000/- രൂപയായി വർദ്ധിപ്പിച്ചു.

ജനകീയാസൂത്രണത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വിവിധ നെൽകൃഷി വികസന പദ്ധതികളിലുൾപ്പെടുത്തി ഉഴവുകൂലിക്കും ഉല്പാദനോപാധികൾക്കുള്ള ആനുകൂല്യവും (പരമാവധി 25000 രൂപ) കർഷകർക്ക് ലഭിക്കും. പൊക്കാളി, കരി, കൈപ്പാട് എന്നീ പ്രത്യേക

നെൽകൃഷി മേഖലകളിൽ പരമാവധി ആനുകൂല്യം ഹെക്ടറിന് 32,000/- രൂപയാണ്. 2021-22 വർഷത്തിൽ ഹെക്ടറിന് 22,000/- രൂപയായിരുന്നു പരമാവധി ആനുകൂല്യം. നെൽകർഷകർക്ക് നൽകിവരുന്ന ആനുകൂല്യങ്ങൾ സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു+.

(ബി) ഭക്ഷ്യോല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ?

ഭക്ഷ്യോല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി സ്വീകരിച്ച നടപടികൾ സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു+.

**ആർ.ഐ.ഡി.എഫ്. പദ്ധതി പ്രകാരം അനുവദിച്ച പദ്ധതികൾ**

47(1788) ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ ഗുരുവായൂർ മണ്ഡലത്തിൽ ആർ.ഐ.ഡി.എഫ്. പദ്ധതി പ്രകാരം കൃഷി വകുപ്പിന് അനുവദിച്ച പദ്ധതികളുടെ വിശദവിവരം ലഭ്യമാക്കുമോ?

2016 മുതൽ ഗുരുവായൂർ മണ്ഡലത്തിൽ ആർ.ഐ.ഡി.എഫ്. പദ്ധതി പ്രകാരം " NABARD RIDF XXI - Integrated Development of Kole

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

Lands (phase lII) in Thrissur and Malappuram District-Improvements to Noonakkadavu kole padavu (ch 0.00 to 1250 m) including Constructon of Engine thara (3 Nos.) and Construction of sluice (3 Nos.) in Ponnani Taluk" എന്ന പദ്ധതി കേരള ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷൻ മുഖേന നടപ്പിലാക്കിവരുന്നു.

ഗുരുവായൂർ മണ്ഡലത്തിൽ ആർ.ഐ.ഡി.എഫ്. Tranche XX-ൽ അനുമതി കിട്ടിയ കുട്ടാടൻ പാടം പുനരുജ്ജീവനമെന്ന പദ്ധതിയാണ് കൃഷി വകുപ്പ് കാർഷിക എഞ്ചിനീയറിംഗ് വിഭാഗം മുഖേന നടപ്പിലാക്കിയിട്ടുള്ളത്.

(ബി) പ്രസ്തുത പദ്ധതികൾക്കായി അനുവദിച്ച തുക, ചെലവഴിച്ച തുക, പദ്ധതികളുടെ പുരോഗതി എന്നിവ സംബന്ധിച്ച വിശദാംശം നൽകുമോ?

കൃഷി വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗം, കേരള ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷൻ എന്നിവ മുഖേന നടപ്പിലാക്കിയിട്ടുള്ള മേൽ പ്രവൃത്തികളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു+.

**മൂല്യ വർദ്ധിത കൃഷി മിഷൻ**

48(1789) ശ്രീ. സജി ചെറിയാൻ:
ശ്രീ. ഒ. ആർ. കേളു:
ശ്രീ. കെ. ഡി. പ്രസേനൻ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ശ്രീ. എ. രാജ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാർഷികോല്പാദനക്ഷമതയും കർഷകരുടെ വരുമാനവും വർദ്ധിപ്പിക്കുന്നതിന് രൂപീകരിച്ചിട്ടുള്ള മൂല്യവർദ്ധിത കൃഷി മിഷന്റെ വിശദാംശം നൽകുമോ?

കാർഷികോല്പന്നങ്ങളെ മൂല്യവർദ്ധിത ഉല്പന്നമാക്കി മാറ്റുന്നതിനും കൃഷിക്കാരുടെ വരുമാനം ഇരട്ടിയാക്കൽ, കാർഷികോല്പാദനക്ഷമത വർദ്ധിപ്പിക്കുക, ഉല്പന്നസംഭരണം, ഉല്പന്നങ്ങളുടെ വില, മൂല്യവർദ്ധിത പ്രവർത്തനങ്ങളിൽ നിന്നുള്ള വരുമാനം, മറ്റനുബന്ധ വരുമാനങ്ങൾ എന്നിവയിൽ വർദ്ധനവ് വരുത്തുന്നതിനുമായിട്ടാണ് മൂല്യവർദ്ധിത കൃഷി മിഷൻ (Value Added Agriculture Mission-VAAM) രൂപീകരിച്ചിട്ടുള്ളത്.

പ്രാഥമിക കാർഷിക ഉല്പന്നങ്ങളുടെ ഉല്പാദന/നിർമ്മാണ പ്രക്രിയകൾ, വിപണനം/സേവനങ്ങൾ എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിച്ച് ഉല്പന്നങ്ങളുടെ മൂല്യം വർദ്ധിപ്പിക്കുകയെന്ന ആശയത്തിനാണ് മൂല്യവർദ്ധിത കൃഷി മിഷൻ ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. കാർഷിക മേഖലയിലുണ്ടായിട്ടുള്ള പ്രധാന നേട്ടങ്ങൾ, നിലവിലുള്ള അവസരങ്ങൾ, വിടവുകൾ, നയം, സ്ഥാപനപരം, വിപണി, സാങ്കേതിക വശങ്ങൾ എന്നിവ പരിഗണിച്ച് പ്രധാനമായും

ഇടപെടേണ്ട മേഖലകൾ കണ്ടെത്തുകയും അതുവഴി, മൂല്യവർദ്ധിത കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള ഒരു പദ്ധതി ആവിഷ്കരിക്കുന്നതിനും കേന്ദ്രീകൃത സമീപനം രൂപീകരിക്കുന്നതിനും ആവശ്യമായ നിർദ്ദേശങ്ങൾ/ശിപാർശകൾ എന്നിവയടങ്ങിയ ഒരു വർക്കിംഗ് പേപ്പറും VAAM നടത്തിപ്പിലേയ്ക്കായി അംഗീകരിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത മിഷന്റെ ഭാഗമായി ഉല്പന്നങ്ങളുടെ ഗുണനിലവാരമുറപ്പാക്കി സുസ്ഥിര വിപണിയുറപ്പാക്കാൻ പദ്ധതിയുണ്ടോ; ഉല്പന്നങ്ങളുടെ വിപണനത്തിനായി കാര്യക്ഷമമായ സംവിധാനമൊരുക്കുന്നതിന് കേരള അഗ്രോ ബിസിനസ് കമ്പനി രൂപീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

ഉണ്ട്. സിയാൽ മാതൃകയിൽ കേരള അഗ്രി ബിസിനസ്സ് കമ്പനി എന്നൊരു കമ്പനി രൂപീകരിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു

(സി) ഉല്പന്നങ്ങളുടെ സംസ്കരണത്തിനുള്ള ആധുനിക സമ്പ്രദായങ്ങളിൽ പരിശീലനം നൽകി യുവജനങ്ങളെ സംരംഭകരാക്കാനുദ്ദേശ്യമുണ്ടോ; വ്യക്തമാക്കുമോ?

ഉണ്ട്. ജനങ്ങളെ സംരംഭകരാക്കാൻ കേരള കാർഷിക സർവകലാശാലയിൽ ഒരു സ്റ്റാർട്ടപ്പ് ഇൻകുബേറ്റർ സ്ഥാപിച്ചിട്ടുണ്ട്.

യുവജനങ്ങളെ സംരംഭകരാക്കുന്നതിനായി കേരള സ്റ്റാർട്ടപ്പ് മിഷന്റെ റിസർച്ച് ഇന്നൊവെഷൻ നെറ്റ്‌വർക്ക് കേരള (റിങ്ക്) പ്ലാറ്റ്ഫോമിലും താല്പര്യമുള്ള എഫ്.പി.ഒ.-കൾ എം.എസ്.എം.ഇ.-കൾ സ്റ്റാർട്ടപ്പുകൾ എന്നിവയ്ക്ക് മൂല്യവർദ്ധിത സേവനങ്ങൾ വികസിപ്പിക്കുന്നതിനുള്ള സാങ്കേതിക കൈമാറ്റത്തിനുള്ള ഒരു സാങ്കേതിക വെയർഹൗസ് പ്രവർത്തിക്കുന്നുണ്ട്. 20 ലക്ഷം തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുള്ള സമഗ്രപരിപാടിയിൻകീഴിൽ കെ-ഡിസ്ക്, കാർഷിക സർവകലാശാല, വെറ്ററിനറി സർവകലാശാല, ഫിഷറീസ് സർവകലാശാല എന്നിവയുമായി സംയുക്ത വിജ്ഞാന സഹകരണത്തിനും പ്രാദേശിക ഉല്പാദനത്തിനുമായി പ്രോഗ്രാമുകൾ വികസിപ്പിച്ചെടുക്കുന്നുണ്ട്. ആയതിനാൽ ഇതുവഴി ഉല്പാദനം, പോസ്റ്റ് പ്രൊഡക്ഷൻ മേഖലകളിൽ ഉയർന്ന വൈജ്ഞാനിക തൊഴിലവസരങ്ങൾ കൈവരുകയും യുവജനങ്ങളെ സംരംഭകരാക്കാൻ സഹായിക്കുകയും ചെയ്യും.

കാർഷികവികസന കർഷകക്ഷേമ വകുപ്പിനുകീഴിൽ ചെറുകിട കർഷക കാർഷിക വ്യാപാര കൺസോർഷ്യം (SFAC) കേരള ഉല്പന്നങ്ങളുടെ സംസ്കരണത്തിനുള്ള ആധുനിക സമ്പ്രദായങ്ങളിൽ പരിശീലനം നൽകുകയും കാർഷിക മേഖലയിലെ സൂക്ഷ്മ ചെറുകിട ഇടത്തരം മൂല്യവർദ്ധന സംരംഭങ്ങൾക്കുള്ള പ്രോത്സാഹന പദ്ധതി വഴി ആധുനിക സംസ്കരണ

യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് ആനുകൂല്യങ്ങൾ നൽകുകയും ചെയ്യുന്നു. കാർഷിക സർവകലാശാല, ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാക്കേജിംഗ്, സമേതി-ആനയറ എന്നിവയുമായി സഹകരിച്ച് യുവസംരംഭകർക്കും സംരംഭങ്ങൾ ആരംഭിക്കുവാൻ താല്പര്യമുള്ളവർക്കും വിവിധ പരിശീലനങ്ങൾ നൽകിവരുന്നു. ഇതുകൂടാതെ സംരംഭങ്ങൾ ആരംഭിക്കുന്നവർക്ക് ആനുകൂല്യത്തിന്റെ ഭാഗമായി സർക്കാർ ഗവേഷണ സ്ഥാപനങ്ങളിൽ ഉല്പന്നങ്ങളുടെ സംസ്കരണത്തിനുള്ള ആധുനിക സമ്പ്രദായങ്ങളിൽ പരിശീലനം നേടുന്നതിന് ചെലവാകുന്ന പതിനായിരം രൂപ വരെയുള്ള തുക സംരംഭകർക്ക് തിരിച്ചുനൽകുന്നു. ഇതുകൂടാതെ യുവസംരംഭകർക്ക് ഓൺലൈനായും നിരവധി പരിശീലനങ്ങൾ നൽകിവരുന്നു.

## കൃഷി ദർശൻ പദ്ധതി

49(1790) ശ്രീ. വി. ശശി:
ശ്രീ. വി. ആർ. സുനിൽകുമാർ:
ശ്രീ. ഇ. കെ. വിജയൻ:
ശ്രീ. വാഴൂർ സോമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവിധ കാർഷികമേഖലകളിലെ കർഷകരോടും ഉദ്യോഗസ്ഥരോടും സംവദിച്ച് കാർഷികമേഖലയിലെ പ്രശ്നങ്ങൾ നേരിട്ട്

മനസ്സിലാക്കുന്നതിനും പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുമായി വിഭാവനം ചെയ്തിട്ടുള്ള കൃഷിദർശൻ പദ്ധതിയുടെ പുരോഗതി വിശദമാക്കാമോ?

സംസ്ഥാനത്തെ മുഴുവൻ കൃഷി ബ്ലോക്കുകളിലും ഘട്ടംഘട്ടമായാണ് കൃഷിദർശൻ പരിപാടി നടത്തുന്നത്. ഒരു ജില്ലയിൽ ഒന്നെന്ന ക്രമത്തിൽ ജില്ലാതല പരിപാടിയായി ഒന്നാംഘട്ടം നടപ്പിലാക്കുന്നു. ബ്ലോക്കുതല പരിപാടിയായിട്ടായിരിക്കും രണ്ടാംഘട്ടം നടപ്പിലാക്കുക. സംസ്ഥാനത്ത് നാളിതുവരെ തൃശ്ശൂർ ജില്ലയിലെ ഒല്ലൂക്കര ബ്ലോക്കിലും കണ്ണൂർ ജില്ലയിലെ തലശ്ശേരി ബ്ലോക്കിലും ഇതിനോടകം കൃഷിദർശൻ പരിപാടി നടന്നുകഴിഞ്ഞു. കൃഷിദർശന്റെ ഭാഗമായി പ്രസ്തുത ബ്ലോക്കുകളിൽ പ്രാദേശിക സാമ്പത്തിക വികസനം ലക്ഷ്യമാക്കിയുള്ള കാർഷിക മേഖലയുടെ വികസനം, കർഷക വരുമാനം ഇരട്ടിയാക്കുക, ഭക്ഷ്യപോഷക സുരക്ഷ ഉറപ്പുവരുത്തുക എന്നീ പ്രഖ്യാപിത ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന്റെ ആദ്യപടിയായി കൃഷി വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ നടത്തിയ പ്രാദേശിക കാർഷിക വിലയിരുത്തൽ യജ്ഞം കർഷകരുടെയുടെയും തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെയും കർഷകസംരഭകരുടെയും പങ്കാളിത്തംകൊണ്ട് ശ്രദ്ധേയമായിരുന്നു. കൃഷി വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ പ്രാദേശിക തലത്തിൽ നടത്തിയ കർഷക അദാലത്തിൽ

വച്ച് കർഷകർ ഉന്നയിച്ച നിരവധി പരാതികൾക്ക് പരിഹാരം കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ട്. വിദഗ്ധ സംഘം കൃഷിയിടങ്ങൾ സന്ദർശിച്ച് സ്ഥിതി വിലയിരുത്തുകയും കർഷകർക്കാവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. അതോടൊപ്പം കൃഷി വകുപ്പുമന്ത്രിയുടെ നേതൃത്വത്തിലുള്ള കൃഷിയിട സന്ദർശനം, കൃഷി ഉദ്യോഗസ്ഥരുടെ കൃഷിയിട സന്ദർശനം, തദ്ദേശസ്വയംഭരണ സ്ഥാപന മേധാവികളും ഇതര വകുപ്പ് മേധാവികളുമായുള്ള കൂടിക്കാഴ്ച, പ്രാഥമിക സഹകരണസംഘം പ്രതിനിധികളുമായുള്ള കൂടിക്കാഴ്ച, കാർഷിക പ്രദർശനം, കൃഷിക്കൂട്ട സംഗമം, സെമിനാറുകൾ തുടങ്ങിയവയും സംഘടിപ്പിച്ചിരുന്നു. കൃഷി ദർശൻ പരിപാടിയിലൂടെ ഓരോ കാർഷിക ബ്ലോക്കിന്റെയും സവിശേഷമായ സാഹചര്യങ്ങൾക്കും പ്രത്യേകതകൾക്കുമനുസൃതമായി പദ്ധതി ആസൂത്രണം നടത്തി 2026 വരെ ഓരോ ബ്ലോക്കിലും നടപ്പിലാക്കേണ്ട പദ്ധതികളുടെ രൂപരേഖ (Vision Document) തയ്യാറാക്കുന്നതാണ്.

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ?

1. പ്രാദേശിക സാമ്പത്തിക വികസനം ലക്ഷ്യമാക്കി കാർഷികമേഖലയെ വൈവിദ്ധ്യവൽക്കരണത്തിലൂടെയും

ഏകോപനത്തിലൂടെയും നിക്ഷേപസൗഹൃദമാക്കി പ്രധാന തൊഴിൽ വരുമാന സ്രോതസ്സാക്കുക.

2. കർഷക വരുമാനം ഇരട്ടിയാക്കുക

3. ഭക്ഷ്യപോഷക-വരുമാന സുരക്ഷ ഉറപ്പാക്കുക.

4. കൃഷിക്കൂട്ടങ്ങളുടെ ശാക്തീകരണംവഴി ഒരു സാമൂഹിക അടിത്തറ വികസിപ്പിക്കുക.

5. ഓരോ ബ്ലോക്കിലും കാർഷിക കർമ്മസേന സജ്ജമാക്കി കൃഷിയിടങ്ങളിൽ പരമാവധി യന്ത്രവൽക്കരണം ഉറപ്പുവരുത്തുക.

6. 2026 വരെ ഓരോ ബ്ലോക്കിലും നടപ്പിലാക്കേണ്ട വികസന പദ്ധതികളുടെ രൂപരേഖ (Vision Document) തയ്യാറാക്കൽ.

(സി) പ്രസ്തുത പദ്ധതിയിലൂടെ കർഷകരുടെ പ്രശ്നങ്ങൾ കൃത്യമായി മനസ്സിലാക്കുന്നതിനും അവയ്ക്കാവശ്യമായ പരിഹാരം വകുപ്പ് കണ്ടെത്തുന്നതിനും കഴിഞ്ഞിട്ടുണ്ടോ; വ്യക്തമാക്കുമോ?

കർഷകരുടെ പ്രശ്നങ്ങൾ നേരിട്ട് മനസ്സിലാക്കി പരിഹാരം കാണുന്നതിനായി കൃഷിദർശൻ പദ്ധതിയിൽ കൃഷിയിട സന്ദർശനവും കർഷക അദാലത്തുമുൾപ്പെടുത്തിയിരുന്നു. കൃഷി വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ പ്രാദേശിക തലത്തിൽ നടത്തിയ കർഷക അദാലത്തിൽ

വച്ച് കർഷകർ ഉന്നയിച്ച നിരവധി പരാതികൾക്ക് പരിഹാരം കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ട്.

അസംരക്ഷിത വനപ്രദേശങ്ങളിൽ കൃഷി ചെയ്യുന്നവർക്ക് നികുതി രസീതിന്റെ അഭാവത്തിൽ വിള ഇൻഷ്വറൻസ്, കൃഷി വകുപ്പിന്റെ മറ്റാനുകൂല്യങ്ങൾ തുടങ്ങിയവ ലഭിക്കാത്ത സാഹചര്യം നിലവിലുണ്ടായിരുന്നു. ഇതിന് സർക്കാർ ഉത്തരവിലൂടെ പരിഹാരം കാണാൻ കഴിഞ്ഞു.

ഒരു ലക്ഷം യുവജനങ്ങൾക്കുള്ള പ്രത്യേക തൊഴിൽദാന പദ്ധതിയുടെ ആനുകൂല്യം മുടങ്ങിയതുമായി ബന്ധപ്പെട്ട് കെട്ടിക്കിടന്ന അപേക്ഷകളിൽ തീരുമാനമെടുത്ത് പെൻഷൻ കുടിശ്ശിക വിതരണം ചെയ്തു. സംയോജിത കൃഷി പ്രോജക്ടുകളിൽ കൃഷി ഉദ്യോഗസ്ഥരെ നിർവ്വഹണ ഉദ്യോഗസ്ഥരായി നിയമിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചു. കാർഷിക സർവ്വകലാശാലയിലെ ശാസ്ത്രജ്ഞർ, വിദ്യാർത്ഥികൾ, കൃഷി ഉദ്യോഗസ്ഥർ, മണ്ണ്പരിശോധകർ തുടങ്ങിയവർ ഉൾപ്പെട്ട വിദഗ്ദ്ധ സംഘം കൃഷിയിടങ്ങൾ സന്ദർശിച്ച് സ്ഥിതി വിലയിരുത്തുകയും കർഷകർക്കാവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു.

(ഡി) പ്രസ്തുത പദ്ധതിയിലൂടെ കാർഷിക സാങ്കേതികവിദ്യകൾ കർഷകസമൂഹത്തിന് കാര്യക്ഷമമായി കൈമാറ്റം ചെയ്യുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ?

നൂതന സാങ്കേതികവിദ്യകൾ, മൂല്യവർദ്ധനവ് എന്നീ മേഖലകളിൽ പ്രസ്തുത പ്രദേശത്തിനനുയോജ്യമായ വിഷയങ്ങളെ ആസ്പദമാക്കി എക്സിബിഷനുകൾ, സെമിനാറുകൾ എന്നിവ സംഘടിപ്പിച്ചിരുന്നു. കൃഷി/കൃഷി അനുബന്ധ മേഖലകളിലെ പൊതുമേഖലാ സ്ഥാപനങ്ങൾ, കാർഷിക സർവ്വകലാശാല, മണ്ണ് സംരക്ഷണ/പര്യവേഷണ വകുപ്പ് ഉൾപ്പെടെ പങ്കെടുത്ത എക്സിബിഷനുകൾ കാർഷിക സാങ്കേതികവിദ്യകളുൾപ്പെടെ കൃഷിയുടെ വിവിധ മേഖലകളിലെ വിജ്ഞാനം കർഷകർക്ക് കാര്യക്ഷമമായി കൈമാറുന്നതിന് സഹായകമായിട്ടുണ്ട്.

**അഗ്രിക്കൾച്ചർ ഇൻഫ്രാസ്ട്രക്ചർ ഫണ്ട്**

50(1791) <u>ശ്രീ. ടി. പി. രാമകൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക അടിസ്ഥാനസൗകര്യ മേഖലയിൽ അഗ്രിക്കൾച്ചർ ഇൻഫ്രാസ്ട്രക്ചർ ഫണ്ട് എന്ത് മാറ്റമാണുണ്ടാക്കുകയെന്ന് വ്യക്തമാക്കാമോ;

കർഷകർക്ക് എന്തൊക്കെ സഹായങ്ങളാണ് പ്രസ്തുത പദ്ധതികൊണ്ട് ലഭ്യമാകുകയെന്ന് അറിയിക്കാമോ?

കാർഷിക അടിസ്ഥാനസൗകര്യ മേഖലയിൽ നിക്ഷേപം ലഭ്യമാക്കി കാർഷികമേഖലയെ ശക്തിപ്പെടുത്തുവാൻ രൂപീകരിച്ചതാണ് അഗ്രികൾച്ചർ ഇൻഫ്രാസ്ട്രക്ച്ചർ ഫണ്ട് പദ്ധതി. വിളവെടുപ്പിനുശേഷമുള്ള പ്രാഥമിക സംസ്കരണ, സംഭരണ പ്രവർത്തനങ്ങൾക്ക് ഈ പദ്ധതിയിലൂടെ വായ്പ ലഭ്യമാക്കുന്നു. അതോടൊപ്പം നൂതന സാങ്കേതികവിദ്യ ഉപയോഗിക്കുന്ന പോളി ഹൗസുകൾ, വെർട്ടിക്കൽ ഫാമിംഗ് ഹൈഡ്രോപോണിക് ഫാമിംഗ്, ഡ്രോണുകൾ എന്നിവയും സംസ്കരണത്തിനുപയോഗിക്കുന്ന സെൻസറുകൾ, ബ്ലോക്ക് ചെയിൻ പ്രോജക്ടുകൾ തുടങ്ങിയവയും ഈ പദ്ധതി ഉപയോഗപ്പെടുത്താവുന്നതാണ്. അടിസ്ഥാനസൗകര്യ മേഖലയിലുൾപ്പെടുന്ന ഗോഡൗണുകൾ, സോളാർ എനർജി പ്രോജക്ടുകൾ എന്നിവയും ഈ സ്കീം ഉപയോഗപ്പെടുത്താവുന്നതാണ്. ഇത്തരത്തിലുള്ള അടിസ്ഥാനസൗകര്യങ്ങളുടെ വികസനത്തിലൂടെ വിളവെടുപ്പിന് ശേഷമുള്ള നഷ്ടം പരമാവധി കുറയ്ക്കുന്നതിന് സഹായകരമാകും.

അഗ്രികൾച്ചർ ഇൻഫ്രാസ്ട്രക്ച്ചർ ഫണ്ടുമുഖേന ഗുണഭോക്താക്കൾക്ക് 2 കോടി രൂപ വരെ 3 ശതമാനം പലിശയിളവ് ലഭിക്കും. 3 ശതമാനം

പലിശയിളവിനുപുറമെ കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ വിവിധ പദ്ധതികളുടെ ആനുകൂല്യങ്ങൾക്കും അർഹതയുണ്ട്. വായ്പ തിരിച്ചടവിന്റെ കാലാവധി 2 വർഷത്തെ മൊറട്ടോറിയമുൾപ്പെടെ 7 വർഷമാണ്. ഓരോ ഗുണഭോക്താവിനും വ്യത്യസ്തമായ 25 യൂണിറ്റുകൾ വരെ ഒരു വില്ലേജിലാരംഭിക്കാം. 2 കോടി രൂപ വരെയുള്ള വായ്പകൾക്ക് CGTMSE (Credit Guarantee Fund Trust for Micro & Small Enterprises) പ്രകാരം സർക്കാരിന്റെ ക്രെഡിറ്റ് ഗ്യാരന്റിയും ലഭിക്കും. പ്രാഥമിക സഹകരണ സംഘങ്ങൾക്ക് (PACS), നബാർഡിന്റെ PACS as MSC (Multi Service Centre) പദ്ധതിയുമായി ചേർന്ന് 1 ശതമാനം പലിശയ്ക്ക് വായ്പ ലഭിക്കുന്നതാണ്.

(ബി) വിവരസാങ്കേതികവിദ്യയുടെ സഹായത്തോടെ വകുപ്പുതല സേവനങ്ങൾ കർഷകർക്ക് കാര്യക്ഷമമായി നൽകുന്നതിന് എന്തെങ്കിലും സംവിധാനം വികസിപ്പിച്ചിട്ടുണ്ടോ; എങ്കിൽ എന്താണെന്ന് വിശദമാക്കാമോ; സ്മാർട്ട് പദ്ധതിയിൽ രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടികൾ വിശദമാക്കാമോ?

വിവര സാങ്കേതികവിദ്യയുടെ സഹായത്തോടെ വകുപ്പുതല സേവനങ്ങൾ കർഷകർക്ക് കാര്യക്ഷമമായി നൽകുന്നതിന് അഗ്രിക്കൾച്ചർ

ഇൻഫർമേഷൻ മാനേജ്മെന്റ് സിസ്റ്റം (AIMS) എന്ന പേരിൽ ഒരു ഓൺലൈൻ പോർട്ടൽ 2019-ൽ വികസിപ്പിച്ചിട്ടുണ്ട്. ഈ പോർട്ടൽ ആദ്യമാരംഭിച്ചത് സ്മാർട്ട് (SMART- System for Monitoring Agriculture Relief Transaction) എന്ന പേരിലായിരുന്നു. വിള ഇൻഷ്വറൻസ്, പ്രകൃതിക്ഷോഭംമൂലമുള്ള വിളനാശത്തിനുള്ള ദുരിതാശ്വാസം, നെൽക്കർഷകർക്കുള്ള റോയൽറ്റി, പഴം, പച്ചക്കറി കർഷകർക്കുള്ള അടിസ്ഥാനവില പദ്ധതി എന്നീ പദ്ധതികൾ/സേവനങ്ങൾ പൂർണ്ണമായും പ്രസ്തുത സംവിധാനത്തിൽ നടന്നുവരുന്നു. AIMS-ൽ രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

(സി) കോഴിക്കോട് ജില്ലാ പഞ്ചായത്തിനുകീഴിലുള്ള കൂത്താളി കൃഷി ഫാമിൽ കാർഷികോല്പന്നങ്ങളുടെ സംഭരണത്തിനായി വെയർഹൗസിംഗ് കോർപ്പറേഷന്റെ ഗോഡൗൺ തുടങ്ങുന്നതിന് സ്വീകരിച്ച നടപടികളുടെ പുരോഗതി അറിയിക്കാമോ; നിലവിലുള്ള ഭൂമി പൂർണ്ണമായും കൃഷിയോഗ്യമാക്കുന്നതിന് മുമ്പെടുത്ത തീരുമാനത്തിന്റെ പുരോഗതി വിശദമാക്കാമോ?

കേരള സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷന്റെ അപേക്ഷ പ്രകാരം കൂത്താളി ജില്ലാ കൃഷി തോട്ടത്തിലെ 2 ഏക്കർ സ്ഥലം ഗോഡൗൺ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നിർമ്മിക്കുന്നതിന് പാട്ടവ്യവസ്ഥയിൽ അനുവദിക്കുന്നതിനുള്ള അനുമതിക്കായി പ്രസ്തുത ഭൂമിയുടെ സ്കെച്ച് ഉൾപ്പെടെയുള്ള റിപ്പോർട്ട് പരിഗണനയ്ക്കായി കൃഷി ഡയറക്ടർ സമർപ്പിച്ചിട്ടുണ്ട്. നിലവിലുള്ള ഭൂമി പൂർണ്ണമായും കൃഷിയോഗ്യമാക്കുന്നതിന് മുമ്പ് എടുത്ത തീരുമാനത്തിന്റെ പുരോഗതി അനുബന്ധമായി ചേർക്കുന്നു+.

## ഓലാന്തിച്ചിറ നീർത്തട പദ്ധതി

51(1792) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർ. ഐ. ഡി. എഫ്. 21 പദ്ധതിയിലുൾപ്പെടുത്തി കോട്ടക്കൽ മണ്ഡലത്തിലെ മാറാക്കര-എടയൂർ ഗ്രാമപഞ്ചായത്തുകളിൽ നടപ്പാക്കിവരുന്ന ഓലാന്തിച്ചിറ നീർത്തടപദ്ധതിയുടെ പൂർത്തീകരണത്തിനായി 2023 മാർച്ച് മാസം വരെ കാലാവധി ദീർഘിപ്പിച്ച് നൽകണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള പദ്ധതി കൺവീനറുടെ അപേക്ഷ ലഭ്യമായിട്ടുണ്ടോ; ആയതിൻമേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത പദ്ധതിക്ക് 2023 മാർച്ച് മാസം വരെ കാലാവധി നീട്ടി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

(എ&ബി) ഉണ്ട്. ആർ.ഐ.ഡി.എഫ്. ട്രാഞ്ചെ 21 പദ്ധതിയുടെ പൂർത്തീകരണ കാലാവധി 2022 സെപ്റ്റംബർ 30-ന് നബാർഡ് അവസാനിപ്പിച്ചതിനാൽ 2023 മാർച്ച് മാസം വരെ കാലാവധി നീട്ടി നൽകണമെന്ന ആവശ്യം പരിഗണിക്കാൻ നിർവ്വാഹമില്ലെന്ന വിവരം അറിയിച്ചിട്ടുണ്ട്.

**വാല്യൂ ആഡഡ് അഗ്രികൾച്ചർ മിഷൻ**

52(1793) ശ്രീ. എ. സി. മൊയ്തീൻ:

ശ്രീമതി യു. പ്രതിഭ:

ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ:

ശ്രീ. എ. രാജ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാർഷികോല്പന്നങ്ങളെ മൂല്യവർദ്ധിത ഉല്പന്നമാക്കി മാറ്റുന്നതിന് ലക്ഷ്യമിട്ടുകൊണ്ട് വാല്യൂ ആഡഡ് അഗ്രികൾച്ചർ മിഷൻ എന്ന സംരംഭം ആരംഭിക്കുന്നത് പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

രൂപീകരിച്ചിട്ടുണ്ട്. കാർഷികോല്പന്നങ്ങളെ മൂല്യവർദ്ധിത ഉല്പന്നമാക്കി മാറ്റുന്നതിനും കൃഷിക്കാരുടെ വരുമാനം ഇരട്ടിയാക്കുക, കാർഷികോല്പാദനക്ഷമത വർദ്ധിപ്പിക്കുക, ഉല്പന്നസംഭരണം, ഉല്പന്നങ്ങളുടെ വില, മൂല്യവർദ്ധിത പ്രവർത്തനങ്ങളിൽ നിന്നുള്ള വരുമാനം, മറ്റനുബന്ധ വരുമാനങ്ങൾ എന്നിവയിൽ വർദ്ധനവ് വരുത്തുന്നതിനുമായിട്ടാണ് മൂല്യവർദ്ധിത കൃഷി മിഷൻ (Value Added Agriculture Mission-VAAM) രൂപീകരിച്ചിട്ടുള്ളത്. പ്രാഥമിക കാർഷിക ഉല്പന്നങ്ങളുടെ ഉല്പാദന/നിർമ്മാണ പ്രക്രിയകൾ, വിപണനം/സേവനങ്ങൾ എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിച്ച് ഉല്പന്നങ്ങളുടെ മൂല്യം വർദ്ധിപ്പിക്കുകയെന്ന ആശയത്തിനാണ് മൂല്യവർദ്ധിത കൃഷി മിഷൻ ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. കാർഷിക മേഖലയിലുണ്ടായിട്ടുള്ള പ്രധാന നേട്ടങ്ങൾ, നിലവിലുള്ള അവസരങ്ങൾ, വിടവുകൾ, നയം, സ്ഥാപനപരം, വിപണി, സാങ്കേതിക വശങ്ങൾ എന്നിവ പരിഗണിച്ച് പ്രധാനമായും ഇടപെടേണ്ട മേഖലകൾ കണ്ടെത്തുകയും അതുവഴി, മൂല്യവർദ്ധിത കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള ഒരു പദ്ധതി ആവിഷ്കരിക്കുന്നതിനും കേന്ദ്രീകൃത സമീപനം രൂപീകരിക്കുന്നതിനുമാവശ്യമായ നിർദ്ദേശങ്ങൾ/ശിപാർശകൾ എന്നിവയടങ്ങിയ ഒരു വർക്കിംഗ് പേപ്പറും VAAM നടത്തിപ്പിലേയ്ക്കായി

അംഗീകരിച്ചിട്ടുണ്ട്. പ്രസ്തുത ശിപാർശകളുടെ അടിസ്ഥാനത്തിൽ കാർഷിക വ്യവസായവും സാങ്കേതികവിദ്യയും അറിവ് പങ്കിടലും ശേഷി വർധിപ്പിക്കൽ, വിപണനം, ധനകാര്യം പോലുള്ള വിഷയങ്ങളിൽ സബ് ആക്ഷൻ പ്ലാനുകൾ സമർപ്പിക്കുന്നതിനായി സബ് വർക്കിംഗ് ഗ്രൂപ്പുകൾ/റിസോഴ്സ് സപ്പോർട്ട് ഗ്രൂപ്പുകൾ രൂപീകരിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. ഉല്പന്നങ്ങൾക്ക് ഉറപ്പായ വിപണി സൃഷ്ടിക്കുന്നതിനും ബ്രാൻഡ് വികസിപ്പിക്കുന്നതിനും മൂല്യവർദ്ധിത ഉല്പന്നങ്ങൾക്ക് പ്രസക്തമായ സർട്ടിഫിക്കേഷനുകൾ നേടുന്നതിനുമായി അനുബന്ധമേഖലകളിലെ വിദഗ്ദ്ധരുമായി സെമിനാറുകൾ, പ്രദർശനങ്ങൾ, ബ്രെയിൻസ്റ്റോമിംഗ് വർക്ക്ഷോപ്പുകൾ നടത്തി കൃഷിയിൽ മൂല്യനിർണ്ണയത്തെ പിന്തുണയ്ക്കുന്നതിന് ഈ മിഷൻ ശ്രദ്ധ കേന്ദ്രീകരിക്കും. ആഭ്യന്തര, അന്തർദ്ദേശീയ വ്യാപാരവും കയറ്റുമതിയും സഹകരണവും പ്രോത്സാഹിപ്പിക്കുന്നതിനും ഈ മിഷൻ ശ്രദ്ധ കേന്ദ്രീകരിക്കും.

(ബി) കൃഷി, മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ സംഭരണം, വിപണനം എന്നിവ ലക്ഷ്യമിട്ട് സിയാൽ മാതൃകയിൽ കർഷകർക്കുകൂടി പങ്കാളിത്തമുള്ള കമ്പനി രൂപീകരിക്കുമെന്ന പ്രഖ്യാപനം യാഥാർത്ഥ്യമാക്കാനായിട്ടുണ്ടോ; വിശദാംശം നൽകുമോ?

സിയാൽ മാതൃകയിൽ കേരള അഗ്രോ ബിസിനസ്സ് കമ്പനി (കാബ്കോ) എന്ന ഒരു കമ്പനി രൂപീകരിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

ഇക്കാര്യത്തിൽ വിവിധ തലങ്ങളിലുള്ള നടപടികൾ പൂർത്തിയായിക്കൊണ്ടിരിക്കുകയാണ്.

(സി) സംസ്ഥാനത്തെ കർഷകരുടെ ക്ഷേമത്തിനായി ലോകബാങ്കുമായി സഹകരിച്ച് നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുള്ള പദ്ധതികൾ സംബന്ധിച്ച് അന്തിമരൂപം തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഇല്ല. എന്നാൽ സംസ്ഥാന സർക്കാർ സമർപ്പിച്ച 200 മില്ല്യൺ ഡോളറിന്റെ ലോകബാങ്ക് സഹായത്തിനായുള്ള പദ്ധതി രേഖ കേന്ദ്രസർക്കാർ തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ വിവിധ തലങ്ങളിലുള്ള ചർച്ചകൾ നടന്നുവരുന്നു.

## വാമനപുരം മണ്ഡലത്തിൽ സ്മാർട്ട് കൃഷിഭവൻ പദ്ധതി

53(1794) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു മണ്ഡലത്തിൽ ഒരു സ്മാർട്ട് കൃഷിഭവൻ എന്ന പദ്ധതി പ്രകാരം വാമനപുരം മണ്ഡലത്തിൽ നിന്ന് ഏത് കൃഷിഭവനെയാണ് തെരഞ്ഞെടുത്തിട്ടുള്ളതെന്ന് വിശദമാക്കാമോ?

വാമനപുരം നിയോജകമണ്ഡലത്തിൽ നിന്നും പുല്ലമ്പാറ കൃഷിഭവനെയാണ് സ്മാർട്ട് കൃഷിഭവനാക്കുന്നതിനായി കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടർ ശിപാർശ ചെയ്തിട്ടുള്ളത്.

(ബി) സംസ്ഥാനത്ത് കൃഷിഭവനുകളെ അപേക്ഷിച്ച് എന്തെല്ലാം പ്രത്യേകതകളാണ് സ്മാർട്ട് കൃഷി ഭവനുകൾക്കുള്ളത്; വിശദമാക്കാമോ?

കാർഷിക വികസന കർഷകക്ഷേമ വകുപ്പിന്റെ സേവനങ്ങൾ കാര്യക്ഷമമായും സുതാര്യമായും കർഷകരുടെ വിരൽത്തുമ്പിലെത്തിക്കുന്നതിനാണ് "സ്മാർട്ട് കൃഷി ഭവൻ" പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. കർഷക സമൂഹത്തിന്റെ എല്ലാ ആവശ്യങ്ങളും ഏകജാലക സംവിധാനത്തിൽ നിറവേറ്റുന്നതിനായി കൃഷിഭവനെ സ്മാർട്ട് കൃഷിഭവനാക്കി മാറ്റുകയെന്നാണ് ലക്ഷ്യമിടുന്നത്. സർവ്വീസ് ഡെലിവറി, അടിസ്ഥാനസൗകര്യങ്ങൾ, ഇൻഫർമേഷൻ സിസ്റ്റം എന്നിങ്ങനെ മൂന്ന് മേഖലകളിൽ കൃഷിഭവനെ മികച്ചതാക്കുകയെന്നതാണ് ഇതിന്റെ ലക്ഷ്യം.

സ്മാർട്ട് കൃഷിഭവൻ പദ്ധതിയുടെ പ്രധാന ഘടകങ്ങൾ താഴെ ചേർക്കുന്നു:

1. പഞ്ചായത്തിന്റെ വിഭവ ഭൂപടം തയ്യാറാക്കുകയും അടിസ്ഥാന വിവരങ്ങളെ കമ്പ്യൂട്ടർവൽക്കരിക്കുകയും ചെയ്യുക.

2. വിള ആരോഗ്യ ക്ലിനിക്കും ബയോ ഫാർമസിയും.

3. കൃഷിഭവനുകളിൽ IT അനുബന്ധ അടിസ്ഥാന സൗകര്യങ്ങളൊരുക്കുക.

4. കൃഷിഭവനുകളെ കടലാസുരഹിത അത്യാധുനിക ഓഫീസുകളാക്കി മാറ്റുക.

5. സ്മാർട്ട് കാർഡ് സംവിധാനം.

6. കൃഷിഭവനുകളിൽ ആധുനിക സജ്ജീകരണങ്ങളോടെ ഫ്രണ്ട് ഓഫീസിൽ ഇൻഫർമേഷൻ സെന്റർ സ്ഥാപിക്കുക.

7. കൃഷിഭവനുകളുടെ നവീകരണം.

8. വിവിധ ഉല്പാദനോപാധികളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനുള്ള IT സംവിധാനം.

9. ആധുനിക വിപണന സംഭരണ സംവിധാനം.

10. കാർഷിക കർമ്മ സേന അഗ്രോ സർവ്വീസ് സെന്റർ.

**ഡ്രിപ്പ് ഇറിഗേഷൻ പദ്ധതി**

54(1795) <u>ശ്രീ. ജോബ് മൈക്കിൾ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാർഷിക രംഗത്ത് ഡ്രിപ്പ് ഇറിഗേഷൻ പദ്ധതി പ്രോത്സാഹിപ്പിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ?

ഡ്രിപ്പ് ഇറിഗേഷൻ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി പ്രധാനമന്ത്രി കൃഷി സിഞ്ചായി യോജന (PMKSY-PDMC) എന്ന പദ്ധതി നടപ്പാക്കിവരുന്നു. ഈ പദ്ധതിപ്രകാരം സൂക്ഷ്മ ജലസേചന സംവിധാനം സ്ഥാപിക്കുന്ന ചെറുകിട നാമമാത്ര കർഷകർക്ക് പദ്ധതി ചെലവിന്റെ അനുവദനീയ തുകയുടെ 55 ശതമാനവും മറ്റുള്ള കർഷകർക്ക് 45 ശതമാനവും സബ്സിഡി നൽകുന്നു. പദ്ധതി നടത്തിപ്പിനായുള്ള മാർഗ്ഗരേഖയും ടാർജറ്റും എല്ലാ ജില്ലകൾക്കും നൽകിയിട്ടുണ്ട്. കർഷകരിലേയ്ക്ക് പദ്ധതിയുടെ വിശദാംശങ്ങളെത്തിക്കുന്നതിനായി ബോധവൽക്കരണ പരിപാടികൾ നടത്തിവരുന്നു.

(ബി) കോട്ടയം ജില്ലയിൽ ഡ്രിപ്പ് ഇറിഗേഷൻ പദ്ധതി നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ?

കോട്ടയം ജില്ലയിൽ ഡ്രിപ്പ് ഇറിഗേഷൻ പദ്ധതി നടപ്പാക്കുന്നതിനായി കൃഷിഭവൻ തലത്തിൽ ക്യാമ്പുകൾ നടത്തി ജീവനക്കാർക്കും കർഷകർക്കും

പരിശീലനം നൽകിയിട്ടുണ്ട്. പത്രമാധ്യമങ്ങളിലും സാമൂഹ്യമാധ്യമങ്ങളിലും പദ്ധതിയെക്കുറിച്ച് പ്രചാരണം നടത്തിയിട്ടുണ്ട്. കാർഷിക പ്രദർശനവേദികളിൽ പദ്ധതിക്കുവേണ്ടി സ്റ്റാളുകളൊരുക്കി കർഷകർക്ക് ബോധവൽക്കരണം നടത്തിയിട്ടുണ്ട്. കോട്ടയം ജില്ലയിലെ 11 ബ്ലോക്കുപഞ്ചായത്തുകളിലും ക്യാമ്പുകൾ സംഘടിപ്പിച്ച് പദ്ധതിയെക്കുറിച്ചുള്ള അറിവ് ജനങ്ങളിലേയ്ക്ക് എത്തിച്ചിട്ടുണ്ട്.

**ഒരു കൃഷി ഭവനിൽ ഒരു ഉല്പന്നം പദ്ധതി**

55(1796) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വാല്യൂ ആഡഡ് അഗ്രികൾച്ചർ മിഷന്റെ ഭാഗമായി ഒരു കൃഷിഭവനിൽ ഒരു ഉല്പന്നം എന്ന നിലയിൽ മൂല്യവർദ്ധിത ഉല്പന്നങ്ങൾ ഉല്പാദിപ്പിക്കുന്ന പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

ഒരു കൃഷിഭവനിൽ ഒരുല്പന്നം എന്ന നിലയിൽ മൂല്യവർദ്ധിത ഉല്പന്നങ്ങൾ ഉല്പാദിപ്പിക്കുന്ന പദ്ധതി ആസൂത്രണം ചെയ്തുവരുന്നു.

## കൃഷിശ്രീ കേന്ദ്രം പദ്ധതി

56(1797) ഡോ. എൻ. ജയരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിയോജകമണ്ഡലാടിസ്ഥാനത്തിൽ കേന്ദ്രമാരംഭിക്കുന്ന കൃഷിശ്രീ പദ്ധതിയുടെ നിലവിലെ പുരോഗതി അറിയിക്കാമോ?

2021-22 സംസ്ഥാന വാർഷിക പദ്ധതിപ്രകാരം ബ്ലോക്കുതലത്തിൽ എട്ട് കൃഷിശ്രീ സെന്ററുകൾ സ്ഥാപിച്ചിട്ടുണ്ട്. 2022-23 വാർഷിക പദ്ധതിപ്രകാരം 20 കൃഷിശ്രീ സെന്ററുകളാരംഭിക്കുന്നതിന് 650.66808 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. അതിൻപ്രകാരം വയനാട് ജില്ലയൊഴികെയുള്ള ജില്ലകളിൽ കൃഷിശ്രീ സെന്ററുകളാരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൃഷിശ്രീ സെന്ററുകളുടെ രൂപീകരണം, രജിസ്ട്രേഷൻ എന്നിവ പൂർത്തീകരണ ഘട്ടത്തിലാണ്. കൃഷിശ്രീ പദ്ധതി പൂർണ്ണമായും സംസ്ഥാന സർക്കാർ പദ്ധതിയാണ്.

(ബി) കാഞ്ഞിരപ്പള്ളി നിയോജകമണ്ഡലത്തിൽ കങ്ങഴ പഞ്ചായത്ത് പരിധിയിൽ പ്രസ്തുത കേന്ദ്രം സ്ഥാപിക്കാൻ നടപടി സ്വീകരിക്കാമോ?

2022-23-ൽ കങ്ങഴ ഗ്രാമപഞ്ചായത്തിൽ കൃഷിശ്രീ സെന്റർ സ്ഥാപിക്കുന്നതിനാവശ്യമായ കെട്ടിടസൗകര്യം ലഭ്യമാക്കുന്നതിന് ഗ്രാമപഞ്ചായത്തിന് കഴിയാത്ത സാഹചര്യത്തിൽ വെള്ളാവൂർ ഗ്രാമപഞ്ചായത്തിൽ കൃഷിശ്രീ സെന്ററാരംഭിക്കുന്നതിന് നിശ്ചയിച്ച് കെട്ടിടവും മറ്റ് സൗകര്യങ്ങളും കണ്ടെത്തിയിട്ടുണ്ട്.

**മൂല്യവർദ്ധിത കാർഷിക മിഷൻ**

57(1798) <u>ശ്രീ. എച്ച്. സലാം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക വിഭവങ്ങളിൽ നിന്നും മൂല്യവർദ്ധിത ഉല്പന്നങ്ങളുണ്ടാക്കാൻ ലക്ഷ്യമിട്ട് 2022-23-ലെ സംസ്ഥാന ബഡ്ജറ്റിൽ പ്രഖ്യാപിച്ച മൂല്യവർദ്ധിത കാർഷിക മിഷൻ പ്രവർത്തനമാരംഭിച്ചിട്ടുണ്ടോ; മിഷന്റെ ലക്ഷ്യം, പ്രവർത്തനരീതി, വിപണനം എന്നിവ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

ഉണ്ട്. കാർഷികോല്പന്നങ്ങളെ മൂല്യവർദ്ധിത ഉല്പന്നമാക്കിമാറ്റുന്നതിനും കൃഷിക്കാരുടെ വരുമാനം ഇരട്ടിയാക്കുക, കാർഷികോല്പാദനക്ഷമത വർദ്ധിപ്പിക്കുക, ഉല്പന്നസംഭരണം, ഉല്പന്നങ്ങളുടെ വില, മൂല്യവർദ്ധിത പ്രവർത്തനങ്ങളിൽ നിന്നുള്ള വരുമാനം, മറ്റനുബന്ധ വരുമാനങ്ങൾ

എന്നിവയിൽ വർദ്ധനവ് വരുത്തുന്നതിനുമായിട്ടാണ് മൂല്യവർദ്ധിത കൃഷി മിഷൻ (Value Added Agriculture Mission-VAAM) രൂപീകരിച്ചിട്ടുള്ളത്.

പ്രാഥമിക കാർഷിക ഉല്പന്നങ്ങളുടെ ഉല്പാദന/നിർമ്മാണ പ്രക്രിയകൾ, വിപണനം/സേവനങ്ങൾ എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിച്ച് ഉല്പന്നങ്ങളുടെ മൂല്യം വർദ്ധിപ്പിക്കുകയെന്ന ആശയത്തിനാണ് മൂല്യവർദ്ധിത കൃഷി മിഷൻ ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. കാർഷിക മേഖലയിലുണ്ടായിട്ടുള്ള പ്രധാന നേട്ടങ്ങൾ, നിലവിലുള്ള അവസരങ്ങൾ, വിടവുകൾ, നയം, സ്ഥാപനപരം, വിപണി, സാങ്കേതികവശങ്ങൾ എന്നിവ പരിഗണിച്ച് പ്രധാനമായും ഇടപെടേണ്ട മേഖലകൾ കണ്ടെത്തുകയും അതുവഴി, മൂല്യവർദ്ധിത കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള ഒരു പദ്ധതി ആവിഷ്കരിക്കുന്നതിനും കേന്ദ്രീകൃത സമീപനം രൂപീകരിക്കുന്നതിനുമാവശ്യമായ നിർദ്ദേശങ്ങൾ/ശിപാർശകൾ എന്നിവയടങ്ങിയ ഒരു വർക്കിംഗ് പേപ്പറും VAAM നടത്തിപ്പിലേയ്ക്കായി അംഗീകരിച്ചിട്ടുണ്ട്.

പ്രസ്തുത ശിപാർശകളുടെയടിസ്ഥാനത്തിൽ കാർഷിക വ്യവസായവും സാങ്കേതികവിദ്യയും അറിവ് പങ്കിടലും ശേഷി വർദ്ധിപ്പിക്കൽ, വിപണനം, ധനകാര്യം പോലുള്ള വിഷയങ്ങളിൽ സബ് ആക്ഷൻ പ്ലാനുകൾ സമർപ്പിക്കുന്നതിനായി സബ് വർക്കിംഗ് ഗ്രൂപ്പുകൾ/റിസോഴ്സ് സപ്പോർട്ട്

ഗ്രൂപ്പുകൾ എന്നിവ രൂപീകരിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. ഉല്പന്നങ്ങൾക്ക് ഉറപ്പായ വിപണി സൃഷ്ടിക്കുന്നതിനും ബ്രാൻഡ് വികസിപ്പിക്കുന്നതിനും മൂല്യവർദ്ധിത ഉല്പന്നങ്ങൾക്ക് പ്രസക്തമായ സർട്ടിഫിക്കേഷനുകൾ നേടുന്നതിനുമായി അനുബന്ധമേഖലകളിലെ വിദഗ്ദ്ധരുമായി സെമിനാറുകൾ, പ്രദർശനങ്ങൾ, ബ്രെയിൻസ്റ്റോമിംഗ് വർക്ക്ഷോപ്പുകൾ നടത്തി കൃഷിയിൽ മൂല്യനിർണ്ണയത്തെ പിന്തുണയ്ക്കുന്നതിന് ഈ മിഷൻ ശ്രദ്ധ കേന്ദ്രീകരിക്കും. ആഭ്യന്തര, അന്തർദ്ദേശീയ വ്യാപാരവും കയറ്റുമതിയും സഹകരണവും പ്രോത്സാഹിപ്പിക്കുന്നതിനും ഈ മിഷൻ ശ്രദ്ധ കേന്ദ്രീകരിക്കും.

(ബി) കേരളത്തിന്റെ തനതായ ഉല്പന്നങ്ങളുടെ ഉല്പാദനം, വിപണനം എന്നിവ വർദ്ധിപ്പിക്കുന്നതിന് എന്തെങ്കിലും പ്രത്യേക പദ്ധതി നടപ്പാക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

കൃഷിയിടാധിഷ്ഠിത ആസൂത്രണം മുൻനിർത്തി നടപ്പാക്കുന്ന പദ്ധതികളിൽ വിവരസാങ്കേതികവിദ്യയുടെ സഹായത്തോടെ ഉല്പാദിപ്പിക്കുന്ന കാർഷികോല്പന്നങ്ങൾ കൃഷിക്കൂട്ടങ്ങൾപോലുള്ള ശേഖരണ ഏജൻസികൾ വഴി ശേഖരിച്ച് ഒരു ഹബ്ബ് ആൻഡ് സ്പോക്ക് മാതൃകയിൽ ഓൺലൈൻ വിപണന സംവിധാനം വഴി ഉപഭോക്താക്കൾക്ക് എത്തിക്കുന്നതിനുള്ള പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. എഫ്.പി.ഒ.-കൾ,

കർഷക കൂട്ടായ്മകൾ, കൃഷിക്കൂട്ടങ്ങൾ മുതലായവ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾ നിലവിലുള്ള ഓൺലൈൻ മാർക്കറ്റിംഗ് പ്ലാറ്റ്ഫോമുകളിലൂടെ വിപണനം ചെയ്യാനുള്ള നടപടികളും കൈക്കൊണ്ടുവരുന്നു.

## പാലക്കാട് ജില്ലയിലെ കേരഗ്രാമം പദ്ധതിയിലുൾപ്പെടുത്തിയ പഞ്ചായത്തുകൾ

58(1799) ശ്രീ. എ. പ്രഭാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ ഏതെല്ലാം പഞ്ചായത്തുകളെയാണ് കേരഗ്രാമം പദ്ധതിയിൽ പുതിയതായി ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് അറിയിക്കാമോ?

പാലക്കാട് ജില്ലയിൽ 2022-23 വർഷത്തിൽ നാഗലശ്ശേരി, വണ്ടാഴി, തെങ്കര, കുലുക്കല്ലൂർ, ഇലപ്പുള്ളി, നെന്മാറ എന്നീ പഞ്ചായത്തുകളെ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) ഈ പദ്ധതി മുഖാന്തരം കേരകർഷകർക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് ലഭ്യമാകുകയെന്ന് അറിയിക്കാമോ?

2022-23 വർഷത്തിൽ, ഒന്നാം വർഷം 100 ഹെക്ടർ. വിസ്തൃതിയുള്ള കേരഗ്രാമങ്ങൾ നടപ്പിലാക്കുന്നു. നാളികേരത്തിന്റെ ഉല്പാദനവും

ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നത് ലക്ഷ്യമിട്ടുകൊണ്ട് 100 ഹെക്ടർ തുടർച്ചയായി തെങ്ങ് കൃഷിയുള്ള പ്രദേശത്താണ് കേരഗ്രാമം പദ്ധതി നടപ്പിലാക്കുന്നത്. പ്രസ്തുത പദ്ധതിയിലുൾപ്പെടുത്തിരിക്കുന്ന വിവിധ ഘടകങ്ങൾ ചുവടെ ചേർക്കുന്നു.

1. സംയോജിത പരിചരണ മുറകൾ സ്വീകരിക്കുന്നതിന് ഹെക്ടറിന് 19200/- രൂപ നൽകുന്നു.

ഇതിൽ താഴെപ്പറയുന്ന ഘടകങ്ങളിൽ നിന്നും പ്രദേശത്തിന്റെ ആവശ്യാനുസരണം തെരഞ്ഞെടുത്ത് നടപ്പിലാക്കാവുന്നതാണ്.

(a) ഇടയിളക്കൽ, തടം തുറക്കൽ, പുതയിടീൽ - 35 രൂപ/തെങ്ങ്

(b) തൊണ്ട് കുഴിച്ചിടീൽ - 50 രൂപ/തെങ്ങ്

(c) ഇടവിള കൃഷി - 6000 രൂപ ഹെക്ടറിന്

(d) സംയോജിത വളപ്രയോഗം

i) കുമ്മായം - 9 രൂപ/തെങ്ങ്

ii) രാസവളം/ജീവാണുവളങ്ങൾ- 20 രൂപ/തെങ്ങ്

iii) മഗ്നീഷ്യം സൾഫേറ്റ് - 3.75 രൂപ/തെങ്ങ്

1v) ജൈവവളം - 25 രൂപ/തെങ്ങ്

(e) സംയോജിത സസ്യസംരക്ഷണം

i) സസ്യസംരക്ഷണം - 10 രൂപ /തെങ്ങ്

ii) കീടനാശിനി പ്രയോഗം (ആവശ്യാനുസരണം) ജൈവീകനിയന്ത്രണ ഉപാധികൾ പ്രയോഗിക്കുന്നതിന് - 75 രൂപ/തെങ്ങ്.

iii) രോഗംബാധിച്ചതും ഉല്പാദനശേഷി നശിച്ച തെങ്ങ് മുറിച്ചുമാറ്റുന്നതിന്- 1000 രൂപ/തെങ്ങ്

iv) ഗുണമേന്മയുള്ള തെങ്ങിൻതൈകൾ നടുന്നതിന്- 60 രൂപ/തെങ്ങ്

2. സൂക്ഷ്മ ജലസേചന സൗകര്യമുൾപ്പെടെയുള്ള ജലസേചന സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിന് ഹെക്ടറിന് 25000/- രൂപ ക്രമത്തിൽ പരമാവധി 2.5 ലക്ഷം രൂപ.

3. 25 തെങ്ങുകയറ്റയന്ത്രങ്ങൾ ഒരു യന്ത്രത്തിന് 2000/- രൂപ നിരക്കിൽ വിതരണം.

4. 4 ജൈവ വള ഉല്പാദന യൂണിറ്റുകൾ, ഒരു യൂണിറ്റിന് 10,000/- രൂപ നിരക്കിൽ ആനുകൂല്യം.

5. പഞ്ചായത്തുതല കേര സമിതികൾക്കുള്ള പ്രവർത്തനച്ചെലവായി 1 ലക്ഷം രൂപ.

6. മൂല്യവർദ്ധിത ഉല്പന്നങ്ങൾ, മിനി/കയർനിർമ്മാണ/സംസ്കരണ യൂണിറ്റിന് 2 ലക്ഷം രൂപ.

7. കേര ഗ്രാമവുമായി ബന്ധപ്പെട്ടുള്ള കൃഷിഭവനുകളുടെ പ്രവർത്തന ചെലവായി 7000/- രൂപ.

കൂടാതെ, താല്പര്യമുള്ള കേരഗ്രാമങ്ങൾക്ക് കേരാധിഷ്ഠിത മൂല്യവർദ്ധന യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് SFAC മുഖാന്തരം പരമാവധി 25 ലക്ഷം രൂപയുടെ പ്രോജക്ടധിഷ്ഠിത ധനസഹായം. സംസ്ഥാന പ്ലാൻ വിഹിതമായി ഒന്നാംവർഷം ഒരു കേരഗ്രാമത്തിന് 25.67 ലക്ഷം രൂപ അനുവദിക്കുന്നു.

(സി) മലമ്പുഴ മണ്ഡലത്തിലെ മലമ്പുഴ ഗ്രാമപഞ്ചായത്തിനെ ഈ പദ്ധതിയിലുൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

2022-23 വർഷത്തിൽ തുടർച്ചയായ 100 ഹെക്ടർ തെങ്ങിൻ പ്രദേശമുള്ളതും നേരത്തെ കേരഗ്രാമം നടപ്പിലാക്കാത്ത പ്രദേശത്താണ് കേരഗ്രാമം പദ്ധതി നടപ്പിലാക്കുവാൻ തെരഞ്ഞെടുക്കുന്നത്. മലമ്പുഴ നിയോജകമണ്ഡലത്തിലെ മലമ്പുഴ പഞ്ചായത്തിൽ മേൽപ്പറഞ്ഞ മാനദണ്ഡം പാലിക്കുന്ന പ്രദേശങ്ങളിൽ വരുംവർഷങ്ങളിൽ കേരഗ്രാമം പദ്ധതി നടപ്പിലാക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

**പാലക്കാട് ജില്ലയിലെ സ്മാർട്ട് കൃഷിഭവനുകൾ**

59(1800) ശ്രീ. എ. പ്രഭാകരൻ: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പാലക്കാട് ജില്ലയിലെ ഏതെല്ലാം കൃഷിഭവനുകളാണ് സ്മാർട്ട് കൃഷിഭവനുകളാക്കി നവീകരിക്കുന്നതെന്ന് അറിയിക്കാമോ; ഓരോ കൃഷിഭവനും അനുവദിച്ച തുകയും പദ്ധതിയുടെ നിർമ്മാണച്ചുമതല ആർക്കാണെന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ?

ആർ.ഐ.ഡി.എഫ്.-27-ലുൾപ്പെടുത്തി പാലക്കാട് ജില്ലയിലെ 'പെരുവമ്പ' കൃഷിഭവനെ സ്മാർട്ട് കൃഷിഭവനാക്കാൻ തെരഞ്ഞെടുത്തു. 2.12 കോടി രൂപ ടി പദ്ധതിക്കായി വകയിരുത്തിയിട്ടുണ്ട്. കെ.എൽ.ഡി.സി.-യ്ക്കാണ് നിർമ്മാണച്ചുമതല. സംസ്ഥാന പദ്ധതിയായി ഉൾപ്പെടുത്തി പാലക്കാട് ജില്ലയിൽ നിന്നും കൊടുമ്പ്, പട്ടാമ്പി എന്നീ കൃഷിഭവനുകളെയാണ് സ്മാർട്ട് കൃഷിഭവനുകളാക്കി നവീകരിക്കുന്നതിന് തെരഞ്ഞെടുത്തിട്ടുള്ളത്. പ്രസ്തുത പദ്ധതിപ്രകാരം ഓരോ കൃഷിഭവനും ലഭ്യമാകുന്ന തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| 1. | ഫ്രണ്ട് ഓഫീസ് (ഇൻഫർമേഷൻ സെന്റർ) സജ്ജീകരണം | 7.5 ലക്ഷം |
| 2. | പ്ലാന്റ് ഹെൽത്ത് ക്ലിനിക് സ്ഥാപിക്കൽ/നവീകരണം | 5 ലക്ഷം |
| 3. | ഡിജിറ്റൽ വിഭവ ഭൂപടം തയ്യാറാക്കലും കൃഷി ഭൂമിയുടെ വിവരങ്ങളുമായുള്ള സംയോജനവും | 5 ലക്ഷം |
| 4. | കൃഷി ഭവൻ പുനരുദ്ധാരണം | 10 ലക്ഷം |

| | | |
|---|---|---|
| 5. | കർഷകർക്ക് സ്മാർട്ട് കാർഡ് വിതരണം | 2.142 ലക്ഷം |
| 6. | വിവര സാങ്കേതിക വിദ്യയുള്ള അടിസ്ഥാന സൗകര്യം | 2.5 ലക്ഷം |
| 7. | കൃഷി ഭവൻ നടത്തിപ്പിനുള്ള ഡിജിറ്റൽ പ്ലാറ്റ് ഫോം | 3.57 ലക്ഷം |
| | **ആകെ** | **35.712 ലക്ഷം രൂപ** |

ഡിജിറ്റൽ വിഭവ ഭൂപടം തയ്യാറാക്കൽ, കർഷകർക്കുള്ള സ്മാർട്ട് കാർഡ് വിതരണം, ഡിജിറ്റൽ പ്ലാറ്റ്ഫോം എന്നിവയുടെ നിർവ്വഹണച്ചുമതല കൃഷി ഡയറക്ടറേറ്റിൽ പ്രവർത്തിക്കുന്ന IT ഡിവിഷനും മറ്റ് ഘടകങ്ങളുടെ നിർവ്വഹണച്ചുമതല ബന്ധപ്പെട്ട കൃഷി ഓഫീസർമാർക്കുമായിരിക്കും.

**ഒറ്റപ്പാലം മണ്ഡലത്തിലെ ഡ്രിപ്പ് ഇറിഗേഷൻ പദ്ധതികൾ**

60(1801) <u>ശ്രീ. കെ. പ്രേംകുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡ്രിപ്പ് ഇറിഗേഷൻ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശം ലഭ്യമാക്കുമോ?

ജല ഉപയോഗക്ഷമത വർദ്ധിപ്പിക്കുക, കൃത്യതയാർന്ന ജലപരിപാലനത്തിലൂടെയും വിളകളുടെ ഉല്പാദനക്ഷമത വർദ്ധിപ്പിച്ച് കർഷകന്റെ വരുമാനം വർദ്ധിപ്പിക്കുക എന്നിവയാണ് ഡ്രിപ്പ് ഇറിഗേഷൻ

പദ്ധതിയുടെ പ്രധാനപ്പെട്ട ഉദ്ദേശ്യലക്ഷ്യങ്ങൾ. കൂടാതെ പ്രിസിഷൻ ഫാമിംഗിലൂടെ രാസവള-ജൈവവള പ്രയോഗവും സാദ്ധ്യമാകുന്നു.

(ബി) ഒറ്റപ്പാലം മണ്ഡലത്തിലെ ഏതെല്ലാം പ്രദേശങ്ങളിൽ ഡ്രിപ്പ് ഇറിഗേഷൻ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്?

ഒറ്റപ്പാലം മണ്ഡലത്തിലെ കരിമ്പുഴ, ഒറ്റപ്പാലം, അമ്പലപ്പാറ, വാണിയംകുളം, ലക്കിടി പേരൂർ, തൃക്കടീരി, കടമ്പഴിപ്പുറം എന്നീ കൃഷിഭവൻ പരിധികളിൽ ഡ്രിപ്പ് ഇറിഗേഷൻ നടപ്പിലാക്കിയിട്ടുണ്ട്.

(സി) പ്രസ്തുത പദ്ധതി പ്രകാരം ഒറ്റപ്പാലം മണ്ഡലത്തിൽ സബ്സിഡി ലഭിച്ച ഗുണഭോക്താക്കളുടെ വിശദാംശം ലഭ്യമാക്കുമോ?

ഒറ്റപ്പാലം മണ്ഡലത്തിൽ സബ്സിഡി ലഭിച്ച ഗുണഭോക്താക്കൾ

2021-22 സാമ്പത്തികവർഷം

1. മണികണ്ഠൻ സി. റ്റി., ചോത്തോടി ഹൗസ്, കരിമ്പ പി. ഒ., പാലക്കാട്.
2. അബ്ദുൾ റഷീദ് എ.റ്റി., അഞ്ചുർത്തൊടി വീട്, തൃക്കടീരി, ഒറ്റപ്പാലം, പാലക്കാട്.
3. അബ്ദുൾകാസിം കെ., കണക്കാനത്ത് ഹൗസ്, തരുവക്കോണം പി. ഒ., പനമന്ന, പാലക്കാട്.

4. വിജിത എസ്., തുളസീദളം, ഒലവക്കോട്, പാലക്കാട്.

5. ബേബി കെ., ഐശ്വര്യ, കവളപ്പാറ, വാണിയംകുളം.

6. രജനി മധുസൂദനൻ, തെക്കേലേത്തൊടിയിൽ ഹൗസ്, അമ്പലപ്പാറ, പാലക്കാട്.

7. ഭാരതിയമ്മ, പലഞ്ചിരി വീട്, കടമ്പൂർ പി.ഒ., ഒറ്റപ്പാലം, പാലക്കാട്.

8. പത്മനാഭൻ പന്തകുളത്തിൽ, അമ്പലപ്പാറ പി.ഒ., പാലക്കാട്.

9. കെ. പി. വിജയശേഖർ, ന്യൂ കെ. പി. ഹൗസ്, തോട്ടക്കര, ഒറ്റപ്പാലം, പാലക്കാട്.

10. കെബിൻ ബേബി, ചാരിസ് ഹൗസ്, മണലി, മരുത റോഡ്.

11. ഏലിയാമ്മ തോമസ്, ചാരിസ് ഹൗസ്, മണലി, മരുത റോഡ്.

2022-23 സാമ്പത്തിക വർഷം

1. മേരി വർഗീസ്, ജോളി വിഹാർ, മണിശ്ശേരി, വാണിയംകുളം, ഒറ്റപ്പാലം.

2. കെ. എൻ. ഷണ്മുഖൻ, കിഴക്കേവീട്, പാലപ്പുറം, ഒറ്റപ്പാലം.

3. മിഥുൻ നാരായണൻ, കിഴക്കേവീട്, പാലപ്പുറം, ഒറ്റപ്പാലം.

4. കെ. ബിജിൽ കുമാർ, ശ്രീപതി നഗർ, നഞ്ചുത്തിപുരം.

5. ജ്യോതി കുമാർ റ്റി., തേക്കിൻകാട്ടിൽ ഹൗസ്, മയിലുംപുറം, ഒറ്റപ്പാലം.

(ഡി) പ്രസ്തുത പദ്ധതിക്കുവേണ്ടി കർഷകർ അപേക്ഷ സമർപ്പിക്കേണ്ട രീതി വിശദമാക്കുമോ?

PMKSY-PDMC പദ്ധതിയിൽ സമർപ്പിക്കേണ്ട അപേക്ഷഫോറം ജില്ലയിലെ കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്നും കൃഷിഭവൻ മുഖേനയും കർഷകർക്ക് ലഭിക്കും. അപേക്ഷ പൂരിപ്പിച്ച് ആധാർ കാർഡിന്റെ കോപ്പി, തൻവർഷത്തെ കരം തീർത്ത രസീത്, (സ്ഥലം പാട്ടത്തിനെടുത്ത് കൃഷിചെയ്യുന്ന കർഷകർ ഏഴുവർഷത്തെ പാട്ടക്കരാറും), ബാങ്ക് പാസ് ബുക്കിന്റെ കോപ്പി, പാസ്പോർട്ട് സൈസ് ഫോട്ടോ, ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ് (ആവശ്യമെങ്കിൽ) എന്നിവ സഹിതം ബന്ധപ്പെട്ട കൃഷിഭവനിലോ മലമ്പുഴയിലുള്ള കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിലോ തപാൽ മാർഗ്ഗമോ നേരിട്ടോ സമർപ്പിക്കാവുന്നതാണ്.

**കണ്ണൂർ മണ്ഡലത്തിലെ മുണ്ടേരി അഗ്രിഫാം**

61(1802) ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂർ മണ്ഡലത്തിൽ ആരംഭിക്കുവാനുദ്ദേശിക്കുന്ന മുണ്ടേരി അഗ്രിഫാമിന്റെ പുരോഗതി വിശദമാക്കാമോ; ഫാം ആരംഭിക്കുവാനുള്ള തടസ്സമെന്തെന്ന് വിശദമാക്കാമോ?

കണ്ണൂർ മണ്ഡലത്തിൽ മുണ്ടേരി പഞ്ചായത്തിന്റെ കാർഷിക അനുബന്ധമേഖലകളുടെ സമഗ്ര വികസനത്തിനുവേണ്ട നിർദ്ദേശങ്ങളാണ് 'മുണ്ടേരി അഗ്രി ഫാം' പദ്ധതിയിലുൾക്കൊള്ളിച്ചിരിക്കുന്നത്. ഒരു കോടി രൂപ അടങ്കൽ തുകയുള്ള പദ്ധതിയിൽ കൃഷിവകുപ്പിന്റെ വിഹിതം 40 ലക്ഷം രൂപയാണ്. 60 ലക്ഷം രൂപ മൃഗസംരക്ഷണ വകുപ്പ്, ക്ഷീരവികസന വകുപ്പ്, ഫിഷറീസ് വകുപ്പ്, കൃഷി എഞ്ചിനീയറിംഗ് എന്നീ വകുപ്പുകളുടെ വിഹിതമാണ്.

മുണ്ടേരി അഗ്രി ഫാം പദ്ധതിക്ക് 2022-23 സാമ്പത്തികവർഷത്തെ പദ്ധതി വിഹിതത്തിൽ പ്രത്യേകം തുക വകയിരുത്തിയിട്ടില്ല. അതിനാൽ മുണ്ടേരി അഗ്രി ഫാം പ്രൊപ്പോസലിലുൾപ്പെട്ടിട്ടുള്ള വിവിധ വിള വികസന ഘടകങ്ങൾ 2022-23 സാമ്പത്തികവർഷത്തിൽ കൃഷി വകുപ്പുമുഖേന നടപ്പിലാക്കികൊണ്ടിരിക്കുന്ന വിവിധ കാർഷിക വികസന പദ്ധതികളിലും അടിസ്ഥാനസൗകര്യ വികസനം, യന്ത്രവൽക്കരണം എന്നിവ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പ്രോജക്ടുകളിലുമുൾപ്പെടുത്തി

നടപ്പിലാക്കുവാനുള്ള നിർദ്ദേശം കണ്ണൂർ പ്രിൻസിപ്പൽ കൃഷി ഓഫീസർക്ക് നൽകിയിട്ടുണ്ട്.

മുണ്ടേരി അഗ്രി ഫാം പ്രോജക്റ്റുമായി ബന്ധപ്പെട്ട് നടത്തിയ പ്രവർത്തനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

മുണ്ടേരി അഗ്രി ഫാം 1860-ലെ സൊസൈറ്റി രജിസ്ട്രേഷൻ ആക്ട് 21 പ്രകാരം 72 മെമ്പർമാരെയുൾപ്പെടുത്തി രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

പ്രസ്തുത പദ്ധതിക്ക് അടിസ്ഥാനസൗകര്യമൊരുക്കുന്നതിലേയ്ക്ക് മുണ്ടേരി ഗ്രാമപഞ്ചായത്ത് ജലസേചനവകുപ്പിന്റെ ഉടമസ്ഥതയിലുള്ള 2 ഏക്കർ ഭൂമി വിട്ടുകിട്ടുന്നതിനായുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

പരിസ്ഥിതിദിനത്തിൽ പഞ്ചായത്തിൽ വിതരണം ചെയ്യുന്നതിനുള്ള 2000 വൃക്ഷത്തൈകൾ ഉല്പാദിപ്പിച്ചുനൽകിയിട്ടുണ്ട്.

ഒന്നാംവിള നെൽകൃഷി 1 ഹെക്ടർ തരിശുകൃഷി ഇറക്കിയിട്ടുണ്ട്.

രണ്ടാംവിളയ്ക്ക് 10 ഏക്കർ തരിശുവയൽ കൃഷിയോഗ്യമാക്കുന്നതിന് നിലമൊരുക്കിയിട്ടുണ്ട്.

**ഞങ്ങളും കൃഷിയിലേക്ക് പദ്ധതി**

62(1803) <u>ശ്രീ. കെ. എം. സച്ചിൻദേവ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാർത്ഥികളെയും യുവാക്കളെയും കൃഷിയിലേയ്ക്ക് ആകർഷിക്കുന്നതിനും കാർഷികോല്പാദനം വർദ്ധിപ്പിക്കുന്നതിനുമായി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

യുവതലമുറയെ പ്രത്യേകിച്ച് വിദ്യാർത്ഥികളിൽ കാർഷിക സംസ്കൃതി പകർന്നുകൊടുക്കുന്നതിനും കൃഷിയിലേയ്ക്ക് ആകർഷിക്കുന്നതിനുംവേണ്ടി വിദ്യാഭ്യാസ വകുപ്പുമായി സഹകരിച്ചുകൊണ്ട് പച്ചക്കറി വികസന പദ്ധതിയുടെ ഭാഗമായും കാർഷിക വിജ്ഞാന വ്യാപനം ശക്തിപ്പെടുത്തൽ എന്ന പദ്ധതിയുടെ ഭാഗമായും നിലവിൽ പല ഘടകങ്ങൾ കാർഷിക വികസന കർഷക ക്ഷേമവകുപ്പ് നടപ്പിലാക്കിവരുന്നുണ്ട്.

എല്ലാ ജനങ്ങളെയും പ്രത്യേകിച്ച് സ്കൂൾ വിദ്യാർത്ഥികളെയും യുവതലമുറയെയും കാർഷിക മേഖലയിലേയ്ക്ക് ആകർഷിക്കുകയെന്ന ലക്ഷ്യത്തോടെ നടപ്പാക്കിയ ജനകീയ ക്യാമ്പയിനാണ് 'ഞങ്ങളും കൃഷിയിലേക്ക്'. കൃഷി വകുപ്പ്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും മറ്റനുബന്ധ വകുപ്പുകളുടെയും ഏകോപനത്തിലൂടെയാണ്

പ്രസ്തുത പദ്ധതി നടപ്പിലാക്കിവരുന്നത്. കൃഷി ചെയ്യുന്നതിൽ മികച്ച പ്രകടനം കാഴ്ചവയ്ക്കുന്ന വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും കൂടാതെ സ്കൂളുകൾക്കും പ്രോത്സാഹനമെന്ന നിലയ്ക്ക് കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് പല തരത്തിലുള്ള അവാർഡുകൾ നൽകിവരുന്നു. വിദ്യാസമ്പന്നരായ പുതുതലമുറയിലെ അംഗങ്ങളെ കൃഷിയിലേയ്ക്കാകർഷിക്കുന്നതിനും അവർക്ക് കൃഷി വകുപ്പിൽത്തന്നെ അവസരങ്ങളൊരുക്കുന്നതിനുമായി ഇന്റേൺഷിപ് പരിപാടി നടപ്പാക്കിവരുന്നു. കൃഷി വകുപ്പിന്റെ താഴെത്തട്ടിൽ പ്രവർത്തിക്കുന്നതും കർഷകരോട് നേരിട്ടിടപെടുന്നതുമായ കൃഷിഭവനുകളിൽനിന്നും കൃഷിയെപ്പറ്റിയും വകുപ്പിനുകീഴിൽ നടപ്പാക്കുന്ന പദ്ധതികൾ നേരിട്ടിടപെടാനും പഠിക്കുവാനും പരിശീലനം ലഭിക്കുവാനുമാണ് യുവജനങ്ങൾക്കുവേണ്ടി ഈ പദ്ധതി ഉദ്ദേശിച്ചിരിക്കുന്നത്. 2020-21 സാമ്പത്തികവർഷം മുതൽ നടപ്പിലാക്കിവരുന്ന പദ്ധതിയാണ് കൃഷി പാഠശാല. പരിശീലനങ്ങളിലൂടെ കർഷകർ കൃഷിയിലെ നൂതന സാങ്കേതികവിദ്യകൾ മാറ്റുന്നതിനും കൈമാറുന്നതിനും മികച്ച കൃഷിക്കാരുടെ കൃഷിയിടങ്ങളിൽ പരിചയപ്പെടുന്നതിനുമാണ് ടി പദ്ധതി നടപ്പിലാക്കുന്നത്. ഇത്തരം പരിശീലന പരിപാടികൾ എല്ലാ കർഷകർക്കും പ്രത്യേകിച്ച്

യുവാകൾക്കും കൃഷിയെക്കുറിച്ചും നൂതന കൃഷി രീതികളിലുമുള്ള അവബോധം സൃഷ്ടിക്കാൻ സഹായകരമാണ്.

(ബി) 'ഞങ്ങളും കൃഷിയിലേക്ക്' പദ്ധതിയിലൂടെ സംസ്ഥാനത്തെ കാർഷികോല്പാദനം വർദ്ധിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ?

'ഞങ്ങളും കൃഷിയിലേക്ക്' പദ്ധതിയിലൂടെ സംസ്ഥാനത്തെ കാർഷികോല്പാദനം വർദ്ധിപ്പിക്കാൻ സാധിച്ചിട്ടുണ്ട്. 'ഞങ്ങളും കൃഷിയിലേക്ക്' പദ്ധതിയിലൂടെ ഒരു ലക്ഷം കൃഷിയിടങ്ങളിൽ പുതുതായി കാർഷിക പ്രവർത്തനങ്ങളാരംഭിക്കുന്നതിന്റെ ഭാഗമായി കർഷകദിനമായ ചിങ്ങം 1 (2022 ആഗസ്റ്റ് 17)-ന് 1,02,314 കൃഷിയിടങ്ങളിൽ പുതുതായി കൃഷിക്ക് തുടക്കം കുറിച്ചു. സംസ്ഥാനത്തൊട്ടാകെ നെല്ല്, വിവിധയിനം പച്ചക്കറിയിനങ്ങൾ, തെങ്ങ്, വാഴ, കവുങ്ങ്, കിഴങ്ങുവർഗ്ഗങ്ങൾ തുടങ്ങി മറ്റ് വിളകളുൾപ്പടെ 78312 ഹെക്ടർ സ്ഥലത്ത് ഇതുമൂലം കൃഷി വ്യാപിപ്പിക്കുവാൻ സാദ്ധ്യമായിട്ടുണ്ട്.

'ഞങ്ങളും കൃഷിയിലേക്ക്' പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കി വരുന്ന സമഗ്ര പച്ചക്കറി വികസന പദ്ധതിയിലെ വിവിധ ഘടകങ്ങൾ നടപ്പിലാക്കിയതിലൂടെ സംസ്ഥാനത്തെ പച്ചക്കറിയുല്പാദനം 2021-22 വർഷത്തിൽ 1.08 ലക്ഷം ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷി ചെയ്യുകയും

16.01 ലക്ഷം മെട്രിക് ടൺ പച്ചക്കറി ഉല്പാദിപ്പിക്കുകയും ചെയ്തിട്ടുണ്ട്. 2022-23 സാമ്പത്തികവർഷത്തിൽ 1.12 ലക്ഷം ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷി വ്യാപിപ്പിക്കുന്നതിനും അതിലൂടെ 16.3 ലക്ഷം മെട്രിക് ടൺ പച്ചക്കറികൾ ഉല്പാദിപ്പിക്കുന്നതിനും ലക്ഷ്യമിട്ട് പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു.

**പൂഞ്ഞാർ മണ്ഡലത്തിലെ കാർഷിക മേഖലയിലെ കേന്ദ്രാവിഷ്കൃത പദ്ധതികൾ**

63(1804) <u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ മണ്ഡലത്തിൽ കാർഷിക സംരക്ഷണവുമായി ബന്ധപ്പെട്ട് ആർ.കെ.വി.വൈ. (രാഷ്ട്രീയ കൃഷി വികാസ് യോജന), ആർ.ഐ.ഡി.എഫ്. (റൂറൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് ഫണ്ട്), നബാർഡ് എന്നിവയുടെ പദ്ധതികളിലുൾപ്പെടുത്തിയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേനയും എത്ര പദ്ധതികൾ നടപ്പുവർഷം അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്?

കോട്ടയം ജില്ലയിലെ പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ കാർഷിക സംരക്ഷണവുമായി ബന്ധപ്പെട്ട് ആർ.കെ.വി.വൈ.

(രാഷ്ട്രീയ കൃഷി വികാസ് യോജന), ആർ.ഐ.ഡി.എഫ്. (റൂറൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് ഫണ്ട്), നബാർഡ് എന്നിവയുടെ പദ്ധതികളിലുൾപ്പെടുത്തി നടപ്പുവർഷം നാളിതുവരെ പദ്ധതികളൊന്നും അനുമതിക്കായി സമർപ്പിച്ചിട്ടില്ല. എന്നാൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന 27 പദ്ധതികൾ നടപ്പിലാക്കിവരുന്നു.

(ബി) പ്രസ്തുത പ്രവൃത്തികളുടെ പേര്, പദ്ധതി, പദ്ധതിയുടെ തുക, പദ്ധതിയുടെ നിലവിലെ സ്ഥിതി എന്നിവ സംബന്ധിച്ച വിശദാംശം വ്യക്തമാക്കുമോ?

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നാളിതുവരെ അപേക്ഷകൾ സ്വീകരിച്ച് നടപ്പിലാക്കിവരുന്ന പ്രവൃത്തികളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

## തൃശ്ശൂർ ജില്ലയിലെ സ്മാർട്ട് കൃഷിഭവൻ

64(1805) <u>ശ്രീ. എൻ. കെ. അക്ബർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) സ്മാർട്ട് കൃഷിഭവനകളാക്കുന്നതിന് തൃശ്ശൂർ ജില്ലയിൽനിന്നും തെരഞ്ഞെടുത്ത പതിനാല് കൃഷിഭവനകളുടെ നിലവിലെ പുരോഗതി വിശദമാക്കാമോ?

നിയോജകമണ്ഡലാടിസ്ഥാനത്തിൽ സ്മാർട്ട് കൃഷിഭവനകളാക്കേണ്ട കൃഷിഭവനകളിൽ തൃശ്ശൂർ പ്രിൻസിപ്പൽ കൃഷി ഓഫീസർ 13 കൃഷിഭവനകളെയാണ് സ്മാർട്ട് കൃഷിഭവനാക്കുന്നതിന് ശിപാർശ ചെയ്തിട്ടുള്ളത്. ഇവയിൽനിന്നും അയ്യന്തോൾ, കണ്ടാണശ്ശേരി എന്നീ കൃഷിഭവനകളെയാണ് 2022-23-ലെ വാർഷിക പദ്ധതിപ്രകാരം സ്മാർട്ട് കൃഷിഭവനാക്കുന്നതിന് തെരഞ്ഞെടുത്തിട്ടുള്ളത്. ഇതിൽ അയ്യന്തോൾ കൃഷിഭവന്റെ ടെക്നിക്കൽ കമ്മിറ്റി മീറ്റിംഗ് 29-11-2022-ന് സ്ഥലം എം.എൽ.എ.-യുടെ അദ്ധ്യക്ഷതയിൽ നടത്തുകയും 30-11-2022-ന് സിവിൽ വർക്ക് അന്തിമമാക്കുന്നതിനുള്ള പരിശോധന അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (അഗ്രി.) നടത്തുകയുണ്ടായി. പദ്ധതി നടപ്പിലാക്കുന്നതിനുള്ള ആക്ഷൻ പ്ലാൻ തയ്യാറാക്കിവരികയാണ്. കണ്ടാണശ്ശേരി കൃഷിഭവന്റെ ടെക്നിക്കൽ കമ്മിറ്റി മീറ്റിംഗ് 26-11-2022-ന് ചേർന്നു. പദ്ധതി നടപ്പിലാക്കുന്നതിനുള്ള ആക്ഷൻ പ്ലാൻ തയ്യാറാക്കിക്കൊണ്ടിരിക്കുന്നു.

കൂടാതെ, നബാർഡിന്റെ സാമ്പത്തികസഹായത്തോടെ നടപ്പിലാക്കുന്ന ആർ.ഐ.ഡി.എഫ്. ട്രാഞ്ചെ - XXVII-ലുൾപ്പെടുത്തി സ്മാർട്ട് കൃഷിഭവൻ നിർമ്മിക്കുന്നതിനുള്ള പദ്ധതിയിൽ തൃശ്ശൂർ ജില്ലയിലെ വടക്കാഞ്ചേരി കൃഷിഭവനെ തെരഞ്ഞെടുത്തിട്ടുണ്ട്. ആയതിനുള്ള പ്രാരംഭനടപടികൾ കെ.എൽ.ഡി.സി. മുഖാന്തരം സ്വീകരിച്ചുവരുന്നു.

(ബി) ആർ.ഐ.ഡി.എഫ്. പദ്ധതിയിലുൾപ്പെടുത്തി നടപ്പിലാക്കുന്ന പ്രസ്തുത പദ്ധതി എന്നത്തേയ്ക്ക് പൂർത്തിയാക്കുമെന്ന് വിശദമാക്കാമോ?

ആർ.ഐ.ഡി.എഫ് ട്രാഞ്ചെ XXVII പദ്ധതിയിലുൾപ്പെടുത്തി സ്മാർട്ട് കൃഷിഭവനാക്കുന്നതിന് വടക്കാഞ്ചേരി കൃഷിഭവനെയാണ് തെരഞ്ഞെടുത്തിരിക്കുന്നത്. പ്രാരംഭഘട്ടത്തിലുള്ള ഈ പദ്ധതി നടപ്പിലാക്കുന്നത് കെ.എൽ.ഡി.സി. മുഖാന്തരമാണ്. പ്രസ്തുത പദ്ധതിയുടെ കാലയളവ് ഡി.പി.ആർ. പ്രകാരം രണ്ടുവർഷമാണ്.

**കുട്ടനാട്ടിൽ പി.എം. കുസും പദ്ധതി**

65(1806) <u>ശ്രീ. മോൻസ് ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്, അപ്പർ കുട്ടനാട് പാടശേഖരങ്ങളിൽ ഉപയോഗിച്ചുവരുന്ന പമ്പുകൾ പി.എം. കുസും പദ്ധതിയിലുൾപ്പെടുത്തി സൗരോർജ്ജത്തിലേയ്ക്ക് മാറ്റുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) കുട്ടനാട്ടിലെയും അപ്പർ കുട്ടനാട്ടിലെയും പാടശേഖരങ്ങളിലെ എത്ര പമ്പുസെറ്റുകളാണ് പി.എം. കുസും പദ്ധതിപ്രകാരം സോളാർ പാനലിലേയ്ക്ക് മാറ്റുന്നത്; വിശദീകരണം നൽകുമോ?

(എ&ബി) കുട്ടനാട്, അപ്പർ കുട്ടനാട് പാടശേഖരങ്ങളിൽ പി.എം. കുസും പദ്ധതി പ്രകാരം പമ്പുകൾ സൗരോർജ്ജത്തിലേയ്ക്ക് മാറ്റുന്നതിനുള്ള സാദ്ധ്യതാപഠനങ്ങൾ നടന്നുവരുന്നു. ഇതിന്റെയടിസ്ഥാനത്തിൽ ഈ പദ്ധതിപ്രകാരം സോളാർ പാനലിലേയ്ക്ക് മാറ്റാനനുയോജ്യമായ എണ്ണം പമ്പുസെറ്റുകൾ കണ്ടെത്തുന്നതാണ്.

(സി) പ്രസ്തുത പദ്ധതി നടത്തിപ്പിനുള്ള മാനദണ്ഡങ്ങളെന്തെല്ലാം; വിശദാംശങ്ങൾ നൽകുമോ; ഈ പദ്ധതി നടപ്പാക്കാൻ വകുപ്പുകൾ തമ്മിലുള്ള ഏകോപനം സാദ്ധ്യമാകുമോ; അറിയിക്കാമോ?

പ്രസ്തുത പദ്ധതിയിൽ നിലവിൽ സൗജന്യ വൈദ്യതി ആനുകൂല്യം ലഭിക്കുന്ന ജലസേചന പമ്പുസെറ്റുകളുടെ ഉടമകളിൽനിന്നും സമ്മതപത്രം

നൽകുന്നവർക്ക് സൗരോർജ്ജ പാനലുകളും അനുബന്ധ സാമഗ്രികളും സ്ഥാപിക്കാനനുയോജ്യമായ സ്ഥലങ്ങളിൽ പദ്ധതി നടപ്പിലാക്കാനുദ്ദേശിക്കുന്നു. പദ്ധതിപ്രകാരം മൂലധനച്ചെലവിന്റെ കർഷകരുടെ വിഹിതമായ 40 ശതമാനത്തിന്റെ പകുതി കൃഷി വകുപ്പിന്റെ വാർഷിക പദ്ധതി ഫണ്ടിൽനിന്നും അധിക സബ്സിഡിയായി നൽകും. ഇതുപ്രകാരം ഗുണഭോക്തൃ വിഹിതം 20 ശതമാനമായിരിക്കും. ഈ പദ്ധതി ഊർജ്ജ വകുപ്പിനുകീഴിലുള്ള Agency for New and Renewable Energy Research and Technology (ANERT) ആയി സഹകരിച്ചാണ് നടപ്പിലാക്കുന്നത്. കേന്ദ്ര സബ്സിഡി കഴിഞ്ഞുള്ള ബാക്കി തുക നബാർഡിന്റെ ഗ്രാമീണ പശ്ചാത്തല വികസന ഫണ്ടിൽനിന്നും വായ്പയായി ലഭ്യമാക്കുന്നതിനുമുള്ള നടപടി അനെർട്ട് സ്വീകരിച്ചിട്ടുണ്ട്. സൗരോർജ്ജ പ്ലാന്റിൽനിന്ന് ഉല്പാദിപ്പിക്കുന്ന വൈദ്യുതിയിൽ പമ്പിന്റെ ഉപയോഗം കഴിഞ്ഞ് ബാക്കി വരുന്ന വൈദ്യുതി കെ.എസ്.ഇ.ബി.എൽ. ഗ്രിഡിലേയ്ക്ക് നൽകുന്നതിലൂടെ അധിക വൈദ്യുതിക്ക് ഒരു നിശ്ചിത നിരക്ക് ഗുണഭോക്താവിന് ലഭിക്കുന്നതാണ്. ഈ തുക നബാർഡിന്റെ വായ്പാതിരിച്ചടവിന് വിനിയോഗിക്കും. ഏകദേശം 7 മുതൽ 10 വർഷത്തെ ഈ തുക വിനിയോഗിച്ച് വായ്പാതിരിച്ചടവ് പൂർത്തിയാക്കാവുന്നതാണ്. വായ്പ

കാലാവധിക്കുശേഷം സൗരോർജ്ജ പ്ലാന്റ് കർഷകർക്ക് കൈമാറുന്നതും തുടർന്ന് ലഭിക്കുന്ന തുക കർഷകർക്ക് അധിക വരുമാനമായി തീരുന്നതുമാണ്.

## സംസ്ഥാനത്ത് നെല്ല് സംഭരണത്തിലെ പ്രതിസന്ധി പരിഹരിക്കാൻ നടപടി

66(1807) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നെല്ല് സംഭരണ മേഖലയിലുണ്ടായ പ്രതിസന്ധി പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) ഇതുമൂലം കർഷകർ നേരിടുന്ന പ്രയാസങ്ങൾ പരിഹരിക്കാൻ പ്രത്യേക പാക്കേജ് ഏർപ്പെടുത്താനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ;

(സി) നെല്ല് സംഭരണത്തിന് നടപടി സ്വീകരിക്കാത്തതുമൂലം 2022-23 സാമ്പത്തികവർഷത്തിൽ എത്ര ടൺ നെല്ല് ഉപയോഗ ശൂന്യമായെന്ന് കണക്കുകൾ ശേഖരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

(എ-സി) നെല്ല് സംഭരണത്തിന് നിലവിൽ പ്രതിസന്ധികളില്ല. കേരളത്തിൽ പ്രവർത്തിക്കുന്ന 58 മില്ലുകളുമായി കരാറിലേർപ്പെട്ടുകൊണ്ട് നെല്ല് സംഭരണം സുഗമമായും കാര്യക്ഷമമായും സമയബന്ധിതമായും

സപ്ലൈകോ നടത്തിവരുന്നു. 2022-23 സീസണിൽ 08-12-2022 വരെ ആകെ 45494 കർഷകരിൽ നിന്നായി 129902 ടൺ നെല്ല് സംഭരിച്ചിട്ടുണ്ട്. 2023 ജൂൺ മാസം വരെ രജിസ്റ്റർ ചെയ്യുന്ന കർഷകരിൽനിന്നും നെല്ല് സംഭരിക്കുന്നതാണ്. സംഭരിക്കാത്തതുമൂലം നെല്ല് ഉപയോഗശൂന്യമായെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**പുതുക്കാട് മണ്ഡലത്തിലെ 'പൊലിമ' പദ്ധതി**

67(1808) <u>ശ്രീ. കെ. കെ. രാമചന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പുതുക്കാട് മണ്ഡലത്തിലെ എട്ട് പഞ്ചായത്തുകളിൽ കുടുംബശ്രീ, അയൽക്കൂട്ടങ്ങൾ എന്നിവ വഴി കൃഷി, തദ്ദേശസ്വയംഭരണം, സഹകരണം എന്നീ വകുപ്പുകളുടെ സഹകരണത്തോടെ ആവിഷ്കരിച്ച് നടപ്പാക്കുന്ന 'പൊലിമ' പുതുക്കാട് കാർഷിക പദ്ധതിയുടെ നടത്തിപ്പിനായി പച്ചക്കറിത്തൈകൾ, വിത്തുകൾ, വളങ്ങൾ എന്നിവ പ്രത്യേകമായി അനുവദിക്കുന്നതിനും പ്രത്യേകമായി ഫണ്ടനുവദിക്കുന്നതിനും നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

കൃഷി വകുപ്പിന്റെ നിലവിലുള്ള പച്ചക്കറി വികസന പദ്ധതി പുതുക്കാട് കാർഷിക വികസന പദ്ധതിയായ പൊലിമയുമായി സംയോജിപ്പിച്ച് പച്ചക്കറിത്തൈകളും വിത്തുകളും വിതരണം ചെയ്തിട്ടുണ്ട്. തൈകൾക്കായി 88000/- രൂപയും വിത്തിനായി 109500/- രൂപയും ചെലവഴിച്ചിട്ടുണ്ട്. ആയതിനാൽ പൊലിമ പദ്ധതിക്കായി നിലവിൽ പ്രത്യേകമായി ഫണ്ട് അനുവദിച്ചിട്ടില്ല.

## ഞങ്ങളും കൃഷിയിടത്തിലേയ്ക്ക് പദ്ധതി

68 (1809) ശ്രീ. സി. എച്ച്. കുഞ്ഞമ്പു:

ശ്രീ. കെ. ബാബു (നെന്മാറ):

ശ്രീ. ലിന്റോ ജോസഫ്:

ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൃഷിയിൽ ജനകീയ മുന്നേറ്റം സൃഷ്ടിക്കുന്നതിന് ആവിഷ്കരിച്ച ഞങ്ങളും കൃഷിയിടത്തിലേയ്ക്ക് പദ്ധതി ഫലപ്രദമായി പ്രാവർത്തികമാക്കിയിട്ടുണ്ടോ?

ഉണ്ട്. സംസ്ഥാനത്ത് കൃഷിയിൽ ജനകീയ മുന്നേറ്റം സൃഷ്ടിക്കുന്നതിനും എല്ലാ കുടുംബങ്ങളിലും കാർഷിക സംസ്കാരം വളർത്തിയെടുക്കുന്നതിനും

എല്ലാ കുടുംബങ്ങളെയും കൃഷിയിലേയ്ക്ക് ആകർഷിക്കുന്നതിനായും കർഷിക വികസന കർഷക ക്ഷേമ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന പദ്ധതിയാണ് 'ഞങ്ങളും കൃഷിയിലേക്ക്'.

(ബി) പതിനായിരം കൃഷിക്കൂട്ടങ്ങൾ രൂപീകരിക്കുന്നതിനും ജൈവകൃഷി വ്യാപകമാക്കുന്നതിനും പ്രസ്തുത പദ്ധതി ലക്ഷ്യമിട്ടിരുന്നോ; ഈ രംഗത്ത് കൈവരിക്കാൻ കഴിഞ്ഞ നേട്ടം വിലയിരുത്തിയിട്ടുണ്ടോ; കൃഷിയിൽ ശാസ്ത്രീയരീതി അവലംബിക്കുന്നത് വ്യാപകമാക്കാനായിട്ടുണ്ടോ?

സംസ്ഥാനത്ത് കൃഷിയിൽ ജനകീയ മുന്നേറ്റം സൃഷ്ടിക്കുന്നതിന് ആവിഷ്കരിച്ച 'ഞങ്ങളും കൃഷിയിലേക്ക്' പദ്ധതിയുടെ ഭാഗമായി 10000 കൃഷിക്കൂട്ടം രൂപീകരിക്കുന്നതിന് ലക്ഷ്യമിട്ടിരുന്നു. എന്നാൽ സംസ്ഥാനത്തൊട്ടാകെ ആകെ 25887 എണ്ണം കൃഷിക്കൂട്ടങ്ങൾ പ്രാഥമിക ഘട്ടത്തിൽ രൂപീകരിക്കുകയും നിലവിൽ 19849 എണ്ണം കൃഷിക്കൂട്ടങ്ങൾ വിവിധ മേഖലകളിൽ പ്രവർത്തിച്ചുവരുന്നുണ്ട്. 'ഞങ്ങളും കൃഷിയിലേക്ക്' പദ്ധതി നടപ്പിലാക്കിയതിലൂടെ കാർഷിക രംഗത്ത് കൈവരിക്കാൻ കഴിഞ്ഞ നേട്ടം വിലയിരുത്തിയിട്ടുണ്ട്. 'ഞങ്ങളും കൃഷിയിലേക്ക്' പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കി വരുന്ന സമഗ്ര പച്ചക്കറി വികസന പദ്ധതിപ്രകാരം 2021-22 സാമ്പത്തികവർഷത്തിൽ കൃഷിക്കൂട്ടങ്ങളുടെ കൂടി സഹായത്തോടെ

601 ഹെക്ടർ സ്ഥലത്ത് തരിശുനിലത്തിൽ പച്ചക്കറി കൃഷി വ്യാപിപ്പിക്കുവാൻ സാധിച്ചു. 2022-23 വർഷത്തിൽ നാളിതുവരെ 104.9045 ഹെക്ടർ സ്ഥലത്ത് തരിശുനിലത്തിൽ കൃഷി നടപ്പിലാക്കിയിട്ടുണ്ട്. കേരള കാർഷിക സർവ്വകലാശാല ശിപാർശ ചെയ്യുന്ന തെളിയിക്കപ്പെട്ട ശാസ്ത്രീയ സാങ്കേതികവിദ്യകൾ ഉൾക്കൊള്ളിച്ചാണ് കൃഷി വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ ആവിഷ്കരിക്കുന്നത്.

(സി) കഴിഞ്ഞ സർക്കാരിന്റെ കാലം മുതൽ നെൽകൃഷിക്ക് നൽകിയ പ്രാധാന്യത്തിന്റെ ഫലമായി ഉല്പാദനത്തിലും വിസ്തൃതിയിലും വർദ്ധനവ് സൃഷ്ടിക്കാനായിട്ടുണ്ടോ; വിശദാംശം നൽകാമോ?

ഉണ്ട്. സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പ് പ്രസിദ്ധീകരിച്ചിട്ടുള്ള കണക്കുകൾപ്രകാരം സംസ്ഥാനത്തെ 2011-12 മുതൽ 2020-21 വരെയുള്ള വർഷങ്ങളിലെ നെൽകൃഷിയുടെ വിസ്തൃതി, ഉല്പാദനം എന്നിവ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു+.

**വീടുകളിൽ പച്ചക്കറി വിത്തുകളും തൈകളും വിതരണം**

69(1810) <u>ശ്രീ. മാണി സി. കാപ്പൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) സംസ്ഥാനത്ത് ജൈവകൃഷി പ്രോത്സാഹനവുമായി ബന്ധപ്പെട്ട് വീടുകളിൽ ഉദ്യോഗസ്ഥർ നേരിട്ട് പച്ചക്കറി വിത്തുകളും തൈകളും വിതരണം ചെയ്യുന്നുണ്ടോ; എങ്കിൽ ടി പദ്ധതിയുടെ നിജ:സ്ഥിതി വ്യക്തമാക്കാമോ?

ഇല്ല. എന്നാൽ ജൈവകൃഷി പ്രോത്സാഹനവുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് വീടുകളിൽ കൃഷി വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി സമഗ്ര പച്ചക്കറി വികസന പദ്ധതിയിൽ ഒരു മുഖ്യഘടകമായി ഉൾപ്പെടുത്തി സ്കൂൾ വിദ്യാർത്ഥികൾ/കർഷകർ മുഖേന വിവിധയിനങ്ങളടങ്ങിയ പച്ചക്കറി വിത്തുകളും തൈകളും കർഷകർക്ക് സൗജന്യമായി വിതരണം നടത്തിവരുന്നു. കൂടാതെ സംസ്ഥാനത്തെ 1077 കൃഷിഭവനുകൾ വഴി കർഷകർക്കും വീട്ടമ്മമാർക്കും വിവിധ സന്നദ്ധസംഘടനകൾക്കും സൗജന്യമായി വിതരണം ചെയ്യുന്നു. വീട്ടുവളപ്പിലെ പച്ചക്കറി കൃഷിയുടെ പ്രോത്സാഹനത്തിനായി ദീർഘകാല പച്ചക്കറി വിളകളായ മുരിങ്ങ, അഗത്തി, കറിവേപ്പില തുടങ്ങിയവയുടെ തൈകളും സൗജന്യമായി കർഷകർക്ക് നൽകിവരുന്നു. സ്ഥലപരിമിതിമൂലം കൃഷി ചെയ്യാൻ സാധിക്കാത്തവർക്ക് ചെടിച്ചട്ടികളിലുള്ള കൃഷി, ലംബകൃഷി, ഹൈഡ്രോപോണിക്സ് കൃഷി, തുടങ്ങിയ കൃഷിരീതികൾ പ്രോത്സാഹിപ്പിച്ചുവരുന്നു. സമഗ്ര പച്ചക്കറി വികസന പദ്ധതിയിലുൾപ്പെടുത്തി

47.66 ലക്ഷം പച്ചക്കറി വിത്ത് കിറ്റുകളും 138.36544 ലക്ഷം പച്ചക്കറിത്തൈകളും നാളിതുവരെ വിതരണം നടത്തിക്കഴിഞ്ഞു. കൂടാതെ 3.81119 ലക്ഷം പരമ്പരാഗതയിനം പച്ചക്കറിത്തൈകളും വിതരണം നടത്തിയിട്ടുണ്ട്.

(ബി) വീടുകളിൽ പച്ചക്കറി വിത്തുകളും തൈകളും വിതരണം ചെയ്യുന്നുണ്ടെങ്കിൽ ആയത് പരിപാലിക്കുന്നുണ്ടോയെന്നറിയാൻ നിലവിൽ സർക്കാർ സംവിധാനങ്ങളുണ്ടോ; വിശദമാക്കാമോ?

വിതരണം നടത്തുന്ന പച്ചക്കറി തൈകളും വിത്തുകളും വീട്ടുവളപ്പുകളിൽ കൃഷി ചെയ്ത് പരിപാലിച്ച് പച്ചക്കറി ഉല്പാദിപ്പിക്കുന്നതിന് കർഷകർക്കുവേണ്ട സഹായം നൽകുന്നതിനായി കൃഷി ഉദ്യോഗസ്ഥർ നിരന്തരമായി കൃഷിയിട സന്ദർശനം നടത്തി കൃഷി പരിപാലന മുറകളും രോഗകീടനിർണ്ണയ പരിഹാരങ്ങളും നിർദ്ദേശിച്ചുവരുന്നു. കൂടാതെ കർഷകരുടെ കൃഷി സംബന്ധമായ പ്രശ്നങ്ങൾ വേഗത്തിൽ ദൂരീകരിക്കുന്നതിനായി സമൂഹ-മാധ്യമ ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുമുണ്ട്.

**ആറ്റിങ്ങൽ കരവാരം-പറക്കുളം പാടശേഖരത്തിലെ നെല്ലിന്റെ രോഗബാധ**

70(1811) <u>ശ്രീമതി ഒ. എസ്. അംബിക</u>: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആറ്റിങ്ങൽ നിയോജകമണ്ഡലത്തിലെ കരവാരം-പറക്കുളം പാടശേഖരത്തിൽ നെല്ലിന് രോഗബാധയുണ്ടായ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; രോഗബാധ പരിഹരിക്കാൻ സ്വീകരിച്ച നടപടി വിശദമാക്കുമോ?

കരവാരം-പറക്കുളം പാടശേഖരത്തിൽ ഒന്നാംവിള വിളവെടുപ്പിന്റെ സമയത്ത് ബാക്ടീരിയൽ ഇലകരിച്ചിൽ രോഗബാധ (BLB) 4.5 ഹെക്ടർ സ്ഥലത്തുണ്ടായതായി ശ്രദ്ധയിൽപ്പെടുകയും ഉടൻതന്നെ രോഗബാധയേറ്റ പാടശേഖരങ്ങളിൽ കാർഷിക സർവ്വകലാശാലയുടെ നിയന്ത്രണത്തിലുള്ള തിരുവനന്തപുരം ജില്ലയിലെ സാന്ത്വനം മൾട്ടി ഡിസിപ്ലിനറി ഡയഗ്നോസ്റ്റിക് ടീം (MDDT) പരിശോധന നടത്തുകയും ചെയ്തിട്ടുണ്ട്. വരുന്ന രണ്ടാംവിളക്കാലത്ത് ബാക്ടീരിയൽ ഇലകരിച്ചിൽ രോഗം തടയുന്നതിന് കർഷകർ സ്വീകരിക്കേണ്ട മുൻകരുതലുകളെക്കുറിച്ച് മൾട്ടി ഡിസിപ്ലിനറി ഡയഗ്നോസ്റ്റിക് ടീം (MDDT) നിർദ്ദേശം നൽകിയതനുസരിച്ച് ആ വിവരം രേഖാമൂലം കരവാരം കൃഷിഭവൻ ഉദ്യോഗസ്ഥരെ അറിയിക്കുകയും ഉദ്യോഗസ്ഥർ കർഷകർക്കാവശ്യമായ ബോധവൽക്കരണം നടത്തുകയും

ചെയ്തിട്ടുണ്ട്. ടി പാടശേഖരത്തിലെ ഭൂരിഭാഗം കർഷകരും മൾടി ഡിസിപ്ലിനറി ഡയഗ്നോസ്റ്റിക് ടീമിന്റെ നിർദ്ദേശങ്ങൾ അവലംബിച്ചിട്ടുള്ളതായി അതിനുശേഷം നടത്തിയ പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ട്. കൂടാതെ ടി പാടശേഖരത്തിലെ സ്ഥിതി തുടർന്നും വിലയിരുത്തുന്നതിനും നിരീക്ഷിക്കുന്നതിനുമായി വിള ആരോഗ്യ പരിപാലന പദ്ധതിയിലെ ജീവനക്കാരായ പെസ്റ്റ് സ്കൗട്ടുമാരെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

## കുട്ടനാട്ടിലെ നെല്ല് സംഭരണം

71(1812) <u>ശ്രീ. രമേശ് ചെന്നിത്തല</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിലെ നെല്ല് സംഭരണത്തിൽ വന്നിട്ടുള്ള പാളിച്ചകൾ കാരണം കർഷകർക്കുണ്ടായ നഷ്ടം എത്രയെന്ന് വ്യക്തമാക്കുമോ;

(ബി) ഇക്കാര്യത്തിൽ വന്നിട്ടുള്ള അനാസ്ഥ കാരണം എത്ര ക്വിന്റൽ നെല്ലാണ് നശിക്കാനിടയായതെന്ന വിവരം അറിയിക്കുമോ;

(സി) ഭാവിയിൽ ഇത്തരം വീഴ്ചകൾ ഒഴിവാക്കി കുട്ടനാട്ടിലെ നെല്ല് സംഭരണം കൃത്യമായും സുഗമമായും നടപ്പിലാക്കുന്നതിന് സർക്കാർ തലത്തിൽ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ അറിയിക്കുമോ?

(എ-സി) കർഷകർ ഉല്പാദിപ്പിക്കുന്ന നെല്ല് സർക്കാർ സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേന സംഭരിച്ചുവരുന്നു. നെല്ല് സംഭരണത്തിലെ പാളിച്ചകൾ കാരണം നെല്ല് നശിക്കാനിടവന്നതായുള്ള പരാതികളൊന്നും തന്നെ കൃഷി വകുപ്പിന് ലഭിച്ചിട്ടില്ല.

**കഴിഞ്ഞ അഞ്ചുവർഷത്തെ നെല്ല് സംഭരണം**

72 (1813) <u>ശ്രീ. കുറുക്കോളി മൊയ്തീൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ അഞ്ചുവർഷമായി സംഭരിച്ച നെല്ലിന്റെ അളവ് എത്രയാണെന്നും ഒരു കിലോയ്ക്ക് എത്ര വിലയാണ് നൽകിയതെന്നുമുള്ള കണക്ക് ലഭ്യമാക്കുമോ?

നിലവിലെ സീസൺ ഉൾപ്പെട്ട കഴിഞ്ഞ അഞ്ചുവർഷമായി നെല്ല് സംഭരിച്ചതിന്റെ വിവരങ്ങൾ താഴെ ചേർക്കുന്നു.

1) 2022-23 - 107047.64 ton

2) 2021-22 - 748403.193 ton

3) 2020-21 - 764885.393 ton

4) 2019-20 - 709396.693 ton

5) 2018-19 - 693811.952 ton

ഒരു കിലോ നെല്ലിന് കഴിഞ്ഞ അഞ്ച് സാമ്പത്തികവർഷങ്ങളിൽ നൽകിയ സംഭരണ വിവരം ചുവടെ ചേർക്കുന്നു.

1 ) 2022-23 - Rs. 28.20/-

2 ) 2021-22 - Rs. 28/-

3 ) 2020-21 - Rs. 27.48/-

4 ) 2019-20 - Rs. 26.95/-

5 ) 2018-19 - Rs. 25.30/-

(ബി) കഴിഞ്ഞ അഞ്ചുവർഷമായി നെല്ല് സംഭരിക്കുന്നതിനായി കേന്ദ്രവിഹിതമായി എത്ര തുക ലഭിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ?

കഴിഞ്ഞ അഞ്ചുവർഷമായി നെല്ല് സംഭരിക്കുന്നതിനായി കേന്ദ്ര വിഹിതമായി ലഭിച്ച തുകകളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

2018-19 - 620.23 കോടി രൂപ

2019-20 - 469.30 കോടി രൂപ

2020-21 - 1214.98 കോടി രൂപ

2021-22 - 1242.37 കോടി രൂപ

2022-23 - 275.43 കോടി രൂപ

**ആകെ - 3822.31 കോടി രൂപ**

(സി) കൃത്യമായി നെല്ല് സംഭരിക്കാത്തതുമൂലം കർഷകർക്കുണ്ടാകുന്ന നഷ്ടം കണക്കാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

കർഷകരുടെ പക്കൽനിന്നും നെല്ല് സംഭരിക്കാതിരിക്കുന്ന സാഹചര്യം നിലവിലില്ല. കേന്ദ്ര സർക്കാർ ഗുണനിലവാര മാനദണ്ഡം പ്രകാരമുള്ളതും സപ്ലൈകോയിൽ പേര് രജിസ്റ്റർ ചെയ്ത കർഷകർ ഉല്പാദിപ്പിച്ചിട്ടുള്ളതുമായ നെല്ല് തടസ്സങ്ങളിലില്ലാതെ സംഭരിക്കപ്പെടുന്നുണ്ട്.

**നടപ്പുവർഷത്തെ നെല്ലുൽപ്പാദനം**

73(1814) <u>ശ്രീ. കുറുക്കോളി മൊയ്തീൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നടപ്പുവർഷത്തിൽ സംസ്ഥാനത്തെ നെല്ലിന്റെ മൊത്തം ഉല്പാദനം എത്രയെന്ന് വ്യക്തമാക്കുമോ;

(ബി) നടപ്പുവർഷത്തിൽ മുൻ വർഷത്തേക്കാൾ ഉല്പാദനവർദ്ധനവ് എത്രയാണെന്ന് വ്യക്തമാക്കുമോ?

(എ&ബി) നെല്ലിന്റെ ഉല്പാദനം തിട്ടപ്പെടുത്തി കണക്കുകൾ പ്രസിദ്ധീകരിക്കുന്നത് സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പാണ്. നടപ്പുവർഷത്തിൽ ആയതുസംബന്ധിച്ച നടപടികൾ കൈക്കൊണ്ട് വരുന്നതേയുള്ളൂ. പ്രസ്തുത വകുപ്പ് ഏറ്റവും പുതുതായി പ്രസിദ്ധീകരിച്ചിട്ടുള്ള 2020-21 വർഷത്തെ കണക്കുപ്രകാരം ഉല്പാദനം 633739 ടണ്ണാണ്.

(സി) നടപ്പുവർഷത്തിൽ എത്ര നെല്ലാണ് മൊത്തം സംഭരിക്കാൻ സാധിച്ചതെന്ന് അറിയിക്കുമോ?

നടപ്പുവർഷം 2022-23 സീസണിൽ 06-12-2022 വരെ 1.22 ലക്ഷം മെട്രിക് ടൺ നെല്ല് കർഷകരിൽനിന്നും സപ്ലൈകോ മുഖേന സംഭരിച്ചിട്ടുണ്ട്.

**നെല്ലുസംഭരണത്തിലെ അപാകത**

74(1815) <u>ശ്രീ. മോൻസ് ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നെല്ലുസംഭരണം കൃത്യമായി നടക്കാത്തതുമൂലം കർഷകർ നേരിടുന്നതായി പറയപ്പെടുന്ന പ്രതിസന്ധി പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

സംസ്ഥാനത്ത് നെല്ലുസംഭരണം കൃത്യമായി നടക്കാത്ത സാഹചര്യം നിലവിലില്ല. കേരളത്തിൽ പ്രവർത്തിക്കുന്ന 58 മില്ലുകളുമായി കരാറിൽ ഏർപ്പെട്ടുകൊണ്ട് നെല്ലുസംഭരണം സപ്ലൈകോ കാര്യക്ഷമമായും സമയബന്ധിതമായും നടത്തിവരുന്നു. 2022-23 സീസണിൽ 05-12-2022 വരെ ആകെ 36636 കർഷകരിൽ നിന്നായി 107047.64 ടൺ നെല്ല് സംഭരിച്ചിട്ടുണ്ട്. 2023 ജൂൺ മാസം വരെ രജിസ്റ്റർ ചെയ്യുന്ന കർഷകരിൽ നിന്നും നെല്ല് സംഭരിക്കുന്നതാണ്.

(ബി) കുട്ടനാട്, പാലക്കാട് എന്നിവിടങ്ങളിലെ കർഷകരിൽനിന്നും സംഭരിച്ച നെല്ലിന്റെ വില നൽകാത്തത് ഉല്പാദകരെ ദുരിതത്തിലാക്കിയെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിലിത് പരിശോധിക്കുമോ?

സംഭരിച്ച നെല്ലിന്റെ തുക കിലോ ഗ്രാമിന് 28.20/- രൂപ നിരക്കിൽ കർഷകരുടെ അക്കൗണ്ടിലേയ്ക്ക് നേരിട്ട് നൽകിവരുന്നു. 19287 കർഷകർക്കായി 165.21 കോടി രൂപ ഇതുവരെ വിതരണം ചെയ്തിട്ടുണ്ട്. ബാക്കി തുക നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) നെല്ല് സംഭരണത്തിന് മില്ലുകൾ മുന്നോട്ടുവരാത്തതുമൂലമുള്ള പ്രതിസന്ധി പരിഹരിക്കാൻ സ്വീകരിച്ചിരിക്കുന്ന നടപടികൾ വ്യക്തമാക്കാമോ?

നെല്ല് സംഭരണത്തിനായി മില്ലുകൾ മുന്നോട്ടുവരാത്ത സാഹചര്യം നിലവിലില്ല. 2022-23 സീസണിൽ 58 മില്ലുകൾ സപ്ലൈകോയുമായി കരാറിലേർപ്പെട്ടിട്ടുണ്ട്.

(ഡി) മില്ലുകൾക്ക് നൽകാനുള്ള തുക സർക്കാർ ലഭ്യമാക്കിയിട്ടുണ്ടോ; പ്രസ്തുത തുകയിൽ കൈകാര്യ ചെലവ് ഉൾപ്പെട്ടിട്ടുണ്ടോ?

കർഷകരിൽനിന്ന് നെല്ലുസംഭരിച്ച് അരിയാക്കി സപ്ലൈകോയ്ക്ക് തിരികെ നൽകുന്നതിന് സംഭരണ-സംസ്കരണ, മറ്റ് കൂലി, കൈകാര്യ ചെലവ് എന്നീയിനങ്ങളിൽ ക്വിന്റലിന് 202/- രൂപ മില്ലുകൾക്ക് നൽകുന്നുണ്ട്. 2021-22 സീസണിൽ കൂലിയിനത്തിൽ 56 മില്ലുകൾക്ക് 05-12-2022 വരെ 53.32 കോടി രൂപ മില്ലുകൾക്കായി നൽകിയിട്ടുണ്ട്.

(ഇ) മില്ലുകൾക്ക് ലഭിച്ച തുകയുടെ ജി.എസ്.ടി. കാര്യത്തിൽ തീരുമാനമെടുത്തിട്ടുണ്ടോ; ശേഖരിക്കുന്ന നെല്ലിന്റെ ഔട്ട് ടേൺ അനുപാതം ഏതുരീതിയിലാണ് തുടരുന്നതെന്ന് വ്യക്തമാക്കാമോ?

GST സംബന്ധിച്ച കാര്യങ്ങളിൽ സർക്കാർ GST വകുപ്പുമായി കത്തിടപാടുകളും ചർച്ചകളും നടത്തിവരുന്നു. GST വകുപ്പിന്റെ 17-

06-2021-ലെ 153/09/2021-GST നമ്പർ സർക്കുലർ പ്രകാരം 2022 ജൂലൈ മുതൽ മില്ലുടമകൾക്ക് നൽകുന്ന തുകയിൽനിന്ന് GST ഈടാക്കുന്നില്ല.

കേരള ഹൈക്കോടതിയുടെ WP(C)No.26941/2021 നമ്പർ വിധിപ്രകാരം ഔട്ട്ടേൺ റേഷ്യോ 64.5 ശതമാനമാക്കി നിശ്ചയിച്ച 18-08-2018-ലെ സ.ഉ. (കൈ) നം.34/2018/ഭ.പൊ.വി.വ. ഉത്തരവ് റദ്ദ് ചെയ്യുകയും ഔട്ട്ടേൺ റേഷ്യോ 68 ശതമാനമായി പുനഃസ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. ഈ വിധിക്കെതിരെ റിവ്യൂ പെറ്റീഷൻ (RP No.884 & 988 of 2022 against Judgment dtd.08-06-2022) ഫയൽ ചെയ്തിട്ടുണ്ട്.

**പാലക്കാട് ജില്ലയിലെ നെൽകൃഷി വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികൾ**

75(1816) <u>ശ്രീ. കെ. പ്രേംകുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽവന്നശേഷം പാലക്കാട് ജില്ലയിലെ നെൽകൃഷി വർദ്ധിപ്പിക്കുന്നതിനായി നടപ്പാക്കിയ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ?

നെൽകൃഷി വ്യാപിപ്പിക്കുന്നതിനും ഉല്പാദനം വർദ്ധിപ്പിക്കുന്നതിനുമായി സമഗ്ര നെൽകൃഷി വികസന പദ്ധതി, ദേശീയ ഭക്ഷ്യ സുരക്ഷാ പദ്ധതി,

നെൽക്കർഷകർക്കുള്ള റോയൽറ്റി, നെൽക്കർഷകർക്കുള്ള ഉല്പാദന ബോണസ്, നെൽക്കർഷകർക്കുള്ള സൗജന്യ വൈദ്യുത പദ്ധതി, ജനകീയ ആസൂത്രണം (സമൃദ്ധി), പാലക്കാട് നെൽകൃഷി വികസന ഏജൻസി, രാഷ്ട്രീയ കൃഷി വികാസ് യോജന, ഞങ്ങളും കൃഷിയിലേക്ക്, ബയോ ഡൈവേഴ്സിറ്റി, നെല്ല് സംഭരണം, സോയിൽ ആൻഡ് റൂട്ട് ഹെൽത്ത് മാനേജ്മെന്റ്, രജിസ്റ്റേർഡ് നെല്ലുല്പാദക പദ്ധതി എന്നീ പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്.

(ബി) ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ നിലവിൽ നെൽകൃഷിക്കനുയോജ്യമായ എത്ര ഹെക്ടർ ഭൂമി തരിശ്ശായി കിടക്കുന്നുണ്ട്; അത്തരം തരിശ്ശുഭൂമിയിൽ കൃഷി ചെയ്യുന്നതിനായി എന്തെങ്കിലും പദ്ധതി തയ്യാറാക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ നെൽകൃഷിക്കനുയോജ്യമായ 108 ഹെക്ടർ ഭൂമി തരിശായി കിടക്കുന്നുണ്ട്. നെൽകൃഷി ചെയ്യാതെ തരിശായി കിടക്കുന്ന സ്ഥലമേറ്റെടുത്ത് കൃഷി ചെയ്യുന്നതിന് ഹെക്ടറിന് 40,000/- രൂപ സബ്സിഡി നൽകിവരുന്നുണ്ട്.

## നെൽകൃഷിയുടെ ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കാൻ നടപടി

76(1817) ശ്രീമതി ശാന്തകുമാരി കെ.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെൽകൃഷിയുടെ ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനുവേണ്ടിയുള്ള നടപടികളുടെ വിശദാംശം നൽകാമോ?

നെൽകൃഷിയുടെ വിസ്തൃതിയും ഉല്പാദനവും വർദ്ധിപ്പിക്കാനും സംസ്ഥാനത്ത് ഭക്ഷ്യ സ്വയംപര്യാപ്തത കൈവരിക്കാനും വേണ്ടി സംസ്ഥാന സർക്കാരിന്റെ നെൽക്കൃഷി വികസന പദ്ധതി, കേന്ദ്രാവിഷ്കൃത പദ്ധതികളായ പാലക്കാട് ജില്ലയ്ക്കായി നടപ്പാക്കുന്ന ദേശീയ ഭക്ഷ്യ സുരക്ഷാ പദ്ധതി, വിവിധ നെൽകൃഷി വികസന ഏജൻസികൾ മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ, ജനകീയാസൂത്രണം വഴി നടപ്പിലാക്കുന്ന വിവിധ നെൽകൃഷി വികസന പദ്ധതികൾ എന്നിങ്ങനെയുള്ള വിവിധ പദ്ധതികൾ കൃഷി വകുപ്പ് നടപ്പിലാക്കിവരുന്നു. നെൽക്കർഷകർക്ക് നൽകി വരുന്ന ആനുകൂല്യങ്ങൾ സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) തരിശുഭൂമി നിർമ്മാർജ്ജന പരിപാടി വിപുലീകരിക്കുന്നിനും ശാക്തീകരിക്കുന്നതിനും ഉദ്ദേശിക്കുന്നുണ്ടോ; വിശദവിവരം ലഭ്യമാക്കാമോ?

തരിശ് ഭൂമിയിൽ കൃഷി ചെയ്യുന്നതിന് ആനുകൂല്യം നൽകുന്ന പദ്ധതി കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് 2022-23 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കി വരുന്നുണ്ട്.

കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ ഭക്ഷ്യ സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി സംസ്ഥാന സർക്കാർ സുഭിക്ഷ കേരളം പദ്ധതി 2020-21, 2021-22 സാമ്പത്തികവർഷങ്ങളിൽ നടപ്പിലാക്കി. ഈ പദ്ധതിയുടെ ഒരു പ്രധാന ഘടകം കാർഷിക മേഖലയിൽ തരിശുനില കൃഷിയായിരുന്നു. നെല്ല്, പച്ചക്കറി, വാഴ, ചെറുധാന്യങ്ങൾ, കിഴങ്ങുവർഗ്ഗവിളകൾ, പയറുവർഗ്ഗവിളകൾ എന്നിവ തരിശുഭൂമിയിൽ കൃഷി ചെയ്യുന്നതിന് ആനുകൂല്യം നൽകുകയും തരിശുഭൂമി കൃഷിക്കുപയുക്തമാക്കുന്നതിനും സാധിക്കുകയും ചെയ്തു.

'ഞങ്ങളും കൃഷിയിലേക്ക്' എന്ന ജനകീയ ക്യാമ്പയിൻ നടപ്പിലാക്കുന്നതിലൂടെ കേരളത്തിലെ എല്ലാ ജനങ്ങളെയും കൃഷിയിലേയ്ക്ക് ആകർഷിച്ച് സ്വന്തമായി കൃഷി ചെയ്യുന്നതിന് പ്രേരണ നൽകി അതുവഴി കാർഷികമേഖലയിൽ ജനകീയ മുന്നേറ്റം സൃഷ്ടിക്കുവാൻ ലക്ഷ്യമിടുന്നു.

'ഞങ്ങളും കൃഷിയിലേക്ക്' എന്ന ക്യാമ്പയിനിന്റെ ഭാഗമായി തരിശുഭൂമി കണ്ടെത്തി അതിൽ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും വീട്ടുവളപ്പിലെ കൃഷി, പുരയിട കൃഷി എന്നിവ പരമാവധി പ്രോത്സാഹിപ്പിക്കുന്നതിനും ലക്ഷ്യമിടുന്നു. ഈ ക്യാമ്പയിനിന്റെ പ്രധാനലക്ഷ്യങ്ങൾ കേരളീയരിൽ മുഴുവൻ കാർഷിക സംസ്കാരം ഉണർത്തുക, ഓരോ കേരളീയ ഭവനവും വിഷരഹിത ഭക്ഷണ ഉല്പാദനത്തിൽ പങ്കാളികളാക്കുക, സ്ഥായിയായ കാർഷിക മേഖല സൃഷ്ടിക്കുക, സംസ്ഥാനത്തെ ഭക്ഷ്യ സ്വയംപര്യാപ്തതയിലെത്തിക്കുക, കാർഷിക മേഖലയിലെ മൂല്യവർദ്ധനവ് പ്രയോജനപ്പെടുത്തി കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുക, മണ്ണിനെ സമ്പുഷ്ടമാക്കുക, പ്രകൃതിയെ/പരിസ്ഥിതിയെ സംരക്ഷിക്കുക, കാർഷിക മേഖലയെ ഇതര ഭക്ഷ്യമേഖലകളുമായി കോർത്തിണക്കുക, കാർഷിക കൂട്ടായ്മയിലൂടെ ഒരു ലക്ഷം തൊഴിലവസരങ്ങൾ സൃഷ്ടിക്കുക, തനതായ കാർഷിക വിഭവങ്ങളെ സംരക്ഷിക്കുക എന്നിവയാണ്.

ഈ സാമ്പത്തിക വർഷത്തിൽ നെൽകൃഷി വികസന പദ്ധതിയിലുൾപ്പെടുത്തി തരിശുഭൂമി കൃഷി എന്ന ഘടകം നടപ്പിലാക്കി വരുന്നു. തരിശുഭൂമിയിൽ നെൽകൃഷിക്കുള്ള ധനസഹായമായി ഹെക്ടർ ഒന്നിന് 40,000/- രൂപ എന്ന തോതിൽ 566 ലക്ഷം രൂപ

വകയിരുത്തിയിട്ടുണ്ട്. പച്ചക്കറി വികസന പദ്ധതിയുടെയും പഴവർഗ്ഗ വിളകളുടെ വികസന പദ്ധതിയിലും തരിശുഭൂമിയിലും കൃഷിയോഗ്യമായ പാഴ്ഭൂമിയിലും കൃഷി ചെയ്യുന്നതിനും ഫലവൃക്ഷതൈകൾ വച്ചുപിടിപ്പിക്കുന്നതിനും പ്രോത്സാഹനം നൽകുന്നുണ്ട്. കൂടാതെ ജനകീയാസൂത്രണ പദ്ധതിയിലൂടെയും തരിശുകൃഷി വ്യാപന പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. അടുത്ത വർഷങ്ങളിലും തരിശുഭൂമി കൃഷി പ്രോത്സാഹന പദ്ധതികൾ തുടരുന്നതിനുദ്ദേശിക്കുന്നു. ഇത്തരം പദ്ധതികൾ നടപ്പിലാക്കുന്നതിലൂടെ തരിശുഭൂമി നിർമ്മാർജ്ജന പരിപാടി വിപുലീകരിക്കുന്നതിനും ശാക്തീകരിക്കുന്നതിനുമുദ്ദേശിക്കുന്നു.

## പൊക്കാളി നെല്ല് സംഭരണം

77(1818) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊക്കാളി കർഷകർ ഈ വർഷം ഉല്പാദിപ്പിച്ച നെല്ല് സംഭരിക്കുന്നതിനും പൊക്കാളി നെല്ലിന് പ്രത്യേക താങ്ങുവില പ്രഖ്യാപിക്കുന്നതിനും എന്തെങ്കിലും പദ്ധതി പരിഗണനയിലുണ്ടോ; വ്യക്തമാക്കാമോ?

സപ്ലൈകോ നെല്ല് സംഭരണ രജിസ്ട്രേഷൻ വെബ്സൈറ്റിൽ പേര് രജിസ്റ്റർ ചെയ്യുന്ന കർഷകരുടെ പക്കൽനിന്നും 2022-2023 സാമ്പത്തികവർഷം സർക്കാർ പ്രഖ്യാപിച്ച 28.20/- രൂപ നിരക്കിൽ സപ്ലൈകോ പൊക്കാളി നെല്ല് സംഭരിച്ചുവരുന്നു. പൊക്കാളി നെല്ലിന് പ്രത്യേക താങ്ങുവില പ്രഖ്യാപിക്കുന്നതിനുള്ള പദ്ധതി പരിശോധിക്കാവുന്നതാണ്.

(ബി) പൊക്കാളി മേഖലയിലുള്ള ഏതെല്ലാം സഹകരണ സ്ഥാപനങ്ങളാണ് നിലവിൽ പൊക്കാളി നെല്ല് സംഭരിക്കുന്നതെന്നും എത്ര രൂപയ്ക്കാണ് നെല്ല് സംഭരിക്കുന്നതെന്നും വ്യക്തമാക്കാമോ?

വൈപ്പിൻ നിയോജകമണ്ഡലത്തിലെ കടമക്കുടിയിലെ കോരമ്പാടം സർവ്വീസ് സഹകരണ ബാങ്ക്, ഏഴിക്കര പഞ്ചായത്തിലെ പള്ളിയാക്കൽ സർവ്വീസ് സഹകരണ ബാങ്ക് എന്നീ സ്ഥാപനങ്ങൾ വഴി ഒരു കിലോ പൊക്കാളി നെല്ല് 40 മുതൽ 55 രൂപയ്ക്കുവരെ വിവിധ ഗ്രേഡനുസരിച്ച് സംഭരിച്ചുവരുന്നു.

(സി) പൊക്കാളി നെല്ലിന്റെ ഉല്പാദനച്ചെലവ് വകുപ്പ് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ കുറഞ്ഞത് എത്ര രൂപയ്ക്ക് സംഭരിച്ചാലാണ് കർഷകന് ലാഭമുണ്ടാവുന്നതെന്ന് വിശദമാക്കാമോ?

പൊക്കാളി നെല്ലിന്റെ ഉല്പാദനച്ചെലവ് കണക്കാക്കുന്നതിന് വിദഗ്ദ്ധ സമിതിയെ ചുമതലപ്പെടുത്തിയിട്ടുള്ളതും ആയതിന്റെ സമിതിയുടെ റിപ്പോർട്ടിന്റെയടിസ്ഥാനത്തിൽ സംഭരണവില നിശ്ചയിക്കാനുള്ള തുടർനടപടികൾ സ്വീകരിക്കാൻ പ്രൈസസ് ബോർഡിനെ ചുമതലപ്പെടുത്തിയിട്ടുള്ളതുമാണ്.

(ഡി) പൊക്കാളി നെല്ല് സംസ്കരിക്കുന്നതിനുള്ള റൈസ് മിൽ പൊക്കാളി മേഖലയിൽ എവിടെയെങ്കിലും പ്രവർത്തിക്കുന്നുണ്ടോ; പുതിയ റൈസ് മിൽ സ്ഥാപിക്കുന്നതിന് എന്തെങ്കിലും പ്രൊപ്പോസൽ പരിഗണനയിലുണ്ടോ; വിവരം നൽകുമോ?

ഏഴിക്കര പഞ്ചായത്തിൽ പള്ളിയാക്കൽ സർവ്വീസ് സഹകരണ ബാങ്കിന്റെ നേതൃത്വത്തിലുള്ള റൈസ് മില്ലിന്റെ പണി പൂർത്തീകരിച്ച് നെല്ലിന്റെ സംസ്കരണം തുടങ്ങിയിട്ടുണ്ട്. ആലങ്ങാട്, വൈപ്പിൻ ബ്ലോക്കുകളിലെ പൊക്കാളി നെല്ല് ഉദയംപേരൂർ പഞ്ചായത്തിലെ കണ്ടനാടുള്ള മില്ലിലാണ് അരിയാക്കുന്നത്. ഈ മില്ലിൽ നെല്ല് പുഴുങ്ങി സംസ്കരിച്ച് അരിയാക്കി നൽകുന്നുണ്ട്. പള്ളിയാക്കൽ സർവ്വീസ് സഹകരണ ബാങ്ക് റൈസ് മില്ലിന് നബാർഡിന്റെ അഗ്രികൾച്ചറൽ ഇൻഫ്രാസ്ട്രക്ചർ

ഫണ്ടിലുൾപ്പെടുത്തി 3 കോടി രൂപയുടെ സാമ്പത്തികസഹായം ലഭ്യമായിട്ടുണ്ട്.

(ഇ) വൈപ്പിൻ നിയോജകമണ്ഡലത്തിലെ കടമക്കുടി, എളങ്കുന്നപ്പുഴ, ഞാറക്കൽ, നായരമ്പലം, എടവനക്കാട്, കുഴുപ്പിള്ളി, പള്ളിപ്പുറം എന്നീ ഗ്രാമപഞ്ചായത്തുകളിൽ കൂടുതലായി ഉല്പാദിപ്പിക്കപ്പെട്ട പൊക്കാളി നെല്ല് കർഷകർക്ക് അർഹമായ വില ലഭ്യമാകാത്തതിനാൽ സംഭരിക്കപ്പെടാതെ കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതുസംബന്ധിച്ച് 16-11-2022-ന് വകുപ്പുമന്ത്രിക്ക് കടമക്കുടി ഗ്രാമപഞ്ചായത്ത് നൽകിയ നിവേദനത്തിൽ സ്വീകരിച്ചിട്ടുള്ള നടപടിയെന്തെന്ന് വ്യക്തമാക്കാമോ?

വൈപ്പിൻ നിയോജകമണ്ഡലത്തിലെ പഞ്ചായത്തുകളിൽ താഴെപ്പറയുംപ്രകാരം നെല്ല് സംഭരിക്കാതെ കിടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

| | | |
|---|---|---|
| കടമക്കുടി | - | 50 ടൺ |
| ഞാറയ്ക്കൽ | - | 4.3 ടൺ |
| നായരമ്പലം | - | 20 ടൺ |
| എടവനക്കാട് | - | 8 ടൺ |
| കുഴുപ്പിള്ളി | - | 24 ടൺ |

പള്ളിപ്പുറം - 6 ടൺ

എളങ്കുന്നപ്പുഴ പഞ്ചായത്തിൽ പൊക്കാളി നെല്ല് സംഭരിക്കപ്പെടാതെ കിടക്കുന്നില്ല. പൊക്കാളി നെല്ലുസംഭരണവുമായി ബന്ധപ്പെട്ട് കടമക്കുടി ഗ്രാമപഞ്ചായത്ത് ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രിക്ക് നൽകിയ നിവേദനം പരിശോധിച്ച് നടപടി സ്വീകരിക്കുന്നതിന് കൃഷി വകുപ്പ് സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

**പൊക്കാളി പാടത്ത് അടിസ്ഥാനസൗകര്യം**

78(1819) <u>ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊക്കാളി കൃഷിയുടെ സംരക്ഷണത്തിനും ക്ഷേമത്തിനും വേണ്ടി സ്ഥാപിച്ചിട്ടുള്ള പൊക്കാളി ലാൻഡ് ഡെവലപ്മെന്റ് ഏജൻസി കഴിഞ്ഞ 5 വർഷക്കാലം പൊക്കാളി കൃഷിയുടെ ഉന്നമനത്തിനായി നടപ്പാക്കിയിട്ടുള്ള പദ്ധതികളും സർക്കാരിൽനിന്നും കഴിഞ്ഞ 5 വർഷക്കാലം പി.എൽ.ഡി.എ.-ക്ക് ലഭ്യമായ ഫണ്ടിന്റെ വിശദാംശവും വ്യക്തമാക്കാമോ?

പൊക്കാളി കൃഷിയുമായി ബന്ധപ്പെട്ട പാടശേഖരങ്ങളിലെ അടിസ്ഥാനസൗകര്യ വികസനത്തിനായി ബണ്ട് നിർമ്മാണം, പെട്ടി-പറ,

ബണ്ട് നിർമ്മാണം, ഇലക്ട്രിഫിക്കേഷൻ തുടങ്ങിയ വിവിധ പ്രവൃത്തികൾ പൊക്കാളി ലാൻഡ് ഡെവലപ്മെന്റ് ഏജൻസി (പി.എൽ.ഡി.എ.) മുഖേന രാഷ്ട്രീയ കൃഷി വികാസ് യോജന (RKVY) പദ്ധതി പ്രകാരമുള്ള വർക്കുകളാണ് ചെയ്തുകൊണ്ടിരിക്കുന്നത്. പദ്ധതിപ്രകാരം പൊക്കാളി കൃഷിയുടെ പുനരുദ്ധാരണത്തിനായി 2015-16 വർഷത്തിൽ 50 ലക്ഷം രൂപ അനുവദിക്കുകയും വിവിധ പഞ്ചായത്തുകളിലെ കൃഷി ഓഫീസർമാർ ആവശ്യപ്പെട്ടതനുസരിച്ചുള്ള പ്രവൃത്തികൾ പി.എൽ.ഡി.എ. മുഖേന ചെയ്തിട്ടുള്ളതുമാണ്. രാഷ്ട്രീയ കൃഷി വികാസ് യോജന പദ്ധതിപ്രകാരം കഴിഞ്ഞ 5 വർഷക്കാലം നടപ്പിലാക്കിയ പ്രവൃത്തികളുടെ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

(ബി) പൊക്കാളി പാടത്ത് അടിസ്ഥാന സൗകര്യമൊരുക്കുന്നതിനായി ഇുമ്പ് നിർമ്മാണം, ബണ്ട് റിപ്പയർ ചെയ്യുക തുടങ്ങിയ പ്രവർത്തനങ്ങളിൽ കർഷകർക്ക് സഹായം നൽകുന്നതിന് കൃഷി വകുപ്പിന് എന്തെങ്കിലും പദ്ധതി നിലവിലുണ്ടോയെന്ന് അറിയിക്കാമോ?

കൃഷി വകുപ്പിന്റെ 2022-2023 നെൽകൃഷി വികസന പദ്ധതിയിൽ Project based support for infrastructure development in

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

Padashekharams for reviving paddy cultivation including block level convergence, promotion of local brands എന്ന ഘടകത്തിലുൾപ്പെടുത്തി പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യമൊരുക്കുന്നതിനായുള്ള പ്രവൃത്തികൾക്ക് സഹായം നൽകുന്നതിന് ഫണ്ട് ലഭ്യമാണ്. ഇതിനായി ആകെ 70.00 ലക്ഷം രൂപയാണ് ബഡ്ജറ്റ് വിഹിതമായി വകയിരുത്തിയിട്ടുള്ളത്. അഞ്ചുലക്ഷം രൂപ വരെ എസ്റ്റിമേറ്റ് വരുന്ന പ്രവൃത്തികൾക്ക് ജില്ലാതല കമ്മിറ്റിയുടെ അംഗീകാരത്തോടെയും അഞ്ചുലക്ഷം രൂപയിലധികമുള്ള പ്രവൃത്തികൾക്ക് സംസ്ഥാനതല കമ്മിറ്റിയുടെ അംഗീകാരത്തോടെയും പ്രവൃത്തികൾ നടപ്പിലാക്കാവുന്നതാണ്. പൊക്കാളി പാടത്ത് അടിസ്ഥാനസൗകര്യമൊരുക്കുന്നതിനായി രുമ്പ് നിർമ്മാണം, ബണ്ട് റിപ്പയർ ചെയ്യുക തുടങ്ങിയ പ്രവർത്തനങ്ങളിൽ കർഷകർക്ക് സഹായം ലഭിക്കുന്നതിന് ഈ പദ്ധതി പ്രയോജനപ്പെടുത്താവുന്നതാണ്.

(സി) പൊക്കാളി പാടത്ത് യന്ത്രവൽക്കരണത്തിനായി ചെയ്തിട്ടുള്ള നടപടികൾ വിശദമാക്കാമോ?

പൊക്കാളി പാടത്ത് ഞാറ് നടീൽയന്ത്രം, ടില്ലർ എന്നിവ ചില ഭാഗങ്ങളിൽ പ്രവർത്തിപ്പിക്കുന്നുണ്ട്. പൊക്കാളി പാടത്തിന്റെ സവിശേഷ

സാഹചര്യങ്ങൾക്കനസൃതമായ യന്ത്രസാമഗ്രികൾ തിരഞ്ഞെടുക്കുന്നതിനും പുതിയ യന്ത്രങ്ങൾ വികസിപ്പിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്.

**കുണ്ടറ മണ്ഡലത്തിലെ കേരഗ്രാമം പദ്ധതി**

79(1820) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുണ്ടറ മണ്ഡലത്തിൽ കേരഗ്രാമം പദ്ധതിപ്രകാരം എന്തെല്ലാം സേവനങ്ങളാണ് കർഷകർക്ക് ലഭിക്കുന്നത്; വിശദമാക്കുമോ?

നാളികേരത്തിന്റെ ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നത് ലക്ഷ്യമിട്ടുകൊണ്ട് 100 ഹെക്ടർ തുടർച്ചയായി തെങ്ങുകൃഷിയുള്ള പ്രദേശത്താണ് ഇപ്പോൾ കേരഗ്രാമം പദ്ധതി നടപ്പിലാക്കുന്നത്. പ്രസ്തുത പദ്ധതിയിലുൾപ്പെടുത്തിയിരിക്കുന്ന വിവിധ ഘടകങ്ങൾ ചുവടെ ചേർക്കുന്നു.

1. സംയോജിത പരിചരണ മുറകൾ ക്ലസ്റ്ററടിസ്ഥാനത്തിൽ സ്വീകരിക്കുന്നതിന് ഹെക്ടറിന് 19200/- രൂപ നൽകുന്നു.

ഇതിൽ താഴെപ്പറയുന്ന ഘടകങ്ങളിൽനിന്നും പ്രദേശത്തിന്റെ ആവശ്യാനുസരണം തെരെഞ്ഞെടുത്ത് നടപ്പിലാക്കാവുന്നതാണ്.

(a) ഇടയിളക്കൽ, തടം തുറക്കൽ, പുതയിടീൽ -35 രൂപ/തെങ്ങ്

(b) തൊണ്ട് കുഴിച്ചിടീൽ - 50 രൂപ/തെങ്ങ്

(c) ഇടവിള കൃഷി - 6000 രൂപ ഹെക്ടറിന്

(d) സംയോജിത വള പ്രയോഗം

i) കുമ്മായം - 9 രൂപ/തെങ്ങ്

ii) രാസവളം/ജീവാണുവളങ്ങൾ- 20 രൂ/തെങ്ങ്

iii) മഗ്നീഷ്യം സൾഫേറ്റ് - 3.75 രൂപ/തെങ്ങ് iv)ജൈവവളം - 25 രൂപ/തെങ്ങ്

(e)സംയോജിത സസ്യസംരക്ഷണം

i )സസ്യസംരക്ഷണം - 10 രൂപ/തെങ്ങ്

ii) കീടനാശിനി പ്രയോഗം (ആവശ്യാനുസരണം) ജൈവീകനിയന്ത്രണ ഉപാധികൾ പ്രയോഗിക്കുന്നതിന് - 75 രൂപ/തെങ്ങ്.

iii) രോഗംബാധിച്ചതും ഉല്പാദനശേഷി നശിച്ച തെങ്ങ് മുറിച്ചുമാറ്റുന്നതിന്- 1000 രൂപ/തെങ്ങ്

iv) ഗുണമേന്മയുള്ള തെങ്ങിൻതൈകൾ നടുന്നതിന് - 60 രൂപ/തെങ്ങ്

2. സൂക്ഷ്മ ജലസേചന സൗകര്യമുൾപ്പെടെയുള്ള ജലസേചന സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിന് ഹെക്ടറിന് 25000/- രൂപ ക്രമത്തിൽ പരമാവധി 2.5 ലക്ഷം രൂപ.

3. 25 തെങ്ങുകയറ്റയന്ത്രങ്ങൾ ഒരു യന്ത്രത്തിന് 2000/- രൂപ നിരക്കിൽ വിതരണം.

4. 4 ജൈവവള ഉല്പാദന യൂണിറ്റുകൾ, ഒരു യൂണിറ്റിന് 10,000/- രൂപ നിരക്കിൽ ആനുകൂല്യം.

5. പഞ്ചായത്തുതല കേരസമിതികൾക്കുള്ള പ്രവർത്തനച്ചെലവായി 1 ലക്ഷം രൂപ.

6. മൂല്യവർദ്ധിത ഉല്പന്നങ്ങൾ, മിനി കയർ നിർമ്മാണ/സംസ്കരണ യൂണിറ്റിന് 2 ലക്ഷം രൂപ.

7. കേരഗ്രാമവുമായി ബന്ധപ്പെട്ടുള്ള കൃഷിഭവനുകളുടെ പ്രവർത്തന ചെലവായി 7000/- രൂപ.

കൂടാതെ, താല്പര്യമുള്ള കേരഗ്രാമങ്ങൾക്ക് കേരാധിഷ്ഠിത മൂല്യവർദ്ധന യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് SFAC മുഖാന്തരം പരമാവധി 25 ലക്ഷം രൂപയുടെ പ്രോജക്ടധിഷ്ഠിത ധനസഹായം നൽകാൻ സാധിക്കും.

സംസ്ഥാന പ്ലാൻ വിഹിതമായി ഒന്നാം വർഷം 25.67 ലക്ഷം രൂപ ഒരു കേരഗ്രാമത്തിന് അനുവദിക്കുന്നു.

(ബി) കുണ്ടറ മണ്ഡലത്തിലെ ഓരോ കൃഷിഭവനിലും എത്ര കർഷകർക്കാണ് ഇതിന്റെ ഗുണഫലം ലഭിക്കുന്നത്; വിശദമാക്കുമോ?

കുണ്ടറ മണ്ഡലത്തിൽ കേരഗ്രാമം നടപ്പിലാക്കിയ പഞ്ചായത്തുകളിൽ ഗുണഫലം ലഭിച്ച കർഷകരുടെ എണ്ണം സംബന്ധിച്ച വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു+.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## കുറ്റ്യാടി മണ്ഡലത്തിലെ കേര ഗ്രാമം പദ്ധതി

80(1821) <u>ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021 ജൂൺ മാസം മുതൽ കുറ്റ്യാടി മണ്ഡലത്തിൽ കേരഗ്രാമം പദ്ധതി വഴി ആനുകൂല്യങ്ങൾ ലഭിച്ച കർഷകരുടെ എണ്ണവും നൽകിയ ആനുകൂല്യങ്ങളുടെ വിവരങ്ങളും അറിയിക്കാമോ?

2021 ജൂൺ മാസം മുതൽ കുറ്റ്യാടി മണ്ഡലത്തിൽ കേരഗ്രാമം പദ്ധതി വഴി ആനുകൂല്യങ്ങൾ ലഭിച്ച കർഷകരുടെ എണ്ണവും നൽകിയ ആനുകൂല്യങ്ങളുടെ വിവരങ്ങളും അനുബന്ധമായി ചേർത്തിരിക്കുന്നു.+

(ബി) വില്ല്യാപ്പള്ളി ഗ്രാമപഞ്ചായത്തിൽ കേരഗ്രാമം പദ്ധതി ഏതുഘട്ടത്തിലാണെന്ന് അറിയിക്കാമോ?

2022-23 വർഷത്തിൽ വില്ല്യാപ്പള്ളി പഞ്ചായത്തിൽ കേരഗ്രാമം പദ്ധതി അനുവദിച്ചിട്ടുണ്ട്. പ്രസ്തുത പഞ്ചായത്തിൽ കേരഗ്രാമം പദ്ധതിയുമായി ബന്ധപ്പെട്ട് 10-11-2022-ന് പഞ്ചായത്തുതല യോഗം ചേരുകയും 1, 2, 3, 17, 18, 19 വാർഡുകൾ പദ്ധതി പ്രദേശമായി

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

തെരഞ്ഞെടുക്കുകയും ചെയ്തുതിട്ടുണ്ട്. ആയതിലേയ്ക്കായി കർഷകർക്ക് വിതരണം ചെയ്ത അപേക്ഷകൾ ശേഖരിച്ചുവരുന്നു.

**നാളികേരത്തിന്റെ ഉല്പാദനത്തിലുണ്ടായ വർദ്ധനവ്**

81(1822) ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടപ്പുവർഷത്തിൽ നാളികേരത്തിന്റെ ഉല്പാദനം എത്രയാണെന്ന് വ്യക്തമാക്കുമോ?

നടപ്പുവർഷത്തെ കണക്കുകൾ ലഭ്യമല്ല. ഏറ്റവുമൊടുവിലത്തെ 2020-21 സ്ഥിതിവിവര കണക്ക്, വകുപ്പിന്റെ കണക്കുപ്രകാരം നാളികേരത്തിന്റെ വിസ്തൃതി 768809 ഹെക്ടറും ഉല്പാദനം 4788 ദശലക്ഷം നാളികേരവും ഉല്പാദനക്ഷമത 6228 നാളികേരം/ഹെക്ടറുമാണ്.

(ബി) നടപ്പുവർഷത്തിൽ നാളികേരത്തിന്റെ ഉല്പാദനത്തിലുണ്ടായ വർദ്ധനവ് മുൻവർഷത്തേക്കാൾ എത്രയധികമാണെന്ന് അറിയിക്കുമോ?

2020-21 കണക്കുകൾ പരിശോധിച്ചപ്പോൾ മുൻവർഷത്തേക്കാൾ വിസ്തൃതി കൂടിയിട്ടുണ്ടെങ്കിലും ഉല്പാദനം, ഉല്പാദനക്ഷമത എന്നിവയിൽ നേരിയ

കുറവുണ്ട്. 2019-20 വർഷത്തെ കേരള സംസ്ഥാന സ്ഥിതിവിവരകണക്ക് താഴെ ചേർത്തിരിക്കുന്നു.

| വർഷം | വിസ്തൃതി (ഹെ.) | ഉല്പാദനം (ദശലക്ഷം നാളികേരം) | ഉല്പാദനക്ഷമത (നാളികേരം/ ഹെ.) |
|---|---|---|---|
| 2019-20 | 760776 | 4814 | 6328 |
| 2020-21 | 768809 | 4788 | 6228 |

(സി) നടപ്പുവർഷത്തിൽ എത്ര നാളികേരം സംഭരിക്കാൻ സാധിച്ചുവെന്ന് അറിയിക്കാമോ?

നടപ്പുവർഷം 01-12-2022 വരെ 6001.12 മെട്രിക് ടൺ നാളികേരം കേരഫെഡ് നേരിട്ടും സഹകരണ സംഘങ്ങൾ/FPO-കൾ എന്നിവ മുഖേനയും വെജിറ്റബിൾ & ഫ്രൂട്ട് പ്രമോഷൻ കൗൺസിൽ, കേരളം (VFPCK), കേരള സ്റ്റേറ്റ് കോക്കനട്ട് ഡെവലപ്മെന്റ് കോർപ്പറേഷൻ എന്നിവ മുഖേനയും കർഷകരിൽ നിന്നായി സംഭരിച്ചിട്ടുണ്ട്.

**മണലൂർ മണ്ഡലത്തിലെ കേരഗ്രാമങ്ങൾ**

82(1823) <u>ശ്രീ. മുരളി പെരുനെല്ലി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിൽ എത്ര കേരഗ്രാമങ്ങളുണ്ടെന്നും അവ ഏതെല്ലാമാണെന്നും അറിയിക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മണലൂർ മണ്ഡലത്തിൽ എത്ര കേരഗ്രാമങ്ങൾ അനുവദിച്ചെന്നും അവ ഏതൊക്കെയാണെന്നും വ്യക്തമാക്കാമോ?

മണലൂർ നിയോജകമണ്ഡലത്തിൽ 2022-23 വർഷത്തിൽ രണ്ട് കേരഗ്രാമമാണുള്ളത്.

ഒന്നാം വർഷം കേരഗ്രാമം - പാവറട്ടി (2022-23)

രണ്ടാം വർഷം കേരഗ്രാമം - എളവള്ളി (2021-22)

(സി) കേരഗ്രാമങ്ങൾക്ക് വകുപ്പ് നൽകിവരുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണ്?

2022-23 വർഷത്തിൽ ഒന്നാം വർഷം 100 ഹെക്ടർ വിസ്തൃതിയുള്ള കേരഗ്രാമങ്ങൾ നടപ്പിലാക്കുന്നു. നാളികേരത്തിന്റെ ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നത് ലക്ഷ്യമിട്ടുകൊണ്ട് 100 ഹെക്ടർ തുടർച്ചയായി തെങ്ങുകൃഷിയുള്ള പ്രദേശത്താണ് കേരഗ്രാമം പദ്ധതി നടപ്പിലാക്കുന്നത്. പ്രസ്തുത പദ്ധതിയിലുൾപ്പെടുത്തിരിക്കുന്ന വിവിധ ഘടകങ്ങൾ ചുവടെ ചേർക്കുന്നു.

1. സംയോജിത പരിചരണ മുറകൾ സ്വീകരിക്കുന്നതിന് ഹെക്ടറിന് 19200/- രൂപ നൽകുന്നു.

ഇതിൽ താഴെപ്പറയുന്ന ഘടകങ്ങളിൽനിന്നും പ്രാദേശിക ആവശ്യാനുസരണം തെരഞ്ഞെടുത്ത് നടപ്പിലാക്കാവുന്നതാണ്.

(a) ഇടയിളക്കൽ, തടം തുറക്കൽ, പുതയിടീൽ -35 രൂപ/തെങ്ങ്

(b) തൊണ്ട് കുഴിച്ചിടീൽ - 50 രൂപ/തെങ്ങ്

(c) ഇടവിള കൃഷി - 6000 രൂപ ഹെക്ടറിന്

(d) സംയോജിത വള പ്രയോഗം

(i) കുമ്മായം - 9 രൂപ/തെങ്ങ്

(ii) രാസവളം/ജീവാണുവളങ്ങൾ- 20 രൂ/തെങ്ങ്

(iii) മഗ്നീഷ്യം സൾഫേറ്റ് - 3.75 രൂപ/തെങ്ങ്

(iv) ജൈവവളം - 25 രൂപ/തെങ്ങ്

(e) സംയോജിത സസ്യസംരക്ഷണം

(i)സസ്യസംരക്ഷണം - 10 രൂപ/തെങ്ങ്

(ii) കീടനാശിനി പ്രയോഗം (ആവശ്യാനുസരണം) ജൈവീകനിയന്ത്രണ ഉപാധികൾ പ്രയോഗിക്കുന്നതിന് - 75 രൂപ/തെങ്ങ്.

(iii) രോഗംബാധിച്ചതും ഉല്പാദനശേഷി നശിച്ച തെങ്ങ് മുറിച്ചുമാറ്റുന്നതിന്- 1000 രൂപ/തെങ്ങ്

(iv) ഗുണമേന്മയുള്ള തെങ്ങിൻതൈകൾ നടുന്നതിന് - 60 രൂപ/തെങ്ങ്

2. സൂക്ഷ്മ ജലസേചന സൗകര്യമുൾപ്പെടെയുള്ള ജലസേചന സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിന് ഹെക്ടറിന് 25000/- രൂപ ക്രമത്തിൽ പരമാവധി 2.5 ലക്ഷം രൂപ.

3. 25 തെങ്ങുകയറ്റയന്ത്രങ്ങൾ ഒരു യന്ത്രത്തിന് 2000/- രൂപ നിരക്കിൽ വിതരണം.

4. 4 ജൈവവള ഉല്പാദന യൂണിറ്റുകൾ, ഒരു യൂണിറ്റിന് 10,000/- രൂപ നിരക്കിൽ ആനുകൂല്യം.

5. പഞ്ചായത്തുതല കേരസമിതികൾക്കുള്ള പ്രവർത്തനച്ചെലവായി 1 ലക്ഷം രൂപ.

6. മൂല്യവർദ്ധിത ഉല്പന്നങ്ങൾ, മിനി കയർ നിർമ്മാണ/സംസ്കരണ യൂണിറ്റിന് 2 ലക്ഷം രൂപ.

7. കേര ഗ്രാമവുമായി ബന്ധപ്പെട്ടുള്ള കൃഷിഭവനുകളുടെ പ്രവർത്തന ചെലവായി 7000/- രൂപ.

കൂടാതെ, താല്പര്യമുള്ള കേരഗ്രാമങ്ങൾക്ക് കേരാധിഷ്ഠിത മൂല്യവർദ്ധന യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് SFAC മുഖാന്തരം പരമാവധി 25 ലക്ഷം രൂപയുടെ പ്രോജക്ടധിഷ്ഠിത ധനസഹായം.

(ഡി) മണലൂർ മണ്ഡലത്തിൽ ഈ പദ്ധതി പ്രകാരം എന്തൊക്കെ ആനുകൂല്യങ്ങൾ നൽകിയിട്ടുണ്ടെന്ന് വിശദമാക്കാമോ?

2022-23-ൽ അനുവദിച്ച പാവറട്ടി പഞ്ചായത്ത് കേരഗ്രാമം പദ്ധതിയുടെ ഉദ്ഘാടനം 02-12-2022-ന് നടക്കുകയുണ്ടായി. പദ്ധതി നിർവ്വഹണം ആരംഭിച്ചിട്ടുണ്ട്.

എളവള്ളി രണ്ടാം വർഷ കേരഗ്രാമം പദ്ധതി പുരോഗമിച്ചുവരുന്നു. സംയോജിത വളപ്രയോഗം എന്ന ഘടകം നടപ്പിലാക്കിവരുന്നു.

**നാളികേര വിലയിടിവ് തടയാനുള്ള നടപടികൾ**

83(1824) ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ:
ശ്രീമതി കാനത്തിൽ ജമീല:
ശ്രീ. കെ. പ്രേംകുമാർ:
ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാം ഓയിലിന് നികുതി കുറച്ചതുൾപ്പെടെയുള്ള കേന്ദ്ര സർക്കാർ നയങ്ങൾ കാരണം തേങ്ങയ്ക്ക് കനത്ത വിലയിടിവുണ്ടാകുന്നത് തടയുന്നതിനായി സർക്കാർ നടത്തുന്ന ഇടപെടലുകൾ എന്തൊക്കെയാണ്; വിശദമാക്കാമോ?

കേന്ദ്ര നയങ്ങൾമൂലം നാളികേരത്തിനുണ്ടാകുന്ന വിലയിടിവ് കാരണം കർഷകർ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിച്ച് സംസ്ഥാനത്തെ നാളികേര കർഷകരെ സഹായിക്കുന്നതിന് സംസ്ഥാന സർക്കാർ ഈ വർഷം പച്ചത്തേങ്ങ സംഭരണം പുനരാരംഭിക്കുകയുണ്ടായി. കേരഫെഡ്, VFPCK, കേരള സംസ്ഥാന നാളികേര വികസന കോർപ്പറേഷൻ (KSCDC) എന്നീ സ്ഥാപനങ്ങൾ മുഖേന പച്ചത്തേങ്ങ കിലോയ്ക്ക് 32/- രൂപ സംഭരണ വില നൽകി സംഭരിക്കുന്നുണ്ട്. സംഭരണ കേന്ദ്രങ്ങളുടെ കുറവ് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിനാൽ ആവശ്യകതയനുസരിച്ച് സംഭരണകേന്ദ്രങ്ങളുടെ എണ്ണം സർക്കാർ വർദ്ധിപ്പിച്ചുകൊണ്ടിരിക്കുകയാണ്. നിലവിൽ 79 കേന്ദ്രങ്ങളിലൂടെയാണ് പച്ചത്തേങ്ങ സംഭരണം നടത്തി വരുന്നത്. കൂടുതൽ സംഭരണ കേന്ദ്രങ്ങളാരംഭിച്ച് കേരകർഷകനെ സഹായിക്കുകയെന്ന ഉദ്ദേശ്യത്തോടെ കേരഫെഡിനോട് 27 സംഭരണകേന്ദ്രവും VFPCK-യോട് 28 സംഭരണകേന്ദ്രവും KSCDC-യോട് 30 സംഭരണകേന്ദ്രവും അധികമായി ആരംഭിക്കുവാൻ നിർദേശം നൽകിയിട്ടുണ്ട്. ഈ സംഭരണകേന്ദ്രങ്ങളിൽ 22 എണ്ണം Mobile Procurement Centre ആയി പ്രവർത്തിക്കുന്നതാണ്. വിവിധ സംഭരണ കേന്ദ്രങ്ങളിലൂടെ 01-12-2022 വരെ 6001.12 ടൺ പച്ചത്തേങ്ങ സംഭരിച്ചിട്ടുമുണ്ട്. 04-03-2022-ലെ

സ.ഉ. (കൈ) 16/2022/കൃഷി പ്രകാരം ഒരു തെങ്ങിൽനിന്നും പരമാവധി 50 തേങ്ങ സംഭരിക്കാമെന്ന നിബന്ധനയാണ് നിലവിലുണ്ടായിരുന്നത്. എന്നാൽ കർഷകരുടെ നിരന്തരമായ അഭ്യർത്ഥനമാനിച്ച് രജിസ്റ്റർ ചെയ്ത കർഷകരിൽ നിന്നും 07-11-2022 മുതൽ ഒരു വർഷത്തിൽ തെങ്ങ് ഒന്നിന് പരമാവധി 70 നാളികേരം എന്ന കണക്കിൽ ആറ് തവണകളായോ രേഖാമൂലം ആവശ്യപ്പെടുന്നപക്ഷം അഞ്ച് തവണകളായോ പച്ചത്തേങ്ങ സംഭരിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. സർക്കാരിന്റെ ഇടപെടൽ മൂലം മാർക്കറ്റിൽ പച്ചത്തേങ്ങയുടെ വില ഉയരുന്ന സാഹചര്യമാണ് നിലവിലുള്ളത്.

(ബി) കേരഫെഡും നാളികേര വികസന ബോർഡും നടത്തുന്ന പച്ചത്തേങ്ങ സംഭരണം ഫലപ്രദമായിട്ടുണ്ടോ; നാഫെഡ് മുഖേനയുള്ള കൊപ്ര സംഭരണം കാര്യക്ഷമമല്ലാതെപോകുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോ?

ഉണ്ട്. കർഷക താല്പര്യം സംരക്ഷിച്ചുകൊണ്ട് സംസ്ഥാനത്ത് കാർഷികോല്പന്നങ്ങൾക്ക് ന്യായവില ഉറപ്പുവരുത്തുവാനും നാളികേരത്തിനുണ്ടാകുന്ന വിലയിടിവ് തടയുവാനും സംസ്ഥാന സർക്കാർ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കുകയാണ്. കർഷകർ നേരിടുന്ന

പ്രശ്നങ്ങൾ പരിഹരിക്കുവാനും സംസ്ഥാനത്തെ നാളികേര ഉല്പാദനം പ്രോത്സാഹിപ്പിക്കുവാനുമായാണ് സംസ്ഥാന സർക്കാർ 14-01-2022-ലെ സ.ഉ. (കൈ) നം. 3/2022/കൃഷി ഉത്തരവുപ്രകാരം പച്ചത്തേങ്ങ സംഭരണം പുനരാരംഭിച്ചത്. കേരഫെഡ്, VFPCK, കേരള സംസ്ഥാന നാളികേര വികസന കോർപ്പറേഷൻ (KSCDC) തുടങ്ങിയവ മുഖേന പച്ചത്തേങ്ങ കിലോയ്ക്ക് 32/- രൂപ സംഭരണവില നൽകിയാണ് സംഭരിച്ചുവരുന്നത്. 01-12-2022 വരെ 6001.12 ടൺ പച്ചത്തേങ്ങ സംഭരിച്ചിട്ടുണ്ട്. സംഭരണകേന്ദ്രങ്ങളുടെ കുറവ് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിനാൽ ആവശ്യകതയനുസരിച്ച് സംഭരണകേന്ദ്രങ്ങളുടെ എണ്ണം സർക്കാർ വർദ്ധിപ്പിച്ചുകൊണ്ടിരിക്കുകയാണ്. നിലവിൽ 79 കേന്ദ്രങ്ങളിലൂടെയാണ് പച്ചത്തേങ്ങ സംഭരണം നടത്തിവരുന്നത്. അതിൽ കേരഫെഡ് 4 സംഭരണ കേന്ദ്രങ്ങളിലൂടെ നേരിട്ടും 13 സ്ഥലങ്ങളിൽ സൊസൈറ്റികൾ മുഖേനയും 49 സംഭരണകേന്ദ്രങ്ങളിൽ VFPCK മുഖേനയും 13 സംഭരണകേന്ദ്രങ്ങളിൽ KSCDC മുഖേനയുമാണ് പച്ചത്തേങ്ങ സംഭരണം നടത്തി വരുന്നത്. കൂടുതൽ സംഭരണകേന്ദ്രങ്ങൾ ആരംഭിച്ച് കേരകർഷകനെ സഹായിക്കുകയെന്ന ഉദ്ദേശ്യത്തോടെ കേരഫെഡിനോട് 27 സംഭരണ കേന്ദ്രവും VFPCK-യോട് 28 സംഭരണകേന്ദ്രവും KSCDC-യോട് 30 സംഭരണകേന്ദ്രവും അധികമായി

ആരംഭിക്കുവാൻ നിർദ്ദേശം നൽകിയിട്ടുള്ളതിൽ കേരഫെഡും VFPCK-യും ആരംഭിക്കുന്ന പുതിയ സംഭരണകേന്ദ്രങ്ങളിൽ 11 എണ്ണം വീതം Mobile Procurement Centre ആയി പ്രവർത്തിക്കുന്നതാണ്. സർക്കാരിന്റെ ഇടപെടൽമൂലം മാർക്കറ്റിൽ പച്ചത്തേങ്ങയുടെ വില ഉയരുന്ന സാഹചര്യമാണ് നിലനിൽക്കുന്നത്.

കൊപ്രയുടെ വില താഴ്ന്ന സാഹചര്യത്തിൽ കേന്ദ്ര സർക്കാരിന്റെ കൊപ്രയുടെ താങ്ങുവില പദ്ധതി 2022 പ്രകാരം സഹകരണ സംഘങ്ങൾ മുഖേന കൊപ്ര സംഭരിച്ച് നാഫെഡിന് കൈമാറുന്നതിന് കേര ഫെഡിനെയും മാർക്കറ്റ് ഫെഡിനെയും VFPCK-യെയും സ്റ്റേറ്റ് ലെവൽ ഏജൻസിയായി പ്രഖ്യാപിച്ചു. എന്നാൽ കരാറിൽ സംഭരണ ഏജൻസികൾ സ്വന്തമാവശ്യത്തിനായി സംഭരണ കാലയളവിൽ കൊപ്ര സംഭരിക്കുവാൻ പാടുള്ളതല്ലെന്ന് കേന്ദ്ര സർക്കാർ വ്യവസ്ഥ ചെയ്ത സാഹചര്യത്തിൽ കൊപ്ര സംഭരണം കേരഫെഡ് വഴി നടത്തുവാൻ ഉതകുമാറ് കേരഫെഡിനെ ടി വ്യവസ്ഥയിൽനിന്നും ഒഴിവാക്കാണമെന്ന് കേന്ദ്രസർക്കാരിനോട് നിരന്തരം ആവശ്യപ്പെട്ടിരുന്നുവെങ്കിലും അനുകൂലമായ മറുപടി നാളിതുവരെ ലഭ്യമായിട്ടില്ല. സംഭരണ കാലാവധി 31-03-2023 വരെ നീട്ടണമെന്നും കേരഫെഡിനെക്കൂടി സംഭരണ ഏജൻസി ആക്കത്തക്കവിധം വ്യവസ്ഥയിൽ

മാറ്റം വരുത്തണമെന്നും കേന്ദ്ര സർക്കാരിനോട് 14-11-2022-ലും അഭ്യർത്ഥിച്ചിട്ടുണ്ട്.

(സി) വെളിച്ചെണ്ണയുടെയും മറ്റ് മൂല്യവർദ്ധിതോല്പന്നങ്ങളുടെയും വിപണി വിപുലീകരിച്ച് വിലയിടിവ് തടയാൻ പദ്ധതിയുണ്ടോ; വിശദമാക്കാമോ?

കേരഫെഡ് നിലവിൽ ഏകദേശം 125 ഓളം വിതരണക്കാർ മുഖേന കേരളത്തിനകത്തും അന്യസംസ്ഥാനങ്ങളിലും വെളിച്ചെണ്ണ വിപണനം ചെയ്യുന്നു. വരുംനാളുകളിൽ ഇപ്പോൾ വിപണനം നടത്താത്ത സ്ഥലങ്ങൾ കണ്ടെത്തി പുതിയ വിപണനക്കാരെ വച്ച് വെളിച്ചെണ്ണയുടെ വിതരണം വർദ്ധിപ്പിക്കുവാൻ പരമാവധി ശ്രമിക്കുന്നുണ്ട്. വെളിച്ചെണ്ണയ്ക്കുപുറമെ കേരജം, കേശാമൃത്, കേര ഡെസിക്കേറ്റഡ് കോക്കനട്ട്, കേര മിൽക്ക് പൗഡർ എന്നീ മൂല്യവർദ്ധിത ഉല്പന്നങ്ങളും കേരഫെഡ് ഇപ്പോൾ വിപണനം നടത്തിവരുന്നു. നാളികേരത്തിൽനിന്നുള്ള മൂല്യവർദ്ധിത ഉല്പന്നങ്ങളായ കേര കോക്കനട്ട് വാട്ടർ, കേര ടെണ്ടർ കോക്കനട്ട് വാട്ടർ, കേര ടെൻഡർ കോക്കനട്ട് ഐസ്ക്രീം, കേര കോക്കനട്ട് കുക്കീസ്, കേര കോക്കനട്ട് ക്രീം, കേര കോക്കനട്ട് ചിപ്സ് മുതലായ പുതിയ ഉല്പന്നങ്ങൾ വിപണിയിലിറക്കാൻ ശ്രമിക്കുന്നുണ്ട്. ഇപ്രകാരം വെളിച്ചെണ്ണയുടെയും മൂല്യവർദ്ധിത ഉല്പന്നങ്ങളുടെയും വിപണി

വിപുലീകരിച്ച് നാളികേരത്തിന്റെ വിലയിടിവ് തടയുവാനുള്ള ശ്രമം നടത്തിവരുന്നു.

കേരഗ്രാമങ്ങളിൽ രൂപംകൊള്ളുന്ന കേരസമിതികൾ, കൃഷിക്കൂട്ടം എന്നിവയെ മൂല്യവർദ്ധിത ഉല്പന്നങ്ങളുണ്ടാക്കി വിപണനം നടത്താൻ പ്രാപ്തമാക്കുന്ന സമീപനവും സർക്കാർ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ കൃഷി വകുപ്പിനുകീഴിലുള്ള പൊതുമേഖലാ സ്ഥാപനമായ കേരള സംസ്ഥാന നാളികേര വികസന കോർപ്പറേഷന് ആറ്റിങ്ങൽ മാമത്ത് 30000 ലിറ്റർ വെർജിൻ വെളിച്ചെണ്ണയും 18000 കിലോഗ്രാം ലോ ഫാക്റ്റ് ഡെസിക്കേറ്റഡ് കോക്കനട്ട് പൗഡറും ഉല്പാദിപ്പിക്കാനുതകുന്ന പ്ലാന്റുണ്ട്. കൂടാതെ 600000 ലിറ്റർ ഉല്പാദനശേഷിയുള്ള വെളിച്ചെണ്ണ മില്ലും ഇവിടെ പ്രവർത്തിക്കുന്നുണ്ട്. ഇതിന്റെ ഉല്പാദനശേഷി 10 ലക്ഷം ലിറ്ററായി ഉയർത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. വെളിച്ചെണ്ണ സംസ്ഥാനാന്തര വിപണിയിലും വിദേശത്തും വിപണനം ചെയ്യുന്നതിന് പദ്ധതി ആവിഷ്കരിക്കുകയും സ്റ്റേക്ക് ഹോൾഡർമാരുമായി ആശയവിനിമയം ചെയ്തുവരുന്നുമുണ്ട്. ഇത്തരം സമഗ്ര പദ്ധതികൾ വിഭവ ലഭ്യതയ്ക്കനുസരിച്ച് രൂപീകരിക്കുക വഴി ഉല്പന്ന വൈവിദ്ധ്യവൽക്കരണത്തിലൂടെയും വിപണി വിപുലീകരണത്തിലൂടെയും നാളികേര വിലയിടിവ് തടയുവാൻ കഴിയുമെന്നാണ് സർക്കാർ പ്രതീക്ഷ.

## നാളികേര സംഭരണം

84(1825) ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാളികേര സംഭരണം കൃഷിഭവൻ മുഖേന നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

കൃഷിഭവനുകളിൽ പച്ചത്തേങ്ങ സംഭരിക്കുന്നതിനുള്ള അടിസ്ഥാനസൗകര്യക്കുറവും കൃഷിഭവൻ ഉദ്യോഗസ്ഥർ വിവിധ കാർഷിക വിജ്ഞാന പ്രവർത്തനങ്ങളിലും പദ്ധതി നിർവ്വഹണത്തിലും ഏർപ്പെടുന്നതിനാലും നിലവിലെ സ്ഥിതിയിൽ കൃഷിഭവൻ മുഖേന പച്ചത്തേങ്ങ സംഭരണം നടപ്പിലാക്കുവാൻ സാധിക്കാത്ത സാഹചര്യമാണ്.

(ബി) നാളികേരത്തിന് താങ്ങുവില വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

നാളികേരത്തിന്റെ ഉല്പാദനച്ചെലവുമായി താരതമ്യപ്പെടുത്തുമ്പോൾ കിലോയ്ക്ക് 32/- രൂപ എന്നത് കേരകർഷകർക്ക് ന്യായമായ വരുമാനം ഉറപ്പാക്കുന്നുണ്ട്. തേങ്ങയുടെ ഉല്പാദനചെലവും ഉല്പാദനവും കണക്കാക്കിയാണ് സംഭരണവില/തറവില നിശ്ചയിക്കുന്നത്.

കേന്ദ്രസർക്കാർ 2022 സീസണിലെ തേങ്ങയുടെ താങ്ങുവില കിലോഗ്രാമിന് 28.60/- രൂപയായാണ് നിശ്ചയിച്ചിട്ടുള്ളത്. പ്രസ്തുത തുകയേക്കാൾ 3.40/- രൂപ അധിക തുക നൽകിയാണ് സംസ്ഥാന സർക്കാർ കർഷകരിൽനിന്നും പച്ചത്തേങ്ങ സംഭരിക്കുന്നത്.

**പച്ചത്തേങ്ങ സംഭരണ നടപടികൾ**

85(1826) ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ നിയോജകമണ്ഡലത്തിലെ പച്ചത്തേങ്ങ സംഭരണ നടപടികളുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ?

ഗുരുവായൂർ നിയോജകമണ്ഡലത്തിൽ പുന്നയൂർക്കുളം സർവ്വീസ് സഹകരണ ബാങ്ക് (നമ്പർ 417) മുഖേനയുള്ള പച്ചത്തേങ്ങ സംഭരണത്തിന്റെ ഉദ്ഘാടനം 02-12-2022-ന് നടന്നു. തുടർന്ന് ടി സംഘം മുഖേനയുള്ള പച്ചത്തേങ്ങ സംഭരണം 06-12-2022 മുതൽ ആരംഭിക്കുകയും അന്നേദിവസം 2 കർഷകരിൽ നിന്നായി 466 കി.ഗ്രാം പച്ചത്തേങ്ങ സംഭരിക്കുകയും ചെയ്തിട്ടുണ്ട്. ടി സർവ്വീസ് സഹകരണ ബാങ്ക് കേരഫെഡിനാണ് പച്ചത്തേങ്ങ സംഭരിച്ചുനൽകുന്നത്. കൂടാതെ ഗുരുവായൂർ നിയോജകമണ്ഡലത്തിലെ

കോട്ടപ്പടി സർവ്വീസ് സഹകരണ ബാങ്ക് പച്ചത്തേങ്ങ സംഭരണത്തിനുള്ള അനുമതിക്കായി സമർപ്പിച്ച അപേക്ഷ പ്രിൻസിപ്പൽ കൃഷി ഓഫീസർ, സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ, കേരഫെഡ് പ്രതിനിധി എന്നിവർ അംഗങ്ങളായിട്ടുള്ള ജില്ലാതല സമിതി പരിശോധിച്ചുവരുന്നു.

(ബി) തൃശ്ശൂർ ജില്ലയിൽ കേരഫെഡിന്റെ സംഭരണകേന്ദ്രങ്ങൾ, നാളികേര സംഭരണത്തിനായുള്ള സ്വാശ്രയ സംഘങ്ങൾ എന്നിവയുടെ വിശദാംശങ്ങൾ അറിയിക്കുമോ?

കേരഫെഡ് നേരിട്ടും വിവിധ സഹകരണ സംഘങ്ങൾ/FPO-കൾ/ കാർഷിക കർമ്മസേനകൾ എന്നിവ മുഖേനയും വെജിറ്റബിൾ ആൻഡ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ കേരള (VFPCK)-യുടെ നേതൃത്ത്വത്തിലുള്ള സ്വാശ്രയ വിപണികൾ ഉൾപ്പെടെയുള്ള കേന്ദ്രങ്ങൾ വഴിയും കേരഫെഡ് പച്ചത്തേങ്ങ സംഭരിച്ചുവരുന്നു. തൃശ്ശൂർ ജില്ലയിലെ സംഭരണ കേന്ദ്രങ്ങൾ ചുവടെ ചേർക്കുന്നു.

എ) <u>കേരഫെഡിന്റെ നേരിട്ടുള്ള സംഭരണ കേന്ദ്രം</u>

1. സെയിൽസ് പോയിന്റ്, പൂച്ചനിപ്പാടം

ബി) കേരഫെഡ് സഹകരണസംഘങ്ങൾ/FPO/മറ്റുള്ള

ഏജൻസികൾ മുഖേന സംഭരിക്കുന്ന കേന്ദ്രങ്ങൾ

1. ഒല്ലൂർ കൃഷി സമൃദ്ധി ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനി ലിമിറ്റഡ് ഔട്ട്ലെറ്റ് നമ്പർ

1. പുത്തൂർ

2. പാവറട്ടി കാർഷിക കർമ്മ സേന

3. അന്തിക്കാട് ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനി

4. പുന്നയൂർക്കുളം സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം പി. 417, പുന്നയൂർക്കുളം പി. ഒ., ചാവക്കാട്

5. അന്തിക്കാട് മൾട്ടിപർപ്പസ് സഹകരണ സംഘം ക്ലിപ്തം ആർ. 1133, അന്തിക്കാട് പി.ഒ., തൃശ്ശൂർ.

6. പഴയന്നൂർ ബ്ലോക്ക് മാർക്കറ്റിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി നമ്പർ 890

സി) കേരഫെഡ്-VFPCK-യുടെ സ്വാശ്രയ സംഘങ്ങൾ മുഖേന

സംഭരിക്കുന്ന കേന്ദ്രം - പാണഞ്ചേരി

**കേരഗ്രാമം പദ്ധതി**

86(1827) ശ്രീ. ജി. സ്റ്റീഫൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരുവിക്കര നിയോജകമണ്ഡലത്തിൽ നടപ്പിലാക്കുന്ന കേരഗ്രാമം പദ്ധതിയുടെ പുരോഗതി വിശദമാക്കാമോ?

അരുവിക്കര നിയോജകമണ്ഡലത്തിൽ 2022-23 വർഷത്തിൽ വെള്ളനാട് ഗ്രാമപഞ്ചായത്തിനെ കേരഗ്രാമം പദ്ധതി നടപ്പിലാക്കുന്നതിനായി തെരഞ്ഞെടുക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്തുതല കേരസമിതി രൂപീകരിക്കുകയും ചെയ്തു. അനുവദിച്ച തുകയുടെ അടിസ്ഥാനത്തിൽ ആക്ഷൻപ്ലാൻ തയ്യാറാക്കി ടെക്നിക്കൽ റിസോഴ്സ് ഗ്രൂപ്പിന്റെ അനുമതി വാങ്ങുകയും 100 മണ്ണ് സാമ്പിളുകൾ പിരശോധനയ്ക്കായി സമർപ്പിക്കുകയും ചെയ്തു. കൂടാതെ പദ്ധതിക്കാവശ്യമായി ജൈവവളം, ജീവാണുവളം, കുമ്മായം, മഗ്നീഷ്യം സൾഫേറ്റ് എന്നിവ വിതരണത്തിന് തയ്യാറായിട്ടുണ്ട്. പദ്ധതിക്കുള്ള അപേക്ഷ ഫോറം കർഷകർക്ക് നൽകുകയും തിരികെ ലഭിച്ച അപേക്ഷകൾ പരിശോധിച്ചുവരുന്നു.

(ബി) പ്രസ്തുത പദ്ധതിപ്രകാരം ഏതെല്ലാം പ്രദേശത്ത് എത്ര ഏക്കർ സ്ഥലത്താണ് പദ്ധതി നടപ്പിലാക്കാനുദ്ദേശിക്കുന്നതെന്നും ചെലവഴിച്ച തുക സംബന്ധിച്ച വിവരവും നൽകാമോ?

വെള്ളനാട് ഗ്രാമപഞ്ചായത്തിലെ 18 വാർഡുകളിലായി 250 ഏക്കർ സ്ഥലത്താണ് കേരഗ്രാമം പദ്ധതി നടപ്പിലാക്കുന്നത്. നാളിതുവരെ 3,38,125 ലക്ഷം രൂപയുള്ള ക്ലെയിം തയ്യാറാക്കി ട്രഷറിയിൽ സമർപ്പിച്ചിട്ടുണ്ട്.

**പച്ചത്തേങ്ങ സംഭരണ പദ്ധതി**

87 (1828) ശ്രീ. ഒ. ആർ. കേളു:
ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ:
ശ്രീ. മുരളി പെരുനെല്ലി:
ശ്രീ. ജി. സ്റ്റീഫൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നാളികേരത്തിന്റെ വിലയിടിവുമൂലം പ്രതിസന്ധിയിലായ കർഷകരെ സഹായിക്കുന്നതിനായി ആരംഭിച്ച പച്ചത്തേങ്ങ സംഭരണ പദ്ധതിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. കേരകർഷകർ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുവാനും സംസ്ഥാനത്തെ നാളികേര ഉല്പാദനം പ്രോത്സാഹിപ്പിക്കുവാനുമായാണ് സംസ്ഥാന സർക്കാർ 14-01-2022-ലെ സ.ഉ. (കൈ) നം. 3/2022/കൃഷി ഉത്തരവുപ്രകാരം പച്ചത്തേങ്ങ സംഭരണം പുനരാരംഭിച്ചത്.

കേരഫെഡ്, VFPCK, കേരള സംസ്ഥാന നാളികേര വികസന കോർപ്പറേഷൻ (KSCDC) എന്നിവ മുഖേന പച്ചത്തേങ്ങ കിലോയ്ക്ക് 32/- രൂപ സംഭരണ വില നൽകിയാണ് സംഭരിച്ചുവരുന്നത്.

07-11-2022-ലെ സ.ഉ.(സാധാ)നം.981/2022/കൃഷി പ്രകാരം നാളികേരസംഭരണം ത്വരിതപ്പെടുത്തുന്നതിനും സംഭരണ പ്രക്രിയയിലുണ്ടാകുന്ന വിഷയങ്ങൾ സമയബന്ധിതമായി പരിഹരിക്കുന്നതിനും കൃഷി ഡയറക്ടർ അദ്ധ്യക്ഷനായും കൃഷി അഡിഷണൽ ഡയറക്ടർ (മാർക്കറ്റിംഗ്) കൺവീനറായും നാളികേര മോണിറ്ററിംഗ് കമ്മിറ്റി സർക്കാർ രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റി ആഴ്ചതോറും നാളികേര സംഭരണ പുരോഗതി വിലയിരുത്തിവരുന്നുണ്ട്. 03-12-2022-ൽ കൂടിയ നാളികേര മോണിറ്ററിംഗ് കമ്മിറ്റി യോഗത്തിൽ സംസ്ഥാനത്ത് നിലവിൽ 79 സംഭരണകേന്ദ്രങ്ങൾ വഴി 6001.12 MT പച്ചത്തേങ്ങ സംഭരിച്ചതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. നിലവിൽ 79 കേന്ദ്രങ്ങളിലൂടെയാണ് പച്ചത്തേങ്ങ സംഭരണം നടത്തിവരുന്നത്. കൂടുതൽ സംഭരണകേന്ദ്രങ്ങളാരംഭിച്ച് കേരകർഷകനെ സഹായിക്കുകയെന്ന ഉദ്ദേശ്യത്തോടെ കേരഫെഡിനോട് 27 സംഭരണ കേന്ദ്രവും VFPCK-യോട് 28 സംഭരണകേന്ദ്രവും KSCDC-യോട് 30 സംഭരണകേന്ദ്രവും അധികമായി ആരംഭിക്കുവാൻ

നിർദ്ദേശം നൽകിയിട്ടുണ്ട്. കേരഫെഡും VFPCK-യും ആരംഭിക്കുന്ന പുതിയ സംഭരണ കേന്ദ്രങ്ങളിൽ 11 എണ്ണം വീതം Mobile Procurement Centre ആയി പ്രവർത്തിക്കുന്നതാണ്. കൂടാതെ ജില്ലാതലത്തിൽ നാളികേര സംഭരണ പുരോഗതി വിലയിരുത്തുന്നതിനായി അതതു ജില്ലകളിലെ പ്രിൻസിപ്പൽ കൃഷി ഓഫീസർ, സഹകരണ സംഘം ജില്ലാ ജോയിന്റ് രജിസ്ട്രാർ, കേരഫെഡ് പ്രതിനിധി എന്നിവരുൾപ്പെട്ട ജില്ലാതല സമിതി പച്ചത്തേങ്ങ സംഭരണ പ്രവർത്തനങ്ങൾ വിലയിരുത്തുന്നു.

(ബി) കൊപ്രയിൽനിന്ന് ഉല്പാദനം നടത്തുന്നവർക്ക് സംഭരണത്തിന് അനുമതി നിഷേധിച്ച നാഫെഡ് മാനദണ്ഡങ്ങൾ സംസ്ഥാനത്തെ കൊപ്ര സംഭരണത്തെ പ്രതികൂലമായി ബാധിക്കുകയുണ്ടായോ; വിശദമാക്കുമോ?

ഉണ്ടായിട്ടുണ്ട്. കൊപ്രയുടെ വില താഴ്ന്ന സാഹചര്യത്തിൽ കേന്ദ്രസർക്കാരിന്റെ കൊപ്രയുടെ താങ്ങുവില (പി.എസ്.എസ്.) പദ്ധതി 2022 പ്രകാരം സഹകരണ സംഘങ്ങൾ മുഖേന കൊപ്ര സംഭരിച്ച് നാഫെഡിന് കൈമാറുന്നതിന് കേരഫെഡിനെയും മാർക്കറ്റ് ഫെഡിനെയും VFPCK-യെയും സ്റ്റേറ്റ് ലെവൽ ഏജൻസിയായി പ്രഖ്യാപിച്ചിട്ടുണ്ട്. എന്നാൽ നാഫെഡിന്റെ കരാറിൽ സംഭരണ ഏജൻസികളിൽ സ്വന്തം ആവശ്യത്തിനായി സംഭരണ കാലയളവിൽ കൊപ്ര സംഭരിക്കാൻ

പാട്ടുള്ളതല്ലെന്ന് വ്യവസ്ഥ ചെയ്ത സാഹചര്യത്തിൽ കൊപ്ര സംഭരണത്തിനായി കേരഫെഡിനെ ആ clause-ൽനിന്നും ഒഴിവാക്കണമെന്ന് കേന്ദ്രസർക്കാരിനോട് നിരന്തരം ആവശ്യപ്പെട്ടിരുന്നുവെങ്കിലും കേന്ദ്രസർക്കാരിൽനിന്നും അനുകൂലമായ മറുപടി നാളിതുവരെ ലഭ്യമായിട്ടില്ലാത്തതിനാൽ കൊപ്ര സംഭരണത്തിന് അർഹിക്കുന്ന വേഗത കൈവരിക്കുവാൻ ആദ്യം സാദ്ധ്യമായിട്ടില്ല. തുടർന്ന് രണ്ടാം നോഡൽ ഏജൻസിയായ മാർക്കറ്റ് ഫെഡിലേയ്ക്ക് സംഘങ്ങളെ രജിസ്റ്റർ ചെയ്ത് സംഭരണം ത്വരിതപ്പെടുത്തി. സംഭരണ കാലാവധി 31-03-2023 വരെ നീട്ടണമെന്നും കേരഫെഡിനെ കൂടി സംഭരണ ഏജൻസി ആക്കത്തക്കവിധം വ്യവസ്ഥയിൽ മാറ്റം വരുത്തണമെന്നും കേരള സർക്കാർ കേന്ദ്ര സർക്കാരിനോട് 14-11-2022-ലും അഭ്യർത്ഥിച്ചിട്ടുണ്ട്.

(സി) നാളികേര കർഷകരുടെ ക്ഷേമത്തിനും നാളികേര മേഖലയുടെ സമഗ്ര വികസനത്തിനുമായി സ്വീകരിച്ചുവരുന്ന പരിപാടികൾ അവലോകനം ചെയ്തിട്ടുണ്ടോ; വിശദാംശം നൽകാമോ?

ഉണ്ട്.

(എ) നാളികേരത്തിന്റെ ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനായി അത്യുല്പാദനശേഷിയുള്ള തെങ്ങിൻതൈകൾ

നട്ടുപിടിപ്പിക്കൽ, നിലവിലുള്ള തെങ്ങിൻ തോട്ടങ്ങളുടെ പരിപാലനം എന്നിവയാണ് 2022-23 വർഷത്തിൽ നാളികേര വികസന പദ്ധതിയിൽ ലക്ഷ്യമിടുന്നത്. അതിന്റെ ഭാഗമായാണ് 'സമഗ്ര നാളികേര പുനരുദ്ധാരണ-നടീൽ പരിപാടികൾ' നാളികേര മിഷനിലുൾപ്പെടുത്തി പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. ഇതിനായി 7390.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. പദ്ധതിപ്രകാരം താഴെപ്പറയുന്ന പദ്ധതി ഘടകങ്ങളിലൂടെ നാളികേര കർഷകർക്ക് സഹായം ലഭ്യമാക്കുന്നു.

a) <u>കേരഗ്രാമം ഒന്നാം വർഷം പ്രവർത്തനങ്ങൾ:</u>

2022-23 വർഷത്തിൽ ഒന്നാം വർഷം 100 ഹെക്ടർ വിസ്തൃതിയുള്ള 100 കേരഗ്രാമങ്ങൾ നടപ്പിലാക്കുന്നു. നാളികേരത്തിന്റെ ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനായി തെങ്ങിന് തടമെടുക്കൽ, കുമ്മായം ചേർക്കൽ, തൊണ്ട് അടുക്കൽ, ഇടവിളകൃഷി പ്രോൽസാഹിപ്പിക്കൽ, സംയോജിത കീടരോഗ നിയന്ത്രണം, സംയോജിത വളപ്രയോഗം, രോഗം ബാധിച്ചതും പ്രായം ചെന്നതുമായ തെങ്ങുകൾ വെട്ടിമാറ്റി പുതിയ തൈകളുടെ നടീൽ, ജലസേചന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ, മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ പ്രോത്സാഹനം എന്നിവ ലക്ഷ്യമിട്ടുകൊണ്ട് 100 ഹെക്ടർ തുടർച്ചയായി തെങ്ങ് കൃഷിയുള്ള

പ്രദേശത്താണ് കേരഗ്രാമം പദ്ധതി നടപ്പിലാക്കുന്നത്. ഒരു കേരഗ്രാമത്തിന് 25.67 ലക്ഷം രൂപ ധനസഹായം നൽകുന്നു.

b) കേര രക്ഷാവാരം:

തെങ്ങിന്റെ വിളവ് കൂട്ടുന്നതിന്റെ ഭാഗമായി മണ്ണിന്റെ വളക്കൂർ വർദ്ധിപ്പിക്കുവാൻ പച്ചിലവളവിത്ത് (പയർ, ഡെയിഞ്ച, ചണമ്പ്) ഒരു തെങ്ങിന് 6.25/- രൂപ നിരക്കിൽ സബ്സിഡിയായി നൽകുന്നു. കൂടാതെ ശീമക്കൊന്ന വച്ചുപിടിപ്പിക്കുന്നത് പ്രോത്സാഹിപ്പിക്കുന്നതിനായി ശീമക്കൊന്ന കമ്പുകൾക്ക് രണ്ടുരൂപ നിരക്കിൽ സബ്സിഡി നൽകുന്നു. കൂടാതെ തെങ്ങിനെ ബാധിക്കുന്ന പ്രധാന കീടങ്ങൾ, (പ്രത്യേകിച്ച് കൊമ്പൻചെല്ലി, ചെമ്പൻചെല്ലി) രോഗങ്ങൾ അവയുടെ നിയന്ത്രണ മാർഗ്ഗങ്ങൾ എന്നിവയെക്കുറിച്ചുള്ള പരിശീലനവും നൽകുന്നു.

c) കേരഗ്രാമം രണ്ടാം വർഷം:

2022-23 വർഷത്തിൽ 84 കേരഗ്രാമങ്ങൾക്ക് തെങ്ങിൻ തോപ്പുകളുടെ സംയോജിത പരിപാലനം, പഞ്ചായത്തുതല കേരസമിതികൾക്കുള്ള ധനസഹായം, കൃഷിഭവനുകളുടെ പ്രവർത്തന ചെലവ്/കേരഗ്രാമം എന്നീ ഘടകങ്ങൾക്ക് ധനസഹായം നൽകുന്നു.

d) കേരഗ്രാമം മൂന്നാം വർഷം:

2022-23 വർഷത്തിൽ 15 കേരഗ്രാമങ്ങൾക്ക് തെങ്ങിൻ തോപ്പുകളുടെ സംയോജിത പരിപാലനം-വളമിടീൽ-ജൈവവളം/രാസവളം എന്നീ ഘടകങ്ങൾക്ക് ധനസഹായം നൽകുന്നു.

e) നാളികേര വികസന കൗൺസിലിന്റെ ഭാഗമായി നല്ലയിനം തെങ്ങിൻ തൈകളുടെ വിതരണം:

തെങ്ങിന്റെ വിസ്തൃതിവ്യാപനം ലക്ഷ്യമിട്ട് 10 വർഷത്തെ വികസന കാഴ്ചപ്പാടോടുകൂടി 2018 മുതൽ 2028 വരെ മുന്തിയയിനം തെങ്ങിൻത്തൈകൾ (നെടിയ ഇനം, കുറിയ ഇനം, സങ്കരയിനം) 50 ശതമാനം സബ്സിഡി നിരക്കിൽ കർഷകർക്ക് നൽകിവരുന്നു. കൃഷി വകുപ്പ് ഫാമുകൾ, കേരള കാർഷിക സർവ്വകലാശാലയുടെ ഗവേഷണ കേന്ദ്രങ്ങൾ, ആറളം ഫാർമിംഗ് കോർപ്പറേഷൻ, നാളികേര വികസന ബോർഡ് എന്നിവിടങ്ങളിൽ നിന്നുള്ള തെങ്ങിൻത്തൈകളാണ് കർഷകർക്ക് നൽകുന്നത്. 2022-23 വർഷത്തിൽ 12,87,520 എണ്ണം തെങ്ങിൻ തൈകളാണ് വിതരണം ചെയ്യുന്നത്.

f) വിത്ത് തേങ്ങാ സംഭരണവും തെങ്ങിൻതൈ ഉല്പാദനവും:

വിത്ത് തേങ്ങാ സംഭരണ കാലയളവിൽ 16.5 ലക്ഷം നെടിയ വിത്ത് തേങ്ങയും 1.5 ലക്ഷം കുറിയ ഇനം വിത്തുതേങ്ങയും 2 ലക്ഷം സങ്കരയിനം

വിത്തുതേങ്ങയും ഉൾപ്പെടെ ആകെ 20 ലക്ഷം വിത്തുതേങ്ങകൾ കർഷകരിൽനിന്നും സംഭരിക്കുവാൻ ലക്ഷ്യമിടുന്നു. നെടിയ ഇനം വിത്ത് തേങ്ങയ്ക്കും കുറിയ ഇനം വിത്ത് തേങ്ങയ്ക്കും 70/- രൂപ പ്രകാരവും സങ്കരയിനം വിത്ത് തേങ്ങയ്ക്ക് 75/- രൂപ പ്രകാരവും വില നൽകിയാണ് കർഷകരിൽ നിന്നും ശേഖരിക്കുന്നത്.

(ബി) പച്ചത്തേങ്ങ സംഭരണം കൂടാതെ കർഷക താല്പര്യം സംരക്ഷിച്ചുകൊണ്ട് സംസ്ഥാനത്ത് കാർഷികോല്പന്നങ്ങൾക്ക് ന്യായവില ഉറപ്പുവരുത്തുവാനും നാളികേരത്തിനുണ്ടാകുന്ന വിലയിടിവ് തടയുവാനും സംസ്ഥാന സർക്കാർ നിരവധി പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കുകയാണ്. കർഷകർ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുവാനും സംസ്ഥാനത്തെ നാളികേര ഉല്പാദനം പ്രോത്സാഹിപ്പിക്കുവാനുമായാണ് സംസ്ഥാന സർക്കാർ 14-01-2022-ലെ സ.ഉ. (കൈ) നം. 3/2022/കൃഷി ഉത്തരവുപ്രകാരം പച്ചത്തേങ്ങ സംഭരണം പുന:രാരംഭിച്ചത്. കേരഫെഡ് നേരിട്ടും സഹകരണ സ്ഥാപനങ്ങൾ, FPO-കൾ എന്നിവ മുഖേനയും VFPCK, കേരള സംസ്ഥാന നാളികേര വികസന കോർപ്പറേഷൻ (KSCDC) തുടങ്ങിയവയുടെ കേന്ദ്രങ്ങൾ മുഖേനയും പച്ചത്തേങ്ങ കിലോയ്ക്ക് 32/- രൂപ സംഭരണ വില നൽകി കർഷകരിൽനിന്നും സംഭരിച്ചുവരുന്നു.

(സി) കൂടാതെ കാർഷിക മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ ഉല്പാദനം, വിപണനം എന്നിവ വർദ്ധിപ്പിക്കുന്നതിന് 2022-23 വർഷത്തിൽ 'കാർഷികോല്പന്നങ്ങളുടെ വിളവെടുപ്പാനന്തര പരിപാലനവും മൂല്യവർദ്ധനവും' പദ്ധതി മുഖേന ചുവടെ ചേർക്കുന്ന പരിപാടികൾ നടപ്പിലാക്കുന്നതാണ്.

1. കാർഷികോല്പന്നങ്ങളിൽനിന്ന് മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുന്ന യൂണിറ്റുകൾക്കുള്ള സഹായ പദ്ധതി, കൃഷി വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ചെറുകിട കർഷക-കാർഷിക വ്യാപാര കൺസോർഷ്യം (SFAC) മുഖേനയാണ് നടപ്പാക്കുന്നത്. കർഷകരുടെ വരുമാനം വർദ്ധിപ്പിക്കാനുതകുന്ന തരത്തിൽ മൂല്യവർദ്ധിത ഉല്പന്ന നിർമ്മാണ യൂണിറ്റുകൾക്ക് പദ്ധതിപ്രകാരം പ്രോത്സാഹനം നൽകുന്നു. കെട്ടിട നിർമ്മാണം, യന്ത്രവൽക്കരണം, മാലിന്യസംസ്കരണം, ഓഫീസ് ഉപകരണങ്ങൾ തുടങ്ങിയവയ്ക്ക് മൂലധന നിക്ഷേപത്തിനനുസൃതമായി സഹായം നൽകുന്നു.

2. കർഷകരുടെ ഉല്പന്നങ്ങൾ സംഭരിക്കുന്നതിനും അവ പുതുമയോടെയും വൃത്തിയായും സൂക്ഷിച്ച് വിപണനം ചെയ്യുന്നതിനുമായി സൗരോർജ്ജത്തിൽ പ്രവർത്തിക്കുന്ന 18 മുച്ചക്ര സൈക്കിളുകൾ വാങ്ങുന്നതിന് ഈ വർഷം 20 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്. ഈർപ്പവും താപനിലയും ക്രമീകരിച്ച്

ഉല്പന്നങ്ങൾ കേടുകൂടാതെയും പൊടി, മറ്റ് മാലിന്യങ്ങൾ എന്നിവമൂലം മലിനപ്പെടാതെയും സൂക്ഷിക്കാൻ ഈ ട്രൈസൈക്കിൾ കാർട്ടുകൾ സഹായകരമാണ്.

3. സൗരോർജ്ജത്തിൽ പ്രവർത്തിക്കുന്ന മൊബൈൽ വാഹന വിതരണത്തിനായി 40 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഇത് കാർഷികോല്പന്നങ്ങൾ അതിന്റെ സ്വാഭാവികമായ പുതുമ നഷ്ടപ്പെടാതെ ദീർഘകാലം പുതുതായി നിലനിർത്തുന്നു. സൗരോർജ്ജം വാഹനം പ്രവർത്തിപ്പിക്കുന്നതിനുള്ള ഇന്ധനമായി ഉപയോഗിക്കുന്നതിനാൽ ആവർത്തനച്ചെലവ് കുറവായിരിക്കും. ഒരു പൈലറ്റ് പ്രോജക്ട് എന്ന നിലയിൽ കാർഷിക വിപണനത്തിൽ ഏർപ്പെട്ടിരിക്കുന്ന VFPCK/HORTICOP എന്നീ സർക്കാർ ഏജൻസികൾക്ക് സൗരോർജ്ജത്തിൽ പ്രവർത്തിക്കുന്ന 2 മൊബൈൽ വാഹനങ്ങൾ നൽകാനാണ് തുക വകയിരുത്തിയിട്ടുള്ളത്.

**നാളികേര കർഷകരുടെ പ്രയാസങ്ങൾ**

88(1829) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉല്പാദന കുറവും ഇടയ്ക്കിടെ വിലയിൽ വരുന്ന മാറ്റവും കാരണം നാളികേര കർഷകർ നേരിടുന്ന പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിവരം നൽകുമോ;

(ബി) നാളികേര കർഷകരെ സഹായിക്കുന്നതിനായി സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണ്; വ്യക്തമാക്കാമോ?

(എ&ബി) ഉണ്ട്. എക്കണോമിക്സ് ആൻഡ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിന്റെ കണക്കുപ്രകാരം 2019-20 വർഷത്തിലെ നാളികേര ഉല്പാദനം ഹെക്ടറിന് 4814 ദശലക്ഷം തേങ്ങയായിരുന്നത് 2020-21 വർഷത്തിൽ 4788 ദശലക്ഷം തേങ്ങയായി കുറഞ്ഞിട്ടുണ്ട്. കർഷകർ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുവാനും സംസ്ഥാനത്തെ നാളികേര ഉല്പാദനം പ്രോത്സാഹിപ്പിക്കുവാനുമായാണ് സംസ്ഥാന സർക്കാർ 14-01-2022-ലെ സ.ഉ. (കൈ) നം. 3/2022/കൃഷി ഉത്തരവുപ്രകാരം പച്ചത്തേങ്ങ സംഭരണം പുനരാരംഭിച്ചത്. കേരഫെഡ്, VFPCK, കേരള സംസ്ഥാന നാളികേര വികസന കോർപ്പറേഷൻ (KSCDC) എന്നിവ മുഖേന പച്ചത്തേങ്ങ കിലോയ്ക്ക് 32/- രൂപ സംഭരണ വില നൽകിയാണ് സംഭരിച്ചുവരുന്നത്.

07-11-2022-ലെ സ.ഉ. (സാധാ)നം. 981/2022/കൃഷി പ്രകാരം നാളികേര സംഭരണം ത്വരിതപ്പെടുത്തുന്നതിനും സംഭരണ

പ്രക്രിയയിലുണ്ടാകുന്ന വിഷയങ്ങൾ സമയബന്ധിതമായി പരിഹരിക്കുന്നതിനും കൃഷി ഡയറക്ടർ അദ്ധ്യക്ഷനായും കൃഷി അഡിഷണൽ ഡയറക്ടർ (മാർക്കറ്റിംഗ്) കൺവീനറായും നാളികേര മോണിറ്ററിംഗ് കമ്മിറ്റി സർക്കാർ രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റി ആഴ്ച തോറും നാളികേര സംഭരണ പുരോഗതി വിലയിരുത്തി വരുന്നുണ്ട്. 03-12-2022-ൽ കൂടിയ നാളികേര മോണിറ്ററിംഗ് കമ്മിറ്റി യോഗത്തിൽ സംസ്ഥാനത്ത് നിലവിൽ 79 സംഭരണ കേന്ദ്രങ്ങൾ വഴി 6001.12 MT പച്ചത്തേങ്ങ സംഭരിച്ചതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. നിലവിൽ 79 കേന്ദ്രങ്ങളിലൂടെയാണ് പച്ചത്തേങ്ങ സംഭരണം നടത്തിവരുന്നത്. കൂടുതൽ സംഭരണകേന്ദ്രങ്ങൾ ആരംഭിച്ച് കേരകർഷകനെ സഹായിക്കുകയെന്ന ഉദ്ദേശ്യത്തോടെ കേരഫെഡിനോട് 27 സംഭരണകേന്ദ്രവും VFPCK-യോട്-28 സംഭരണകേന്ദ്രവും KSCDC-യോട് 30 സംഭരണകേന്ദ്രവും അധികമായി ആരംഭിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. കേരഫെഡും VFPCK-യും ആരംഭിക്കുന്ന പുതിയ സംഭരണകേന്ദ്രങ്ങളിൽ 11 എണ്ണം വീതം Mobile Procurement Centre ആയി പ്രവർത്തിക്കുന്നതാണ്. കൂടാതെ ജില്ലാതലത്തിൽ നാളികേര സംഭരണ പുരോഗതി വിലയിരുത്തുന്നതിനായി അതത് ജില്ലകളിലെ പ്രിൻസിപ്പൽ കൃഷി ഓഫീസർ, സഹകരണ സംഘം ജില്ലാ ജോയിന്റ്

രജിസ്ട്രാർ, കേരഫെഡ് പ്രതിനിധി എന്നിവരുൾപ്പെട്ട ജില്ലാതല സമിതി പച്ചത്തേങ്ങ സംഭരണ പ്രവർത്തനങ്ങൾ വിലയിരുത്തുന്നു.

നാളികേരത്തിന്റെ ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനായി അത്യുല്പാദനശേഷിയുള്ള തെങ്ങിൻതൈകൾ നട്ടുപിടിപ്പിക്കൽ, നിലവിലുള്ള തെങ്ങിൻ തോട്ടങ്ങളുടെ പരിപാലനം എന്നിവയാണ് 2022-23 വർഷത്തിൽ നാളികേര വികസന പദ്ധതിയിൽ ലക്ഷ്യമിടുന്നത്. അതിന്റെ ഭാഗമായാണ് ' സമഗ്ര നാളികേര പുനരുദ്ധാരണ - നടീൽ പരിപാടികൾ' നാളികേര മിഷനിലുൾപ്പെടുത്തി പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. ഇതിനായി 7390.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. പദ്ധതിപ്രകാരം താഴെപ്പറയുന്ന പദ്ധതി ഘടകങ്ങളിലൂടെ നാളികേര കർഷകർക്ക് സഹായം ലഭ്യമാക്കുന്നു.

a) <u>കേരഗ്രാമം ഒന്നാം വർഷം പ്രവർത്തനങ്ങൾ:</u>

2022-23 വർഷത്തിൽ ഒന്നാം വർഷം 100 ഹെക്ടർ വിസ്തൃതിയുള്ള 100 കേരഗ്രാമങ്ങൾ നടപ്പിലാക്കുന്നു. നാളികേരത്തിന്റെ ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനായി തെങ്ങിന് തടമെടുക്കൽ, കുമ്മായം ചേർക്കൽ, തൊണ്ട് അടുക്കൽ, ഇടവിളകൃഷി പ്രോൽസാഹിപ്പിക്കൽ, സംയോജിത കീടരോഗ നിയന്ത്രണം, സംയോജിത

വളപ്രയോഗം, രോഗം ബാധിച്ചതും പ്രായംചെന്നതുമായ തെങ്ങുകൾ വെട്ടിമാറ്റി പുതിയ തൈകളുടെ നടീൽ, ജലസേചന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ, മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ പ്രോത്സാഹനം എന്നിവ ലക്ഷ്യമിട്ടുകൊണ്ട് 100 ഹെക്ടർ തുടർച്ചയായി തെങ്ങ് കൃഷിയുള്ള പ്രദേശത്താണ് കേരഗ്രാമം പദ്ധതി നടപ്പിലാക്കുന്നത്. ഒരു കേരഗ്രാമത്തിന് 25.67 ലക്ഷം രൂപ ധനസഹായം നൽകുന്നു.

b) <u>കേര രക്ഷാവാരം:</u>

തെങ്ങിന്റെ വിളവ് കൂട്ടുന്നതിന്റെ ഭാഗമായി മണ്ണിന്റെ വളക്കൂർ വർദ്ധിപ്പിക്കുവാൻ പച്ചിലവളവിത്ത് (പയർ, ഡെയിഞ്ച, ചണമ്പ്) ഒരു തെങ്ങിന് 6.25/- രൂപ നിരക്കിൽ സബ്സിഡിയായി നൽകുന്നു. കൂടാതെ ശീമക്കൊന്ന വച്ചുപിടിപ്പിക്കുന്നത് പ്രോത്സാഹിപ്പിക്കുന്നതിനായി ശീമക്കൊന്ന കമ്പുകൾക്ക് രണ്ടുരൂപ നിരക്കിൽ സബ്സിഡി നൽകുന്നു. കൂടാതെ തെങ്ങിനെ ബാധിക്കുന്ന പ്രധാന കീടങ്ങൾ, (പ്രത്യേകിച്ച് കൊമ്പൻചെല്ലി, ചെമ്പൻചെല്ലി) രോഗങ്ങൾ, അവയുടെ നിയന്ത്രണമാർഗ്ഗങ്ങൾ എന്നിവയെക്കുറിച്ചുള്ള പരിശീലനവും നൽകുന്നു.

c) <u>കേരഗ്രാമം രണ്ടാം വർഷം:</u>

2022-23 വർഷത്തിൽ 84 കേരഗ്രാമങ്ങൾക്ക് തെങ്ങിൻ തോപ്പുകളുടെ സംയോജിത പരിപാലനം, പഞ്ചായത്തുതല കേരസമിതികൾക്കുള്ള ധനസഹായം, കൃഷിഭവനുകളുടെ പ്രവർത്തനച്ചെലവ്/കേരഗ്രാമം എന്നീ ഘടകങ്ങൾക്ക് ധനസഹായം നൽകുന്നു.

d) <u>കേരഗ്രാമം മൂന്നാം വർഷം:</u>

2022-23 വർഷത്തിൽ 15 കേരഗ്രാമങ്ങൾക്ക് തെങ്ങിൻ തോപ്പുകളുടെ സംയോജിത പരിപാലനം- വളമിടീൽ- ജൈവവളം/രാസവളം എന്നീ ഘടകങ്ങൾക്ക് ധനസഹായം നൽകുന്നു.

e) <u>നാളികേര വികസന കൗൺസിലിന്റെ ഭാഗമായി നല്ലയിനം തെങ്ങിൻ തൈകളുടെ വിതരണം:</u>

തെങ്ങിന്റെ വിസ്തൃതിവ്യാപനം ലക്ഷ്യമിട്ട് 10 വർഷത്തെ വികസന കാഴ്ചപ്പാടോടുകൂടി 2018 മുതൽ 2028 വരെ മുന്തിയയിനം തെങ്ങിൻതൈകൾ (നെടിയ ഇനം, കുറിയ ഇനം, സങ്കരയിനം) 50 ശതമാനം സബ്സിഡി നിരക്കിൽ കർഷകർക്ക് നൽകിവരുന്നു. കൃഷി വകുപ്പ് ഫാമുകൾ, കേരള കാർഷിക സർവ്വകലാശാലയുടെ ഗവേഷണ കേന്ദ്രങ്ങൾ, ആറളം ഫാർമിംഗ് കോർപ്പറേഷൻ, നാളികേര വികസന ബോർഡ് എന്നിവിടങ്ങളിൽ നിന്നുള്ള

തെങ്ങിൻതൈകളാണ് കർഷകർക്ക് നൽകുന്നത്. 2022-23 വർഷത്തിൽ 12,87,520 എണ്ണം തെങ്ങിൻ തൈകളാണ് വിതരണം ചെയ്യുന്നത്.

f) <u>വിത്ത് തേങ്ങാ സംഭരണവും തെങ്ങിൻതൈ ഉല്പാദനവും</u>

വിത്ത് തേങ്ങാ സംഭരണ കാലയളവിൽ 16.5 ലക്ഷം നെടിയ വിത്ത് തേങ്ങയും 1.5 ലക്ഷം കുറിയ ഇനം വിത്ത് തേങ്ങയും 2 ലക്ഷം സങ്കരയിനം വിത്ത് തേങ്ങയുമുൾപ്പെടെ ആകെ 20 ലക്ഷം വിത്ത് തേങ്ങകൾ കർഷകരിൽനിന്നും സംഭരിക്കുവാൻ ലക്ഷ്യമിടുന്നു. നെടിയ ഇനം വിത്തു തേങ്ങയ്ക്കും കുറിയ ഇനം വിത്ത് തേങ്ങയ്ക്കും 70 രൂപ പ്രകാരവും സങ്കരയിനം വിത്ത് തേങ്ങയ്ക്ക് 75/- രൂപ പ്രകാരവും വില നൽകിയാണ് കർഷകരിൽ നിന്നും ശേഖരിക്കുന്നത്.

<u>പച്ചത്തേങ്ങ സംഭരണം</u>

കൂടാതെ കർഷക താല്പര്യം സംരക്ഷിച്ചുകൊണ്ട് സംസ്ഥാനത്ത് കാർഷികോല്പന്നങ്ങൾക്ക് ന്യായവില ഉറപ്പുവരുത്തുവാനും നാളികേരത്തിനുണ്ടാകുന്ന വിലയിടിവ് തടയുവാനും സംസ്ഥാന സർക്കാർ നിരവധി പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കുകയാണ്. കർഷകർ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുവാനും സംസ്ഥാനത്തെ നാളികേര ഉല്പാദനം

പ്രോത്സാഹിപ്പിക്കുവാനുമായാണ് സംസ്ഥാന സർക്കാർ 14-01-2022-ലെ സ.ഉ. (കൈ) നം. 3/2022/കൃഷി ഉത്തരവുപ്രകാരം പച്ചത്തേങ്ങ സംഭരണം പുനരാരംഭിച്ചത്. കേരഫെഡ് നേരിട്ടും, സഹകരണ സ്ഥാപനങ്ങൾ, FPO-കൾ എന്നിവ മുഖേനയും VFPCK, കേരള സംസ്ഥാന നാളികേര വികസന കോർപ്പറേഷൻ (KSCDC) തുടങ്ങിയവയുടെ കേന്ദ്രങ്ങൾ മുഖേനയും പച്ചത്തേങ്ങ കിലോയ്ക്ക് 32/- രൂപ സംഭരണവില നൽകി കർഷകരിൽനിന്നും സംഭരിച്ചുവരുന്നു.

കൂടാതെ കാർഷിക മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ ഉല്പാദനം, വിപണനം എന്നിവ വർദ്ധിപ്പിക്കുന്നതിന് 2022-23 വർഷത്തിൽ 'കാർഷികോല്പന്നങ്ങളുടെ വിളവെടുപ്പാനന്തര പരിപാലനവും മൂല്യവർദ്ധനവും' പദ്ധതി മുഖേന ചുവടെ ചേർക്കുന്ന പരിപാടികൾ നടപ്പിലാക്കുന്നതാണ്.

1. കാർഷികോല്പന്നങ്ങളിൽനിന്ന് മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുന്ന യൂണിറ്റുകൾക്കുള്ള സഹായ പദ്ധതി, കൃഷി വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ചെറുകിട കർഷക-കാർഷിക വ്യാപാര കൺസോർഷ്യം (SFAC) മുഖേനയാണ് നടപ്പാക്കുന്നത്. കർഷകരുടെ വരുമാനം വർദ്ധിപ്പിക്കാനുതകുന്ന തരത്തിൽ മൂല്യവർദ്ധിത ഉല്പന്ന നിർമ്മാണ യൂണിറ്റുകൾക്ക് പദ്ധതിപ്രകാരം പ്രോത്സാഹനം നൽകുന്നു.

കെട്ടിടനിർമ്മാണം, യന്ത്രവൽക്കരണം, മാലിന്യസംസ്കരണം, ഓഫീസ് ഉപകരണങ്ങൾ തുടങ്ങിയവയ്ക്ക് മൂലധന നിക്ഷേപത്തിനനുസൃതമായി സഹായം നൽകുന്നു.

2. കർഷകരുടെ ഉല്പന്നങ്ങൾ സംഭരിക്കുന്നതിനും അവ പുതുമയോടെയും വൃത്തിയായും സൂക്ഷിച്ച് വിപണനം ചെയ്യുന്നതിനുമായി സൗരോർജ്ജത്തിൽ പ്രവർത്തിക്കുന്ന 18 മുച്ചക്ര സൈക്കിളുകൾ വാങ്ങുന്നതിന് ഈ വർഷം 20 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്. ഈർപ്പവും താപനിലയും ക്രമീകരിച്ച് ഉല്പന്നങ്ങൾ കേടുകൂടാതെയും പൊടി, മറ്റ് മാലിന്യങ്ങൾ എന്നിവ മൂലം മലിനപ്പെടാതെയും സൂക്ഷിക്കാൻ ഈ ട്രൈസൈക്കിൾ കാർട്ടുകൾ സഹായകരമാണ്.

3. സൗരോർജ്ജത്തിൽ പ്രവർത്തിക്കുന്ന മൊബൈൽ വാഹന വിതരണത്തിനായി 40 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. കാർഷികോല്പന്നങ്ങൾ അതിന്റെ സ്വാഭാവികമായ പുതുമ നഷ്ടപ്പെടാതെ ദീർഘകാലം പുതുതായി നിലനിർത്തുന്നു. സൗരോർജ്ജ വാഹനം പ്രവർത്തിപ്പിക്കുന്നതിനുള്ള ഇന്ധനമായി ഉപയോഗിക്കുന്നതിനാൽ ആവർത്തനച്ചെലവ് കുറവായിരിക്കും. ഒരു പൈലറ്റ് പ്രോജക്ടെന്ന നിലയിൽ കാർഷിക വിപണനത്തിലേർപ്പെട്ടിരിക്കുന്ന VFPCK/HORTICOP എന്നീ

സർക്കാർ ഏജൻസികൾക്ക് സൗരോർജ്ജത്തിൽ പ്രവർത്തിക്കുന്ന 2 മൊബൈൽ വാഹനങ്ങൾ നൽകാനാണ് തുക വകയിരുത്തിയിട്ടുള്ളത്.

## തെങ്ങ് കൃഷി പരിപാലനത്തിനും വ്യാപനത്തിനുമുള്ള പദ്ധതികൾ

89(1830) ശ്രീ. ജി. എസ്. ജയലാൽ: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തെങ്ങ് കൃഷിയുടെ പരിപാലനത്തിനും വികസനത്തിനും വ്യാപനത്തിനുമായി എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്; വിശദാംശം അറിയിക്കാമോ?

തെങ്ങ് കൃഷിയുടെ പരിപാലനത്തിനും വികസനത്തിനും വ്യാപനത്തിനുമായി നടപ്പിലാക്കിവരുന്ന പദ്ധതിയാണ് നാളികേര വികസന പദ്ധതി. അതിലെ വിവിധ ഘടകങ്ങളും അതിന്റെ വിശദാംശങ്ങളും അനുബന്ധമായി ചേർത്തിരിക്കുന്നു.+

## കർഷക ക്ഷേമനിധി ബോർഡുകൾ

90(1831) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) കർഷക ക്ഷേമനിധി ബോർഡ്, കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ് എന്നിവ മുഖേന സംസ്ഥാനത്തെ കർഷകർക്കും തൊഴിലാളികൾക്കും എന്തൊക്കെ സേവനങ്ങളാണ് ലഭ്യമാക്കുന്നതെന്ന് വിശദമാക്കാമോ?

കർഷക ക്ഷേമനിധി ബോർഡിൽ അംഗങ്ങളാകുന്ന കർഷകർക്ക് താഴെപ്പറയുന്ന സേവനങ്ങൾ/ആനുകൂല്യങ്ങൾ വിഭാവനം ചെയ്യുന്നു.

1. ഇൻഷ്വറൻസ് പരിരക്ഷ

2. പെൻഷൻ ആനുകൂല്യങ്ങൾ (60 വയസ്സ് പൂർത്തീകരിക്കുന്ന കർഷകർക്ക്)

3. കുടുംബ പെൻഷൻ

4. അനാരോഗ്യ ആനുകൂല്യം

5. അവശതാ ആനുകൂല്യം

6. ചികിത്സാധന സഹായം

7. വിവാഹ ധനസഹായം

8. പ്രസവാനുകൂല്യം

9. വിദ്യാഭ്യാസ ധനസഹായം

10. ഒറ്റത്തവണ ആനുകൂല്യം

11. മരണാനന്തര ആനുകൂല്യം

തൊഴിലും നൈപുണ്യവും വകുപ്പിനുകീഴിലുള്ള കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായ കർഷക തൊഴിലാളികൾക്കായി ചുവടെ ചേർത്തിട്ടുള്ള ക്ഷേമപദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു.

**1. അധിവർഷാനുകുല്യം:**

ക്ഷേമനിധിയിൽ അംഗമായൊരു തൊഴിലാളി കുടിശ്ശികയില്ലാതെ 40 വർഷത്തിനുതാഴെ എന്നാൽ 3 വർഷത്തിൽ കുറയാതെ അംശദായം അടച്ചിട്ടുണ്ടെങ്കിൽ 60 വയസ്സ് പൂർത്തിയാകുമ്പോൾ അതിനാനുപാതികമായി (അടച്ച വർഷം x 625 രൂപ) പരമാവധി 25,000/- രൂപ അധിവർഷാനുകുല്യമായി നൽകുന്നു.

**2. വിവാഹ ധനസഹായം:**

ക്ഷേമനിധിയിൽ അംഗത്വമെടുത്ത് ഒരു വർഷം പൂർത്തിയായ, 12 മാസത്തെ അംശദായം അടച്ച സ്ത്രീ തൊഴിലാളികൾക്കും അംഗങ്ങളുടെ പെണ്മക്കൾക്കും 5,000/- രൂപ വിവാഹധനസഹായം നൽകുന്നു. അംഗത്തിന് 24 മാസത്തിൽ കൂടുതൽ അംശദായ കുടിശ്ശിക പാടില്ല.

ഒരു കർഷക തൊഴിലാളി കുടുംബത്തിന് പരമാവധി 2 തവണ മാത്രമെ ഈ ആനുകൂല്യത്തിന് അർഹതയുള്ളൂ.

**3. പ്രസവ ധനസഹായം:**

ക്ഷേമനിധിയിൽ അംഗത്വമെടുത്ത് ഒരു വർഷം പൂർത്തിയായതും 12 മാസത്തെ അംശദായം അടച്ചിട്ടുള്ളതുമായ സ്ത്രീ തൊഴിലാളികൾക്ക് 15,000/- രൂപ പ്രസവ ധനസഹായം നൽകുന്നു. അംഗത്തിന് 24 മാസത്തിൽ കൂടുതൽ അംശദായ കുടിശ്ശിക പാടില്ല. ഒരു അംഗത്തിന് പരമാവധി 2 തവണ മാത്രമെ ഈ ആനുകൂല്യത്തിന് അർഹതയുള്ളൂ.

**4. വിദ്യാഭ്യാസ സഹായം:** (SSLC-Professional PG):

പരീക്ഷയിൽ ഉന്നതവിജയം നേടുന്ന ക്ഷേമനിധി അംഗങ്ങളുടെ മക്കളായ വിദ്യാർത്ഥികൾക്ക് 2,500/-, 7,000/- രൂപ വരെ വിദ്യാഭ്യാസ ധനസഹായമായി നൽകുന്നു.

**5. ചികിത്സാ ധനസഹായം:**

ക്ഷേമനിധിയിൽ അംഗങ്ങളായവർക്ക് അപകടം മൂലമോ, അസുഖം മൂലമോ സർക്കാർ/സഹകരണ ആശുപത്രികളിലോ, ബോർഡ് അംഗീകരിച്ചിട്ടുള്ള അർദ്ധസർക്കാർ/സ്വകാര്യ ആശുപത്രികളിലോ ചികിത്സ

നടത്തിയതിന്റേയോ മരുന്നുകൾ വാങ്ങിയതിന്റേയോ ചെലവിലേയ്ക്കായി ഓരോ 3 വർഷത്തിലൊരിക്കൽ പരമാവധി 4,000/- രൂപ വരെ സഹായം നൽകുന്നു.

**6. മരണാനന്തര സഹായം:**

60 വയസ്സ് പൂർത്തിയാകുംമുമ്പ് കുറഞ്ഞത് 12 മാസത്തെ അംശദായം അടച്ചതിനുശേഷം ഒരംഗം മരണപ്പെടുകയാണെങ്കിൽ അംഗത്തിന്റെ നിയമപരമായ അവകാശിക്ക് 5,000/- രൂപ മരണാനന്തര സഹായം നൽകുന്നു. അംഗം മരണപ്പെടുന്ന സമയത്ത് 24 മാസത്തിൽ കൂടുതൽ അംശദായ കുടിശ്ശികയുണ്ടാകരുത്. കുടിശ്ശികയുണ്ടെങ്കിൽ അധിവർഷാനുകൂല്യം മാത്രമാണ് നൽകുക.

**വാമനപുരം മണ്ഡലത്തിലെ കർഷക പെൻഷൻ അപേക്ഷകൾ**

91(1832) <u>ശ്രീ. ഡി. കെ. മുരളി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വാമനപുരം മണ്ഡലത്തിലെ കൃഷിഭവനുകളിൽ കർഷക പെൻഷനുവേണ്ടി എത്ര

അപേക്ഷകൾ ലഭിച്ചുവെന്നും അവയിൽ എത്രയെണ്ണം തീർപ്പാക്കിയിട്ടുണ്ടെന്നും കൃഷിഭവൻ തിരിച്ച് അറിയിക്കാമോ;

(ബി) പ്രസ്തുത മണ്ഡലത്തിൽ ആകെ എത്രപേർ നിലവിൽ കർഷക പെൻഷൻ വാങ്ങുന്നുണ്ടെന്ന് അറിയിക്കാമോ?

(എ&ബി) വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു+.

## കർഷക ക്ഷേമനിധിയിൽ ചേരുന്ന കർഷകന് ലഭിക്കുന്ന ആനുകൂല്യങ്ങൾ

92(1833) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള കർഷക ക്ഷേമനിധി ആക്ട് പ്രകാരം കർഷക ക്ഷേമനിധിയിൽ ചേരുന്ന കർഷകന് ആനുകൂല്യങ്ങൾ ലഭിക്കുന്നതിനുള്ള വ്യവസ്ഥകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

5 വർഷത്തിൽ കുറയാതെ അംശദായം അടച്ച് ക്ഷേമനിധിയിൽ അംഗമായവർക്കാണ് പദ്ധതിയിലെ ആനുകൂല്യങ്ങൾക്ക് അർഹത. പെൻഷനും മറ്റാനുകൂല്യങ്ങളും അനുവദിക്കുന്നതിനുള്ള വ്യവസ്ഥകൾ പ്രതിപാദിക്കുന്ന കർഷക ക്ഷേമനിധി പദ്ധതിയുടെ കരട് രൂപരേഖ അംഗീകരിക്കുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) അതിനായി സമർപ്പിക്കേണ്ട വരുമാന സർട്ടിഫിക്കറ്റിൽ കർഷകന്റെ വാർഷിക വരുമാനമാണോ കുടുംബ വാർഷിക വരുമാനമാണോ മാനദണ്ഡമായി എടുക്കുന്നത്; വിശദമാക്കാമോ?

അപേക്ഷിക്കുന്ന കർഷകന്റെ വാർഷിക വരുമാനമാണ് മാനദണ്ഡമായി എടുക്കുന്നത്.

(സി) സംസ്ഥാനത്ത് കർഷക ക്ഷേമനിധിയിൽ ഇതുവരെ എത്ര പേർ അംഗത്വമെടുത്തിട്ടുണ്ട്;

(ഡി) ഇതുവരെ ആകെ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്?

(സി&ഡി) 16780 കർഷകർ അപേക്ഷിച്ചതിൽ 02-12-2022 വരെ 13779 കർഷകർ കേരള കർഷക ക്ഷേമനിധി ബോർഡിൽ അംഗങ്ങളായി ചേരുകയും ബാക്കിയുള്ളവർ രജിസ്ട്രേഷന്റെ വിവിധ ഘട്ടങ്ങളിലുമാണ്.

(ഇ) പ്രസ്തുത ക്ഷേമനിധിയിൽ അംഗമായ എത്രപേർക്ക് നിലവിൽ പെൻഷൻ നൽകുന്നുണ്ട്?

ക്ഷേമനിധി പദ്ധതിയിൽ ചേർന്ന് 5 വർഷത്തിൽ കുറയാതെ അംശദായമടയ്ക്കുന്ന അംഗങ്ങൾക്കാണ് ആനുകൂല്യത്തിനും പെൻഷനും ആക്ട് പ്രകാരം അർഹതയുള്ളത്. അംഗത്വ രജിസ്ട്രേഷൻ ആരംഭിച്ചിട്ടുള്ളത് 2021

ഡിസംബർ ഒന്നാം തീയതി മുതലാണ്. പദ്ധതിയിൽ ചേർന്ന് 5 വർഷം പൂർത്തീകരിക്കാത്തതിനാൽ ആനുകൂല്യങ്ങളും പെൻഷനും നൽകാറായിട്ടില്ല.

(എഫ്) തൃശ്ശൂർ ജില്ലയിൽ എത്രപേർ കർഷക ക്ഷേമനിധിയിൽ ഉൾപ്പെട്ടിട്ടുണ്ടെന്നും എത്രപേരുടെ അപേക്ഷ ലഭിച്ചിട്ടുണ്ടെന്നും എത്രപേർക്ക് പെൻഷൻ നൽകുന്നുണ്ടെന്നുമുള്ള വിശദാംശം അറിയിക്കാമോ?

തൃശ്ശൂർ ജില്ലയിൽ 02-12-2022 വരെ 1219 അപേക്ഷ ലഭിച്ചതിൽ 852 കർഷകർ കേരള കർഷക ക്ഷേമനിധി ബോർഡിൽ അംഗങ്ങളായി ചേർന്നിട്ടുണ്ട്. അംഗത്വ രജിസ്ട്രേഷൻ ആരംഭിച്ചിട്ടുള്ളത് 2021 ഡിസംബർ ഒന്നാം തീയതി മുതലാണ്. പദ്ധതിയിൽ ചേർന്ന് 5 വർഷം പൂർത്തീകരിക്കാത്തതിനാൽ ആനുകൂല്യങ്ങളും പെൻഷനും നൽകാറായിട്ടില്ല.

**നെയ്യാറ്റിൻകര മണ്ഡലത്തിലെ കർഷകർക്കുള്ള പ്രകൃതിക്ഷോഭ ധനസഹായം**

93 (1834) <u>ശ്രീ. കെ. ആൻസലൻ</u>: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നെയ്യാറ്റിൻകര മണ്ഡലത്തിൽ നെയ്യാറ്റിൻകര നഗരസഭ, പെരുമ്പഴുതൂർ, അതിയന്നൂർ, തിരുപുറം, ചെങ്കൽ, കാരോട്, കുളത്തൂർ എന്നീ കൃഷിഭവനുകളിൽ ഓരോന്നിലും പ്രകൃതിക്ഷോഭത്തിനിരയായ കർഷകരിൽ

ഇനി എത്ര കർഷകർക്കാണ് ധനസഹായം നൽകാൻ ഉള്ളതെന്ന് വിശദമാക്കാമോ?

വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

**വാഴ കർഷകർക്കുള്ള കാലവർഷക്കെടുതി ധനസഹായം**

94(1835) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലയളവ് മുതൽ നാളിതുവരെ വരെ കാലവർഷക്കെടുതിയിലും മറ്റും വാഴകൃഷിയിൽ വന്നിട്ടുള്ള നഷ്ടം നികത്തുന്നതിന് കർഷകർക്ക് നൽകിയിട്ടുള്ള നഷ്ടപരിഹാര തുകയെത്രയെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കാലയളവിൽ തിരുവനന്തപുരം ജില്ലയിലെ വാഴകൃഷി കർഷകർക്ക് വന്നിട്ടുള്ള നഷ്ടത്തിന് നഷ്ടപരിഹാരമായി അനുവദിച്ചിട്ടുള്ള ധനസഹായവും മറ്റ് സഹായങ്ങളും കൃഷിഭവനുകൾ തിരിച്ച് വിശദമാക്കുമോ?

(എ&ബി) എയിംസ് പോർട്ടൽ നിലവിൽ വന്ന ജൂൺ 2019 മുതൽ തിരുവനന്തപുരം ജില്ലയിലെ വാഴകൃഷി കർഷകർക്ക് സംസ്ഥാന വിഹിതമായി 6,03,70,373/- രൂപയും എസ്.ഡി.ആർ.എഫ്. വിഹിതമായി

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

62,19,078/- രൂപയും ധനസഹായം നൽകിയിട്ടുണ്ട്. കൂടാതെ സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി മുഖേന ഇൻഷ്വർ ചെയ്ത കർഷകർക്കുണ്ടായ വാഴകൃഷി നാശത്തിന് 2020 മുതൽ 2,77,30,850/- രൂപ വിതരണം ചെയ്തിട്ടുണ്ട്. ഓൺലൈൻ സംവിധാനം നിലവിൽ വരുന്നതിനുമുമ്പുള്ള ധനസഹായ വിതരണം സംബന്ധിച്ച വിവരങ്ങളും കൃഷിഭവൻ തിരിച്ചുള്ള വിവരങ്ങളും ശേഖരിച്ചുവരുന്നു.

**കാഞ്ഞങ്ങാട് മണ്ഡലത്തിൽ കൃഷിനാശം സംഭവിച്ച കർഷകർക്കുള്ള നഷ്ടപരിഹാരം**

95(1836) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാഞ്ഞങ്ങാട് മണ്ഡലത്തിൽ മഴക്കെടുതിയിൽ കൃഷിനാശം സംഭവിച്ച കർഷകർക്ക് നൽകിയ നഷ്ടപരിഹാരത്തുക എത്രയെന്ന് പഞ്ചായത്തടിസ്ഥാനത്തിൽ വ്യക്തമാക്കാമോ?

കാഞ്ഞങ്ങാട് മണ്ഡലത്തിൽ മഴക്കെടുതിയിൽ കൃഷിനാശം സംഭവിച്ച കർഷകർക്ക് സംസ്ഥാന വിഹിതം 15.19065 ലക്ഷം രൂപയും സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽനിന്നുള്ള വിഹിതം 2.60465 ലക്ഷം രൂപയും

നൽകിയിട്ടുണ്ട്. പഞ്ചായത്തടിസ്ഥാനത്തിൽ നൽകിയ നഷ്ടപരിഹാരത്തുകയുടെ വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.+

(ബി) നഷ്ടപരിഹാരത്തിനായി അപേക്ഷിച്ച എല്ലാ കർഷകർക്കും തുക അനുവദിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) ഇല്ലെങ്കിൽ എത്രപേർക്ക് പ്രസ്തുത തുക നൽകാനുണ്ടെന്നും ഇതുവരെ നൽകാത്തതിന്റെ കാരണമെന്താണെന്നും വ്യക്തമാക്കാമോ?

(ബി&സി) അനുവദിച്ചിട്ടില്ല. തുക നൽകാനുള്ളവർക്ക് ആയത് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

**ഏലയ്ക്കയുടെ വിലയിടിവുമൂലം ഏലം കർഷകർ നേരിടുന്ന പ്രതിസന്ധി**

96(1837) <u>ശ്രീ. എം. എം. മണി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏലയ്ക്കയുടെ വിലയിടിവുമൂലം ഏലം കർഷകർ നേരിടുന്ന പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) കർഷകർ വ്യാപകമായി ഏലം കൃഷി ഉപേക്ഷിക്കാൻ നിർബന്ധിതരാകുന്ന സാഹചര്യത്തിൽ ഏലയ്ക്കയ്ക്ക് തറവില നിശ്ചയിച്ച് തരുന്നതിനായി കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുമോ; നാളിതുവരെ ഇതുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

കാർഷികോല്പന്നങ്ങളുടെ താങ്ങുവില നിശ്ചയിക്കുന്നതിനായി ശിപാർശ ചെയ്യുന്നത് കേന്ദ്ര കൃഷി മന്ത്രാലയത്തിനുകീഴിൽ പ്രവർത്തിക്കുന്ന കമ്മീഷൻ ഫോർ അഗ്രികൾച്ചറൽ കോസ്റ്റ് ആൻഡ് പ്രൈസസ് (CACP) ആണ്. ഉല്പാദകരുടെയും ഉപഭോക്താക്കളുടെയും താല്പര്യങ്ങൾക്ക് തുല്യമായ വില ഘടന രൂപപ്പെടുത്തുന്നതിന് അതത് സമയങ്ങളിൽ കാർഷിക ഉല്പന്നങ്ങളുടെ വില സംബന്ധിച്ച് കമ്മീഷൻ സർക്കാരിന് ഉപദേശം നൽകുന്നു. CACP ലിസ്റ്റിൽ ഏലം ഉൾപ്പെട്ടിട്ടില്ല. കൂടാതെ കാർഷിക ഉല്പന്നങ്ങൾക്കുള്ള സഹായം നൽകിവരുന്നത് കേന്ദ്ര സർക്കാർ രൂപീകരിച്ചിട്ടുള്ള വില സ്ഥിരതാ ഫണ്ടിൽ (PSF) നിന്നാണ്. ടി ഫണ്ടിന്റെ പരിധിയിലും ഏലം ഉൾപ്പെട്ടിട്ടില്ല കേന്ദ്ര സർക്കാർ 25 വിളയിനങ്ങൾക്കാണ് കുറഞ്ഞ താങ്ങുവില പ്രഖ്യാപിച്ചിട്ടുള്ളത്. കേരളത്തിൽനിന്നും കൂടുതൽ നാണ്യവിളകൾ ഉൾപ്പെടുത്തുവാൻ ആവശ്യപ്പെട്ടിരുന്നുവെങ്കിലും കേന്ദ്രസർക്കാർ അനുകൂല നിലപാട് സ്വീകരിച്ചിട്ടില്ല. ഏലത്തിന് താങ്ങുവില നിശ്ചയിക്കുന്നതിനായി

CACP-യുടെ പരിധിയിൽ കൊണ്ടുവരുന്നത് പരിഗണിക്കുന്നതിനായി സ്പൈസസ് ബോർഡ് ഇക്കാര്യം Ministry of Commerce & Industry-യുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

(സി) ഏലം കർഷകരെ ഗുരുതര പ്രതിസന്ധിയിൽനിന്നും രക്ഷിക്കാൻ എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്; വിശദാംശം നൽകാമോ?

ഏലം സ്പൈസസ് ബോർഡിന്റെ പരിധിയിൽ വരുന്ന നിർബന്ധിത വിളയാണ്. ഗുണമേന്മയുള്ള നടീൽ വസ്തുക്കളുടെ ഉല്പാദനം, ജലസേചന വികസനം, മെച്ചപ്പെട്ട ഏലം ക്യൂറിംഗ് ഉപകരണങ്ങൾ, ഗുണമേന്മ മെച്ചപ്പെടുത്തൽ, ഏലത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തൽ തുടങ്ങിയ വികസന പരിപാടികളിലൂടെ സ്പൈസസ് ബോർഡ് കർഷകരെ പിന്തുണയ്ക്കുന്നുണ്ട്. ഏലത്തിന്റെ വിലയിടിവ് സംബന്ധിച്ച് കേന്ദ്ര ഇടപെടലുകളുണ്ടാകാൻ കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നുവെങ്കിലും മറുപടി ലഭ്യമായിട്ടില്ല.

**കാർഷികഫാമുകൾ ശക്തിപ്പെടുത്തി നടീൽ വസ്തുക്കളുടെ ലഭ്യത ഉറപ്പുവരുത്തുന്ന നടപടികൾ**

97(1838) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ കാർഷികഫാമുകൾ ശക്തിപ്പെടുത്തി കർഷകർക്കാവശ്യമായ വിത്തുൾപ്പെടെയുള്ള നടീൽവസ്തുക്കളുടെ ലഭ്യത ഉറപ്പുവരുത്താൻ നടപടിയുണ്ടാകുമോ; മണ്ണുപരിശോധനയും വളങ്ങളുടെയും കീടനാശിനികളുടെയും പരിശോധനയും അതത് ഫാമുകളിൽ നടത്താൻ നടപടിയുണ്ടാകുമോ; വിശദമാക്കാമോ?

കൃഷിവകുപ്പ് ഫാമുകളിൽ വിവിധ പദ്ധതികളിലൂടെ ഗുണമേന്മയുള്ള നടീൽ വസ്തുക്കളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ, മണ്ണുപരിശോധനയും വളങ്ങളുടെയും കീടനാശിനികളുടെയും പരിശോധനയും അതത് ഫാമുകളിൽ നടത്താൻ സാധിക്കുമോയെന്ന വിഷയം പരിശോധിക്കുന്നതാണ്. നടീൽ വസ്തുക്കളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിന് ഇപ്പോൾ നടപ്പിലാക്കിവരുന്ന പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

**കുറ്റ്യാടി മണ്ഡലത്തിലെ തരിശുനിലങ്ങൾ കൃഷിയോഗ്യമാക്കാൻ നടപടി**

98(1839) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) കുറ്റ്യാടി മണ്ഡലത്തിൽ നിലവിൽ കൃഷി നടത്താതെ തരിശുനിലമായി കിടക്കുന്ന ഭൂമിയുടെ വിസ്തൃതി, കൃഷിയുടെ ഇനം തിരിച്ച് അറിയിക്കാമോ?

കുറ്റ്യാടി മണ്ഡലത്തിൽ നിലവിൽ കൃഷി നടത്താതെ തരിശുനിലമായി കിടക്കുന്ന ഭൂമിയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

(ബി) ഇത്തരം തരിശുസ്ഥലങ്ങൾ കൃഷി യോഗ്യമാക്കുന്നതിന് നിലവിലെ തടസ്സങ്ങൾ എന്തൊക്കെയെന്നും ആയത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്നും അറിയിക്കാമോ?

വേളം, കുന്നുമ്മൽ, കുറ്റ്യാടി പഞ്ചായത്തുകളിൽ വെള്ളക്കെട്ടാണ് തരിശുകൃഷിയിറക്കുന്നതിന് പ്രധാന തടസ്സമായി നിൽക്കുന്നത്. ആയത് പരിഹരിക്കുന്നതിലേയ്ക്കായി തോട് നവീകരണം നടത്താൻ നടപടികൾ സ്വീകരിച്ചുവരുന്നു. തിരുവള്ളൂർ പഞ്ചായത്തിൽ മാങ്ങാമൂഴി ബണ്ട് നിർമ്മാണം പൂർത്തീകരിക്കുകയും തോടുകൾ നവീകരിക്കുകയും ചെയ്യുന്നതോടെ വെള്ളക്കെട്ട് ഒഴിവാക്കി തരിശുകൃഷി ചെയ്യാൻ സാധിക്കും. ആയഞ്ചേരി പഞ്ചായത്തിൽ വെള്ളക്കെട്ട് കാരണം കൃഷിയിറക്കാൻ സാദ്ധ്യമല്ല. വില്ല്യാപ്പള്ളി പഞ്ചായത്തിൽ തരിശുനിലങ്ങൾ കൃഷിയോഗ്യമാക്കാൻവേണ്ടി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി നിലമൊരുക്കി കൊടുക്കാൻ ശിപാർശ ചെയ്തിട്ടുണ്ട്. മണിയൂർ പഞ്ചായത്തിൽ ഉപ്പുവെള്ളം, വെള്ളക്കെട്ട് എന്നീ കാരണങ്ങളാൽ കൃഷി ചെയ്യാൻ സാധിക്കുന്നില്ല. ബണ്ടുകൾ നിർമ്മിച്ചും കനാലുകൾ നിർമ്മിച്ചും പുതിയ പമ്പ്സെറ്റ് സ്ഥാപിച്ചും ഉപ്പുവെള്ളത്തിൽ കൃഷി ചെയ്യാൻ പറ്റിയ നെല്ലിനങ്ങൾ പ്രോത്സാഹിപ്പിച്ചും മണിയൂർ പഞ്ചായത്തിൽ തരിശുനിലങ്ങൾ കൃഷിയോഗ്യമാക്കാൻ നടപടി സ്വീകരിച്ചുവരുന്നു.

**നെൽകർഷക ഇൻഷ്വറൻസ്**

99(1840) ശ്രീ. നജീബ് കാന്തപുരം: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നെൽക്കർഷകർക്ക് സബ്സിഡി ലഭിക്കുന്നതിന് കേന്ദ്ര സർക്കാരിന്റെ കാലാവസ്ഥാധിഷ്ഠിത ഇൻഷ്വറൻസ്, സംസ്ഥാന സർക്കാരിന്റെ വിള ഇൻഷ്വറൻസ് ഇവയിലേതെങ്കിലുമൊന്ന് മതിയെന്ന ഉത്തരവിറക്കി കർഷകർക്ക് ആശ്വാസം പകരാൻ നടപടി സ്വീകരിക്കുമോ?

നെൽകർഷകർക്ക് സബ്സിഡി ലഭിക്കുന്നതിന് കേന്ദ്ര സർക്കാരിന്റെ കാലാവസ്ഥാധിഷ്ഠിത ഇൻഷ്വറൻസ് പദ്ധതിയിലോ സംസ്ഥാന

സർക്കാരിന്റെ വിള ഇൻഷ്വറൻസ് പദ്ധതിയിലോ ഉൾപ്പെടുത്തണമെന്ന് പൊതുനിർദ്ദേശങ്ങളൊന്നുമില്ല. എന്നാൽ കൃഷിനാശം സംഭവിച്ച് കർഷകർക്ക് നാശനഷ്ടം സംഭവിച്ചാൽ സമാശ്വാസം പകരുന്നതിന് നെൽകൃഷി വികസന പദ്ധതിപ്രകാരം അപേക്ഷിക്കുന്ന കർഷകരെ സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗമാകണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. തൃശ്ശൂർ ജില്ലയിൽ നടപ്പിലാക്കുന്ന ഓപ്പറേഷൻ ഡബിൾകോൾ പദ്ധതിപ്രകാരം ഇരുപ്പൂകൃഷിക്ക് ആനുകൂല്യം ലഭിക്കാൻ സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗങ്ങളാകണമെന്ന് നിഷ്കർഷിച്ചിട്ടുമുണ്ട്.

## കൃഷി ഫാമുകളിലെ സ്ഥിരം തൊഴിലാളികൾക്ക് ഇൻഷ്വറൻസ് പരിരക്ഷ

100(1841) ശ്രീ. പി. വി. അൻവർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കൃഷി ഫാമുകളിലെ സ്ഥിരം തൊഴിലാളികളെ എസ്.എൽ.ഐ., ജി.ഐ.എസ്., ജി.പി.എ.ഐ.എസ്. തുടങ്ങിയ ഇൻഷ്വറൻസ് പദ്ധതികളിലുൾപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഫാമുകളിലെ പാർട്ട്ടൈം/കണ്ടിജന്റ് ജീവനക്കാരും ദിവസ വേതനക്കാരും അല്ലാത്ത മുഴുവൻ സ്ഥിരം തൊഴിലാളികളെയും മുകളിൽ സൂചിപ്പിച്ച ഇൻഷ്വറൻസ് പദ്ധതികളിലുൾപ്പെടുത്തുന്നതിനുള്ള തടസ്സങ്ങളെന്തെന്ന് വ്യക്തമാക്കാമോ?

(എ&ബി) ഫാം തൊഴിലാളികളെ സർക്കാർ ജീവനക്കാരായി അംഗീകരിച്ചിട്ടില്ലാത്തതിനാൽ സർക്കാർ ജീവനക്കാർക്ക് ബാധകമായ KSR ഫാം തൊഴിലാളികൾക്ക് ബാധകമല്ല. കാലാകാലങ്ങളിൽ സർക്കാർ ഇറക്കുന്ന ഉത്തരവുകളും നിർദ്ദേശങ്ങളും അടിസ്ഥാനപ്പെടുത്തിയാണ് തൊഴിലാളികളുടെ കാര്യങ്ങളിൽ തീരുമാനമെടുക്കുന്നത്. മേൽ സാഹചര്യങ്ങളിൽ കൃഷി വകുപ്പിനുകീഴിലുള്ള സ്ഥിരം ഫാം തൊഴിലാളികളെ എസ്.എൽ.ഐ., ജി.ഐ.എസ്., ജി.പി.എ.ഐ.എസ്. തുടങ്ങിയ ഇൻഷ്വറൻസ് പദ്ധതികളിലുൾപ്പെടുത്തിയിട്ടില്ല.

(സി) ഫാം തൊഴിലാളികൾക്കും മെഡിസെപ് ഇൻഷ്വറൻസ് ബാധകമാണെന്ന ഉത്തരവ് നിലവിലിരിക്കെ 2022 ജൂൺ മാസം മുതൽ 500/- രൂപ പ്രതിമാസ പ്രീമിയം അടച്ചിട്ടും മുഴുവൻപേർക്കും മെഡിസെപ് ഐ.ഡി. നൽകാത്തതിന്റെ കാരണം വിശദമാക്കാമോ;

(ഡി) മെഡിസെപ്പ് ഐ.ഡി. കിട്ടാത്തതിനാൽ ആശുപത്രികളിൽ ആനുകൂല്യങ്ങൾ ലഭ്യമാകുന്നില്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവർക്ക് ഐ.ഡി. അടിയന്തരമായി ലഭ്യമാക്കാൻ നിർദ്ദേശം നൽകുമോ; വ്യക്തമാക്കാമോ?

(സി&ഡി) സർക്കാർ ജീവനക്കാർക്ക് നടപ്പാക്കിയ മെഡിസെപ് പദ്ധതി, ഫാം തൊഴിലാളികൾക്കും നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ തൊഴിലാളികളെ മെഡിസെപ് പദ്ധതിയിൽ ചേർക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

**കർഷകർക്ക് ഇൻഷ്വറൻസ് പരിരക്ഷ**

101(1842) <u>ശ്രീ. ടി. ജെ. വിനോദ്</u>: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കർഷകർക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നതിനായി കർഷക ക്ഷേമനിധി ബോർഡ് നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

കേരള കർഷക ക്ഷേമനിധി ബോർഡ് മുഖേന കർഷകർക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## രാസവളങ്ങളുടെ ലഭ്യതക്കുറവ് പരിഹരിക്കാൻ നടപടി

102(1843) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യൂറിയ, പൊട്ടാഷ്, ഫാക്റ്റംഫോസ് തുടങ്ങിയ രാസവളങ്ങൾക്ക് ക്രമാതീതയമായി വിലയുയരുകയും അവ ആവശ്യത്തിന് ലഭിക്കാതിരിക്കുകയും രാസവളങ്ങളുടെ ലഭ്യതക്കുറവുമൂലം കർഷകർ ആവശ്യപ്പെടുന്ന വളങ്ങൾ മതിയായ അളവിൽ നൽകാതെ മറ്റ് രാസവളങ്ങളും കീടനാശിനികളും കൂടി വാങ്ങാൻ വളം വിതരണക്കാർ നിർബന്ധിക്കുന്നതുമായുമുള്ള കർഷകരുടെ പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രശ്നം പരിഹരിക്കാനാവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുവേണ്ട അടിയന്തര നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. രാസവളത്തിന്റെ വില നിയന്ത്രിക്കുന്നത് കേന്ദ്ര സർക്കാരാണ്. എല്ലാമാസവും കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുള്ള 'സപ്ലൈ പ്ലാൻ' പ്രകാരമാണ് സംസ്ഥാനങ്ങൾക്ക് വളം

ലഭ്യമാക്കുന്നത്. ഏതൊക്കെ വളക്കമ്പനികൾ ഏതൊക്കെ അളവിൽ ഏതെല്ലാം പ്രദേശത്ത് വളം വിതരണം ചെയ്യണമെന്ന് സപ്ലൈ പ്ലാനിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ആയതിനാൽ വളത്തിന്റെ ലഭ്യതക്കുറവ് ശ്രദ്ധയിൽപ്പെടുന്ന വേളകളിൽ ബന്ധപ്പെട്ട വളക്കമ്പനികൾക്ക് നിർദ്ദേശം നൽകി അടിയന്തരമായി വളത്തിന്റെ വിതരണം കൃഷി വകുപ്പ് ഇടപെട്ട് പുന:സ്ഥാപിച്ചുവരുന്നു.

രാസവളത്തിന്റെ കൂടെ മറ്റുസാധനങ്ങൾ വിറ്റഴിക്കാൻ ഡീലറുമാരെ നിർബന്ധിക്കുന്ന പ്രവണത തടയുന്നതിന് കേന്ദ്ര രാസവള മന്ത്രാലയത്തിനെ ടി വിവരം അറിയിക്കുകയും അപ്രകാരം Tagging നടത്താൻ പാടില്ലെന്ന് കേന്ദ്ര സർക്കാർ ഉത്തരവിടുകയും ചെയ്തിട്ടുണ്ട്. ടി ഉത്തരവ് വളക്കമ്പനികൾ കർശനമായും പാലിക്കേണ്ടതാണെന്നും അറിയിച്ചിട്ടുണ്ട്.

**അഗ്രോ സർവീസ് സെന്ററുകൾ**

103(1844) <u>ശ്രീ. കെ. ആൻസലൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2022-23 വർഷത്തിൽ ഏതൊക്കെ ജില്ലയിലാണ് അഗ്രോ സർവ്വീസ് സെന്ററുകളാരംഭിക്കുന്നതെന്ന് വിശദമാക്കാമോ?

സംസ്ഥാനത്ത് 2022-23 വർഷത്തിൽ വയനാട് ജില്ലയൊഴികെ മറ്റെല്ലാ ജില്ലകളിലും കൃഷിശ്രീ സെന്ററുകൾ (അഗ്രോ സർവീസ് സെന്ററുകൾ) ആരംഭിക്കുന്നതാണ്.

(ബി) ഓരോ അഗ്രോ സർവ്വീസ് സെന്ററുകൾക്കും എത്ര തുകയാണ് അനുവദിക്കുന്നതെന്ന് വിശദമാക്കാമോ?

ഓരോ പുതിയ കൃഷിശ്രീ സെന്ററുകൾക്കും (അഗ്രോ സർവ്വീസ് സെന്ററുകൾക്കും) നടപ്പുസാമ്പത്തിക വർഷം 32.5334 ലക്ഷം രൂപയാണ് അനുവദിക്കുന്നത്.

(സി) അഗ്രോ സർവ്വീസ് സെന്റർ ആരംഭിക്കാനുദ്ദേശിക്കുന്ന ബ്ലോക്കുകളുടെ പേരുവിവരം വിശദമാക്കാമോ?

2022-23 വർഷം അഗ്രോ സർവ്വീസ് സെന്റർ/കൃഷിശ്രീ സെന്റർ ആരംഭിക്കുന്ന ബ്ലോക്കുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| **ക്രമ നം.** | **ജില്ല** | **ബ്ലോക്ക്** |
|---|---|---|
| 1 | തിരുവനന്തപുരം | കാട്ടാക്കട |
| 2 | കൊല്ലം | ശാസ്താംകോട്ട |
| 3 | പത്തനംതിട്ട | പന്തളം |

| | | |
|---|---|---|
| 4 | ആലപ്പുഴ | ആലപ്പുഴ<br>ചേർത്തല<br>ചാരുംമൂട് |
| 5 | കോട്ടയം | വാഴൂർ |
| 6 | ഇടുക്കി | ദേവികുളം |
| 7 | എറണാകുളം | ആലുവ |
| 8 | തൃശ്ശൂർ | തളിക്കുളം<br>പുഴയ്ക്കൽ |
| 9 | പാലക്കാട് | ഷൊർണ്ണൂർ<br>തൃത്താല<br>ആലത്തൂർ |
| 10 | മലപ്പുറം | വേങ്ങര<br>അങ്ങാടിപ്പുറം |
| 11 | കോഴിക്കോട് | തൂണേരി |
| 12 | കണ്ണൂർ | ഇരിട്ടി<br>പേരാവൂർ |
| 13 | കാസർഗോഡ് | കാറഡുക്ക |

## മറ്റത്തൂർ വി.എഫ്.പി.സി.കെ. സ്വാശ്രയ സമിതിക്ക് ഹോർട്ടികോർപ്പ് നൽകാനുള്ള തുക

104(1845) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് മണ്ഡലത്തിൽപ്പെട്ട മറ്റത്തൂർ വി.എഫ്.പി.സി.കെ. (വെജിറ്റബിൾ ആൻഡ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ കേരള) സ്വാശ്രയ കർഷകസമിതിക്ക് ഹോർട്ടികോർപ്പിൽനിന്നും പണം ലഭ്യമായില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പച്ചക്കറി നൽകിയ വകയിൽ മറ്റത്തൂർ വി.എഫ്.പി.സി.കെ. സ്വാശ്രയ സമിതിക്ക് ഹോർട്ടികോർപ്പ് നൽകാനുള്ള മുഴുവൻ തുകയും അനുവദിച്ച് നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

ഹോർട്ടികോർപ്പിന്റെ ആലപ്പുഴ, തൃശ്ശൂർ ജില്ലകളിൽ പ്രവർത്തിച്ചുവരുന്ന സംഭരണ കേന്ദ്രങ്ങളിൽ മറ്റത്തൂർ വി.എഫ്.പി.സി.കെ.-യിൽനിന്നും മാർച്ച് 2020 മുതൽ ഒക്ടോബർ 2022 വരെ മാസങ്ങളിൽ പച്ചക്കറി സംഭരിച്ച വകയിൽ 29,63,211/- രൂപ കുടിശ്ശികയുണ്ടായിരുന്നു. ടി കുടിശ്ശികയിൽ നിന്നും 4,30,397/- രൂപ 30-11-2022-ന് നൽകിയിട്ടുണ്ട്. അവശേഷിക്കുന്ന തുക കൊടുത്തുതീർക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**ഹോർട്ടികോർപ്പിന്റെ വില്പനശാലകൾ സ്വകാര്യവൽക്കരിക്കാൻ നടപടി**

105(1846) <u>ശ്രീ. മോൻസ് ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹോർട്ടികോർപ്പിന്റെ വില്പനശാലകൾ സ്വകാര്യവൽക്കരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഇല്ല. ഹോർട്ടികോർപ്പിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സംഭരണ-വിപണനം വിപുലീകരിക്കുന്നതിന്റെ ഭാഗമായി കൂടുതൽ വിപണനശാലകൾ തുടങ്ങുവാനുദ്ദേശിക്കുന്നു. എന്നാൽ വിപണനശാലകൾ നേരിട്ട് നടത്തുമ്പോൾ വാടക, അഡ്വാൻസ്, വൈദ്യുതി, വേതനം എന്നിങ്ങനെ അധിക ബാദ്ധ്യത സ്ഥാപനത്തിനുണ്ടാകുന്നതിനാലാണ് ഫ്രാഞ്ചൈസി അടിസ്ഥാനത്തിൽ കൂടുതൽ വിപണനശാലകൾ ആരംഭിക്കുന്നതിനുദ്ദേശിക്കുന്നത്.

പഴം-പച്ചക്കറികളും ഹോർട്ടികോർപ്പുമായി സഹകരിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉല്പന്നങ്ങളും പൊതുജനങ്ങൾക്ക് മിതമായ വിലയ്ക്ക് ഒരു സ്ഥലത്തുനിന്നുതന്നെ ലഭ്യമാക്കുന്നതിനായി എല്ലാ നിയോജകമണ്ഡലത്തിലും ജനപ്രതിനിധികളുടെ സഹകരണത്തോടുകൂടി ഗ്രാമശ്രീ ഹോർട്ടി ബസാറുകളും എല്ലാ പഞ്ചായത്ത്/കോർപ്പറേഷൻ/മുൻസിപ്പാലിറ്റി എന്നിവിടങ്ങളിൽ ഗ്രാമശ്രീ

സൂപ്പർസ്റ്റാളുകളും വരുംവർഷങ്ങളിൽ ആരംഭിക്കുന്നതിനുള്ള പ്രാരംഭ നടപടിയും ഹോർട്ടികോർപ്പ് സ്വീകരിച്ചുവരുന്നു.

(ബി) പല പച്ചക്കറികൾക്കും വിപണി വിലയേക്കാൾ ഉയർന്ന വില ഹോർട്ടികോർപ്പിൽ ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

നിലവിൽ കൃഷി വകുപ്പിലെ മാർക്കറ്റിംഗ് വിഭാഗം, വി.എഫ്.പി.സി.കെ., ഡയറക്ടറേറ്റ് ഓഫ് ഇക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് എന്നിവ മുഖേന പ്രസിദ്ധീകരിക്കുന്ന വിപണിവില താരതമ്യം ചെയ്താണ് ഹോർട്ടികോർപ്പ് ദിവസേന വില നിശ്ചയിക്കുന്നത്. സാധാരണ നാടൻ പച്ചക്കറികൾക്കും ജൈവ പച്ചക്കറികൾക്കും മറുനാടൻ പച്ചക്കറികളെക്കാൾ വിപണിവില ഉയർന്നുനിൽക്കും. നിത്യോപയോഗത്തിന് അനിവാര്യമായതും കേരളത്തിൽ ഉല്പാദിപ്പിക്കപ്പെടാത്തതും സുലഭമല്ലാത്തതുമായ പച്ചക്കറികൾ അന്യസംസ്ഥാനങ്ങളിൽനിന്നോ കച്ചവടക്കാരിൽനിന്നോ വാങ്ങാൻ ഹോർട്ടികോർപ്പ് നിർബന്ധിതമാകാറുണ്ട്. ഇത്തരം സന്ദർഭങ്ങളിൽ വില നിയന്ത്രണം കർശനമായി പാലിക്കാൻ കഴിയാതെ വരുമെങ്കിലും മാർക്കറ്റ് വിലയെക്കാൾ കുറഞ്ഞ നിരക്കിലാണ് പഴം-പച്ചക്കറികൾ ഹോർട്ടികോർപ്പ് സ്റ്റാളുകളിലൂടെ വിപണനം നടത്തിവരുന്നത്.

(സി) വിപണിയിലെ ആവശ്യം പരിഗണിച്ച് സംഭരണ-വിപണന പ്രവർത്തനങ്ങൾക്ക് ആധുനികവൽക്കരണം ഏർപ്പെടുത്തുമോ; പരിശോധനകൾക്ക് സംവിധാനമൊരുക്കുമോ; വിശദമാക്കുമോ?

ആധുനികവൽക്കരണത്തിന്റെ പ്രാരംഭനടപടിയായി ഇടുക്കി ജില്ലയിലെ കർഷകരിൽനിന്നും സംഭരിക്കുന്ന പച്ചക്കറികൾ കേടുകൂടാതെ സൂക്ഷിക്കുന്നതിനായി നിലവിലെ പ്രീ-കൂളിംഗ് യൂണിറ്റും കോൾഡ് സ്റ്റോറേജ് യൂണിറ്റും പുനരുദ്ധാരണം ചെയ്യുന്നതിനും ഈ ഉല്പന്നങ്ങൾ മറ്റു ജില്ലകളിൽ എത്തിക്കുന്നതിന് ശീതീകരണ സംവിധാനമുള്ള വാഹനങ്ങൾ വാങ്ങുന്നതിനുമായി 185 ലക്ഷം രൂപയുടെ പദ്ധതി നടപ്പിലാക്കിവരുന്നു. ആർ.ഐ.ഡി.എഫ്. ഫണ്ടുപയോഗിച്ച് 4 ഇന്റഗ്രേറ്റഡ് പാക്ക് ഹൗസ് തിരുവനന്തപുരം, തൃശ്ശൂർ, ഇടുക്കി, എറണാകുളം എന്നീ ജില്ലകളിൽ നടപ്പിലാക്കുവാനുള്ള നടപടിയും ഹോർട്ടികോർപ്പ് സ്വീകരിച്ചുവരുന്നു. ആലപ്പുഴ ജില്ലയിൽ ഒരു ഹൈടെക് ഓർഗാനിക് സൂപ്പർ മാർക്കറ്റ് തുടങ്ങുന്നതിനുള്ള നടപടിയും സ്വീകരിച്ചുവരുന്നു.

(ഡി) നാട്ടിൽ കൃഷിചെയ്യുന്ന വിഷമുക്തമായ പച്ചക്കറി സംഭരിച്ച് വിതരണം ചെയ്യുന്നതിന് ഹോർട്ടികോർപ്പ് സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കാമോ?

സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്ന ജൈവപച്ചക്കറി ഉല്പന്നങ്ങൾ 'സേഫ് ടു ഈറ്റ്' എന്ന ലേബലിൽ ഹോർട്ടികോർപ്പിന്റെ പ്രധാന ഔട്ട്ലെറ്റുകൾ മുഖേന വിപണനം നടത്തിവരുന്നു. തിരുവനന്തപുരം ജില്ലയിലെ ഹോർട്ടികോർപ്പിനുകീഴിലുള്ള പാളയം സസ്യ സൂപ്പർ മാർക്കറ്റിൽ ജൈവ പച്ചക്കറികൾ മാത്രം വിപണനം ചെയ്യുന്നതിനായി 'ഹെൽത്തി ഫാം ഹെൽത്ത് പ്ലേറ്റ്' എന്ന പദ്ധതിപ്രകാരം ഒരു ഓർഗാനിക് കൗണ്ടറും കോഴിക്കോട് ജില്ലയിലെ വേങ്ങേരി മാർക്കറ്റിൽ ഒരു പ്രീമിയം ഔട്ട്ലെറ്റും തൃശ്ശൂർ ജില്ലയിലെ മൈയിലിപ്പാടത്ത് നാടൻ പച്ചക്കറികളുടെ ഒരു പ്രീമിയം ഔട്ട്ലെറ്റും പ്രവർത്തിക്കുന്നുണ്ട്. ആലപ്പുഴ ജില്ലയിൽ ഒരു ഹൈടെക് ഓർഗാനിക് സൂപ്പർമാർക്കറ്റ് ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങളും നടപ്പിലാക്കിവരുന്നു. വരും വർഷങ്ങളിൽ ഉല്പന്നങ്ങൾ പരിശോധിച്ച് ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനുള്ള നടപടിയും സ്വീകരിച്ചുവരുന്നു.

(ഇ) പച്ചക്കറികൾ സംഭരിച്ച വകയിൽ കർഷക സംഘങ്ങൾക്ക് കൊടുത്തുതീർക്കുവാനുള്ള മുഴുവൻ തുകയും കൊടുത്തു തീർത്തിട്ടുണ്ടോ; വിശദമാക്കുമോ?

ഇല്ല. പച്ചക്കറി സംഭരിച്ച വകയിൽ കർഷക സംഘങ്ങൾക്ക് 2022 ഒക്ടോബർ മാസം വരെ 96,85,160/- രൂപ നൽകാനുണ്ട്. ശേഷിക്കുന്ന തുക വിതരണം ചെയ്യുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(എഫ്) ഹോർട്ടികോർപ്പ് ജീവനക്കാരായുള്ള തൊഴിലാളികളുടെ ആനുകൂല്യങ്ങൾ പരിഷ്കരിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

24-10-94-ലെ സ.ഉ. (കൈ) നം.17/94/പ്ലാനിംഗ് പ്രകാരവും 31-12-2018-ലെ പരിപത്രം നം.124/2018/ഫിൻ പ്രകാരവും തുടർച്ചയായി രണ്ടുവർഷം ലാഭകരമായി പ്രവർത്തിക്കുന്നതും അക്കൗണ്ടന്റ് ജനറലിന്റെ പരിശോധനയ്ക്കുശേഷം വാർഷിക കണക്കുകൾ കൃത്യമായി സമർപ്പിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ ആനുകൂല്യങ്ങൾ പരിഷ്കരിക്കുന്ന വിഷയം മാത്രമെ പരിഗണിക്കാറുള്ളൂ. എന്നാൽ ഹോർട്ടികോർപ്പ് ടി രണ്ട് വ്യവസ്ഥകളും പാലിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ ആയത് സമയബന്ധിതമായി പൂർത്തീകരിക്കുന്നമുറയ്ക്ക് ജീവനക്കാരുടെ ആനുകൂല്യങ്ങൾ പരിഷ്കരിക്കുന്ന വിഷയം പരിശോധിക്കുന്നതാണ്.

**കർഷക കടാശ്വാസ കമ്മീഷൻ**

106(1847) <u>ശ്രീ. സണ്ണി ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷക കടാശ്വാസ കമ്മീഷൻ നിലവിൽ കടാശ്വാസത്തിനായി പരിഗണിക്കുന്ന വായ്പാത്തീയതി എന്നുവരെയുള്ളവർക്കാണ്; വ്യക്തമാക്കുമോ;

(ബി) 2018-ലും തുടർന്നുള്ള വർഷങ്ങളിലുമുണ്ടായ പ്രളയക്കെടുതി കൂടി പരിഗണിച്ചുകൊണ്ട് കടാശ്വാസത്തിനായി പരിഗണിക്കുന്ന വായ്പാത്തീയതി 2020 ഡിസംബർ 31 വരെ ഉയർത്തുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

(എ&ബി) ഇടുക്കി, വയനാട് ജില്ലകളിൽ 2018 ആഗസ്റ്റ് 31 വരെയും മറ്റ് ജില്ലകളിൽ 2014 മാർച്ച് 31 വരെയും കർഷകർ സഹകരണ ബാങ്കുകളിൽ നിന്നും എടുത്തിട്ടുള്ള വായ്പകൾക്ക് പരമാവധി 2 ലക്ഷം രൂപ നിലവിൽ കടാശ്വാസം അനുവദിച്ചുവരുന്നുണ്ട്. പ്രസ്തുത തീയതികൾ ഇടുക്കി, വയനാട് ജില്ലകളിൽ 2020 ആഗസ്റ്റ് 31 വരെയും മറ്റ് ജില്ലകളിൽ 2016 മാർച്ച് 31 വരെയും കൂടി ദീർഘിപ്പിച്ചുകൊണ്ട് നിലവിൽ സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) നാഷണലൈസ്ഡ് ബാങ്കിൽനിന്നും കാർഷിക കടങ്ങളെടുത്തിട്ടുള്ള കർഷകർക്ക് കടാശ്വാസ കമ്മീഷൻ മുഖേന സഹായം അനുവദിക്കുന്നതിന് സാധിക്കുമോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത കർഷകർക്കുകൂടി സഹായം അനുവദിക്കുന്നതിന് എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

(സി&ഡി) ബാങ്കിംഗ് എന്ന വിഷയം ഭരണഘടനയുടെ യൂണിയൻ ലിസ്റ്റിൽ വരുന്ന വിഷയമായതിനാൽ നാഷണലൈസ്ഡ് ബാങ്കുകളെ കടാശ്വാസ കമ്മീഷന്റെ പരിധിയിൽ കൊണ്ടുവരാൻ കഴിയുകയില്ല.

**കെ.എൽ.ഡി.സി. മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ**

107(1848) <u>ശ്രീ. ജി. സ്റ്റീഫൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരുവിക്കര നിയോജകമണ്ഡലത്തിൽ കെ.എൽ.ഡി.സി. മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ?

2022-23 വാർഷിക പദ്ധതിയിലുൾപ്പെടുത്തി അരുവിക്കര നിയോജകമണ്ഡലത്തിലെ പൂവച്ചൽ ഗ്രാമപഞ്ചായത്തിലെ കാർത്തികപ്പറമ്പ്

പാടശേഖരത്തിന്റെ അടിസ്ഥാനവികസന പ്രവൃത്തികൾ നടപ്പിലാക്കാൻ ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതികളിൽ വകയിരുത്തിയിട്ടുള്ള തുകയും അവയുടെ നിലവിലെ പ്രവർത്തനപുരോഗതിയും അറിയിക്കാമോ?

പ്രസ്തുത പദ്ധതിക്കായി 46.41 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ പൂർത്തിയായിട്ടുണ്ട്. പണികൾ ഉടൻ ആരംഭിക്കുന്നതാണ്.

**കർഷക ക്ഷേമനിധി**

108 (1849) <u>ശ്രീ. ടി. സിദ്ദിഖ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കർഷകരുടെ എണ്ണം വകുപ്പിന്റെ കൈവശമുണ്ടോ; വിവരം നൽകുമോ?

കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെ അഗ്രിക്കൾച്ചർ ഇൻഫർമേഷൻ മാനേജ്മെന്റ് സിസ്റ്റം (AIMS) പോർട്ടൽ (www.aims.kerala.gov.in) മുഖേന ആകെ 40,93,768 കർഷകർ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) നാളിതുവരെ എത്ര കർഷകരെ കർഷക ക്ഷേമനിധി ബോർഡിൽ അംഗമാക്കിയിട്ടുണ്ട് ; വിശദാംശം നൽകുമോ?

02-12-2022 വരെ 13779 കർഷകർ കേരള കർഷക ക്ഷേമനിധി ബോർഡിൽ അംഗങ്ങളായി ചേർന്നിട്ടുണ്ട്.

(സി) കർഷക ക്ഷേമനിധി ബോർഡിന്റെ പദ്ധതി അംഗീകാരത്തിനായി ധനകാര്യ വകുപ്പിന് സമർപ്പിച്ചതെന്നാണ്; അംഗീകാരം ലഭിച്ചതെന്നാണ്; വിവരം നൽകുമോ;

(ഡി) പ്രസ്തുത ക്ഷേമനിധി പദ്ധതിക്ക് അംഗീകാരം ലഭിക്കുവാൻ കാലതാമസം നേരിട്ടതിന് കാരണം വ്യക്തമാക്കുമോ;

(ഇ) പ്രസ്തുത വിഷയം സംബന്ധിച്ച ഫയലിന്റെ പകർപ്പ് ലഭ്യമാക്കുമോ?

(സി-ഇ) കർഷകക്ഷേമ ബോർഡിന്റെ പ്രവർത്തനം ത്വരിതഗതിയിലാക്കുന്നതിനും ആയതിന്റെ സേവനങ്ങൾ കർഷകരിലേയ്ക്ക് എത്രയുംവേഗമെത്തിക്കുന്നതിനും കർഷകക്ഷേമനിധി പദ്ധതിയുടെ കരട് രൂപരേഖ, സ്റ്റാഫ് പാറ്റേൺ എന്നിവയുടെ അംഗീകാരം സംബന്ധിച്ച ഫയൽ 18-10-2021-ൽ ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി ശിപാർശ ചെയ്യുകയും ധനകാര്യ വകുപ്പിന് ലഭ്യമാക്കുകയും ടി വകുപ്പ് 04-11-2022-ൽ ഫയൽ

തിരികെ ലഭ്യമാക്കുകയും ചെയ്തു. നിലവിൽ ഫയൽ മന്ത്രിസഭയുടെ പരിഗണനയിലാണ്. നടപടി പൂർത്തിയായതിനുശേഷം പകർപ്പ് നൽകുന്നതാണ്.

## കേരഫെഡിൽ നടന്ന താല്ക്കാലിക /കരാർ നിയമനങ്ങൾ

109(1850) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരഫെഡിലെ നിയമന ചട്ടങ്ങൾ സർക്കാർ അംഗീകരിച്ചിട്ടുണ്ടോ; എങ്കിൽ ഇത് അംഗീകരിച്ച തീയതി, പ്രാബല്യത്തിൽ വന്ന തീയതി എന്നീ വിവരങ്ങളുടെ വിശദാംശം ലഭ്യമാക്കുമോ?

29-09-2022-ലെ സ.ഉ.(കൈ)നം.83/2022/അഗ്രി പ്രകാരം നിയമന ചട്ടം അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. ആയതിന് ഉത്തരവ് തീയതി മുതൽ പ്രാബല്യമുണ്ട്.

(ബി) കേരഫെഡ് സ്റ്റാഫ് പാറ്റേണിൽ പരാമർശിച്ചിട്ടുള്ള തസ്തികകളിൽ പി.എസ്.സി. മുഖേനയാണ് നിയമനം നടത്തേണ്ടതെന്ന വ്യക്തമായ നിർദ്ദേശമുള്ളപ്പോൾ ഇവിടെ താല്ക്കാലിക/കരാർ നിയമനങ്ങൾ നടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദവിവരം ലഭ്യമാക്കുമോ?

കേരഫെഡിലെ നിയമനചട്ടത്തിൽ നിഷ്കർഷിച്ചിട്ടുള്ള രീതിയിൽ പി.എസ്.സി. മുഖേന സ്ഥിരനിയമനം നടക്കുന്നതുവരെയാണ് താൽക്കാലിക/കരാർ വ്യവസ്ഥയിൽ ജീവനക്കാരെ നിയമിച്ചിട്ടുള്ളത്. സർക്കാരിന്റെ വിവരവും പൊതുജനസമ്പർക്കവും വകുപ്പ് വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ച് ലഭ്യമായ അപേക്ഷകളിന്മേൽ നിയമനചട്ടത്തിൽ നിഷ്കർഷിച്ചിരുന്ന വ്യവസ്ഥകളും മാനദണ്ഡങ്ങളും പാലിച്ച് സർക്കാർ അംഗീകൃത സ്ഥാപനത്തിൽനിന്നുള്ള വിഷയവിദഗ്ധനൾപ്പെട്ട അഭിമുഖ കമ്മിറ്റി രൂപീകരിച്ച് തികച്ചും സുതാര്യമായ രീതിയിലാണ് കരാർ വ്യവസ്ഥയിൽ താല്ക്കാലിക നിയമനം നടത്തിയിട്ടുള്ളത്.

(സി) 2016 മുതൽ നാളിതുവരെ കേരഫെഡിൽ നടന്ന താത്കാലിക/കരാർ നിയമനങ്ങളുടെ വിശദാംശം നൽകുമോ;

(ഡി) ഇവരിൽ എത്ര താല്ക്കാലിക/കരാർ ജീവനക്കാരെ സ്ഥിരപ്പെടുത്തിയിട്ടുണ്ട്; വിശദ വിവരം ലഭ്യമാക്കുമോ?

(സി&ഡി) 2016 മുതൽ നാളിതുവരെ കേരഫെഡിൽ ദിവസവേതനാടിസ്ഥാനത്തിൽ 21 പേരെയും കരാർ അടിസ്ഥാനത്തിൽ 22

പേരെയും നിയമിച്ചിട്ടുണ്ട്. (വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.)+ പ്രസ്തുത ജീവനക്കാരിലാരെയും സ്ഥിരപ്പെടുത്തിയിട്ടില്ല.

**കേരഫെഡിലെ അനധികൃത നിയമനം**

110(1851) <u>ശ്രീ. പി. അബ്ദുൽ ഹമീദ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ അംഗീകരിച്ച സ്പെഷ്യൽ റൂൾ നിലവിൽ വന്നിട്ടും കേരഫെഡിൽ അനധികൃത നിയമനം നടക്കുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സ്പെഷ്യൽ റൂൾ നിലവിൽ വന്നിട്ടും കേരഫെഡിൽ താല്ക്കാലിക നിയമനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) സ്പെഷ്യൽ റൂൾ നിലവിൽ വന്നിട്ടും കേരഫെഡിൽ ഫയർമാൻ, അനലിസ്റ്റ് എന്നീ തസ്തികകളിൽ നടത്തിയ കരാർ നിയമനങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ?

(എ-സി) 29-09-2022-ലെ സ.ഉ. (കൈ.) നം.83/2022/അഗ്രി പ്രകാരം കേരഫെഡിന്റെ നിയമനചട്ടം സർക്കാർ അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. കേരഫെഡിന്റെ ഫാക്ടറിയിലെ പ്രവർത്തനങ്ങൾ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പൂർണ്ണമായും തടസപ്പെട്ടുമെന്ന അവസ്ഥാവിശേഷമുണ്ടാകുന്നപക്ഷം കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന സ്ഥിരനിയമനം നടത്തുന്നതുവരെയോ/അന്യത്ര സേവനവ്യവസ്ഥയിൽ ജീവനക്കാർ ലഭ്യമാകുന്നതുവരെയോ ടെക്നിക്കൽ തസ്തികയിൽ കരാർ നിയമനം (പുനർനിയമനത്തിന്റെ പരിധിയിൽ വരാതെ) നൽകുന്ന കാര്യം കേരഫെഡിലെ നിലവിലെ അവസ്ഥ പരിഗണിച്ച് ഭരണസമിതിക്ക് തീരുമാനിക്കാവുന്നതുമാണെന്ന് നിർദ്ദേശം നൽകിയിരുന്നു. ജീവനക്കാരുടെ അഭാവം നിമിത്തം കേരഫെഡിന്റെ ഇരു പ്ലാന്റുകളുടെയും പ്രവർത്തനങ്ങൾ തടസ്സപ്പെടാതിരിക്കുവാൻ അത്യാവശ്യ തസ്തികകളിൽ കേരഫെഡ് ഭരണസമിതി/എക്സിക്യൂട്ടിവ് കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കേരഫെഡിലെ നിയമനചട്ടത്തിൽ നിഷ്കർഷിച്ചിട്ടുള്ള രീതിയിൽ പി.എസ്.സി. മുഖേന സ്ഥിരനിയമനം നടക്കുന്നതുവരെയാണ് കരാർ വ്യവസ്ഥയിൽ ജീവനക്കാരെ നിയമിച്ചിട്ടുള്ളത്. സർക്കാരിന്റെ വിവരവും പൊതുജനസമ്പർക്കവും വകുപ്പ് വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ച 02-06-2022-ലെ 2820/എ.ഡി.എം.-1/2021/കെ.എഫ്.ഡി./338 നമ്പർ നടപടിക്രമപ്രകാരം ലഭ്യമായ അപേക്ഷകളിന്മേൽ നിയമനചട്ടത്തിൽ നിഷ്കർഷിച്ചിരുന്ന വ്യവസ്ഥകളും മാനദണ്ഡങ്ങളും പാലിച്ച് സർക്കാർ

അംഗീകൃത സ്ഥാപനത്തിൽനിന്നുള്ള വിഷയ വിദഗ്ധനുൾപ്പെട്ട അഭിമുഖകമ്മിറ്റി രൂപീകരിച്ച് തികച്ചും സുതാര്യമായ രീതിയിലാണ് ഫയർമാൻ, അനലിസ്റ്റ് തസ്തികകളിൽ കരാർ വ്യവസ്ഥയിൽ നിയമനം നടത്തിയിട്ടുള്ളത്.

## പാലക്കാട് ജില്ലയിലെ കൃഷിശ്രീ സെന്ററുകൾ

111(1852) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ ഏതൊക്കെ ബ്ലോക്കുകളിലാണ് കൃഷിശ്രീ സെന്ററുകൾ അനുവദിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

2022-23 സാമ്പത്തികവർഷത്തിൽ സംസ്ഥാന പദ്ധതിപ്രകാരം പാലക്കാട് ജില്ലയിലെ ഷൊർണ്ണൂർ, തൃത്താല, ആലത്തൂർ ബ്ലോക്കുകളിലാണ് കൃഷിശ്രീ സെന്ററുകൾ അനുവദിച്ചിട്ടുള്ളത്.

(ബി) ആലത്തൂർ മണ്ഡലത്തിലെ ഏതെങ്കിലും ബ്ലോക്കിൽ കൃഷിശ്രീ സെന്റർ അനുവദിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ആലത്തൂർ മണ്ഡലത്തിൽ കൃഷിശ്രീ സെന്ററുകൾ അനുവദിക്കുന്ന വിഷയം പരിഗണിക്കുമോ; വ്യക്തമാക്കുമോ?

(ബി&സി) ആലത്തൂർ മണ്ഡലത്തിലെ ആലത്തൂർ ബ്ലോക്കിന് 2022-23 വാർഷിക പദ്ധതിപ്രകാരം കൃഷിശ്രീ സെന്റർ അനുവദിച്ചിട്ടുണ്ട്.

(ഡി) കൃഷിശ്രീ സെന്ററുകളുടെ പ്രവർത്തനം വിശദമാക്കാമോ?

കാർഷിക മേഖലയിൽ യന്ത്രോപകരണങ്ങളുടെ ഉപയോഗം വ്യാപിപ്പിക്കുക, വിവിധ കാർഷിക പ്രവർത്തനങ്ങൾ, സേവനങ്ങൾ മറ്റ് ഉല്പാദനോപാധികളുടെ ഉല്പാദനം, വിതരണം എന്നിവ മിതമായ നിരക്കിൽ ഒരു കേന്ദ്രത്തിൽ നിന്നുതന്നെ കർഷകർക്ക് ലഭ്യമാക്കുകയെന്നുള്ളതാണ് കൃഷിശ്രീ സെന്റർ വഴി ലക്ഷ്യമിടുന്നത്. കൃഷിശ്രീ സെന്ററുകൾ ബ്ലോക്കടിസ്ഥാനത്തിലാണ് സ്ഥാപിക്കുന്നത്. ബ്ലോക്കടിസ്ഥാനത്തിലുള്ള കാർഷിക-അനുബന്ധ തൊഴിലുകൾ ചെയ്യുന്നതിനായി 25 മുതൽ 35 വരെ അംഗങ്ങളെയാണ് (സർവ്വീസ് പ്രൊവൈഡേഴ്സ്) ഓരോ കൃഷിശ്രീ സെന്ററിലുമുൾപ്പെടുത്തുന്നത്. കൃഷിശ്രീ സെന്ററുകളുടെ ഭരണനിർവ്വഹണം നടത്തുന്നത് സ്ഥലം എം.എൽ.എ. ചെയർമാനായും കൃഷി അസിസ്റ്റന്റ് ഡയറക്ടർ കൺവീനറുമായുള്ള ബ്ലോക്കുതല ഉപദേശകസമിതിയാണ്.

**തിരുവമ്പാടി കൃഷിഭവൻ നിർമ്മാണം**

112(1853) ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവമ്പാടി കൃഷിഭവനുവേണ്ടി നബാർഡ് ധനസഹായത്തോടെ നിർമ്മിക്കാനുദ്ദേശിക്കുന്ന കെട്ടിടത്തിന്റെ രൂപരേഖ തയ്യാറായിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) എങ്കിൽ ആയതിന്റെ പകർപ്പും വിശദാംശവും ലഭ്യമാക്കുമോ?

(എ&ബി) കൃഷി വകുപ്പിനുകീഴിൽ കൊടുവള്ളി ബ്ലോക്കിൽ തിരുവമ്പാടി പഞ്ചായത്തിൽ നബാർഡ് ധനസഹായത്തോടെ ആർ.ഐ.ഡി.എഫ്. XXVII സ്കീമിലുൾപ്പെടുത്തി ഭരണാനുമതി നൽകിയ സ്മാർട്ട് കൃഷിഭവൻ കേരള ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷൻ മുഖാന്തരമാണ് നടപ്പിലാക്കുന്നത്. ആയതിന്റെ രൂപരേഖ തയ്യാറാക്കുന്നതിനുവേണ്ടി ആർക്കിടെക്റ്റിനെ നിയമിക്കുന്നതിനുള്ള Request for Proposal (RFP)-യുടെ ടെണ്ടർ കേരള ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷൻ ക്ഷണിച്ചിട്ടുണ്ട്.

(സി) നിലവിൽ എം.എൽ.എ. ആസ്തി വികസന ഫണ്ടിൽനിന്ന് ഫണ്ടനുവദിച്ച് നിർമ്മാണമാരംഭിച്ച പ്രവൃത്തിയുമായി സംയോജിപ്പിച്ച് പ്ലാൻ തയ്യാറാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

തിരുവമ്പാടി കൃഷിഭവൻ നിർമ്മിക്കുന്നതിന് എം.എൽ.എ. ആസ്തി വികസന ഫണ്ടിൽനിന്ന് തുക അനുവദിക്കുകയും നിർമ്മാണമാരംഭിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ടി തുക സ്മാർട്ട് കൃഷിഭവൻ കാഴ്ചപ്പാടിൽ പ്രവൃത്തി പൂർത്തീകരിക്കുന്നതിന് പര്യാപ്തമല്ലാത്തതിനാൽ ആർ.ഐ.ഡി.എഫ്. പദ്ധതിയുമായി ചേർന്ന് പ്ലാൻ തയ്യാറാക്കി പ്രവൃത്തികൾ പൂർത്തീകരിക്കാനാകുമോയെന്ന കാര്യം പരിശോധിച്ച് തീരുമാനിക്കുന്നതാണ്.

**കൃഷി വകുപ്പ് ഓഫീസുകളിലെ എ.ജി. പരിശോധന**

113(1854) <u>ശ്രീമതി കെ. കെ. രമ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷം കൃഷി വകുപ്പിലെ ഏതെല്ലാം ഓഫീസുകളിലാണ് അക്കൗണ്ടന്റ് ജനറൽ പരിശോധന നടത്തിയത്; ഇവയിൽ ഏതെല്ലാം

ഓഫീസുകളിലാണ് ക്രമക്കേടുകൾ നടന്നതായി എ.ജി. കണ്ടെത്തിയത്; വിശദമാക്കാമോ;

(ബി) കൃഷി അസിസ്റ്റന്റ് ഡയറക്ടർ തലത്തിലുള്ള ഓഫീസുകളിൽ എ.ജി. കണ്ടെത്തിയ ക്രമക്കേടുകൾ സംബന്ധിച്ച റിപ്പോർട്ടുകൾ ലഭ്യമാക്കുമോ?

(എ&ബി) 2022-ൽ കാർഷിക വികസന കർഷക ക്ഷേമ വകുപ്പിനുകീഴിലുള്ള 12 കാര്യാലയങ്ങളിൽ അക്കൗണ്ടന്റ് ജനറൽ പരിശോധന നടത്തിയിട്ടുണ്ട്. (വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു)+. കൂടാതെ നെടുമങ്ങാട് ഗ്രാമീണ-കാർഷിക-മൊത്ത വ്യാപാര വിപണി, എക്സിക്യൂട്ടീവ് എഞ്ചിനീയർ ഓഫീസ്, കോഴിക്കോട്, പ്രിൻസിപ്പൽ കൃഷി ഓഫീസ്, ഇടുക്കി, FQCL പാറോട്ടുകോണം, RTTC വെള്ളായണി എന്നീ കാര്യാലയങ്ങളിൽ പെർഫോർമൻസ് ഓഡിറ്റും തിരുവനന്തപുരം ജില്ലയിലെ ശ്രീകാര്യം, ആറ്റിപ്ര, കടകംപള്ളി, ഉള്ളൂർ എന്നീ കൃഷിഭവനുകളിൽ ജനകീയാസൂത്രണ പദ്ധതികളിലും അക്കൗണ്ടന്റ് ജനറൽ പരിശോധന നടത്തിയിട്ടുണ്ട്. എറണാകുളം ജില്ലയിലെ പിറവം കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ കാര്യാലയത്തിൽ അക്കൗണ്ടന്റ് ജനറലിന്റെ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

01-02-2015 മുതൽ 31-01-2022 വരെയുള്ള കാലയളവിലെ ഇൻസ്പെക്ഷൻ റിപ്പോർട്ടിൽ കമ്പൈൻഡ് ഹാർവെസ്റ്റർ റിപ്പയർ ചെയ്തയിനത്തിൽ 1,10,000/- രൂപ ചെലവഴിച്ചത് ഫലപ്രദമല്ലെന്ന് കണ്ടെത്തിയിട്ടുണ്ട്. ഇൻസ്പെക്ഷൻ റിപ്പോർട്ടിന്റെ പ്രസക്ത ഭാഗങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു+.

(സി) ഉപയോഗശൂന്യമായ കാർഷികോപകരണങ്ങൾ വൻതോതിൽ വാങ്ങിയതായി പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ടോ;

(ഡി) ഏതൊക്കെ ഓഫീസുകളിലാണ് ഇത്തരം വാങ്ങലുകൾ നടന്നതായി കണ്ടെത്തിയിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ?

(സി&ഡി) കാർഷികോപകരണങ്ങൾ വാങ്ങി ഉപയോഗിക്കാത്തത് സംബന്ധിച്ച് പുഴക്കൽ കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ കാര്യാലയത്തിലെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 5-ലും വടക്കാഞ്ചേരി കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ കാര്യാലയത്തിലെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-ലും പരാമർശമുണ്ട്. ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രസക്ത ഭാഗങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു+.

## തിരുവനന്തപുരം ജില്ലയിലെ സ്മാർട്ട് കൃഷിഭവനുകൾ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

114(1855) <u>ശ്രീ. വി. ജോയി</u>: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തിരുവനന്തപുരം ജില്ലയിൽ ഏതെല്ലാം കൃഷി ഭവനുകളാണ് സ്മാർട്ട് കൃഷിഭവനുകളായി പ്രഖ്യാപിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

തിരുവനന്തപുരം ജില്ലയിൽനിന്നും മംഗലപുരം, കരകുളം കൃഷിഭവനുകളെയാണ് സ്മാർട്ട് കൃഷിഭവനുകളാക്കുന്നതിന് തെരഞ്ഞെടുത്തിട്ടുള്ളത്. കൂടാതെ ആർ.ഐ.ഡി.എഫ്. ട്രാഞ്ചെ XXVII പദ്ധതിയിലുൾപ്പെടുത്തി നഗരൂർ കൃഷിഭവനെയും സ്മാർട്ട് കൃഷിഭവനാക്കുന്നതിന് തെരഞ്ഞെടുത്തിട്ടുണ്ട്.

## തിരുവല്ല മണ്ഡലത്തിലെ നിരണം, പെരിങ്ങര കൃഷിഭവനുകൾക്ക് പുതിയ കെട്ടിടം

115(1856) <u>ശ്രീ. മാത്യു ടി. തോമസ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവല്ല മണ്ഡലത്തിലെ നിരണം, പെരിങ്ങര പഞ്ചായത്തുകളിൽ കൃഷിഭവനുകൾക്ക് പുതിയ കെട്ടിടം നിർമ്മിക്കുവാൻ തുക അനുവദിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ കെട്ടിടനിർമ്മാണത്തിന്റെ പുരോഗതി വിശദമാക്കാമോ?

(എ&ബി) ഉണ്ട്. നിരണം കൃഷിഭവന് 55 ലക്ഷം രൂപയും പെരിങ്ങര കൃഷിഭവന് 60 ലക്ഷം രൂപയും ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അനുവദിച്ചിട്ടുണ്ട്. നിരണം, പെരിങ്ങര കൃഷിഭവനുകളുടെ നിലവിലെ കെട്ടിടം പൊളിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**പാണാവള്ളി കൃഷിഭവൻ നിർമ്മാണം**

116(1857) <u>ശ്രീമതി ദെലീമ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ മണ്ഡലത്തിൽ പാണാവള്ളി കൃഷിഭവൻ നിർമ്മാണത്തിനായി കെട്ടിടം പൊളിക്കുന്നതിന് അനുമതി വാങ്ങുന്നതുമായി ബന്ധപ്പെട്ട് കൃഷി ഡയറക്ടറേറ്റിലേയ്ക്ക് നൽകിയ ഫയൽ നിരസിക്കാനുള്ള കാരണം വിശദമാക്കാമോ?

07-08-2017-ലെ സ.ഉ. (അച്ചടി) നം.102/2017/ഫിൻ. അനുസരിച്ച് കെട്ടിടം പൊളിക്കുന്നതിന് പൊതുമരാമത്ത് വകുപ്പിന്റെ സർവ്വേ റിപ്പോർട്ട് ആവശ്യമാണ്. പാണാവള്ളി കൃഷിഭവൻ നിർമ്മാണത്തിനായി പഴയ കെട്ടിടം പൊളിക്കുന്നതിന് അനുമതി ലഭ്യമാക്കുന്നതിനായി ആലപ്പുഴ പ്രിൻസിപ്പൽ കൃഷി ഓഫീസർ ഹാജരാക്കിയ രേഖകളിൽ പൊതുമരാമത്ത്

വകുപ്പിൽനിന്നുള്ള സർവ്വേ റിപ്പോർട്ട് ഹാജരാക്കാതിരുന്നതുകൊണ്ടാണ് അപേക്ഷ നിരസിക്കേണ്ടി വന്നത്.

(ബി) പാണാവള്ളി കൃഷിഭവന്റെ നിലവിലെ കെട്ടിടം ഏത് ഫണ്ടുപയോഗിച്ചാണ് നിർമ്മിച്ചതെന്ന് വിശദമാക്കാമോ?

പാണാവള്ളി കൃഷിഭവന്റെ നിലവിലെ കെട്ടിടം കൃഷിവകുപ്പ് ഫണ്ടുപയോഗിച്ചാണ് നിർമ്മിച്ചിട്ടുള്ളത്.

(സി) പാണാവള്ളി കൃഷിഭവന്റെ സ്ഥലം ആരുടെ ഉടമസ്ഥതയിലുള്ളതാണെന്ന് വിശദമാക്കാമോ?

പാണാവള്ളി കൃഷിഭവന്റെ സ്ഥലം വില്ലേജ് ഓഫീസർ സാക്ഷ്യപ്പെടുത്തിയതുപ്രകാരം പുറമ്പോക്കുഭൂമിയാണ്.

(ഡി) പഞ്ചായത്തിന്റെ സ്ഥലത്ത് പഞ്ചായത്ത് നിർമ്മിച്ച കൃഷി ഓഫീസ് കെട്ടിടത്തിന് കാലപ്പഴക്കം വന്നാൽ അത് പൊളിക്കുന്നതിന് ആരെയാണ് സമീപിക്കേണ്ടതെന്ന് വിശദമാക്കാമോ?

പഞ്ചായത്തിന്റെ സ്ഥലത്ത് പഞ്ചായത്ത് നിർമ്മിച്ച കൃഷി ഓഫീസ് കെട്ടിടത്തിന് കാലപ്പഴക്കം വന്നാൽ അത് പൊളിക്കുന്നതിന് പഞ്ചായത്തിനെയാണ് സമീപിക്കേണ്ടത്.

## സ്മാർട്ട് കൃഷിഭവനുകൾ

117(1858) <u>ശ്രീ. വി. ആർ. സുനിൽകുമാർ</u>: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ കൃഷിഭവനുകൾ സ്മാർട്ട് കൃഷിഭവനുകളാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഇതിനായി ഏതൊക്കെ കൃഷിഭവനുകളെയാണ് തെരഞ്ഞെടുത്തിരിക്കുന്നതെന്ന് അറിയിക്കാമോ?

ഉണ്ട്. 2022-23 വാർഷിക പദ്ധതിപ്രകാരം സ്മാർട്ട് കൃഷിഭവനുകളാക്കുന്നതിനായി തെരെഞ്ഞെടുത്ത 28 കൃഷിഭവനുകളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു+. കൂടാതെ കാർഷിക വികസന കർഷക ക്ഷേമ വകുപ്പും നബാർഡും സംയുക്തമായി നടപ്പിലാക്കുന്ന NABARD-RIDF TRANCHE XXVII പദ്ധതിപ്രകാരം തെരഞ്ഞെടുത്ത 14 കൃഷിഭവനുകളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു+.

## മലപ്പുറം ജില്ലയിൽ കൃഷി വകുപ്പിനുകീഴിലുള്ള ഫാമുകൾ

118(1859) <u>ശ്രീ. പി. വി. അൻവർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) മലപ്പുറം ജില്ലയിൽ വകുപ്പിനുകീഴിൽ എത്ര ഫാമുകളാണ് പ്രവർത്തിക്കുന്നതെന്നറിയിക്കാമോ; ഈ ഫാമുകളിൽ എത്രവീതം സ്ഥിരംതൊഴിലാളികളുണ്ടെന്നും എത്ര സ്ഥിരംതൊഴിലാളികളുടെ ഒഴിവുകളാണ് നിലവിലുള്ളതെന്നും ഫാമുകൾ തിരിച്ച് വിവരം ലഭ്യമാക്കാമോ?

6 ഫാമുകൾ.

| ക്രമ നം. | ഫാമിന്റെ പേര് | സ്ഥിരം തൊഴിലാളികളുടെ എണ്ണം | ഒഴിവ് വിവരം |
|---|---|---|---|
| (i) | എസ്.ജി.സി. മുണ്ടേരി | 187 | 70 |
| (ii) | ഡി.എ.എഫ്. ചുങ്കത്തറ | 61 | 2 |
| (iii) | എസ്.എസ്.എഫ്. ചോക്കാട് | 16 | 5 |
| (iv) | എസ്.എസ്.എഫ് ആനക്കയം | 24 | 13 |
| (v) | എസ്.എസ്.എഫ്. തവനൂർ | 30 | 02 |
| (vi) | സി.എൻ. പരപ്പനങ്ങാടി | 26 | 15 |

(ബി) പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് ജില്ലയിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലേയ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; എങ്കിൽ റിപ്പോർട്ട് ചെയ്ത ഒഴിവുകളുടെ എണ്ണം ഫാമുകൾ തിരിച്ച് വിവരം അറിയിക്കാമോ?

ഉണ്ട്. എസ്.ജി.സി. മുണ്ടേരി-31 ഒഴിവ്, ഡി.എ.എഫ്. ചുങ്കത്തറ-02 ഒഴിവ്, എസ്.എസ്.എഫ്. ചോക്കാട്-04 ഒഴിവ്. പ്രസ്തുത ഒഴിവുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് ഓഫീസർക്ക് റിപ്പോർട്ടുചെയ്തതിന്റെ അടിസ്ഥാനത്തിൽ ലഭ്യമായ ഉദ്യോഗാർത്ഥികളുടെ ലിസ്റ്റുപ്രകാരം നിയമനം നടത്തുന്നതിനായി തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

(സി) മേൽ ഫാമുകളിൽ ട്രാക്ടർ ഡ്രൈവർമാരുടെ എത്ര ഒഴിവുണ്ട്; പ്രസ്തുത ഒഴിവുകൾ സ്ഥിരമായി പി.എസ്.സി. വഴിയോ താല്ക്കാലികമായി എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയോ നികത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിവരം നൽകുമോ; ഇല്ലെങ്കിൽ താമസംവിനാ പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിക്കുമോ?

3 ഒഴിവുകളുണ്ട്. ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പി.എസ്.സി.-യിൽനിന്നും നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമായതിന്റെയടിസ്ഥാനത്തിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന

നിയമനം നടത്തുന്നതിനായി എംപ്ലോയ്മെന്റ് ഓഫീസർക്ക് കത്ത് നൽകിയിട്ടുണ്ട്.

**കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തിക**

119(1860) <u>ശ്രീ. സി. എച്ച്. കുഞ്ഞമ്പു</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ പ്രിൻസിപ്പൽ കൃഷി ഓഫീസറുടെ കാര്യാലയത്തിൽ പുനർവിന്യാസത്തിലൂടെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തിക അനുവദിച്ചിട്ടുണ്ടോ?

കാസർഗോഡ് പ്രിൻസിപ്പൽ കൃഷി ഓഫീസിന്റെ സുഗമവും കാര്യക്ഷമവുമായ പ്രവർത്തനത്തിനായി തിരുവനന്തപുരം ഫാം ഇൻഫർമേഷൻ ബ്യൂറോയിലെ ഒരു കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തിക 05-07-2022-ലെ സ.ഉ. (സാധാ.)596/2022/കൃഷി നമ്പർ പ്രകാരം കാസർഗോഡ് പ്രിൻസിപ്പൽ കൃഷി ഓഫീസിലേയ്ക്ക് പുനർവിന്യസിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത തസ്തികയിലേയ്ക്ക് സ്ഥലംമാറ്റത്തിനായി എത്ര അപേക്ഷ ലഭിച്ചിട്ടുണ്ട്?

വകുപ്പ് ഡയറക്ടറേറ്റിൽ 2 അപേക്ഷകൾ ലഭ്യമായിട്ടുണ്ട്.

(സി) അപേക്ഷകരിൽ ഏറ്റവും സീനിയോറിറ്റിയുള്ള വ്യക്തി ആരാണെന്ന് അറിയിക്കുമോ;

(ഡി) എങ്കിൽ ഈ അപേക്ഷകനുമേൽ തസ്തികയിൽ സ്ഥലംമാറ്റം നൽകാനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശം അറിയിക്കുമോ?

(സി&ഡി) പരിശോധിച്ചുവരുന്നു.

## കൃഷി വകുപ്പുമുഖേന നടപ്പിലാക്കുന്ന പദ്ധതികൾ

120(1861) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽവന്നശേഷം ആലപ്പുഴ നിയോജകമണ്ഡലത്തിൽ വകുപ്പുമുഖേന നടപ്പാക്കുന്ന പദ്ധതികൾ ഏതൊക്കെയെന്നും ഇവയ്ക്കായി ചെലവഴിക്കുന്ന തുക സംബന്ധിച്ചുമുള്ള വിശദവിവരം ലഭ്യമാക്കാമോ?

ആലപ്പുഴ നിയോജകമണ്ഡലത്തിൽ കൃഷി വകുപ്പുവഴി നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു+.

(ബി) ആലപ്പുഴ നിയോജകമണ്ഡലത്തിൽ 2022-23 വർഷത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച കാർഷിക ഇൻക്യുബേഷൻ സെന്റർ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നടപ്പാക്കുന്നതിന് വകുപ്പ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ?

പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ മുഖേന വാല്യൂ അഡീഷൻ യൂണിറ്റുകൾ നടപ്പിലാക്കുന്നതിനായി ആലപ്പുഴ ജില്ലയ്ക്ക് 15 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ മുഖേന നടത്തുന്ന ഈ യൂണിറ്റുകൾ കാർഷിക ഇങ്കുബേഷൻ സെന്ററുകളായി നടത്തുന്നതിനാണ് വിഭാവനം ചെയ്തിരിക്കുന്നത്.

(സി) പ്രസ്തുത നിയോജകമണ്ഡലത്തിൽ പുതുതായി ഏതൊക്കെ കൃഷിഭവനുകളാണ് സ്മാർട്ടായി ഉയർത്തുന്നതിന് നടപടി സ്വീകരിച്ചതെന്നും ഇവയുടെ നിലവിലെ സ്ഥിതി സംബന്ധിച്ചും വിശദവിവരം ലഭ്യമാക്കാമോ?

മാരാരിക്കുളം സൗത്ത് കൃഷിഭവൻ സ്മാർട്ട് കൃഷിഭവനായി ഉയർത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. കൃഷിഭവൻതല പ്രോജക്റ്റ് ഇംപ്ലിമെന്റേഷൻ കമ്മിറ്റി 28-11-2022-നകൂടി സിവിൽ വർക്ക് ചെയ്യുന്നതിന് എൽ.എസ്.ജി.ഡി. എഞ്ചിനീയറെ ചുമതലപ്പെടുത്തി ആക്ഷൻ പ്ലാൻ തയ്യാറാക്കി.

**ഡ്രിപ്പ് ഇറിഗേഷൻ പദ്ധതി**

121(1862) <u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശാല നിയോജകമണ്ഡലത്തിലെ ഏതൊക്കെ പ്രദേശത്ത് ഡ്രിപ്പ് ഇറിഗേഷൻ പദ്ധതി നടപ്പാക്കിയിട്ടുണ്ടെന്ന് വിശദമാക്കാമോ?

പാറശാല നിയോജകമണ്ഡലത്തിലെ പാറശാല കൃഷിഭവൻ പരിധിയിൽപ്പെട്ട മലങ്കര ബിഷപ്പ് ഹൗസിൽ പച്ചക്കറി കൃഷി വികസന പദ്ധതിയിലും വെള്ളറട കൃഷിഭവൻ പരിധിയിൽ 2014-15 സാമ്പത്തികവർഷത്തിൽ പ്രധാനമന്ത്രി കൃഷി സിഞ്ചായി യോജന (PMKSY-PDMC) പ്രകാരവും ഡ്രിപ്പ് ഇറിഗേഷൻ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിലൂടെ കർഷകർക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് ലഭ്യമാക്കുന്നതെന്ന് വ്യക്തമാക്കുമോ; അതിന്റെ നടപടിക്രമങ്ങളും മാനദണ്ഡങ്ങളും വ്യക്തമാക്കുമോ?

പ്രധാനമന്ത്രി കൃഷി സിഞ്ചായി യോജന-പെർ ഡ്രോപ്പ് മോർ ക്രോപ്പ് (മൈക്രോ ഇറിഗേഷൻ) [PMKSY-PDMC(MI)] പദ്ധതിപ്രകാരം കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ വിഹിതമായി പദ്ധതി തുകയുടെ 55 ശതമാനം

വരെ കർഷകർക്ക് സബ്സിഡി നൽകി ഡ്രിപ്പ് ഇറിഗേഷൻ രീതി വ്യാപിപ്പിക്കുക എന്നതാണ് പദ്ധതിയിൽ വിഭാവനം ചെയ്തിരിക്കുന്നത്. ചെറുകിട നാമമാത്ര കർഷകർക്ക് 55 ശതമാനം മറ്റ് കർഷകർക്ക് 45 ശതമാനം എന്നിങ്ങനെയാണ് ആനുകൂല്യം നൽകുന്നത്. ബാക്കി തുക ഗുണഭോക്തൃ വിഹിതവുമായിട്ടാണ് പദ്ധതി നടപ്പിലാക്കുന്നത്. ഒരു ഗുണഭോക്താവിന് പരമാവധി 5 ഹെക്ടറെന്ന പരിധിയിൽ ധനസഹായം പരിമിതപ്പെടുത്തിയിട്ടുണ്ട്.

PMKSY-PDMC (MI) പദ്ധതിയിൽ സമർപ്പിക്കേണ്ട അപേക്ഷ ഫോറം ജില്ലയിലെ കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽനിന്നും കൃഷിഭവൻ മുഖേനയും കർഷകർക്ക് ലഭിക്കും. അപേക്ഷയോടൊപ്പം നിർദ്ദിഷ്ട രേഖകളും സമർപ്പിക്കേണ്ടതാണ്.

അപേക്ഷ സമർപ്പിച്ചതിനുശേഷം PMKSY- PDMC(MI) പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മൈക്രോ ഇറിഗേഷൻ ഡീലർമാരുടെ ലിസ്റ്റിൽനിന്ന് താല്പര്യമുള്ള ഡീലറെ അപേക്ഷകന് തെരഞ്ഞെടുക്കാം. തെരഞ്ഞെടുക്കപ്പെടുന്ന ഡീലർ കർഷകന്റെ ഭൂമി സന്ദർശിച്ച് അളവുകളെടുത്ത് മൈക്രോ ഇറിഗേഷൻ സംവിധാനത്തിന്റെ എഞ്ചിനീയറിംഗ് ഡിസൈൻ, എസ്റ്റിമേറ്റ് എന്നിവ തയ്യാറാക്കി കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ്

എഞ്ചിനീയറിംഗ് കാര്യാലയത്തിൽ സമർപ്പിക്കുന്നു. ടി കാര്യാലയത്തിലെ എഞ്ചിനീയർ സ്ഥലം സന്ദർശിച്ചശേഷം ഡിസൈൻ വിലയിരുത്തി അംഗീകാരം നൽകുന്നതോടെ ഡീലർക്കും കർഷകനും വർക്ക് പെർമിറ്റ് നൽകുന്നു. പ്രവൃത്തി പൂർത്തിയാക്കിയശേഷം കർഷകർ തൃപ്തികരമായി പ്രവൃത്തി പൂർത്തീകരിച്ചതായി രേഖാമൂലം അറിയിക്കുമ്പോൾ എഞ്ചിനീയർ സ്ഥലസന്ദർശനം നടത്തി ബില്ലുകൾ പരിശോധിച്ച് മൂല്യനിർണയം നടത്തുന്നു. യഥാർത്ഥത്തിൽ ചെലവഴിച്ച തുക, മൂല്യനിർണ്ണയത്തുക ഇവയിൽ ഏതാണോ കുറവ് ആയതിന്റെ പദ്ധതിയുടെ മാർഗ്ഗരേഖ പ്രകാരമുള്ള സബ്സിഡി കർഷകന്റെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നൽകുന്നു.

(സി) ഡ്രിപ്പ് ഇറിഗേഷൻ പദ്ധതി പ്രകാരം പാറശാല നിയോജകമണ്ഡലത്തിൽ സബ്സിഡി ലഭിച്ച ഗുണഭോക്താക്കളുടെ വിശദാംശം ലഭ്യമാക്കാമോ?

ഡ്രിപ്പ് ഇറിഗേഷൻ പദ്ധതിപ്രകാരം പാറശാല നിയോജകമണ്ഡലത്തിൽ മലങ്കര ബിഷപ്പ് ഹൗസിൽ പച്ചക്കറി കൃഷി വികസന പദ്ധതിയിലെ ഡ്രിപ്പ് ഇറിഗേഷൻ പ്രകാരം 62,000/- രൂപയും പോളി ഹൗസ് എസ്.എച്ച്.എം. പദ്ധതിപ്രകാരം ശ്രീമതി ജയസുധയ്ക്ക് (പരശുവയ്ക്കൽ) 26,000/- രൂപയും പച്ചക്കറി വികസന പദ്ധതിയിലെ

ഫാമിലി ഡ്രിപ്പ് ഇറിഗേഷൻ പ്രകാരം ശ്രീമതി ബിന്ദു (വൈകുണ്ഠം, കൊടവിളാകം) വിന് 7500/- രൂപയും PMKSY- PDMC (SHM) പദ്ധതിപ്രകാരം ശ്രീ. സുമേദൻ ബിന്ദു (വൈകുണ്ഠം, കൊടവിളാകം) ന് 62824/- രൂപയും നൽകിയിട്ടുണ്ട്.

(ഡി) ഡ്രിപ്പ് ഇറിഗേഷൻ പദ്ധതിക്കുവേണ്ടി കർഷകർ അപേക്ഷ സമർപ്പിക്കുന്നതിനുള്ള നടപടിക്രമം സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

PMKSY-PDMC (MI) പദ്ധതിയിൽ സമർപ്പിക്കേണ്ട അപേക്ഷ ഫോറം ജില്ലയിലെ കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽനിന്നും കൃഷിഭവൻ മുഖേനയും കർഷകർക്ക് ലഭിക്കും. അപേക്ഷ പൂരിപ്പിച്ച് ആധാർ കാർഡിന്റെ കോപ്പി, തൻവർഷത്തെ കരം തീർത്ത രസീത് (സ്ഥലം പാട്ടത്തിനെടുത്ത് കൃഷിചെയ്യുന്ന കർഷകർ ഏഴുവർഷത്തെ പാട്ടക്കരാറും), ബാങ്ക് പാസ് ബുക്കിന്റെ കോപ്പി, പാസ്പോർട്ട് സൈസ് ഫോട്ടോ, ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ് (ആവശ്യമെങ്കിൽ) എന്നിവ സഹിതം ബന്ധപ്പെട്ട കൃഷിഭവനിലോ ജില്ലയിലെ കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിലോ സമർപ്പിക്കാവുന്നതാണ്.

**കുന്നത്തുനാട് മണ്ഡലത്തിലെ ഡ്രിപ്പ് ഇറിഗേഷൻ പദ്ധതി**

122(1863) ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് മണ്ഡലത്തിലെ ഏതൊക്കെ പ്രദേശത്ത് ഡ്രിപ്പ് ഇറിഗേഷൻ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

കുന്നത്തുനാട് മണ്ഡലത്തിലെ മഴുവന്നൂർ, തിരുവാണിയൂർ, വാഴക്കുളം, കൃഷിഭവനുകളുടെ പരിധിയിൽ ഡ്രിപ്പ് ഇറിഗേഷൻ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതിയിൽ മണ്ഡലത്തിൽനിന്ന് എത്ര കർഷകർ ഗുണഭോക്താക്കളായിട്ടുണ്ടെന്നും സബ്സിഡിയിനത്തിൽ എത്ര തുക വിതരണം ചെയ്തിട്ടുണ്ടെന്നും പഞ്ചായത്ത് തിരിച്ച് വിശദമാക്കാമോ?

കുന്നത്തുനാട് മണ്ഡലത്തിൽനിന്ന് 2021-22 സാമ്പത്തികവർഷത്തിൽ 3 കർഷകർ ഗുണഭോക്താക്കളായിട്ടുണ്ട്.

<u>സബ്സിഡി ഇനത്തിൽ നൽകിയ തുക</u>

മഴുവന്നൂർ പഞ്ചായത്ത് - 54,352/- രൂപ

തിരുവാണിയൂർ പഞ്ചായത്ത് - 11,702/- രൂപ

വാഴക്കുളം പഞ്ചായത്ത് - 24,503/- രൂപ

(സി) ഡ്രിപ്പ് ഇറിഗേഷൻ പദ്ധതിയെക്കുറിച്ച് കർഷകർക്ക് ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

എറണാകുളം കൃഷി അസിസ്റ്റന്റ് എഞ്ചിനീയറുടെ നേതൃത്വത്തിൽ പദ്ധതിയെക്കുറിച്ച് ബ്ലോക്കുതല ബോധവൽക്കരണ പരിപാടി സംഘടിപ്പിച്ചിട്ടുണ്ട്. വടവുകോട്-വാഴക്കുളം ബ്ലോക്ക് പഞ്ചായത്തുകളിൽ കർഷകരെയുൾപ്പെടുത്തി പരിശീലനം നൽകിയിട്ടുണ്ട്.

**മഞ്ചേശ്വരം മണ്ഡലത്തിലെ കൃഷി വകുപ്പ് പദ്ധതികൾ**

123(1864) <u>ശ്രീ. എ. കെ. എം. അഷ്റഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി വകുപ്പ് ഫണ്ടുപയോഗിച്ച് മഞ്ചേശ്വരം നിയോജകമണ്ഡലത്തിൽ നടപ്പിലാക്കുന്ന വിവിധ പദ്ധതികളുടെ വിശദവിവരങ്ങളും നിർവ്വഹണപുരോഗതിയും ലഭ്യമാക്കുമോ?

കൃഷി വകുപ്പ് ഫണ്ടുപയോഗിച്ച് മഞ്ചേശ്വരം നിയോജകമണ്ഡലത്തിൽ നടപ്പിലാക്കുന്ന വിവിധ പദ്ധതികളെയും ഓരോ പദ്ധതിക്കും അനുവദിച്ച

തുകയുടെയും നിലവിലെ സ്ഥിതിയും സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു+.

(ബി) മഞ്ചേശ്വരം നിയോജകമണ്ഡലത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ടുപയോഗിച്ച് 2022-23 വർഷം കൃഷിഭവനുകൾ മുഖേന നടപ്പിലാക്കുന്ന കാർഷിക പദ്ധതികളുടെ വിശദവിവരങ്ങൾ, നിർവ്വഹണ പുരോഗതി എന്നിവ ലഭ്യമാക്കുമോ?

മഞ്ചേശ്വരം നിയോജകമണ്ഡലത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ടുപയോഗിച്ച് കൃഷിഭവനുകൾ മുഖേന നടപ്പിലാക്കുന്ന കാർഷിക പദ്ധതികളുടെയും ഓരോ പദ്ധതിക്കും അനുവദിച്ച തുകയുടെയും നിലവിലെ സ്ഥിതിയും സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു+.

## വയനാട് ജില്ലയിലെ പച്ചക്കറി കൃഷിയും പ്രോത്സാഹന പദ്ധതികളും

124(1865) <u>ശ്രീ. ഒ. ആർ. കേളു</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ പച്ചക്കറിക്കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് നടപ്പാക്കിവരുന്ന പദ്ധതികൾ വിശദമാക്കാമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സംസ്ഥാന കാർഷിക വികസന കർഷകക്ഷേമ വകുപ്പിന്റെ വാർഷിക പദ്ധതിയിലുൾപ്പെടുത്തി വയനാട് ജില്ലയിൽ പച്ചക്കറിക്കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി താഴെപ്പറയുന്ന പദ്ധതികൾ 2022-23 വർഷത്തിൽ നടപ്പിലാക്കിവരുന്നുണ്ട്.

പുരയിട കൃഷിക്കായി കർഷകർക്ക് 2,00,000/- പച്ചക്കറി വിത്ത് പാക്കറ്റുകളും 8,00,000/- പച്ചക്കറിത്തൈകളും വിതരണം ചെയ്തു. ദീർഘകാല പച്ചക്കറിയിനങ്ങളുടെ 30,000 തൈകൾ വിതരണം ചെയ്യുന്നുണ്ട്. 2,000 യൂണിറ്റ് റൂഫ് ടോപ്പ് കൃഷി (25 ചെടിച്ചട്ടികളിലെ പച്ചക്കറി കൃഷിക്കായി 2,000/- രൂപ ധനസഹായം) നടപ്പിലാക്കിവരുന്നു. വിദ്യാഭ്യാസസ്ഥാപനങ്ങളിലും മറ്റു സ്ഥാപനങ്ങളിലും പ്രോജക്ട് അടിസ്ഥാനത്തിൽ പച്ചക്കറി കൃഷി ചെയ്യുന്നതിന് പതിനഞ്ച് പ്രോജക്ടുകളിലായി 12.7 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ക്ലസ്റ്ററുകൾ അടിസ്ഥാനത്തിൽ പന്തൽ കൃഷിക്ക് ഹെക്ടറൊന്നിന് 25,000/- രൂപയുടെയും പന്തലില്ലാത്ത കൃഷിക്ക് ഹെക്ടറൊന്നിന് 20,000/- രൂപയുടെയും ശീതകാല പച്ചക്കറി കൃഷിക്ക് ഹെക്ടറൊന്നിന് 30,000/- രൂപയുടെയും സഹായം നൽകുന്നു. 815 ഹെക്ടർ സ്ഥലത്ത് ഇത്തരത്തിൽ പച്ചക്കറി കൃഷിക്ക് പ്രോത്സാഹന സഹായം നൽകുന്നതിന് ലക്ഷ്യമിടുന്നു. പച്ചക്കറി കൃഷിക്കായി

110 സസ്യസംരക്ഷണ ഉപകരണങ്ങൾ വാങ്ങുന്നതിന് 1,500/- രൂപ വീതം 1.65 ലക്ഷം രൂപ സഹായം നൽകുന്നു. ജലസേചന പമ്പുസെറ്റുകൾ സ്ഥാപിക്കുന്നതിന് 50 ശതമാനം സഹായം നൽകുന്നുണ്ട്. 30 ലക്ഷം രൂപ ഇതിനായി ചെലവഴിക്കപ്പെടുന്നു. 25 മഴമറകൾ സ്ഥാപിക്കുന്നതിന് 12.1 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതിയിലുൾപ്പെടുത്തി തരിശുഭൂമി പച്ചക്കറി കൃഷിക്കും പാട്ടകൃഷിക്കും സഹായം നൽകിവരുന്നു. പരിസ്ഥിതി സൗഹൃദ ഗ്രോബാഗ് കൃഷിയും തൈകളുടെ വിതരണവും പഞ്ചായത്ത് പദ്ധതിയിലുൾപ്പെടുത്തി ചെയ്തുവരുന്നു.

(ബി) പ്രസ്തുത ജില്ലയിൽ നിലവിൽ എത്രയളവിൽ പച്ചക്കറി ഉല്പാദിപ്പിക്കപ്പെടുന്നുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദാംശം നൽകാമോ?

ജില്ലയിലെ വിവിധ കൃഷിഭവനുകളുടെ പരിധിയിൽ വാണിജ്യാവശ്യത്തിനും അല്ലാതെയും പച്ചക്കറി കൃഷി ചെയ്യുന്ന വിസ്തൃതി കണക്കാക്കി ഈ വർഷം 29,265 ടൺ പച്ചക്കറിയുടെ ഉല്പാദനം പ്രതീക്ഷിക്കുന്നു.

(സി) ഏതുതരം പച്ചക്കറികളാണ് വയനാട് ജില്ലയിൽ കൂടുതൽ ഉല്പാദിപ്പിക്കുന്നത്?

വാണിജ്യ കൃഷിക്കായി പാവൽ, പടവലം, പച്ചമുളക്, കാബേജ്, ചീര, കോളിഫ്ലവർ, കുമ്പളം, വെള്ളരി എന്നിവയാണ് പ്രധാനമായും ഉല്പാദിപ്പിക്കുന്നത്. കൂടാതെ വെണ്ട, തക്കാളി, സാലഡ് വെള്ളരി, മത്തൻ, ബ്രോക്കോളി, ചൈനീസ് കാബേജ്, ചൗചൗ, മറ്റ് ശീതകാല പച്ചക്കറിയിനങ്ങളും കൃഷി ചെയ്തുവരുന്നു.

(ഡി) ഇങ്ങനെ ഉല്പാദിപ്പിക്കുന്ന പച്ചക്കറിയുടെ വിപണനത്തിന് എന്തെല്ലാം സഹായങ്ങളാണ് വകുപ്പ് നൽകിവരുന്നത്?

വിവിധ വർഷങ്ങളിൽ നടപ്പിലാക്കിയ പച്ചക്കറി കൃഷി വികസന പദ്ധതിയുടെ ഭാഗമായുള്ള 'എ' ഗ്രേഡ് ഉൾപ്പെടെയുള്ള പച്ചക്കറി ക്ലസ്റ്ററുകളുടെ വിപണികൾ, മാർക്കറ്റ് വികസന പദ്ധതിയിലുൾപ്പെടുത്തി ആരംഭിച്ച ആഴ്ചചന്തകൾ, ഇക്കോഷോപ്പുകൾ, വെജിറ്റബിൾ പ്രൊമോഷൻ കൗൺസിൽ വിപണികൾ, ഹോർട്ടികോർപ്പ് വിപണികൾ തുടങ്ങിയവ വഴി പച്ചക്കറികൾ സംഭരിച്ച് വിപണനം നടത്തിവരുന്നു. എഫ്.പി.ഒ. തലത്തിലും സഹകരണ സ്ഥാപനങ്ങൾ വഴിയും വ്യക്തിഗത കർഷകർ വഴിയും വിപണി സംവിധാനത്തിനും സംസ്കരണ മൂല്യവർദ്ധനവിനുമനുയോജ്യ പ്രോജക്ടുകളും

നിർദ്ദേശങ്ങളും ക്ഷണിച്ചിട്ടുണ്ട്. അത്തരം പ്രോജക്ടുകളിൽ അഗ്രിക്കൾച്ചറൽ ഇൻഫ്രാസ്ട്രച്ചർ ഫണ്ട്, എം.ഐ.ഡി.എച്ച്. തുടങ്ങിയ പദ്ധതികൾ വഴി സഹായം നൽകാവുന്നതാണ്.

## ഞങ്ങളും കൃഷിയിലേക്ക് പദ്ധതി

125(1866) ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 'ഞങ്ങളും കൃഷിയിലേക്ക്' പദ്ധതിപ്രകാരം കുന്നത്തുനാട് മണ്ഡലത്തിൽ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടപ്പിലാക്കി വരുന്നതെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്ത് എല്ലാ കുടുംബങ്ങളിലും കാർഷിക സംസ്കാരം വളർത്തിയെടുക്കുകയെന്ന ലക്ഷ്യത്തോടുകൂടിയും എല്ലാ കുടുംബങ്ങളെയും കൃഷിയിലേയ്ക്കാകർഷിക്കുന്നതിനായും കർഷിക വികസന കർഷകക്ഷേമ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന പദ്ധതിയാണ് 'ഞങ്ങളും കൃഷിയിലേക്ക്'.

'ഞങ്ങളും കൃഷിയിലേക്ക്' എന്ന പദ്ധതി വിവിധ വകുപ്പുകളുടെ സഹായത്തോടെയാണ് നടപ്പാക്കുന്നത്. നമുക്കാവശ്യമായ പഴം, പച്ചക്കറി,

നെല്ല്, മറ്റ് വിളകളെല്ലാംതന്നെ ഉല്പാദിപ്പിക്കുവാൻ സാദ്ധ്യമാകുന്നതിനായി തരിശുഭൂമികൾ മുഴുവനായി കൃഷിക്കായി സജ്ജീകരിക്കേണ്ടതും ഓരോ കേരളീയനിലും കൃഷി സംസ്കാരം ഉണർത്തി അതിലൂടെ സ്ഥായിയായി നിലനിൽക്കുന്നൊരു കാർഷിക മേഖല കേരളത്തിൽ സൃഷ്ടിച്ചെടുക്കേണ്ടതുണ്ട്. അതിനായി വീടുകളിൽ തന്നെ കൃഷി ആരംഭിക്കുകയും പിന്നീട് കൃഷിയിടങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുകയും ചെയ്യുകയെന്നതാണ് 'ഞങ്ങളും കൃഷിയിലേക്ക്' പദ്ധതിയിലൂടെ വിഭാവനം ചെയ്തിരിക്കുന്നത്.

'ഞങ്ങളും കൃഷിയിലേക്ക്' പദ്ധതിപ്രകാരം കുന്നത്തുനാട് നിയോജകമണ്ഡലത്തിൽ 120 വാർഡിലും കർഷക കൂട്ടായ്മ രൂപീകരിച്ചു. കൃഷി കൂട്ടായ്മയിൽ ഓരോ കുടുംബത്തിൽനിന്നും അംഗത്വമുറപ്പുവരുത്തി 1751 കൂടുതൽ ആളുകളെ കൃഷിയിലേയ്ക്ക് കൊണ്ടുവരാൻ സാധിച്ചു. ജനങ്ങൾക്ക് കൃഷിയോടുള്ള താല്പര്യം വർദ്ധിക്കുവാൻ ഈ പദ്ധതി സഹായിച്ചു. കൃഷിഭവന്റെ 8 വാട്സ് ആപ്പ് ഗ്രൂപ്പിലൂടെ കർഷകർക്ക് തങ്ങളുടെ ഉല്പന്നങ്ങൾ നേരിട്ട് വിപണനം നടത്തുവാൻ അവസരമൊരുക്കി. വീട്ടമ്മമാരെ കൃഷിയിലേയ്ക്കാകർഷിക്കുന്നതിനായി അടുക്കളതോട്ട മത്സരം സംഘടിപ്പിച്ചു. പഞ്ചായത്തുതല ക്യാമ്പയിനും വിളംബരജാഥയും വിവിധ കലാപരിപാടികളും

ചിത്രരചനാമത്സരവും നടത്തി. 44.5 ഹെക്ടർ തരിശ് കിടന്ന സ്ഥലം കൃഷിയോഗ്യമാക്കി വാഴ, പച്ചക്കറി, നെല്ല് തുടങ്ങിയവ കൃഷി ചെയ്തു.

'ഞങ്ങളും കൃഷിയിലേക്ക്' പദ്ധതിയുടെ ഭാഗമായി കുന്നത്തുനാട് നിയോജകമണ്ഡലത്തിൽ 120 വാർഡുതല കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. വിവിധയിനം പച്ചക്കറികൾ, വാഴ, നെല്ല് തുടങ്ങിയവ കൃഷി ചെയ്തുവരുന്നു. മട്ടുപ്പാവിലെ പച്ചക്കറി കൃഷി, പച്ചക്കറി കൃഷി, നെൽ കൃഷിയിലെ ഗ്രൂപ്പ് ഫാമിംഗ്, ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങളുടെ വിപണന സംവിധാനങ്ങൾ എന്നിവ ചെയ്തുവരുന്നു.

കുന്നത്തുനാട് നിയോജകമണ്ഡലത്തിൽ 7 ഗ്രാമതല കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. ഈ കമ്മിറ്റികൾ അതത് പഞ്ചായത്ത് 120 വാർഡുതല കമ്മിറ്റികളുടെ പ്രവർത്തനങ്ങളെ ഏകോപിപ്പിച്ച് ആവശ്യമായ നിർദ്ദേശം നൽകുന്നു. 'ഞങ്ങളും കൃഷിയിലേക്ക്' പദ്ധതിയുടെ ഭാഗമായി ചിങ്ങം ഒന്നിന് 453 കൃഷിയിടങ്ങളിൽ പുതുതായി കൃഷിയാരംഭിച്ചു. 18 ഹെക്ടർ സ്ഥലത്ത് പുതുതായി പച്ചക്കറി കൃഷിയും 15.5 ഹെക്ടർ സ്ഥലത്ത് വാഴ കൃഷിയും 11 ഹെക്ടർ സ്ഥലത്ത് നെൽക്കൃഷിയും പുതുതായിയാരംഭിച്ചു. കുന്നത്തുനാട് നിയോജകമണ്ഡലത്തിൽ പ്ലാൻ സ്കീമിൽ ഐക്യരനാട് കൃഷിഭവനിൽ 32 യൂണിറ്റ് ഗ്രോബാഗിലുള്ള പച്ചക്കറി കൃഷിയും മഴുവന്നൂർ കൃഷിഭവനിൽ 6000

എണ്ണം വിവിധയിനം ഫലവർഗ്ഗത്തൈകൾ നട്ടുപിടിപ്പിക്കുന്നതിനും 3 ഹെക്ടർ സ്ഥലത്ത് തരിശുനെൽകൃഷിയും നടപ്പിലാക്കിവരുന്നു. കൂടാതെ തിരുവാണിയൂർ പഞ്ചായത്തിൽ 2.5 രൂപ വിലയുള്ള 40,000 ശീതകാല പച്ചക്കറിത്തൈകളും വാഴക്കുളം പഞ്ചായത്തിൽ 40,000 വിവിധയിനത്തിലുള്ള പച്ചക്കറിത്തൈകളും വിതരണം ചെയ്യുന്നതിന് പച്ചക്കറി വികസന പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു.

(ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി മണ്ഡലത്തിൽ എത്ര കൃഷിക്കൂട്ടങ്ങൾ രൂപീകരിച്ചിട്ടുണ്ടെന്നും എത്ര സ്ഥലത്ത് ജൈവ കൃഷി ആരംഭിച്ചിട്ടുണ്ടെന്നും അറിയിക്കാമോ?

'ഞങ്ങളും കൃഷിയിലേക്ക്' പദ്ധതി പ്രകാരം കുന്നത്തുനാട് നിയോജകമണ്ഡലത്തിൽ 202 കൃഷിക്കൂട്ടങ്ങൾ രൂപീകരിച്ചു. പ്രസ്തുത പദ്ധതിയുടെ ഭാഗമായി കുന്നത്തുനാട് നിയോജകമണ്ഡലത്തിൽ 19 ഹെക്ടർ സ്ഥലത്ത് വാഴ, പച്ചക്കറി എന്നിവയുടെ ജൈവകൃഷി ആരഭിച്ചിട്ടുണ്ട്.

**പയ്യന്നൂർ തിയേറ്റർ കോംപ്ലക്സിനായുള്ള ഭൂമിയുടെ തരംമാറ്റൽ**

126(1867) <u>ശ്രീ. ടി. ഐ. മധുസൂദനൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി കെ.എസ്.എഫ്.ഡി.സി.-യുടെകീഴിൽ നിർമ്മിക്കുന്ന പയ്യന്നൂർ തിയേറ്റർ കോംപ്ലക്സിനായി പയ്യന്നൂർ നഗരസഭ കൈമാറിയ ഭൂമിയുടെ തരംമാറ്റലിന് ഫീസിളവ് അനുവദിക്കണമെന്നാവശ്യപ്പെട്ട് എൻ.സി.എ./209/2022/കൃഷി (2092560) എന്ന ഫയലിൽ നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത ഫയൽ ഏത് തീയതിയിൽ, ഏത് സെക്ഷനിൽ ആരംഭിച്ചു, നിലവിൽ പ്രസ്തുത ഫയൽ ഏത് സെക്ഷനിൽ, ഏത് സീറ്റിലാണുള്ളതെന്നും വ്യക്തമാക്കുമോ;

(സി) ഫയൽ അടിയന്തരമായി തീർപ്പാക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ; വിവരം അറിയിക്കുമോ?

(എ-സി) കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി കെ.എസ്.എഫ്.ഡി.സി. -യുടെ കീഴിൽ നിർമ്മിക്കുന്ന പയ്യന്നൂർ തിയേറ്റർ കോംപ്ലക്സിനായി പയ്യന്നൂർ നഗരസഭ കൈമാറിയ ഭൂമിയുടെ തരംമാറ്റലിന് ഫീസിളവ് അനുവദിക്കുന്നതിനാവശ്യപ്പെട്ട് റവന്യൂ വകുപ്പ് 16-05-2022-ൽ 91/പി1/2022/റവന്യൂ നമ്പർ ഫയൽ ഈ വകുപ്പിന് കൈമാറുകയും ടി വിഷയത്തിൽ കൃഷി വകുപ്പിൽ എൻ.സി.എ.2/209/2022/കൃഷി (2092560)

നമ്പരായി 16-05-2022-ൽ ഫയൽ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. അപേക്ഷയിലെ ആവശ്യം പൊതുആവശ്യത്തിന്റെ പരിധിയിൽ ഉൾപ്പെടുമോയെന്ന് പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ തളിപ്പറമ്പ് RDO-യ്ക്ക് 30-05-2022-ന് നിർദ്ദേശം നൽകുകയുണ്ടായി. 10-08-2022-ൽ ലഭിച്ച റിപ്പോർട്ടിന്റെയടിസ്ഥാനത്തിൽ നിയമവകുപ്പിനോട് 29-08-2022-ൽ അഭിപ്രാമാരായുകയും റവന്യൂ വകുപ്പിന്റെ വ്യക്തമായ അഭിപ്രായം സഹിതം ഫയൽ സമർപ്പിക്കാൻ നിയമവകുപ്പ് 06-10-2022-ൽ നിർദ്ദേശിക്കുകയും ചെയ്തു. ആയതിന്റെയടിസ്ഥാനത്തിൽ 17-10-2022-ൽ റവന്യൂ വകുപ്പിലെ 'പി-1' സീറ്റിന് ഫയൽ കൈമാറുകയുണ്ടായി. റവന്യൂ, നിയമ വകുപ്പുകളുടെ അഭിപ്രായം ലഭ്യമാക്കിയതിനുശേഷം ടി വിഷയത്തിൽ യുക്തമായ നടപടി സ്വീകരിക്കുന്നതാണ്.

## പുതുപ്പാടി ഗ്രാമപഞ്ചായത്തിലെ കേരഗ്രാമം പദ്ധതി

127(1868) ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പുതുപ്പാടി ഗ്രാമപഞ്ചായത്തിൽ പുതിയതായി അനുവദിച്ച കേരഗ്രാമം പദ്ധതിക്ക് എത്ര തുക അനുവദിച്ചിട്ടുണ്ടെന്നും എന്തെല്ലാം പദ്ധതികളാണ് ഇതുവഴി നടപ്പിലാക്കുന്നതെന്നും വ്യക്തമാക്കുമോ?

പുതുപ്പാടി കേരഗ്രാമം പദ്ധതിക്കായി (100 ഹെ. തെങ്ങും പ്രദേശം) ആകെ 25.67 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. പദ്ധതി പ്രദേശത്തെ തെങ്ങുകൾക്ക് സംയോജിത വളപ്രയോഗം, കേടുവന്നതും രോഗം ബാധിച്ചതും പ്രായാധിക്യംമൂലം ഉല്പാദനക്ഷമത കുറഞ്ഞതുമായ തെങ്ങുകൾ മുറിച്ചുമാറ്റി പുതിയത് നടുന്നതിനുള്ള ആനുകൂല്യം, തെങ്ങിൻ തോട്ടത്തിൽ ഇടവിള കൃഷി, ജലസേചനസൗകര്യം വർദ്ധിപ്പിക്കുന്നതിന് കിണർ, പമ്പ്സെറ്റ് എന്നിവയ്ക്ക് ആനുകൂല്യം, തെങ്ങുകയറ്റയന്ത്രം സബ്സിഡി നിരക്കിൽ ലഭ്യമാക്കൽ, ജൈവവള യൂണിറ്റുകൾ സ്ഥാപിക്കൽ തുടങ്ങിയ ഘടകങ്ങൾ നടപ്പിലാക്കാനുദ്ദേശിക്കുന്നു.

## കാഞ്ഞങ്ങാട് മണ്ഡലത്തിലെ കൃഷി വകുപ്പ് പദ്ധതികൾ

128(1869) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിൽ കൃഷി വകുപ്പ് നേരിട്ടും വിവിധ ഏജൻസികൾ മുഖാന്തരവും നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) ഓരോ പദ്ധതിക്കും അനുവദിച്ച തുക, പദ്ധതിയുടെ നിലവിലെ സ്ഥിതി എന്നിവ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കാമോ?

(എ&ബി) കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിൽ കൃഷി വകുപ്പ് നേരിട്ടും വിവിധ ഏജൻസികൾ മുഖാന്തരവും നടപ്പിലാക്കുന്ന പദ്ധതികൾക്ക് അനുവദിച്ച തുകയുടെയും നിലവിലെ സ്ഥിതിയും സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു+.

**ആലത്തൂർ സ്മാർട്ട് കൃഷിഭവൻ നിർമ്മാണം**

129(1870) <u>ശ്രീ. കെ. ഡി. പ്രസേനൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ പഞ്ചായത്തിലെ കൃഷിഭവൻ സ്മാർട്ട് കൃഷിഭവനാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

കെ.എൽ.ഡി.സി. മുഖാന്തരം നടപ്പിലാക്കുന്ന നബാർഡിന്റെ സാമ്പത്തിക സഹായത്തോടെയുള്ള ആർ.ഐ.ഡി.എഫ്. പദ്ധതിയുടെ ട്രാഞ്ച XXVII-ലുൾപ്പെടുത്തി ആലത്തൂർ കൃഷിഭവനെ സ്മാർട്ട് കൃഷിഭവനാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ആലത്തൂർ ബ്ലോക്കുപഞ്ചായത്താഫീസ് സ്ഥിതി ചെയ്യുന്നതും ആലത്തൂർ സീഡ് ഫാമിന്റെ ഉടമസ്ഥതയിലുമുള്ള സ്ഥലത്തുനിന്നും ആലത്തൂർ സ്മാർട്ട് കൃഷിഭവൻ നിർമ്മിക്കുന്നതിനാവശ്യമായ സ്ഥലം അനുവദിക്കണമെന്ന അപേക്ഷ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(സി) ആലത്തൂർ സ്മാർട്ട് കൃഷിഭവനുമേൽ സൂചിപ്പിച്ച സ്ഥലം ലഭ്യമാക്കാൻ എടുത്ത നടപടി വിശദമാക്കാമോ?

സ്മാർട്ട് കൃഷിഭവൻ നിർമ്മിക്കുന്നതിനുള്ള പ്രസ്തുത സ്ഥലത്തിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച വിശദമായ രേഖകൾ നൽകുന്നതിന് ആലത്തൂർ വില്ലേജ് ഓഫീസറോട് ആവശ്യപ്പെട്ടിട്ടുണ്ട്. ആലത്തൂർ സീഡ് ഫാം പാലക്കാട് ജില്ലാ പഞ്ചായത്തിന്റെ നിയന്ത്രണത്തിലായതിനാൽ സ്മാർട്ട് കൃഷിഭവൻ നിർമ്മിക്കുന്നതിന് 5 സെന്റ് സ്ഥലമെങ്കിലും വിട്ടു നൽകുന്നതിന് പാലക്കാട് പ്രിൻസിപ്പൽ കൃഷി ഓഫീസർ ജില്ലാപഞ്ചായത്ത് സെക്രട്ടറിക്ക് അപേക്ഷ നൽകിയിട്ടുമുണ്ട്.

**ആലത്തൂർ മണ്ഡലത്തിലെ നിറ പദ്ധതി**

130(1871) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ നിയോജകമണ്ഡലത്തിലെ സമഗ്രകാർഷിക വികസന പദ്ധതിയായ 'നിറ'-യുടെ കോർഡിനേഷൻ ചുമതല നിർവ്വഹിച്ചിരുന്ന ആലത്തൂർ എ.ഡി.എ. സർവീസിൽനിന്ന് വിരമിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) 'നിറ' പദ്ധതിക്ക് മുൻസർക്കാർ ചുമതലപ്പെടുത്തിയതിനു സമാനമായി സ്പെഷ്യൽ ഓഫീസർ ചുമതല ആലത്തൂർ എ.ഡി.എ.-യ്ക്ക് നൽകണമെന്ന സ്ഥലം എം.എൽ.എ.-യുടെ ശിപാർശ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) പ്രസ്തുത ശിപാർശപ്രകാരം 'നിറ' പദ്ധതിയുടെ സ്പെഷ്യൽ ഓഫീസറായി അതത് കാലഘട്ടത്തിലെ ആലത്തൂർ എ.ഡി.എ.-യെ ചുമതലപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

(ബി&സി) ഉണ്ട്. ആലത്തൂർ നിയോജകമണ്ഡലത്തിലെ സമഗ്ര കാർഷിക വികസന പദ്ധതി 'നിറ'-യുടെ സ്പെഷ്യൽ ഓഫീസറായി അതത്

കാലഘട്ടങ്ങളിലെ ആലത്തൂർ എ.ഡി.എ.-യെ ചുമതലപ്പെടുത്തുന്ന കാര്യം പരിശോധിക്കുന്നതാണ്.

**മാവേലിക്കര മണ്ഡലത്തിലെ വിവിധ കാർഷിക വിളകളുടെ ഉല്പാദനം**

131(1872) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മാവേലിക്കര നിയോജകമണ്ഡലത്തിൽ വിവിധ കാർഷിക വിളകളുടെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; അനുവദിച്ച തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

മാവേലിക്കര മണ്ഡലത്തിലെ ചാരുമൂട് (ഭരണിക്കാവ്) ബ്ലോക്കുപരിധിയിൽ വരുന്ന പഞ്ചായത്തുകൾ വഴി നെല്ല്, വാഴ, പച്ചക്കറി, സുഗന്ധവിളകൾ, കിഴങ്ങുവർഗ്ഗ വിളകൾ, പയർ വിളകൾ, എള്ള്, ഫലവർഗ്ഗവിളകൾ, തെങ്ങ് തുടങ്ങിയ വിളകളുടെ ഉല്പാദനം കൂട്ടുന്നതിനും കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുമായി തുക ചെലവഴിച്ചു. നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി തരിശ് നെൽകൃഷിയ്ക്ക് 40000/- രൂപ 50 ഹെക്ടറിന് അനുവദിച്ചു. സുസ്ഥിരം നെൽകൃഷി വികസന പദ്ധതിപ്രകാരം 5500/- രൂപ 165 ഹെക്ടറിന് അനുവദിച്ചു. നെൽകൃഷിക്ക് കുമ്മായം ചേർത്ത്

മണ്ണിന്റെ അമ്ലത കുറച്ച് ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് 5400/- രൂപ 100 ഹെക്ടറിന് ചെലവഴിച്ചു. തെങ്ങുകൃഷി പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി സമഗ്ര വികസന പദ്ധതിയായ കേരഗ്രാമം 1-ാം വർഷവും 3-ാം വർഷവും നടപ്പിലാക്കി. നല്ലയിനം തെങ്ങിൻതൈകൾ കോക്കനട്ട് കൗൺസിൽ പദ്ധതിപ്രകാരം വിതരണം ചെയ്തു.

പച്ചക്കറി വികസന പദ്ധതിപ്രകാരം പച്ചക്കറി തൈകൾ, 750 വിത്തുപായ്ക്കറ്റ് നിറച്ച ഗ്രോബാഗുകൾ, 90 പമ്പ് സെറ്റ്, 24 സ്പ്രേയറുകൾ എന്നിവ വിതരണം ചെയ്തു. കൂടാതെ അന്യംനിന്നുപോകുന്ന പച്ചക്കറി ഇനങ്ങൾ 20 ഹെക്ടർ കൃഷി ചെയ്യുന്നതിനും തരിശ് പച്ചക്കറി കൃഷി ചെയ്യുന്നതിനും ഗ്രൂപ്പടിസ്ഥാനത്തിലും അല്ലാതെയും കൃഷി ചെയ്യുന്നതിനും പദ്ധതിയധിഷ്ഠിത പച്ചക്കറി കൃഷി ചെയ്യുന്നതിനും മഴമറ, സ്കൂൾ പച്ചക്കറിത്തോട്ടം തുടങ്ങിയവ ചെയ്യുന്നതിനും സഹായം നൽകി. 60 ഹെക്ടർ ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് സബ്സിഡി നൽകി. കൂടാതെ കുരുമുളക്, നല്ലയിനം തൈകൾ വിതരണം ചെയ്യുകയും പരിപാലനത്തിന് സബ്സിഡി നൽകുകയും ചെയ്തു. ജാതികൃഷിക്കും പ്രോത്സാഹനം നൽകി. പദ്ധതിപ്രകാരം കിഴങ്ങുവിളകളും പയർവർഗ്ഗ വിളകളും പ്രോത്സാഹിപ്പിച്ചു. മാവേലിക്കര നിയോജകമണ്ഡലത്തിൽ കാർഷിക വിവിധ

പദ്ധതികൾക്കായി അനുവദിച്ച തുകയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു+.

**നേര്യമംഗലം ജില്ലാ കൃഷിത്തോട്ടത്തിലെ സ്റ്റാഫ് സ്ട്രെങ്ത്**

132(1873) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരുന്നൂറ് ഏക്കറിലധികം സ്ഥലത്ത് വ്യാപിച്ചുകിടക്കുന്ന നേര്യമംഗലം ജില്ലാ കൃഷിത്തോട്ടത്തിൽ സ്റ്റാഫ് സ്ട്രെങ്ത് ഇപ്പോഴും നൂറ്റിപതിനൊന്നാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) സ്ഥിരം തൊഴിലാളികൾക്കുപുറമെ നൂറ്റിയറുപത്തഞ്ചോളം കാഷ്വൽ തൊഴിലാളികൾ പണിയെടുക്കുന്നതിൽ ഭൂരിഭാഗംപേരും പത്ത് വർഷത്തിൽ കൂടുതലായി പണിയെടുക്കുന്ന തൊഴിലാളികളാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. നേര്യമംഗലം ജില്ലാ കൃഷിത്തോട്ടത്തിൽ നിലവിൽ 165 കാഷ്വൽ തൊഴിലാളികളാണ് ജോലി ചെയ്തുവരുന്നത്. ഇവർ 2009 മുതൽ ഫാമിൽ ജോലി ചെയ്തുവരുന്നു.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) തൊഴിൽപരമായി സ്ഥിരതയില്ലാത്ത ആശങ്കയിലുള്ള നൂറ്റിയറുപത്തഞ്ചോളം വരുന്ന കാഷ്വൽ തൊഴിലാളികൾക്കുകൂടി ഉപകാരപ്രദമാകുംവിധം നിലവിലെ സ്റ്റാഫ് സ്ട്രെങ്ത് നൂറ്റിപതിനൊന്നിൽ നിന്നും വർദ്ധിപ്പിക്കുന്ന കാര്യം പരിശോധിക്കുമോ; വിശദമാക്കാമോ?

കൃഷി വകുപ്പിനുകീഴിൽ സ്ഥിരം ഫാം തൊഴിലാളികളുടെ അംഗസംഖ്യ വർദ്ധിപ്പിക്കുന്നതിന് ഒരു ഫോർമുല നിലവിലുണ്ട്. പ്രസ്തുത ഫോർമുല അടിസ്ഥാനപ്പെടുത്തിയാണ് എല്ലാ ഫാമുകളിലെയും സ്ഥിരംതൊഴിലാളികളുടെ അംഗസംഖ്യ പുനർനിർണ്ണയിക്കുന്നത്. ആയതുമായി ബന്ധപ്പെട്ട് യൂണിയൻ ഭാരവാഹികളുമായി യോഗം കൂടുകയും കോവിഡ് കാലമായ 2020 വർഷം ഒഴിവാക്കിക്കൊണ്ട് 2018, 2019, 2021 വർഷങ്ങളിലെ തൊഴിൽദിനങ്ങളുടെ ശരാശരി കണക്കാക്കിക്കൊണ്ട് സ്ഥിരംതൊഴിലാളികളുടെ അംഗസംഖ്യ പുനർനിർണ്ണയിക്കാവുന്നതാണെന്ന് തീരുമാനമെടുത്തിട്ടുണ്ട്. അപ്രകാരം എല്ലാ ഫാമുകളിൽനിന്നും നിലവിലെ ഫോർമുലപ്രകാരം ഹാർവെസ്റ്റ് പിരീഡ് ഉൾപ്പെടുത്തിക്കൊണ്ടും അല്ലാതെയും പുനർനിർണ്ണയിക്കപ്പെടേണ്ട അംഗസംഖ്യ കണക്കാക്കി സ്റ്റാഫ് സ്ട്രെങ്ത് സർക്കാർതലത്തിൽ പരിശോധിക്കുന്നതാണ്.

(ഡി) നേര്യമംഗലം കൃഷിഫാമിൽ പരിചയസമ്പന്നരായ കൃഷിക്കാരെയും കാർഷികവിദഗ്ദ്ധരെയും തൊഴിലാളി പ്രതിനിധികളെയും ഉൾപ്പെടുത്തി ഫാം വികസനത്തിനാവശ്യമായ മാസ്റ്റർപ്ലാൻ തയ്യാറാക്കി നടപ്പിലാക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുന്നകാര്യം പരിഗണിക്കുമോ; വിശദമാക്കാമോ?

നേര്യമംഗലം ജില്ലാ കൃഷിത്തോട്ടത്തിന്റെ സമഗ്ര വികസനത്തിനായി ഒരു മാസ്റ്റർപ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. പ്രധാന പ്രവൃത്തികൾക്കായി ആർ.കെ.ഐ.-ൽ 10 കോടി രൂപയും ആർ.കെ.വി.വൈ.-ൽ 3.75 കോടി രൂപയും അനുവദിച്ച് നിർമ്മാണപ്രവർത്തനങ്ങൾ പൂർത്തീകരിച്ചുവരുന്നു. 21-01-2022-ലെ സ.ഉ. (സാധാ) നം. 55/2022/കൃഷി പ്രകാരം നബാർഡിന്റെ ആർ.ഐ.ഡി.എഫ്. XXVII ഫണ്ടിൽനിന്നും ഫാമിന്റെ അടിസ്ഥാന വികസനത്തിനായി 13.55 കോടി രൂപയുടെ പദ്ധതികൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്.

## കാസർഗോഡ് ജില്ലയിലെ കേരള സ്റ്റേറ്റ് പ്ലാന്റേഷൻ കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ

133(1874) <u>ശ്രീ. സി. എച്ച്. കുഞ്ഞമ്പു</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ കേരള സ്റ്റേറ്റ് പ്ലാന്റേഷൻ കോർപ്പറേഷന്റെ കൈവശം എത്ര ഏക്കർ സ്ഥലമുണ്ട്; വിശദവിവരം നൽകുമോ?

പ്ലാന്റേഷൻ കോർപ്പറേഷൻ കാസർഗോഡ് ജില്ലയിലെ മൂന്ന് എസ്റ്റേറ്റുകളിലായുള്ള സ്ഥലത്തിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

കാസർഗോഡ് എസ്റ്റേറ്റ്: 2065 ഹെക്ടർ (സ്വന്തം ഭൂമി)

ചീമേനി എസ്റ്റേറ്റ്: 1123.11 ഹെക്ടർ (റവന്യൂ ഭൂമി: 998.11 ഹെക്ടർ, സ്വന്തം ഭൂമി: 125 ഹെക്ടർ)

രാജപുരം എസ്റ്റേറ്റ് : 1522.68 ഹെക്ടർ

**ആകെ: 4710.79 ഹെക്ടർ ഭൂമി**

(ബി) പ്രസ്തുത സ്ഥലത്ത് എന്തൊക്കെ കൃഷി ചെയ്യുന്നു; ഓരോ കൃഷിയിൽ നിന്നുമുള്ള ശരാശരി വാർഷികവരുമാനം എത്രയാണെന്ന് വിശദമാക്കുമോ?

കാസർഗോഡ് ജില്ലയിലെ പി.സി.കെ.-യുടെ എസ്റ്റേറ്റുകളിൽ റബർ, കശുമാവ് എന്നിവയാണ് കൃഷി ചെയ്യുന്നത്. കാസർഗോഡ് എസ്റ്റേറ്റിലെ റബ്ബർ ഉല്പാദനത്തിൽ നിന്നുള്ള ശരാശരി വാർഷിക വരുമാനം 99 ലക്ഷം

രൂപയാണ്. ചീമേനി എസ്റ്റേറ്റിൽ റബ്ബർ വരുമാനം ആരംഭിച്ചിട്ടില്ലാത്തതാകുന്നു. ഈ എസ്റ്റേറ്റുകളിൽ ഉല്പാദനം ചെയ്യുന്ന കശുവണ്ടിയിൽനിന്നുള്ള ശരാശരി വാർഷികവരുമാനം മൂന്ന് കോടി രൂപയാണ്.

(സി) പ്രസ്തുത സ്ഥാപനത്തിലെ ജീവനക്കാരുടെ ശമ്പളം, മറ്റ് ചെലവുകൾ എന്നിവയ്ക്കായി ഒരു വർഷത്തെ ശരാശരി ചെലവ് എത്രയാണ്?

പ്ലാന്റേഷൻ കോർപ്പറേഷനിലെ കാസർഗോഡ് ജില്ലയിലെ എസ്റ്റേറ്റുകളിലെ തൊഴിലാളികൾക്കും ജീവനക്കാർക്കുമായി ശമ്പളവും മറ്റുചെലവുകൾക്കുമായി വരുന്ന ഒരു വർഷത്തെ ശരാശരി ചെലവ് 5,07,87,000/- രൂപയാണ്.

(ഡി) പ്രസ്തുത സ്ഥാപനത്തിന്റെ വരുമാനം വർദ്ധിപ്പിക്കാൻ പുതിയ പദ്ധതികളെന്തെങ്കിലും ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ടോ; വിശദാംശം അറിയിക്കാമോ?

വരുമാനം വർദ്ധിപ്പിക്കുന്നതിനായി താഴെപ്പറയുന്ന പദ്ധതികൾ പി.സി.കെ.-യുടെ പരിഗണനയിലാണ്:

i) പഴയതും ഉല്പാദനക്ഷമത കുറഞ്ഞതുമായ കശുമാവ് മരങ്ങൾ മുറിച്ചുമാറ്റിക്കൊണ്ട് അത്യുല്പാദനശേഷിയുള്ള തൈകൾ നടുന്നതിനുള്ള പദ്ധതി.

ii) കോർപ്പറേഷന്റെ കാസർഗോഡ്, ചീമേനി എസ്റ്റേറ്റുകളിലെ ചില ഭാഗങ്ങൾ വെട്ടുകൽ പ്രദേശമായതിനാൽ ആയത് കൃഷിക്കനുയോഗ്യമാക്കി വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതി.

iii) കശുവണ്ടി പ്രോസസിംഗ് ഫാക്ടറിയാരംഭിക്കുക.

iv) കശുമാങ്ങയിൽനിന്നും മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിനായുള്ള പദ്ധതി.

v) വന്യമൃഗങ്ങളുടെ ആക്രമണത്തിൽനിന്നും കോർപ്പറേഷൻ ജീവനക്കാരെയും തോട്ടങ്ങളെയും പരിരക്ഷിക്കുന്നതിനായി ഏകദേശം 200 കി.മീ. വൈദ്യുതിവേലി നിർമ്മിക്കുന്നതിനുള്ള പദ്ധതി.

## പൂഞ്ഞാർ മണ്ഡലത്തിലെ കൃഷിഭവനുകളുടെ അടിസ്ഥാനസൗകര്യ വികസനം

134(1875) <u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ ആകെ എത്ര കൃഷിഭവനകളാണ് നിലവിലുള്ളത്; സ്വന്തമായി കെട്ടിടമില്ലാത്തവ ഏതെല്ലാം; വിശദാംശം ലഭ്യമാക്കുമോ?

പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ ആകെ 10 കൃഷിഭവനകളാണുള്ളത്. അതിൽ 9 എണ്ണം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന കെട്ടിടങ്ങളിലും ഒരെണ്ണം സ്വന്തം കെട്ടിടത്തിലും പ്രവർത്തിക്കുന്നു.

(ബി) കൃഷിഭവനകളുടെ അടിസ്ഥാനസൗകര്യ വികസനത്തിനായി എന്തെല്ലാം പദ്ധതികൾ നിലവിലുണ്ട്; മണ്ഡലത്തിലെ ഏതെല്ലാം കൃഷിഭവനകൾക്ക് പ്രസ്തുത പദ്ധതിപ്രകാരം തുക അനുവദിച്ചിട്ടുണ്ട്; വിശദമാക്കാമോ?

കൃഷിഭവനകളുടെ അടിസ്ഥാനസൗകര്യം മെച്ചപ്പെടുത്തുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്ലാൻ ഫണ്ട്, സ്മാർട്ട് കൃഷിഭവൻ പദ്ധതി, നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ നടപ്പിലാക്കുന്ന ആർ.ഐ.ഡി.എഫ്. പദ്ധതി തുടങ്ങിയവ നിലവിലുണ്ട്. പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ കൃഷിഭവനകൾക്ക് തദ്ദേശസ്വയംഭരണ

സ്ഥാപനങ്ങളുടെ പ്ലാൻ ഫണ്ടിൽനിന്നും അനുവദിച്ച തുക സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

| | | |
|---|---|---|
| പൂഞ്ഞാർ കൃഷി ഭവൻ | ഫർണിച്ചർ വാങ്ങുന്നതിന് | 1,00,625/-രൂപ |
| തീക്കോയി കൃഷി ഭവൻ | ഇൻവെർട്ടർ, വാങ്ങുന്നതിന് | 30,000/-രൂപ |
| | ലാപ്ടോപ്പ് | 50,000/-രൂപ |
| ഈരാറ്റുപേട്ട കൃഷി ഭവൻ | അടിസ്ഥാന സൗകര്യ വികസനം | 3,00,000/-രൂപ |

(സി) മണ്ഡലത്തിലെ ഏതെങ്കിലും കൃഷിഭവനുകളെ സ്മാർട്ട് കൃഷിഭവനുകളായി ഉയർത്തുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ പാറത്തോട് കൃഷിഭവനെ സ്മാർട്ട് കൃഷിഭവനാക്കുന്നതിന് കോട്ടയം പ്രിൻസിപ്പൽ കൃഷി ഓഫീസർ ശിപാർശ ചെയ്തിട്ടുണ്ട്.

**ഒരു ലക്ഷം കൃഷിയിടങ്ങളിൽ പുതുതായി കാർഷിക പ്രവർത്തനങ്ങൾ**

135(1876) <u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഒരു ലക്ഷം കൃഷിയിടങ്ങളിൽ പുതുതായി കാർഷിക പ്രവർത്തനങ്ങളാരംഭിക്കുന്നതിന് ഏർപ്പെടുത്തിയ പദ്ധതി പ്രകാരം വടക്കാഞ്ചേരി മണ്ഡലത്തിൽ നടന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ?

സംസ്ഥാനത്ത് ഒരു ലക്ഷം കൃഷിയിടങ്ങളിൽ പുതുതായി കാർഷിക പ്രവർത്തനങ്ങളാരംഭിക്കുന്നതിന് ഏർപ്പെടുത്തിയ പദ്ധതിപ്രകാരം വടക്കാഞ്ചേരി നിയോജകമണ്ഡലത്തിൽ അവണ്ണൂർ, അടാട്ട്, മുളകുന്നത്തുകാവ്, കോലഴി, കൈപ്പറമ്പ്, തോളൂർ എന്നീ പഞ്ചായത്തുകളിലെ 95 വാർഡുകളിലായി വാർഡുതല സമിതികളുടെ നേതൃത്വത്തിൽ കൃഷിയിടങ്ങളൊരുക്കി സൗജന്യമായി പച്ചക്കറി തൈകൾ വിതരണം ചെയ്തിട്ടുണ്ട്.

(ബി) 2022-23 വർഷത്തിൽ വിപണി വികസന പദ്ധതിപ്രകാരം എന്തെല്ലാം പ്രവർത്തനങ്ങൾ വടക്കാഞ്ചേരി നിയോജകമണ്ഡലത്തിൽ നടപ്പാക്കാൻ സാധിച്ചിട്ടുണ്ട്; ഇനി ഏതെല്ലാം പ്രവർത്തനങ്ങൾ നടപ്പിലാക്കാനുദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കാമോ?

2022-23 വർഷത്തിൽ 4 ദിവസം (സെപ്റ്റംബർ 4 മുതൽ 7 വരെ) നീണ്ടുനിന്ന ഓണ വിപണി നടപ്പിലാക്കി. പഴം, പച്ചക്കറി എന്നിവ കർഷകരിൽനിന്നും ഏറ്റെടുത്ത് വിപണനം നടത്തുന്നതിനായി ബ്ലോക്കിൽ ഒന്നുവീതം കർഷക മിത്രയെ അനുവദിച്ചിട്ടുണ്ട്.

**കുറ്റ്യാടി നിയോജകമണ്ഡലത്തിലെ കാർഷികോല്പാദനം സംബന്ധിച്ച്**

136(1877) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2020-21 സാമ്പത്തിക വർഷം കുറ്റ്യാടി നിയോജകമണ്ഡലത്തിലെ എട്ട് പഞ്ചായത്തുകളിലായുള്ള കാർഷിക വിളകളുടെ ഉല്പാദനം സംബന്ധിച്ച കണക്കുകൾ വിളകൾ തിരിച്ചും, പഞ്ചായത്ത് തിരിച്ചും, കൃഷി ചെയ്ത സ്ഥല വിസ്തൃതി തിരിച്ചും അറിയിക്കാമോ?

കുറ്റ്യാടി നിയോജകമണ്ഡലത്തിലെ എട്ട് പഞ്ചായത്തുകളിലെ കാർഷികവിളകളുടെ വിസ്തൃതിയും ഉല്പാദനവും പഞ്ചായത്ത് തിരിച്ച് ലഭ്യമല്ല. ആയതിനാൽ സാമ്പത്തികസ്ഥിതി വിവരകണക്ക് വകുപ്പ് പ്രസിദ്ധീകരിച്ചിട്ടുള്ള കുറ്റ്യാടി നിയോജകമണ്ഡലത്തിലെ എട്ട് പഞ്ചായത്തുകളുൾപ്പെടുന്ന മൂന്ന് ബ്ലോക്കുകളിലെ വിവിധ വിളകളുടെ 2020-21

കാർഷിക വർഷത്തെ വിസ്തൃതിയും ഉല്പാദനവും സംബന്ധിച്ച കണക്കുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു+.

## വടക്കാഞ്ചേരി നിയോജകമണ്ഡലത്തിൽ കാർഷികോല്പന്നങ്ങളുടെ സംസ്കരണം പ്രോത്സാഹിപ്പിക്കുന്ന പദ്ധതികൾ

137(1878) <u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി</u>: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാർഷികോല്പന്നങ്ങളുടെ സംസ്കരണം, മൂല്യവർദ്ധനവ് എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനായി വടക്കാഞ്ചേരി നിയോജകമണ്ഡലത്തിൽ വകുപ്പ് നടപ്പിലാക്കിയതും ഇനി നടപ്പിലാക്കാനുദ്ദേശിക്കുന്നതുമായ പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ?

ആത്മ പദ്ധതിയിൽ കാർഷികോല്പന്നങ്ങളുടെ മൂല്യവർദ്ധനവ് സംബന്ധിച്ച് കർഷകർക്ക് പരിശീലന ക്ലാസ്സുകൾ നടത്തിയിട്ടുണ്ട്. സംസ്കരണം, മൂല്യവർദ്ധനവ് എന്നിവയ്ക്കായി സ്ഥിരം സംവിധാനമൊരുക്കാൻ 'ഫാം പ്ലാൻ' എന്ന പദ്ധതി നടപ്പിലാക്കിവരുന്നു. ഈ പദ്ധതിയിൽ അംഗമാകാൻ താല്പര്യമുള്ളവരുടെ കൃഷിയിടം വിദഗ്ധസംഘം പരിശോധിച്ച് വരുമാന വർദ്ധനവ് അനുവർത്തിക്കേണ്ടതായ കൃഷിയനുബന്ധ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രവർത്തനങ്ങളുടെ രൂപരേഖ തയ്യാറാക്കുന്നതാണ്. ഫാം പ്ലാൻ പദ്ധതിയിൽ അംഗങ്ങളായ കർഷകരുടെ FPO രൂപീകരിച്ച് സംസ്കരണവും മൂല്യവർദ്ധനവും വിപണനവും നടത്തുന്നതിന് സ്ഥിരസംവിധാനമൊരുക്കുന്നതിനായി FPO-കൾക്ക് ധനസഹായം നൽകി ശക്തിപ്പെടുത്തുന്നതിനുദ്ദേശിക്കുന്നു. വടക്കാഞ്ചേരി നിയോജകമണ്ഡലത്തിലെ മുണ്ടത്തിക്കോട്, മുള്ളൂർക്കര, അടാട്ട് എന്നീ കൃഷിഭവൻ പരിധിയിലെ 60 കർഷകരെയുൾപ്പെടുത്തി പരിശീലനം നൽകിയിട്ടുണ്ട്.

**ആറ്റിങ്ങൽ നിയോജകമണ്ഡലത്തിലെ മഴമറകൾ**

138(1879) ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആധുനിക നിലവാരത്തിൽ തൈകൾ ഉല്പാദിപ്പിക്കുന്നതിനായി ആറ്റിങ്ങൽ നിയോജകമണ്ഡലത്തിൽ എത്ര മഴമറകളാണ് വകുപ്പിന്റെ ധനസഹായത്തോടെ നിർമ്മിച്ചിട്ടുള്ളത്; ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വകുപ്പിന്റെ സഹകരണത്തോടെ എത്ര തൈകളാണ് ഓരോയിടത്തും ഉല്പാദിപ്പിച്ചിട്ടുള്ളത്; വിശദമാക്കുമോ?

ആധുനിക നിലവാരത്തിൽ തൈകൾ ഉല്പാദിപ്പിക്കുന്നതിനായി ആറ്റിങ്ങൽ നിയോജകമണ്ഡലത്തിൽ മഴമറകൾ നിർമ്മിച്ചിട്ടില്ല. എന്നാൽ സമഗ്ര പച്ചക്കറി വികസന പദ്ധതിപ്രകാരം പച്ചക്കറി ഉല്പാദനത്തിനായി 2022-23 സാമ്പത്തികവർഷത്തിൽ 4 മഴമറകൾ ആറ്റിങ്ങൽ നിയോജകമണ്ഡലത്തിൽ നിർമ്മിച്ചിട്ടുണ്ട്.

**ചമ്രവട്ടം-ബിയ്യം ലിങ്ക് കനാൽ പദ്ധതിയുടെ പുരോഗതി**

139(1880) ശ്രീ. പി. നന്ദകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊന്നാനി കോൾകൃഷി വികസനത്തിന് പ്രത്യേക ഓഫീസ് സംവിധാനമൊരുക്കാൻ പദ്ധതിയുണ്ടോ?

ഇപ്പോൾ പരിഗണനയിലില്ല. കോൾനിലങ്ങളുടെ വികസനത്തിനായി തൃശ്ശൂർ ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ കോൾനില വികസന ഏജൻസിയും തൃശ്ശൂർ പൊന്നാനി കോൾവികസന അതോറിറ്റിയും നിലവിൽ പ്രവർത്തിച്ചുവരുന്നുണ്ട്.

(ബി) കോൾകൃഷിയുടെ അഭിവൃദ്ധിക്കും ശുദ്ധമായ വെള്ളത്തിന്റെ ലഭ്യതയ്ക്കുമായി നടപ്പിലാക്കാൻ തത്വത്തിൽ തീരുമാനിച്ച ചമ്രവട്ടം-ബിയ്യം ലിങ്ക് കനാൽ പദ്ധതിയുടെ പുരോഗതി വ്യക്തമാക്കാമോ?

ചമ്രവട്ടം റഗുലേറ്റർ-കം-ബ്രിഡ്ജിന്റെ യഥാർത്ഥ സംഭരണശേഷി നിലനിർത്തുന്ന അവസ്ഥയിൽ യന്ത്രസംവിധാനങ്ങൾ പൂർണ്ണമായും ഒഴിവാക്കി ഭൂഗുരുത്വബലത്തെ മാത്രം ആശ്രയിച്ച് ഭാരതപ്പുഴയിൽനിന്നും ജലം നേരിട്ട് ബിയ്യം കായലിലേയ്ക്ക് ഒഴുക്കികൊണ്ടുവരുന്ന തരത്തിലാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. 08-11-2021-ന് Centre for Water Resorces Development and Management (CWRDM) കോഴിക്കോട് പ്രസ്തുത പ്രദേശം സന്ദർശിച്ച് Feasibility പഠനം നടത്തുന്നതിനാവശ്യമായ പ്രൊപ്പോസൽ നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതി റീബിൽഡ് കേരള പദ്ധതി (RKI) യിലുൾപ്പെടുത്തി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് പരിസ്ഥിതി ആഘാത പഠന റിപ്പോർട്ട് (EIA Study Report) സമർപ്പിക്കുവാൻ ചീഫ് എഞ്ചിനീയർക്ക് (ജലസേചനവും ഭരണവും) നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) കോൾകൃഷിയുടെ സമഗ്ര വികസനത്തിന് പമ്പ്സെറ്റും മറ്റും ലഭ്യമാക്കുമ്പോൾ ആയതിനൊപ്പം സൗരോർജ്ജ പദ്ധതിയിലൂടെ ഊർജ്ജം

ലഭ്യമാക്കാൻ സർക്കാർ പദ്ധതിയിട്ടിട്ടുണ്ടോ; എങ്കിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

ജലസേചന പമ്പുസെറ്റുകൾ സൗരോർജ്ജത്തിലേയ്ക്ക് മാറ്റുന്ന PM KUSUM പദ്ധതി കൃഷി വകുപ്പ് അനെർട്ടുമായി ചേർന്നാണ് നടപ്പിലാക്കുന്നത്. നിലവിലുള്ള ഇലക്ട്രിക് കണക്ഷനുകൾ സൗരോർജ്ജം ഉപയോഗിച്ച് പ്രവർത്തിപ്പിക്കുന്നതിനായി ഇതുമായി ബന്ധപ്പെട്ട വിശദവിവരങ്ങൾ പദ്ധതി നിർവ്വഹണ ഏജൻസിയായ 'അനെർട്ടിന് കൈമാറിയിട്ടുണ്ട്.

## വ്യാജ ശർക്കര വിപണനം

140(1881) <u>ശ്രീ. എ. രാജ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് രുചിമേന്മകൊണ്ട് പ്രസിദ്ധമായ മറയൂർ ശർക്കരയുടെ പേരിൽ വ്യാജ ശർക്കര വിപണനം നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) വ്യാജ ശർക്കരയുടെ വരവും വിപണനവും തടയുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

(എ&ബി) പരാതി ലഭ്യമായതിന്റെയടിസ്ഥാനത്തിൽ ഭക്ഷ്യസുരക്ഷാ വകുപ്പിലും പോലീസ് സ്റ്റേഷനിലും ഫോറസ്റ്റ് റേഞ്ച് ഓഫീസിലും ചെക്ക് പോസ്റ്റ് വഴി വരുന്ന വ്യാജ ശർക്കരയുടെ വരവ് തടയുന്നതിന് നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ടിട്ടുണ്ട്. മറയൂർ ശർക്കര ഉല്പാദിപ്പിക്കുന്ന കർഷകസംഘങ്ങളുടെ പാക്കിംഗിൽ ബാർക്കോഡ് സംവിധാനം നടപ്പിൽവരുത്തിയിട്ടുണ്ട്. ഇത് വ്യാജ ശർക്കരയുടെ വിപണനം തടയുന്നതിന് സഹാകരമായിട്ടുണ്ട്.

## മൂല്യവർദ്ധിത കാർഷികോല്പന്നങ്ങളുടെ ഉല്പാദനത്തിനും വിപണനത്തിനുമായി പദ്ധതികൾ

141(1882) <u>ശ്രീ. എ. സി. മൊയ്തീൻ</u>: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മൂല്യവർദ്ധിത കാർഷികോല്പന്നങ്ങളുടെ ഉല്പാദനത്തിനും വിപണനത്തിനുമായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

സംസ്ഥാനത്ത് മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ നിർമ്മാണത്തിനും അതുവഴി സുസ്ഥിര കാർഷിക വികസനത്തിനുമായി അഗ്രോ പാർക്കുകൾ സ്ഥാപിച്ചുവരുന്നു. ഓരോ വിളയെ അടിസ്ഥാനമാക്കി നാളികേരം,

നേന്ത്രക്കായ, തേൻ, മാങ്ങ, പച്ചക്കറികൾ എന്നിവയുടെ സംഭരണം, സംസ്കരണം, മൂല്യവർദ്ധനവ് എന്നിവ ഒരുക്കുന്നതിനാണ് അഗ്രോ പാർക്കുകളിലൂടെ ലക്ഷ്യമിടുന്നത്. 2022-23 വർഷം മുതൽ കാർഷികമേഖലയിൽ സർക്കാർ നടപ്പിലാക്കുന്ന വിളയിടാധിഷ്ഠിത കൃഷിരീതിയിൽ മൂല്യവർദ്ധിത കാർഷിക ഉല്പന്നങ്ങളുടെ ഉല്പാദനവും വിപണനവും മുഖ്യലക്ഷ്യമാണ്. 2021-22 വർഷത്തിൽ ആരംഭിച്ച 'ഞങ്ങളും കൃഷിയിലേക്ക്' എന്ന പദ്ധതിയുടെ ഭാഗമായി രൂപീകൃതമായ കൃഷിക്കൂട്ടങ്ങൾ മൂല്യവർദ്ധിത ഉല്പന്നങ്ങൾ ഉല്പാദിപ്പിച്ച് വിപണനം നടത്തിവരുന്നുണ്ട്. 'ഒരു കൃഷി ഭവൻ ഒരു ഉല്പന്നം' എന്ന ലക്ഷ്യമാണ് കൈവരിക്കാനുദ്ദേശിക്കുന്നത്. കാർഷിക ഉല്പന്നങ്ങളെ മൂല്യവർദ്ധിത ഉല്പന്നമാക്കി മാറ്റുന്നതിനും കൃഷിക്കാരുടെ വരുമാനം ഇരട്ടിയാക്കുക, കാർഷികോല്പാദനക്ഷമത വർദ്ധിപ്പിക്കുക, ഉല്പന്നസംഭരണം, ഉല്പന്നങ്ങളുടെവില, മൂല്യവർദ്ധിത പ്രവർത്തനങ്ങളിൽനിന്നുള്ള വരുമാനം, മറ്റ് അനുബന്ധ വരുമാനങ്ങൾ എന്നിവയിൽ വർദ്ധനവ് വരുത്തുന്നതിനുമായി മൂല്യവർദ്ധിത കൃഷി മിഷൻ (Value Added Agriculture Mission-VAAM) രൂപീകരിച്ചിട്ടുണ്ട്. കാർഷിക മേഖലയിൽ മൂല്യവർദ്ധിത വ്യവസായങ്ങൾ

ആരംഭിക്കുന്നതിനായി KIIFB-യുടെ സാമ്പത്തിക സഹായത്തോടെ 5 അഗ്രോ പാർക്കുകൾ സ്ഥാപിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

എസ്.എഫ്.എ.സി. മുഖേന നടപ്പിലാക്കുന്ന പദ്ധതിയാണ് സൂക്ഷ്മ-ചെറുകിട-ഇടത്തര മൂല്യവർദ്ധന സംരംഭങ്ങൾക്കുള്ള പ്രോത്സാഹന പദ്ധതി (എം.എസ്.എം.ഇ.). ഈ പദ്ധതിയിലുൾപ്പെടുത്തി കാർഷിക മേഖലയിലെ സംരംഭകർക്ക് മൂലധന നിക്ഷേപങ്ങൾക്കനുസൃതമായി എല്ലാ ഘടകങ്ങൾക്കും ധനസഹായം നൽകുന്നു. കർഷകർക്ക് അവരുടെ ഉല്പന്നങ്ങൾക്ക് പരമാവധി വില ഉറപ്പുവരുത്തുന്നതിനും വരുമാനം വർദ്ധിപ്പിക്കുന്നതിനുമായി കർഷക ഉല്പാദക സംഘടനകൾ (എഫ്.പി.ഒ.-കൾ) രൂപീകരിച്ചിട്ടുണ്ട്. ആർ.കെ.വി.വൈ. പദ്ധതിപ്രകാരം 44 പുതിയ കർഷക ഉല്പാദക സംഘടനകളുടെ രൂപീകരണവും നിലവിലുള്ള 49 കർഷക ഉല്പാദക സംഘടനകളുടെ ശാക്തീകരണവും നടപ്പാക്കിവരുന്നു. കേന്ദ്ര സർക്കാർ നടപ്പിലാക്കുന്ന 10000 എഫ്.പി.ഒ.-കളുടെ രൂപീകരണ പദ്ധതിപ്രകാരം ഏജൻസികളായ നബാർഡ്, എസ്.എഫ്.എ.സി. (GoI), നാഫെഡ്, എൻ.സി.ഡി.സി. എന്നിവ മുഖാന്തരം 76 എഫ്.പി.ഒ.-കൾ കേരളത്തിൽ രൂപീകരിച്ചിട്ടുണ്ട്. എഫ്.പി.ഒ.-കൾക്ക് വിവിധ പദ്ധതിപ്രകാരം നൽകിവരുന്ന എല്ലാ ആനുകൂല്യങ്ങളും

സംയോജിപ്പിച്ചുനൽകുന്നു. ഇത്തരത്തിൽ എ.ഐ.എഫ്. ഫണ്ട്, എം.എസ്.എം.ഇ.-കൾക്കുള്ള വിവിധ പദ്ധതിപ്രകാരമുള്ള ആനുകൂല്യങ്ങൾ കർഷക ഉല്പാദക സംഘടനകളുടെ ശാക്തീകരണത്തിനായി സംയോജിപ്പിച്ചിട്ടുണ്ട്.

Agri Business Incubator എന്ന പേരിൽ പ്രവർത്തിക്കുന്ന കേരള കാർഷിക സർവ്വകലാശാലയുടെ സ്ഥാപനം വാണിജ്യാവശ്യത്തിനായി കമ്പനി തുടങ്ങുന്നവർക്ക് ഉപയോഗിക്കാൻ കഴിയുന്ന വലിയ യന്ത്രങ്ങളുടെ പ്രദർശനവും പരിശീലനവും നൽകിവരുന്നു. ഒരു പുതിയ സംരംഭം തുടങ്ങുവാൻ ശ്രമിക്കുന്ന ഉപഭോക്താവിനുതന്നെ ഉല്പന്നം ഇവിടെ പരീക്ഷിച്ച് ഗുണമൂല്യവും ലാഭനഷ്ടവും കണക്കാക്കി തീരുമാനം എടുക്കുന്നതിനുള്ള സൗകര്യമൊരുക്കിയിട്ടുണ്ട്. മൂല്യവർദ്ധിത ഉല്പന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിനായി കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ, ഹോർട്ടികോർപ്പ്, വി.എഫ്.പി.സി.കെ. തുടങ്ങിയ സ്ഥാപനങ്ങളുടെ വിപണികൾ പ്രവർത്തിക്കുന്നുണ്ട്. കൃഷി വകുപ്പിനുകീഴിലുള്ള ഇക്കോഷോപ്പുകൾ വഴിയും ഉല്പന്നങ്ങളുടെ വിപണനം നടത്തിവരുന്നു. വി.എഫ്.പി.സി.കെ.-യുടെ കീഴിൽ പ്രവർത്തിക്കുന്ന മൂല്യവർദ്ധിത ഉല്പന്ന നിർമ്മാണകേന്ദ്രത്തിൽ നിന്നുള്ള ഉല്പന്നങ്ങൾ 'തളിർ' എന്ന ഏകീകൃത

ബ്രാൻഡിൽ വിപണനം ചെയ്യുന്നു. റീബിൽഡ് കേരള പദ്ധതിയുടെ ഭാഗമായി ശൃംഖല ശക്തിപ്പെടുത്തുന്നതിനും ബ്രാൻഡ് ചെയ്ത പച്ചക്കറികൾ വിപണിയിലെത്തിക്കുന്നതിനും ലക്ഷ്യമിടുന്നു. കാർഷികോല്പന്നങ്ങളുടെ മൂല്യവർദ്ധനവും സംസ്കരണവും പ്രോത്സാഹിപ്പിക്കുന്നതിനും പൊതുസംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനുമുള്ള അടിസ്ഥാന സൗകര്യങ്ങൾ ചുരുങ്ങിയ ചെലവിൽ ലഭ്യമാക്കുന്നതിനായി ഇൻക്യുബേഷൻ സെന്ററുകൾ എറണാകുളം, കോഴിക്കോട് ജില്ലകളിൽ തുടങ്ങുന്നതിനുള്ള പദ്ധതികളും നടപ്പിലാക്കിവരുന്നു. വിപണനമേഖല വിപുലീകരിക്കുന്നതിന്റെ ഭാഗമായി ഓൺലൈൻ വിപണന പ്ലാറ്റ്ഫോം സജ്ജമാക്കുന്നതിനും പദ്ധതി പരിഗണിച്ചുവരുന്നു. മൂല്യവർദ്ധിത ഉല്പന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിനായി One District One Product അധിഷ്ഠിതമായി ആരംഭിച്ച ജില്ലതോറുമുള്ള മൈക്രോ സംരംഭങ്ങളുടെ കൂട്ടായ്മ വിപണി സംബന്ധമായ അറിവുകൾ പകർന്നു നൽകിവരുന്നു.

## കരിമ്പ് കൃഷി/പയറുവർഗ്ഗ കൃഷി പ്രോത്സാഹിപ്പിക്കാൻ നടപടി

142(1883) <u>ശ്രീ. സജി ചെറിയാൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) മദ്ധ്യതിരുവിതാംകൂറിലെ പ്രധാന കാർഷിക വിളയായിരുന്ന കരിമ്പുകൃഷി പ്രോത്സാഹിപ്പിക്കുന്ന നടപടികൾ പരിഗണനയിലുണ്ടോ; വ്യക്തമാക്കാമോ?

നിലവിൽ കരിമ്പുകൃഷിക്കായി പ്രത്യേക പദ്ധതി ഇല്ലെങ്കിലും ഫാം പ്ലാൻ ബേസ്ഡ് സപ്പോർട്ട് സിസ്റ്റം പദ്ധതിയിൽ സഹായം ലഭ്യമാക്കാവുന്നതാണ്. കൂടാതെ പന്തളത്ത് സ്ഥിതിചെയ്യുന്ന കരിമ്പ് വിത്തുല്പാദന കേന്ദ്രത്തിൽനിന്നും ഗുണമേന്മയുള്ള നടീൽ വസ്തുക്കൾ കർഷകർക്ക് ലഭ്യമാക്കുന്നുണ്ട്.

(ബി) കരപ്രദേശങ്ങളിലെ പയറുവർഗ്ഗകൃഷി വ്യാപകമാക്കുന്നതിനുള്ള പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

പയറുകൃഷിയുടെ വിസ്തൃതി വ്യാപനത്തിനായി പ്രത്യേക പദ്ധതി നിലവിലില്ലെങ്കിലും ഫാം ബേസ്ഡ് സപ്പോർട്ട് സിസ്റ്റം പദ്ധതിയുടെ ഭാഗമായി സഹായം ലഭ്യമാണ്.

**കൊയ്ത്തുയന്ത്രങ്ങൾ മിതമായ നിരക്കിൽ നൽകുന്ന പദ്ധതി**

143(1884) ശ്രീ. പി. പി. സുമോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെൽകർഷകർക്ക് ഇടനിലക്കാരുടെ സഹായമില്ലാതെ കൊയ്ത്തുയന്ത്രങ്ങൾ മിതമായ നിരക്കിൽ ലഭ്യമാക്കുന്നതിന് അനുയോജ്യമായ പദ്ധതി ആവിഷ്കരിക്കുമോയെന്ന് വിശദമാക്കാമോ?

കൃഷി വകുപ്പിനുകീഴിൽ കണ്ണൂർ, പാലക്കാട്, മലപ്പുറം, കോട്ടയം, കൊല്ലം, തിരുവനന്തപുരം, വയനാട്, കാസർഗോഡ്, കോഴിക്കോട്, തൃശ്ശൂർ ജില്ലകളിൽ പ്രവർത്തിക്കുന്ന കസ്റ്റം ഹയറിംഗ് സെന്ററുകൾ മുഖേന കൊയ്ത്തുയന്ത്രങ്ങൾ മിതമായ നിരക്കിൽ കർഷകർക്ക് നൽകിവരുന്നുണ്ട്. കൂടാതെ, കൊയ്ത്തുയന്ത്രങ്ങളുടെ കുറവ് പരിഹരിക്കുന്നതിനായി കേന്ദ്രാവിഷ്കൃത പദ്ധതിയായ കാർഷിക യന്ത്രവൽക്കരണ ഉപദൗത്യം (SMAM) മുഖേന സബ്സിഡി നിരക്കിൽ കർഷകർക്ക് കൊയ്ത്തുയന്ത്രങ്ങൾ നൽകിവരുന്നുണ്ട്. കൂടാതെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ടുപയോഗിച്ച് കൊയ്ത്തുയന്ത്രങ്ങൾ വാങ്ങുന്ന സംവിധാനവും നിലവിലുണ്ട്.

(ബി) കൊയ്ത്തുയന്ത്രങ്ങൾ കർഷകന് വകുപ്പുമുഖേന മിതമായ നിരക്കിൽ നൽകുന്ന പദ്ധതി നിലവിലുണ്ടോയെന്ന് വ്യക്തമാക്കാമോ?

കൊയ്ത്തുയന്ത്രങ്ങൾ കർഷകനും പാടശേഖര സമിതിക്കും സബ്സിഡി നിരക്കിൽ വാങ്ങുന്നതിന് Sub-Mission on Agricultural Mechanization (SMAM) പദ്ധതി നിലവിലുണ്ട്.

## കൃഷിയിടാധിഷ്ഠിത ആസൂത്രണം സംബന്ധിച്ച പ്രവർത്തന പുരോഗതി

144(1885)ശ്രീ. ഡി. കെ. മുരളി:

ശ്രീ. പി. മമ്മിക്കുട്ടി:

ശ്രീ. ലിന്റോ ജോസഫ്:

ശ്രീ. പി. പി. സുമോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കർഷകർക്ക് ഉയർന്ന വരുമാനം ലക്ഷ്യമിട്ട് സർക്കാർ നടപ്പിലാക്കിവരുന്ന കൃഷിയിടാധിഷ്ഠിത ആസൂത്രണം സംബന്ധിച്ച പ്രവർത്തന പുരോഗതി അവലോകനം ചെയ്തിട്ടുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. സംസ്ഥാനത്ത് കർഷകർക്ക് ഉയർന്ന വരുമാനം ലക്ഷ്യമിട്ട് സർക്കാർ നടപ്പിലാക്കി വരുന്ന കൃഷിയിടാധിഷ്ഠിത ആസൂത്രണം സംബന്ധിച്ച് എല്ലാ മാസവും പുരോഗതി വിലയിരുത്താറുണ്ട്. ടി പദ്ധതിപ്രകാരം ഒരു കൃഷിഭവനിൽ 10 കൃഷിയിടാധിഷ്ഠിത പ്ലോട്ടുകൾ എന്ന തോതിൽ 10760 പ്ലോട്ടുകൾ സജ്ജമാക്കുന്നതാണ്. ഇതിൽ 1000 എണ്ണം IFS പ്ലോട്ടും 9760 എണ്ണം Non IFS പ്ലോട്ടുകളുമാണ്. പദ്ധതിയുടെ പ്രവർത്തനപുരോഗതിയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. കൃഷിയിടാധിഷ്ഠിത ആസൂത്രണ പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് 14 ജില്ലകളിലും കേരള കാർഷിക സർവ്വകലാശാല മുഖാന്തരം മാസ്റ്റർ പരിശീലകരുടെ പരിശീലനങ്ങൾ പൂർത്തീകരിച്ചു.

2. എല്ലാ ജില്ലകളിലെയും കൃഷി ഓഫീസർമാർക്കും അഗ്രി ഫീൽഡ് ഓഫീസർമാർക്കും കൃഷി അസിസ്റ്റന്റ് ഡയറക്ടർമാർക്കും പദ്ധതിയെക്കുറിച്ച് ബോധവൽക്കരണം നടത്തുന്നതിനും പദ്ധതി നടത്തിപ്പിനെക്കുറിച്ച് വിശദീകരിക്കുന്നതിനും ജില്ലാതല സ്പെഷ്യലൈസ്ഡ് പരിശീലനങ്ങൾ നടത്തിയിട്ടുണ്ട്.

3. സംസ്ഥാനത്തൊട്ടാകെ കൃഷിയിടാധിഷ്ഠിത ആസൂത്രണ പദ്ധതിക്കായി നാളിതുവരെ 12930 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

4. ബ്ലോക്കുകളിൽ ഫാം പ്ലാൻ ഗുണഭോക്താക്കളെ തെരെഞ്ഞെടുക്കുന്നതിന് ബ്ലോക്കുതല വിജ്ഞാനകേന്ദ്രങ്ങളിൽ പ്രത്യേക യോഗങ്ങൾ നടത്തിവരുന്നു. (76 എണ്ണം നടത്തിയിട്ടുണ്ട്. ഇതിലൂടെ 3182 (194 IFS ഉം 2788 non IFS ഉം) കർഷകരെ കൃഷിയിടാധിഷ്ഠിത ആസൂത്രണ പദ്ധതിക്കായി തെരഞ്ഞെടുത്തിട്ടുണ്ട്. ഇതിനായി നാളിതുവരെ 5155 ഫീൽഡ് സന്ദർശനങ്ങൾ നടത്തിയിട്ടുണ്ട്.)

ബ്ലോക്കുകളിൽ ഫാം പ്ലാൻ വാലിഡേഷനുവേണ്ടി നാളിതുവരെ 11 വർക്ക്ഷോപ്പുകൾ നടത്തിയിട്ടുള്ളതിലൂടെ 239 കൃഷിയിടാധിഷ്ഠിത പ്ലാനുകൾക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്. പദ്ധതി നിർവ്വഹണം ദ്രുതഗതിയിലാക്കുന്നതിനുള്ള നിർദ്ദേശം എല്ലാജില്ലകൾക്കും നൽകിയിട്ടുണ്ട്.

(ബി) ഇതിന്റെയടിസ്ഥാനത്തിൽ സംസ്ഥാനത്താകെ ഉല്പന്ന ശേഖരണത്തിനും കേന്ദ്രീകരണത്തിനും സംവിധാനങ്ങൾ ഏർപ്പെടുത്തുകയെന്ന ലക്ഷ്യം നേടാനായിട്ടുണ്ടോ; വിശദമാക്കുമോ?

കൃഷിയിടാധിഷ്ഠിത ആസൂത്രണ പദ്ധതിയിൻകീഴിൽ കൃഷിക്കൂട്ടങ്ങളുടെ സഹായത്തോടെ കാർഷികോല്പന്നങ്ങൾ ശേഖരിക്കുന്നതിനും ആയവ അഗ്രിഗേറ്റ് ചെയ്ത് വിപണനം നടത്തുന്നതിനും ലക്ഷ്യമിടുന്നു. സംസ്ഥാനത്തെ 1076 കൃഷിഭവനുകളിലും ഇപ്രകാരം കാർഷികോല്പന്നങ്ങൾ ശേഖരിക്കുന്ന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് ഓരോ കൃഷിഭവനും 25,000/- രൂപ വീതം നീക്കിവച്ചിട്ടുണ്ട്. ആയതിന്റെ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

(സി) ഇത്തരത്തിൽ ശേഖരിക്കപ്പെടുന്ന ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിനായി ആധുനിക സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തി വിപണി സംവിധാനം ഉടനടി ലഭ്യമാകുന്ന സാഹചര്യം സൃഷ്ടിക്കുന്നതിനുള്ള നടപടി പൂർത്തിയായിട്ടുണ്ടോ; വിശദമാക്കുമോ?

കൃഷിയിടാധിഷ്ഠിത ആസൂത്രണം നടപ്പിൽ വരുത്തുന്ന കൃഷിയിടങ്ങളിൽ തുടങ്ങി ഉപഭോക്താക്കൾ വരെ എത്തുന്ന വിപണന ശൃംഖല രൂപപ്പെടുത്തുന്നതിനാണ് പദ്ധതി വിഭാവനം ചെയ്യുന്നത്. ഈ വിതരണ ശൃംഖലയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് ഡിജിറ്റൽ സാങ്കേതികവിദ്യ പദ്ധതിയിൽ ഉപയോഗപ്പെടുത്തുന്നതാണ്.

'കേരള-അഗ്രിനെറ്റ്' എന്ന പേരിൽ ഒരു സമഗ്ര വിപണന പ്ലാറ്റ്ഫോം രൂപീകരിക്കുന്നതാണ്. പദ്ധതിയിൽ അംഗങ്ങളായ കർഷകർ, കൃഷിക്കൂട്ടങ്ങൾ, കർഷക ഉല്പാദക സംഘടനകൾ, വിപണന ഏജൻസികൾ, കാർഷിക കർമ്മസേന, അഗ്രോ സർവ്വീസ് സെന്ററുകൾ എന്നിവയെല്ലാം ഈ വിപണന പ്ലാറ്റ്ഫോമുമായി ബന്ധപ്പെട്ടിരിക്കുന്നതാണ്.

'കേരള ഫാം-ഫ്രഷ്' എന്ന പേരിൽ ഉപഭോക്താക്കൾക്കുള്ള ഒരു മൊബൈൽ ആപ്പും പദ്ധതിയുടെ ഭാഗമായി വികസിപ്പിക്കുന്നതാണ്. ഇതിലൂടെ ഉപഭോക്താക്കൾക്കാവശ്യമായ കാഷികോല്പന്നങ്ങളെ ഓൺലൈനായി ഓർഡർ ചെയ്ത് വാങ്ങുവാൻ കഴിയും.

വിപണന സംവിധാനം ഡിജിറ്റലൈസ് ചെയ്യുന്നതിനായി 100 ലക്ഷം രൂപ ഈ സാമ്പത്തികവർഷം വകയിരുത്തിയിട്ടുണ്ട്. നടത്തിപ്പ് സംബന്ധിച്ച പ്രാരംഭചർച്ചകൾ ഫീൽഡുതല ഉദ്യോഗസ്ഥരുമായി നടത്തിയിട്ടുണ്ട്. കേരള

ഡിജിറ്റൽ സർവ്വകലാശാലയുടെ സാങ്കേതിക സഹകരണത്തോടെ ഇതിനുള്ള നടപടികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതാണ്.

**വീടുകൾ കേന്ദ്രീകരിച്ച് പച്ചക്കറിക്കൃഷി**

145(1886) ശ്രീ. വി. ശശി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വീടുകൾ കേന്ദ്രീകരിച്ച് പച്ചക്കറിക്കൃഷി വ്യാപിപ്പിക്കുന്നതിനായി എന്തെങ്കിലും പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) പദ്ധതി സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ?

(എ&ബി) കേരളത്തിലെ എല്ലാ കുടുംബങ്ങളിലും കാർഷിക സംസ്കാരം ഉണർത്തുക, കേരളത്തെ ഭക്ഷ്യ സ്വയംപര്യാപ്തതയിലെത്തിക്കുക, ആരോഗ്യ ഭക്ഷണം ഉറപ്പാക്കുക, തൊഴിലവസരം സൃഷ്ടിക്കുക തുടങ്ങിയ ലക്ഷ്യത്തോടെ കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ നടപ്പിലാക്കുന്ന ബൃഹത്തായ പദ്ധതിയാണ് 'ഞങ്ങളും കൃഷിയിലേക്ക്'. പ്രസ്തുത പദ്ധതിയുടെ ഭാഗമായി സമഗ്ര പച്ചക്കറി വികസന പദ്ധതി നടപ്പിലാക്കിവരുന്നു. അന്യസംസ്ഥാനങ്ങളിൽനിന്നും വരുന്ന വിഷലിപ്തമായ പച്ചക്കറികൾ ഒഴിവാക്കി ജൈവ പച്ചക്കറികൾ ഓരോ വീട്ടുമുറ്റത്തും

ഉല്പാദിപ്പിക്കുവാൻവേണ്ട ബോധവൽക്കരണവും ഉല്പാദനോപാധികളുടെ ലഭ്യതയും ഉറപ്പാക്കുന്നതോടൊപ്പം വ്യാവസായികാടിസ്ഥാനത്തിൽ കൃഷി ചെയ്യുന്ന കർഷകരെയും പ്രോത്സാഹിപ്പിക്കുന്നതിന് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു.

സമഗ്ര പച്ചക്കറി വികസന പദ്ധതി പ്രകാരം വീടുകൾ കേന്ദ്രീകരിച്ച് പച്ചക്കറിക്കൃഷി വ്യാപിക്കുന്നതിനായി വീട്ടുവളപ്പിലെ പച്ചക്കറി കൃഷി പ്രോത്സാഹനം, മട്ടുപ്പാവ് കൃഷി (റൂഫ് ടോപ്പ് കൾട്ടിവേഷൻ), മഴമറ കൃഷി തുടങ്ങിയ ഘടകങ്ങൾ നടപ്പിലാക്കിവരുന്നു. ആയതിലേയ്ക്ക് നടപ്പുസാമ്പത്തികവർഷം 500 ലക്ഷം രൂപയുള്ള 50 ലക്ഷം വിത്തുപായ്ക്കറ്റുകളും 375 ലക്ഷം രൂപയുള്ള 150 ലക്ഷം പച്ചക്കറിത്തൈകളും 105 ലക്ഷം രൂപയുള്ള 7 ലക്ഷം ബഹുവർഷ പച്ചക്കറിത്തൈകളും സൗജന്യമായി വിതരണം നടത്തിയിട്ടുണ്ട്. കൂടാതെ 820 ലക്ഷം രൂപയുള്ള 41000 യൂണിറ്റ് റൂഫ് ടോപ്പ് കൃഷി (ചെടിച്ചട്ടികളിലുള്ള കൃഷി, ലംബകൃഷി, ഹൈഡ്രോപോണിക്സ് കൃഷി തുടങ്ങിയ കൃഷിരീതികൾ), 500 ലക്ഷം രൂപയുടെ മഴമറകൃഷി എന്നിവയും അടുക്കളത്തോട്ടം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി നടപ്പുസാമ്പത്തികവർഷം നടപ്പിലാക്കിവരുന്നു. വീട്ടുവളപ്പിലെ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി

സ്കൂൾ വിദ്യാർത്ഥികൾ/കർഷകർ മുഖേന വിവിധയിനങ്ങളടങ്ങിയ പച്ചക്കറി വിത്തുകളും തൈകളും കർഷകർക്ക് സൗജന്യമായി വിതരണം നടത്തി വരുന്നു. വിവിധയിനം പച്ചക്കറി വിത്തുകളടങ്ങിയ 10/- രൂപയുടെ പച്ചക്കറി വിത്ത് പായ്ക്കറ്റുകളും 2.50/- രൂപ വിലയുള്ള പച്ചക്കറിത്തൈകളും വിദ്യാർത്ഥികൾക്കും കർഷകർക്കും വീട്ടമ്മമാർക്കും വിവിധ സന്നദ്ധസംഘടനകൾക്കും സൗജന്യമായി വിതരണം ചെയ്യുന്നു. ഓണത്തിന് വിഷരഹിതമായ പച്ചക്കറി വീട്ടുവളപ്പിൽനിന്നുതന്നെ ലഭ്യമാക്കാനുദ്ദേശിച്ചാണ് ഓണക്കാലത്ത് ഈ പദ്ധതി നടപ്പിലാക്കുന്നത്. കൂടാതെ വീട്ടുവളപ്പിലെ പച്ചക്കറി കൃഷിയുടെ പ്രോത്സാഹനത്തിനായി ദീർഘകാല പച്ചക്കറി വിളകളായ മുരിങ്ങ, അഗത്തി, കറിവേപ്പില തുടങ്ങിയവയുടെ 15/- രൂപ വിലവരുന്ന തൈകൾ സൗജന്യമായി കർഷകർക്ക് നൽകിവരുന്നു. യുവാക്കളെ കൃഷിയിലേയ്ക്കാകർഷിക്കുന്നതിനും സ്ഥലപരിമിതിമൂലം കൃഷി ചെയ്യാൻ സാധിക്കാത്തവർക്ക് ചെടിച്ചട്ടികളിലുള്ള കൃഷി, ലംബകൃഷി, ഹൈഡ്രോപോണിക്സ് കൃഷി തുടങ്ങിയ കൃഷിരീതികൾ പ്രോത്സാഹിപ്പിച്ചുവരുന്നു. ഇതിനായി സമഗ്ര പച്ചക്കറി വികസന പദ്ധതിയിലെ മട്ടുപ്പാവ് കൃഷി എന്ന ഘടകത്തിലുൾപ്പെടുത്തി ഒരു യൂണിറ്റിന് 2000/- രൂപ എന്ന നിരക്കിൽ സബ്സിഡി നൽകിവരുന്നു.

വേനൽക്കാലത്തും മഴക്കാലത്തും വിളകളെ സംരക്ഷിച്ച് പച്ചക്കറി കൃഷിചെയ്യുന്നതിനായി മഴമറയിലെ കൃഷി കർഷകർക്ക് ഏറെ സഹായകരമാണ്. മഴമറ കൃഷിരീതിയിലൂടെ വർഷത്തിലുടനീളം പച്ചക്കറി കൃഷി സാദ്ധ്യമാക്കുന്നതിനും ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും സാധിക്കുന്നു. മഴമറകൾ സ്ഥാപിക്കുന്നതിനായി 100 സ്ക്വയർ മീറ്ററുള്ള ഒരു മഴമറയ്ക്ക് പരമാവധി 50,000/- രൂപ നിരക്കിൽ ധനസഹായം നൽകിവരുന്നു. കൂടാതെ, വ്യാവസായികാടിസ്ഥാനത്തിൽ പച്ചക്കറി കൃഷിയെന്ന ഘടകത്തിലുൾപ്പെടുത്തി പച്ചക്കറി ക്ലസ്റ്ററുകളിലായി 3 മുതൽ 5 ഹെക്ടർ വരെ പച്ചക്കറി കൃഷി ചെയ്യുന്നതിനായി ക്ലസ്റ്റർ ഒന്നിന് പരമാവധി 1-1.25 ലക്ഷം രൂപ വരെ ധനസഹായം നൽകിവരുന്നുണ്ട്. ക്ലസ്റ്ററുകളിലുൾപ്പെടാതെ കൃഷി ചെയ്യുന്ന കൃഷിക്കാർക്ക് സ്റ്റാഗേർഡ് ക്ലസ്റ്ററിലുൾപ്പെടുത്തി ഹെക്ടറെന്നിന് പന്തൽ ആവശ്യമുള്ള പച്ചക്കറി ഇനം കൃഷിചെയ്യുന്നതിനായി 25,000/- രൂപയും പന്തൽ ആവശ്യമില്ലാത്തതിനായി 20,000/- രൂപയും കൃഷി ചെയ്യുന്ന വിസ്തീർണ്ണം അടിസ്ഥാനമാക്കി ധനസഹായം നൽകുന്നുണ്ട്.

## ഫലവൃക്ഷ കൃഷി പ്രോത്സാഹനം

146(1887) <u>ശ്രീ. മാണി. സി. കാപ്പൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഫലവൃക്ഷക്കൃഷി പ്രോത്സാഹനത്തിന്റെ ഭാഗമായി വീടുകളിൽ നേരിട്ട് വിവിധയിനം ഫലവൃക്ഷത്തൈകൾ വിതരണം ചെയ്യുന്നുണ്ടോ; എങ്കിൽ പ്രസ്തുത പദ്ധതിയുടെ നിജ:സ്ഥിതി വ്യക്തമാക്കുമോ?

സംസ്ഥാനത്ത് ഫലവൃക്ഷക്കൃഷി പ്രോത്സാഹനത്തിന്റെ ഫലവൃക്ഷത്തൈകൾ വിതരണം ചെയ്യുന്നതിനായി കാർഷിക വികസന കർഷക്ഷേമ വകുപ്പ് ഡെവലപ്മെന്റ് ഓഫ് ഫ്രൂട്ട്സ്, ഫ്ലവേഴ്സ് ആൻഡ് മെഡിസിനൽ പ്ലാന്റ്സ് 2022-23 എന്ന പദ്ധതി നടപ്പിലാക്കിവരുന്നു. പ്രസ്തുത പദ്ധതിയുടെ ഒരു പ്രധാനഘടകമാണ് 'ഒരു കോടി ഫലവൃക്ഷതൈകൾ വിതരണം'.

'ഒരു കോടി ഫലവൃക്ഷതൈകൾ വിതരണം' പദ്ധതി ഘടകത്തിലൂടെ സംസ്ഥാനത്തിന്റെ തനത് ഫലവൃക്ഷങ്ങളും വിദേശത്തുനിന്ന് കൊണ്ടുവന്ന് നട്ടുപിടിപ്പിച്ച് വിളയിക്കാൻ കഴിയുന്നതുമായ ഫലവർഗ്ഗങ്ങൾ വീട്ടുവളപ്പിലും പൊതുസ്ഥലങ്ങളിലും നട്ടുപിടിപ്പിച്ച് വിഷരഹിത ഫലവർഗ്ഗങ്ങൾ ഉല്പാദിപ്പിക്കുന്നതിന് പദ്ധതിയിലൂടെ സാദ്ധ്യമാകുന്നു. ഇതിലൂടെ പുതിയ വിദേശയിനങ്ങൾ നമ്മുടെ കർഷകർക്ക് പരിചയപ്പെടുത്തുവാൻ സാധിക്കുന്നു. പദ്ധതിപ്രകാരം നടീൽ വസ്തുക്കളായ ഗ്രാഫ്റ്റ്/ലെയർ/ടിഷ്യൂകൾച്ചർ വാഴ, വാഴക്കന്ന്, തൈകൾ എന്നിവ സംസ്ഥാന കൃഷി വകുപ്പ് ഫാമുകൾ,

വി.എഫ്.പി.സി.കെ., കാർഷിക സർവ്വകലാശാല, കാർഷിക കർമ്മ സേന/അഗ്രോസർവ്വീസ് സെന്റർ, കുടുംബശ്രീ എന്നീ വകുപ്പ്/ഏജൻസികൾ മുഖേനയാണ് ഉല്പാദിപ്പിക്കുന്നത്. പദ്ധതിയിലൂടെ ഗ്രാഫ്റ്റ്, ലെയർ, ടിഷ്യൂക്കൾച്ചർ തൈകൾ 75 ശതമാനം സബ്സിഡിയോടുകൂടിയും ഫലവൃക്ഷത്തൈകളും, വാഴക്കന്നും പൂർണ്ണമായും സൗജന്യമായുമാണ് വിതരണം ചെയ്യുന്നത്. ഫലവൃക്ഷ ഇനങ്ങളുടെ ഒരു കോടി തൈകൾ ഉല്പാദിപ്പിച്ച് കർഷകർക്ക് വിതരണം ചെയ്യുന്നതിനും പൊതുസ്ഥലങ്ങളിൽ വച്ചുപിടിപ്പിക്കുന്നതിനും ഫ്രൂട്ട് ഗാർഡനുകളുണ്ടാക്കുന്നതിനും പദ്ധതി ഊന്നൽ നൽകുന്നു. വിഷരഹിത ഫലവർഗ്ഗങ്ങൾ സംസ്ഥാനത്തെ വീട്ടുവളപ്പുകളിൽ തന്നെ ഉല്പാദിപ്പിക്കുന്നതിനും വിപണനം നടത്തുന്നതിനും അതിലൂടെ കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനും പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു. ഒരു കോടി ഫലവൃക്ഷതൈകൾ വിതരണം പദ്ധതിപ്രകാരം നാളിതുവരെ ആകെ 48,64,165 എണ്ണം ഫലവൃക്ഷത്തൈകൾ സംസ്ഥാനത്തൊട്ടാകെ വിതരണം ചെയ്തു. ഇതിൽ 53,09,37 എണ്ണം ഗ്രാഫ്റ്റുകളും 32,70,31 എണ്ണം ലെയറുകളും, 76,40,98 എണ്ണം ടിഷ്യൂകൾച്ചർ വാഴത്തൈകളും 14,39,352 എണ്ണം വാഴക്കന്നുകളും 18,02,747 എണ്ണം മറ്റ് ഫലവൃക്ഷയിനങ്ങളും ഉൾപ്പെടുന്നു. ഫലവൃക്ഷതൈകൾ നേരിട്ട് വീടുകളിലേയ്ക്ക് എത്തിക്കുന്നില്ല.

കൃഷിഭവനകളിൽനിന്നും ആവശ്യാനുസരണം കർഷകർക്ക് വാങ്ങാവുന്നതാണ്.

(ബി) ഫലവൃക്ഷ കൃഷി പ്രോത്സാഹനത്തിന്റെ ഭാഗമായി എന്തെല്ലാമിനം ഫലവൃക്ഷത്തൈകളാണ് വിതരണം ചെയ്യുന്നത്; വ്യക്തമാക്കുമോ?

സംസ്ഥാനത്തിന്റെ തനത് ഫലവൃക്ഷങ്ങളും വിദേശത്തുനിന്ന് കൊണ്ടുവന്ന് നട്ടുപിടിപ്പിച്ച് വിളയിക്കാൻ കഴിയുന്ന ഫലവർഗ്ഗങ്ങളുമുൾപ്പെടെ പ്ലാവ്, മാവ്, മാതളം, ചാമ്പ ഇനങ്ങൾ, സപ്പോട്ട, ഓറഞ്ച്, പേരക്ക, നാരക ഇനങ്ങൾ, മുരിങ്ങ, കറിവേപ്പ്, കുടംപുളി, പപ്പായ, കടച്ചക്ക (ബ്രഡ്ഫ്രൂട്ട്), വാഴയിനങ്ങൾ, ടിഷ്യുകൾച്ചർ വാഴയിനങ്ങൾ, മുള്ളാത്ത, നെല്ലി, വുഡ്ആപ്പിൾ, ഇലുമ്പൻപുളി, സീതപ്പഴം (അനോന), കസ്റ്റേഡ്ആപ്പിൾ (ആത്ത), ലവിലവി, എഗ്ഗ്ഫ്രൂട്ട് (മുട്ടപ്പഴം), ജാമുൻ (ഞാവൽ) കാരംബോള (സ്റ്റാർഫ്രൂട്ട്), പാഷൻ ഫ്രൂട്ട്, വെസ്റ്റ് ഇന്ത്യൻ ചെറി, ഫുലാസാൻ, ഡൂറിയാൻ, ബറാബ, പീനട്ട് ബട്ടർ, അവക്കാഡോ, റമ്പൂട്ടാൻ, മാഗോസ്റ്റീൻ, ഡ്രാഗൺഫ്രൂട്ട്, ലിച്ചി, മിൽക്ക് ഫ്രൂട്ട് (സ്റ്റാർആപ്പിൾ), മിറക്കിൾ ഫ്രൂട്ട്, തുടങ്ങിയയിനങ്ങളാണ് പദ്ധതിയിലൂടെ വിതരണം ചെയ്യുന്നത്.

(സി) ഫലവൃക്ഷത്തൈകൾ വീടുകളിൽ നേരിട്ട് വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

'ഒരു കോടി ഫലവൃക്ഷതൈകൾ വിതരണം' പദ്ധതിപ്രകാരം കൃഷിഭവനുകളിൽ ഗ്രാഫ്റ്റ്, ലെയർ, ടിഷ്യുകൾച്ചർ വാഴ, വാഴക്കന്ന്, വിവിധയിനം ഫലവൃക്ഷത്തൈകളെത്തിക്കുന്നു. കൃഷിഭവനുകളിൽനിന്നും കർഷകരുടെ അഭിരുചിക്കനുസരിച്ച് തൈകൾ വാങ്ങി തങ്ങളുടെ വീട്ടുവളപ്പുകളിൽ കൃഷി ചെയ്യാവുന്നതാണ്.

**പാലക്കാട് ജില്ലയെ ദേശീയ ഭക്ഷ്യസുരക്ഷാമിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തൽ**

147(1888) <u>ശ്രീ. പി. പി. സുമോദ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സുസ്ഥിര നെൽക്കൃഷി വികസനത്തിൽ പാലക്കാട് ജില്ലയെ ദേശീയ ഭക്ഷ്യ സുരക്ഷാമിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഉൾപ്പെടുത്തിയിട്ടുണ്ട്. നെല്ലിന്റെ സമഗ്ര വികസനം ലക്ഷ്യമിട്ടുകൊണ്ട് പാലക്കാട് ജില്ലയിൽ കേന്ദ്രീകരിച്ച് നടപ്പിലാക്കുന്ന ദേശീയ ഭക്ഷ്യ

സുരക്ഷാമിഷൻ എന്ന കേന്ദ്രാവിഷ്കൃത പദ്ധതിപ്രകാരം പ്രദർശന പ്ലോട്ടുകൾ, സർട്ടിഫൈഡ് വിത്തുല്പാദനം, മണ്ണുപരിപോഷണം, സമീകൃത വളപ്രയോഗം, സംയോജിത കീടരോഗ നിയന്ത്രണം, യന്ത്രവൽക്കരണം, ജലസേചന സൗകര്യം മെച്ചപ്പെടുത്തൽ, ജൈവ നെൽകൃഷി പരിശീലന പരിപാടി തുടങ്ങിയ വിവിധ പദ്ധതി ഘടകങ്ങൾ നടപ്പിലാക്കുന്നു.

(ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി പാലക്കാട് ജില്ലയിൽ എത്രതുക ഏതൊക്കെ ഇനത്തിൽ ചെലവാക്കിയിട്ടുണ്ടെന്ന് തരം തിരിച്ച് വ്യക്തമാക്കാമോ?

പാലക്കാട് ജില്ലയിൽ കേന്ദ്രീകരിച്ച് നടപ്പിലാക്കുന്ന ദേശീയ ഭക്ഷ്യ സുരക്ഷാമിഷൻ എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയിലൂടെ ആകെ 22,09,000/- രൂപ ചെലവഴിച്ചു. പ്രസ്തുത പദ്ധതിയുടെ ഭാഗമായി പാലക്കാട് ജില്ലയിൽ പ്രദർശന പ്ലോട്ടുകൾ എന്ന ഘടകത്തിൽ 3,01,860/- രൂപയും സർട്ടിഫൈഡ് വിത്ത് വിതരണം എന്ന ഘടകത്തിൽ 2,07,552/- രൂപയും മണ്ണ് പരിപോഷണം, സംയോജിത കീടരോഗ നിയന്ത്രണം എന്നീ ഘടകങ്ങളിൽ 2,70,010/- രൂപയും കാർഷിക ഉപകരണങ്ങൾക്കായി 13,80,578/- രൂപയും കാർഷിക പരിശീലനം നടത്തുന്നതിനായി 49,000/- രൂപയും ചെലവഴിച്ചിട്ടുണ്ട്.

(സി) പ്രസ്തുത പദ്ധതി മുഖേന തരൂർ നിയോജകമണ്ഡലത്തിൽ ചെലവാക്കിയ തുക പ്രത്യേകമായി ലഭ്യമാക്കാമോ?

പ്രസ്തുത പദ്ധതി മുഖേന തരൂർ നിയോജകമണ്ഡലത്തിൽ 5,75,390/- രൂപ ചെലവഴിച്ചിട്ടുണ്ട്.

**കർഷക ക്ഷേമനിധി ബോർഡ്**

148(1889) <u>ശ്രീ. ടി. സിദ്ദിഖ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷക ക്ഷേമനിധി ബോർഡിൽനിന്നും നാളിതുവരെ എത്രരൂപയുടെ സഹായം കർഷകർക്ക് വിതരണം ചെയ്തിട്ടുണ്ട്?

കേരള കർഷക ക്ഷേമനിധി പദ്ധതിയിൽ ചേർന്ന് 5 വർഷത്തിൽ കുറയാതെ അംശദായമടയ്ക്കുന്ന അംഗങ്ങൾക്കാണ് ആനുകൂല്യത്തിന് അർഹതയുള്ളത്. 2021 ഡിസംബർ ഒന്നാം തീയതി മുതലാണ് അംഗത്വ രജിസ്ട്രേഷൻ ഓൺലൈനായി ആരംഭിച്ചിട്ടുള്ളത്. പദ്ധതിയിൽ ചേർന്ന് 5 വർഷം പൂർത്തീകരിക്കാത്തതിനാൽ ആനുകൂല്യം നൽകാറായിട്ടില്ല.

(ബി) ബോർഡിന്റെ നാളിതുവരെയുള്ള ഭരണനിർവ്വഹണച്ചെലവ് സാമ്പത്തികവർഷം തിരിച്ച് വ്യക്തമാക്കുമോ; ഭരണനിർവഹണച്ചെലവിന്റെ

പരിധി സംബന്ധിച്ച് നിയമത്തിലോ ബോർഡിന്റെ ഏതെങ്കിലും പദ്ധതിയിലോ വ്യവസ്ഥ ചെയ്തിട്ടുണ്ടോ; വിശദാംശം നൽകുമോ?

ബോർഡിന്റെ ഭരണനിർവ്വഹണച്ചെലവ് സാമ്പത്തികവർഷം തിരിച്ച് ചുവടെ കൊടുക്കുന്നു.

2020-21 - 11,30,251/- രൂപ
2021-22 - 1,02,75,501- രൂപ

കേരള കർഷക ക്ഷേമനിധി ആക്ടിന്റെ സെക്ഷൻ 11(6) പ്രകാരം ബോർഡിന്റെ ഭരണനിർവ്വഹണച്ചെലവുകൾക്കായി നിധിയിൽനിന്നും ചെലവാക്കുന്ന തുകയുടെ പരിധി അംശദായത്തിന്റെ പത്ത് ശതമാനം ആയിരിക്കേണ്ടതാണെന്ന് നിഷ്കർഷിക്കുന്നു.

(സി) ഭരണനിർവ്വഹണച്ചെലവ് നിർവ്വഹിച്ചത് ഏതിനത്തിലുള്ള വരുമാനത്തിൽ നിന്നാണെന്ന് വ്യക്തമാക്കുമോ?

സർക്കാർ ബഡ്ജറ്റ് വിഹിതത്തിൽ നിന്നുമാണ് ഭരണനിർവ്വഹണച്ചെലവ് നിർവഹിച്ചുപോരുന്നത്.

(ഡി) ഓരോ സാമ്പത്തികവർഷവും ആകെ വരുമാനത്തിന്റെ എത്ര ശതമാനം ഭരണനിർവ്വഹണത്തിനായി ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ?

ബഡ്ജറ്റ് വിഹിതം പൂർണ്ണമായും ഭരണനിർവ്വഹണ ചെലവുകൾക്കായാണ് അനുവദിച്ചിരിക്കുന്നത്. കർഷകരുടെ അംശദായമുൾപ്പെടെയുള്ള വരുമാനമുൾപ്പെടുന്ന കർഷക ക്ഷേമനിധിയിൽനിന്നും ഭരണ നിർവ്വഹണത്തിനായി തുകയൊന്നും ചെലവഴിച്ചിട്ടില്ല.

**ജൈവ നിയന്ത്രണകാരികളുടെ ഓൺഫാം ഉല്പാദനവും ഉപയോഗവും വർദ്ധിപ്പിക്കൽ**

149(1890) <u>ശ്രീ. പി. പി. സുമോദ്</u>: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ജൈവ നിയന്ത്രണകാരികളുടെ ഓൺഫാം ഉല്പാദനവും ഉപയോഗവും വർദ്ധിപ്പിക്കുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ?

ജൈവ നിയന്ത്രണകാരികളിലുൾപ്പെടുന്ന മിത്രകുമിളുകളായ ട്രൈക്കോഡെർമ, ബ്യൂവേറിയ, വെർട്ടിസീലിയം തുടങ്ങിയവയും മിത്ര ബാക്ടീരിയായ സ്യൂഡോമോണാസ്, വിവിധ പാരസൈറ്റുകൾ, പാരസറ്റോയ്ഡുകൾ, ട്രൈക്കോ കാർഡുകൾ ഉപയോഗിച്ചുള്ള നിയന്ത്രണമാർഗ്ഗങ്ങൾ ജൈവകൃഷി രീതിയിൽ അവലംബിക്കാറുണ്ട്.

സംസ്ഥാനാവിഷ്കൃത പദ്ധതിയായ "ജൈവ കൃഷിയും ഉത്തമ കൃഷി മുറകളും" എന്ന പദ്ധതിയിലെ "പ്രോജക്ട് അടിസ്ഥാനത്തിൽ ഓൺഫാം ആയി (കൃഷിയിടത്തിൽ) ജൈവ ഉല്പാദനോപാദികളുടെ ഉല്പാദനം" എന്ന ഘടകത്തിലുൾപ്പെടുത്തി ജൈവ നിയന്ത്രണകാരിയായ ട്രൈക്കോഡെർമ ജൈവവളത്തിലൂടെ പ്രവർദ്ധനം നടത്തി സമ്പുഷ്ടീകരിച്ച് കർഷകർക്ക് വിതരണം ചെയ്തുവരുന്നു. അപ്രകാരം പ്രോജക്ടടിസ്ഥാനത്തിൽ ജൈവനിയന്ത്രണകാരികൾ ഉൾപ്പെടെയുള്ള ജൈവ ഉല്പാദനോപാധികൾ ഉല്പാദിപ്പിക്കുന്നതിനുള്ള ചെലവുകളുടെ 75 ശതമാനം തുക സബ്സിഡിയായി നൽകുന്നതിനായി 2022-23 വർഷത്തിൽ 100 ലക്ഷം രൂപ നീക്കി വച്ച് പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു. കൂടാതെ, കേരള കാർഷിക സർവ്വകലാശാലയുടെകീഴിൽ ജൈവ നിയന്ത്രണത്തിനുപയോഗിക്കുന്ന 5 മിത്രകീടാണുക്കളുടെ രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിച്ചു. സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ-കേരള മുഖാന്തരം നടപ്പിലാക്കുന്ന മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ പദ്ധതിയിലുൾപ്പെടുത്തി ബയോകൺട്രോൾ ലാബുകൾ നിർമ്മിക്കുന്നതിനുവേണ്ടി പൊതുമേഖലകളിലും സ്വകാര്യമേഖലയിലും ധനസഹായം നൽകിവരുന്നു. കേരള കാർഷിക സർവകലാശാലയുടെ വിവിധ കേന്ദ്രങ്ങളിലായി 2021-22

കാലങ്ങളിൽ 4.51 കോടി രൂപയുടെ ജൈവ നിയന്ത്രണോപാധികൾ ഉല്പാദിപ്പിച്ച് കർഷകർക്ക് വിതരണം ചെയ്തിട്ടുണ്ട്. ജൈവനിയന്ത്രണ ഉപാധികളായ സ്യൂഡോമൊണസ്, ട്രൈക്കോഡർമ എന്നിവയും ജീവാണുവളങ്ങളായ അസോസ്പൈറില്ലം, ഫോസ്ഫോ ബാക്ടീരിയ, AMF എന്നിവയും, ട്രൈക്കോഡർമ സമ്പുഷ്ടീകരിച്ച ചാണകപ്പൊടി, ട്രൈക്കോഡർമ ആട്ടിൻകാഷ്ഠം, വെർമി കംപോസ്റ്റ്, കൊയർപിത്ത് കംപോസ്റ്റ് എന്നിവയും ഉല്പാദിപ്പിച്ച് കൃഷി വിജ്ഞാനകേന്ദ്രങ്ങൾ മുഖേനയും കൗണ്ടർ സെയിൽസ് വഴിയും കർഷകർക്ക് ലഭ്യമാക്കുന്നു. ജൈവ നിയന്ത്രണോപാധികൾ കർഷകരിലേയ്ക്കെത്തിക്കുവാൻ വിവിധ കൃഷിയിട പരീക്ഷണങ്ങളും മുൻനിര പ്രദർശനവും പരിശീലന പരിപാടികളും കൃഷി വിജ്ഞാനകേന്ദ്രങ്ങൾ സംഘടിപ്പിക്കുന്നു. ജൈവ നിയന്ത്രണകാരികളുടെ ഉല്പാദനവും ഉപയോഗക്രമവും സംബന്ധിച്ച് വിവിധ പരിശീലന പരിപാടികൾ നടത്തിവരുന്നുണ്ട്. കെ.വി.കെ. മലപ്പുറം ബ്ലോക്കുതലത്തിൽ കർഷകർക്കുവേണ്ടി ട്രൈക്കോകാർഡ് ഉല്പാദന യൂണിറ്റുകളാരംഭിക്കുന്നതിനുള്ള മാസ്റ്റർ ട്രെയിനർമാർക്കുള്ള ഒരു പരിശീലന പദ്ധതി നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ ആരംഭിച്ചിട്ടുണ്ട്. ആയതിന്റെ പരിശീലന പരിപാടി പുരോഗമിക്കുന്നു. കെ.വി.കെ. കണ്ണൂർ

സംസ്ഥാന ഹോർട്ടികൾച്ചർ മിഷന്റെ സാമ്പത്തിക സഹായത്തോടെ ഒരു നവീന ബയോകൺട്രോൾ ലാബ് ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ തുടങ്ങിയിട്ടുണ്ട്.

**കർഷക കടാശ്വാസ കമ്മീഷനിൽ ലഭിച്ച പരാതികൾ**

150(1891) <u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷക കടാശ്വാസ കമ്മീഷൻ അവസാനമായി പരാതി സ്വീകരിച്ച 2020 മാർച്ച് 31 വരെ കമ്മീഷനിൽ എത്ര പരാതികൾ ലഭിച്ചിട്ടുണ്ടെന്നും എത്ര പരാതികളിൽ നടപടി പൂർത്തീകരിച്ച് ധനസഹായം വിതരണം ചെയ്തിട്ടുണ്ടെന്നും എത്ര പരാതികളിന്മേൽ നടപടി സ്വീകരിക്കാനുണ്ടെന്നുമുള്ള വിശദാംശം ലഭ്യമാക്കാമോ;

(ബി) നടപടി സ്വീകരിക്കാൻ കാലതാമസം നേരിടുന്നതിന്റെ കാരണം വ്യക്തമാക്കുമോ; മുഴുവൻ അപേക്ഷകളും എത്രയുംവേഗം തീർപ്പ് കൽപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

(എ&ബി) 2020 മാർച്ച് 31 വരെ ആകെ 627930 അപേക്ഷകൾ കടാശ്വാസത്തിന് പരിഗണിച്ചതിൽ 530348 അപേക്ഷകൾ തീർപ്പാക്കിയിട്ടുണ്ട്. കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ,

കോഴിക്കോട്, മലപ്പുറം എന്നീ ജില്ലകളിലെ കേസുകൾ മുഴുവൻ തീർപ്പാക്കിയിട്ടുണ്ട്. മറ്റ് 7 ജില്ലകളിലായി 97582 അപേക്ഷകൾ തീർപ്പാക്കാനുണ്ട്. പ്രസ്തുത അപേക്ഷകൾ അടിയന്തിരമായി തീർപ്പാക്കുന്നതിനായി സിറ്റിംഗുകളുടെ എണ്ണം പരമാവധി വർദ്ധിപ്പിച്ചിട്ടുണ്ട്. 2022-23 സാമ്പത്തികവർഷത്തിൽ ഇതിനോടകം തന്നെ 34,90,03,549/- രൂപ കടാശ്വാസമായി വിതരണം ചെയ്തിട്ടുണ്ട്. ഇത് ബഡ്ജറ്റ് വിഹിതത്തിനുപുറമെ 16 കോടി രൂപ അധിക ധനാനുമതിയായി ലഭ്യമാക്കിയതാണ്. ഫണ്ട് ലഭ്യമാക്കി ബാക്കിയുള്ള കടാശ്വാസ തുക വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**കൃഷിശ്രീ സെന്ററുകളുടെ രൂപീകരണം**

151(1892) ശ്രീ. ഐ. ബി. സതീഷ്:
ശ്രീ. ആന്റണി ജോൺ:
ശ്രീ. എൻ. കെ. അക്ബർ:
ശ്രീ. ജി. സ്റ്റീഫൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ശാസ്ത്രീയ കൃഷിമുറകൾ പ്രോൽസാഹിപ്പിച്ചുകൊണ്ട് കർഷകർക്ക് മെച്ചപ്പെട്ടതും സുസ്ഥിരവുമായ വരുമാനം ഉറപ്പുവരുത്തുന്നതിന് നിലവിലെ വിളയധിഷ്ഠിത കൃഷി

സമ്പ്രാദായത്തിന് പകരം കൃഷിയിടാധിഷ്ഠിത വികസന പദ്ധതികൾ നടപ്പിലാക്കാനാരംഭിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

ഉണ്ട്. കൃഷിയിടാധിഷ്ഠിത വികസന പദ്ധതിയുടെ വിവിധ ഘടകങ്ങൾക്കായി ആകെ 3,350 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഈ പദ്ധതി പ്രകാരം ഒരു കൃഷിഭവനിൽ 10 എന്ന തോതിൽ 10760 വിളയിടാധിഷ്ഠിത പ്ലോട്ടുകൾ സജ്ജമാക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. ഇതിൽ 1000 എണ്ണം IFS പ്ലോട്ടുകളും 9760 എണ്ണം non IFS പ്ലോട്ടുകളുമാണ്. സംസ്ഥാനത്തൊട്ടാകെ കൃഷിയിടാധിഷ്ഠിത ആസൂത്രണ പദ്ധതിക്കായി നാളിതുവരെ 12930 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ഇതിലൂടെ 3182 (394 IFS-ഉം 2788 non IFS-ഉം) കർഷകരെ കൃഷിയിടാധിഷ്ഠിത ആസൂത്രണ പദ്ധതിക്കായി തെരഞ്ഞെടുത്തിട്ടുണ്ട്. 239 കൃഷിയിടാധിഷ്ഠിത പ്ലാനുകൾക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്. പദ്ധതി നിർവ്വഹണം ദ്രുതഗതിയിലാക്കുന്നതിനുള്ള നിർദ്ദേശം ജില്ലകൾക്ക് നൽകിയിട്ടുണ്ട്.

(ബി) കർഷകർ നേരിടുന്ന പ്രധാന പ്രശ്നങ്ങളിലൊന്ന് വിദഗ്ദ്ധ കാർഷിക തൊഴിലാളികളുടെ അഭാവമാണെന്നതിനാൽ തൊഴിൽസേന രൂപീകരിക്കാനുദ്ദേശ്യമുണ്ടോ?

വിദഗ്ദ്ധ കാർഷിക തൊഴിലാളികളുടെ അഭാവം പരിഹരിക്കുന്നതിനായി നിലവിൽ പഞ്ചായത്തുതലത്തിൽ കാർഷിക കർമ്മസേനകളും ബ്ലോക്കുതലത്തിൽ അഗ്രോ സർവ്വീസ് സെന്ററുകളും/കൃഷിശ്രീ സെന്ററുകളും പ്രവർത്തിച്ചുവരുന്നു. കാർഷിക പ്രവർത്തനങ്ങളിൽ യന്ത്രവൽക്കരണം വ്യാപിപ്പിക്കുന്നതോടൊപ്പം കാർഷിക മേഖലയ്ക്കാവശ്യമായ വിവിധ സേവനങ്ങളും ലഭ്യമാക്കുകയെന്നതാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്.

(സി) സംസ്ഥാനത്തെ കൃഷികൾക്കും കൃഷിയിടങ്ങൾക്കും അനുയോജ്യമായ ചെറുകിട യന്ത്രങ്ങളുടെ ഉപയോഗം വ്യാപകമാക്കുന്നതിന് കൃഷിശ്രീ സെന്ററുകൾ സ്ഥാപിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

സംസ്ഥാനത്ത് 2022-23 വർഷത്തിൽ വയനാട് ജില്ലയൊഴികെ മറ്റെല്ലാ ജില്ലകളിലുമായി 20 കൃഷിശ്രീ സെന്ററുകൾ/അഗ്രോ സർവ്വീസ് സെന്ററുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

**കുണ്ടറ മണ്ഡലത്തിലെ ചിറയിൽകുളം നവീകരണം**

152(1893) <u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുണ്ടറ നിയോജകമണ്ഡലത്തിലെ കുണ്ടറ പഞ്ചായത്ത് പരിധിയിൽ വരുന്ന ചിറയിൽക്കുളം നവീകരിക്കുന്നതിന്റെ ഭാഗമായുള്ള മണ്ണുമാറ്റൽ സംബന്ധിച്ച് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട ഫയൽ നിലവിൽ ഏത് ഓഫീസിന്റെ പരിഗണനയിലാണുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തി എത്രയുംവേഗം നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

(എ-സി) കുണ്ടറ നിയോജകമണ്ഡലത്തിലെ കുണ്ടറ പഞ്ചായത്ത് പരിധിയിൽ വരുന്ന ചിറയിൽക്കുളം നവീകരിക്കൽ കൃഷി വകുപ്പുമായി ബന്ധപ്പെട്ട് നടത്തിയിട്ടില്ല.

**പൂഞ്ഞാർ മണ്ഡലത്തിലെ മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾ**

153(1894) <u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ മണ്ഡലത്തിൽ കൃഷി വകുപ്പിന്റെ മണ്ണ് സംരക്ഷണ വിഭാഗം നടത്തിവരുന്ന പ്രവൃത്തികൾ എന്തെല്ലാം; വിശദമാക്കുമോ;

(ബി) ഇവയിൽ ഓരോ പ്രവൃത്തിക്കും അനുവദിച്ച തുക, പ്രവൃത്തിയുടെ നിലവിലെ സ്ഥിതി എന്നിവ സംബന്ധിച്ച വിശദാംശം അറിയിക്കുമോ?

(എ&ബി) മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് മുഖേന പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ നബാർഡ് സാമ്പത്തിക സഹായത്തോടെയുള്ള RIDF-ലുൾപ്പെടുത്തി 2 പദ്ധതികളും മണ്ണിടിച്ചിൽ പ്രദേശങ്ങളുടെ ബലപ്പെടുത്തൽ പദ്ധതിയും നടപ്പിലാക്കിവരുന്നു. പദ്ധതികളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

**കത്തുകളുടെ പകർപ്പ് ലഭിക്കുന്നതിന് നടപടി**

154(1895) ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യത്തിന് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നിലവിലെ സർക്കാർ അധികാരത്തിൽ വന്നശേഷം വിവിധ സർവ്വകലാശാലകളുടെ പ്രൊചാൻസലർ എന്ന നിലയിൽ ഉന്നതവിദ്യാഭ്യാസ വകുപ്പുമന്ത്രി ചാൻസലർ കൂടിയായ ഗവർണർക്ക് നൽകിയ കത്തുകളുടെ പകർപ്പ് ലഭ്യമാക്കുമോ?

D.O. കത്തുകളായതിനാൽ പകർപ്പ് ലഭ്യമല്ല.

**ഉന്നതവിദ്യാഭ്യാസരംഗം ശക്തിപ്പെടുത്താൻ നടപടി**

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

155(1896) <u>ശ്രീ. ലിന്റോ ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉന്നതവിദ്യാഭ്യാസരംഗം ശക്തിപ്പെടുത്തുന്നതിനും മെച്ചപ്പെടുത്തുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ച് വരുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത നടപടികളുടെ ഫലമായി അക്കാദമിക, ഭൗതിക മേഖലയിലുണ്ടാകുന്ന മാറ്റങ്ങൾ എന്താണെന്ന് വ്യക്തമാക്കുമോ?

(എ&ബി) ഉന്നതവിദ്യാഭ്യാസരംഗത്തെ സമഗ്രവികസനത്തിന്റെ ഭാഗമായി കോളേജ് വിദ്യാഭ്യാസവകുപ്പിനുകീഴിലുള്ള വിവിധ കോളേജുകൾ, ഹോസ്റ്റലുകൾ എന്നിവയുടെ നവീകരണങ്ങൾക്കായി 61 കോടി രൂപയോളം രൂപ അനുവദിച്ചുനൽകിയിട്ടുണ്ട്. 2022-23 അദ്ധ്യയന വർഷം നാക് സന്ദർശനത്തിനായി തയ്യാറെടുക്കുന്ന കോളേജുകൾക്ക് കോളേജ് നവീകരണപ്രവർത്തനങ്ങൾക്കായി 60 ലക്ഷം രൂപ അനുവദിച്ചുനൽകി. അതോടൊപ്പം കോളേജുകളിൽ സ്ഥിതിചെയ്യുന്ന വിവിധ ശാസ്ത്രവിഷയങ്ങളുടെ ലാബ്, ലൈബ്രറി എന്നിവയുടെ വികസനത്തിനായി 9 കോടി രൂപ അനുവദിച്ചു നൽകിയിട്ടുണ്ട്. കൂടാതെ, സംസ്ഥാനത്ത്

ഉന്നതവിദ്യാഭ്യാസ മേഖലയെ വൈജ്ഞാനിക ഹബ്ബാക്കി മാറ്റുന്നതിനുള്ള പരിഷ്കാരങ്ങൾ ചുവടെ ചേർക്കുന്നു.

1. കരിക്കുലം പരിഷ്കാരം:- 4 വർഷ ബിരുദപ്രോഗ്രാമുകൾ ആരംഭിക്കുന്നതിനാവശ്യമായ കരിക്കുലം ചട്ടക്കൂട് രൂപീകരിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

2. വിവിധ സർവ്വകലാശാലകളിൽ ട്രാൻസ്ലേഷണൽ റിസർച്ച് സെന്ററുകൾ സ്ഥാപിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

3. Rebuild Kerala വിഷയാധിഷ്ഠിതമായി ഗവേഷണത്തിന് പ്രോത്സാഹനം നൽകുന്നതിന് മുഖ്യമന്ത്രിയുടെ നവകേരള പോസ്റ്റ് ഡോക്ടറൽ ഫെല്ലോഷിപ്പുകൾ ഏർപ്പെടുത്തി. ആദ്യഘട്ടത്തിൽ 77 ഫെല്ലോഷിപ്പുകൾ നൽകിക്കഴിഞ്ഞു.

4. മികവിന്റെ കേന്ദ്രങ്ങൾ (സെന്റേഴ്സ് ഓഫ് എക്സലൻസ്): നിലവിലുള്ള യൂണിവേഴ്സിറ്റി സ്കൂളുകൾ/ഡിപ്പാർട്ട്മെൻറുകൾ/സെന്ററുകൾ എന്നിവയുടെ മികവ് പരിശോധിച്ച് മികവിന്റെ കേന്ദ്രങ്ങളായി രൂപാന്തരപ്പെടുത്തും. ഇതുസംബന്ധിച്ച ശിപാർശ സർക്കാരിന്റെ പരിഗണനയിലാണ്.

5. പുതുതലമുറ കോഴ്സുകൾ:- സംസ്ഥാനത്തെ സർവ്വകലാശാലകളിലും കോളേജുകളിലും ബിരുദ, ബിരുദാനന്തര ബിരുദ പ്രോഗ്രാമുകൾക്ക് ഇരുപതിനായിരത്തോളം സീറ്റുകൾ വർദ്ധിപ്പിക്കുകയുണ്ടായി. കൂടാതെ സർവ്വകലാശാലകളിലും കോളേജുകളിലും പുതുതലമുറ (New Generation Inter Disciplinary) സ്വഭാവമുള്ള 170-ഓളം കോഴ്സുകളാരംഭിക്കുകയുണ്ടായി.

6. സർവ്വകലാശാലകളിൽ പ്രോജക്ട് മോഡ് പ്രോഗ്രാമുകൾ ആരംഭിക്കാനുള്ള നടപടികളാരംഭിച്ചിട്ടുണ്ട്.

7. മറ്റ് പ്രധാന പദ്ധതികൾ:-

- കേരള അക്കാദമിക് ലൈബ്രറി നെറ്റ്‌വർക്കിന്റെ (കാൽനെറ്റ്) വികസനം
- ഇ-ജേർണൽ കൺസോർഷ്യം
- ഡിജികോൾ
- ഓൺലൈൻ ഡിജിറ്റൽ ശേഖരം
- കേരള ഇൻസ്റ്റിറ്റ്യൂഷണൽ റാങ്കിംഗ് ഫ്രെയിം വർക്ക് (KIRF)
- അദ്ധ്യാപക പരിശീലന പദ്ധതി
- സ്റ്റേറ്റ് അസസ്സ്‌മെന്റ് ആൻഡ് അക്രഡിറ്റേഷൻ സെന്റർ (SAAC)

- ബ്രെയിൻ ഗെയിൻ (ലോകമെമ്പാടുമുള്ള കേരളീയ അക്കാദമിക് ഡയസ്പോറയെ കുറിച്ചുള്ള ഡാറ്റാബേസ്)
- എറുഡൈറ്റ് സ്കോളർ ഇൻ റസിഡൻസ് പ്രോഗ്രാം
- ചീഫ് മിനിസ്റ്റേഴ്സ് നവകേരള പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പ്

വിദ്യാർത്ഥികളുടെ ക്ഷേമപ്രവർത്തനങ്ങൾക്കായി നടത്തിവരുന്ന ജീവനി പദ്ധതിയുടെ ഭാഗമായി 73 സർക്കാർ കോളേജുകളിൽ സൈക്കോളജിസ്റ്റുമാരെ നിയമിക്കുകയുണ്ടായി. സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് സൗജന്യനിരക്കിൽ ഉച്ചഭക്ഷണം എത്തിക്കുകയെന്ന ലക്ഷ്യത്തോടെ സർക്കാർ അനുമതിയോടെ നടപ്പ് അദ്ധ്യയനവർഷം മുതൽ "വിശപ്പ് രഹിത കാമ്പസ്" എന്ന പദ്ധതി ആരംഭിക്കുകയും വിദ്യാർത്ഥികൾക്ക് സൗജന്യനിരക്കിൽ ഉച്ചഭക്ഷണമനുവദിക്കുന്നതിനുമായി ഒരു കോടിയിലധികം രൂപ അനുവദിച്ചിട്ടുണ്ട്. വകുപ്പിനുകീഴിലുള്ള 4 സംഗീത കോളേജുകളിലെ വിദ്യാർത്ഥികൾക്ക് കലാരംഗത്തെ അവരുടെ വൈദഗ്ദ്ധ്യം പൊതുജനങ്ങൾക്കായി കാഴ്ചവയ്ക്കുന്നതിനായി മ്യൂസിക് ഫെസ്റ്റ് സംഘടിപ്പിക്കുകയുണ്ടായി. പൊതുജനങ്ങളിൽനിന്നും വളരെ മികച്ച പ്രതികരണവും സംഗീത-ഫൈൻ ആർട്സ് വിദ്യാർത്ഥികൾക്ക് ഒരു പുതിയ

അനുഭവം സൃഷ്ടിക്കുവാനും ഇതിലൂടെ സാധിച്ചു. വിദ്യാർത്ഥികൾക്ക് സമ്പാദ്യശീലം വളർത്തുന്നതിനായി ആസൂത്രണം ചെയ്ത് ASAP-മായി ചേർന്ന് നടപ്പിലാക്കിവരുന്ന പദ്ധതിയാണ് "Earn While You Learn" .

PLEASE-ഗവേഷണ പഠനം പ്രോത്സാഹിപ്പിക്കുകയെന്ന ലക്ഷ്യത്തോടെ ആരംഭിച്ച പദ്ധതി.

"ഗ്രീൻ കാമ്പസ്"-മാലിന്യവിമുക്തമായ കോളേജ് കാമ്പസ് നിർമ്മിക്കുന്നതിന്റെ ഭാഗമായി രൂപീകരിച്ച പദ്ധതി.

Gender Sensitization & Media Literacy: കോളേജുകളിൽ ലിംഗസമത്വം ഉറപ്പാക്കുന്നതിനായി രൂപീകരിച്ചിട്ടുള്ള ബോധവൽക്കരണ പരിപാടിയാണ് Gender Sensitization. അതിലേയ്ക്കായി 2 ദിവസത്തെ ശില്പശാല സംഘടിപ്പിക്കുകയും ശില്പശാലയിൽ ഉരുത്തിരിഞ്ഞ ആശയങ്ങൾ കോളേജുകളിൽ നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങളാരംഭിച്ചിട്ടുണ്ട്.

സ്റ്റുഡന്റ്സ് ഫോർ സൊസൈറ്റി-വിദ്യാർത്ഥികളെ സാമൂഹിക പ്രവർത്തനങ്ങളിൽ ഇടപെടുത്തുന്നതിന്റെ ഭാഗമായി ആവിഷ്കരിച്ച പദ്ധതി.

**ലഹരിക്കെതിരെ ഉന്നത വിദ്യാഭ്യാസ വകുപ്പ്**
**നടത്തിവരുന്ന പ്രവർത്തനങ്ങൾ**

156(1897) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:

<u>ഡോ. സുജിത് വിജയൻപിള്ള</u>:
<u>ശ്രീ. പി. നന്ദകുമാർ</u>:
<u>ശ്രീമതി ഒ. എസ്. അംബിക</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാർത്ഥികൾക്കിടയിലെ മയക്കുമരുന്ന് വ്യാപനം തടയുന്നതിന് ഉന്നതവിദ്യാഭ്യാസ വകുപ്പ് നടത്തിവരുന്ന പ്രവർത്തനങ്ങൾ വിശദമാക്കുമോ;

(ബി) ലഹരിക്കെതിരായ പോരാട്ടം വളരെ ചെറുപ്രായത്തിൽത്തന്നെ വിദ്യാർത്ഥികളിൽ വളർത്തിയെടുക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആസൂത്രണം ചെയ്തുവരുന്നതെന്ന് വെളിപ്പെടുത്തുമോ?

(എ&ബി) ഉന്നതവിദ്യാഭ്യാസ വകുപ്പിനുകീഴിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ മയക്കുമരുന്ന് വ്യാപനം തടയുന്നതിനായി സർക്കാർ ബൃഹത് പദ്ധതികളാണ് ആസൂത്രണം ചെയ്തിട്ടുള്ളത്. ഇതിന്റെ ഒന്നാംഘട്ടം ഒക്ടോബർ 6-ന് ആരംഭിച്ച് കേരളപ്പിറവി ദിനമായ നവംബർ 1-ന് അവസാനിക്കുകയുണ്ടായി. ഒന്നാംഘട്ടത്തിന്റെ ഭാഗമായി വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നടപ്പിലാക്കാനുദ്ദേശിക്കുന്ന പദ്ധതികളെ സംബന്ധിച്ച് സർക്കാർ വിശദമായ ആക്ഷൻ പ്ലാൻ തയ്യാറാക്കുകയും ആയത് സർക്കുലർ മുഖേന ഉന്നതവിദ്യാഭ്യാസ വകുപ്പിനുകീഴിൽവരുന്ന എല്ലാ

വിദ്യാഭ്യാസസ്ഥാപനങ്ങൾക്കും അയച്ചുകൊടുത്ത് നടപ്പിലാക്കുന്നതിനുള്ള കർശന നിർദ്ദേശം നൽകുകയുമുണ്ടായി. പ്രസ്തുത സർക്കുലറിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.+ ഒന്നാംഘട്ട പ്രവർത്തനങ്ങളുടെ സമാപനത്തിന്റെ ഭാഗമായി ലഹരിവിരുദ്ധ പ്രവർത്തനങ്ങൾ ഏറ്റവും നന്നായി നടപ്പിലാക്കിയ കോളേജുകൾക്ക് പുരസ്കാരങ്ങൾ നൽകുകയുണ്ടായി. കൂടാതെ കോളേജുകളിൽ No to Drugs എന്ന വിഷയത്തെ ആസ്പദമാക്കി ബോധപൂർണ്ണിമ എന്ന പേരിൽ കഥ, കവിത, ഷോർട്ട് ഫിലിമുകൾ, ലേഖനം, ചിത്രരചന എന്നിവയുൾപ്പെടുത്തി മത്സരങ്ങൾ നടത്തുകയും ആയതിൽ വിജയികളായവർക്ക് ഉന്നതവിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ പുരസ്കാരവും പ്രശസ്തിപത്രവും നൽകുകയുണ്ടായി. സംസ്ഥാനത്തെ എല്ലാ കോളേജുകളിൽ നിന്നുള്ള വിദ്യാർത്ഥികളും ഈ സംരംഭത്തിൽ പങ്കാളികളായി. കേരളപ്പിറവി ദിനമായ നവംബർ ഒന്നാം തീയതി ലഹരിവിരുദ്ധ ഒന്നാംഘട്ട കാമ്പയിന്റെ സമാപനത്തോടനുബന്ധിച്ച് സംസ്ഥാന വ്യാപകമായി നടന്ന ലഹരിവിരുദ്ധ മനുഷ്യച്ചങ്ങലയുടെ ഭാഗമായി കോളേജുകളിലെ അദ്ധ്യാപക അനദ്ധ്യാപക ജീവനക്കാരും വിദ്യാർഥികളും ലഹരിവിരുദ്ധ പ്രതിജ്ഞ ചൊല്ലുകയും ലഹരി വസ്തുക്കൾ പ്രതീകാത്മകമായി കത്തിക്കുകയും ചെയ്യുകയുണ്ടായി. സമാപന സമ്മേളനത്തോടനുബന്ധിച്ച് പി.റ്റി.എ. പ്രതിനിധികൾ, പൂർവ്വ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വിദ്യാർത്ഥികൾ, കലാലയവുമായി ബന്ധമുള്ള പൊതുപ്രവർത്തകർ, വിദ്യാലയ വികസനസമിതി പ്രതിനിധികൾ, പോലീസ്-എക്സൈസ് ഉദ്യോഗസ്ഥർ, ആരോഗ്യസ്ഥാപന പ്രതിനിധികൾ എന്നിവരെയുൾപ്പെടുത്തി സംസ്ഥാനത്തുടനീളം ലഹരിവിരുദ്ധ സമ്മേളനങ്ങൾ സംഘടിപ്പിക്കുകയുണ്ടായി. ലഹരിവിരുദ്ധ കാമ്പയിന്റെ രണ്ടാംഘട്ടം 2022 നവംബർ 14 മുതൽ 2023 ജനുവരി 26 വരെ സംഘടിപ്പിക്കുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. അതിന്റെ ഭാഗമായി ഉന്നതവിദ്യാഭ്യാസ വകുപ്പിനുകീഴിൽ വരുന്ന കലാലയ കാമ്പസുകളിൽ സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ചുള്ള വിശദാംശങ്ങൾ ഒരു അറിയിപ്പ് മാതൃകയിൽ ഉന്നതവിദ്യാഭ്യാസ വകുപ്പിനുകീഴിലുള്ള എല്ലാ സ്ഥാപങ്ങൾക്കും അയച്ചുകൊടുത്തിട്ടുണ്ട്. ആയതിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.+

(സി) ലഹരിവിരുദ്ധ പ്രചരണം സമൂഹത്തിന്റെ എല്ലാ മേഖലകളിലും എത്തിക്കുന്നതിന് വിദ്യാർത്ഥികളുൾപ്പെട്ട സ്ഥിരവും സജീവവുമായ സമിതികൾക്ക് രൂപം നൽകുന്നതിനെക്കുറിച്ച് ഉന്നതവിദ്യാഭ്യാസ വകുപ്പ് ആലോചിക്കുന്നുണ്ടോയെന്ന് അറിയിക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ലഹരിവിരുദ്ധ പ്രചരണം സമൂഹത്തിന്റെ എല്ലാ മേഖലകളിലും എത്തിക്കുന്നതിന് വിദ്യാർത്ഥികളുൾപ്പെട്ട സ്ഥിരവും സജീവവുമായ സമിതികൾ രൂപീകരിക്കുന്നതിനുള്ള നിർദ്ദേശം സർക്കാർ നൽകിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി NSS, NCC എന്നിവയുടെ ആഭിമുഖ്യത്തിൽ ഓരോ കാമ്പസിൽ നിന്നും വിദ്യാർത്ഥികളെ ഉൾപ്പെടുത്തി ലഹരിവിരുദ്ധ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നതിനായി ' ആസാദ് ' എന്ന പേരിൽ ഒരു ലഹരിവിരുദ്ധ സേന ഇതിനോടകം തന്നെ രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത സേനയിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികൾക്ക് വിദ്യാലയങ്ങളിലെ ലഹരിയുപയോഗം കണ്ടെത്തി ആയത് തടയുന്നതിനാവശ്യമായ പരിശീലനം നൽകിയിട്ടുണ്ട്. ലഹരിയുപയോഗം തടയുന്നതിനായി വിമുക്തി ക്ലബുകൾ എല്ലാ കാമ്പസുകളിലും സ്ഥാപിച്ച് അവയുടെ പ്രവർത്തനം മെച്ചപ്പെടുത്തുവാനും ശ്രദ്ധ, നേർക്കൂട്ടം എന്നിവയുടെ പ്രവർത്തനം എല്ലാ സ്ഥാപനങ്ങളിലും വിപുലപ്പെടുത്താനും ഹോസ്റ്റലുകൾ കേന്ദ്രീകരിച്ച് വാർഡൻമാരുടെ അദ്ധ്യക്ഷതയിൽ പ്രത്യേക 'ശ്രദ്ധ കമ്മിറ്റികൾ' രൂപീകരിക്കാനും സ്ഥാപനമേധാവികൾക്ക് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.

**കോളേജ് വിദ്യാർത്ഥികളുടെ മാനസികാരോഗ്യ**

## പരിപാലനം ലക്ഷ്യമിട്ടുള്ള പദ്ധതികൾ

157(1898) ശ്രീ. കെ. യു. ജനീഷ് കുമാർ:
ശ്രീ. എം. മുകേഷ്:
ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി:
ശ്രീമതി ദെലീമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കലാലയങ്ങളിൽ ലിംഗനീതി ബോധനത്തിനും പരാതി പരിഹാരങ്ങൾക്കുമായി പ്രത്യേകമായ പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; ഇതിന്റെ ഭാഗമായി പ്രത്യേകമായ പ്രചരണ പരിപാടികൾക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) സമൂഹത്തിൽ ലൈംഗികാതിക്രമങ്ങൾ നിലനിൽക്കുന്ന സാഹചര്യത്തിൽ കാമ്പസുകളിൽ വൈകാരിക സുരക്ഷ ഉറപ്പുവരുത്താൻ നടപടികൾ സ്വീകരിച്ചുവരുന്നുണ്ടോ; ഇതിനായി കാമ്പസുകളിൽ പ്രത്യേക കൗൺസിലിംഗ് കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

(എ&ബി) ഉണ്ട്. കലാലയങ്ങളിൽ ലിംഗസമത്വം ഉറപ്പാക്കുന്നതിനായി പാഠ്യരീതിയിലുൾപ്പെടെ മാറ്റങ്ങൾ വരുത്തുവാനും കലാലയങ്ങളിൽ നടത്തേണ്ട ബോധവൽക്കരണം, സെമിനാർ എന്നിവ നടത്തുന്നതിനുമായി സർക്കാർ-എയ്ഡഡ് കോളേജുകളിലെ അദ്ധ്യാപകരെ സംഘടിപ്പിച്ച് 2

ദിവസത്തെ ശില്പശാല നടത്തുകയുണ്ടായി. ശില്പശാലയിൽ ഉരുത്തിരിഞ്ഞ ആശയങ്ങൾ ഉൾപ്പെടുത്തി മൊഡ്യൂൾ തയ്യാറാക്കുകയും അതോടൊപ്പം കോളേജുകളിൽ ബോധവൽക്കരണ സെമിനാറുകളും സംഘടിപ്പിച്ചുവരുന്നു. കോളേജുകളിൽ വിദ്യാർത്ഥികൾക്ക് മാനസിക ലഘൂകരണത്തിനായുള്ള കൗൺസിലിംഗ് കേന്ദ്രം പ്രവർത്തിക്കുന്നുണ്ട്.

സാങ്കേതിക വിദ്യാഭ്യാസവകുപ്പിനുകീഴിൽ എല്ലാ കാമ്പസുകളിലും ലിംഗനീതി ബോധവൽക്കരണ പരിപാടികൾ പതിവായി നടത്താറുണ്ട്. വിദ്യാർത്ഥികൾ വിവിധ മാർഗ്ഗങ്ങളിലൂടെ പൊതുജനങ്ങൾക്കിടയിൽ പ്രചരണം നടത്തുന്നുണ്ട്. കാമ്പസുകളിൽ ഇന്റേണൽ കംപ്ലയിന്റ് സെൽ ഉൾപ്പെടെയുള്ള പരാതി പരിഹാര സെല്ലുകൾ സ്ഥാപിക്കുകയും നിയമ, പോലീസ് വകുപ്പുകളുടെ സഹായത്തോടെ പരിപാടികൾ നടത്തുകയും ചെയ്യുന്നുണ്ട്. ലൈംഗികാതിക്രമങ്ങളെ തരണം ചെയ്യുന്നതിനായി ഇമോഷണൽ സെക്യൂരിറ്റി കൗൺസിലിംഗ് സെന്ററുകൾ സ്ഥാപിച്ചിട്ടുണ്ട്.

(സി) കോളേജ് വിദ്യാർത്ഥികളുടെ മാനസികാരോഗ്യ പരിപാലനം ലക്ഷ്യമിട്ട് പ്രത്യേക പദ്ധതി ആരംഭിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

ഉണ്ട്. വിദ്യാർത്ഥികളുടെ മാനസിക സംഘർഷം കുറയ്ക്കുന്നതിനും മാനസികാരോഗ്യം വളർത്തുന്നതിനുമായി 2019 മുതൽ നടപ്പിലാക്കിവരുന്ന

പദ്ധതിയാണ് ജീവനി. പദ്ധതിയുടെ ഭാഗമായി സർക്കാർ കോളേജുകളിൽ സൈക്കോളജി വിദഗ്ധരെ നിയമിക്കുകയും വിദ്യാർത്ഥികൾക്ക് മാനസിക ലഘൂകരണത്തിനായുള്ള കൗൺസിലിംഗ് നൽകിവരികയും ചെയ്യുന്നു. 2022-23 അദ്ധ്യയനവർഷം വകുപ്പിനുകീഴിലുള്ള 73 സർക്കാർ കോളേജുകളിൽ സൈക്കോളജി അപ്രന്റീസുമാരെ നിയമിച്ചിട്ടുണ്ട്.

സാങ്കേതിക വിദ്യാഭ്യാസ വകുപ്പിനുകീഴിൽ സ്ഥാപനങ്ങൾ വിദ്യാർത്ഥികൾക്ക് Mentoring ക്രമീകരിച്ചിരിക്കുന്നതിനാൽ അവർ അദ്ധ്യാപകരുമായി കൂടുതൽ ഇടപഴകാനും അവരുടെ പ്രശ്നങ്ങൾ പങ്കിടാൻ തയ്യാറാകുകയും ചെയ്യുന്നു. ആവശ്യമുള്ളപ്പോഴെല്ലാം മെഡിക്കൽ ഡിപ്പാർട്ടുമെന്റിന്റെ സഹായത്തോടെ പ്രൊഫഷണൽ കൗൺസിലിംഗ് ക്രമീകരിച്ചിട്ടുണ്ട്. അതോടൊപ്പം 04-10-2021-ലെ സർക്കാർ ഉത്തരവ് സ.ഉ.(സാധാ)നം.1317/2021 പ്രകാരം ക്ലാസുകൾ, Gender Justice ഫോറങ്ങൾ, Internal Complaints Committee എന്നിവ നടപ്പിലാക്കുവാൻ എല്ലാ സ്ഥാപനമേധാവികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. Internal Complaints Committee അംഗങ്ങളുടെ പേരുവിവരങ്ങൾ നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കുവാനുള്ള നടപടി കൈക്കൊള്ളുവാനും സ്ഥാപനമേധാവികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## വൈസ് ചാൻസലർമാരുടെ ശമ്പളം തിരിച്ചുപിടിക്കാൻ നടപടി

158(1899) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യു.ജി.സി. മാനദണ്ഡങ്ങൾക്കുവിരുദ്ധമായ സെലക്ഷൻ പ്രക്രിയയിലൂടെ വൈസ് ചാൻസലർമാരായി നിയമനം ലഭിച്ചവർ കൈപ്പറ്റിയ ശമ്പളവും മറ്റാനുകൂല്യങ്ങളും തിരിച്ചുപിടിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) പ്രസ്തുത വി.സി.-മാരിൽ നിലവിൽ സർവ്വീസിൽ നിന്ന് വിരമിച്ചവരുമുൾപ്പെട്ടിട്ടുണ്ടോ; നിയമനപ്രക്രിയ അസാധുവായ സാഹചര്യത്തിൽ വിരമിക്കൽ ആനുകൂല്യങ്ങൾ നൽകിയിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ?

(എ&ബി) നടപടികൾ സ്വീകരിച്ചിട്ടില്ല. യു.ജി.സി. മാനദണ്ഡങ്ങളും സർവ്വകലാശാലാ നിയമങ്ങളും പാലിച്ചാണ് ചാൻസലർ വൈസ് ചാൻസലർമാരെ നിയമിച്ചിട്ടുള്ളത്. ഇതുമായി ബന്ധപ്പെട്ട വിഷയങ്ങൾ കോടതികളുടെ പരിഗണനയിലാണ്.

## വിദ്യാഭ്യാസ മേഖലയിൽ അശാസ്ത്രീയവും ചരിത്രവിരുദ്ധവുമായ നയങ്ങൾ അടിച്ചേൽപ്പിക്കുവാൻ ശ്രമം

159(1900) ശ്രീ. സജി ചെറിയാൻ:
ശ്രീ. പി. വി. അൻവർ:
ശ്രീ. കെ. പ്രേംകുമാർ:
ശ്രീമതി കാനത്തിൽ ജമീല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഖാപ്പ് പഞ്ചായത്തുകൾ ജനാധിപത്യത്തിന്റെ ആദ്യകാല മാതൃകയാണെന്നും വേദകാലം മുതൽ രാജ്യത്ത് ജനാധിപത്യ വ്യവസ്ഥയുണ്ടെന്നും വിദ്യാർത്ഥികളെ പഠിപ്പിക്കണമെന്നാവശ്യപ്പെട്ട് യു.ജി.സി. ചെയർമാൻ ഗവർണർമാർക്ക് കത്തെഴുതിയതായിട്ടുള്ള മാധ്യമവാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത പത്രവാർത്തയുടെ അടിസ്ഥാനത്തിൽ ഉന്നതവിദ്യാഭ്യാസ മേഖലയിൽ അശാസ്ത്രീയവും ചരിത്രവിരുദ്ധവുമായ നയങ്ങൾ അടിച്ചേൽപ്പിക്കുവാൻ ശ്രമം നടക്കുന്നതായി വിലയിരുത്തിയിട്ടുണ്ടോ?

ചരിത്രത്തെ വികലമായി പുനർനിർമ്മിക്കുന്ന തരത്തിലുള്ള നിർദ്ദേശങ്ങൾ യു.ജി.സി.-യിൽ നിന്നുണ്ടാകുന്നത് പ്രതിരോധിക്കുന്നതിനുള്ള

പ്രവർത്തനങ്ങൾ സർവ്വകലാശാലകളും അക്കാദമിക് നേതൃത്വവും ഏറ്റെടുക്കേണ്ടതുണ്ട്.

(സി) കേന്ദ്ര സർക്കാർ മന്ത്രാലയങ്ങൾ നൽകിവരുന്ന നൂറോളം ശാസ്ത്ര പുരസ്കാരങ്ങളും എൻഡോവ്മെന്റുകളും നിർത്തലാക്കുന്നത് സംബന്ധിച്ച് വിജ്ഞാപനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

കേന്ദ്രസർക്കാർ മന്ത്രാലയങ്ങൾ നൽകിവരുന്ന ചില സ്കോളർഷിപ്പുകളും എൻഡോവ്മെന്റുകളും നിർത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) ശാസ്ത്രഗവേഷണ രംഗത്ത് പ്രസ്തുത നടപടികൾ എന്ത് പ്രത്യാഘാതമാണ് ഉണ്ടാക്കുകയെന്ന് വിലയിരുത്തിയിട്ടുണ്ടോ?

ശാസ്ത്രഗവേഷണത്തിന് ഊർജ്ജം പകരേണ്ട സാമ്പത്തിക സഹായം ഇല്ലാതാകുന്നത് ഈ രംഗത്തെ ഗവേഷണത്തെ മുരടിപ്പിക്കും. ഇതിനെക്കുടി പ്രതിരോധിക്കുന്നതിനാണ് നവ കേരള പോസ്റ്റ് ഡോക്ടറൽ ഫെല്ലോഷിപ്പ്, അന്തർ സർവ്വകലാശാലാ മികവിന്റെ കേന്ദ്രങ്ങൾ എന്നിങ്ങനെയുള്ള പദ്ധതികൾ കേരള സർക്കാർ നടപ്പിലാക്കി വരുന്നത്.

## ഭിന്നശേഷി വിഭാഗങ്ങൾക്കും പിന്നാക്ക സമുദായങ്ങൾക്കുമുള്ള സംവരണ ബാക്ക്‌ലോഗ് നികത്താൻ നടപടി

160(1901) <u>ശ്രീ. പി. കെ. ബഷീർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 01-01-2016 മുതൽ 25-11-2022 വരെയുള്ള കാലയളവിൽ യൂണിവേഴ്സിറ്റികളിൽ ഭിന്നശേഷി വിഭാഗങ്ങൾക്കും പിന്നോക്ക സമുദായങ്ങൾക്കുമുള്ള സംവരണ ബാക്ക്ലോഗിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത കാലയളവിൽ നടത്തിയ ബാക്ക്ലോഗ് നിയമനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

(എ & ബി) The Kerala Public Service Commission (Additional Functions as respects the service under Universities) Act 2015 പ്രകാരം സർവ്വകലാശാലകളിലുള്ള അനദ്ധ്യാപക തസ്തികകളിലേയ്ക്കുള്ള നേരിട്ടുള്ള നിയമനങ്ങൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേനയാണ് നടത്തുന്നത്. 01-01-2016 മുതൽ 25-11-2022 വരെയുള്ള കാലയളവിൽ യൂണിവേഴ്സിറ്റികളിലെ അദ്ധ്യാപക തസ്തികകളിൽ ഭിന്നശേഷി വിഭാഗങ്ങൾക്കും പിന്നാക്ക സമുദായങ്ങൾക്കുമുള്ള സംവരണ ബാക്ക്ലോഗ്, പ്രസ്തുത കാലയളവിൽ നടത്തിയ ബാക്ക്ലോഗ് നിയമനങ്ങളുടെ വിശദാംശങ്ങൾ എന്നിവ സർവ്വകലാശാല തിരിച്ച് ചുവടെ ചേർത്തിരിക്കുന്നു.

കേരള സർവ്വകലാശാല

26/2014 ആക്ട് പ്രകാരം സർവ്വകലാശാലയെ ഒരു യൂണിറ്റായി കണക്കാക്കിയാണ് സംവരണം നൽകിവരുന്നത്. ഇതിന്റെ അടിസ്ഥാനത്തിൽ 2017, 2019 വർഷങ്ങളിൽ ആദ്യ വിജ്ഞാപനം പുറപ്പെടുവിപ്പിച്ചു. ഇതുപ്രകാരം 2020-21-ൽ നടത്തിയ സെലക്ഷൻ പ്രക്രിയയ്ക്കുശേഷം നിലവിൽ വന്ന PWD/സംവരണ വിഭാഗങ്ങൾ എന്നിവയുടെ ബാക്ക്‌ലോഗ് ഒഴിവുകളുടെ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

ഡിപ്പാർട്ട്മെന്റിനെ ഒരു യൂണിറ്റായി കണക്കാക്കി സംവരണം നൽകിയിരുന്ന പഴയ സംവരണ രീതിയിൽ ഈഴവ വിഭാഗത്തിന്റെ ഒരു ബാക്ക്‌ലോഗ് വേക്കൻസി വഴി 2019-ൽ അസിസ്റ്റന്റ് പ്രൊഫസറായി ഒരാൾക്ക് നിയമനം നൽകിയിട്ടുണ്ട്. 2017 വിജ്ഞാപനത്തിൽ യോഗ്യരായ അപേക്ഷകർ ലഭ്യമാകാത്തതിനാലുണ്ടായ ബാക്ക്‌ലോഗ് ഒഴിവുകളിൽ പ്രസ്തുത കാലയളവിൽ നിയമനങ്ങൾ ഒന്നും നടന്നിട്ടില്ല.

മഹാത്മാഗാന്ധി സർവ്വകലാശാല

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അദ്ധ്യാപക തസ്തികകളിലെ ബാക്ക്ലോഗ് സംബന്ധിച്ച വിശദാംശങ്ങൾ, ബാക്ക്ലോഗ് നിയമനങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.+

കാലിക്കറ്റ് സർവ്വകലാശാല

പ്രസ്തുത കാലയളവിൽ അദ്ധ്യാപക തസ്തികകളിൽ സംവരണ ബാക്ക്ലോഗില്ല.

കണ്ണൂർ സർവ്വകലാശാല

പ്രസ്തുത കാലയളവിൽ അദ്ധ്യാപക തസ്തികകളിലെ നിയമനം സംബന്ധിച്ച് ഭിന്നശേഷി വിഭാഗത്തിൽ രണ്ടും പിന്നാക്ക സമുദായത്തിൽ രണ്ടും ബാക്ക്ലോഗുണ്ട്. മുസ്ലീം വിഭാഗത്തിൽ നിന്നും ഒരു ബാക്ക്ലോഗ് നിയമനം നൽകിയിട്ടുണ്ട്.

എ.പി.ജെ. അബ്ദുൾകലാം സാങ്കേതിക ശാസ്ത്ര സർവ്വകലാശാല

സർവ്വകലാശാലയുടെ പഠനവകുപ്പുകൾ ഇതുവരെ ആരംഭിച്ചിട്ടില്ലാത്തതിനാൽ അദ്ധ്യാപക തസ്തികയിൽ നിയമനമൊന്നും നടത്തിയിട്ടില്ല.

കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നിലവിൽ അനദ്ധ്യാപക തസ്തികകളിലേയ്ക്കുള്ള നിയമനങ്ങൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖാന്തരമാണ് നടത്തുന്നത്. എന്നാൽ നിയമന നടപടികളാരംഭിച്ചിരുന്ന കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയിലെ സ്വീപ്പർ-കം-ക്ലീനർ തസ്തികയിലേയ്ക്ക് 1996 മുതലുള്ള ബാക്ക്‌ലോഗ് ഒഴിവുകൾ കണക്കാക്കി, ആയതിന്റെ 1 ശതമാനം Locomotor Disability ആയിട്ടുള്ള ഭിന്നശേഷി വിഭാഗത്തിനു നിയമനം നൽകുവാനുള്ള ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ വിധിന്യായം നടപ്പിലാക്കിക്കൊണ്ട് ടി വിഭാഗത്തിൽപ്പെട്ട ഭിന്നശേഷിക്കാരായ 2 പേർക്ക് സ്വീപ്പർ-കം-ക്ലീനർ തസ്തികയിൽ നിയമനം നൽകിയിട്ടുണ്ട്. അദ്ധ്യാപക തസ്തികകളിലെ ബാക്ക്‌ലോഗ് സംബന്ധിച്ച വിശദാംശങ്ങൾ, ബാക്ക്‌ലോഗ് നിയമനങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.+

<u>ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല</u>

സർവ്വകലാശാല അദ്ധ്യാപക തസ്തികകളിൽ അസിസ്റ്റന്റ് പ്രൊഫസർ തസ്തിക മാത്രമാണ് ഭിന്നശേഷി വിഭാഗത്തിനായി സംവരണം ചെയ്തിട്ടുള്ളത്. അതിൽ റൊട്ടേഷൻ ക്രമം 1 (Out of Turn) കാഴ്ച വൈകല്യമുള്ളവർക്കായുള്ള

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഒഴിവിൽ സംഗീത വകുപ്പിൽ കാഴ്ചവൈകല്യമുള്ള ശ്രീ. അരവിന്ദാക്ഷൻ കെ.-യെ 08-12-2010-ന് നിയമിച്ചിട്ടുണ്ട്. പിന്നീട് വന്നിട്ടുള്ള 34, 67 എന്നീ ഭിന്നശേഷിക്കാർക്കായുള്ള ഒഴിവുകൾ 31-08-2019-ലും 24-11-2021-ലും നിയമനത്തിനായി വിജ്ഞാപനം ചെയ്തിട്ടുണ്ട്. ഭിന്നശേഷിക്കാർക്കായി അദ്ധ്യാപക തസ്തികകളിൽ ബാക്ക്‌ലോഗ് ഒഴിവുകൾ നിലവിലില്ല.

(സി) പ്രസ്തുത ബാക്ക് ലോഗ് നാളിതുവരെ നികത്തിയിട്ടില്ലെങ്കിൽ കാരണം എന്താണെന്നും ബാക്ക്‌ലോഗ് നിയമനങ്ങൾ പൂർത്തീകരിക്കുന്നത് എപ്പോഴെന്നും വ്യക്തമാക്കുമോ?

കേരള സർവ്വകലാശാല

ഭിന്നശേഷി/ഒ.ബി.സി. ബാക്ക്‌ലോഗുമായി ബന്ധപ്പെട്ട് റീ-നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ച് നടപടികൾ സ്വീകരിച്ചുവരുന്നു.

മഹാത്മാഗാന്ധി സർവ്വകലാശാല

അനുബന്ധമായി ചേർത്തിരിക്കുന്നു.+

കാലിക്കറ്റ് സർവ്വകലാശാല

ബാക്ക്‌ലോഗ് നികത്താനായി സർവ്വകലാശാല പുറപ്പെടുവിച്ച 2015-ലെ വിജ്ഞാപനം ഹൈക്കോടതി റദ്ദ് ചെയ്യുകയും പുതിയ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വിജ്ഞാപനമിറക്കാനാവശ്യപ്പെടുകയും ചെയ്തിരുന്നു. മുമ്പ് ഡിപ്പാർട്ട്മെന്റുകൾ ഓരോന്നും വെവ്വേറെ യൂണിറ്റായെടുത്താണ് സർവ്വകലാശാലയിൽ നിയമനം നടത്തിയിരുന്നത്. എന്നാൽ University Laws (second Amendment) Act 2014, യു.ജി.സി.-യുടെ 08-03-2019-ലെ F1-5 2006(SCT) നമ്പർ കത്തിലൂടെ നൽകിയ നിർദ്ദേശം, 9785 of 2015-W, 17961 of 2015-U, 18659 of 2015-F & 18797 of 2015-Y dated 03-02-2016 നമ്പർ ഹൈക്കോടതി വിധി എന്നിവയുടെ അടിസ്ഥാനത്തിൽ സർവ്വകലാശാല ഒറ്റയൂണിറ്റായി പരിഗണിച്ച് സംവരണക്രമം നടപ്പിലാക്കുകയുണ്ടായി. ഈ കോടതിവിധിയുടെ അടിസ്ഥാനത്തിലിറക്കിയ 31-12-2019-ലെ വിജ്ഞാപനത്തിലൂടെയുണ്ടായ അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിലെ 10 NCA ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

<u>കണ്ണൂർ സർവ്വകലാശാല</u>

മതിയായ യോഗ്യതയുള്ള അപേക്ഷകരുടെ അഭാവം കാരണമാണ് അദ്ധ്യാപക തസ്തികകളിലേയ്ക്ക് നിയമനങ്ങൾ നടക്കാതിരുന്നത്. ഇതിലേയ്ക്കായി Re-notification പുറപ്പെടുവിച്ചിട്ടുണ്ട്.

<u>കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല</u>

അദ്ധ്യാപക തസ്തികകളിലേയ്ക്കുള്ള ബാക്ക്‌ലോഗുകൾ നിയമനത്തിനായി പരസ്യപ്പെടുത്തിയിട്ടുണ്ട്. ഇതോടനുബന്ധിച്ചുള്ള നിയമനപ്രക്രിയ നടന്നുവരികയാണ്.

## എയ്ഡഡ് ആർട്സ് ആൻഡ് സയൻസ് കോളേജുകളിലെ അദ്ധ്യാപകരെ സംബന്ധിച്ച വിവരങ്ങൾ

161(1902) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എയ്ഡഡ് ആർട്സ് ആൻഡ് സയൻസ് കോളേജുകളിൽ നിലവിലുള്ള അദ്ധ്യാപക തസ്തികകളുടെ അംഗീകൃത എണ്ണം എത്രയെന്ന് തസ്തിക, കോളേജ് തിരിച്ച് വിശദമാക്കുമോ;

(ബി) പ്രസ്തുത തസ്തികകളിൽ സ്ഥിരനിയമനം ലഭിച്ച എത്രപേർ ജോലി ചെയ്യുന്നുണ്ടെന്നും എത്ര തസ്തികകളിൽ ഒഴിവുകൾ നിലവിലുണ്ടെന്നും കോളേജ് തിരിച്ച് വ്യക്തമാക്കുമോ;

(സി) പ്രസ്തുത കോളേജുകളിൽ അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിൽ സ്ഥിരനിയമനം ലഭിച്ച് നിലവിൽ ജോലിചെയ്യുന്ന അദ്ധ്യാപകരുടെ പേര്, വയസ്, ലിംഗം, മതം, തസ്തിക, വിഷയം, ഉയർന്ന യോഗ്യത, നിയമനം ലഭിച്ച തീയതി, സർവ്വീസിൽനിന്നും വിരമിക്കേണ്ട തിയതി, നിയമനം

ലഭിച്ചത് പൊതുവിഭാഗത്തിലോ, സംവരണ വിഭാഗത്തിലോ, സംവരണ നിയമനമാണെങ്കിൽ ഏത് സംവരണ വിഭാഗം എന്നീ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

**താല്ക്കാലിക/കരാർ നിയമനങ്ങൾ**

162(1903) <u>ശ്രീ. ഷാഫി പറമ്പിൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വകുപ്പിലും വകുപ്പിന്റെ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളിലും എത്ര താല്ക്കാലിക നിയമനങ്ങളും കരാർ നിയമനങ്ങളും നടത്തിയിട്ടുണ്ടെന്നും ഏതൊക്കെ തസ്തികകളിലാണ് ഇപ്രകാരം നിയമനം നടത്തിയിട്ടുള്ളതെന്നും ഇപ്രകാരം നിയമിതരായവർക്ക് വേതനവും മറ്റ് ആനുകൂല്യങ്ങളുമായി 2022 ഒക്ടോബറിൽ അനുവദിച്ച തുക എത്രയാണെന്നും വ്യക്തമാക്കുമോ;

(ബി) ഇതിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നടത്തിയ നിയമനങ്ങൾ എത്രയാണ്; മറ്റുള്ള നിയമനങ്ങളിൽ റിക്രൂട്ട്മെന്റിനായി അവലംബിച്ച മാർഗ്ഗമേതാണ്; ഏത് ഏജൻസി മുഖേനയാണ് നിയമനം നടത്തിയത്; വിശദാംശം നൽകുമോ?

(എ &ബി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

**കണ്ണൂർ സർവ്വകലാശാല വൈസ് ചാൻസലർക്ക് പുനർനിയമനം**

163(1904) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ സർവ്വകലാശാല വൈസ് ചാൻസലർക്ക് പുനർനിയമനം നൽകിയത് യു.ജി.സി. മാനദണ്ഡങ്ങൾക്ക് അനുസൃതമായാണോയെന്ന് വ്യക്തമാക്കുമോ?

കണ്ണൂർ സർവ്വകലാശാല വൈസ് ചാൻസലർക്ക് പുനർനിയമനം നൽകിയത് 1996-ലെ യു.ജി.സി. മാനദണ്ഡങ്ങൾക്കും കണ്ണൂർ സർവ്വകലാശാലാ നിയമത്തിനും അനുസൃതമായാണെന്ന് കേരള രാജ്ഭവനിൽ നിന്നുള്ള 23-11-2021-ലെ GS3-1283/2021 (3) നമ്പർ നോട്ടിഫിക്കേഷനിൽ വ്യക്തമാക്കിയിട്ടുണ്ട്.

(ബി) പ്രസ്തുത നിയമനം സംബന്ധിച്ച ഫയലിന്റെ പകർപ്പ് ലഭ്യമാക്കുമോ?

പ്രസ്തുത നിയമനം സംബന്ധിച്ച് കണ്ണൂർ സർവ്വകലാശാല ലഭ്യമാക്കിയ ഫയലിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.+

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## വൈപ്പിൻ ഗവൺമെന്റ് ആർട്സ് ആൻഡ് സയൻസ് കോളേജിന്റെ അടിസ്ഥാന സൗകര്യ വികസനം

164(1905) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ ഗവൺമെന്റ് ആർട്സ് ആൻഡ് സയൻസ് കോളേജിന്റെ അടിസ്ഥാനസൗകര്യ വികസനത്തിനായി 1.71 ഏക്കർ സ്ഥലം വിട്ടുനൽകുന്നതിന് ഭൂവുടമകൾ സമ്മതപത്രം നൽകിയിട്ടും പ്രസ്തുത സ്ഥലം ഏറ്റെടുക്കുന്നതിൽ കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) യു.ജി.സി. അംഗീകാരം ലഭ്യമാക്കാൻ 5 ഏക്കർ സ്ഥലം ആവശ്യമാണെന്നിരിക്കെ സമ്മതപത്രം ലഭ്യമായ പ്രസ്തുത സ്ഥലവും സമീപത്തായി നിർദ്ദേശിക്കപ്പെട്ടിരുന്ന 7.5 ഏക്കർ സ്ഥലവും ഏറ്റെടുക്കുന്നതിലെ കാലതാമസത്തിന് കാരണം വ്യക്തമാക്കുമോ;

(സി) അടിസ്ഥാനസൗകര്യ വികസനത്തിനായി 2017-ൽ കിഫ്ബി അനുവദിച്ച 10 കോടി രൂപ നഷ്ടമാകാനുള്ള സാദ്ധ്യത കണക്കിലെടുത്ത് 25 കിലോമീറ്റർ മാത്രം നീളവും പരമാവധി 3 കിലോമീറ്റർ മാത്രം വീതിയുമുള്ള വൈപ്പിൻ ദ്വീപ് മണ്ഡലത്തിൽ ലഭ്യമായ ഭൂമി അടിയന്തരമായി

ഏറ്റെടുക്കുവാൻ നടപടി സ്വീകരിക്കുമോ; നാളിതുവരെ സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കുമോ;

(ഡി) പ്രസ്തുത വിഷയം ചർച്ച ചെയ്യുന്നതിനായി 16-5-2022, 5-11-2022 തീയതികളിൽ മന്ത്രിക്ക് സമർപ്പിച്ച കത്തിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കുമോ?

(എ-ഡി) വൈപ്പിൻ സർക്കാർ ആർട്സ് ആൻഡ് സയൻസ് കോളേജ് സ്ഥാപിക്കുന്നതിനായി 1.71 ഏക്കർ ഭൂമി വിട്ടുനൽകുന്നതിനായി ഭൂവുടമകൾ സമ്മതപത്രം നൽകിയിട്ടുണ്ട്. എന്നാൽ കോളേജിന് അക്രെഡിറ്റേഷൻ ലഭിക്കുന്നതിന് കുറഞ്ഞത് 5 ഏക്കർ ഭൂമിയെങ്കിലും വേണമെന്നിരിക്കെ സമ്മതപത്രം ലഭിച്ചിട്ടുള്ള ഭൂമി മാത്രം ഏറ്റെടുക്കുന്നത് കോളേജിന്റെ ഭാവിവികസനത്തിന് പര്യാപ്തമാകില്ല. ടി സാഹചര്യത്തിൽ കോളേജിന്റെ പരിസരപ്രദേശങ്ങളിൽ 5 ഏക്കർ ഭൂമിക്കായി നടത്തിയ അന്വേഷണത്തിൽ കണ്ടെത്തിയ പ്ലോട്ടുകളിൽ എല്ലാം (7.5 ഏക്കർ ഉൾപ്പെടെ) കോളേജ് സ്ഥാപിക്കുന്നതിനുള്ള സാദ്ധ്യത പരിശോധിച്ചപ്പോൾ പ്രസ്തുത മേഖല തീരദേശ പരിപാലന മേഖലയിൽ ഉൾപ്പെട്ടിരിക്കുന്നതിനാൽ നിർമ്മാണപ്രവർത്തങ്ങൾ സാദ്ധ്യമല്ലെന്നറിയിച്ചിട്ടുണ്ട്. ആയതിനാൽ

ലഭ്യമായ ഭൂമി ഏറ്റെടുത്ത് കോളേജ് നിർമ്മിക്കുന്നതിനുള്ള നടപടികൾ വകുപ്പ് സ്വീകരിച്ചുവരികയാണ്.

**പെരിന്തൽമണ്ണ പി.ടി.എം. ഗവൺമെന്റ് കോളേജിൽ ബി.എ. ഉറുദു കോഴ്സ്**

165(1906) <u>ശ്രീ. നജീബ് കാന്തപുരം</u>: താഴെ കാണുന്ന ചോദ്യത്തിന് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പെരിന്തൽമണ്ണ ഗവൺമെന്റ് പി.ടി.എം. കോളേജിൽ ബി.എ. ഉറുദു കോഴ്സ് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

സർക്കാരിന്റെ സാമ്പത്തികസ്ഥിതി അധിക ബാദ്ധ്യതകളേറ്റെടുക്കാൻ പര്യാപ്തമല്ലാത്തതിനാൽ സർക്കാർ/എയ്ഡഡ് കോളേജുകളിൽ പുതിയ കോഴ്സുകൾ തല്ക്കാലം പരിഗണിക്കുന്നില്ല. സർക്കാരിന്റെ സാമ്പത്തികസ്ഥിതി മെച്ചപ്പെടുന്നമുറയ്ക്ക് കോഴ്സ് അനുവദിക്കുന്ന വിഷയം പരിഗണിക്കാവുന്നതാണ്.

**പുതിയ കോളേജുകൾ ആരംഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ**

166(1907) <u>ശ്രീ. ജോബ് മൈക്കിൾ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നശേഷം പുതിയ കോളേജുകൾ ആരംഭിക്കുന്നതിനായി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ഉണ്ടെങ്കിൽ എവിടെയെല്ലാമെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ?

(എ&ബി) നിലവിലെ സർക്കാർ അധികാരത്തിൽ വന്നശേഷം പുതിയ കോളേജുകളാരംഭിക്കുന്നതിന് ഭരണാനുമതി സർക്കാർ നൽകിയിട്ടുണ്ട്. ആയത് സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.+

**കിനാനൂർ-കരിന്തളം ഗവൺമെന്റ് കോളേജിൽ പുതിയ കോഴ്സ്**

167(1908) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിനാനൂർ-കരിന്തളം ഗവൺമെന്റ് ആർട്സ് ആൻഡ് സയൻസ് കോളേജിൽ പുതിയ കോഴ്സുകളാരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഏതൊക്കെ കോഴ്സുകളാണെന്നും ആയത് എപ്പോൾ ആരംഭിക്കുമെന്നും അറിയിക്കുമോ?

(എ&ബി) സർക്കാരിന്റെ സാമ്പത്തികസ്ഥിതി അധിക ബാദ്ധ്യതകളേറ്റെടുക്കാൻ പര്യാപ്തമല്ലാത്തതിനാൽ സർക്കാർ/എയ്ഡഡ് കോളേജുകളിൽ പുതിയ കോഴ്സുകൾ തല്ക്കാലം പരിഗണിക്കുന്നില്ല.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സർക്കാരിന്റെ സാമ്പത്തികസ്ഥിതി മെച്ചപ്പെടുന്നമുറയ്ക്ക് കോഴ്സ് അനുവദിക്കുന്ന വിഷയം പരിഗണിക്കാവുന്നതാണ്.

**മഞ്ചേശ്വരം ഗോവിന്ദ പൈ സ്മാരക ഗവൺമെന്റ് കോളേജിൽ പുതിയ കോഴ്സുകളാരംഭിക്കാൻ നടപടി**

168(1909) <u>ശ്രീ. എ. കെ. എം. അഷ്റഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം ഗോവിന്ദ പൈ സ്മാരക ഗവൺമെന്റ് കോളേജിൽ പുതിയ ഡിഗ്രി, പി.ജി. കോഴ്സുകളാരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

സർക്കാരിന്റെ സാമ്പത്തികസ്ഥിതി അധിക ബാദ്ധ്യതകളേറ്റെടുക്കാൻ പര്യാപ്തമല്ലാത്തതിനാൽ സർക്കാർ/എയ്ഡഡ് കോളേജുകളിൽ പുതിയ കോഴ്സുകൾ തുടങ്ങുന്നത് പിന്നീട് പരിഗണിക്കുന്നതിനായി മാറ്റിവച്ചിരിക്കുകയാണ്.

(ബി) പ്രസ്തുത കോളേജിൽ 2022-23 അദ്ധ്യായന വർഷം ബി.കോം. കോഴ്സിന് അപേക്ഷ നൽകിയ വിദ്യാർത്ഥികളുടെ എണ്ണം, അഡ്മിഷൻ ലഭിച്ച വിദ്യാർത്ഥികളുടെ എണ്ണം എന്നിവ ലഭ്യമാക്കുമോ?

അപേക്ഷ നൽകിയ വിദ്യാർത്ഥികളുടെ എണ്ണം - 2196

അഡ്മിഷൻ ലഭിച്ച വിദ്യാർത്ഥികളുടെ എണ്ണം - 49

(സി) പ്രസ്തുത കോളേജിൽ ബി.കോം. അഡീഷണൽ ബാച്ച് അടുത്ത വർഷമാരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

സർക്കാരിന്റെ സാമ്പത്തികസ്ഥിതി അധിക ബാദ്ധ്യതകളേറ്റെടുക്കാൻ പര്യാപ്തമല്ലാത്തതിനാൽ സർക്കാർ/എയ്ഡഡ് കോളേജുകളിൽ പുതിയ കോഴ്സുകൾ തുടങ്ങുന്നത് പിന്നീട് പരിഗണിക്കുന്നതിനായി മാറ്റിവച്ചിരിക്കുകയാണ്.

**ഉയർന്ന ഫീസ് നിരക്കുകൾ കുറച്ച് സീറ്റുകൾ നികത്തുന്നതിന് നടപടി**

169(1910) <u>ശ്രീ. മാണി സി. കാപ്പൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ യൂണിവേഴ്സിറ്റികളിൽ ആർട്സ് ആൻഡ് സയൻസ് വിഷയങ്ങളിൽ ഡിഗ്രിക്കും പി.ജി.-ക്കും സീറ്റുകൾ ഒഴിഞ്ഞുകിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഉയർന്ന ഫീസ് നിരക്കുകൾ കുറച്ച് പ്രസ്തുത സീറ്റുകൾ നികത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

യൂണിവേഴ്സിറ്റികളിൽ കോഴ്സുകൾക്ക് നിലവിൽ മിതമായ ഫീസ് നിരക്കാണ് നിശ്ചയിച്ചിട്ടുള്ളത്. ആർട്സ് ആൻഡ് സയൻസ് വിഷയങ്ങളിൽ ഡിഗ്രിക്കും പി.ജി.-ക്കും സീറ്റുകൾ ഒഴിവുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) എയ്ഡഡ്-സ്വകാര്യ മേഖലകളിൽ ഡിഗ്രി കോഴ്സിനും പി.ജി. കോഴ്സിനും ഉയർന്ന ഫീസീടാക്കുന്നതും പി.ടി.എ. ഫണ്ട്, ഡെവലപ്മെന്റ് ഫണ്ട് എന്നീയിനത്തിൽ കൂടുതൽ തുക ഈടാക്കുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരം ഉയർന്ന ഫീസുകൾ കുറയ്ക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

പി.ടി.എ. ഫണ്ട് കൂടുതലായി വാങ്ങുന്നുവെന്നുള്ളത് സംബന്ധിച്ച ചില പരാതികൾ ലഭിച്ചിട്ടുണ്ട്.

**സർക്കാർ കോളേജുകളിലെ അദ്ധ്യാപക തസ്തികകൾ**

170(1911) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഗവൺമെന്റ് ആർട്സ് ആൻഡ് സയൻസ് കോളേജുകളിൽ 01-11-2022 പ്രാബല്യത്തിലുള്ള അദ്ധ്യാപക തസ്തികകളുടെ അംഗീകൃത എണ്ണം എത്രയെന്ന് തസ്തിക, കോളേജ് തിരിച്ച് വിശദമാക്കുമോ?

വിശദമാക്കാം; വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത കോളേജുകളിൽ സ്ഥിരനിയമനം ലഭിച്ച് നിലവിൽ ജോലിചെയ്യുന്ന അദ്ധ്യാപകരുടെ പേര്, തസ്തിക, വിഷയം, നിയമനം ലഭിച്ച തീയതി, സർവ്വീസിൽനിന്നും വിരമിക്കേണ്ട തീയതി, നിയമനം ലഭിച്ച വിഭാഗം (പൊതു/സംവരണ വിഭാഗം) എന്നീ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

അനുബന്ധമായി ചേർക്കുന്നു.+

**മൊകേരി കോളേജിലെ കമ്പ്യൂട്ടർ ലാബ് നിർമ്മാണം**

171(1912) <u>ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൊകേരി ഗവൺമെന്റ് കോളേജിലെ ബി.എ. എക്കണോമെട്രിക്സ് ആൻഡ് ഡാറ്റാ മാനേജ്മെന്റ് കോഴ്സിന്റെ ഭാഗമായി കമ്പ്യൂട്ടർ ലാബ് നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസലിന് ഭരണാനുമതി ലഭിച്ചിട്ടുണ്ടോയെന്നറിയിക്കുമോ?

19-09-2022-ലെ സ. ഉ. (സാധാ) നം. 1391/2022 പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത നിർമ്മാണവുമായി ബന്ധപ്പെട്ട് എന്തൊക്കെ സജ്ജീകരണങ്ങളാണ് വിഭാവനം ചെയ്തിട്ടുള്ളതെന്നറിയിക്കുമോ?

കമ്പ്യൂട്ടർ ലാബ് സജ്ജീകരിക്കുന്നതിനായി ഡെസ്ക് ടോപ്പ്/ലാപ്ടോപ്പ് (20 എണ്ണം), A4 പ്രിന്റർ (1 എണ്ണം), 5 KVA യു.പി.എസ്. (2 എണ്ണം) UPS ബാറ്ററി (12 എണ്ണം) എന്നിവ വാങ്ങുന്നതിനാണ് അനുമതി നൽകിയിട്ടുള്ളത്.

(സി) ഏത് ഏജൻസി വഴിയാണ് പ്രസ്തുത പ്രവൃത്തി നടപ്പിലാക്കുകയെന്നും അടങ്കൽ തുക എത്രയാണെന്നും അറിയിക്കുമോ?

കേന്ദ്ര/സംസ്ഥാന സർക്കാരിന്റെ ഓൺലൈൻ പ്രൊക്വയർമെന്റ് സൈറ്റ് (GEM) മുഖാന്തരം വാങ്ങുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. ഇതിലേയ്ക്കായി 19,58,500/- (പത്തൊൻപത് ലക്ഷത്തി അമ്പത്തെട്ടായിരത്തി അഞ്ഞൂറ് രൂപ മാത്രം) രൂപയാണ് അനുവദിച്ചത്.

**നെയ്യാറ്റിൻകര കുളത്തൂർ ഗവൺമെന്റ് കോളേജിന്റെ നാക് അംഗീകാരം**

172(1913) ശ്രീ. കെ. ആൻസലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര കുളത്തൂർ ഗവൺമെന്റ് കോളേജിന് നാക് അംഗീകാരം ലഭിക്കാൻ സ്വീകരിച്ച നടപടിയെന്തെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത അംഗീകാരം ലഭിക്കാൻ പൂർത്തീകരിക്കേണ്ട നടപടിക്രമങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

(എ&ബി) സാങ്കേതിക വിദ്യാഭ്യാസ വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന ടെക്നിക്കൽ സ്കൂളിനുവേണ്ടി നിർമ്മിച്ച കെട്ടിടത്തിലാണ് നിലവിൽ കോളേജ് സ്ഥിതി ചെയ്യുന്നത്. പ്രസ്തുത കെട്ടിടമുൾപ്പെടെയുള്ള ഭൂമിയേറ്റെടുത്ത് കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ ഉടമസ്ഥതയിലേയ്ക്ക് മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. NAAC അംഗീകാരത്തിനായി അപേക്ഷ സമർപ്പിക്കുന്നതിനായി സ്വന്തമായി ഭൂമിയും കെട്ടിടവും ആവശ്യമാണ്. ഭൂമി ഏറ്റെടുക്കലും കെട്ടിടനിർമ്മാണവും പൂർത്തീകരിച്ചാൽ മാത്രമെ NAAC അംഗീകാരത്തിനായി അപേക്ഷ സമർപ്പിക്കാൻ സാധിക്കുകയുള്ളൂ.

(സി) സർക്കാർ പ്ലാൻ ഫണ്ടിൽനിന്നും പ്രീഫാബ് കെട്ടിടം നിർമ്മിക്കുന്നതിന് അനുവദിച്ച തുകയെത്രയെന്നും ഇതിന്റെ പ്രവൃത്തിയെന്ന് പൂർത്തീകരിക്കുമെന്നും വ്യക്തമാക്കുമോ; പ്രസ്തുത പ്രവൃത്തിയുടെ ചുമതല ഏത് ഏജൻസിക്കാണാണെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത നിർമ്മാണത്തിനായി സർക്കാർ നൽകിയ ഭരണാനുമതി നമ്പരും തീയതിയും വിശദമാക്കുമോ?

(സി&ഡി) പ്രീ-ഫാബ് കെട്ടിടം നിർമ്മിക്കുന്നതിനായി പദ്ധതി വിഹിതത്തിൽ നിന്നും 14-09-2022-ലെ GO(Rt)No.1368/2022/Hedn. പ്രകാരം 80,21,000/- (എൺപത് ലക്ഷത്തി ഇരുപത്തൊന്നായിരം രൂപ മാത്രം) അനുവദിച്ചിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പാണ് പ്രവർത്തി ചെയ്യുന്നത്.

**മൊകേരി കോളേജിലെ നിർമ്മാണ പ്രവർത്തനങ്ങൾ**

173(1914) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൊകേരി കോളേജിലെ ലേഡീസ് ഹോസ്റ്റൽ, ലൈബ്രറി ബ്ലോക്ക് എന്നിവയുടെ പ്രവൃത്തികൾ ഏതുഘട്ടത്തിലാണെന്ന് അറിയിക്കുമോ; പ്രസ്തുത പ്രവൃത്തികൾ നടപ്പാക്കുന്നതിന് നിലവിൽ എന്തെങ്കിലും തടസ്സങ്ങളുണ്ടോയെന്നും പ്രസ്തുത പ്രവൃത്തി എന്ന് പൂർത്തീകരിക്കുമെന്നും അറിയിക്കുമോ?

ലൈബ്രറി ബ്ലോക്കിന്റെ നിർമ്മാണം പുരോഗമിച്ചു കൊണ്ടിരിക്കുകയാണ്. സ്ട്രക്ച്ചറൽ വർക്ക് പൂർത്തീകരിച്ചിട്ടുണ്ട്. ഇന്റീരിയൽ പ്ലാസ്റ്ററിംഗ് വർക്കുകൾ പൂർത്തീകരിച്ചിട്ടുണ്ട്, എക്സ്റ്റേണൽ പ്ലാസ്റ്ററിംഗ് വർക്കുകൾ 80 ശതമാനം പൂർത്തീകരിച്ചിട്ടുണ്ട്. 60 ശതമാനം പ്ലംബിംഗ്

വർക്കുകളും 70 ശതമാനം ഇലക്ട്രിക്കൽ വർക്കുകളും പൂർത്തീകരിച്ചിട്ടുണ്ട്. ജനുവരി 2023-ൽ ലൈബ്രറി ബ്ലോക്കിന്റെ നിർമ്മാണം പൂർത്തീകരിക്കാൻ സാധിക്കുമെന്നാണ് പദ്ധതി നിർവ്വഹണ ഏജൻസിയായ KITCO അറിയിച്ചിട്ടുള്ളത്. ലേഡീസ് ഹോസ്റ്റൽ ബ്ലോക്കിന്റെ നിർമ്മാണത്തിന്റെ ഭാഗമായി പൈലിംഗ് വർക്കുകളാരംഭിച്ചു. ആകെ വേണ്ടിയിരുന്ന 60 പൈലുകളിൽ 14 പൈലിന്റെ നിർമ്മാണം പൂർത്തീകരിച്ചു. എന്നാൽ പ്രവൃത്തി നിർത്തിവയ്ക്കുന്നതിനായി കിഫ്ബി സ്റ്റോപ്പ് മെമോ നൽകുകയും പ്രവൃത്തി നിർത്തിവയ്ക്കുകയും ചെയ്തു. തുടർന്ന് കിഫ്ബിയുടെ നിർദ്ദേശപ്രകാരം പദ്ധതി പ്രദേശത്ത് മണ്ണ് പരിശോധന പൂർത്തിയാക്കിയിട്ടുണ്ട്.

(ബി) പ്രസ്തുത കോളേജിലെ ഇന്റേർണൽ റോഡ് നിർമ്മാണ പ്രവൃത്തിയുടെ നിലവിലെ അവസ്ഥ അറിയിക്കുമോ; പ്രസ്തുത പ്രവൃത്തി ഏത് ഏജൻസി മുഖേനയാണ് നടപ്പിലാക്കുന്നതെന്നും എന്ന് പൂർത്തീകരിക്കാൻ സാധിക്കുമെന്നും അറിയിക്കുമോ?

റോഡ് നിർമ്മാണ പ്രവൃത്തിയുടെ സാങ്കേതിക അനുമതിക്കുവേണ്ടി പൊതുമരാമത്ത് വകുപ്പ് എസ്റ്റിമേറ്റ് തയ്യാറാക്കുകയാണെന്ന് പൊതുമരാമത്ത് വകുപ്പിൽനിന്നും അറിയിച്ചിട്ടുണ്ട്. സാങ്കേതിക അനുമതി ലഭ്യമാക്കി ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് നിർമ്മാണപ്രവൃത്തികൾ ആരംഭിക്കാവുന്നതാണ്.

പൊതുമരാമത്ത് വകുപ്പുവഴിയാണ് പദ്ധതി നടപ്പിലാക്കുന്നത്.

**കുളത്തൂർ ഗവൺമെന്റ് കോളേജിലെ പുതിയ കോഴ്സുകൾ**

174(1915) ശ്രീ. കെ. ആൻസലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര കുളത്തൂർ ഗവൺമെന്റ് കോളേജിൽ എം.എസ്‌സി. ജ്യോഗ്രഫി, എം.എസ്‌സി. ബയോകെമിസ്ട്രി എന്നീ കോഴ്സുകളാരംഭിക്കുന്നതിന് നൽകിയ അപേക്ഷയിന്മേൽ സ്വീകരിച്ച നടപടിയെന്തെന്ന് വിശദമാക്കുമോ?

സർക്കാർ കോളേജുകളിൽ പുതിയ കോഴ്സുകളാരംഭിക്കുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലാണ്.

(ബി) 2023-24 അദ്ധ്യയന വർഷം കോഴ്സാരംഭിക്കുന്നതിന് നടപടി സ്വീകരിക്കാൻ കഴിയുമോയെന്ന് വ്യക്തമാക്കുമോ?

2023-24 അദ്ധ്യയന വർഷം സർക്കാർ കോളേജുകളിൽ പുതിയ കോഴ്സുകൾ അനുവദിക്കുന്നത് സംബന്ധിച്ച് സർക്കാരിന്റെ സാമ്പത്തികസ്ഥിതി കൂടി കണക്കിലെടുത്ത് പൊതുവായി തീരുമാനമെടുക്കുമ്പോൾ പരിഗണിക്കാവുന്നതാണ്.

## കുന്ദമംഗലം ഗവൺമെന്റ് കോളേജിൽ പുതിയ കോഴ്സുകൾ

175(1916) <u>ശ്രീ. പി. ടി. എ. റഹീം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെട്ടിട സൗകര്യങ്ങൾ നിലവിലുള്ള സർക്കാർ കോളേജുകളിൽ പുതിയ കോഴ്സുകളനുവദിക്കുന്ന വിഷയം പരിഗണനയിലുണ്ടോ;

(ബി) കുന്ദമംഗലം ഗവൺമെന്റ് കോളേജിൽ പുതിയ ബിരുദ, ബിരുദാനന്തര കോഴ്സുകളനുവദിക്കാൻ നടപടി സ്വീകരിക്കുമോ?

(എ&ബി) സർക്കാരിന്റെ സാമ്പത്തികസ്ഥിതി അധിക ബാദ്ധ്യതകളേറ്റെടുക്കാൻ പര്യാപ്തമല്ലാത്തതിനാൽ സർക്കാർ/എയ്ഡഡ് കോളേജുകളിൽ പുതിയ കോഴ്സുകൾ തല്ക്കാലം പരിഗണിക്കുന്നില്ല. സർക്കാരിന്റെ സാമ്പത്തികസ്ഥിതി മെച്ചപ്പെടുന്നമുറയ്ക്ക് പുതിയ കോഴ്സുകൾ അനുവദിക്കുന്ന വിഷയം പരിഗണിക്കാവുന്നതാണ്.

## കൂത്തുപറമ്പ് കോളേജ് ഓഫ് അപ്ലൈഡ് സയൻസിൽ ന്യൂ ജനറേഷൻ കോഴ്സുകൾ

176(1917) <u>ശ്രീ. കെ. പി. മോഹനൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂത്തുപറമ്പ് കോളേജ് ഓഫ് അപ്ലൈഡ് സയൻസിൽ എം.എൽ.എ. ഫണ്ടുപയോഗിച്ച് നിർമ്മിക്കുന്ന പുതിയ കെട്ടിടത്തിന്റെ പ്രവൃത്തി പൂർത്തിയാകുന്നമുറയ്ക്ക് ക്ലാസുകൾ പുതിയ കെട്ടിടത്തിലേയ്ക്ക് മാറ്റുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

ദീർഘകാലം ഉപയോഗിക്കാതെ കിടന്നതുകൊണ്ട് കെട്ടിടത്തിന് വേണ്ടിവന്ന അത്യാവശ്യ അറ്റകുറ്റപ്പണികൾ പൂർത്തിയാക്കിയും ഗ്രാമപഞ്ചായത്തിൽ നിന്നുള്ള അനുമതിയും വൈദ്യുതി കണക്ഷനും ലഭ്യമാകുന്നമുറയ്ക്കും ക്ലാസുകൾ പുതിയ കെട്ടിടത്തിലേയ്ക്ക് മാറ്റാൻ സാധിക്കുന്നതാണ്.

(ബി) പ്രസ്തുത കോളേജിൽ അടുത്ത അദ്ധ്യയന വർഷം മുതൽ ന്യൂജനറേഷൻ കോഴ്സുകൾ അനുവദിക്കുന്ന കാര്യം പരിശോധിക്കുമോ; എങ്കിൽ ഇക്കാര്യത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കുമോ?

സർക്കാരിൽ ഐ.എച്ച്.ആർ.ഡി.-യുടെ പ്രൊപ്പോസൽ ലഭ്യമാകുന്നമുറയ്ക്ക് കോഴ്സുകൾ അനുവദിക്കുന്നത് സംബന്ധിച്ച പൊതുതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ആയത് പരിശോധിക്കുന്നതാണ്.

(സി) കുട്ടികളുടെ യാത്രാസൗകര്യത്തിനായി കുത്തുപറമ്പിൽ നിന്നും കോളേജിലേയ്ക്കും തിരിച്ചും വാഹന സൗകര്യമേർപ്പെടുത്തുന്ന കാര്യം പരിശോധിക്കുമോ; വിശദമാക്കുമോ?

എം.എൽ.എ. ഫണ്ടുപയോഗിച്ച് ബസ് വാങ്ങുന്നതിനും കെ.എസ്.ആർ.ടി.സി. ബസ് സർവീസ് ആരംഭിക്കുന്നതിനുള്ള അപേക്ഷ കെ.എസ്.ആർ.ടി.സി.-ക്ക് നൽകുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുന്ന വിഷയം പരിശോധിക്കുന്നതാണ്.

**അമ്പലപ്പുഴ സർക്കാർ കോളേജ്**

177(1918) ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അമ്പലപ്പുഴ സർക്കാർ കോളേജ് പ്രവർത്തനമാരംഭിച്ചത് ഏതുവർഷമാണെന്നും ഏതൊക്കെ കോഴ്സുകളിലായി എത്ര വിദ്യാർത്ഥികൾ ഇവിടെ പഠനം നടത്തുന്നുണ്ടെന്നും വ്യക്തമാക്കുമോ?

2010-ൽ പ്രവർത്തനമാരംഭിച്ച അമ്പലപ്പുഴ സർക്കാർ ആർട്സ് ആൻഡ് സയൻസ് കോളേജിൽ ബി.എ. ഇക്കണോമിക്സിൽ 144 വിദ്യാർത്ഥികളും ബി.കോം-ൽ 152 വിദ്യാർത്ഥികളും ബി.എസ്‌സി. മാത്തമാറ്റിക്സിൽ 38 വിദ്യാർത്ഥികളും എം.എ. ഇംഗ്ലീഷിൽ 45

വിദ്യാർത്ഥികളും എം.എ. എക്കണോമിക്സിൽ 25 വിദ്യാർത്ഥികളും എം.കോം. ഫിനാൻസിൽ 39 വിദ്യാർത്ഥികളും ചേർത്ത് ആകെ 443 വിദ്യാർത്ഥികൾ പഠനം നടത്തുന്നുണ്ട്.

(ബി) പ്രസ്തുത കോളേജിന്റെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനായി കിഫ്ബി ഫണ്ടുപയോഗപ്പെടുത്തി നിർമ്മിക്കാനുദ്ദേശിക്കുന്ന കെട്ടിടത്തിന്റെ നിർമ്മാണം നിലവിൽ ഏതുഘട്ടത്തിലാണെന്ന് അറിയിക്കുമോ;

(സി) പ്രസ്തുത പ്രവൃത്തിക്കായി കിഫ്ബി എത്ര തുകയാണ് നീക്കിവച്ചിട്ടുള്ളതെന്നും നിർമ്മാണച്ചുമതല ഏത് ഏജൻസിയെയാണ് ഏൽപ്പിച്ചിട്ടുള്ളതെന്നും അറിയിക്കുമോ?

(ബി&സി) കിഫ്ബി പദ്ധതിയിലുൾപ്പെടുത്തിയ കോളേജിന്റെ DPR തയ്യാറാക്കൽ അവസാനഘട്ടത്തിലാണ്. DPR തയ്യാറാക്കുന്നതിനായി KITCO-യെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. DPR തയ്യാറാക്കി കിഫ്ബിയിൽനിന്നും അനുമതി ലഭ്യമായശേഷം നിർമ്മാണപ്രവൃത്തി ആരംഭിക്കാവുന്നതാണ്. പ്രസ്തുത പ്രവൃത്തിക്കായി 9.84 കോടി രൂപ കിഫ്ബി വകയിരുത്തിയിട്ടുണ്ട്. നിർമ്മാണച്ചുമതല നിലവിൽ നൽകിയിരിക്കുന്നത് KSITIL-നാണ്.

(ഡി) നിലവിൽ കോളേജ് പ്രവർത്തിച്ചുവരുന്ന സ്ഥലത്തിന്റെ ഉടമസ്ഥത പഞ്ചായത്തിൽനിന്നും ഉന്നതവിദ്യാഭ്യാസ വകുപ്പിന് വിട്ടുകിട്ടാനുള്ള നടപടി ഏതുഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

നിലവിൽ കോളേജ് പ്രവർത്തിച്ചുവരുന്ന പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഭൂമി കോളേജ് വിദ്യാഭ്യാസ വകുപ്പിനുകീഴിലേയ്ക്ക് മാറ്റുന്നതിനായി ജില്ലാ കളക്ടർക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. കൂടാതെ ഭൂമി വിട്ടുനൽകുന്നതിനായി NOC ലഭ്യമാക്കുന്നതിനായി പഞ്ചായത്ത് വകുപ്പിൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

**മാനന്തവാടിയിൽ റൂസ പദ്ധതി പ്രകാരമുള്ള കോളേജ്**

178(1919) <u>ശ്രീ. ഒ. ആർ. കേളു</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റൂസ പദ്ധതിപ്രകാരം മാനന്തവാടിയിൽ അനുവദിച്ച കോളേജ് നാളിതുവരെ ആരംഭിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ?

കേന്ദ്ര ഗവൺമെന്റ് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾക്കനുസൃതമായി പദ്ധതി നടപ്പാക്കുന്നതിനും അർഹമായ കേന്ദ്രവിഹിതം നേടിയെടുക്കുന്നതിനും വേണ്ടി എല്ലാ നടപടിക്രമങ്ങളും സംസ്ഥാന സർക്കാർ പൂർത്തീകരിച്ചിട്ടുണ്ട്. ആദ്യ വിഹിത കേന്ദ്രഫണ്ട് ലഭിച്ചാൽ മാത്രമെ

ഇക്കാര്യത്തിൽ സംസ്ഥാന സർക്കാരിന് തുടർനടപടി സ്വീകരിക്കാൻ സാധിക്കുകയുള്ളൂ.

(ബി) പ്രസ്തുത കോളേജാരംഭിക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത കോളേജാരംഭിക്കുന്നതിനായി സർക്കാർ ഇനി എന്തെങ്കിലും നടപടികൾ ചെയ്യേണ്ടതായിട്ടുണ്ടോ; എങ്കിൽ അക്കാര്യം വ്യക്തമാക്കുമോ?

(ബി&സി) റൂസ രണ്ടാംഘട്ട പദ്ധതിയുടെ ഭാഗമായി വയനാട് ജില്ലയിൽ മാനന്തവാടി മണ്ഡലത്തിൽ അനുവദിച്ച മോഡൽ ഡിഗ്രി കോളേജുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്നും റൂസ സംസ്ഥാന കാര്യാലയത്തിന്റെ ഭാഗത്തുനിന്നും കേന്ദ്രവിദ്യാഭ്യാസ വകുപ്പിന് സമർപ്പിക്കേണ്ട വിശദ പദ്ധതിരേഖ (DPR) KSITIL തയ്യാറാക്കിയത് പ്രകാരം ഫണ്ട് അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ സഹിതം 31-05-2019-ൽ സമർപ്പിച്ചിരുന്നു. കോളേജിന് അനുവദിച്ച തുകയുടെ കേന്ദ്രവിഹിതത്തിന്റെ ആദ്യഗഡുവായ 3.6 കോടി രൂപയ്ക്ക് വേണ്ടിയുള്ള ശിപാർശ 30-09-2022-ന് വീണ്ടും നൽകിയിട്ടുണ്ട്.

02-11-2022-ൽ ബാദ്ധ്യതാരഹിത ഭൂമി ലഭ്യമാക്കിയത് സംബന്ധിച്ചും നിർവ്വഹണ ഏജൻസിയെ സംബന്ധിച്ചും അദ്ധ്യാപക അനദ്ധ്യാപക നിയമനവും അവരുടെ വേതനവും സംബന്ധിച്ചും കേന്ദ്രം ആവശ്യപ്പെട്ട വിവരങ്ങൾ ചെക്ക് ലിസ്റ്റ് സഹിതം നൽകിയിട്ടുണ്ട്. കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയത്തിൽനിന്നും അനുകൂല നടപടികൾ സ്വീകരിക്കുന്നമുറയ്ക്ക് കെട്ടിടനിർമ്മാണമുൾപ്പെടെയുള്ള കോളേജിന്റെ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്.

**ബാലുശ്ശേരിയിലെ ഡോ. ബി. ആർ. അംബേദ്കർ മെമ്മോറിയൽ ആട്സ് ആൻഡ് സയൻസ് കോളേജ് കെട്ടിടനിർമ്മാണം**

179(1920) <u>ശ്രീ. കെ. എം. സച്ചിൻദേവ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരിയിലെ ഡോ. ബി. ആർ. അംബേദ്കർ മെമ്മോറിയൽ ആട്സ് ആൻഡ് സയൻസ് കോളേജിന്റെ നിലവിലെ കെട്ടിട നിർമ്മാണപ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) മാസ്റ്റർ പ്ലാൻ പ്രകാരം കെട്ടിടനിർമ്മാണം പൂർത്തീകരിക്കുന്നതിന് എത്ര കോടി രൂപ അധികമായി വേണമെന്നാണ്

കരുതുന്നത്; ഈ തുക ലഭ്യമാക്കുന്നതിനായി സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെയാണെന്നറിയിക്കാമോ?

(എ&ബി) ബാലുശ്ശേരി സർക്കാർ ആർട്സ് ആൻഡ് സയൻസ് കോളേജിന്റെ കെട്ടിടനിർമ്മാണം നിലവിൽ 50 ശതമാനം പൂർത്തീകരിച്ചിട്ടുണ്ട്. മാസ്റ്റർ പ്ലാൻ പ്രകാരമുള്ള കെട്ടിടം പൂർത്തീകരിക്കുന്നതിന് 10.14 കോടി രൂപയുടെ എസ്റ്റിമേറ്റ് പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്. നിലവിൽ കിഫ്ബി പദ്ധതിയിലുൾപ്പെടുത്തിയ നിർമ്മാണപ്രവർത്തനങ്ങൾ പൂർത്തീകരിച്ചശേഷം പദ്ധതി വിഹിതത്തിലുൾപ്പെടുത്തി ഫണ്ട് ലഭ്യതയനുസരിച്ച് കെട്ടിടനിർമ്മാണത്തിന് അധികമായി ആവശ്യമുള്ള തുക കണ്ടെത്താവുന്നതാണ്.

**സി.കെ.ജി.എം. ഗവൺമെന്റ് കോളേജിലെ കോഴ്സുകൾ**

180(1921) <u>ശ്രീ. ടി. പി. രാമകൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ പേരാമ്പ്ര മണ്ഡലത്തിലുള്ള സി.കെ.ജി.എം. ഗവൺമെൻറ് കോളേജിൽ നിലവിൽ ഏതെല്ലാം കോഴ്സുകളാണുള്ളതെന്ന് വിശദമാക്കുമോ?

പേരാമ്പ്ര സി.കെ.ജി.എം. സർക്കാർ ആർട്സ് ആൻഡ് സയൻസ് കോളേജിൽ താഴെപ്പറയുന്ന കോഴ്സുകളാണ് നിലവിലുള്ളത്:

1. B.A. English
2. B.A. History
3. B.A. Economics
4. B.Com. Finance
5. B.Sc. Mathematics
6. B.Sc. Physics
7. B.Sc. Applied Science and Data Science
8. M.A. History
9. M.Sc. Mathematics
10. M. Com. Finance

(ബി) പുതിയ ഏതെങ്കിലും കോഴ്സുകളാരംഭിക്കണമെന്ന് ആവശ്യപ്പെട്ട് പ്രൊപ്പോസൽ ലഭ്യമായിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ കോഴ്സുകളാണ് ആരംഭിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

2022-23 അദ്ധ്യയന വർഷം പ്രസ്തുത കോളേജിൽ പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള സർവ്വകലാശാല പ്രൊപ്പോസൽ ലഭിച്ചിട്ടില്ല.

(സി) പ്രസ്തുത കോളേജിന്റെ ഭാവി വികസനവുമായി ബന്ധപ്പെട്ട് മാസ്റ്റർ പ്ലാൻ ലഭിച്ചിട്ടുണ്ടോ?

2050 മുന്നിൽ കണ്ട് സർക്കാർ കോളേജുകളുടെ അടിസ്ഥാനസൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് ഓരോ കോളേജിനും മാസ്റ്റർ പ്ലാൻ രൂപീകരിച്ചിട്ടുണ്ട്.

(ഡി) നിലവിൽ അടിസ്ഥാന സൗകര്യ വികസനവുമായി ബന്ധപ്പെട്ട് എന്തൊക്കെ കാര്യങ്ങളാണ് പൂർത്തീകരിച്ചിട്ടുള്ളത്?

നിലവിൽ അടിസ്ഥാനസൗകര്യവുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്.

1. ലേഡീസ് ഹോസ്റ്റൽ
2. ലൈബ്രറി ബ്ലോക്ക് (നിർമ്മാണം പൂർത്തീകരിച്ചു, കൈമാറ്റം നടന്നിട്ടില്ല)
3. അക്കാദമിക് ബ്ലോക്ക്
4. പി.ജി. ബ്ലോക്ക് രണ്ടാംനില
5. മെയിൻ ബ്ലോക്ക് നവീകരണം

(ഇ) മാസ്റ്റർ പ്ലാനനുസരിച്ച് എന്തൊക്കെ കാര്യങ്ങളാണ് ചെയ്യാനുദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ?

താഴെപ്പറയുന്ന വിവിധ അടിസ്ഥാനസൗകര്യ വികസന പദ്ധതികൾ കോളേജിന്റെ മാസ്റ്റർ പ്ലാനനുസരിച്ച് കിഫ്ബിയുടെ സഹായത്തോടുകൂടിയും പ്ലാൻ ഫണ്ടിന്റെ സഹായത്തോടുകൂടിയും ഘട്ടംഘട്ടമായി നടത്താനുദ്ദേശിക്കുന്നു:

1. ഓഡിറ്റോറിയം
2. ഗസ്റ്റ് ഹൗസ്
3. സ്പോർട്സ് കോംപ്ലക്സ്-ഇൻഡോർ സ്റ്റേഡിയം
4. ബോയ്സ് ഹോസ്റ്റൽ
5. സ്റ്റാഫ് ക്വാർട്ടേഴ്സ്
6. ഓപ്പൺ എയർസ്റ്റേജ്
7. ആംഫി തീയറ്റർ
8. സെമിനാർ ഹാൾ രണ്ടാംനില
9. ഇന്റേണൽ റോഡ്-ന്യൂ എൻട്രൻസ്, മെയിൻ ഗേറ്റ്
10. പാർക്കിംഗ് ഗ്രൗണ്ട്
11. കാന്റീൻ
12. പ്രിൻസിപ്പൽസ് ക്വാർട്ടേഴ്സ്

## മൂന്നാർ ഗവൺമെന്റ് ആർട്സ് കോളേജ് പുനർനിർമ്മാണം

181(1922) ശ്രീ. എ. രാജ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയത്തിൽ തകർന്ന ഇടുക്കി ജില്ലയിലെ മൂന്നാർ ഗവൺമെന്റ് ആർട്സ് കോളേജ് പുനർനിർമ്മിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

മൂന്നാർ സർക്കാർ ആർട്സ് ആൻഡ് സയൻസ് കോളേജ് പുനർനിർമ്മിക്കുന്നതിന് കോളേജ് നിലവിൽ സ്ഥിതി ചെയ്യുന്ന ബഡ്ജറ്റ് ഹോട്ടലിന് സമീപപ്രദേശത്തുള്ള റവന്യൂ ഭൂമിയും അതിനോട് ചേർന്നുള്ള എഞ്ചിനീയറിംഗ് കോളേജിന്റെ ഭൂമിയും കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ ഉടമസ്ഥതയിലേയ്ക്ക് മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിലേയ്ക്കായി അർത്ഥനാപത്രവും മറ്റ് അനുബന്ധരേഖകളും ജില്ലാ കളക്ടർക്ക് നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത കോളേജ് പുനർനിർമ്മിക്കുന്നതിന് അനുവദിച്ച തുക എത്രയെന്ന് അറിയിക്കുമോ?

27-10-2018-ലെ സ.ഉ (സാധാ) നം. 1946/2018/ഉ.വി.വ പ്രകാരം തകർന്ന മൂന്നാർ ആർട്സ് ആൻഡ് സയൻസ് കോളേജിനെ മൂന്നാർ

എഞ്ചിനീയറിംഗ് കോളേജിൽ താല്ക്കാലികമായി മാറ്റി സ്ഥാപിക്കുന്നതിന് 5.5 കോടി രൂപ ഉപയോഗിക്കാൻ അനുമതി നൽകിയിരുന്നു. എന്നാൽ ഏത് ശീർഷകത്തിൽ നിന്ന് ഉപയോഗപ്പെടുത്തണമെന്ന് നിർദ്ദേശിച്ചിട്ടില്ലായിരുന്നു. കോളേജ് മാറ്റി സ്ഥാപിക്കേണ്ട അടിയന്തര സാഹചര്യം നിലനിന്നിരുന്നതിനാൽ എഞ്ചിനീയറിംഗ് കോളേജിന്റെ ഉപയോഗിക്കാത്ത കെട്ടിടത്തിലാവശ്യമായ സജ്ജീകരണങ്ങളൊരുക്കി കോളേജ് മാറ്റിസ്ഥാപിച്ചു. നിലവിൽ കൂടുതൽ സൗകര്യങ്ങൾ ലഭ്യമായ ബഡ്ജറ്റ് ഹോട്ടൽ കെട്ടിടത്തിലേയ്ക്ക് കോളേജ് മാറ്റി സ്ഥാപിച്ചിട്ടുണ്ട്.

(സി) പ്രസ്തുത പുനർനിർമ്മാണത്തിന് ആവശ്യമായ സ്ഥലം ഏറ്റെടുത്തിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള തടസ്സമെന്തെന്ന് വിശദമാക്കുമോ;

(ഡി) കോളേജ് പുനർനിർമ്മാണം ത്വരിതപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

(സി&ഡി) കോളേജ് നിലവിൽ സ്ഥിതി ചെയ്യുന്ന ബഡ്ജറ്റ് ഹോട്ടലിന് സമീപപ്രദേശത്തുള്ള റവന്യൂ ഭൂമിയും അതിനോട് ചേർന്നുള്ള എഞ്ചിനീയറിംഗ് കോളേജിന്റെ ഭൂമിയും കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ ഉടമസ്ഥതയിലേയ്ക്ക് മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

കണ്ടിന്യൂയിംഗ് എഡ്യൂക്കേഷന്റെ കീഴിൽ പ്രവർത്തിക്കുന്ന മൂന്നാർ എഞ്ചിനീയറിംഗ് കോളേജിന്റെ ഭൂമി വിട്ടുനൽകുന്നതിനായി കത്ത് നൽകിയിട്ടുണ്ട്. ആയത് ലഭ്യമായാലുടൻ ഭൂമിയേറ്റെടുക്കൽ നടപടികൾ പൂർത്തീകരിക്കാവുന്നതും പദ്ധതി വിഹിതവും കിഫ്ബി പദ്ധതിയുമുപയോഗപ്പെടുത്തി കോളേജ് പുനർനിർമ്മാണം ത്വരിതപ്പെടുത്താൻ സാധിക്കുന്നതുമാണ്.

**കോതമംഗലം മണ്ഡലത്തിലെ കുട്ടമ്പുഴയിൽസർക്കാർ കോളേജ് ആരംഭിക്കാൻ നടപടി**

182(1923) <u>ശ്രീ. ആന്റണി ജോൺ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിൽ കുട്ടമ്പുഴയിൽ സർക്കാർ കോളേജാരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കുമോ;

(ബി) ഇതുസംബന്ധിച്ച് കോളേജ് വിദ്യാഭ്യാസ വകുപ്പിൽ നിന്നും റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത കോളേജ് ആരംഭിക്കുന്നതിനായി ബി3/518/2017 ഉ.വി.വ. എന്ന ഫയലിൽ സ്വീകരിച്ചിട്ടുള്ള തുടർനടപടി വിശദമാക്കാമോ;

(ഡി) കുട്ടമ്പുഴ പഞ്ചായത്തിലെ ആദിവാസി കുട്ടികൾക്കടക്കം ഉപരിപഠനം സാദ്ധ്യമാകുന്ന തരത്തിൽ സർക്കാർ കോളേജ് വേഗത്തിൽ ആരംഭിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

(എ-ഡി) കുട്ടമ്പുഴയിൽ സർക്കാർ കോളേജാരംഭിക്കുന്നത് സംബന്ധിച്ച് കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. സർക്കാർ ഈ വിഷയത്തിൽ തുടർനടപടികൾ സ്വീകരിക്കുകയും നിലവിൽ കോളേജാരംഭിക്കുന്നതിനുള്ള സ്ഥലലഭ്യത സംബന്ധിച്ച വിഷയം പരിശോധിക്കുകയും ചെയ്തു. കുട്ടമ്പുഴയിൽ പുതിയ ആർട്സ് ആൻഡ് സയൻസ് കോളേജ് തുടങ്ങുന്നതിനായി ഭൂമി ഏറ്റെടുക്കുന്നത് സംബന്ധിച്ച തുടർനടപടികൾക്കായി ജലവിഭവവകുപ്പിന് കൈമാറിനൽകിയ ബി3/518/2017/ഉ.വി.വ. നമ്പർ ഫയൽ നിലവിൽ പ്രസ്തുത വകുപ്പിൽ പരിശോധിച്ചുവരികയാണ്.

ഇതിനായി കുട്ടമ്പുഴ വാർഡ് നമ്പർ 16-ൽ 5 ഏക്കർ സ്ഥലം കൈമാറുവാൻ സാധിക്കുമോയെന്നത് സംബന്ധിച്ച റിപ്പോർട്ട് ജലസേചന വകുപ്പ് ചീഫ് എഞ്ചിനീയർ (പദ്ധതി വിഭാഗം 2) ലഭ്യമാക്കിയിട്ടുണ്ടെന്നും പ്രസ്തുത സ്ഥലം റിസർവോയർ ഏരിയയാണെന്നും ടി സ്ഥലം കെ.എസ്.ഇ.ബി. ലിമിറ്റഡ് സോളാർ പാനൽ സ്ഥാപിക്കുന്നതിന്

പരിശോധന നടത്തി പോയിട്ടുള്ളതാണെന്നും ചീഫ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്യതിന്റെ അടിസ്ഥാനത്തിൽ ഈ വിഷയത്തിലെ തൽസ്ഥിതി അറിയിക്കുവാൻ കെ.എസ്.ഇ.ബി.എൽ.-ന് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും ജലവിഭവ വകുപ്പ് അറിയിച്ചിട്ടുണ്ട്. ജലവിഭവവകുപ്പിൽ നിന്നും ഫയൽ തിരികെ ലഭ്യമാകുന്നമുറയ്ക്കും സർക്കാരിന്റെ സാമ്പത്തികസ്ഥിതി പരിഗണിച്ചും ഈ വിഷയത്തിൽ ഉന്നതവിദ്യാഭ്യാസ വകുപ്പിൽനിന്നും തുടർനടപടി സ്വീകരിക്കുന്നതാണ്.

**കണ്ണൂർ ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജിൽ സിവിൽ സർവ്വീസ് അക്കാദമി**

183(1924) ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജിൽ സിവിൽ സർവ്വീസ് അക്കാദമി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

കണ്ണൂർ ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജിൽ സിവിൽ സർവ്വീസ് അക്കാദമി ആരംഭിക്കുന്നതിനായി ശിപാർശകളൊന്നും നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

(ബി) പ്രസ്തുത കോളേജിൽ ഒരു ഇൻക്യുബേഷൻ സെന്റർ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

കണ്ണൂർ ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജിൽ 30-04-2014-ലെ സ.ഉ.(സാധാ) നം.839/2014/ഉ.വി.വ. പ്രകാരം ടെക്നോളജി ബിസിനസ് ഇൻക്യുബേഷൻ സെന്റർ (TBI) ആരംഭിക്കുന്നതിന് ഭരണാനുമതി നൽകിയിരുന്നു. പ്രസ്തുത TBI സെന്റർ കോളേജിൽ നിലവിൽ പ്രവർത്തിച്ചുവരുന്നുണ്ട്.

## അഫിലിയേറ്റഡ് കോളേജുകളിൽ സ്പോട്ട് അഡ്മിഷൻ നടത്തി ഒഴിവുകൾ നികത്താനുള്ള നടപടി

184(1925) <u>ശ്രീ. പി. നന്ദകുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒന്നാംവർഷ ബിരുദ/പി.ജി. പ്രവേശനം പൂർത്തിയായപ്പോൾ സർവ്വകലാശാലകൾക്ക് കീഴിലുള്ള അഫിലിയേറ്റഡ് കോളേജുകളിൽ ഒഴിഞ്ഞുകിടക്കുന്ന സീറ്റുകളിലേയ്ക്ക് സ്പോട്ട് അഡ്മിഷൻ നടത്തി പ്രസ്തുത ഒഴിവുകൾ നികത്താനുദ്ദേശിക്കുന്നുണ്ടോ?

2022-23 അദ്ധ്യയനവർഷത്തെ യു.ജി./പി.ജി. പ്രവേശനം, അലോട്ട്മെന്റുകൾക്കുശേഷം സ്പോട്ട് അഡ്മിഷൻ നടത്തിയാണ് പൂർത്തിയാക്കിയത്.

(ബി) മികച്ച സർക്കാർ/എയ്ഡഡ് കോളേജുകൾക്ക് ഗ്രേഡിംഗ് നടത്തി അംഗീകാരം നൽകുന്നതിന് സാക് (സ്റ്റേറ്റ് അസസ്മെന്റ് ആൻഡ് ആക്രഡിറ്റേഷൻ സെന്റർ) പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

രാജ്യത്തെ സർവ്വകലാശാലകളുൾപ്പെടെയുള്ള ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അക്കാദമിക് പ്രകടനം വർഷംതോറും വിലയിരുത്തുന്നതിന് നാഷണൽ അസസ്സ്മെന്റ് ആൻഡ് അക്രെഡിറ്റേഷൻ കൗൺസിൽ (NAAC)-ന്റെ മാതൃകയിൽ സംസ്ഥാനതലത്തിൽ പ്രാദേശിക വൈവിദ്ധ്യങ്ങളുടെയും പ്രത്യേകതകളുടെയും അളവുകോലുകൾ കൂടിയുൾപ്പെടുത്തി ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഗുണനിലവാരം വിലയിരുത്തിക്കൊണ്ട് ഗ്രേഡിംഗ് നൽകുന്നതിനായി കേരള സംസ്ഥാന ഉന്നതവിദ്യാഭ്യാസ കൗൺസിലിന്റെ നേതൃത്വത്തിൽ സ്റ്റേറ്റ് അസസ്മെന്റ് ആൻഡ് അക്രെഡിറ്റേഷൻ സെന്റർ (SAAC) പ്രവർത്തിച്ചുവരുന്നു. NAAC-ൽ വിഭാവന ചെയ്തിട്ടുള്ള 5 core values-ന് പുറമെ, Social Inclusiveness (Inclusive Education), Equity and Excellence, Scientific

temper, and secular outlook എന്നീ 3 core values-ന്റെ കൂടി അടിസ്ഥാനത്തിൽ, സ്ഥാപനങ്ങളെ സംസ്ഥാനാധിഷ്ഠിത മാനദണ്ഡങ്ങളുടെയും (State Specific) കൂടി വിലയിരുത്തിയാണ് SAAC അസസ്മെന്റും ഗ്രേഡിംഗും നൽകുന്നത്. സംസ്ഥാനത്തെ മുഴുവൻ സർവ്വകലാശാലകളും സർക്കാർ-എയ്ഡഡ് കോളേജുകളും സ്വയംഭരണ കോളേജുകളും സ്വാശ്രയ കോളേജുകളും SAAC-ന്റെ അവലോകന പരിധിയിൽ വരും. ഇതുമായി ബന്ധപ്പെട്ട് ജില്ലാ അടിസ്ഥാനത്തിൽ കോളേജുകൾക്ക് ഓറിയന്റേഷൻ പ്രോഗ്രാമുകൾ സംഘടിപ്പിച്ചുവരുന്നു. വിദ്യാഭ്യാസ സ്ഥാപനങ്ങൾ അപേക്ഷിക്കുന്നമുറയ്ക്ക് അക്രഡിറ്റേഷൻ പ്രക്രിയ നടത്തുന്നുണ്ട്.

## ഹരിപ്പാട് ഐ.എച്ച്.ആർ.ഡി. കോളേജിലെ വികസന പ്രവർത്തനങ്ങൾ

185(1926) <u>ശ്രീ രമേശ് ചെന്നിത്തല</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് ഐ.എച്ച്.ആർ.ഡി. അപ്ലൈഡ് സയൻസ് കോളേജിന്റെ രണ്ടാംഘട്ട വികസന പ്രവർത്തനങ്ങളുടെ ഭാഗമായി വിഭാവന ചെയ്തിട്ടുള്ള നിർമ്മാണപ്രവൃത്തികളുടെ വിശദാംശം അറിയിക്കുമോ;

(ബി) ഇതിനാവശ്യമായ ഫണ്ട് പി.ഡബ്ല്യു.ഡി.-ക്ക് കൈമാറിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനുള്ള നടപടി സ്വീകരിക്കുമോ?

(എ&ബി) ഐ.എച്ച്.ആർ.ഡി.-യുടെ കീഴിൽ പ്രവർത്തിക്കുന്ന ഹരിപ്പാട് (കാർത്തികപ്പള്ളി) അപ്ലൈഡ് സയൻസ് കോളേജിന്റെ പ്രധാന കെട്ടിടത്തിന്റെ ഒന്നാംനിലയുടെ നിർമ്മാണത്തിനായി 1,57,52,000/- (ഒരു കോടി അൻപത്തിയേഴ് ലക്ഷത്തി അൻപത്തി രണ്ടായിരം രൂപ മാത്രം) രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. ഐ.എച്ച്.ആർ.ഡി.-ക്ക് അനുവദിച്ച പ്ലാൻ ഫണ്ടിൽ നിന്നും തുക ചെലവഴിച്ച് പ്രസ്തുത നിർമ്മാണപ്രവൃത്തി പൊതുമരാമത്ത് വകുപ്പ് പൂർത്തീകരിച്ചിട്ടുണ്ട്. പ്രധാന കെട്ടിടത്തിന്റെ രണ്ടാംനിലയുടെ നിർമ്മാണത്തിനായി 180 ലക്ഷം രൂപയുടെ ഭരണാനുമതി സർക്കാർ നൽകിയിട്ടുണ്ട്. ഐ.എച്ച്.ആർ.ഡി.-ക്ക് പ്ലാൻ ഫണ്ടനുവദിക്കുന്നമുറയ്ക്ക് പ്രസ്തുത നിർമ്മാണത്തിനായുള്ള തുക പൊതുമരാമത്ത് വകുപ്പിൽ നിക്ഷേപിക്കുന്നതിനുള്ള നടപടി ഐ.എച്ച്.ആർ.ഡി. ഡയറക്ടർ സ്വീകരിക്കുന്നതാണ്.

## മലമ്പുഴ ഐ.എച്ച്.ആർ.ഡി. കോളേജിന്റെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിന് നടപടി

186(1927) ശ്രീ. എ. പ്രഭാകരൻ: താഴെ കാണുന്ന ചോദ്യത്തിന് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മലമ്പുഴ ഐ.എച്ച്.ആർ.ഡി. കോളേജിന്റെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനും നവീകരണത്തിനുമായി ഉന്നതവിദ്യാഭ്യാസ വകുപ്പ് സ്വീകരിച്ച നടപടി വിശദമാക്കുമോ?

മലമ്പുഴ ഐ.എച്ച്.ആർ.ഡി. കോളേജിന്റെ പ്രധാന കെട്ടിടത്തിന്റെ ഒന്നാംനിലയുടെ നിർമ്മാണത്തിനായി 150 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും പ്രസ്തുത തുക ഐ.എച്ച്.ആർ.ഡി., പൊതുമരാമത്ത് വകുപ്പിൽ നിക്ഷേപിക്കുകയും ചെയ്തിട്ടുണ്ട്. നിർമ്മാണപ്രവൃത്തിക്കുള്ള നടപടികൾ പൊതുമരാമത്ത് വകുപ്പ് സ്വീകരിച്ചിട്ടുണ്ട്. കോളേജിന്റെ ചുറ്റുമതിൽ നിർമ്മാണത്തിനായി 30 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും ടി തുക ഐ.എച്ച്.ആർ.ഡി.-യുടെ പ്ലാൻ ഫണ്ടിൽനിന്നും പൊതുമരാമത്ത് വകുപ്പിൽ നിക്ഷേപിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത നിർമ്മാണപ്രവൃത്തി പുരോഗമിക്കുന്നു.

**കിനാനൂർ-കരിന്തളം ഗവൺമെന്റ് കോളേജ് കെട്ടിടനിർമ്മാണം**

187(1928) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിനാനൂർ-കരിന്തളം സർക്കാർ ആർട്സ് ആൻഡ് സയൻസ് കോളേജിന്റെ കെട്ടിടനിർമ്മാണ നടപടികൾ ഏതുഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത കെട്ടിട നിർമാണത്തിന് ഏതൊക്കെ സ്രോതസുകളിൽ നിന്നും എത്രയൊക്കെ തുക അനുവദിച്ചുവെന്ന് വിശദമാക്കുമോ?

(എ & ബി) അനുബന്ധമായി ചേർക്കുന്നു.+

**ഡിജിറ്റൽ സർവ്വകലാശാല വൈസ് ചാൻസലർ നിയമനം**

188(1929) ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡിജിറ്റൽ സർവ്വകലാശാല വൈസ് ചാൻസലർ നിയമനം സംബന്ധിച്ച സർക്കാർ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ?

അനുബന്ധമായി ചേർത്തിരിക്കുന്നു.+

(ബി) പ്രസ്തുത നിയമനം യു.ജി.സി. മാനദണ്ഡ പ്രകാരമാണോയെന്ന് വ്യക്തമാക്കുമോ?

KUDSIT Ordinance 2020, അദ്ധ്യായം 3 സെക്ഷൻ 11(4)-ലെ വ്യവസ്ഥയനുസരിച്ച് പ്രഥമ വൈസ് ചാൻസലറെ, സർക്കാരിന്റെ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ശിപാർശയിന്മേൽ ചാൻസലറായ, ബഹുമാനപ്പെട്ട ഗവർണർ നിയമിക്കുകയാണുണ്ടായത്. KUDSIT Act 2021 പുറപ്പെടുവിച്ചപ്പോൾ മേൽപ്പറഞ്ഞ വ്യവസ്ഥ സെക്ഷൻ 11(5) ആയി നിലനിൽക്കുന്നു.

(സി) പ്രസ്തുത നിയമനം സംബന്ധിച്ച ഫയലിന്റെ പകർപ്പ് ലഭ്യമാക്കുമോ?

ഫയലിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.+

**കണ്ണൂർ സർവ്വകലാശാലയിലെ പ്രൊഫസർ റാങ്ക് പട്ടിക**

189(1930) ശ്രീ. ഷാഫി പറമ്പിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ സർവ്വകലാശാലയിൽ 19-7-2022-ന് പ്രസിദ്ധീകരിച്ച മലയാള അസോസിയേറ്റ് പ്രൊഫസർ റാങ്ക് പട്ടികയിലുൾപ്പെട്ടവർക്ക് ലഭിച്ച മാർക്കിന്റെ വിശദാംശം ലഭ്യമാക്കുമോ?

അനുബന്ധമായി ചേർക്കുന്നു.+

(ബി) പ്രസ്തുത തസ്തികയിലെ നിയമനത്തിനായി 18-11-2021-ന് നടത്തിയ ഓൺലൈൻ ഇന്റർവ്യൂവിന്റെ വീഡിയോ ദൃശ്യങ്ങൾ ലഭ്യമാണോയെന്നറിയിക്കുമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രസ്തുത തസ്തികയിലെ നിയമനത്തിനായി 18-11-2021-ന് നടത്തിയ ഓൺലൈൻ ഇന്റർവ്യൂ റെക്കോർഡ് ചെയ്തിട്ടുള്ളതായി സർവ്വകലാശാല അറിയിച്ചിട്ടുണ്ട്.

**ഫിഷറീസ് സർവ്വകലാശാല വൈസ് ചാൻസലർ നിയമനം**

190(1931) ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫിഷറീസ് സർവ്വകലാശാല വൈസ് ചാൻസലർ നിയമനം കോടതി റദ്ദാക്കിയിട്ടുണ്ടോ; എങ്കിൽ തുടർന്ന് സ്വീകരിച്ച നടപടിയെന്തെന്ന് വ്യക്തമാക്കുമോ?

ഉണ്ട്. സ്ഥിരം വൈസ് ചാൻസലറെ നിയമിക്കുന്നതുവരെ പ്രൊഫസറും ഫാക്കൽറ്റി ഓഫ് ഫിഷറീസ് സയൻസിന്റെ ഡീനുമായ ഡോ. എം. റോസലിൻഡ് ജോർജ്ജിന് ഫിഷറീസ് സർവ്വകലാശാലയുടെ വൈസ് ചാൻസലറുടെ അധികച്ചുമതല നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത നിയമനം സംബന്ധിച്ച ഫയലിന്റെ പകർപ്പ് ലഭ്യമാക്കുമോ?

സർവ്വകലാശാലയിലെ വൈസ് ചാൻസലർ തസ്തികയുടെ നിയമനം ചാൻസലറാണ് നടത്തുന്നത്. അതിനാൽ പ്രസ്തുത നിയമനം സംബന്ധിച്ച ഫയൽ സർക്കാരിൽ ലഭ്യമല്ല.

**സാങ്കേതിക സർവ്വകലാശാല വൈസ് ചാൻസലർ നിയമനം**

191(1932) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാങ്കേതിക സർവ്വകലാശാലാ വൈസ് ചാൻസലർ നിയമനം യു.ജി.സി. മാനദണ്ഡങ്ങൾക്ക് വിരുദ്ധമായതിനാൽ വൈസ് ചാൻസലറെ പുറത്താക്കിക്കൊണ്ട് സുപ്രീംകോടതി വിധി പുറപ്പെടുവിച്ചിട്ടുണ്ടോ; പ്രസ്തുത വിധിയെത്തുടർന്ന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

എ.പി.ജെ. അബ്ദുൾകലാം സാങ്കേതിക ശാസ്ത്ര സർവ്വകലാശാല വൈസ് ചാൻസലറായിരുന്ന ഡോ. രാജശ്രീ. എം.എസ്.-ന്റെ നിയമനം ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ 21-10-2022 -ലെ (Civil Appeal Nos. 7634- 7635 OF 2022 (SLP(c)Nos.21108-21109 OF 2021) വിധിന്യായപ്രകാരം അസാധുവാക്കുകയുണ്ടായി. തുടർന്ന് ഡോ. രാജശ്രീ. എം.എസ്.-ന് പകരം മറ്റൊരാൾക്ക് വൈസ് ചാൻസലറുടെ ചാർജ്ജ്

നൽകുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് രജിസ്ട്രാർ സർക്കാരിനോട് അപേക്ഷിച്ചിരുന്നു.

ആയതിന്റെ അടിസ്ഥാനത്തിൽ, ഡിജിറ്റൽ യൂണിവേഴ്സിറ്റി കേരള വൈസ് ചാൻസലറായ ഡോ. സജി ഗോപിനാഥിന്, എ.പി.ജെ. അബ്ദുൾ കലാം സാങ്കേതിക ശാസ്ത്ര സർവ്വകലാശാല വൈസ് ചാൻസലറുടെ അധിക ചുമതല നൽകുവാൻ സർക്കാർ ചാൻസലറോട് ശിപാർശ ചെയ്യുകയുണ്ടായി. എന്നാൽ ബഹുമാനപ്പെട്ട സുപ്രീംകോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഡോ. സജി ഗോപിനാഥിന്റെ നിയമനവും അനിശ്ചിതത്വത്തിലായതിനാൽ സർക്കാർ ശിപാർശയോട് യോജിക്കാൻ സാധിക്കുകയില്ലായെന്ന് ചാൻസലർ അറിയിച്ചു. തുടർന്ന് 2015-ലെ എ.പി.ജെ. അബ്ദുൾകലാം സാങ്കേതിക ശാസ്ത്ര സർവ്വകലാശാല ആക്ട് 13-ാം വകുപ്പ് 7-ാം ഉപവകുപ്പുപ്രകാരം ഉന്നത വിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിക്ക് മൊത്തം ആറ് മാസത്തിൽ കവിയാത്ത കാലയളവിലേയ്ക്ക് വൈസ് ചാൻസലറുടെ അധികചുമതല നൽകുവാൻ സർക്കാർ ശിപാർശ ചെയ്യുകയുണ്ടായി. എന്നാൽ വൈസ് ചാൻസലറുടെ ഒഴിവ് വരുന്ന പക്ഷം, സർക്കാർ ശിപാർശ ചെയ്യുന്ന മറ്റേതെങ്കിലും സർവ്വകലാശാലയുടെ വൈസ് ചാൻസലറെയോ, ഈ സർവ്വകലാശാലയുടെ പ്രോ വൈസ് ചാൻസലറെയോ

അല്ലെങ്കിൽ ഉന്നതവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയെയോ മൊത്തം ആറ് മാസത്തിൽ കവിയാത്ത കാലയളവിലേയ്ക്ക് വൈസ് ചാൻസലറായി ചാൻസലർക്ക് നിയമിക്കാമെന്ന 2015-ലെ എ.പി.ജെ. അബ്ദുൾകലാം സാങ്കേതിക ശാസ്ത്ര സർവ്വകലാശാല ആക്ട് 13 -ാം വകുപ്പ് 7-ാം ഉപവകുപ്പിന് വിരുദ്ധമായി സർക്കാർ ശിപാർശയില്ലാതെ സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് സീനിയർ ജോയിന്റ് ഡയറക്ടറായ പ്രൊഫ. (ഡോ.) സിസ തോമസിന് വൈസ് ചാൻസലറുടെ അധിക ചുമതല നൽകി ചാൻസലർ ഉത്തരവായി.

2015-ലെ സാങ്കേതിക സർവ്വകലാശാല നിയമത്തിന് വിരുദ്ധമായ കെ.ടി.യു. വൈസ് ചാൻസലർ സ്ഥാനത്തേയ്ക്ക് ചാൻസലർ നടത്തിയ താല്ക്കാലിക നിയമനത്തിനെതിരെ ബഹുമാനപ്പെട്ട ഹൈക്കോടതി മുമ്പാകെ 35656/2022 (F) നമ്പറായി റിട്ട് ഹർജി ഫയൽ ചെയ്യുകയും ടി ഹർജി ബഹുമാനപ്പെട്ട ഹൈക്കോടതി തള്ളുകയുണ്ടായി. ബഹുമാനപ്പെട്ട സുപ്രീംകോടതി വിധിയിൽ നിയമ പ്രശ്നം നിലനിൽക്കുന്നതിനാൽ പ്രസ്തുത വിധിക്കെതിരെ പുനഃപരിശോധന ഹർജി ഫയൽ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അതോടൊപ്പം ബഹുമാനപ്പെട്ട ഹൈക്കോടതി വിധിക്കെതിരെ അപ്പീൽ ഫയൽ ചെയ്യുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) പ്രസ്തുത നിയമനം സംബന്ധിച്ച ഫയലിന്റെ പകർപ്പ് ലഭ്യമാക്കുമോ?

അനുബന്ധമായി ചേർത്തിരിക്കുന്നു.+

**ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിൽ തൊഴിൽ സംരംഭ കേന്ദ്രങ്ങൾ ആരംഭിക്കൽ**

192(1933) ശ്രീ. എ. രാജ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിൽ തൊഴിൽ സംരംഭ കേന്ദ്രങ്ങൾ തുടങ്ങുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇടുക്കി ജില്ലയിൽ ഏതൊക്കെ സ്ഥാപനങ്ങളിലാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് തീരുമാനിച്ചിരിക്കുന്നതെന്ന് അറിയിക്കുമോ?

(എ&ബി) ആധുനിക കാലത്തെ അക്കാദമിക സാഹചര്യങ്ങളിൽ മൂല്യബോധമുള്ള വിദ്യാഭ്യാസസമൂഹത്തെ വാർത്തെടുക്കുന്നതോടൊപ്പം തൊഴിൽപരമായ നൈപുണ്യവും അതിലൂടെ സമ്പാദ്യശീലവും സാമ്പത്തിക സ്വാശ്രയത്വവും കൈവരിക്കാൻ അവരെ പ്രാപ്തരാക്കുകയെന്ന ലക്ഷ്യത്തോടെ Earn While You Learn എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഇന്റർനെറ്റിന്റെ സഹായത്തോടെയുള്ള തൊഴിൽമേഖലകളായ വെബ്സൈറ്റ് അപ്ഡേഷൻ,

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഡാറ്റാ എൻട്രി, വെബ് ഡിസൈനിംഗ്, ഓൺലൈൻ മാർക്കറ്റിംഗ് കൂടാതെ ഹാർഡ്‌വെയർ ആൻഡ് സോഫ്റ്റ്‌വെയർ മെയിന്റനൻസ് തുടങ്ങിയ അവസരങ്ങളും, അദ്ധ്യാപനം, കൃഷി, ടാക്സ് കൺസൾട്ടൻസി, ഫോട്ടോഗ്രാഫി/വീഡിയോഗ്രാഫി, പ്ലംബിംഗ്, ഹൗസ് കീപ്പിംഗ്, മുതലായ നിരവധി തൊഴിലവസരങ്ങൾ കേരളത്തിലെ സർക്കാർ കോളേജുകളിലെ വിദ്യാർത്ഥികൾക്ക് ലഭിക്കുകയുണ്ടായി. ഇതുകൂടാതെ സീറോ വേസ്റ്റ് എന്ന ആശയത്തെ പ്രാവർത്തികമാക്കുകയെന്ന ലക്ഷ്യത്തോടെ തൃപ്പൂണിത്തുറ മ്യൂസിക് ആൻഡ് ഫൈൻ ആർട്സ് കോളേജിലെ ഫൈൻ ആർട്സ് വിഭാഗത്തെ മുൻനിർത്തി ഒരു മിനി ഇൻഡസ്ട്രിയൽ യൂണിറ്റ് സ്ഥാപിക്കാൻ 1 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്ലാസ്റ്റിക്, ഇ-വേസ്റ്റ്, കെട്ടിടാവശിഷ്ടങ്ങൾ, ചില്ല് എന്നിവ പോലുള്ള ഉപയോഗശൂന്യമായ വസ്തുക്കളെ ഉപയോഗിച്ച് കലാഭാവനയോടെ മനോഹരമായ ചെറുതും വലുതുമായ ശില്പങ്ങൾ നിർമ്മിച്ച് അവ ടൂറിസ്റ്റ് കേന്ദ്രങ്ങൾ, പൊതുസ്ഥലങ്ങൾ എന്നിവിടങ്ങളിൽ സ്ഥാപിച്ച് പൊതുജനങ്ങളിൽ അവബോധമുണ്ടാക്കുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

കോളേജ് വിദ്യാഭ്യാസ വകുപ്പിനുകീഴിലുള്ള " Earn While You Learn" പദ്ധതിയും Kerala Knowledge Economy Mission-ന്റെ

“ Connect Career to Campus” പദ്ധതിയും തമ്മിൽ സംയോജിപ്പിച്ച് കേരളത്തിലെ എല്ലാ കോളേജ് വിദ്യാർത്ഥികൾക്കും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും career guidance, interview grooming support, Intern ships മുതലായവ സൃഷ്ടിക്കുവാനുള്ള സമഗ്ര പദ്ധതി രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി കേരളത്തിലെ കോളേജുകളിലെ വിദ്യാർത്ഥികളിൽ ഈ പദ്ധതിയെക്കുറിച്ചുള്ള അവബോധം സൃഷ്ടിക്കുവാൻ ആദ്യഘട്ടത്തിൽ ഒരു mass campaign നടത്തിവരികയാണ്. Kerala knowledge Economy Mission-ന്റെ work management portal ആയ DWMS (Digital Work Management System)-ന്റെ സേവനം പ്രസ്തുത പദ്ധതിക്ക് ഉപകാരപ്പെടുന്ന രീതിയിൽ പരിഷ്കരിക്കുന്നതിന്റെ സാദ്ധ്യതയും പരിശോധിച്ചുവരുകയാണ്. പഠനത്തോടൊപ്പം തൊഴിൽ പദ്ധതിയുടെ ഭാഗമായി, നിലവിൽ വിദ്യാർത്ഥികൾക്ക് നൽകി വരുന്ന തൊഴിലവസരങ്ങൾക്കൊപ്പം നൈപുണ്യ വികസനത്തിലും കരിയർ ഓറിയന്റഡ് കോഴ്സുകളിലും അടിസ്ഥാനപ്പെടുത്തിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാനും കോളേജ് അവധിക്കാലത്ത് വിദ്യാർത്ഥികൾക്ക് തൊഴിൽ പരിചയസമ്പത്ത് വർദ്ധിപ്പിക്കുന്നതിനായി ഇന്റേൺഷിപ്പ് ഏർപ്പെടുത്തുവാനുള്ള വിവിധ പദ്ധതികൾ, Internship Partners-നെ

കണ്ടെത്തുന്നതിനുള്ള വിവിധ പരിപാടികൾ മുതലായവ Kerala Knowledge Economy Mission-ന്റെ സഹായത്തോടുകൂടി നടപ്പിലാക്കുന്നതിനും കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ Skill Training and Employment Enhancing Programme (STEEP) പദ്ധതിയും ASAP Kerala നടത്തി വരുന്ന വിവിധ മൂല്യാധിഷ്ഠിത നൈപുണ്യ വികസന Skill Training കോഴ്സുകൾ, Soft Skill Training കോഴ്സുകൾ, core subject oriented and Other interdisciplinary job creation കോഴ്സുകൾ മുതലായവ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

ഇടുക്കി ജില്ലയിലെ സർക്കാർ കോളേജുകളായ കട്ടപ്പന, മൂന്നാർ, ശാന്തൻപാറ എന്നീ കോളേജുകളിൽ മേൽ പ്രവൃത്തികൾ ആദ്യഘട്ടമെന്നോണം നടത്തിവരുന്നു.

സാങ്കേതിക വിദ്യാഭ്യാസ വകുപ്പിനുകീഴിലെ പെരുമ്പാവൂർ സർക്കാർ പോളിടെക്നിക് കോളേജിൽ തൊഴിൽ സംരഭ കേന്ദ്രമാരംഭിക്കുന്നതിനുള്ള ഭരണാനുമതി 29-09-2022-ലെ സ.ഉ (സാധാ) നം. 1437/2022/ഉവിവ പ്രകാരം സർക്കാർ നൽകിയിട്ടുണ്ട്.

പഠനത്തോടൊപ്പം വരുമാനമെന്ന ആശയം മുൻനിർത്തി 25-02-2019-ലെ സർക്കാർ ഉത്തരവ് GO(Rt) No.319/2019/HEDN പ്രകാരം സർക്കാർ

പോളിടെക്നിക് കോളേജുകളിൽ "ഇൻഡസ്ട്രി ഓൺ കാമ്പസ്" സ്ഥാപിക്കുന്നതിന് ഭരണപരമായ അനുമതി സർക്കാർ നൽകിയിട്ടുണ്ട്. ഇൻഡസ്ട്രി ഓൺ കാമ്പസ് എന്ന ആശയം പ്രായോഗികവൽക്കരിക്കുന്നതിനും അതിലേയ്ക്കാവശ്യമായ വ്യാവസായിക പരിശീലനങ്ങൾ പോളിടെക്നിക് കോളേജുകളിൽ നടപ്പിലാക്കുന്നതിനും ഏകദേശം 6.5 കോടി രൂപയുടെ ആധുനിക യന്ത്രങ്ങളും ഉപകരണങ്ങളും വാങ്ങിച്ചു. ഗവൺമെന്റ് പോളിടെക്നിക് കോളേജ് പാലക്കാട്, ഗവൺമെന്റ് പോളിടെക്നിക് കോളേജ് ആറ്റിങ്ങൽ, ഗവൺമെന്റ് പോളിടെക്നിക് പെരുമ്പാവൂർ എന്നീ സ്ഥാപനങ്ങൾ വർക്ക് എടുക്കുകയും വരുമാനമുണ്ടാക്കുകയും ചെയ്തു. മറ്റ് പോളിടെക്നിക്കുകളിൽ ഇൻഡസ്ട്രി ഓൺ കാമ്പസ് യൂണിറ്റുകൾ രൂപീകരിച്ചു പ്രവർത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുന്നു. 5-02-2019-ലെ സർക്കാർ ഉത്തരവ് GO (Rt) No.319/2019/HEDN പ്രകാരം സർക്കാർ പോളിടെക്നിക്കുകളിൽ ആറരക്കോടി രൂപ ചെലവഴിച്ച് സ്ഥാപിക്കപ്പെട്ട ഉപകരണങ്ങളിൽ ഇടുക്കി ജില്ലയിലെ മുട്ടം പോളിടെക്നിക്കിൽ CNC lathe മെഷീൻ സ്ഥാപിച്ചിരുന്നു.

## പഠനം മുടങ്ങിയ വിദ്യാർത്ഥികളുടെ സർട്ടിഫിക്കറ്റ് തിരികെ നൽകാൻ നടപടി

193(1934) ശ്രീമതി കാനത്തിൽ ജമീല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ പ്രൊഫഷണൽ കോളേജുകളിൽ ഉന്നത ബിരുദ പഠനത്തിനായി ചേരുകയും കോഴ്സ് തുടരാനാകാതെ പഠനം നിർത്തേണ്ടിവരികയും ചെയ്യുന്ന വിദ്യാർത്ഥികൾക്ക് കോഴ്സിന്റെ മൊത്തം ഫീസടച്ചാൽ മാത്രമെ റ്റി. സി.-യും ചേരുന്ന സമയത്ത് നൽകിയ സർട്ടിഫിക്കറ്റും തിരികെ നൽകുന്നുള്ളുവെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഇത്തരത്തിൽ സർട്ടിഫിക്കറ്റ് തിരികെ ലഭിക്കാത്തതുമായി ബന്ധപ്പെട്ട എത്ര അപേക്ഷകൾ പരിഗണനയിലുണ്ട്; അറിയിക്കുമോ?

പഠനം നിർത്തിയ വിദ്യാർത്ഥികൾക്ക് സർട്ടിഫിക്കറ്റ് തിരികെ ലഭിക്കാത്തതുസംബന്ധിച്ചുള്ള അപേക്ഷകൾ ലഭിച്ചിട്ടില്ല.

(സി) പഠനം മുടങ്ങിയ വിദ്യാർത്ഥകളുടെ സർട്ടിഫിക്കറ്റ് തിരികെ നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

ഇതുസംബന്ധിച്ച് വിദ്യാർത്ഥികളിൽ നിന്നോ രക്ഷിതാക്കളിൽ നിന്നോ പരാതികൾ ലഭിക്കുന്ന പക്ഷം ബന്ധപ്പെട്ട കോളേജുകൾക്ക് ഉചിതമായ നിർദ്ദേശം നൽകുന്നതാണ്.

**സർക്കാർ കോളേജുകളുടെ നവീകരണം**

194(1935) ശ്രീ. മുഹമ്മദ് മുഹസിൻ: താഴെ കാണുന്ന ചോദ്യത്തിന് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സർക്കാർ കോളേജുകളുടെ നവീകരണത്തിന് 2022-23-ലെ ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ഇനം തിരിച്ച് ലഭ്യമാക്കുമോ?

ഉണ്ട്. അനുബന്ധമായി ചേർത്തിരിക്കുന്നു.+

**സാങ്കേതിക സർവ്വകലാശാല വൈസ് ചാൻസലർ നിയമനം**

195(1936) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാങ്കേതിക സർവ്വകലാശാല വൈസ് ചാൻസലർ നിയമനം യു.ജി.സി. മാനദണ്ഡങ്ങൾക്ക് വിരുദ്ധമായതിനാൽ വൈസ് ചാൻസലറെ പുറത്താക്കിക്കൊണ്ട് സുപ്രീംകോടതി വിധി പുറപ്പെടുവിച്ചിട്ടുണ്ടോ; പ്രസ്തുത

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വിധിയെത്തുടർന്ന് സ്വീകരിച്ച തുടർനടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

എ.പി.ജെ. അബ്ദുൾകലാം സാങ്കേതിക ശാസ്ത്ര സർവ്വകലാശാല വൈസ് ചാൻസലറായിരുന്ന ഡോ. രാജശ്രീ. എം.എസ്.-ന്റെ നിയമനം ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ 21-10-2022 -ലെ (Civil Appeal Nos. 7634-7635 OF 2022 (SLP(c)Nos.21108-21109 OF 2021) വിധിന്യായ പ്രകാരം അസാധുവാക്കുകയുണ്ടായി. തുടർന്ന് ഡോ. രാജശ്രീ. എം. എസ്.-ന് പകരം മറ്റൊരാൾക്ക് വൈസ് ചാൻസലറുടെ ചാർജ്ജ് നൽകുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് രജിസ്ട്രാർ അപേക്ഷിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ഡിജിറ്റൽ യൂണിവേഴ്സിറ്റി കേരള വൈസ് ചാൻസലറായ ഡോ. സജി ഗോപിനാഥിന്, എ.പി.ജെ. അബ്ദുൾ കലാം സാങ്കേതിക ശാസ്ത്ര സർവ്വകലാശാല വൈസ് ചാൻസലറുടെ അധികച്ചുമതല നൽകുവാൻ സർക്കാർ ചാൻസലറോട് ശിപാർശ ചെയ്യുകയുണ്ടായി. എന്നാൽ ബഹുമാനപ്പെട്ട സുപ്രീംകോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഡോ. സജി ഗോപിനാഥിന്റെ നിയമനവും അനിശ്ചിതത്വത്തിൽ ആയതിനാൽ സർക്കാർ ശിപാർശയോട് യോജിക്കാൻ സാധിക്കുകയില്ലായെന്ന് ചാൻസലർ അറിയിച്ചു. തുടർന്ന് 2015-ലെ എ.പി.ജെ. അബ്ദുൾകലാം

സാങ്കേതിക ശാസ്ത്ര സർവ്വകലാശാല ആക്ട് 13-ാം വകുപ്പ് 7-ാം ഉപവകുപ്പുപ്രകാരം ഉന്നതവിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിക്ക് മൊത്തം ആറ് മാസത്തിൽ കവിയാത്ത കാലയളവിലേയ്ക്ക് വൈസ് ചാൻസലറുടെ അധികച്ചുമതല നൽകുവാൻ സർക്കാർ ശിപാർശ ചെയ്യുകയുണ്ടായി. എന്നാൽ വൈസ് ചാൻസലറുടെ ഒഴിവുവരുന്ന പക്ഷം, സർക്കാർ ശിപാർശ ചെയ്യുന്ന മറ്റേതെങ്കിലും സർവകലാശാലയുടെ വൈസ് ചാൻസലറെയോ, ഈ സർവ്വകലാശാലയുടെ പ്രോ വൈസ് ചാൻസലറെയോ അല്ലെങ്കിൽ ഉന്നതവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയെയോ മൊത്തം ആറ് മാസത്തിൽ കവിയാത്ത കാലയളവിലേയ്ക്ക് വൈസ് ചാൻസലറായി ചാൻസലർക്ക് നിയമിക്കാമെന്ന 2015-ലെ എ.പി.ജെ. അബ്ദുൾകലാം സാങ്കേതിക ശാസ്ത്ര സർവ്വകലാശാല ആക്ട് 13 -ാം വകുപ്പ് 7 -ാം ഉപവകുപ്പിന് വിരുദ്ധമായി സർക്കാർ ശിപാർശയില്ലാതെ സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് സീനിയർ ജോയിന്റ് ഡയറക്ടറായ പ്രൊഫ. (ഡോ.) സിസ തോമസിന് വൈസ് ചാൻസലറുടെ അധികച്ചുമതല നൽകി ചാൻസലർ ഉത്തരവായി.

2015-ലെ സാങ്കേതിക സർവ്വകലാശാല നിയമത്തിന് വിരുദ്ധമായ കെ.ടി.യു. വൈസ് ചാൻസലർ സ്ഥാനത്തേയ്ക്ക് ചാൻസലർ നടത്തിയ താല്ക്കാലിക നിയമനത്തിനെതിരെ ബഹുമാനപ്പെട്ട ഹൈക്കോടതി മുമ്പാകെ

35656/2022 (F) നമ്പറായി റിട്ട് ഹർജി ഫയൽ ചെയ്യുകയുമുണ്ടായി. എന്നാൽ ടി ഹർജി ബഹുമാനപ്പെട്ട ഹൈക്കോടതി തള്ളുകയുണ്ടായി. ബഹുമാനപ്പെട്ട ഹൈക്കോടതി വിധിക്കെതിരെ അപ്പീൽ ഫയൽ ചെയ്യുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. ബഹുമാനപ്പെട്ട സുപ്രീംകോടതി വിധിയിൽ നിയമപ്രശ്നം നിലനിൽക്കുന്നതിനാൽ പ്രസ്തുത വിധിക്കെതിരെ പുനഃപരിശോധന ഹർജി ഫയൽ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത നിയമനം സംബന്ധിച്ച ഫയലിന്റെ പകർപ്പ് ലഭ്യമാക്കുമോ?

അനുബന്ധമായി ചേർത്തിരിക്കുന്നു.+

## കേരളാ സയൻസ് സിറ്റിയുടെ നിർമ്മാണത്തിലെ കാലതാമസം പരിഹരിക്കാൻ നടപടി

196(1937) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്തുരുത്തി നിയോജകമണ്ഡലത്തിലെ കേരളാ സയൻസ് സിറ്റിയുടെ നിർമ്മാണത്തിലെ കാലതാമസം പരിഹരിക്കുന്നതിന് നിലവിൽ സ്വീകരിച്ച നടപടി വിശദീകരിക്കുമോ;

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത നിർമ്മാണപ്രവൃത്തികൾ ത്വരിതപ്പെടുത്തുവാൻ സയൻസ് ആൻഡ് ടെക്നോളജി മ്യൂസിയം അധികൃതർ തയ്യാറാക്കിയിരിക്കുന്ന റിവൈസ്ഡ് ആക്ഷൻ പ്ലാനിന്റെ വിശദാംശം ലഭ്യമാക്കുമോ; പ്രസ്തുത പ്രവർത്തനങ്ങൾ എന്നേയ്ക്ക് പൂർത്തിയാകുമെന്ന് വ്യക്തമാക്കുമോ?

(എ&ബി) കടുത്തുരുത്തി നിയോജകമണ്ഡലത്തിലെ കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക മ്യൂസിയത്തിനുകീഴിലുള്ള സയൻസ് സിറ്റിയുടെ നിർമ്മാണപ്രവർത്തനങ്ങൾക്ക് സാങ്കേതികാനുമതി നൽകുന്നതിനായി പൊതുമരാമത്ത് വകുപ്പിലെയും സർക്കാർ എഞ്ചിനീയറിംഗ് കോളേജിലെയും വിദഗ്ധരെയുൾപ്പെടുത്തിക്കൊണ്ടുള്ള ഒരു സാങ്കേതിക കമ്മിറ്റി 28-07-2021-ലെ സ.ഉ.(സാധാ)നം. 970/2021/ഉ.വി.വ നമ്പർ സർക്കാർ ഉത്തരവുപ്രകാരം പുന:സംഘടിപ്പിച്ചിരുന്നു. തുടർന്ന് 11-04-2022-നും 19-08-2022-നും മുഖ്യമന്ത്രിയുടെ ചീഫ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിലും 28-04-2022-ന് ഉന്നതവിദ്യാഭ്യാസ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിലും സയൻസ് സിറ്റിയുടെ നാളിതുവരെയുള്ള നിർമ്മാണ പുരോഗതി വിലയിരുത്തുകയും നിർമ്മാണപ്രവർത്തനങ്ങളിലെ കാലതാമസം പരിഹരിക്കുന്നതിനായി തുടർ

നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത യോഗതീരുമാനങ്ങളുടെ അടിസ്ഥാനത്തിലും സാങ്കേതിക പ്രശ്നങ്ങൾ പഠിക്കുവാൻ നിയോഗിച്ച കമ്മിറ്റി നിർദ്ദേശിച്ച പരിഹാരമാർഗ്ഗങ്ങൾ കൂടി പരിഗണിച്ചുകൊണ്ടും ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് സ്ഥാപനത്തിലെ നിർമ്മാണപ്രവർത്തനങ്ങൾ പൂർത്തീകരിച്ചുവരുന്നു.

(സി) ഇതിനായി നടപ്പുവർഷം ആകെ എത്ര തുക അനുവദിച്ചിട്ടുണ്ടെന്നും ഇതിലേയ്ക്ക് സംസ്ഥാന സർക്കാരും കേന്ദ്ര സർക്കാരും നാളിതുവരെ ചെലവാക്കിയ തുക എത്രയെന്നും അറിയിക്കുമോ; കേന്ദ്ര സർക്കാർ ഉറപ്പുനൽകിയിരുന്ന 50 കോടി രൂപ അനുവദിച്ചിട്ടുണ്ടോയെന്നും ബാക്കി തുക ലഭ്യമാക്കാൻ സ്വീകരിച്ച നടപടിയെന്തെന്നും വിശദീകരിക്കുമോ?

2022-23 സാമ്പത്തികവർഷത്തിൽ നാളിതുവരെ 9.03 കോടി രൂപ സർക്കാർ അനുവദിച്ചിട്ടുണ്ട്. സയൻസ് സിറ്റിക്കായി സംസ്ഥാന സർക്കാർ നാളിതുവരെ 36.87 കോടി രൂപയോളം ചെലവഴിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെയും സംസ്ഥാന സർക്കാരിന്റെയും തുല്യ പങ്കാളിത്തത്തോടു കൂടി 14.5 കോടി രൂപയ്ക്ക് സയൻസ് സിറ്റിയിലെ സയൻസ് സെന്റർ

പൂർത്തീകരിച്ചിട്ടുണ്ട്. കേന്ദ്രസർക്കാർ 50 കോടി രൂപ ഉറപ്പു നൽകിയെന്ന വിവരം ലഭിച്ചിട്ടില്ല.

(ഡി) പ്രസ്തുത പദ്ധതി യാഥാർത്ഥ്യമാകുന്നതോടെ പൊതുജനങ്ങൾക്കും വിദ്യാർത്ഥികൾക്കും എന്തെല്ലാം നേട്ടങ്ങളാണുണ്ടാകുന്നതെന്ന് വിശദീകരിക്കുമോ; പ്രസ്തുത സ്ഥാപനത്തെ ഏതെങ്കിലും യൂണിവേഴ്സിറ്റിയുമായി അഫിലിയേഷൻ നടത്തുന്നതിനുദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

സന്ദർശകരിൽ ശാസ്ത്ര അവബോധവും ശാസ്ത്ര അഭിരുചിയും വളർത്തിയെടുക്കുന്ന അനൗപചാരിക വിദ്യാഭ്യാസ സ്ഥാപനമായാണ് സയൻസ് സിറ്റിയെ വിഭാവനം ചെയ്തിരിക്കുന്നത്. വിനോദത്തിലൂടെ വിജ്ഞാനമാർജ്ജിക്കാനുതകുന്ന ശാസ്ത്ര പ്രദർശനികൾ ഉൾക്കൊള്ളിച്ചിരിക്കുന്ന ഗാലറികൾ, പ്ലാനറ്റേറിയം, വാനനിരീക്ഷണ സംവിധാനങ്ങൾ എന്നിവ ഉൾക്കൊള്ളിച്ച് വിഭാവനം ചെയ്തിരിക്കുന്ന സയൻസ് സിറ്റി, പൊതുജനങ്ങൾക്ക് പ്രത്യേകിച്ച് വിദ്യാർത്ഥികൾക്ക് ഏറെ പ്രയോജനകരമായിരിക്കും. കൂടാതെ ഇത്തരം സ്ഥാപനങ്ങൾ വിനോദസഞ്ചാരമേഖലയിലും പ്രധാന പങ്കുവഹിക്കുന്ന തരത്തിലുള്ളതാണ്.

യൂണിവേഴ്സിറ്റികളുമായി അഫിലിയേഷൻ നടത്തുന്ന കാര്യം ഇപ്പോൾ പരിഗണിച്ചിട്ടില്ല.

## പാലക്കാട് ജില്ലയിൽ ബിരുദ-ബിരുദാനന്തര ബിരുദ സീറ്റുകളുടെ എണ്ണം

197(1938) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ ആകെയുള്ള ബിരുദ-ബിരുദാനന്തര സീറ്റുകളുടെ എണ്ണമെത്രയെന്ന് വ്യക്തമാക്കുമോ?

ബിരുദ സീറ്റുകളുടെ എണ്ണം -13724

ബിരുദാനന്തര സീറ്റുകളുടെ എണ്ണം -1898

(ബി) പ്രസ്തുത സീറ്റുകൾ ഏതെല്ലാം കോളേജുകളിലാണെന്നും ഏതെല്ലാം കോഴ്സുകളിലാണെന്നും വ്യക്തമാക്കാമോ; വിശദാംശം നൽകുമോ?

അനുബന്ധമായി ചേർക്കുന്നു.+

## കോളേജ് അദ്ധ്യാപകർക്ക് തടഞ്ഞുവച്ചിട്ടുള്ള ആനുകൂല്യങ്ങൾ അനുവദിക്കാൻ നടപടി

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

198(1939) <u>ശ്രീ. സി. ആർ. മഹേഷ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യു.ജി.സി. 2018 റെഗുലേഷൻ പ്രകാരം കോളേജ് അദ്ധ്യാപകർക്ക് തടഞ്ഞുവച്ചിട്ടുള്ള എം.ഫിൽ., പിഎച്ച്.ഡി. അഡ്വാൻസ് ഇൻക്രിമെന്റ് നൽകുന്നതിനുവേണ്ടി കേരള ഹൈക്കോടതി ഉത്തരവ് പുറപ്പെടുവിച്ചിരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത ഇൻക്രിമെന്റ് നൽയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ?

സംസ്ഥാനത്ത് 7-ാം യു.ജി.സി. ശമ്പളപരിഷ്കരണം അനുവദിക്കുന്നതുസംബന്ധിച്ച ഉത്തരവിൽ എം.ഫിൽ., പിഎച്ച്.ഡി.-ക്കാർക്ക് അഡ്വാൻസ് ഇൻക്രിമെന്റ് നിഷേധിക്കുന്ന വ്യവസ്ഥകൾ റദ്ദാക്കണമെന്നാവശ്യമുന്നയിച്ച് ഫയൽ ചെയ്ത കേസുകളിൽ 07-07-2022-ൽ കോടതി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കോടതി വിധി പരിശോധിച്ച് സർക്കാർ ഉചിതമായ നടപടി സ്വീകരിച്ചുവരുന്നു.

(ബി) കോളേജ് അദ്ധ്യാപകർക്ക് നിലവിൽ നൽകിവരുന്ന ഡി.എ. എത്ര ശതമാനമാണെന്നും ഇനി അനുവദിക്കാനുള്ളത് എത്രയെന്നും അറിയിക്കുമോ; കേന്ദ്രസർക്കാർ അനുവദിച്ച ഡി.എ. പൂർണ്ണമായും അനുവദിച്ചുകിട്ടിയത് ഏതുവിഭാഗം ജീവനക്കാർക്കാണെന്ന് അറിയിക്കുമോ;

(സി) കോളേജ് അദ്ധ്യാപകർക്ക് പൂർണ്ണമായും ഡി.എ. അനുവദിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ?

(ബി&സി) വിവരം ശേഖരിച്ചുവരുന്നു.

## വൈസ് ചാൻസലർ കൈപ്പറ്റിയ ശമ്പളവും മറ്റാനുകൂല്യങ്ങളും തിരിച്ചുപിടിക്കുന്നതിന് നടപടി

199(1940) ശ്രീ. ഷാഫി പറമ്പിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യു.ജി.സി. മാനദണ്ഡങ്ങൾക്കുവിരുദ്ധമായി സെലക്ഷൻ പ്രക്രിയയിലൂടെ വൈസ് ചാൻസലർമാരായി നിയമനം ലഭിച്ചവർ കൈപ്പറ്റിയ ശമ്പളവും മറ്റാനുകൂല്യങ്ങളും തിരിച്ചുപിടിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) നിയമനപ്രക്രിയ അസാധുവായിരിക്കുന്ന സാഹചര്യത്തിൽ അവർ കൈപ്പറ്റിയ ശമ്പളവും മറ്റാനുകൂല്യങ്ങളും തിരിച്ചടയ്ക്കാതിരിക്കാൻ സാധിക്കുമോ; എങ്കിലേത് നിയമം/ചട്ടം/ഉത്തരവിലാണ് തിരിച്ചടയ്ക്കാതിരിക്കാൻ വ്യവസ്ഥയുള്ളതെന്ന് വ്യക്തമാക്കുമോ?

(എ&ബി) നടപടികൾ സ്വീകരിച്ചിട്ടില്ല. യു.ജി.സി. മാനദണ്ഡങ്ങളും സർവ്വകലാശാലാ നിയമങ്ങളും പാലിച്ചാണ് ചാൻസലർ വൈസ്

ചാൻസലർമാരെ നിയമിക്കുന്നത്. ഇതുമായി ബന്ധപ്പെട്ട വിഷയങ്ങൾ കോടതികളുടെ പരിഗണനയിലാണ്.

### യു. ജി. സി. ഏഴാം ശമ്പള പരിഷ്കരണം

200(1941) ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. സണ്ണി ജോസഫ്:
ശ്രീ. സനീഷ്കുമാർ ജോസഫ്:
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യു.ജി.സി. ഏഴാം ശമ്പള പരിഷ്കരണവുമായി ബന്ധപ്പെട്ട് കേന്ദ്രത്തിൽ നിന്ന് ലഭിക്കേണ്ട 750 കോടി രൂപ നഷ്ടമായിട്ടുണ്ടോ; എങ്കിൽ ആയതിനുള്ള കാരണം വിശദമാക്കുമോ;

(ബി) പ്രസ്തുത തുക നഷ്ടമാകുന്നതിന് കാരണമായവർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് കോളേജുകളിൽ നിന്ന് യഥാസമയം വിവരങ്ങൾ നൽകിയിരുന്നോയെന്ന് വ്യക്തമാക്കുമോ; ആയത് ക്രോഡീകരിക്കുന്നതിൽ ആർക്കൊക്കെ വീഴ്ച സംഭവിച്ചുവെന്ന് കണ്ടെത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

(എ-സി) സർവ്വകലാശാലകളിലേയും കോളേജുകളിലേയും അദ്ധ്യാപകർക്ക് 7-ാം കേന്ദ്ര ശമ്പള കമ്മീഷന്റെ ശിപാർശകൾ പ്രകാരമുള്ള ശമ്പളപരിഷ്കരണം നടപ്പിലാക്കുന്ന സംസ്ഥാന സർക്കാരുകൾക്ക് 01-01-2016 മുതൽ 31-03-2019 വരെയുള്ള കാലയളവിലേയ്ക്ക് ശമ്പളപരിഷ്കരണം മൂലമുണ്ടാകുന്ന അധികച്ചെലവിന്റെ 50 ശതമാനം തുക വിവിധ വ്യവസ്ഥകൾക്കുവിധേയമായി റീ ഇംബേഴ്സ് ചെയ്യുന്ന പദ്ധതി കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചിരുന്നു. യു.ജി.സി. റെഗുലേഷനുകളും മറ്റ് മാർഗ്ഗനിർദ്ദേശങ്ങളുമുൾപ്പെടെ ഒരു composite scheme ആയി ശമ്പളപരിഷ്കരണം നടപ്പാക്കണമെന്നാണ് നിർദ്ദേശിക്കപ്പെട്ടിട്ടുള്ളത്.

പരിഷ്കരിച്ച ശമ്പളം വിതരണം നടത്തിയതുസംബന്ധിച്ച രേഖകളും സർവ്വകലാശാലകളും കോളേജുകളും കേന്ദ്ര സർക്കാർ, യു.ജി.സി. എന്നിവരുടെ പദ്ധതിപ്രകാരമുള്ള ഭേദഗതികൾ തങ്ങളുടെ സ്റ്റാറ്റ്യൂട്ടുകളിലും ചട്ടങ്ങളിലും വരുത്തിയതുസംബന്ധിച്ച രേഖകളും കേന്ദ്ര സർക്കാരിനും യു.ജി.സി.-ക്കും നൽകേണ്ടതാണെന്നും നിർദ്ദേശിച്ചിരുന്നു.

29-06-2019 ലെ GO(P) No. 18/2019/HEdn., 29-09-2019- ലെ G.O (P)No. 28/2019/HEdn., 28-05-2020-ലെ GO(P) No. 18/2020/HEdn. എന്നീ ഉത്തരവുകൾ പ്രകാരം അദ്ധ്യാപകരുടെ

ശമ്പളപരിഷ്കരണവും 2018- ലെ യു.ജി.സി റെഗുലേഷനും സർക്കാർ സംസ്ഥാനത്ത് നടപ്പാക്കുകയുണ്ടായി. കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച ധനസഹായം ലഭിക്കുന്നതിനായി 04-04-2019, 16-06-2020, 05-03-2022 എന്നീ തീയതികളിൽ ഉന്നതവിദ്യാഭ്യാസ വകുപ്പ് കേന്ദ്ര സർക്കാരിന് പ്രൊപ്പോസലുകൾ അയയ്ക്കുകയുണ്ടായി. കേന്ദ്ര സർക്കാർ നിർദ്ദേശിച്ച സമയപരിധിക്കുള്ളിൽ 21-03-2022-ൽ 50 ശതമാനം തുക റീ ഇംബേഴ്സ് ചെയ്ത് കിട്ടുന്നതിനായി 750.93 കോടി രൂപയുടെ പ്രൊപ്പോസൽ കേന്ദ്ര സർക്കാരിന് സമർപ്പിക്കുകയുണ്ടായി. തുടർന്ന് 27-04-2022-ന് ഓർമ്മക്കുറിപ്പും നൽകുകയുണ്ടായി. കൂടാതെ ധനകാര്യ വകുപ്പ് സെക്രട്ടറിയും ധനകാര്യ വകുപ്പുമന്ത്രിയും വിവിധ ഘട്ടങ്ങളിൽ ഇക്കാര്യത്തിൽ ധനസഹായത്തിനായി കേന്ദ്ര സർക്കാരിനെ സമീപിച്ചിരുന്നു. എന്നാൽ മിക്ക സംസ്ഥാന സർക്കാരുകളും സമർപ്പിച്ച പ്രൊപ്പോസലുകൾ കേന്ദ്രപദ്ധതി നിർദ്ദേശിക്കുന്ന പ്രകാരം പൂർണ്ണമായതോ കൃത്യമായതോ അല്ലെന്നും ആയതിനാൽ കേന്ദ്രവിഹിതം റീ ഇംബേഴ്സ് ചെയ്യാനാവില്ലെന്നും പ്രൊപ്പോസലുകൾ സമർപ്പിക്കാനുള്ള ദീർഘിപ്പിച്ച തീയതി 31-03-2022-ൽ കഴിഞ്ഞതായും അതിനുശേഷം സമർപ്പിക്കപ്പെട്ട പ്രൊപ്പോസലുകൾ പരിഗണിച്ചിട്ടില്ലെന്നും ടി പദ്ധതി 01-04-2022 മുതൽ

നിർത്തലാക്കിയതായും 27-07-2022-ലെ കത്ത് പ്രകാരം പൊതുവായി കേരളമുൾപ്പെടെ 22 സംസ്ഥാനങ്ങളെ കേന്ദ്ര സർക്കാർ അറിയിക്കുകയുണ്ടായി. കേരളത്തിന്റെ പ്രൊപ്പോസൽ അംഗീകരിക്കാതിരുന്നതിന് പ്രത്യേകമായ കാരണങ്ങളൊന്നും പ്രസ്തുത കത്തിൽ ചൂണ്ടിക്കാട്ടുകയുണ്ടായില്ല.

തുടർന്ന് കേരളത്തിന്റെ പ്രൊപ്പോസലുകൾ പരിഗണിക്കണമെന്നാവശ്യപ്പെട്ട് 10-08-2022, 14-11-2022 തീയതികളിൽ വീണ്ടും കേന്ദ്ര സർക്കാരിന് കത്തുകൾ നൽകിയെങ്കിലും മറുപടിയൊന്നും ലഭിക്കുകയുണ്ടായിട്ടില്ല. ഇത്തരത്തിൽ കേന്ദ്രവിഹിതം ലഭിക്കുന്നതിനായി ഊർജ്ജിതമായ ശ്രമം സംസ്ഥാന സർക്കാർ നടത്തിവരുന്നുണ്ട്.

(ഡി) യഥാസമയം കിട്ടേണ്ടിയിരുന്ന കേന്ദ്രവിഹിതം പ്രോവിഡന്റ് ഫണ്ടിൽ ലയിപ്പിക്കുവാനുള്ള നീക്കം സർക്കാർ നടത്തിയിരുന്നോയെന്ന് വ്യക്തമാക്കാമോ; ഇല്ലെങ്കിൽ കാരണം അറിയിക്കുമോ?

അരിയർ പി.എഫ്. അക്കൗണ്ടിൽ നിക്ഷേപിക്കുന്നതിന് 28-05-2020-ലെ ജി.ഒ(പി)നം. 18/2020/ഉ.വി.വ പ്രകാരം സർക്കാർ ഉത്തരവായി.

## ബിരുദ സർട്ടിഫിക്കറ്റ് നൽകാത്ത ഉദ്യോഗസ്ഥർക്കെതിരെ നടപടി

201(1942) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാങ്കേതിക സർവ്വകലാശാലയുടെ താല്ക്കാലിക വി.സി.-യുമായി സർവ്വകലാശാലയിലെ ഉന്നത ഉദ്യോഗസ്ഥരുൾപ്പെടെയുള്ളവർ സഹകരിക്കാത്തതുമൂലം വിദ്യാർത്ഥികൾക്ക് ബിരുദ സർട്ടിഫിക്കറ്റ്, പ്രൊവിഷണൽ സർട്ടിഫിക്കറ്റ് മുതലായവ നൽകുവാൻ കഴിയുന്നില്ലെന്ന ആക്ഷേപം സർക്കാർ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശാദാംശം നൽകുമോ?

സാങ്കേതിക സർവ്വകലാശാലയിൽ നിന്നും നൽകിവരുന്ന ഡിഗ്രി സർട്ടിഫിക്കറ്റുകളിൽ വൈസ് ചാൻസലറുടെ ഡിജിറ്റൽ ഒപ്പാണ് പതിക്കുന്നത്. ഒരേ കാലയളവിൽ രണ്ട് വൈസ് ചാൻസലറുടെ ഒപ്പ് സർട്ടിഫിക്കറ്റുകളിൽ വരാതിരിക്കാൻ, കോടതി വിധിയുടെ അടിസ്ഥാനത്തിൽ പുറത്തുപോകേണ്ടി വന്ന വൈസ് ചാൻസലർ ഒപ്പിട്ട ഡിഗ്രി സർട്ടിഫിക്കറ്റുകൾ നിരാകീകരണം ചെയ്യേണ്ടതുണ്ടായിരുന്നു. ഈ അവസ്ഥ നടാടെയായതിനാൽ സിസ്റ്റത്തിൽ വരുത്തേണ്ട മാറ്റങ്ങൾക്ക് കാലതാമസമെടുത്തിരുന്നു. പുതിയ വൈസ് ചാൻസലർ ചാർജ്ജെടുത്ത ശേഷം സർട്ടിഫിക്കറ്റ് ജനറേറ്റ് ചെയ്യുമ്പോൾ സാങ്കേതിക തകരാർ

കാണിച്ചിരുന്നു. ഈ സാങ്കേതികപ്രശ്നം കാരണം സർട്ടിഫിക്കറ്റ് ജനറേറ്റ് ചെയ്യുവാൻ സാധിച്ചിരുന്നില്ല. എന്നാൽ സാങ്കേതിക തകരാർ പരിഹരിച്ചത് മുതൽ സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു തുടങ്ങുകയുണ്ടായി.

(ബി) വിദേശ പഠനത്തിനും ജോലിക്കുമുൾപ്പെടെ സർട്ടിഫിക്കറ്റ് ആവശ്യമാണെന്നിരിക്കെ അത് നൽകാതെ താമസം വരുത്തുന്ന കേരള ടെക്നിക്കൽ യൂണിവേഴ്സിറ്റി ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിക്കുമോ?

ഉപരിപഠനത്തിനും മറ്റ് അത്യാവശ്യങ്ങൾക്കും വേണ്ടി സർട്ടിഫിക്കറ്റ് അടിയന്തരമായി വേണ്ട വിദ്യാർഥികൾക്ക് എക്സ്പ്രസ്, ഫാസ്റ്റ് ട്രാക്ക് സൗകര്യങ്ങൾ ലഭ്യമായിരുന്നു. അതോടൊപ്പം സർട്ടിഫിക്കറ്റ് സാവധാനം ആവശ്യമുള്ളവർക്ക് നോർമൽ മോഡായി അപേക്ഷിക്കുവാനുള്ള സൗകര്യമൊരുക്കിയിരുന്നു. പ്രൊവിഷണൽ സർട്ടിഫിക്കറ്റ്, ഡിഗ്രി സർട്ടിഫിക്കറ്റ്, ഗ്രേഡ് കാർഡ് എന്നിവ റിസൾട്ട് പരസ്യപ്പെടുത്തിയ ദിവസം തന്നെ വിദ്യാർത്ഥികൾക്ക് നേരിട്ട് എടുക്കുവാനുള്ള സൗകര്യം ഒരുക്കിയിരുന്നു. കൂടാതെ വിദേശ പഠനത്തിനും ഉപരിപഠനക്കാർക്കും വേണ്ടി ട്രാൻസ്ക്രിപ്റ്റ്, ജെനുവിനിറ്റി സർട്ടിഫിക്കറ്റ്, ഇതര സർട്ടിഫിക്കറ്റ്, ഡിക്ലറേഷൻ സർട്ടിഫിക്കറ്റ് എന്നിവ മുടക്കമില്ലാതെ വിദ്യാർഥികൾക്ക്

നൽകിവരുന്നുണ്ട്. കൂടാതെ വിദ്യാർത്ഥികൾക്ക് ലഭിച്ച അവസരങ്ങൾ നഷ്ടപെടാതിരിക്കുന്നതിനായി കോൺഫിഡൻഷ്യൽ പാസ് സർട്ടിഫിക്കറ്റ് അപേക്ഷ ലഭിക്കുന്നമുറയ്ക്ക് നൽകുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**കേരള സാങ്കേതിക സർവ്വകലാശാലയിലെ പരീക്ഷാ ഫലങ്ങൾ**

202(1943) ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ഡോ. മാത്യൂ കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സാങ്കേതിക സർവ്വകലാശാലയിൽ ഏതൊക്കെ പരീക്ഷകളുടെ ഫലങ്ങളാണ് ഇനിയും പ്രസിദ്ധീകരിക്കാത്തതെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിൽ പരീക്ഷ നടത്തി മൂല്യനിർണ്ണയം പൂർത്തിയായവ ഏതൊക്കെയാണെന്നും ഈ പരീക്ഷകളുടെ മൂല്യനിർണ്ണയം പൂർത്തിയായതെന്നാണെന്നും വ്യക്തമാക്കാമോ?

(എ&ബി) അനുബന്ധമായി ചേർക്കുന്നു.+

(സി) പ്രസ്തുത പരീക്ഷാഫലം പ്രസിദ്ധീകരിക്കുന്നതിന് കാലതാമസം നേരിടുന്നതിന്റെ കാരണം വ്യക്തമാക്കാമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സാങ്കേതിക പ്രശ്നങ്ങൾ പൂർണ്ണമായും പരിഹരിക്കപ്പെടാത്തതാണ് കാലതാമസത്തിന് കാരണം.

(ഡി) പരീക്ഷാഫലങ്ങൾ വൈകുന്നതുകാരണം വിദ്യാർത്ഥികൾക്ക് കാമ്പസ് റിക്രൂട്ട്മെന്റ് വഴിയും അല്ലാതെയും ലഭിച്ച തൊഴിലവസരങ്ങൾ നഷ്ടപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടി വിശദമാക്കാമോ?

സാങ്കേതികപ്രശ്നങ്ങൾമൂലമുള്ള കാലതാമസം കാരണം വിദ്യാർത്ഥികൾക്ക് ലഭിച്ച അവസരങ്ങൾ നഷ്ടപ്പെടാതിരിക്കുന്നതിനായി കോൺഫിഡൻഷ്യൽ പാസ് സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**സാങ്കേതിക വിദ്യാഭ്യാസ വകുപ്പിലെ തസ്തികകളുടെ ഏകീകരണം**

203(1944) ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാങ്കേതിക വിദ്യാഭ്യാസ വകുപ്പിലെ വർക്ക്ഷോപ്പ് ഇൻസ്ട്രക്ടർ, ഡെമോൺസ്ട്രേറ്റർ, ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ് II, ഇൻസ്ട്രക്ടർ ഗ്രേഡ് II, വർക്ക്ഷോപ്പ് ഫോർമാൻ, ഇൻസ്ട്രക്ടർ എഞ്ചിനീയറിംഗ്, ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ് I എന്നീ തസ്തികകൾക്ക് മൂന്നാം സമയബന്ധിത ഹയർഗ്രേഡ്

അനുവദിക്കുന്നതിന് സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്താണെന്ന് വ്യക്തമാക്കുമോ;

(ബി) സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ ശിപാർശയിൽ L2/238/2021/എച്ച്.ഇഡി.എൻ. ഫയലിൽ സ്വീകരിച്ച നടപടികൾ ലഭ്യമാക്കുമോ?

(എ&ബി) സാങ്കേതിക വിദ്യാഭ്യാസ വകുപ്പിലെ വർക്ക്ഷോപ്പ് ഇൻസ്ട്രക്ടർ, ഡെമോൺസ്ട്രേറ്റർ, ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ് II, ഇൻസ്ട്രക്ടർ ഗ്രേഡ് II, വർക്ക്ഷോപ്പ് ഫോർമാൻ, ഇൻസ്ട്രക്ടർ എഞ്ചിനീയറിംഗ്, ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ് I എന്നീ തസ്തികകൾക്ക് മൂന്നാം സമയബന്ധിത ഹയർഗ്രേഡ് അനുവദിക്കുന്നതിന് സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസൽ എൽ2/238/2022/ഉ.വി.വ നമ്പർ ഫയലിൽ സർക്കാർ പരിശോധിക്കുന്നു. പ്രസ്തുത പ്രൊപ്പോസൽ നിലവിൽ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്.

(സി) സാങ്കേതിക വിദ്യാഭ്യാസ വകുപ്പിലെ പോളിടെക്നിക്കുകളിൽ പുതിയ പ്രൊമോഷൻ തസ്തിക സൃഷ്ടിക്കുന്നതുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ എന്താണെന്ന് വ്യക്തമാക്കുമോ?

സാങ്കേതിക വിദ്യാഭ്യാസ വകുപ്പിനുകീഴിലുള്ള സാങ്കേതിക/ലാബ് തസ്തികകളിലെ ജീവനക്കാർക്ക് അനുപാത ഉദ്യോഗക്കയറ്റം അനുവദിക്കുന്നതിനുള്ള സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ പ്രൊപ്പോസൽ പരിശോധിക്കുകയും സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൽ തസ്തികകളുടെ എണ്ണത്തിൽ മാറ്റം വരാതെ സീനിയർ ഗ്രേഡ് തസ്തിക സൃഷ്ടിക്കുന്നത് സംബന്ധിച്ച ശിപാർശ പരിഗണിക്കാനാവില്ലെന്ന് 10-6-2022-ലെ എൽ2/340/2021/ഉ.വി.വ. കത്തുപ്രകാരം സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറെ സർക്കാർ അറിയിക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) വ്യത്യസ്ത ഉദ്യോഗപേരുകളും സമാനജോലി സ്വഭാവവും ഒരേ ശമ്പളസ്കെയിലുമുള്ള ഡിപ്ലോമ യോഗ്യതയുള്ള തസ്തികകളെ ഏകീകരിക്കുന്നത് (റീഗ്രൂപ്പിംഗ്) സാങ്കേതിക വിദ്യാഭ്യാസ വകുപ്പിലെ സബോർഡിനേറ്റ് സർവ്വീസ് റൂൾ പരിഷ്കരണത്തിന്റെ ഭാഗമായി ഉൾപ്പെടുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

വ്യത്യസ്ത ഉദ്യോഗപേരുകളും സമാനജോലി സ്വഭാവവും ഒരേ ശമ്പള സ്കെയിലുള്ള ഡിപ്ലമോ യോഗ്യതയുള്ള തസ്തികകളെ ഏകീകരിക്കുന്നതിന് സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റിൽ നിന്നും ലഭിച്ചിട്ടുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു. തസ്തികകൾ ഏകീകരിച്ചുകൊണ്ട് സർക്കാർ

അനുമതി നൽകിയതിനുശേഷം മാത്രമെ സബോർഡിനേറ്റ് സർവ്വീസ് റൂൾ കരടിലുൾപ്പെടുത്തുന്നതും പരിശോധിക്കുകയുള്ളൂ.

**കേരള സാങ്കേതിക സർവ്വകലാശാലയിലെ സർട്ടിഫിക്കറ്റ് വിതരണം**

204(1945) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ഡോ. മാത്യു കുഴൽനാടൻ:
ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സാങ്കേതിക സർവ്വകലാശാലയിൽ വിവിധ ബിരുദകോഴ്സുകൾ പാസ്സായിട്ടും നാളിതുവരെ സർട്ടിഫിക്കറ്റ് കൈപ്പറ്റാത്ത വിദ്യാർത്ഥികളുടെ എണ്ണം തരംതിരിച്ച് വ്യക്തമാക്കാമോ?

03-12-2022 വരെ സർട്ടിഫിക്കറ്റ് കൈപറ്റാത്ത വിദ്യാർത്ഥികളുടെ എണ്ണം ചുവടെ ചേർക്കുന്നു.

ബി.ടെക്ക്:-

- റിക്വസ്റ്റ് അപ്രൂവ്ഡ് -1819
- റിക്വസ്റ്റ് സബ്മിറ്റഡ് -1841

ബി. ആർക്ക് :-

- റിക്വസ്റ്റ് അപ്രൂവ്ഡ് -96
- റിക്വസ്റ്റ് സബ്മിറ്റെഡ് -15

<u>ബി.എച്ച്.എം.സി.ടി.:-</u>

- റിക്വസ്റ്റ് അപ്രൂവ്ഡ് -0
- റിക്വസ്റ്റ് സബ്മിറ്റഡ് -4

(ബി) ഇതിൽ സർട്ടിഫിക്കറ്റിനുവേണ്ടി അപേക്ഷിച്ച വിദ്യാർത്ഥികളുടെ എണ്ണം എത്രയാണെന്നും ഇവരുടെ പരീക്ഷാഫലം എന്നാണ് പ്രസിദ്ധീകരിച്ചതെന്നും വ്യക്തമാക്കുമോ?

03-12-2022 വരെ വിതരണം ചെയ്ത സർട്ടിഫിക്കറ്റുകളുടെ എണ്ണം ചുവടെ ചേർക്കുന്നു.

- ബി.ടെക്. - 45339
- ബി. ആർക്ക്. - 409

ഇതിനുപുറമെ റിക്വസ്റ്റ് അപ്രൂവ്ഡ്, റിക്വസ്റ്റ് സബ്മിറ്റെഡ് സ്റ്റാറ്റസുകളിലായി യഥാക്രമം 1819, 1841 സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യാനായുണ്ട്.

ബി.ടെക്. ബിരുദഫലം 2022 ആഗസ്റ്റ് 1-നും ബി.ആർക്ക്. 2022 ജൂലൈ 29-നും ബി.എച്ച്.എം.സി.റ്റി. 2022 ജൂലൈ 22-നും പ്രസിദ്ധീകരിക്കുകയുണ്ടായി.

(സി) സർട്ടിഫിക്കറ്റിന് അപേക്ഷിച്ചിട്ടും സർട്ടിഫിക്കറ്റ് വിതരണം ചെയ്യുന്നതിന് കാലതാമസം നേരിടുന്നതിന്റെ കാരണം വ്യക്തമാക്കാമോ?

ബി.ടെക്. ബിരുദ സർട്ടിഫിക്കറ്റിന് അപേക്ഷിക്കാനുള്ള സൗകര്യം വിദ്യാർത്ഥികൾക്ക് 12-08-2022-ന് തന്നെ പോർട്ടലിൽ ഒരുക്കിയിരുന്നു. ഉപരിപഠനത്തിനും മറ്റത്യാവശ്യങ്ങൾക്കുംവേണ്ടി സർട്ടിഫിക്കറ്റ് അടിയന്തരമായി വേണ്ട വിദ്യാർഥികൾക്ക് എക്സ്പ്രസ്, ഫാസ്റ്റ് ട്രാക്ക് സൗകര്യങ്ങൾ ലഭ്യമായിരുന്നു. അതോടൊപ്പം സർട്ടിഫിക്കറ്റ് സാവധാനം ആവശ്യമുള്ളവർക്ക് നോർമൽ മോഡായി അപേക്ഷിക്കുവാനുള്ള സൗകര്യമൊരുക്കിയിരുന്നു.

സാങ്കേതിക സർവ്വകലാശാലയിൽ നിന്നും നൽകിവരുന്ന ഡിഗ്രി സർട്ടിഫിക്കറ്റുകളിൽ വൈസ് ചാൻസലറുടെ ഡിജിറ്റൽ ഒപ്പാണ് പതിക്കുന്നത്. ഒരേ കാലയളവിൽ രണ്ട് വൈസ് ചാൻസലറുടെ ഒപ്പ് സർട്ടിഫിക്കറ്റുകളിൽ വരാതിരിക്കാൻ കോടതിവിധിയുടെ അടിസ്ഥാനത്തിൽ പുറത്തുപോകേണ്ടി വന്ന വൈസ് ചാൻസലർ ഒപ്പിട്ട ഡിഗ്രി സർട്ടിഫിക്കറ്റുകൾ നിരാകീകരണം ചെയ്യേണ്ടതുണ്ടായിരുന്നു. ഈ അവസ്ഥ നടാടെയായതിനാൽ സിസ്റ്റത്തിൽ വരുത്തേണ്ട മാറ്റങ്ങൾക്ക് കാലതാമസം എടുത്തിരുന്നു. പുതിയ വൈസ് ചാൻസലർ ചാർജ്ജെടുത്ത ശേഷം

സർട്ടിഫിക്കറ്റ് ജനറേറ്റ് ചെയ്യുമ്പോൾ സാങ്കേതിക തകരാർ കാണിച്ചിരുന്നു. ഈ സാങ്കേതിക പ്രശ്നം കാരണം സർട്ടിഫിക്കറ്റ് ജനറേറ്റ് ചെയ്യുവാൻ സാധിച്ചിരുന്നില്ല. എന്നാൽ സാങ്കേതിക തകരാർ പരിഹരിച്ചത് മുതൽ സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു തുടങ്ങുകയുണ്ടായി.

(ഡി) സർട്ടിഫിക്കറ്റുകൾ ലഭിക്കാൻ വൈകുന്നതുകാരണം വിദ്യാർത്ഥികൾക്ക് കാമ്പസ് റിക്രൂട്ട്മെന്റ് വഴിയും അല്ലാതെയും ലഭിച്ച തൊഴിലവസരങ്ങൾ നഷ്ടപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ?

പ്രൊവിഷണൽ സർട്ടിഫിക്കറ്റ്, ഡിഗ്രി സർട്ടിഫിക്കറ്റ്, ഗ്രേഡ് കാർഡ് എന്നിവ റിസൾട്ട് പരസ്യപ്പെടുത്തിയ ദിവസം തന്നെ വിദ്യാർത്ഥികൾക്ക് നേരിട്ടെടുക്കുവാനുള്ള സൗകര്യമൊരുക്കിയിരുന്നു. കൂടാതെ വിദേശപഠനത്തിനും ഉപരിപഠനക്കാർക്കും വേണ്ടി ട്രാൻസ്ക്രിപ്റ്റ്, ജെനുവിനിറ്റി സർട്ടിഫിക്കറ്റ്, ഇതര സർട്ടിഫിക്കറ്റ്, ഡിക്ലറേഷൻ സർട്ടിഫിക്കറ്റ് എന്നിവ മുടക്കമില്ലാതെ വിദ്യാർഥികൾക്ക് നൽകിവരുന്നുണ്ട്. കൂടാതെ വിദ്യാർത്ഥികൾക്ക് ലഭിച്ച അവസരങ്ങൾ

നഷ്ടപ്പെടാതിരിക്കുന്നതിനായി കോൺഫിഡൻഷ്യൽ പാസ് സർട്ടിഫിക്കറ്റ് അപേക്ഷ ലഭിക്കുന്നമുറയ്ക്ക് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## ചാലക്കുടി മേഖലയിലെ പ്ലാനറ്റോറിയത്തിന്റെ നവീകരണം

205(1946) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മേഖലാ ശാസ്ത്ര കേന്ദ്രത്തിലെ പ്ലാനറ്റോറിയം കെട്ടിടത്തിന്റെ മകുടത്തിലെ ചോർച്ച പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക മ്യൂസിയത്തിന്റെ ചാലക്കുടി മേഖലാ ശാസ്ത്രകേന്ദ്രത്തിലെ പ്ലാനറ്റേറിയം കെട്ടിടത്തിന്റെ ചോർച്ചയുടെ കാരണങ്ങൾ കണ്ടെത്തുന്നതിനും പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിച്ച് അവ നടപ്പിലാക്കുവാൻവേണ്ട മേൽനോട്ടം വഹിക്കുന്നതിനുമായി 5 സാങ്കേതിക വിദഗ്ധരടങ്ങുന്ന ഒരു ടെക്നിക്കൽ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. കൂടാതെ ചീഫ് ടെക്നിക്കൽ എക്സാമിനർ പ്രസ്തുത നിർമ്മിതി പരിശോധിച്ച് റിപ്പോർട്ട് നൽകിയിട്ടുമുണ്ട്. ചീഫ് ടെക്നിക്കൽ എക്സാമിനറുടെയും സാങ്കേതിക സമിതിയുടെയും ശിപാർശകളനുസരിച്ച് ചോർച്ച പരിഹരിക്കാനുള്ള നടപടികൾ പുരോഗമിക്കുന്നു.

(ബി) പ്ലാനറ്റോറിയം കെട്ടിടത്തിന്റെ നിർമ്മാണം സംബന്ധിച്ച് ചീഫ് ടെക്നിക്കൽ എക്സാമിനർ പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിച്ചിരുന്നോ; ഉണ്ടെങ്കിൽ പ്രസ്തുത റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ?

സമർപ്പിച്ചിരുന്നു. റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.+

(സി) ചോർച്ച പരിഹരിച്ച് വിദേശത്തുനിന്ന് ഇറക്കുമതി ചെയ്ത ഉപകരണങ്ങൾ ഘടിപ്പിച്ച് പ്ലാനറ്റോറിയം എന്നത്തേയ്ക്ക് പൊതുജനങ്ങൾക്ക് തുറന്നുകൊടുക്കാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ?

നിലവിൽ സയൻസ് മ്യൂസിയവും 3-ഡി തീയേറ്ററും പൊതുജനങ്ങൾക്കായി തുറന്നുകൊടുത്തിട്ടുണ്ട്. പൊതുജനങ്ങൾക്കാവശ്യമായ സൗകര്യങ്ങളൊരുക്കുന്നതിനായുള്ള നിർമ്മാണപ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്. കെട്ടിടത്തിന്റെ പ്രശ്നങ്ങൾ പരിഹരിച്ചതിനുശേഷം ഉപകരണങ്ങൾ സ്ഥാപിച്ച് പ്ലാനറ്റേറിയം എത്രയും പെട്ടെന്ന് പൊതുജനങ്ങൾക്ക് തുറന്നുകൊടുക്കുവാൻവേണ്ട നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.

## ഗ്രാമീണ മേഖലകളിൽ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് നടപടി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

206(1947) <u>ശ്രീ. ജി. എസ്. ജയലാൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമീണ മേഖലകളിൽ മതിയായ സൗകര്യങ്ങളോടുകൂടിയ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളാരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ;

(ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഭൂമിയേറ്റെടുത്ത് നൽകിയാൽ പുതിയ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളാരംഭിക്കുന്നതിന് പരിഗണന നൽകുമോ; വിശദാംശം?

(എ&ബി) ഗ്രാമീണ മേഖലകളിൽ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ സ്ഥാപിക്കുന്നതിന് തടസ്സങ്ങളൊന്നും നിലവിലില്ല. എന്നാൽ ഡിപ്ലോമ/ബിരുദ/ബിരുദാനന്തര തലങ്ങളിൽ സാങ്കേതിക കോഴ്സുകളാരംഭിക്കുന്നതിന് AICTE-യുടെ അംഗീകാരമാവശ്യമാണ്. AICTE അംഗീകാരം ലഭ്യമാകുന്ന കോഴ്സുകളുൾപ്പെടുത്തിക്കൊണ്ട് സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസലുകൾ ലഭിക്കുന്നമുറയ്ക്ക് സർക്കാർ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

**കോട്ടക്കൽ വനിതാ പോളിടെക്നിക് കോളേജ് കെട്ടിട നിർമ്മാണം**

207(1948) <u>ശ്രീ. കെ. പി. എ. മജീദ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി മണ്ഡലത്തിലെ കോട്ടക്കൽ ഗവൺമെന്റ് വനിത പോളിടെക്നിക് കോളേജിന് കെട്ടിടംനിർമ്മിക്കുന്നതിന് ഭരണാനുമതി ലഭ്യമാക്കി ടെണ്ടർ നടപടികൾ പൂർത്തീകരിച്ചെങ്കിലും പ്രവൃത്തി ആരംഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത പ്രവൃത്തിയുടെ ഉദ്ഘാടനം നിർവ്വഹിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തി സംബന്ധിച്ച് ഉന്നതവിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗതീരുമാനത്തിന്മേൽ സ്വീകരിച്ച തുടർനടപടികൾ വിശദമാക്കുമോ;

(സി) പ്രസ്തുത പ്രവൃത്തി എന്നേയ്ക്ക് പൂർത്തീകരിക്കാനാവുമെന്ന് വിശദമാക്കുമോ?

(എ-സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തിരൂരങ്ങാടി മണ്ഡലത്തിലെ കോട്ടക്കൽ സർക്കാർ പോളിടെക്നിക് കോളേജ് കെട്ടിടനിർമ്മാണ പ്രവൃത്തി ഉദ്ഘാടനം നിർവ്വഹിച്ചിട്ടില്ല. ടി പ്രവൃത്തി പൂർത്തിയാക്കാൻ കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടതിനാൽ ഈ പ്രവൃത്തി പൂർത്തീകരിക്കുന്നതിന് നിർമ്മാണ ഏജൻസിയായ പൊതുമരാമത്ത് വകുപ്പിനെ മാറ്റി KEL-നെ

പ്രസ്തുത വർക്ക് ഏൽപ്പിക്കുന്നതിന് തീരുമാനിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ 24-04-2019-ലെ സ.ഉ(സാധാ)നം.633/2019/ഉ.വി.വ പ്രകാരം പുതുക്കിയ ഭരണാനുമതി നൽകി ഉത്തരവായിരുന്നു. എന്നാൽ KEL സമർപ്പിച്ച പ്രൊപ്പോസലിൽ സെക്കൻഡ് ഫ്ലോർ, അഗ്നി സുരക്ഷാ സംവിധാനം, അംഗപരിമിതർക്കുള്ള റാമ്പ് എന്നിവ പൂർണ്ണമായും ഒഴിവാക്കുകയും ഭരണാനുമതി അനുവദിച്ച തുകയായ 3,19,00,000/- രൂപയിൽ ജി.എസ്.ടി., കെ.സി.ഡബ്ല്യൂ.ഡബ്ല്യൂ.എഫ്., സെന്റേജ് ചാർജ് എന്നിവ കുറച്ചാൽ 2,63,83,325/- രൂപയുടെ നിർമ്മാണപ്രവൃത്തി മാത്രമെ ചെയ്യാൻ സാധിക്കുവെന്ന് 17-03-2022-ൽ ഉന്നതവിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ KEL പ്രതിനിധി അറിയിക്കുകയും തുടർന്ന് പുതുക്കിയ ഭരണാനുമതി അനുവദിച്ച ശീർഷകം പൊതുമരാമത്ത് വകുപ്പന്റേതായതിനാൽ ടി ശീർഷകത്തിൽ നിന്നും തുക പിൻവലിക്കുന്നതിനുള്ള സാഹചര്യമുണ്ടാക്കണമെന്നും KEL പ്രതിനിധി യോഗത്തിൽ അറിയിച്ചതിനാൽ ശീർഷകം ഭേദഗതി ചെയ്യുന്നതിന് നടപടി കൈക്കൊള്ളുന്നതിന് യോഗത്തിൽ തീരുമാനമെടുക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ ഭരണാനുമതി നൽകി പുറപ്പെടുവിച്ച 24-04-2019-ലെ സ.ഉ(സാധാ)നം.631/2019/ഉ.വി.വ ഉത്തരവിലെ ശീർഷകം ഭേദഗതി

വരുത്തിക്കൊണ്ട് 24-03-2022-ലെ സ.ഉ (സാധാ) നം.466/2022/ഉ.വി.വ പ്രകാരം "4202-02-104-89 - Polytehcnics - Infrastructre - Works assigned to other agencies" എന്ന ശീർഷകമാക്കി ഭേദഗതി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ടി പ്രവൃത്തി ആരംഭിക്കുന്നതിനായി M/s. KEL-മായി കരാറിലെർപ്പെടുന്നതു സംബന്ധിച്ച് ഒരു പ്രൊപ്പോസൽ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ സർക്കാരിൽ സമർപ്പിച്ചത് സർക്കാർ വിശദമായി പരിശോധിക്കുകയും ധനകാര്യ വകുപ്പ് ആവശ്യപ്പെട്ടപ്രകാരം ടി പ്രൊപ്പോസൽ നിലവിലെ സർക്കാർ ഉത്തരവുകളിലെ മാനദണ്ഡപ്രകാരമുള്ള സെന്റേജ് ചാർജ്ജുകൂടി ഉൾപ്പെടുത്തി ന്യൂനത പരിഹരിച്ച് പുതുക്കിയ പ്രൊപ്പോസൽ സമർപ്പിക്കുന്നതിന് സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## ഇ.കെ. നായനാർ മെമ്മോറിയൽ ഗവൺമെന്റ് പോളിടെക്നിക് ഹോസ്റ്റലിന് ഫർണിച്ചർ

208(1949) <u>ശ്രീ. എം. രാജഗോപാലൻ</u>: താഴെ കാണുന്ന ചോദ്യത്തിന് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിലെ തൃക്കരിപ്പൂർ ഇ.കെ.നായനാർ മെമ്മോറിയൽ ഗവൺമെന്റ് പോളിടെക്നിക് ഹോസ്റ്റലിൽ ഫർണിച്ചർ ഇല്ലാത്തതിനാൽ ഹോസ്റ്റൽ പ്രവർത്തനം സുഗമമായി നടത്താൻ കഴിയാതെ വന്ന കാര്യം

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇവിടെ ഫർണിച്ചർ എപ്പോൾ ലഭ്യമാക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സാങ്കേതിക വിദ്യാഭ്യാസ വകുപ്പിനുകീഴിലുള്ള സ്ഥാപനങ്ങളിലേയ്ക്ക് ഫർണിച്ചർ വാങ്ങുന്നതിന് ഭരണാനുമതി നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. സർക്കാർ പുറപ്പെടുവിച്ച ഭരണാനുമതികളിൽ ഫർണിച്ചറുകൾ ഇ-ടെണ്ടർ മുഖേന വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നാണ് നിർദേശിച്ചിരുന്നത്. ഇ-ടെണ്ടർ മുഖേന ഫർണിച്ചറുകൾ വാങ്ങുന്നതിലെ പ്രായോഗിക ബുദ്ധിമുട്ടുകളും കാലതാസമവും ഒഴിവാക്കുന്നതിനായി സ്ഥാപനമേധാവികളുടെ അപേക്ഷപ്രകാരം റേറ്റ് കോൺട്രാക്ട് നിലവിലുള്ള വിവിധ ഫേമുകളിൽ നിന്നുമുള്ള പ്രൊഫോർമ ഇൻവോയിസ് പ്രകാരം ഫർണിച്ചർ വാങ്ങുന്നതിന് ക്രയാനുമതി ലഭിക്കുന്നതിന് സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ സർക്കാരിലേയ്ക്ക് പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു.

27-03-2018-ലെ സ. ഉ. (എം.എസ്) നം. 2/2018/SPD പ്രകാരം സാധാരണ ഉപയോഗിക്കുന്ന സാധനങ്ങളും സേവനങ്ങളും GeM മുഖേന സമാഹരിക്കുന്നതിന് ഉത്തരവായിട്ടുള്ളതും തുടർന്ന് 26-4-2019-ലെ G.O(P)No.7/19/SPD പ്രകാരം 25,000 രൂപയ്ക്കുമുകളിലുള്ള വാങ്ങലുകൾക്ക്

GeM (Government e-Marketplace) നിർബന്ധമാക്കുകയും മാന്വലിലെ ഖണ്ഡിക 19.23-ൽ പുതുക്കിയ നിബന്ധനകളുൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. കൂടാതെ 25-11-2021-ലെ A2/61/2021-SPD നമ്പർ സർക്കുലർപ്രകാരം GeM-ൽ ലിസ്റ്റ് ചെയ്യാത്ത സാധനങ്ങൾ വാങ്ങുന്നതിന് GeM പോർട്ടലിൽ പുതുതായി ആരംഭിച്ചിട്ടുള്ള Custom Bid & BOQ എന്ന സംവിധാനം ഉപയോഗപ്പെടുത്തുന്നതിന് എല്ലാ സർക്കാർ സംവിധാനങ്ങൾക്കും നിർദേശം നൽകിയിട്ടുണ്ട്. എന്നിരുന്നാലും വാങ്ങാനുദ്ദേശിക്കുന്ന പ്രത്യേക ഉല്പന്നം GeM-ൽ ലഭ്യമല്ലെങ്കിലോ GeM മുഖേന വാങ്ങുന്നത് ഉചിതമല്ലെന്ന് (ഗുണനിലവാരം, വില എന്നിവയിലെ വ്യത്യാസം) വകുപ്പ് മേധാവിക്ക് ബോധ്യപ്പെട്ടാലോ കാരണം വ്യക്തമായി രേഖപ്പെടുത്തിയ ശേഷം സ്റ്റോർസ് പർച്ചേയ്സ് മാന്വലിൽ സൂചിപ്പിച്ചിട്ടുള്ള മറ്റ് മാർഗ്ഗങ്ങളിലൂടെ ആയത് വാങ്ങാവുന്നതാണ് (SPM ഖണ്ഡിക 19.3).

പൊതുമേഖലാ സ്ഥാപനങ്ങളായ ARTCO, KADCO, SIDCO, RUBCO, FIT, SILK, Meenchil Rubberwood Ltd. എന്നീ സ്ഥാപനങ്ങളുടെ വിലനിർണ്ണയം നടത്തിയ ഫർണീച്ചർ ഉല്പന്നങ്ങൾക്ക് നിശ്ചിത കാലയളവിലേയ്ക്ക് ടെണ്ടർ ഇളവ് അനുവദിച്ച് നൽകിയിട്ടുണ്ട്. പ്രസ്തുത ഉത്തരവുകളിലുൾപ്പെടുത്തിയിട്ടുള്ള ഫർണിച്ചർ ഉല്പന്നങ്ങൾ ടെണ്ടർ

നടപടിക്രമങ്ങളൊഴിവാക്കി നേരിട്ട് വാങ്ങാവുന്നതാണെന്ന നിർദ്ദേശവും ടെണ്ടറിളവ് അനുവദിച്ചിട്ടില്ലാത്തതോ GeM portal-ൽ ലഭ്യമല്ലാത്തതോ ആയ ഫർണിച്ചർ ഉല്പന്നങ്ങൾ, കാരണം വ്യക്തമായി രേഖപ്പെടുത്തി ഓപ്പൺ ടെണ്ടറിലൂടെ സംഭരണം നടത്താവുന്നതാണെന്ന നിർദ്ദേശവും സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർക്ക് സർക്കാർ നൽകിയിട്ടുണ്ട്.

**മഞ്ചേശ്വരം താലൂക്കിൽ പുതിയ പോളിടെക്നിക് കോളേജ്**

209(1950) <u>ശ്രീ. എ. കെ. എം. അഷ്റഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം താലൂക്കിൽ പുതിയ പോളിടെക്നിക് കോളേജാരംഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) പ്രസ്തുത താലൂക്കിൽ 2023-24 അദ്ധ്യയനവർഷം പോളിടെക്നിക് തുടങ്ങാൻ കഴിയുമോ; വ്യക്തമാക്കുമോ?

(എ&ബി) മഞ്ചേശ്വരം താലൂക്കിൽ പുതിയ പോളിടെക്നിക് കോളേജ് സ്ഥാപിക്കുന്നത് സംബന്ധിച്ച സാമ്പത്തികബാദ്ധ്യതയുൾപ്പെടെയുള്ള പഠനറിപ്പോർട്ട് സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ 04-12-2022-ലെ കത്ത് മുഖേന സർക്കാരിൽ ലഭ്യമാക്കിയിട്ടുണ്ട്. ആയത് പരിശോധിച്ച് മഞ്ചേശ്വരം താലൂക്കിൽ 2023-24 അദ്ധ്യയനവർഷം, എ.ഐ.സി.ടി.ഇ.-യുടെ

അംഗീകാരത്തോടെ പോളിടെക്നിക് തുടങ്ങാൻ കഴിയുമോയെന്ന കാര്യത്തിൽ തീരുമാനം കൈക്കൊള്ളുന്നതാണ്.

## കോഴിക്കോട് ജില്ലയിയിൽ പുതിയ പോളിടെക്നിക് സ്ഥാപിക്കുന്നത് സംബന്ധിച്ച്

210(1951) <u>ശ്രീമതി കാനത്തിൽ ജമീല</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ പോളിടെക്നിക്കുകൾ സ്ഥാപിക്കുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലുണ്ടോ?

ഉണ്ട്. നടുവിൽ, മുക്കം, ഹരിപ്പാട് വിളപ്പിൽശാല എന്നിവിടങ്ങളിൽ പുതിയ പോളിടെക്നിക്കുകൾ സ്ഥാപിക്കുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. കൂടാതെ കണ്ണൂർ ജില്ലയിലെ പിണറായി ഗ്രാമപഞ്ചായത്തിൽ ഒരു സർക്കാർ പോളിടെക്'നിക് കോളേജ് ഉൾപ്പെടെയുള്ള എഡ്യൂക്കേഷണൽ ഹബ്ബ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(ബി) എങ്കിൽ കോഴിക്കോട് ജില്ലയിയിൽ പുതിയ പോളിടെക്നിക് കോളേജ് സ്ഥാപിക്കാനുദ്ദേശിക്കുന്നത് എവിടെയാണെന്ന് വിശദമാക്കുമോ?

കോഴിക്കോട് ജില്ലയിലെ മുക്കത്ത് പുതിയ പോളിടെക്നിക് കോളേജ് സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

(സി) പയ്യോളി ടെക്നിക്കൽ ഹൈസ്കൂൾ പോളിടെക്നിക് കോളേജായി ഉയർത്തുന്നതുസംബന്ധിച്ച പഠനറിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ടോ; തുടർ നടപടി വിശദമാക്കുമോ?

ഇല്ല.

**മുക്കം ഗവൺമെന്റ് പോളിടെക്നിക്**

211(1952) <u>ശ്രീ. ലിന്റോ ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015-ൽ സർക്കാർ അനുവദിച്ച മുക്കം ഗവൺമെന്റ് പോളിടെക്നിക്കിന്റെ ഉത്തരവ് നിലനിൽക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

03-06-2015-ലെ സ.ഉ. (കൈ) നം.229/2015/ഉ.വി.വ. പ്രകാരം മുക്കം പോളിടെക്നിക് കോളേജ് തുടങ്ങുന്നതിന് ഭരണാനുമതി നൽകിയ സർക്കാർ ഉത്തരവ് നിലനിൽക്കുന്നുണ്ട്.

(ബി) തദ്ദേശസ്വയംഭരണസ്ഥാപനം ആവശ്യമായ ഭൂമി ലഭ്യമാക്കുകയാണെങ്കിൽ പ്രസ്തുത പോളിടെക്നിക് താല്ക്കാലിക കെട്ടിടത്തിൽ തുടങ്ങുന്നതിന് നടപടികൾ സ്വീകരിക്കുമോ?

എ.ഐ.സി.ടി.ഇ. മാനദണ്ഡമനുസരിച്ച് പുതിയ പോളിടെക്നിക് കോളേജുകളാരംഭിക്കുന്നതിന് സ്വന്തമായി കെട്ടിടങ്ങളും ഭൂമിയും എ.ഐ.സി.ടി.ഇ. നിഷ്കർഷിക്കുന്ന അടിസ്ഥാനസൗകര്യങ്ങളും (ലാബ്, വർക്ക് ഷോപ്പ് ഉൾപ്പെടെ) ആവശ്യമാണ്. വാടകക്കെട്ടിടങ്ങളിൽ പോളിടെക്നിക് കോളേജുകളാരംഭിക്കുന്നതിന് എ.ഐ.സി.ടി.ഇ. അനുവാദം നല്കുകയില്ലെന്നതിനാൽ താല്ക്കാലിക കെട്ടിടത്തിൽ ടി പോളിടെക്നിക് തുടങ്ങുന്ന നടപടി ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

**നെയ്യാറ്റിൻകര ഗവൺമെന്റ് പോളിടെക്നിക്കിന് പുതിയ മന്ദിരം**

212(1953) <u>ശ്രീ. കെ. ആൻസലൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര ഗവൺമെന്റ് പോളിടെക്നിക്കിൽ നിർമ്മിക്കുന്ന പുതിയ മന്ദിരത്തിന്റെ നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുവേണ്ടി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

നെയ്യാറ്റിൻകര ഗവൺമെന്റ് പോളിടെക്നിക് കോളേജിൽ പുതിയ അക്കാദമിക് ബ്ലോക്ക് നിർമ്മിക്കുന്നതിലേയ്ക്കായി സമർപ്പിച്ച 425 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിൽ 12-05-2022-ലെ സർക്കാർ ഉത്തരവ് നമ്പർ 683/2022/ഉ.വി.വ. പ്രകാരം 100 ലക്ഷം രൂപ ആദ്യഘട്ട നിർമ്മാണത്തിന് 2022-23 സാമ്പത്തികവർഷത്തിൽ 4202-02-104-99 ശീർഷകത്തിൽ നിന്നും ചെലവാക്കുന്നതിന് ഭരണാനുമതി അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

(ബി) പൊതുമരാമത്ത് വകുപ്പ് ബിൽഡിംഗ്സ് വിഭാഗവുമായി ബന്ധപ്പെട്ട് ഇനി പൂർത്തീകരിക്കേണ്ട നടപടിക്രമങ്ങൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ?

12-05-2022-ലെ സ.ഉ.(സാധാ) നം. 683/2022/ഉ.വി.വ. ഉത്തരവിന്റെ അടിസ്ഥാനത്തിൽ പുതിയ ബിൽഡിംഗ് നിർമ്മിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് 09-06-2022-ലെ കത്തുപ്രകാരം നെയ്യാറ്റിൻകര പോളിടെക്നിക് കോളേജ് പ്രിൻസിപ്പാൾ, നെയ്യാറ്റിൻകര പൊതുമരാമത്ത് വകുപ്പ് (കെട്ടിട ഉപവിഭാഗം) അസിസ്റ്റന്റ് എഞ്ചിനീയറോട് ആവശ്യപ്പെട്ടിട്ടുണ്ട്.

**നെടുംങ്കണ്ടം പോളിടെക്നിക്കിൽ പുതിയ കോഴ്സുകൾ**

213(1954) <u>ശ്രീ. എം. എം. മണി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെടുംങ്കണ്ടം പോളിടെക്നിക്കിൽ ഏതൊക്കെ കോഴ്സുകളാണ് നിലവിലുള്ളത്?

നെടുംങ്കണ്ടം പോളിടെക്നിക്കിൽ നിലവിലുള്ള ത്രിവത്സര ഡിപ്ലോമ കോഴ്സുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. ഇലക്ട്രോണിക്സ് എഞ്ചിനീയറിംഗ്
2. കമ്പ്യൂട്ടർ എഞ്ചിനീയറിംഗ്

3.കമ്പ്യൂട്ടർ ഹാർഡ്‌വെയർ എഞ്ചിനീയറിംഗ്

(ബി) അടിസ്ഥാനസൗകര്യം വേണ്ടുവോളമുള്ള ഈ പോളിടെക്നിക്കിൽ പുതിയ കോഴ്സുകളനുവദിക്കുന്നതുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

നെടുംങ്കണ്ടം പോളിടെക്നിക്കിൽ പുതിയ കോഴ്സുകളാരംഭിക്കുന്നത് സംബന്ധിച്ചുള്ള പ്രൊപ്പോസൽ സർക്കാരിൽ ലഭ്യമാകുന്നമുറയ്ക്ക് ഇക്കാര്യം പരിശോധിക്കാവുന്നതാണ്.

## പോളിടെക്നിക്കുകളിൽ ബയോമെഡിക്കൽ എഞ്ചിനീയറിംഗ് ഡിപ്ലോമ കോഴ്സ്

214(1955) ശ്രീമതി ഉമ തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതെല്ലാം പോളിടെക്നിക്കുകളിലാണ് നിലവിൽ ബയോമെഡിക്കൽ എഞ്ചിനീയറിംഗ് ഡിപ്ലോമ കോഴ്സ് നടത്തിവരുന്നതെന്നും ഓരോ സ്ഥലത്തും എത്ര സീറ്റുകൾ വീതമുണ്ടെന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ?

സാങ്കേതിക വിദ്യാഭ്യാസ വകുപ്പിനുകീഴിൽ ബയോമെഡിക്കൽ എഞ്ചിനീയറിംഗ് ഡിപ്ലോമ കോഴ്സുകൾ നടത്തുന്ന പോളിടെക്നിക്കുകളും ഓരോ സ്ഥാപനത്തിലും അനുവദിച്ചിരിക്കുന്ന സീറ്റുകളുടെ എണ്ണവും അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു.+

(ബി) സംസ്ഥാനത്ത് എല്ലാ ജില്ലകളിലും സർക്കാർ പോളിടെക്നിക്കുകളിൽ ബയോമെഡിക്കൽ എഞ്ചിനീയറിംഗ് ഡിപ്ലോമ കോഴ്സാരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ?

നിലവിൽ പോളിടെക്നിക് കോളേജുകളിൽ പുതിയ കോഴ്സുകളാരംഭിക്കുന്നതിന് എ.ഐ.സി.ടി.ഇ. അംഗീകാരം ആവശ്യമാണ്. ഇതിനായി അടിസ്ഥാനസൗകര്യത്തോടൊപ്പം എൻ.ബി.എ. അക്രഡിറ്റേഷനും നിർബന്ധമാക്കിയിട്ടുണ്ട്. പുതിയ കോഴ്സുകളാരംഭിക്കുന്നത് സംബന്ധിച്ച് സ്ഥാപനങ്ങളിൽനിന്നും പ്രൊപ്പോസലുകൾ ലഭിക്കുന്നമുറയ്ക്ക് പുതിയ കോഴ്സുകൾ അനുവദിക്കുന്നതിനുള്ള പൊതുതീരുമാനത്തിന് വിധേയമായി പരിശോധിക്കുന്നതാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## നടുവിൽ പോളിടെക്നിക് കോളേജിൽ കോഴ്സുകളാരംഭിക്കുന്നതിന് നടപടി

215(1956) <u>ശ്രീ. സജീവ് ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിക്കൂർ നിയോജകമണ്ഡലത്തിലെ നടുവിൽ പോളിടെക്നിക് കോളേജിന് എ.ഐ.സി.ടി.ഇ. അംഗീകാരം ലഭിച്ചിട്ടും കോഴ്സുകളനുവദിച്ച് ക്ലാസുകൾ ആരംഭിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(ബി) നടുവിൽ പോളിടെക്നിക് കോളേജിന് എ.ഐ.സി.ടി.ഇ. അംഗീകാരം ലഭിച്ചിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ കോഴ്സുകൾ ആരംഭിക്കുന്നതിനാവശ്യമായ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ തസ്തിക തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ;

(സി) തസ്തികകൾ സൃഷ്ടിച്ചിട്ടില്ലെങ്കിൽ എപ്പോൾ തസ്തികകൾ സൃഷ്ടിച്ച് കോഴ്സുകളാരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

(എ-സി) ഇരിക്കൂർ നിയോജകമണ്ഡലത്തിലെ നടുവിൽ പോളിടെക്നിക് കോളേജിന് എ.ഐ.സി.ടി.ഇ. അംഗീകാരം ലഭിച്ചിട്ടുണ്ട്.

പ്രസ്തുത കോളേജിന് തസ്തികകൾ സൃഷ്ടിക്കുന്നതിന് സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ ഒരു വിശദമായ പ്രൊപ്പോസൽ സർക്കാരിൽ സമർപ്പിച്ചിരുന്നത് സർക്കാരിന്റെ പരിഗണനയിലാണ്. തസ്തിക സൃഷ്ടിച്ചുകഴിഞ്ഞാൽ മാത്രമെ ക്ലാസ്സുകളാരംഭിക്കുന്നതിന് നടപടികൾ കൈക്കൊള്ളാനാകുകയുള്ളൂ.

**കെ.ജി.റ്റി.ഇ. ടൈപ്പ് റൈറ്റിംഗ് ആൻഡ് വേഡ് പ്രോസസിംഗ് പരീക്ഷ സിലബസ് പരിഷ്കരണം**

216(1957) ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.ജി.റ്റി.ഇ. ടൈപ്പ് റൈറ്റിംഗ് ആൻഡ് വേഡ് പ്രോസസിംഗ് സിലബസ് പരിഷ്കരിച്ചുള്ള 20-08-2022-ലെ സ.ഉ. (കൈ) നം.403/2022/എച്ച്.ഇ.ഡി.എൻ. പ്രകാരം ഇംഗ്ലീഷ്, മലയാളം ടൈപ്പ് റൈറ്റിംഗ് മെഷീൻ ഉപയോഗിച്ചുള്ള കെ.ജി.റ്റി.ഇ. പരീക്ഷകൾ നിർത്തലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ഇംഗ്ലീഷ് ടൈപ്പ്റൈറ്റിംഗ് മെഷീൻ ആവശ്യത്തിന് ലഭ്യമാണെന്നതിനാൽ പ്രസ്തുത സിലബസ് പരിഷ്കരണം മലയാളത്തിന് മാത്രമായി പരിമിതപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

(എ&ബി) 20-08-2022-ലെ സ.ഉ.(കൈ) 403/2022/ എച്ച്.ഇ.ഡി.എൻ. പ്രകാരം കെ.ജി.ടി.ഇ. ടൈപ്പ് റൈറ്റിംഗ് ഇംഗ്ലീഷ്, മലയാളം എന്നിവയുടെ പുതുക്കിയ സിലബസ്സനുസരിച്ച് കമ്പ്യൂട്ടർ മുഖേനയാണ് പരീക്ഷ നടത്തേണ്ടത്. ഇത് പുനഃപരിശോധിക്കണമെന്ന് കെ.ജി.ടി.ഇ. മാനേജ്മെന്റ് അസോസിയേഷൻ ആവശ്യപ്പെട്ടിട്ടുണ്ട്. ഇതിൽ നടപടി സ്വീകരിച്ചുവരുന്നു.

(സി) സിലബസ് പരിഷ്കരണത്തിൽ ഹിന്ദി, ഷോർട്ട് ഹാൻഡ് എന്നിവയുൾപ്പെട്ടിട്ടില്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇവകൂടിയുൾപ്പെടുത്തി സിലബസ് പുതുക്കി പ്രസിദ്ധീകരിക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കെ.ജി.റ്റി.ഇ. (കൊമേഴ്സ്) ഹിന്ദി സിലബസിന്റെ പരിഷ്കരണ നടപടികൾ നടന്നുവരുന്നു. ഷോർട്ട് ഹാൻഡ് സിലബസ് പരിഷ്കരണം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

(ഡി) 20-08-2022-ലെ സിലബസ് പരിഷ്ക്കരണം എന്ന് മുതലുള്ള കെ.ജി.റ്റി.ഇ. ടൈപ്പ് റൈറ്റിംഗ് ആൻഡ് വേഡ് പ്രോസസ്സിംഗ് പരീക്ഷയിലാണ് നടപ്പിൽവരുത്താൻ തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

20-08-2022-ലെ സിലബസ് പരിഷ്ക്കരണം പ്രസ്തുത തീയതിക്കുശേഷം നടത്തപ്പെടുന്ന കെ.ജി.റ്റി.ഇ. ടൈപ്പ് റൈറ്റിംഗ് ആൻഡ് വേഡ് പ്രോസസിംഗ് പരീക്ഷ മുതലാണ് നടപ്പിൽ വരുത്തുവാൻ തീരുമാനിച്ചിട്ടുള്ളത്.

(ഇ) 20-08-2022-ലെ പരിഷ്ക്കരിച്ച സിലബസ് പ്രകാരം പരീക്ഷ നടത്തുന്നതിന് സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ മാർഗ്ഗനിർദ്ദേശങ്ങളോ ഉത്തരവുകളോ പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ?

20-08-2022-ലെ പരിഷ്ക്കരിച്ച സിലബസ് പ്രകാരം പരീക്ഷ നടത്തുന്നതിന് സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ മാർഗ്ഗനിർദ്ദേശങ്ങളോ ഉത്തരവുകളോ പുറപ്പെടുവിച്ചിട്ടില്ല.

## പെൻഷൻ അനുവദിക്കുന്നതിന് നടപടി

217(1958) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ടി.കെ.എം. എഞ്ചിനീയറിംഗ് കോളേജിൽ അദ്ധ്യാപകനായി ജോലി ചെയ്തിരുന്ന സെയിദ് അബൂബക്കർ പൂക്കോയ തങ്ങൾക്ക് പെൻഷൻ ലഭിക്കുന്നതുസംബന്ധിച്ച് നൽകിയ നിവേദനത്തിന്മേൽ ഡി.റ്റി.ഇ.-യിൽനിന്നും (ജെ3/121/2020) റിപ്പോർട്ട് സർക്കാരിന് ലഭ്യമായിട്ടുണ്ടോ; എങ്കിൽ ആയതിൻമേൽ സ്വീകരിച്ച നടപടി അറിയിക്കുമോ;

(ബി) പ്രസ്തുത നിവേദനത്തിന്മേൽ ഡി.റ്റി.ഇ.-യിൽ സ്വീകരിച്ച നടപടി വിശദമാക്കുമോ?

(എ&ബി) റിപ്പോർട്ട് ലഭ്യമായിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിൽ സെയിദ് അബൂബക്കർ പൂക്കോയ തങ്ങൾക്കെതിരെ സ്വീകരിച്ച റവന്യൂ റിക്കവറി നടപടികൾ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമല്ല. ആയതിനാൽ റവന്യൂ

റിക്കവറി നടപടികളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുവാൻ ഡി.റ്റി.ഇ. -യോട് ആവശ്യപ്പെട്ടിട്ടുണ്ട്.

**താഴേക്കോട് ഗവൺമെന്റ് വനിത ഐ.ടി.ഐ.**

218(1959) ശ്രീ. നജീബ് കാന്തപുരം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) താഴേക്കോട് ഗവൺമെന്റ് വനിത ഐ.ടി.ഐ. വർഷങ്ങളായി വാടകകെട്ടിടത്തിലാണ് പ്രവർത്തിക്കുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത വിദ്യാഭ്യാസസ്ഥാപനത്തിന് സ്വന്തമായി സ്ഥലം വാങ്ങുന്നതിനും കെട്ടിടം നിർമ്മിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

ഐ.ടി.ഐ.-കൾ പ്രവർത്തനമാരംഭിക്കുന്നതിനായി ഡയറക്ടർ ജനറൽ ഓഫ് ട്രെയിനിംഗ്, ന്യൂഡൽഹി അനുശാസിക്കുന്ന പ്രകാരമുള്ള ചുരുങ്ങിയത് 1.07 ഏക്കർ സ്ഥലം ആവശ്യമാണ്. ഐ.ടി.ഐ. ആരംഭിക്കുന്നതിനാവശ്യമായ സ്ഥലം ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ

സ്ഥാപനങ്ങൾ സൗജന്യമായി ലഭ്യമാക്കണമെന്ന നിബന്ധനയോടെയാണ് പുതിയ ഐ.ടി.ഐ.-കൾ ആരംഭിക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുള്ളത്. താഴേക്കോട് ഗ്രാമപഞ്ചായത്ത് ഐ.ടി.ഐ.-ക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനായി പഞ്ചായത്തിൽ തന്നെ വിവിധ സ്ഥലങ്ങൾ പലപ്പോഴായി കണ്ടെത്തിയെങ്കിലും വിവിധ കാരണങ്ങളാൽ ആയത് ഉപേക്ഷിക്കേണ്ടി വന്നിട്ടുള്ളതാണെന്നും ഐ.ടി.ഐ.-ക്കനുയോജ്യമായ സ്ഥലം ഗ്രാമപഞ്ചായത്ത് കണ്ടെത്തുന്നതിന് ഊർജ്ജിത നടപടികൾ സ്വീകരിച്ചുവരുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. സ്ഥലം ലഭ്യമാകുന്നമുറയ്ക്ക് ഐ.ടി.ഐ.-ക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്ന വിഷയം സർക്കാർ പരിശോധിക്കുന്നതാണ്.

**കുറ്റിപ്പുറം ടെക്നിക്കൽ ഹൈസ്കൂൾ കെട്ടിടനിർമ്മാണം**

219(1960) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ മണ്ഡലത്തിലെ കുറ്റിപ്പുറം ടെക്നിക്കൽ ഹൈസ്കൂളിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി ഡി.എസ്.ആർ. 2018 പ്രകാരം പുനർനിർണ്ണയിച്ച പ്രവൃത്തിയുടെ അടങ്കലിന് പുതുക്കിയ ഭരണാനുമതി അനുവദിക്കുന്നതിനായുള്ള പ്രൊപ്പോസൽ ലഭ്യമായിട്ടുണ്ടോ; എങ്കിൽ ആയതിൻമേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

കുറ്റിപ്പുറം ഗവൺമെന്റ് ടെക്നിക്കൽ ഹൈസ്കൂളിൽ പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് 3 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. 13-08-2021-ലെ സ.ഉ (സാധാ)നം. 114/2021/ധന. പ്രകാരം കേരളത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾക്ക് 15-03-2019 മുൻകാല പ്രാബല്യത്തിൽ DSoR-2018 നടപ്പിലാക്കിയതിന്റെ അടിസ്ഥാനത്തിൽ 554.40 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് പുതുക്കിയ ഭരണാനുമതി നൽകുന്നതിന് സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു. NIT കോഴിക്കോട് നിന്നോ മറ്റ് സർക്കാർ സ്ഥാപനങ്ങളിൽനിന്നോ ഉള്ള മണ്ണുപരിശോധന വിദഗ്ധനെക്കൊണ്ട് പരിശോധിപ്പിച്ച് റിപ്പോർട്ട് സഹിതം എസ്റ്റിമേറ്റ് സമർപ്പിക്കാൻ

സർക്കാർ നിർദ്ദേശം നൽകിയതിന്റെയടിസ്ഥാനത്തിൽ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) പ്രസ്തുത പ്രവൃത്തിക്ക് പുതുക്കിയ ഭരണാനുമതി അടിയന്തരമായി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഡയറക്ടർ റിപ്പോർട്ട് ലഭ്യമാക്കുന്നമുറയ്ക്ക് ഇക്കാര്യം പരിശോധിക്കുന്നതാണ്.

(സി) കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട മണ്ണുപരിശോധനയും കെട്ടിടത്തിന്റെ സ്ട്രക്ച്ചറൽ ഡ്രോയിംഗും പൂർത്തിയായിട്ടുണ്ടോ; വിശദമാക്കുമോ?

ടി കെട്ടിടത്തിന്റെ സ്ട്രക്ച്ചറൽ ഡിസൈനും ആർക്കിടെക്ച്ചറൽ ഡിസൈനും പൂർത്തിയാക്കി സാങ്കേതികാനുമതി ലഭ്യമാക്കാനുള്ള നടപടികൾ പൊതുമരാമത്ത് വകുപ്പ് സ്വീകരിച്ചുവരുന്നു.

## പരപ്പനങ്ങാടി പ്ലാനറ്റേറിയം

220(1961) <u>ശ്രീ. കെ. പി. എ. മജീദ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി മണ്ഡലത്തിലെ പരപ്പനങ്ങാടി പ്ലാനറ്റേറിയം ആൻഡ് സയൻസ് പാർക്കിന്റെ ചുറ്റുമതിൽ നിർമ്മാണത്തിനനുവദിച്ച തുക എത്രയാണെന്നും പ്രവൃത്തിയുടെ നിർമ്മാണമാരംഭിച്ചോയെന്നും അറിയിക്കുമോ?

തിരൂരങ്ങാടി മണ്ഡലത്തിലെ പരപ്പനങ്ങാടി പ്ലാനറ്റേറിയം ആൻഡ് സയൻസ് പാർക്കിന്റെ ചുറ്റുമതിൽ നിർമ്മാണത്തിന് നടപ്പുസാമ്പത്തിക വർഷം 150 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. 2016-2018 കാലഘട്ടത്തിൽ നടപ്പിലാക്കിയ പ്രവൃത്തികളുടെ അളവുകൾ തിട്ടപ്പെടുത്തിയിട്ടില്ലാത്തതിനാൽ ഈ പ്രവൃത്തിയുടെ തുടർ നിർമ്മാണമാരംഭിക്കാൻ ഇനിയും സാധിച്ചിട്ടില്ല.

(ബി) പ്രസ്തുത പ്ലാനറ്റേറിയം ആൻഡ് സയൻസ് പാർക്കിന്റെ നിർമ്മാണം പൂർണ്ണമായും എന്നേയ്ക്ക് പൂർത്തീകരിക്കാനാകുമെന്നും

പൊതുജനങ്ങൾക്ക് എന്നേയ്ക്ക് തുറന്നുകൊടുക്കാൻ സാധിക്കുമെന്നും വിശദമാക്കുമോ?

പ്ലാനറ്റേറിയം ആൻഡ് സയൻസ് പാർക്കിന്റെ പദ്ധതി പ്രദേശത്തേയ്ക്കുള്ള പ്രവേശന റോഡിൽ വളരെ വീതി കുറഞ്ഞ പാലമാണ് നിലവിലുള്ളത്. ആയതിനാൽ നിർമ്മിതികൾക്ക് അഗ്നിസുരക്ഷ നിരാക്ഷേപ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല. ഈ പ്രശ്നം പരിഹരിച്ച് ഫണ്ടിന്റെ ലഭ്യതയ്ക്കനുസൃതമായി പ്രവൃത്തികൾ പൂർത്തീകരിച്ച് പൊതുജനങ്ങൾക്ക് തുറന്നുകൊടുക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

**തിരൂരങ്ങാടി മണ്ഡലത്തിലെ എൽ.ബി.എസ്. ഐ.ഐ.എസ്.റ്റി.**

221(1962) <u>ശ്രീ. കെ. പി. എ. മജീദ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി മണ്ഡലത്തിലെ എൽ.ബി.എസ്. ഐ.ഐ.എസ്.റ്റി.-ക്ക് സ്ഥലം ലഭ്യമാക്കുന്നതിനും കെട്ടിടം നിർമ്മിക്കുന്നതിനും തുക അനുവദിക്കുമോ; വിശദമാക്കുമോ;

(ബി) പ്രസ്തുത സ്ഥാപനത്തിന് കെട്ടിടം നിർമ്മിക്കുന്നതിനും സ്ഥലം ലഭ്യമാക്കുന്നതിനും വേണ്ടി 06-12-2013-ലെ സ. ഉ. (സാധാ)നം.2500/2013/എച്ച്.ഇ.ഡി.എൻ. പ്രകാരം 130.149 കോടി രൂപ അനുവദിച്ചുകൊണ്ട് ഭരണാനുമതി ഉത്തരവ് ലഭ്യമാക്കിയിരുന്നോ; പ്രസ്തുത തുകയിൽ നിന്നും 1 കോടി രൂപ റിലീസ് ചെയ്ത് നൽകിയിരുന്നോ; വിശദമാക്കുമോ?

(എ&ബി) തിരൂരങ്ങാടി മണ്ഡലത്തിലെ എൽ.ബി.എസ്. ഐ.ഐ.എസ്.റ്റി.-ക്ക് സ്ഥലം ലഭ്യമാക്കുന്നതിനും കെട്ടിടം നിർമ്മിക്കുന്നതിനും വേണ്ടി 06-12-2013-ലെ സ. ഉ. (സാധാ). നം. 2500/2013/എച്ച്.ഇ.ഡി.എൻ. പ്രകാരം 130.149 കോടി രൂപ അനുവദിച്ച് ഭരണാനുമതി നൽകിയിരുന്നു. പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ 26-03-2014-ലെ G.O (Rt) No. 668/2014/Hedn. പ്രകാരം 1 കോടി രൂപ പ്രാരംഭപ്രവർത്തനങ്ങൾക്കായി അനുവദിച്ചിട്ടുണ്ട്. ആയതിൽ 61.20 ലക്ഷം രൂപ എൽ.ബി.എസ്. ഐ.ഐ.എസ്.റ്റി.-യുടെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി ചെലവഴിച്ചിട്ടുണ്ട്. ബാക്കിയുള്ള 38.80 ലക്ഷം രൂപയിൽ 34.70 ലക്ഷം രൂപ എൽ.ബി.എസ്. എഞ്ചിനീയറിംഗ്

കോളേജുകളുടെ നിർമ്മാണപ്രവർത്തനങ്ങൾക്കായി ചെലവഴിക്കുകയും മിച്ചമുള്ള 4.10 ലക്ഷം രൂപ സർക്കാർ 26-03-2022-ൽ പിൻവലിക്കുകയും ചെയ്തിട്ടുണ്ട്.

(സി) പ്രസ്തുത സ്ഥാപനത്തിലേയ്ക്ക് അനുവദിച്ച എഞ്ചിനീയറിംഗ് കോളേജ്, പോളിടെക്നിക് കോളേജ് എന്നിവ ആരംഭിക്കുന്നതിനുള്ള അടിയന്തരനടപടി സ്വീകരിക്കുമോ; വിശദമാക്കാമോ;

(ഡി) സ്ഥാപനത്തിനുവേണ്ടി സ്ഥലമേറ്റെടുക്കുന്നതിന് സ്വകാര്യഭൂമി അളന്ന് തിരിച്ച് കല്ല് സ്ഥാപിച്ചത് സർക്കാരിന്റെ ശ്രദ്ധയിൽ വന്നിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

(സി&ഡി) എൽ.ബി.എസ്. ഇന്റഗ്രേറ്റഡ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് ആൻഡ് ടെക്നോളജിക്കായി കണ്ടെത്തിയ 31.64 ഏക്കർ ഭൂമിയിൽ ഒന്നാംഘട്ടമായി 15.25 ഏക്കർ ഭൂമിയേറ്റെടുക്കുന്നതിന് സ്ഥലം അളന്നതിട്ടപ്പെടുത്തി സർവ്വേക്കല്ല് സ്ഥാപിച്ചിട്ടുണ്ട്. പദ്ധതിയുടെ പുരോഗതി വിലയിരുത്തുന്നതിനായി 17-03-2021-ൽ ഉന്നതവിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ഒരു യോഗം ചേർന്നിരുന്നു. യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഫണ്ട് ലഭ്യമാക്കുന്നത്

സംബന്ധിച്ച് പ്ലാനിംഗ് ബോർഡിനെ സമീപിച്ചിരുന്നുവെങ്കിലും 2022-23 സാമ്പത്തികവർഷത്തെ ബഡ്ജറ്റ് രേഖകൾ നേരത്തേ പ്രസിദ്ധീകരിച്ചതുമൂലം എൽ.ബി.എസ്. ഡയറക്ടറുടെ അപേക്ഷ പ്ലാനിംഗ് ബോർഡ് പരിഗണിച്ചിരുന്നില്ല. നിലവിലെ ഭരണാനുമതി 2013 വർഷത്തിലേതായതിനാൽ തുടർനടപടികൾക്കായി പുതുക്കിയ ഭരണാനുമതിക്കായുള്ള പ്രൊപ്പോസൽ സമർപ്പിക്കുന്നതിന് എൽ.ബി.എസ്. ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## കെ.ജി.റ്റി.ഇ. പരീക്ഷ

222(1963) ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.ജി.റ്റി.ഇ. (കൊമേഴ്സ്) പരീക്ഷയിൽ ഹിന്ദി വേഡ് പ്രോസസ്സിംഗ് പരീക്ഷ കൂടി ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏതുഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(ബി) ഹിന്ദി വേഡ് പ്രോസസ്സിംഗ് പരീക്ഷ കൂടി ഉൾപ്പെടുത്തുന്നതിനുള്ള സത്വര നടപടി സ്വീകരിക്കുമോ?

(എ&ബി) കെ.ജി.റ്റി.ഇ. കൊമേഴ്സ് ഹിന്ദി ടൈപ്പ് റൈറ്റിംഗിന്റെ നിലവിലുള്ള സിലബസ് പരീക്ഷാഭവനിൽ നിന്നും ലഭ്യമാക്കുന്നതിനുള്ള നടപടികൾ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ സ്വീകരിച്ചുവരികയാണ്. സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൽ നിന്ന് പ്രൊപ്പോസൽ ലഭിക്കുന്നമുറയ്ക്ക് ഇക്കാര്യം സർക്കാർ പരിശോധിക്കുന്നതാണ്.

**സംസ്കൃത സർവ്വകലാശാലയിൽ അസിസ്റ്റന്റ് പ്രൊഫസ്സർ**

223 (1964) <u>ശ്രീ. എ. പി. അനിൽ കുമാർ</u>:

<u>ഡോ. മാത്യു കുഴൽനാടൻ</u>:

<u>ശ്രീ. സജീവ് ജോസഫ്</u>:

<u>ശ്രീ. എം. വിൻസെന്റ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്കൃത സർവ്വകലാശാലയിൽ അസിസ്റ്റന്റ് പ്രൊഫസ്സർ നിയമനത്തിന് സ്ക്രീനിംഗ് കമ്മിറ്റി തള്ളിക്കളഞ്ഞ അപേക്ഷകരെ ഇന്റർവ്യൂവിന് ക്ഷണിച്ച് റാങ്ക് ലിസ്റ്റിലുൾപ്പെടുത്തി നിയമനം നൽകിയെന്ന ആരോപണത്തിന്റെ നിജ:സ്ഥിതി വ്യക്തമാക്കുമോ?

2018 യു.ജി.സി. റെഗുലേഷനിൽ പ്രതിപാദിക്കുന്ന മാനദണ്ഡങ്ങൾ പ്രകാരം നിശ്ചിത Academic Score ആയ 60(SC/ST-50) മാർക്ക് ലഭിച്ച ഉദ്യോഗാർത്ഥികളെയാണ് സെലക്ഷൻ കമ്മിറ്റി മുമ്പാകെ ഇന്റർവ്യൂവിന് വിളിച്ചത്. സർവ്വകലാശാല വിജ്ഞാപനപ്രകാരം ലഭിച്ച അപേക്ഷകൾ സ്ക്രീനിംഗ് കമ്മിറ്റികൾ പരിശോധിച്ച് ഷോർട്ട് ലിസ്റ്റ് ചെയ്യപ്പെടുന്നതിനനുസരിച്ചാണ് സെലക്ഷൻ പ്രോസസ്സ് കൈക്കൊണ്ടിട്ടുള്ളത്. സിൻഡിക്കേറ്റ് അംഗങ്ങളുൾപ്പെടുന്ന സ്ക്രിനിംഗ് കമ്മിറ്റി പരിഗണിക്കാതിരുന്ന യു.ജി.സി. റെഗുലേഷൻസ് 2018 Clause 4.1 1A (I) ഉം SSUS Regulation 1997-ഉം പ്രകാരമുള്ള പി.ജി. അടിസ്ഥാനയോഗ്യതയ്ക്കുള്ള Concerned/Relevant/Allied മാനദണ്ഡം യു.ജി.സി. റെഗുലേഷൻസ് പ്രകാരം രൂപീകരിച്ച സ്ക്രീനിംഗ് കമ്മിറ്റി പരിഗണിച്ചു. ഇതിൻപ്രകാരം സാൻസ്ക്രിറ്റ് ജനറൽ വിഭാഗത്തിലെ പ്രസ്തുത യോഗ്യതയുള്ളവരെ ഷോർട്ട് ലിസ്റ്റ് ചെയ്യുന്നതിനും സെലക്ഷൻ പ്രോസസ്സിൽ പങ്കെടുപ്പിക്കുന്നതിനും സെലക്ഷൻ കമ്മിറ്റി തീരുമാനമെടുത്തിട്ടുണ്ട്.

(ബി) അപേക്ഷകരിൽ ആർക്കൊക്കെയാണ് നിയമനം നൽകിയതെന്നറിയിക്കാമോ?

31-08-2019-ലെ സർവ്വകലാശാല നോട്ടിഫിക്കേഷൻ പ്രകാരം നിയമിച്ചവരുടെ പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു.+

(സി) സ്ക്രീനിംഗ് കമ്മിറ്റി തള്ളിക്കളഞ്ഞ അപേക്ഷ സ്വീകരിക്കാൻ തീരുമാനമെടുത്തതാരെന്ന് വ്യക്തമാക്കുമോ?

2019-ലെ സർവ്വകലാശാല വിജ്ഞാപന പ്രകാരമുള്ള അപേക്ഷകൾ പരിശോധിച്ച് ഷോർട്ട് ലിസ്റ്റ് ചെയ്യുന്നതിന് രണ്ട് സ്ക്രീനിംഗ് കമ്മിറ്റികൾ രൂപീകരിക്കപ്പെട്ടിരുന്നു.

1. സിൻഡിക്കേറ്റ് അംഗങ്ങളുൾപ്പെട്ട സ്ക്രീനിംഗ് കമ്മിറ്റി.

2. യു.ജി.സി നിയമാവലി പ്രകാരം രൂപീകരിക്കപ്പെട്ട സ്ക്രീനിംഗ് കമ്മിറ്റി.

ഒന്നാമത്തെ സ്ക്രീനിംഗ് കമ്മിറ്റി പരിഗണിക്കാതിരുന്ന ചില അപേക്ഷകരെ യു.ജി.സി. മാനദണ്ഡങ്ങൾപ്രകാരം യോഗ്യത നേടിയതുകൊണ്ട് രണ്ടാമത്തെ സ്ക്രീനിംഗ് കമ്മിറ്റി ഷോർട്ട് ലിസ്റ്റ് ചെയ്യാൻ ശിപാർശ ചെയ്തിട്ടുണ്ട്. ഇതിന്റെയടിസ്ഥാനത്തിൽ സെലക്ഷൻ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കമ്മിറ്റിയാണ് യോഗ്യത നേടിയ അപേക്ഷകരെ ഇന്റർവ്യൂവിന് വിളിക്കാൻ തീരുമാനിച്ചത്.

(ഡി) ഇൻററർവ്യൂ നടത്തിയ വൈസ് ചാൻസലറുടെയും യൂണിവേഴ്സിറ്റി ഡീനിന്റെയും ഗവേഷണ വിദ്യാർത്ഥികൾ ഇത്തരത്തിൽ നിയമനം ലഭിച്ചവരിലുൾപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

വൈസ് ചാൻസലറുടെകീഴിൽ ഗവേഷണം നടത്തിയവർ ഷോർട്ട് ലിസ്റ്റ് ചെയ്യപ്പെട്ട് ഇന്റർവ്യൂവിന് യോഗ്യത നേടുകയും പ്രസ്തുത റാങ്ക് ലിസ്റ്റിലുൾപ്പെട്ട് നിയമനം നേടുകയും ചെയ്തിട്ടുണ്ട്.

(ഇ) നാക് അക്രഡിറ്റേഷൻ ചെയർമാന്റെ കീഴിൽ ഗവേഷണം നടത്തിയ വിദ്യാർഥിനിക്ക് അസിസ്റ്റന്റ് പ്രൊഫസർ നിയമനം നൽകിയോയെന്ന് വ്യക്തമാക്കുമോ?

2019-ലെ സർവ്വകലാശാല വിജ്ഞാപന പ്രകാരം സംസ്കൃത ജനറൽ വിഭാഗത്തിൽ ഷോർട്ട് ലിസ്റ്റ് ചെയ്യപ്പെട്ടവരുടെ ഇന്റർവ്യൂ നടന്നത് 2021 ജനവരി 19, 20 തീയതികളിലാണ്. നാക് പിയർ ടീം സർവ്വകലാശാലയിൽ പരിശോധന നടത്തിയത് 2021 ആഗസ്റ്റ് 25, 26,

27 തീയതികളിലാണ്. സംസ്കൃത ജനറൽ വിഭാഗത്തിലെ ഇന്റർവ്യൂ നടന്ന് മാസങ്ങൾക്ക് ശേഷമാണ് നാക് പിയർ ടീം രൂപീകരിക്കപ്പെട്ടത്.

**ഭാഷകൾക്കായി പ്രത്യേക സർവ്വകലാശാലകൾ സ്ഥാപിക്കൽ**

224(1965) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതൊക്കെ ഭാഷകൾക്കാണ് പ്രത്യേക സർവ്വകലാശാലകൾ നിലവിലുള്ളതെന്ന് വിശദമാക്കുമോ?

സംസ്ഥാനത്ത് സംസ്കൃതം, മലയാളം എന്നീ ഭാഷകൾക്കായി യഥാക്രമം ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയും തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവ്വകലാശാലയുമാണ് നിലവിലുള്ളത്.

(ബി) അറബിക് സർവ്വകലാശാല സ്ഥാപിക്കുന്നത് സംബന്ധിച്ച നിർദ്ദേശം പരിഗണനയിലുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

ഇപ്പോൾ പരിഗണനയിലില്ല.

## ഉന്നത വിദ്യാഭ്യാസ കമ്മീഷന്റെ ശിപാർശകൾ

225(1966) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവ്വകലാശാല പരിഷ്കാരങ്ങൾക്കായുള്ള ഉന്നതവിദ്യാഭ്യാസ കമ്മീഷന്റെ ശിപാർശകൾ എന്തെല്ലാമെന്ന് അറിയിക്കുമോ?

ഉന്നതവിദ്യാഭ്യാസ പരിഷ്കരണ കമ്മീഷന്റെ പ്രധാന ശിപാർശകൾ അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു.+

(ബി) പ്രസ്തുത ശിപാർശകളിന്മേൽ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടി വിശദമാക്കുമോ;

(സി) പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് നിയമനിർമ്മാണം നടത്താനുദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എന്തെല്ലാം മാറ്റങ്ങളാണ് സർവ്വകലാശാലാ നിയമത്തിൽ കൊണ്ടുവരാനുദ്ദേശിക്കുന്നത്; വിശദമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി&സി) പ്രസ്തുത ശിപാർശകൾ നടപ്പിലാക്കുന്നതിന് സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിനുകീഴിൽ കേരള സംസ്ഥാന ഉന്നതവിദ്യാഭ്യാസ പരിഷ്കരണ നിർവ്വഹണ സെൽ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.

**കേരള, കാലിക്കറ്റ്, എം.ജി., കണ്ണൂർ സർവ്വകലാശാലകളിലെ ബിരുദ പ്രവേശനം**

226(1967) <u>ശ്രീ. പി. ഉബൈദുള്ള</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള, കാലിക്കറ്റ്, എം.ജി., കണ്ണൂർ സർവ്വകലാശാലകൾക്കുകീഴിലെ കോളേജുകളിൽ 2022-23 അദ്ധ്യയന വർഷത്തിൽ കേന്ദ്രീകൃത രീതിയിൽ ബിരുദ പ്രവേശനം നേടിയ വിദ്യാർഥികളുടെ എണ്ണം, കോഴ്സ് അടിസ്ഥാനത്തിൽ അറിയിക്കുമോ;

(ബി) പ്രസ്തുത സർവ്വകലാശാലകളിൽ 2022-23 അദ്ധ്യയന വർഷം ഒഴിവുള്ള സീറ്റുകളുടെ എണ്ണം, കോഴ്സ്, കോളേജ് എന്നിവയുടെ അടിസ്ഥാനത്തിൽ അറിയിക്കുമോ;

(സി) പ്രസ്തുത സർവ്വകലാശാലകളിൽ 2020-21, 2021-22 അദ്ധ്യയന വർഷങ്ങളിൽ ബിരുദ കോഴ്സുകളിൽ പ്രവേശനം നേടിയ വിദ്യാർഥികളുടെ എണ്ണം, ഒഴിവുണ്ടായിരുന്ന സീറ്റുകളുടെ എണ്ണം എന്നിവ കോഴ്സ്, കോളേജ് എന്നിവയുടെ അടിസ്ഥാനത്തിൽ അറിയിക്കുമോ?

(എ-സി) അനുബന്ധമായി ചേർക്കുന്നു.+

## സർവ്വകലാശാലകളിൽ ബിരുദ, ബിരുദാനന്തര കോഴ്സുകളിലെ സീറ്റുകൾ

227(1968)ശ്രീ. കെ. പി. എ. മജീദ്:

ശ്രീ. പി. കെ. ബഷീർ:

ശ്രീ. എൻ. ഷംസുദ്ദീൻ:

ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ സർവ്വകലാശാലകളുടെ കീഴിലുള്ള ബിരുദ, ബിരുദാനന്തര കോഴ്സുകളിൽ അനേകം സീറ്റുകൾ ഒഴിഞ്ഞു കിടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ഇപ്രകാരം സീറ്റുകൾ ഒഴിഞ്ഞു കിടക്കുന്നതിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോ?

പ്രത്യേകമായി പരിശോധിച്ചിട്ടില്ല.

(സി) ഉപരിപഠനത്തിനായി സംസ്ഥാനത്തിനുപുറത്ത് പോകുന്നവരുടെ എണ്ണം കൂടിയതും യൂണിവേഴ്സിറ്റി സെന്ററുകളിൽ യോഗ്യതയുള്ള അദ്ധ്യാപകരെ നിയമിക്കാത്തതും പ്രവേശനം നേടുന്നവരുടെ എണ്ണത്തിൽ കുറവുവരുത്തുന്നതിന് കാരണമായിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ഇക്കാര്യങ്ങളിൽ എന്തെല്ലാം പരിഹാര നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

അദ്ധ്യാപക തസ്തികയിലെ ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിനും നിയമനനടപടികൾ വേഗത്തിലാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഉന്നതവിദ്യാഭ്യാസ രംഗത്തെ സമഗ്ര പരിഷ്കരണം ലക്ഷ്യമാക്കി കരിക്കുലം പരിഷ്കരണം, സംസ്ഥാനത്തെ സർവ്വകലാശാലകളിലും കോളേജുകളിലും പുത്തൻ തലമുറ കോഴ്സുകൾ,

സർവ്വകലാശാലകളിൽ പ്രോജക്ട് മോഡ് പ്രോഗ്രാമുകൾ എന്നിവയ്ക്കായുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

**സർവ്വകലാശാലകളിലെ വൈസ് ചാൻസലർമാരുടെ നിയമനം**

228(1969) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവ്വകലാശാലകളിലെ വൈസ് ചാൻസലർമാരുടെ നിയമനം സംബന്ധിച്ച് സുവ്യക്തമായ ചട്ടങ്ങളും യു.ജി.സി. റെഗുലേഷനുകളും നിലനിൽക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) സർവ്വകലാശാലകളിൽ നടത്തിയിട്ടുള്ള നിയമനങ്ങളെല്ലാം പ്രസ്തുത ചട്ടങ്ങളും റെഗുലേഷനുകളും പാലിച്ചുകൊണ്ടാണോയെന്ന് വ്യക്തമാക്കുമോ; പ്രസ്തുത ചട്ടങ്ങളും റെഗുലേഷനുകളും വ്യക്തമാക്കുന്നതെന്താണെന്ന് വിശദമാക്കുമോ;

(സി) നിലവിലെ ചട്ടങ്ങളും റെഗുലേഷനുകളും ലംഘിച്ചുകൊണ്ടുള്ള നിയമനങ്ങളാണോ പ്രസ്തുത മേഖലയിൽ നടന്നിട്ടുള്ളതെന്ന് പരിശോധിക്കുമോ?

(എ-സി) ഉണ്ട്. സർവ്വകലാശാലകളിൽ നടത്തിയിട്ടുള്ള നിയമനങ്ങളെല്ലാം സർവ്വകലാശാലാ ചട്ടങ്ങളും യു.ജി.സി. റെഗുലേഷനുകളും പാലിച്ചുകൊണ്ടാണ് നടത്തിയിരിക്കുന്നത്.

(ഡി) സർക്കാരും ഗവർണറും തമ്മിലുണ്ടായ തർക്കമാണ് പ്രസ്തുത മേഖലയിലെ നിലവിലുള്ള പ്രതിസന്ധിക്ക് കാരണമെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(ഇ) ഇത്തരം നിലപാട് വിദ്യാർത്ഥികളുടെ ഭാവിയെ പ്രതികൂലമായി ബാധിക്കുമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്ത് പരിഹാരനടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

(ഡി&ഇ) ഉന്നതവിദ്യാഭ്യാസ മേഖലയിൽ നിലവിൽ പ്രതിസന്ധികളുള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## ഉന്നതവിദ്യാഭ്യാസ മേഖലയുമായി ബന്ധപ്പെട്ട കേസുകളിൽ നിയമോപദേശം

229(1970) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: താഴെ കാണുന്ന ചോദ്യത്തിന് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2016-21-ലെ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ ഉന്നതവിദ്യാഭ്യാസ മേഖലയുമായി ബന്ധപ്പെട്ട ഏതൊക്കെ കേസുകളിൽ സംസ്ഥാന സർക്കാർ നിയമോപദേശം തേടിയിട്ടുണ്ട്; ഓരോ കേസിലും ലഭിച്ച നിയമോപദേശമെന്താണെന്നും നിയമോപദേശം തേടിയത് ആരിൽ നിന്നാണെന്നും അനുവദിച്ച ഫീസ് എത്രയാണെന്നും വ്യക്തമാക്കുമോ?

2016-21-ലെ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ നിയമ വകുപ്പിൽ നിന്നോ അഡ്വക്കേറ്റ് ജനറലിന്റെ ഓഫീസിൽ നിന്നോ അല്ലാതെ ഒരു കേസിൽ മാത്രമാണ് ഫീസ് നൽകിക്കൊണ്ട് സർക്കാർ നിയമോപദേശം തേടിയിട്ടുള്ളത്. ആയത് സംബന്ധിച്ച വിശദാംശം അനുബന്ധമായി ചേർത്തിട്ടുണ്ട്.+

**കേരളത്തിലെ ബിരുദ സീറ്റുകൾ**

230(1971) <u>ശ്രീമതി കെ. കെ. രമ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) കേരളത്തിലെ വിവിധ സർവ്വകലാശാലകളിലും മറ്റ് സ്ഥാപനങ്ങളിലുമായി ആകെ എത്ര ബിരുദ സീറ്റുകളാണ് നിലവിലുള്ളത്; സർക്കാർ, സ്വാശ്രയ സീറ്റുകളും സർവ്വകലാശാലയും വിഷയവും തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

കേരളത്തിലെ സർവ്വകലാശാലകളിലെ ബിരുദ സീറ്റുകളുടെ എണ്ണം ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| കേരള സർവ്വകലാശാല | - | 46926 |
| എം.ജി. സർവ്വകലാശാല | - | 64496 |
| കുസാറ്റ് | - | 2169 |
| കാലിക്കറ്റ് സർവ്വകലാശാല | - | 98894 |
| കണ്ണൂർ സർവ്വകലാശാല | - | 23168 |
| ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല | - | 663 |
| ന്യൂവാൽസ് | - | 74 |

തുഞ്ചത്തെഴുത്തച്ചൻ മലയാള സർവ്വകലാശാലയിൽ ബിരുദകോഴ്സുകൾ നിലവിലില്ലാത്തതിനാൽ വിഷയം സംബന്ധിച്ച കണക്കുകൾ ലഭ്യമല്ല.

വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(ബി) നടപ്പുവർഷം എത്ര ബിരുദ സീറ്റുകളിലേയ്ക്ക് അഡ്മിഷൻ നടന്നുവെന്ന് വ്യക്തമാക്കുമോ?

കേരളത്തിലെ സർവ്വകലാശാലകളിൽ ഈ വർഷം നടന്ന ബിരുദ സീറ്റുകളിലേയ്ക്കുള്ള അഡ്മിഷന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| കേരള സർവ്വകലാശാല | - | 30221 |
| എം. ജി. സർവ്വകലാശാല | - | 34321 |
| കുസാറ്റ് | - | 1215 |
| കാലിക്കറ്റ് സർവ്വകലാശാല | - | 75842 |
| കണ്ണൂർ സർവ്വകലാശാല | - | 16442 |
| ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല | - | 349 |
| ന്യൂവാൽസ് | - | 74 |

(സി) നിലവിൽ എത്ര ബിരുദ സീറ്റുകളാണ് ഒഴിഞ്ഞു കിടക്കുന്നത്; സർക്കാർ, സ്വാശ്രയ സീറ്റുകളും വിഷയവും സർവകലാശാലയും തിരിച്ചുള്ള എണ്ണം ലഭ്യമാക്കുമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കേരളത്തിലെ സർവ്വകലാശാലകളിലെ ഒഴിഞ്ഞുകിടക്കുന്ന ബിരുദ സീറ്റുകളുടെ എണ്ണം ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| കേരള സർവ്വകലാശാല | - | 16705 |
| എം.ജി. സർവ്വകലാശാല | - | 30175 |
| കുസാറ്റ് | - | 793 |
| കാലികറ്റ് സർവ്വകലാശാല | - | 23052 |
| കണ്ണൂർ സർവ്വകലാശാല | - | 6815 |
| ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല | - | 314 |
| ന്യൂവാൽസ് | - | 0 |

വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(ഡി) ബിരുദ കോഴ്സുകളിൽ ഇത്രയധികം സീറ്റുകൾ ഒഴിഞ്ഞുകിടക്കുന്നതിനുള്ള കാരണങ്ങൾ വിലയിരുത്തിയിട്ടുണ്ടോ;

(ഇ) ഈ സാഹചര്യത്തിലും വിദേശരാജ്യങ്ങളിലേയ്ക്കും മറ്റു സംസ്ഥാനങ്ങളിലേയ്ക്കും പഠനാർത്ഥം പോകുന്ന വിദ്യാർത്ഥികളുടെ എണ്ണം ഗണ്യമായി വർദ്ധിച്ചിട്ടുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ;

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എഫ്) എങ്കിൽ ഇതിനുള്ള കാരണങ്ങൾ എന്തൊക്കെയാണെന്നതിന്റെ വിശദാംശം ലഭ്യമാക്കുമോ?

(ഡി-എഫ്) പ്രത്യേകമായി പരിശോധിച്ചിട്ടില്ല.

**വിവിധ സർവ്വകലാശാലകളിലെ അദ്ധ്യാപക നിയമനങ്ങൾ**

231(1972) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ സർവ്വകലാശാലകളിൽ 01-01-2016 മുതൽ 25-11-2022 വരെയുള്ള കാലയളവിൽ അസിസ്റ്റന്റ് പ്രൊഫസർ, അസോസിയേറ്റ് പ്രൊഫസർ, പ്രൊഫസർ തസ്തികകളിലേയ്ക്ക് നിയമിതരായ അദ്ധ്യാപകരുടെ യൂണിവേഴ്സിറ്റി തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

സർവ്വകലാശാലകളിൽ 01-01-2016 മുതൽ 25-11-2022 വരെയുള്ള കാലയളവിൽ നിയമിതരായ അദ്ധ്യാപകരുടെ യൂണിവേഴ്സിറ്റി തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

കേരള സർവ്വകലാശാല

| | | |
|---|---|---|
| അസിസ്റ്റന്റ് പ്രൊഫസർ | - | 53 |
| അസോസിയേറ്റ് പ്രൊഫസർ | - | 16 |
| പ്രൊഫസർ | - | 12 |

<u>എം.ജി.സർവ്വകലാശാല</u>

| | | |
|---|---|---|
| അസിസ്റ്റന്റ് പ്രൊഫസർ | - | 29 |
| അസോസിയേറ്റ് പ്രൊഫസർ | - | 10 |
| പ്രൊഫസർ | - | 10 |

<u>കാലികറ്റ് സർവ്വകാലാശാല</u>

| | | |
|---|---|---|
| അസിസ്റ്റന്റ് പ്രൊഫസർ | - | 54 |
| അസോസിയേറ്റ് പ്രൊഫസർ | - | 14 |
| പ്രൊഫസർ | - | 9 |

<u>കണ്ണൂർ സർവ്വകലാശാല</u>

| | | |
|---|---|---|
| അസിസ്റ്റന്റ് പ്രൊഫസർ | - | 21 |
| അസോസിയേറ്റ് പ്രൊഫസർ | - | 13 |
| പ്രൊഫസർ | - | 1 |

<u>ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല</u>

| | | |
|---|---|---|
| അസിസ്റ്റന്റ് പ്രൊഫസർ | - | 36 |
| അസോസിയേറ്റ് പ്രൊഫസർ | - | 6 |

പ്രൊഫസർ - 3

എ.പി.ജെ. അബ്ദുൾ കലാം സാങ്കേതിക ശാസ്ത്ര സർവ്വകലാശാല

സർവ്വകലാശാലയിൽ പഠനവകുപ്പുകളിൽ ആരംഭിച്ചിട്ടില്ലാത്തതിനാൽ അദ്ധ്യാപകതസ്തികയിൽ ഇതുവരെ നിയമനം നടത്തിയിട്ടില്ല.

തുഞ്ചത്തെഴുത്തച്ഛൻ മലയാളം സർവ്വകലാശാല

അസിസ്റ്റന്റ് പ്രൊഫസർ - 13

അസോസിയേറ്റ് പ്രൊഫസർ - 4

പ്രൊഫസർ - 1

ശ്രീനാരായണഗുരു ഓപ്പൺ സർവ്വകലാശാല

അസിസ്റ്റന്റ് പ്രൊഫസർ - 46 (കരാർ)
- 6 (അന്യത്ര സേവനം)

അസോസിയേറ്റ് പ്രൊഫസർ - 4 (അന്യത്ര സേവനം)

പ്രൊഫസർ - ഇല്ല.

ഹെഡ് ഓഫ് സ്കൂൾ -5 (3 അസോസിയേറ്റ് പ്രൊഫസർ അന്യത്ര സേവനം, 2 കരാർ)

റീജിയണൽ സെന്റർ ഡയറക്ടർ - 4 (അസിസ്റ്റന്റ് പ്രൊഫസർ അന്യത്ര സേവനം)

| | |
|---|---|
| രജിസ്ട്രാർ | - 1 (അസിസ്റ്റന്റ് പ്രൊഫസർ അന്യത്ര സേവനം) |
| സൈബർ കൺട്രോളർ | - 1 അസിസ്റ്റന്റ് പ്രൊഫസർ |
| പരീക്ഷാ കൺട്രോളർ | - 1 അസോസിയേറ്റ് പ്രൊഫസർ |

<u>കുസാറ്റ്</u>

| | |
|---|---|
| അസിസ്റ്റന്റ് പ്രൊഫസർ | - 97 |
| അസോസിയേറ്റ് പ്രൊഫസർ | - 32 |
| പ്രൊഫസർ | - 14 |

<u>ന്യുവാൽസ്</u>

| | |
|---|---|
| അസിസ്റ്റന്റ് പ്രൊഫസർ (Regular post) | - 1 |
| അസിസ്റ്റന്റ് പ്രൊഫസർ (Tenure Track) | - 2 |

വിശദമായ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(ബി) പ്രസ്തുത തസ്തികകളിൽ നിയമിതരായ അദ്ധ്യാപകരുടെ ജാതി, മതം, ലിംഗം എന്നിവ തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(സി) ഓരോ യൂണിവേഴ്സിറ്റിയിലും പ്രസ്തുത നിയമനങ്ങൾക്ക് ആധാരമാക്കിയ സംവരണ റോസ്റ്ററിന്റെ പകർപ്പ് ലഭ്യമാക്കുമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി&സി) അനുബന്ധമായി ചേർക്കുന്നു. +

## ദേശീയ പാത വികസനം കരാർ കമ്പനിക്ക് സർവ്വകലാശാലയുടെ ഭൂമി

232(1973) ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയപാത വികസന പദ്ധതിയുടെ കരാർ കമ്പനിയായ കെ.എൻ.ആർ. കൺസ്ട്രക്ഷൻ കമ്പനിക്ക് കാലിക്കറ്റ് സർവ്വകലാശാലയുടെ ഉടമസ്ഥതയിലുള്ള സ്ഥലം ലീസിനോ മറ്റോ കൈമാറുന്നതിന് സർവ്വകലാശാലയും കമ്പനിയും തമ്മിലുള്ള എം.ഒ.യു.-വിന്റെയും പ്രസ്തുത കമ്പനി സർവ്വകലാശാലയ്ക്ക് നൽകിയ അപേക്ഷയുടെയും പകർപ്പ് ലഭ്യമാക്കുമോ?

ദേശീയപാത വികസന പദ്ധതിയുടെ കരാർ കമ്പനിയായ കെ.എൻ.ആർ. കൺസ്ട്രക്ഷൻ കമ്പനിയും കാലിക്കറ്റ് സർവകലാശാലയും തമ്മിൽ ഒപ്പുവച്ച എം.ഒ.യു.-വിന്റെ പകർപ്പും പ്രസ്തുത കമ്പനി സർവ്വകലാശാലയ്ക്ക് നൽകിയ 16-12-2021, 14-04-2022, 02-06-2022

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

തീയതികളിലെ അപേക്ഷയുടെ പകർപ്പുകളും അനുബന്ധമായി ചേർക്കുന്നു.+

(ബി) പ്രസ്തുത കമ്പനി ജീവനക്കാർക്ക് താമസസൗകര്യത്തിനായി നൽകിയ സ്ഥലത്ത് കെമിക്കലുപയോഗിച്ച് നിർമ്മാണപ്രവർത്തനങ്ങൾ നടത്തുന്നുവെന്ന് പരാതിപ്പെട്ട് റെസിഡൻസ് അസോസിയേഷൻ വി.സി.-ക്ക് നൽകിയ പരാതിയിന്മേൽ സർവ്വകലാശാല സ്വീകരിച്ച നടപടി വ്യക്തമാക്കുമോ?

ടി സ്ഥലം സന്ദർശിച്ച്, ധാരണാപത്രത്തിലെ വ്യവസ്ഥകൾ ലംഘിച്ചുകൊണ്ടുള്ള എന്തെങ്കിലും പ്രവർത്തനങ്ങൾ KNR Constructions അവിടെ നടത്തുന്നുണ്ടോയെന്നതുസംബന്ധിച്ച് റിപ്പോർട്ട് നൽകുവാനും ധാരണാപത്രത്തിലെ വ്യവസ്ഥകൾ പ്രകാരമുള്ള പ്രവർത്തനങ്ങൾ മാത്രമെ പ്രസ്തുത സ്ഥലത്ത് നടത്താവൂയെന്ന് KNR Constructions-നെ അറിയിക്കുവാനും യൂണിവേഴ്സിറ്റി എഞ്ചിനീയറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. യൂണിവേഴ്സിറ്റി എഞ്ചിനീയറുടെ റിപ്പോർട്ട് ലഭിച്ചിട്ടില്ല.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) പ്രസ്തുത പരാതിയിന്മേൽ സർവ്വകലാശാല നടത്തിയ അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ?

മേൽവിഷയത്തിൽ അന്വേഷണം നടന്നുകൊണ്ടിരിക്കുകയാണ്.

**സർവ്വകലാശാലകളിലെ അദ്ധ്യാപക തസ്തികകൾ**

233(1974) <u>ശ്രീ. ടി. വി. ഇബ്രാഹിം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവ്വകലാശാലകളിൽ നിലവിലുള്ള അസിസ്റ്റന്റ് പ്രൊഫസർ, അസോസിയേറ്റ് പ്രൊഫസർ, പ്രൊഫസർ തുടങ്ങിയ അദ്ധ്യാപക തസ്തികകളുടെ അംഗീകൃത എണ്ണം തസ്തിക തിരിച്ച് വിശദമാക്കുമോ?

സർവ്വകലാശാലകളിൽ നിലവിലുള്ള അദ്ധ്യാപകരുടെ തസ്തികകളുടെ അംഗീകൃത എണ്ണം യൂണിവേഴ്സിറ്റി തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

<u>കേരള സർവ്വകലാശാല</u>

അസിസ്റ്റന്റ് പ്രൊഫസർ - 205

അസോസിയേറ്റ് പ്രൊഫസർ - 57

പ്രൊഫസർ - 36

എം.ജി.സർവ്വകലാശാല

അസിസ്റ്റന്റ് പ്രൊഫസർ - 88

അസോസിയേറ്റ് പ്രൊഫസർ - 26

പ്രൊഫസർ - 14

ഡയറക്ടർ ഫിസിക്കൽ
എഡ്യൂക്കേഷൻ -1

അസിസ്റ്റന്റ് ഡയറക്ടർ
ഫിസിക്കൽ എഡ്യൂക്കേഷൻ -1

ലേഡി അസിസ്റ്റന്റ് ഡയറക്ടർ
ഫിസിക്കൽ എഡ്യൂക്കേഷൻ -1

കാലിക്കറ്റ് സർവ്വകലാശാല

അസിസ്റ്റന്റ് പ്രൊഫസർ - 141

അസോസിയേറ്റ് പ്രൊഫസർ - 63

പ്രൊഫസർ - 30

കണ്ണൂർ സർവ്വകലാശാല

അസിസ്റ്റന്റ് പ്രൊഫസർ - 91

അസോസിയേറ്റ് പ്രൊഫസർ - 35

പ്രൊഫസർ - 5

<u>ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല</u>

അസിസ്റ്റന്റ് പ്രൊഫസർ - 195

അസോസിയേറ്റ് പ്രൊഫസർ - 16

പ്രൊഫസർ - 9

<u>എ.പി.ജെ. അബ്ദുൾ കലാം സാങ്കേതിക ശാസ്ത്ര സർവ്വകലാശാല</u>

സർവ്വകലാശാലയിൽ പഠന വകുപ്പുകൾ ആരംഭിച്ചിട്ടില്ലാത്തതിനാൽ അദ്ധ്യാപക തസ്തികയിൽ ഇതുവരെ നിയമനമൊന്നും നടന്നിട്ടില്ല.

<u>തുഞ്ചത്തെഴുത്തച്ഛൻ മലയാളം സർവ്വകലാശാല</u>

അസിസ്റ്റന്റ് പ്രൊഫസർ - 25

അസോസിയേറ്റ് പ്രൊഫസർ - 10

പ്രൊഫസർ - 5

<u>ശ്രീനാരായണഗുരു ഓപ്പൺ സർവ്വകലാശാല</u>

അസിസ്റ്റന്റ് പ്രൊഫസർ - 46 (കരാർ)
- 6 (അന്യത്ര സേവനം)

അസോസിയേറ്റ്
പ്രൊഫസർ - 4 (അന്യത്ര സേവനം)

പ്രൊഫസർ - ഇല്ല.

ഹെഡ് ഓഫ് സ്കൂൾ - 5 (3 അസോസിയേറ്റ് പ്രൊഫസർ അന്യത്ര സേവനം, 2 കരാർ)

റീജിയണൽ സെന്റർ

ഡയറക്ടർ - 4 (അസിസ്റ്റന്റ് പ്രൊഫസർ അന്യത്ര സേവനം)

രജിസ്ട്രാർ - 1 (അസിസ്റ്റന്റ് പ്രൊഫസർ അന്യത്ര സേവനം)

സൈബർ കൺട്രോളർ - 1 (അസിസ്റ്റന്റ് പ്രൊഫസർ)

പരീക്ഷാ കൺട്രോളർ - 1 (അസോസിയേറ്റ് പ്രൊഫസർ)

<u>കുസാറ്റ്</u>

അസിസ്റ്റന്റ് പ്രൊഫസർ - 377 (ആകെ )

SOE, CUCEK
& KMSME - 189

മറ്റ് പഠന വകുപ്പുകൾ - 188

അസോസിയേറ്റ്
പ്രൊഫസർ - 139(ആകെ)

SOE, CUCEK
& KMSME - 55

മറ്റ് പഠന വകുപ്പുകൾ -84

പ്രൊഫസർ - 65 (ആകെ)

SOE, CUCEK
& KMSME -23

മറ്റ് പഠന വകുപ്പുകൾ -42

സർവ്വകലാശാലയിലെ സ്കൂൾ ഓഫ് എഞ്ചിനീയറിംഗ് കുട്ടനാട്ടിൽ പ്രവർത്തിക്കുന്ന കൊച്ചിൻ യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനീയറിംഗ് എന്നിവിടങ്ങളിലെ ചില അദ്ധ്യാപക തസ്തികകൾക്ക് സർക്കാർ അംഗീകാരം നൽകിയിട്ടില്ല.

ന്യൂവാൽസ്

അസിസ്റ്റന്റ് പ്രൊഫസർ -10

അസിസ്റ്റന്റ് പ്രൊഫസർ -4

പ്രൊഫസർ - 2

(ബി) പ്രസ്തുത തസ്തികകളിൽ സ്ഥിരനിയമനം ലഭിച്ചവരുടെ എണ്ണം, നിലവിലുള്ള ഒഴിവുകൾ എന്നിവ അറിയിക്കുമോ?

സർവ്വകലാശാലകളിൽ സ്ഥിരനിയമനം ലഭിച്ച അദ്ധ്യാപകരുടെ എണ്ണം, നിലവിലുള്ള ഒഴിവുകൾ എന്നിവ യൂണിവേഴ്സിറ്റി തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

**കേരള സർവ്വകലാശാല**

സ്ഥിരനിയമനം ലഭിച്ച അദ്ധ്യാപകരുടെ എണ്ണം

അസിസ്റ്റന്റ് പ്രൊഫസർ - 161

അസോസിയേറ്റ് പ്രൊഫസർ - 21

പ്രൊഫസർ - 13

ഒഴിവുകൾ

അസിസ്റ്റന്റ് പ്രൊഫസർ - 44

അസോസിയേറ്റ് പ്രൊഫസർ - 36

പ്രൊഫസർ - 23

**എം.ജി. സർവ്വകലാശാല**

സ്ഥിരനിയമനം ലഭിച്ച അദ്ധ്യാപകരുടെ എണ്ണം

അസിസ്റ്റന്റ് പ്രൊഫസർ - 73

അസോസിയേറ്റ് പ്രൊഫസർ - 19

പ്രൊഫസർ - 11

ഡയറക്ടർ ഫിസിക്കൽ
എഡ്യൂക്കേഷൻ -1

ഒഴിവുകൾ

അസിസ്റ്റന്റ് പ്രൊഫസർ - 12

അസോസിയേറ്റ് പ്രൊഫസർ - 5

പ്രൊഫസർ - 2

അസിസ്റ്റന്റ് ഡയറക്ടർ
ഫിസിക്കൽ എഡ്യൂക്കേഷൻ -1

ലേഡി അസിസ്റ്റന്റ് ഡയറക്ടർ
ഫിസിക്കൽ എഡ്യൂക്കേഷൻ -1

അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിലുള്ള 3 ഒഴിവുകൾ, ഒരു അസോസിയേറ്റ് പ്രൊഫസർ തസ്തിക എന്നിവയുടെ നിലനിൽപ്പ്, ആവശ്യകത എന്നിവ സംബന്ധിച്ച വിഷയം സിൻഡിക്കേറ്റിന്റെ പരിഗണനയിലാണ്. സ്കൂൾ ഓഫ് ഡിസ്റ്റൻസ് എഡ്യുക്കേഷനിൽ 2014 മുതൽ അംഗീകൃത കോഴ്സുകൾ നടത്തിവരുന്നില്ല. ആയതിനാൽ ടി സ്കൂളിൽ നിലവിലുള്ള അസോസിയേറ്റ് പ്രൊഫസർ, പ്രൊഫസർ എന്നീ തസ്തികകളിലെ ഒഴിവുകൾ നികത്തിയിട്ടില്ല.

**കാലികറ്റ് സർവ്വകാലാശാല**

<u>സ്ഥിരനിയമനം ലഭിച്ച അദ്ധ്യാപകരുടെ എണ്ണം</u>

അസിസ്റ്റന്റ് പ്രൊഫസർ - 116

അസോസിയേറ്റ് പ്രൊഫസർ - 42

പ്രൊഫസർ - 11

<u>ഒഴിവുകൾ</u>

അസിസ്റ്റന്റ് പ്രൊഫസർ - 25

അസോസിയേറ്റ് പ്രൊഫസർ - 21

പ്രൊഫസർ - 19

## കണ്ണൂർ സർവ്വകലാശാല

സ്ഥിരനിയമനം ലഭിച്ച അദ്ധ്യാപകരുടെ എണ്ണം

അസിസ്റ്റന്റ് പ്രൊഫസർ - 52

അസോസിയേറ്റ് പ്രൊഫസർ - 19

പ്രൊഫസർ - 1

ഒഴിവുകൾ

അസിസ്റ്റന്റ് പ്രൊഫസർ - 39

അസോസിയേറ്റ് പ്രൊഫസർ - 16

പ്രൊഫസർ - 4

## ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല

സ്ഥിരനിയമനം ലഭിച്ച അദ്ധ്യാപകരുടെ എണ്ണം

അസിസ്റ്റന്റ് പ്രൊഫസർ - 150

അസോസിയേറ്റ് പ്രൊഫസർ - 12

പ്രൊഫസർ - 5

ഒഴിവുകൾ

അസിസ്റ്റന്റ് പ്രൊഫസർ - 46

അസോസിയേറ്റ് പ്രൊഫസർ - 4

പ്രൊഫസർ - 4

**തുഞ്ചത്തെഴുത്തച്ചൻ മലയാളം സർവ്വകലാശാല**

<u>സ്ഥിരനിയമനം ലഭിച്ച അദ്ധ്യാപകരുടെ എണ്ണം</u>

അസിസ്റ്റന്റ് പ്രൊഫസർ - 24

അസോസിയേറ്റ് പ്രൊഫസർ - 10

പ്രൊഫസർ - 4

<u>ഒഴിവുകൾ</u>

അസിസ്റ്റന്റ് പ്രൊഫസർ - 1

അസോസിയേറ്റ് പ്രൊഫസർ - 5

പ്രൊഫസർ - 1

**ശ്രീനാരായണഗുരു ഓപ്പൺ സർവ്വകലാശാല**

<u>സ്ഥിരനിയമനം ലഭിച്ച അദ്ധ്യാപകരുടെ എണ്ണം</u>

ഇതുവരെ സ്ഥിര നിയമനം നടത്തിയിട്ടില്ല.

<u>ഒഴിവുകൾ</u>

ബാധകമല്ല.

**കുസാറ്റ്**

<u>സ്ഥിരനിയമനം ലഭിച്ച അദ്ധ്യാപകരുടെ എണ്ണം</u>

അസിസ്റ്റന്റ് പ്രൊഫസർ - 224 (ആകെ)

SOE, CUCEK & KMSME -79

മറ്റ് പഠന വകുപ്പുകൾ -145

അസോസിയേറ്റ് പ്രൊഫസർ -55(ആകെ)

SOE, CUCEK & KMSME - 8

മറ്റ് പഠന വകുപ്പുകൾ -47

പ്രൊഫസർ – 18(ആകെ)

SOE, CUCEK & KMSME -1

മറ്റ് പഠന വകുപ്പുകൾ -17

ഒഴിവുകൾ

അസിസ്റ്റന്റ് പ്രൊഫസർ – 153

അസോസിയേറ്റ് പ്രൊഫസർ – 84

പ്രൊഫസർ – 47

**ന്യൂവാൽസ്**

സ്ഥിരനിയമനം ലഭിച്ച അദ്ധ്യാപകരുടെ എണ്ണം

അസിസ്റ്റന്റ് പ്രൊഫസർ -9

അസോസിയേറ്റ് പ്രൊഫസർ -3

പ്രൊഫസർ – 0

ഒഴിവുകൾ

അസിസ്റ്റന്റ് പ്രൊഫസർ – 1

അസോസിയേറ്റ് പ്രൊഫസർ – 1

പ്രൊഫസർ - 2

(സി) ഇതിൽ സ്ഥിര നിയമനം ലഭിച്ചവരുടെ പേര്, പഠന വകുപ്പിന്റെ പേര്, തസ്തിക, നിയമനം ലഭിച്ച തീയതി, സർവ്വീസിൽനിന്നും വിരമിക്കേണ്ട തീയതി, നിയമനം ലഭിച്ചത് പൊതു വിഭാഗത്തിലോ സംവരണ വിഭാഗത്തിലോ; സംവരണ നിയമനമാണെങ്കിൽ ഏത് സംവരണ വിഭാഗം എന്നീ വിവരങ്ങൾ ലഭ്യമാക്കുമോ?

(സി) അനുബന്ധമായി ചേർക്കുന്നു.+

**നാക് അക്രഡിറ്റേഷനുമായി ബന്ധപ്പെട്ട ഭൗതിക സാഹചര്യങ്ങൾ**

234(1975) ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാക് അക്രഡിറ്റേഷനുമായി ബന്ധപ്പെട്ട ഭൗതിക സാഹചര്യങ്ങളൊരുക്കുന്നതിന് മരാമത്ത് പണികൾക്കുൾപ്പെടെ സംസ്കൃത സർവ്വകലാശാല, കുസാറ്റ്, കേരള, കാലിക്കറ്റ്, എം.ജി.,

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കണ്ണൂർ, സർവ്വകലാശാലകൾ ചെലവഴിച്ച തുക എത്രവീതമെന്ന് വ്യക്തമാക്കുമോ?

വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

(ബി) കേരള സർവ്വകലാശാല നേരിട്ട് നടത്തുന്ന യു.ഐ.ടി. ടീച്ചർ എഡ്യൂക്കേഷൻ, മാനേജ്മെന്റ് സെന്ററുകൾ നാകിന്റെ അന്വേഷണ പരിശോധനപരിധിയിൽ വന്നിരുന്നോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വിശദമാക്കുമോ?

ഇല്ല. സർവ്വകലാശാല കാമ്പസിലെ പഠനവകുപ്പുകളും അവയുടെ കീഴിൽ നേരിട്ട് വരുന്ന അക്കാദമിക പ്രോഗ്രാമുകളും ഘടകങ്ങളും മാത്രമെ നാക് അക്രെഡിറ്റേഷന് പരിഗണിക്കുകയുള്ളൂ.

## ഉന്നതവിദ്യാഭ്യാസ മേഖലയിലെ പ്രതിസന്ധി പരിഹരിക്കാൻ നടപടി

235(1976) ശ്രീ. പി. ജെ. ജോസഫ്:
ശ്രീ. മോൻസ് ജോസഫ്:
ശ്രീ. അനൂപ് ജേക്കബ്:
ശ്രീ. മാണി. സി. കാപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) ബഹു. സുപ്രീംകോടതി, ഹൈക്കോടതി വിധികളുടെ അടിസ്ഥാനത്തിലും ചാൻസലറുടെ നടപടികൾമൂലവും സർവ്വകലാശാലകളിൽ ഭരണപരവും അക്കാദമികവുമായ പ്രതിസന്ധികളുണ്ടായിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ?

ഭരണപരവും അക്കാദമികവുമായ പ്രതിസന്ധികളുണ്ടായിട്ടില്ല.

(ബി) പഠനവും പരീക്ഷയും പൂർത്തിയാക്കിയ വിദ്യാർത്ഥികൾക്ക് ഡിഗ്രി സർട്ടിഫിക്കറ്റ് ലഭിക്കാത്തതുമൂലമുണ്ടായിട്ടുള്ള പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പ്രതിസന്ധി അടിയന്തരമായി പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

APJ Abdul Kalam Technological University-യിൽ ഡിഗ്രി സർട്ടിഫിക്കറ്റ് വിതരണത്തിൽ ചില സാങ്കേതിക പ്രശ്നങ്ങളുണ്ടായത് ശ്രദ്ധയിൽപ്പെട്ടിരുന്നു. കോടതിവിധിയുടെ അടിസ്ഥാനത്തിൽ വൈസ്ചാൻസലർക്ക് മാറ്റം വന്നതിനാൽ സർട്ടിഫിക്കറ്റുകളിൽ വൈസ് ചാൻസലറുടെ ഡിജിറ്റൽ ഒപ്പ് പതിപ്പിക്കുന്നതുമായി ബന്ധപ്പെട്ട്

സിസ്റ്റത്തിൽ മാറ്റങ്ങൾ വരുത്തേണ്ടതുണ്ടായിരുന്നു. സാങ്കേതിക തകരാർ പരിഹരിച്ചത് മുതൽ സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തുതുടങ്ങിയിട്ടുണ്ട്.

(സി) വിവിധ സർവ്വകലാശാലകളിൽ അനധികൃതനിയമനങ്ങൾ നടന്നിട്ടുള്ളതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് അടിയന്തരമായി പുന:പരിശോധിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**സാങ്കേതിക സർവകലാശാലയിലെ പ്രതിസന്ധി പരിഹരിക്കാൻ നടപടി**

236(1977) ഡോ. മാത്യു കുഴൽനാടൻ:
ശ്രീ. സണ്ണി ജോസഫ്:
ശ്രീ. റോജി എം. ജോൺ:
ശ്രീ. ഷാഫി പറമ്പിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബഹു. സുപ്രീംകോടതി വിധിയെത്തുടർന്ന് സാങ്കേതിക സർവ്വകലാശാലാ വൈസ്ചാൻസലർ പദവി ഒഴിഞ്ഞ വ്യക്തിക്കുപകരം ചുമതലയേറ്റ താല്ക്കാലിക വി.സി.-യോടുള്ള ഉന്നത ഉദ്യോഗസ്ഥരുടെയും സർവ്വകലാശാലാ ജീവനക്കാരുടെയും നിസ്സഹകരണം കാരണം

സർവ്വകലാശാലാ ഭരണം സ്തംഭനത്തിലായിരിക്കുന്നുവെന്ന ആരോപണം ഗൗരവത്തോടെ കാണുന്നുണ്ടോ?

എ.പി.ജെ. അബ്ദുൾകലാം സാങ്കേതിക ശാസ്ത്ര സർവ്വകലാശാല പൂർണ്ണമായും ഡിജിറ്റൽ സാങ്കേതികവിദ്യയുടെ അടിസ്ഥാനത്തിലാണ് പ്രവർത്തിക്കുന്നത്. അതിനാൽ ഭരണസ്തംഭനം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) വി.സി.-ക്ക് ബിരുദ സർട്ടിഫിക്കറ്റുകളിൽ ഡിജിറ്റൽ ഒപ്പുവയ്ക്കാനുള്ള സൗകര്യമൊരുക്കാൻ രജിസ്ട്രാർ തയ്യാറാകാത്തതിനാൽ വിദ്യാർത്ഥികളുടെ ബിരുദ സർട്ടിഫിക്കറ്റുകൾക്കുള്ള അപേക്ഷകൾ പരീക്ഷാ കൺട്രോളറുടെ ഓഫീസിൽ കെട്ടിക്കിടക്കുകയാണെന്ന ആരോപണത്തിന്റെ വസ്തുതയെന്താണെന്ന് വിശദമാക്കുമോ?

സാങ്കേതിക സർവ്വകലാശാലയിൽ നിന്നും നൽകിവരുന്ന ഡിഗ്രി സർട്ടിഫിക്കറ്റുകളിൽ വൈസ്ചാൻസലറുടെ ഡിജിറ്റൽ ഒപ്പാണ് പതിക്കുന്നത്. ഒരേ കാലയളവിൽ രണ്ടു വൈസ്ചാൻസലർമാരുടെ ഒപ്പ് സർട്ടിഫിക്കറ്റുകളിൽ വരാതിരിക്കാൻ, കോടതിവിധിയുടെ അടിസ്ഥാനത്തിൽ പുറത്തുപോകേണ്ടിവന്ന വൈസ്ചാൻസലർ ഒപ്പിട്ട ഡിഗ്രി സർട്ടിഫിക്കറ്റുകൾ നിരാകീകരണം ചെയ്യേണ്ടതുണ്ടായിരുന്നു.

ഈയവസ്ഥ നടാടെയായതിനാൽ സിസ്റ്റത്തിൽ വരുത്തേണ്ട മാറ്റങ്ങൾക്ക് കാലതാമസമെടുത്തിരുന്നു. പുതിയ വൈസ്ചാൻസലർ ചാർജ്ജെടുത്തശേഷം സർട്ടിഫിക്കറ്റ് ജനറേറ്റ് ചെയ്യുമ്പോൾ സാങ്കേതിക തകരാർ കാണിച്ചിരുന്നു. ഈ സാങ്കേതികപ്രശ്നം കാരണം സർട്ടിഫിക്കറ്റ് ജനറേറ്റ് ചെയ്യുവാൻ സാധിച്ചിരുന്നില്ല. എന്നാൽ സാങ്കേതിക തകരാർ പരിഹരിച്ചത് മുതൽ സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു തുടങ്ങുകയുണ്ടായി.

(സി) മൂല്യനിർണയം കഴിഞ്ഞ പരീക്ഷാഫലങ്ങൾപോലും പ്രസിദ്ധീകരിക്കുന്നില്ലെന്ന ആക്ഷേപം ഗൗരവത്തോടെ കാണുന്നുണ്ടോ?

സാങ്കേതികപ്രശ്നങ്ങൾ പൂർണ്ണമായും പരിഹരിക്കപ്പെടാത്തതാണ് കാലതാമസത്തിനുകാരണം.

(ഡി) പ്രസ്തുത പ്രതിസന്ധി പരിഹരിക്കാൻ കാര്യക്ഷമമായ ഇടപെടൽ നടത്താൻ സർക്കാർ തയ്യാറാകുമോയെന്ന് വ്യക്തമാക്കുമോ?

ഉപരിപഠനത്തിനും, മറ്റ് അത്യാവശ്യമായ ആവശ്യങ്ങൾക്കുംവേണ്ടി സർട്ടിഫിക്കറ്റ് അടിയന്തരമായി വേണ്ട വിദ്യാർത്ഥികൾക്ക് എക്സ്പ്രസ്,

ഫാസ്റ്റ് ട്രാക്ക് സൗകര്യങ്ങൾ ലഭ്യമായിരുന്നു. അതോടൊപ്പം സർട്ടിഫിക്കറ്റ് സാവധാനം ആവശ്യമുള്ളവർക്ക് നോർമൽ മോഡായി അപേക്ഷിക്കുവാനുള്ള സൗകര്യമൊരുക്കിയിരുന്നു. പ്രൊവിഷണൽ സർട്ടിഫിക്കറ്റ്, ഡിഗ്രി സർട്ടിഫിക്കറ്റ്, ഗ്രേഡ് കാർഡ് എന്നിവ റിസൾട്ട് പരസ്യപ്പെടുത്തിയ ദിവസംതന്നെ വിദ്യാർത്ഥികൾക്ക് നേരിട്ട് എടുക്കുവാനുള്ള സൗകര്യമൊരുക്കിയിരുന്നു. കൂടാതെ വിദേശ പഠനത്തിനും ഉപരിപഠനക്കാർക്കും വേണ്ടി ട്രാൻസ്ക്രിപ്റ്റ്, ജെന്യൂനിറ്റി സർട്ടിഫിക്കറ്റ്, ഇതര സർട്ടിഫിക്കറ്റ്, ഡിക്ലറേഷൻ സർട്ടിഫിക്കറ്റ് എന്നിവ മുടക്കമില്ലാതെ വിദ്യാർഥികൾക്ക് നൽകിവരുന്നുണ്ട്. കൂടാതെ വിദ്യാർത്ഥികൾക്ക് ലഭിച്ച അവസരങ്ങൾ നഷ്ടപ്പെടാതിരിക്കുന്നതിനായി കോൺഫിഡൻഷ്യൽ പാസ് സർട്ടിഫിക്കറ്റ് അപേക്ഷ ലഭിക്കുന്നമുറയ്ക്ക് നൽകുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**കേരള സർവകലാശാല -വിജ്ഞാനകോശം**

237(1978) ശ്രീ. അൻവർ സാദത്ത്:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. സി. ആർ. മഹേഷ്:

ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ നൂറുവർഷത്തെ ഇടതുപക്ഷ നേതാക്കളെയും സാംസ്കാരിക പ്രവർത്തകരെയും കുറിച്ച് വിജ്ഞാനകോശം പുറത്തിറക്കുവാൻ കേരള സർവ്വകലാശാല തീരുമാനിച്ചിട്ടുണ്ടോ?

കേരളത്തിലെ സോഷ്യലിസ്റ്റ് പ്രസ്ഥാനങ്ങളുമായി ബന്ധപ്പെട്ട, ചരിത്രസംഭവങ്ങൾ, സമരങ്ങൾ, വ്യക്തികൾ, പ്രസ്ഥാനങ്ങൾ, കല, സാഹിത്യം, സംസ്കാരം എന്നീ വിഷയങ്ങളെ ഉൾക്കൊള്ളിക്കുന്ന ഒരു വിജ്ഞാനകോശം തയ്യാറാക്കുവാൻ സർവ്വകലാശാല തീരുമാനിച്ചിട്ടുണ്ട്.

(ബി) എങ്കിൽ ഏത് വകുപ്പാണ് പ്രസ്തുത വിജ്ഞാനകോശം പുറത്തിറക്കുന്നതെന്ന് വ്യക്തമാക്കുമോ?

അന്താരാഷ്ട്ര മാർക്സിയൻ പഠനഗവേഷണ കേന്ദ്രം.

(സി) പ്രസ്തുത പദ്ധതിയുടെ ചെലവും പ്രാരംഭപ്രവർത്തനങ്ങൾക്കായി സർവ്വകലാശാല അനുവദിക്കാൻ തീരുമാനിച്ചിട്ടുള്ള തുകയും വ്യക്തമാക്കുമോ?

പ്രസ്തുത പദ്ധതിയുടെ പ്രവർത്തനങ്ങൾക്കായി സർവ്വകലാശാല ബഡ്ജറ്റിൽ ഇരുപത് ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

## ചാൻസലർക്കെതിരെ പ്രമേയം

238(1979) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:</u> താഴെ കാണുന്ന ചോദ്യത്തിന് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരള സർവ്വകലാശാലാ ചാൻസലർക്കെതിരെ പ്രമേയം പാസാക്കിയിട്ടുണ്ടോ; എങ്കിൽ ഏത് ചട്ടപ്രകാരമാണ് പ്രസ്തുത പ്രമേയം പാസ്സാക്കിയതെന്ന് അറിയിക്കുമോ; ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ?

കേരള സർവ്വകലാശാലാ സെനറ്റ്, ചാൻസലർക്കെതിരെ പ്രമേയം പാസ്സാക്കിയിട്ടില്ല.

## കേരള സർവകലാശാലയിൽ യു.ജി.സി.-യുടെ എച്ച്.ആർ.ഡി.സി. ഡയറക്ടർ നിയമനം

239(1980) <u>ശ്രീ. ടി. സിദ്ദിഖ്:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സർവ്വകലാശാലയിൽ യു.ജി.സി.-യുടെ ഹ്യൂമൻ റിസോഴ്സ് ഡെവലപ്മെന്റ് സെന്റർ ഡയറക്ടർ നിയമനം യു.ജി.സി. ചട്ടപ്രകാരമാണോ നടത്തിയതെന്ന് വ്യക്തമാക്കുമോ?

എച്ച്.ആർ.ഡി.സി.-കളിലെ ഡയറക്ടറുടെ സ്ഥിരനിയമനം നടത്താൻ പാടില്ലാത്തതാണെന്നും എന്നാൽ എച്ച്.ആർ.ഡി.സി.-കളുടെ സുഗമമായ നടത്തിപ്പിനുവേണ്ടി അതതു സർവ്വകലാശാലകളിലെ സ്ഥിരനിയമിതനായ ഒരു പ്രൊഫസർക്ക് എച്ച്.ആർ.ഡി.സി.-ഡയറക്ടറുടെ ചാർജ്ജ് നല്കാവുന്നതാണെന്നും യു.ജി.സി.-യുടെ 17-06-2022-ലെ നം.എഫ്.3628/2020 (എച്ച്.ആർ.ഡി.സി.) കത്തിൽ നിർദ്ദേശിച്ചിട്ടുണ്ട്. ഇതിൻപ്രകാരമാണ് സർവ്വകലാശാലയിൽ യു.ജി.സി.- എച്ച്.ആർ.ഡി.സി. ഡയറക്ടറുടെ ചാർജ് നൽകിയിരിക്കുന്നത്.

(ബി) ഇല്ലെങ്കിൽ എന്തുകൊണ്ടെന്നും ആരെയാണ് പ്രസ്തുത തസ്തികയിൽ നിയമിച്ചതെന്നും നിയമിച്ചതിന്റെ മാനദണ്ഡം എന്താണെന്നും വ്യക്തമാക്കുമോ?

ബാധകമല്ല.

## വിദൂര വിദ്യാഭ്യാസ വകുപ്പിൽ ജോലി ചെയ്ത അക്കാഡമിക് സ്റ്റാഫിനെ മാറ്റിനിയമിച്ച നടപടി

240(1981) <u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സർവ്വകലാശാല വിദൂരവിദ്യാഭ്യാസ വകുപ്പിൽ ജോലി ചെയ്ത അക്കാഡമിക് സ്റ്റാഫിനെ സമാനമായ യൂണിവേഴ്സിറ്റി പഠന വകുപ്പുകളിലേയ്ക്ക് മാറ്റി നിയമിച്ചത് ശ്രദ്ധയിൽപ്പെട്ടിരുന്നോ, വ്യക്തമാക്കുമോ?

കേരള സർവ്വകലാശാല വിദൂരവിദ്യാഭ്യാസ വകുപ്പിൽ ജോലി ചെയ്ത അക്കാഡമിക് സ്റ്റാഫിന്റെ തസ്തികകൾ ബന്ധപ്പെട്ട വിഷയങ്ങളിലുള്ള യൂണിവേഴ്സിറ്റിയുടെ തന്നെ പഠനഗവേഷണ വകുപ്പുകളിലേയ്ക്ക് വിന്യസിച്ചിട്ടുണ്ട്.

(ബി) ഇവരെ മറ്റ് ഡിപ്പാർട്ടുമെന്റുകളിലേയ്ക്ക് മാറ്റി നിയമിക്കുന്നതിന് സൂപ്പർന്യൂമററി തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടോ;

ഇല്ലാത്ത തസ്തികകളിൽ നിയമിക്കുന്നത് ചട്ടപ്രകാരമാണോ; വ്യക്തമാക്കുമോ?

ഇല്ല. വിദൂരവിദ്യാഭ്യാസ വകുപ്പിലെ അംഗീകൃത തസ്തികകൾ പഠന ഗവേഷണ വകുപ്പുകളിലേയ്ക്ക് പുനർവിന്യസിക്കുന്നതിന് സർവ്വകലാശാലയുടെ ബന്ധപ്പെട്ട ഭരണസമിതികൾ അനുമതി നൽകിയിട്ടുണ്ട്.

**കേരള സർവ്വകലാശാലയിൽ സീനിയർ പ്രൊഫസർ**

241(1982) ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സർവ്വകലാശാലയിൽ സീനിയർ പ്രൊഫസർ പദവിക്ക് അർഹരായവരിൽ നിന്ന് അപേക്ഷ സ്വീകരിച്ച് ഉത്തരവിറക്കിയിട്ടുണ്ടോ?

ഉണ്ട്.

(ബി) എത്രപേർ സീനിയർ പ്രൊഫസർ പദവിക്കായി അപേക്ഷ സമർപ്പിച്ചുവെന്നും എത്രപേർക്ക് പ്രസ്തുതപദവി നൽകിയെന്നും വ്യക്തമാക്കുമോ?

9 പേർ അപേക്ഷ സമർപ്പിച്ചു. 4 പേർക്ക് സീനിയർ പ്രൊഫസർ പദവി നൽകി.

(സി) പ്രസ്തുത നടപടിക്കുള്ള കാലതാമസത്തിന് കാരണം അറിയിക്കുമോ; ചിലർക്കുമാത്രം സീനിയർ പ്രൊഫസർ പദവി നൽകിയോയെന്ന് വ്യക്തമാക്കാമോ; പ്രസ്തുത പദവി നൽകിയതിന്റെ മാനദണ്ഡമെന്തായിരുന്നുവെന്ന് വ്യക്തമാക്കുമോ?

കാലതാമസമുണ്ടായിട്ടില്ല. യു.ജി.സി. റഗുലേഷൻ 2018 പ്രകാരമാണ് പ്രസ്തുത പദവി നൽകിയത്.

**കേരള സർവ്വകലാശാല കാര്യവട്ടം ക്യാമ്പസിലെ നിശ്ചിതഭൂമി**

242(1983) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സർവ്വകലാശാല കാര്യവട്ടം ക്യാമ്പസിലെ നിശ്ചിതഭൂമി സാങ്കേതിക സർവ്വകലാശാലാ ആസ്ഥാനത്തിനും സംസ്ഥാന ഉന്നതവിദ്യാഭ്യാസ കൗൺസിൽ ആസ്ഥാനത്തിനുമായി വിട്ടുനൽകണമെന്ന സർക്കാരിന്റെ ആവശ്യം സർവ്വകലാശാല തള്ളിക്കളഞ്ഞിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) സർവ്വകലാശാലയുടെ ഭാവിവികസന പ്രവർത്തനം തടസ്സപ്പെടാതിരിക്കാൻ സർവ്വകലാശാല വക ഭൂമി നഷ്ടപ്പെടുത്തുവാൻ പാടില്ലെന്ന് സെനറ്റ് തീരുമാനിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

(എ &ബി) ഉണ്ട്.

(സി) സെനറ്റ് തീരുമാനം നിലനിൽക്കെ സയൻസ് പാർക്കിന്റെ നിർമ്മാണത്തിന് ഭൂമി വിട്ടുനൽകുവാൻ സിൻഡിക്കേറ്റ് നടപടി കൈക്കൊണ്ടിട്ടുണ്ടോ;

(ഡി) എത്ര ഏക്കർ ഭൂമി വിട്ടു നൽകാനാണ് തീരുമാനിച്ചിട്ടുള്ളത്; പ്രസ്തുത നിർദ്ദേശം സെനറ്റ് തീരുമാനത്തിനും വികസനത്തിനും ഘടകവിരുദ്ധമല്ലേയെന്നും വ്യക്തമാക്കുമോ?

(സി&ഡി) ഇല്ല.

(ഇ) നിലവിൽ ഒരേക്കർ ഭൂമിയുടെ മതിപ്പുവില എത്രയെന്ന് വ്യക്തമാക്കുമോ?

₹12,94,819/- (പന്ത്രണ്ട് ലക്ഷത്തി തൊണ്ണൂറ്റിനാലായിരത്തി എണ്ണൂറ്റി പത്തൊൻപത് രൂപ)

(എഫ്) യൂണിവേഴ്സിറ്റി വക ഭൂമി ഗ്രീൻഫീൽഡ് സ്റ്റേഡിയനിർമ്മാണത്തിന് വിട്ടുകൊടുത്ത വകയിൽ എത്ര തുക പാട്ടകുടിശ്ശികയായി ലഭിക്കുവാനുണ്ടെന്നും പ്രസ്തുത തുക ഈടാക്കുന്നതിന് സ്വീകരിച്ച നടപടിയെന്തെന്നും വ്യക്തമാക്കുമോ?

കുടിശ്ശികയിനത്തിൽ 70.53 കോടി രൂപ ലഭിക്കാനുണ്ട്. കുടിശ്ശിക തുക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**കേരള സർവകലാശാല മലയാള ഭാഷ മഹാനിഘണ്ടു**

243(1984) <u>ശ്രീമതി ഉമ തോമസ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സർവ്വകലാശാല മലയാള ഭാഷ മഹാനിഘണ്ടു എത്ര വാല്യം പ്രസിദ്ധീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

9 വാല്യം.

(ബി) തെറ്റുകൾ കടന്നുകൂടിയ എട്ടാം വാല്യം പുന:പ്രസിദ്ധീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

തെറ്റുകൾ കടന്നുകൂടിയത് 9-ാം വാല്യത്തിലാണ്. അത് പുനഃപ്രസിദ്ധീകരിച്ചിട്ടില്ല.

(സി) ഇല്ലെങ്കിൽ കാരണവും പ്രസ്തുത നിഘണ്ടുവിന്റെ എല്ലാ വാല്യങ്ങളും എപ്പോൾ പൂർത്തിയാക്കാൻ കഴിയുമെന്നും വ്യക്തമാക്കുമോ?

മലയാള മഹാനിഘണ്ടവിന്റെ ഒമ്പതാം വാല്യം പിഴ തീർത്ത് പുന:പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്. മലയാള മഹാനിഘണ്ടുവിൽ ഉൾപ്പെടുത്തുന്നതിനുള്ള പദങ്ങൾ ശേഖരിക്കുകയും അവയുടെ പ്രയോഗ സന്ദർഭങ്ങൾ കണ്ടെത്തുകയും ചെയ്യുന്നതിന് വിപുലമായ ഗവേഷണമാവശ്യമാണ്. ഓരോ അക്ഷരവുമുൾക്കൊള്ളുന്ന വാക്കുകളുടെ എണ്ണം

വ്യത്യസ്തമായിരിക്കുന്നതിനാൽ ഒരക്ഷരത്തിന്റെ വിവരശേഖരണത്തിന്റെ കാലയളവായിരിക്കില്ല മറ്റൊരക്ഷരത്തിന്റേത്. വാക്കുകളുടെ നിരുക്തി (Etymology), വ്യാകരണ സവിശേഷത, ദ്രാവിഡ പദങ്ങളുടെ സഗോത്രഭാഷാ സമാനപദങ്ങൾ (Cognates), വ്യത്യസ്ത നിരുക്തിയുള്ളവയുടെ സമാനരൂപങ്ങൾ (Homonyms) കണ്ടെത്തൽ, സമസ്ത പദങ്ങളുടെ ഘടകങ്ങൾ രേഖപ്പെടുത്തുക, രൂപഭേദങ്ങളും ലിപി ഭേദങ്ങളും ചൂണ്ടിക്കാട്ടുക, ശാസ്ത്ര നാമങ്ങൾ പ്രചാരലുപ്തമായ പദങ്ങൾ, വൈജ്ഞാനിക പദങ്ങൾ, ആചാരാനുഷ്ഠാന പദങ്ങൾ, സാങ്കേതികപദങ്ങൾ തുടങ്ങിയവയ്ക്ക് പ്രത്യേകം വിവരണം നൽകുക എന്നിവ മഹാനിഘണ്ടുവിനെ മറ്റു നിഘണ്ടുകളിൽ നിന്ന് വേറിട്ടു നിർത്തുന്ന പ്രത്യേകതകളാണ്. ഈ പ്രക്രിയയുടെ സമയപരിധി കൃത്യമായി നിർണ്ണയിക്കാവുന്നതല്ല.

## യൂണിവേഴ്സിറ്റി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജികളുടെ അടിസ്ഥാനസൗകര്യം

244(1985) ശ്രീ. വി. ശശി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള യൂണിവേഴ്സിറ്റിയുടെ നിയന്ത്രണത്തിൽ എത്ര യൂണിവേഴ്സിറ്റി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജികളാണ് നിലവിൽ പ്രവർത്തിച്ചുവരുന്നതെന്നും തിരുവനന്തപുരം ജില്ലയിൽ അവ എവിടെയൊക്കെയാണ് സ്ഥിതി ചെയ്യുന്നതെന്നും വിശദമാക്കുമോ?

കേരള സർവ്വകലാശാലയുടെ നിയന്ത്രണത്തിൽ 34 യു.ഐ.ടി.-കളാണ് പ്രവർത്തിച്ചുവരുന്നത്. തിരുവനന്തപുരം ജില്ലയിൽ പിരപ്പൻകോട്, വേളി, നെയ്യാറ്റിൻകര, കുറവൻകോണം, മലയിൻകീഴ്, വെള്ളറട, കാഞ്ഞിരംകുളം, കല്ലറ, വക്കം, കാട്ടായിക്കോണം, അഴൂർ, തൊളിക്കോട്, പള്ളിക്കൽ (വർക്കല) എന്നിവിടങ്ങളിലാണ് യു.ഐ.ടി.-കൾ പ്രവർത്തിക്കുന്നത്.

(ബി) പ്രസ്തുത സ്ഥാപനങ്ങളിൽ അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് വകുപ്പ് സ്വീകരിച്ചുവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

വിദ്യാർത്ഥി സമൂഹത്തിന് മിതമായ ഫീസ് നിരക്കിൽ ഉന്നതവിദ്യാഭ്യാസം നേടുന്നതിനാവശ്യമായ കരിയർ റിലേറ്റഡ് കോഴ്സുകൾ പ്രാദേശികതലത്തിൽ ആരംഭിക്കുകയെന്ന

ലക്ഷ്യത്തോടെയാണ് കേരള സർവ്വകലാശാല യു.ഐ.ടി.-കൾ ആരംഭിച്ചിട്ടുള്ളത്. പ്രസ്തുത സ്ഥാപനങ്ങൾ ലാഭേച്ഛ കൂടാതെ പ്രവർത്തിച്ചുവരുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളാണ്. സ്വാശ്രയാടിസ്ഥാനത്തിൽ സർവ്വകലാശാല നേരിട്ട് നടത്തുന്ന യു.ഐ.ടി. ഉൾപ്പെടെയുള്ള സ്ഥാപനങ്ങളുടെ അടിസ്ഥാനസൗകര്യം മെച്ചപ്പെടുത്തുന്നതിനും ഫർണിച്ചർ, കമ്പ്യൂട്ടർ, ലൈബ്രറി പുസ്തകങ്ങൾ, പഠന ഉപകരണങ്ങൾ എന്നിവ ലഭ്യമാക്കുന്നതിനുമായി 5 ലക്ഷം രൂപ 2022-2023-ലെ സർവ്വകലാശാല ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. യു.ഐ.ടി.-കൾ പ്രവർത്തിക്കുന്ന കെട്ടിടങ്ങളുടെയും മറ്റും അറ്റകുറ്റപ്പണികൾ നടത്തുന്നതിലേയ്ക്കായും ആവശ്യാനുസരണം സർവ്വകലാശാല തുക ചെലവഴിക്കുന്നുണ്ട്. കൂടാതെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളോടും ജനപ്രതിനിധികളോടും അടിസ്ഥാനസൗകര്യ വികസനത്തിനായി വേണ്ട സഹായങ്ങൾ നൽകുന്നതിന് അഭ്യർത്ഥിക്കാറുണ്ട്.

## കണ്ണൂർ സർവകലാശാലയിലെ മലയാളം അസോസിയേറ്റ് പ്രൊഫസർ റാങ്ക് ലിസ്റ്റ്

245(1986) ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യത്തിന് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂർ സർവ്വകലാശാലയിൽ മലയാളം അസോസിയേറ്റ് പ്രൊഫസർ തസ്തികയിലേയ്ക്ക് തയ്യാറാക്കിയ റാങ്ക് ലിസ്റ്റിൽ ഒന്നാം റാങ്ക് ലഭിച്ച വ്യക്തി അയോഗ്യയാണെന്ന് കോടതി വിധിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത കോടതി വിധിയെത്തുടർന്ന് റാങ്ക് ലിസ്റ്റ് പുനഃക്രമീകരിക്കുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കുമോ?

കണ്ണൂർ സർവ്വകലാശാല മലയാളം അസോസിയേറ്റ് പ്രൊഫസർ തസ്തികയിലേയ്ക്ക് അപേക്ഷ ക്ഷണിക്കുകയും വ്യവസ്ഥപ്രകാരം തുടർനടപടികൾ സ്വീകരിച്ച് ചുരുക്കപ്പട്ടിക തയ്യാറാക്കുകയും ചെയ്തിരുന്നു. തുടർന്ന് ബഹുമാനപ്പെട്ട ഹൈക്കോടതി പുറപ്പെടുവിച്ച ഉത്തരവിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിച്ചുവരുന്നതായി സർവ്വകലാശാല അറിയിച്ചിട്ടുണ്ട്.

## കണ്ണൂർ സർവകലാശാലയിൽ മലയാളം അസോസിയേറ്റ് പ്രൊഫസർ നിയമനം

246(1987) ശ്രീമതി ഉമ തോമസ്:
ശ്രീമതി കെ. കെ. രമ:
ശ്രീ. സനീഷ്കുമാർ ജോസഫ്:

<u>ശ്രീ. സി. ആർ. മഹേഷ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ സർവ്വകലാശാല മലയാളം അസോസിയേറ്റ് പ്രൊഫസർ തസ്തികയിലേയ്ക്ക് ഒന്നാം റാങ്ക് നേടിയ വ്യക്തിക്ക് പ്രസ്തുത തസ്തികയിൽ നിയമിക്കപ്പെടാൻ യോഗ്യതയില്ലെന്ന് ഹൈക്കോടതി കണ്ടെത്തിയിട്ടുണ്ടോ?

കണ്ണൂർ സർവ്വകലാശാല മലയാളം അസോസിസേറ്റ് പ്രൊഫസർ തസ്തികയിലേയ്ക്ക് അപേക്ഷ ക്ഷണിക്കുകയും വ്യവസ്ഥപ്രകാരം തുടർനടപടികൾ സ്വീകരിച്ച് ചുരുക്കപ്പട്ടിക തയ്യാറാക്കുകയും ചെയ്തിരുന്നു. തുടർന്ന്, ബഹുമാനപ്പെട്ട ഹൈക്കോടതി പുറപ്പെടുവിച്ച ഉത്തരവിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിച്ചുവരുന്നതായി സർവ്വകലാശാല അറിയിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത വിഷയത്തിൽ കണ്ണൂർ യൂണിവേഴ്സിറ്റി ഹൈക്കോടതിയിൽ സ്വീകരിച്ച നിലപാട് വ്യക്തമാക്കുമോ?

കണ്ണൂർ സർവ്വകലാശാലയിലെ നിയമന നടപടികൾ യു.ജി.സി. പുറപ്പെടുവിച്ചിട്ടുള്ള മാനദണ്ഡങ്ങൾക്കും സർവ്വകലാശാലാ നിയമത്തിനും അനുസൃതമായാണ് നടക്കുന്നതെന്ന് സർവ്വകലാശാല അറിയിച്ചിട്ടുണ്ട്.

(സി) 25 വർഷത്തെ അദ്ധ്യാപന പരിചയവും നൂറിലധികം ഗവേഷണപ്രബന്ധങ്ങളും പ്രസിദ്ധീകരിച്ച അദ്ധ്യാപകന് റിസർച്ച് സ്കോർ 656 ലഭിച്ചിട്ടും 156 സ്കോർ ലഭിച്ചയാൾക്ക് ഒന്നാം റാങ്ക് നൽകിയെന്ന ആരോപണത്തിൽ വാസ്തവമുണ്ടോ; വിശദമാക്കുമോ?

കണ്ണൂർ സർവ്വകലാശാല മലയാളം അസോസിയേറ്റ് പ്രൊഫസർ തസ്തികയിലേയ്ക്ക് അപേക്ഷ ക്ഷണിക്കുകയും വ്യവസ്ഥപ്രകാരം തുടർനടപടികൾ സ്വീകരിച്ച് ചുരുക്കപ്പട്ടിക തയ്യാറാക്കുകയും ചെയ്തിരുന്നു. തുടർന്ന്, ബഹുമാനപ്പെട്ട ഹൈക്കോടതി പുറപ്പെടുവിച്ച ഉത്തരവിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിച്ചുവരുന്നതായി സർവ്വകലാശാല അറിയിച്ചിട്ടുണ്ട്.

(ഡി) കണ്ണൂർ യൂണിവേഴ്സിറ്റിയിൽ അടക്കം അനധികൃത അദ്ധ്യാപക നിയമനം നടത്തുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ സർവ്വകലാശാലകളിലെ

നിയമനങ്ങൾ കൂടുതൽ സുതാര്യമാക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

അനധികൃത നിയമനം നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## കണ്ണൂർ സർവകലാശാലയിലെ മലയാളം അസോസിയേറ്റ് പ്രൊഫസർ റാങ്ക് പട്ടിക

247(1988) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 19-07-2022-ന് കണ്ണൂർ സർവ്വകലാശാല പ്രസിദ്ധീകരിച്ച മലയാളം അസോസിയേറ്റ് പ്രൊഫസർ റാങ്ക് പട്ടിക തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് ഉദ്യോഗാർത്ഥികളുടെ അദ്ധ്യാപന പരിചയം സംബന്ധിച്ച് അഡ്വക്കേറ്റ് ജനറൽ, സർവ്വകലാശാല സ്റ്റാൻഡിംഗ് കൗൺസിൽ എന്നിവർ നൽകിയ സ്പഷ്ടീകരണത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ?

പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) അദ്ധ്യാപനപരിചയം സംബന്ധിച്ച് സ്പഷ്ടീകരണമാവശ്യപ്പെട്ട് യു.ജി.സി.-ക്ക് കത്ത് നൽകിയിരുന്നോ; എങ്കിൽ കത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ; പ്രസ്തുത വിഷയത്തിൽ യു.ജി.സി.-യിൽ നിന്നും മറുപടി ലഭിച്ചിരുന്നോ; എങ്കിൽ മറുപടിയുടെ പകർപ്പ് ലഭ്യമാക്കുമോ?

നൽകിയിരുന്നു.

പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.+ സർവ്വകലാശാല നൽകിയ കത്തിന് യു.ജി.സി.-യിൽ നിന്നും മറുപടി ലഭിക്കുകയുണ്ടായില്ല.

## സർവ്വകലാശാലകളിലെ കമ്പ്യൂട്ടർ അസിസ്റ്റന്റ് ഗ്രേഡ് -2 വിഭാഗത്തിലെ ഒഴിവുകൾ

248(1989) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ സർവ്വകലാശാലകളിൽ കമ്പ്യൂട്ടർ അസിസ്റ്റന്റ് ഗ്രേഡ് -2 വിഭാഗത്തിൽ ആകെ എത്ര പി.എസ്.സി. അംഗീകൃത

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

തസ്തികകളാണ് നിലവിലുള്ളതെന്ന് സർവ്വകലാശാല തിരിച്ച് ലഭ്യമാക്കുമോ?

ഉന്നതവിദ്യാഭ്യാസ വകുപ്പിനുകീഴിലുള്ള സർവ്വകലാശാലകളിൽ ആകെയുള്ള പി.എസ്.സി. അംഗീകൃത കമ്പ്യൂട്ടർ അസിസ്റ്റന്റ് ഗ്രേഡ്- 2 തസ്തികകളുടെ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

(ബി) 01-12-2022 തീയതി അടിസ്ഥാനത്തിൽ പ്രസ്തുത തസ്തികയിൽ എത്ര ഒഴിവുകളുണ്ടെന്ന് സർവ്വകലാശാല തിരിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കുമോ;

(സി) 01-12-2022 മുതൽ 01-07-2024 വരെയുള്ള കാലയളവിൽ റിട്ടയർമെന്റിലൂടെയും പ്രൊമോഷനിലൂടെയും എത്ര ഒഴിവുകൾ പ്രസ്തുത തസ്തികയിലുണ്ടാകുമെന്നുള്ള വിവരം സർവ്വകലാശാല തിരിച്ച് ലഭ്യമാക്കുമോ?

(ബി&സി) അനുബന്ധമായി ചേർത്തിരിക്കുന്നു.+

## സർക്കാർ ഉടമസ്ഥതയിലുള്ള ആർട്സ് ആൻഡ് സയൻസ് കോളേജുകളിൽ പ്രിൻസിപ്പൽ നിയമനം

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

249(1990) <u>ശ്രീ. സണ്ണി ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഉടമസ്ഥതയിലുള്ള ആർട്സ് ആൻഡ് സയൻസ് കോളേജുകളിൽ എത്ര പ്രിൻസിപ്പൽ തസ്തികകൾ ഒഴിഞ്ഞുകിടപ്പുണ്ടെന്ന് അറിയിക്കുമോ?

സർക്കാർ ഉടമസ്ഥതയിലുള്ള ആർട്സ് ആൻഡ് സയൻസ് കോളേജുകളിൽ 55 പ്രിൻസിപ്പൽ തസ്തികകൾ ഒഴിഞ്ഞുകിടപ്പുണ്ട്.

(ബി) പ്രസ്തുത തസ്തികകളിൽ ഇന്റർവ്യൂ നടത്തി ലിസ്റ്റ് പി.എസ്.സി. അനുവാദത്തോടെ സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ;

(സി)ഇതിൽ പ്രിൻസിപ്പലാകാൻ യോഗ്യരായി ശിപാർശ ചെയ്യപ്പെട്ടിട്ടുള്ള അദ്ധ്യാപകരുടെ എണ്ണം എത്രയെന്ന് അറിയിക്കുമോ; പ്രിൻസിപ്പൽ തസ്തികയിലേയ്ക്ക് നിയമനഉത്തരവ് നൽകാതിരിക്കുവാനുള്ള കാരണം വ്യക്തമാക്കുമോ?

(ബി&സി) വിവിധ സർക്കാർ ആർട്സ് ആൻഡ് സയൻസ് കോളേജുകളിൽ പ്രിൻസിപ്പൽ തസ്തികയിൽ നിയമനം നടത്തുന്നതിന്

യു.ജി.സി. മാനദണ്ഡപ്രകാരവും വകുപ്പിൽ നിലവിലുള്ള സ്പെഷ്യൽ റൂൾസ് പ്രകാരവും യോഗ്യരായവരിൽ നിന്നും പ്രൊപ്പോസലുകൾ ക്ഷണിക്കുകയും, സെലക്ഷൻ കമ്മിറ്റി രൂപീകരിച്ച് ഈ പ്രൊപ്പോസലുകൾ പരിശോധിക്കുകയും ടി സെലക്ഷൻ കമ്മിറ്റി തെരഞ്ഞെടുത്തവരെയുൾപ്പെടുത്തി വകുപ്പുതല പ്രൊമോഷൻ കമ്മിറ്റി ചേരുകയും 43 പേരുടെ പട്ടിക തയ്യാറാക്കുകയും ചെയ്തു. ഇതുമായി ബന്ധപ്പെട്ട് അനവധി പരാതികൾ ലഭിച്ചതിനാൽ സെലക്റ്റ് ലിസ്റ്റ് അംഗീകരിച്ച് ഉത്തരവായിട്ടില്ല. മേൽപ്പട്ടിക ഒരു കരട് പട്ടികയായി പ്രസിദ്ധീകരിച്ച് പരാതികളുണ്ടെങ്കിൽ അപ്പീൽ കമ്മിറ്റി രൂപീകരിച്ച് പരാതികൾ പരിശോധിച്ച് തീർപ്പുകൽപ്പിച്ചതിനുശേഷം സ്ഥാനക്കയറ്റത്തിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(ഡി) 15 വർഷത്തെ അദ്ധ്യാപന പരിചയം ആവശ്യമുള്ള പ്രസ്തുത തസ്തികയ്ക്ക് ഡെപ്യൂട്ടേഷനിൽ അനദ്ധ്യാപക ജോലി ചെയ്തിട്ടുള്ള കാലയളവുകൂടി ഉൾക്കൊള്ളിച്ച് സർക്കാർ ഉത്തരവിറക്കിയത് യു.ജി.സി. ചട്ടങ്ങൾക്ക് വിരുദ്ധമാണോയെന്ന് പരിശോധിക്കുമോ;

(ഇ) യു.ജി.സി. ചട്ടങ്ങൾ കർശനമായി പാലിക്കണമെന്ന സുപ്രീംകോടതി വിധി പാലിക്കുവാൻ സർക്കാർ ബാദ്ധ്യസ്ഥമല്ലേ; വിശദമാക്കുമോ?

(ഡി&ഇ) സർക്കാർ കോളേജുകളിലെ പ്രിൻസിപ്പൽ നിയമനത്തിന് യു.ജി.സി. മാനദണ്ഡങ്ങൾ അംഗീകരിച്ചുകൊണ്ട് വകുപ്പിൽ നിലവിലുള്ള സ്പെഷ്യൽ റൂൾസിനും നിലവിലെ സർക്കാർ നിയമങ്ങൾക്കുമനുസൃതമായ നിയമനരീതിയാണ് അവലംബിച്ചിട്ടുള്ളത്.

**ഉന്നതവിദ്യാഭ്യാസ വകുപ്പിൽ അസിസ്റ്റന്റ് പ്രൊഫസർ നിയമനം**

250(1991) <u>ശ്രീ. പി. പി. ചിത്തരഞ്ജൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉന്നതവിദ്യാഭ്യാസ വകുപ്പിനുകീഴിൽ ഏതൊക്കെ സർവ്വകലാശാലകളിലാണ് എഡ്യൂക്കേഷൻ (പെഡഗോഗി) വിഭാഗത്തിൽ അസിസ്റ്റന്റ് പ്രൊഫസർ തസ്തിക നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ?

കേരള, മഹാത്മാഗാന്ധി. കാലിക്കറ്റ്, കണ്ണൂർ എന്നീ സർവ്വകലാശാലകളിൽ എഡ്യൂക്കേഷൻ വിഭാഗത്തിൽ അസിസ്റ്റന്റ് പ്രൊഫസർ തസ്തിക നിലവിലുണ്ട്.

(ബി) പ്രസ്തുത തസ്തികകളിൽ നിലവിൽ എത്ര ഒഴിവുണ്ടെന്ന് സർവ്വകലാശാല, തസ്തിക, സംവരണക്രമം എന്നിങ്ങനെ തരംതിരിച്ച് കണക്കുകൾ ലഭ്യമാക്കുമോ?

കേരള സർവ്വകലാശാല – 2 ഒഴിവ്

കാലിക്കറ്റ് സർവ്വകലാശാല – 1 ഒഴിവ്

പ്രസ്തുത തസ്തികകളിൽ അസിസ്റ്റന്റ് പ്രൊഫസർമാരുടെ ആകെയുള്ള ഒഴിവുകൾ കണക്കാക്കി റൊട്ടേഷൻ റോസ്റ്റർ തയ്യാറാക്കുമ്പോഴാണ് സംവരണക്രമം അറിയാൻ സാധിക്കുന്നത്.

| | | |
|---|---|---|
| കണ്ണൂർ സർവ്വകലാശാല | – | 3 ഒഴിവ് |
| ഓപ്പൺ കാറ്റഗറി | - | 1 ഒഴിവ് |
| ഈഴവ/ബില്ലവ/തീയ്യ | - | 1 ഒഴിവ് |
| സാമ്പത്തിക പിന്നാക്ക വിഭാഗം | - | 1 ഒഴിവ് |

(സി) പ്രസ്തുത തസ്തികകളിൽ ഒഴിവുണ്ടെങ്കിൽ അവ നികത്തുന്നതിനായി നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ പകർപ്പ് ലഭ്യമാക്കുമോ?

കണ്ണൂർ സർവ്വകലാശാലയിൽ 15-06-2022-ലെ നോട്ടിഫിക്കേഷൻ നം. Acad B3/23389/2019 പ്രകാരം വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. വിജ്ഞാപനത്തിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.+

(ഡി)ഉന്നതവിദ്യാഭ്യാസ വകുപ്പിനുകീഴിലുള്ള സാങ്കേതിക സർവ്വകലാശാല, ഓപ്പൺ സർവ്വകലാശാല, കുസാറ്റ്, നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസ്, മലയാളം യൂണിവേഴ്സിറ്റി എന്നിവിടങ്ങളിൽ എഡ്യൂക്കേഷൻ വിഭാഗത്തിൽ അസിസ്റ്റന്റ് പ്രൊഫസർ തസ്തിക അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ഇപ്പോൾ പരിഗണനയിലില്ല.

## സർവ്വകലാശാലകളിലെ താല്ക്കാലിക അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാർ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

251(1992) <u>ശ്രീ. ടി. വി. ഇബ്രാഹിം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ സർവ്വകലാശാലകളുടെ ഓഫീസുകൾ, സർവ്വകലാശാല പഠനവകുപ്പുകൾ, സർവ്വകലാശാല കേന്ദ്രങ്ങൾ, സർവ്വകലാശാലകൾ നേരിട്ട് നടത്തുന്ന സ്വാശ്രയകേന്ദ്രങ്ങൾ എന്നിവയിൽ അദ്ധ്യാപക, അനദ്ധ്യാപക തസ്തികകളിൽ കരാർ/ദിവസവേതനം/മണിക്കൂർ അടിസ്ഥാനത്തിൽ ജോലിചെയ്യുന്ന എല്ലാ താല്ക്കാലിക ജീവനക്കാരുടെയും തസ്തിക തിരിച്ചുള്ള വിശദാംശം ജോലിയിൽ ചേർന്ന തീയതി, ആകെ ജോലി ചെയ്ത കാലം എന്നീ വിവരങ്ങൾ സഹിതം ലഭ്യമാക്കുമോ?

അനുബന്ധമായി ചേർത്തിരിക്കുന്നു.+

(ബി) പ്രസ്തുത ജീവനക്കാർ ജോലിചെയ്തുവരുന്ന തസ്തികകളിൽ സർവ്വകലാശാലകളുടെ സ്റ്റാറ്റ്യൂട്ട്, ഓർഡിനൻസ് എന്നിവയിലുൾപ്പെടുന്നവയും സർക്കാർ അംഗീകൃതവുമായ തസ്തികകൾ ഏതെല്ലാമെന്ന് വിശദമാക്കുമോ;

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) ഏതെങ്കിലും തസ്തികകൾ സർവ്വകലാശാലകളുടെ സ്റ്റാറ്റ്യൂട്ടിലുൾപ്പെടാത്തവയോ, സർക്കാരിന്റെ അനുമതി ലഭിക്കാത്തവയോ ആയിട്ടുണ്ടെങ്കിൽ അവയുടെ വിശദാംശം ലഭ്യമാക്കുമോ?

(ബി&സി) കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയുടെ സ്റ്റാറ്റ്യൂട്ടിന്റെ പരിഷ്കരണവും ഓർഡിനൻസിന്റെ നിർമ്മാണവും അന്തിമഘട്ടത്തിലാണ്. മറ്റ് സർവ്വകലാശാലയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

(ഡി)സർവ്വകലാശാലകളുടെ സ്റ്റാറ്റ്യൂട്ട്, ഓർഡിനൻസ് എന്നിവയിലുൾപ്പെടാത്തവയും, സർക്കാർ അംഗീകാരം ലഭിക്കാത്തവയും, അംഗീകൃത തസ്തികകളുടെ അംഗബലത്തിൽ കവിഞ്ഞ് നിയമനം നൽകിയതുമായ തസ്തികകൾ ഏതെല്ലാമാണെന്ന് വിശദമാക്കുമോ?

<u>കേരള സർവ്വകലാശാല</u>

നിലവിലെ ആവശ്യകതയനുസരിച്ച് കരാർ/ദിവസവേതന അടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്. Kerala Univeristy Statute പ്രകാരം

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സർവ്വകലാശാലയ്ക്ക് അടിയന്തര സാഹചര്യങ്ങളിൽ താല്ക്കാലിക അടിസ്ഥാനത്തിൽ നിയമിക്കാവുന്നതാണ്.

എം.ജി. സർവ്വകലാശാല

28 അദ്ധ്യാപക തസ്തികകളും പ്രോജക്ട് അസ്സോസിയേറ്റ് ഐ.ക്യു. എ.സി., ടെക്നിക്കൽ അസിസ്റ്റന്റ് സ്വയം ലാബ്, ടെക്നിക്കൽ അസിസ്റ്റന്റ് സൈഫ്, കോ-ഓർഡിനേറ്റർ എസ്.എഫ്.എസ്.ടി, കോഴ്സ് കോ-ഓർഡിനേറ്റർ എസ്.ഇ.എസ്. അപ്ലൈഡ് ജിയോളജി, റിസർച്ച് അസോസിയേറ്റ് സ്കൂൾ ഓഫ് എനർജി മെറ്റീരിയൽസ്, സ്പെഷ്യൽ ടീച്ചർ സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസ് എന്നിവയും സ്റ്റാറ്റ്യൂട്ടിലുൾപ്പെടാത്തവയും സർക്കാർ അംഗീകൃതമല്ലാത്തതുമാണ്. അംഗീകൃത തസ്തികകളിൽ അംഗബലത്തിൽ കവിഞ്ഞ് നിയമനം നൽകിയിട്ടില്ല.

കാലിക്കറ്റ് സർവ്വകലാശാല

നെറ്റ്വർക്ക് അഡ്മിനിസ്ട്രേറ്റർ, സിസ്റ്റം അനലിസ്റ്റ്, ടെക്നീഷ്യൻ (സി.യു.സി.സി.), പി.എ.എസ്. ഓപ്പറേറ്റർ, ഓപ്പറേറ്റർ-

സി.എസ്.ഐ.എഫ്, ടെക്നീഷ്യൻ-സി.എസ്.ഐ.എഫ്., ഗ്രാഫിക് ഡിസൈനർ, പ്രോഗ്രാം എക്സിക്യൂട്ടീവ്, സൗണ്ട് റെക്കോർഡിസ്റ്റ് എന്നീ തസ്തികകൾ സർവ്വകലാശാലയുടെ സ്റ്റാറ്റ്യൂട്ടിൽ ഉൾപ്പെടാത്തവയും, സർക്കാരിന്റെ അനുമതി ലഭിക്കാത്തവയുമാണ്. കൂടാതെ, പ്രോഗ്രാമർ, ഓവർസിയർ (സിവിൽ), ഇലക്ട്രിസിറ്റി വർക്കർ എന്നീ തസ്തികകളിൽ അംഗീകൃത തസ്തികകളുടെ അംഗബലത്തിൽ കവിഞ്ഞു നിയമനം നടത്തുന്നുണ്ട്.

ലെയ്സൺ ഓഫീസർ-ന്യൂ ഡൽഹി, ലെയ്സൺ ഓഫീസർ-തിരുവനന്തപുരം എന്നീ തസ്തികകൾ കാലിക്കറ്റ് സർവ്വകലാശാല സ്റ്റാറ്റ്യൂട്ട്, ഓർഡിനൻസ് എന്നിവയിലുൾപ്പെടാത്തവയും, സർക്കാർ അംഗീകാരം ലഭിക്കാത്തവയുമാണ്. ടി തസ്തികകളിലേയ്ക്ക് പാർട്ട്ടൈം കരാറടിസ്ഥാനത്തിൽ നിയമനം നൽകിയിട്ടുണ്ട്. ഈ സർവ്വകലാശാലയ്ക്കുകീഴിൽ കോളേജുകളും കോഴ്സുകളും ക്രമാതീതമായി വർദ്ധിച്ചതിനെത്തുടർന്ന് യൂണിവേഴ്സിറ്റിയിൽ വാഹനങ്ങൾ വർദ്ധിച്ചതോടെ കൂടുതൽ ഡ്രൈവർമാർ ആവശ്യമായ പശ്ചാത്തലത്തിൽ പരീക്ഷ നടത്തിപ്പിനും മറ്റനുബന്ധകാര്യങ്ങൾക്കുമായി അംഗീകൃത

തസ്തികകളുടെ അംഗബലത്തിൽ കവിഞ്ഞു 13 ജീവനക്കാർക്ക് ഡ്രൈവർ-കം-ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ കരാറടിസ്ഥാനത്തിൽ നിയമനം നൽകിയിട്ടുണ്ട്. റൂം ബോയ്-കം-ബിയറർ, കൗണ്ടർ മേട്രൺ, പ്ലേറ്റ് മേക്കർ, സ്കിൽഡ് വർക്കർ, ഹെർബെറിയം വർക്കർ, ടീ ബോയ്, പമ്പ് ഓപ്പറേറ്റർ, ലാബ് അറ്റൻഡർ, കാർപെന്റർ, ഗ്രൗൻഡ്സ്മെൻ, സ്വീപ്പർ, പ്യൂൺ, ഗാർഡനർ എന്നീ തസ്തികകളിൽ അംഗീകൃത തസ്തികകളുടെ അംഗബലത്തിൽ കവിഞ്ഞ് നിയമനം നൽകിയിട്ടുണ്ട്.

<u>കണ്ണൂർ സർവ്വകലാശാല</u>

സർവ്വകലാശാലയെ സംബന്ധിച്ച വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.+

<u>ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല</u>

പ്രൊഫഷണൽ അസിസ്റ്റന്റ് ഗ്രേഡ് II ലൈബ്രറി, നൈറ്റ് വാച്ച്മാൻ, സെക്യൂരിറ്റി ഗാർഡ്, അസിസ്റ്റന്റ്, കമ്പ്യൂട്ടർ അസിസ്റ്റന്റ്, അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ), അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ), ഓവർസിയർ (സിവിൽ) എന്നിവ അംഗീകൃത

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

തസ്തികകളുടെ അംഗബലത്തിൽ കവിഞ്ഞ് നിയമനം നടത്തിയിട്ടുള്ള താല്ക്കാലിക/ കരാർ തസ്തികകളാണ്. ഓരോ അക്കാദമിക വർഷങ്ങളിലും അതത് യു.ജി.സി. റെഗുലേഷൻ പ്രകാരമുള്ള വർക്ക്ലോഡ് സ്ഥിരാദ്ധ്യാപകർക്ക് നൽകിയതിനുശേഷം ബാക്കി വരുന്ന വർക്ക്ലോഡിന്റെ അടിസ്ഥാനത്തിലാണ് ഗസ്റ്റ് ലക്ചറർമാരെ നിയമിക്കുന്നത്. ഒരു അക്കാദമിക വർഷത്തിലേയ്ക്കാണ് ടിയാളുകളുടെ സേവനം പ്രയോജനപ്പെടുത്തുന്നത്. ഗസ്റ്റ് ലക്ചറർമാർ അംഗീകൃത തസ്തികകളിലല്ല സേവനമനുഷ്ഠിക്കുന്നത്. അദ്ധ്യാപകരുടെ കുറവുമൂലം വിദ്യാർത്ഥികളുടെ പഠനവും അദ്ധ്യയനവും തടസ്സപ്പെടരുതെന്ന ഉദ്ദേശ്യത്തോടെയാണ് അംഗീകൃത തസ്തികകളേക്കാൾ കൂടുതൽ ഗസ്റ്റ് അദ്ധ്യാപകരെ നിയമിക്കുന്നത്.

കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല

സർവ്വകലാശാലയുടെ സ്റ്റാറ്റ്യൂട്ടിന്റെ പരിഷ്കരണവും ഓർഡിനൻസിന്റെ നിർമ്മാണവും അന്തിമഘട്ടത്തിലാണ്.

The National University of Advanced Legal Studies (NUALS)

ഈ യൂണിവേഴ്സിറ്റിയിൽ നിയമനങ്ങൾ നടക്കുന്നത് NUALS Regulations-ന്റെ മാനദണ്ഡങ്ങൾക്കനുസൃതമായി ഉന്നതാധികാര body ആയ Executive Council-ന്റെ തീരുമാനപ്രകാരമാണ്.

<u>തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവ്വകലാശാല</u>

അത്യാവശ്യമായ ചില കരാർ/ദിവസവേതന നിയമനങ്ങളല്ലാതെ അംഗീകൃത തസ്തികകളുടെ അംഗബലത്തിൽ കവിഞ്ഞ് ആർക്കും സ്ഥിരം നിയമനം നൽകിയിട്ടില്ല. 40 അദ്ധ്യാപക തസ്തികകളുള്ളതിൽ 33 സ്ഥിരം അദ്ധ്യാപകരെ നിയമിച്ചിട്ടുണ്ട്. കൂടാതെ 12 അദ്ധ്യാപകർ ഗസ്റ്റ് ഫാക്കൽറ്റിയായി ദിവസവേതനത്തിൽ ജോലി ചെയ്യുന്നുണ്ട്.

<u>ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി</u>

എസ്.എൽ.എം. കോ-ഓർഡിനേറ്റർ തസ്തികയൊഴികെ അംഗീകൃത തസ്തികകളുടെ അംഗബലത്തിൽ കവിഞ്ഞ് നിയമനം നടത്തിയിട്ടില്ല.

<u>APJ Abdul Kalam Technological Univeristy</u>

ആവശ്യമായ തസ്തികകളിലേയ്ക്ക് 179 ദിവസം അധികരിക്കാത്ത കാലയളവിലേയ്ക്ക് നിയമനം നടത്താറുണ്ട്. എന്നാൽ അംഗീകൃത തസ്തികകളുടെ അംഗബലത്തിൽ കവിഞ്ഞ് നിയമനം നടത്തിയിട്ടില്ല.

**കേരള സാങ്കേതിക സർവ്വകലാശാല വൈസ് ചാൻസലർ നിയമനം**

252(1993) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സാങ്കേതിക സർവ്വകലാശാല (കെ.ടി.യു.) വൈസ് ചാൻസലർ നിയമനം സുപ്രീംകോടതി റദ്ദാക്കിയിട്ടുണ്ടോ?

എ.പി.ജെ. അബ്ദുൾ കലാം സാങ്കേതിക ശാസ്ത്ര സർവ്വകലാശാല വൈസ് ചാൻസലറായിരുന്ന ഡോ. രാജശ്രീ. എം. എസ്.-ന്റെ നിയമനം ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ 21-10-2022-ലെ (Civil Appeal Nos. 7634 - 7635 OF 2022 (SLP(c) No.s.21108-21109 OF 2021)-ലെ വിധിന്യായപ്രകാരം അസാധുവാക്കുകയുണ്ടായി.

(ബി) പ്രസ്തുത നിയമനം യു.ജി.സി. ചട്ടപ്രകാരമല്ലെന്ന് കണ്ടെത്തിയതിനെത്തുടർന്നാണോ സുപ്രീംകോടതി പ്രസ്തുത നിയമനം റദ്ദാക്കിയതെന്ന് വ്യക്തമാക്കുമോ;

(സി)പ്രസ്തുത നിയമനത്തിന് ചാൻസലർക്ക് പാനൽ കൈമാറുന്നതിനുപകരം ഒരു വ്യക്തിയുടെ പേര് മാത്രമാണ് കൈമാറിയതെന്ന ആരോപണം വസ്തുതാപരമാണോ;

(ഡി)പ്രസ്തുത നിയമനം യു.ജി.സി., ചട്ടപ്രകാരമാണോ നടത്തിയത്; അല്ലെങ്കിൽ പ്രസ്തുത ചട്ടം മറികടക്കാനുണ്ടായ സാഹചര്യം വിശദമാക്കുമോ?

(ബി-ഡി) യു.ജി.സി. ചട്ടങ്ങളിലും 2015-ലെ എ.പി.ജെ. അബ്ദുൾകലാം സാങ്കേതിക ശാസ്ത്ര സർവ്വകലാശാല ആക്ടിലും അനുശാസിക്കുന്ന പ്രകാരമുള്ള മാനദണ്ഡങ്ങൾക്കനുസൃതമായാണ് വൈസ് ചാൻസലർ നിയമനത്തിനുള്ള വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നത്. ചാൻസലർ നിയമിച്ച സെർച്ച് കമ്മിറ്റി വൈസ് ചാൻസലർ പദവിയിലേയ്ക്ക് ഒരു വ്യക്തിയുടെ പേര് നിർദ്ദേശിച്ചിരുന്നു.

വൈസ് ചാൻസലർ നിയമനം സംബന്ധിച്ച തീരുമാനങ്ങൾ ചാൻസലറാണ് സ്വീകരിച്ചിട്ടുള്ളത്.

**സർവ്വകാലാശാലകളിലെ അസോസിയേറ്റ് പ്രൊഫസർ/പ്രൊഫസർ**

253(1994) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യത്തിന് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അദ്ധ്യാപന ഉത്തരവാദിത്വമില്ലാതെ, യു.ജി.സി. ഫാക്കൽറ്റി ഇംപ്രൂവ്മെന്റ് പ്രോഗ്രാം (എഫ്.ഐ.പി.) അല്ലെങ്കിൽ യു.ജി.സി. ഫാക്കൽറ്റി ഡെവലപ്മെന്റ് പ്രോഗ്രാം (എഫ്.ഡി.പി.) പൂർത്തീകരിക്കുകയും പ്രസ്തുത കാലയളവ് അസോസിയേറ്റ് പ്രൊഫസർ/പ്രൊഫസർ നിയമനത്തിന് പരിചയകാലമായി പരിഗണിക്കപ്പെട്ട് സംസ്ഥാനത്തെ സർവ്വകലാശാലകളിൽ 2016 ജനുവരി ഒന്നിനുശേഷം നിയമിതരായ അസോസിയേറ്റ് പ്രൊഫസർ, പ്രൊഫസർ എന്നിവരുടെ സർവ്വകലാശാല തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ?

സർവ്വകലാശാലകൾ ഇപ്രകാരം നിയമനം നടത്തിയിട്ടില്ല.

## കണ്ണൂർ സർവകലാശാലയിൽ മലയാളം അസോസിയേറ്റ് പ്രൊഫസർ നിയമനം

254(1995) ശ്രീമതി ഉമ തോമസ്:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. സജീവ് ജോസഫ്:
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ സർവ്വകലാശാലയിലെ മലയാളം അസോസിയേറ്റ് പ്രൊഫസർ റാങ്ക് പട്ടികയിലെ ഒന്നാംറാങ്ക് ജേതാവിന് നിയമനം നൽകുന്നതിനായി സർവ്വകലാശാല എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

കണ്ണൂർ സർവ്വകലാശാല മലയാളം പഠന വകുപ്പിൽ അസോസിയേറ്റ് പ്രൊഫസർ തസ്തികയിലെ നിയമനത്തിന് 22-09-2021-ന് പുറപ്പെടുവിച്ച വിജ്ഞാപനമനുസരിച്ച് ഓൺലൈനായി ലഭ്യമായ അപേക്ഷകൾ 02-11-2021-ന് ചേർന്ന സ്ക്രീനിംഗ് കമ്മിറ്റി പരിശോധിക്കുകയും ഉദ്യോഗാർത്ഥികളുടെ ഷോർട്ട് ലിസ്റ്റ്

തയ്യാറാക്കുകയും ചെയ്തു. ഷോർട്ട് ലിസ്റ്റ് ചെയ്യപ്പെട്ട ഉദ്യോഗാർത്ഥികൾക്കുള്ള അഭിമുഖം സെലക്ഷൻ കമ്മറ്റി 18-11-2021-ന് ഓൺലൈനിൽ പൂർത്തിയാക്കി റാങ്ക് പട്ടിക തയ്യാറാക്കുകയുണ്ടായി. ഷോർട്ട് ലിസ്റ്റിലുൾപ്പെട്ട ഒരുദ്യോഗാർത്ഥിയുടെ അദ്ധ്യാപന പരിചയത്തിൽ UGC-യുടെ Faculty Development Programme മുഖേന ഗവേഷണത്തിന് ചെലവഴിച്ച കാലയളവുൾപ്പെട്ടിരുന്നു. ഇത്തരം കാലയളവ് അദ്ധ്യാപന പരിചയമായി കണക്കാക്കുന്നതിൽ UGC-യിൽ നിന്നും സർവ്വകലാശാല ഉപദേശം തേടിയിരുന്നെങ്കിലും മറുപടി ലഭിക്കുകയുണ്ടായില്ല. Faculty Development Programme മുഖേന ഗവേഷണത്തിന് ചെലവഴിച്ച കാലയളവ്, സർവ്വകലാശാല ഡയറക്ടർ, സ്റ്റുഡന്റ് സർവ്വീസ് തസ്തികയിലെ അന്യത്രസേവനം എന്നിവ അദ്ധ്യാപന പരിചയമായി കണക്കാക്കാമെന്ന നിയമോപദേശം ലഭ്യമായതിനുശേഷം സെലക്ഷൻ കമ്മിറ്റി തയാറാക്കിയ റാങ്ക് പട്ടിക സർവ്വകലാശാല സിൻഡിക്കേറ്റ് യോഗം അംഗീകരിക്കുകയും തുടർന്ന് താല്ക്കാലിക റാങ്ക് പട്ടിക പ്രസിദ്ധീകരിക്കുകയും ചെയ്തു. താല്ക്കാലിക റാങ്ക് പട്ടികയിൽ

ഒന്നാം റാങ്ക് ചെയ്യപ്പെട്ട ഉദ്യോഗാർത്ഥിയുടെ സർട്ടിഫിക്കറ്റ് പരിശോധന 01-08-2022-ന് നടത്തുകയുണ്ടായി.

(ബി) പ്രസ്തുത തസ്തികയിലേയ്ക്ക് നിയമനം ലഭിക്കുന്നതിനാവശ്യമായ യോഗ്യതകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

1. A good academic record with a Ph.D. Degree in the concerned/allied/relevant disciplines.

2. A Master's Degree with at least 55% marks (or an equivalent grade in a point-scale, wherever the grading system is followed).

3. A minimum of eight years of experience of teaching and/or research in an academic/research position equivalent to that of Assistant Professor in a University, College or accredited Research Institution/industry with a minimum of seven publications in the peer-reviewed or UGC- listed journals and a

total research score of Seventy five (75) as per the criteria given in Appendix II, Table 2 of UGC Regulation -2018.

(സി) യു. ജി. സി. നിഷ്കർഷിക്കുന്ന യോഗ്യതയില്ലാത്ത വ്യക്തിക്കാണ് ഒന്നാം റാങ്ക് നൽകിയതെന്ന് കോടതി കണ്ടെത്തിയിട്ടുണ്ടോ?

അദ്ധ്യാപന പരിചയം സംബന്ധിച്ച് ബഹുമാനപ്പെട്ട ഹൈക്കോടതി നിർദ്ദേശം നൽകുകയും റാങ്ക് പട്ടിക പുനഃക്രമീകരിക്കാൻ നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) പ്രസ്തുത വ്യക്തിയുടെ യോഗ്യത സംബന്ധിച്ച് യു.ജി.സി.-യുടെ അഭിപ്രായമാരാഞ്ഞിരുന്നോ; വിശദമാക്കുമോ?

കോളേജ് അദ്ധ്യാപകർ UGC-യുടെ Faculty Development Programme മുഖേന ഗവേഷണത്തിന് ചെലവഴിച്ച കാലയളവ് ഉയർന്ന അദ്ധ്യാപക തസ്തികകളിലെ നിയമനത്തിന് അദ്ധ്യാപന പരിചയമായി കണക്കാക്കുന്നതിൽ UGC-യിൽ നിന്നും സർവ്വകലാശാല ഉപദേശം തേടിയിരുന്നെങ്കിലും മറുപടി ലഭിക്കുകയുണ്ടായില്ല.

(ഇ) പ്രസ്തുത റാങ്ക് ലിസ്റ്റ് ഹൈക്കോടതി റദ്ദാക്കാനിടയായ സാഹചര്യം വ്യക്തമാക്കുമോ?

അദ്ധ്യാപന പരിചയം സംബന്ധിച്ച് ബഹുമാനപ്പെട്ട ഹൈക്കോടതി നിർദ്ദേശിച്ചപ്രകാരം റാങ്ക് പട്ടിക പുനഃക്രമീകരിക്കാനുള്ള നടപടികൾ സർവ്വകലാശാല സ്വീകരിച്ചുവരുന്നു.

**ചട്ടവിരുദ്ധമായി ഡെപ്യൂട്ടേഷൻ - ഉദ്യോഗസ്ഥർക്കെതിരെ നടപടി**

255(1996) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ കേരളവർമ്മ കോളേജ് അസിസ്റ്റന്റ് പ്രൊഫസർ പ്രിയാ വർഗ്ഗീസിന് എഫ്.ഡി.പി. (ഫാക്കൽറ്റി ഡെവലപ്മെന്റ് പ്രോഗ്രാം)-യിൽ ഗവേഷണത്തിന് ഡെപ്യൂട്ടേഷൻ അനുവദിച്ചിരുന്നോ വ്യക്തമാക്കുമോ?

ശ്രീമതി പ്രിയാ വർഗ്ഗീസിന് 29-07-2015 മുതൽ 08-02-2018 വരെ എഫ്.ഡി.പി. ഡെപ്യൂട്ടേഷൻ അനുവദിച്ചിരുന്നു.

(ബി) പ്രസ്തുത കാലയളവിൽ മുഴുവൻ ശമ്പളവും പ്രസ്തുത വ്യക്തി സ്വീകരിച്ചിരുന്നോ; ഗവേഷണത്തിനുശേഷം കോളേജിൽ നിശ്ചിത കാലയളവ് സേവനമനുഷ്ഠിക്കണമെന്ന കരാർ രേഖ നൽകിയിട്ടുണ്ടോ?

പ്രസ്തുത കാലയളവിൽ മുഴുവൻ ശമ്പളവും ടിയാൻ സ്വീകരിച്ചിരുന്നു. കരാർ രേഖ നൽകിയിട്ടുണ്ട്.

(സി)കരാർ ലംഘിച്ച് കോളേജ് അധികൃതർ മറ്റുസ്ഥാപനങ്ങളിൽ ഡെപ്യൂട്ടേഷൻ നിയമനത്തിന് അനുമതി നൽകിയിരുന്നോ;

(ഡി) കരാർ ലംഘിച്ചതിനെത്തുടർന്ന് കരാറിലെ വ്യവസ്ഥപ്രകാരം പ്രിയാ വർഗ്ഗീസ് സർക്കാരിൽ നിന്ന് വാങ്ങിയ ശമ്പളം തിരിച്ചുപിടിക്കുവാൻ നടപടി സ്വീകരിക്കുമോ; ചട്ടവിരുദ്ധമായി ഡെപ്യൂട്ടേഷനനുവദിച്ച ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ?

(സി&ഡി) സർക്കാർ അനുവദിച്ച പ്രകാരമാണ് ശ്രീമതി പ്രിയാ വർഗ്ഗീസ് ഡെപ്യൂട്ടേഷൻ സ്വീകരിച്ചിട്ടുള്ളത്. ചട്ടലംഘനമുണ്ടായിട്ടില്ല.

## കാലടി സംസ്കൃത സർവ്വകലാശാലയിൽ അദ്ധ്യാപക നിയമനങ്ങൾ

256(1997) ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ കാലടി സംസ്കൃത സർവ്വകലാശാലയിൽ എത്ര അദ്ധ്യാപക നിയമനങ്ങൾ നടന്നിട്ടുണ്ടെന്നും ഏതൊക്കെ വകുപ്പുകളിലെ എത്ര തസ്തികകളിൽ നിയമനം നടന്നുവെന്നും അറിയിക്കുമോ?

കാലടി സംസ്കൃത സർവ്വകലാശാലയിൽ മുൻസർക്കാരിന്റെ കാലം മുതൽ നടന്നിട്ടുള്ള അദ്ധ്യാപക നിയമനങ്ങളുടെ വകുപ്പ്/തസ്തിക തിരിച്ചുള്ള പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു.+

(ബി) ഓരോ തസ്തികയിലും നിയമിതരായ അദ്ധ്യാപകർ ഹാജരാക്കിയ വിദ്യാഭ്യാസ യോഗ്യതാ സർട്ടിഫിക്കറ്റുകളുടെ പകർപ്പ് ലഭ്യമാക്കുമോ?

+ നിയമസഭയുടെ ഔദ്യോഗികവെബ്സൈറ്റിൽ ലഭ്യമാണ്.

ഓരോ തസ്തികയിലും നിയമിതരായ അദ്ധ്യാപകർ ഹാജരാക്കിയ വിദ്യാഭ്യാസ യോഗ്യതാ സർട്ടിഫിക്കറ്റുകളുടെ പകർപ്പുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

## കണ്ണൂർ സർവ്വകലാശാലയിൽ മലയാളം അസോസിയേറ്റ് പ്രൊഫസർ നിയമനം

257(1998) ശ്രീ. സജീവ് ജോസഫ്:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ സർവ്വകലാശാലയിൽ മലയാളം അസോസിയേറ്റ് പ്രൊഫസർ തസ്തികയിൽ നിയമിക്കപ്പെടാൻ ഒന്നാംറാങ്ക് നേടിയ വ്യക്തി അയോഗ്യയെന്ന് കോടതി കണ്ടെത്തിയ സാഹചര്യത്തിൽ പ്രസ്തുത നിയമനവുമായി ബന്ധപ്പെട്ട് അപേക്ഷകർ നൽകിയ രേഖകൾ സ്ക്രീനിംഗ് കമ്മിറ്റി പരിശോധിച്ചിട്ടില്ല എന്ന ആരോപണത്തിൽ വാസ്തവമുണ്ടോയെന്ന് അറിയിക്കുമോ;

+ നിയമസഭയുടെ ഔദ്യോഗികവെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത തസ്തികയിലേയ്ക്കുള്ള നിയമനത്തിന് യു.ജി.സി. മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നും പ്രസ്തുത മാനദണ്ഡങ്ങൾ പാലിക്കാത്തതിന്റെ കാരണമെന്തെന്നും വിശദമാക്കുമോ;

(സി) പ്രോ-വൈസ്ചാൻസലർ അദ്ധ്യക്ഷനായ സ്ക്രീനിംഗ് കമ്മിറ്റി, അപേക്ഷകർ നൽകിയ രേഖകൾ പരിശോധിച്ചതിനുശേഷമാണ് ചുരുക്കപ്പട്ടിക തയ്യാറാക്കേണ്ടത് എന്നിരിക്കെ നടപടിക്രമം പാലിക്കാതിരുന്നതിന്റെ കാരണം വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത ക്രമക്കേട് സംബന്ധിച്ച് അന്വേഷണം നടത്താൻ സർക്കാർ തയ്യാറാകുമോ; വ്യക്തമാക്കാമോ?

(എ-ഡി) കണ്ണൂർ സർവ്വകലാശാല മലയാളം അസോസിയേറ്റ് പ്രൊഫസർ തസ്തികയിലേയ്ക്ക് അപേക്ഷ ക്ഷണിക്കുകയും, വ്യവസ്ഥപ്രകാരം തുടർനടപടികൾ സ്വീകരിച്ച് ചുരുക്കപ്പട്ടിക തയ്യാറാക്കുകയും ചെയ്തിരുന്നു. തുടർന്ന് ബഹുമാനപ്പെട്ട ഹൈക്കോടതി പുറപ്പെടുവിച്ച ഉത്തരവിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിച്ചുവരുന്നതായും കണ്ണൂർ സർവ്വകലാശാല അറിയിച്ചിട്ടുണ്ട്.

**കണ്ണൂർ സർവ്വകലാശാലയിൽ മലയാളം അസോസിയേറ്റ്**

## പ്രൊഫസർ നിയമനം

258(1999) ശ്രീ. റോജി എം. ജോൺ:
ശ്രീ. ഷാഫി പറമ്പിൽ:
ഡോ. മാത്യു കുഴൽനാടൻ:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ സർവ്വകലാശാലയിൽ മലയാളം അസോസിയേറ്റ് പ്രൊഫസർ തസ്തികയിൽ നിയമിക്കപ്പെടാൻ ശ്രീമതി പ്രിയാ വർഗ്ഗീസ് അയോഗ്യയെന്ന് ഹൈക്കോടതി കണ്ടെത്തിയിട്ടുണ്ടോ;

(ബി) പ്രസ്തുത വ്യക്തിക്ക് യു.ജി.സി. മാനദണ്ഡപ്രകാരമുള്ള മതിയായ അദ്ധ്യാപന പരിചയമില്ലെന്നും ഗവേഷണകാലം അദ്ധ്യാപന പരിചയമായി കണക്കാക്കാനാകില്ലെന്നും ഹൈക്കോടതി വ്യക്തമാക്കിയ സാഹചര്യത്തിൽ പ്രസ്തുത വിഷയത്തിന്മേൽ കണ്ണൂർ യൂണിവേഴ്സിറ്റി സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ;

(സി) അസോസിയേറ്റ് പ്രൊഫസർ നിയമനത്തിനുള്ള അടിസ്ഥാന യോഗ്യതയില്ലാത്ത വ്യക്തിയെ ഇന്റർവ്യൂവിലേയ്ക്ക് തെരഞ്ഞെടുത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(ഡി)സർവ്വകലാശാലകളിൽ ഇത്തരം പിൻവാതിൽ നിയമനങ്ങൾ തടയാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

(എ-ഡി) കണ്ണൂർ സർവ്വകലാശാല മലയാളം അസോസിയേറ്റ് പ്രൊഫസർ തസ്തികയിലേയ്ക്ക് അപേക്ഷ ക്ഷണിക്കുകയും, വ്യവസ്ഥപ്രകാരം തുടർനടപടി സ്വീകരിച്ച് ചുരുക്കപ്പട്ടിക തയ്യാറാക്കുകയും ചെയ്തിരുന്നു. തുടർന്ന് ബഹുമാനപ്പെട്ട ഹൈക്കോടതി പുറപ്പെടുവിച്ച ഉത്തരവിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിച്ചുവരുന്നതായും കണ്ണൂർ സർവ്വകലാശാല അറിയിച്ചിട്ടുണ്ട്.

## സർക്കാർ/സർവ്വകലാശാല സർവീസിൽ താല്ക്കാലികാടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവർ

259(2000) ഡോ. എം. കെ. മുനീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ/സർവ്വകലാശാല സർവ്വീസിൽനിന്നും വിരമിച്ച ജീവനക്കാരും, അദ്ധ്യാപകരും സർവ്വകലാശാലകളിൽ താല്ക്കാലികാടിസ്ഥാനത്തിൽ (കരാർ/ദിവസവേതനം/മണിക്കൂർ

വേതനം/ഗസ്റ്റ്/ഓണറേറിയം) നിലവിൽ ജോലി ചെയ്യുന്നുണ്ടോയെന്നും ഏതെല്ലാം തസ്തികകളിലാണ് പ്രസ്തുത ജീവനക്കാർ ജോലി ചെയ്യുന്നതെന്നും വിശദമാക്കുമോ?

കേരള സർവ്വകലാശാല, മഹാത്മാഗാന്ധി സർവ്വകലാശാല, കാലിക്കറ്റ് സർവ്വകലാശാല, കണ്ണൂർ സർവ്വകലാശാല, തുഞ്ചത്തെഴുത്തച്ഛൻ മലയാളം സർവ്വകലാശാല, ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല

ഓരോ സർവ്വകലാശാലയുടെയും വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല

കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയിൽ യൂണിവേഴ്സിറ്റി/ കോളേജ്/ ഇൻഡസ്ട്രി എന്നിവയിൽ നിന്നും വിരമിച്ച വിദഗ്ധരെ Adjunct faculty ആയി അദ്ധ്യാപക തസ്തികയിലുള്ള സ്ഥിരം ഒഴിവുകളിലേയ്ക്ക് നിയമനം നൽകുന്നുണ്ട്. ഇപ്രകാരം നിയമിതരാകുന്നവർക്ക് Consolidated Remuneration ആയി പ്രതിമാസം 40000/- രൂപ നൽകുന്നുണ്ട്. ഇപ്രകാരം നിയമിതരായിരിക്കുന്ന അദ്ധ്യാപകരുടെ വിശദാംശങ്ങളും സർവ്വകലാശാലയിലെ അനദ്ധ്യാപക തസ്തികകളിൽ

\+ നിയമസഭയുടെ ഔദ്യോഗികവെബ്സൈറ്റിൽ ലഭ്യമാണ്.

ജോലി ചെയ്യുന്ന സർവ്വീസിൽ നിന്നും വിരമിച്ച വ്യക്തികളെ സംബന്ധിച്ചുള്ള വിവരങ്ങളും അനുബന്ധമായി ചേർക്കുന്നു.+

APJ Abdul Kalam Technological University; &

ശ്രീനാരായണഗുരു ഓപ്പൺ സർവ്വകലാശാല

വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

National University of Advance Legal Studies

സർക്കാർ/സർവ്വകലാശാല സർവ്വീസിൽനിന്നും വിരമിച്ചവർക്ക് നുവാൽസിൽ പുനർനിയമനം നൽകിയിട്ടില്ല. അത്യാവശ്യ സർവ്വീസുകളിൽ കരാറടിസ്ഥാനത്തിലുള്ള താല്ക്കാലിക എൻഗേജ്മെന്റ് മാത്രമാണ് നൽകിയിട്ടുള്ളത്.

(ബി) പ്രസ്തുത ജീവനക്കാരുടെ വിരമിച്ച തീയതി, താല്ക്കാലികാടിസ്ഥാനത്തിൽ സർവ്വകലാശാലകളിൽ പുനർനിയമനം നേടിയ തീയതി, അവർക്ക് ലഭ്യമായിക്കൊണ്ടിരിക്കുന്ന സ്ഥിരം സർവ്വീസിലെ പെൻഷൻ, താല്ക്കാലികാടിസ്ഥാനത്തിൽ ജോലി

\+ നിയമസഭയുടെ ഔദ്യോഗികവെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗികവെബ്സൈറ്റിൽ ലഭ്യമാണ്.

ചെയ്യുന്നതിന് സർവ്വകലാശാലകളിൽ നിന്നും അനുവദിക്കുന്ന വേതനം എന്നിവയുടെ വിശദാംശം ലഭ്യമാക്കുമോ;

(സി) പ്രസ്തുത ജീവനക്കാർ പ്രസ്തുത തസ്തികകളിൽ ആദ്യമായി ജോലിയിൽ പ്രവേശിച്ച തീയതി (താല്ക്കാലിക തസ്തികകളിലെ പുനർനിയമനം) മുതൽ നാളിതുവരെ സർവ്വകലാശാലകളിൽ താല്ക്കാലികാടിസ്ഥാനത്തിൽ ജോലിചെയ്ത കാലയളവിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

(ബി &സി) ഉത്തരം (എ)-യിൽ ചേർത്തിരിക്കുന്നു.

(ഡി) പ്രസ്തുത തസ്തികകളിൽ സർവ്വകലാശാല സ്റ്റാറ്റ്യൂട്ട്, ഓർഡിനൻസ് എന്നിവയിലുൾപ്പെടുന്നവയും, സർക്കാർ അംഗീകൃത തസ്തികകളും ഏതെല്ലാമെന്ന് വിശദമാക്കാമോ; ഏതെല്ലാം തസ്തികകൾ സർവ്വകലാശാല സ്റ്റാറ്റ്യൂട്ട്, ഓർഡിനൻസ് എന്നിവയിലുൾപ്പെടാത്തവയും, സർക്കാർ അംഗീകാരം ലഭിക്കാത്തവയും അംഗീകൃത തസ്തികകളുടെ അംഗബലത്തിൽ കവിഞ്ഞ് നിയമനം നൽകിയവയുമാണെന്നും വിശദമാക്കുമോ?

<u>കേരള സർവ്വകലാശാല :</u>- നിലവിലെ ആവശ്യകതയനുസരിച്ചാണ് കരാർ/ദിവസവേതനാടിസ്ഥാനത്തിൽ എൻഗേജ് ചെയ്യിച്ചിട്ടുള്ളത്. Kerala University Statute പ്രകാരം സർവ്വകലാശാലയ്ക്ക് അടിയന്തര സാഹചര്യങ്ങളിൽ താല്ക്കാലികാടിസ്ഥാനത്തിൽ നിയമിക്കാവുന്നതാണ്.

<u>മഹാത്മാഗാന്ധി സർവ്വകലാശാല:</u>- എൻ.എസ്.എസ്. പ്രോഗ്രാം കോ-ഓർഡിനേറ്റർ, ഡയറക്ടർ, ഡിപ്പാർട്ട്മെന്റ് ഓഫ് സ്റ്റുഡന്റ് സർവ്വീസസ് എന്നീ തസ്തികകൾ സർവ്വകലാശാല ഓർഡിനൻസ്, സ്റ്റാറ്റ്യൂട്ട് എന്നിവയിലുൾപ്പെട്ട അംഗീകൃത തസ്തികകളാണ്. കോ-ഓർഡിനേറ്റർ എസ്.എഫ്.എസ്. ടി, കോഴ്സ് കോ-ഓർഡിനേറ്റർ എം.എസ്.സി. അപ്ലൈഡ് ജിയോളജി, സ്കൂൾ ഓഫ് എൻവയോൺമെന്റ് സയൻസസ് എന്നിവ താല്ക്കാലിക തസ്തികകളാണ്. ഇവ സർവ്വകലാശാല ഓർഡിനൻസ്, സ്റ്റാറ്റ്യൂട്ട് എന്നിവയിലുൾപ്പെടുത്തിയിട്ടില്ല. സർവ്വകലാശാലയിലെ പുതിയ സ്കൂളുകളിലുൾപ്പെടുന്ന സ്കൂൾ ഓഫ് ഡാറ്റാ അനലിറ്റിക്സിലെ അദ്ധ്യാപക തസ്തിക സർക്കാർ അംഗീകരിച്ച തസ്തികയല്ല. പട്ടിക അനുബന്ധമായി ചേർക്കുന്നു.+

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

<u>കാലിക്കറ്റ് സർവ്വകലാശാല</u>

കോ-ഓർഡിനേറ്റർ, ഡിപ്പാർട്ട്മെന്റ് ഓഫ് ഡെവലപ്മെന്റ് സ്റ്റഡീസ്, അസിസ്റ്റന്റ് ഡയറക്ടർ, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ട്രൈബൽ സ്റ്റഡീസ് ആൻഡ് റിസർച്ച്, കോ-ഓർഡിനേറ്റർ - ഇന്റഗ്രേറ്റഡ് എം.എസ്.സി. ഫിസിക്സ് & കെമിസ്ട്രി, കോഴ്സ് കോ-ഓർഡിനേറ്റർ - ഉറുദു പ്രോഗ്രാം എന്നീ തസ്തികകൾ സർവ്വകലാശാല സ്റ്റാറ്റ്യൂട്ട്, ഓർഡിനൻസ് എന്നിവയിൽ ഉൾപ്പെടുന്നില്ല. കൂടാതെ പാർട്ട്ടൈം കരാറടിസ്ഥാനത്തിൽ ലെയ്സൺ ഓഫീസർ - തിരുവനന്തപുരം എന്ന തസ്തിക കാലിക്കറ്റ് സർവ്വകലാശാല സ്റ്റാറ്റ്യൂട്ട്, ഓർഡിനൻസ് എന്നിവയിലുൾപ്പെടാത്തവയും സർക്കാർ അംഗീകാരം ലഭിക്കാത്തതുമാണ്. എന്നാൽ യൂണിവേഴ്സിറ്റിക്കുകീഴിലുള്ള സ്വാശ്രയ സ്ഥാപനങ്ങളിൽ കരാർ നിയമനങ്ങളാണ് നടത്തുന്നത്. ഈ തസ്തികകൾ സ്റ്റാറ്റ്യൂട്ടിലുൾപ്പെടുത്തിയിട്ടില്ല.

<u>കണ്ണൂർ സർവ്വകലാശാല</u>

അനുബന്ധമായി ചേർത്തിട്ടുണ്ട്.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

തുഞ്ചത്തെഴുത്തച്ഛൻ മലയാളം സർവ്വകലാശാല

പ്രസ്തുത തസ്തികകൾക്ക് സർക്കാർ അനുമതി ലഭിച്ചിട്ടില്ല. യൂണിവേഴ്സിറ്റി എഞ്ചിനീയർ, പി.എസ്. ടു വി.സി, പി.എ. ടു രജിസ്ട്രാർ, പി.എ. ടു പരീക്ഷാ കൺട്രോളർ, സെക്ഷൻ ഓഫീസർ എന്നീ തസ്തികകൾ 2021-ലെ മലയാള സർവ്വകലശാല ഓർഡിനൻസിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല

യൂണിവേഴ്സിറ്റി എഞ്ചിനീയർ, സെക്യൂരിറ്റി ഗാർഡ് എന്നീ തസ്തികകൾ സർവ്വകലാശാല സ്റ്റാറ്റ്യൂട്ടിലുൾപ്പെട്ടിട്ടുള്ളതാണ്. സെക്യൂരിറ്റി ഗാർഡ് തസ്തികയിൽ 7 അംഗീകൃത പോസ്റ്റുകളുണ്ട്. യൂണിവേഴ്സിറ്റി എഞ്ചിനീയർ തസ്തിക സർവ്വകലാശാല സ്റ്റാറ്റ്യൂട്ടിലുണ്ടെങ്കിലും ടി തസ്തികയ്ക്ക് സർക്കാർ അംഗീകാരം ലഭിച്ചിട്ടില്ല. ലെയ്സൺ ഓഫീസർ തസ്തിക സർവ്വകലാശാല സ്റ്റാറ്റ്യൂട്ട്, ഓർഡിനൻസ് എന്നിവയിലുൾപ്പെടാത്തതും സർക്കാർ അംഗീകാരം ലഭിക്കാത്തതുമാണ്.

കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല

സെക്യൂരിറ്റി ഓഫീസർ - 1, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) -1, കമ്പ്യൂട്ടർ ഓപ്പറേറ്റർ -1 എന്നിവ സർക്കാർ അംഗീകൃത തസ്തികകളാണ്.

APJ Abdul Kalam Technological University

IQAC Co-ordinator, Special Officer, Director (Physical Education), Full time Legal & Service Consultant എന്നീ തസ്തികകളിൽ സർവ്വീസിൽ നിന്നും വിരമിച്ച ജീവനക്കാർ സർവ്വകലാശാലയിൽ കരാറടിസ്ഥാനത്തിൽ ജോലി ചെയ്യുന്നുണ്ട്.

ശ്രീനാരായണഗുരു ഓപ്പൺ സർവ്വകലാശാല:- എസ്.എൽ.എം. കോ-ഓർഡിനേറ്റർ ഒഴികെ ബാക്കിയെല്ലാ തസ്തികകളും സർക്കാർ അംഗീകൃതമാണ്. അംഗീകൃത തസ്തികകളുടെ അംഗബലത്തിൽ കവിഞ്ഞ് നിയമനം നടത്തിയിട്ടില്ല.

## യു.ജി.സി. ഗൈഡ്‌ലൈൻ പ്രകാരം പ്രോ-വൈസ് ചാൻസലർ നിയമനം

260(2001) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യു.ജി.സി. ഗൈഡ്‌ലൈൻ നിലവിൽ വന്നതിനുശേഷം യൂണിവേഴ്സിറ്റികളിൽ സെലക്ട് കമ്മിറ്റി ശിപാർശയനുസരിച്ച് നാളിതുവരെ നിയമിക്കപ്പെട്ട പ്രോ-വൈസ് ചാൻസലർമാരുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കുമോ?

യു.ജി.സി. റെഗുലേഷൻ പ്രകാരം വൈസ് ചാൻസലറുടെ ശിപാർശയനുസരിച്ച് സർവ്വകലാശാലയുടെ എക്സിക്യൂട്ടീവ് കൗൺസിലാണ് പ്രോ-വൈസ് ചാൻസലറുടെ നിയമനം നടത്തേണ്ടത്. പ്രോ-വൈസ് ചാൻസലർ നിയമനത്തിനായി സെലക്ട് കമ്മിറ്റി രൂപീകരിക്കണമെന്ന് യു.ജി.സി. റെഗുലേഷൻ വ്യവസ്ഥ ചെയ്യുന്നില്ല.

(ബി) ഇതിനായി സെലക്ട് കമ്മിറ്റിയെ നിയോഗിച്ച് ഉത്തരവ് പുറപ്പെടുവിച്ചത് ആരാണെന്ന് അറിയിക്കുമോ;

(സി)പ്രസ്തുത കാലയളവിൽ സെലക്ട് കമ്മിറ്റി എത്രവീതം ആളുകളെയാണ് നിർദ്ദേശിച്ചിട്ടുള്ളത്; വിശദാംശം അറിയിക്കുമോ?

(ബി&സി) പിരിവ് (എ)-യിൽ നൽകിയിരിക്കുന്നു.

**സർവ്വകലാശാലകളുടെ നിക്ഷേപങ്ങൾ**

261(2002) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവ്വകലാശാലകളിലെ തനതുഫണ്ട്, സ്ഥിരനിക്ഷേപങ്ങൾ എന്നിവ ഏതെല്ലാം ധനകാര്യസ്ഥാപനങ്ങളിലാണ് (ട്രഷറി, ബാങ്ക് ഉൾപ്പെടെ) നിലവിൽ നിക്ഷേപിച്ചിരിക്കുന്നത് എന്നതുസംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ?

സർവ്വകലാശാലകളിലെ തനതുഫണ്ട്, സ്ഥിരനിക്ഷേപങ്ങൾ എന്നിവ ഏതെല്ലാം ധനകാര്യസ്ഥാപനങ്ങളിലാണ് (ട്രഷറി, ബാങ്ക് ഉൾപ്പെടെ) നിലവിൽ നിക്ഷേപിച്ചിരിക്കുന്നതെന്നത് സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ പറയുന്നു.

<u>കേരള സർവ്വകലാശാല</u>

കേരള സർവ്വകലാശാലയിലെ തനതുഫണ്ട് സ്ഥിരനിക്ഷേപങ്ങൾ എന്നിവ തിരുവനന്തപുരം ജില്ലാ ട്രഷറിയിലും, എസ്.ബി.ഐ., KUOC ശാഖയിലുമാണ് നിക്ഷേപിച്ചിരിക്കുന്നത്.

മഹാത്മാഗാന്ധി സർവ്വകലാശാല

മഹാത്മാഗാന്ധി സർവ്വകലാശാല തനതുഫണ്ട്, സ്ഥിരനിക്ഷേപങ്ങൾ എന്നിവ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, കേരള സർക്കാർ ട്രഷറി എന്നിവിടങ്ങളിലാണ് നിക്ഷേപിച്ചിരിക്കുന്നത്.

കാലിക്കറ്റ് സർവ്വകലാശാല

കാലിക്കറ്റ് സർവ്വകലാശാലയുടെ തനതുഫണ്ട് സ്ഥിരനിക്ഷേപങ്ങൾ തിരുരങ്ങാടി സബ് ട്രഷറിയിലും സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ കാലിക്കറ്റ് യൂണിവേഴ്സിറ്റി ബ്രാഞ്ചിലുമാണ് നിക്ഷേപിച്ചിരിക്കുന്നത്.

കണ്ണൂർ സർവ്വകലാശാല

കണ്ണൂർ സർവ്വകലാശാലയുടെ സ്ഥിരനിക്ഷേപങ്ങൾ ജില്ലാ ട്രഷറി കണ്ണൂർ, സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, കണ്ണൂർ എന്നിവിടങ്ങളിലാണ് നിക്ഷേപിച്ചിരിക്കുന്നത്.

<u>കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല</u>

കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയുടെ തനതുഫണ്ട്, സ്ഥിരനിക്ഷേപങ്ങൾ എന്നിവ ട്രഷറിയിലും, ബാങ്ക് ഓഫ് ഇൻഡ്യയിലും, പഞ്ചാബ് നാഷണൽ ബാങ്കിലും സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യയിലുമാണ് നിക്ഷേപിച്ചിട്ടുള്ളത്.

<u>ന്യുവാൽസ്</u>

ന്യുവാൽസിന് SBI കളമശ്ശേരി, SBI കലൂർ, HDFC കളമശ്ശേരി, Federal Bank കളമശ്ശേരി, ICICI തൃപ്പൂണിത്തുറ എന്നിവിടങ്ങളിൽ Savings Bank Account-ഉം South Indian Bank കളമശ്ശേരി, Federal Bank കളമശ്ശേരി, Kerala Bank എറണാകുളം, Catholic Syrian Bank, കളമശ്ശേരി എന്നിവിടങ്ങളിൽ ഫിക്സഡ് ഡെപ്പോസിറ്റും, SBI കളമശ്ശേരി മെയിൻ, എറണാകുളം ജില്ലാ സഹകരണ ബാങ്ക് (കൊച്ചി മെഡിക്കൽ കോളേജ് ബ്രാഞ്ച്) എന്നിവിടങ്ങളിൽ Endowment അക്കൗണ്ടും നിലവിലുണ്ട്. സർവ്വകലാശാലയുടെ പ്ലാൻ ഫണ്ട് എറണാകുളം ജില്ലാ ട്രഷറിയിലും പ്രോജക്ട് ഫണ്ട് കളമശ്ശേരി ഇന്ത്യൻ ബാങ്കിലുമാണ് നിക്ഷേപിച്ചിരിക്കുന്നത്.

<u>ശ്രീശങ്കരാചാര്യ സംസ്കൃത സർവകലാശാല</u>

ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയിലെ വിവിധങ്ങളായ സ്ഥിരനിക്ഷേപങ്ങൾ അങ്കമാലി സബ് ട്രഷറിയിലും തനതുഫണ്ട് യൂണിയൻ ബാങ്ക് കാലടി ശാഖയിലും സംസ്കൃത സർവ്വകലാശാല സഹകരണ സംഘത്തിലുമാണ് സൂക്ഷിച്ചിട്ടുള്ളത്.

<u>തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവ്വകലാശാല</u>

തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവ്വകലാശാലയുടെ തനതുഫണ്ട് എസ്.ബി.ഐ.-യുടെ തിരൂർ ശാഖയിലുള്ള കറന്റ് അക്കൗണ്ട് വഴിയാണ് കൈകാര്യം ചെയ്യുന്നതെങ്കിലും, പ്രസ്തുത അക്കൗണ്ടിൽ വരുന്ന തുക തിരൂർ സബ് ട്രഷറിയിലെ ടി.എസ്.ബി (ഇൻസ്റ്റിറ്റ്യൂഷൻ) അക്കൗണ്ടിലാണ് നിക്ഷേപിക്കുന്നത്.

<u>ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി</u>

ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റിയിൽ സർക്കാരിൽ നിന്നും ലഭിക്കുന്ന ഗ്രാന്റുകൾ, കൊല്ലം ജില്ലാ ട്രഷറിയിലുള്ള യൂണിവേഴ്സിറ്റി അക്കൗണ്ടിലാണ് നിക്ഷേപിക്കുന്നത്. യൂണിവേഴ്സിറ്റിയുടെ

തനതുഫണ്ടുകൾ എസ്.ബി.ഐ.-യുടെ കൊല്ലം ശാഖയിലും യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യയുടെ കൊല്ലം ശാഖയിലുമാണ് നിക്ഷേപിക്കുന്നത്. യൂണിവേഴ്സിറ്റിക്ക് യാതൊരു ബാങ്കിലും നിലവിൽ സ്ഥിര നിക്ഷേപങ്ങളില്ല.

<u>എ.പി.ജെ.അബ്ദുൾകലാം സാങ്കേതിക ശാസ്ത്ര സർവ്വകലാശാല</u>

എ.പി.ജെ. അബ്ദുൾകലാം സാങ്കേതിക ശാസ്ത്ര സർവ്വകലാശാലയിലെ സ്ഥിരനിക്ഷേപങ്ങളെല്ലാം നിലവിൽ ട്രഷറിയിലാണുള്ളത്. സർവ്വകലാശാലയിലേയ്ക്കുള്ള വിവിധ വരവുകൾ SBI, Federal Bank, HDFC Bank എന്നീ ബാങ്കുകളിലാണ് വരുന്നത്.

(ബി) സർവ്വകലാശാലാചട്ടങ്ങൾ, സർക്കാർ ഉത്തരവുകൾ, നിർദ്ദേശങ്ങൾ എന്നിവ പ്രകാരം സർവ്വകലാശാലകളിലെ പ്രസ്തുത നിക്ഷേപങ്ങൾ എവിടെയാണ് നിക്ഷേപിക്കേണ്ടതെന്ന് വ്യക്തമാക്കുമോ?

സർവ്വകലാശാലാ ചട്ടങ്ങൾ, സർക്കാർ ഉത്തരവുകൾ, നിർദ്ദേശങ്ങൾ എന്നിവ പ്രകാരം സർവ്വകലാശാലകളിലെ നിക്ഷേപങ്ങൾ ട്രഷറി/ ഷെഡ്യൂൾഡ് ബാങ്ക് എന്നിവിടങ്ങളിലാണ് നിക്ഷേപിക്കേണ്ടത്.

(സി)മേൽ നിർദ്ദേശങ്ങൾക്ക് വിപരീതമായി പ്രസ്തുത നിക്ഷേപങ്ങൾ ബാങ്കുകളിൽ നിക്ഷേപിച്ചതിനെത്തുടർന്ന് സർവ്വകലാശാലകൾക്ക് സാമ്പത്തികനഷ്ടം സംഭവിച്ചതായുള്ള ഓഡിറ്റ് കണ്ടെത്തലുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സർവ്വകലാശാലകളിലെ തനതുഫണ്ട്, സ്ഥിരനിക്ഷേപങ്ങൾ എന്നിവ ബാങ്കുകളിൽ നിക്ഷേപിച്ചതിനെത്തുടർന്ന് കേരള, മഹാത്മാഗാന്ധി, കാലിക്കറ്റ്, കണ്ണൂർ, ശ്രീശങ്കരാചാര്യ സംസ്കൃത, എ.പി.ജെ. അബ്ദുൾകലാം സാങ്കേതിക ശാസ്ത്ര, കുസാറ്റ് എന്നീ സർവ്വകലാശാലകളിൽ ഓഡിറ്റ് പരാമർശമിണ്ടായിട്ടുണ്ട്. ഇവയിൽ കാലിക്കറ്റ് സർവ്വകലാശാലയ്ക്കെതിരായ ഓഡിറ്റ് പരാമർശം ഒഴിവായിട്ടുണ്ട്. മറ്റു സർവ്വകലാശാലകൾ ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

### ഗുരുവായൂർ മണ്ഡലത്തിൽ സർക്കാർ കോളേജാരംഭിക്കുന്നതിന് നടപടി

262(2003) <u>ശ്രീ. എൻ. കെ. അക്ബർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ മണ്ഡലത്തിൽ സർക്കാർ കോളേജാരംഭിക്കുന്നതിന് സ്വീകരിച്ച നടപടി വിശദമാക്കുമോ;

(ബി) പ്രസ്തുത മണ്ഡലത്തിൽ ഏതെങ്കിലും ഉന്നതവിദ്യാഭ്യാസ സ്ഥാപനമാരംഭിക്കുന്ന വിഷയം പരിഗണനയിലുണ്ടോ; എങ്കിൽ വിശദമാക്കുമോ?

(എ&ബി) ഗുരുവായൂർ മണ്ഡലത്തിൽ പുതിയ സർക്കാർ കോളേജാരംഭിക്കുന്ന വിഷയം സംസ്ഥാനത്തെ പൊതു സാമ്പത്തികസ്ഥിതി മെച്ചപ്പെടുന്നമുറയ്ക്ക് പരിഗണിക്കുന്നതിനായി മാറ്റിവച്ചിരിക്കുകയാണ്.

**കേരള, കാലിക്കറ്റ്, എം.ജി., കണ്ണൂർ സർവ്വകലാശാലകളിൽ ബിരുദ കോഴ്സിന്റെ സീറ്റുകൾ നികത്താൻ നടപടി**

263(2004) <u>ശ്രീ. സി. ആർ. മഹേഷ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള, കാലിക്കറ്റ്, എം.ജി, കണ്ണൂർ എന്നീ സർവ്വകലാശാലകളിൽ ബിരുദകോഴ്സിന്റെ സീറ്റുകൾ പൂർണ്ണമായും നികത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

സീറ്റുകൾ പൂർണ്ണമായും നികത്തിയിട്ടില്ല.

(ബി) ഇല്ലെങ്കിൽ, ഓരോ വിഷയത്തിനും എത്ര ഒഴിവുകൾ വീതം ഓരോ യൂണിവേഴ്സിറ്റികളിലേയും സർക്കാർ, പ്രൈവറ്റ്, സ്വാശ്രയ, കോളേജുകളിലും യൂണിവേഴ്സിറ്റി സെന്ററുകളിലും നിലവിലുണ്ടെന്ന് വ്യക്തമാക്കുമോ?

<u>കാലിക്കറ്റ് സർവ്വകലാശാല, മഹാത്മാഗാന്ധി സർവ്വകലാശാല, കണ്ണൂർ സർവ്വകലാശാല, കേരള സർവ്വകലാശാല</u>

ഓരോ സർവ്വകലാശാലയുടെയും വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

(സി) കോളേജ് പ്രവേശനത്തിന് വിദ്യാർത്ഥികളുടെ എണ്ണം കുറയുന്നതിനുള്ള കാരണം പരിശോധിച്ചിട്ടുണ്ടോ; പ്രധാന കാരണങ്ങളെന്തെന്ന് വ്യക്തമാക്കുമോ?

പ്രത്യേകമായി പരിശോധിച്ചിട്ടില്ല.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## സർവ്വകലാശാലകളിൽ വൈസ് ചാൻസലർമാരുടെ തെരഞ്ഞെടുപ്പ്

264(2005) ഡോ. എം. കെ. മുനീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ സർവ്വകലാശാലകളിലെ വൈസ് ചാൻസലർമാർ ചുമതലയേറ്റെടുത്ത തീയതി, ചുമതലയിൽ നിന്നും വിരമിക്കേണ്ട തീയതി എന്നീ വിശദാംശം സർവ്വകലാശാല തിരിച്ച് ലഭ്യമാക്കുമോ?

വിശദാംശങ്ങൾ അനുബന്ധമായി+ ചേർത്തിരിക്കുന്നു.

(ബി) സർവ്വകലാശാലകളിൽ നിലവിലുള്ള വൈസ് ചാൻസലർമാരുടെ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് സെലക്ഷൻ കമ്മിറ്റി രൂപീകരിച്ചതിന്റെ വിശദാംശങ്ങൾ ഉത്തരവിന്റെ പകർപ്പ് സഹിതം ലഭ്യമാക്കുമോ?

ലഭ്യമായ വിവരങ്ങളുടെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.+

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) പ്രസ്തുത സെലക്ഷൻ കമ്മിറ്റികളിൽ ആരെല്ലാമാണുൾപ്പെട്ടിരുന്നതെന്നും ഓരോ സർവ്വകലാശാലയുടെയും വൈസ് ചാൻസലർ പദവിയിലേയ്ക്ക് ബന്ധപ്പെട്ട സെലക്ഷൻ കമ്മിറ്റി ശിപാർശ ചെയ്തത് ഏതെല്ലാം വ്യക്തികളെയായിരുന്നുവെന്നും രേഖകളുടെ പകർപ്പുകൾ സഹിതം ലഭ്യമാക്കുമോ?

(ബി)-യിൽ നൽകിയിരിക്കുന്നു.

## സംസ്കൃത സർവ്വകലാശാലയുടെ തിരുവനന്തപുരം പ്രാദേശിക കേന്ദ്രത്തിലെ കോഴ്സുകൾ

265(2006) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്കൃത സർവ്വകലാശാലയുടെ തിരുവനന്തപുരം പ്രാദേശിക കേന്ദ്രത്തിൽ ഏതെല്ലാം കോഴ്സുകളാണ് നിലവിലുള്ളത്?

സംസ്കൃത സർവ്വകലാശാലയുടെ തിരുവനന്തപുരം പ്രാദേശിക കേന്ദ്രത്തിൽ നടത്തുന്ന കോഴ്സുകളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) സംസ്കൃതം ജനറൽ അദ്ധ്യാപികയായ ഡോക്ടർ പൂർണിമ മോഹനനെ ബന്ധപ്പെട്ട വിഷയമില്ലാത്ത പ്രാദേശിക കേന്ദ്രത്തിൽ നിയമിക്കുന്നതിനുള്ള കാരണം വ്യക്തമാക്കുമോ?

2026 വരെ തനിക്ക് നാലുവർഷത്തെ സേവനകാലയളവേ ബാക്കിയുള്ളൂവെന്നും, ആരോഗ്യപരമായ കാരണങ്ങളാലും, Cervical Radiculopathy, കഴുത്തുവേദന എന്നിവയുള്ളതിനാൽ ദീർഘനേരം നിൽക്കുന്നതോ ദൂരയാത്ര ചെയ്യുന്നതോ ഒഴിവാക്കണമെന്ന് ഡോക്ടറുടെ മെഡിക്കൽ സർട്ടിഫിക്കറ്റ് സഹിതം ഡോ.എച്ച്. പൂർണിമ തിരുവനന്തപുരം പ്രാദേശിക കേന്ദ്രത്തിൽ സ്ഥലംമാറ്റത്തിന് അപേക്ഷിച്ചിരുന്നു. സംസ്കൃതവ്യാകരണ വകുപ്പിൽ 28 മണിക്കൂർ വർക്ക് ലോഡ് അവശേഷിക്കുന്നുവെന്ന ടി കേന്ദ്രത്തിലെ ക്യാമ്പസ് ഡയറക്ടറുടെ കത്തിൽ മറ്റ് തടസ്സങ്ങളൊന്നുമില്ലെങ്കിൽ ഡോ. എച്ച്. പൂർണിമയെ നിയമിക്കാവുന്നതാണെന്നും അറിയിച്ചതിനെത്തുടർന്ന് 25-03-2022-ൽ കൂടിയ സിൻഡിക്കേറ്റിന്റെ 198-ാമത് യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് ഡോ. എച്ച്. പൂർണിമയ്ക്ക് തിരുവനന്തപുരം പ്രാദേശിക കേന്ദ്രത്തിലേയ്ക്ക് സ്ഥലം മാറ്റം നൽകിയത്.

(സി) പ്രാദേശിക കേന്ദ്രത്തിൽ വിദ്യാർത്ഥികൾക്ക് സ്പോർട്സിനുള്ള സൗകര്യങ്ങളില്ലാതിരിക്കെ കാലടി സംസ്കൃത സർവ്വകലാശാല ക്യാമ്പസിലെ ഫിസിക്കൽ എഡ്യൂക്കേഷൻ അദ്ധ്യാപികയായ ഡോക്ടർ റാഹിലയെ നിയമിച്ചതിന്റെ കാരണം വ്യക്തമാക്കുമോ?

25-02-2017-ലെ സ.ഉ.(പി) നം. 3/2017/ഉഭപവ. നമ്പർ ഉത്തരവിൽ (അനുബന്ധം 8) പ്രത്യേക മുൻഗണനാപ്പട്ടികയിൽ ഓട്ടിസം/സെറിബ്രൽ പാൾസി ബാധിച്ച കുട്ടികളുടെ മാതാപിതാക്കളെ ഉൾപ്പെടുത്തിയിട്ടുണ്ട്. കായിക പഠന വകുപ്പിലെ അസിസ്റ്റന്റ് പ്രൊഫസറായ ശ്രീമതി റാഹില ബീവി എം.എ.-യെ 15-09-2022-ൽ തിരുവനന്തപുരം പ്രാദേശിക കേന്ദ്രത്തിലേയ്ക്ക് സ്ഥലം മാറ്റുകയുണ്ടായി.

## കേരള സർവ്വകലാശാലയിൽ ബിരുദാനന്തര കോഴ്സിന് പ്രൈവറ്റ് രജിസ്ട്രേഷൻ

266(2007) ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ)കേരള സർവ്വകലാശാലയിൽ ബിരുദാനന്തര ബിരുദ കോഴ്സിന് പ്രൈവറ്റ് രജിസ്ട്രേഷൻ അനുവദിക്കുന്നതിന് തടസ്സം എന്താണെന്നറിയിക്കുമോ?

21-07-2001-ന് നടന്ന സർവ്വകലാശാലാ സിൻഡിക്കേറ്റ് യോഗത്തിന്റെയും 2001 നവംബർ മാസം 6, 7 തീയതികളിൽ നടന്ന സർവ്വകലാശാലാ അക്കാദമിക് കൗൺസിലിന്റെയും തീരുമാനത്തെത്തുടർന്ന് പി.ജി. കോഴ്സുകളുടെ പ്രൈവറ്റ് രജിസ്ട്രേഷൻ 2002-2003 അദ്ധ്യയന വർഷം മുതൽ നിർത്തലാക്കുകയും പ്രസ്തുത കോഴ്സുകൾ വിദൂരവിദ്യാഭ്യാസം മുഖേന അനുവദിക്കുകയും ചെയ്തിരുന്നു.

2015-'16 കാലയളവിൽ വിദൂരവിദ്യാഭ്യാസത്തിനുള്ള അംഗീകാരം UGC നിർത്തലാക്കിയതിനെത്തുടർന്ന് 14 പി.ജി. കോഴ്സുകളുടെ പ്രൈവറ്റ് രജിസ്ട്രേഷൻ പുനരാരംഭിക്കുകയും 2017-'18 കാലയളവിൽ വിദൂരവിദ്യാഭ്യാസ കോഴ്സുകൾ നടത്തുന്നതിന് UGC-യുടെ അംഗീകാരം ലഭിച്ചതിനെത്തുടർന്ന് PG കോഴ്സുകളുടെ പ്രൈവറ്റ് രജിസ്ട്രേഷൻ പ്രസ്തുത അദ്ധ്യയനവർഷം മുതൽ നിർത്തലാക്കുകയും ചെയ്തു.

(ബി) നടപ്പുവർഷം എം.ജി. സർവ്വകലാശാല പ്രൈവറ്റ് പഠനമാരംഭിച്ചിരിക്കുന്ന സാഹചര്യത്തിൽ കേരള സർവ്വകലാശാല പ്രൈവറ്റ് സമാന്തര കോഴ്സാരംഭിക്കാതിരിക്കുന്നതിനുള്ള കാരണം വ്യക്തമാക്കുമോ?

കേരള സർവ്വകലാശാലയിൽ പ്രൈവറ്റ് രജിസ്ട്രേഷൻ പുനഃരാരംഭിക്കുന്നതുസംബന്ധിച്ച് ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ WP(C) No.32993/2022 എന്ന കേസ് നിലവിലുള്ളതിനാൽ പ്രസ്തുത കേസിലെ അന്തിമവിധിക്ക് വിധേയമായി മാത്രമെ തുടർനടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളു.

**സംസ്കൃത സർവ്വകലാശാലയിലെ നിയമനങ്ങൾ**

267(2008) ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്കൃത സർവ്വകലാശാലയിൽ അനധികൃത നിയമനങ്ങൾ നടക്കുന്നുവെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) പ്രസ്തുത സർവ്വകലാശാലയിലെ ഫിലോസഫി ഡിപ്പാർട്ടുമെന്റിൽ നിലവിലില്ലാത്ത ഒഴിവിൽ ലീവ് വേക്കൻസിയിൽ ജോലി ചെയ്ത അദ്ധ്യാപകന് നിയമനം സ്ഥിരപ്പെടുത്തി നൽകിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഫിലോസഫി വിഭാഗത്തിലെ ലീവ് വേക്കൻസിയിൽ താല്ക്കാലിക നിയമനം ലഭിച്ച അദ്ധ്യാപികയെ ബഹുമാനപ്പെട്ട കേരള ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ സർവ്വകലാശാല സിൻഡിക്കേറ്റ് റെഗുലറൈസ് ചെയ്യാൻ തീരുമാനിച്ചിരുന്നു.

(സി) സർവ്വകലാശാല സിൻഡിക്കേറ്റ് പ്രസ്തുത നിയമനം ഇനിവരുന്ന പൊതുവിഭാഗം ഒഴിവിൽ റെഗുലറൈസ് ചെയ്യാൻ തീരുമാനിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ നിലവിലില്ലാത്ത ഒഴിവിലാണോ പ്രസ്തുത നിയമനം നടന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത വകുപ്പിൽ വർക്ക്ലോഡ് ഇല്ലാതിരിക്കെയാണ് പ്രസ്തുത നിയമനമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ?

(സി&ഡി) സർക്കാർ പരിശോധിച്ചുവരുന്നു.

## ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി ചെയ്യുന്ന അധ്യാപകർ

268(2009) ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവൺമെന്റ് കോളേജ്, എയ്ഡഡ് കോളേജ്, സർവ്വകലാശാല എന്നിവിടങ്ങളിൽ നിന്നും വിവിധ വകുപ്പുകളിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി ചെയ്തുവരുന്ന അധ്യാപകരുടെ എണ്ണം അറിയിക്കുമോ?

ഗവൺമെന്റ് കോളേജ്, എയ്ഡഡ് കോളേജ്, സർവ്വകലാശാല എന്നിവിടങ്ങളിൽ നിന്നും വിവിധ വകുപ്പുകളിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി ചെയ്തുവരുന്ന അധ്യാപകരുടെ എണ്ണം 45 ആണ്.

വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

(ബി) അവരുടെ കോളേജ്, സർവ്വകലാശാല എന്നിവ തിരിച്ചുള്ള വിവരവും നിലവിൽ ജോലി ചെയ്യുന്ന തസ്തികയും വകുപ്പും അറിയിക്കുമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ)-യിൽ നൽകിയിരിക്കുന്നു.

(സി) ഇത്തരത്തിൽ ഡെപ്യൂട്ടേഷനിൽ പോകുന്നത് ഉന്നതവിദ്യാഭ്യാസരംഗത്തെ പ്രതികൂലമായി ബാധിക്കുമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി)ഇതിന് എന്ത് പരിഹാരമാർഗ്ഗമാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ?

(സി&ഡി) ഇല്ല.

**അന്യത്ര സേവനവ്യവസ്ഥയിൽ ജോലി ചെയ്യുന്ന അദ്ധ്യാപകർ**

269(2010) ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർവ്വകലാശാലകളിൽ വിവിധ തസ്തികകളിൽ അന്യത്ര സേവനവ്യവസ്ഥയിൽ നിലവിൽ ജോലിചെയ്യുന്ന സ്ഥിരം അദ്ധ്യാപകരുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത അദ്ധ്യാപകരുടെ പേര്, തസ്തിക, ഡെപ്യൂട്ടേഷൻ കാലയളവ് എന്നിവയുടെ വിശദാംശം സർവ്വകലാശാല തിരിച്ച് ലഭ്യമാക്കുമോ;

(സി) സർവ്വകലാശാലകളിൽ അനദ്ധ്യാപക തസ്തികകളിൽ അന്യത്ര സേവനവ്യവസ്ഥയിൽ നിലവിൽ ജോലിചെയ്യുന്ന സ്ഥിരം അദ്ധ്യാപകരുടെ പേര്, തസ്തിക, ഡെപ്യൂട്ടേഷൻ കാലയളവ് എന്നിവയുടെ വിശദാംശങ്ങൾ സർവകലാശാല തിരിച്ച് ലഭ്യമാക്കാമോ?

(എ-സി)

<u>കണ്ണൂർ യൂണിവേഴ്സിറ്റി</u>

ഡയറക്ടർ, സ്റ്റുഡന്റ് സർവ്വീസസ് തസ്തിക - തളിപ്പറമ്പ് സർ സയ്യദ് കോളേജിലെ ഫിസിക്സ് വിഭാഗം അസിസ്റ്റന്റ് പ്രൊഫസർ & ഹെഡ് ആയ ഡോ. നഫീസ ബേബി ടി.പി. (06-11-2021 - 05-11-2023)

<u>എം.ജി. യൂണിവേഴ്സിറ്റി</u>

1. ഡോ. പ്രകാശ് കുമാർ ബി, രജിസ്ട്രാർ
(15-02-2020- 14-02-2024)
2. ഡോ. ശ്രീജിത്ത് സി.എം., പരീക്ഷാ കൺട്രോളർ

(15-02-2020 - 14-02-2024)

<u>ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി</u>

വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.+

<u>തുഞ്ചത്തെഴുത്തച്ചൻ മലയാള സർവ്വകലാശാല</u>

ഡോ. റെജിമോൻ. പി. എം., പരീക്ഷാ കൺട്രോളർ
(18-11-2020 - 17-11-2024)

<u>ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല</u>

ഡോ. ഗോപാലകൃഷ്ണൻ എം.ബി. - രജിസ്ട്രാർ
(07-11-2019 മുതൽ 4 വർഷം)

<u>കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല</u>

അദ്ധ്യാപക തസ്തികകളിൽ ആരുംതന്നെ അന്യത്ര സേവനവ്യവസ്ഥയിൽ സേവനം അനുഷ്ഠിക്കുന്നില്ല.

1. പിറവം ബസേലിയോസ് പൗലോസ് II കത്തോലിക് കോളേജിലെ അസോസിയേറ്റ് പ്രൊഫസറായ ഡോ. ബെഞ്ചമിൻ വർഗ്ഗീസ് പി. - കൺട്രോളർ ഓഫ് എക്സാമിനേഷൻസ് (04-3-2020

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മുതൽ നാലു വർഷത്തേയ്ക്ക് അല്ലെങ്കിൽ 56 വയസ്സ് തികയുന്നതുവരെ, ഏതാണോ ആദ്യം)

2. ചേർത്തല എസ്.എൻ. കോളേജിലെ അദ്ധ്യാപിക ഡോ. മീര. വി. - രജിസ്ട്രാർ (04-06-2020 മുതൽ 4 വർഷത്തേയ്ക്ക് അല്ലെങ്കിൽ 56 വയസ്സ് തികയുന്നതുവരെ, ഏതാണോ ആദ്യം)

കാലിക്കറ്റ് സർവ്വകലാശാല

(1) ഡോ. അഭിലാഷ് പിള്ളൈ - ഡയറക്ടർ, സ്കൂൾ ഓഫ് ഡ്രാമാ ആൻഡ് ഫൈൻ ആർട്സ് (ഒരു വർഷം)

(2) ഡോ. സാബു തോമസ് - പ്രൊഫസർ, ഡിപ്പാർട്ട്മെന്റ് ഓഫ് പൊളിറ്റിക്കൽ സയൻസ് (ഒരു വർഷം)

(3) ശ്രീ. രജീഷ് കെ.പി. - സിസ്റ്റം അഡ്മിനിസ്ട്രേറ്റർ (01-3-2021 FN- 28-02-2022 AN, 01-03-2022 FN- 28-02-2023 AN)

(4) ഡോ. സോണി ടി. എൽ. (09-02-2022 AN മുതൽ ഒരു വർഷത്തേയ്ക്ക്)

എ.പി.ജെ. അബ്ദുൾ കലാം ശാസ്ത്ര സാങ്കേതിക സർവ്വകലാശാല

അനുബന്ധമായി ചേർത്തിരിക്കുന്നു.+

കേരള സർവ്വകലാശാല

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

1. Prof. (Dr.) കെ. എസ്. അനിൽ കുമാർ - രജിസ്ട്രാർ (23-02-2021 മുതൽ നാലു വർഷത്തേയ്ക്ക്)

2. Prof. (Dr.) എൻ. ഗോപകുമാർ - കൺട്രോളർ ഓഫ് എക്സാമിനേഷൻസ് (12-12-2019 മുതൽ നാലു വർഷത്തേയ്ക്ക്)

3. Dr. ബിന്ദു. കെ. - അസോസിയേറ്റ് പ്രൊഫസർ ആൻഡ് ഹെഡ്, ഡിപ്പാർട്ട്മെന്റ് ഓഫ് മ്യൂസിക് (12-04-2019 മുതൽ)

4. . Dr. റസിയ കെ. ഐ. അസിസ്റ്റന്റ് ഡയറക്ടർ, ഡിപ്പാർട്ട്മെന്റ് ഓഫ് ഫിസിക്കൽ എഡ്യൂക്കേഷൻ.

**സാങ്കേതിക സർവ്വകലാശാല വൈസ് ചാൻസലർ നിയമനവുമായി ബന്ധപ്പെട്ട നിയമോപദേശം**

270(2011) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാങ്കേതിക സർവ്വകലാശാല വൈസ് ചാൻസലർ നിയമനം റദ്ദാക്കിയ സുപ്രീംകോടതി വിധിക്കെതിരെ പുന:പരിശോധനാ ഹർജി നൽകുന്നതുസംബന്ധിച്ച് സംസ്ഥാന സർക്കാർ നിയമോപദേശം തേടിയിട്ടുണ്ടോ; എങ്കിൽ, ആരിൽ നിന്നാണ് ഇപ്രകാരം

നിയമോപദേശം തേടിയതെന്നും ലഭിച്ച നിയമോപദേശം എന്തായിരുന്നുവെന്നും വ്യക്തമാക്കാമോ; പ്രസ്തുത നിയമോപദേശത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ?

സാങ്കേതിക സർവ്വകലാശാല വൈസ് ചാൻസലർ നിയമനം റദ്ദാക്കിയ സുപ്രീംകോടതി വിധിക്കെതിരെ പുനഃപരിശോധനാ ഹർജി നൽകുന്നതുസംബന്ധിച്ച് അഡ്വക്കേറ്റ് ജനറലിന്റെ നിയമോപദേശം ഉന്നതവിദ്യാഭ്യാസ വകുപ്പ് ആരാഞ്ഞിരുന്നു. കൂടാതെ, ബഹുമാനപ്പെട്ട സുപ്രീംകോടതിയിലെ സീനിയർ അഭിഭാഷകനായ ശ്രീ. കെ. കെ. വേണുഗോപാലും ഇതുസംബന്ധിച്ച് നിയമോപദേശം ലഭ്യമാക്കിയിരുന്നു.

(ബി) ഇപ്രകാരം നിയമോപദേശം നൽകിയതിന് എത്രരൂപ ഫീസായി അനുവദിച്ചിട്ടുണ്ട്; ഫീസ് നൽകി വാക്കാലുള്ള നിയമോപദേശം വാങ്ങുന്നത് ഏതു ചട്ടത്തിന്റെ അടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കുമോ; മേൽപ്പറഞ്ഞ പ്രകാരം വാക്കാലുള്ള നിയമോപദേശത്തിന് ഫീസനുവദിച്ച് നൽകിയ ഫയലിന്റെ പകർപ്പ് ലഭ്യമാക്കുമോ?

ശ്രീ. കെ. കെ. വേണുഗോപാലിന് ഉന്നതവിദ്യാഭ്യാസ വകുപ്പുമായി ബന്ധപ്പെട്ട കേസുകളിൽ നിയമോപദേശം നൽകിയതിന് ഫീസനുവദിച്ചത് സംബന്ധിച്ച വിശദാംശം അനുബന്ധമായി ചേർത്തിട്ടുണ്ട്.+

**എയ്ഡഡ് ആർട്സ് ആൻഡ് സയൻസ് കോളേജുകളിലെ ബിരുദ ബിരുദാനന്തര പ്രോഗ്രാമുകളുടെ എണ്ണം**

271(2012) ശ്രീ. നജീബ് കാന്തപുരം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എയ്ഡഡ് ആർട്സ് ആൻഡ് സയൻസ് കോളേജുകളിൽ നിലവിലുള്ള എയ്ഡഡ് ബിരുദ ബിരുദാനന്തര പ്രോഗ്രാമുകൾ എതൊക്കെയാണെന്ന് കോളേജ്, സർവ്വകലാശാല എന്നിവ തരംതിരിച്ചുള്ള വിവരം ലഭ്യമാക്കുമോ;

(ബി) 2022-23 അദ്ധ്യയന വർഷത്തിൽ പ്രസ്തുത പ്രോഗ്രാമുകളിൽ ഓപ്പൺ വിഭാഗത്തിൽ കോളേജുകൾക്ക് ലഭ്യമായ ആകെ സീറ്റുകളുടെ എണ്ണം എത്രയാണെന്നും ഇതിൽ എത്ര

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സീറ്റുകളിലേയ്ക്ക് വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകിയെന്നും കോഴ്സ്, കോളേജ്, സർവ്വകലാശാല എന്നിവ തരം തിരിച്ചുള്ള വിവരം ലഭ്യമാക്കുമോ;

(സി) പ്രസ്തുത പ്രോഗ്രാമുകളിൽ കമ്മ്യൂണിറ്റി (മെരിറ്റ്) വിഭാഗത്തിൽ ലഭ്യമായ ആകെ സീറ്റുകളുടെ എണ്ണം എത്രയാണെന്നും ഇതിൽ എത്ര സീറ്റുകളിലേയ്ക്ക് പ്രസ്തുത വിഭാഗങ്ങളിൽപ്പെടുന്ന വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകിയിട്ടുണ്ടെന്നും കോഴ്സ്, കോളേജ്, സർവ്വകലാശാല തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ;

(ഡി)പ്രസ്തുത പ്രോഗ്രാമുകളിൽ മാനേജ്മെന്റ് ക്വാട്ട വിഭാഗത്തിൽ ലഭ്യമായ ആകെ സീറ്റുകളുടെ എണ്ണം എത്രയെന്നും ഇതിൽ എത്ര സീറ്റുകളിലേയ്ക്ക് വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകിയിട്ടുണ്ടെന്നതിന്റെയും വിശദാംശങ്ങൾ കോഴ്സ്, കോളേജ്, സർവ്വകലാശാല തിരിച്ച ലഭ്യമാക്കുമോ;

(ഇ) പ്രസ്തുത പ്രോഗ്രാമുകളിൽ ഇ.റ്റി.ബി, മുസ്ലിം, ഒ.ഇ.സി, ഇ.ഡബ്ള്യൂ. എസ്, എസ്.സി./എസ്.ടി, സ്പോർട്സ് ക്വാട്ട തുടങ്ങിയ സംവരണ വിഭാഗങ്ങളിൽ ലഭ്യമായ ആകെ സംവരണസീറ്റുകളുടെ

എണ്ണം എത്രയെന്നും ഇതിൽ എത്ര സീറ്റുകളിലേയ്ക്ക് പ്രസ്തുത വിഭാഗങ്ങളിൽപ്പെടുന്ന വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകിയിട്ടുണ്ടെന്നതിന്റെയും വിശദാംശം കോഴ്സ്, കോളേജ്, സർവ്വകലാശാല തിരിച്ച് ലഭ്യമാക്കാമോ;

(എഫ്) പ്രസ്തുത പ്രോഗ്രാമുകളിൽ ലഭ്യമായ ആകെ സീറ്റുകളുടെ എണ്ണം എത്രയാണെന്നും ഇതിൽ എത്ര സീറ്റുകളിലേയ്ക്ക് വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകിയിട്ടുണ്ടെന്നും എത്ര സീറ്റുകൾ ഒഴിഞ്ഞു കിടക്കുന്നുണ്ടെന്നതിന്റെയും വിശദാംശം കോഴ്സ്, കോളേജ്, സർവ്വകലാശാല തിരിച്ച് ലഭ്യമാക്കാമോ?

(എ-എഫ്)

കേരള സർവ്വകലാശാല, കണ്ണൂർ സർവ്വകലാശാല, കാലിക്കറ്റ് സർവ്വകലാശാല, മഹാത്മാഗാന്ധി സർവ്വകലാശാല: ഓരോ സർവ്വകലാശാലയുടെയും വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**ശ്രീനാരായണഗുരു ഓപ്പൺ സർവ്വകലാശാലയിലെ കോഴ്സുകൾ**

272(2013) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശ്രീനാരായണഗുരു ഓപ്പൺ സർവ്വകലാശാലയിൽ നടപ്പുവർഷം അപേക്ഷിച്ച കുട്ടികളുടെ എണ്ണം കോഴ്സടിസ്ഥാനത്തിൽ അറിയിക്കുമോ?

ശ്രീനാരായണ ഗുരു ഓപ്പൺ സർവ്വകലാശാലയിൽ നടപ്പുവർഷം അപേക്ഷിച്ച കുട്ടികളുടെ എണ്ണം കോഴ്സടിസ്ഥാനത്തിൽ അനുബന്ധമായി ചേർക്കുന്നു.+

(ബി) ഓരോ കോഴ്സുകൾക്കും സർവ്വകലാശാല ഈടാക്കുന്ന ഫീസെത്രയാണ് വിശദമാക്കുമോ?

ശ്രീനാരായണഗുരു ഓപ്പൺ സർവ്വകലാശാല ഓരോ കോഴ്സിനും ഈടാക്കുന്ന ഫീസ് വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി)പ്രസ്തുത സർവ്വകലാശാല യു.ജി.സി. അംഗീകാരത്തിനായി അപേക്ഷിച്ചിട്ടും അംഗീകാരം ലഭിക്കാത്ത കോഴ്സുകൾ ഏതെല്ലാമെന്നും അംഗീകാരം നൽകാതിരിക്കാൻ യു.ജി.സി. ചൂണ്ടിക്കാണിച്ച ന്യൂനതകൾ എന്തെല്ലാമെന്നും വിശദമാക്കുമോ?

യു.ജി.സി. അംഗീകാരത്തിനായി അപേക്ഷിച്ചിട്ടും അംഗീകാരം ലഭിക്കാത്ത കോഴ്സുകളും, അംഗീകാരം നൽകാതിരിക്കാൻ യു.ജി.സി. ചൂണ്ടിക്കാണിച്ച ന്യൂനതകളും സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു.+

## കോളേജ് വിദ്യാഭ്യാസ വകുപ്പിൽ പ്രിൻസിപ്പാൾ തസ്തികയിൽ സ്ഥാനക്കയറ്റം

273(2014) <u>ശ്രീ. പി. പി. ചിത്തരഞ്ജൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോളേജ് വിദ്യാഭ്യാസ വകുപ്പിൽ നിലവിൽ ഒഴിവുള്ള പ്രിൻസിപ്പൽ തസ്തികകളിലേയ്ക്ക് സ്ഥാനക്കയറ്റം നൽകുന്നതിനായി ഡി.പി.സി. ചേർന്നിട്ടുണ്ടോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സർക്കാർ ആർട്സ് ആൻഡ് സയൻസ് കോളേജുകളിലെ പ്രിൻസിപ്പൽ തസ്തികയിലേയ്ക്കുള്ള ഡി.പി.സി. 23-06-2022-ന് ചേർന്നു. സർക്കാർ ഫിസിക്കൽ എഡ്യൂക്കേഷൻ കോളേജ്, സർക്കാർ ട്രെയിനിംഗ് കോളേജ് എന്നിവിടങ്ങളിലെ പ്രിൻസിപ്പാൾ തസ്തികയിലെ ഒഴിവിലേയ്ക്ക് ഡി.പി.സി. ചേർന്നിട്ടില്ല.

(ബി) പ്രസ്തുത ഡി.പി.സി. പ്രകാരം നാളിതുവരെ എത്രപേർക്കാണ് പ്രിൻസിപ്പലായി നിയമനം നൽകിയിട്ടുള്ളത്, വ്യക്തമാക്കുമോ?

വിവിധ സർക്കാർ ആർട്സ് ആൻഡ് സയൻസ് കോളേജുകളിൽ പ്രിൻസിപ്പൽ തസ്തികയിൽ നിയമനം നടത്തുന്നതിന് യു.ജി.സി. മാനദണ്ഡപ്രകാരവും വകുപ്പിൽ നിലവിലുള്ള സ്പെഷ്യൽ റൂൾസ് പ്രകാരവും യോഗ്യരായവരിൽ നിന്നും പ്രൊപ്പോസലുകൾ ക്ഷണിക്കുകയും, സെലക്ഷൻ കമ്മിറ്റി രൂപീകരിച്ച് ഈ പ്രൊപ്പോസലുകൾ പരിശോധിക്കുകയും ടി സെലക്ഷൻ കമ്മിറ്റി തെരഞ്ഞെടുത്തവരെയുൾപ്പെടുത്തി വകുപ്പുതല പ്രൊമോഷൻ കമ്മിറ്റി ചേരുകയും 43 പേരുടെ പട്ടിക തയ്യാറാക്കുകയും ചെയ്തു. ഇതുമായി

ബന്ധപ്പെട്ട് അനവധി പരാതികൾ ലഭിച്ചതിനാൽ സെലക്ട് ലിസ്റ്റ് അംഗീകരിച്ച് ഉത്തരവായിട്ടില്ല. മേൽപ്പട്ടിക ഒരു കരട് പട്ടികയായി പ്രസിദ്ധീകരിച്ച് പരാതികളുണ്ടെങ്കിൽ അപ്പീൽ കമ്മിറ്റി രൂപീകരിച്ച് പരാതികൾ പരിശോധിച്ച് തീർപ്പുകൽപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി)പ്രസ്തുത തസ്തികയിൽ നിലവിൽ എത്ര ഒഴിവുകളുണ്ടെന്നും പ്രസ്തുത ഒഴിവുകൾ നിലവിൽ വന്നതെന്നാണെന്നും കോളേജ് തിരിച്ച് കണക്കുകൾ ലഭ്യമാക്കുമോ?

സർക്കാർ ആർട്സ് ആൻഡ് സയൻസ് കോളേജുകളിൽ 55 ഒഴിവുകളും, സർക്കാർ ട്രെയിനിംഗ് കോളേജുകളിൽ 2 ഒഴിവുകളും, സർക്കാർ ഫിസിക്കൽ എഡ്യൂക്കേഷൻ കോളേജിൽ ഒരു ഒഴിവുമുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(ഡി)ഇതിനായി 'വകുപ്പുതല സ്ഥാനക്കയറ്റ സമിതി' യോഗം ചേർന്ന ദിവസവും ആയതുപ്രകാരം എത്രപേർക്ക് സ്ഥാനക്കയറ്റം നൽകാൻ തീരുമാനിച്ചുവെന്നും അറിയിക്കുമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സർക്കാർ ആർട്സ് ആൻഡ് സയൻസ് കോളേജുകളിലെ പ്രിൻസിപ്പാൾ തസ്തികയിലേയ്ക്കുള്ള ഡി.പി.സി. 23-06-2022-ന് ചേർന്നു. 43 പേരുടെ കരട് പട്ടികയിന്മേലുള്ള പരാതികൾ അപ്പീൽ കമ്മിറ്റി പരിശോധിച്ച് തീർപ്പാക്കുന്നമുറയ്ക്ക് സ്ഥാനക്കയറ്റത്തിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**സർവ്വകലാശാലകളിലെ പി.എച്ച്.ഡി. പ്രവേശന സംവരണം**

274(2015) ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവ്വകലാശാലകളിൽ പി.എച്ച്.ഡി. അഡ്മിഷനിൽ പിന്നാക്ക സമുദായങ്ങൾക്ക് സംവരണം നടപ്പാക്കുന്നുണ്ടോയെന്നും എങ്കിൽ ഓരോ വിഭാഗത്തിനും എത്ര ശതമാനമാണ് സംവരണമുള്ളതെന്നും അറിയിക്കുമോ; ഇതുസംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ?

കേരള സർവ്വകലാശാല

സംവരണം നടപ്പാക്കിയിട്ടില്ല.

<u>കാലിക്കറ്റ് സർവ്വകലാശാല</u>

സംവരണം നടപ്പിലാക്കിയിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.+

<u>കണ്ണൂർ സർവ്വകലാശാല</u>

സംവരണം നടപ്പാക്കുന്നുണ്ട്. General: OBC: SC/ST: EWS: 50:20: 20:10 എന്ന അനുപാതം പാലിച്ച് അതത് പഠനവിഭാഗത്തിൽ രൂപീകരിക്കുന്ന ഡിപ്പാർട്ട്മെന്റ് റിസർച്ച് കമ്മിറ്റികളാണ് പി.എച്ച്.ഡി. അഡ്മിഷനുമായി ബന്ധപ്പെട്ട കാര്യങ്ങൾ കൈകാര്യം ചെയ്യുന്നത്.

<u>മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി</u>

2022 പി.എച്ച്.ഡി. അഡ്മിഷൻ മുതൽ സംവരണം നടപ്പിലാക്കുന്നതിന് ഉത്തരവായിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.+

<u>തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവ്വകലാശാല</u>

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഈഴവ/തിയ്യ/ബില്ലവ- 8 ശതമാനം, മുസ്ലീം-7 ശതമാനം, എൽ.സി/എസ്.ഐ.യു.സി. -1 ശതമാനം, ഒ.ബി.എച്ച്.-3 ശതമാനം, ഒ.ബി.സി.-1 ശതമാനം, ആകെ-20 ശതമാനം (എല്ലാ വിഭാഗത്തിനും സംവരണം ഉറപ്പുവരുത്തുന്നതിന് ബാക്ക് ലോഗ് നികത്തിക്കൊണ്ടാണ് ഓരോ വകുപ്പും പി.എച്ച്.ഡി. പ്രവേശനം അനുവദിക്കുന്നത്.

<u>കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല</u>

നടപ്പിലാക്കുന്നുണ്ട്. പകർപ്പ് അനുബന്ധമായി ചേർക്കുന്നു.+

<u>ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല</u>

സർവ്വകലാശാലയുടെ പി.എച്ച്.ഡി. റെഗുലേഷൻ പ്രകാരം പട്ടികജാതി വിഭാഗങ്ങൾക്ക് 15 ശതമാനവും, പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് 5 ശതമാനവുമാണ് സംവരണം നൽകുന്നത്. SC/ST, OBC-Non Creamy Layer ഭിന്നശേഷി, ഭിന്നലിംഗ വിഭാഗങ്ങൾക്ക് യു.ജി.സി.-യുടെ പി.എച്ച്.ഡി. റെഗുലേഷൻ പ്രകാരം പ്രവേശന പരീക്ഷയുടെ കട്ട് ഓഫ് മാർക്കിലും യോഗ്യതാ മാർക്കിലും 5 ശതമാനം

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വീതം ഇളവ് അനുവദിച്ച് റിസർച്ച് കമ്മിറ്റിയിൽ പങ്കെടുക്കാൻ അനുമതി നൽകുന്നുണ്ട്.

The National University of Advanced Legal Studies (NUALS)

നിലവിലെ Ph.D റഗുലേഷൻ പ്രകാരം സംവരണം അനുവദിക്കുന്നുണ്ട്.

(ബി) പ്രസ്തുത സർവ്വകലാശാലകളിലെ റിസർച്ച് സെന്ററുകളുടെയും ഓരോ വിഷയത്തിലുമുള്ള പി.എച്ച്.ഡി., പി.ഡി.എഫ്. സീറ്റുകളുടെയും എണ്ണം വ്യക്തമാക്കുമോ?

കേരള സർവ്വകലാശാല- കേരള സർവ്വകലാശാലയിലെ 44 അദ്ധ്യാപന വകുപ്പുകളുൾപ്പെടെ 94 അംഗീകൃത റിസർച്ച് സെന്ററുകൾ നിലവിലുണ്ട്. സർവ്വകലാശാലയിലെ പി.ഡി.എഫ്. സീറ്റുകളുടെ എണ്ണം 30 ആണ്. ഓരോ സെന്ററുകളിലെയും ഗവേഷണ മാർഗ്ഗനിർദേശികളായ പ്രൊഫസർ, അസോസിയേറ്റ് പ്രൊഫസർ, അസിസ്റ്റന്റ് പ്രൊഫസർ എന്നിവർ യഥാക്രമം 8,6,4 പി.എച്ച്.ഡി. വിദ്യാർത്ഥികൾക്ക് മാർഗ്ഗനിർദേശം നൽകാവുന്നതാണ്.

കാലിക്കറ്റ് സർവ്വകലാശാല

സർവ്വകലാശാലയിൽ റിസർച്ച് സെന്ററുകളുടെ എണ്ണം - 217. വിവിധ വിഷയങ്ങളിൽ ഗൈഡ്ഷിപ് അനുവദിച്ചിട്ടുള്ള അദ്ധ്യാപകരുടെ എണ്ണം 707 (അനുബന്ധമായി ചേർക്കുന്നു).+ പ്രസ്തുത അദ്ധ്യാപകരിൽ അസിസ്റ്റന്റ് പ്രൊഫസർ, അസോസിയേറ്റ് പ്രൊഫസർ, പ്രൊഫസർ എന്നിവർക്ക് യഥാക്രമം പരമാവധി നാല്, ആറ്, എട്ട് എണ്ണം വീതം ഗവേഷണ വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകാവുന്നതാണ്.

കണ്ണൂർ സർവ്വകലാശാല

യു.ജി.സി., പി.എച്ച്.ഡി. റെഗുലേഷൻ പ്രൊഫസർ/ അസോസിയേറ്റ് പ്രൊഫസർ/ അസിസ്റ്റന്റ് പ്രൊഫസർ മാർക്ക് പരമാവധി എട്ട് (8), ആറ് (6), നാല് (4) വീതം വിദ്യാർത്ഥികളെയാണ് ഗൈഡ് ചെയ്യാൻ കഴിയുന്നത്. ആയതിനാൽ റിസർച്ച് സൂപ്പർവൈസർമാർ തങ്ങളുടെ കീഴിലുള്ള ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിനനുസരിച്ച് അഡ്മിഷനുവേണ്ടി പുറപ്പെടുവിക്കുന്ന വിജ്ഞാപനങ്ങളിൽ ഒഴിവുകളുടെ എണ്ണത്തിൽ വ്യത്യാസം വരാം. കണ്ണൂർ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സർവ്വകലാശാല പി.ഡി.എഫ്.-ന് ഇപ്പോൾ നേരിട്ട് പ്രവേശനം നൽകുന്നില്ല.

<u>മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി</u>

ഗവേഷണ മാർഗ്ഗദർശികളുടെ എണ്ണത്തിനാനുപാതികമായാണ് സീറ്റുകളുണ്ടാകുന്നത്. ഗവേഷണ മാർഗ്ഗദർശികളുടെ പ്രൊമോഷൻ, വിരമിക്കൽ, ട്രാൻസ്ഫർ മുതലായവയും അദ്ധ്യാപകർക്ക് പുതിയതായി മാർഗ്ഗദർശിത്വം അനുവദിക്കുന്നതുമൂലവും സീറ്റുകളിൽ വ്യത്യാസമുണ്ടാകാം. ലഭ്യമായ വിവരങ്ങൾ പ്രകാരം 720 സീറ്റിലേയ്ക്കാണ് 2022 പി.എച്ച്.ഡി. അഡ്മിഷൻ നിലവിൽ നടത്താനുദ്ദേശിക്കുന്നത്.

<u>തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവ്വകലാശാല</u>

2021-22 അദ്ധ്യായന വർഷത്തിൽ പി.എച്ച്.ഡി. പ്രോഗ്രാമുകളിലേയ്ക്ക് പ്രവേശനം നൽകുന്നതിനായുണ്ടായിരുന്ന ഒഴിവുകൾ:

ഭാഷാശാസ്ത്രം-3, മലയാള (സാഹിത്യപഠനം)-2, മലയാളം (സംസ്കാര പൈതൃകം)-4, ജേർണലിസം & മാസ് കമ്മ്യൂണിക്കേഷൻ-1,

പരിസ്ഥിതി പഠനം-2, വികസന പഠനം-2, ചരിത്ര പഠനം -1, സോഷ്യോളജി -1, ചലച്ചിത്ര പഠനം -2, വിവർത്തനം/താരതമ്യപഠനം -3.

<u>കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല</u>

സർവ്വകലാശാലയിൽ 24 അംഗീകൃത റിസർച്ച് സെന്ററുകളും സർവ്വകലാശാല നേരിട്ട് നിയന്ത്രിക്കുന്ന 7 റിസർച്ച് സെന്ററുകളുമുണ്ട്. സർവ്വകലാശാലയിൽ പി.എച്ച്.ഡി.-ക്ക് നിശ്ചിത സീറ്റുകൾ നിർവ്വചിക്കപ്പെട്ടിട്ടില്ല. ഓരോ വകുപ്പുകളിലുമുള്ള ഗൈഡുമാർ റിപ്പോർട്ട് ചെയ്യുന്ന ഒഴിവുകളിലേയ്ക്ക് ഗവേഷണ വിദ്യാർത്ഥികൾക്ക് അപേക്ഷിക്കാവുന്നതും പ്രവേശനം അനുവദിക്കാവുന്നതുമാണ്.

സർവ്വകലാശാല നേരിട്ട് നിയന്ത്രിക്കുന്ന റിസർച്ച് സെന്ററുകളിലെ പി.ഡി.എഫ്. വിദ്യാർത്ഥികളുടെ എണ്ണം-6, സർവ്വകലാശാലയിലെ അംഗീകൃത റിസർച്ച് സെന്ററുകളിലെ ഗവേഷണ വിദ്യാർത്ഥികളുടെ എണ്ണം - 250 (അംഗീകൃത റിസർച്ച് സെന്ററുകളിൽ പി.ഡി.എഫ്. അനുവദനീയമല്ല).

ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല

സർവ്വകലാശാലയിൽ പ്രത്യേകം റിസർച്ച് സെന്ററുകളില്ല. നിലവിൽ സർവ്വകലാശാലയിൽ പി.ഡി.എഫ്. അനുവദിച്ച് നൽകിയിട്ടില്ല. അതത് ഡിപ്പാർട്ടുമെന്റുകളിലാണ് പി.എച്ച്.ഡി. പ്രവേശനം നടത്തുന്നത്. യു.ജി.സി.- യുടെ പി.എച്ച്.ഡി. റെഗുലേഷൻ പ്രകാരം പ്രൊഫസർമാരുടെ കീഴിൽ 8 ഗവേഷകരെയും അസോസിയേറ്റ് പ്രൊഫസർമാരുടെകീഴിൽ 6 ഗവേഷകരെയും അസിസ്റ്റന്റ് പ്രൊഫസർമാരുടെ കീഴിൽ 4 ഗവേഷകരെയുമാണ് റിസർച്ചിനായി പരിഗണിക്കുന്നത്.

ഈ വർഷം വിജ്ഞാപനം ചെയ്ത ഒഴിവുകളുടെ എണ്ണം അനുബന്ധമായി ചേർക്കുന്നു.+

The National University of Advanced Legal Studies (NUALS)

2022-23 അദ്ധ്യയന വർഷം Ph.D. -8 Pd.F -5 സീറ്റുകളാണുള്ളത്.

(സി) പി.എച്ച്.ഡി., പി.ഡി.എഫ്. പ്രവേശനത്തിൽ സംവരണം തീരുമാനിക്കുന്നത് ഡിപ്പാർട്ടുമെന്റ് അടിസ്ഥാനത്തിലാണോ റിസർച്ച്

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സെന്ററടിസ്ഥാനത്തിലാണോയെന്ന് അറിയിക്കുമോ; പ്രസ്തുത സംവരണമുറപ്പാക്കുന്നതിന് റിസർവേഷൻ റോസ്റ്റർ/രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടോ?

<u>കേരള സർവ്വകലാശാല</u>

പി.ഡി.എഫ്.-ന്റെ മുഴുവൻ ഒഴിവുകളിലുള്ള അപേക്ഷകരുടെ എണ്ണം അടിസ്ഥാനമാക്കിയാണ് സംവരണം നൽകുന്നത്. പ്രസ്തുത സംവരണം നടപ്പിലാക്കുന്നതിന് റിസർവേഷൻ രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്.

<u>കാലിക്കറ്റ് സർവ്വകലാശാല</u>

പി.എച്ച്.ഡി, പ്രവേശനത്തിൽ സംവരണം തീരുമാനിക്കുന്നത് ഡിപ്പാർട്ട്മെന്റടിസ്ഥാനത്തിലാണ്. റിസർവേഷൻ സംബന്ധിച്ച രജിസ്റ്റർ റിസർച്ച് സെന്ററുകളിലാണ് സൂക്ഷിക്കുന്നത്.

<u>കണ്ണൂർ സർവ്വകലാശാല</u>

സർവ്വകലാശാല നിർദ്ദേശിക്കുന്ന സംവരണാനുപാതത്തിൽ അതത് പഠനവിഭാഗത്തിൽ രൂപീകരിക്കുന്ന ഡിപ്പാർട്ടുമെന്റ് റിസർച്ച് കമ്മറ്റികളാണ് പി.എച്ച്.ഡി. അഡ്മിഷനുമായി ബന്ധപ്പെട്ട കാര്യങ്ങൾ

കൈകാര്യം ചെയ്യുന്നത്. അഡ്മിഷൻ സംബന്ധിച്ച രേഖകൾ അതത് പഠന വിഭാഗങ്ങളാണ് സൂക്ഷിക്കുന്നത്.

മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി

ഓരോ ഗവേഷണ മാർഗ്ഗദർശിയുടെയുംകീഴിൽ SC/ST വിഭാഗത്തിന് മിനിമം 1 സീറ്റെങ്കിലും ഒഴിച്ചിടുന്നതരത്തിലാണ് സംവരണം നടപ്പിലാക്കുന്നത്.

തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവ്വകലാശാല

പ്രവേശനത്തിൽ സംവരണം തീരുമാനിക്കുന്നത് ഡിപ്പാർട്ടുമെന്റടിസ്ഥാനത്തിലാണ്. സംവരണത്തിന് റോസ്റ്റർ സൂക്ഷിക്കുന്നുണ്ട്.

കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല

സംവരണം സംബന്ധിച്ചുള്ള രജിസ്റ്റർ അതത് വകുപ്പുകളിൽ സൂക്ഷിക്കുന്നുണ്ട്.

ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല

പി.എച്ച്.ഡി. പ്രവേശനം നടത്തുന്നത് അതത് ഡിപ്പാർട്ടുമെന്റുകളുടെ റിസർച്ച് കമ്മിറ്റികളാണ്. പി.എച്ച്.ഡി. പ്രവേശനത്തിനർഹരായ വിദ്യാർത്ഥികളുടെ ലിസ്റ്റ് തയ്യാറാക്കി ഡിപ്പാർട്ടുമെന്റിലെ രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കുകയാണ് ചെയ്യുന്നത്. സംവരണവും അതത് ഡിപ്പാർട്ടുമെന്റടിസ്ഥാനത്തിലാണ് തീരുമാനിക്കുന്നത്. അതിന്റെ രജിസ്റ്ററും ഡിപ്പാർട്ടുമെന്റിൽ സൂക്ഷിക്കുന്നു.

<u>The National University of Advanced Legal Studies (NUALS)</u>

റിസർച്ച് സെന്റർ എന്ന അടിസ്ഥാനത്തിൽ റിസർവ്വേഷൻ രജിസ്റ്ററുണ്ട്.

(ഡി) 2020-21, 2021-22 അദ്ധ്യയനവർഷത്തിൽ കേരളത്തിലെ സർവ്വകലാശാലകളിലെ പി.എച്ച്.ഡി., പി.ഡി.എഫ്. പ്രവേശനത്തിന്റെ സംവരണ വിഭാഗം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

<u>കേരള സർവ്വകലാശാല</u>

2020-21 അദ്ധ്യയനവർഷത്തിൽ കേരള സർവ്വകലാശാലയിൽ പി.ഡി.എഫ്.-ന് 20 അപേക്ഷകൾ മാത്രമുണ്ടായിരുന്നതിനാൽ

എല്ലാപേർക്കും അഡ്മിഷൻ നൽകിയിട്ടുണ്ട്. 2021-22 വർഷത്തെ പി.ഡി.എഫ്. അഡ്മിഷൻ നടപടികൾ പൂർത്തിയായിട്ടില്ല.

<u>കാലിക്കറ്റ് സർവ്വകലാശാല</u>

പി.എച്ച്.ഡി. 2022 വർഷത്തിലാണ് റിസർവേഷൻ റോസ്റ്റർ നടപ്പിലാക്കിയിട്ടുള്ളത്. പി.ഡി.എഫ്.- ഫെലോഷിപ്പിന് അപേക്ഷിക്കാനുള്ള പ്രായപരിധിയിലും (40 വയസ്സ്), മാർക്കിന്റെ ശതമാനത്തിലും (50 ശതമാനം) ഇളവുകൾ സംവരണവിഭാഗങ്ങൾക്ക് അനുവദിച്ചിട്ടുണ്ട്.

<u>കണ്ണൂർ സർവ്വകലാശാല</u>

സർവ്വകലാശാല നിർദ്ദേശിക്കുന്ന സംവരണ അനുപാതത്തിൽ അതത് പഠനവിഭാഗത്തിൽ രൂപീകരിക്കുന്ന ഡിപ്പാർട്ടുമെന്റ് റിസർച്ച് കമ്മറ്റികളാണ് പി.എച്ച്.ഡി. അഡ്മിഷനുമായി ബന്ധപ്പെട്ട കാര്യങ്ങൾ കൈകാര്യം ചെയ്യുന്നത്. സംവരണാടിസ്ഥാനത്തിലുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു.+

<u>മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി</u>

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

2022-23 അദ്ധ്യയനവർഷം മുതലാണ് പി.ഡി.എഫ്., പി.എച്ച്.ഡി. പ്രവേശനത്തിന് സംവരണം നടപ്പിലാക്കുന്നത്.

<u>തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവ്വകലാശാല, കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല, ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല & The National University of Advanced Legal Studies (NUALS)</u>

അനുബന്ധമായി ചേർത്തിട്ടുണ്ട്.+

(ഇ) പിന്നാക്ക വിഭാഗങ്ങളിലെ വിദ്യാർത്ഥികളെ റിസർച്ച്ഗൈഡുകൾ ബോധപൂർവ്വം അവഗണിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

പിന്നാക്ക വിഭാഗങ്ങളിലെ വിദ്യാർത്ഥികളെ റിസർച്ച്ഗൈഡുകൾ ബോധപൂർവ്വം അവഗണിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

കേരള നിയമസഭയുടെ ഹർജികൾ സംബന്ധിച്ച സമിതിയുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ, ഗവേഷക വിദ്യാർത്ഥികളോടുള്ള ഗൈഡുകളുടെ സമീപനം പരാതിരഹിതമായിരിക്കാൻ പ്രത്യേക ശ്രദ്ധചെലുത്തേണ്ടതാണെന്ന് നിർദ്ദേശിച്ചുകൊണ്ട് 02-07-2022-ൽ ഉന്നതവിദ്യാഭ്യാസ വകുപ്പിൽ നിന്ന് സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## സർവ്വകലാശാലകളിലെ ഓഫീസർ തസ്തികകൾ

275(2016) <u>ശ്രീ. മഞ്ഞളാംകുഴി അലി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ സർവ്വകലാശാലകളിൽ വൈസ് ചാൻസലർ, പ്രോ-വൈസ് ചാൻസലർ, രജിസ്ട്രാർ, പരീക്ഷാ കൺട്രോളർ, ഫിനാൻസ് ഓഫീസർ തുടങ്ങിയ സ്റ്റാറ്റ്യൂട്ടറി തസ്തികകളിൽ നിലവിൽ ചുമതല വഹിക്കുന്ന ജീവനക്കാർ പ്രസ്തുത തസ്തികയിൽ ചുമതലയേറ്റെടുത്ത തീയതി, ചുമതലയിൽ നിന്നും വിരമിക്കേണ്ട തീയതി എന്നീ വിശദാംശങ്ങൾ സർവകലാശാല തിരിച്ച് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത ജീവനക്കാരുടെ പേര്, ജാതി, മതം, ലിംഗം, യോഗ്യത എന്നിവയുൾപ്പെടെയുള്ള വിശദാംശം സർവ്വകലാശാല തിരിച്ച് ലഭ്യമാക്കുമോ?

(എ&ബി) വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

## അദ്ധ്യാപികയെ ഭീഷണിപ്പെടുത്തിയ സംഭവത്തിന്മേൽ നടപടി

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

276(2017) <u>ശ്രീ. റോജി എം. ജോൺ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ കേരളവർമ്മ കോളേജിൽ പൊളിറ്റിക്കൽ സയൻസ് ഗസ്റ്റ് അദ്ധ്യാപക റാങ്ക് പട്ടികയിൽ ഒന്നാം റാങ്ക് നേടിയ അദ്ധ്യാപികയെ ഇതേ കോളേജിലെ രണ്ട് അദ്ധ്യാപകർ ഭീഷണിപ്പെടുത്തിയതായി പറയപ്പെടുന്ന സംഭവത്തെക്കുറിച്ചുള്ള 20-11-2022-ലെ പത്രവാർത്ത ശ്രദ്ധയിൽപ്പെട്ടിരുന്നോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത സംഭവത്തിൽ സർക്കാർ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

(എ &ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) പ്രസ്തുത നിയമനത്തിലെ ബാഹ്യഇടപെടൽ അന്വേഷിക്കണമെന്നാവശ്യപ്പെട്ട് കോളേജ് അധികാരികൾക്ക് പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ, പ്രസ്തുത പരാതിയുടെ പകർപ്പ് ലഭ്യമാക്കുമോ; സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(ഡി) ഇത്തരം സംഭവങ്ങൾ തടയുന്നതിന് സർക്കാർ സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ?

(സി&ഡി) പൊളിറ്റിക്കൽ സയൻസ് വിഭാഗം അതിഥി അദ്ധ്യാപകരുടെ നിയമനം സംബന്ധിച്ച് ശ്രീ. അജിത് ഇ.എ. സമർപ്പിച്ച പരാതിയിന്മേൽ തൃശ്ശൂർ കോളേജ് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറുടെ അന്വേഷണം നടക്കുന്നു. പരാതിയുടെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.+

## അന്താരാഷ്ട്ര സ്പോർട്സ് ഇൻസ്റ്റിറ്റ്യൂട്ട്

277(2018) <u>ശ്രീ. പി. അബ്ദുൽ ഹമീദ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ)കാലിക്കറ്റ് സർവ്വകലാശാല ആസ്ഥാനമാക്കി ആരംഭിക്കുന്ന സംസ്ഥാനത്തെ ആദ്യ അന്താരാഷ്ട്ര സ്പോർട്സ് ഇൻസ്റ്റിറ്റ്യൂട്ട് പ്രവർത്തനമാരംഭിച്ചിട്ടുണ്ടോ; ഇതിനായി അനുവദിച്ചിട്ടുള്ള

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

തുകയെത്രയെന്ന് വ്യക്തമാക്കുമോ; ഭരണാനുമതി ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ?

ഇല്ല. ഭരണാനുമതി നൽകിയിട്ടില്ല.

(ബി) പ്രസ്തുത ഇൻസ്റ്റിറ്റ്യൂട്ട് ആരംഭിക്കുന്നതിന് മുന്നോടിയായി കാലിക്കറ്റ് സർവ്വകലാശാലയും സ്പോർട്സ് കേരള ഫൗണ്ടേഷനും തമ്മിൽ ഏതെങ്കിലും തരത്തിലുള്ള ധാരണാപത്രത്തിൽ ഒപ്പുവച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ?

ധാരണാപത്രത്തിൽ ഏർപ്പെട്ടിട്ടില്ല.

(സി)ഇതിനുവേണ്ടി കാലിക്കറ്റ് സർവ്വകലാശാലയും സ്പോർട്സ് കേരള ഫൗണ്ടേഷനും സംയുക്തമായി നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; ഇതുമായി ബന്ധപ്പെട്ട് സംയുക്ത സ്ഥലപരിശോധന നടത്തിയിട്ടുണ്ടോയെന്നും ആയതിൽ പങ്കെടുത്തവർക്ക് അറിയിപ്പ് നൽകിയതാരാണെന്നും അറിയിക്കുമോ; അറിയിപ്പ് നൽകിയ രേഖകളുടെ പകർപ്പും പങ്കെടുക്കേണ്ടവരെ നിശ്ചയിച്ച നടപടിക്രമങ്ങളുടെ പകർപ്പും ലഭ്യമാക്കുമോ;

(ഡി) പ്രസ്തുത ഇൻസ്റ്റിറ്റ്യൂട്ട് ആരംഭിക്കുന്നതിന്റെ ഭാഗമായി കാലിക്കറ്റ് സർവ്വകലാശാല നടത്തിയിട്ടുള്ള പ്രവർത്തനങ്ങളുടെ വിശദാംശം ലഭ്യമാക്കുമോ; പ്രസ്തുത വിഷയവുമായി കാലിക്കറ്റ് സർവ്വകലാശാല നടത്തിയ കത്തിടപാടുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ?

(സി&ഡി) സ്പോർട്സ് കേരള ഫൗണ്ടേഷനിലെ ചീഫ് എഞ്ചിനീയർ പ്രാഥമിക സ്ഥലപരിശോധന നടത്തുകയുണ്ടായി.

**കാലിക്കറ്റ് യൂണിവേഴ്സിറ്റിയിലെ അദ്ധ്യാപക നിയമനം**

278(2019) ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.എ-II/സി1/156687/2019/അഡ്മിൻ dtd. 31-12-2019, ജി.എ-II/സി1/162156/2019/അഡ്മിൻ dtd.31-12-2019, ജി.എ -II/C1/104750/2019/അഡ്മിൻ dtd.31-12-2019 എന്നീ നോട്ടിഫിക്കേഷനുകൾ പ്രകാരം കാലിക്കറ്റ് യൂണിവേഴ്സിറ്റിയിലെ അസിസ്റ്റന്റ് പ്രൊഫസർ, അസോസിയേറ്റ് പ്രൊഫസർ, പ്രൊഫസർ

തസ്തികകളിലേയ്ക്ക് നടത്തിയ സ്ഥിര അദ്ധ്യാപക നിയമനങ്ങളുടെ സംവരണ റൊട്ടേഷൻ ചാർട്ട്, ഡേറ്റ് ഓഫ് ഒക്കറൻസ് ഓഫ് വേക്കൻസി എന്നിവ ലഭ്യമാക്കുമോ?

KS&SSR പ്രകാരമുള്ളതും കേരള പി.എസ്.സി. പിന്തുടരുന്നതുമായ സംവരണ റൊട്ടേഷൻ ചാർട്ടാണ് കാലിക്കറ്റ് സർവ്വകലാശാല ഉപയോഗിക്കുന്നത്.

31-12-2019-ലെ ജി.എ.-II സി1/156687/2019 വിജ്ഞാപന പ്രകാരമുള്ള അസിസ്റ്റന്റ് പ്രൊഫസർ തസ്തികകളിലേയ്ക്ക് നടത്തിയ സ്ഥിര അദ്ധ്യാപക നിയമനങ്ങളുടെ ഡേറ്റ് ഓഫ് ഒക്കറൻസ് ഓഫ് വേക്കൻസി അനുബന്ധമായി ചേർക്കുന്നു.+

നിയമന പ്രക്രിയ പൂർത്തിയായിട്ടില്ലാത്തതിനാൽ 31-12-2019-ന് അദ്ധ്യാപക നിയമനത്തിനായി ഇറക്കിയ ജി.എ.-II സി1/162156/2019/എ.ഡി.എം.എൻ., ജി.എ.-II സി1/104750/2019/ എ.ഡി.എം.എൻ. എന്നീ വിജ്ഞാപനപ്രകാരമുള്ള ഡേറ്റ് ഓഫ് ഒക്കറൻസ് ഓഫ് വേക്കൻസി, WP(C)Nos.9785 of 2015-W, 17961

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

of 2015-U, 18659 of 2015-F and 18797 of 2015-Y പ്രകാരം നൽകാൻ സാധിക്കാത്തതാവുന്നു. ഇതുസംബന്ധിച്ച രേഖകൾ കോടതിയുടെ പരിഗണനയിലാണ്.

(ബി) പ്രസ്തുത യൂണിവേഴ്സിറ്റിയിൽ 01-01-2016 മുതൽ 25-11-2022 വരെയുള്ള കാലയളവിൽ ഭിന്നശേഷി വിഭാഗക്കാർക്കും പിന്നാക്ക സമുദായങ്ങൾക്കുമുള്ള സംവരണ ബാക്ക്‌ലോഗ് എത്രയെന്ന് അറിയിക്കുമോ;

(സി) പ്രസ്തുത കാലയളവിൽ സ്ഥിര അദ്ധ്യാപക തസ്തികകളിലേയ്ക്ക് നടത്തിയ സംവരണ ബാക്ക്‌ലോഗ് നിയമനങ്ങളുടെ വിശദാംശം ലഭ്യമാക്കുമോ?

(ബി&സി) 01-01-2016 മുതൽ 25-11-2022 വരെയുള്ള കാലയളവിൽ കാലിക്കറ്റ് സർവ്വകലാശാലയിൽ സംവരണ ബാക്ക്‌ലോഗില്ല.

(ഡി) പ്രസ്തുത ബാക്ക്‌ലോഗ് നികത്തിയിട്ടില്ലെങ്കിൽ കാരണം വ്യക്തമാക്കുമോ?

ബാക്ക്‌ലോഗ് നികത്താനായി ഇറക്കിയ 2015-ലെ വിജ്ഞാപനം WP(C)Nos.9785 of 2015-W, 17961 of 2015-U, 18659 of 2015-F & 18797 of 2015-Y എന്നിവയിലെ 03-02-2016-ലെ ഹൈക്കോടതിവിധി പ്രകാരം റദ്ദ് ചെയ്യപ്പെടുകയും പുതിയ വിജ്ഞാപനമിറക്കാൻ കോടതി സർവ്വകലാശാലയോട് ആവശ്യപ്പെടുകയും ചെയ്തു. മുമ്പ് ഡിപ്പാർട്ടുമെന്റുകൾ ഓരോന്നും വെവ്വേറെ യൂണിറ്റായെടുത്താണ് സർവ്വകലാശാലയിൽ നിയമനം നടത്തിയത്. എന്നാൽ University Laws (Second Amendment) Act 2014, യു.ജി.സി.-യുടെ 08-03-2019-ലെ F1-5 2006 (SCT) നമ്പർ കത്തിലൂടെ നൽകിയ നിർദ്ദേശം, 9785 of 2015-W, 17961 of 2015-U, 18659 of 2015-F and 18797 of 2015-Y, 03-02-2016-ലെ ഹൈക്കോടതി വിധി എന്നിവയുടെ അടിസ്ഥാനത്തിൽ സർവ്വകലാശാല ഒറ്റയൂണിറ്റായി പരിഗണിച്ച് സംവരണക്രമം നടപ്പിലാക്കുകയാണ് ചെയ്തിട്ടുള്ളത്. ഈ കോടതിവിധിയുടെ അടിസ്ഥാനത്തിൽ 31-12-2019-ൽ ഇറക്കിയ വിജ്ഞാപനത്തിലൂടെയുണ്ടായ അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിലെ 10 NCA ഒഴിവുകൾ ഉടൻതന്നെ നികത്തുന്നതാണ്.

(ഇ) പ്രസ്തുത സർവ്വകലാശാലയിലെ വിവിധ പഠന വകുപ്പുകളിൽ 01-01-2000 മുതൽ 01-11-2022 വരെയുള്ള കാലയളവിൽ നേരിട്ട് പ്രൊഫസറായി നിയമനം കിട്ടിയവർ ആരൊക്കെയെന്നും അതിൽ എത്രപേർ വിരമിച്ചുവെന്നും വിരമിക്കൽ തീയതി സഹിതം അറിയിക്കുമോ?

വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

**കാലിക്കറ്റ് സർവ്വകലാശാലയിലെ ഡീൻ ഓഫ് സ്റ്റുഡന്റ്സ് വെൽഫെയർ തസ്തിക**

279(2020) <u>ശ്രീ. ടി. വി. ഇബ്രാഹിം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലിക്കറ്റ് സർവ്വകലാശാലയിൽ നിലവിലുള്ള ഡീൻ ഓഫ് സ്റ്റുഡൻസ് വെൽഫെയർ തസ്തികയിൽ നിയമനം ലഭിക്കുന്നതിനാവശ്യമായ അടിസ്ഥാന-അഭിലഷണീയ യോഗ്യതകൾ എന്തെല്ലാമെന്ന് അറിയിക്കുമോ; ഇതുമായി ബന്ധപ്പെട്ട സർവ്വകലാശാലാ ചട്ടങ്ങളുടെ പകർപ്പുകൾ ലഭ്യമാക്കുമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അടിസ്ഥാന - അഭിലഷണീയ യോഗ്യതകൾ

1. First or Second Class Masters Degree
2. 10 years administrative or professional experience of which 5 years shall be teaching experience in a first grade college.

<u>Desirable</u>:

1. Qualification and experience in students Counselling and guidance.
2. Experience in Youth Welfare activities.

സർവ്വകലാശാല ചട്ടത്തിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.+

(ബി) കോളേജദ്ധ്യാപക തസ്തികയിലെ താല്ക്കാലിക/ലീവ് വേക്കൻസി/അഡ്ഹോക് സർവ്വീസുകൾ പ്രസ്തുത തസ്തികയ്ക്കുള്ള അദ്ധ്യാപന പരിചയത്തിനുള്ള യോഗ്യതയായി പരിഗണിക്കുമോ; ബന്ധപ്പെട്ട സർവ്വകലാശാലാ ചട്ടങ്ങളുടെ പകർപ്പുകൾ ലഭ്യമാക്കുമോ?

കാലിക്കറ്റ് സർവ്വകലാശാലയിലെ ഡീൻ, സ്റ്റുഡന്റ്സ് വെൽഫെയർ തസ്തികയിലേയ്ക്ക് തെരഞ്ഞെടുപ്പ് പ്രക്രിയയിൽ അദ്ധ്യാപന പരിചയം

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കണക്കാക്കുന്നത് സംബന്ധിച്ച് കാലിക്കറ്റ് സർവ്വകലാശാല ചട്ടങ്ങളിൽ പ്രത്യേകം നിഷ്കർഷിച്ചിട്ടുള്ളതായി കാണുന്നില്ല. ആയതിനാൽ ഇത്തരം തസ്തികകളിലേയ്ക്കുള്ള നിയമനങ്ങളിൽ അതത് സെലക്ഷൻ കമ്മിറ്റിയാണ് യുക്തമായ തീരുമാനം കൈക്കൊള്ളുന്നത്.

(സി) പ്രസ്തുത തസ്തികയിൽ നാളിതുവരെ നിയമിക്കപ്പെട്ട എല്ലാജീവനക്കാരുടെയും വിശദാംശം നിയമനം ലഭിക്കുന്നതിന് അവർ സമർപ്പിച്ച അപേക്ഷയിലും മറ്റനുബന്ധരേഖകളിലും അവകാശപ്പെട്ട യോഗ്യതകളും അദ്ധ്യാപന പരിചയത്തിന് തെളിവായി സമർപ്പിച്ച രേഖകളും ഏതെല്ലാമായിരുന്നുവെന്ന് പകർപ്പുകൾ സഹിതം വിശദമാക്കുമോ?

കാലിക്കറ്റ് സർവ്വകലാശാലയിൽ ഡീൻ ഓഫ് സ്റ്റുഡന്റ്സ് വെൽഫെയർ തസ്തികയിൽ നിയമിക്കപ്പെട്ട ജീവനക്കാർ:

പ്രൊ. വി. എം. അനിയൻ - 25-06-1987 മുതൽ 31-03-2002 വരെ (30 വർഷത്തിലധികം പഴക്കമുള്ള അപേക്ഷകളാണ് ആവശ്യപ്പെട്ടിരിക്കുന്നത്), ആയത് സർവ്വകലാശാലയിൽ സൂക്ഷിച്ചിട്ടുള്ളതായി കാണുന്നില്ല.

ശ്രീ. വി. രാജഗോപാലൻ– 18-06-2002 മുതൽ 31-07-2007 വരെ

(പകർപ്പ് അനുബന്ധമായി ചേർക്കുന്നു.+)

ശ്രീ. വൽസരാജൻ, പുത്തംവീട്ടിൽ – 27-03-2008 മുതൽ 31-10-2020 വരെ

(പകർപ്പ് അനുബന്ധമായി ചേർക്കുന്നു.+)

(ഡി)പ്രസ്തുത തസ്തികയിൽ നിന്നും വിരമിച്ച ജീവനക്കാർ തങ്ങളുടെ മുൻകാലസേവനം, കാലിക്കറ്റ് സർവ്വകലാശാലയിൽ പെൻഷനാനുകൂല്യങ്ങൾക്ക് പരിഗണിക്കണമെന്നാവശ്യപ്പെട്ട് സമർപ്പിച്ച അപേക്ഷകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ; ഇതുസംബന്ധിച്ച് സർവ്വകലാശാല സർക്കാരിൽ നിന്നോ സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നോ അഭിപ്രായം ആരാഞ്ഞിട്ടുണ്ടോ; വിശദമാക്കുമോ; അപ്രകാരം നൽകിയ കത്തുകളുടെയും അതിനുലഭിച്ച മറുപടികളുടെയും പകർപ്പുകൾ ലഭ്യമാക്കുമോ?

പ്രസ്തുത തസ്തികയിൽ നിന്ന് വിരമിച്ച ശ്രീ. വൽസരാജൻ, പുത്തംവീട്ടിൽ മുൻകാല സേവനം കാലിക്കറ്റ് സർവ്വകലാശാലയിൽ പെൻഷനാനുകൂല്യങ്ങൾക്ക് പരിഗണിക്കണമെന്നാവശ്യപ്പെട്ട് അപേക്ഷ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സമർപ്പിച്ചിട്ടുണ്ട്. അപേക്ഷയുടെയും അനുബന്ധരേഖകളുടെയും പകർപ്പ് അനുബന്ധമായി ചേർക്കുന്നു.+

(ഇ) പ്രസ്തുത തസ്തികയിൽ നിന്നും വിരമിച്ച ജീവനക്കാരന്റെ ലക്ചറർ തസ്തികയിലെ മുൻകാല അഡ്ഹോക് സേവനം കാലിക്കറ്റ് സർവ്വകലാശാലയിൽ പെൻഷൻ ആനുകൂല്യങ്ങൾക്ക് പരിഗണിക്കുന്നതിന് സർവ്വകലാശാല സിൻഡിക്കേറ്റ്, സിൻഡിക്കേറ്റ് സ്റ്റാൻഡിംഗ് കമ്മിറ്റി ഓൺ സ്റ്റാഫ് എന്നിവ തീരുമാനമെടുത്തിട്ടുണ്ടോയെന്ന് വിശദമാക്കുമോ; എങ്കിൽ പ്രസ്തുത തീരുമാനങ്ങൾ, സർവ്വകലാശാല ഉത്തരവുകൾ എന്നിവയുടെയും ആയതിനാധാരമായ സർവ്വകലാശാല ചട്ടങ്ങൾ, സർക്കാർ ഉത്തരവുകൾ, കോടതി ഉത്തരവുകൾ എന്നിവയുടെയും പകർപ്പുകളുൾപ്പെടെയുള്ള വിശദാംശം ലഭ്യമാക്കുമോ?

പ്രസ്തുത വിഷയത്തിൽ തീരുമാനമെടുത്ത സർവ്വകലാശാല സിൻഡിക്കേറ്റ്, സിൻഡിക്കേറ്റ് സ്റ്റാൻഡിംഗ് കമ്മിറ്റി ഓൺ സ്റ്റാഫ് എന്നിവയുടെ മിനിട്ട്സിന്റെ പകർപ്പ്, സിൻഡിക്കേറ്റ് തീരുമാനം

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നടപ്പുവരുത്തിക്കൊണ്ടുള്ള സർവ്വകലാശാല ഉത്തരവിന്റെ പകർപ്പ് എന്നിവ അനുബന്ധമായി ചേർക്കുന്നു.+

(എഫ്) 27-02-2020-ലെ യു.ജി.സി.-യുടെ എഫ് 17-7/2013(പി.എസ്./മിസ്സ്) പിടി.എഫ്-1 നമ്പർ കത്തിൽ അദ്ധ്യാപകരുടെ മുൻകാല താല്ക്കാലിക/ലീവ് വേക്കൻസി/അഡ്-ഹോക് സർവ്വീസുകൾ പെൻഷന് പരിഗണിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ; എങ്കിൽ പ്രസ്തുത കത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ?

യു.ജി.സി.-യുടെ എഫ് 17-7/2013(പി.എസ്./മിസ്സ്) പിടി.എഫ്-1 നമ്പർ കത്തിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.+

## പ്രവേശന പരീക്ഷാ കമ്മീഷണറുടെ ഓഫീസ് ആധുനികവൽക്കരണം

280(2021) <u>ശ്രീമതി ശാന്തകുമാരി കെ.</u>: താഴെ കാണുന്ന ചോദ്യത്തിന് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രവേശനപരീക്ഷാ കമ്മീഷണറുടെ ഓഫീസ് ആധുനികവൽക്കരിക്കുന്നതിനും അലോട്ട്മെന്റ് പ്രക്രിയ ലളിതമാക്കുന്നതിനുംവേണ്ട നടപടി പരിഗണനയിലുണ്ടോ; എങ്കിൽ, വിശദാംശം ലഭ്യമാക്കുമോ?

പ്രവേശനനടപടികൾ സുഗമമാക്കുന്നതിനും കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുമായി KEAM പ്രവേശന പരീക്ഷാ നടത്തിപ്പിനായി Computer Based Test (ഓൺലൈൻ പരീക്ഷ) ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. കൂടാതെ, പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം ആധുനികസൗകര്യങ്ങളോടുകൂടി തിരുവനന്തപുരം തമ്പാനൂരിലുള്ള KSRTC ബസ് ടെർമിനൽ complex-ലേയ്ക്ക് മാറ്റുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

**അസാപിന്റെ പ്രവർത്തനങ്ങൾ**

281(2022) ശ്രീ. പി. പി. ചിത്തരഞ്ജൻ.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ മണ്ഡലത്തിൽ അസാപിനായി നിർമ്മാണം പൂർത്തീകരിച്ച ആസ്ഥാനമന്ദിരത്തിൽ പ്രവർത്തനമാരംഭിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

ആലപ്പുഴ മണ്ഡലത്തിൽ അസാപ്-നായി നിർമ്മാണം പൂർത്തീകരിച്ച കമ്മ്യൂണിറ്റി സ്കിൽ പാർക്കിന്റെ പ്രവർത്തനങ്ങളാരംഭിക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സ്കിൽ പാർക്കിന്റെ ഉദ്ഘാടനം 2022 ഡിസംബർ മാസം നടത്തുവാനാണുദ്ദേശിക്കുന്നത്. ഉദ്ഘാടനത്തോടുകൂടി ആദ്യ പരിശീലനവും ആരംഭിക്കുവാനുദ്ദേശിക്കുന്നു. അസാപ്-ന്റെ പരിശീലന പങ്കാളിയായ ബോണ്ട് വാട്ടർ സ്പോർട്സുമായി സഹകരിച്ച് ഡൈവ് മാസ്റ്റർ കോഴ്സും അസാപ്-ന്റെ തന്നെ കോഴ്സുകളായ കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് ട്രെയിനർ, ക്രാഫ്റ്റ് ബേക്കർ, മൊബൈൽ ഫോൺ ഹാർഡ്‌വെയർ റിപ്പയർ ടെക്നീഷ്യൻ എന്നീ കോഴ്സുകളും ആരംഭിക്കുവാൻ ലക്ഷ്യമിടുന്നു.

(ബി) പ്രസ്തുത സ്ഥാപനത്തിൽ ക്ലാസ്സുകൾ നടത്താനാവശ്യമായ ഭൗതികസാഹചര്യങ്ങൾ ഉറപ്പു വരുത്തിയിട്ടുണ്ടോ?

ക്ലാസ്സുകൾ തുടങ്ങുന്നമുറയ്ക്ക് ക്ലാസ്സ്റൂം സൗകര്യങ്ങളും ലാബ് സജ്ജീകരണങ്ങളും പൂർത്തീകരിക്കുവാനാണ് ലക്ഷ്യമിടുന്നത്.

(സി)ജില്ലാ പഞ്ചായത്തുമായി സഹകരിച്ചുള്ള കോഴ്സുകൾ നടത്തുന്നതിന് അസാപ് സ്വീകരിച്ച നടപടി വ്യക്തമാക്കുമോ?

ആലപ്പുഴ ജില്ലാപഞ്ചായത്ത് സ്ത്രീശാക്തീകരണ പദ്ധതിയുടെ ഭാഗമായി അസാപ്-നെയും കുടുംബശ്രീയെയുമുൾപ്പെടുത്തി 30 ലക്ഷം രൂപ ഈ സാമ്പത്തികവർഷം വകയിരുത്തിയിട്ടുണ്ട്. ഇതിൽ 10 ലക്ഷം രൂപ അസാപ്-ലൂടെ വിവിധ നൈപുണ്യ പരിശീലന കോഴ്സുകൾ നടപ്പിലാക്കുന്നതിലേയ്ക്കാണ് വകയിരുത്തിയിരിക്കുന്നത്. ഈ പദ്ധതിയുടെ ഭാഗമായി ക്രാഫ്റ്റ് ബേക്കർ, ഫിറ്റ്നസ് ട്രെയിനർ, IELTS, OET, ജാപ്പനീസ് ഭാഷാ പരിശീലനം എന്നിവ ഉൾപ്പെടുത്തിയിരിക്കുന്നു.

പ്രസ്തുത ട്രെയിനിംഗിലേയ്ക്ക് പരിശീലനാർത്ഥികളെ നോമിനേറ്റ് ചെയ്യുന്നതിനായി ജില്ലയിലെ എല്ലാ പഞ്ചായത്തുകളെയും അറിയിച്ചിട്ടുണ്ട്. പഞ്ചായത്തുകളിൽ നിന്ന് നോമിനേഷൻ ലഭിച്ചതിനുശേഷം, ബാച്ചുകളിലേയ്ക്കുള്ള പ്രവേശനം പൂർത്തിയാകുന്നമുറയ്ക്ക് പരിശീലനമാരംഭിക്കുന്നതാണ്.

(ഡി)പ്രസ്തുത സ്ഥാപനത്തിൽ കോഴ്സുകൾ നടത്തുന്നതിന് ഏതൊക്കെ പരിശീലന പങ്കാളികളുമായിട്ടാണ് കരാറിലേർപ്പെട്ടിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

1. ബോണ്ട് വാട്ടർ സ്പോർട്സ് - സ്പോർട്സ് ആൻഡ് ലെഷർ സെക്ടർ കോഴ്സുകൾ നടത്തുന്നതിനായി ഇന്റർനാഷണൽ സർട്ടിഫിക്കറ്റോടുകൂടിയ (പി.എ.ഡി.ഐ.) കോഴ്സുകൾ ഇവിടെ നൽകുന്നതാണ്.

2. നാച്വറൽസ് സ്കൂൾ ഓഫ് മേക്കപ്പ് - ബ്യൂട്ടി ആൻഡ് വെൽനസ്സ് മേഖലയിലെ പ്രമുഖരായ നാച്വറൽസിന്റെ ട്രെയിനിംഗ് ഡിവിഷനായ നാച്വറൽസ് സ്കൂൾ ഓഫ് മേക്കപ്പുമായി സഹകരിച്ച് വിവിധ കോഴ്സുകൾ അവതരിപ്പിക്കും. നാച്വറൽസിന്റെ ഫ്രാഞ്ചൈസിയായ അസ്രീ ബ്യൂട്ടി എൽ.എൽ.പി. ആയിരിക്കും ട്രെയിനിംഗ് നടപ്പിലാക്കുന്നത്.

(ഇ) ഇതിനകം ഏതൊക്കെ കോഴ്സുകൾക്കാണ് പരിശീലനം നൽകിയതെന്നും എത്രപേർക്ക് പ്ലേസ്മെന്റ് നൽകാനായെന്നും വിശദമാക്കാമോ?

| ക്രമ | കോഴ്സ് | പരിശീലനാർത്ഥികളുടെ |
|---|---|---|

| നം. | | എണ്ണം |
|---|---|---|
| 1 | സാരി & നീഡിൽ ആർട്ടിസ്റ്റ് | 6 |
| 2 | കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് ട്രെയിനർ | 25 |
| 3 | ഫ്രഞ്ച് എ 1 | 58 |
| 4 | ജർമ്മൻ എ 1 | 29 |
| 5 | IELTS B1 | 12 |
| 6 | IELTS B2 | 14 |

ട്രെയിനീസിന് പ്ലേസ്മെന്റ് ഗ്യാരണ്ടി അസാപ് നൽകുന്നില്ല. ഭാഷാപരിശീലനത്തിന് വന്നവർക്ക് ജോലി ലഭിക്കുന്നത് അവരുടെ ബേസിക് ക്വാളിഫിക്കേഷനനുസരിച്ചാണ്. സാരി & നീഡിൽ ആർട്ടിസ്റ്റിക് കോഴ്സിൽ സംരംഭകത്വത്തിനുള്ള അവസരം അസാപ് ഒരുക്കിയിരുന്നു. എന്നാൽ ഒരു പരിശീലനാർത്ഥിയും മുന്നോട്ടുവന്നില്ല.

**അസാപ് പരിശീലന സംവിധാനം**

282(2023) <u>ശ്രീ. എ. സി. മൊയ്തീൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അസാപ് പരിശീലനത്തിന്റെ ശ്രേണി സംവിധാനം വിശദമാക്കാമോ?

തിരുവനന്തപുരത്ത് പ്രവർത്തിക്കുന്ന അസാപ് ഹെഡ് ഓഫീസ്, 14 ജില്ലകളിൽ പ്രവർത്തിക്കുന്ന ജില്ലാ യൂണിറ്റുകൾ, പ്രോഗ്രാം മാനേജർമാർ, ജില്ലയിലെ വിവിധ നൈപുണ്യ വികസന കേന്ദ്രങ്ങൾ, കമ്മ്യൂണിറ്റി സ്കിൽപാർക്കുകൾ, വിദ്യാഭ്യാസസ്ഥാപനങ്ങൾ, വിദ്യാർത്ഥികൾ എന്നിവയടങ്ങുന്നതാണ് അസാപ്-ന്റെ പരിശീലനശ്രേണി.

(ബി) ഈ സർക്കാരിന്റെ കാലത്ത് എത്ര പരിശീലനങ്ങളാണ് നടത്തിയിട്ടുള്ളതെന്ന് അറിയിക്കുമോ?

2021 മെയ് 20-നുശേഷം നടത്തിയ പരിശീലനത്തിന്റെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

## വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സ്കിൽ കോഴ്സുകളാരംഭിക്കാൻ നടപടി

283(2024) <u>ശ്രീ. പി. വി. ശ്രീനിജിൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) 2022-23 വർഷത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച പദ്ധതി പ്രകാരം വിദ്യാഭ്യാസസ്ഥാപനങ്ങളിൽ സ്കിൽ കോഴ്സുകളാരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സ്കിൽ കോഴ്സുകൾ നടത്തുന്നതിനായി അസാപ് കേരള കെ-സ്കിൽ (K-Skill) പദ്ധതി ആവിഷ്കരിച്ച് നടത്തിവരുന്നു. 2022-23 അദ്ധ്യയനവർഷത്തിൽ 4 ഘട്ടങ്ങളിലായി നൂറ്റിമുപ്പതിലധികം സ്കിൽ കോഴ്സുകളിൽ പരിശീലനം നേടാൻ വിദ്യാർത്ഥികൾക്കവസരം ലഭ്യമാണ്.

കോളേജ് വിദ്യാഭ്യാസ വകുപ്പിൽ Kerala Knowledge Economy Mission-ന്റെ "കണക്ട് കരിയർ ടു ക്യാമ്പസും", കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ "Earn While You Learn"-മായി ബന്ധപ്പെടുത്തി സ്കിൽ കോഴ്സുകളാരംഭിക്കുന്നതിനുള്ള നടപടികൾ നടന്നുവരികയാണ്.

സാങ്കേതിക വിദ്യാഭ്യാസ വകുപ്പിനുകീഴിലുള്ള സ്ഥാപനങ്ങളിൽ സ്കിൽ കോഴ്സുകളാരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറിൽ നിന്ന് ലഭ്യമായത് പരിശോധിച്ചുവരുന്നു.

(ബി) പ്രസ്തുത പദ്ധതിക്കായി വിദ്യാഭ്യാസസ്ഥാപനങ്ങൾ തെരഞ്ഞെടുക്കുന്നതിൽ മാനദണ്ഡം നിശ്ചയിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

ഒരു നിയോജകമണ്ഡലത്തിൽ ഒരു സ്ഥാപനമെന്ന നിരക്കിൽ KDISC-ഉം Kerala Knowledge Economy Mission-ഉം സംയുക്തമായി പദ്ധതി നടപ്പിലാക്കുന്നതിന് 2022-23 ബഡ്ജറ്റ് പ്രസംഗത്തിൽ വ്യക്തമാക്കിയിട്ടുണ്ട്.

**കുന്ദമംഗലത്ത് അസാപ് കമ്മ്യൂണിറ്റി സ്കിൽ പാർക്ക്**

284(2025) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്ദമംഗലത്ത് അസാപ് കമ്മ്യൂണിറ്റി സ്കിൽ പാർക്കാരംഭിക്കുന്നതുസംബന്ധിച്ച നിർദ്ദേശത്തിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) പ്രസ്തുത കേന്ദ്രം എപ്പോൾ തുടങ്ങാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ?

(എ&ബി) 2022-23 ബഡ്ജറ്റിൽ പ്രഖ്യാപിച്ച 5 ഡിസ്ട്രിക്ട് സ്കിൽ പാർക്കുകളിലൊന്ന് കുന്ദമംഗലത്ത് സ്ഥാപിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. കുന്ദമംഗലം പോലീസ് സ്റ്റേഷനുസമീപം പൊതുവിദ്യാഭ്യാസ വകുപ്പിനുകീഴിലുള്ള സ്ഥലം, സ്കിൽ പാർക്ക് നിർമ്മിക്കാനനുയോജ്യമാണെന്ന് കണ്ടെത്തുകയും ചെയ്തു. പ്രസ്തുത സ്ഥലം പൊതുവിദ്യാഭ്യാസ വകുപ്പിൽ നിന്ന് ലഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. സ്ഥലം ലഭിക്കുന്നമുറയ്ക്ക് ധനലഭ്യതകൂടി പരിഗണിച്ച് കുന്ദമംഗലത്ത് കമ്മ്യൂണിറ്റി സ്കിൽ പാർക്ക് തുടങ്ങുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

## മാരകരോഗം ബാധിച്ച നിർദ്ധന കുടുംബാംഗങ്ങളുടെ ചികിത്സയ്ക്കായുള്ള ധനസഹായം

285(2026) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാരകരോഗം ബാധിച്ച നിർദ്ധന കുടുംബാംഗങ്ങളുടെ ചികിത്സയ്ക്കായി വകുപ്പുമുഖേന ധനസഹായം നൽകുന്നതിൽ വലിയ കാലതാമസം വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. വി കെയർ പദ്ധതി പ്രകാരം ലഭിച്ച അപേക്ഷകളുടെ പരിശോധനയും മെഡിക്കൽ എക്സ്പെർട്ട് കമ്മറ്റിയുടെ റിപ്പോർട്ട് എന്നിവ പരിശോധിച്ചും ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ചും ധനസഹായം ലഭ്യമാക്കിവരുന്നു. കാൻസർ സുരക്ഷ, താലോലം തുടങ്ങിയ പദ്ധതികൾപ്രകാരവും ചികിത്സാസഹായം ലഭ്യമാക്കിവരുന്നു.

(ബി) ഇതിനായി കൂടുതൽ ബഡ്ജറ്റ് വിഹിതം ലഭ്യമാക്കുന്നതിനും തുക അനുവദിക്കുന്നതിലെ കാലതാമസമൊഴിവാക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ?

വി കെയർ പദ്ധതിക്ക് ബഡ്ജറ്റ് വിഹിതം ലഭ്യമല്ല. എന്നാൽ ബഡ്ജറ്റ് വിഹിതം ലഭ്യമായ മറ്റ് പദ്ധതികളിൽ ആവശ്യമുള്ളപക്ഷം കൂടുതൽ തുക ബഡ്ജറ്റിൽ വകയിരുത്തുന്നകാര്യം പരിശോധിക്കാവുന്നതാണ്.

(സി)ബ്ലോക്കുതലത്തിൽ വകുപ്പിന്റെ സേവനം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ബ്ലോക്കുതലത്തിൽ വകുപ്പിന്റെ സേവനം ലഭ്യമാക്കുന്നതിനുള്ള നടപടി നിലവിൽ പരിഗണനയിലില്ല.

## സ്പെഷ്യൽ സ്കൂൾ അദ്ധ്യാപകർക്ക് കുടിശ്ശിക വേതനം നൽകാൻ നടപടി

286(2027) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സവിശേഷ വിദ്യാഭ്യാസവും പരിശീലനവും നൽകുന്ന സ്പെഷ്യൽ സ്കൂളുകൾക്ക് നൽകുന്ന പാക്കേജ് വിശദമാക്കാമോ; ആയതിന്റെ നാളിതുവരെയുള്ള പുരോഗതി വിശദമാക്കാമോ?

ബൗദ്ധികവും, വികാസപരവുമായ വെല്ലുവിളികൾ നേരിടുന്ന ഭിന്നശേഷിക്കാരായ കുട്ടികൾക്കായി വിദ്യാഭ്യാസവകുപ്പിന്റെയും സാമൂഹ്യനീതി വകുപ്പിന്റെയും അംഗീകാരത്തോടെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് 10 വർഷത്തോളമായി പൊതുവിദ്യാഭ്യാസ വകുപ്പിന്റെ പ്ലാൻ ശീർഷകത്തിൽനിന്നും വർഷംതോറും ധനസഹായം അനുവദിച്ചുവരുന്നു. ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കായി പ്രവർത്തിക്കുന്ന സർക്കാർ/സ്വകാര്യ മേഖലയിലെ സ്കൂളുകളിലെ ഭൗതികവും, അക്കാദമികവുമായ പ്രശ്നങ്ങൾ

പരിഹരിക്കുന്നതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 27-11-2017-ന് ചേർന്ന യോഗത്തിൽ പ്രത്യേക പരിഗണനയർഹിക്കുന്ന കുട്ടികൾക്ക് കൂടുതൽ കരുതൽ, ജാഗ്രത, സംരക്ഷണം, പരിചരണം എന്നിവ ഉറപ്പുവരുത്തുകയും അവരുടെ ആവശ്യകതകൾ എന്തൊക്കെയാണെന്നും ഏതളവിൽ ഇവയ്ക്ക് മുൻഗണന നൽകണമെന്നുള്ളതും സുപ്രധാന ചർച്ചാവിഷയമാക്കുകയും ഇതിന്റെ അടിസ്ഥാനത്തിൽ സ്പെഷ്യൽ സ്കൂളുകൾക്കായി ഒരു സമഗ്ര പാക്കേജ് നടപ്പാക്കുന്നതിന് സർക്കാർ തീരുമാനിക്കുകയുമുണ്ടായി. 30-08-2019-ലെ സ.ഉ.(കൈ)നം.133/2019/പൊ.വി.വ., 31-03-2020-ലെ സ.ഉ.(സാധാ)നം. 1449/2020/പൊ.വി.വ. എന്നീ ഉത്തരവുകൾ പ്രകാരം പാക്കേജിനായി മാനദണ്ഡങ്ങൾ നിശ്ചയിച്ച് ഉത്തരവായിരുന്നു. പ്രസ്തുത ഉത്തരവുകളിൽ സ്കൂളുകൾക്കുവേണ്ട അടിസ്ഥാനസൗകര്യങ്ങൾ, ജീവനക്കാർക്കുവേണ്ട യോഗ്യതകൾ, അനുവദിക്കപ്പെടുന്ന തസ്തികകൾ, കുട്ടികളുടെ എണ്ണം, സ്കൂളുകൾ നൽകുന്ന സേവനങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ സ്കൂളുകളെ എ, ബി, സി, ഡി ഗ്രേഡുകളായി

തിരിച്ചുകൊണ്ട് സ്പെഷ്യൽ പാക്കേജിനുവേണ്ടിയുള്ള മാനദണ്ഡങ്ങൾ നിശ്ചയിച്ചിരുന്നു.

2019-20-ൽ സംസ്ഥാന ബഡ്ജറ്റിൽ സന്നദ്ധ സംഘടനകളും മറ്റും നടത്തുന്ന സ്പെഷ്യൽ സ്കൂളുകൾക്ക് ധനസഹായമായി 40 കോടി രൂപ വകയിരുത്തിയിരുന്നു. ആയതിൽ 38,46,54,612/- രൂപ 213 സ്കൂളുകൾക്ക് അനുവദിച്ചുനൽകി. 2020-21-ൽ 37,69,85,750/-രൂപ 317 സ്കൂളുകൾക്ക് അനുവദിച്ചുനൽകിയിരുന്നു. 2021-22 വർഷം 21,93,69,050/- രൂപ 314 സ്കൂളുകൾക്ക് അനുവദിച്ചുനൽകിയിട്ടുണ്ട്. 2022-23 വർഷം 45 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) 2015-നുശേഷം നിയമിക്കപ്പെട്ട സ്പെഷ്യൽ സ്കൂൾ അദ്ധ്യാപകർക്ക് ബിരുദം വേണമെന്ന് നിഷ്കർഷിക്കുന്ന റീഹാബിലിറ്റേഷൻ കൗൺസിൽ ഓഫ് ഇന്ത്യയുടെ നിയമത്തിനുവിരുദ്ധമായ ഉത്തരവ് പിൻവലിക്കാൻ സർക്കാർ തയ്യാറാകുമോ?

സ്പെഷ്യൽ സ്കൂൾ പാക്കേജുമായി ബന്ധപ്പെട്ട മാനദണ്ഡങ്ങൾ നിശ്ചയിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവുകൾ പുന:പരിശോധിച്ച്

നിബന്ധനകൾ പുതുക്കി നിശ്ചയിക്കുന്നതിനായി 16-08-2022-ലെ സർക്കാർ ഉത്തരവ് (സാധാ)നം.4824/2022/പൊ.വി.വ പ്രകാരം ഒരു സ്പെഷ്യൽ കമ്മിറ്റി രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. സ്പെഷ്യൽ സ്കൂൾ അദ്ധ്യാപകരുടെ യോഗ്യത സംബന്ധിച്ചുള്ള വിഷയവും പ്രസ്തുത കമ്മിറ്റിയുടെ പരിഗണനാവിഷയമാണ്.

(സി)സ്പെഷ്യൽ സ്കൂൾ അദ്ധ്യാപകർക്ക് നൽകുവാനുള്ള കുടിശ്ശിക വേതനം നൽകിയിട്ടുണ്ടോയെന്നറിയിക്കാമോ?

പൊതുവിദ്യാഭ്യാസ വകുപ്പ് സ്പെഷ്യൽ സ്കൂൾ അദ്ധ്യാപകർക്ക് നേരിട്ട് വേതനം നൽകുന്നില്ല. സ്പെഷ്യൽ സ്കൂൾ പാക്കേജിനർഹമായ സ്കൂളുകളുടെ മാനേജർമാർക്ക് ഗ്രാന്റെന്ന നിലയിലാണ് ധനസഹായം നൽകുന്നത്. ജീവനക്കാരുടെ വേതനം മാനദണ്ഡങ്ങൾക്കനുസൃതമായി മാനേജരാണ് നൽകേണ്ടത്.

കോവിഡ് 19-ന്റെ പശ്ചാത്തലത്തിൽ സ്പെഷ്യൽ സ്കൂളുകൾ 2021 ജൂൺ മുതൽ നവംബർ 30 വരെ തുറന്നുപ്രവർത്തിച്ചിട്ടില്ല. ഡിസംബർ 2021 മുതലാണ് പ്രവർത്തനമാരംഭിച്ചത്.

2021-22 സാമ്പത്തികവർഷം സ്പെഷ്യൽ സ്കൂൾ പാക്കേജ് പ്രകാരമുള്ള ധനസഹായമായി 22 കോടി രൂപയുടെ ഭരണാനുമതി നൽകിയത്. പ്ലാൻ ശീർഷകം മുഖേന ലഭ്യമായ പ്രസ്തുത 22 കോടി രൂപയിൽ നിന്നും ജീവനക്കാർക്ക് 5 മാസത്തെ ഓണറേറിയം, വിദ്യാർത്ഥികൾക്ക് യൂണിഫോമിനായി 1000/- രൂപ വീതവും, 300/- രൂപ വീതം 3 മാസത്തെ കണ്ടിജൻസി തുകയും വിതരണം ചെയ്തിട്ടുണ്ട്.

(ഡി)എല്ലാ സ്കൂളുകളിലും തെറാപ്പിസ്റ്റുകളുടെ തസ്തികയനുവദിക്കാൻ നടപടി സ്വീകരിക്കുമോ; മാനസിക വെല്ലുവിളി നേരിടുന്ന പതിനെട്ട് വയസ്സ് കഴിഞ്ഞവർക്ക് മതിയായ തൊഴിൽ പരിശീലനം നൽകുവാൻ നടപടി സ്വീകരിക്കുമോ;

(ഇ) സ്പെഷ്യൽ സ്കൂളുകൾക്ക് അശാസ്ത്രീയമായ ഗ്രേഡിംഗ് കൊണ്ടുവരികയും അതിലെ ന്യൂനതകൾ ഇനിയും പരിഹരിക്കാൻ പറ്റാത്തതുമായ അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിലിത് പരിഹരിക്കാൻ എന്ത് മാർഗ്ഗനിർദ്ദേശമാണുണ്ടായിരിക്കുന്നതെന്ന് വിശദമാക്കാമോ?

(ഡി&ഇ) സ്പെഷ്യൽ സ്കൂൾ പാക്കേജുമായി ബന്ധപ്പെട്ട മാനദണ്ഡങ്ങൾ നിശ്ചയിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവുകൾ പുന:പരിശോധിച്ച് നിബന്ധനകൾ പുതുക്കി നിശ്ചയിക്കുന്നതിനായി 16-08-2022-ലെ സ.ഉ. (സാധാ)നം.4824/2022/പൊ.വി.വ പ്രകാരം ഒരു സ്പെഷ്യൽ കമ്മിറ്റി രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. റിപ്പോർട്ട് ലഭിച്ചശേഷം പരിശോധിക്കുന്നതാണ്.

**മോഡൽ ഡിറ്റൻഷൻ മാന്വൽ പ്രകാരം സ്വീകരിച്ച നടപടികൾ**

287(2028) ശ്രീ. ടി. സിദ്ദിഖ്:
ശ്രീമതി കെ. കെ. രമ:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ)രാജ്യത്ത് ഡിറ്റൻഷൻ സെന്ററടക്കം സ്ഥാപിക്കാൻ കേന്ദ്ര സർക്കാർ പ്രസിദ്ധീകരിച്ച മോഡൽ ഡിറ്റൻഷൻ മാന്വൽപ്രകാരം സംസ്ഥാനത്ത് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

നൈജീരിയൻ സ്വദേശികളായ രണ്ടുപേർ ഫയൽ ചെയ്ത കേസിൽ ബഹുമാനപ്പെട്ട കേരള ഹൈക്കോടതി പുറപ്പെടുവിച്ച ഇടക്കാല ഉത്തരവ് പാലിക്കുന്നതുമായി ബന്ധപ്പെട്ട് അനധികൃതമായി രാജ്യത്ത് പ്രവേശിക്കുന്ന വിദേശികളെയും, പാസ്പോർട്ട് കാലാവധിക്കുശേഷവും/ വിസ കാലാവധി തീർന്നശേഷവും അനധികൃതമായി രാജ്യത്ത് തുടരുന്ന വിദേശികളെയും, ശിക്ഷാ കാലാവധി കഴിഞ്ഞോ, പരോളിലോ ജയിൽ മോചിതരാകുന്നവരും, മറ്റുവിധത്തിൽ സംരക്ഷണം ആവശ്യപ്പെടുന്നവരുമായ വിദേശപൗരന്മാർക്ക് താല്ക്കാലികമായി താമസിക്കാനുള്ള സൗകര്യത്തിനായി സംസ്ഥാനത്ത് സാമൂഹ്യനീതി വകുപ്പിനുകീഴിൽ ട്രാൻസിറ്റ് ഹോം പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാർ പ്രസിദ്ധീകരിച്ച മോഡൽ ഡിറ്റൻഷൻ മാന്വലിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയതും 03-09-2022-ലെ സ. ഉ. (കൈ) നം. 10/2022/സാ.നീ.വ. പ്രകാരം അംഗീകരിച്ചതുമായ മാർഗ്ഗരേഖപ്രകാരമാണ് പ്രസ്തുത സ്ഥാപനം പ്രവർത്തിച്ചുവരുന്നത്.

(ബി) ഇതുസംബന്ധിച്ച് സാമൂഹ്യനീതി വകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

ബഹുമാനപ്പെട്ട കേരള ഹൈക്കോടതി വിധി നടപ്പിലാക്കുന്നതിന്റെ ഭാഗമായി സാമൂഹ്യനീതി വകുപ്പിനുകീഴിൽ ട്രാൻസിറ്റ് ഹോം ആരംഭിക്കുന്നതിന് സാമൂഹ്യനീതി വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകിക്കൊണ്ടും, കരട് മാർഗ്ഗരേഖ അംഗീകരിച്ചുകൊണ്ടും 03-09-2022 -ലെ സ. ഉ. (കൈ) നം. 10/2022/സാ.നീ.വ നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) എങ്കിൽ പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

കൊല്ലം ജില്ലയിൽ കൊട്ടിയത്ത് അനുയോജ്യമായ ഒരു കെട്ടിടം കണ്ടെത്തിയതിനെത്തുടർന്ന് സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ കെട്ടിട ഉടമസ്ഥനുമായി കരാറിലേർപ്പെടുകയും ആവശ്യമായ അടിസ്ഥാനസൗകര്യങ്ങൾ ക്രമീകരിച്ചും, മാർഗ്ഗരേഖ പ്രകാരമുള്ള ജീവനക്കാരെ നിയോഗിച്ചും ട്രാൻസിറ്റ് ഹോമിന്റെ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.

**കേരള സാമൂഹ്യ സുരക്ഷാ മിഷൻ**

288(2029) <u>ശ്രീ. ടി. പി. രാമകൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ എൻഡോസൾഫാൻ ദുരിതബാധിത മേഖലയിൽ പ്രവർത്തിക്കുന്ന ബഡ്സ് സ്കൂളുകളുടെ നടത്തിപ്പ് കേരള സാമൂഹ്യ സുരക്ഷാ മിഷനെ ഏൽപ്പിക്കാനുദ്ദേശിക്കുന്നുണ്ടോ?

കാസർഗോഡ് ജില്ലയിൽ എൻഡോസൾഫാൻ ദുരിതമേഖലയിൽ ആദ്യഘട്ടമായി പണി പൂർത്തീകരിച്ച മുളിയാർ, കുമ്പടജെ, കാറഡുക്ക, ബെള്ളൂർ, കയ്യൂർ-ചീമേനി എന്നീ ബഡ്സ് സ്കൂളുകളെ സാമൂഹ്യനീതി വകുപ്പ് ഏറ്റെടുത്ത് അവ മാതൃകാശിശു പുനരധിവാസ കേന്ദ്രങ്ങളാക്കി ഉയർത്തുന്നതിനുള്ള തുടർപ്രവർത്തനങ്ങൾക്കായി കേരള സാമൂഹ്യ സുരക്ഷാ മിഷനെ ഏൽപ്പിച്ചുകൊണ്ട് സാമൂഹ്യനീതി വകുപ്പിന്റെ 11-02-2020-ലെ സ.ഉ (സാധാ)നം.70/2020/സാ.നീ.വ പ്രകാരം ഉത്തരവായിരുന്നു. കൂടാതെ മഹാത്മ മോഡൽ ബഡ്സ് സ്കൂളായ പുല്ലൂർ-പെരിയയും കേരള സാമൂഹ്യ സുരക്ഷാ മിഷൻ ഏറ്റെടുത്തിട്ടുണ്ട്.

(ബി) പ്രസ്തുത മേഖലയിൽ പ്രവർത്തിക്കുന്ന എത്ര സ്കൂളുകൾ നിലവിൽ കേരള സാമൂഹ്യ സുരക്ഷാ മിഷൻ ഏറ്റെടുത്തിട്ടുണ്ടെന്ന് അറിയിക്കാമോ?

നിലവിൽ 6 ബഡ്സ് സ്കൂളുകൾ കേരള സാമൂഹ്യ സുരക്ഷാ മിഷൻ ഏറ്റെടുത്തിട്ടുണ്ട്.

(സി)കേരള സാമൂഹ്യ സുരക്ഷാ മിഷൻ ഏറ്റെടുത്തിട്ടുള്ള ബഡ്സ് സ്കൂളുകൾ മോഡൽ റെസിഡൻഷ്യൽ സെന്ററുകളാക്കി മാറ്റുന്നതിന് പദ്ധതിയുണ്ടോ?

ഉണ്ട്. മുളിയാർ, കുമ്പടജെ, കാറഡുക്ക, ബെള്ളൂർ, കയ്യൂർ-ചീമേനി, പുല്ലൂർ-പെരിയ എന്നീ 6 ബഡ്സ് സ്കൂളുകളും സാമൂഹ്യനീതി വകുപ്പ് ഏറ്റെടുത്ത് മാതൃകാശിശു പുനരധിവാസകേന്ദ്രങ്ങളാക്കി ഉയർത്തുന്നതിനുള്ള തുടർപ്രവർത്തനങ്ങൾ കേരള സാമൂഹ്യ സുരക്ഷാ മിഷനെ ഏൽപ്പിച്ചുകൊണ്ട് 11-02-2020-ലെ സ. ഉ. (സാധാ) നം. 70/2020/സാ.നീ.വ. പ്രകാരം ഉത്തരവായിട്ടുണ്ട്. കൂടാതെ എൻമകജെ, പനത്തടി, കള്ളാർ, ബദിയടുക്ക എന്നീ 4 ബഡ്സ് സ്കൂളുകളെ

സാമൂഹ്യനീതി വകുപ്പ് ഏറ്റെടുത്ത് കേരള സാമൂഹ്യ സുരക്ഷാ മിഷനെ ഏൽപ്പിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

## സാമൂഹ്യനീതി വകുപ്പ് നടപ്പിലാക്കുന്ന വിവിധ പദ്ധതികൾ

289(2030) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യത്തിന് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സാമൂഹ്യനീതി വകുപ്പ് നടപ്പിലാക്കുന്ന വിവിധ പദ്ധതികളുടെ വിശദവിവരം ലഭ്യമാക്കുമോ?

സാമൂഹ്യനീതി വകുപ്പ് നടപ്പിലാക്കുന്ന വിവിധ പദ്ധതികളുടെ വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.+

## സാമൂഹ്യ സുരക്ഷാ മിഷൻ ഫണ്ട് സമാഹരണം

290(2031) ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) കോവിഡ് പ്രതിരോധപ്രവർത്തനങ്ങളുടെ ഭാഗമായി സാമൂഹ്യ സുരക്ഷാ മിഷൻ ഏതൊക്കെ സ്ഥാപനങ്ങളിൽനിന്നും ഫണ്ട് സമാഹരിച്ചുവെന്ന് വിശദമാക്കുമോ; സമാഹരിച്ച തുക എങ്ങനെ വിനിയോഗിച്ചുവെന്ന് വ്യക്തമാക്കുമോ?

കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്നും ഫണ്ട് ലഭിച്ചിട്ടുണ്ട്.

| | |
|---|---|
| Federal Bank | 20,00,000/- |
| National Backward Classes Finance and Development Corporation | 4,34,650/- |
| National Scheduled Caste Finance and Development Corporation | 3,44,960/- |
| State Bank of India | 5,00,000/- |
| Kerala State Beverages Corporation | 2,00,000/- |
| National Health Mission | 15,00,000/- |

കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായ പദ്ധതികളുടെ നടത്തിപ്പിനായി ടി തുക വിനിയോഗിച്ചു. Break the chain activities, Covid activities in reverse Quarantine Centre, Grand Kerala and Grand Care related activities, Covid Activities in Old age home, IEC Covid Activities.

(ബി) ഫണ്ട് സമാഹരിച്ചതിന്റെ രസീതി ലഭ്യമാക്കുമോ?

മിഷന്റെ ബാങ്ക് അക്കൗണ്ടിലേയ്ക്കാണ് ടി തുകകൾ ലഭിച്ചത്. ഫണ്ട് ലഭിച്ചതിന്റെ ഡീറ്റെയിൽഡ് സ്റ്റേറ്റ്മെന്റ് അനുബന്ധമായി ചേർക്കുന്നു.+

(സി) സാമൂഹ്യ സുരക്ഷാ മിഷൻ പൊതുമേഖലാ/സ്വകാര്യ സ്ഥാപനങ്ങളിൽ നിന്നും ഫണ്ട് സമാഹരിക്കുന്നത് നിയമാനുസൃതമാണോയെന്ന് വ്യക്തമാക്കുമോ; ഇതുസംബന്ധിച്ച വ്യവസ്ഥകളുടെ രേഖകൾ ലഭ്യമാക്കുമോ?

കേരള സാമൂഹ്യ സുരക്ഷാ മിഷന്റെ ബൈലോ/MOA പ്രകാരം പൊതുമേഖലാ/സ്വകാര്യ സ്ഥാപനങ്ങളിൽ നിന്നും ഫണ്ട് സമാഹരിക്കുന്നതിന് തടസ്സമില്ല.

## കോഴിക്കോട് ജില്ലയിൽ സാമൂഹ്യനീതി വകുപ്പ് നടപ്പിലാക്കിവരുന്ന പദ്ധതികൾ

291(2032) <u>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) കോഴിക്കോട് ജില്ലയിൽ വകുപ്പിനുകീഴിൽ നടപ്പിലാക്കിവരുന്ന പദ്ധതികളും അവയ്ക്കനുവദിച്ച തുകയും സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

കോഴിക്കോട് ജില്ലയിൽ സാമൂഹ്യനീതി ഡയറക്ടറേറ്റിനുകീഴിൽ നടപ്പിലാക്കിവരുന്ന പദ്ധതികളും അവയ്ക്കനുവദിച്ച തുകയും സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| **ക്രമ നം.** | **പദ്ധതികളുടെ വിശദാംശങ്ങൾ** | **ഈ വർഷം ഇതുവരെ അനുവദിച്ച തുക** |
|---|---|---|
| 1 | വിവിധ ദിനാചരണങ്ങൾ (സർക്കാരിന്റെ ഒന്നാം വാർഷികം /Elder Abuse Awareness/Old age day/World Differently-abled Day (ഉണർവ്) | 3,00,000 |
| 2 | വയോജന ക്ഷേമം (ഫുഡ് കിറ്റ്/വയോരക്ഷ /സായംപ്രഭ/MWPSC Act തുടങ്ങിയവ) | 9,57,839 |
| 3 | LLC Working Fund/Niramaya Insurance | 1,51,000/- |
| 4 | വിവിധ ഭിന്നശേഷി വ്യക്തിഗത ഗുണഭോക്തൃ പദ്ധതികൾ. | 42,19,000/- |
| 5. | കാലിക്കറ്റ് യൂണിവേഴ്സിറ്റിയുമായി ചേർന്നുള്ള CDMRP പദ്ധതി | 53,92,301/- |
| 6. | ട്രാൻസ് ജെൻഡർ വെൽഫെയർ | 48,000/- |
| 7. | സൈക്കോ സോഷ്യൽ ഗ്രാന്റ് | 7,26,147/- |
| 8. | മിശ്ര വിവാഹ ധനസഹായം | 1,31,70,000/- |
| 9. | OCB കൗൺസിലർമാർക്കുള്ള വേതനം | 114808/- |
| 10. | നേർവഴി പദ്ധതി (പ്രൊബേഷൻ) | 6,55,965/- |

സംസ്ഥാന ഭിന്നശേഷി കമ്മീഷണറേറ്റ് മുഖേന ഭിന്നശേഷിക്കാർക്കായുള്ള അവകാശനിയമത്തിന്റെ പ്രചരണവും നടത്തിപ്പും സംസ്ഥാനമൊട്ടാകെ നടപ്പിലാക്കിവരുന്നുണ്ട്. വികലാംഗ ക്ഷേമ കോർപ്പറേഷൻ മുഖേന പ്രവർത്തനങ്ങൾ സംസ്ഥാനമൊട്ടാകെയാണ് നടപ്പിലാക്കിവരുന്നത്.

കേരള സാമൂഹ്യ സുരക്ഷാമിഷൻ - സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റീസ് മുഖാന്തരം ഭിന്നശേഷിക്കാർക്കായി അനുയാത്രയെന്ന പേരിൽ ഒരു സമഗ്രപദ്ധതി സംസ്ഥാനത്താകമാനം നടപ്പിലാക്കിവരുന്നു. അനുയാത്രയുടെ ഭാഗമായി കോഴിക്കോട് ജില്ലയിൽ നടപ്പിലാക്കിവരുന്ന പദ്ധതിയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(ബി) കഴിഞ്ഞ അഞ്ചുവർഷം വിനിയോഗിച്ച തുകയുടെ ഇനം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

കേരള സാമൂഹ്യ സുരക്ഷാമിഷൻ - സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റീസ് മുഖേന കോഴിക്കോട് ജില്ലയിൽ നടപ്പാക്കിയ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പദ്ധതികൾക്കായി വിനിയോഗിച്ച തുകയുടെ ഇനം തിരിച്ചുള്ള കണക്കുകൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പദ്ധതി | വിനിയോഗിച്ച തുക (രൂപയിൽ) |
|---|---|---|
| 1. | റീജിയണൽ ഏർളി ഇന്റർവെൻഷൻ സെന്റർ / ഓട്ടിസം സെന്ററുകൾ | 2,42,53,880/- |
| 2. | മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റ് | 1,96,60,000/- |
| 3. | യൂണിവേഴ്സറ്റി ഹിയറിംഗ് സ്ക്രീനിംഗ് | 65,62,180/- |
| 4. | സ്പെഷ്യൽ അങ്കണവാടി പദ്ധതി | 2,59,63,949/- |
| **ആകെ** | | **7,64,40,009** |

സാമൂഹ്യനീതി ഡയറക്ടേറ്റിൽ കഴിഞ്ഞ അഞ്ചുവർഷം വിനിയോഗിച്ച തുകയുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

(സി)ജില്ലാ സാമൂഹ്യക്ഷേമ ഓഫീസിനുകീഴിൽ എത്ര താല്ക്കാലിക ജീവനക്കാർ നിലവിൽ ജോലി ചെയ്യുന്നുണ്ട്; ഇവരുടെ ശമ്പളം ഏതിനത്തിൽ നിന്നാണ് നൽകുന്നത്; വിശദമാക്കുമോ?

കോഴിക്കോട് ജില്ലയിൽ കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷന്റെ റീജിയണൽ ഓഫീസ് പ്രവർത്തിക്കുന്നുണ്ട്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന ഒരു താല്ക്കാലിക ജീവനക്കാരി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നിലവിൽ ജോലി ചെയ്യുന്നുണ്ട്. കോർപ്പറേഷന്റെ തനതുഫണ്ടിൽ നിന്നുമാണ് ടിയാളുടെ ശമ്പളം നൽകുന്നത്.

ജില്ലാ സാമൂഹ്യനീതി ഓഫീസിനുകീഴിൽ 5 താല്ക്കാലിക ജീവനക്കാർ നിലവിൽ ജോലി ചെയ്യുന്നുണ്ട്. ഇവരിൽ 2 പേർ ഓർഫനേജ് കൺട്രോൾ ബോർഡുമായി ബന്ധപ്പെട്ട ജോലികളും 2 പേർ MWPSC Act പ്രകാരമുള്ള കേസ്സുകൾ തീർപ്പാക്കുന്നതിനും RDO ഓഫീസുകളിലും ഒരാൾ Elder Help Line പദ്ധതിയുടെ ഫീൽഡുതല പ്രവർത്തനങ്ങൾക്കായും പ്രവർത്തിച്ചുവരുന്നു. ഓർഫനേജ് കൺട്രോൾ ബോർഡുമായി ബന്ധപ്പെട്ട ജോലികൾക്കായി നിയോഗിച്ച ജീവനക്കാർക്ക് ഓർഫനേജ് കൺട്രോൾ ബോർഡിന്റെ നോൺപ്ലാൻ ശീർഷകത്തിൽ നിന്നും, RDO ഓഫീസിലെ ടെക്നിക്കൽ അസിസ്റ്റന്റുമാർക്ക് സാമൂഹ്യനീതി വകുപ്പിന്റെ പ്ലാൻഫണ്ടിൽ നിന്നും Elderline ഫീൽഡ് ജീവനക്കാർക്ക് കേന്ദ്ര സർക്കാർ ഫണ്ടിൽ നിന്നും ശമ്പളം നൽകിവരുന്നു.

(ഡി)ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമിച്ച ജീവനക്കാരുടെ വിവരങ്ങൾ ലഭ്യമാക്കുമോ?

വികലാംഗ ക്ഷേമ കോർപ്പറേഷന്റെ കോഴിക്കോട് റീജിയണൽ ഓഫീസിൽ കഴിഞ്ഞ അഞ്ചുവർഷങ്ങളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന 6 നിയമനങ്ങൾ നടത്തിയിട്ടുണ്ട്. 179 ദിവസത്തേയ്ക്കാണ് നിയമനം നടക്കുന്നത്. നിയമന കാലാവധി പൂർത്തിയാകുമ്പോൾ എംപ്ലോയ്മെന്റിൽ നിന്നും ലഭ്യമാക്കുന്ന ലിസ്റ്റിൽ നിന്നും ഇന്റർവ്യൂ നടത്തി പുതിയ നിയമനം നടത്തുകയും കാലാവധി പൂർത്തിയായ ആളുടെ സേവനം അവസാനിപ്പിക്കുകയുമാണ് ചെയ്തുവരുന്നത്.

**ഷീ പദ്ധതി**

292(2033) <u>ശ്രീ. എം. വിജിൻ</u>: താഴെ കാണുന്ന ചോദ്യത്തിന് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തൊഴിൽ മേഖലയിൽ വ്യക്തിമുദ്ര പതിപ്പിക്കുന്ന വനിതാ എഞ്ചിനീയർമാരെ സൃഷ്ടിക്കാനുള്ള സ്കീം ഫോർ ഹെർ എംപവർമെന്റ് (ഷീ) പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ?

സാങ്കേതിക മേഖലയിലെ സ്ത്രീകളുടെ വ്യക്തിത്വവികസനത്തിനും പ്രവർത്തനമികവിനും ഊന്നൽ നൽകുന്ന പദ്ധതിയാണ് സ്കീം ഫോർ

ഹെർ എംപവർമെന്റ് (ഷീ). സാങ്കേതിക വിദ്യാഭ്യാസം നേടുന്ന പെൺകുട്ടി പഠനമേഖലയിലും തുടർന്ന് തൊഴിൽമേഖലയിലും വിജയം കൈവരിക്കുന്നതിനായി സാങ്കേതിക കഴിവുകൾ വികസിപ്പിക്കുന്നതിന് പ്രോത്സാഹിപ്പിക്കുക, നേതൃത്വപരമായ കർത്തവ്യങ്ങളേറ്റെടുക്കാൻ വനിതാ എഞ്ചിനീയർമാരെ പ്രോത്സാഹിപ്പിക്കുക എന്നിവയാണ് പദ്ധതിയുടെ ലക്ഷ്യങ്ങൾ.

നിലവിൽ, കണ്ണൂർ സർക്കാർ എഞ്ചിനീയറിംഗ് കോളേജിൽ പരീക്ഷിച്ച് വിജയിച്ച സ്കീം ഫോർ ഹെർ എംപവർമെന്റ് (ഷീ) പദ്ധതി, 2022-23 വർഷം മുതൽ സാങ്കേതിക വിദ്യാഭ്യാസ വകുപ്പിനുകീഴിലെ സർക്കാർ എഞ്ചിനീയറിംഗ് കോളേജുകൾ, പോളിടെക്നിക്കുകൾ എന്നിവിടങ്ങളിൽ നടപ്പിൽ വരുത്തുന്നതിനായി സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

**ആശ്വാസ കിരണം പദ്ധതി**

293(2034) <u>ശ്രീമതി കാനത്തിൽ ജമീല</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആശ്വാസ കിരണം പദ്ധതി വഴി സർക്കാർ ഇതിനകം എത്രപേർക്ക് സഹായം നൽകിയിട്ടുണ്ട്?

ആശ്വാസ കിരണം പദ്ധതി പ്രകാരം ധനസഹായം നൽകിയിട്ടുള്ളവരുടെ വർഷം തിരിച്ചുള്ള എണ്ണം ചുവടെ ചേർക്കുന്നു.

| സാമ്പത്തിക വർഷം | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|
| 2010-11 | 386 |
| 2011-12 | 16048 |
| 2012-13 | 38743 |
| 2013-14 | 57570 |
| 2014-15 | 63544 |
| 2015-16 | 72359 |
| 2016-17 | 90251 |
| 2017-18 | 102952 |
| 2018-19 | 120301 |
| 2019-20 | 113717 |
| 2020-21 | 114188 |
| 2021-22 | 96086 |
| 2022-23 | 34965 |

(ബി) നിലവിൽ ധനസഹായം നൽകുന്നതിൽ കുടിശ്ശികയുണ്ടോ; ഉണ്ടെങ്കിൽ എത്ര മാസം; കുടിശ്ശിക ഉടൻ കൊടുത്ത് തീർക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാമോ; വിശദമാക്കാമോ;

(സി)ധനസഹായം നൽകുന്നതിനായി ഇതിനകം എത്ര രൂപ ചെലവഴിച്ചു; വിശദമാക്കാമോ?

(ബി&സി) 2022-23 സാമ്പത്തികവർഷം 42.5 കോടി രൂപയുടെ ഭരണാനുമതി നൽകി. അതിലെ ആദ്യഗഡുവായി അനുവദിച്ച 10 കോടി രൂപയിൽ 9,86,20,800/- രൂപ ചെലവഴിച്ച് 7 ജില്ലകളിൽ 5 മാസത്തെയും ബാക്കി 7 ജില്ലകളിൽ 4 മാസത്തെയും ലൈഫ് സർട്ടിഫിക്കറ്റ്, ബാങ്ക്, ആധാർ വിവരങ്ങൾ ലഭ്യമാക്കിയ 34,965 ഗുണഭോക്താക്കൾക്ക് ധനസഹായമായി അവരുടെ ബാങ്ക് അക്കൗണ്ട് വഴി വിതരണം ചെയ്തു.

ഗുണഭോക്താക്കളുടെ എണ്ണം വർഷംതോറും വർദ്ധിക്കുന്നതുമൂലം ബഡ്ജറ്റ് വിഹിതത്തിനുപുറമെ അധിക ധനവിനിയോഗമാവശ്യമായി വരുന്നുണ്ട്. നടപ്പുസാമ്പത്തികവർഷം വകയിരുത്തിയ ബഡ്ജറ്റ് വിഹിതത്തിൽ അവശേഷിക്കുന്ന തുക അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന ചികിത്സാസഹായം

294(2035) ശ്രീമതി സി. കെ. ആശ:
ശ്രീ. മുഹമ്മദ് മുഹസിൻ:
ശ്രീ. പി. എസ്. സുപാൽ:
ശ്രീ. സി. സി. മുകുന്ദൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സാമൂഹ്യ സുരക്ഷാ മിഷന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; മിഷൻ മുഖേന ഏതൊക്കെ രോഗങ്ങളുടെ ചികിത്സകൾക്കും ശസ്ത്രക്രിയകൾക്കുമാണ് ധനസഹായം നൽകിവരുന്നത്; വ്യക്തമാക്കുമോ?

ഉണ്ട്. കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന 18 വയസ്സിനുതാഴെ പ്രായമുള്ള മാരകരോഗം ബാധിച്ച കുട്ടികൾക്ക് താലോലം പദ്ധതി പ്രകാരവും, കാൻസർ സുരക്ഷാ പദ്ധതി പ്രകാരവും, സൗജന്യചികിത്സ തെരഞ്ഞെടുത്ത ആശുപത്രികൾ മുഖേന ലഭ്യമാക്കിവരുന്നു. ശ്രുതിതരംഗം പദ്ധതിയിൽ 5 വയസ്സിനുതാഴെ പ്രായമുള്ള കുട്ടികൾക്ക് സൗജന്യ കോക്ലിയർ ഇംപ്ലാന്റേഷൻ സർജറി നടത്തുന്ന പദ്ധതിയും

നടപ്പാക്കിവരുന്നുണ്ട്. കൂടാതെ പ്രസ്തുത പദ്ധതിയിലുൾപ്പെടുത്തി ധ്വനി പദ്ധതിയും, കോക്ലിയാർ ഇംപ്ലാന്റേഷൻ ശസ്ത്രക്രിയ കഴിഞ്ഞ കുട്ടികളുടെ അനുബന്ധ ഉപകരണങ്ങളുടെ മെയിന്റനൻസ് എന്നിവയും നിലവിൽ നടപ്പാക്കിവരുന്നു.

സമാശ്വാസം - 1 പദ്ധതി പ്രകാരം ഡയാലിസിസ് ചെയ്യുന്ന രോഗികൾക്കും, സമാശ്വാസം-2 പദ്ധതി പ്രകാരം കിഡ്നി/ലിവർ മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് വിധേയരായവർക്കും (5 വർഷം വരെ), സമാശ്വാസം - 3 പദ്ധതി പ്രകാരം ഹീമോഫീലിയ രോഗികൾക്കും, സമാശ്വാസം - 4 പദ്ധതി പ്രകാരം സിക്കിൾ സെൽ അനീമിയ രോഗം ബാധിച്ചവർക്കും, വി-കെയർ പദ്ധതി വഴി ഗുരുതരരോഗം ബാധിച്ച ഗുണഭോക്താക്കൾക്ക് കരൾ-കിഡ്നി-മജ്ജ മാറ്റിവയ്ക്കൽ ശസ്ത്രക്രിയകൾ, ഹൃദയസംബന്ധമായ ശസ്ത്രക്രിയകൾ, നാഡീസംബന്ധമായ ചികിത്സകൾ, ഡീപ്പ് ബ്രെയിൻ സ്റ്റിമുലേഷൻ സർജറി, മറ്റടിയന്തര ശസ്ത്രക്രിയകൾ എന്നിവയ്ക്ക് ഗുണഭോക്താക്കളുടെ സാമ്പത്തികസ്ഥിതിയും, രോഗത്തിന്റെ ഗുരുതരാവസ്ഥയും, ചികിത്സാച്ചെലവും വിലയിരുത്തി ചികിത്സക്കാവശ്യമായ സഹായം നൽകിവരുന്നു.

(ബി) പതിനെട്ട് വയസ്സുവരെയുള്ള കുട്ടികളുടെ കാൻസർ രോഗചികിത്സ പൂർണ്ണമായും സൗജന്യമായി നടപ്പാക്കുന്ന കാൻസർ സുരക്ഷാപദ്ധതിയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്. പദ്ധതിയിൽ രജിസ്റ്റർ ചെയ്യുന്ന കുട്ടികളുടെ ചികിത്സാസംബന്ധിച്ച വിശദാംശം, ചികിത്സയ്ക്കാവശ്യമായ ചെലവ് എന്നിവയടങ്ങുന്ന വിശദമായ റിപ്പോർട്ട് എല്ലാമാസവും ബന്ധപ്പെട്ട ആശുപത്രികളിൽ ശേഖരിക്കുകയും, ആയത് വിലയിരുത്തി ആവശ്യമായ ഫണ്ട് ആശുപത്രികൾക്ക് മുൻകൂറായി അനുവദിച്ചുനൽകുന്നുണ്ട്.

(സി) നിർദ്ധനരായ രോഗികൾക്കുള്ള ജീവൻരക്ഷാ ശസ്ത്രക്രിയകൾക്ക് ധനസഹായം അനുവദിക്കുന്നതിൽ കാലതാമസമൊഴിവാക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

താലോലം, കാൻസർ സുരക്ഷ പദ്ധതികളിലാവശ്യമായ ഫണ്ട് മുൻകൂറായി നൽകുന്നതിനാൽ ധനസഹായം അനുവദിക്കുന്നതിൽ കാലതാമസമുണ്ടാകുന്നില്ല. ശ്രുതിതരംഗം പദ്ധതിയിലാവശ്യമായ

ഇംപ്ലാന്റ് കമ്പനിയിൽ നിന്നും സപ്ലൈ ഓർഡർ മുഖേന മുൻകൂറായി വാങ്ങുന്നതിനാൽ സർജറിക്ക് കാലതാമസമുണ്ടാകുന്നില്ല. നിർദ്ധനരായ രോഗികളുടെ ജീവൻരക്ഷാ ശസ്ത്രക്രിയകൾക്ക് ധനസഹായം അനുവദിക്കുന്നതിനായുള്ള വീ കെയർ പദ്ധതിക്ക് ബഡ്ജറ്റ് വിഹിതം വകയിരുത്താറില്ല. വീ കെയർ പദ്ധതി പ്രവർത്തിക്കുന്നത് സർക്കാർ-അർദ്ധസർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങൾ, പൊതുജനങ്ങൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സഹകരണ സ്ഥാപനങ്ങൾ, പൊതുജനങ്ങൾ, എന്നിവരിൽ നിന്നും ലഭിക്കുന്ന സംഭാവനകളിലൂടെയാണ്. ഇതിനായി ധനസമാഹരണ പ്രവർത്തനങ്ങൾ ഊർജ്ജിതമായി നടപ്പാക്കിവരുന്നു.

(ഡി) സാമൂഹ്യസുരക്ഷാ മിഷന്റെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്താൻ നടപ്പാക്കുന്ന പുതിയ പദ്ധതികൾ വിശദമാക്കുമോ?

പുതിയ പദ്ധതികളൊന്നും തന്നെ നിലവിൽ പരിഗണനയിലില്ല.

**ബഡ്സ് സ്കൂളുകളെ മോഡൽ ചൈൽഡ് റീഹാബിലിറ്റേഷൻ സെന്ററുകളാക്കി മാറ്റുന്നതിന് പദ്ധതി**

295(2036) ശ്രീ. സി. എച്ച്. കുഞ്ഞമ്പു:
ശ്രീ. എം. രാജഗോപാലൻ:
ശ്രീ. ടി. ഐ. മധുസൂദനൻ:

ശ്രീ. കെ. വി. സുമേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ എൻഡോസൾഫാൻ ദുരിതബാധിത മേഖലയിൽ സാമൂഹ്യനീതി വകുപ്പിനുകീഴിൽ ബഡ്സ് സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ടോ; എന്തെല്ലാം സൗകര്യങ്ങളും സംവിധാനങ്ങളുമാണ് ഇത്തരം സ്കൂളുകളിൽ ലഭ്യമായിട്ടുള്ളത്; എന്തെല്ലാം സേവനങ്ങളാണ് ഇവിടെനിന്നും നൽകുന്നത്; സ്കൂൾ തിരിച്ച് വ്യക്തമാക്കാമോ?

ഉണ്ട്. എൻഡോസൾഫാൻ ദുരിതബാധിത മേഖലയിൽ കാസർഗോഡ് ജില്ലയിൽ 6 പഞ്ചായത്തുകളിലായി സാമൂഹ്യനീതി വകുപ്പിനുകീഴിൽ താഴെപ്പറയുന്ന ബഡ്സ് സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട്.

1. തണൽ സ്പെഷ്യൽ ബഡ്സ് സ്കൂൾ, മൂളിയാർ

2. മഹാത്മാ മോഡൽ ബഡ്സ് സ്കൂൾ, പുല്ലൂർ-പെരിയ

3. സ്നേഹ സ്പെഷ്യൽ ബഡ്സ് സ്കൂൾ, കാറഡുക്ക

4. സ്നേഹതീരം ബഡ്സ് സ്കൂൾ, കയ്യൂർ- ചീമേനി

5. MCRC ബഡ്സ് സ്കൂൾ, കുമ്പഡാജെ

6. MCRC ബഡ്സ് സ്കൂൾ, ബെള്ളൂർ

മേൽപ്പറഞ്ഞ ബഡ്സ് സ്കൂളുകളിൽ ലഭ്യമായ സൗകര്യങ്ങളും സംവിധാനങ്ങളും സേവനങ്ങളും സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

സ്പെഷ്യൽ എഡ്യൂക്കേഷൻ, സ്പീച്ച് തെറാപ്പി, ഫിസിയോതെറാപ്പി, വൊക്കേഷണൽ ട്രെയിനിംഗ് (18 വയസ്സിനുമുകളിലുള്ള കുട്ടികൾക്കും രക്ഷകർത്താകൾക്കും) പഠനയാത്ര, ബോധവൽക്കരണ ക്ലാസുകൾ, സ്പെഷ്യൽ ഡേ സെലിബ്രേഷൻസ്, മാനസികോല്ലാസയാത്ര, പ്ലേസ്മെന്റ് (കുട്ടികൾക്കും രക്ഷാകർത്താക്കൾക്കും) എന്നിവയുണ്ട്. കൂടാതെ ഗാർമെന്റ്സ് മേക്കിംഗ് യൂണിറ്റ്, കുട നിർമ്മാണ യൂണിറ്റ് എന്നിവയും പ്രവർത്തിക്കുന്നുണ്ട്.

(ബി) സാമൂഹ്യനീതി വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന ബഡ്സ് സ്കൂളുകളെ മോഡൽ ചൈൽഡ് റീഹാബിലിറ്റേഷൻ സെന്ററുകളാക്കി മാറ്റുന്നതിന് പദ്ധതിയുണ്ടോ; ഇതിലൂടെ എന്തെല്ലാം

മാറ്റങ്ങളാണ് ഇത്തരം സ്ഥാപനങ്ങളിൽ പ്രതീക്ഷിക്കുന്നത്; വിശദാംശങ്ങൾ നൽകാമോ?

ഉണ്ട്. സാധാരണ സ്കൂളുകളിലുൾപ്പെടുത്തി പരിശീലനം നൽകാൻ സാധിക്കാത്ത കുട്ടികൾക്കനിവാര്യമായ പരിശീലനം, തെറാപ്പി (ഫിസിയോതെറാപ്പി, സ്പീച്ച് തെറാപ്പി, ഓക്യുപ്പേഷണൽ തെറാപ്പി, സ്പെഷ്യൽ എഡ്യൂക്കേഷൻ തുടങ്ങിയവ) എന്നിവ മോഡൽ ചൈൽഡ് റീഹാബിലിറ്റേഷൻ സെന്റർ (എം.സി.ആർ.സി.) മുഖേന നൽകുന്നു. ഈ കുട്ടികളുടെ സമഗ്രമായ വികസനവും, വ്യക്തിഗതമായ പരിപാലനവും ഉദ്ദേശിച്ചാണ് ഇത്തരം സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത്. എം.സി.ആർ.സി.-കളിൽ നൽകുന്ന ട്രെയിനിംഗ് മൂലം ചില കുട്ടികളെ സാധാരണ സ്കൂളുകളിലേയ്ക്ക് മാറ്റാനും കഴിഞ്ഞിട്ടുണ്ട്.

(സി) എൻഡോസൾഫാൻ ദുരിതബാധിതരായവരും അപേക്ഷ നൽകി ലിസ്റ്റിലുൾപ്പെട്ടവരുമായ എല്ലാവർക്കും നഷ്ടപരിഹാരം ലഭ്യമാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

എൻഡോസൾഫാൻ ദുരിതബാധിതരും, അപേക്ഷ നൽകി ലിസ്റ്റിലുൾപ്പെട്ടതും മരിച്ചതുമായ ആകെ 7171 പേർക്ക്

(ലിസ്റ്റിലുൾപ്പെട്ടവർ- 6536, മരണപ്പെട്ടവരുടെ ലിസ്റ്റ്-635) 5,00,000/- രൂപ (അഞ്ച് ലക്ഷം രൂപ മാത്രം) വീതം 3,58,55,00,000/- രൂപ (മുന്നൂറ്റി അമ്പെത്തിയെട്ട് കോടി അമ്പത്തിയഞ്ച് ലക്ഷം രൂപ മാത്രം) അനുവദിച്ചിട്ടുണ്ട്. അവകാശത്തർക്കംമൂലം അപേക്ഷിക്കാൻ സാധിക്കാത്തവർക്കും നാളിതുവരെ കണ്ടെത്താൻ പറ്റാത്തതുമായ 94 പേർക്ക് ഇനി ധനസഹായം അനുവദിക്കാനുണ്ട്.

## സാമൂഹ്യ സുരക്ഷാ മിഷൻ

296(2037) <u>ശ്രീ. സി. ആർ. മഹേഷ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് പ്രതിരോധസാമഗ്രികൾ വാങ്ങാനുള്ള സർക്കാരിന്റെ ഏക ഏജൻസിയായി മെഡിക്കൽ സർവീസസ് കോർപ്പറേഷനെ തെരെഞ്ഞെടുത്തശേഷവും സാമൂഹ്യസുരക്ഷാ മിഷൻ കോവിഡ് പ്രതിരോധ സാമഗ്രികൾ വാങ്ങിയത് നിയമാനുസൃതമാണോയെന്ന് വ്യക്തമാക്കുമോ?

20-03-2020-നശേഷം കോവിഡ് രോഗബാധയുടെ പശ്ചാത്തലത്തിൽ കേരളത്തിൽ സാനിറ്റൈസറിനും, മാസ്കുകൾക്കും ദൗർലഭ്യം നേരിട്ട അടിയന്തിരസാഹചര്യം കണക്കിലെടുത്ത് എൻ-95 മാസ്ക്, സാനിറ്റൈസർ, 3 ലെയർ മാസ്ക്, Hand rub Solution തുടങ്ങിയ സാധനങ്ങൾ കെ.എം.എസ്.സി.എൽ.-ൽ നിന്നുമല്ലാതെ മറ്റുസ്ഥാപനങ്ങളിൽ നിന്നും വാങ്ങിയിട്ടുണ്ട്. ക്ലോത്ത് മാസ്ക് ജയിൽ വകുപ്പുമുഖേന നിർമ്മിക്കുകയും, സാനിറ്റൈസർ കെ.എസ്.ഡി.പി. വിമെൺ ആൻഡ് ചൈൽഡ് ഡിപ്പാർട്ടുമെന്റ് എക്സൈസ്, ജയിൽ എന്നീ വകുപ്പുകൾ മുഖേന നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി സാമൂഹ്യസുരക്ഷാ മിഷൻ സാമഗ്രികൾ വാങ്ങിയത് ടെണ്ടർ നടപടി പാലിച്ചാണോയെന്ന് വ്യക്തമാക്കുമോ;

(സി) കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി സാമൂഹ്യസുരക്ഷാ മിഷൻ സാമഗ്രികൾ വാങ്ങിയത് സ്റ്റോർ പർച്ചേസ് മാന്വൽ പ്രകാരമാണോയെന്ന് വ്യക്തമാക്കുമോ?

(ബി&സി) കോവിഡ് പ്രതിരോധപ്രവർത്തനങ്ങളുടെ ഭാഗമായി നടത്തിയ പർച്ചേസുകളുടെ ലഭ്യമായ ഫയലുകളുടെ പരിശോധനയിൽ ക്വട്ടേഷനുകൾ, ടെണ്ടറുകൾ എന്നിവ പ്രകാരം പർച്ചേസുകൾ നടത്തിയിട്ടുള്ളതായി കാണുന്നുവെങ്കിലും കോവിഡ് മഹാമാരി പ്രതിരോധപ്രവർത്തനങ്ങളുടെ അടിയന്തരസാഹചര്യത്തിൽ സ്റ്റോർ പർച്ചേസ് മാനുവൽ വ്യവസ്ഥകൾ പ്രകാരമല്ലാതെയും സാമഗ്രികൾ വാങ്ങിയിട്ടുണ്ട്.

**താലോലം പദ്ധതി**

297(2038) ശ്രീ. കെ. വി. സുമേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) താലോലം ചികിത്സാപദ്ധതിയിൽ ഏതൊക്കെ രോഗങ്ങൾക്കുള്ള ചികിത്സയാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് അറിയിക്കാമോ?

18 വയസ്സിനുതാഴെയുള്ള കുട്ടികൾക്ക് ശസ്ത്രക്രിയ ആവശ്യമുള്ള വൃക്ക (കിഡ്നി) വൈകല്യങ്ങൾ (CKD)/കാർഡിയോ വാസ്കുലർ

വൈകല്യങ്ങൾ (ജന്മനാ/ആർജിതമായ), സെറിബ്രൽ പാൾസി, ഹീമോഫീലിയ, താലസ്സീമിയ, സിക്കിൾസെൽ അനീമിയ, അസ്ഥിവൈകല്യങ്ങൾ, ഞരമ്പുസംബന്ധമായ വൈകല്യങ്ങൾ, ബ്രിട്ടിൽ ബോൺ ഡിസീസ് (osteogenesis imperfecta) എന്നീ രോഗങ്ങളും, ഡയാലിസിസ് നടത്തുന്നതിനും ശസ്ത്രക്രിയ ചെയ്യുന്നതിനും, അവയവങ്ങൾ മാറ്റി വയ്ക്കുന്നതിനുമാവശ്യമായ ചെലവുകൾ, അത്യാഹിത സന്ദർഭങ്ങളിൽ ജീവൻ രക്ഷിക്കുന്നതിനാവശ്യമായ എല്ലാ ചികിത്സയ്ക്കും സർജറിക്കും വേണ്ടുന്ന ചെലവുകളും താലോലം പദ്ധതിയിലൂടെ അനുവദിക്കുന്നു.

(ബി) അപേക്ഷ അയയ്ക്കേണ്ടതിന്റെ നടപടിക്രമങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

താലോലം പദ്ധതിയിലൂടെ ചികിത്സ ആവശ്യമുള്ള കുട്ടികൾ പദ്ധതി പ്രകാരം എംപാനൽ ചെയ്തിട്ടുള്ള ചുവടെപ്പറയുന്ന ഏതെങ്കിലും ഒരു ആശുപത്രിയെ സമീപിക്കേണ്ടതാണ്. പദ്ധതി പ്രകാരം ആനുകൂല്യം ലഭിക്കുന്നതിനായി അർഹതാമാനദണ്ഡങ്ങൾ പരിശോധിക്കുന്നതിനും ചികിത്സ ലഭ്യമാക്കുന്നതിനും പ്രസ്തുത ആശുപത്രികളിൽ

കൗൺസിലർമാരുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്. അർഹതയുള്ള കുട്ടികളെ കൗൺസിലർമാർ മുഖേന പദ്ധതിയിൽ രജിസ്റ്റർ ചെയ്ത് സൗജന്യചികിത്സ ലഭ്യമാക്കുന്നതാണ്.

1. ശ്രീചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് & ടെക്നോളജി, തിരുവനന്തപുരം
2. റീജിയണൽ കാൻസർ സെന്റർ, തിരുവനന്തപുരം
3. മലബാർ കാൻസർ സെന്റർ, തലശ്ശേരി, കണ്ണൂർ
4. എസ്.എ.റ്റി. ആശുപത്രി, തിരുവനന്തപുരം
5. ഗവൺമെന്റ് മെഡിക്കൽ കോളേജ് ആശുപത്രി, തിരുവനന്തപുരം
6. ഗവൺമെന്റ് മെഡിക്കൽ കോളേജ് ആശുപത്രി, ആലപ്പുഴ
7. ഗവൺമെന്റ് മെഡിക്കൽ കോളേജ് ആശുപത്രി, കോട്ടയം
8. ജില്ലാ ആശുപത്രി, ആലുവ
9. ICCONS തിരുവനന്തപുരം
10. ICCONS, ഷൊർണ്ണൂർ
11. ഗവൺമെന്റ് മെഡിക്കൽ കോളേജ് ആശുപത്രി, തൃശ്ശൂർ
12. ഗവൺമെന്റ് മെഡിക്കൽ കോളേജ് ആശുപത്രി, കോഴിക്കോട്
13. ഗവൺമെന്റ് മെഡിക്കൽ കോളേജ് ആശുപത്രി, മഞ്ചേരി, മലപ്പുറം

14.ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെറ്റേർണൽ ആൻഡ് ചൈൽഡ് ഹെൽത്ത്, കോഴിക്കോട്

15.ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ചൈൽഡ് ഹെൽത്ത്, കോട്ടയം

16.അക്കാഡമി ഓഫ് മെഡിക്കൽ സയൻസസ്, പരിയാരം, കണ്ണൂർ

**തടവുകാരുടെ കുടുംബാംഗങ്ങൾക്കുള്ള ക്ഷേമ പ്രവർത്തനങ്ങൾ**

298(2039) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തടവുകാരുടെ കുടുംബാംഗങ്ങളുടെ ക്ഷേമത്തിനും സംരക്ഷണത്തിനുമുള്ള എന്തെല്ലാം പ്രവർത്തനങ്ങളാണ് വകുപ്പ് നടപ്പിലാക്കുന്നതെന്ന് വിശദമാക്കുമോ?

തടവുകാരുടെ ക്ഷേമത്തിനും സംരക്ഷണത്തിനുമായി വകുപ്പുവഴി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന പദ്ധതി വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. തടവുകാരുടെ മക്കൾക്കുള്ള വിദ്യാഭ്യാസ ധനസഹായം

കുടുംബനാഥൻ ജയിലിൽ കഴിയുന്നതുമൂലം വനിതകൾ ഗൃഹനാഥകളായിട്ടുള്ള കുടുംബങ്ങളിലെ കുട്ടികൾക്കും വനിതാ തടവുകാരുടെ കുട്ടികൾക്കും വിദ്യാഭ്യാസ ധനസഹായം നൽകുന്ന പദ്ധതി. കുട്ടികളുടെ ആഹാരം, വസ്ത്രം, സ്കൂൾ ഫീസ് തുടങ്ങിയ ചെലവുകൾക്കായി തുക അനുവദിച്ചുവരുന്നു.

അഞ്ച് വയസ്സിനുതാഴെയുള്ള കുഞ്ഞുങ്ങൾക്കും ഒന്നു മുതൽ നാലു വരെ ക്ലാസിലുള്ള കുട്ടികൾക്കും 300/- രൂപയും, അഞ്ച് മുതൽ പത്ത് വരെ ക്ലാസ്സിലുള്ള കുട്ടികൾക്ക് 500/- രൂപയും +1, +2 ക്ലാസ്സുകളിലെ കുട്ടികൾക്ക് 750/- രൂപയും സർക്കാർ/എയ്ഡഡ് കോളേജുകളിൽ ഡിഗ്രി/പ്രൊഫഷണൽ കോഴ്സുകൾക്ക് പഠിക്കുന്ന കുട്ടികൾക്ക് 1000/- രൂപയും ബിരുദാനന്തര ബിരുദം/എം.ഫിൽ. കോഴ്സുകൾക്ക് 1500/- രൂപ വീതവും പ്രതിമാസ തുക അനുവദിക്കുന്നുണ്ട്.

2. <u>തടവുകാരുടെ മക്കൾക്ക് പ്രൊഫഷണൽ വിദ്യാഭ്യാസത്തിനുള്ള ധനസഹായം.</u>

ജീവപര്യന്തം/വധശിക്ഷ എന്നീ ശിക്ഷകൾ വിധിക്കപ്പെട്ട ജയിൽ തടവുകാരുടെ കുട്ടികൾക്ക് സംസ്ഥാനത്തിന് അകത്തുള്ള സർക്കാർ എയ്ഡഡ് കോളേജുകളിൽ ഡിഗ്രി തലത്തിലുള്ള പ്രൊഫഷണൽ

കോഴ്സുകൾ പഠിക്കുന്നതിന് ധനസഹായം നൽകുന്നുണ്ട്. ജയിൽ തടവുകാരുടെ കുട്ടികൾക്ക് പ്രൊഫഷണൽ വിദ്യാഭ്യാസത്തിനായി ഒറ്റത്തവണയായി പരാമാവധി 1 ലക്ഷം രൂപ വരെ ധനസഹായം നൽകുന്നു.

3.തടവുകാരുടെ ആശ്രിതർക്ക് സ്വയംതൊഴിൽ ധനസഹായ പദ്ധതി

ദീർഘകാലമായി ജയിൽശിക്ഷ അനുഭവിക്കുന്ന കുറ്റവാളികളുടെ ആശ്രിതർക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിന് ഒറ്റത്തവണയായി 30,000/- രൂപ ധനസഹായം നൽകുന്നുണ്ട്.

4.തടവുകാരുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം

നിലവിൽ രണ്ടു വർഷമോ അതിലധികമോ കാലം ജയിൽശിക്ഷ അനുഭവിച്ചുവരുന്ന തടവുകാരുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം നൽകുന്ന പദ്ധതി. ഒരു പെൺകുട്ടിക്ക് പരമാവധി 30,000/- രൂപ വരെ ലഭ്യമാക്കുന്നു.

(ബി) പ്രൊബേഷൻ തടവുകാരുടെ മേഖലയിൽ വകുപ്പ് നടത്തുന്ന ഇടപെടലുകൾ സംബന്ധിച്ചുള്ള വിശദാംശം അറിയിക്കുമോ?

പ്രൊബേഷൻ തടവുകാരുടെ ക്ഷേമത്തിനായി വകുപ്പുവഴി നടപ്പിലാക്കി വരുന്ന പദ്ധതികൾ സംബന്ധിച്ചുള്ള വിശദാംശം ചുവടെ ചേർക്കുന്നു.

1) <u>നേർവഴി പദ്ധതി</u>

കേരളത്തിൽ പ്രൊബേഷൻ സമ്പ്രദായം ആധുനികവൽക്കരിച്ച് ശക്തിപ്പെടുത്തുന്നതിന് സാമൂഹ്യനീതി വകുപ്പുവഴി ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പദ്ധതിയാണ് നേർവഴി. 18 മുതൽ 25 വയസ്സുവരെയുള്ള ആദ്യ കുറ്റവാളികളിൽ സാമൂഹ്യ മന:ശാസ്ത്രയിടപെടൽ നടത്തി വീണ്ടും കേസ്സിൽപെടാതെ നോക്കുകയും സമഗ്രമായ പരിവർത്തനത്തിന് വിധേയമാക്കുകയും ചെയ്യുകയെന്നതാണ് പദ്ധതിയുടെ ലക്ഷ്യം. പദ്ധതി മേൽനോട്ടത്തിനായി എല്ലാ ജില്ലാ പ്രൊബേഷൻ ഓഫീസുകളിലും പ്രൊബേഷൻ ഓഫീസറുടെകീഴിൽ പ്രൊബേഷൻ അസിസ്റ്റന്റുമാരെ നിയമിച്ചിട്ടുണ്ട്.

2) <u>തണലിടം പ്രൊബേഷൻ ഹോം</u>

കുടുംബമോ, ബന്ധുമിത്രാദികളോ ഏറ്റെടുക്കാൻ തയ്യാറാകാത്ത പ്രൊബേഷണർമാർ, മുൻതടവുകാർ, കേസിൽപെട്ട്

താമസിക്കാനിടമില്ലാതെ വിചാരണ നേരിടുന്നവർ, ജയിലിൽനിന്നും വിവിധ അവധികൾക്കായി പുറത്തിറങ്ങുന്നവർ തുടങ്ങിയവരെ സമൂഹത്തിലേയ്ക്ക് പുനരധിവസിപ്പിക്കാൻ സാധിക്കുന്നതുവരെ താമസിപ്പിക്കുന്നതിനുവേണ്ടിയുള്ള ഇടക്കാല സംരക്ഷണ കേന്ദ്രമാണ് പ്രൊബേഷൻ ഹോം. കൊല്ലം ജില്ലയിലെ വാളകത്ത് പുരുഷൻമാർക്കായി തണലിടം എന്ന പേരിൽ പ്രൊബേഷൻ ഹോം പ്രവർത്തിച്ചുവരുന്നു.

3) <u>മുൻതടവുകാർ, പ്രൊബേഷണർമാർ എന്നിവർക്കുള്ള സ്വയംതൊഴിൽ ധനസഹായം</u>

ദരിദ്രമായ സാമ്പത്തിക സാഹചര്യങ്ങളിൽ നിന്നുള്ള കുറ്റവാളികൾ, മേൽനോട്ടത്തിന് വിധേയമാക്കിവച്ചിരിക്കുന്ന കുറ്റവാളികൾ എന്നിവരുടെ സാമൂഹിക പുനരധിവാസത്തിന്റെ ഭാഗമായി സ്വയംതൊഴിൽ കണ്ടെത്തുന്നതിന് 15,000/- രൂപ ധനസഹായം നൽകുന്നു.

## സാമൂഹ്യ സുരക്ഷാ പദ്ധതികൾ

299(2040) ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആശ്വാസകിരണം, സ്നേഹപൂർവ്വം, സമാശ്വാസം, വയോമിത്രം, താലോലം, മിഠായി എന്നീ സാമൂഹ്യസുരക്ഷാ പദ്ധതികളിൽ ഓരോ പദ്ധതിക്കും കീഴിൽ ഗുണഭോക്താക്കൾക്ക് നൽകുവാനുള്ള ആനുകൂല്യങ്ങളിൽ നിലവിൽ എത്രമാത്രം കുടിശ്ശികയുണ്ടെന്ന് പദ്ധതി തിരിച്ച് വ്യക്തമാക്കുമോ?

ആശ്വാസകിരണം, സ്നേഹപൂർവ്വം, സമാശ്വാസം, വയോമിത്രം, താലോലം, മിഠായി എന്നീ സാമൂഹ്യസുരക്ഷാ പദ്ധതികളിൽ ഓരോ പദ്ധതിക്കും കീഴിൽ ഗുണഭോക്താക്കൾക്ക് നൽകുവാനുള്ള ആനുകൂല്യങ്ങളിൽ നിലവിലുള്ള കുടിശ്ശിക സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത പദ്ധതികളുടെ കീഴിൽ പുതിയ ഗുണഭോക്താക്കളെ ചേർക്കുന്നതിനും ആനുകൂല്യങ്ങൾ നൽകുന്നതിനും നിലവിൽ എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടോയെന്ന് വ്യക്തമാക്കുമോ?

പ്രസ്തുത പദ്ധതികളുടെ കീഴിൽ പുതിയ ഗുണഭോക്താക്കളെ ചേർക്കുന്നതിനും ആനുകൂല്യങ്ങൾ നൽകുന്നതും സംബന്ധിച്ച വിശദ വിവരം അനുബന്ധമായി ചേർക്കുന്നു.+

(സി)പ്രസ്തുത പദ്ധതികളിലുണ്ടായിട്ടുള്ള കുടിശ്ശികയാനുകൂല്യങ്ങൾ എന്നത്തേയ്ക്ക് വിതരണം ചെയ്യുവാൻ കഴിയുമെന്നറിയിക്കാമോ?

ആശ്വാസകിരണം

2022-2023 സാമ്പത്തികവർഷത്തിൽ പദ്ധതിക്കായി 42.5 കോടി രൂപയുടെ ഭരണാനുമതി നൽകി. അതിലെ ആദ്യഗഡുവായി അനുവദിച്ച 10 കോടി രൂപയിൽ 9,86,20,800/- രൂപ ചെലവഴിച്ച് 7 ജില്ലകളിൽ 5 മാസത്തെ കുടിശ്ശികയും ബാക്കി 7 ജില്ലകളിൽ 4 മാസത്തെ കുടിശ്ശികയും ലൈഫ് സർട്ടിഫിക്കറ്റ്, ബാങ്ക്, ആധാർ വിവരങ്ങൾ ലഭ്യമാക്കിയ 34,965 ഗുണഭോക്താക്കൾക്ക് ധനസഹായമായി അവരുടെ ബാങ്ക്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അക്കൗണ്ട് വഴി വിതരണം ചെയ്തിട്ടുണ്ട്. നടപ്പുസാമ്പത്തികവർഷം വകയിരുത്തിയ ബഡ്ജറ്റ് വിഹിതത്തിൽ അവശേഷിക്കുന്ന തുക അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

<u>സ്നേഹപൂർവ്വം പദ്ധതി</u>:

പദ്ധതിപ്രകാരമുള്ള കുടിശ്ശിക വിതരണം ചെയ്യുവാൻ അധിക ധനസഹായം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

<u>സമാശ്വാസം :</u>

കുടിശ്ശിക വിതരണം ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്.

<u>വയോമിത്രം</u>- കുടിശ്ശികയില്ല

<u>താലോലം</u>- കുടിശ്ശികയില്ല

<u>മിഠായി</u>- കുടിശ്ശികയില്ല

(ഡി)മേൽപ്പറഞ്ഞ ഓരോ പദ്ധതികളുടെയും അർഹതാ മാനദണ്ഡങ്ങൾ വ്യക്തമാക്കുമോ?

ആശ്വാസകിരണം, സ്നേഹപൂർവ്വം, സമാശ്വാസം, വയോമിത്രം, താലോലം, മിഠായി എന്നീ സാമൂഹ്യസുരക്ഷാ പദ്ധതികളുടെ മാനദണ്ഡങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(ഇ) രോഗാതുരരായ കുട്ടികൾക്കായി നടപ്പിലാക്കുന്ന ആശ്വാസകിരണം, സ്നേഹപൂർവ്വം, താലോലം, മിഠായി എന്നിവയിൽ എ.പി.എൽ., ബി.പി.എൽ. വേർതിരിവില്ലാതെ ആനുകൂല്യങ്ങൾ അനുവദിക്കുന്നത് പരിഗണിക്കുമോ?

ആശ്വാസകിരണം, സ്നേഹപൂർവ്വം പദ്ധതികളിൽ എ.പി.എൽ., ബി.പി.എൽ. വേർതിരിവില്ലാതെ ആനുകൂല്യങ്ങൾ അനുവദിക്കുന്നതുസംബന്ധിച്ച വിഷയം നിലവിൽ പരിഗണനയിലില്ല. താലോലം പദ്ധതിയിൽ എ.പി.എൽ./ ബി.പി.എൽ. വ്യത്യാസമില്ലാതെ നിർദ്ധനരായ കുടുംബങ്ങളിലെ കുട്ടികൾക്ക് സഹായം നൽകിവരുന്നുണ്ട്. മിഠായിപദ്ധതി മാനദണ്ഡപ്രകാരം അപേക്ഷകന്റെ വാർഷിക വരുമാനം 2 ലക്ഷത്തിൽ താഴെയായിരിക്കണം.

**വയോജനക്ഷേമ പദ്ധതികൾ**

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

300(2041) ശ്രീ. സജി ചെറിയാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയോജനക്ഷേമത്തിനായി നടപ്പാക്കിവരുന്ന പദ്ധതികൾ എന്തെല്ലാമെന്ന് വിശദീകരിക്കാമോ?

വയോജനങ്ങളുടെ ക്ഷേമത്തിനായി സാമൂഹ്യനീതി വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികളെകുറിച്ചുള്ള വിവരം, തദ്ദേശസ്വയംഭരണ വകുപ്പ് നടപ്പാക്കുന്ന പദ്ധതികൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(ബി) സംസ്ഥാന സർക്കാർ നേരിട്ടും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേനയും നടപ്പാക്കി വരുന്ന പദ്ധതികളുടെ വിവരങ്ങൾ ക്രോഡീകരിച്ചിട്ടുണ്ടോ?

ഉണ്ട്. പ്ലാൻ ഫണ്ട് പൂർണ്ണമായും ഉപയോഗിച്ചും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെയും കേരള സാമൂഹ്യസുരക്ഷാ മിഷൻ ഏറ്റെടുത്ത് നടത്തുന്ന വയോമിത്രം പദ്ധതിയുടെയും വിവരങ്ങൾ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടുണ്ട്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

തദ്ദേശസ്വയംഭരണ വകുപ്പിന്റെ 19-04-2022-ലെ സ.ഉ.(കൈ) നം. 84/2022/ത.സ്വ.ഭ.വ. പ്രകാരം ഗ്രാമ-ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകൾക്ക് പതിനാലാം പഞ്ചവത്സര പദ്ധതിയിലുൾപ്പെടുത്തി വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനായുള്ള മാർഗ്ഗരേഖ നിലവിലുണ്ട്. പ്രസ്തുത മാർഗ്ഗരേഖയുടെ ഖണ്ഡിക 6.5(1) മുതൽ 6.5(12) വരെയായി സംസ്ഥാന സർക്കാരിന്റെ വയോജനനയത്തിനും മാർഗ്ഗനിർദ്ദേശങ്ങൾക്കുമനുയോജ്യമായി ഏതൊക്കെ പദ്ധതികൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഏറ്റെടുത്ത് നടപ്പിലാക്കാമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പാക്കിവരുന്ന പദ്ധതികളുടെ വിവരങ്ങൾ സുലേഖ സോഫ്റ്റ്‌വെയറിൽ ലഭ്യമാണ്.

(സി)വയോജന ക്ഷേമത്തിനായി വിഭാവനം ചെയ്തിട്ടുള്ള പദ്ധതികളുടെ സാമൂഹ്യ ഓഡിറ്റ് നടത്തിയിട്ടുണ്ടോ?

വയോജന ക്ഷേമത്തിനായി വിഭാവനം ചെയ്തിട്ടുള്ള പദ്ധതികളുടെ സാമൂഹ്യ ഓഡിറ്റ് നടത്തിയിട്ടില്ല. എന്നാൽ വയോമിത്രം പദ്ധതിയുടെ പുരോഗതി ധനകാര്യ വകുപ്പും CAG-യുടെ Performance Audit-ഉം

വിലയിരുത്തിയിട്ടുണ്ട്. കൂടാതെ നിശ്ചിത ഇടവേളകളിൽ ഉദ്യോഗസ്ഥതലത്തിൽ വിവിധ മീറ്റിംഗുകൾ കൂടിയും പദ്ധതിയുടെ പുരോഗതി വിലയിരുത്തിവരുന്നു. കൂടാതെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പതിനാലാം പഞ്ചവത്സര പദ്ധതി രൂപീകരണത്തിന് മുന്നോടിയായി അവസ്ഥാരേഖ തയ്യാറാക്കുന്നതിനും വികസനരേഖ പരിഷ്കരിക്കുന്നതിനുമുള്ള മാർഗ്ഗനിർദ്ദേശങ്ങൾ 26-11-2021-ലെ സ. ഉ. (കൈ) നം. 275/2021/തസ്വഭവ പ്രകാരം നൽകിയിട്ടുണ്ട്. അപ്രകാരം തയ്യാറാക്കപ്പെട്ട അവസ്ഥാരേഖയും വികസനരേഖയും അടിസ്ഥാനമാക്കിയാണ് വർക്കിംഗ് ഗ്രൂപ്പുകൾ വാർഷികപദ്ധതിയിലെ കരട് പദ്ധതികൾ തയ്യാറാക്കി ഗ്രാമസഭയിലുമാവശ്യമായ ഭേദഗതികളുൾപ്പെടുത്തി തുടർന്ന് വികസന സെമിനാറിലും അവതരിപ്പിച്ച് വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള നടപടികളിലേയ്ക്ക് പോകുന്നത്. പ്രാദേശിക പദ്ധതിയെ ജനകീയമാക്കുന്നതിനുള്ള ഇത്തരം പ്രവർത്തനങ്ങൾ ഓരോ പ്രദേശത്തിന്റെയും ഓരോ വിഭാഗത്തിന്റെയും

ആവശ്യകതയ്ക്കനുസൃതമായി സാമൂഹ്യ പങ്കാളിത്തത്തോടെയാണ് നടപ്പിലാക്കിവരുന്നത്.

(ഡി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന സംസ്ഥാന വയോജനനയം പൂർണ്ണമായി നടപ്പാക്കുന്നതിൽ വ്യക്തമായ മാർഗ്ഗരേഖ നിലവിലുണ്ടോ; ഇല്ലെങ്കിൽ അത്തരം മാർഗ്ഗരേഖ പുറപ്പെടുവിക്കുന്നത് പരിഗണനയിലുണ്ടോ?

ഉണ്ട്. തദ്ദേശസ്വയംഭരണ വകുപ്പിന്റെ 19-04-2022-ലെ സ.ഉ.(കൈ)നം.84/2022/തസ്വഭവ. പ്രകാരം ഗ്രാമ-ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകൾക്ക് പതിന്നാലാം പഞ്ചവത്സര പദ്ധതിയിലുൾപ്പെടുത്തി വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനായുള്ള മാർഗ്ഗരേഖ നിലവിലുണ്ട്. പ്രസ്തുത മാർഗ്ഗരേഖയുടെ ഖണ്ഡിക 6.5(1) മുതൽ 6.5(12) വരെയായി സംസ്ഥാന സർക്കാരിന്റെ വയോജനനയത്തിനും മാർഗ്ഗനിർദ്ദേശങ്ങൾക്കുമനുയോജ്യമായി ഏതൊക്കെ പദ്ധതികൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കാമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

**സ്നേഹപൂർവ്വം പദ്ധതി പ്രകാരം സ്കൂൾ കുട്ടികൾക്കുള്ള ധനസഹായം**

301(2042) ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അച്ഛനോ അമ്മയോ രണ്ടുപേരുമോ മരണപ്പെട്ട സ്കൂൾ കുട്ടികൾക്കുള്ള ധനസഹായം സമയബന്ധിതമായി ലഭ്യമാകാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത ധനസഹായം സമയബന്ധിതമായി ലഭ്യമാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കുമോ?

(എ &ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ 2021-22 സാമ്പത്തികവർഷം ബഡ്ജറ്റിലുൾപ്പെടുത്തി 17 കോടി രൂപയും SDG-യിലൂടെ 28.10 കോടി രൂപയും കൂടി ചേർത്ത് ആകെ 45,10,30,000/- രൂപ കേരള സാമൂഹ്യസുരക്ഷാ മിഷന് ലഭ്യമാക്കിയിരുന്നു. പ്രസ്തുത തുക വിനിയോഗിച്ച് 70881 കുട്ടികൾക്ക് ധനസഹായം വിതരണം ചെയ്തിട്ടുണ്ട്. 2022-23 സാമ്പത്തികവർഷം സ്നേഹപൂർവ്വം പദ്ധതിക്കായി 17 കോടി

തുക അനുവദിച്ചിട്ടുണ്ട്. പ്രസ്തുത തുക ഉപയോഗിച്ച് ധനസഹായം വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**നിഷിനെ സർവ്വകലാശാലയായി ഉയർത്തുന്നത് സംബന്ധിച്ച്**

302(2043) ശ്രീ. കെ. ആൻസലൻ:
ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ:
ശ്രീ. എൻ. കെ. അക്ബർ:
ശ്രീ. എ. പ്രഭാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഭിന്നശേഷിമേഖലയിലും ഭിന്നശേഷി പുനരധിവാസമേഖലയിലും നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

സാമൂഹ്യനീതി ഡയറക്ടറേറ്റ് മുഖാന്തരം ഭിന്നശേഷിക്കാർക്കായി നടത്തുന്ന പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+ ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികളെ സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് കൈപിടിച്ചുയർത്താൻ കേരള സർക്കാർ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

എംപ്ലോയ്മെന്റ് വകുപ്പ് മുഖേന ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന സമഗ്ര തൊഴിൽ പുനരധിവാസ പദ്ധതിയാണ് കൈവല്യ.

കൈവല്യ പദ്ധതിക്ക് നാല് ഘടകങ്ങളുണ്ട്.

I. വൊക്കേഷണൽ ആൻഡ് കരിയർ ഗൈഡൻസ്

II. കപ്പാസിറ്റി ബിൽഡിംഗ്

III. മത്സര പരീക്ഷകൾക്ക് തയ്യാറെടുക്കുന്നതിനുള്ള പരിശീലന പരിപാടി

IV. സ്വയം തൊഴിൽ വായ്പ പദ്ധതി

സ്വയം തൊഴിൽ വായ്പ പദ്ധതി മുഖേന സ്വയം തൊഴിൽ സംരംഭങ്ങളാരംഭിക്കുന്നതിനായി പലിശരഹിത വായ്പ 50,000/- (അമ്പതിനായിരം) രൂപ അനുവദിക്കുന്നു. വായ്പാത്തുകയുടെ 50 ശതമാനം പരമാവധി 25,000/- (ഇരുപത്തയ്യായിരം) രൂപ വരെ സബ്സിഡിയായി അനുവദിക്കുന്നു.

ഈ സർക്കാർ 2021-ൽ അധികാരത്തിൽ വന്നശേഷം, 1603 അപേക്ഷകർക്ക് സ്വയംതൊഴിൽ സംരംഭങ്ങളാരംഭിക്കുന്നതിനായി വായ്പയനുവദിക്കുകയും, ആയതിലേയ്ക്കായി 8,01,50,000/-രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

മറ്റ് ഘടക പദ്ധതികൾക്ക് ചെലവഴിച്ച തുകയുടെ വിവരങ്ങൾ ചുവടെ നൽകുന്നു.

| ഘടക പദ്ധതികൾ | ചെലവഴിച്ച തുക |
|---|---|
| വൊക്കേഷണൽ ആൻഡ് കരിയർ ഗൈഡൻസ് | 30,000/- |
| കപ്പാസിറ്റി ബിൽഡിംഗ് | 1,30,000/- |
| മൽസര പരീക്ഷകൾക്ക് തയ്യാറെടുക്കുന്നതിനുള്ള പരിശീലന പരിപാടി (25 മുതൽ 30 ദിവസം വരെ) | 12,00,000/- |

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം NIPMR ഭിന്നശേഷിമേഖലയിലും ഭിന്നശേഷി പുനരധിവാസമേഖലയിലും നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ട്. NIPMR-ൽ ഭിന്നശേഷിക്കാർക്കായി ഫിസിയോതെറാപ്പി, സ്പീച്ച് ആൻഡ് ലാംഗ്വേജ് തെറാപ്പി, ഒക്യുപ്പേഷണൽ തെറാപ്പി, ബീഹേവിയറൽ തെറാപ്പി, ഡെവലപ്മെന്റൽ തെറാപ്പി, ഡയറ്റിക്സ് സേവനങ്ങൾ, സെറിബ്രൽ പാൾസി, ഓട്ടിസം, ഇന്റലെക്ച്വൽ ഡിസെബിലിറ്റി ബാധിതരായ കുട്ടികൾക്കുള്ള പ്രത്യേക വിദ്യാഭ്യാസത്തിനായുള്ള സ്പെഷ്യൽ സ്കൂളുകൾ, ഓഡിയോ ആൻഡ് സ്പീച്ച് സയൻസ് ലാബുകൾ, IQ ടെസ്റ്റ്,

ഫിസിയാട്രിസ്റ്റ്, ഡെവലപ്മെന്റൽ പീഡിയാട്രിഷ്യൻ എന്നിവരുടെ സേവനം, 8 കിടക്കകളോടുകൂടിയ സ്പൈനൽ കോർഡ് ഇഞ്ച്വറി റീഹാബിലിറ്റേഷൻ യൂണിറ്റ്, ഓഡിറ്ററി വെർബൽ തെറാപ്പി എന്നീ സേവനങ്ങൾ നൽകിവരുന്നു.

ബാച്ച്ലർ ഓഫ് ഓക്യുപ്പേഷണൽ തെറാപ്പി കോഴ്സ്: ഭിന്നശേഷി മേഖലയിൽ മികച്ച പ്രൊഫഷണലുകളെ വാർത്തെടുക്കുകയെന്ന ലക്ഷ്യത്തോടെ കേരള ആരോഗ്യ സർവ്വകലാശാലയുമായി (KUHS) അഫിലിയേറ്റ് ചെയ്ത് പ്രവർത്തിക്കുന്ന 4 1/2 വർഷം ദൈർഘ്യമുള്ള പ്രൊഫഷണൽ ബിരുദ കോഴ്സായ ബാച്ചിലർ ഓഫ് ഒക്യുപ്പേഷണൽ തെറാപ്പി (BOT) കോഴ്സ് ഈ സ്ഥാപനത്തിൽ നടത്തുന്നു.

D.Ed. സ്പെഷ്യൽ എഡ്യുക്കേഷൻ കോഴ്സ്: റീഹാബിലിറ്റേഷൻ കൗൺസിൽ ഓഫ് ഇന്ത്യയുടെ (RCI) അംഗീകാരത്തോടെ രണ്ട് വർഷം ദൈർഘ്യമുള്ള സ്പെഷ്യൽ എഡ്യുക്കേഷൻ ഡിപ്ലോമ കോഴ്സുകൾ NIPMR നടത്തുന്നു.

സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റീസിന്റെ ഭിന്നശേഷി മേഖലയിലെ പദ്ധതികൾ ആരോഗ്യ വകുപ്പ്, സാമൂഹ്യനീതി വകുപ്പ്,

വനിതാ ശിശു വികസന വകുപ്പ് എന്നിവ മുഖേനയാണ് നടപ്പിലാക്കുന്നത്. ഈ പദ്ധതികൾ സ്ഥാപനാടിസ്ഥാനത്തിൽ വിലയിരുത്തൽ നടത്തിവരുന്നുണ്ട്.

ഭിന്നശേഷിമേഖലയിൽ പ്രവർത്തിക്കുന്ന സ്കൂളുകൾക്ക് സർക്കാർ താഴെപ്പറയുന്ന സഹായങ്ങൾ ചെയ്തുവരുന്നു.

1. അന്ധ/ബധിര-മൂക വിദ്യാലയങ്ങൾക്ക് സർക്കാർ സഹായം
2. ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾ പഠിക്കുന്ന വിദ്യാലയങ്ങൾക്ക് സ്പെഷ്യൽ സ്കൂൾ പാക്കേജിന്റെ ഭാഗമായി 45 കോടിയുടെ ഗ്രാന്റ്.
3. പൊതുവിദ്യാലയങ്ങളിൽ 1 മുതൽ 8 വരെ പഠിക്കുന്ന ഭിന്നശേഷി കുട്ടികൾക്ക് (HI, VI, OH, MR) സാമ്പത്തിക സഹായം (15 കോടി).
4. 10-ാം ക്ലാസിലെ പൊതു പരീക്ഷയെഴുതുന്നതിന് ഭിന്നശേഷി കുട്ടികൾക്ക് വിവിധ ആനുകൂല്യങ്ങളും നൽകിവരുന്നു.
5. SCERT, SSK മുഖേന അക്കാദമിക പിന്തുണ ഭിന്നശേഷി കുട്ടികൾക്ക് നൽകുന്നു.

(ബി) നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആൻഡ് ഹിയറിംഗിന്റെ പുരോഗതിക്കായി ഈ സർക്കാർ നടത്തിയിട്ടുള്ള

ഇടപെടൽ വിശദീകരിക്കാമോ; നിഷിനെ സർവ്വകലാശാലയായി ഉയർത്തുന്നത് പരിഗണനയിലുണ്ടോ; വ്യക്തമാക്കുമോ?

ഈ സർക്കാർ നൂറുദിന കർമ്മ പദ്ധതിയിലുൾപ്പെടുത്തി ഉദ്ഘാടനം ചെയ്തിട്ടുള്ള നിഷ്-ലെ പദ്ധതികൾ താഴെപ്പറയുന്നവയാണ്.

1) സെന്റർ ഫോർ റിസർച്ച് ഇൻ കമ്മ്യൂണിക്കേഷൻ സയൻസസ്:

ഭിന്നശേഷിക്കാരുടെ ജീവിതനിലവാരം വികസിപ്പിക്കാൻ ഏറ്റവും നൂതനമായ സാഹചര്യങ്ങൾ സൃഷ്ടിക്കുക, ഭിന്നശേഷി ഗവേഷണ രംഗത്ത് മാതൃകാപരമായ മാറ്റം കൈവരിക്കുകയെന്ന ലക്ഷ്യങ്ങളോടെയാണ് സെന്റർ ഫോർ റിസർച്ച് ഇൻ കമ്മ്യൂണിക്കേഷൻ സയൻസസ് നിഷ്-ൽ പ്രവർത്തനമാരംഭിക്കുന്നത്.

2) നിഷ്- സെൻസറി പാർക്ക് ' സഫൽ സെൻസറിയം'

ഇന്ദ്രിയാധിഷ്ഠിതമായ ഒരു പഠനരീതിയാണ് സെൻസറി പാർക്ക് എന്ന ആശയത്തിലൂടെ നിഷ് മുന്നോട്ടുവയ്ക്കുന്നത്.

3) SIPDA-യുടെ കീഴിൽ തടസ്സങ്ങളില്ലാത്ത പശ്ചാത്തലസൗകര്യം

(ആക്സസ്സിബിൾ കാംപസ്- കേന്ദ്ര ഗവൺമെന്റ് ധനസഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതി)

ആക്സസിബിൾ ബുക്ക് ക്രിയേഷൻ. എല്ലാ ഭിന്നശേഷികൾക്കും ഒരുപോലെ പ്രാപ്യമായ കഥാപുസ്തകങ്ങളുടെ നിർമ്മാണമാണ് ആക്സസിബിൾ ബുക്ക് ക്രിയേഷൻ പദ്ധതി.

4) ബധിരർക്കും, ശ്രവണ പരിമിതർക്കുമായി ദ്വിഭാഷാ സ്കൂൾ

ബധിരരും ശ്രവണപരിമിതിയുള്ളവരുമായ കുട്ടികളിൽ എഴുതാനും വായിക്കാനുമുള്ള കഴിവ് പ്രായാനുസൃതമായി വികസിപ്പിക്കുന്നതിന് ദ്വിഭാഷാ സമീപനത്തിലൂടെ ഒരു സ്കൂൾ തുടങ്ങുകയെന്നതാണ് നിഷ് ലക്ഷ്യമിടുന്നത്.

5) ശ്രവണപരിമിതരായ കൊച്ചുകുട്ടികൾക്കായി റീജിയണൽ ഏർളി ഇന്റർവെൻഷൻ സെന്റർ:

1997 മുതൽ നിഷ് ശ്രവണ പരിമിതിയുള്ള (എച്ച്.ഐ.) കുട്ടികൾക്കായി നടത്തിവരുന്ന ഏർലി ഇന്റർവെൻഷൻ പ്രോഗ്രാം (ഇ.ഐ.പി.), ജനനം മുതൽ ആറ് വയസ്സ് വരെയുള്ള കേൾവിക്കുറവുമുള്ള കുട്ടികളിൽ പ്രായാനുസൃതമായ ഭാഷാവികസനം, വായിക്കാനും, എഴുതാനും, അടിസ്ഥാന ഗണിത പ്രവർത്തനങ്ങൾ ചെയ്യാനുമുള്ള വൈദഗ്ദ്ധ്യം എന്നിവ സാദ്ധ്യമാക്കി അവരെ മുഖ്യധാരാ വിദ്യാഭ്യാസത്തിന് പ്രാപ്തരാക്കുകയാണ് ചെയ്യുന്നത്.

6) <u>നാഷണൽ സെന്റർ ഫോർ അസിസ്റ്റീവ് ഹെൽത്ത് ടെക്നോളജി:</u>

ഇന്ത്യൻ കൗൺസിൽ ഫോർ മെഡിക്കൽ റിസർച്ചും നിഷും ചേർന്ന് നടത്തുന്ന ഒരു പദ്ധതിയാണ് നാഷണൽ സെന്റർ ഫോർ അസിസ്റ്റീവ് ഹെൽത്ത് ടെക്നോളജി.

നിഷിനെ സർവ്വകലാശാലയായി ഉയർത്തുന്നതിന്റെ സാദ്ധ്യത പരിശോധിച്ചുവരുന്നു.

(സി) നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഫിസിക്കൽ മെഡിസിൻ ആൻഡ് റീഹാബിലിറ്റേഷനിൽ ഈ സർക്കാർ ആരംഭിച്ച പുതിയ പദ്ധതികൾ സംബന്ധിച്ചും പ്രവർത്തനങ്ങൾ സംബന്ധിച്ചും വിശദമാക്കുമോ?

നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഫിസിക്കൽ മെഡിസിൻ ആൻഡ് റീഹാബിലിറ്റേഷൻ (NIPMR) മുഖാന്തരമുള്ള പദ്ധതികളുടെ വിശദവിവരം അനുബന്ധമായി ചേർക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## ഭിന്നശേഷിക്കാർക്ക് സർക്കാർ എയ്ഡഡ് മേഖലയിൽ 4 ശതമാനം സംവരണം നടപ്പാക്കൽ

303(2044) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭിന്നശേഷിക്കാർക്ക് സർക്കാർ സർവ്വീസിലും എയ്ഡഡ് മേഖലയിലും 4 ശതമാനം സംവരണം നടപ്പാക്കുന്നത് സംബന്ധിച്ച് ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

31-10-2019-ലെ G.O(P) No. 12/2019/SJD പ്രകാരം സർക്കാർ എസ്റ്റാബ്ലിഷ്മെന്റുകളിൽ ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികൾക്ക് അനുവദിച്ചിരുന്ന സംവരണം 3 ശതമാനത്തിൽ നിന്ന് 4 ശതമാനമായി ഉയർത്തിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. RPwD Act, 2016 സെക്ഷൻ 33-ൽ നിഷ്കർഷിച്ചിട്ടുള്ളതുപ്രകാരം രൂപീകരിച്ച എക്സ്പെർട്ട് കമ്മിറ്റി ശിപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ പുറപ്പെടുവിച്ച 25-08-2020-ലെ G.O(P) No. 19/2020/SJD പ്രകാരം ഭിന്നശേഷിക്കാർക്കനുയോജ്യമായി കണ്ടെത്തിയ കോമൺ കാറ്റഗറി തസ്തികകൾക്ക് 4 ശതമാനം ഭിന്നശേഷി സംവരണം അനുവദിച്ചിരുന്നു.

സർക്കാർ സർവ്വീസിലുള്ള ഭിന്നശേഷിക്കാരായ വ്യക്തികൾക്ക് പ്രൊമോഷനിൽ സംവരണം ഉറപ്പുവരുത്തുന്നതിനായി 15-07-2022-ലെ G.O(P)No.5/2022/SJD പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. 654 എൻട്രി കേഡർ തസ്തികകൾക്ക് 4 ശതമാനം സംവരണം അനുവദിച്ചുകൊണ്ട് 28-10-2022-ലെ G.O.(P) No.7/2022/SJD പ്രകാരവും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

എയ്ഡഡ് സ്കൂളുകളിലും പ്രൊഫഷണൽ കോളേജുകളുൾപ്പെടെയുള്ള എയ്ഡഡ് കോളേജുകളിലും PwD Act 1995, RPwD Act 2016 എന്നിവ പ്രകാരം സംവരണം ഉറപ്പുവരുത്തുന്നതിന് 18-11-2018-ലെ G.O.(P) No. 18/2018/SJD ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ പൊതുവിദ്യാഭ്യാസ വകുപ്പും ഉന്നതവിദ്യാഭ്യാസ വകുപ്പും ഭിന്നശേഷി സംവരണം അനുവദിക്കുന്നത് സംബന്ധിച്ച വിഷയത്തിൽ 15-02-2021-ലെ G.O.(MS) No.96/2021/HEdn, 18-05-2022-ലെ G.O.(MS) No.242/2022/HEdn, 25-06-2022-ലെ G.O.(MS) No. 111/2022/GEdn എന്നീ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) ഇതുസംബന്ധിച്ച് പി.എസ്.സി.-യിൽ നിന്നും ലഭിച്ച നിർദ്ദേശങ്ങൾക്ക് വകുപ്പ് മറുപടി നൽകിയിട്ടുണ്ടോ?

നൽകിയിട്ടുണ്ട്.

(സി) നാല് ശതമാനം ഭിന്നശേഷി സംവരണം നടപ്പാക്കുന്നതിനായി പി.എസ്.സി.-യുടെ റൊട്ടേഷൻ ചാർട്ട് പ്രകാരമുള്ള ഏതെല്ലാം ടേണുകളാണ് തെരഞ്ഞെടുത്തിട്ടുള്ളതെന്നും ഇത് മറ്റേതെങ്കിലും സംവരണവിഭാഗത്തിന്റെ ടേണുകളിലുൾപ്പെട്ടുമോയെന്നും വ്യക്തമാക്കുമോ?

31-10-2019-ലെ G.O.(P) No.12/2019/SJD പ്രകാരം നാല് ശതമാനം സംവരണം നടപ്പാക്കുന്നതിനായി 100 പോയിന്റ് നിയമന റോസ്റ്ററിലെ 1, 26, 51, 76 എന്നീ ടേണുകളാണ് ഭിന്നശേഷി സംവരണത്തിനായി അനുവദിച്ചിട്ടുള്ളത്. 26, 76 എന്നീ ടേണുകൾ മുസ്ലീം വിഭാഗത്തിന്റെ സംവരണ ടേണുകളായതിനാൽ ഇത് നടപ്പിലാക്കിയിട്ടില്ല. പ്രസ്തുത ഉത്തരവ് പുന:പരിശോധിക്കുന്ന വിഷയം പരിഗണനയിലാണ്.

(ഡി) ഭിന്നശേഷിക്കാരുടെ സംവരണം നടപ്പിലാക്കാത്തതുമൂലം എയ്ഡഡ് സ്കൂൾ മേഖലയിലടക്കം ഭിന്നശേഷിക്കാർക്ക് അവസരം നഷ്ടപ്പെടുന്നതും എയ്ഡഡ് മേഖലയിലെ മറ്റദ്ധ്യാപകർക്ക് ശമ്പളം ലഭിക്കാത്തതുമായ സാഹചര്യം ശ്രദ്ധയിൽവന്നിട്ടുണ്ടോ?

ഉണ്ട്.

(ഇ) എങ്കിൽ നാല് ശതമാനം ഭിന്നശേഷി സംവരണം മറ്റ് സംവരണ വിഭാഗങ്ങളുടെ അവസരങ്ങൾ നഷ്ടപ്പെടാതെ കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

നടപടി സ്വീകരിച്ചുവരുന്നു.

**ഭിന്നശേഷിക്കാർക്ക് ഏകീകൃത തിരിച്ചറിയൽ കാർഡ്**

304(2045) <u>ശ്രീ. ഡി. കെ. മുരളി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അർഹമായ മുഴുവൻ ഭിന്നശേഷിക്കാർക്കും ഏകീകൃത തിരിച്ചറിയൽ കാർഡ് (യു.ഡി.ഐ.ഡി.) നൽകുന്നതിന്റെ

ഭാഗമായി വാമനപുരം മണ്ഡലത്തിൽനിന്ന് എത്രപേർ അപേക്ഷിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്തെ അർഹരായ മുഴുവൻ ഭിന്നശേഷിക്കാർക്കും ഏകീകൃത തിരിച്ചറിയൽ കാർഡ് (യു.ഡി.ഐ.ഡി.) നൽകുന്നതിന്റെ ഭാഗമായി വാമനപുരം മണ്ഡലത്തിൽ നിന്ന് 667 പേർ അപേക്ഷിച്ചിട്ടുണ്ട്.

(ബി) ഇതിൽ എത്രപേർക്ക് തിരിച്ചറിയൽ കാർഡ് നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

വാമനപുരം മണ്ഡലത്തിൽനിന്ന് അപേക്ഷിച്ചവരിൽ 254 പേർക്ക് യു.ഡി.ഐ.ഡി. കാർഡ് നൽകിയിട്ടുണ്ട്.

(സി) മണ്ഡലത്തിൽ ആകെ എത്ര ഭിന്നശേഷിക്കാർ നിലവിലുണ്ടെന്ന് അറിയിക്കുമോ?

2015-ൽ സാമൂഹ്യനീതി വകുപ്പ് നടത്തിയ അംഗപരിമിത സെൻസസ് പ്രകാരം വാമനപുരം മണ്ഡലത്തിൽ ആകെ 5383 ഭിന്നശേഷിക്കാരാണുള്ളത്.

## സർക്കാർ - പൊതുമേഖലാ സ്ഥാപനങ്ങളിൽ ഭിന്നശേഷിക്കാർക്ക് നിയമനം

305(2046) <u>ശ്രീ. കെ. പ്രേംകുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം മണ്ഡലത്തിൽ 2016-ലെ ഭിന്നശേഷി അവകാശ നിയമമനുസരിച്ച് സർക്കാർ-പൊതുമേഖലാ സ്ഥാപനങ്ങളിൽ എത്ര നിയമനങ്ങൾ നടന്നിട്ടുണ്ടെന്ന് വിശദമാക്കാമോ?

സർക്കാർ-പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനങ്ങൾ കേരള പബ്ലിക് സർവീസ് കമ്മീഷൻ മുഖേനയാണ് നടപ്പിലാക്കുന്നത്. കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സംസ്ഥാന/ജില്ലാടിസ്ഥാനത്തിലാണ് നിയമന ശിപാർശ ചെയ്യുന്നത്. അതിനാൽ ഒറ്റപ്പാലം മണ്ഡലത്തിൽ 2016-ലെ ഭിന്നശേഷി അവകാശ നിയമപ്രകാരം സർക്കാർ-പൊതുമേഖലാ സ്ഥാപനങ്ങളിൽ നടന്നിട്ടുള്ള നിയമനങ്ങളുടെ പട്ടിക ലഭ്യമല്ല.

(ബി) ഇത്തരം നിയമനങ്ങൾ നൽകുന്നതിന് ജില്ലാടിസ്ഥാനത്തിൽ ഭിന്നശേഷിക്കാരുടെ സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് ലഭ്യമാക്കാമോ?

ഭിന്നശേഷിക്കാർക്ക് അനുയോജ്യമായി കണ്ടെത്തിയ തസ്തികകളിൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന ജില്ലാതലത്തിലും / സംസ്ഥാനതലത്തിലും റാങ്ക് പട്ടികകളിൽ നിന്നാണ് നിയമനം നൽകിവരുന്നത്.

**ചലന പരിമിതിയുള്ളവർക്ക് മുച്ചക്രവാഹനം, ഇലക്ട്രോണിക് വീൽചെയർ എന്നിവ നൽകുന്ന പദ്ധതി**

306(2047) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യത്തിന് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് ചലനപരിമിതിയുള്ളവർക്ക് മുച്ചക്രവാഹനം, ഇലക്ട്രോണിക് വീൽചെയർ എന്നിവ നൽകുന്ന പദ്ധതി പ്രകാരം നാളിതുവരെ എത്രപേർക്ക് ഉപകരണങ്ങൾ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; ഇതിനായി ഇതുവരെ എത്ര ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ?

സാമൂഹ്യനീതി വകുപ്പിനുകീഴിലുള്ള കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ മുഖേന 923 പേർക്ക് മുച്ചക്രവാഹനവും 188 പേർക്ക് ഇലക്ട്രോണിക് വീൽചെയറും നൽകിയിട്ടുണ്ട്.

ആയതിനായി 663.23 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. കൂടാതെ സാമൂഹ്യനീതി വകുപ്പ് 2017-2018 സാമ്പത്തികവർഷം മുതൽ ആരംഭിച്ച Joystick Operated Wheel chair, CP Wheel chair, ഇലക്ട്രോണിക് വീൽ ചെയർ എന്നിവ വിതരണം ചെയ്യുന്ന പദ്ധതിപ്രകാരം ഇതുവരെ 135 പേർക്ക് 1,23,91,565 രൂപ (ഒരു കോടി ഇരുപത്തി മൂന്ന് ലക്ഷത്തി തൊണ്ണൂറ്റിയൊന്നായിരത്തി അഞ്ഞൂറ്റി അറുപത്തിയഞ്ച് രൂപ മാത്രം) ചെലവഴിച്ച് ഉപകരണങ്ങൾ വിതരണം ചെയ്തിട്ടുണ്ട്.

## സോഷ്യൽ സെക്യൂരിറ്റി മിഷൻ മുഖേനയുള്ള ചികിത്സാ ധനസഹായം

307(2048) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യത്തിന് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അവയവം മാറ്റിവയ്ക്കലുൾപ്പെടെയുള്ള വലിയ ചെലവ് വരുന്ന ചികിത്സകൾക്ക് സോഷ്യൽ സെക്യൂരിറ്റി മിഷൻ മുഖേന ധനസഹായം ലഭ്യമാക്കുന്ന പദ്ധതി നിലവിലുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

ഉണ്ട്. സാമൂഹ്യസുരക്ഷാ മിഷന്റെ മറ്റുപദ്ധതികളിലൊന്നും ഉൾപ്പെടുത്താൻ കഴിയാത്ത സമൂഹത്തിലെ അശരണരും നിരാലംബരും, അവഗണിക്കപ്പെട്ടവരും, രോഗാതുരരുമായ വ്യക്തികൾക്ക് ആശ്വാസം നൽകാൻ വിഭാവനം ചെയ്തിട്ടുള്ള വീ കെയർ പദ്ധതി മുഖാന്തരം ചികിത്സാ സഹായം അനുവദിച്ചുവരുന്നു.

## "റെഡ് ബട്ടൺ" പദ്ധതി

308(2049) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ വർദ്ധിച്ചുവരുന്നതായുള്ള മാദ്ധ്യമ റിപ്പോർട്ടുകൾ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) സ്ത്രീസുരക്ഷയ്ക്കായി ഏർപ്പെടുത്തിയ പല പദ്ധതികളും പരാജയപ്പെട്ടുവെന്ന ആക്ഷേപം വിലയിരുത്തിയിട്ടുണ്ടോ?

(എ &ബി) ഇത്തരം സംഭവങ്ങൾ നിരീക്ഷിക്കുന്നതിന് മതിയായ സംവിധാനങ്ങൾ സംസ്ഥാനത്ത് നിലവിലുണ്ട്. സ്ത്രീകൾക്കും

കുട്ടികൾക്കും സുരക്ഷയൊരുക്കുന്നതിനും മറ്റുമായി കേരള പോലീസ് രൂപം നൽകിയ പിങ്ക് പ്രൊട്ടക്ഷൻ പ്രോജക്ട്, വനിതാ സെല്ലുകളിൽ നിലവിലുള്ള കൗൺസിലിംഗ് സംവിധാനം, സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾക്കെതിരെ aparajitha.pol@kerala.gov.in എന്ന ഇ-മെയിൽ വിലാസത്തിലും 9497996992 എന്ന നമ്പരിലും പരാതി നൽകുന്നതിനായുള്ള പ്രത്യേക സംവിധാനം, നമ്പർ ഡയൽ ചെയ്യാൻ സാധിക്കാത്ത സാഹചര്യത്തിൽ ആക്രമണങ്ങൾക്കിരയാകുന്ന പെൺകുട്ടികൾക്ക് പോലീസ് സഹായം പെട്ടെന്ന് എത്തിക്കാനായി ഫോണിന്റെ പവർ ബട്ടൺ മൂന്ന് തവണ അമർത്തിയാൽ പോലീസ് ആസ്ഥാനത്തെ കമാൻഡ് സെന്ററിലേയ്ക്ക് സന്ദേശം അയയ്ക്കാനുള്ള സംവിധാനം, പൊതു-സ്വകാര്യ സ്ഥലങ്ങളിൽ സ്ത്രീ സുരക്ഷ ഒരുക്കുന്നതിന്റെ ഭാഗമായി പിങ്ക് പോലീസ് സംവിധാനം, ജനമൈത്രി സംവിധാനം, വനിതാ സെൽ, വനിതാ ഹെൽപ്പ് ലൈൻ, ഹെൽപ്പ് ഡെസ്ക് തുടങ്ങിയവ, സ്ത്രീകൾക്കും കുട്ടികൾക്കും സ്വയം പ്രതിരോധം വർദ്ധിപ്പിക്കുന്നതിനുവേണ്ടിയുള്ള Self Defence പദ്ധതി, പോലീസിന്റെ ടോൾ ഫ്രീ നമ്പറുകളിൽ പോലീസ് സഹായം തേടാനുള്ള സംവിധാനം,

Domestic Conflict Resolution Centre (DCRC), നിർഭയം ആപ്പ്, സോഷ്യൽ മീഡിയയിലെ ദുരുപയോഗം തടയുന്നതിനായി പോലീസിന്റെ ഫെയ്സ്ബുക്ക്, ഇൻസ്റ്റഗ്രാം, വിഷ്വൽ മീഡിയ എന്നിവയുടെ സഹായത്തോടുകൂടി വീഡിയോകളും മറ്റും പ്രചരിപ്പിച്ച് നടത്തുന്ന ബോധവൽക്കരണം, സ്ത്രീകൾക്കെതിരായ കുറ്റകൃത്യങ്ങൾ തടയുന്നതിലേയ്ക്കായി നിലവിലുണ്ടായിരുന്ന 10 വനിതാ പോലീസ് സ്റ്റേഷനുകൾക്കുപുറമെ പത്തനംതിട്ട, ഇടുക്കി, പാലക്കാട്, കാസർഗോഡ് എന്നീ ജില്ലകളിൽ നാല് വനിതാ പോലീസ് സ്റ്റേഷനുകൾകൂടി സ്ഥാപിച്ചത്, എന്നിങ്ങനെ സ്ത്രീ സുരക്ഷയ്ക്കായി ഏർപ്പെടുത്തിയ വിവിധ പദ്ധതികൾ വളരെ കാര്യക്ഷമമായി തന്നെ പ്രവർത്തിച്ചുവരുന്നുണ്ട്. പൊതു-സ്വകാര്യ സ്ഥലങ്ങളിൽ സ്ത്രീസുരക്ഷ ഉറപ്പുവരുത്തുന്നതിനും സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിനും പരാതികൾ ലഭിക്കുന്നമുറയ്ക്ക് നിലവിലെ നിയമമനുസരിച്ച് ശക്തമായ നിയമനടപടികളും സ്വീകരിച്ചുവരുന്നു.

(സി) സ്ത്രീ സുരക്ഷയ്ക്കായി സ്ഥാപിച്ച റെഡ് ബട്ടൺ പദ്ധതിയുടെ പ്രവർത്തന പുരോഗതി എന്തെല്ലാമെന്ന് അറിയിക്കാമോ?

സംസ്ഥാനത്ത് ആർട്ടിഫിഷ്യൽ ഇന്റലിജൻസ് റോബോട്ടിക് സാങ്കേതികവിദ്യ അടിസ്ഥാനപ്പെടുത്തി 24 മണിക്കൂറും പൊതുജനസുരക്ഷ ഉറപ്പാക്കുന്ന സംവിധാനമാണ് റെഡ് ബട്ടൺ. ഇതോടെ ക്രമസമാധാനപാലനത്തിന് വികസിത രാജ്യങ്ങളിൽ ഉപയോഗിച്ചുവരുന്ന ഇന്റലിജൻസ് റോബോട്ടിക് സംവിധാനം ഇന്ത്യയിലാദ്യമായി കേരളാ പോലീസും ഉപയോഗപ്പെടുത്തിയിട്ടുള്ളതാണ്. സംസ്ഥാനത്തെ വിവിധ സ്ഥലങ്ങളിൽ സ്ഥാപിച്ചിട്ടുള്ള റെഡ്ബട്ടൺ ടെർമിനലുകളിൽ കൈവിരലുകളമർത്തിയാൽ സഹായമാവശ്യപ്പെടുന്നയാൾ നിൽക്കുന്ന സ്ഥലവും, പരിസരങ്ങളിലെ ചിത്രങ്ങളും പോലീസ് കൺട്രോൾ റൂമിൽ ദൃശ്യമാവും. തുടർന്ന് ഹോട്ട്ലൈൻ ടെലിഫോണിലൂടെ കൺട്രോൾ റൂമിലെ പോലീസുദ്യോഗസ്ഥരുമായി നേരിട്ട് സംസാരിക്കാനും കഴിയും. റെഡ്ബട്ടൺ അമർത്തുന്നയാൾ പോലീസുദ്യോഗസ്ഥനുമായി ആശയ വിനിമയം പൂർത്തിയായാലുടൻതന്നെ സംഭവത്തിന്റെ വിശദാംശങ്ങൾ നഗരത്തിൽ സേവനമനുഷ്ഠിക്കുന്ന കൺട്രോൾ റൂം പോലീസ് വാഹനങ്ങളിലേയ്ക്ക് കൈമാറും. തുടർന്ന് നിമിഷങ്ങൾക്കകം സുരക്ഷയ്ക്കായി

പോലീസ് വാഹനം സംഭവസ്ഥലത്ത് എത്തുന്ന വിധത്തിലാണ് ഇതിന്റെ പ്രവർത്തനമേർപ്പെടുത്തിയിരിക്കുന്നത്. റെഡ്ബട്ടൺ ടെർമിനലുകളിൽ സ്ഥാപിച്ചിട്ടുള്ള ഹൈഡെഫിനിഷൻ ക്യാമറകൾ 360 ഡിഗ്രി ചുറ്റളവിൽ ദൃശ്യങ്ങൾ രേഖപ്പെടുത്തുന്നതിനും പകർത്തുന്നതിനും കഴിയുന്നവയാണ്. കൂടാതെ ഇതിൽ സജ്ജമാക്കിയിട്ടുള്ള ക്യാമറകൾക്ക് കുറ്റകൃത്യങ്ങളിലുൾപ്പെടുന്ന വാഹനങ്ങളുടെ നമ്പർ പ്ലേറ്റുകൾ വരെ കൃത്യമായി പകർത്തുന്നതിനും ശേഖരിക്കുന്ന വിവരങ്ങൾ കമാൻഡ് സെന്റർ വഴി തൊട്ടടുത്ത് സ്ഥിതിചെയ്യുന്ന പോലീസ് സ്റ്റേഷൻ, പോലീസ് കൺട്രോൾ റൂം, ഫ്ലയിംഗ് സ്ക്വാഡ്, പോലീസ് പട്രോളിംഗ് വാഹനങ്ങൾ എന്നിവയിലേയ്ക്ക് നിമിഷനേരത്തിൽ കൈമാറുന്നതിന് ക്യാമറയിൽ പകർത്തപ്പെട്ട ദൃശ്യങ്ങൾ ഇവിടെ സ്ഥാപിക്കപ്പെട്ട മോണിറ്ററുകളിലേയ്ക്ക് അയയ്ക്കുന്നതിനും സാധിക്കും. അടിയന്തരഘട്ടങ്ങളിൽ സ്ത്രീകൾക്കും കുട്ടികൾക്കും വയോജനങ്ങൾക്കും ഉപകാരപ്പെടുന്ന ഒരു സംവിധാനമാണ് റെഡ്ബട്ടൺ ടെർമിനൽ. കൂടാതെ വ്യക്തിഗതവിവരങ്ങൾ വെളിപ്പെടുത്താതെതന്നെ ഏതൊരാൾക്കും റെഡ്ബട്ടണിലൂടെ സഹായം അഭ്യർത്ഥിക്കുന്നതിനും

കുറ്റകൃത്യങ്ങളെക്കുറിച്ചും കുറ്റവാളികളെക്കുറിച്ചുമുള്ള വിവരങ്ങൾ സംഭവസ്ഥലത്തുവച്ചുതന്നെ പോലീസിന് കൈമാറാനുമാകുമെന്നതാണ് ഇതിന്റെ മറ്റൊരു സവിശേഷത. റെഡ്ബട്ടൺ ഉപയോക്താവ് തനിക്കാവശ്യമുള്ള പോലീസ് സേവനത്തിന് പോലീസ് സ്റ്റേഷനിലേയ്ക്ക് വിളിക്കണമെന്ന് ടെലിഫോൺ നമ്പറിൽ ബന്ധപ്പെടണമെന്നുമുള്ള ആശങ്കയ്ക്ക് വഴിവയ്ക്കാതെയാണ് ഇതിന്റെ പ്രവർത്തനങ്ങൾ. കേരള സ്റ്റാർട്ട് അപ്പ് മിഷനുകീഴിലുള്ള ആർ-ബട്ടൺ ടെക്നോളജിയെന്ന സ്ഥാപനമാണ് കേരളാപോലീസിനുവേണ്ടി സാങ്കേതികവിദ്യ വികസിപ്പിച്ചെടുത്ത് നിർവ്വഹണം നടത്തുന്നത്.

സ്ത്രീസുരക്ഷയ്ക്കായി തിരുവനന്തപുരം സിറ്റിയിൽ കവടിയാർ, കഴക്കൂട്ടം എന്നിവിടങ്ങളിലും തൃശ്ശൂർ സിറ്റി പോലീസ് ജില്ലയിൽ തൃശ്ശൂർ എം.ഒ. റോഡിൽ കോർപ്പറേഷൻ ഓഫീസിനുസമീപത്തും ശക്തൻ നഗറിലും നിലവിൽ Red Button ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്.

**ഓർഫനേജ് കൺട്രോൾ ബോർഡിന്റെ അംഗീകാരമില്ലാത്ത ക്ഷേമസ്ഥാപനങ്ങൾ**

309(2050) ശ്രീ. വി. ശശി: താഴെ കാണുന്ന ചോദ്യത്തിന് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് ഓർഫനേജ് കൺട്രോൾ ബോർഡിന്റെ അംഗീകരമില്ലാത്ത ക്ഷേമസ്ഥാപനങ്ങൾ പ്രവർത്തിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്മേൽ സ്വീകരിച്ച നടപടി വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരത്തിൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെടുന്നമുറയ്ക്ക് താമസക്കാരെ ഓർഫനേജ് കൺട്രോൾ ബോർഡിന്റെ അംഗീകാരമുള്ള മറ്റ് സ്ഥാപനങ്ങളിലേയ്ക്ക് മാറ്റുന്നതിനും സ്ഥാപനത്തിന്റെ പ്രവർത്തനം നിർത്തലാക്കുന്നതിനുമാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

**തിരുവല്ല താലൂക്കാശുപത്രിയിൽ ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രം**

310(2051) <u>ശ്രീ. മാത്യു ടി. തോമസ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ)തിരുവല്ല താലൂക്കാശുപത്രിയിൽ ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രമാരംഭിക്കുന്നതിനായി തുക അനുവദിച്ചിട്ടുണ്ടോ?

തിരുവല്ല താലൂക്കാശുപത്രിയിൽ ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രത്തിന് (District Early Intervention Centre) പുതിയ കെട്ടിടം പണിയുന്നതിനായി 19-06-2015-ലെ 389/2015 നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 260 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു.

(ബി) പ്രസ്തുത പ്രവൃത്തി നടപ്പാക്കുന്നതിനുള്ള നിർവ്വഹണ ഏജൻസി ഏതാണെന്ന് വ്യക്തമാക്കുമോ?

തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗമാണ് നിർവ്വഹണ ഏജൻസി.

(സി)ഇതുസംബന്ധിച്ച നടപടിക്രമങ്ങൾ ഏതുഘട്ടത്തിലാണെന്നും വിശദമാക്കുമോ?

പത്തനംതിട്ട ജില്ലയിൽ ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രം (District Early Intervention Centre) തിരുവല്ല താലൂക്കാശുപത്രിയിൽ നിർമ്മിക്കുന്നതിലേയ്ക്ക് ആരോഗ്യവകുപ്പിൽനിന്നും സ്ഥലം അനുവദിച്ച് ഉത്തരവായിട്ടുണ്ട്. 2014-ലെ ഡി.എസ്.ആർ. പ്രകാരം തയ്യാറാക്കിയ എസ്റ്റിമേറ്റനുസരിച്ച് പ്രസ്തുത പ്രവൃത്തിക്ക് 260 ലക്ഷം രൂപ വകയിരുത്തുകയും ചെയ്തിരുന്നു.

19-01-2019-ൽ പത്തനംതിട്ട ജില്ലാ കളക്ടർ വിളിച്ച ചേർത്ത അവലോകനയോഗത്തിൽ നിലവിലെ എസ്റ്റിമേറ്റ് 2014-ലെ ഡി.എസ്.ആർ. പ്രകാരം ആയതിനാൽ റിവൈസ്ഡ് എസ്റ്റിമേറ്റ് എടുക്കുന്നതിന് തീരുമാനിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കാൻ ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറെ ചുമതലപ്പെടുത്തുകയുമുണ്ടായി. ഇതനുസരിച്ച് 2016-ലെ ഡി.എസ്.ആർ. പ്രകാരം 260 ലക്ഷം രൂപയുടെ റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കുകയുണ്ടായി. എന്നാൽ 2018 എസ്.ഒ.ആർ. പ്രകാരമുള്ള എസ്റ്റിമേറ്റാണ് ആവശ്യമെന്നതിനാൽ അപ്രകാരം പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗത്തിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. നിർമ്മാണപ്രവർത്തനങ്ങൾക്കായി തുകയൊന്നും കൈമാറിയിട്ടില്ല.

## എൻഡോസൾഫാൻ ദുരിതബാധിതർക്കുവേണ്ടി ദയാഭായി നടത്തിയ നിരാഹാരസമരം

311(2052) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൻഡോസൾഫാൻ ദുരിതബാധിതർക്കുവേണ്ടി സാമൂഹിക പ്രവർത്തകയായ ദയാഭായി തിരുവനന്തപുരത്ത് നടത്തിയ നിരാഹാര സമരം അവസാനിപ്പിക്കാൻ സർക്കാർ ഇടപെട്ടിരുന്നോയെന്ന് വ്യക്തമാക്കാമോ?

ഇടപെട്ടിരുന്നു. എൻഡോസൾഫാൻ ദുരിതബാധിതർക്കുവേണ്ടി സാമൂഹ്യപ്രവർത്തകയായ ശ്രീമതി ദയാഭായി തിരുവനന്തപുരത്ത് നടത്തിയ നിരാഹാരസമരം അവസാനിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് സമരസംഘാടക സമിതിയുമായി ബഹുമാനപ്പെട്ട ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രിയും ബഹുമാനപ്പെട്ട ആരോഗ്യവും വനിതാ-ശിശു വികസനവും വകുപ്പുമന്ത്രിയും 2022 ഒക്ടോബർ 16-ന് നടത്തിയ ചർച്ചയെത്തുടർന്ന് നിരാഹാരസമരം അവസാനിച്ചു.

(ബി) സർക്കാരിന്റെ ഇടപെടലും ഉറപ്പുകളുമാണോ ദയാഭായി നിരാഹാരസമരം അവസാനിപ്പിക്കാൻ കാരണമെന്ന് വ്യക്തമാക്കാമോ?

അതെ. എൻഡോസൾഫാൻ ദുരിതബാധിതർക്കുവേണ്ടി സാമൂഹ്യപ്രവർത്തകയായ ശ്രീമതി ദയാഭായി നടത്തിയ നിരാഹാരസമരം, സമരസംഘാടക സമിതിയുമായി ബഹുമാനപ്പെട്ട ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രിയും ബഹുമാനപ്പെട്ട ആരോഗ്യവും വനിത-ശിശു വികസനവും വകുപ്പുമന്ത്രിയും 2022 ഒക്ടോബർ 16-ന് നടത്തിയ ചർച്ചയിലെടുത്ത തീരുമാനങ്ങളെത്തുടർന്നാണ് അവസാനിപ്പിച്ചത്.

(സി) എങ്കിൽ സർക്കാർ നൽകിയ ഉറപ്പുകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

സർക്കാർ നൽകിയ ഉറപ്പുകൾ ചുവടെ ചേർക്കുന്നു.

1. കാസർഗോഡ് ജില്ലയിലെ ഗവൺമെന്റ് മെഡിക്കൽ കോളേജ്, ജനറൽ ആശുപത്രി, കാഞ്ഞങ്ങാട് ജില്ലാ ആശുപത്രി എന്നിവിടങ്ങളിൽ എൻഡോസൾഫാൻ ബാധിതർക്ക് ചികിത്സയ്ക്ക് നിലവിൽ മുൻഗണന നൽകുന്നുണ്ട്. ഇത് തുടർന്നും നൽകും. കാസർഗോഡ് ടാറ്റാ ട്രസ്റ്റ് ആശുപത്രിയും കാഞ്ഞങ്ങാട്

സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയും പൂർണ്ണമായും സജ്ജമാകുന്നമുറയ്ക്ക് എൻഡോസൾഫാൻ ബാധിതർക്ക് മറ്റാശുപത്രികളിൽ നൽകുന്ന മുൻഗണന ഇവിടെയും നൽകും.

എൻഡോസൾഫാൻ ബാധിതതരുടെ പ്രശ്നംകൂടി കണ്ടുകൊണ്ട് കാസർഗോഡ് ജില്ലയിൽ ന്യൂറോളജി ചികിത്സ ലഭ്യമാക്കുന്നതിന്റെ ഭാഗമായി ന്യൂറോളജിസ്റ്റുകളെ നിയമിച്ചുകൊണ്ടുള്ള സർക്കാരിന്റെ നടപടിയുടെ തുടർച്ചയായി, പരമാവധി ഒരു വർഷത്തിനുള്ളിൽ കാഞ്ഞങ്ങാട് ജില്ലാശുപത്രിയിൽ സ്ഥലം ലഭ്യമാകുന്നമുറയ്ക്കാവശ്യമായ ഉപകരണങ്ങൾ സ്ഥാപിച്ച് സൗകര്യം വിപുലപ്പെടുത്താനുള്ള നടപടി സ്വീകരിക്കും.

2. കാസർഗോഡ് മെഡിക്കൽ കോളേജിന്റെ നിർമ്മാണപ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കും,

3. ഗ്രാമപഞ്ചായത്ത്/നഗരസഭകളിലും ബഡ്സ് സ്കൂളുകളിലും ദിനപരിചരണത്തിന് പ്രത്യേക സംവിധാനമൊരുക്കും.

4. എൻഡോസൾഫാൻ ബാധിതരെ കണ്ടെത്തുന്നതിനുള്ള അപേക്ഷ രണ്ട് മാസത്തിനുള്ളിൽ സമർപ്പിച്ച് കഴിഞ്ഞാൽ 5 മാസത്തിനകം ഇത് പരിശോധിച്ച് പ്രത്യേക മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കും.

(ഡി)പ്രസ്തുത ഉറപ്പുകൾപ്രകാരം ഏതെല്ലാം കാര്യങ്ങൾ ഇതിനകം നടപ്പിലാക്കിയെന്ന് വ്യക്തമാക്കാമോ?

ദുരിതബാധിതർക്ക് കൂടുതൽ ചികിത്സാസൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് ജില്ലാശുപത്രിയിൽ ന്യൂറോളജിസ്റ്റിനെ നിയമിക്കുകയും ആവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിനും തീരുമാനമായിട്ടുണ്ട്.

എൻഡോസൾഫാൻ ദുരിതബാധിതർക്ക് ചികിത്സാ സൗകര്യങ്ങൾക്ക് മുൻഗണന നൽകിവരുന്നുണ്ട്. കാസർഗോഡ് ടാറ്റാ ട്രസ്റ്റ് ആശുപത്രി, കാഞ്ഞങ്ങാട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി എന്നിവ പൂർണ്ണമായും സജ്ജമാകുന്നമുറയ്ക്ക് എൻഡോസൾഫാൻ ദുരിതബാധിതർക്ക് മുൻഗണന നൽകുന്നതായിരിക്കും

എൻഡോസൾഫാൻ മെഡിക്കൽ ക്യാമ്പ് നടത്തുന്നതിന് പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ, സാമൂഹികാരോഗ്യകേന്ദ്രങ്ങൾ, താലൂക്കാശുപത്രി എന്നീ ആരോഗ്യകേന്ദ്രങ്ങളിൽ 20-12-2022-നുള്ളിൽ അപേക്ഷ സ്വീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 2023 ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ ക്യാമ്പ് നടത്തുന്നതിന്

തീരുമാനിച്ചിട്ടുണ്ട്. സാമൂഹ്യനീതി വകുപ്പ് ഏറ്റെടുത്ത് മാതൃകാശിശു പുനരധിവാസ കേന്ദ്രങ്ങളായി മാറ്റുന്നതിനുള്ള തുടർപ്രവർത്തനങ്ങൾക്കായി കേരള സാമൂഹ്യസുരക്ഷാ മിഷനെ ഏൽപ്പിച്ച എൻഡോസൾഫാൻ ദുരിതബാധിത മേഖലയിലെ മൂളിയാർ, കാറഡുക്ക, ബെള്ളൂർ, കുമ്പടാജെ, കയ്യൂർ ചീമേനി എന്നീ 5 ബഡ്സ് സ്കൂളുകൾ സുഗമമായ രീതിയിൽ പ്രവർത്തിച്ചുവരുന്നുണ്ട്. മേൽപ്പറഞ്ഞ 5 ബഡ്സ് സ്കൂളിലും പെരിയ ബഡ്സ് സ്കൂളിലുമാവശ്യമുള്ള സ്പെഷ്യൽ എഡ്യൂക്കേറ്റർ, സ്പീച്ച് തെറാപ്പിസ്റ്റ്, ഫിസിയോ തെറാപ്പിസ്റ്റ്, ഒക്യൂപ്പേഷണൽ തെറാപ്പിസ്റ്റ്, ആയ, സെക്യൂരിറ്റി എന്നിവരെ നിയമിച്ചിട്ടുണ്ട്. ടി സ്കൂളുകളിലാവശ്യമുള്ള ഫർണിച്ചറുകൾ, പഠന/തെറാപ്പി ഉപകരണങ്ങളും വിതരണം ചെയ്തിട്ടുണ്ട്.

**സാമൂഹ്യ സുരക്ഷാ മിഷൻ**

312(2053) ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് പ്രതിരോധപ്രവർത്തനങ്ങളുടെ ഭാഗമായി സാമൂഹ്യസുരക്ഷാ മിഷന്റെ ചുമതലയിൽ നടപ്പിലാക്കുന്ന പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ; ബന്ധപ്പെട്ട ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ?

കോവിഡ് പ്രതിരോധപ്രവർത്തങ്ങളുടെ ഭാഗമായി ഗ്രാന്റ് കേരള, ഗ്രാന്റ് കെയർ, കോവിഡ് ബ്രിഗേഡ്, റിവേഴ്സ് ക്വാറന്റൈൻ സെന്റർ നടത്തിപ്പ്, ഐ.ഇ.സി., ക്രിട്ടിക്കൽ കണ്ടെയിൻമെന്റ് സോൺ ആക്ടിവിറ്റീസ്, ഹാൻഡ് സാനിറ്റൈസറുകൾ, ലിക്വിഡ് ഹാൻഡ് സാനിറ്റൈസറുകളുൾപ്പെടുന്ന കിയോസ്കുകൾ സ്ഥാപിക്കുക എന്നീ പ്രവർത്തങ്ങൾ കേരള സാമൂഹ്യസുരക്ഷാ മിഷൻ മുഖേന നടത്തിയിട്ടുണ്ട്. ഇതിലേക്കായി ബ്രേക്ക് ദി ചെയിനുമായി ബന്ധപ്പെട്ട ഉത്തരവുകളും മിനിറ്റ്സുകളും അനുബന്ധമായി ചേർക്കുന്നു.+

(ബി) കോവിഡ് പ്രതിരോധപ്രവർത്തങ്ങളുടെ ഭാഗമായി സാമൂഹ്യസുരക്ഷാ മിഷൻ ഏതൊക്കെ പദ്ധതികൾ നടപ്പിലാക്കിയെന്നും ഓരോന്നിലും ചെലവഴിച്ച തുകയുടെ വിശദാംശം നൽകുമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ബ്രേക്ക് ദി ചെയിൻ പ്രവർത്തനങ്ങളുടെ ഭാഗമായി സാമൂഹ്യസുരക്ഷാ മിഷൻ നടപ്പിലാക്കിയ പദ്ധതികളും, ചെലവഴിച്ച തുകയും ചുവടെ ചേർക്കുന്നു.

| | |
|---|---|
| Reverse Quarantine Centre Activities | 70,37,921/- |
| Covid Activities in Grand Care & Grand Kerala | 4,46,000/- |
| Covid Activities in Old age Home for Women, Poojappura | 1,27,688/- |
| Covid Brigade Activities | 24,44,400/- |
| Critical Containment Zone Activities | 5,31,444/- |

(സി) പ്രസ്തുത പ്രവർത്തനങ്ങളുടെ ഭാഗമായി സാമൂഹ്യസുരക്ഷാ മിഷൻ 2020 ജനുവരി 1-നുശേഷം ഏതൊക്കെ സ്ഥാപനങ്ങളിൽ നിന്നും എന്തൊക്കെ സാമഗ്രികൾ വാങ്ങിയെന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ; സാമഗ്രികളുടെ പേര്, വാങ്ങിയ തീയതി, സ്ഥാപനത്തിന്റെ പേര്, ഓരോ സാധനത്തിന്റെയും തുക, മൊത്തം തുക എന്നീ വിവരങ്ങൾ നൽകുമോ?

കേരള സാമൂഹ്യസുരക്ഷാ മിഷൻ കോവിഡുമായി ബന്ധപ്പെട്ട് 2020 ജനുവരി 1-നുശേഷം വാങ്ങിയ സാമഗ്രികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഡി)കോവിഡ് പ്രതിരോധപ്രവർത്തനങ്ങളുടെ ഭാഗമായി സാമൂഹ്യസുരക്ഷാ മിഷൻ 2020 ജനവരി 1-നശേഷം വാങ്ങിയ സാധനങ്ങളുടെ പർച്ചേസ് സംബന്ധിച്ച നോട്ട് ഫയലുകൾ ലഭ്യമാക്കുമോ?

കോവിഡ് പ്രതിരോധപ്രവർത്തങ്ങളുടെ ഭാഗമായി സാമൂഹ്യസുരക്ഷാ മിഷൻ 2020 ജനവരി 1-നശേഷം വാങ്ങിയ സാധനങ്ങളുടെ പർച്ചേസ് സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

**കടുത്തുരുത്തി നിയോജകമണ്ഡലത്തിലെ മുളക്കുളം വൃദ്ധസദനം**

313(2054) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ)കടുത്തുരുത്തി നിയോജകമണ്ഡലത്തിലെ മുളക്കുളം പഞ്ചായത്തിൽ സാമൂഹ്യനീതി വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന വൃദ്ധ സദനത്തിന്റെ രണ്ടാംഘട്ട കെട്ടിടനിർമ്മാണത്തിന് നടപടി സ്വീകരിക്കുമോ; ആയതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്ക്

ആവശ്യമായ പ്രൊപ്പോസൽ തയ്യാറാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

കടുത്തുരുത്തി നിയോജകമണ്ഡലത്തിലെ മുളക്കുളം പഞ്ചായത്തിൽ കോട്ടയത്തെ സർക്കാർ വൃദ്ധസദനത്തിനായി പണിയുന്ന കെട്ടിടത്തിന്റെ ആദ്യഘട്ട നിർമ്മാണപ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. രണ്ടാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾക്കായി സാമൂഹ്യനീതി വകുപ്പിനുകീഴിലുള്ള ബാരിയർ ഫ്രീ ടെക്നിക്കൽ സെല്ലിന്റെ അഭിപ്രായം തേടിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത വൃദ്ധസദനം കൂടുതൽ വയോജന സൗഹൃദമാക്കുന്നതിന്റെ ഭാഗമായി രണ്ടാംഘട്ട നിർമ്മാണ സാദ്ധ്യതകൾ പരിശോധിച്ച് വിശദമായ റിപ്പോർട്ടും പ്ലാനും തയ്യാറാക്കി ഏജൻസി ലഭ്യമാക്കിയിരുന്നു. പ്രസ്തുത പ്ലാൻ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് പൊതുമരാമത്ത് വകുപ്പുമായി ചർച്ച നടത്തി പ്ലാനിന്റെ പ്രായോഗികത പരിശോധിച്ച് detailed എസ്റ്റിമേറ്റ് തയ്യാറാക്കി ലഭ്യമാക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

(ബി) പ്രസ്തുത മണ്ഡലത്തിൽ വൃദ്ധസദനം പ്രവർത്തന സജ്ജമാക്കാനും കോട്ടയം ജില്ലാവൃദ്ധസദനമായി അംഗീകരിക്കാനും

സാമൂഹ്യനീതി വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ടോ; ജില്ലാ വൃദ്ധസദനമാക്കുന്നതിനുണ്ടാകുന്ന കാലതാമസം വിശദീകരിക്കാമോ?

കോട്ടയത്തെ സർക്കാർ വൃദ്ധമന്ദിരത്തിനായി പണിയുന്ന കെട്ടിടത്തിന്റെ ആദ്യഘട്ട നിർമ്മാണപ്രവർത്തനങ്ങൾ പൂർത്തീകരിച്ചു. പ്രസ്തുത കെട്ടിടത്തിലെ അടിസ്ഥാനസൗകര്യങ്ങൾക്കുപുറമെ വയോജനങ്ങൾക്ക് അവകാശാധിഷ്ഠിത സേവനങ്ങൾ നൽകുന്നതിന് അധിക സൗകര്യങ്ങളാവശ്യമാണെന്ന് വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിലാണ് രണ്ടാംഘട്ട നിർമ്മാണപ്രവർത്തനങ്ങൾ നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുള്ളത്. മുളക്കുളം പഞ്ചായത്തിലെ സർക്കാർ വൃദ്ധമന്ദിരത്തിന്റെ രണ്ടാംഘട്ട നിർമ്മാണപ്രവർത്തനങ്ങൾ പൂർത്തിയാകുന്നമുറയ്ക്ക് കോട്ടയം വൃദ്ധസദനത്തിന്റെ പ്രവർത്തനം മുളക്കുളത്തേയ്ക്ക് മാറ്റുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്.

(സി) ഈ സ്ഥാപനം പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ ജീവനക്കാരെ നിയമിക്കാൻ സാമൂഹ്യനീതി വകുപ്പ് നടപടി സ്വീകരിക്കുമോ; കോട്ടയം ജില്ലാ വൃദ്ധസദനം മുളക്കുളത്തേയ്ക്ക് മാറ്റുന്നത് എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

കോട്ടയം ജില്ലയിൽ വകുപ്പിനുകീഴിൽ തിരുവഞ്ചൂരിൽ സർക്കാർ വൃദ്ധസദനം പ്രവർത്തിച്ചുവരുന്നു. മുളക്കുളം പഞ്ചായത്തിൽ കെട്ടിടത്തിന്റെ രണ്ടാംഘട്ട നിർമ്മാണപ്രവർത്തനങ്ങൾ പൂർത്തിയാകുന്നമുറയ്ക്ക് കോട്ടയം വൃദ്ധസദനത്തിന്റെ പ്രവർത്തനം മുളക്കുളത്തേയ്ക്ക് മാറ്റുവാൻ കഴിയും. കോട്ടയത്ത് തിരുവഞ്ചൂരിൽ പ്രവർത്തിച്ചുവരുന്ന സർക്കാർ വൃദ്ധസദനത്തിലെ ജീവനക്കാരുടെ സേവനം മുളക്കുളത്തും തുടരുന്നതാണ്.

(ഡി)ഇപ്പോൾ നിർമ്മാണം പൂർത്തിയായ വൃദ്ധസദനത്തിൽ സാമൂഹ്യനീതി വകുപ്പ് അടിസ്ഥാനസൗകര്യമൊരുക്കാൻ നടപടി സ്വീകരിക്കുമോ?

ഒന്നാംഘട്ട നിർമ്മാണപ്രവർത്തനങ്ങൾ പൂർത്തീകരിച്ച മുളക്കുളം വൃദ്ധസദനം കൂടുതൽ വയോജനസൗഹൃദമാക്കുന്നതിന്റെ ഭാഗമായി രണ്ടാംഘട്ട നിർമ്മാണപ്രവർത്തനങ്ങൾ അടിയന്തിരമായി നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## മിശ്രവിവാഹിതർക്കും സാമൂഹ്യമായി പിന്നോക്കം നിൽക്കുന്നവർക്കും നൽകുന്ന ധനസഹായം

314(2055) <u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി:</u> താഴെ കാണുന്ന ചോദ്യത്തിന് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2016-2021 കാലയളവിൽ വടക്കാഞ്ചേരി നിയോജകമണ്ഡലത്തിൽ മിശ്രവിവാഹിതരും സാമൂഹ്യമായി പിന്നോക്കം നിൽക്കുന്നവരുമായ ദമ്പതികൾക്ക് വിതരണം ചെയ്ത ധനസഹായം സംബന്ധിച്ച വിശദാംശം പഞ്ചായത്ത്/മുനിസിപ്പാലിറ്റി അടിസ്ഥാനത്തിൽ പട്ടികപ്പെടുത്തി ലഭ്യമാക്കുമോ?

സാമൂഹ്യനീതി വകുപ്പുമുഖേന മിശ്രവിവാഹിതരും സാമൂഹ്യമായി പിന്നോക്കം നിൽക്കുന്നവരുമായ ദമ്പതികൾക്ക് 30,000/- രൂപ വീതം ഒറ്റത്തവണ ധനസഹായം നൽകിവരുന്നു. വടക്കാഞ്ചേരി നിയോജകമണ്ഡലത്തിൽ 2016-2021 കാലയളവിൽ നൽകിയ ധനസഹായത്തിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| **വർഷം** | **മുനിസിപ്പാലിറ്റി** | **പഞ്ചായത്ത്** | **ആകെ** |
|---|---|---|---|
| 2016-17 | - | - | |
| 2017-18 | 90.000/- (3) | 1,50,000/- (5) | 2,40,000/- |
| 2018-19 | - | 60,000/- (2) | 60,000/- |

| | | | |
|---|---|---|---|
| 2019-20 | - | | - |
| 2020-21 | 60,000/- (2) | | 60,000/- |

## സാമൂഹ്യനീതി വകുപ്പിലെ താല്ക്കാലിക നിയമനങ്ങൾ

315(2056) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സാമൂഹ്യനീതി വകുപ്പിലും പ്രസ്തുത വകുപ്പിന്റെ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളിലും താല്ക്കാലിക നിയമനങ്ങളും കരാർ നിയമനങ്ങളും നടത്തിയിട്ടുണ്ടോ; ഏതൊക്കെ തസ്തികകളിലാണ് ഇപ്രകാരം നിയമനം നടത്തിയിട്ടുള്ളതെന്നും ഇവർക്ക് വേതനവും മറ്റാനുകൂല്യങ്ങൾക്കുമായി 2022 ഒക്ടോബർ മാസം അനുവദിച്ച ആകെത്തുക എത്രയാണെന്നും വ്യക്തമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സാമൂഹ്യനീതി വകുപ്പിലും വകുപ്പിനുകീഴിലുള്ള മറ്റുസ്ഥാപനങ്ങളിലും നടത്തിയ

താല്ക്കാലിക/കരാർ നിയമനങ്ങൾ സംബന്ധിച്ചും ഇവർക്ക് വേതനവും മറ്റാനുകൂല്യങ്ങൾക്കുമായി 2022 ഒക്ടോബർ മാസം അനുവദിച്ച ആകെത്തുക എത്രയാണെന്നും ചുവടെ ചേർക്കുന്നു.

1) സാമൂഹ്യനീതി ഡയറക്ടറേറ്റ്

വിവരം ശേഖരിച്ചുവരുന്നു.

2) ഓർഫനേജ് കൺട്രോൾ ബോർഡ്

മെമ്പർ സെക്രട്ടറി തസ്തികയിൽ ഒരാളെ കരാറടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്. 2022 ഒക്ടോബർ മാസം വേതനവും മറ്റാനുകൂല്യങ്ങൾക്കുമായി 75,000/- രൂപ അനുവദിച്ചിട്ടുണ്ട്.

3) നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ & റീഹാബിലിറ്റേഷൻ (നിപ്മർ):

വിവിധ പദ്ധതികൾക്കായി താഴെപ്പറയുന്ന തസ്തികകളിൽ താല്ക്കാലികാടിസ്ഥാനത്തിൽ ദിവസവേതന/കരാറടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിച്ചിട്ടുണ്ട്.

സ്പൈനൽ കോർഡ് ഇഞ്ച്വറി റിഹാബിലിറ്റേഷൻ യൂണിറ്റ്:

റെസിഡന്റ് മെഡിക്കൽ ഓഫീസർ, നഴ്സ്, വാർഡ് ഓർഡർലി, ഫിസിയോ തെറാപ്പിസ്റ്റ്

ബാച്ചിലർ ഓഫ് ഓക്യുപ്പേഷണൽ തെറാപ്പി പ്രോഗ്രാം:

പ്രിൻസിപ്പൽ, വൈസ് പ്രിൻസിപ്പൽ, അസിസ്റ്റന്റ് പ്രൊഫസർ, ലക്ചറർ, അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

എംപവർമെന്റ് ത്രൂ വൊക്കേഷണലൈസേഷൻ (Em-Voc):

വൊക്കേഷണൽ ഇൻസ്ട്രക്ടർ, സോഷ്യൽ വർക്കർ, ഓക്യുപേഷണൽ തെറാപ്പിസ്റ്റ്

NIPMR വിവിധ വിഭാഗങ്ങൾ:-

സൈക്കോളജിസ്റ്റ്, ഓഡിയോളജിസ്റ്റ് ആൻഡ് സ്പീച്ച് ലാംഗ്വേജ് പാത്തോളജിസ്റ്റ്, പ്യൂൺ, ഓഫീസ് അസിസ്റ്റന്റ് (അക്കൗണ്ട്സ്), ഓഫീസ് അസിസ്റ്റന്റ്-കം-ഡാറ്റാ എൻട്രി ഓപ്പറേറ്റർ, ഒക്യുപേഷണൽ തെറാപ്പിസ്റ്റ്, ഡെവലപ്മെന്റൽ തെറാപ്പിസ്റ്റ്.

2022 ഒക്ടോബർ മാസം അനുവദിച്ച ആകെ തുക- 8,01,630/- രൂപ

4) കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ

താഴെപ്പറയുന്ന തസ്തികകളിലായി 26 താല്ക്കാലിക നിയമനങ്ങൾ നടത്തിയിട്ടുണ്ട്.

1. എൽ. ഡി. ക്ലർക്ക്

2. എൽ. ഡി. ടൈപ്പിസ്റ്റ്

3. മാനേജർ

4. സ്റ്റോർ അസിസ്റ്റന്റ്

5. ക്ലർക്ക്- കം- കാഷ്യർ

6. ക്ലർക്ക്- കം -അക്കൗണ്ടന്റ്

7. അസിസ്റ്റന്റ് മാനേജർ

8. കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്

9. ഡ്രൈവർ

10. ആഡിറ്റ് അസിസ്റ്റന്റ് (adhoc service)

11. കാഷ്വൽ സ്വീപ്പർ

ഇവർക്ക് വേതനവും മറ്റാനുകൂല്യങ്ങളുമായി 2022 ഒക്ടോബറിൽ 2,41,485/- രൂപ (രണ്ട് ലക്ഷത്തി നാല്പത്തിയൊന്നായിരത്തി നാന്നൂറ്റി എൺപത്തിയഞ്ച് രൂപ) അനുവദിച്ചിട്ടുണ്ട്.

5) <u>ഭിന്നശേഷിക്കാർക്കായുള്ള സംസ്ഥാന കമ്മീഷണറേറ്റ്</u>

3 ക്ലർക്ക് തസ്തികകളിലും 2 ക്ലർക്ക്-കം-ടൈപ്പിസ്റ്റ് തസ്തികകളിലും കരാറടിസ്ഥാനത്തിലും ഒരു കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്, ഒരു

ക്ലർക്ക്-കം-ടൈപ്പിസ്റ്റ്, ഒരു ഡ്രൈവർ തസ്തികയിലും താല്ക്കാലികമായി ദിവസവേതനാടിസ്ഥാനത്തിലും നിയമനം നടത്തിയിട്ടുണ്ട്.

ടി തസ്തികകളിൽ 2022 ഒക്ടോബർ മാസം വേതനമായി ആകെ 1,16,371/- രൂപ അനുവദിച്ചിട്ടുണ്ട്.

6) <u>കേരള സാമൂഹ്യസുരക്ഷാ മിഷൻ</u>

വിവരം ശേഖരിച്ചുവരുന്നു.

7) <u>നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് & ഹിയറിംഗ് ( നിഷ്)</u>

താഴെപ്പറയുന്ന പ്രകാരമുള്ള താല്ക്കാലിക നിയമനങ്ങളാണ് നിഷിൽ നടത്തിയിട്ടുളളത്.

- ജന്മനായുള്ളതോ എന്തെങ്കിലും അപകടംമൂലമോ ഉണ്ടാകുന്ന ശാരീരിക പരിമിതികളുടെ ആഘാതം കുറയ്ക്കാൻ സഹായിക്കുന്ന വിദഗ്ധരെ വാർത്തെടുക്കുന്ന കേരളത്തിലെ ആദ്യത്തെ ഒക്യുപ്പേഷണൽ തെറാപ്പി കോഴ്സിനുവേണ്ടിയുള്ള അദ്ധ്യാപകർ

- ശ്രവണ പരിമിതർക്കായുള്ള ഇന്ത്യൻ ആംഗ്യ ഭാഷാവിഭാഗത്തിലെ അദ്ധ്യാപകർ.

- ശ്രവണ പരിമിതി കുഞ്ഞുങ്ങളുടെ ഏർലി ഇന്റർവെൻഷൻ വിഭാഗത്തിലെ ഉന്നതപഠനത്തിനായുള്ള അവധി ഒഴിവിലേയ്ക്കും ശ്രവണപരിമിതിയുള്ള കുട്ടികളുടെ ബിരുദ വിഭാഗത്തിലെയും മെറ്റേർണിറ്റി ലീവിന്റെ ഒഴിവിലേയ്ക്കുമുള്ള നിയമനങ്ങൾ.

- കേരള സംസ്ഥാന വ്യാവസായിക പരിശീലന വകുപ്പിനുകീഴിലെ റീജിയണൽ ഇൻഡസ്ട്രിയൽ ട്രെയിനിംഗ് മുഖേന അപ്രന്റീസുകൾ.

- ശ്രവണ സംസാര വൈകല്യം, ഓട്ടിസം, സെറിബ്രൽ പാൾസി തുടങ്ങിയ വൈകല്യങ്ങളുടെ തെറാപ്പി ചെയ്യുവാനായി ഒരു വർഷക്കാലം ദൈർഘ്യമുള്ള ക്ലിനിക്കൽ പരിശീലനം നൽകുന്ന ക്ലിനിക്കൽ സൂപ്പർവൈസർമാർ.

ഇവർക്ക് വേതനവും മറ്റാനുകൂല്യങ്ങൾക്കുമായി 2022 ഒക്ടോബർ മാസത്തിൽ 10,63,306/-രൂപ അനുവദിച്ചിട്ടുണ്ട്.

(ബി) ഇതിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നടത്തിയ നിയമനങ്ങൾ എത്രയാണെന്നും മറ്റുള്ള നിയമനങ്ങളിൽ

റിക്രൂട്ട്മെന്റിനായി അവലംബിച്ച മാർഗ്ഗമേതാണെന്നും ഏത് ഏജൻസി മുഖേനയാണ് നിയമനങ്ങൾ നടത്തിയിട്ടുള്ളതെന്നും വിശദമാക്കുമോ?

നിയമനങ്ങൾക്ക് അവലംബിച്ച മാർഗ്ഗവും ഏജൻസിയും വകുപ്പ് / സ്ഥാപനം തിരിച്ച് ചുവടെ ചേർക്കുന്നു.

1) <u>സാമൂഹ്യനീതി വകുപ്പ്</u> - വിവരം ശേഖരിച്ച് നൽകുന്നതാണ്.

2) <u>ഓർഫനേജ് കൺട്രോൾ ബോർഡ്</u> - നേരിട്ടുള്ള നിയമനം

3) <u>നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ</u> & <u>റീഹാബിലിറ്റേഷൻ ( നിപ്മർ)</u> - എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന- 2 നിയമനങ്ങൾ

മറ്റുള്ള നിയമനങ്ങൾ സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്പ്മെന്റ് (CMD), കുടുംബശ്രീ മിഷൻ തുടങ്ങിയ ഏജൻസികൾ മുഖേന എഴുത്തുപരീക്ഷ, ഇന്റർവ്യൂ എന്നീ മാർഗ്ഗങ്ങൾ മുഖേന.

4) <u>കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ</u>

കാഷ്വൽ സ്വീപ്പർ-2, ഡ്രൈവർ-1, ആഡിറ്റ് അസിസ്റ്റന്റ് ( adhoc service) -1 ഒഴിച്ചുള്ള 22 നിയമനങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന. കാഷ്വൽ സ്വീപ്പർമാരുടെ നിയമനം കുടുംബശ്രീയിൽ നിന്നും

നടത്തിയിട്ടുണ്ട്. ഡയറക്ടർ ബോർഡ് തീരുമാനപ്രകാരമാണ് കോർപ്പറേഷന്റെ ചെയർപേഴ്സൺ ഒരു ഡ്രൈവറെയും ആഡിറ്റ് പൂർത്തീകരിക്കുന്നതിനായി ഒരു ആഡിറ്റ് അസിസ്റ്റന്റിനെയും ദിവസവേതനാടിസ്ഥാനത്തിൽ നിയമിച്ചിട്ടുള്ളത്.

5) <u>ഭിന്നശേഷിക്കാർക്കായുള്ള സംസ്ഥാന കമ്മീഷണറേറ്റ്</u>

നേരിട്ടുള്ള നിയമനം. വിവരപൊതുജനസമ്പർക്ക വകുപ്പുമുഖേന വിജ്ഞാപനം പുറപ്പെടുവിക്കുകയും ലഭ്യമായ അപേക്ഷകളിൽ അഭിമുഖം നടത്തിയാണ് ക്ലർക്ക് തസ്തികയിൽ നിയമനം നടത്തിയിട്ടുള്ളത്. അഭിമുഖം, പ്രായോഗികതാക്ഷമത പരീക്ഷ എന്നിവ നടത്തിയതിന്റെ അടിസ്ഥാനത്തിലാണ് ക്ലർക്ക്-കം-ടൈപ്പിസ്റ്റ് തസ്തികയിൽ നിയമനം നടത്തിയിട്ടുള്ളത്. ടി രണ്ട് തസ്തികകളിൽ 1 ഭിന്നശേഷിക്കാർക്കായി സംവരണം ചെയ്തിരുന്നു. കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്, ഡ്രൈവർ, ക്ലർക്ക്-ടൈപ്പിസ്റ്റ് തസ്തികയിൽ ദിവസവേതനാടിസ്ഥാനത്തിലാണ് നിയമനം നടത്തിയിട്ടുള്ളത്.

6) <u>നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് & ഹിയറിംഗ് ( നിഷ്)</u>

നിഷിന്റെ പ്രോജക്ട് ബോർഡ് തീരുമാനപ്രകാരമാണ് നിയമനം നടത്തിയിട്ടുള്ളത്.

## നിർദ്ധനർക്ക് ചികിത്സാ സഹായം-മെഡിക്കൽ ബോർഡ് മീറ്റിങ്ങുകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിന് നടപടി

316(2057) ശ്രീ. പി. പി. സുമോദ്: താഴെ കാണുന്ന ചോദ്യത്തിന് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നിർദ്ധനരായ രോഗികൾക്ക് ചികിത്സാസഹായം നൽകുന്നതിന് സാമൂഹ്യസുരക്ഷാ മിഷൻ വഴി നടപ്പാക്കുന്ന വിവിധ പദ്ധതികളിൽ അപേക്ഷിക്കുന്നവർക്ക് ആയത് ലഭ്യമാക്കുന്നതിന്റെ ഭാഗമായിട്ടുള്ള മെഡിക്കൽ ബോർഡ് മീറ്റിങ്ങുകളുടെ എണ്ണം വർദ്ധിപ്പിക്കുന്നത് പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കുമോ?

സാമൂഹ്യസുരക്ഷാ മിഷന്റെ വിവിധ പദ്ധതികളായ വീ കെയർ, മിഠായി, ശ്രുതിതരംഗം എന്നിവയിൽ ലഭിക്കുന്ന അപേക്ഷകൾ മെഡിക്കൽ എക്സ്പെർട്ട് കമ്മിറ്റി, സ്റ്റേറ്റ് ടെക്നിക്കൽ കമ്മിറ്റി എന്നീ ഉന്നതതലസമിതികളുടെ പരിശോധനയ്ക്കും, തീരുമാനങ്ങൾക്കും വിധേയമായാണ് ചികിത്സാ സഹായമനുവദിക്കുന്നത്. മീറ്റിംഗുകളുടെ

എണ്ണം ക്ലിപ്തപ്പെടുത്തിയിട്ടില്ല. അടിയന്തരസാഹചര്യങ്ങളിൽ പ്രസ്തുത കമ്മിറ്റികൾ വിളിച്ചുചേർക്കാവുന്നതാണ്.

## സാമൂഹ്യ സുരക്ഷാ മിഷൻ

317(2058) ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യത്തിന് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി ഫേസ്ബുക്ക് അക്കൗണ്ടുകൾ പ്രൊമോട്ട് ചെയ്യാൻ സാമൂഹ്യസുരക്ഷാ മിഷൻ തുക ചെലവാക്കിയിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ ഫേസ്ബുക്ക് അക്കൗണ്ടുകൾ പ്രൊമോട്ട് ചെയ്യാൻ എത്രതുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കാമോ?

ലഭ്യമായ കണക്കുകൾപ്രകാരം കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി "Break the Chain" എന്ന ഫേസ്ബുക്ക് പേജ് പ്രൊമോട്ട് ചെയ്യാനായി 50,059/- രൂപ (അമ്പതിനായിരത്തി അമ്പത്തിയൊമ്പത് രൂപ മാത്രം) ചെലവഴിച്ചിട്ടുണ്ട്.

## കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ദുരിതബാധിതർ

318(2059) <u>ശ്രീ. സി. എച്ച്. കുഞ്ഞമ്പു</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-2016-ലെ സർക്കാരിന്റെ കാലയളവിൽ കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ദുരിതബാധിതർക്കായി എത്ര തുക ചെലവഴിച്ചിട്ടുണ്ട്?

2011-2016-ലെ സർക്കാരിന്റെ കാലയളവിൽ കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ദുരിതബാധിതർക്കായി വിവിധ ആനുകൂല്യങ്ങൾ നൽകുന്നതിനായി ആകെ 228,17,55,838/- രൂപ (ഇരുന്നൂറ്റി ഇരുപത്തെട്ട് കോടി പതിനേഴ് ലക്ഷത്തി അമ്പത്തയ്യായിരത്തി എണ്ണൂറ്റി മുപ്പത്തെട്ട് രൂപ മാത്രം) ചെലവഴിച്ചിട്ടുണ്ട്.

(ബി) മുൻ സർക്കാരിന്റെ കാലയളവുമുതൽ നാളിതുവരെ എൻഡോസൾഫാൻ ദുരിതബാധിതർക്കായി എത്ര തുക ചെലവഴിച്ചിട്ടുണ്ട്?

മുൻ സർക്കാറിന്റെ കാലയളവ് മുതൽ നാളിതുവരെ എൻഡോസൾഫാൻ ദുരിതബാധിതർക്കായി 400,13,69,253/- രൂപ (നാനൂറ് കോടി പതിമൂന്ന് ലക്ഷത്തി അറുപത്തൊമ്പതിനായിരത്തി ഇരുന്നൂറ്റി അമ്പത്തിമൂന്ന് രൂപ മാത്രം) ചെലവഴിച്ചിട്ടുണ്ട്.

(സി)എൻഡോസൾഫാൻ ദുരിതബാധിതരുടെ സഹായത്തിനായി കേന്ദ്ര സർക്കാരോ എൻഡോസൾഫാൻ നിർമ്മാണ കമ്പനിയോ സാമ്പത്തികസഹായമോ ചികിത്സാ സംവിധാനമോ നൽകിയിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ?

എൻഡോസൾഫാൻ ദുരിതബാധിതർക്ക് നഷ്ടപരിഹാരം അനുവദിക്കുന്നതിനായി കേന്ദ്ര സർക്കാരോ എൻഡോസൾഫാൻ നിർമ്മാണകമ്പനിയോ സാമ്പത്തികസഹായം നൽകിയിട്ടില്ല. എന്നാൽ, എൻഡോസൾഫാൻ ദുരിതബാധിരുടെ ചികിൽസാ സഹായത്തിനായി ദേശീയ ആരോഗ്യദൗത്യം മുഖേന 2010-2022 കാലയളവിൽ 28,33,41,755/- രൂപ ലഭിച്ചിട്ടുണ്ട്.

(ഡി) എൻഡോസൾഫാൻ ദുരിതബാധിതരെ സഹായിക്കുന്നതിനായി നിലവിൽ സർക്കാർ നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ?

എൻഡോസൾഫാൻ ദുരിതബാധിതരെ സഹായിക്കുന്നതിനായി നിലവിൽ സർക്കാർ നടത്തുന്ന പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.+

**പാറശാല മണ്ഡലത്തിൽ അനുവദിച്ച ചികിത്സാസഹായം**

319(2060) <u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പാറശ്ശാല മണ്ഡലത്തിൽ നിന്നും ചികിത്സാ സഹായത്തിനായി സാമൂഹ്യസുരക്ഷ മിഷനിലേയ്ക്ക് ലഭിച്ച അപേക്ഷകളുടെ വിശദവിവരം ലഭ്യമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ജുവനൈൽ ഡയബറ്റിസ് ബാധിച്ച കുട്ടികൾക്കുള്ള സാമൂഹ്യസഹായ പദ്ധതി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(മിഠായി) മുഖാന്തരമുള്ള ചികിത്സാസഹായത്തിനായി തിരുവനന്തപുരം ജില്ലയിൽനിന്നും 25 അപേക്ഷകൾ സാമൂഹ്യസുരക്ഷാ മിഷനിലേയ്ക്ക് ലഭിച്ചിട്ടുള്ളതിൽ 12 അപേക്ഷകൾ അംഗീകരിച്ച് ചികിത്സാസഹായം നൽകിവരുന്നു. അതിൽ പാറശ്ശാല മണ്ഡലം തിരിച്ചുള്ള കണക്കുകൾ ശേഖരിച്ചിട്ടില്ല.

വി-കെയർ പദ്ധതിയിൽ മണ്ഡലം തിരിച്ചുള്ള കണക്കുകൾ ലഭ്യമല്ല. പ്രസ്തുത പദ്ധതിക്കായി ജില്ലയിൽനിന്നും ലഭ്യമായ അപേക്ഷകളുടെ വിശദാംശങ്ങളടങ്ങുന്ന പട്ടിക അനുബന്ധമായി ചേർക്കുന്നു.+ കേരള സാമൂഹ്യസുരക്ഷാ മിഷൻ മുഖേന നടപ്പാക്കുന്ന താലോലം, കാൻസർ സുരക്ഷാ പദ്ധതികൾപ്രകാരമുള്ള ഗുണഭോക്താക്കളുടെ വിശദാംശം മണ്ഡലാടിസ്ഥാനത്തിൽ ലഭ്യമല്ല. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പാറശ്ശാല മണ്ഡലത്തിൽപ്പെടുന്ന പാറശ്ശാല പഞ്ചായത്തിൽനിന്നും ശ്രുതിതരംഗം പദ്ധതിപ്രകാരം ആനുകൂല്യത്തിനായി ഒരപേക്ഷ ലഭിച്ചിട്ടുണ്ട്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) എത്ര രൂപയാണ് അപേക്ഷകർക്ക് ചികിത്സാസഹായമായി നൽകിയതെന്നും ഏതെല്ലാം സഹായമാണ് അവർക്ക് ലഭ്യമാക്കിയതെന്നും അറിയിക്കാമോ?

ജുവനൈൽ ഡയബറ്റിസ് ബാധിച്ച കുട്ടികൾക്കുള്ള സാമൂഹ്യസഹായ പദ്ധതി (മിഠായി) മുഖേന വ്യക്തികൾക്ക് ധനസഹായം അനുവദിച്ചിട്ടില്ല. പ്രസ്തുത പദ്ധതിപ്രകാരം ചികിത്സാസഹായമാണ് നൽകിവരുന്നത്. ടൈപ്പ്-1 രോഗബാധിതരായ കുട്ടികൾക്ക് ഇൻസുലിൻ, രക്തത്തിലെ പഞ്ചസാരയുടെ അളവ് നോക്കുന്നതിനുള്ള ഉപകരണങ്ങൾ, ബോധവൽക്കരണ ക്ലാസ്സുകൾ എന്നിവ നൽകിവരുന്നു. മിഠായി പദ്ധതിപ്രകാരം നൽകിയ ചികിത്സാസഹായം സംബന്ധിച്ച വിശദാംശങ്ങളടങ്ങുന്ന പട്ടികയുടെ പകർപ്പും വി കെയർ പദ്ധതിപ്രകാരം അനുവദിച്ച ചികിത്സാസഹായം സംബന്ധിച്ച വിശദാംശങ്ങളും അനുബന്ധമായി ചേർത്തിട്ടുണ്ട്.+ പാറശ്ശാല മണ്ഡലത്തിലുൾപ്പെടുന്ന പാറശ്ശാല ഗ്രാമപഞ്ചായത്തിൽ നിന്നും ശ്രുതിതരംഗം പദ്ധതിപ്രകാരം ആനുകൂല്യത്തിനായി ലഭിച്ച അപേക്ഷ പരിശോധിച്ച് അർഹതയുടെയടിസ്ഥാനത്തിൽ 23-05-2022-ന് ഒരു

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കുട്ടിയുടെ കോക്ലിയാർ ഇംപ്ലാന്റേഷൻ സർജറി നടത്തിയിട്ടുണ്ട്. ഈ ഇനത്തിൽ 7,58,436/- രൂപ ചെലവഴിച്ചിട്ടുണ്ട്.

(സി)ലഭ്യമായ അപേക്ഷകളിൽ ഇനിയും തീർപ്പ് കൽപ്പിക്കാനുള്ളവയുണ്ടെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ?

തിരുവനന്തപുരം ജില്ലയിൽ നിന്നും മിഠായി പദ്ധതി പ്രകാരം ലഭിച്ച 13 അപേക്ഷകൾ ഇനിയും തീർപ്പ് കൽപ്പിക്കാനുണ്ട്. മതിയായ ചികിത്സാരേഖകളുൾപ്പെടെയുള്ള രേഖകൾ ലഭ്യമാക്കാത്തതിനാലാണ് പ്രസ്തുത അപേക്ഷകൾ പരിഗണിക്കാൻ സാധിക്കാത്തത്. പ്രസ്തുത രേഖകൾ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ശ്രുതിതരംഗം പദ്ധതിയിൽ നിലവിൽ മണ്ഡലത്തിൽ നിന്നും അപേക്ഷകൾ തീർപ്പ് കൽപ്പിക്കാനില്ല.

**പൊതുജനങ്ങൾക്കുള്ള ടൂറിസ്റ്റ് പാക്കേജ്**

320(2061) ശ്രീ. കെ. വി. സുമേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസ് ടൂറിസം മേഖലയുമായി ബന്ധപ്പെട്ട് നടത്തുന്ന പ്രവർത്തനങ്ങളുടെ വിശദാംശം ലഭ്യമാക്കുമോ?

കെ.എസ്.ആർ.ടി.സി.-യുടെ ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിനായി 2021 നവംബർ 1 മുതൽ ബഡ്ജറ്റ് ടൂറിസം സെൽ രൂപീകരിക്കുകയും ടൂറിസം പദ്ധതികൾ നടപ്പിലാക്കിവരികയും ചെയ്യുന്നു.

പൊതുജനങ്ങൾക്ക് കുറഞ്ഞ ചെലവിൽ വിനോദസഞ്ചാരം സാധ്യമാക്കുകയെന്ന ലക്ഷ്യത്തോടെയാണ് കെ.എസ്.ആർ.ടി.സി. ബഡ്ജറ്റ് ടൂറിസം ട്രിപ്പുകൾ നടത്തിവരുന്നത്.

സംസ്ഥാന സർക്കാരിന്റെ വിവിധ വകുപ്പുകളും ഏജൻസികളുമായും ബന്ധപ്പെട്ടാണ് ഏറ്റവും കൂടുതൽ ടൂർപാക്കേജുകൾ കെ.എസ്.ആർ.ടി.സി. നടപ്പാക്കിവരുന്നത്. 2021 നവംബറിൽ പ്രവർത്തനമാരംഭിച്ച് ഒരു വർഷം പിന്നിടുമ്പോൾ രണ്ട് ലക്ഷത്തിലധികം വിനോദസഞ്ചാരികളാണ് ബഡ്ജറ്റ് ടൂറിസത്തിന്റെ വിനോദസഞ്ചാരയാത്രാ സർവ്വീസുകൾ ഉപയോഗപ്പെടുത്തിയത്.

മൂന്നാറിലെ സൈറ്റ് സീയിംഗ്, സ്ലീപ്പർ ബസ് യാത്രകൾക്ക് വിനോദസഞ്ചാരികളിൽ നിന്ന് ലഭിച്ച സ്വീകാര്യതയും, മലക്കപ്പാറ എന്ന അതിർത്തി ഗ്രാമത്തിലേയ്ക്ക് സഞ്ചാരികൾക്കായി ഏർപ്പെടുത്തിയ യാത്രകളുടെ വിജയവുമാണ് 2021 നവംബർ 1 മുതൽ ബഡ്ജറ്റ് ടൂറിസം സെൽ എന്നൊരു പ്രത്യേക വിഭാഗം തന്നെ കെ.എസ്.ആർ.ടി.സി.-യിലാരംഭിക്കാൻ പ്രേരണയായത്. ഇപ്പോൾ ഏറ്റവും കൂടുതൽ വിനോദയാത്രകൾ നടത്തുന്നതും കൂടുതൽ ആവശ്യക്കാരുള്ളതും മൂന്നാർ വിനോദയാത്രകൾക്കാണ്. 25 ഡിപ്പോകളിൽ നിന്ന് മൂന്നാറിലേയ്ക്ക് വിനോദയാത്രകൾ നടത്തുന്നുണ്ട്. നെല്ലിയാമ്പതി, തട്ടേക്കാട്, പൊൻമുടി, റോസ് മല, അരിപ്പ തുടങ്ങി വനമേഖലകളുമായി ബന്ധപ്പെടുത്തി കെ.എസ്.ആർ.ടി.സി. ആരംഭിച്ച എല്ലാ വിനോദയാത്രകളും വൻവിജയമായിരുന്നു.

കേരള സ്റ്റേറ്റ് ഇൻലാൻഡ് നാവിഗേഷൻ കോർപ്പറേഷന്റെ കൊച്ചിയിലെ സാഗര റാണി, ആഡംബര ക്രൂയിസായ നെഫെർറ്റി എന്നിവയിലേയ്ക്ക് ഏറ്റവും കൂടുതൽ വിനോദസഞ്ചാരികളെ എത്തിച്ച രണ്ടാമത്തെ സെയിൽസ് ഏജന്റ് എന്ന അവാർഡും ഈ 9 മാസത്തെ

പ്രവർത്തനത്തിനിടയിൽ കെ.എസ്.ആർ.ടി.സി ബഡ്ജറ്റ് ടൂറിസം സെല്ലിന് ലഭിച്ചു. ഡിസംബർ 1 മുതൽ ഗവിയിലേയ്ക്കുള്ള ജംഗിൾ സഫാരി വിനോദയാത്രകൾ കെ.എസ്.ആർ.ടി.സി. ആരംഭിച്ചു. കേരള വനം വകുപ്പുമായുള്ള സംയുക്ത സഹകരണത്തിൽ ദിവസേന 3 കെ.എസ്.ആർ.ടി.സി. ബസുകൾക്ക് ഗവിയിലേയ്ക്ക് യാത്രയ്ക്കുള്ള അനുമതി ലഭിച്ചിട്ടുണ്ട്. കേരളത്തിലാദ്യമായി ഓപ്പൺ ഡെക്ക് ഡബിൾ ഡെക്കർ ബസിൽ സൈറ്റ് സീയിംഗും തിരുവനന്തപുരം നഗരത്തിൽ നടത്തിവരുന്നു. വിനോദസഞ്ചാരികളുടെ ആവശ്യപ്രകാരം, വയനാട് കേന്ദ്രീകരിച്ച് സൈറ്റ് സീയിംഗ് യാത്രകൾ പുതുതായി ആരംഭിച്ചിട്ടുണ്ട്. വിനോദസഞ്ചാരികൾക്ക് കുറഞ്ഞ ചെലവിൽ താമസം നൽകുകയെന്ന ലക്ഷ്യത്തോടെ മൂന്നാർ, സുൽത്താൻ ബത്തേരി ഡിപ്പോകളുടെ മാതൃകയിൽ എ.സി. സ്ലീപ്പർ ബസ്സുകളും എ.സി. ഡോർമിറ്ററികളും വിവിധ സ്ഥലങ്ങളിൽ സ്ഥാപിക്കുന്ന പ്രവർത്തനങ്ങളാരംഭിച്ചിട്ടുണ്ട്. പതിനായിരത്തിലധികം പേർക്ക് ഒരു ദിവസം കുറഞ്ഞ ചെലവിലെ താമസസൗകര്യം കേരളത്തിലുടനീളം കെ.എസ്.ആർ.ടി.സി. ഡിപ്പോകളുമായി ബന്ധപ്പെട്ട് വിനോദസഞ്ചാരികളുടെയും മറ്റ്

യാത്രക്കാരുടെയും സൗകര്യാർത്ഥം സ്ഥാപിക്കുകയെന്നതാണ് ലക്ഷ്യം. "കെ.എസ്.ആർ.ടി.സി. ബഡ്ജറ്റ് സ്റ്റേ" എന്ന പേരിൽ കുറഞ്ഞ ചെലവിൽ താമസസൗകര്യമൊരുക്കുന്ന സ്വകാര്യസംരംഭകരുടെ ലോഡ്ജ്/ഹോംസ്റ്റേ/ഡോർമിറ്ററികളുമായി സഹകരിച്ച് പ്രവർത്തിക്കുന്ന പദ്ധതിക്കും അന്തിമരൂപം നൽകിവരുന്നു. "കെ.എസ്.ആർ.ടി.സി.റിഫ്രഷ്" എന്ന പേരിൽ കേരളത്തിലുടനീളം കെ.എസ്.ആർ.ടി.സി. അംഗീകൃത ഹോട്ടൽ/റെസ്റ്റോറന്റ് ശ്യംഖലകൾ വിനോദസഞ്ചാരികൾക്കും യാത്രക്കാർക്കുമായി സ്ഥാപിക്കുന്ന പ്രവർത്തനങ്ങൾക്കും തുടക്കം കുറിച്ചിട്ടുണ്ട്. സംസ്ഥാനത്തുടനീളം വിനോദയാത്രകൾക്കിടയിലും സാധാരണ യാത്രയ്ക്കിടയിലും ഗുണമേന്മയുള്ള ഭക്ഷണം ലഭ്യമാക്കുകയെന്നതാണ് പദ്ധതിയുടെ ലക്ഷ്യം. ഭക്ഷണം മുൻകൂട്ടി ബുക്ക് ചെയ്യുന്നതിനുള്ള ഓൺലൈൻ സംവിധാനവും നടപ്പിൽ വരുത്തുന്നതാണ്. ഇത്തരത്തിൽ വിനോദസഞ്ചാര മേഖലയുമായി ബന്ധപ്പെട്ട് വൈവിധ്യമാർന്ന പദ്ധതികളാണ് ബഡ്ജറ്റ് ടൂറിസം സെൽ നടപ്പാക്കിവരുന്നത്.

(ബി) കേരളത്തിനകത്തും പുറത്തും പൊതുജനങ്ങൾക്കു വേണ്ടി ടൂർപാക്കേജ് കെ.എസ്.ആർ.ടി.സി. നൽകുന്നുണ്ടോ; റൂട്ട് സഹിതം വിശദമാക്കുമോ?

ഉണ്ട്. നിലവിൽ നടത്തിവരുന്ന വിനോദയാത്രകളുടെ വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.+

## കാസർഗോഡ് ജില്ലയിൽ നിർത്തിവച്ച കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസുകൾ

321(2062) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ്-19 ബാധയെത്തുടർന്ന് കാസർഗോഡ് ജില്ലയിൽ നിർത്തിവച്ചിരുന്ന കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസുകളെല്ലാം നിലവിൽ സർവ്വീസ് നടത്തുന്നുണ്ടോ; വിശദാംശം അറിയിക്കുമോ?

കോവിഡാനന്തരം നിയന്ത്രണങ്ങൾ ലഘൂകരിച്ചതിനെത്തുടർന്ന് കാസർഗോഡ്, കാഞ്ഞങ്ങാട് ഡിപ്പോകളിൽ നിന്നും കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ ഇതിനോടകം പുനരാരംഭിച്ചിട്ടുണ്ട്. സമഗ്ര പുനരുദ്ധാരണത്തിന്റെ ഭാഗമായി പ്രവർത്തനച്ചെലവുപോലും

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വഹിക്കാൻ കഴിയാത്ത സർവ്വീസുകളും ട്രിപ്പുകളും പുനഃക്രമീകരിച്ച് നടത്തുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. 2020 ജനവരിയിൽ നടത്തിയിരുന്ന എല്ലാ സർവ്വീസുകളിലെയും പ്രധാന ട്രിപ്പുകൾ നടത്തുന്ന രീതിയിൽ പുനഃക്രമീകരിച്ച് സർവ്വീസുകൾ ഓപ്പറേറ്റ് ചെയ്തുവരുന്നുണ്ട്. കാസർഗോഡ് ഡിപ്പോയിലും കാഞ്ഞങ്ങാട് ഡിപ്പോയിലും നിർത്തിവച്ചിട്ടുള്ള സർവ്വീസുകളും പുനരാരംഭിച്ചിട്ടുള്ള സർവ്വീസുകളും ചുവടെ ചേർക്കുന്നു.

<u>കോവിഡ് സാഹചര്യത്തിൽ നിർത്തിവച്ച സർവ്വീസുകൾ</u>

<u>കാസർഗോഡ്</u>

1. 09.30 പുത്തൂർ
2. 10.19 സുബ്രഹ്മണ്യ
3. 11.50 സുള്ള്യ
4. 05.30 പുത്തൂർ
5. 08.20 സുള്ള്യ
6. 11.05 ചിറ്റാരിക്കൽ
7. 11.20 മംഗലാപുരം
8. 12.35 മാനസ

9. 12.15 കാട്ടുകുക്കെ

10. 13.05 നീലേശ്വരം (stay)

11. 14.00 മംഗലാപുരം - നിലേശ്വരം (stay)

12. 13.00 ചെറുപുഴ

13. 14.52 പേരാവൂർ

14. 06.15 ബേവൂരി

15. 17.00 ജനശതാബ്ദി

16. 12.00 അട്ടൂർ - മംഗലാപുരം

17. 13.20 ചീക്കാട് – മംഗലാപുരം

<u>യാത്രാവശ്യം പരിഗണിച്ച് പുനരാരംഭിച്ചവ</u>

1. 21.00 കോഴിക്കോട്

2. 07.50 പെരുമ്പാല

3. 08.00 കല്ലംവളപ്പ്

4. 07.45 കല്ലംവളപ്പ്

5. 08.00 ചട്ടഞ്ചാൽ

<u>കോവിഡ് സാഹചര്യത്തിൽ നിർത്തിവച്ച സർവ്വീസുകൾ</u>

<u>കാഞ്ഞങ്ങാട്</u>

1. 05.20 ചെറുപുഴ

2. 11.10 കൊന്നക്കാട്

3. 14.50 ബളാൽ

4. 07.00 എരിക്കുളം

5. 06.20 സുള്ള്യ-പാണത്തൂർ

6. 07.10 സുള്ള്യ-പാണത്തൂർ

7. 08.00 സുള്ള്യ-പാണത്തൂർ

8. 14.05 മംഗലാപുരം

9. 08.00 രാവണീശ്വരം

10. 15.30 പറശ്ശിനിക്കടവ്

11. 08.30 സുള്ള്യ

യാത്രാവശ്യം പരിഗണിച്ച് പുനരാരംഭിച്ചവ

1. 13.20 എളേരി

2. 08.00 ഉരുവനം

3. 07.50 റാണിപുരം

(ബി) ഉദുമ നിയോജകമണ്ഡലത്തിൽ ഏതൊക്കെ സർവ്വീസുകൾ പുനരാരംഭിക്കാനുണ്ടെന്ന് വ്യക്തമാക്കുമോ?

ഉദുമ നിയോജകമണ്ഡലത്തിൽ മൂന്ന് സർവ്വീസുകൾ പുനരാരംഭിക്കാനുണ്ട്.

1. 06.15 കാസർഗോഡ് - ബേവൂരി
2. 07.25 കാസർഗോഡ് - കൈരളിപ്പാറ (single trip in 13.05 നീലേശ്വരം)
3. 11.20 കാസർഗോഡ് - പാണത്തൂർ

(സി) പ്രസ്തുത സർവ്വീസ് എന്നത്തേയ്ക്ക് പുനരാരംഭിക്കുമെന്ന് വിശദമാക്കുമോ?

യാത്രക്കാരുടെ ആവശ്യം പരിശോധിച്ച് പുനരാരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്.

**കെ.എസ്.ആർ.ടി.സി. കമ്പ്യൂട്ടർവൽക്കരണം**

322(2063) ശ്രീ. മുഹമ്മദ് മുഹസിൻ: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് കെ.എസ്.ആർ.ടി.സി.-യിൽ ഏകീകൃത സോഫ്റ്റ്‌വെയർ സംവിധാനം നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

നിലവിൽ കെ.എസ്.ആർ.ടി.സി.-യിൽ ഏകീകൃത സോഫ്റ്റ്‌വെയർ സംവിധാനം നടപ്പിലാക്കിയിട്ടില്ല.

## കണ്ണൂർ ജില്ലയിലെ പൊതുഗതാഗത മേഖല സംബന്ധിച്ച്

323(2064) ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ നല്ലരീതിയിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന പൊതുഗതാഗത മേഖലയിൽ കോവിഡിനെത്തുടർന്ന് പൊതുഗതാഗത സൗകര്യം കുറഞ്ഞുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2018-ൽ 1058 എണ്ണം സ്റ്റേജ് കാര്യേജുകളുടെ പെർമിറ്റുണ്ടായിരുന്നത് 2022 ആയപ്പോഴേയ്ക്കും 823 എണ്ണമായി കുറഞ്ഞിട്ടുണ്ട്. കോവിഡിനെത്തുടർന്ന് യാത്രക്കാർ ടൂവീലർ, കാർ എന്നിവയിലേയ്ക്ക് യാത്ര മാറ്റുകയും കൂടാതെ ഇന്ധനവില, ഇൻഷ്വറൻസ്, മറ്റ് സ്പെയർ പാർട്സ് എന്നിവയുടെ വില വർദ്ധനവുമൂലമുണ്ടായ സാമ്പത്തിക പ്രതിസന്ധിയും പൊതുഗതാഗത സംവിധാനത്തെ കാര്യമായി ബാധിച്ചിട്ടുണ്ട്. നിലവിലെ ചാർജ്ജുവർദ്ധനവ് ഒരു പരിധിവരെ ഇത്തരം പ്രശ്നങ്ങൾക്ക് പരിഹാരമായിട്ടുണ്ട്. തലശ്ശേരി, പയ്യന്നൂർ, കണ്ണൂർ യൂണിറ്റുകളിൽനിന്നും കോവിഡിനുമുമ്പുണ്ടായിരുന്ന മിക്കട്രിപ്പുകളും യാത്രാവശ്യമനുസരിച്ച് കെ.എസ്.ആർ.ടി.സി. ഓപ്പറേറ്റ് ചെയ്തുവരുന്നുണ്ട്.

(ബി) രാത്രിസമയത്ത് ബസ്സുകൾ ട്രിപ്പുകൾമുടക്കുന്നതുമൂലം ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾക്ക് പരിഹാരം കാണുമോ; വ്യക്തമാക്കാമോ?

രാത്രിസമയത്ത് ബസ്സുകൾ ട്രിപ്പുമുടക്കുന്നതുമൂലം ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾക്ക് പരിഹാരം കാണുന്നതിനായി സ്വകാര്യ ബസ്സുടമകൾക്ക് ട്രിപ്പ് മുടക്കരുതെന്ന കർശനനിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത നിർദ്ദേശം പാലിക്കാത്തവർക്കെതിരെ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. കൂടാതെ യാത്രക്കാർക്ക് ബുദ്ധിമുട്ടില്ലാത്തവിധം കെ.എസ്.ആർ.ടി.സി. തലശ്ശേരി, പയ്യന്നൂർ, കണ്ണൂർ യൂണിറ്റുകളിൽനിന്നും നിലവിലെ രാത്രികാല സർവ്വീസുകളുടെ ട്രിപ്പുകളെല്ലാംതന്നെ ഓപ്പറേറ്റ് ചെയ്തുവരുന്നുണ്ട്.

(സി) അവധി ദിവസങ്ങളിൽ ബസ്സുകൾ ഓടാതിരിക്കുന്ന അവസ്ഥയ്ക്ക് പരിഹാരം കാണുമോ; വിശദമാക്കാമോ?

അവധി ദിവസങ്ങളിൽ ബസ്സുകൾ ഓടാതിരിക്കുന്നതിന് പരിഹാരം കാണുന്നതിനായി റൂട്ടിലെ ബസ്സുടമകളുമായി ചർച്ച നടത്തിയതിൽനിന്നും ഭീമമായ സാമ്പത്തികനഷ്ടമാണ് ട്രിപ്പ് മുടക്കുന്നതിനുകാരണമെന്നറിയാൻ കഴിഞ്ഞു. എന്നിരുന്നാലും യാത്രാക്ലേശം കൂടുതലായ ഭാഗങ്ങളിൽ ട്രിപ്പുമുടക്കുന്ന ബസ്സുകൾക്കെതിരെ കർശന നടപടി സ്വീകരിച്ചുവരുന്നുണ്ട്.

## ടിപ്പർ ലോറികൾക്കുള്ള യാത്രാനിരോധനം

324(2065) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്കൂൾ-കോളേജ് പ്രവൃത്തി സമയങ്ങളിൽ ടിപ്പർ ലോറികൾക്ക് യാത്രാനിരോധനം ഏർപ്പെടുത്തികൊണ്ടുള്ള ഗതാഗത വകുപ്പിന്റെ ഉത്തരവ് കൃത്യമായി പാലിക്കപ്പെടുന്നുണ്ടോവെന്ന് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

സംസ്ഥാനത്തെ സ്കൂൾ-കോളേജ് പ്രവൃത്തിസമയം വിവിധ സ്ഥലങ്ങളിൽ വ്യത്യസ്തമായിരിക്കുന്നത് കണക്കിലെടുത്ത്, ടിപ്പർ ലോറികളുടേയും/ ടിപ്പിംഗ് മെക്കാനിസം ഉപയോഗിച്ചുപ്രവർത്തിക്കുന്ന വാഹനങ്ങളുടേയും ഗതാഗതസമയം നിശ്ചയിക്കുന്നതിന് അതത് ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തി 05-06-2018-ലെ ജി. ഒ. (ആർ.ടി.) നം. 256/2018/ഗതാ. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ജില്ലാകളക്ടർമാർ ടിപ്പർ ലോറികളുടെ സഞ്ചാരത്തിന് ഇത്തരത്തിൽ ഏർപ്പെടുത്തിയ സമയക്രമം ലംഘിക്കുന്ന ടിപ്പർ ലോറികൾക്കെതിരെ കർശനനടപടി സ്വീകരിച്ചുവരുന്നുണ്ട്.

(ബി) ടിപ്പർ ലോറികൾക്ക് ഇപ്രകാരം ഏർപ്പെടുത്തിയിട്ടുള്ള യാത്രാനിരോധനം ലംഘിക്കുന്നതുമായി ബന്ധപ്പെട്ട് ചില

പ്രദേശങ്ങളിൽനിന്നും ലഭിച്ച പരാതികളിൽ യഥാസമയം നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

ടിപ്പർ ലോറികൾ ഇപ്രകാരം ഏർപ്പെടുത്തിയിട്ടുള്ള യാത്രാനിരോധനം ലംഘിക്കുന്നതുമായി ബന്ധപ്പെട്ട് ലഭിക്കുന്ന പരാതികളിൽ ഉചിതമായ നടപടി സമയബന്ധിതമായി സ്വീകരിച്ചുവരുന്നുണ്ട്.

**വാഹനാപകടങ്ങൾ ഒഴിവാക്കൽ**

325(2066) ശ്രീ. ഷാഫി പറമ്പിൽ: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അവിനാശി-വടക്കഞ്ചേരി ബസ്സപകങ്ങളുടെ പശ്ചാത്തലത്തിൽ എന്തെല്ലാം ജാഗ്രതാ നടപടികളാണ് പ്രത്യേകമായി നടപ്പിലാക്കിയിട്ടുള്ളത്; ഇത്തരത്തിലുള്ള വാഹനാപകടങ്ങൾ ഒഴിവാക്കുന്നതിന് ഇപ്പോൾ നടത്തിവരുന്ന പ്രവർത്തനങ്ങൾ വിശദമാക്കുമോ?

വടക്കഞ്ചേരി ബസ്സപകടത്തിന്റെ പശ്ചാത്തലത്തിൽ താഴെപ്പറയുന്ന നടപടികൾ മോട്ടോർ വാഹന വകുപ്പിൽ സ്വീകരിച്ചിട്ടുണ്ട്. കോൺട്രാക്ട് കാര്യേജുകൾ, സ്റ്റേജ് കാര്യേജുകൾ എന്നീ വാഹനങ്ങളിലെ നിയമലംഘനങ്ങൾ കണ്ടെത്തി നടപടികൾ സ്വീകരിക്കുന്നതിനായി 07-10-2022 മുതൽ 30-10-2022 വരെ "ഓപ്പറേഷൻ ഫോക്കസ്-3”

എന്നപേരിൽ ഒരു സ്പെഷ്യൽ ഡ്രൈവ് നടത്തുകയുണ്ടായി. പ്രസ്തുത ഡ്രൈവിൽ 13587 വാഹനങ്ങൾക്കെതിരെ നടപടികൾ സ്വീകരിക്കുകയും 46,08,930/- രൂപ പിഴയായി ഈടാക്കുകയും ചെയ്തിട്ടുണ്ട്. 682 വാഹനങ്ങളുടെ ഫിറ്റ്നസ് റദ്ദുചെയ്യുകയും 287 ഡ്രൈവിംഗ് ലൈസൻസുകൾക്ക് അയോഗ്യത കൽപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഇത്തരം നിയമലംഘനങ്ങൾ ആവർത്തിക്കാതിരിക്കുവാൻ ഒരു ത്രിതല പരിശോധനാസംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഇതുപ്രകാരം ഓരോ ജില്ലയിലും ആകെ നിലവിലുള്ള കോൺട്രാക്ട് കാര്യേജുകളുടെയും സ്റ്റേജ് കാര്യേജുകളുടെയും എണ്ണം കണക്കാക്കി എം.വി.ഐ./എ.എം.വി.ഐ.-മാർക്ക് കൃത്യമായി വീതിച്ചുനൽകുകയും ഇങ്ങനെ പരിശോധന നടത്തിയിട്ടുള്ള വാഹനങ്ങൾ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാരുടെ സ്ക്വാഡുകൾ നടത്തുന്ന കൺട്രോൾ ചെക്കിംഗിലും ട്രാൻസ്പോർട്ട് കമ്മീഷണറുടെ നേതൃത്വത്തിൽ നടത്തുന്ന സൂപ്പർചെക്കിംഗിലും നിയമലംഘനങ്ങൾ നടത്തുന്നതായി കണ്ടെത്തിയാൽ പ്രാഥമികഘട്ടത്തിൽ പരിശോധന നടത്തിയ ഉദ്യോഗസ്ഥർക്കെതിരെ (എം.വി.ഐ./എ.എം.വി.ഐ.) അച്ചടക്കനടപടി സ്വീകരിക്കുന്നതുമാണ്. അതുപോലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽനിന്നും വിനോദയാത്ര പുറപ്പെടുന്നതിനുമുമ്പായി വിവരം ബന്ധപ്പെട്ട റീജിയണൽ

ട്രാൻസ്പോർട്ട് ഓഫീസുകളിൽ അറിയിച്ച് വാഹനവും ഡ്രൈവറും പരിശോധനയ്ക്ക് വിധേയമാക്കി പരിശോധനാ സാക്ഷ്യപത്രം ലഭിച്ചതിനുശേഷംമാത്രമെ യാത്ര തുടങ്ങാവൂവെന്ന് വിദ്യാഭ്യാസ വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്. 2020-ലെ അവിനാശി ബസ്സപകടത്തെത്തുടർന്ന് കേരള റോഡ് സുരക്ഷാ അതോറിറ്റി തുടർപ്രവർത്തനങ്ങൾ ചർച്ച ചെയ്യുന്നതിനായി 25-02-2020-ന് ഒരു യോഗം ചേരുകയും വാഹനാപകടങ്ങൾ ഒഴിവാക്കുന്നത് ബന്ധപ്പെട്ട വകുപ്പുകൾ സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് തീരുമാനങ്ങൾ കൈക്കൊണ്ടിട്ടുള്ളതുമാണ്. പ്രസ്തുത യോഗത്തിൽ കൈക്കൊണ്ട തീരുമാനങ്ങൾ അനുബന്ധമായി ചേർക്കുന്നു.+ വടക്കഞ്ചേരി അപകടത്തെത്തുടർന്ന്, ഇത്തരം അപകടങ്ങൾ ഇനി ആവർത്തിക്കാതിരിക്കുന്നതിന് ചുവടെ ചേർത്തിട്ടുള്ള പദ്ധതികൾ കെ.ആർ.എസ്.എ. നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

- കഴിഞ്ഞ മൂന്ന് വർഷക്കാലങ്ങളിൽ കേരളത്തിൽ റിപ്പോർട്ട് ചെയ്ത അപകടങ്ങളിൽ ഏറ്റവും അപകടകരമായ റോഡുകൾ (black spots) കണ്ടെത്തുകയുണ്ടായി. വടക്കഞ്ചേരി അപകടം അത്തരത്തിലുള്ള ഒരു അപകടസ്ഥലത്തിലാണെന്ന് കണ്ടെത്തിയിട്ടുണ്ട്. റോഡ് സേഫ്റ്റി ഓഡിറ്റ്ചെയ്ത്, അപകടങ്ങളുടെ കാരണങ്ങൾ കണ്ടെത്തി അവ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പരിഹരിക്കുന്നതിനായി ഒരോ ജില്ലാ റോഡുസുരക്ഷാ കൗൺസിലിനും പത്തുലക്ഷം രൂപവച്ച് നൽകുന്നതിന് തീരുമാനിച്ചു.

- ലഹരിയുപയോഗിച്ച് ഡ്രൈവ് ചെയ്യുന്നതുമൂലമുണ്ടാകുന്ന അപകടങ്ങൾ തടയുന്നതിനായി ക്യാമ്പസ് കേന്ദ്രീകരിച്ച് യുവജനങ്ങൾക്കായി സേഫ് ക്യാമ്പസ് പ്രോഗ്രാമെന്ന പേരിൽ ഒരു അവെയർനസ് പ്രോഗ്രാം നടത്താൻ തീരുമാനിച്ചു.
- ലഹരിയുപയോഗിച്ച് വാഹനമോടിക്കുന്നത് പരിശോധിച്ച് കണ്ടെത്തുന്നതിനും അത് തടയുന്നതിനുമായി ഒരു ആന്റി ഡ്രഗ് യൂസ് ക്യാമ്പയിൻ നടത്തുന്നതിനും പരിശോധനയ്ക്കാവശ്യമായ ഉപകരണം വാങ്ങുന്നതിനും മോട്ടോർവാഹന വകുപ്പിന് നാലുകോടി രൂപ നൽകാനും തീരുമാനിച്ചു.
- സുരക്ഷിതമായ റോഡുപയോഗത്തേയും ഡ്രൈവിംഗിനെയും കുറിച്ചുള്ള അവബോധം ജനങ്ങളിലേയ്ക്കെത്തിക്കുന്നതിനായി വിവിധ മീഡിയകളിലൂടെയുള്ള റോഡുസുരക്ഷാ അവബോധന പരിപാടികൾ നടത്താനും തീരുമാനിച്ചു.
- അപകടങ്ങൾ നടന്നാൽ അപകടത്തിൽപ്പെട്ടവരെ Golden Hour -നുള്ളിൽ ആശുപത്രിയിലെത്തിക്കുന്നതിനുള്ള പ്രീ-ഹോസ്പിറ്റൽ

എമർജൻസി കെയർ സിസ്റ്റം നടപ്പാക്കുന്നതിനായി കേരളത്തിലെ എല്ലാ ആംബുലൻസുകളുടെയും ക്രോഡീകരണം നടത്തുന്നതിനായി തീരുമാനിച്ചു. ഇതിനായി മൊബൈൽ കേന്ദ്രീകൃതമായ ഒരു ആപ്പ് നിർമ്മിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. കൂടാതെ 42 ബേസിക് ലൈഫ് സപ്പോർട്ട് ആംബുലൻസുകൾ, ആധുനിക ലൈവ് സപ്പോർട്ടുള്ള ആംബുലൻസുകളായി മാറ്റുന്നതിന് 3.64 കോടി രൂപയും അനുവദിക്കുകയുണ്ടായി.

- ഇത്തരം അപകടങ്ങൾ ഇനി ആവർത്തിക്കാതിരിക്കുന്നതിന് ഒരു സമഗ്രമായ ആക്ഷൻ പ്ലാൻ തയാറാക്കിവരികയാണ്.

## റോഡ് സേഫ്റ്റി ഫണ്ട്

326(2067) ശ്രീ. വി. ശശി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം റോഡ് സേഫ്റ്റി ഫണ്ടിലുൾപ്പെടുത്തി ഏതെല്ലാം പ്രവൃത്തികൾക്കാണ് ഭരണാനുമതി ലഭ്യമാക്കിയിട്ടുള്ളതെന്ന്, വിശദമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽവന്നശേഷം റോഡ് സേഫ്റ്റി ഫണ്ടിലുൾപ്പെടുത്തി ഭരണാനുമതിക്കായി എത്ര പ്രൊപ്പോസലുകൾ ലഭിച്ചിട്ടുണ്ടെന്നും ഏതെല്ലാമാണെന്നും വിശദമാക്കാമോ?

(എ & ബി) വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

## കെ.എസ്.ആർ.ടി.സി.-യിലെ തൊഴിൽക്രമീകരണം

327(2068) <u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യിൽ തൊഴിൽക്രമീകരണം നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

കെ.എസ്.ആർ.ടി.സി. പുനരുദ്ധാരണത്തിന്റെ ഭാഗമായി പഠനം നടത്തിയ IIM കൊൽക്കട്ടയിലെ പ്രൊഫ. സുശീൽ ഖന്നയുടെ റിപ്പോർട്ടിൽ സ്ഥിരജീവനക്കാരുടെ എണ്ണം ദേശീയ ശരാശരിയേക്കാൾ കൂടുതലാണെന്ന് കണ്ടെത്തിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി ജീവനക്കാരുടെ എണ്ണം ക്രമീകരിച്ച് വരുന്നതിനാൽ, ജീവനക്കാരുടെ വർക്ക്നോംസ് പരിഷ്കരിക്കുന്നതുൾപ്പെടെയുള്ള നടപടികൾ പുരോഗമിച്ചുവരികയാണ്. കെ.എസ്.ആർ.ടി.സി.-യിൽ തൊഴിൽ ക്രമീകരണം നടപ്പിലാക്കിവരുന്നു. മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് ആക്ട് 1961 പ്രകാരവും 1962-ലെ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് റൂൾ പ്രകാരവും ഡ്യൂട്ടികൾ ക്രമീകരിച്ചുവരുന്നു. ഇതുസംബന്ധിച്ച് അംഗീകൃത തൊഴിലാളി സംഘടനകളുമായി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചർച്ച ചെയ്ത് തീരുമാനങ്ങളെടുക്കുകയും പ്രാരംഭഘട്ടമെന്ന നിലയിൽ തിരുവനന്തപുരം ജില്ലയിലെ പാറശ്ശാല ഡിപ്പോയിൽ 2022 ഒക്ടോബർ 1 മുതൽ പൈലറ്റ് പദ്ധതി നടപ്പിലാക്കുകയും 20-10-2022 മുതൽ ടി യൂണിറ്റിൽ പൂർണ്ണതോതിൽ നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. ഇപ്രകാരം ഒക്ടോബർ 20 മുതൽ നവംബർ 19 വരെയുള്ള ഒരു മാസക്കാലം സർവ്വീസ് ക്രമീകരിച്ചതിൽ തുടർച്ചയായി ഒന്നിലധികം ഡ്യൂട്ടി ചെയ്യുന്നതിലൂടെ ജീവനക്കാർക്കുണ്ടായിരുന്ന അധികജോലിഭാരവും ജീവനക്കാരുടെ ശാരീരിക മാനസിക സമ്മർദ്ദം കാരണമുള്ള അപകടം ഒഴിവാക്കുവാനും മാനവവിഭവശേഷി വർദ്ധിപ്പിച്ച് കൂടുതൽ സർവ്വീസുകൾ ഓപ്പറേറ്റ് ചെയ്യുവാനും മുൻമാസത്തെ സമാനകാലയളവിനെ അപേക്ഷിച്ച് പ്രതിദിനം ശരാശരി 26 ശതമാനം അധിക കിലോമീറ്റർ ഓപ്പറേറ്റ് ചെയ്യുവാനും അതിലൂടെ 14 ശതമാനം അധികവരുമാനം നേടുവാനും സാധിച്ചിട്ടുണ്ട്. കൂടാതെ പ്രതികിലോമീറ്റർ ചെലവ് 5.68 രൂപയും ജീവനക്കാർക്കുള്ള ചെലവിൽ ഒരു കിലോമീറ്ററിന് 3.44 രൂപയും കുറഞ്ഞിട്ടുണ്ട്. 2023 മാർച്ച്

മാസത്തോടുകൂടി മുഴുവൻ യൂണിറ്റുകളിലും പ്രസ്തുത ഡ്യൂട്ടി പരിഷ്കരണം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ ത്വരിതഗതിയിൽ നടന്നുവരികയാണ്.

(ബി) തൊഴിൽ ക്രമീകരണം നടപ്പിലാക്കിയതിന്റെ ഭാഗമായി കോർപ്പറേഷന് വരുമാനലാഭമുണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ടോ; വിശദാംശം നൽകാമോ?

ജീവനക്കാരുടെ എണ്ണം ക്രമീകരിക്കുന്നതുൾപ്പെടെയുള്ള നടപടികൾ വരുന്നതിനാൽ പ്രസ്തുത നടപടി പൂർത്തീകരിച്ചതിനുശേഷം മാത്രമെ തൊഴിൽ ക്രമീകരണംമൂലമുള്ള വരുമാനലാഭം കണക്കാക്കാൻ സാധിക്കുകയുള്ളൂ.

(സി) കെ.എസ്.ആർ.ടി.സി.-യിൽ ഇലക്ട്രിക് ബസ്സുകളുടെ സർവ്വീസ് ലാഭകരമാണോ; എങ്കിൽ കൂടുതൽ സർവ്വീസുകൾ നടത്താൻ നടപടി സ്വീകരിക്കുമോ?

കെ.എസ്.ആർ.ടി.സി.-യിൽ ഇലക്ട്രിക് ബസ്സുകളുടെ സർവ്വീസ് പ്രവർത്തനലാഭത്തിലാണ്. കൂടുതൽ സർവ്വീസുകൾ നടത്തുന്ന കാര്യം പരിഗണനയിലുണ്ട്.

**കെ.എസ്.ആർ.ടി.സി.-യിൽ സീസൺ ടിക്കറ്റ്**

328(2069) <u>ശ്രീ. വി. ജോയി</u>: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കെ.എസ്.ആർ.ടി.സി.-യിൽ സീസൺ ടിക്കറ്റുകൾ ഏർപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

06-03-2010-ൽ പരീക്ഷണാടിസ്ഥാനത്തിൽ കാസർഗോഡ്-മംഗലാപുരം റൂട്ടിൽ സീസൺ ടിക്കറ്റ് സംവിധാനം നടപ്പിലാക്കിയെങ്കിലും യാത്രക്കാരിൽനിന്നും പ്രതീക്ഷിച്ച പ്രതികരണം ലഭിച്ചില്ല. ഇതിനെത്തുടർന്ന് പ്രസ്തുത സംവിധാനം പരിഷ്കരിച്ച് ട്രാവൽ കാർഡ് പദ്ധതി നടപ്പിലാക്കിയിരുന്നു. ആയതും ക്രമേണ നിന്നുപോവുകയാണുണ്ടായത്. മേൽ സാഹചര്യത്തിൽ സമഗ്രപഠനം നടത്തി ട്രാവൽ കാർഡുകളും തദ്വാര സീസൺ ടിക്കറ്റ് സംവിധാനവും നടപ്പാക്കുന്നതിന് പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.

## കെ.എസ്.ആർ.ടി.സി.-യുടെ ടിക്കറ്റിതര വരുമാനം

329(2070) <u>ശ്രീമതി ശാന്തകുമാരി കെ.</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യുടെ ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ?

കെ.എസ്.ആർ.ടി.സി.-യുടെ വരുമാനത്തിന്റെ ഏറിയപങ്കും സർവ്വീസ് ഓപ്പറേഷനിലൂടെയാണ് ലഭിക്കുന്നത്. കൂടാതെ കെ.എസ്.ആർ.ടി.സി.-യുടെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളിലും ഷോപ്പിംഗ് കോംപ്ലക്സുകളിലും കച്ചവടസ്ഥാപനങ്ങൾ ലൈസൻസ് ഫീ അടിസ്ഥാനത്തിൽ പ്രവർത്തിപ്പിക്കുന്നതിലൂടെ ടിക്കറ്റിതരവരുമാനം ലഭിച്ചുവരുന്നു. കെ.എസ്.ആർ.ടി.സി.-യുടെ സർവ്വീസ് ഓപ്പറേഷന് ഉപയോഗയോഗ്യമല്ലാത്ത ബസ്സുകളെ സ്റ്റാളുകളാക്കി (Shop on wheels) മാറ്റി വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പദ്ധതി രൂപീകരിക്കുകയും ആയത് പ്രാവർത്തികമാക്കിയതിലൂടെ വരുമാനം ലഭിച്ചുവരികയും ചെയ്യുന്നു. കെ.എസ്.ആർ.ടി.സി.-യുടെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളുപയോഗപ്പെടുത്തി നിർമ്മിച്ചിട്ടുള്ള വാണിജ്യസമുച്ചയങ്ങൾ ദീർഘകാലാടിസ്ഥാനത്തിൽ പാട്ടക്കരാർ വ്യവസ്ഥയിൽ അനുവദിച്ച് നൽകുന്നതിലൂടെയും പ്രതിമാസ ലൈസൻസ് ഫീയടിസ്ഥാനത്തിൽ നൽകുന്നതിലൂടെയും ടിക്കറ്റിതരവരുമാനത്തിൽ വർദ്ധനവ് വരുത്തുന്നതിന് നടപടി

സ്വീകരിച്ചുവരുന്നു. നിലവിൽ പണി പൂർത്തീകരിച്ച വാണിജ്യസമുച്ചയങ്ങൾ, സർക്കാർ, അർദ്ധസർക്കാർ സ്ഥാപനങ്ങൾക്ക് വാടകയ്ക്ക് നൽകാമെന്ന തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഹരിപ്പാട് ബസ്സ്റ്റേഷൻ വാണിജ്യസമുച്ചയത്തിൽ കാനറാ ബാങ്ക്, കെ.എസ്.എഫ്.ഇ. മുതലായ സ്ഥാപനങ്ങൾക്ക് സ്ഥലം അനുവദിച്ചുനൽകുകയും ആയതിൽനിന്നും പ്രതിമാസം ലൈസൻസ് ഫീ ലഭിച്ചുവരികയും ചെയ്യുന്നു. കെ.എസ്.ആർ.ടി.സി. ബസ്സ്റ്റേഷനുകളിൽ പാസഞ്ചർ ഇൻഫർമേഷൻ സിസ്റ്റം, ഹോർഡിംഗ്സ് എന്നിവ സ്ഥാപിച്ച് പരസ്യം നൽകിയയിനത്തിൽ ടിക്കറ്റിതരവരുമാനം വർദ്ധിപ്പിക്കുവാൻ സാധിച്ചിട്ടുണ്ട്. പാലാ ബസ്സ്റ്റേഷനിലെ വാണിജ്യസമുച്ചയം, നിലമ്പൂർ യൂണിറ്റ് വാണിജ്യസമുച്ചയം എന്നിവ ഒറ്റയൂണിറ്റായി പരിഗണിച്ച് ടെണ്ടർ നടത്തി നിയമാനുസരണം ലൈസൻസികളെ കണ്ടെത്തിയിട്ടുണ്ട്. കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ കൊറിയർ പാഴ്സൽ സർവ്വീസ് നടത്തുന്നതിനും യൂണിറ്റുകളിൽ എ.ടി.എം. കൗണ്ടറുകൾ സ്ഥാപിച്ച് പ്രവർത്തിപ്പിക്കുന്നതിനുമുള്ള ടെണ്ടർ നടപടികൾ അവസാനഘട്ടത്തിലാണ്. കെ.എസ്.ആർ.ടി.സി.-യുടെ അധീനതയിൽ വരുന്നതും National Highway-യോടുചേർന്നുള്ളതും കൂടാതെ വളരെ ജനത്തിരക്കേറിയ പട്ടണങ്ങളിൽ സ്ഥിതിചെയ്യുന്നതുമായ യൂണിറ്റുകളിലെ

ഒഴിഞ്ഞുകിടക്കുന്ന സ്ഥലങ്ങളിൽ വാണിജ്യസമുച്ചയങ്ങൾ നിർമ്മിക്കുകയും അവ ആവശ്യക്കാർക്ക് വിവിധ കച്ചവടാവശ്യങ്ങൾക്ക് അനുവദിച്ച് നൽകാവുന്നതുമാണ്. ഇങ്ങനെ അനുവദിച്ചുനൽകുന്ന വാണിജ്യ സമുച്ചയങ്ങളിൽ സൂപ്പർ മാർക്കറ്റ് ആധുനിക സൗകര്യത്തോടുകൂടിയ റസ്റ്റോറന്റുകൾ, സിനിമാശാലകൾ, ജിംനേഷ്യം, മറ്റവശ്യസാധനങ്ങൾ വിൽക്കുന്ന കച്ചവടസ്ഥാപനങ്ങൾ കൂടാതെ പൊതുജനങ്ങൾ നിത്യേന നിരവധി ആവശ്യങ്ങൾക്കായി ആശ്രയിക്കുന്ന സർക്കാർ സ്ഥാപനങ്ങൾ എന്നിവ പ്രസ്തുത കോംപ്ലക്സുകളിൽ സജ്ജീകരിച്ചാൽ ധാരാളം ആൾക്കാർ കെ.എസ്.ആർ.ടി.സി. ബസ്സ്റ്റേഷനുകളിലെത്തിച്ചേരുകയും അതുവഴി യാത്രാക്കൂലിയിനത്തിലും ടിക്കറ്റിതരവരുമാനമായും കോർപ്പറേഷന് നല്ല വരുമാനം ലഭിക്കുന്നതാണ്. ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിനായി 2021 നവംബർ 1 മുതൽ ബഡ്ജറ്റ് ടൂറിസം സെൽ രൂപീകരിക്കുകയും ടൂറിസം പദ്ധതികൾ നടപ്പിലാക്കിവരികയും ചെയ്യുന്നു. കുറഞ്ഞ ചെലവിൽ വിനോദസഞ്ചാരം സാദ്ധ്യമാക്കുകയെന്ന ലക്ഷ്യത്തോടെ കെ.എസ്.ആർ.ടി.സി. ബഡ്ജറ്റ് ടൂറിസം ട്രിപ്പുകൾ നടത്തിവരികയാണ്. സംസ്ഥാന സർക്കാരിന്റെ വിവിധ വകുപ്പുകളും ഏജൻസികളുമായും ബന്ധപ്പെട്ടാണ് ഏറ്റവും കൂടുതൽ ടൂർപാക്കേജുകൾ കെ.എസ്.ആർ.ടി.സി.

നടപ്പാക്കിവരുന്നത്. മുതൽ മുടക്കില്ലാതെ ടിക്കറ്റ് ഇതരവരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പൊതുമേഖലാ എണ്ണകമ്പനികളുമായി ചേർന്ന് കെ.എസ്.ആർ.ടി.സി.-യുടെ നിലവിലെ കൺസ്യൂമർ പമ്പുകളെ പൊതുജനങ്ങൾക്കുകൂടി പ്രയോജനപ്പെടുന്ന രീതിയിൽ സംസ്ഥാനത്തുടനീളം പൊതുജനങ്ങൾക്കായി 75 ഇന്ധന ചില്ലറ വില്പനശാലകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. തുടക്കത്തിൽ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലായി 12 റീട്ടെയൽ ഔട്ട്ലെറ്റുകൾ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.

(ബി) കെ.എസ്.ആർ.ടി.സി. യാത്ര ഫ്യുവൽസിനെ ശക്തിപ്പെടുത്താനും വിപുലീകരിക്കാനും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ വിശദാംശം ലഭ്യമാക്കാമോ?

ഉണ്ട്. പൊതുമേഖലാ എണ്ണകമ്പനികളുമായി ചേർന്ന് കെ.എസ്.ആർ.ടി.സി.-യുടെ നിലവിലെ കൺസ്യൂമർ പമ്പുകളെ പൊതുജനങ്ങൾക്കുകൂടി പ്രയോജനപ്പെടുന്ന രീതിയിൽ സംസ്ഥാനത്തുടനീളം പൊതുജനങ്ങൾക്കായി 75 ഇന്ധന ചില്ലറ വില്പനശാലകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. തുടക്കത്തിൽ പെട്രോളും ഡീസലുമായിരിക്കും ഈ ഔട്ട്ലെറ്റുകളിൽനിന്ന് വിതരണം ചെയ്യുന്നത്.

എന്നാൽ ക്രമേണ ഹരിത ഇന്ധനങ്ങളായ CNG, Electricity Vehicle Charging എന്നിവയുള്ള സംവിധാനവുമേർപ്പെടുത്തുന്നതായിരിക്കും. അങ്ങനെ ഇതൊരു Multi-Fuel Dispensing Facility ആയി മാറ്റുന്നതായിരിക്കും. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലായി 12 റീട്ടെയൽ ഔട്ട്‌ലെറ്റുകൾ പ്രവർത്തിച്ചുവരുന്നു. രണ്ടാംഘട്ട പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ പുരോഗമിച്ചുവരുന്നു. ആദ്യഘട്ട പദ്ധതിയുടെ വിജയത്തെത്തുടർന്ന് വികാസ്ഭവൻ, വൈക്കം, മലപ്പുറം എന്നീ ഡിപ്പോകളിൽ ഹിന്ദുസ്ഥാൻ പെട്രോളിയം കോർപ്പറേഷനുമായും പാപ്പനംകോട് (2 എണ്ണം), എടപ്പാൾ, പന്തളം എന്നീ ഡിപ്പോകളിൽ ഭാരത് പെട്രോളിയം കോർപ്പറേഷനുമായും യാത്രാഫ്യൂവൽ ഔട്ട്‌ലെറ്റുകൾ ആരംഭിക്കുവാൻ ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ട്.

**കെ.എസ്.ആർ.ടി.സി.-യെ പ്രവർത്തന ലാഭത്തിലെത്തിക്കൽ**

330(2071) ശ്രീ. എ. സി. മൊയ്തീൻ:
ശ്രീ. കെ. ജെ. മാക്സി:
ശ്രീ. എ. പ്രഭാകരൻ:
ശ്രീ. എം. എം. മണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യെ പ്രവർത്തന ലാഭത്തിലെത്തിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കാമോ?

കെ.എസ്.ആർ.ടി.സി.-യെ ലാഭകരമാക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

മാനേജ്മെന്റ് പ്രൊഫഷണലിസം

പ്രൊഫ. സുശീൽ ഖന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, കോർപ്പറേഷനിലെ ടോപ്ലെവൽ മാനേജ്മെന്റ് ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി General Manager (F&A), General Manager (Tech.), Dy. General Manager (F&A), Dy. General Manager (Operations), Dy. General Manager (Tech.), Chartered/Cost Accountant എന്നീ തസ്തികകൾ താല്ക്കാലികമായി സർക്കാർ സൃഷ്ടിച്ചതിന്റെ അടിസ്ഥാനത്തിൽ അതത് മേഖലകളിൽ യോഗ്യതയും പരിചയവുമുള്ള ഉദ്യോഗസ്ഥരുടെ സേവനം ലഭ്യമാക്കുന്നതിനായി ഓരോ വിഭാഗങ്ങളിലും വൈദഗ്ധ്യമുള്ളവരെ സുതാര്യമായ നിയമന നടപടിക്രമങ്ങൾ പാലിച്ച് കരാറടിസ്ഥാനത്തിൽ നിയമിച്ചുവഴി മാനേജ്മെന്റുതലത്തിൽ പുനഃക്രമീകരണം നടത്തുന്നതിന് കഴിഞ്ഞിട്ടുണ്ട്. മാനവവിഭവശേഷി വർദ്ധിപ്പിക്കുന്നതിന്റെയും കോർപ്പറേഷനെ കൊമേഴ്സ്യലൈസ് ചെയ്യുന്നതിന്റെ ഭാഗമായി പ്രാവീണ്യം തെളിയിക്കുന്നവരെ ഓപ്പൺ മാർക്കറ്റിൽനിന്നും HR വിഭാഗത്തിലും കൊമേഴ്സ്യൽ വിഭാഗത്തിലും കരാറടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്. പ്രൊഫ.

സുശീൽ ഖന്നയുടെ റിപ്പോർട്ടിലെ പ്രധാന നിർദ്ദേശം കോർപ്പറേഷനെ മൂന്ന് (3) സ്വയം പര്യാപ്തമായ ലാഭകേന്ദ്രങ്ങളാക്കി മാറ്റുകയെന്നതാണ്. ആയതിൻപ്രകാരം കെ.എസ്.ആർ.ടി.സി.-യെ സൗത്ത്, സെൻട്രൽ, നോർത്ത് സോണുകളായി തരംതിരിച്ചിട്ടുണ്ട്. കൂടാതെ ഭരണപരവും അക്കൗണ്ട്സ് സംബന്ധവുമായ നടപടികൾ ജില്ലാടിസ്ഥാനത്തിൽ സ്വീകരിക്കുന്നതിന് പതിനഞ്ച് (15) ജില്ലാ ഓഫീസുകൾ രൂപീകരിച്ചിട്ടുണ്ട്. വരുമാനവർദ്ധനവ് വരുത്തുകയെന്നതിനോടൊപ്പം കോർപ്പറേഷന്റെ പ്രവർത്തനങ്ങളുടെ ശാക്തീകരണമാണ് പ്രസ്തുത മേഖലകളുടെ രൂപീകരണംകൊണ്ട് ലക്ഷ്യമിട്ടിട്ടുള്ളത്. പ്രതിവാഹന ജീവനക്കാരുടെ എണ്ണം ദേശീയ ശരാശരിയിലെത്തിക്കുന്നതിന് ശ്രമങ്ങൾ നടന്നുവരുന്നു. അധികമായി നോൺപീക്ക് സമയത്ത് ഓപ്പറേറ്റ് ചെയ്തിരുന്ന ട്രിപ്പുകൾ ക്രമീകരിക്കുകയും പീക്ക് സമയത്ത് പരമവധി ട്രിപ്പുകൾ ലഭിക്കുകയും ചെയ്യുന്ന രീതിയിൽ മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് ആക്ട് 1961 പ്രകാരം ഡ്യൂട്ടികൾ ക്രമീകരിച്ചുവരുന്നു. പ്രാരംഭഘട്ടമെന്ന നിലയിൽ തിരുവനന്തപുരം ജില്ലയിലെ പാറശ്ശാല ഡിപ്പോയിൽ 2022 ഒക്ടോബർ 1 മുതൽ പൈലറ്റ് പദ്ധതി നടപ്പിലാക്കുകയും 20-10-2022 മുതൽ പൂർണ്ണതോതിൽ നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. ഇപ്രകാരം ഒക്ടോബർ 20 മുതൽ നവംബർ 19

വരെയുള്ള ഒരു മാസക്കാലം സർവ്വീസ് ക്രമീകരിച്ചതിൽ തുടർച്ചയായി ഒന്നിലധികം ഡ്യൂട്ടി ചെയ്യുന്നതിലൂടെ ജീവനക്കാർക്കുണ്ടായിരുന്ന അധിക ജോലിഭാരവും ജീവനക്കാരുടെ ശാരീരിക മാനസിക ആരോഗ്യം തകരാറിലാകുന്നതും ഒഴിവാക്കി അപകടം കുറയ്ക്കുവാനും മാനവവിഭവശേഷി വർദ്ധിപ്പിച്ച് കൂടുതൽ സർവ്വീസുകൾ ഓപ്പറേറ്റ് ചെയ്യുവാനും മുൻമാസത്തെ സമാനകാലയളവിനെ അപേക്ഷിച്ച് പ്രതിദിനം ശരാശരി 26 ശതമാനം അധിക കിലോമീറ്റർ ഓപ്പറേറ്റ് ചെയ്യുവാനും അതിലൂടെ 14 ശതമാനം അധിക വരുമാനം നേടുവാനും സാധിച്ചിട്ടുണ്ട്. കൂടാതെ പ്രതികിലോമീറ്റർ ചെലവ് 5.68 രൂപയും ജീവനക്കാർക്കുള്ള ചെലവിൽ ഒരു കിലോമീറ്ററിന് 3.44 രൂപയും കുറഞ്ഞിട്ടുണ്ട്. 2023 മാർച്ച് മാസത്തോടുകൂടി മുഴുവൻ യൂണിറ്റുകളിലും പ്രസ്തുത ഡ്യൂട്ടിപരിഷ്കരണം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ ത്വരിതഗതിയിൽ നടന്നുവരികയാണ്. ഇപ്രകാരം ജീവനക്കാരുടെയെണ്ണം ക്രമീകരിച്ച് പുതിയ റൂട്ടുകളിൽ കൂടുതൽ സർവ്വീസ് നടത്തുന്നതിലൂടെ കുറഞ്ഞത് 25 കോടി രൂപ പ്രതിമാസം അധികമായി സമാഹരിക്കുവാൻ കഴിയുമെന്ന് കണക്കാക്കുന്നു. ചെലവുകുറച്ച് കൂടുതൽ കാര്യക്ഷമമായി ഓപ്പറേറ്റ് ചെയ്തതിന്റെ ഭാഗമായി 2022 സെപ്റ്റംബർ മാസം 12-ാം തീയതി കെ.എസ്.ആർ.ടി.സി. വരുമാനത്തിൽ ചരിത്രനേട്ടം

കൈവരിച്ചു. കേവലം 3941 ബസ്സുകളുപയോഗിച്ച് 13.31 ലക്ഷം കിലോമീറ്റർ ദൂരം ഓപ്പറേറ്റ് ചെയ്തപ്പോൾ 8.41 കോടി രൂപ റെക്കോർഡ് കളക്ഷൻ നേടുവാൻ കഴിഞ്ഞു. ഇപ്രകാരം പ്രതിദിനം എട്ട് കോടി രൂപയെന്ന ലക്ഷ്യം നേടുവാൻ കൂടുതൽ ബസ്സുകളും ജീവനക്കാരേയും വിന്യസിച്ച് കെ.എസ്.ആർ.ടി.സി. സർവ്വീസ് കൂടുതൽ വ്യാപിപ്പിക്കുവാൻ നടപടികൾ നടന്നുവരികയാണ്. തിരുവനന്തപുരം നഗരത്തിലെ സമഗ്രമായ നഗരഗതാഗതത്തിന് നഗരപരിധിയിൽ വിവിധ പ്രദേശങ്ങളെയും സ്ഥാപനങ്ങളേയും ബന്ധിപ്പിച്ച് നഗരത്തിലേയ്ക്ക് വിവിധ ആവശ്യങ്ങൾക്കായി എത്തിച്ചേരുന്ന പൊതുജനങ്ങൾക്കും നഗരത്തിലെ വിവിധ ഭാഗങ്ങളിൽ സഞ്ചരിക്കേണ്ട യാത്രക്കാർക്കും പ്രയോജനകരമായ രീതിയിൽ സിറ്റി സർക്കുലർ (ഹോപ്പ് ഓൺ ഹോപ്പ് ഓഫ്) ആരംഭിച്ചു. ഇതിലൂടെ തിരുവനന്തപുരം നഗരത്തിലേയ്ക്കുള്ള സ്വകാര്യവാഹനങ്ങളുടെ തിരക്കും പാർക്കിംഗും അന്തരീക്ഷമലിനീകരണവും കുറക്കുവാൻ കഴിഞ്ഞിട്ടുണ്ട്. സമഗ്രഹമായപഠനത്തിന്റെ വെളിച്ചത്തിൽ സിറ്റി ഷട്ടിൽ സർവ്വീസുകൾ ആരംഭിച്ചു. കൂടുതൽ സ്ഥലസൗകര്യവും സൗകര്യപ്രദമായ വാതിലുകളും ഉയരം കുറഞ്ഞ പ്ലാറ്റ്ഫോമുമുള്ള ലോ ഫ്ളോർ ബസ്സുകൾ ഉപയോഗിച്ചതിനാൽ

കൂടുതൽ യാത്രക്കാർ ടി ബസുകളെ ആശ്രയിക്കുകയും മറ്റ് ബസ്സുകൾ ഒറ്റപ്പെട്ട ഗ്രാമീണ റൂട്ടുകളിലുപയോഗിക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

അനാവശ്യമായി യാത്രക്കാരില്ലാതെ റിട്ടേൺ ഡെഡ് ട്രിപ്പുകൾ കുറക്കുന്നതിനും യാത്രക്കാരുടെ സൗകര്യത്തിനുമായി സിറ്റി റേഡിയൽ സർവ്വീസാരംഭിച്ചു. സിറ്റിക്ക് വെളിയിലുള്ള രണ്ട് പ്രധാനസ്ഥലങ്ങളെ തമ്മിൽ ബന്ധിപ്പിക്കുക വഴി യാത്രക്കാർക്ക് ഇറങ്ങിക്കയറുന്നത് ഒഴിവാക്കുകയും യാത്രക്കാർ കൂടുതലായി ഇത്തരം ബസ്സുകളെ ആശ്രയിക്കുകയും ചെയ്യതിനാൽ കട്ട് ട്രിപ്പുകൾ സിറ്റിയിലേയ്ക്ക് നടത്തിയിരുന്ന ബസ്സുകളുടെയെണ്ണം കുറക്കുവാനും തദ്വാര അനാവശ്യ ഗതാഗതകുരുക്കും ചെലവും അന്തരീക്ഷ മലിനീകരണം ഒഴിവാക്കുന്നതിനും കഴിഞ്ഞു. അന്തരീക്ഷ മലിനീകരണവും പ്രവർത്തനച്ചെലവും കുറയ്ക്കുന്നതിന്റെ ഭാഗമായി 40 ഇലക്ട്രിക് ബസ്സുകൾ തിരുവനന്തപുരം നഗരത്തിൽ സിറ്റി സർക്കുലർ സർവ്വീസിനായി ഉപയോഗിച്ചുവരുന്നു. സംസ്ഥാനത്തിന്റെ ഉൾപ്രദേശങ്ങളിലേയ്ക്ക് സർവ്വീസുകൾ നടത്തുന്നതിനായി ഗ്രാമവണ്ടിയെന്ന പേരിൽ പ്രത്യേക ബസ് സർവ്വീസ് പദ്ധതി ഗതാഗത വകുപ്പിന്റെ ധനാഭ്യർത്ഥന ചർച്ചയ്ക്കുള്ള മറുപടി പ്രസംഗത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായിചേർന്ന് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നതായി പ്രഖ്യാപിച്ചത്. തദ്ദേശസ്വയംഭരണ

വകുപ്പ് കെ.എസ്.ആർ.ടി.സി.-യുടെ ഗ്രാമവണ്ടി സർവ്വീസിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നിർദ്ദേശിക്കുന്ന റൂട്ടുകളിലോടുന്ന ബസ്സുകൾക്ക് തനതുഫണ്ട്/സംഭാവന ഉപയോഗിച്ച് ഡീസലിനുള്ള പണം നൽകുന്നതിന് യഥേഷ്ടാനുമതി നൽകി 22-03-2022-ലെ സ. ഉ. (സാധാ) നം. 704/2022/LSGD പ്രകാരം ഉത്തരവായിട്ടുള്ളതാണ്. പദ്ധതിക്ക് തദ്ദേശസ്വയംഭരണ വകുപ്പ് കോർഡിനേഷൻ കമ്മിറ്റി അനുമതി നൽകിയിട്ടുണ്ട്. കൂടാതെ സ്വകാര്യവ്യക്തികൾക്കും സ്ഥാപനങ്ങൾക്കും അതത് പ്രദേശത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് സ്പോൺസർ ചെയ്യാവുന്നതുമാണ്. 29-07-2022-ൽ ഗ്രാമവണ്ടിയുടെ സംസ്ഥാനതല ഉദ്ഘാടനം തിരുവനന്തപുരം ജില്ലയിലെ പാറശ്ശാലയിലെ കൊല്ലയിൽ പഞ്ചായത്തിലും തുടർന്ന് 19-08-2022-ന് തൃശ്ശൂർ ജില്ലയിലെ എളവള്ളി പഞ്ചായത്ത്, 03-09-2022-ന് കോഴിക്കോട് ജില്ലയിലെ ചാത്തമംഗലം പഞ്ചായത്ത്, 06-10-2022-നും 25-11-2022-നും കോട്ടയം ജില്ലയിലെ കടുത്തുരുത്തി പഞ്ചായത്തിൽ രണ്ട് സർവ്വീസുകളും 21-10-2022-ന് മലപ്പുറം ജില്ലയിലെ എടവണ്ണ പഞ്ചായത്ത്, 05-11-2022-ന് ആലപ്പുഴ ജില്ലയിലെ പത്തിയൂർ പഞ്ചായത്ത്, 25-11-2022-ന് കൊല്ലം ജില്ലയിലെ കൊല്ലം കോർപ്പറേഷൻ, 01-12-2022-ന് തിരുവനന്തപുരം ജില്ലയിലെ

കുന്നത്തുകാൽ പഞ്ചായത്ത്, 03-12-2022-ന് എറണാകുളം ജില്ലയിലെ ചേന്ദമംഗലം പഞ്ചായത്ത് എന്നീ സ്ഥലങ്ങളിൽ ജില്ലാതല ഉദ്ഘാടനവും നടത്തിയിട്ടുണ്ട്. ഇത്തരത്തിൽ 10 ബസുകൾ ഇതിനായി നൽകിയിട്ടുണ്ട്. ഗ്രാമവണ്ടി പദ്ധതിയിലൂടെ ഇത്തരം ഒറ്റപ്പെട്ട ഗ്രാമീണ റൂട്ടുകളിലോടുന്ന ബസ്സുകളുടെ ഡീസൽ ചെലവിൽ ഒരു കിലോമീറ്ററിന് ശരാശരി 24 രൂപ ഇത്തരത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി ലഭിക്കുകയും തദ്വാര നഷ്ടം കുറയുകയും ചെയ്തിട്ടുണ്ട്. ടി പ്രവർത്തനങ്ങൾക്ക് കേന്ദ്ര സർക്കാരിന്റെ പുരസ്കാരങ്ങൾ ലഭിക്കുകയും ചെയ്തിട്ടുണ്ട്. സർവ്വീസുകളുടെ ക്രോണോളജി പരിശോധിച്ച് അനാവശ്യ ട്രിപ്പുകളും സർവ്വീസുകളും കുറയ്ക്കുകയും കൃത്യമായി ആവശ്യാനുസരണം സർവ്വീസുകൾ ക്രമീകരിക്കുകയും പുതിയ മലയോര തീരദേശപാതകളിലൂടെ സർവ്വീസുകൾ പുനഃക്രമീകരിക്കുകയും ചെയ്തുവരുന്നതിൽനിന്നും ക്രമാനുഗതമായി ബസ്സുകളിലെ യാത്രക്കാരുടെയെണ്ണം വർദ്ധിക്കുകയും അനാവശ്യ കിലോമീറ്റർ കുറച്ചതിലൂടെ ഡീസൽ, മെയിന്റനൻസ് ചെലവുകൾ കുറയ്ക്കുകയും ചെയ്തു. ദീർഘദൂര സർവ്വീസുകളിലും അന്തർസംസ്ഥാന സർവ്വീസുകളിലും കൂടുതൽ പഠനം നടത്തി കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ് മുഖാന്തരം പുതിയ ബസ്സുകൾ ലീസ് വ്യവസ്ഥയിൽ ലഭ്യമാക്കി ക്രൂ ചെയ്ഞ്ച് ഡ്രൈവർ-കം-കണ്ടക്ടർ സംവിധാനം

ഏർപ്പെടുത്തുന്നതുൾപ്പെടെ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ഇതിലൂടെ മെച്ചപ്പെട്ട വരുമാനം നേടുവാനും ജീവനക്കാരുടെ ചെലവ് കുറയ്ക്കുവാനും കഴിയുന്നുണ്ട്. കെ.എസ്.ആർ.ടി.സി.-യിൽ നിലവിലുള്ള ഫ്ലീറ്റുകളുടെ ഉപയോഗം 75 ശതമാനത്തിൽനിന്നും 95 ശതമാനത്തിലേയ്ക്ക് ഉയർത്തുന്നതിലേയ്ക്ക് നടപടികൾ സ്വീകരിച്ചുവരുന്നു. യാത്രക്കാരുടെ ഡിമാന്റ് പരിശോധിച്ച് " ഒറിജിൻ-ഡെസ്റ്റിനേഷൻ" പൈലറ്റ് സ്റ്റഡി നടത്തി ഡിമാന്റനുസരിച്ച് പരീക്ഷണാർത്ഥം നെയ്യാറ്റിൻകര-തിരുവനന്തപുരം റൂട്ടിലും എറണാകുളം-തിരുവനന്തപുരം റൂട്ടിലും നോൺ സ്റ്റോപ്പ്, ലിമിറ്റഡ് സ്റ്റോപ്പ് സർവ്വീസുകൾ ആരംഭിച്ചതിൽ ചെലവ് ചുരുക്കി വരുമാനം വർദ്ധിപ്പിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. നൂതന സാങ്കേതികവിദ്യയുടെ സഹായത്തോടെ ട്രാവൽ ഡിമാന്റ് ലൊക്കേഷൻ ട്രാക്കിംഗ് എന്നിവ കണ്ടെത്തുന്നതിന് ആധുനിക ഇ.റ്റി.എം, വി.എൽ.റ്റി.ഡി. എന്നിവ ലഭ്യമാക്കുക വഴി റൂട്ട് റാഷണലൈസേഷൻ കൂടുതൽ മെച്ചപ്പെടുകയും ഡേറ്റ അനാലിസിസ് നടത്തുന്നതിന് സഹായകരമാവുകയും ചെയ്യും. ഇതിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും സഹായം ലഭ്യമാക്കുന്നതിനും DIMTS എന്ന സ്ഥാപനത്തെ പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടന്റായി നിയോഗിക്കുകയും പ്രവർത്തനങ്ങൾ നടന്നുവരികയുമാണ്.

ഇത്തരത്തിൽ ഡാറ്റാ പ്രോസസിംഗ് പൂർത്തിയാകുന്നതോടെ വിവരസാങ്കേതികവിദ്യയുടെ സഹായത്തോടെ റൂട്ടുകൾ പുനഃക്രമീകരിക്കുകയും ട്രിപ്പുകൾ കാര്യക്ഷമമാക്കുകയും നോൺ സ്റ്റോപ്പ് ലിമിറ്റഡ് സ്റ്റോപ്പ് ബസ്സുകൾ കൂടുതലാരംഭിച്ച് ജനോപകാരപ്രദമായും ജനാഭിലാഷമനുസരിച്ചും ചെലവുകുറച്ച് കാര്യക്ഷമമായി ഓപ്പറേഷൻ കൂടുതൽ സാദ്ധ്യമാക്കും. ഇതിനുള്ള പദ്ധതികൾ നടന്നുവരികയാണ്. യൂണിറ്റുകളിലെ നിലവിലെ സർവ്വീസുകളുടേയും ഭാവി സാദ്ധ്യതകൾ പരിഗണിച്ച് ദൈനംദിന വരുമാന ലക്ഷ്യം നിശ്ചയിച്ച് നൽകിയിട്ടുണ്ട്. മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് ആക്ട് പ്രകാരം ഷെഡ്യൂൾ ഒപ്റ്റിമൈസേഷനിലൂടെ കൂടുതൽ ബസ്സുകൾ യൂണിറ്റുകൾക്ക് നൽകി ഓപ്പറേറ്റ് ചെയ്തും കെ-സ്വിഫ്റ്റ് വഴി ലഭിക്കുന്ന ആധുനിക ബസ്സുകളും ജീവനക്കാരുമുപയോഗിച്ച് സർവ്വീസ് നടത്തുമ്പോൾ ലഭിക്കുന്ന അധികവരുമാനവും കൂടാതെ കെ-സ്വിഫ്റ്റ് ക്രൂ ലഭ്യമാകുന്നതിലൂടെ ചെലവ് കുറയ്ക്കുകയും കെ.എസ്.ആർ.ടി.സി.-ക്ക് ഒഴിവാകുന്ന ജീവനക്കാരെ ഉപയോഗിച്ച് പുതിയ അധിക സർവ്വീസ് നടത്തിയും ആദ്യഘട്ടത്തിൽ പ്രതിമാസ വരുമാനം എട്ട് കോടി രൂപയിലെത്തിക്കുകയും ക്രമാനുഗതമായി പ്രതിദിന വരുമാനം പത്ത് കോടി രൂപയിലെത്തിക്കുന്നതിനുമാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ഇതിനാവശ്യമായ സാങ്കേതികസഹായവും

നടപടികളും ദ്രുതഗതിയിൽ നടന്നുവരുന്നു. കെ.എസ്.ആർ.ടി.സി.-യുടെ വരുമാനത്തിന്റെ ഏറിയപങ്കും സർവ്വീസ് ഓപ്പറേഷനിലൂടെയാണ് ലഭിക്കുന്നത്. കൂടാതെ കെ.എസ്.ആർ.ടി.സി.-യുടെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളിലും ഷോപ്പിംഗ് കോംപ്ലക്സുകളിലും കച്ചവടസ്ഥാപനങ്ങൾ ലൈസൻസ് ഫീ അടിസ്ഥാനത്തിൽ പ്രവർത്തിപ്പിക്കുന്നതിലൂടെ ടിക്കറ്റിതര വരുമാനം ലഭിച്ചുവരുന്നു. കെ.എസ്.ആർ.ടി.സി.-യുടെ സർവ്വീസ് ഓപ്പറേഷന് ഉപയോഗയോഗ്യമല്ലാത്ത ബസ്സുകളെ സ്റ്റാളുകളാക്കി (Shop on wheels) മാറ്റി വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പദ്ധതി രൂപീകരിക്കുകയും ആയതിന് പ്രാവർത്തികമാക്കിയതിലൂടെ വരുമാനം ലഭിച്ചുവരുകയും ചെയ്യുന്നു. കെ.എസ്.ആർ.ടി.സി.-യുടെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളുപയോഗപ്പെടുത്തി നിർമ്മിച്ചിട്ടുള്ള വാണിജ്യസമുച്ചയങ്ങൾ ദീർഘകാലാടിസ്ഥാനത്തിൽ പാട്ടക്കരാർ വ്യവസ്ഥയിൽ അനുവദിച്ച് നൽകുന്നതിലൂടെയും പ്രതിമാസ ലൈസൻസ് ഫീ അടിസ്ഥാനത്തിൽ നൽകുന്നതിലൂടേയും ടിക്കറ്റിതരവരുമാനത്തിൽ വർദ്ധനവ് വരുത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. നിലവിൽ പണി പൂർത്തീകരിച്ച വാണിജ്യ സമുച്ചയങ്ങളിൽ, സർക്കാർ, അർദ്ധസർക്കാർ സ്ഥാപനങ്ങൾക്ക് വാടകയ്ക്ക് നൽകാമെന്ന തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഹരിപ്പാട് ബസ്സ്റ്റേഷൻ

വാണിജ്യസമുച്ചയത്തിൽ കാനറാ ബാങ്ക്, കെ.എസ്.എഫ്.ഇ. മുതലായ സ്ഥാപനങ്ങൾക്ക് സ്ഥലം അനുവദിച്ചുനൽകുകയും ആയതിൽനിന്നും പ്രതിമാസം ലൈസൻസ് ഫീ ലഭിച്ചുവരുന്നു. കെ.എസ്.ആർ.ടി.സി. ബസ്സ്റ്റേഷനുകളിൽ പാസഞ്ചർ ഇൻഫർമേഷൻ സിസ്റ്റം, എല്ലാം ബസ്സ്റ്റേഷനുകളിലും ഹോർഡിംഗ്സ് സ്ഥാപിച്ച് പരസ്യം നൽകിയ ഇനത്തിലും ടിക്കറ്റിതരവരുമാനം വർദ്ധിപ്പിക്കുവാൻ സാധിച്ചിട്ടുണ്ട്. കൂടാതെ പാലാ ബസ്സ്റ്റേഷനിലെ വാണിജ്യസമുച്ചയം, നിലമ്പൂർ യൂണിറ്റ് വാണിജ്യസമുച്ചയം എന്നിവ ഒറ്റയൂണിറ്റായി പരിഗണിച്ച് ടെണ്ടർ നടത്തി നിയമാനുസരണം ലൈസൻസികളെ കണ്ടെത്തിയിട്ടുണ്ട്. കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ കൊറിയർ പാഴ്സൽ സർവ്വീസ് നടത്തുന്നതിനും യൂണിറ്റുകളിൽ എ.ടി.എം. കൗണ്ടറുകൾ സ്ഥാപിച്ച് പ്രവർത്തിപ്പിക്കുന്നതിന്റെയും ടെണ്ടർ നടപടികൾ അവസാനഘട്ടത്തിലാണ്. ഷോപ്പിംഗ് കോംപ്ലക്സിന്റെ വികസന പദ്ധതികൾ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു. കെ.എസ്.ആർ.ടി.സി.-യുടെ അധീനതയിൽ വരുന്നതും National Highway യോടുചേർന്നുള്ളതും കൂടാതെ വളരെ ജനതിരക്കേറിയ പട്ടണങ്ങളിൽ സ്ഥിതിചെയ്യുന്നതുമായ യൂണിറ്റുകളിലെ ഒഴിഞ്ഞുകിടക്കുന്ന സ്ഥലങ്ങളിൽ വാണിജ്യസമുച്ചയങ്ങൾ നിർമ്മിക്കുകയും അവ

ആവശ്യക്കാർക്ക് വിവിധ കച്ചവട ആവശ്യങ്ങൾക്ക് അനുവദിച്ച് നൽകാവുന്നതുമാണ്. ഇങ്ങനെ അനുവദിച്ചുനൽകുന്ന വാണിജ്യ സമുച്ചയങ്ങളിൽ സൂപ്പർമാർക്കറ്റ് ആധുനിക സൗകര്യത്തോടുകൂടിയ റസ്റ്റോറന്റുകൾ, സിനിമാശാലകൾ, ജിംനേഷ്യം, മറ്റവശ്യസാധനങ്ങൾ വിൽക്കുന്ന കച്ചവടസ്ഥാപനങ്ങൾ കൂടാതെ പൊതുജനങ്ങൾ നിത്യേന നിരവധി ആവശ്യങ്ങൾക്കായി ആശ്രയിക്കുന്ന സർക്കാർസ്ഥാപനങ്ങൾ എന്നിവ പ്രസ്തുത കോംപ്ലക്സുകളിൽ സജ്ജീകരിച്ചാൽ ധാരാളം ആൾക്കാർ കെ.എസ്.ആർ.ടി.സി. ബസ്സ്റ്റേഷനുകളിൽ എത്തിച്ചേരുകയും അതുവഴി യാത്രാക്കൂലിയിനത്തിലും ടിക്കറ്റിതരവരുമാനമായും കോർപ്പറേഷന് നല്ല വരുമാനം ലഭിക്കുന്നതാണ്. കെ.എസ്.ആർ.ടി.സി.-യെ പ്രവർത്തന ലാഭാത്തിലെത്തിക്കുന്നതിനുവേണ്ടി ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിലേയ്ക്കായി കൊമേഴ്സ്യൽ വിഭാഗം രൂപീകരിക്കുകയും ടി വിഭാഗത്തിലൂടെ ബസ്സുകളിൽ പരസ്യം പതിപ്പിക്കൽ, ബസ്സുകൾ വാടകയ്ക്ക് നൽകൽ, യൂണിറ്റികളിലെ സ്ഥലങ്ങളും കടമുറികളും കച്ചവട സംബന്ധമായ ആവശ്യങ്ങൾക്ക് വാടകയ്ക്കനുവദിക്കൽ, യൂണിറ്റുകളിൽ ജനശ്രദ്ധയാകർഷിക്കുന്ന സ്ഥലങ്ങൾ ഹോർഡിംഗ്സ്, കോഫി വെൻഡിംഗ് (LR Stall) സ്ഥാപിക്കുന്നതിലേയ്ക്കായി സ്ഥലം വാടകയ്ക്കനുവദിക്കൽ തുടങ്ങിയ

പ്രവർത്തനങ്ങൾ ചെയ്തുവരുന്നു. നിലവിൽ സിറ്റി സർവ്വീസിനുപയോഗിക്കുന്ന ഇന്ധനച്ചെലവ് കൂടിയ ഡീസൽ ബസ്സുകൾക്കുപകരം പ്രവർത്തനച്ചെലവ് കുറവുള്ള ഇലക്ട്രിക് ബസ്സുകളുപയോഗിച്ച് മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആയതിന്റെ ആദ്യപടിയായി 50 ഇലക്ട്രിക് ബസ്സുകൾ M/s. PMI Electro Mobility Solutions Pvt. Ltd. എന്ന സ്ഥാപനത്തിൽനിന്നും കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റിന് വാങ്ങുന്നതിനായി വിതരണ ഉത്തരവ് നൽകുകയും ടി സ്ഥാപനം 40 ബസ്സുകൾ ഇതുവരെ വിതരണം നടത്തിയിട്ടുമുണ്ട്. ടി ബസ് സിറ്റിയിലെ ഗതാഗതക്ലേശം കുറയ്ക്കുന്ന രീതിയിൽ സർവ്വീസ് നടത്തുന്നുണ്ട്. കൂടാതെ തിരുവനന്തപുരം സിറ്റി കോർപ്പറേഷന്റെ സ്മാർട്ട് സിറ്റി പദ്ധതിയിൽനിന്നും അനുവദിക്കുന്ന ഫണ്ടുപയോഗിച്ച് 125 ഇലക്ട്രിക് ബസ്സുകൾ വാങ്ങുന്നതിനുള്ള ദർഘാസ് ക്ഷണിച്ചിട്ടുണ്ട്. കമ്പ്യൂട്ടറൈസ്ഡ് വെഹിക്കിൾ ട്രാക്കിംഗ് ആൻഡ് മോണിറ്ററിംഗ് സിസ്റ്റം പൊതുജനങ്ങൾക്കും യാത്രക്കാർക്കും ഉപയോഗപ്രദമാകുന്ന രീതിയിൽ വിവരസാങ്കേതികവിദ്യ ഉപയോഗിച്ച് ഷെഡ്യൂളുകളുടേയും സർവ്വീസുകളുടേയും യഥാർത്ഥ സമയക്രമം നൽകുന്നതിനായി പാസഞ്ചർ ഇൻഫർമേഷൻ സിസ്റ്റം (PIS), വെഹിക്കിൾ ട്രാക്കിംഗ് സിസ്റ്റം (VLTS) എന്നിവ നടപ്പിലാക്കുന്നതിനായി ഒരു പദ്ധതി DIMTS (Delhi Integrated Multi-

model Transit System)-നെ ഏൽപിച്ച് നടപടികൾ പുരോഗമിച്ചുവരുന്നു. ടി പദ്ധതിയിൽ വരുന്ന പ്രധാന ഘടകങ്ങൾ പാസഞ്ചർ ഇൻഫർമേഷൻ സിസ്റ്റം (PIS), വെഹിക്കിൾ ലൊക്കേഷൻ ട്രാക്കിംഗ് സിസ്റ്റം (VLTS), Decision Support System, Control room monitoring system എന്നിവയാണ്. ടി പദ്ധതി പൂർണ്ണമായി നടപ്പിലാക്കി കഴിയുന്നതിലൂടെ താഴെപ്പറയുന്ന പ്രയോജനങ്ങൾ ലഭ്യമാകുന്നതാണ്. പൊതുജനങ്ങൾക്കും യാത്രക്കാർക്കും മൊബൈൽ ആപ്ലിക്കേഷനുപയോഗിച്ച് ഷെഡ്യൂളുകളുടേയും സർവ്വീസുകളുടേയും യഥാർത്ഥ സമയക്രമം ഓൺലൈനായി ലഭ്യമാകും. വെഹിക്കിൾ ട്രാക്കിംഗ് സിസ്റ്റത്തിലൂടെ യാത്രക്കാർക്ക് ബസ്സുകളുടെ ലൊക്കേഷൻ ലൈവായിത്തന്നെ ലഭ്യമാകും. ബസ് Utilization, Mileage, Service സംബന്ധിച്ച വിവരങ്ങൾ എന്നിവ വിശകലനം ചെയ്യുവാൻ സാധിക്കും. ഇതിന്റെ ഭാഗമായി വെഹിക്കിൾ ലൊക്കേഷൻ ട്രാക്കിംഗ് ഡിവൈസുകൾ വാങ്ങാനുള്ള പർച്ചേസ് ഓർഡർ നൽകുകയും അതിൻപ്രകാരം ബസ്സുകളിൽ ടി ഡിവൈസുകൾ ഘടിപ്പിക്കുന്ന നടപടികൾ പുരോഗമിച്ചുവരികയുമായാണ്.

GPRS, Bluetooth, RFID സംവിധാനമുള്ള ETM മെഷീനുകൾ Closed Loop Smart Card സംവിധാനം ഉപയോഗിക്കത്തക്കവിധത്തിൽ

GPRS Bluetooth, RFID സംവിധാനമുള്ള ETM മെഷീനുകൾ വാങ്ങുന്നതിനുള്ള പർച്ചേഴ്സ് ഓർഡർ നൽകുകയും വിവിധ ഡിപ്പോകളിലേയ്ക്കും ടി മെഷീനുകളുടെ വിതരണം പുരോഗമിച്ചുവരുകയുമാണ്. ഇത് നടപ്പിലാക്കി കഴിയുമ്പോൾ തത്സമയം ഓരോ ട്രിപ്പിലുമുള്ള യാത്രക്കാരുടെ എണ്ണം ഓൺലൈനായി അറിയുവാൻ സാധിക്കും. മാത്രമല്ല പ്രീ-പെയ്ഡ് കാർഡ് ഉപയോഗിച്ച് യാത്ര ചെയ്യുന്നതിനുള്ള സൗകര്യവുമുണ്ടായിരിക്കുന്നതാണ്. കൂടാതെ ഓരോ ട്രിപ്പുകളുടേയും കളക്ഷൻ വിവരങ്ങളും ഓരോ ബസിന്റെയും വരുമാനം സംബന്ധിച്ച വിവരങ്ങളും ലഭ്യമാക്കുവാൻ സാധിക്കും. ആയത് വഴി ടി ട്രിപ്പ് ലാഭകരമാണോയെന്ന് വിശകലനം ചെയ്യുവാനും സാധിക്കും. വിവിധതരം പാസ്സുകളെ സ്മാർട്ട് കാർഡ് സംവിധാനത്തിലേയ്ക്ക് മാറ്റുവാനും കഴിയുന്നതാണ്.

ഓൺലൈൻ റിസർവ്വേഷൻ സംവിധാനം

കെ.എസ്.ആർ.ടി.സി.-യിലേയ്ക്ക് യാത്രക്കാരെ ആകർഷിക്കുന്നതിനും ടിക്കറ്റുകൾ മുൻകൂർ ബുക്ക് ചെയ്യുന്നതിനും പരിഷ്കരിച്ചതും കൂടുതൽ സൗകര്യങ്ങളോടുകൂടിയതുമായ ഓൺലൈൻ റിസർവ്വേഷൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഇതിലൂടെ യാത്രക്കാർക്ക് 30 ദിവസം മുൻകൂറായി ടിക്കറ്റുകൾ ബുക്ക് ചെയ്യാവുന്നതാണ്. മുൻകൂർ ടിക്കറ്റ് ബുക്കിംഗിനായി

“ എന്റെ കെ.എസ്.ആർ.ടി.സി” എന്ന മൊബൈൽ ആപ്ലിക്കേഷൻ ആരംഭിച്ചിട്ടുണ്ട്. ടി ആപ്പ് ഉപയോഗിച്ചും യാത്രക്കാർക്ക് കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ ടിക്കറ്റ് ബുക്ക് ചെയ്യാൻ സാധിക്കുന്നതാണ്. ഒരു സ്ഥലത്തുനിന്നും മറ്റൊരു സ്ഥലത്തേയ്ക്ക് നേരിട്ട് ബസ് ലഭ്യമല്ലെങ്കിൽ, ‘ Link Ticket’ എന്ന സംവിധാനത്തിലൂടെ യാത്രക്കാർക്ക് രണ്ട് ബസ്സുകളിലെയും ടിക്കറ്റ് ടി ആപ്പ് മുഖേന ബുക്ക് ചെയ്യാൻ സാധിക്കും. കൂടുതൽ യാത്രക്കാരെ ആകർഷിക്കുന്നതിനായി ഓൺലൈൻ റിസർവേഷൻ ബുക്കിംഗ്ചാർജ് 30 രൂപയിൽനിന്നും 10 രൂപയായി കുറച്ചിട്ടുണ്ട്. കൂടാതെ ‘ Group Ticket’ Option മുഖേന നാലോ അതിലധികമോ യാത്രക്കാർ ഒരുമിച്ച് ബുക്ക് ചെയ്യുമ്പോൾ ഒരു ടിക്കറ്റിന്റെ ബുക്കിംഗ് ചാർജ്ജായ പത്ത് രൂപ മാത്രം നൽകിയാൽ മതിയാകും. Round Ticket ബുക്ക് ചെയ്യുമ്പോൾ റിട്ടേൺ ടിക്കറ്റ് തുകയുടെ പത്ത് ശതമാനം ഇളവ് ലഭിക്കുന്നതാണ്. പുതുക്കിയ Cancellation Policy പ്രകാരം 72 മണിക്കൂറിന് മുമ്പ് ടിക്കറ്റ് ക്യാൻസൽ ചെയ്യുമ്പോൾ മുഴുവൻ തുകയും യാത്രകാർക്ക് തിരികെ നൽകുന്നതാണ്. ടി ആപ്പിൽ കൂടുതൽ Payment Option-കൾ (UPI, Credit / Debit card, Net banking) ഏർപ്പെടുത്തിയിട്ടുണ്ട്.

<u>ഇ-ഓഫീസ്</u>

ഓഫീസ് പ്രവർത്തനങ്ങൾ സുഗമവും വേഗതയേറിയതും കാര്യക്ഷമവുമാക്കുന്നതിനായി ഇ-ഓഫീസ് സംവിധാനം കേരള സ്റ്റേറ്റ് ഐ.ടി. മിഷൻ/NIC എന്നിവയുമായി ചേർന്ന് നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. ആദ്യഘട്ടമെന്ന നിലയിൽ കെ.എസ്.ആർ.ടി.സി.-യുടെ ചീഫ് ഓഫീസിൽ ടി സംവിധാനം നടപ്പിലാക്കുന്നതാണ്. ഇതിനാവശ്യമായ കമ്പ്യൂട്ടറും മറ്റനുബന്ധ ഉപകരണങ്ങളും ടെണ്ടർ നടപടികളിലൂടെ വാങ്ങിയിട്ടുണ്ട്. ഇ-ഓഫീസ് നടപ്പിലാക്കുമ്പോൾ കടലാസുപയോഗത്തിൽ ഗണ്യമായ കുറവുവരുന്നതാണ്.

ത്രീടയർ മെയിന്റനൻസ് സംവിധാനം നടപ്പിൽവരുത്തി ബസ്സുകളുടെ മെയിന്റനൻസ് സമയബന്ധിതമായി പൂർത്തീകരിച്ച് നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ആയതിന് വർക്ക്ഷോപ്പുകളുടെ നവീകരണം, purchase of Tools and equipments എന്നിവ പ്ലാൻ ഫണ്ടുപയോഗിച്ച് നടത്തിവരുന്നു. മെയിന്റനൻസ് അഞ്ച് പ്രൊഡക്ഷൻ സെന്ററുകളും 22 ജില്ലാ/ സബ് ജില്ലാ വർക്ക്ഷോപ്പുകളിലും കേന്ദ്രീകരിക്കുന്നതിനും ഡിപ്പോ ഗ്യാരേജുകളിൽ പ്രതിദിന, പ്രതിവാര മെയിന്റനൻസുകൾ മാത്രം നിർവ്വഹിക്കുന്നതിനുള്ള ക്രമീകരണം ഏർപ്പെടുത്തിട്ടുണ്ട്. റിപ്പയർ ഷെഡ്യൂളിന്റെ അടിസ്ഥാനത്തിൽ ഫ്ലോട്ട് യൂണിറ്റുകൾ ലഭ്യമാക്കി മാറ്റുന്നതിന്

നടപടി സ്വീകരിച്ചുവരുന്നു. മെക്കാനിക്കൽ വിഭാഗം ജീവനക്കാരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് വാഹന നിർമ്മാതാക്കൾ മുഖാന്തരം ട്രെയിനിംഗ് നൽകിവരുന്നു. മെക്കാനിക്കൽ വിഭാഗം ജീവനക്കാരുടെ അധ്വാനഭാരം കുറച്ച് തദ്വാര ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിന് ആധുനിക ഉപകരണങ്ങൾ വാങ്ങിനൽകുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. കെ.എസ്.ആർ.ടി.സി. നേരിടുന്ന കടുത്ത സാമ്പത്തികപ്രതിസന്ധി നിമിത്തം വരവും ചെലവും തമ്മിലുള്ള അന്തരം കുറച്ച് സ്ഥാപനത്തിന്റെ പ്രവർത്തനകാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി 2021-22 സാമ്പത്തികവർഷത്തിൽ 2,037.51 കോടി രൂപയും 2022-23 സാമ്പത്തികവർഷത്തിൽ നാളിതുവരെ 1,069.22 കോടി രൂപയും വായ്പ ധനസഹായമായി സർക്കാർ അനുവദിച്ചിട്ടുണ്ട്. മാത്രമല്ല വിവിധ പദ്ധതികളുടെ നടത്തിപ്പിനായി പദ്ധതി വിഹിതമായി 2021-22 സാമ്പത്തികവർഷത്തിൽ 87.21 കോടി രൂപയും 2022-23 സാമ്പത്തികവർഷത്തിൽ നാളിതുവരെ 5.69 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. 2021-22 സാമ്പത്തികവർഷത്തിൽ പദ്ധതി വിഹിതമായി അനുവദിച്ച 50 കോടി രൂപ വിനിയോഗിച്ച് മൾട്ടി ആക്സിലുൾപ്പെടെ 116 സൂപ്പർ ക്ലാസ് ബസ്സുകൾ വാങ്ങി കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ് മുഖാന്തരം

ദീർഘദൂരസർവ്വീസുകൾ നടത്തിവരുന്നുണ്ട്. ഇതിനുപുറമെ കിഫ്ബി ധനസഹായത്തോടെ 50 ഇലക്ട്രിക് ബസുകൾ വാങ്ങുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തീകരിക്കുകയും ലഭ്യമായ 40 ബസ്സുകളുപയോഗിച്ച് സിറ്റി സർക്കുലർ സർവ്വീസും നടത്തുന്നുണ്ട്. ഇപ്രകാരം പുതിയ ബസ്സുകൾ നിരത്തിലിറക്കിയതുവഴി യാത്രക്കാർക്ക് മെച്ചപ്പെട്ട യാത്രാസൗകര്യങ്ങൾ പ്രദാനം ചെയ്യുന്നതോടൊപ്പം വരുമാനവർദ്ധനവും സാദ്ധ്യമായിട്ടുണ്ട്. 2022-23 കാലയളവിൽ പദ്ധതി വിഹിതമായി അനുവദിച്ച തുക പ്രധാനമായും ജീവനക്കാരുടെ പരിശീലനത്തിനും അടിസ്ഥാനസൗകര്യ വികസനം, വർക്ക്ഷോപ്പുകളുടെയും ഡിപ്പോകളുടെയും നവീകരണം, കമ്പ്യൂട്ടർവൽക്കരണം എന്നീ ആവശ്യങ്ങൾക്കായാണ് വിനിയോഗിച്ചത്. ഇതോടൊപ്പം സ്ഥാപനത്തെ പ്രവർത്തന ലാഭത്തിലെത്തിക്കുന്നതിനായി ഘട്ടംഘട്ടമായി കൂടുതൽ ബസ്സുകൾ നിരത്തിലിറക്കി സർവ്വീസ് നടത്തുന്നതോടൊപ്പം ടിക്കറ്റിതരവരുമാനം വർദ്ധിപ്പിക്കുന്നതിനായി നിരവധി നൂതന പദ്ധതികളും ആസൂത്രണം ചെയ്തു നടപ്പിലാക്കിവരുന്നു. ടിക്കറ്റിതരവരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ഉപയോഗയോഗ്യമല്ലാത്ത ബസ്സുകൾ സ്റ്റാളുകളാക്കി മാറ്റി വിവിധ ഏജൻസികൾക്ക് വാടകയ്ക്ക് നൽകുന്ന ഷോപ്പ് ഓൺ വീൽസ്,

പൊതുജനങ്ങൾക്കുകൂടി കെ.എസ്.ആർ.ടി.സി. പമ്പുകളിൽനിന്നും ഇന്ധനം ലഭ്യമാക്കുന്നതിനായി യാത്രാ ഫ്യൂവൽസ്, മൂന്നാറിലെത്തുന്ന വിനോദസഞ്ചാരികൾക്ക് കുറഞ്ഞ ചെലവിൽ താമസസൗകര്യം ലഭ്യമാക്കുന്ന സ്ലീപ്പർ ഇൻ ബസ്സ്, വിവിധ വിനോദസഞ്ചാര കേന്ദ്രങ്ങൾ ബന്ധപ്പെടുത്തിയുള്ള ടൂർപാക്കേജുകൾ, ല്യൂബ്രിക്കേറ്റിംഗ് ഓയിലുകൾ മിതമായ നിരക്കിൽ ലഭ്യമാക്കുന്ന ല്യൂബ് ഷോപ്പുകൾ, മത്സ്യവിപണനരംഗത്തെ തൊഴിലാളി സ്ത്രീകൾക്ക് പ്രയോജനപ്രദമായ സമുദ്ര, കെ.എസ്.ആർ.ടി.സി.-യുടെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളിൽ നിർമ്മിച്ച വാണിജ്യസമുച്ചയങ്ങൾ ദീർഘകാലാടിസ്ഥാനത്തിൽ വിവിധ സർക്കാർ, അർദ്ധസർക്കാർ സ്ഥാപനങ്ങൾക്ക് വാടകയ്ക്ക് നൽകുന്ന പദ്ധതിയും കെ.എസ്.ആർ.ടി.സി. ഡിപ്പോകളിൽ പാസഞ്ചർ ഇൻഫർമേഷൻ സിസ്റ്റം, ഹോർഡിംഗ്സ് എന്നിവ സ്ഥാപിച്ച് പരസ്യം നൽകുന്നതിലൂടെ അധികവരുമാനം ലഭ്യമാകുന്ന പദ്ധതി എന്നിവയുൾപ്പെടെ നിരവധി നൂതന പദ്ധതികളും സ്ഥാപനത്തിന്റെ പ്രവർത്തനകാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുവേണ്ടി ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നുണ്ട്.

(ബി) മാനേജ്മെന്റ് സംവിധാനം പുനഃക്രമീകരിക്കുന്നതോടൊപ്പം യാത്രക്കാരുടെ ആവശ്യകത മനസ്സിലാക്കി കെ.എസ്.ആർ.ടി.സി.-യെ

ശാക്തീകരിക്കുന്നതിനും ഉപദേശക ബോർഡ് രൂപീകരിക്കുന്നതിനുമുദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

ഉണ്ട്. മാനേജ്മെന്റ് സംവിധാനം പുനഃക്രമീകരിക്കുന്നതോടൊപ്പം യാത്രക്കാരുടെ ആവശ്യകത മനസ്സിലാക്കി കെ.എസ്.ആർ.ടി.സി.-യെ ശാക്തീകരിക്കുന്നതിനും ഉപദേശക ബോർഡ് രൂപീകരിക്കുന്നതിനുമുള്ള പ്രാരംഭനടപടികളാരംഭിച്ചുണ്ട്. കെ.എസ്.ആർ.ടി.സി. മേഖലാ ഓഫീസുകൾ ശക്തിപ്പെടുത്തുകയും ജില്ലാതലത്തിൽ സർവ്വീസ് ഓപ്പറേഷൻ കാര്യക്ഷമമാക്കുന്നതിനായി യൂണിറ്റുകളെ ക്ലസ്റ്ററുകളായി തിരിച്ച് ക്ലസ്റ്റർ ഓഫീസർമാരേയും അസിസ്റ്റന്റ് ക്ലസ്റ്റർ ഓഫീസർമാരേയും സർവ്വീസ് ഓപ്പറേഷനിൽ കൂടുതൽ ശ്രദ്ധകേന്ദ്രീകരിക്കുന്നതിനായി നിയോഗിച്ചിട്ടുണ്ട്. ഓരോ ജില്ലയിലും സർവ്വീസ് ഓപ്പറേഷനാവശ്യമായ ജീവനക്കാരെ ലഭ്യമാക്കുന്നതിനും ക്രമീകരിക്കുന്നതിനുമായി ജില്ലാതല അഡ്മിനിസ്ട്രേറ്റീവ് ഓഫീസുകളും പ്രത്യേകമായി ക്രമീകരിച്ചിട്ടുണ്ട്.

(സി) അധികാര വികേന്ദ്രീകരണത്തിന്റെ അഭാവം കാരണം മൂന്ന് ലാഭകേന്ദ്രങ്ങൾ രൂപീകരിച്ച നടപടി ഫലപ്രദമായിട്ടില്ലെന്നത് വസ്തുതയാണോ; എങ്കിൽ ഇത് പരിഹരിക്കാൻ നടപടിയുണ്ടാകുമോ?

കെ.എസ്.ആർ.ടി.സി. പുനരുദ്ധാരണത്തിന്റെ ഭാഗമായി പഠനം നടത്തിയ പ്രൊഫ. സുശീൽ ഖന്നയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കെ.എസ്.ആർ.ടി.സി.-യെ മൂന്ന് (സൗത്ത്, സെൻട്രൽ, നോർത്ത്) സോണുകളായി തരംതിരിച്ചിരുന്നു. ഇതിനുതുടർച്ചയായി കെ.എസ്.ആർ.ടി.സി.-യുടെ ഭരണപരവും അക്കൗണ്ട്സ് സംബന്ധവുമായ നടപടികൾ ജില്ലാടിസ്ഥാനത്തിൽ സ്വീകരിക്കുന്നതിനും 15 ജില്ലാ ഓഫീസുകൾ രൂപീകരിച്ചിട്ടുണ്ട്. ഭരണപരവും അക്കൗണ്ട്സ് സംബന്ധവുമായ നടപടികൾ യൂണിറ്റ്, ജില്ല ഓഫീസ്, ചീഫ് ഓഫീസ് എന്നക്രമത്തിൽ കേന്ദ്രീകരിക്കുന്നതിനാൽ ടി സാഹചര്യത്തിൽ മേഖലാ ഓഫീസുകൾ സർവ്വീസ് ഓപ്പറേഷൻ സംബന്ധിച്ച നടപടികൾ സ്വീകരിക്കുന്ന കേന്ദ്രങ്ങളായി പ്രവർത്തിച്ചുവരുന്നു.

(ഡി) യുക്തിഭദ്രമായ നടപടികളിലൂടെ സർവ്വീസ് ഓപ്പറേഷൻ മെച്ചപ്പെടുത്തുന്നതിന് ഇടപെടലുകൾ നടത്തുമോയെന്ന് വ്യക്തമാക്കാമോ?

കെ.എസ്.ആർ.ടി.സി.-യെ പ്രവർത്തന ലാഭത്തിൽ എത്തിക്കുന്നതിനായി നിരവധി പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കിയിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സമഗ്ര പുനരുദ്ധാരണത്തിന്റെ ഭാഗമായി പ്രൊഫ. സുശീൽ ഖന്ന റിപ്പോർട്ടിലെ

ശിപാർശകളുടെയടിസ്ഥാനത്തിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പ്രതിവാഹന ജീവനക്കാരുടെയെണ്ണം ദേശീയ ശരാശരിയിലെത്തിക്കുന്നതിന് ശ്രമങ്ങൾ നടന്നുവരുന്നു. അധികമായി നോൺപീക്ക് സമയത്ത് ഓപ്പറേറ്റ് ചെയ്തിരുന്ന ട്രിപ്പുകൾ ക്രമീകരിക്കുകയും പീക്ക് സമയത്ത് പരമവധി ട്രിപ്പുകൾ ലഭിക്കുകയും ചെയ്യുന്ന രീതിയിൽ മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് ആക്ട് 1961 പ്രകാരം ഡ്യൂട്ടികൾ ക്രമീകരിച്ചുവരുന്നു. പ്രാരംഭഘട്ടമെന്ന നിലയിൽ തിരുവനന്തപുരം ജില്ലയിലെ പാറശ്ശാല ഡിപ്പോയിൽ 2022 ഒക്ടോബർ 1 മുതൽ പൈലറ്റ് പദ്ധതി നടപ്പിലാക്കുകയും 20-10-2022 മുതൽ പൂർണ്ണതോതിൽ നടപ്പാക്കുകയും ചെയ്തിട്ടുണ്ട്. ഇപ്രകാരം ഒക്ടോബർ 20 മുതൽ നവംബർ 19 വരെയുള്ള ഒരു മാസക്കാലം സർവ്വീസ് ക്രമീകരിച്ചതിൽ തുടർച്ചയായി ഒന്നിലധികം ഡ്യൂട്ടി ചെയ്യുന്നതിലൂടെ ജീവനക്കാർക്കുണ്ടായിരുന്ന അധിക ജോലിഭാരവും ജീവനക്കാരുടെ ശാരീരിക മാനസിക ആരോഗ്യം തകരാറിലാകുന്നതും ഒഴിവാക്കി അപകടം കുറയ്ക്കുവാനും മാനവവിഭവശേഷി വർദ്ധിപ്പിച്ച് കൂടുതൽ സർവ്വീസുകൾ ഓപ്പറേറ്റ് ചെയ്യുവാനും മുൻമാസത്തെ സമാനകാലയളവിനെ അപേക്ഷിച്ച് പ്രതിദിനം ശരാശരി 26 ശതമാനം അധിക കിലോമീറ്റർ ഓപ്പറേറ്റ് ചെയ്യുവാനും അതിലൂടെ 14 ശതമാനം അധിക വരുമാനം

നേട്ടവാനും സാധിച്ചിട്ടുണ്ട്. കൂടാതെ പ്രതികിലോമീറ്റർ ചെലവ് 5.68 രൂപയും ജീവനക്കാർക്കുള്ള ചെലവിൽ ഒരു കിലോമീറ്ററിന് 3.44 രൂപയും കുറഞ്ഞിട്ടുണ്ട്. 2023 മാർച്ച് മാസത്തോടുകൂടി മുഴുവൻ യൂണിറ്റുകളിലും പ്രസ്തുത ഡ്യൂട്ടിപരിഷ്കരണം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ ത്വരിതഗതിയിൽ നടന്നുവരികയാണ്. ഇപ്രകാരം ജീവനക്കാരുടെ എണ്ണം ക്രമീകരിച്ച് പുതിയ റൂട്ടുകളിൽ കൂടുതൽ സർവ്വീസ് നടത്തുന്നതിലൂടെ കുറഞ്ഞത് 25 കോടി രൂപ പ്രതിമാസം അധികമായി സമാഹരിക്കുവാൻ കഴിയുമെന്ന് കണക്കാക്കുന്നു. ചെലവുകുറച്ച് കൂടുതൽ കാര്യക്ഷമമായി ഓപ്പറേറ്റ് ചെയ്തതിന്റെ ഭാഗമായി 2022 സെപ്റ്റംബർ മാസം 12-ാം തീയതി കെ.എസ്.ആർ.ടി.സി. വരുമാനത്തിൽ ചരിത്രനേട്ടം കൈവരിച്ചു. കേവലം 3941 ബസ്സുകളുപയോഗിച്ച് 13.31 ലക്ഷം കിലോമീറ്റർ ദൂരം ഓപ്പറേറ്റ് ചെയ്തപ്പോൾ 8.41 കോടി രൂപ റെക്കോർഡ് കളക്ഷൻ നേടുവാൻ കഴിഞ്ഞു. ഇപ്രകാരം പ്രതിദിനം എട്ട് കോടി രൂപയെന്ന ലക്ഷ്യം നേടാൻ കൂടുതൽ ബസ്സുകളും ജീവനക്കാരേയും വിന്യസിച്ച് കെ.എസ്.ആർ.ടി.സി. സർവ്വീസ് കൂടുതൽ വ്യാപിപ്പിക്കുവാൻ നടപടികൾ നടന്നുവരികയാണ്. തിരുവനന്തപുരം നഗരത്തിലെ സമഗ്രമായ നഗരഗതാഗതത്തിന് നഗരപരിധിയിൽ വിവിധ പ്രദേശങ്ങളെയും സ്ഥാപനങ്ങളേയും ബന്ധിപ്പിച്ച് നഗരത്തിലേയ്ക്ക് വിവിധ

ആവശ്യങ്ങൾക്കായി എത്തിച്ചേരുന്ന പൊതുജനങ്ങൾക്കും നഗരത്തിലെ വിവിധ ഭാഗങ്ങളിൽ സഞ്ചരിക്കേണ്ട യാത്രക്കാർക്കും പ്രയോജനകരമായ രീതിയിൽ സിറ്റി സർക്കുലർ (ഹോപ്പ് ഓൺ ഹോപ്പ് ഓഫ്) ആരംഭിച്ചു. ഇതിലൂടെ തിരുവനന്തപുരം നഗരത്തിലേയ്ക്കുള്ള സ്വകാര്യവാഹനങ്ങളുടെ തിരക്കും പാർക്കിംഗും അന്തരീക്ഷ മലിനീകരണവും കുറയ്ക്കുവാൻ ഇതിലൂടെ കഴിഞ്ഞിട്ടുണ്ട്. സമഗ്രമായ പഠനത്തിന്റെ വെളിച്ചത്തിൽ സിറ്റി ഷട്ടിൽ സർവ്വീസുകളാരംഭിച്ചു. കൂടുതൽ സ്ഥലസൗകര്യവും സൗകര്യപ്രദമായ വാതിലുകളും ഉയരം കുറഞ്ഞ പ്ലാറ്റ്ഫോമുമുള്ള ലോഫ്ളോർ ബസ്സുകളുപയോഗിച്ചതിനാൽ കൂടുതൽ യാത്രക്കാർ ടി ബസ്സുകളെ ആശ്രയിക്കുകയും മറ്റ് ബസ്സുകൾ ഒറ്റപ്പെട്ട ഗ്രാമീണ റൂട്ടുകളിലുപയോഗിക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

അനാവശ്യമായി യാത്രക്കാരില്ലാതെ റിട്ടേൺ ഡെഡ് ട്രിപ്പുകൾ കുറയ്ക്കുന്നതിനും യാത്രക്കാരുടെ സൗകര്യത്തിനുമായി സിറ്റി റേഡിയൽ സർവ്വീസാരംഭിച്ചു. സിറ്റിക്ക് വെളിയിലുള്ള രണ്ട് പ്രധാന സ്ഥലങ്ങളെ തമ്മിൽ ബന്ധിപ്പിക്കുക വഴി യാത്രക്കാർക്ക് ഇറങ്ങിക്കയറുന്നത് ഒഴിവാക്കുകയും യാത്രക്കാർ കൂടുതലായി ഇത്തരം ബസ്സുകളെ ആശ്രയിക്കുകയും ചെയ്തതിനാൽ കട്ട് ട്രിപ്പുകൾ സിറ്റിയിലേയ്ക്ക് നടത്തിയിരുന്ന ബസ്സുകളുടെ എണ്ണം

കുറയ്ക്കുവാനും തദ്വാര അനാവശ്യ ഗതാഗതകുരുക്കും ചെലവും അന്തരീക്ഷ മലിനീകരണം ഒഴിവാക്കുന്നതിനും കഴിഞ്ഞു. അന്തരീക്ഷ മലിനീകരണവും പ്രവർത്തനച്ചെലവും കുറയ്ക്കുന്നതിന്റെ ഭാഗമായി 40 ഇലക്ട്രിക് ബസ്സുകൾ തിരുവനന്തപുരം നഗരത്തിൽ സിറ്റി സർക്കുലർ സർവ്വീസിനായി ഉപയോഗിച്ചുവരുന്നു. സംസ്ഥാനത്തിന്റെ ഉൾപ്രദേശങ്ങളിലേയ്ക്ക് സർവ്വീസുകൾ നടത്തുന്നതിനായി ഗ്രാമവണ്ടിയെന്ന പേരിൽ പ്രത്യേക ബസ് സർവ്വീസ് പദ്ധതി ബഹുമാനപ്പെട്ട ഗതാഗത വകുപ്പുമന്ത്രി, ഗതാഗത വകുപ്പിന്റെ ധനാഭ്യർത്ഥന ചർച്ചയ്ക്കുള്ള മറുപടി പ്രസംഗത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് നടപ്പിലാക്കുവാനുദ്ദേശിക്കുന്നതായി പ്രഖ്യാപിച്ചത്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നിർദ്ദേശിക്കുന്ന റൂട്ടുകളിലോടുന്ന കെ.എസ്.ആർ.ടി.സി.-യുടെ ഗ്രാമവണ്ടി സർവ്വീസിന് ബസ്സുകൾക്ക് തനതുഫണ്ട്/ സംഭാവനയുപയോഗിച്ച് ഡീസലിനുള്ള പണം നൽകുന്നതിന് യഥേഷ്ടാനുമതി നൽകിക്കൊണ്ട് തദ്ദേശസ്വയംഭരണ വകുപ്പ് 22-03-2022-ലെ സ.ഉ. (സാധാ) നം. 704/2022/LSGD പ്രകാരം ഉത്തരവിറക്കിയിട്ടുണ്ട്. പദ്ധതിക്ക് തദ്ദേശസ്വയംഭരണ വകുപ്പ് കോർഡിനേഷൻ കമ്മിറ്റി അനുമതി നൽകിയിട്ടുണ്ട്. കൂടാതെ സ്വകാര്യവ്യക്തികൾക്കും സ്ഥാപനങ്ങൾക്കും അതത്

പ്രദേശത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് സ്പോൺസർ ചെയ്യാവുന്നതുമാണ്. 29-07-2022-ൽ ഗ്രാമവണ്ടിയുടെ സംസ്ഥാനതല ഉദ്ഘാടനം തിരുവനന്തപുരം ജില്ലയിലെ പാറശ്ശാലയിലെ കൊല്ലയിൽ പഞ്ചായത്തിലും തുടർന്ന് 19-08-2022-ന് തൃശ്ശൂർ ജില്ലയിലെ എളവള്ളി പഞ്ചായത്ത്, 03-09-2022-ന് കോഴിക്കോട് ജില്ലയിലെ ചാത്തമംഗലം പഞ്ചായത്ത്, 06-10-2022-നും 25-11-2022-നും കോട്ടയം ജില്ലയിലെ കടുത്തുരുത്തി പഞ്ചായത്തിൽ രണ്ട് സർവ്വീസുകളും 21-10-2022-ന് മലപ്പുറം ജില്ലയിലെ എടവണ്ണ പഞ്ചായത്ത്, 05-11-2022-ന് ആലപ്പുഴ ജില്ലയിലെ പത്തിയൂർ പഞ്ചായത്ത്, 25-11-2022-ന് കൊല്ലം ജില്ലയിലെ കൊല്ലം കോർപ്പറേഷൻ, 01-12-2022-ന് തിരുവനന്തപുരം ജില്ലയിലെ കുന്നത്തുകാൽ പഞ്ചായത്ത്, 03-12-2022-ന് എറണാകുളം ജില്ലയിലെ ചേന്ദമംഗലം പഞ്ചായത്ത് എന്നീ സ്ഥലങ്ങളിൽ ജില്ലാതല ഉദ്ഘാടനവും നടത്തിയിട്ടുണ്ട്. ഇത്തരത്തിൽ 10 ബസ്സുകൾ ഇതിനായി നൽകിയിട്ടുണ്ട്. ഗ്രാമവണ്ടി പദ്ധതിയിലൂടെ ഇത്തരം ഒറ്റപ്പെട്ട ഗ്രാമീണ റൂട്ടുകളിലോടുന്ന ബസ്സുകളുടെ ഡീസൽ ചെലവിൽ ഒരു കിലോമീറ്ററിന് ശരാശരി 24 രൂപ ഇത്തരത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി ലഭിക്കുകയും തദ്വാര നഷ്ടം കുറയുകയും ചെയ്തിട്ടുണ്ട്. ടി പ്രവർത്തനങ്ങൾക്ക് കേന്ദ്ര സർക്കാരിന്റെ

പുരസ്കാരങ്ങൾ ലഭിക്കുകയും ചെയ്തിട്ടുണ്ട്. സർവ്വീസുകളുടെ ക്രോണോളജി പരിശോധിച്ച് അനാവശ്യ ട്രിപ്പുകളും സർവ്വീസുകളും കുറയ്ക്കുകയും കൃത്യമായി ആവശ്യാനുസരണം സർവ്വീസുകൾ ക്രമീകരിക്കുകയും പുതിയ മലയോര തീരദേശപാതകളിലൂടെ സർവ്വീസുകൾ പുനഃക്രമീകരിക്കുകയും ചെയ്ത് വരുന്നതിൽനിന്നും ക്രമാനുഗതമായി ബസ്സുകളിലെ യാത്രക്കാരുടെ എണ്ണം വർദ്ധിക്കുകയും അനാവശ്യ കിലോമീറ്റർ കുറച്ചതിലൂടെ ഡീസൽ, മെയിന്റനൻസ് ചെലവുകൾ കുറയ്ക്കുകയും ചെയ്തു. ദീർഘദൂര സർവ്വീസുകളിലും അന്തർസംസ്ഥാന സർവ്വീസുകളിലും കൂടുതൽ പഠനം നടത്തി കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ് മുഖാന്തരം പുതിയ ബസ്സുകൾ ലീസ് വ്യവസ്ഥയിൽ ലഭ്യമാക്കി ക്രൂ ചെയ്ഞ്ച് ഡ്രൈവർ-കം-കണ്ടക്ടർ സംവിധാനം ഏർപ്പെടുത്തുന്നതുൾപ്പെടെ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ഇതിലൂടെ മെച്ചപ്പെട്ട വരുമാനം നേടുവാനും ജീവനക്കാരുടെ ചെലവ് കുറയ്ക്കുവാനും കഴിയുന്നുണ്ട്. കെ.എസ്.ആർ.ടി.സി.-യിൽ നിലവിലുള്ള ഫ്ലീറ്റുകളുടെ ഉപയോഗം 75 ശതമാനത്തിൽനിന്നും 95 ശതമാനത്തിലേയ്ക്ക് ഉയർത്തുന്നതിലേയ്ക്ക് നടപടികൾ സ്വീകരിച്ചുവരുന്നു. യാത്രക്കാരുടെ ഡിമാന്റ് പരിശോധിച്ച് “ ഒറിജിൻ-ഡെസ്റ്റിനേഷൻ” പൈലറ്റ് സ്റ്റഡി നടത്തി ഡിമാന്റനുസരിച്ച്

പരീക്ഷണാർത്ഥം നെയ്യാറ്റിൻകര-തിരുവനന്തപുരം റൂട്ടിലും എറണാകുളം-തിരുവനന്തപുരം റൂട്ടിലും നോൺ സ്റ്റോപ്പ്, ലിമിറ്റഡ് സ്റ്റോപ്പ് സർവ്വീസുകൾ ആരംഭിച്ചതിൽ ചെലവുചുരുക്കി വരുമാനം വർദ്ധിപ്പിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. നൂതന സാങ്കേതികവിദ്യയുടെ സഹായത്തോടെ ട്രാവൽ ഡിമാന്റ് ലൊക്കേഷൻ ട്രാക്കിംഗ് എന്നിവ കണ്ടെത്തുന്നതിന് ആധുനിക ഇ.റ്റി.എം., വി.എൽ.റ്റി.ഡി. എന്നിവ ലഭ്യമാക്കുക വഴി റൂട്ട് റാഷണലൈസേഷൻ കൂടുതൽ മെച്ചപ്പെടുകയും ഡാറ്റ അനാലിസിസ് നടത്തുന്നതിന് സഹായകരമാവുകയും ചെയ്യും. ഇതിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും സഹായം ലഭ്യമാക്കുന്നതിനും DIMTS എന്ന സ്ഥാപനത്തെ പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടന്റായി നിയോഗിക്കുകയും പ്രവർത്തനങ്ങൾ നടന്നുവരികയുമാണ്. ഇത്തരത്തിൽ ഡാറ്റാ പ്രോസസിംഗ് പൂർത്തിയാകുന്നതോടെ വിവരസാങ്കേതികവിദ്യയുടെ സഹായത്തോടെ റൂട്ടുകൾ പുനഃക്രമീകരിക്കുകയും ട്രിപ്പുകൾ കാര്യക്ഷമമാക്കുകയും നോൺ സ്റ്റോപ്പ് ലിമിറ്റഡ് സ്റ്റോപ്പ് ബസ്സുകൾ കൂടുതൽ ആരംഭിച്ച് ജനോപകാരപ്രദമായും ജനാഭിലാഷമനുസരിച്ചും ചെലവുകുറച്ച് കാര്യക്ഷമമായി ഓപ്പറേഷൻ കൂടുതൽ സാദ്ധ്യമാക്കും. ഇതിനുള്ള പദ്ധതികൾ നടന്നുവരികയാണ്. യൂണിറ്റുകളിലെ നിലവിലെ സർവ്വീസുകളുടേയും ഭാവി സാദ്ധ്യതകൾ പരിഗണിച്ച് ദൈനംദിന വരുമാന

ലക്ഷ്യം നിശ്ചയിച്ച് നൽകിയിട്ടുണ്ട്. മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് ആക്ട് പ്രകാരം ഷെഡ്യൂൾ ഒപ്റ്റിമൈസേഷനിലൂടെ കൂടുതൽ ബസ്സുകൾ യൂണിറ്റുകൾക്ക് നൽകി ഓപ്പറേറ്റ് ചെയ്യും കെ-സ്വിഫ്റ്റ് വഴി ലഭിക്കുന്ന ആധുനിക ബസ്സുകളും ജീവനക്കാരുമുപയോഗിച്ച് സർവ്വീസ് നടത്തുമ്പോൾ ലഭിക്കുന്ന അധിക വരുമാനവും കൂടാതെ കെ-സ്വിഫ്റ്റ് ക്രൂ ലഭ്യമാകുന്നതിലൂടെ ചെലവ് കുറയ്ക്കുകയും കെ.എസ്.ആർ.ടി.സി.-ക്ക് ഒഴിവാകുന്ന ജീവനക്കാരെ ഉപയോഗിച്ച് പുതിയ അധിക സർവ്വീസ് നടത്തിയും ആദ്യഘട്ടത്തിൽ പ്രതിമാസ വരുമാനം എട്ട് കോടി രൂപയിലെത്തിക്കുകയും ക്രമാനുഗതമായി പ്രതിദിന വരുമാനം പത്ത് കോടി രൂപയിലെത്തിക്കുന്നതിനുമാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ഇതിനായി ആവശ്യമായ സാങ്കേതികസഹായവും നടപടികളും ദ്രുതഗതിയിൽ നടന്നുവരുന്നു.

## കെ.എസ്.ആർ.ടി.സി. നവീകരണം

331(2072) <u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗതാഗതക്ലേശം പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള മാർഗ്ഗങ്ങൾ വിശദമാക്കുമോ?

ഗതാഗതക്ലേശം പരിഹരിക്കുന്നതിന് വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്. പ്രൊഫ. സുശീൽ ഖന്ന റിപ്പോർട്ടുപ്രകാരം അധികമായി നോൺപീക്ക് സമയത്ത് ഓപ്പറേറ്റ് ചെയ്തിരുന്ന ട്രിപ്പുകൾ ക്രമീകരിക്കുകയും പീക്ക് സമയത്ത് പരമവധി ട്രിപ്പുകൾ ലഭിക്കുകയും ചെയ്യുന്ന രീതിയിൽ മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് ആക്ട് 1961 പ്രകാരം ഡ്യൂട്ടികൾ ക്രമീകരിച്ചുവരുന്നു. തിരുവനന്തപുരം നഗരത്തിലെ സമഗ്രമായ നഗരഗതാഗതത്തിന് നഗരപരിധിയിൽ വിവിധ പ്രദേശങ്ങളെയും സ്ഥാപനങ്ങളേയും ബന്ധിപ്പിച്ച് നഗരത്തിലേയ്ക്ക് വിവിധ ആവശ്യങ്ങൾക്കായി എത്തിച്ചേരുന്ന പൊതുജനങ്ങൾക്കും നഗരത്തിലെ വിവിധ ഭാഗങ്ങളിൽ സഞ്ചരിക്കേണ്ട യാത്രക്കാർക്കും പ്രയോജനകരമായ രീതിയിൽ സിറ്റി സർക്കുലർ (ഹോപ്പ് ഓൺ ഹോപ്പ് ഓഫ്) കൂടുതൽ പ്രയോജനപ്രദമായ രീതിയിൽ ക്രമീകരിക്കുകയും കാര്യക്ഷമമാക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ അന്തരീക്ഷ മലിനീകരണവും പ്രവർത്തനച്ചെലവും കുറയ്ക്കുന്നതിന്റെ ഭാഗമായി 40 ഇലക്ട്രിക് ബസ്സുകൾ തിരുവനന്തപുരം നഗരത്തിൽ സിറ്റി സർക്കുലർ സർവ്വീസിനായി ലഭ്യമാക്കി നിരത്തിലിറക്കിയിട്ടുണ്ട്. ഇവ ഉപയോഗിക്കുന്നതിലൂടെ കൂടുതൽ ദൂരവും കൂടുതൽ യാത്രക്കാരേയും ലഭിക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്. ദീർഘദൂരയാത്രകൾക്കായി ബൈപ്പാസ്

റൈഡറുകളുപയോഗപ്പെടുത്തുന്ന യാത്രക്കാർക്ക് സാധാരണ മറ്റ് റോഡുകളിലൂടെയുള്ള യാത്രാസമയത്തേക്കാൾ സമയം ലാഭിക്കാമെന്നുള്ളത് ഈ സർവ്വീസിന്റെ പ്രത്യേകതയാണ്. കുറഞ്ഞത് ഓരോ മണിക്കൂർ ഇടവേളകളിൽ ടി സർവ്വീസിന്റെ സേവനം നാഷണൽ ഹൈവേ വഴിയും എം.സി. റോഡ് വഴിയും ഓപ്പറേറ്റ് ചെയ്തുവരുന്നു. നിലവിൽ ആരംഭിച്ച കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ് സൂപ്പർ ക്ലാസ് ബസ്സുകൾ ഇത്തരത്തിൽ ഓപ്പറേറ്റ് ചെയ്യുകയും യാത്രാക്ലേശം കുറയ്ക്കുകയും തദ്വാര വരുമാനവർദ്ധനവും സ്വീകാര്യതയും വർദ്ധിച്ചിട്ടുമുണ്ട്. കടുത്ത യാത്രാക്ലേശം നേരിട്ടിരുന്ന സാധാരണക്കാരായ മത്സ്യത്തൊഴിലാളികൾക്ക് മത്സ്യവിപണന കേന്ദ്രത്തിലെത്തുന്നതിനും തിരിച്ചുപോകുന്നതിനുമായി ആരംഭിച്ച മൂന്ന് സമുദ്ര സർവ്വീസുകൾ സർക്കാർ സഹായത്തോടുകൂടി സൗജന്യമായി നടത്തിവരുന്നു. ഇതിന് വൻജനപ്രീതിയാണുള്ളത്. ഇതിൽ മത്സ്യത്തൊഴിലാളി സ്ത്രീകൾ മത്സ്യവിപണനത്തിനായി ഏതാണ്ട് ഇരുപതിനായിരത്തിലധികം യാത്രകൾ ചെയ്തിട്ടുള്ളതായി കാണുന്നുണ്ട്. ഇത് ഫിഷറീസ് വകുപ്പുമായി ചേർന്ന് തുടരും. തദ്ദേശസ്വയംഭരണ വകുപ്പുമായി ചേർന്ന് കെ.എസ്.ആർ.ടി.സി. നടത്തുന്ന മറ്റൊരു നൂതന പദ്ധതിയാണ് ഗ്രാമവണ്ടി സർവ്വീസ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നിർദ്ദേശിക്കുന്ന കടുത്ത യാത്രാക്ലേശമുള്ള ഒറ്റപ്പെട്ട

പ്രദേശങ്ങളിലെ റൂട്ടുകളിലോടുന്ന ബസ്സുകൾക്ക് തനതുഫണ്ട്/സംഭാവനയുപയോഗിച്ച് ഡീസലിനുള്ള പണം നൽകുന്നതിന് യഥേഷ്ടാനുമതി നൽകി 22-03-2022-ലെ സ. ഉ. (സാധാ) നം. 704/2022/LSGD പ്രകാരം ഉത്തരവായിട്ടുള്ളതാണ്. സ്വകാര്യവ്യക്തികൾക്കും സ്ഥാപനങ്ങൾക്കും അതത് പ്രദേശത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് സ്പോൺസർ ചെയ്യാവുന്നതുമാണ്. ഇപ്രകാരം പത്ത് സർവ്വീസുകൾ വിവിധ പഞ്ചായത്തുകളുമായി ചേർന്നാരംഭിച്ചിട്ടുണ്ട്. തുടർന്ന് മുഴുവൻ പഞ്ചായത്തുകളിലും പദ്ധതി വ്യാപിപ്പിക്കുവാൻ കഴിയുമെന്ന് വിഭാവനം ചെയ്യുന്നു.

(ബി) കെ.എസ്.ആർ.ടി.സി.-യെ നവീകരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ?

കെ.എസ്.ആർ.ടി.സി.-യെ ലാഭകരമാക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

<u>മാനേജ്മെന്റ് പ്രൊഫഷണലിസം</u>

പ്രൊഫ. സുശീൽ ഖന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കോർപ്പറേഷനിലെ ടോപ്ലെവൽ മാനേജ്മെന്റ് ശക്തിപ്പെടുത്തുന്നതിന്റെ

ഭാഗമായി General Manager (F&A), General Manager (Tech.), Dy. General Manager (F&A), Dy. General Manager (Operations), Dy. General Manager (Tech.), Chartered/Cost Accountant എന്നീ തസ്തികകൾ താല്ക്കാലികമായി സർക്കാർ സൃഷ്ടിച്ചതിന്റെ അടിസ്ഥാനത്തിൽ അതത് മേഖലകളിൽ യോഗ്യതയും പരിചയവുമുള്ള ഉദ്യോഗസ്ഥരുടെ സേവനം ലഭ്യമാക്കുന്നതിനായി ഓരോ വിഭാഗങ്ങളിലും വൈദഗ്ദ്ധ്യമുള്ളവരെ സുതാര്യമായ നിയമന നടപടിക്രമങ്ങൾ പാലിച്ച് കരാറടിസ്ഥാനത്തിൽ നിയമിച്ചതുവഴി മാനേജ്മെന്റ് തലത്തിൽ പുനഃക്രമീകരണം നടത്തുന്നതിന് കഴിഞ്ഞിട്ടുണ്ട്. മാനവവിഭവശേഷി വർദ്ധിപ്പിക്കുന്നതിന്റെയും കോർപ്പറേഷനെ കൊമേഴ്സ്യലൈസ് ചെയ്യുന്നതിന്റെ ഭാഗമായി പ്രാവീണ്യം തെളിയിക്കുന്നവരെ ഓപ്പൺ മാർക്കറ്റിൽനിന്നും HR വിഭാഗത്തിലും കൊമേഴ്സ്യൽ വിഭാഗത്തിലും കരാറടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്. പ്രൊഫ. സുശീൽ ഖന്നയുടെ റിപ്പോർട്ടിലെ പ്രധാന നിർദ്ദേശം കോർപ്പറേഷനെ മൂന്ന് (3) സ്വയംപര്യാപ്തമായ ലാഭകേന്ദ്രങ്ങളാക്കി മാറ്റുകയെന്നതാണ്. ആയതിൻപ്രകാരം കെ.എസ്.ആർ.ടി.സി.-യെ സൗത്ത്, സെൻട്രൽ, നോർത്ത് സോണുകളായി തരംതിരിച്ചിട്ടുണ്ട്. കൂടാതെ ഭരണപരവും അക്കൗണ്ട്സ് സംബന്ധവുമായ നടപടികൾ ജില്ലാടിസ്ഥാനത്തിൽ

സ്വീകരിക്കുന്നതിന് പതിനഞ്ച് (15) ജില്ലാ ഓഫീസുകൾ രൂപീകരിച്ചിട്ടുണ്ട്. വരുമാനവർദ്ധനവ് വരുത്തുകയെന്നതിനോടൊപ്പം കോർപ്പറേഷന്റെ പ്രവർത്തനങ്ങളുടെ ശാക്തീകരണമാണ് പ്രസ്തുത മേഖലകളുടെ രൂപീകരണംകൊണ്ട് ലക്ഷ്യമിട്ടിട്ടുള്ളത്. പ്രതിവാഹന ജീവനക്കാരുടെയെണ്ണം ദേശീയ ശരാശരിയിലെത്തിക്കുന്നതിന് ശ്രമങ്ങൾ നടന്നുവരുന്നു. അധികമായി നോൺപീക്ക് സമയത്ത് ഓപ്പറേറ്റ് ചെയ്തിരുന്ന ട്രിപ്പുകൾ ക്രമീകരിക്കുകയും പീക്ക് സമയത്ത് പരമവധി ട്രിപ്പുകൾ ലഭിക്കുകയും ചെയ്യുന്ന രീതിയിൽ മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് ആക്ട് 1961 പ്രകാരം ഡ്യൂട്ടികൾ ക്രമീകരിച്ചുവരുന്നു. പ്രാരംഭഘട്ടമെന്ന നിലയിൽ തിരുവനന്തപുരം ജില്ലയിലെ പാറശ്ശാല ഡിപ്പോയിൽ 2022 ഒക്ടോബർ 1 മുതൽ പൈലറ്റ് പദ്ധതി നടപ്പിലാക്കുകയും 20-10-2022 മുതൽ പൂർണ്ണതോതിൽ നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. ഇപ്രകാരം ഒക്ടോബർ 20 മുതൽ നവംബർ 19 വരെയുള്ള ഒരു മാസക്കാലം സർവ്വീസ് ക്രമീകരിച്ചതിൽ തുടർച്ചയായി ഒന്നിലധികം ഡ്യൂട്ടി ചെയ്യുന്നതിലൂടെ ജീവനക്കാർക്കുണ്ടായിരുന്ന അധിക ജോലിഭാരവും ജീവനക്കാരുടെ ശാരീരിക മാനസികാരോഗ്യം തകരാറിലാകുന്നതുമൊഴിവാക്കി അപകടം കുറയ്ക്കുവാനും മാനവവിഭവശേഷി വർദ്ധിപ്പിച്ച് കൂടുതൽ സർവ്വീസുകൾ

ഓപ്പറേറ്റ് ചെയ്യുവാനും മുൻമാസത്തെ സമാന കാലയളവിനെയപേക്ഷിച്ച് പ്രതിദിനം ശരാശരി 26 ശതമാനം അധിക കിലോമീറ്റർ ഓപ്പറേറ്റ് ചെയ്യുവാനും അതിലൂടെ 14 ശതമാനം അധികവരുമാനം നേടുവാനും സാധിച്ചിട്ടുണ്ട്. കൂടാതെ പ്രതികിലോമീറ്റർ ചെലവ് 5.68 രൂപയും ജീവനക്കാർക്കുള്ള ചെലവിൽ ഒരു കിലോമീറ്ററിന് 3.44 രൂപയും കുറഞ്ഞിട്ടുണ്ട്. 2023 മാർച്ച് മാസത്തോടുകൂടി മുഴുവൻ യൂണിറ്റുകളിലും പ്രസ്തുത ഡ്യൂട്ടി പരിഷ്കാരമേർപ്പെടുത്തുന്നതിനുള്ള നടപടികൾ ത്വരിതഗതിയിൽ നടന്നുവരികയാണ്. ഇപ്രകാരം ജീവനക്കാരുടെ എണ്ണം ക്രമീകരിച്ച് പുതിയ റൂട്ടുകളിൽ കൂടുതൽ സർവ്വീസ് നടത്തുന്നതിലൂടെ കുറഞ്ഞത് 25 കോടി രൂപ പ്രതിമാസം അധികമായി സമാഹരിക്കുവാൻ കഴിയുമെന്ന് കണക്കാക്കുന്നു. ചെലവ് കുറച്ച് കൂടുതൽ കാര്യക്ഷമമായി ഓപ്പറേറ്റ് ചെയ്യുതിന്റെ ഭാഗമായി 2022 സെപ്റ്റംബർ മാസം 12-ാം തീയതി കെ.എസ്.ആർ.ടി.സി. വരുമാനത്തിൽ ചരിത്രനേട്ടം കൈവരിച്ചു. കേവലം 3941 ബസ്സുകളുപയോഗിച്ച് 13.31 ലക്ഷം കിലോമീറ്റർ ദൂരം ഓപ്പറേറ്റ് ചെയ്തപ്പോൾ 8.41 കോടി രൂപ റെക്കോർഡ് കളക്ഷൻ നേടുവാൻ കഴിഞ്ഞു. ഇപ്രകാരം പ്രതിദിനം എട്ട് കോടി രൂപയെന്ന ലക്ഷ്യം നേടുവാൻ കൂടുതൽ ബസ്സുകളും ജീവനക്കാരേയും വിന്യസിച്ച് കെ.എസ്.ആർ.ടി.സി. സർവ്വീസ് കൂടുതൽ

വ്യാപിപ്പിക്കുവാൻ നടപടികൾ നടന്നുവരികയാണ്. തിരുവനന്തപുരം നഗരത്തിലെ സമഗ്രമായ നഗരഗതാഗതത്തിന് നഗരപരിധിയിൽ വിവിധ പ്രദേശങ്ങളെയും സ്ഥാപനങ്ങളേയും ബന്ധിപ്പിച്ച് നഗരത്തിലേയ്ക്ക് വിവിധ ആവശ്യങ്ങൾക്കായി എത്തിച്ചേരുന്ന പൊതുജനങ്ങൾക്കും നഗരത്തിലെ വിവിധ ഭാഗങ്ങളിൽ സഞ്ചരിക്കേണ്ട യാത്രക്കാർക്കും പ്രയോജനകരമായ രീതിയിൽ സിറ്റി സർക്കുലർ (ഹോപ്പ് ഓൺ ഹോപ്പ് ഓഫ്) ആരംഭിച്ചു. ഇതിലൂടെ തിരുവനന്തപുരം നഗരത്തിലേയ്ക്കുള്ള സ്വകാര്യവാഹനങ്ങളുടെ തിരക്കും പാർക്കിംഗും അന്തരീക്ഷ മലിനീകരണവും കുറയ്ക്കുവാൻ കഴിഞ്ഞിട്ടുണ്ട്. സമഗ്രഹമായ പഠനത്തിന്റെ വെളിച്ചത്തിൽ സിറ്റി ഷട്ടിൽ സർവ്വീസുകളാരംഭിച്ചു. കൂടുതൽ സ്ഥലസൗകര്യവും സൗകര്യപ്രദമായ വാതിലുകളും ഉയരംകുറഞ്ഞ പ്ലാറ്റ്ഫോമുമുള്ള ലോഫ്ളോർ ബസ്സുകൾ ഉപയോഗിച്ചതിനാൽ കൂടുതൽ യാത്രക്കാർ ടി ബസ്സുകളെ ആശ്രയിക്കുകയും മറ്റ് ബസ്സുകൾ ഒറ്റപ്പെട്ട ഗ്രാമീണ റൂട്ടുകളിലുപയോഗിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. അനാവശ്യമായി യാത്രക്കാരില്ലാതെ റിട്ടേൺ ഡെഡ് ട്രിപ്പുകൾ കുറയ്ക്കുന്നതിനും യാത്രക്കാരുടെ സൗകര്യത്തിനുമായി സിറ്റി റേഡിയൽ സർവ്വീസാരംഭിച്ചു. സിറ്റിക്കുവെളിയിലുള്ള രണ്ട് പ്രധാനസ്ഥലങ്ങളെ തമ്മിൽ ബന്ധിപ്പിക്കുക വഴി യാത്രക്കാർക്ക് ഇറങ്ങിക്കയറുന്നത് ഒഴിവാക്കുകയും

യാത്രക്കാർ കൂടുതലായി ഇത്തരം ബസ്സുകളെ ആശ്രയിക്കുകയും ചെയ്തതിനാൽ കട്ട് ട്രിപ്പുകൾ സിറ്റിയിലേയ്ക്ക് നടത്തിയിരുന്ന ബസ്സുകളുടെ എണ്ണം കുറയ്ക്കുവാനും തദ്വാര അനാവശ്യ ഗതാഗതകുരുക്കും ചെലവും അന്തരീക്ഷ മലിനീകരണം ഒഴിവാക്കുന്നതിനും കഴിഞ്ഞു. അന്തരീക്ഷ മലിനീകരണവും പ്രവർത്തനച്ചെലവും കുറയ്ക്കുന്നതിന്റെ ഭാഗമായി 40 ഇലക്ട്രിക് ബസ്സുകൾ തിരുവനന്തപുരം നഗരത്തിൽ സിറ്റി സർക്കുലർ സർവ്വീസിനായി ഉപയോഗിച്ചുവരുന്നു. സംസ്ഥാനത്തിന്റെ ഉൾപ്രദേശങ്ങളിലേയ്ക്ക് സർവ്വീസുകൾ നടത്തുന്നതിനായി ഗ്രാമവണ്ടിയെന്ന പേരിൽ പ്രത്യേക ബസ് സർവ്വീസ് പദ്ധതി ബഹുമാനപ്പെട്ട ഗതാഗത വകുപ്പുമന്ത്രി, ഗതാഗത വകുപ്പിന്റെ ധനാഭ്യർത്ഥന ചർച്ചയ്ക്കുള്ള മറുപടി പ്രസംഗത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നതായി പ്രഖ്യാപിച്ചത്. തദ്ദേശസ്വയംഭരണ വകുപ്പ്- കെ.എസ്.ആർ.ടി.സി.-യുടെ ഗ്രാമവണ്ടി സർവ്വീസിന് തദ്ദേശഭരണ സ്ഥാപനങ്ങൾ നിർദ്ദേശിക്കുന്ന റൂട്ടുകളിലോടുന്ന ബസ്സുകൾക്ക് തനതുഫണ്ട്/ സംഭാവനയുപയോഗിച്ച് ഡീസലിനുള്ള പണം നൽകുന്നതിന് യഥേഷ്ടാനുമതി നൽകി 22-03-2022-ലെ സ.ഉ. (സാധാ) നം. 704/2022/LSGD പ്രകാരം ഉത്തരവായിട്ടുണ്ട്. പദ്ധതിക്ക്

തദ്ദേശസ്വയംഭരണ വകുപ്പ് കോർഡിനേഷൻ കമ്മിറ്റി അനുമതി നൽകിയിട്ടുണ്ട്. കൂടാതെ സ്വകാര്യവ്യക്തികൾക്കും സ്ഥാപനങ്ങൾക്കും അതത് പ്രദേശത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് സ്പോൺസർ ചെയ്യാവുന്നതുമാണ്. 29-07-2022-ൽ ഗ്രാമവണ്ടിയുടെ സംസ്ഥാനതല ഉദ്ഘാടനം തിരുവനന്തപുരം ജില്ലയിലെ പാറശ്ശാലയിലെ കൊല്ലയിൽ പഞ്ചായത്തിലും തുടർന്ന് 19-08-2022-ന് തൃശ്ശൂർ ജില്ലയിലെ എളവള്ളി പഞ്ചായത്ത്, 03-09-2022-ന് കോഴിക്കോട് ജില്ലയിലെ ചാത്തമംഗലം പഞ്ചായത്ത്, 06-10-2022-നും 25-11-2022-നും കോട്ടയം ജില്ലയിലെ കടുത്തുരുത്തി പഞ്ചായത്തിൽ രണ്ട് സർവ്വീസുകളും 21-10-2022-ന് മലപ്പുറം ജില്ലയിലെ എടവണ്ണ പഞ്ചായത്ത്, 05-11-2022-ന് ആലപ്പുഴ ജില്ലയിലെ പത്തിയൂർ പഞ്ചായത്ത്, 25-11-2022-ന് കൊല്ലം ജില്ലയിലെ കൊല്ലം കോർപ്പറേഷൻ, 01-12-2022-ന് തിരുവനന്തപുരം ജില്ലയിലെ കുന്നത്തുകാൽ പഞ്ചായത്ത്, 03-12-2022-ന് എറണാകുളം ജില്ലയിലെ ചേന്ദമംഗലം പഞ്ചായത്ത് എന്നീ സ്ഥലങ്ങളിൽ ജില്ലാതല ഉദ്ഘാടനവും നടത്തിയിട്ടുണ്ട്. ഇത്തരത്തിൽ പത്ത് ബസ്സുകൾ ഇതിനായി നൽകിയിട്ടുണ്ട്. ഗ്രാമവണ്ടി പദ്ധതിയിലൂടെ ഇത്തരം ഒറ്റപ്പെട്ട ഗ്രാമീണ റൂട്ടുകളിലോടുന്ന ബസ്സുകളുടെ ഡീസൽ ചെലവിൽ ഒരു കിലോമീറ്ററിന് ശരാശരി 24 രൂപ

ഇത്തരത്തിൽ തദ്ദേശസ്ഥാപനങ്ങൾ വഴി ലഭിക്കുകയും തദ്വാര നഷ്ടം കുറയുകയും ചെയ്തിട്ടുണ്ട്. ടി പ്രവർത്തനങ്ങൾക്ക് കേന്ദ്ര സർക്കാരിന്റെ പുരസ്കാരങ്ങൾ ലഭിക്കുകയും ചെയ്തിട്ടുണ്ട്. സർവ്വീസുകളുടെ ക്രോണോളജി പരിശോധിച്ച് അനാവശ്യടിപ്പുകളും സർവ്വീസുകളും കുറയ്ക്കുകയും കൃത്യമായി ആവശ്യാനുസരണം സർവ്വീസുകൾ ക്രമീകരിക്കുകയും പുതിയ മലയോര തീരദേശപാതകളിലൂടെ സർവ്വീസുകൾ പുനഃക്രമീകരിക്കുകയും ചെയ്തുവരുന്നതിൽനിന്നും ക്രമാനുഗതമായി ബസ്സുകളിലെ യാത്രക്കാരുടെ എണ്ണം വർദ്ധിക്കുകയും അനാവശ്യ കിലോമീറ്റർ കുറച്ചതിലൂടെ ഡീസൽ, മെയിന്റനൻസ് ചെലവുകൾ കുറയ്ക്കുകയും ചെയ്തു. ദീർഘദൂര സർവ്വീസുകളിലും അന്തർസംസ്ഥാന സർവ്വീസുകളിലും കൂടുതൽ പഠനം നടത്തി കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ് മുഖാന്തരം പുതിയ ബസ്സുകൾ ലീസ് വ്യവസ്ഥയിൽ ലഭ്യമാക്കി ക്രൂ ചെയ്ഞ്ച് ഡ്രൈവർ-കം-കണ്ടക്ടർ സംവിധാനം ഏർപ്പെടുത്തുന്നതുൾപ്പെടെ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ഇതിലൂടെ മെച്ചപ്പെട്ട വരുമാനം നേടുവാനും ജീവനക്കാരുടെ ചെലവുകുറയ്ക്കുവാനും കഴിയുന്നുണ്ട്. കെ.എസ്.ആർ.ടി.സി.-യിൽ നിലവിലുള്ള ഫ്ലീറ്റുകളുടെ ഉപയോഗം 75 ശതമാനത്തിൽനിന്നും 95 ശതമാനത്തിലേയ്ക്ക് ഉയർത്തുന്നതിലേയ്ക്ക് നടപടികൾ സ്വീകരിച്ചുവരുന്നു.

യാത്രക്കാരുടെ ഡിമാന്റ് പരിശോധിച്ച് " ഒറിജിൻ-ഡെസ്റ്റിനേഷൻ" പൈലറ്റ് സ്റ്റഡി നടത്തി ഡിമാന്റനുസരിച്ച് പരീക്ഷണാർത്ഥം നെയ്യാറ്റിൻകര-തിരുവനന്തപുരം റൂട്ടിലും എറണാകുളം-തിരുവനന്തപുരം റൂട്ടിലും നോൺ സ്റ്റോപ്പ്, ലിമിറ്റഡ് സ്റ്റോപ്പ് സർവ്വീസുകളാരംഭിച്ചതിൽ ചെലവുചുരുക്കി വരുമാനം വർദ്ധിപ്പിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. നൂതന സാങ്കേതികവിദ്യയുടെ സഹായത്തോടെ ട്രാവൽ ഡിമാന്റ് ലൊക്കേഷൻ ട്രാക്കിംഗ് എന്നിവ കണ്ടെത്തുന്നതിന് ആധുനിക ഇ.റ്റി.എം., വി.എൽ.റ്റി.ഡി. എന്നിവ ലഭ്യമാക്കുക വഴി റൂട്ട് റാഷണലൈസേഷൻ കൂടുതൽ മെച്ചപ്പെടുകയും ഡേറ്റ അനാലിസിസ് നടത്തുന്നതിന് സഹായകരമാവുകയും ചെയ്യും. ഇതിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും സഹായം ലഭ്യമാക്കുന്നതിനും DIMTS എന്ന സ്ഥാപനത്തെ പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടന്റായി നിയോഗിക്കുകയും പ്രവർത്തനങ്ങൾ നടന്നുവരികയുമാണ്. ഇത്തരത്തിൽ ഡാറ്റാ പ്രോസസിംഗ് പൂർത്തിയാകുന്നോടെ വിവരസാങ്കേതികവിദ്യയുടെ സഹായത്തോടെ റൂട്ടുകൾ പുനഃക്രമീകരിക്കുകയും ട്രിപ്പുകൾ കാര്യക്ഷമമാക്കുകയും നോൺ സ്റ്റോപ്പ് ലിമിറ്റഡ് സ്റ്റോപ്പ് ബസ്സുകൾ കൂടുതലാരംഭിച്ച് ജനോപകാരപ്രദമായും ജനാഭിലാഷമനുസരിച്ചും ചെലവുകുറച്ച് കാര്യക്ഷമമായി ഓപ്പറേഷൻ കൂടുതൽ

സാദ്ധ്യമാക്കും. ഇതിനുള്ള പദ്ധതികൾ നടന്നുവരികയാണ്. യൂണിറ്റുകളിലെ നിലവിലെ സർവ്വീസുകളുടേയും ഭാവി സാദ്ധ്യതകൾ പരിഗണിച്ച് ദൈനംദിന വരുമാന ലക്ഷ്യം നിശ്ചയിച്ച് നൽകിയിട്ടുണ്ട്. മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് ആക്ടുപ്രകാരം ഷെഡ്യൂൾ ഒപ്റ്റിമൈസേഷനിലൂടെ കൂടുതൽ ബസ്സുകൾ യൂണിറ്റുകൾക്ക് നൽകി ഓപ്പറേറ്റ് ചെയ്യും കെ-സ്വിഫ്റ്റ് വഴി ലഭിക്കുന്ന ആധുനിക ബസ്സുകളും ജീവനക്കാരും ഉപയോഗിച്ച് സർവ്വീസ് നടത്തുമ്പോൾ ലഭിക്കുന്ന അധിക വരുമാനവും കൂടാതെ കെ-സ്വിഫ്റ്റ് ക്രൂ ലഭ്യമാകുന്നതിലൂടെ ചെലവുകുറയ്ക്കുകയും കെ.എസ്.ആർ.ടി.സി.-ക്ക് ഒഴിവാകുന്ന ജീവനക്കാരെയുപയോഗിച്ച് പുതിയ അധിക സർവ്വീസ് നടത്തിയും ആദ്യഘട്ടത്തിൽ പ്രതിമാസ വരുമാനം എട്ട് കോടി രൂപയിലെത്തിക്കുകയും ക്രമാനുഗതമായി പ്രതിദിന വരുമാനം പത്ത് കോടി രൂപയിലെത്തിക്കുന്നതിനുമാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ഇതിനായി ആവശ്യമായ സാങ്കേതികസഹായവും നടപടികളും ദ്രുതഗതിയിൽ നടന്നുവരുന്നു. കെ.എസ്.ആർ.ടി.സി.-യുടെ വരുമാനത്തിന്റെ ഏറിയപങ്കും സർവ്വീസ് ഓപ്പറേഷനിലൂടെയാണ് ലഭിക്കുന്നത്. കൂടാതെ കെ.എസ്.ആർ.ടി.സി.-യുടെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളിലും ഷോപ്പിംഗ് കോംപ്ലക്സുകളിലും കച്ചവടസ്ഥാപനങ്ങൾ ലൈസൻസ് ഫീ അടിസ്ഥാനത്തിൽ

പ്രവർത്തിപ്പിക്കുന്നതിലൂടെ ടിക്കറ്റിതരവരുമാനം ലഭിച്ചുവരുന്നു. കെ.എസ്.ആർ.ടി.സി.-യുടെ സർവ്വീസ് ഓപ്പറേഷന് ഉപയോഗയോഗ്യമല്ലാത്ത ബസ്സുകളെ സ്റ്റാളുകളാക്കി (Shop on wheels) മാറ്റി വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പദ്ധതി രൂപീകരിക്കുകയും ആയതിന് പ്രാവർത്തികമാക്കിയതിലൂടെ വരുമാനം ലഭിച്ചുവരികയും ചെയ്യുന്നു. കെ.എസ്.ആർ.ടി.സി.-യുടെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങൾ ഉപയോഗപ്പെടുത്തി നിർമ്മിച്ചിട്ടുള്ള വാണിജ്യസമുച്ചയങ്ങൾ ദീർഘകാലാടിസ്ഥാനത്തിൽ പാട്ടക്കരാർ വ്യവസ്ഥയിൽ അനുവദിച്ച് നൽകുന്നതിലൂടെയും പ്രതിമാസ ലൈസൻസ് ഫീ അടിസ്ഥാനത്തിൽ നൽകുന്നതിലൂടെയും ടിക്കറ്റിതരവരുമാനത്തിൽ വർദ്ധനവുവരുത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. നിലവിൽ പണി പൂർത്തീകരിച്ച വാണിജ്യ സമുച്ചയങ്ങളിൽ, സർക്കാർ, അർദ്ധസർക്കാർ സ്ഥാപനങ്ങൾക്ക് വാടകയ്ക്ക് നൽകാമെന്ന തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഹരിപ്പാട് ബസ്സ്റ്റേഷൻ വാണിജ്യസമുച്ചയത്തിൽ കാനറാ ബാങ്ക്, കെ.എസ്.എഫ്.ഇ. മുതലായ സ്ഥാപനങ്ങൾക്ക് സ്ഥലം അനുവദിച്ചുനൽകുകയും ആയതിൽനിന്നും പ്രതിമാസം ലൈസൻസ് ഫീ ലഭിച്ചുവരികയും ചെയ്യുന്നു. കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷനുകളിൽ പാസഞ്ചർ ഇൻഫർമേഷൻ

സിസ്റ്റം, എല്ലാം ബസ്സ്റ്റേഷനുകളിലും ഹോർഡിംഗ്സ് സ്ഥാപിച്ച് പരസ്യം നൽകിയ ഇനത്തിലും ടിക്കറ്റിതരവരുമാനം വർദ്ധിപ്പിക്കുവാൻ സാധിച്ചിട്ടുണ്ട്. കൂടാതെ പാലാ ബസ്സ്റ്റേഷനിലെ വാണിജ്യസമുച്ചയം, നിലമ്പൂർ യൂണിറ്റ് വാണിജ്യസമുച്ചയം എന്നിവ ഒറ്റയൂണിറ്റായി പരിഗണിച്ച് ടെണ്ടർ നടത്തി നിയമാനുസരണം ലൈസൻസികളെ കണ്ടെത്തിയിട്ടുണ്ട്. കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ കൊറിയർ പാഴ്സൽ സർവ്വീസ് നടത്തുന്നതിനും യൂണിറ്റുകളിൽ എ.ടി.എം. കൗണ്ടറുകൾ സ്ഥാപിച്ച് പ്രവർത്തിപ്പിക്കുന്നതിന്റെയും ടെണ്ടർ നടപടികൾ അവസാനഘട്ടത്തിലാണ്. ഷോപ്പിംഗ് കോപ്ലക്സിന്റെ വികസന പദ്ധതികൾ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

കെ.എസ്.ആർ.ടി.സി.-യുടെ അധീനതയിൽവരുന്നതും National Highway-യോടുചേർന്നുള്ളതും കൂടാതെ വളരെ ജനതിരക്കേറിയ പട്ടണങ്ങളിൽ സ്ഥിതി ചെയ്യുന്നതുമായ യൂണിറ്റുകളിലെ ഒഴിഞ്ഞുകിടക്കുന്ന സ്ഥലങ്ങളിൽ വാണിജ്യസമുച്ചയങ്ങൾ നിർമ്മിക്കുകയും അവ ആവശ്യക്കാർക്ക് വിവിധ കച്ചവട ആവശ്യങ്ങൾക്കും അനുവദിച്ച് നൽകാവുന്നതുമാണ്. ഇങ്ങനെ അനുവദിച്ചുനൽകുന്ന വാണിജ്യസമുച്ചയങ്ങളിൽ സൂപ്പർ മാർക്കറ്റ് ആധുനികസൗകര്യത്തോടുകൂടിയ

റസ്റ്റോറന്റുകൾ, സിനിമാശാലകൾ, ജിംനേഷ്യം, മറ്റ് അവശ്യസാധനങ്ങൾ വിൽക്കുന്ന കച്ചവടസ്ഥാപനങ്ങൾ കൂടാതെ പൊതുജനങ്ങൾ നിത്യേന നിരവധി ആവശ്യങ്ങൾക്കായി ആശ്രയിക്കുന്ന സർക്കാർസ്ഥാപനങ്ങൾ എന്നിവ പ്രസ്തുത കോംപ്ലക്സുകളിൽ സജ്ജീകരിച്ചാൽ ധാരാളം ആളുകൾ കെ.എസ്.ആർ.ടി.സി. ബസ്സ്റ്റേഷനുകളിൽ എത്തിച്ചേരുകയും അതുവഴി യാത്രാക്കൂലിയിനത്തിലും ടിക്കറ്റിതരവരുമാനമായും കോർപ്പറേഷന് നല്ല വരുമാനം ലഭിക്കുന്നതാണ്.

കെ.എസ്.ആർ.ടി.സി.-യെ പ്രവർത്തന ലാഭത്തിൽ എത്തിത്തിക്കുന്നതിനുവേണ്ടി ടിക്കറ്റ് ഇതരവരുമാനം വർദ്ധിപ്പിക്കുന്നതിലേയ്ക്കായി കൊമേഴ്സ്യൽ വിഭാഗം രൂപീകരിക്കുകയും ടി വിഭാഗത്തിലൂടെ ബസ്സുകളിൽ പരസ്യം പതിപ്പിക്കൽ, ബസ്സുകൾ വാടകയ്ക്ക് നൽകൽ, യൂണിറ്റികളിലെ സ്ഥലങ്ങളും കടമുറികളും കച്ചവടസംബന്ധമായ ആവശ്യങ്ങൾക്ക് വാടകയ്ക്കനുവദിക്കൽ, യൂണിറ്റുകളിൽ ജനശ്രദ്ധയാകർഷിക്കുന്ന സ്ഥലങ്ങൾ ഹോർഡിംഗ്സ്, കോഫി വെൻഡിംഗ് (LR Stall) സ്ഥാപിക്കുന്നതിലേയ്ക്കായി സ്ഥലം വാടകയ്ക്കനുവദിക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾ ചെയ്തുവരുന്നു. നിലവിൽ സിറ്റി സർവ്വീസിനുപയോഗിക്കുന്ന ഇന്ധനച്ചെലവ് കൂടിയ ഡീസൽ ബസ്സുകൾക്കുപകരം

പ്രവർത്തനച്ചെലവുകുറവുള്ള ഇലക്ട്രിക് ബസ്സുകളുപയോഗിച്ച് മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആയതിന്റെ ആദ്യപടിയായി 50 ഇലക്ട്രിക് ബസ്സുകൾ M/s.PMI Electro Mobility Solutions Pvt. Ltd. എന്ന സ്ഥാപനത്തിൽനിന്നും കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റിന് വാങ്ങുന്നതിനായി വിതരണ ഉത്തരവ് നൽകുകയും ടി സ്ഥാപനം 40 ബസ്സുകൾ ഇതുവരെ വിതരണം നടത്തിയിട്ടുമുണ്ട്. ടി ബസ് സിറ്റിയിലെ ഗതാഗതക്ലേശം കുറയ്ക്കുന്ന രീതിയിൽ സർവ്വീസ് നടത്തുന്നുണ്ട്. കൂടാതെ തിരുവനന്തപുരം സിറ്റി കോർപ്പറേഷന്റെ സ്മാർട്ട് സിറ്റി പദ്ധതിയിൽനിന്നും അനുവദിക്കുന്ന ഫണ്ടുപയോഗിച്ച് 125 ഇലക്ട്രിക് ബസ്സുകൾ വാങ്ങുന്നതിനുള്ള ദർഘാസ് ക്ഷണിച്ചിട്ടുണ്ട്.

<u>കമ്പ്യൂട്ടറൈസ്ഡ് വെഹിക്കിൾ ട്രാക്കിംഗ് ആൻഡ് മോണിറ്ററിംഗ് സിസ്റ്റം</u>

പൊതുജനങ്ങൾക്കും യാത്രക്കാർക്കും ഉപയോഗപ്രദമാകുന്ന രീതിയിൽ വിവരസാങ്കേതികവിദ്യയുപയോഗിച്ച് ഷെഡ്യൂളുകളുടേയും സർവ്വീസുകളുടേയും യഥാർത്ഥ സമയക്രമം നൽകുന്നതിനായി പാസഞ്ചർ ഇൻഫർമേഷൻ സിസ്റ്റം (PIS), വെഹിക്കിൾ ട്രാക്കിംഗ് സിസ്റ്റം (VLTS) എന്നിവ നടപ്പിലാക്കുന്നതിനായി ഒരു പദ്ധതി DIMTS (Delhi Integrated Multi-model Transit System)-നെ ഏൽപിച്ച് നടപടികൾ പുരോഗമിച്ചുവരുന്നു. ടി

പദ്ധതിയിൽ വരുന്ന പ്രധാന ഘടകങ്ങൾ പാസഞ്ചർ ഇൻഫർമേഷൻ സിസ്റ്റം (PIS), വെഹിക്കിൾ ലൊക്കേഷൻ ട്രാക്കിംഗ് സിസ്റ്റം (VLTS), Decision Support System, Control room monitoring system എന്നിവയാണ്. ടി പദ്ധതി പൂർണ്ണമായി നടപ്പിലാക്കി കഴിയുന്നതിലൂടെ താഴെപ്പറയുന്ന പ്രയോജനങ്ങൾ ലഭ്യമാകുന്നതാണ്.

പൊതുജനങ്ങൾക്കും യാത്രക്കാർക്കും മൊബൈൽ ആപ്ലിക്കേഷൻ ഉപയോഗിച്ച് ഷെഡ്യൂളുകളുടേയും സർവ്വീസുകളുടേയും യഥാർത്ഥ സമയക്രമം ഓൺലൈനായി ലഭ്യമാകും. വെഹിക്കിൾ ട്രാക്കിംഗ് സിസ്റ്റത്തിലൂടെ യാത്രക്കാർക്ക് ബസ്സുകളുടെ ലൊക്കേഷൻ ലൈവായിത്തന്നെ ലഭ്യമാകും. ബസ് Utilization, Mileage, Service സംബന്ധിച്ച വിവരങ്ങൾ എന്നിവ വിശകലനം ചെയ്യുവാൻ സാധിക്കും. ഇതിന്റെ ഭാഗമായി വെഹിക്കിൾ ലോക്കേഷൻ ട്രാക്കിംഗ് ഡിവൈസുകൾ വാങ്ങുവാനുള്ള പർച്ചേസ് ഓർഡർ നൽകുകയും അതിൻപ്രകാരം ബസ്സുകളിൽ ടി ഡിവൈസുകൾ ഘടിപ്പിക്കുന്ന നടപടികൾ പുരോഗമിച്ചുവരികയുമാണ്.

<u>GPRS, Bluetooth, RFID സംവിധാനമുള്ള ETM മെഷീനുകൾ</u>

Closed Loop Smart Card സംവിധാനം ഉപയോഗിക്കത്തക്ക വിധത്തിൽ GPRS Bluetooth, RFID സംവിധാനമുള്ള ETM മെഷീനുകൾ

വാങ്ങുന്നതിനുള്ള പർച്ചേഴ്സ് ഓർഡർ നൽകുകയും വിവിധ ഡിപ്പോകളിലേയ്ക്കും ടി മെഷീനുകളുടെ വിതരണം പുരോഗമിച്ചുവരികയുമാണ്. ഇത് നടപ്പിലാക്കി കഴിയുമ്പോൾ തത്സമയം ഓരോ ട്രിപ്പിലുമുള്ള യാത്രക്കാരുടെ എണ്ണം ഓൺലൈനായി അറിയുവാൻ സാധിക്കും. മാത്രമല്ല പ്രീ-പെയ്ഡ് കാർഡുപയോഗിച്ച് യാത്ര ചെയ്യുന്നതിനുള്ള സൗകര്യവും ഉണ്ടായിരിക്കുന്നതാണ്. കൂടാതെ ഓരോ ട്രിപ്പുകളുടേയും കളക്ഷൻ വിവരങ്ങളും ഓരോ ബസിന്റെയും വരുമാനം സംബന്ധിച്ച വിവരങ്ങളും ലഭ്യമാക്കുവാൻ സാധിക്കും. ആയതുവഴി ടി ട്രിപ്പ് ലാഭകരമാണോയെന്ന് വിശകലനം ചെയ്യുവാനും സാധിക്കും. വിവിധതരം പാസ്സുകളെ സ്മാർട്ട് കാർഡ് സംവിധാനത്തിലേയ്ക്ക് മാറ്റുവാനും കഴിയുന്നതാണ്.

ഓൺലൈൻ റിസർവ്വേഷൻ സംവിധാനം

കെ.എസ്.ആർ.ടി.സി.-യിലേയ്ക്ക് യാത്രക്കാരെ ആകർഷിക്കുന്നതിനും ടിക്കറ്റുകൾ മുൻകൂർ ബുക്ക് ചെയ്യുന്നതിനും പരിഷ്കരിച്ചതും കൂടുതൽ സൗകര്യങ്ങളോടുകൂടിയതുമായ ഓൺലൈൻ റിസർവ്വേഷൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഇതിലൂടെ യാത്രക്കാർക്ക് 30 ദിവസം മുൻകൂറായി ടിക്കറ്റുകൾ ബുക്ക് ചെയ്യാവുന്നതാണ്. മുൻകൂർ ടിക്കറ്റ് ബുക്കിംഗിനായി “ എന്റെ കെ.എസ്.ആർ.ടി.സി.” എന്ന മൊബൈൽ ആപ്ലിക്കേഷൻ

ആരംഭിച്ചിട്ടുണ്ട്. ടി ആപ്പുപയോഗിച്ചും യാത്രക്കാർക്ക് കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ ടിക്കറ്റ് ബുക്ക് ചെയ്യാൻ സാധിക്കുന്നതാണ്. ഒരു സ്ഥലത്തുനിന്നും മറ്റൊരു സ്ഥലത്തേയ്ക്ക് നേരിട്ട് ബസ് ലഭ്യമല്ലെങ്കിൽ, ' Link Ticket' എന്ന സംവിധാനത്തിലൂടെ യാത്രക്കാർക്ക് രണ്ട് ബസ്സുകളിലെയും ടിക്കറ്റ് ടി ആപ്പുമുഖേന ബുക്ക് ചെയ്യാൻ സാധിക്കും. കൂടുതൽ യാത്രക്കാരെ ആകർഷിക്കുന്നതിനായി ഓൺലൈൻ റിസർവേഷൻ ബുക്കിംഗ്ചാർജ് 30 രൂപയിൽനിന്നും പത്ത് രൂപയായി കുറച്ചിട്ടുണ്ട്. കൂടാതെ ' Group Ticket' Option മുഖേന നാലോ അതിലധികമോ യാത്രക്കാർ ഒരുമിച്ചുബുക്ക് ചെയ്യുമ്പോൾ ഒരു ടിക്കറ്റിന്റെ ബുക്കിംഗ് ചാർജ്ജായ പത്ത് രൂപ മാത്രം നൽകിയാൽ മതിയാകും. Round Ticket ബുക്ക് ചെയ്യുമ്പോൾ റിട്ടേൺ ടിക്കറ്റ് തുകയുടെ പത്ത് ശതമാനം ഇളവ് ലഭിക്കുന്നതാണ്. പുതുക്കിയ Cancellation Policy പ്രകാരം 72 മണിക്കൂറിനുമുമ്പ് ടിക്കറ്റ് കാൻസൽ ചെയ്യുമ്പോൾ മുഴുവൻ തുകയും യാത്രകാർക്ക് തിരികെ നൽകുന്നതാണ്. ടി ആപ്പിൽ കൂടുതൽ Payment Option-കൾ (UPI, Credit/Debit card, Net banking) ഏർപ്പെടുത്തിയിട്ടുണ്ട്.

ഇ-ഓഫീസ്

ഓഫീസ് പ്രവർത്തനങ്ങൾ സുഗമവും വേഗതയേറിയതും കാര്യക്ഷമവുമാക്കുന്നതിനായി ഇ-ഓഫീസ് സംവിധാനം കേരള സ്റ്റേറ്റ് ഐ.ടി. മിഷൻ/NIC എന്നിവയുമായി ചേർന്ന് നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. ആദ്യഘട്ടമെന്നനിലയിൽ കെ.എസ്.ആർ.ടി.സി.-യുടെ ചീഫ് ഓഫീസിൽ ടി സംവിധാനം നടപ്പിലാക്കുന്നതാണ്. ഇതിനാവശ്യമായ കമ്പ്യൂട്ടറും മറ്റനുബന്ധ ഉപകരണങ്ങളും ടെണ്ടർ നടപടികളിലൂടെ വാങ്ങിയിട്ടുണ്ട്. ഇ-ഓഫീസ് നടപ്പിലാക്കുമ്പോൾ കടലാസുപയോഗത്തിൽ ഗണ്യമായ കുറവുവരുന്നതാണ്. ത്രീടയർ മെയിന്റനൻസ് സംവിധാനം നടപ്പിൽവരുത്തി ബസ്സുകളുടെ മെയിന്റനൻസ് സമയബന്ധിതമായി പൂർത്തീകരിച്ച് നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ആയതിന് വർക്ക്ഷോപ്പുകളുടെ നവീകരണം, purchase of Tools and equipments എന്നിവ പ്ലാൻ ഫണ്ടുപയോഗിച്ച് നടത്തിവരുന്നു. മെയിന്റനൻസ് അഞ്ച് പ്രൊഡക്ഷൻ സെന്ററുകളും 22 ജില്ലാ/ സബ് ജില്ലാ വർക്ക്ഷോപ്പുകളിലും കേന്ദ്രീകരിക്കുന്നതിനും ഡിപ്പോ ഗ്യാരേജുകളിൽ പ്രതിദിന, പ്രതിവാര മെയിന്റനൻസുകൾ മാത്രം നിർവ്വഹിക്കുന്നതിനുള്ള ക്രമീകരണം ഏർപ്പെടുത്തിയിട്ടുണ്ട്. റിപ്പയർ ഷെഡ്യൂളിന്റെ അടിസ്ഥാനത്തിൽ ഫ്ലോട്ട് യൂണിറ്റുകൾ ലഭ്യമാക്കി മാറ്റുന്നതിന്

നടപടി സ്വീകരിച്ചുവരുന്നു. മെക്കാനിക്കൽ വിഭാഗം ജീവനക്കാരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് വാഹന നിർമ്മാതാക്കൾ മുഖാന്തരം ട്രെയിനിംഗ് നൽകിവരുന്നു. മെക്കാനിക്കൽ വിഭാഗം ജീവനക്കാരുടെ അദ്ധ്വാനഭാരം കുറച്ച് തദ്വാര ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിന് ആധുനിക ഉപകരണങ്ങൾ വാങ്ങി നൽകുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. കെ.എസ്.ആർ.ടി.സി. നേരിടുന്ന കടുത്ത സാമ്പത്തികപ്രതിസന്ധി നിമിത്തം വരവും ചെലവും തമ്മിലുള്ള അന്തരം കുറച്ച് സ്ഥാപനത്തിന്റെ പ്രവർത്തനകാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി 2021-22 സാമ്പത്തികവർഷത്തിൽ 2037.51 കോടി രൂപയും 2022-23 സാമ്പത്തികവർഷത്തിൽ നാളിതുവരെ 1069.22 കോടി രൂപയും വായ്പ ധനസഹായമായി സർക്കാർ അനുവദിച്ചിട്ടുണ്ട്. മാത്രമല്ല, വിവിധ പദ്ധതികളുടെ നടത്തിപ്പിനായി പദ്ധതി വിഹിതമായി 2021-22 സാമ്പത്തികവർഷത്തിൽ 87.21 കോടി രൂപയും 2022-23 സാമ്പത്തികവർഷത്തിൽ നാളിതുവരെ 5.69 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. 2021-22 സാമ്പത്തികവർഷത്തിൽ പദ്ധതി വിഹിതമായി അനുവദിച്ച 50 കോടി രൂപ വിനിയോഗിച്ച് മൾട്ടി ആക്സിലുൾപ്പെടെ 116 സൂപ്പർ ക്ലാസ് ബസ്സുകൾ വാങ്ങി കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ് മുഖാന്തരം

ദീർഘദൂരസർവ്വീസുകൾ നടത്തിവരുന്നുണ്ട്. ഇതിനുപുറമെ കിഫ്ബി ധനസഹായത്തോടെ 50 ഇലക്ട്രിക് ബസ്സുകൾ വാങ്ങുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തീകരിക്കുകയും ലഭ്യമായ 40 ബസ്സുകളുപയോഗിച്ച് സിറ്റി സർക്കുലർ സർവ്വീസും നടത്തുന്നുണ്ട്. ഇപ്രകാരം പുതിയ ബസ്സുകൾ നിരത്തിലിറക്കിയതുവഴി യാത്രക്കാർക്ക് മെച്ചപ്പെട്ട യാത്രാസൗകര്യങ്ങൾ പ്രദാനം ചെയ്യുന്നതോടൊപ്പം വരുമാനവർദ്ധനവും സാദ്ധ്യമായിട്ടുണ്ട്. 2022-23 കാലയളവിൽ പദ്ധതി വിഹിതമായി അനുവദിച്ച തുക പ്രധാനമായും ജീവനക്കാരുടെ പരിശീലനത്തിനും അടിസ്ഥാനസൗകര്യ വികസനം, വർക്ക്ഷോപ്പുകളുടെയും ഡിപ്പോകളുടെയും നവീകരണം, കമ്പ്യൂട്ടർവൽക്കരണം എന്നീ ആവശ്യങ്ങൾക്കായാണ് വിനിയോഗിച്ചത്. ഇതോടൊപ്പം സ്ഥാപനത്തെ പ്രവർത്തന ലാഭത്തിലെത്തിക്കുന്നതിനായി ഘട്ടംഘട്ടമായി കൂടുതൽ ബസ്സുകൾ നിരത്തിലിറക്കി സർവ്വീസ് നടത്തുന്നതോടൊപ്പം ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിനായി നിരവധി നൂതനപദ്ധതികളും ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നു. ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ഉപയോഗയോഗ്യമല്ലാത്ത ബസ്സുകൾ സ്റ്റാളുകളാക്കി മാറ്റി വിവിധ ഏജൻസികൾക്ക് വാടകയ്ക്ക് നൽകുന്ന ഷോപ്പ് ഓൺ വീൽസ്,

പൊതുജനങ്ങൾക്കുകൂടി കെ.എസ്.ആർ.ടി.സി. പമ്പുകളിൽനിന്നും ഇന്ധനം ലഭ്യമാക്കുന്നതിനായി യാത്രാഫ്യൂവൽസ്, മൂന്നാറിലെത്തുന്ന വിനോദസഞ്ചാരികൾക്ക് കുറഞ്ഞചെലവിൽ താമസസൗകര്യം ലഭ്യമാക്കുന്ന സ്ലീപ്പർ ഇൻ ബസ്, വിവിധ വിനോദസഞ്ചാരകേന്ദ്രങ്ങൾ ബന്ധപ്പെടുത്തിയുള്ള ടൂർപാക്കേജുകൾ, ല്യൂബ്രിക്കേറ്റിംഗ് ഓയിലുകൾ മിതമായ നിരക്കിൽ ലഭ്യമാക്കുന്ന ല്യൂബ് ഷോപ്പുകൾ, മത്സ്യവിപണനരംഗത്തെ തൊഴിലാളി സ്ത്രീകൾക്ക് പ്രയോജനപ്രദമായ സമുദ്ര, കെ.എസ്.ആർ.ടി.സി.-യുടെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളിൽ നിർമ്മിച്ച വാണിജ്യസമുച്ചയങ്ങൾ ദീർഘകാലാടിസ്ഥാനത്തിൽ വിവിധ സർക്കാർ, അർദ്ധസർക്കാർ സ്ഥാപനങ്ങൾക്ക് വാടകയ്ക്ക് നൽകുന്ന പദ്ധതിയും കെ.എസ്.ആർ.ടി.സി. ഡിപ്പോകളിൽ പാസഞ്ചർ ഇൻഫർമേഷൻ സിസ്റ്റം, ഹോർഡിംഗ്സ് എന്നിവ സ്ഥാപിച്ച് പരസ്യം നൽകുന്നതിലൂടെ അധികവരുമാനം ലഭ്യമാകുന്ന പദ്ധതി എന്നിവയുൾപ്പെടെ നിരവധി നൂതന പദ്ധതികളും സ്ഥാപനത്തിന്റെ പ്രവർത്തനകാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുവേണ്ടി ആസൂത്രണം ചെയ്തുനടപ്പിലാക്കുന്നുണ്ട്.

(സി) സർവ്വീസ് നടത്തുന്ന വിവിധതരം ബസ്സുകളുടെ ഏർണിംഗ് പെർ കിലോമീറ്റർ എത്രയാണെന്ന് വിശദമാക്കുമോ?

നവംബർ, ഡിസംബർ മാസങ്ങളിൽ ഏറ്റവും കൂടുതൽ കളക്ഷൻ ലഭിച്ച 28-11-2022 -ലെ ഇ.പി.കെ.എം., പട്ടികയായി ചുവടെ ചേർക്കുന്നു.

ഇ.പി.കെ.എം. പട്ടിക

| Service Type | EPKM of 28-11-2022 |
|---|---|
| Ordinary, LS Ordinary, Town to Town, City Ordinary, City Fast, Double Decker, Vestibule | 51.97 |
| City Circular & City Shuttle | 57.66 |
| JnNRUM Non A/C | 75.04 |
| Fast Passenger & LS Fast Passenger | 58.84 |
| Super Fast | 53.76 |
| Express | 43.84 |
| Deluxe | 52.49 |
| Scania | 77.07 |
| JnNRUM A/C | 73.05 |
| Swift Gajaraj Sleeper | 84.44 |
| Swift AC Seater | 55.42 |
| Swift Deluxe | 45.77 |
| Swift Electric | 42.89 |

## കെ.എസ്.ആർ.ടി.സി. സ്വിഫ്റ്റ്

332(2073) <u>ശ്രീ. സനീഷ്കുമാർ ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രസർക്കാരിന്റെ കോർപ്പറേറ്റ് കാര്യമന്ത്രാലയത്തിൽ കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ് കമ്പനി ഇൻകോർപ്പറേറ്റ് ചെയ്യുന്നതിലേയ്ക്ക്

അപേക്ഷ നൽകിയത് ആരെല്ലാമാണ്; ഇൻകോർപ്പറേഷനുവേണ്ടി സമർപ്പിച്ച രേഖകളെന്തൊക്കെ; ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ?

കെ.എസ്.ആർ.ടി.സി. ചെയർമാൻ & മാനേജിംഗ് ഡയറക്ടറുടെ പേരിലാണ് അപേക്ഷ സമർപ്പിച്ചത്. ആയതിനാൽ കെ.എസ്.ആർ.ടി.സി.-യുടെ ചെയർമാൻ ആൻഡ് മാനേജിംഗ് ഡയറക്ടറുടെ KYC വ്യക്തി വിവരങ്ങളും സർക്കാർ ഉത്തരവുകളും Permanent Account Number (PAN), Tax Deduction and Collection Account Number (TAN) പകർപ്പുകളും കമ്പനി ആക്ട് നിഷ്കർഷിക്കുന്നപ്രകാരം നൽകിയിട്ടുണ്ട്. പകർപ്പ് ശേഖരിച്ചുവരുന്നു.

(ബി) കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ് പ്രവർത്തിപ്പിക്കുന്നതിനായി ലൈസൻസുകളോ അനുമതികളോ ലഭിച്ചിട്ടുണ്ടോ; ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ?

ഉണ്ട്. പകർപ്പ് അനുബന്ധമായി ചേർക്കുന്നു.+

**കെ.എസ്.ആർ.ടി.സി. വസ്തുവകകൾ ലീസ്-വാടകയ്ക്ക് നൽകൽ**

333(2074) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) കെ.എസ്.ആർ.ടി.സി.-യുടെ പക്കലുള്ള പുതിയ ടയറുകൾ കെ.സ്വഫ്റ്റിന് നൽകുന്നുണ്ടോ; എങ്കിൽ ആരുടെ ഉത്തരവുപ്രകാരമാണെന്ന് വ്യക്തമാക്കുമോ?

ഉണ്ട്. കെ.എസ്.ആർ.ടി.സി.-യും കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റുമായുള്ള കരാർപ്രകാരമാണ്.

(ബി) കെ.എസ്.ആർ.ടി.സി.-യുടെ ഏതെങ്കിലും വസ്തുവകകൾ ലീസ് വ്യവസ്ഥയിൽ മറ്റേതെങ്കിലും സ്ഥാപനങ്ങൾക്കോ വ്യക്തികൾക്കോ നൽകിയിട്ടുണ്ടോ; എങ്കിൽ ആർക്കെല്ലാമാണെന്നും എത്ര വർഷത്തേയ്ക്കാണ് നൽകിയിട്ടുള്ളതെന്നും വെളിപ്പെടുത്താമോ?

ഉണ്ട്. കെ.എസ്.ആർ.ടി.സി.-യും കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റുമായുള്ള കരാർപ്രകാരമാണ്. കോർപ്പറേഷനുമായി 30 വർഷത്തേയ്ക്കും ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ, ഹിന്ദുസ്ഥാൻ പെട്രോളിയം കോർപ്പറേഷൻ എന്നീ കമ്പനികളുമായി ആദ്യം 20 വർഷത്തേയ്ക്കും പിന്നീട് പരസ്പര ധാരണപ്രകാരം അടുത്ത പത്തുവർഷത്തേയ്ക്കുകൂടി നീട്ടാവുന്ന വ്യവസ്ഥയിലും കരാറിലേർപ്പെട്ടിട്ടുണ്ട്.

(സി) കെ.എസ്.ആർ.ടി.സി. ആകെ എത്ര സ്ക്വയർ ഫീറ്റ് വാടകയ്ക്ക് നൽകിയിട്ടുണ്ടെന്നും പ്രതിമാസം ഒരു സ്ക്വയർ ഫീറ്റിന്റെ വാടക എത്രയെന്നും വ്യക്തമാക്കുമോ?

കെ.എസ്.ആർ.ടി.സി.-യുടെ ബസ്സ്റ്റേഷനുകളിലെ കെട്ടിടങ്ങൾ ലേലം/ടെണ്ടർ നടപടിയിലൂടെ ലൈസൻസ് ഫീ അടിസ്ഥാനത്തിൽ അനുവദിക്കുന്നുണ്ട്. കൂടാതെ ഒഴിഞ്ഞുകിടക്കുന്ന സ്ഥലം ലേലം/ടെണ്ടർ നടപടിയിലൂടെ കണ്ടെത്തുന്ന ലൈസൻസി താല്ക്കാലികകെട്ടിടം കെട്ടി കച്ചവടം നടത്തിവരുന്നു. ഇപ്രകാരം അനുവദിച്ചിട്ടുള്ള ആകെ സ്ഥലം 169433 ചതുരശ്ര അടിയാണ്. പ്രതിമാസം ചതുരശ്ര അടിക്ക് ശരാശരി 46.78/- രൂപ ലഭിച്ചുവരുന്നു.

(ഡി) കെ.എസ്.ആർ.ടി.സി. ആകെ എത്ര സ്ക്വയർഫീറ്റ് ലീസിന് നൽകിയിട്ടുണ്ട് എത്ര രൂപ സ്ക്വയർഫീറ്റിന് ലഭിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

കെ.എസ്.ആർ.ടി.സി. കെട്ടിടങ്ങൾ ലീസിന് നൽകിയിട്ടില്ല.

**കെ.എസ്.ആർ.ടി.സി. എൻ.പി.എസ്. ഫണ്ട്**

334(2075) <u>ശ്രീ. സനീഷ്കുമാർ ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനുവരി 2020-നും ഒക്ടോബർ 2022-നുമിടയിൽ കെ.എസ്.ആർ.ടി.സി.-യിൽ ഏതൊക്കെ വിഭാഗം ജീവനക്കാർ അധികമായി/കുറവായിയുണ്ടായിരുന്നുവെന്നത് എണ്ണമുൾപ്പടെ വ്യക്തമാക്കാമോ?

ജനുവരി 2020-ൽ 27277 ജീവനക്കാരും നവംബർ 2022-ൽ 25902 ജീവനക്കാരും കെ.എസ്.ആർ.ടി.സി.-യുടെ റോളിലുണ്ടായിരുന്നു. (വിവരം അനുബന്ധമായി ചേർക്കുന്നു.)+ 07-04-2022-ലെ കെ.എസ്.ആർ.ടി.സി. 411-ാം ഭരണസമിതി യോഗത്തിന്റെ തീരുമാനപ്രകാരം ജീവനക്കാരുടെ അംഗബലം ബസ്സുകളുടെ എണ്ണത്തിനനുസരിച്ച് ക്രമീകരിച്ചുവരികയാണ്.

(ബി) കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ ശമ്പളത്തിൽനിന്നും എൻ.പി.എസ്. ഇനത്തിൽ പിടിച്ചതുകയിലെത്ര രൂപ അടയ്ക്കാനുണ്ടെന്ന് വ്യക്തമാക്കാമോ; ഇത് എത്ര ദിവസത്തിനുള്ളിൽ പൂർണ്ണമായി എൻ.പി.എസ്. ഫണ്ടിലേയ്ക്കൊടുക്കുമെന്ന് വ്യക്തമാക്കുമോ?

ഒക്ടോബർ 31, 2022 വരെ ബാക്കി അടയ്ക്കാനുള്ളത് താഴെപ്പറയും പ്രകാരമാണ്:

ജീവനക്കാരുടെ വിഹിതം - 125,81,69,388/- രൂപ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മാനേജ്മെന്റ് വിഹിതം - 125,81,69,388/- രൂപ

ആകെ - 251,63,38,776/- രൂപ

എൻ.പി.എസ്. ഉൾപ്പെടെയുള്ള എൻ.ഡി.ആർ. കുടിശ്ശികകൾ അടച്ചുതീർക്കുന്നതിലേയ്ക്കായി കഴിഞ്ഞ സാമ്പത്തികവർഷത്തിലെ ബഡ്ജറ്റ് പ്രസംഗത്തിൽ 225 കോടി രൂപ പ്രഖ്യാപിച്ചിട്ടുണ്ട്. ഈ തുക ലഭിക്കുന്നമുറയ്ക്കുമാത്രമെ എൻ.പി.എസ്. കുടിശ്ശിക കോർപ്പറേഷന് അടക്കുവാൻ സാധിക്കുകയുള്ളു.

(സി) ജീവനക്കാരുടെ ശമ്പളത്തിൽനിന്നും എൻ.ഡി.ആർ. പിടിച്ചതുകയിൽ നിലവിലെത്ര രൂപ കെ.എസ്.ആർ.ടി.സി. പ്രസ്തുത സ്ഥാപനങ്ങളിൽ ഒടുക്കാനുണ്ട്; ഏതൊക്കെ സ്ഥാപനങ്ങളിൽ എത്ര രൂപയെന്ന് വ്യക്തമാക്കാമോ?

ജീവനക്കാരുടെ ശമ്പളത്തിൽനിന്നും എൻ.ഡി.ആർ. ഇനത്തിൽ പിടിച്ച തുകയിൽനിന്നും ഒടുക്കുവാനുള്ള കുടിശ്ശിക തുക സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

31-10-2022-ലെ കണക്കനുസരിച്ച്

| ധനകാര്യ സ്ഥാപനത്തിന്റെ പേര് | തുക (കോടിയിൽ) |
|---|---|
| എൽ.ഐ.സി. | 5.92 |
| ജി.ഐ.എസ്. | 7.20 |
| എസ്.എൽ.ഐ. | 11.15 |
| വിവിധ കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ | 1.76 |

| | |
|---|---|
| കെ.എസ്.ആർ.ടി.സി. സൊസൈറ്റികൾ | 29.12 |
| ബാങ്ക് / കെ.ടി.ഡി.എഫ്.സി. | 0.58 |
| കെ.എസ്.എഫ്.ഇ. | 0.93 |
| ആകെ | 56.66 |

## കെ.എസ്.ആർ.ടി.സി.-യുടെ സിംഗിൾ ഡ്യൂട്ടി പരിഷ്കരണം

335(2076) <u>ശ്രീ. ഡി. കെ. മുരളി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യുടെ സിംഗിൾ ഡ്യൂട്ടി പരിഷ്കരണം ഏതെല്ലാം ഡിപ്പോകളിൽ നടപ്പിലാക്കിയിട്ടുണ്ടെന്ന് വിശദമാക്കാമോ?

പ്രാരംഭഘട്ടമെന്ന നിലയിൽ തിരുവനന്തപുരം ജില്ലയിലെ പാറശ്ശാല ഡിപ്പോയിൽ 2022 ഒക്ടോബർ 1 മുതൽ പൈലറ്റ് പദ്ധതി നടപ്പിലാക്കുകയും 20-10-2022 മുതൽ പൂർണ്ണതോതിൽ നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. 2023 മാർച്ച് മാസത്തോടുകൂടി മുഴുവൻ യൂണിറ്റുകളിലും പ്രസ്തുത ഡ്യൂട്ടി പരിഷ്കരണം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ ത്വരിതഗതിയിൽ നടന്നുവരികയാണ്.

(ബി) എല്ലാ ഡിപ്പോകളിലും ഇത് നടപ്പിലാകുന്നതോടെ ഗ്രാമീണ മേഖലയിലുൾപ്പെടെയുള്ളവരുടെ യാത്രാക്ലേശം പൂർണ്ണമായും പരിഹരിക്കാനാകുമെന്ന് വിലയിരുത്തിയിട്ടുണ്ടോ?

മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് ആക്ട് 1961 പ്രകാരം ഡ്യൂട്ടികൾ ക്രമീകരിക്കുന്നതിലൂടെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി

സഹകരിച്ച് ആരംഭിച്ചിട്ടുള്ള ഗ്രാമവണ്ടി പദ്ധതിയിലൂടെയും മറ്റ് വിവിധ നടപടികളിലൂടെയും ക്രമേണ ഗ്രാമീണ മേഖലയിലെ യാത്രാക്ലേശം പൂർണ്ണമായും പരിഹരിക്കുന്നതിന് കഴിയുമെന്നും പ്രതീക്ഷിക്കുന്നു.

(സി) ഡിപ്പോകളിലെ സിംഗിൾ ഡ്യൂട്ടി പരിഷ്കരണം എന്നത്തേയ്ക്ക് പൂർത്തിയാകുമെന്ന് വിശദമാക്കാമോ?

മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് ആക്ട് 1961 പ്രകാരം ഡ്യൂട്ടികൾ ക്രമീകരിക്കുന്ന നടപടികൾ 2023 മാർച്ച് മാസത്തോടുകൂടി മുഴുവൻ യൂണിറ്റുകളിലും പൂർത്തീകരിക്കുന്നതിന് ലക്ഷ്യം വച്ചുകൊണ്ട് നടപടികൾ ത്വരിതഗതിയിൽ നടന്നുവരുന്നു.

## കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസ്

336(2077) <u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ്, കാഞ്ഞങ്ങാട് കെ.എസ്.ആർ.ടി.സി. ഡിപ്പോകളിൽ കോവിഡ് സാഹചര്യത്തിൽ നിർത്തലാക്കിയ സർവ്വീസുകൾ ഏതെല്ലാമാണെന്നും അതിൽ ഏതൊക്കെ സർവ്വീസുകൾ പുനരാരംഭിച്ചുവെന്നും വ്യക്തമാക്കാമോ?

കോവിഡാനന്തരം നിയന്ത്രണങ്ങൾ ലഘൂകരിച്ചതിനെത്തുടർന്ന് കാസർഗോഡ്, കാഞ്ഞങ്ങാട് ഡിപ്പോകളിൽനിന്നും കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ ഇതിനോടകം പുനരാരംഭിച്ചിട്ടുണ്ട്. സമഗ്ര പുനരുദ്ധാരണത്തിന്റെ ഭാഗമായി പ്രവർത്തനച്ചെലവുപോലും വഹിക്കാൻ കഴിയാത്ത സർവ്വീസുകളും ട്രിപ്പുകളും പുനഃക്രമീകരിച്ച് നടത്തുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. 2020 ജനുവരിയിൽ നടത്തിയിരുന്ന എല്ലാ സർവ്വീസുകളിലെയും പ്രധാന ട്രിപ്പുകൾ നടത്തുന്ന രീതിയിൽ പുനഃക്രമീകരിച്ച് സർവ്വീസുകൾ ഓപ്പറേറ്റ് ചെയ്തുവരുന്നുണ്ട്. കാസർഗോഡ് ഡിപ്പോയിലും കാഞ്ഞങ്ങാട് ഡിപ്പോയിലും നിർത്തിവച്ചിട്ടുള്ള സർവ്വീസുകളും പുനരാരംഭിച്ചിട്ടുള്ള സർവ്വീസുകളും ചുവടെ ചേർക്കുന്നു.

<u>കോവിഡ് സാഹചര്യത്തിൽ നിർത്തിവച്ച സർവ്വീസുകൾ</u>

<u>കാസർഗോഡ്</u>

| ക്രമ നം. | സമയം | സ്ഥലം |
|---|---|---|
| 1 | 09.30 | പുത്തൂർ |
| 2 | 10.19 | സുബ്രഹ്മണ്യ |
| 3 | 11.50 | സുള്ള്യ |
| 4 | 05.30 | പുത്തൂർ |
| 5 | 08.20 | സുള്ള്യ |
| 6 | 11.05 | ചിറ്റാരിക്കൽ |
| 7 | 11.20 | മംഗലാപുരം |

| | | |
|---|---|---|
| 8 | 12.35 | മാനസ |
| 9 | 12.15 | കാട്ടുകുക്കെ |
| 10 | 13.05 | നീലേശ്വരം (stay) |
| 11 | 14.00 | മംഗലാപുരം-നിലേശ്വരം (stay) |
| 12 | 13.00 | ചെറുപുഴ |
| 13 | 14.52 | പേരാവൂർ |
| 14 | 08.15 | ബേവൂരി |
| 15 | 17.00 | ജനശതാബ്ദി |
| 16 | 12.00 | അട്ടൂർ - മംഗലാപുരം |
| 17 | 13.20 | ചീക്കാട് - മംഗലാപുരം |

## യാത്രാവശ്യം പരിഗണിച്ച് പുനരാരംഭിച്ചവ

| ക്രമ നം. | സമയം | സ്ഥലം |
|---|---|---|
| 1 | 21.00 | കോഴിക്കോട് |
| 2 | 07.50 | പെരുമ്പാല |
| 3 | 08.00 | കല്ലംവളപ്പ് |
| 4 | 07.45 | കല്ലംവളപ്പ് |
| 5 | 08.00 | ചട്ടഞ്ചാൽ |

## കോവിഡ് സാഹചര്യത്തിൽ നിർത്തിവച്ച സർവ്വീസുകൾ

### കാഞ്ഞങ്ങാട്

| ക്രമ നം. | സമയം | സ്ഥലം |
|---|---|---|
| 1 | 05.20 | ചെറുപുഴ |
| 2 | 11.10 | കൊന്നക്കാട് |
| 3 | 14.50 | ബളാൽ |
| 4 | 07.00 | എരിക്കുളം |
| 5 | 06.20 | സുള്ള്യ - പാണത്തൂർ |
| 6 | 07.10 | സുള്ള്യ - പാണത്തൂർ |

| | | |
|---|---|---|
| 7 | 08.00 | സുള്ള്യ - പാണത്തൂർ |
| 8 | 14.05 | മംഗലാപുരം |
| 9 | 08.00 | രാവണീശ്വരം |
| 10 | 15.30 | പറശ്ശിനിക്കടവ് |
| 11 | 08.30 | സുള്ള്യ |

<u>യാത്രാവശ്യം പരിഗണിച്ച് പുനരാരംഭിച്ചവ</u>

| ക്രമ നം. | സമയം | സ്ഥലം |
|---|---|---|
| 1 | 13.20 | എളേരി |
| 2 | 08.00 | ഗുരുവനം |
| 3 | 07.50 | റാണിപുരം |

(ബി) പുനരാരംഭിക്കാൻ ബാക്കിയുള്ള സർവ്വീസുകളാരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

പുനരാരംഭിക്കാൻ ബാക്കിയുള്ള സർവ്വീസുകൾ യാത്രാവശ്യം പരിശോധിച്ച് പുനരാരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്. ഇതിനായി മാനവവിഭവശേഷി വർദ്ധിപ്പിക്കുന്നതിനും ഡ്യൂട്ടി സംവിധാനം ക്രമീകരിക്കുന്നതിനുമായി മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് ആക്ട് പ്രകാരം ഡ്യൂട്ടി സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിലെ പാറശ്ശാല ഡിപ്പോയിൽ ഡ്യൂട്ടി സംവിധാനം നടപ്പിലാക്കിയതിലൂടെ കൂടുതൽ സർവ്വീസ്/ട്രിപ്പുകളും അധികകിലോമീറ്ററും ഓപ്പറേറ്റ് ചെയ്യാൻ കഴിഞ്ഞിട്ടുണ്ട്. ഈ സംവിധാനം ഒരുക്കുന്നതിലൂടെ കാസർഗോഡ്, കാഞ്ഞങ്ങാട്

ഡിപ്പോയിൽ കൂടുതൽ ട്രിപ്പുകൾ ക്രമീകരിക്കുവാൻ സാധിക്കുന്നതാണ്. ഇതനുസരിച്ച് ടി യൂണിറ്റുകളിലെ ഷെഡ്യൂളുകൾ പുനഃക്രമീകരിച്ച് വരികയാണ്. കൂടാതെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് ഗ്രാമവണ്ടി പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. വരുമാനക്കുറവുമൂലം നടത്തുവാൻ കഴിയാത്ത റൂട്ടുകളിലെ പ്രധാന ട്രിപ്പുകൾ ഗ്രാമവണ്ടി പദ്ധതിയിലുൾപ്പെടുത്തി കൂടുതൽ സർവ്വീസുകളാരംഭിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

**പെരുമ്പാവൂർ ഡിപ്പോയിലെ കണ്ടക്ടർ ക്ഷാമം പരിഹരിക്കാൻ നടപടി**

337(2078) <u>ശ്രീ. പി. വി. ശ്രീനിജിൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിലെ പെരുമ്പാവൂർ ഡിപ്പോയിൽ കണ്ടക്ടർമാരുടെ കുറവുമൂലം സർവ്വീസുകൾ വെട്ടിച്ചുരുക്കിയ വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഇത്തരത്തിൽ എത്ര സർവ്വീസുകളാണ് മുടങ്ങിയിട്ടുള്ളതെന്ന് അറിയിക്കുമോ;

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ശബരിമല മഹോൽസവത്തോടനുബന്ധിച്ച് ബസും ജീവനക്കാരേയും താല്ക്കാലികമായി ശബരിമല ഡ്യൂട്ടിക്കായി ക്രമീകരിക്കേണ്ടിവന്നതിനാൽ

മൂന്ന് സർവ്വീസുകൾ 17-11-2021 മുതൽ താല്ക്കാലികമായി റദ്ദ് ചെയ്യേണ്ടിവന്നു. ഈ വിഷയം ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് ജീവനക്കാരെ ജില്ലാതലത്തിൽ ക്രമീകരിച്ച് അപാകത പരിഹരിച്ച് 19-11-2022 മുതൽ സർവ്വീസുകൾ പുനഃസ്ഥാപിച്ചിട്ടുണ്ട്.

(സി) കണ്ടക്ടർമാരെ നിയോഗിച്ച് സർവ്വീസുകൾ പുനരാരംഭിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

പെരുമ്പാവൂർ ഡിപ്പോയിൽ കണ്ടക്ടർമാരുടെ കുറവുമൂലം താല്ക്കാലികമായി നിർത്തിവച്ച മൂന്ന് സർവ്വീസുകൾ ജില്ലാതലത്തിൽ കണ്ടക്ടർമാരെ ക്രമീകരിച്ച് പുനരാരംഭിച്ചിട്ടുണ്ട്.

## കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ് ബസ്

338(2079) <u>ശ്രീ. എം. വിൻസെന്റ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ പ്ലാൻ ഫണ്ടുപയോഗിച്ച് കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റിന് ബസ് വാങ്ങിയത് ഏത് ഉത്തരവിന്റെ അടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കുമോ; പകർപ്പ് ലഭ്യമാക്കാമോ?

2021-22 പ്ലാൻ ഫണ്ടുപയോഗിച്ച് കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റിനായി 116 ബസ്സുകൾ വാങ്ങിയത് 28-10-2021-ലെ സ.ഉ. (സാധാ)

നം.369/2021/ഗതാഗതം, 22-12-2021-ലെ സ.ഉ.(സാധാ)നം.461/2021/ഗതാഗതം, 04-03-2022-ലെ സ.ഉ.(സാധാ)നം.95/2022/ഗതാഗതം എന്നീ ഉത്തരവുകളുടെ അടിസ്ഥാനത്തിലാണ്. ആയതിന്റെ പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു.+

(ബി) കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റും കെ.എസ്.ആർ.ടി.സി.-യും തമ്മിൽ കരാറുകളോ ധാരണാപത്രമോ ഉണ്ടാക്കിയിട്ടുണ്ടോ; എങ്കിൽ പകർപ്പ് ലഭ്യമാക്കുമോ?

ഉണ്ട്. പകർപ്പ് അനുബന്ധമായി ചേർക്കുന്നു.+

**പുതുതായി ആരംഭിച്ച സർവ്വീസുകൾ**

339(2080) **ശ്രീ. ഇ. കെ. വിജയൻ**: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അയ്യപ്പഭക്തരുടെ യാത്രാസൗകര്യം കണക്കിലെടുത്ത് കെ.എസ്.ആർ.ടി.സി. പുതുതായാരംഭിച്ച സർവ്വീസുകൾ ഏതൊക്കെയെന്ന് വിശദമാക്കാമോ?

ശബരിമല അയ്യപ്പഭക്തരുടെ സൗകര്യാർത്ഥം പമ്പ-നിലയ്ക്കൽ ചെയിൻ സർവ്വീസിനായി 200 ബസ്സുകളും പമ്പയിൽനിന്നും ദീർഘദൂര

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അന്തർസംസ്ഥാന സർവ്വീസുകൾക്കായി 48 ബസ്സുകളും ഇതിനുപരിയായി 154 ബസ്സുകൾ വിവിധ സ്പെഷ്യൽ സെന്ററുകളിൽനിന്നും തിരക്കിനനുസരിച്ചും ഓപ്പറേറ്റ് ചെയ്യുന്നുണ്ട്. കൂടാതെ അയ്യപ്പഭക്തരുടെ തിരക്കനുസരിച്ച് വിവിധ യൂണിറ്റുകൾ എല്ലാദിവസവും ഓപ്പറേറ്റ് ചെയ്തുവരുന്ന ശബരിമല സ്പെഷ്യൽ സർവ്വീസുകളുടെ വിവരം അനുബന്ധമായി ചേർക്കുന്നു.+ കൂടാതെ കെ.എസ്.ആർ.ടി.സി.-യുടെ എല്ലാ യൂണിറ്റുകളിൽനിന്നും 40-ൽ അധികം യാത്രക്കാർ ഗ്രൂപ്പായി ആവശ്യപ്പെട്ടാൽ പമ്പയിലേയ്ക്കും തിരിച്ചും സ്പെഷ്യൽ സർവ്വീസ് നടത്തുന്നതിന് അനുമതി നൽകിയിട്ടുള്ളതിൻപ്രകാരം ദൈനംദിനം ശരാശരി 20 ഇത്തരം അധികം സർവ്വീസുകൾ നടത്തിവരുന്നുണ്ട്.

## കൊല്ലം കെ.എസ്.ആർ.ടി.സി. ഡിപ്പോ കെട്ടിടത്തിന്റെ ശോചനീയാവസ്ഥ

340(2081) ശ്രീ. എം. മുകേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം കെ.എസ്.ആർ.ടി.സി. ഡിപ്പോയുടെ സമഗ്രവികസനത്തിനായി കിഫ്ബി ധനസഹായത്തോടെയുള്ള പദ്ധതിയുടെ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഡി.പി.ആർ. തയ്യാറാക്കുന്നതിന് കാലതാമസം നേരിടുന്നതിന്റെ കാരണം വിശദമാക്കുമോ?

കൊല്ലം കെ.എസ്.ആർ.ടി.സി. ഡിപ്പോയുടെ സമഗ്രവികസനത്തിനായി DPR തയ്യാറാക്കുന്നതിന് മുന്നോടിയായി KIIFB-യുടെ കൺസൾട്ടന്റായ IFC എന്ന സ്ഥാപനത്തെ ഫീസിബിലിറ്റി സ്റ്റഡി നടത്തുന്നതിനായി ഏൽപ്പിച്ചിട്ടുണ്ട്. Feasibility study പൂർത്തിയായി DPR ലഭിച്ചതിനുശേഷം ഇക്കാര്യത്തിൽ KIIFB-യുടെ സഹായത്തോടെ പുതിയ പ്രപ്പോസലുമായി മുന്നോട്ടുപോകുവാൻ തീരുമാനിച്ചിട്ടുള്ളത്.

(ബി) കൊല്ലം കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിയോജകമണ്ഡല ആസ്തി വികസന നിധിയിൽനിന്നും തുക വിനിയോഗിച്ച് ഒരു പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസൽ സമർപ്പിച്ചിരുന്നെങ്കിലും സമഗ്രവികസനത്തിനായുള്ള ഒരു ബൃഹത് പദ്ധതിയാണ് നടപ്പിലാക്കാനുദ്ദേശിക്കുന്നതെന്ന കാരണത്താൽ പ്രസ്തുത പ്രൊപ്പോസൽ നിരസിക്കപ്പെട്ടിരുന്നുവെന്നാൽ ഈ പദ്ധതി അനിശ്ചിതമായി നീളുന്നതിനാൽ ഡിപ്പോ കെട്ടിടത്തിന്റെ അപകടാവസ്ഥ കണക്കിലെടുത്ത് നിയോജകമണ്ഡല ആസ്തി വികസന നിധിയിൽനിന്നും തുക വിനിയോഗിച്ച് ഒരു പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി നേരത്തേ സമർപ്പിക്കപ്പെട്ട

പ്രൊപ്പോസൽ പുന:പരിശോധിക്കുന്നതിന് തയ്യാറാകുമോയെന്ന് വിശദമാക്കുമോ?

എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടിൽനിന്നും ഒരു കോടി രൂപയ്ക്ക് Canteen Building പൊളിച്ചുമാറ്റി പുതിയ ഇരുനില കെട്ടിടം സ്ഥാപിക്കുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടെങ്കിലും ക്യാന്റീൻ ബിൽഡിംഗ് പൊളിച്ചുമാറ്റി പുതിയ ഇരുനില കെട്ടിടം നിർമ്മിക്കുന്നത് ഡിപ്പോയുടെ പുതിയ പ്രൊപ്പോസൽ പ്രകാരമുള്ള പ്രവർത്തനത്തിന് തടസ്സമായികാണുന്നു. കൊല്ലം മാസ്റ്റർപ്ലാൻ അടിസ്ഥാനപ്പെടുത്തി സമഗ്ര വികസനത്തിന് നൽകുന്ന പദ്ധതിയാണ് പുതിയ പ്രൊപ്പോസൽ വഴി KSRTC വിഭാവനം ചെയ്യുന്നത്. KSRTC ഡിപ്പോകളുടെ ആധുനികവൽക്കരണത്തിന് അനുസൃതമായും അഷ്ടമുടികായലിന്റെ തീരത്ത് സ്ഥിതിചെയ്യുന്ന കൊല്ലം ഡിപ്പോയിൽ ടൂറിസം വികസന സാദ്ധ്യതകളും വാണിജ്യസാദ്ധ്യതകളുംകൂടി സമന്വയിപ്പിച്ച് നവീകരണം ചെയ്യുന്നതിന്റെ ഭാഗമായിട്ടാണ് പുതിയ പ്രൊപ്പോസലുമായി മുന്നോട്ടുപോകുവാൻ തീരുമാനിച്ചിട്ടുള്ളത്.

## കെ.എസ്.ആർ.ടി.സി.-യിൽ സി.എൻ.ജി.-യിലേക്ക് പരിവർത്തനം ചെയ്യപ്പെട്ട ബസ്സുകൾ

341(2082) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യുടെ ഡീസൽ ബസ്സുകളിൽ സി.എൻ.ജി.-യിലേയ്ക്ക് പരിവർത്തനം ചെയ്ത് സർവ്വീസ് നടത്തുന്ന എത്ര ബസ്സുകളുണ്ടെന്ന് വിശദമാക്കാമോ?

കെ.എസ്.ആർ.ടി.സി.-യുടെ അഞ്ച് ഡീസൽ ബസ്സുകളുടെ കൺവേർഷൻ പൂർത്തീകരിച്ചിട്ടുണ്ട്. ആയതിൽ രണ്ട് ബസ്സുകൾ ആലുവ യൂണിറ്റിൽനിന്നും സർവ്വീസ് നടത്തിവരുന്നു. ബാക്കി മൂന്ന് ബസ്സുകളിൽ രണ്ടെണ്ണം സർവ്വീസാരംഭിക്കുന്നതിന് സജ്ജമായിട്ടുണ്ട്. ഒരു ബസിന്റെ കൺവെർഷൻ പൂർത്തീകരിച്ച് RC endorsement നടപടിക്രമം നടന്നുവരുന്നു.

(ബി) സി.എൻ.ജി.-യിലേയ്ക്ക് പരിവർത്തനം നടത്തിയ ബസ്സുകളുടെ പ്രവർത്തനക്ഷമത വിലയിരുത്തിയിട്ടുണ്ടോ; ആയതിന്റെ സാമ്പത്തിക ലാഭം എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

സി.എൻ.ജി.-യിലേയ്ക്ക് പരിവർത്തനം നടത്തി സർവ്വീസ് നടത്തിവരുന്ന ബസ്സുകളുടെ പ്രവർത്തനക്ഷമത വിലയിരുത്തിവരുന്നു. നിലവിൽ ലഭ്യമായിട്ടുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| Sl. No. | Bus No. | Period | KM operate | CNG used | Km/ Kg | Previous HSD KMPL of Bus |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 1 | RSK 168 | 09-06-22 to 28-11-22 | 35092 | 8292.5 | 4.23 | 4.35 |
| 2 | RSA 53 | 14-10-22 to 28-11-22 | 12572 | 3306.6 | 3.80 | 4.07 |

മേൽ ബസ്സുകളുടെ പ്രാഥമിക വിലയിരുത്തൽ മാത്രമാണ് നടന്നുവരുന്നത്. വിശദമായ വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ മാത്രമെ സാമ്പത്തികലാഭം കണക്കാക്കാൻ സാധിക്കുകയുള്ളൂ. നിലവിൽ എറണാകുളത്ത് ഡീസലും സി.എൻ.ജി.-യും തമ്മിലുള്ള വില വ്യത്യാസം 3.70 (Retail HSD നിരക്കുമായി) രൂപ മാത്രമാണ്.

**താമരശ്ശേരി കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽനിന്ന് അയച്ച ഫയലിന്മേലുള്ള നടപടി**

342(2083) ഡോ. എം. കെ. മുനീർ: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

താമരശ്ശേരി കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽനിന്ന് തിരുവനന്തപുരം കെ.എസ്.ആർ.ടി.സി. ചീഫ് ഓഫീസിലേയ്ക്കയച്ച 07-04-2022-ലെ ജി1/956/2022/ടി.എസ്.വൈ. എന്ന ഫയലിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ?

ജി1/956/2022/ടി.എസ്.വൈ. എന്ന റിപ്പോർട്ടുപ്രകാരം കോഴിക്കോട്-അടിവാരം റൂട്ടിൽ വെണ്ണക്കാട് എന്ന സ്ഥലത്ത് പുതുതായി ബസ്സ്റ്റോപ്പ്

അനുവദിക്കുന്നത് ഗുണകരമല്ലാത്തതിനാൽ ടി ഫയലിൽ കെ.എസ്.ആർ.ടി.സി ചീഫ് ഓഫീസിൽനിന്നും മറ്റ് തുടർനടപടികൾ സ്വീകരിച്ചിട്ടില്ല.

## മൂന്നാർ കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽനിന്ന് തമിഴ്നാട്ടിലേയ്ക്ക് കെ-സ്വിഫ്റ്റ് സർവ്വീസ്

343(2084) ശ്രീ. എ. രാജ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിലെ മൂന്നാർ കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽനിന്നും തമിഴ്നാട്ടിലേയ്ക്ക് കെ-സ്വിഫ്റ്റ് സർവ്വീസാരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഇടുക്കി ജില്ലയിലെ മൂന്നാർ കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽനിന്നും തമിഴ്നാട്ടിലേയ്ക്ക് കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ് സർവ്വീസാരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല.

(ബി) മൂന്നാറിൽനിന്നും നിലവിൽ ഏതൊക്കെ സ്ഥലങ്ങളിലേയ്ക്ക് കെ-സ്വിഫ്റ്റ് സർവ്വീസ് നടത്തുന്നുണ്ട്; അറിയിക്കുമോ?

മൂന്നാറിൽനിന്നും ബാംഗ്ലൂരിലേയ്ക്ക് രണ്ട് കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ് ബസ്സുപയോഗിച്ച് സർവ്വീസ് നടത്തുന്നുണ്ട്.

(സി) തമിഴ്നാട്ടിലേയ്ക്ക് സർവ്വീസ് നടത്തേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അന്തർസംസ്ഥാന കരാർപ്രകാരമാണ് അയൽസംസ്ഥാനങ്ങളിലേയ്ക്ക് സർവ്വീസ് നടത്തിവരുന്നത്. നിലവിൽ മൂന്നാറിൽനിന്നും തമിഴ്നാട്ടിലെ വിവിധ സ്ഥലങ്ങളായ ഉദുമൽപേട്ട്, തേനി തുടങ്ങിയ സ്ഥലങ്ങളിലേയ്ക്ക് സർവ്വീസ് നടത്തിവരുന്നുണ്ട്.

**പയ്യന്നൂർ കെ.എസ്.ആർ.ടി.സി. ബസ്സ്റ്റാൻഡ് ഷോപ്പിംഗ് കോംപ്ലക്സ്**

344(2085) <u>ശ്രീ. ടി. ഐ. മധുസൂദനൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ കെ.എസ്.ആർ.ടി.സി. ബസ്സ്റ്റാൻഡ് ഷോപ്പിംഗ് കോംപ്ലക്സിൽ എത്രമുറികളാണ് ഒഴിഞ്ഞുകിടക്കുന്നതെന്ന് അറിയിക്കുമോ?

17 മുറികളാണ് ഒഴിഞ്ഞുകിടക്കുന്നത്.

(ബി) വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന പയ്യന്നൂർ സബ്ബ് ആർ.റ്റി. ഓഫീസ് കെ.എസ്.ആർ.ടി.സി.-യുടെ ഷോപ്പിംഗ് കോംപ്ലക്സിലേയ്ക്ക് മാറ്റാൻ സർക്കാർതലത്തിൽ തീരുമാനമെടുത്തിട്ടുണ്ടോ; വ്യക്തമാക്കുമോ?

തീരുമാനമെടുത്തിട്ടില്ല. പ്രസ്തുത വിഷയം പരിഗണനയിലാണ്.

(സി) പയ്യന്നൂർ സബ് ആർ.റ്റി. ഓഫീസ് പ്രവർത്തിക്കുന്ന വാടക കെട്ടിടത്തിന് പ്രതിമാസം എത്ര രൂപയാണ് വാടകയിനത്തിൽ നൽകുന്നതെന്ന് അറിയിക്കുമോ?

പയ്യന്നൂർ സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസിന്റെ വാടക നിശ്ചയിക്കുന്നതിനുള്ള നടപടികൾ പൊതുമരാമത്ത് വകുപ്പുമായി ചേർന്ന് സ്വീകരിച്ചുവരികയാണ്.

(ഡി) പയ്യന്നൂർ കെ.എസ്.ആർ.ടി.സി. ഷോപ്പിംഗ് കോംപ്ലക്സിൽ ഒഴിവുള്ള മുറികൾ, വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സർക്കാർ ഓഫീസുകളുടെ ആവശ്യത്തിനായി ഉപയോഗപ്പെടുത്തി തനതുവരുമാനം വർദ്ധിപ്പിക്കുന്നതിനാവശ്യമായ നടപടി പരിഗണനയിലുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. നിലവിൽ ഒഴിഞ്ഞുകിടക്കുന്ന കടമുറികൾ സർക്കാർ, അർദ്ധ സർക്കാർ, സ്ഥാപനങ്ങൾ ആവശ്യപ്പെടുന്നമുറയ്ക്ക് നിയമാനുസരണം അനുവദിച്ചുനൽകുന്നതാണ്.

**കെ.എസ്.ആർ.ടി.സി. സ്വിഫ്റ്റിന് വാങ്ങിയ ഇലക്ട്രിക് ബസ്സുകൾ**

345(2086) <u>ശ്രീ. എം. വിൻസെന്റ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. സ്വിഫ്റ്റിന് വാങ്ങിയ ഇലക്ട്രിക്ക് ബസ്സുകൾ ടെണ്ടർ ക്ഷണിച്ചാണോ വാങ്ങിയതെന്നും എത്ര കമ്പനികൾ ടെണ്ടറിൽ പങ്കെടുത്തുവെന്നും ഓരോ കമ്പനിയും ക്വാട്ട് ചെയ്ത തുക സഹിതം വിശദമാക്കുമോ?

കേരള സർക്കാരിന്റെ ഇ-ടെണ്ടർ പോർട്ടൽ മുഖേന two bid system പ്രകാരം ഇ-ദർഘാസ് ക്ഷണിച്ചാണ് ഇലക്ട്രിക് ബസ് വാങ്ങിയത്. 9 മീറ്റർ Non AC ഇലക്ട്രിക് ബസ്സുകൾ വാങ്ങുന്നതിന് ക്ഷണിച്ച ഇ-ദർഘാസിൽ പങ്കെടുത്ത സ്ഥാപനങ്ങൾ ക്വാട്ട് ചെയ്ത വില വിവരം ചുവടെ ചേർക്കുന്നു.

| ടെണ്ടറിൽ പങ്കെടുത്ത സ്ഥാപനങ്ങൾ | വാഗ്ദാനം ചെയ്ത തുക (GST ഉൾപ്പെടെ) |
|---|---|
| M/s.Tata Motors Ltd. | Rs.1,10,31,773.55 |
| M/s.JBM Auto Ltd. | Rs.1,13,00,835.00 |
| M/s.PMI Electro Mobility Solutions Pvt. Ltd. | Rs.94,53,986.00 |
| M/s.VE Commercial Vehicles Ltd. | Rs.95,20,000.00 |
| M/s. Switch Mobility Automotive Ltd. | Rs.1,17,65,000.00 |

ഏറ്റവും കുറഞ്ഞ വില വാഗ്ദാനം ചെയ്ത് L1 സ്ഥാനത്തുവന്ന M/s. PMI Electro Mobility Solutions Pvt. Ltd.-മായി വിലപേശൽ നടത്തിയതിനുശേഷമുള്ള അന്തിമവില 92,43,986/- രൂപയാണ് (GST ഉൾപ്പെടെ).

(ബി) കെ.എസ്.ആർ.ടി.സി. സ്വിഫ്റ്റ് കമ്പനിക്ക് ബസ്സുകൾ വാങ്ങുന്നതിന് ടെണ്ടർ പുറപ്പെടുവിച്ചത് കെ.എസ്.ആർ.ടി.സി.-യാണോ അതോ സ്വിഫ്റ്റ് കമ്പനിയാണോ; പ്രസ്തുത ടെണ്ടർ അംഗീകരിച്ച് നൽകിയതാരാണെന്നും ഉത്തരവിന്റെ പകർപ്പും ലഭ്യമാക്കുമോ?

കെ.എസ്.ആർ.ടി.സി.-യാണ് ടെണ്ടർ പുറപ്പെടുവിച്ചത്. കെ.എസ്.ആർ.ടി.സി.-യുടെ ഭരണസമിതിയാണ് ടെണ്ടർ അംഗീകരിച്ചത്. ആയതിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.+

## കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ് - പുതിയ ഇലക്ട്രിക്ക് ബസ്സുകളുടെ ഗുണനിലവാരം

346(2087) <u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. സ്വിഫ്റ്റിന് പുതിയ ഇലക്ട്രിക് ബസ്സുകൾ വാങ്ങുന്നതിനുമുന്നോടിയായി മാനേജ്മെന്റ് വിദഗ്ധസമിതിയെകൊണ്ട് പരിശോധിപ്പിച്ചിട്ടുണ്ടോ; എങ്കിൽ സമിതിയിലെ അംഗങ്ങളുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ; ടി ഇലക്ട്രിക് ബസ്സുകൾ വാങ്ങുന്നതിനുമുമ്പ് ഗുണനിലവാരം പരിശോധിച്ച വിദഗ്ധസമിതിയുടെ റിപ്പോർട്ട് ലഭ്യമാക്കാമോ?

ഉണ്ട്. അംഗങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

1.) Prototype evaluation 1st സമിതി അംഗങ്ങൾ

a. എക്സിക്യൂട്ടീവ് ഡയറക്ടർ (മെയിന്റനൻസ് & വർക്സ്)

b. അസിസ്റ്റന്റ് വർക്ക്സ് മാനേജർ (മെയിന്റനൻസ്), കണ്ണൂർ

c. മാനേജർ (മെയിന്റനൻസ് & വർക്സ്)

2) Prototype evaluation 2nd സമിതി അംഗങ്ങൾ

a. ഡെപ്യൂട്ടി ജനറൽ മാനേജർ (KSRTC-SWIFT)

b. അസിസ്റ്റന്റ് വർക്ക്സ് മാനേജർ (RID), സെൻട്രൽ വർക്ക്സ്.

c. മാനേജർ (മെയിന്റനൻസ് & വർക്സ്)

3) Pre delivery Inspection സമിതി അംഗങ്ങൾ

a. കൺട്രോളർ ഓഫ് പർച്ചേസ് & സ്റ്റോഴ്സ്

b. അസിസ്റ്റന്റ് ഡിപ്പോ എഞ്ചിനീയർ, സെൻട്രൽ വർക്ക്സ്

റിപ്പോർട്ട് അനുബന്ധമായി ചേർക്കുന്നു.+

(ബി) കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ് ഇലക്ട്രിക് ബസ്സുകൾ വാങ്ങിയതിനുശേഷം കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ് കമ്പനി ബസ്സുകളുടെ ഗുണനിലവാരം വിദഗ്ധസമിതിയെക്കൊണ്ട് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ റിപ്പോർട്ടിന്റെ പകർപ്പും വിദഗ്ധസമിതി അംഗങ്ങളുടെ വിശദാംശങ്ങളും വ്യക്തമാക്കുമോ?

കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ് ഇലക്ട്രിക് ബസ്സുകൾ വാങ്ങിയതിനുശേഷം പ്രസ്തുത ബസ്സുകൾ കെ.എസ്.ആർ.ടി.സി.-യിൽ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നിന്നുള്ള ഉദ്യോഗസ്ഥർ ടെണ്ടർ വ്യവസ്ഥകൾപ്രകാരമുള്ള നിലവാരം പരിശോധിക്കുകയും റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. (റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.+) ദർഘാസ് വ്യവസ്ഥപ്രകാരം ടി ബസ്സുകളുടെ മൂന്നുമാസത്തെ പ്രവർത്തനനിലവാരം പരിശോധിക്കുന്നതിന് കെ.എസ്.ആർ.ടി.സി.-യിലെയും കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റിലെയും ഉദ്യോഗസ്ഥരെയുൾപ്പെടുത്തി ഒരു സമിതിയെ നിയോഗിക്കുകയും ടി സമിതി ബസ്സുകളുടെ പ്രവർത്തനം വിലയിരുത്തുകയും ചെയ്തിട്ടുണ്ട്. (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.+) ടി സമിതി വിലയിരുത്തിയതിൽ ഈ ബസ്സുകൾ താഴെ സൂചിപ്പിച്ചിട്ടുള്ള പ്രധാന പരാമീറ്ററുകൾ തൃപ്തികരമായി പിന്തുടരുന്നുവെന്ന് ബോദ്ധ്യപ്പെടുത്തിയിട്ടുണ്ട്.

| Sl. No. | Criteria | As per NIT | Performance Complied Y/N |
|---|---|---|---|
| 1 | Range of the bus in single charge | >120 Kms | Yes |
| 2 | Charging Time | Charging time not to exceed 2 hrs 30 minutes, for full charge. | Yes (Average 1 Hr 10 Mins. to 1 Hr 40 Minutes) |
| 3 | Energy Consumption | <1.0 KWh | Yes (0.48 to 0.77 KWh) |

കൂടാതെ ഈ ബസ്സുകൾക്ക് മറ്റുവിധത്തിലുള്ള ഗുരുതരമായ തകരാറുകൾ ഒന്നുംതന്നെ കാണപ്പെടുന്നില്ലെന്നും റിപ്പോർട്ടിൽ സൂചിപ്പിക്കുന്നു. ടി

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കമ്പനിയുടെ 30 ഇലക്ട്രിക് ബസ്സുകൾ ഹിമാചൽപ്രദേശ് ട്രാൻസ്പോർട്ട് കോർപ്പറേഷന് ജൂൺ 2019-നുള്ളിൽ വിതരണം ചെയ്തുവെന്നും ഇവ തൃപ്തികരമായി പ്രവർത്തിക്കുന്നുവെന്നും റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്. ഈ ബസ്സുകൾക്ക് കേന്ദ്ര മോട്ടോർവാഹന നിയമം 1989-ലെ നിബന്ധനകൾക്കുവിധേയമായി കേന്ദ്ര ടെസ്റ്റിംഗ് ഏജൻസിയായ iCAT (International Centre for Automotive Technology) പരിശോധിച്ച് Type approval സർട്ടിഫിക്കറ്റ് നല്കിയിട്ടുള്ളതാണ്. കേരളാ മോട്ടോർവാഹന വകുപ്പ്, പ്രസ്തുത സർട്ടിഫിക്കറ്റ് പരിശോധന വിധേയമാക്കിയാണ് കേരളത്തിൽ ഈ വാഹനം രജിസ്റ്റർ ചെയ്തിട്ടുള്ളത്.

**പങ്കാളിത്ത പെൻഷൻ വിഹിതം**

347(2088) <u>ശ്രീമതി കെ. കെ. രമ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യിൽ സംസ്ഥാനത്താകെ എത്ര ജീവനക്കാരാണ് ജോലി ചെയ്യുന്നത്; തസ്തിക തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

കെ.എസ്.ആർ.ടി.സി.-യിലെ സ്ഥിരം ജീവനക്കാരുടെ ആകെ എണ്ണം- 25902. തസ്തിക തിരിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു.+ കൂടാതെ താല്ക്കാലിക ജീവനക്കാരുടെ എണ്ണം ചുവടെ ചേർക്കുന്നു.

കാഷ്വൽ ജീവനക്കാർ - 500

ബസ് വാഷിംഗ് ജീവനക്കാർ - 336

(ബി) ഈ ജീവനക്കാരിൽ സ്റ്റാറ്റ്യൂട്ടറി പെൻഷനർഹതയുള്ളവരുടെയും പങ്കാളിത്തപെൻഷൻ പദ്ധതിയിലുൾപ്പെടുന്നവരുടെയും എണ്ണം എത്രയെന്ന് അറിയിക്കുമോ?

എൻ.പി.എസ്. - 9201 എണ്ണം

സ്റ്റാറ്റ്യൂട്ടറി പെൻഷൻ - 16701 എണ്ണം

(സി) പങ്കാളിത്തപെൻഷൻ പദ്ധതിയിലുൾപ്പെട്ട ജീവനക്കാരുടെ ശമ്പളത്തിൽനിന്നും പെൻഷൻ പദ്ധതിയിലേയ്ക്കായി 2022 ഒക്ടോബർ മാസത്തിൽ കോർപ്പറേഷൻ പിടിച്ച ആകെത്തുകയും മാനേജ്മെന്റ് വിഹിതമായി അടയ്ക്കേണ്ട തുകയും എത്രവീതമെന്ന് അറിയിക്കുമോ?

ജീവനക്കാരുടെ വിഹിതം - 2,69,93,378/- രൂപ

മാനേജ്മെന്റ് വിഹിതം - 2,69,93,378/- രൂപ

(ഡി) പങ്കാളിത്തപെൻഷൻ പദ്ധതി ആരംഭിച്ച നാൾ മുതൽ നാളിതുവരെ ജീവനക്കാരിൽനിന്നും പിടിച്ചതുകയും മാനേജ്മെന്റ് വിഹിതവും

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

യഥാസമയം എൻ.പി.എസ്. ട്രസ്റ്റിൽ അടച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്നുമുതൽക്കുള്ള തുകയാണ് ട്രസ്റ്റിലേയ്ക്ക് അടയ്ക്കാനുള്ളത്, ആകെയെത്ര തുകയാണ് ഈയിനത്തിൽ കോർപ്പറേഷൻ അടയ്ക്കാൻ ബാക്കിയുള്ളത്, വിശദാംശങ്ങൾ ലഭ്യമാകുമോ?

അടച്ചതുകയുടെ വിവരം ചുവടെ ചേർക്കുന്നു.+

(2014 ആഗസ്റ്റ് മുതൽ 2022 ഒക്ടോബർ വരെ 99 തവണകളിൽ 33 തവണകളും കൂടാതെ പിരിഞ്ഞുപോയവർക്കുള്ള മുഴുവൻ കുടിശ്ശികയും നൽകിയതുൾപ്പെടെ)

| | |
|---|---|
| ജീവനക്കാരുടെ വിഹിതം | - Rs.40,86,79,778/- |
| മാനേജ്മെന്റ് വിഹിതം | - Rs.40,86,79,778/- |
| ആകെ | - Rs.81,73,59,556/- |
| | എൻ.പി.എസ്. ട്രസ്റ്റിൽ അടച്ചു. |

<u>ബാക്കി അടയ്ക്കാനുള്ളത്</u>

| | |
|---|---|
| ജീവനക്കാരുടെ വിഹിതം | - Rs.125,81,69,388/- |
| മാനേജ്മെന്റ് വിഹിതം | - Rs.125,81,69,388/- |
| ആകെ | - Rs.251,63,38,776/- |

(ഇ) എൻ.പി.എസ്. ട്രസ്റ്റിലേയ്ക്ക് യഥാസമയം വിഹിതം അടയ്ക്കാതിരുന്നാൽ അത് ജീവനക്കാർക്ക് ലഭിക്കുന്ന പെൻഷൻതുകയെ എങ്ങനെയൊക്കെ ബാധിക്കുമെന്ന് വിശദമാക്കുമോ;

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

SBI Pension Fund Scheme - State Government.

UTI Retirement Solutions Pension Fund Scheme-State Government.

LIC Pension Fund Scheme - State Government.

ഇവയിൽനിന്നും ലഭിക്കുന്ന പലിശ ജീവനക്കാർക്ക് നഷ്ടപ്പെടുന്നു.

(എഫ്) ജീവനക്കാർ തങ്ങളുടെ ശമ്പളത്തിൽനിന്നും നീക്കിവയ്ക്കുന്ന തുകയുടെ ഗുണഫലം നഷ്ടപ്പെടാതിരിക്കുന്നതിനായി ഈ തുക ഉടനടി എൻ.പി.എസ്. ട്രസ്റ്റിലേയ്ക്ക് അടയ്ക്കുന്നതിന് നടപടി സ്വീകരിക്കുമോ?

സ്വീകരിക്കുന്നതാണ്.

**കെ.എസ്.ആർ.ടി.സി. പെൻഷൻ**

348(2089) <u>ശ്രീ. എം. വിൻസെന്റ്</u>: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കെ.എസ്.ആർ.ടി.സി. പെൻഷൻ സംബന്ധിച്ച ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ 05-08-22-ലെ ഡബ്ല്യൂ.പി.(സി)24079/22; 10-11-22-ലെ 36042/22 വിധികൾ നടപ്പാക്കുന്നതിന് സ്വീകരിച്ച നടപടി വ്യക്തമാക്കുമോ?

WP(C)24079/2022 നമ്പർ റിട്ട്ഹർജിയിലെ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ 05-08-2022-ലെ വിധിന്യായമനുസരിച്ച് 2022 നവംബർ വരെയുള്ള പെൻഷൻ നൽകിയിട്ടുണ്ട്. WP(C)36042/2022 നമ്പർ

റിട്ട്ഹർജിയിലെ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ 10-11-2022-ലെ വിധിന്യായമനുസരിച്ച് തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

**കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ പ്രീപെയ്ഡ് സ്മാർട്ട് കാർഡുകൾ**

349(2090) <u>ഡോ. എൻ. ജയരാജ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിൽ പ്രൈവറ്റ് ബസ് മേഖലയിലുപയോഗിച്ചിരുന്ന മൈ ബസ് കാർഡ്, ചലോബസ് കാർഡ് എന്നിവയുടെ മാതൃകയിൽ കെ.എസ്.ആർ.ടി.സി. ബസ്സുകളിലും പ്രീപെയ്ഡ് സ്മാർട്ട് കാർഡുകൾ ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

കെ.എസ്.ആർ.ടി.സി. ട്രാവൽ കാർഡുകൾ തയ്യാറാക്കി തിരുവനന്തപുരം ജില്ലയിൽ വിതരണം നടത്തിയിട്ടുണ്ട്. ഇത് വ്യാപകമാക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

(ബി) കെ.എസ്.ആർ.ടി.സി.-ക്ക് വരുമാനവർദ്ധനവിനുതകുന്ന ഇത്തരമൊരു പദ്ധതിയെക്കുറിച്ച് വിശദമായി പഠനം നടത്താൻ നടപടി സ്വീകരിക്കുമോ?

ടി പദ്ധതി ഘട്ടംഘട്ടമായി നടപ്പിലാക്കികൊണ്ടിരിക്കുകയാണ്.

**ഗ്രാമവണ്ടി**

350(2091) <u>ശ്രീ. എ. സി. മൊയ്തീൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമവണ്ടി പദ്ധതിയുമായിയെത്ര തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ് സഹകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

ഗ്രാമവണ്ടി പദ്ധതിയുമായി സഹകരിച്ചുവരുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

(ബി) ഈ പദ്ധതി വ്യാപകമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; അറിയിക്കാമോ?

സംസ്ഥാനത്തിന്റെ ഉൾപ്രദേശങ്ങളിലേയ്ക്ക് സർവ്വീസുകൾ നടത്തുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് ഗ്രാമവണ്ടിയെന്ന പേരിൽ പ്രത്യേക ബസ് സർവ്വീസ് പദ്ധതി നടപ്പിലാക്കുവാനുദ്ദേശിക്കുന്നതായി ഗതാഗത വകുപ്പിന്റെ ധനാഭ്യർത്ഥന ചർച്ചയ്ക്കുള്ള മറുപടി പ്രസംഗത്തിൽ പ്രഖ്യാപിച്ചിരുന്നു. ഈ പദ്ധതി വ്യാപകമാക്കുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നിർദ്ദേശിക്കുന്ന റൂട്ടുകളിലോടുന്ന ബസ്സുകൾക്ക് തനതുഫണ്ട്/സംഭാവനയുപയോഗിച്ച് ഡീസലിനുള്ള പണം നൽകുന്നതിന് യഥേഷ്ടാനുമതി നൽകി 22-03-2022 -ലെ സ.ഉ.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സാധാ)നം.704/2022/LSGD പ്രകാരം ഉത്തരവായിട്ടുണ്ട്. ഈ പദ്ധതി വ്യാപകമാക്കുന്നതിനായി കെ.എസ്.ആർ.ടി.സി. സ്പെഷ്യൽ ഓഫീസറെയും മറ്റുദ്യോഗസ്ഥരെയും നിയോഗിച്ചിട്ടുണ്ട്. ഗ്രാമവണ്ടി പദ്ധതി സംബന്ധിച്ച് വ്യാപകമായി പ്രചരണം നടത്തുകയും ഇതുമായി ബന്ധപ്പെട്ട എല്ലാ വിവരങ്ങളുമടങ്ങിയ കൈപ്പുസ്തകം തയ്യാറാക്കി എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ജനപ്രതിനിധികൾക്കുമെത്തിച്ച് നൽകുകയും പ്രചരണം നടത്തുകയും ചെയ്തതിന്റെ ഫലമായി ഇതുവരെ സംസ്ഥാനാടിസ്ഥാനത്തിൽ പത്ത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഗ്രാമവണ്ടി പദ്ധതി ആരംഭിച്ചിട്ടുണ്ട്. കൂടാതെ സ്വകാര്യവ്യക്തികൾക്കും സ്ഥാപനങ്ങൾക്കും അതത് പ്രദേശത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് സ്പോൺസർ ചെയ്യാമെന്നതും പരസ്യം പ്രദർശിപ്പിക്കാമെന്നതും പദ്ധതി കൂടുതൽ ജനകീയമാക്കുന്നതിന് സഹായിച്ചിട്ടുണ്ട്.

**ഗതാഗത വകുപ്പിലെ താല്ക്കാലിക/കരാർ നിയമനങ്ങൾ**

351(2092) ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽവന്നശേഷം ഗതാഗത വകുപ്പിലും വകുപ്പിന്റെ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളിലും എത്ര താല്ക്കാലിക/കരാർ

നിയമനങ്ങൾ നടത്തിയിട്ടുണ്ട്; ഏതൊക്കെ തസ്തികകളിലാണ് ഇപ്രകാരം നിയമനം നടത്തിയിട്ടുള്ളത്; ഇപ്രകാരം നിയമിതരായവർക്ക് വേതനവും മറ്റാനുകൂല്യങ്ങളുമായി 2022 ഒക്ടോബർ മാസം അനുവദിച്ച ആകെത്തുക എത്രയാണെന്ന് വ്യക്തമാക്കുമോ?

ഗതാഗത വകുപ്പിലും വകുപ്പിന്റെ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളിലുമുള്ള താല്ക്കാലിക/കരാർ നിയമനങ്ങൾ സംബന്ധിച്ച വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.+

(ബി) പ്രസ്തുത നിയമനങ്ങളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നടത്തിയ നിയമനങ്ങളെത്രയാണ്; താല്ക്കാലിക/കരാർ നിയമനങ്ങളിൽ റിക്രൂട്ട്മെന്റിനായി അവലംബിച്ച മാർഗ്ഗമേതാണ്; ഏത് ഏജൻസി മുഖേനയാണ് പ്രസ്തുതനിയമനങ്ങൾ നടത്തിയത്; വിശദമാക്കാമോ?

- സംസ്ഥാന മോട്ടോർവാഹന വകുപ്പിലെ 151 നിയമനങ്ങൾ എപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയും ബാക്കിയുള്ളവ കുടുംബശ്രീ, എക്സ്സർവ്വീസ് ലീഗ് എന്നീ സ്ഥാപനങ്ങൾ വഴിയും അടിയന്തര സാഹചര്യം പരിഗണിച്ച് വകുപ്പ് നേരിട്ടും IDTR ഗവേണിംഗ് ബോഡി തീരുമാനപ്രകാരം നിയമിതരായ ഇന്റർവ്യൂ ബോർഡുമാണ് നടത്തിയിട്ടുള്ളത്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

- ജലഗതാഗത വകുപ്പിൽ എല്ലാ താല്ക്കാലിക നിയമനങ്ങളും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയാണ് നടത്തിയിട്ടുള്ളത്. ഇപ്രകാരം 39 താല്ക്കാലിക നിയമനങ്ങളാണ് വകുപ്പിൽ നടത്തിയിട്ടുള്ളത്.
- അടിയന്തര സാഹചര്യത്തിൽ പരിചയസമ്പത്ത് പരിഗണിച്ചുകൊണ്ട് ലഭ്യമായ അപേക്ഷപ്രകാരം റോഡ് സുരക്ഷാ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾക്കുവേണ്ടിയാണ് റോഡ് സുരക്ഷാ അതോറിറ്റിയിൽ ഡ്രൈവർമാരെ നിയമിച്ചത്.
- കെ.എസ്.ആർ.ടി.സി-യിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം നടത്തിയിട്ടില്ല. താല്ക്കാലിക/കരാർ നിയമനങ്ങളിൽ മാനേജർ, ഡെപ്യൂട്ടി മാനേജർ നിയമനം മാത്രം സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് എന്ന സ്ഥാപനം വഴിയാണ് നടത്തിയത്. ജനറൽ മാനേജർ, ഡെപ്യൂട്ടി ജനറൽ മാനേജർ തസ്തികയിലെ നിയമനം സർക്കാർ നേരിട്ടാണ് നടത്തിയത്. ബാക്കിയുള്ള നിയമനങ്ങൾ കെ.എസ്.ആർ.ടി.സി നേരിട്ടാണ് നടത്തിയത്.

- കെ.ടി.ഡി.എഫ്.സി-യിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനങ്ങളൊന്നുംതന്നെ നടത്തിയിട്ടില്ല. പ്രസ്തുത താൽക്കാലിക/ കരാർ നിയമനങ്ങൾ കെ.ടി.ഡി.എഫ്.സി.-യിലെ വിവിധ ബി.ഒ.റ്റി പ്രോജക്ടുകളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് ആവശ്യസന്ദർഭങ്ങളിൽ നേരിട്ട് താല്ക്കാലികാടിസ്ഥാനത്തിൽ നടത്തിയിട്ടുള്ളതാണ്.
- ശ്രീചിത്തിര തിരുന്നാൾ കോളേജ് ഓഫ് എഞ്ചിനീയറിംഗിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നിയമനങ്ങൾ നടത്തിയിട്ടില്ല. താല്ക്കാലിക കരാർ നിയമനങ്ങളിൽ കോളേജിന്റെ ഭരണസമിതിയുടെ തീരുമാനപ്രകാരം, പത്രത്തിൽ പരസ്യം നൽകി, ഭരണസമിതി രൂപീകരിച്ച ഇന്റർവ്യൂ ബോർഡ് ഇന്റർവ്യൂ നടത്തി മികവിന്റെ അടിസ്ഥാനത്തിലാണ് നിയമനം നൽകുന്നത്. ഏതൊരു ഏജൻസിയേയും കോളേജിനുവേണ്ടി നിയമനം നടത്താൻ ഏൽപ്പിച്ചിട്ടില്ല.

**കെ.എസ്.ആർ.ടി.സി.-യുടെ പ്രതിമാസ വരുമാനവും ചെലവും**

352(2093) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022 മാർച്ച് മാസം മുതൽ നാളിതുവരെ കെ.എസ്.ആർ.ടി.സി. -ക്ക് ലഭിച്ച പ്രതിമാസവരുമാനം എത്രയാണ്; വിശദമായ കണക്ക് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത കാലയളവിൽ കെ.എസ്.ആർ.ടി.സി.-ക്ക് ഓരോ ചെലവിനത്തിലും ചെലവഴിച്ച തുകയുടെ പ്രതിമാസ കണക്ക് നൽകാമോ?

(എ&ബി) 2022 മാർച്ച് മാസം മുതൽ നാളിതുവരെ കെ.എസ്.ആർ.ടി.സി.-ക്ക് ലഭിച്ച പ്രതിമാസ വരുമാനത്തിന്റെയും പ്രസ്തുത കാലയളവിൽ കെ.എസ്.ആർ.ടി.സി. ഓരോ ചെലവിനത്തിലും ചെലവഴിച്ച തുകയുടെയും പ്രതിമാസ കണക്ക് അനുബന്ധമായി ചേർക്കുന്നു.+

## സിറ്റി സർക്കുലർ ബസ്സുകൾ

353(2094) ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിറ്റിസർക്കുലർ സർവ്വീസിനുവേണ്ടി രൂപമാറ്റം വരുത്തിയ ബസ്സുകൾ സിറ്റി സർക്കുലറാക്കുന്നതിന് തൊട്ടുമുമ്പ്, ഓരോ ബസിനും പ്രതിമാസം ലഭിച്ചിരുന്ന ശരാശരി വരുമാനം വ്യക്തമാക്കുമോ; ഈ സർവ്വീസിന് കഴിഞ്ഞ 2021 സെപ്റ്റംബർ മുതലുള്ള പ്രതിമാസവരവും ചെലവും വ്യക്തമാക്കുമോ; സിറ്റി സർക്കുലർ സർവ്വീസിനുമുമ്പ് ഈ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ബസ്സുകളിൽനിന്ന് ലഭിച്ചിരുന്ന പ്രതിമാസ ശരാശരി വരുമാനം വ്യക്തമാക്കുമോ?

തിരുവനന്തപുരം നഗരത്തിലെ പൊതുഗതാഗത സംവിധാനം സുഗമമാക്കുന്നതിനുവേണ്ടി ആവിഷ്കരിച്ച നൂതന പദ്ധതിയാണ് സിറ്റിസർക്കുലർ സർവ്വീസുകൾ. ഇതിനായി 64 ബസ്സുകൾ പ്രത്യേകമായി തിരുവനന്തപുരം നഗരത്തിൽ ലഭ്യമാക്കിയിട്ടുണ്ട്. 29-11-2021 മുതലാണ് സിറ്റിസർക്കുലർ സർവ്വീസ് ആരംഭിച്ചിട്ടുള്ളത്. ഈ ബസ്സുകളിൽ ഭൂരിഭാഗം ബസ്സുകളും സർക്കുലറാക്കുന്നതിന് തൊട്ടുമുമ്പ് വരെ സർവ്വീസിനായി ഉപയോഗിച്ചിരുന്നില്ല. സിറ്റി സർക്കുലർ ബസ്സുകളുടെ 2021 ഡിസംബർ മാസം മുതലുള്ള പ്രതിമാസ വരുമാനം അനുബന്ധമായി ചേർക്കുന്നു.+

(ബി) കെ.എസ്.ആർ.ടി.സി. തുടങ്ങിയ ഷോപ്പ് ഓൺ വീൽസ് പദ്ധതിയിൽനിന്നും ഒരു മാസം എത്ര രൂപ വരുമാനം ലഭിച്ചുവെന്ന് വ്യക്തമാക്കുമോ?

ശരാശരി 1.54 ലക്ഷം രൂപ.

## കെ.എസ്.ആർ.ടി.സി.- ബസ്സുകളും ആസ്തിയും

354(2095) <u>ശ്രീ. മഞ്ഞളാംകുഴി അലി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) കെ.എസ്.ആർ.ടി.സി.-ക്ക് നിലവിൽ എത്ര ബസ്സുകളുണ്ടെന്ന് ഇനം തിരിച്ച് വിശദമാക്കുമോ?

| ബസ് | എണ്ണം |
|---|---|
| ഓർഡിനറി | 3068 |
| ഫാസ്റ്റ് പാസഞ്ചർ | 1151 |
| സൂപ്പർ ഫാസ്റ്റ് | 385 |
| എക്സ്പ്രസ്സ് | 53 |
| ഡീലക്സ് | 110 |
| വോൾവോ | 11 |
| സ്കാനിയ | 17 |
| ജൻറം നോൺ എ.സി. | 290 |
| ജൻറം എ.സി. | 180 |
| ആകെ | 5265 |

ആകെ 5265 ബസ്സുകളാണ് കെ.എസ്.ആർ.ടി.സി.-യിൽ നിലവിലുള്ളത്.

(ബി) മുൻസർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലത്ത് എത്ര ബസ്സുകൾ വാങ്ങിയിട്ടുണ്ടെന്നും എത്ര ബസ്സുകൾ വില്പന നടത്തിയിട്ടുണ്ടെന്നും വിശദമാക്കുമോ?

മുൻസർക്കാരിന്റെ കാലത്ത് 101 ബസ്സുകളും ഈ സർക്കാരിന്റെ കാലത്ത് ഇതുവരെ കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റിനായി 116 ബസ്സുകളും വാങ്ങിയിട്ടുണ്ട്. ഇത് കൂടാതെ കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റിനായി 50 ഇലക്ട്രിക് ബസ്സുകൾ വാങ്ങുന്നതിന് വിതരണ ഉത്തരവ് നൽകിയതിൽ 39

ബസ്സുകൾ ലഭിച്ചിട്ടുണ്ട്. ശേഷിക്കുന്ന 11 ബസ്സുകൾ ലഭ്യമാകാനുണ്ട്. ഇതുകൂടാതെ 600 ഡീസൽ ബസ്സുകൾ വാങ്ങുന്നതിന് ദർഘാസ് ക്ഷണിച്ചതിൽനിന്നും ആദ്യപടിയായി 131 ബസ്സുകൾ വാങ്ങുന്നതിനായി വിതരണ ഉത്തരവ് നൽകിയിട്ടുണ്ട്. മുൻസർക്കാരിന്റെ കാലത്ത് 1442 സ്ക്രാപ്പ് ബസ്സുകൾ വില്പന നടത്തിയിട്ടുണ്ട്. ഈ സർക്കാരിന്റെ കാലത്ത് ഇതുവരെ 480 സ്ക്രാപ്പ് ബസ്സുകൾ വില്പന നടത്തിയിട്ടുണ്ട്.

(സി) സർവ്വീസ് നടത്താൻ കഴിയാത്തതരത്തിലുള്ളയെത്ര ബസ്സുകളുണ്ടെന്നും ഈ ബസ്സുകളുടെ മെയിന്റനൻസ് പൂർണ്ണമായും കെ.എസ്.ആർ.ടി.സി.-യുടെ വർക്ക് ഷോപ്പുകളിൽ ചെയ്യാൻ കഴിയുന്നുണ്ടോയെന്നും ഇല്ലെങ്കിൽ ബസ്സുകളുടെ അറ്റകുറ്റപ്പണികൾ ഏത് രീതിയിലാണ് ചെയ്തുവരുന്നതെന്നും വ്യക്തമാക്കുമോ?

02-12-2022-ൽ 778 ബസുകൾ അറ്റകുറ്റപ്പണികൾക്കായി ഓഫ് റോഡ് ആണ്. ബസ്സുകളുടെ അറ്റകുറ്റപ്പണികൾ കെ.എസ്.ആർ.ടി.സി.-യാണ് നിർവ്വഹിക്കുന്നത്. എന്നാൽ വോൾവോ, സ്കാനിയ ബസ്സുകളുടെ അറ്റകുറ്റപ്പണികൾക്ക് പ്രസ്തുത കമ്പനികളുടെ സേവനം അത്യാവശ്യ ഘട്ടങ്ങളിലുപയോഗപ്പെടുത്തുന്നുണ്ട്.

(ഡി) സ്വകാര്യബസ്സുകൾ വാടകയ്ക്കെടുക്കുന്നതിന് കെ.എസ്.ആർ.ടി.സി. തീരുമാനമെടുത്തിട്ടുണ്ടെങ്കിൽ ഇതിനായി എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ?

M/s. Mahavoyage-മായി കരാറിലേർപ്പെട്ട് പത്ത് മൾട്ടി ആക്സിൽ സ്കാനിയ ബസ് 11-10-2017 മുതൽ 11-10-2022 വരെയും പത്ത് എ.സി. 9 മീറ്റർ ഇലക്ട്രിക് ബസ്സുകൾ 14-11-2018 മുതൽ 21-07-2022 വരെയും വെറ്റ് ലീസ് വ്യവസ്ഥയിൽ ലഭ്യമാക്കി സർവ്വീസ് നടത്തുന്നതിന് നൽകിയിട്ടുണ്ട്. 18-11-2021-ൽ ദർഘാസ് ക്ഷണിച്ച് M/s. Ganga Travel-ൽനിന്നും പരീക്ഷണാർത്ഥം ഒരു ബസ് ബഡ്ജറ്റ് ടൂറിസം സെല്ലിന്റെ ആവശ്യത്തിന് 08-06-2022 മുതൽ 13-06-2022 വരെ സർവ്വീസ് നടത്തിയിട്ടുണ്ട്. നിലവിൽ 12-11-2022-യായി ലക്ഷ്വറി എ.സി. ഡീസൽ ബസ്സുകൾ വെറ്റ് ലീസ് വ്യവസ്ഥയിൽ ലഭ്യമാക്കുന്നതിന് ദർഘാസ് ക്ഷണിച്ചിട്ടുണ്ട്. നിലവിൽ M/s. Mahavoyage കമ്പനിയുമായുള്ള കരാർ അവസാനിപ്പിച്ചിരിക്കുകയാണ്. ടി കമ്പനിക്ക് ആകെ 7,43,77,695/- രൂപ വാടകയിനത്തിൽ നാളിതുവരെ ചെലവഴിച്ചിട്ടുണ്ട്.

(ഇ) ബസ് സർവ്വീസ് വഴിയല്ലാതെ ഏതെല്ലാം മാർഗ്ഗത്തിലൂടെയാണ് കെ.എസ്.ആർ.ടി.സി. വരുമാനം കണ്ടെത്തുന്നതിന് പദ്ധതി

തയ്യാറാക്കിയിരുന്നതെന്നും ഇതിൽ ഏതെല്ലാം പദ്ധതികളിൽനിന്ന് കെ.എസ്.ആർ.ടി.സി. പിന്മാറിയിട്ടുണ്ടെന്നും ഓരോ പദ്ധതിവഴി എത്ര തുക വരുമാനമായി കണ്ടെത്തിയിട്ടുണ്ടെന്നും ഇനം തിരിച്ച് വിശദമാക്കുമോ?

ബസ് സർവ്വീസ് വഴിയല്ലാതെ ടിക്കറ്റിതരവരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ഷോപ്പ് ഓൺ വീൽസ്, യാത്രാ ഫ്യൂവൽസ്, സ്ലീപ്പർ ഇൻ ബസ്, ല്യൂബ് ഷോപ്പുകൾ, സമുദ്ര സർവ്വീസുകൾ, ബഡ്ജറ്റ് ടൂറിസം തുടങ്ങി നിരവധി നൂതന പദ്ധതികളാവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ട്. കെ.എസ്.ആർ.ടി.സി.-യുടെ വരുമാനത്തിന്റെ ഏറിയപങ്കും സർവ്വീസ് ഓപ്പറേഷനിലൂടെയാണ് ലഭിക്കുന്നത്. കൂടാതെ കെ.എസ്.ആർ.ടി.സി.-യുടെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളിലും ഷോപ്പിംഗ് കോംപ്ലക്സുകളിലും കച്ചവടസ്ഥാപനങ്ങൾ ലൈസൻസ് ഫീ അടിസ്ഥാനത്തിൽ പ്രവർത്തിപ്പിക്കുന്നതിലൂടെ ടിക്കറ്റിതരവരുമാനം ലഭിച്ചുവരുന്നു. കെ.എസ്.ആർ.ടി.സി.-യുടെ സർവ്വീസ് ഓപ്പറേഷന് ഉപയോഗയോഗ്യമല്ലാത്ത ബസ്സുകളെ സ്റ്റാളുകളാക്കി (Shop on wheels) മാറ്റി വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പദ്ധതി രൂപീകരിക്കുകയും ആയതിന് പ്രാവർത്തികമാക്കിയതിലൂടെ വരുമാനം ലഭിച്ചുവരികയും ചെയ്യുന്നു. കെ.എസ്.ആർ.ടി.സി.-യുടെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങൾ

ഉപയോഗപ്പെടുത്തി നിർമ്മിച്ചിട്ടുള്ള വാണിജ്യസമുച്ചയങ്ങൾ ദീർഘകാലാടിസ്ഥാനത്തിൽ പാട്ടക്കരാർ വ്യവസ്ഥയിൽ അനുവദിച്ച് നൽകുന്നതിലൂടെയും പ്രതിമാസ ലൈസൻസ് ഫീ അടിസ്ഥാനത്തിൽ നൽകുന്നതിലൂടേയും ടിക്കറ്റിതരവരുമാനത്തിൽ വർദ്ധനവ് വരുത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. നിലവിൽ പണി പൂർത്തികരിച്ച വാണിജ്യ സമുച്ചയങ്ങളിൽ, സർക്കാർ, അർദ്ധസർക്കാർ സ്ഥാപനങ്ങൾക്ക് വാടകയ്ക്ക് നൽകാമെന്ന തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഹരിപ്പാട് ബസ്സ്റ്റേഷൻ വാണിജ്യസമുച്ചയത്തിൽ കാനറാ ബാങ്ക്, കെ.എസ്.എഫ്.ഇ. മുതലായ സ്ഥാപനങ്ങൾക്ക് സ്ഥലം അനുവദിച്ചുനൽകുകയും ആയതിൽനിന്നും പ്രതിമാസം ലൈസൻസ് ഫീ ലഭിച്ചുവരുന്നു. കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷനുകളിൽ പാസഞ്ചർ ഇൻഫർമേഷൻ സിസ്റ്റം, എല്ലാ ബസ് സ്റ്റേഷനുകളിലും ഹോർഡിംഗ്സ് സ്ഥാപിച്ച് പരസ്യം നൽകിയ ഇനത്തിലും ടിക്കറ്റിതരവരുമാനം വർദ്ധിപ്പിക്കുവാൻ സാധിച്ചിട്ടുണ്ട്. കൂടാതെ പാലാ ബസ് സ്റ്റേഷനിലെ വാണിജ്യസമുച്ചയം, നിലമ്പൂർ യൂണിറ്റ് വാണിജ്യസമുച്ചയം എന്നിവ ഒറ്റയൂണിറ്റായി പരിഗണിച്ച് ടെണ്ടർ നടത്തി നിയമാനുസരണം ലൈസൻസികളെ കണ്ടെത്തിയിട്ടുണ്ട്. കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ കൊറിയർ പാഴ്സൽ സർവ്വീസ് നടത്തുന്നതിനും യൂണിറ്റുകളിൽ എ.ടി.എം.

കൗണ്ടറുകൾ സ്ഥാപിച്ച് പ്രവർത്തിപ്പിക്കുന്നതിന്റെയും ടെണ്ടർ നടപടികൾ അവസാനഘട്ടത്തിലാണ്. ഷോപ്പിംഗ് കോംപ്ലക്സിന്റെ വികസന പദ്ധതികൾ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

കെ.എസ്.ആർ.ടി.സി.-യുടെ അധീനതയിൽ വരുന്നതും National Highway-യോടുചേർന്നുള്ളതും കൂടാതെ വളരെ ജനതിരക്കേറിയ പട്ടണങ്ങളിൽ സ്ഥിതിചെയ്യുന്നതുമായ യൂണിറ്റുകളിലെ ഒഴിഞ്ഞുകിടക്കുന്ന സ്ഥലങ്ങളിൽ വാണിജ്യസമുച്ചയങ്ങൾ നിർമ്മിക്കുകയും അവ ആവശ്യക്കാർക്ക് വിവിധ കച്ചവട ആവശ്യങ്ങൾക്കും അനുവദിച്ച് നൽകാവുന്നതുമാണ്. ഇങ്ങനെ അനുവദിച്ചുനൽകുന്ന വാണിജ്യസമുച്ചയങ്ങളിൽ സൂപ്പർ മാർക്കറ്റ് ആധുനിക സൗകര്യത്തോടുകൂടിയ റസ്റ്റോറന്റുകൾ, സിനിമാശാലകൾ, ജിംനേഷ്യം, മറ്റ് ആവശ്യസാധനങ്ങൾ വിൽക്കുന്ന കച്ചവടസ്ഥാപനങ്ങൾ കൂടാതെ പൊതുജനങ്ങൾ നിത്യേന നിരവധി ആവശ്യങ്ങൾക്കായി ആശ്രയിക്കുന്ന സർക്കാർസ്ഥാപനങ്ങൾ എന്നിവ പ്രസ്തുത കോംപ്ലക്സുകളിൽ സജ്ജീകരിച്ചാൽ ധാരാളം ആളുകൾ കെ.എസ്.ആർ.ടി.സി. ബസ്സ്റ്റേഷനുകളിൽ എത്തിച്ചേരുകയും അതുവഴി യാത്രാക്കൂലിയിനത്തിലും ടിക്കറ്റിതരവരുമാനമായും കോർപ്പറേഷന് നല്ല

വരുമാനം ലഭിക്കുന്നതാണ്. ടിക്കറ്റിതരവരുമാനം ഇനത്തിൽ ലഭിച്ചുവരുന്ന ശരാശരി പ്രതിമാസ വരുമാന കണക്ക് ചുവടെ ചേർക്കുന്നു.

| | തുക രൂപയിൽ |
|---|---|
| ഷോപ്പിംഗ് കോംപ്ലക്സ് | 24,91,612 |
| മൊബൈൽ ടവർ | 36,484 |
| ഹോർഡിംഗ്സ് | 2,41,290 |
| സ്ലീപ്പർ ഇൻ ബസ് | 4,59,408 |
| സ്റ്റാളുകൾ മുതലായവ | 68,04,231 |
| ബസിലെ പരസ്യം | 87,21,307 |
| ഷോപ്പ് ഓൺ വീൽസ് | 1,54,571 |
| പാസഞ്ചർ ഇൻഫർമേഷൻ സിസ്റ്റം | 5,386 |

ടിക്കറ്റിതരവരുമാനം വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട പദ്ധതികളിൽനിന്നും കെ.എസ്.ആർ.ടി.സി. പിന്മാറിയിട്ടില്ല.

(എഫ്) ഈ സർക്കാരിന്റെയോ മുൻസർക്കാരിന്റെയോ കാലത്ത് കെ.എസ്.ആർ.ടി.സി.-യുടെ ഏതെങ്കിലും ആസ്തികൾ പണയപ്പെടുത്തുകയോ വിൽക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ അതുവഴിയെത്ര തുക സ്വരൂപിച്ചിട്ടുണ്ടെന്നും ഏതെങ്കിലും ആസ്തികൾ വിൽക്കുന്നതുസംബന്ധിച്ച് നടപടികൾ നടക്കുന്നുണ്ടെങ്കിൽ ആയതും വിശദമാക്കുമോ?

മുൻസർക്കാരിന്റെ കാലത്ത് പ്രൊഫ. സുശീൽ ഖന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സാമ്പത്തിക പുനഃക്രമീകരണത്തിന്റെ ഭാഗമായി കെ.എസ്.ആർ.ടി.സി. വിവിധ ധനകാര്യസ്ഥാപനങ്ങളിൽനിന്നും കൂടിയ പലിശനിരക്കിലും കുറഞ്ഞതിരിച്ചടവ് കാലയളവിലും എടുത്തിരുന്ന വായ്പകൾ പൊതുമേഖലാ ബാങ്കുകളുടെ കൺസോർഷ്യം രൂപീകരിച്ച് പുനഃക്രമീകരിച്ചിട്ടുണ്ട്. ഈട് നൽകുന്നതിനായി കെ.എസ്.ആർ.ടി.സി.-യുടെ 52 യൂണിറ്റുകളിലെ നിശ്ചിത വസ്തുവകകൾ പണയപ്പെടുത്തിയിട്ടുണ്ട്. ഇത്തരത്തിൽ ആസ്തികൾ പണയപ്പെടുത്തി 3,100 കോടി രൂപ കൺസോർഷ്യം വായ്പ വഴി സ്വരൂപിച്ചിട്ടുണ്ട്. ഈ സർക്കാരിന്റെ കാലയളവിൽ വസ്തുവകകൾ പണയപ്പെടുത്തി വായ്പകൾ ഒന്നുംതന്നെ എടുത്തിട്ടില്ല. ഈ സർക്കാരിന്റെയോ മുൻസർക്കാരിന്റെയോ കാലത്ത് കെ.എസ്.ആർ.ടി.സി.-യുടെ ആസ്തികൾ ഒന്നുംതന്നെ വില്പന നടത്തിയിട്ടില്ല.

## പുനലൂർ-മൂവാറ്റുപുഴ സംസ്ഥാന പാതയിൽ കെ.എസ്.ആർ.ടി.സി. സർവ്വീസ്

355(2096) ശ്രീ. പ്രമോദ് നാരായൺ:
ഡോ. എൻ. ജയരാജ്:
ശ്രീ. ജോബ് മൈക്കിൾ:
ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂർ-മൂവാറ്റുപുഴ സംസ്ഥാന പാതയിൽ നിലവിൽ നടത്തുന്ന 58 സർവ്വീസുകൾ ഏതൊക്കെസ്ഥലങ്ങൾക്കിടയിലാണെന്ന് അറിയിക്കാമോ; ഇവയിൽ ഭൂരിഭാഗവും പുനലൂർ-റാന്നി മേഖലയിൽ മാത്രമാണെന്നും ബാക്കിയുള്ള മേഖല ഇതിലുൾപ്പെട്ടിട്ടില്ലെന്നുമുള്ള വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഇത്തരത്തിൽ അപാകതയുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പുനലൂർ-മൂവാറ്റുപുഴ സംസ്ഥാനപാതയിലെ പ്രധാന കേന്ദ്രങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് കെ.എസ്.ആർ.ടി.സി വിവിധ ഡിപ്പോകളിൽനിന്നും ഹ്രസ്വദൂര, ദീർഘദൂര സർവ്വീസുകൾ ആവശ്യാനുസരണം നടത്തുന്നുണ്ട്. പ്രസ്തുത റൂട്ടിലെ പത്തനാപുരം മുതൽ പുനലൂർ വരെയും പത്തനംതിട്ട മുതൽ എരുമേലി വരെയും പുനലൂർ-റാന്നി റൂട്ടിലും മൂവാറ്റുപുഴ-തൊടുപുഴ റൂട്ടിലും പാല-പൊൻക്കുന്നം-മണിമല റൂട്ടിലും വിവിധ യൂണിറ്റിൽനിന്നും ആകെ 141 സർവ്വീസുകൾ നടത്തിവരുന്നുണ്ട്.

| സ്ഥലം | എണ്ണം |
|---|---|
| പത്തനാപുരം | 3 |
| കോന്നി | 5 |
| കുളത്തുപുഴ | 2 |
| പുനലൂർ | 6 |
| കിളിമാനൂർ | 2 |
| തിരുവനന്തപുരം സെൻട്രൽ | 9 |

| | |
|---|---|
| കൊട്ടാരക്കര | 1 |
| മല്ലപ്പള്ളി | 1 |
| അടൂർ | 3 |
| പത്തനംതിട്ട | 11 |
| റാന്നി | 6 |
| കട്ടപ്പന | 6 |
| പാല | 24 |
| കുമിളി | 2 |
| മൂവാറ്റുപുഴ | 15 |
| തൊടുപുഴ | 20 |
| ഈരാറ്റുപേട്ട | 4 |
| എരുമേലി | 5 |
| നെടുങ്കണ്ടം | 2 |
| പൊൻക്കുന്നം | 13 |
| മൂലമറ്റം | 1 |
| **ആകെ** | **141** |

(ബി) പുനലൂർ-മൂവാറ്റുപുഴ സംസ്ഥാനപാതയുടെ പൂർണ്ണമായ പ്രയോജനം ലഭിക്കാൻ പ്രസ്തുത പാതയിലൂടനീളം അന്തർജില്ലാ സർവ്വീസാരംഭിക്കാൻ നടപടി സ്വീകരിക്കാമോ?

പുനലൂർ-മൂവാറ്റുപുഴ സംസ്ഥാനപാതയിലൂടെ കൂടുതൽ സർവ്വീസുകളാരംഭിക്കണമെന്ന ആവശ്യം പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്. വരുമാനക്കുറവുമൂലം നടത്തുവാൻ കഴിയാത്ത റൂട്ടുകളിലെ പ്രധാന ട്രിപ്പുകൾ ഗ്രാമവണ്ടി പദ്ധതിയിലുൾപ്പെടുത്തി കൂടുതൽ സർവ്വീസുകളാരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) ഇത് സംബന്ധിച്ച് വിശദമായ പഠനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ?

മേൽപ്രകാരം വിശദമായ സാദ്ധ്യതാപഠനം നടത്തി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ടി പുനലൂർ-മൂവാറ്റുപുഴ റൂട്ടിൽ കൂടുതൽ യാത്രാസൗകര്യം ആരംഭിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

**കോതമംഗലം ഡിപ്പോയിൽനിന്നും വേളാങ്കണ്ണി-പഴനി സർവ്വീസുകൾ**

356(2097) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം ഡിപ്പോയിൽനിന്നും വേളാങ്കണ്ണി-പഴനി സർവ്വീസുകളാരംഭിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത സർവ്വീസുകളാരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; ഇല്ലെങ്കിൽ വേണ്ട നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തമിഴ്നാട് സംസ്ഥാനവുമായി നിലവിലുള്ള അന്തർസംസ്ഥാന ഗതാഗതകരാറുകളിൽ കോതമംഗലം ഡിപ്പോയിൽനിന്നും വേളാങ്കണ്ണി-പളനി സർവ്വീസുകളാരംഭിക്കുന്നതിന്

വ്യവസ്ഥചെയ്തിട്ടില്ലാത്തതിനാൽ കോതമംഗലം ഡിപ്പോയിൽനിന്നും വേളാങ്കണ്ണി-പളനി സർവ്വീസുകളാരംഭിക്കുവാൻ കഴിയുകയില്ല. എന്നാൽ കുറഞ്ഞചെലവിൽ പ്രധാന തീർത്ഥാടന കേന്ദ്രങ്ങളിലേയ്ക്കും ടൂറിസം മേഖലകളിലേയ്ക്കും യാത്രക്കാരുടെ ലഭ്യതയ്ക്കനുസരിച്ച് കെ.എസ്.ആർ.ടി.സി. ബഡ്ജറ്റ് ടൂറിസം സെൽ വഴി വാരാന്ത്യ സർവ്വീസുകൾ നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

## 'ഗ്രാമവണ്ടി' പദ്ധതി

357(2098) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ പുതുതായാരംഭിച്ച 'ഗ്രാമവണ്ടി' പദ്ധതി ഏതൊക്കെ പഞ്ചായത്തുകളിലാണെന്നും എത്ര ബസ്സുകൾ ഈ പദ്ധതിക്കുവേണ്ടി മാറ്റി സർവ്വീസ് നടത്തിയിട്ടുണ്ടെന്നും അറിയിക്കാമോ?

29-07-2022-ൽ ' ഗ്രാമവണ്ടി' പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം തിരുവനന്തപുരം ജില്ലയിലെ പാറശ്ശാലയിലെ കൊല്ലയിൽ പഞ്ചായത്തിലും തുടർന്ന് 19-08-2022-ന് തൃശ്ശൂർ ജില്ലയിലെ എളവള്ളി പഞ്ചായത്ത്, 03-09-2022-ന് കോഴിക്കോട് ജില്ലയിലെ ചാത്തമംഗലം പഞ്ചായത്ത്, 06-10-2022-നും 25-11-2022-നും കോട്ടയം ജില്ലയിലെ

കടുത്തുരുത്തി പഞ്ചായത്തിൽ രണ്ട് സർവ്വീസുകളും 21-10-2022-ന് മലപ്പുറം ജില്ലയിലെ എടവണ്ണ പഞ്ചായത്ത്, 05-11-2022-ന് ആലപ്പുഴ ജില്ലയിലെ പത്തിയൂർ പഞ്ചായത്ത്, 25-11-2022-ന് കൊല്ലം ജില്ലയിലെ കൊല്ലം കോർപ്പറേഷൻ, 01-12-2022-ന് തിരുവനന്തപുരം ജില്ലയിലെ കുന്നത്തുകാൽ പഞ്ചായത്ത്, 03-12-2022-ന് എറണാകുളം ജില്ലയിലെ ചേന്ദമംഗലം പഞ്ചായത്ത് എന്നീ സ്ഥലങ്ങളിൽ ജില്ലാതല ഉദ്ഘാടനവും നടത്തിയിട്ടുണ്ട്. ഇത്തരത്തിൽ പത്ത് ബസ്സുകൾ ഇതിനായി നൽകിയിട്ടുണ്ട്. ഈ പദ്ധതിക്കായി നിലവിൽ നടത്തുന്ന സർവ്വീസ് ഒന്നുംതന്നെ മാറ്റി നൽകിയിട്ടില്ല.

(ബി) ഇതുവരെ എത്ര ലക്ഷം രൂപയുടെ നിക്ഷേപം ഗ്രാമപഞ്ചായത്തുകളിൽനിന്ന് ഇതിനായി ലഭിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

നിലവിൽ ആരംഭിച്ച പത്ത് സർവ്വീസുകൾക്കായി പത്ത് ലക്ഷം രൂപയും ഇനിയും നടപ്പിലാക്കുന്നതിനായി മാനന്തവാടി ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ഒരു ലക്ഷം രൂപ അടക്കം 11 ലക്ഷം രൂപ നിക്ഷേപയിനത്തിൽ കെ.എസ്.ആർ.ടി.സി.-ക്ക് ലഭിച്ചിട്ടുണ്ട്.

(സി) ഏതെങ്കിലും ബഹുമതികളോ അംഗീകാരങ്ങളോ ഈ പദ്ധതിക്ക് ഇതിനോടകം ലഭിച്ചിട്ടുണ്ടോ?

ഉണ്ട്. കെ.എസ്.ആർ.ടി.സി. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ ആരംഭിച്ച ഗ്രാമവണ്ടി പദ്ധതിക്ക് കേന്ദ്രഗവൺമെന്റിന്റെ പുരസ്കാരം 06-11-2022-ന് ലഭ്യമായിട്ടുണ്ട്. ഏറ്റവും മികച്ച പൊതുജന പങ്കാളിത്തത്തോടെയുള്ള ഗതാഗത ആസൂത്രണ വിഭാഗത്തിൽ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് ആരംഭിച്ചതും നഗരഗതാഗതവുമായി ബന്ധിപ്പിച്ചുമുള്ള ഗ്രാമവണ്ടി പദ്ധതിക്ക് ഏറ്റവും മികച്ച നഗരഗതാഗത പുരസ്കാരമാണ് (Award of Excellence in Urban Transport) ലഭിച്ചത്. ഈ പദ്ധതി നൂതന സംരംഭവും മാതൃകാപരവും ആണെന്ന് വിശേഷിപ്പിക്കുകയുണ്ടായിട്ടുണ്ട്.

## കാഞ്ഞങ്ങാട് ഡിപ്പോയിൽനിന്നും കണ്ണൂർ വിമാനത്താവളത്തിലേക്ക് ബസ് റൂട്ട്

358(2099) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാഞ്ഞങ്ങാട് കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽനിന്നും കണ്ണൂർ വിമാനത്താവളത്തിലേയ്ക്ക് നീലേശ്വരം-പാലായി-കയ്യൂർ-ചീമേനി-കാങ്കോൽ വഴി കെ.എസ്.ആർ.ടി.സി. ബസ് റൂട്ട് അനുവദിക്കാൻ നടപടി സ്വീകരിക്കുമോ?

കാഞ്ഞങ്ങാട് കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽനിന്നും കണ്ണൂർ വിമാനത്താവളത്തിലേയ്ക്ക് നീലേശ്വരം-പാലായി-കയ്യൂർ-ചീമേനി-കാങ്കോൽ വഴി സർവ്വീസാരംഭിക്കുന്നത് സംബന്ധിച്ച് സാദ്ധ്യതാപഠനം നടത്തിയശേഷം സർവ്വീസാരംഭിക്കുന്നത് സംബന്ധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## ഈരാറ്റുപേട്ട ഡിപ്പോയിലെ നിർത്തലാക്കിയ സർവ്വീസുകൾ

359(2100) <u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് നിയന്ത്രണങ്ങളുടെ ഭാഗമായി ഈരാറ്റുപേട്ട കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിർത്തലാക്കിയിരുന്ന ഏതെല്ലാം സർവ്വീസുകളാണ് നിയന്ത്രണങ്ങൾ അവസാനിച്ചശേഷവും പുനരാരംഭിക്കാൻ കഴിയാത്തതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സർവീസുകൾ പുനരാരംഭിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) ലാഭത്തിൽ നടത്തിയിരുന്ന പ്രസ്തുത സർവ്വീസുകൾ മണ്ഡലത്തിലെ ജനങ്ങളുടെ യാത്രാക്ലേശം പരിഹരിക്കുന്നതിനുവേണ്ടി

അടിയന്തരമായി പുനരാരംഭിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

(എ-സി) കോവിഡ് മഹാമാരിക്കുമുമ്പ് ഈരാറ്റുപേട്ട യൂണിറ്റിൽനിന്നും സർവ്വീസ് നടത്തിയിരുന്നതിൽ വരുമാനം കുറവുണ്ടായിരുന്ന രണ്ട് ഓർഡിനറി സർവ്വീസുകൾ പൂർണ്ണമായും പുനരാരംഭിച്ചിട്ടില്ല. എന്നാൽ കോവിഡ് കാലത്തിനുമുമ്പ് നടത്തിയിരുന്ന സർവ്വീസുകളിലെ എല്ലാ പ്രധാന ട്രിപ്പുകളും യാത്രക്കാരുടെ ആവശ്യപ്രകാരം പുനഃക്രമീകരിച്ച് നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.-യുടെ നിലവിലെ സാമ്പത്തികസ്ഥിതിയിൽ പ്രവർത്തനച്ചെലവുപോലും ലഭിക്കാത്ത സർവ്വീസുകൾ പുനരാരംഭിക്കുന്നതിന് കഴിയാത്തതിനാൽ അത്തരം സർവ്വീസുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് ഗ്രാമവണ്ടി പദ്ധതിയിലുൾപ്പെടുത്തി ഓപ്പറേറ്റ് ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ഡീസൽ തുക മാത്രം ലഭ്യമാക്കിയാൽ എത്രയുംവേഗം ഇത്തരം സർവ്വീസുകൾ ആരംഭിക്കുവാൻ കഴിയുന്നതാണ്.

(ഡി) സമീപപ്രദേശങ്ങളിലെ ഡിപ്പോകളിൽനിന്നുമാരംഭിക്കുന്ന പ്രധാനപ്പെട്ട ദീർഘദൂരസർവ്വീസുകൾ ഈരാറ്റുപേട്ട ഡിപ്പോയിലേയ്ക്ക് നീട്ടി റൂട്ട്

പുന:ക്രമീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

കൃത്യമായ സമയക്രമവും ഇടവേളയും നിശ്ചയിച്ച് യാത്രക്കാർക്ക് കൂടുതൽ മെച്ചപ്പെട്ട യാത്രാസൗകര്യമൊരുക്കുന്നതിന് ദേശസാൽകൃത റൂട്ടിലടക്കം കെ.എസ്.ആർ.ടി.സി. സൂപ്പർ ക്ലാസ് സർവ്വീസുകളും ദീർഘദൂര സർവ്വീസുകളും ക്രമീകരിച്ച് ഓപ്പറേറ്റ് ചെയ്തുവരികയാണ്. ടി സാഹചര്യത്തിൽ സമീപയൂണിറ്റിൽനിന്നും നിലവിലെ ദീർഘദൂരസർവ്വീസുകൾ ഈരാറ്റുപേട്ട ഡിപ്പോയിലേയ്ക്ക് നീട്ടി സർവ്വീസ് ക്രമീകരിക്കുന്ന കാര്യം ഇപ്പോൾ പരിഗണിക്കുവാൻ നിർവ്വാഹമില്ല. എന്നാൽ സർവ്വീസ് പുനഃക്രമീകരണത്തിന്റെ ഭാഗമായി പുനലൂർ-പത്തനംതിട്ട-ഈരാറ്റുപേട്ട-തൊടുപുഴ-മൂവാറ്റുപുഴ റൂട്ടിലൂടെയുള്ള പുതിയ സർവ്വീസുകൾ ആരംഭിക്കുന്നതിന്റെ ഭാഗമായി ഈരാറ്റുപേട്ട ഡിപ്പോയിലൂടെ കൂടുതൽ ദീർഘദൂരസർവ്വീസുകൾ കടന്നുപോകുന്നതിനുള്ള ക്രമീകരണങ്ങൾ പരിഗണനയിലുണ്ട്.

**കെ.എസ്.ആർ.ടി.സി. മാവേലിക്കര ഡിപ്പോയുടെ വികസനം**

360(2101) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കെ.എസ്.ആർ.ടി.സി. മാവേലിക്കര ഡിപ്പോയുടെ വികസനത്തിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

എം.എൽ.എ. ആസ്തിവികസന ഫണ്ടിൽനിന്നും ഒരു കോടി രൂപ അനുവദിച്ചതിന്റെ അടിസ്ഥാനത്തിൽ 2016-ൽ മാവേലിക്കര ഡിപ്പോയുടെ വികസനപ്രവൃത്തി ആരംഭിച്ചെങ്കിലും സാങ്കേതിക കാരണങ്ങളാൽ നിർത്തിവയ്ക്കുകയുണ്ടായി. പ്രസ്തുത ഫണ്ട് വിനിയോഗിച്ച് Passengers Waiting-cum-Amenity എന്ന പ്രവൃത്തി ചെയ്യുന്നതിന് KRDCL-നെ ഏൽപ്പിച്ച് തുടർനടപടികൾ പുരോഗമിച്ചുവരുന്നു.

**ഇൻഫോപാർക്കിലേയ്ക്കുള്ള ഗതാഗതം**

361(2102) <u>ശ്രീമതി ഉമ തോമസ്</u>: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

എറണാകുളം <u>ഇൻഫോപാർക്കിലേയ്ക്കുള്ള</u> ഗതാഗതപ്രശ്നം പരിഹരിക്കുന്നതിനായി ആലുവ-കാക്കനാട് വഴി ഇൻഫോപാർക്ക്, മൂവാറ്റുപുഴ-കോലഞ്ചേരി-പുത്തൻകുരിശ്-ഇൻഫോപാർക്ക്, തൃപ്പൂണിത്തുറ-കാക്കനാട്-ഇൻഫോപാർക്ക് (സീ പോർട്ട് -എയർപോർട്ട് വഴി) എന്നീ റൂട്ടുകളിൽ രാവിലെയും പ്രസ്തുത റൂട്ടുകളിൽ വൈകിട്ട് തിരികെയും

കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസുകളാരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

എറണാകുളം ജില്ലയിലെ പെരുമ്പാവൂർ, അങ്കമാലി, ആലുവ, നോർത്ത് പറവൂർ, എറണാകുളം, മൂവാറ്റുപുഴ എന്നീ ഡിപ്പോകളിൽനിന്നും ആലുവ–കാക്കനാട് ഇൻഫോപാർക്കിലേയ്ക്ക് സർവ്വീസുകൾ നടത്തുന്നുണ്ട്. യാത്രക്കാരുടെ ആവശ്യം പരിശോധിച്ച് സാദ്ധ്യതാപഠനം നടത്തി കൂടുതൽ സർവ്വീസുകളാരംഭിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

**ഓണക്കുന്നിൽ ടൗൺ-ടു-ടൗൺ ബസ്സുകൾക്ക് സ്റ്റോപ്പ് അനുവദിക്കാൻ നടപടി**

362(2103) <u>ശ്രീ. ടി. ഐ. മധുസൂദനൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ മണ്ഡലത്തിലെ കരിവെള്ളൂർ പെരളം ഗ്രാമപഞ്ചായത്ത് ആസ്ഥാനമായ ഓണക്കുന്നിൽ കെ.എസ്.ആർ.ടി.സി. ടൗൺ-ടു-ടൗൺ ബസ്സുകൾക്ക് സ്റ്റോപ്പനുവദിക്കുന്നതിനായി അപേക്ഷ ലഭിച്ചിട്ടുണ്ടോ?

ഉണ്ട്.

(ബി) എങ്കിൽ അപേക്ഷയിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ?

ഈ വിഷയത്തിൽ വിശദമായ സാദ്ധ്യതാപഠനം നടത്തുന്നതിന് കെ.എസ്.ആർ.ടി.സി. നടപടി സ്വീകരിച്ചിട്ടുണ്ട്.

## കാസർഗോഡ് കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽനിന്നും മംഗലാപുരത്തേയ്ക്ക് ബസ് സർവ്വീസുകൾ

363(2104) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽനിന്ന് എത്ര ബസ്സുകൾ മംഗലാപുരത്തേയ്ക്ക് സർവ്വീസ് നടത്തുന്നുണ്ടെന്ന് വ്യക്തമാക്കാമോ?

കാസർഗോഡ് ഡിപ്പോയുടെ 25 ബസും മറ്റ് ഡിപ്പോകളിലെ ഏഴ് ബസ്സുകളുമുൾപ്പെടെ 32 ബസ്സുകൾ മംഗലാപുരത്തേയ്ക്ക് സർവ്വീസ് നടത്തുന്നുണ്ട്.

(ബി) ഈ ബസ്സുകളുടെ അങ്ങോട്ടുമിങ്ങോട്ടുമുള്ള സർവ്വീസ് സമയം വ്യക്തമാക്കാമോ?

കാസർഗോഡ്-മംഗലാപുരം റൂട്ടിൽ പ്രവർത്തിക്കുന്ന കെ.എസ്.ആർ.ടി.സി. ബസ്സുകളുടെ സർവ്വീസ് സമയം ചുവടെ ചേർക്കുന്നു.

06.00 to 08.00
10.00 to 12.00
14.00 to 16.00

18.00 to 20.00

മംഗലാപുരം-കാസർഗോഡ് റൂട്ടിൽ പ്രവർത്തിക്കുന്ന കെ.എസ്.ആർ.ടി.സി. ബസ്സുകളുടെ സർവ്വീസ് സമയം ചുവടെ ചേർക്കുന്നു.

08.00 to 10.00

12.00 to 14.00

16.00 to 18.00

20.00 to 21.40

(സി) കാസർഗോഡ് ഡിപ്പോയിൽനിന്നും മംഗലാപുരത്തേയ്ക്ക് സർവ്വീസ് നടത്തുന്ന കർണാടക സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് ബസ്സുകളുടെ എണ്ണവും സർവ്വീസ് സമയവും വ്യക്തമാക്കാമോ?

കാസർഗോഡ് ഡിപ്പോയിൽനിന്നും മംഗലാപുരത്തേയ്ക്ക് 39 കർണാടക സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് ബസ്സുകൾ ചുവടെ ചേർത്തിട്ടുള്ള സമയം ക്രമമനുസരിച്ച് സർവ്വീസ് നടത്തുന്നു.

05.00 to 05.45

08.00 to 10.00

12.00 to 14.00

16.00 to 18.00

20.00 to 21.00

(ഡി) മംഗലാപുരത്തെ വിദ്യാഭ്യാസസ്ഥാപനങ്ങളിൽ പഠിക്കുന്ന കേരളത്തിലെ വിദ്യാർത്ഥികൾക്ക് കർണാടക സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് ബസ്സുകളിൽ കൺസഷൻ നൽകുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ?

ബാധകമല്ല.

(ഇ) കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് ബസ്സുകളിൽ മംഗലാപുരത്തേയ്ക്ക് പോകുന്ന വിദ്യാർത്ഥികൾക്ക് കൺസഷൻ നൽകാറില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കൺസഷൻ വേണമെന്ന നീണ്ടകാലത്തെ ആവശ്യം പരിഗണിക്കാനുദ്ദേശ്യമുണ്ടോ; വ്യക്തമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കെ.എസ്.ആർ.ടി.സി. സംസ്ഥാനത്തിനകത്ത് പഠനം നടത്തുന്ന വിദ്യാർത്ഥികൾക്ക് സംസ്ഥാനത്തിനകത്തുള്ള സർവ്വീസുകളിലാണ് കൺസഷനനുവദിക്കുന്നത്. നിലവിൽ അന്തർസംസ്ഥാന റൂട്ടുകളിൽ അയൽസംസ്ഥാനങ്ങളിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾക്ക് കൺസഷൻ സൗകര്യം അനുവദിക്കുന്നതിന് കഴിയുകയില്ല.

**പാലാ മണ്ഡലത്തിൽ നിർത്തിവച്ച കെ.എസ്.ആർ.ടി.സി. ഷെഡ്യൂളുകൾ**

364(2105) <u>ശ്രീ. മാണി സി. കാപ്പൻ</u>: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പാലാ നിയോജകമണ്ഡലത്തിൽ ലാഭത്തിൽ പ്രവർത്തിച്ചിരുന്ന കെ.എസ്.ആർ.ടി.സി. ഷെഡ്യൂളുകൾ നിർത്തിവച്ചിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഷെഡ്യൂളുകൾ പുനരാരംഭിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കോവിഡ് നിയന്ത്രണങ്ങളിൽ ഇളവുവന്നതിനുശേഷം യാത്രക്കാരുടെ തിരക്ക് കൂടുതലുള്ള പ്രധാനപ്പെട്ട എല്ലാ സർവ്വീസുകളും പുനരാരംഭിച്ചിട്ടുണ്ട്. യാത്രക്കാരുടെ ആവശ്യകതയനുസരിച്ച് കൂടുതൽ സർവ്വീസുകളാരംഭിക്കുന്നത് സംബന്ധിച്ച് സാദ്ധ്യതാപഠന റിപ്പോർട്ട് പ്രകാരം പരിഗണിക്കുന്നതാണ്.

**ഗുരുവായൂർ ഡിപ്പോയുടെ നവീകരണം**

365(2106) <u>ശ്രീ. എൻ. കെ. അക്ബർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോയുടെ നവീകരണത്തിനായി പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ട്. ഗുരുവായൂർ എം.എൽ.എ.-യുടെ ഫണ്ടിൽനിന്നും പ്രസ്തുത പ്രവൃത്തിക്ക് 75 ലക്ഷം രൂപ അനുവദിച്ചിട്ടുള്ളതാണ്. ഈ പ്രവൃത്തി ചെയ്യുന്നതിന് PWD-യെ എൽപ്പിച്ചിട്ടുള്ളതാണ്.

(ബി) പ്രസ്തുത ഡിപ്പോയിൽനിന്നും നിർത്തലാക്കിയ സർവ്വീസുകൾ പുനരാരംഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഗുരുവായൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽനിന്നും യാത്രാക്ലേശം പരിഹരിക്കുംവിധം നിലവിൽ സർവ്വീസുകൾ ഓപ്പറേറ്റ് ചെയ്യുന്നുണ്ട്. യാത്രക്കാർ കുറവായതുമൂലം നിർത്തലാക്കിയ സർവ്വീസുകൾ യാത്രാവശ്യമനുസരിച്ച് സാദ്ധ്യതാപഠനം നടത്തി പുനരാരംഭിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുന്നതാണ്.

**സ്കാനിയ ബസ്സുകൾക്ക് ചങ്ങനാശ്ശേരിയിൽ റിസർവ്വേഷൻ**

366(2107) ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം-ബാംഗ്ലൂർ റൂട്ടിൽ സർവ്വീസ് നടത്തുന്ന കെ.എസ്.ആർ.ടി.സി. സ്കാനിയ ബസ്സുകൾക്ക് എവിടെയെല്ലാമാണ് റിസർവ്വേഷൻ സൗകര്യമുള്ളതെന്ന് വ്യക്തമാക്കുമോ?

തിരുവനന്തപുരം-ബാംഗ്ലൂർ റൂട്ടിൽ (കൊല്ലം, ആലപ്പുഴ, സുൽത്താൻബത്തേരി വഴി) സ്കാനിയ ബസ്സുകൾക്ക് റിസർവ്വേഷൻ സൗകര്യമുള്ള സ്ഥലങ്ങൾ

1. തിരുവനന്തപുരം

2. ആറ്റിങ്ങൽ
3. കൊല്ലം
4. കായംകുളം
5. ആലപ്പുഴ
6. എറണാകുളം
7. തൃശ്ശൂർ
8. കോഴിക്കോട്
9. കൽപ്പറ്റ
10. സുൽത്താൻബത്തേരി
11. മൈസൂർ
12. ബാംഗ്ലൂർ

തിരുവനന്തപുരം-ബാംഗ്ലൂർ റൂട്ടിൽ (കോട്ടയം, പാലക്കാട്, കോയമ്പത്തൂർ വഴി) റിസർവ്വേഷൻ സൗകര്യമുള്ള സ്ഥലങ്ങൾ

1. തിരുവനന്തപുരം
2. കിളിമാനൂർ
3. കൊട്ടാരക്കര
4. ചെങ്ങന്നൂർ
5. കോട്ടയം
6. മൂവാറ്റുപുഴ
7. പെരുമ്പാവൂർ
8. അങ്കമാലി
9. ചാലക്കുടി

10. തൃശ്ശൂർ

11. പാലക്കാട്

12. കോയമ്പത്തൂർ

13. ബാംഗ്ലൂർ

തിരുവനന്തപുരം-ബാംഗ്ലൂർ റൂട്ടിൽ (കോട്ടയം, സുൽത്താൻബത്തേരി വഴി) റിസർവ്വേഷൻ സൗകര്യമുള്ള സ്ഥലങ്ങൾ

1. തിരുവനന്തപുരം
2. കിളിമാനൂർ
3. കൊട്ടാരക്കര
4. ചെങ്ങന്നൂർ
5. കോട്ടയം
6. മൂവാറ്റുപുഴ
7. പെരുമ്പാവൂർ
8. ചാലക്കുടി
9. തൃശ്ശൂർ
10. കോട്ടയ്ക്കൽ
11. കോഴിക്കോട്
12. താമരശ്ശേരി
13. കൽപ്പറ്റ
14. സുൽത്താൻബത്തേരി
15. മൈസൂർ
16. ബാംഗ്ലൂർ

(ബി) പ്രസ്തുത ബസ്സുകൾക്ക് ചങ്ങനാശ്ശേരിയിൽ റിസർവ്വേഷൻ അനുവദിക്കണമെന്നാവശ്യപ്പെട്ട് നിവേദനം ലഭിച്ചിട്ടുണ്ടോ; എങ്കിൽ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ?

നിവേദനം ലഭിച്ചിട്ടുണ്ട്. ടി നിവേദനം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ചങ്ങനാശ്ശേരിയിൽ സ്ഥാനിയ ബസ്സുകൾക്ക് റിസർവ്വേഷൻ സൗകര്യം (ബോർഡിംഗ് പോയിന്റ്) അനുവദിക്കുന്നതിനുള്ള സാദ്ധ്യതകൾ പരിശോധിച്ചുവരികയാണ്.

**കോതമംഗലം ഡിപ്പോയിൽനിന്നും നിർത്തലാക്കിയ സർവ്വീസുകൾ പുനഃസ്ഥാപിക്കാൻ നടപടി**

367(2108) <u>ശ്രീ. ആന്റണി ജോൺ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡിനെത്തുടർന്ന് കോതമംഗലം ഡിപ്പോയിൽനിന്നും നിർത്തലാക്കിയ സർവ്വീസുകളെത്ര; അവ ഏതെല്ലാം; വ്യക്തമാക്കാമോ?

കോവിഡ് 19-ലെ മഹാമാരിയെത്തുടർന്ന് കോതമംഗലം ഡിപ്പോയിൽ സർവ്വീസുകൾ പൂർണ്ണമായും നിർത്തിവച്ചിരിക്കുകയായിരുന്നു. എന്നാൽ കോവിഡാനന്തരം നിയന്ത്രണങ്ങൾ ലഘൂകരിച്ചതിനെത്തുടർന്ന് പ്രസ്തുത ഡിപ്പോയിൽനിന്നും കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ ഇതിനോടകം പുനരാരംഭിച്ചിട്ടുണ്ട്. സമഗ്രപുനരുദ്ധാരണത്തിന്റെ ഭാഗമായി

പ്രവർത്തനച്ചെലവുപോലും വഹിക്കാൻ കഴിയാത്ത സർവ്വീസുകളും ട്രിപ്പുകളും പുനഃക്രമീകരിച്ച് നടത്തുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. 2020 ജനുവരിയിൽ നടത്തിയിരുന്ന എല്ലാ സർവ്വീസുകളിലെയും പ്രധാന ട്രിപ്പുകൾ നടത്തുന്ന രീതിയിൽ പുനഃക്രമീകരിച്ച് സർവ്വീസുകൾ ഓപ്പറേറ്റ് ചെയ്തുവരുന്നുണ്ട്. കോതമംഗലം ഡിപ്പോയിൽ നിർത്തലാക്കിയ സർവ്വീസുകളും പുനരാരംഭിച്ചിട്ടുള്ള സർവ്വീസുകളും ചുവടെ ചേർക്കുന്നു.

നിർത്തലാക്കിയ സർവ്വീസുകൾ

| ക്രമ നം. | സമയം | സ്ഥലം |
|---|---|---|
| 1 | 06.20 | വടാട്ടുപ്പാറ |
| 2 | 07.40 | വടാട്ടുപ്പാറ |
| 3 | 05.15 | എറണാകുളം സൗത്ത് |
| 4 | 07.00 | ചാലക്കുടി |
| 5 | 06.15 | മൂന്നാർ |
| 6 | 06.35 | തൊടുപുഴ |
| 7 | 07.00 | മൂവാറ്റുപുഴ-മുളവൂർ |
| 8 | 20.40 | വെള്ളാരംക്കുത്ത് |
| 9 | 07.00 | വെട്ടംപാറ |
| 10 | 06.10 | വൈറ്റില |
| 11 | 07.00 | വൈറ്റില |
| 12 | 08.30 | പരീക്കണ്ണി |

(ബി) അവയിൽ എത്ര സർവ്വീസുകൾ പുനഃസ്ഥാപിച്ചുവെന്നും അത് ഏതെല്ലാമാണെന്നും വിശദമാക്കാമോ?

പുനഃസ്ഥാപിച്ച സർവ്വീസുകൾ

| ക്രമ നം. | സമയം | സ്ഥലം |
|---|---|---|
| 1 | 05.15 | എറണാകുളം സൗത്ത് |
| 2 | 07.00 | മൂവാറ്റുപുഴ-മുളവൂർ |
| 3 | 20.40 | വെള്ളാരംക്കുത്ത് |
| 4 | 07.00 | വെട്ടംപാറ |
| 5 | 08.30 | പരീക്കണ്ണി |

(സി) പുനഃസ്ഥാപിച്ചിട്ടില്ലാത്ത സർവ്വീസുകൾ വേഗത്തിൽ പുനരാരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

യാത്രാ ആവശ്യമനുസരിച്ച് സർവ്വീസുകൾ പുനരാരംഭിക്കുന്നകാര്യം പരിഗണിക്കുന്നതാണ്.

## തീർത്ഥാടന കേന്ദ്രങ്ങളെ ബന്ധിപ്പിച്ച് കെ.എസ്.ആർ.ടി.സി. സർക്കുലർ സർവ്വീസുകൾ

368(2109) ശ്രീ. സജി ചെറിയാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രധാന ഡിപ്പോകളിൽനിന്നും ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലെ പ്രധാന തീർത്ഥാടന കേന്ദ്രങ്ങളെ ബന്ധിപ്പിച്ചുകൊണ്ടുള്ള കെ.എസ്.ആർ.ടി.സി. സർക്കുലർ സർവ്വീസുകൾ നിലവിലുണ്ടോ; ഇല്ലെങ്കിൽ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

അതത് സംസ്ഥാനങ്ങളുമായി കാലാകാലങ്ങളിലേർപ്പെടുന്ന ഗതാഗത കരാർ വ്യവസ്ഥകൾക്കനുസൃതമായാണ് കെ.എസ്.ആർ.ടി.സി. അന്തർസംസ്ഥാന സർവ്വീസുകൾ നടത്തിവരുന്നത്. ദക്ഷിണേന്ത്യയിലെ പ്രധാന തീർത്ഥാടന കേന്ദ്രങ്ങളടക്കം പളനി, മൂകാംബിക, മധുര, വേളാങ്കണ്ണി, ശബരിമല, മണ്ടയ്ക്കാട്, ആറ്റിൻകരപള്ളി തുടങ്ങിയ സ്ഥലങ്ങളിലേയ്ക്ക് നിലവിൽ സർവ്വീസ് നടത്തിവരുന്നുണ്ട്. എന്നാൽ തീർത്ഥാടന കേന്ദ്രങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് സർക്കുലർ സർവ്വീസ് നടത്തുന്നതിന് നിലവിലെ അന്തർസംസ്ഥാന കരാറിൽ വ്യവസ്ഥ ചെയ്തിട്ടില്ലാത്തതിനാൽ നിലവിലെ സാഹചര്യത്തിൽ സർക്കുലർ സർവ്വീസുകളാരംഭിക്കുവാൻ കഴിയുകയില്ല. അന്തർസംസ്ഥാന റൂട്ടുകൾ പുതുതായി ആരംഭിക്കുന്നതിന് മറ്റ് സംസ്ഥാനങ്ങളുടെ അനുമതി ആവശ്യമാണ്. സർക്കുലർ സർവ്വീസുകളാരംഭിക്കുന്നത് സംബന്ധിച്ച മറ്റുസംസ്ഥാനങ്ങളുമായി ഗതാഗത കരാർ രൂപീകരിക്കുന്നവേളയിൽ സാദ്ധ്യതാപഠനം നടത്തി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പരിഗണിക്കുന്നതാണ്.

(ബി) ചെങ്ങന്നൂർ ഡിപ്പോയിൽനിന്നും പഞ്ചപാണ്ഡവക്ഷേത്രങ്ങളെ ബന്ധിപ്പിച്ചുകൊണ്ടുള്ള സർക്കുലർ സർവ്വീസ് പുനഃസ്ഥാപിക്കുമോ?

ചെങ്ങന്നൂർ ഡിപ്പോയിൽനിന്നും പഞ്ചപാണ്ഡവക്ഷേത്രങ്ങളെ ബന്ധിപ്പിച്ച് നടത്തിയിരുന്ന സർവ്വീസ് വരുമാനക്കുറവ് കാരണം 2019 മുതൽ നിർത്തിവച്ചിരുന്നു. മതിയായ യാത്രക്കാർ ലഭ്യമാകുന്നതനുസരിച്ച് ബഡ്ജറ്റ് ടൂറിസം സെൽ മുഖേന പ്രത്യേക സർവ്വീസുകൾ നടത്തുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

(സി) പ്രസ്തുത ഡിപ്പോയിൽനിന്നും വിനോദസഞ്ചാര സർവ്വീസുകളാരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ചെങ്ങന്നൂർ ഡിപ്പോയിൽനിന്നും സാദ്ധ്യതയനുസരിച്ച് വിനോദസഞ്ചാര സർവ്വീസുകൾ നടത്തുന്നതിന് ബഡ്ജറ്റ് ടൂറിസം സെൽ സജ്ജമാണ്. ചെങ്ങന്നൂർ ഡിപ്പോയിൽനിന്നും നിലവിൽ നടത്തിവരുന്ന വിനോദസഞ്ചാര യാത്രകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു;

- ചെങ്ങന്നൂർ വാഗമൺ
- ചെങ്ങന്നൂർ വണ്ടർലാ
- ചെങ്ങന്നൂർ നാലമ്പലം
- ചെങ്ങന്നൂർ മലക്കപ്പാറ
- ചെങ്ങന്നൂർ മൂന്നാർ-കാന്തല്ലൂർ
- ചെങ്ങന്നൂർ പഞ്ചപാണ്ഡവക്ഷേത്ര ദർശനം

**ചേർത്തല കെ.എസ്.ആർ.ടി.സി. സ്റ്റാൻഡിൽ രൂപപ്പെട്ട ഗർത്തം**

369(2110) ശ്രീമതി ദെലീമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേർത്തല കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാൻഡിൽ രൂപംകൊണ്ടിട്ടുള്ള വലിയ ഗർത്തം കാരണം ടി പ്രദേശത്ത് വലിയ വെള്ളക്കെട്ടും ബസ്സുകൾക്ക് കേടുപാടുണ്ടാകുകയും തന്മൂലം യാത്രക്കാർക്ക് ബുദ്ധിമുട്ടുണ്ടാകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആയത് പരിഹരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയത് പരിഹരിക്കാനുള്ള പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്.

## പാറശാല മണ്ഡലത്തിലെ ഗ്രാമീണ മേഖലകളിലെ യാത്രാക്ലേശത്തിന് പരിഹാരം

370(2111) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബസ് പാർക്കിംഗ് എന്ന പേരിൽ പാറശാല മണ്ഡലത്തിൽ വിവിധയിടങ്ങളിലായി എത്ര കെ.എസ്.ആർ.ടി.സി. ബസ്സുകൾ ഒതുക്കിയിട്ടിരിക്കുന്നുവെന്നുള്ള വിവരം ബസിന്റെ ഇനം തിരിച്ച് അറിയിക്കാമോ?

നിലവിൽ പാറശ്ശാല പാർക്കിംഗ് സെന്ററിൽ സ്ക്രാപ്പ് ചെയ്ത് തുടർനടപടിക്കായി ജൻറം ആദ്യഘട്ടത്തിലെ 17 ബസ്സുകളും ഓർഡിനറി ബസ്സുകൾ 28 എണ്ണവും സൂക്ഷിച്ചിട്ടുണ്ട്. കൂടാതെ അറ്റകുറ്റപ്പണികൾ പൂർത്തീകരിച്ച് സർവ്വീസിന് യോഗ്യമാക്കുന്നതിനുള്ള 11 ഓർഡിനറി ബസ്സുകളുമുണ്ട്.

(ബി) പാറശാല മണ്ഡലത്തിലെ ഗ്രാമീണ മേഖലകളിൽ യാത്രാക്ലേശം പരിഹരിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

പാറശാല മണ്ഡലത്തിലെ ഗ്രാമീണ മേഖലകളിൽ യാത്രാക്ലേശം പരിഹരിക്കുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് ഗ്രാമവണ്ടിയെന്ന പേരിൽ പ്രത്യേക ബസ് സർവ്വീസ് പദ്ധതിയാരംഭിച്ചിട്ടുണ്ട്. 29-07-2022-ൽ സംസ്ഥാനതല ഉദ്ഘാടനം തിരുവനന്തപുരം ജില്ലയിലെ പാറശ്ശാലയിലെ കൊല്ലയിൽ പഞ്ചായത്തിലും കൂടാതെ 01-12-2022 പാറശ്ശാല മണ്ഡലത്തിലെ കുന്നത്തുകാൽ പഞ്ചായത്തിലും ഗ്രാമവണ്ടി പദ്ധതിയുടെ ഉദ്ഘാടനം നടത്തിയിട്ടുണ്ട്. മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് ആക്ട് 1961 പ്രകാരം ഡ്യൂട്ടികൾ പാറശ്ശാല ഡിപ്പോയിൽ നടപ്പിലാക്കിയത് പ്രകാരം കൂടുതൽ സർവ്വീസുകൾ ഓപ്പറേറ്റ് ചെയ്യുവാനും മുൻമാസത്തെ

സമാനകാലയളവിനെ അപേക്ഷിച്ച് പ്രതിദിനം ശരാശരി 29 ശതമാനം അധികമായി സർവ്വീസ് ഓപ്പറേറ്റ് ചെയ്യുവാനും അതിലൂടെ കൂടുതൽ യാത്രാസൗകര്യം ലഭ്യമാക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്. കൂടാതെ 15 സിറ്റി ഷട്ടിൽ സർവ്വീസുകളും ഒരു സിറ്റി റേഡിയൽ സർവ്വീസും കൂടുതൽ യാത്രക്കാരെ ഉൾക്കൊള്ളുന്നതുമായ ലോഫ്‌ളോർ ബസ്സുകളുപയോഗിച്ച് ഓഫീസുകളെ നേരിട്ട് ബന്ധപ്പെടുത്തി ആരംഭിക്കുക വഴി യാത്രാക്ലേശം പൂർണ്ണമായും പ്രസ്തുത റൂട്ടുകളിൽ ഒഴിവാക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

(സി) കെ.എസ്.ആർ.ടി.സി.-യുടെ പ്രവർത്തനകാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് നിലവിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ?

കെ.എസ്.ആർ.ടി.സി.-യെ ലാഭകരമാക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

<u>മാനേജ്മെന്റ് പ്രൊഫഷണലിസം</u>

പ്രൊഫ. സുശീൽ ഖന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കോർപ്പറേഷനിലെ ടോപ്പ്‌ലെവൽ മാനേജ്മെന്റ് ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി General Manager (F&A), General Manager (Tech.), Dy. General Manager (F&A), Dy. General Manager (Operations), Dy.

General Manager (Tech.), Chartered/Cost Accountant എന്നീ തസ്തികകൾ താല്ക്കാലികമായി സർക്കാർ സൃഷ്ടിച്ചതിന്റെ അടിസ്ഥാനത്തിൽ അതത് മേഖലകളിൽ യോഗ്യതയും പരിചയവുമുള്ള ഉദ്യോഗസ്ഥരുടെ സേവനം ലഭ്യമാക്കുന്നതിനായി ഓരോ വിഭാഗങ്ങളിലും വൈദഗ്ദ്ധ്യമുള്ളവരെ സുതാര്യമായ നിയമന നടപടിക്രമങ്ങൾ പാലിച്ച് കരാറടിസ്ഥാനത്തിൽ നിയമിച്ചതുവഴി മാനേജ്മെന്റ് തലത്തിൽ പുനഃക്രമീകരണം നടത്തുന്നതിന് കഴിഞ്ഞിട്ടുണ്ട്. മാനവവിഭവശേഷി വർദ്ധിപ്പിക്കുന്നതിന്റെയും കോർപ്പറേഷനെ കൊമേർഷ്യലൈസ് ചെയ്യുന്നതിന്റെ ഭാഗമായി പ്രാവീണ്യം തെളിയിക്കുന്നവരെ ഓപ്പൺ മാർക്കറ്റിൽനിന്നും HR വിഭാഗത്തിലും കൊമേഴ്സ്യൽ വിഭാഗത്തിലും കരാറടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്. പ്രൊഫ. സുശീൽ ഖന്നയുടെ റിപ്പോർട്ടിലെ പ്രധാന നിർദ്ദേശം കോർപ്പറേഷനെ മൂന്ന് (3) സ്വയംപര്യാപ്തമായ ലാഭകേന്ദ്രങ്ങളാക്കി മാറ്റുകയെന്നതാണ്. ആയതിൻപ്രകാരം കെ.എസ്.ആർ.ടി.സി.-യെ സൗത്ത്, സെൻട്രൽ, നോർത്ത് സോണുകളായി തരംതിരിച്ചിട്ടുണ്ട്. കൂടാതെ ഭരണപരവും അക്കൗണ്ട്സ് സംബന്ധവുമായ നടപടികൾ ജില്ലാടിസ്ഥാനത്തിൽ സ്വീകരിക്കുന്നതിന് പതിനഞ്ച് (15) ജില്ലാ ഓഫീസുകൾ രൂപീകരിച്ചിട്ടുണ്ട്. വരുമാനവർദ്ധനവ് വരുത്തുക എന്നതിനോടൊപ്പം കോർപ്പറേഷന്റെ

പ്രവർത്തനങ്ങളുടെ ശാക്തീകരണമാണ് പ്രസ്തുത മേഖലകളുടെ രൂപീകരണംകൊണ്ട് ലക്ഷ്യമിട്ടിട്ടുള്ളത്. പ്രതിവാഹന ജീവനക്കാരുടെ എണ്ണം ദേശീയ ശരാശരിയിലെത്തിക്കുന്നതിന് നടപടികളാരംഭിച്ചിട്ടുണ്ട്. മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് ആക്ട് 1961 പ്രകാരം ഡ്യൂട്ടികൾ ക്രമീകരിച്ചുവരുന്നു. പ്രാരംഭഘട്ടംമെന്ന നിലയിൽ തിരുവനന്തപുരം ജില്ലയിലെ പാറശ്ശാല ഡിപ്പോയിൽ 2022 ഒക്ടോബർ 1 മുതൽ പൈലറ്റ് പദ്ധതി നടപ്പിലാക്കുകയും 20-10-2022 മുതൽ പദ്ധതി പൂർണ്ണതോതിൽ നടപ്പിലാക്കുകയും ശാരീരിക മാനസിക സമ്മർദ്ദമൊഴിവാക്കി അപകടം കുറയ്ക്കുവാനും മാനവവിഭവശേഷി വർദ്ധിപ്പിച്ച് കൂടുതൽ സർവ്വീസുകൾ ഓപ്പറേറ്റ് ചെയ്യുവാനും മുൻമാസത്തെ സമാനകാലയളവിനെ അപേക്ഷിച്ച് പ്രതിദിനം ശരാശരി 26 ശതമാനം അധിക കിലോമീറ്റർ ഓപ്പറേറ്റ് ചെയ്യുവാനും അതിലൂടെ 14 ശതമാനം അധിക വരുമാനം നേടുവാനും സാധിച്ചിട്ടുണ്ട്. തിരുവനന്തപുരം നഗരത്തിലെ സമഗ്രമായ നഗരഗതാഗതത്തിന് നഗരപരിധിയിൽ വിവിധ പ്രദേശങ്ങളെയും സ്ഥാപനങ്ങളേയും ബന്ധിപ്പിച്ച് നഗരത്തിലേയ്ക്ക് വിവിധ ആവശ്യങ്ങൾക്കായി എത്തിച്ചേരുന്ന പൊതുജനങ്ങൾക്കും നഗരത്തിലെ വിവിധ ഭാഗങ്ങളിൽ സഞ്ചരിക്കേണ്ട യാത്രക്കാർക്കും പ്രയോജനകരമായ രീതിയിൽ

സിറ്റിസർക്കുലർ (ഹോപ്പ് ഓൺ ഹോപ്പ് ഓഫ്) ആരംഭിച്ചു. സമഗ്രമായ പഠനത്തിന്റെ വെളിച്ചത്തിൽ സിറ്റിഷട്ടിൽ സർവ്വീസുകളാരംഭിച്ചു. കൂടുതൽ സ്ഥലസൗകര്യവും സൗകര്യപ്രദമായ വാതിലുകളും ഉയരംകുറഞ്ഞ പ്ലാറ്റ്ഫോമുമുള്ള ലോഫ്ളോർ ബസ്സുകളുപയോഗിച്ചതിനാൽ കൂടുതൽ യാത്രക്കാർ ടി ബസ്സുകളെ ആശ്രയിക്കുകയും മറ്റ് ബസ്സുകൾ ഒറ്റപ്പെട്ട ഗ്രാമീണ റൂട്ടുകളിൽ ഉപയോഗിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. അനാവശ്യമായി യാത്രക്കാരില്ലാതെ റിട്ടേൺ ഡെഡ് ട്രിപ്പുകൾ കുറക്കുന്നതിനും യാത്രക്കാരുടെ സൗകര്യത്തിനുമായി സിറ്റിറേഡിയൽ സർവ്വീസാരംഭിച്ചു. സിറ്റിക്ക് വെളിയിലുള്ള രണ്ട് പ്രധാന സ്ഥലങ്ങളെ തമ്മിൽ ബന്ധിപ്പിക്കുക വഴി യാത്രക്കാർക്ക് ഇറങ്ങിക്കയറുന്നത് ഒഴിവാക്കുന്നതിനും യാത്രാസൗകര്യം മെച്ചപ്പെടുത്തുന്നതിനും കഴിഞ്ഞു. അന്തരീക്ഷ മലിനീകരണവും പ്രവർത്തന ചെലവും കുറയ്ക്കുന്നതിന്റെ ഭാഗമായി 40 ഇലക്ട്രിക് ബസ്സുകൾ തിരുവനന്തപുരം നഗരത്തിൽ സിറ്റി സർക്കുലർ സർവ്വീസിനായി ഉപയോഗിച്ചുവരുന്നു. സംസ്ഥാനത്തിന്റെ ഉൾപ്രദേശങ്ങളിലേയ്ക്ക് സർവ്വീസുകൾ നടത്തുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് ഗ്രാമവണ്ടിയെന്ന പേരിൽ പ്രത്യേക ബസ് സർവ്വീസ് പദ്ധതി ആരംഭിച്ചിട്ടുണ്ട്. പാറശ്ശാലയിലെ കൊല്ലയിൽ പഞ്ചായത്തിൽനിന്നും സംസ്ഥാനതലത്തിലാരംഭിച്ച ഗ്രാമവണ്ടി

പദ്ധതിയിലൂടെ ഒറ്റപ്പെട്ട ഗ്രാമീണ റൂട്ടുകളിലോടുന്ന ബസ്സുകളുടെ ഡീസൽ ചെലവിൽ ഒരു കിലോമീറ്ററിന് ശരാശരി 24 രൂപ ഇത്തരത്തിൽ തദ്ദേശസ്ഥാപനങ്ങൾ വഴി ലഭിക്കുകയും തദ്വാര നഷ്ടം കുറയുകയും ചെയ്തിട്ടുണ്ട്. ടി പ്രവർത്തനങ്ങൾക്ക് കേന്ദ്ര സർക്കാരിന്റെ പുരസ്കാരങ്ങൾ ലഭിക്കുകയും ചെയ്തിട്ടുണ്ട്. സർവ്വീസുകളുടെ ക്രോണോളജി പരിശോധിച്ച് അനാവശ്യട്രിപ്പുകളും സർവ്വീസുകളും കുറയ്ക്കുകയും കൃത്യമായി ആവശ്യാനുസരണം സർവ്വീസുകൾ ക്രമീകരിക്കുകയും പുതിയ മലയോര തീരദേശപാതകളിലൂടെ സർവ്വീസുകൾ പുനഃക്രമീകരിക്കുകയും ചെയ്തുവരുന്നതിൽനിന്നും ക്രമാനുഗതമായി ബസ്സുകളിലെ യാത്രക്കാരുടെ എണ്ണം വർദ്ധിക്കുകയും അനാവശ്യ കിലോമീറ്റർ കുറച്ചതിലൂടെ ഡീസൽ, മെയിന്റനൻസ് ചെലവുകൾ കുറയ്ക്കുകയും ചെയ്തു. ദീർഘദൂരസർവ്വീസുകളിലും അന്തർസംസ്ഥാന സർവ്വീസുകളിലും കൂടുതൽ പഠനം നടത്തി കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ് മുഖാന്തരം പുതിയ ബസ്സുകൾ ലീസ് വ്യവസ്ഥയിൽ ലഭ്യമാക്കി ക്രൂ ചെയ്ഞ്ച് ഡ്രൈവർ കം കണ്ടക്ടർ സംവിധാനം ഏർപ്പെടുത്തുന്നതുൾപ്പെടെ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ഇതിലൂടെ മെച്ചപ്പെട്ട വരുമാനം നേടുവാനും ജീവനക്കാരുടെ ചെലവുകുറയ്ക്കുവാനും കഴിയുന്നുണ്ട്. കെ.എസ്.ആർ.ടി.സി.-

യിൽ നിലവിലുള്ള ഫ്ലീറ്റുകളുടെ ഉപയോഗം 75 ശതമാനത്തിൽനിന്നും 95 ശതമാനത്തിലേയ്ക്ക് ഉയർത്തുന്നതിലേയ്ക്ക് നടപടികൾ സ്വീകരിച്ചുവരുന്നു. യാത്രക്കാരുടെ ഡിമാന്റ് പരിശോധിച്ച് " ഒറിജിൻ-ഡെസ്റ്റിനേഷൻ" പൈലറ്റ് സ്റ്റഡി നടത്തി ഡിമാന്റനുസരിച്ച് പരീക്ഷണാർത്ഥം നെയ്യാറ്റിൻകര-തിരുവനന്തപുരം റൂട്ടിലും എറണാകുളം-തിരുവനന്തപുരം റൂട്ടിലും നോൺ സ്റ്റോപ്പ്, ലിമിറ്റഡ് സ്റ്റോപ്പ് സർവ്വീസുകളാരംഭിച്ചതിൽ ചെലവുചുരുക്കി വരുമാനം വർദ്ധിപ്പിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. നൂതന സാങ്കേതികവിദ്യയുടെ സഹായത്തോടെ ട്രാവൽ ഡിമാന്റ് ലൊക്കേഷൻ ട്രാക്കിംഗ് എന്നിവ കണ്ടെത്തുന്നതിന് ആധുനിക ഇ.റ്റി.എം., വി.എൽ.റ്റി.ഡി. എന്നിവ ലഭ്യമാക്കുക വഴി റൂട്ട് റാഷണലൈസേഷൻ കൂടുതൽ മെച്ചപ്പെടുകയും ഡാറ്റാ അനാലിസിസ് നടത്തുന്നതിന് സഹായകരമാവുകയും ചെയ്യും. ഇതിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും സഹായം ലഭ്യമാക്കുന്നതിനും DIMTS എന്ന സ്ഥാപനത്തെ പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടന്റായി നിയോഗിക്കുകയും പ്രവർത്തനങ്ങൾ നടന്നുവരികയുമാണ്. ഇത്തരത്തിൽ ഡാറ്റാ പ്രോസസ്സിംഗ് പൂർത്തിയാകുന്നോടെ വിവരസാങ്കേതികവിദ്യയുടെ സഹായത്തോടെ റൂട്ടുകൾ പുനഃക്രമീകരിക്കുകയും ട്രിപ്പുകൾ കാര്യക്ഷമമാക്കുകയും നോൺ സ്റ്റോപ്പ്

ലിമിറ്റഡ് സ്റ്റോപ്പ് ബസ്സുകൾ കൂടുതലാരംഭിച്ച് ജനോപകാരപ്രദമായും ജനാഭിലാഷമനുസരിച്ചും ചെലവുകുറച്ച് കാര്യക്ഷമമായി ഓപ്പറേഷൻ കൂടുതൽ സാദ്ധ്യമാക്കും. ഇതിനുള്ള പദ്ധതികൾ നടന്നുവരികയാണ്. യൂണിറ്റുകളിലെ നിലവിലെ സർവ്വീസുകളുടേയും ഭാവിസാദ്ധ്യതകൾ പരിഗണിച്ച് ദൈനംദിന വരുമാനലക്ഷ്യം നിശ്ചയിച്ച് നൽകിയിട്ടുണ്ട്. മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് ആക്ടുപ്രകാരം ഷെഡ്യൂൾ ഒപ്റ്റിമൈസേഷനിലൂടെ കൂടുതൽ ബസുകൾ യൂണിറ്റുകൾക്ക് നൽകി ഓപ്പറേറ്റ് ചെയ്യും കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ് വഴി ലഭിക്കുന്ന ആധുനിക ബസ്സുകളും ജീവനക്കാരും ഉപയോഗിച്ച് സർവ്വീസ് നടത്തുമ്പോൾ ലഭിക്കുന്ന അധികവരുമാനവും കൂടാതെ കെ.-സ്വിഫ്റ്റ് ക്രൂ ലഭ്യമാകുന്നതിലൂടെ ചെലവുകുറയ്ക്കുകയും കെ.എസ്.ആർ.ടി.സി.-ക്ക് ഒഴിവാകുന്ന ജീവനക്കാരെയുപയോഗിച്ച് പുതിയ അധിക സർവ്വീസ് നടത്തിയും ആദ്യഘട്ടത്തിൽ പ്രതിമാസ വരുമാനം എട്ട് കോടി രൂപയിലെത്തിക്കുകയും ക്രമാനുഗതമായി പ്രതിദിന വരുമാനം പത്ത് കോടി രൂപയിലെത്തിക്കുന്നതിനുമാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ഇതിനായി ആവശ്യമായ സാങ്കേതികസഹായവും നടപടികളും ദ്രുതഗതിയിൽ നടന്നുവരുന്നു. കെ.എസ്.ആർ.ടി.സി.-യുടെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളിലും ഷോപ്പിംഗ് കോംപ്ലക്സുകളിലും കച്ചവടസ്ഥാപനങ്ങൾ

ലൈസൻസ് ഫീ അടിസ്ഥാനത്തിൽ പ്രവർത്തിപ്പിക്കുന്നതിലൂടെ ടിക്കറ്റിതരവരുമാനം ലഭിച്ചുവരുന്നു. കെ.എസ്.ആർ.ടി.സി.-യുടെ സർവ്വീസ് ഓപ്പറേഷനുപയോഗയോഗ്യമല്ലാത്ത ബസ്സുകളെ സ്റ്റാളുകളാക്കി (Shop on wheels) മാറ്റി വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പദ്ധതി രൂപീകരിക്കുകയും ആയത് പ്രാവർത്തികമാക്കിയതിലൂടെ വരുമാനം ലഭിച്ചുവരുകയും ചെയ്യുന്നു. കെ.എസ്.ആർ.ടി.സി.-യുടെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളുപയോഗപ്പെടുത്തി നിർമ്മിച്ചിട്ടുള്ള വാണിജ്യസമുച്ചയങ്ങൾ ദീർഘകാലാടിസ്ഥാനത്തിൽ പാട്ടക്കരാർ വ്യവസ്ഥയിൽ അനുവദിച്ച് നൽകുന്നതിലൂടെയും പ്രതിമാസ ലൈസൻസ് ഫീ അടിസ്ഥാനത്തിൽ നൽകുന്നതിലൂടേയും ടിക്കറ്റിതരവരുമാനത്തിൽ വർദ്ധനവുവരുത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. നിലവിൽ പണി പൂർത്തീകരിച്ച വാണിജ്യസമുച്ചയങ്ങളിൽ സർക്കാർ, അർദ്ധസർക്കാർ സ്ഥാപനങ്ങൾക്ക് വാടകയ്ക്ക് നൽകാമെന്ന തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഹരിപ്പാട് ബസ്സ്റ്റേഷൻ വാണിജ്യസമുച്ചയത്തിൽ കാനറാ ബാങ്ക്, കെ.എസ്.എഫ്.ഇ. മുതലായ സ്ഥാപനങ്ങൾക്ക് സ്ഥലമനുവദിച്ച് നൽകുകയും ആയതിൽനിന്നും പ്രതിമാസം ലൈസൻസ് ഫീ ലഭിച്ചുവരുന്നു. കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷനുകളിൽ പാസഞ്ചർ ഇൻഫർമേഷൻ സിസ്റ്റം, എല്ലാം ബസ്

സ്റ്റേഷനുകളിലും ഹോർഡിംഗ്സ് സ്ഥാപിച്ച് പരസ്യം നൽകിയ ഇനത്തിലും ടിക്കറ്റിതരവരുമാനം വർദ്ധിപ്പിക്കുവാൻ സാധിച്ചിട്ടുണ്ട്. കൂടാതെ പാലാ ബസ് സ്റ്റേഷനിലെ വാണിജ്യസമുച്ചയം, നിലമ്പൂർ യൂണിറ്റ് വാണിജ്യസമുച്ചയം എന്നിവ ഒറ്റയൂണിറ്റായി പരിഗണിച്ച് ടെണ്ടർ നടത്തി നിയമാനുസരണം ലൈസൻസികളെ കണ്ടെത്തിയിട്ടുണ്ട്. കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ കൊറിയർ പാഴ്സൽ സർവ്വീസ് നടത്തുന്നതിനും യൂണിറ്റുകളിൽ എ.ടി.എം. കൗണ്ടറുകൾ സ്ഥാപിച്ച് പ്രവർത്തിപ്പിക്കുന്നതിന്റെയും ടെണ്ടർ നടപടികൾ അവസാനഘട്ടത്തിലാണ്. ഷോപ്പിംഗ് കോംപ്ലക്സിന്റെ വികസന പദ്ധതികൾ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

കെ.എസ്.ആർ.ടി.സി.-യുടെ അധീനതയിൽവരുന്നതും National Highway-യോടുചേർന്നുള്ളതും വളരെ ജനത്തിരക്കേറിയ പട്ടണങ്ങളിൽ സ്ഥിതി ചെയ്യുന്നതുമായ യൂണിറ്റുകളിലെ ഒഴിഞ്ഞുകിടക്കുന്ന സ്ഥലങ്ങളിൽ വാണിജ്യസമുച്ചയങ്ങൾ നിർമ്മിക്കുകയും അവ ആവശ്യക്കാർക്ക് വിവിധ കച്ചവടയാവശ്യങ്ങൾക്കും അനുവദിച്ച് നൽകാവുന്നതുമാണ്. ഇങ്ങനെ അനുവദിച്ചുനൽകുന്ന വാണിജ്യസമുച്ചയങ്ങളിൽ സൂപ്പർ മാർക്കറ്റ് ആധുനിക സൗകര്യത്തോടുകൂടിയ റസ്റ്റോറന്റുകൾ, സിനിമാശാലകൾ, ജിംനേഷ്യം, മറ്റവശ്യസാധനങ്ങൾ വിൽക്കുന്ന കച്ചവടസ്ഥാപനങ്ങൾ കൂടാതെ

പൊതുജനങ്ങൾ നിത്യേന നിരവധിയാവശ്യങ്ങൾക്കായി ആശ്രയിക്കുന്ന സർക്കാർസ്ഥാപനങ്ങൾ എന്നിവ പ്രസ്തുത കോംപ്ലക്സുകളിൽ സജ്ജീകരിച്ചാൽ ധാരാളം ആളുകൾ കെ.എസ്.ആർ.ടി.സി. ബസ്സ്റ്റേഷനുകളിൽ എത്തിച്ചേരുകയും അതുവഴി യാത്രാക്കൂലിയിനത്തിലും ടിക്കറ്റിതര വരുമാനമായും കോർപ്പറേഷന് നല്ല വരുമാനം ലഭിക്കുന്നതാണ്. ടിക്കറ്റിതരവരുമാനം വർദ്ധിപ്പിക്കുന്നതിനായി 2021 നവംബർ 1 മുതൽ ബഡ്ജറ്റ് ടൂറിസം സെൽ രൂപീകരിക്കുകയും ടൂറിസം പദ്ധതികൾ നടപ്പിലാക്കിവരുകയും ചെയ്യുന്നു. കുറഞ്ഞചെലവിൽ വിനോദസഞ്ചാരം സാദ്ധ്യമാക്കുകയെന്ന ലക്ഷ്യത്തോടെ കെ.എസ്.ആർ.ടി.സി. ബഡ്ജറ്റ് ടൂറിസം ട്രിപ്പുകൾ നടത്തിവരുകയാണ്. സംസ്ഥാന സർക്കാരിന്റെ വിവിധ വകുപ്പുകളും ഏജൻസികളുമായും ബന്ധപ്പെട്ടാണ് ഏറ്റവും കൂടുതൽ ടൂർപാക്കേജുകൾ കെ.എസ്.ആർ.ടി.സി. നടപ്പാക്കിവരുന്നത്. ടിക്കറ്റിതരവരുമാനം വർദ്ധിപ്പിക്കുന്നതിനായി 2021 നവംബർ 1 മുതൽ ബഡ്ജറ്റ് ടൂറിസം സെൽ രൂപീകരിക്കുകയും ടൂറിസം പദ്ധതികൾ നടപ്പിലാക്കിവരുകയും ചെയ്യുന്നു. പൊതുജനങ്ങൾക്ക് കുറഞ്ഞചെലവിൽ വിനോദസഞ്ചാരം സാദ്ധ്യമാക്കുകയെന്ന ലക്ഷ്യത്തോടെയാണ് കെ.എസ്.ആർ.ടി.സി. ബഡ്ജറ്റ് ടൂറിസം ട്രിപ്പുകൾ നടത്തിവരുന്നത്.

ത്രീടയർ മെയിന്റനൻസ് സംവിധാനം നടപ്പിൽവരുത്തി ബസ്സുകളുടെ മെയിന്റനൻസ് സമയബന്ധിതമായി പൂർത്തീകരിച്ച് നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ആയതിന് വർക്ക്ഷോപ്പുകളുടെ നവീകരണം, purchase of Tools and equipments എന്നിവ പ്ലാൻ ഫണ്ടുപയോഗിച്ച് നടത്തിവരുന്നു. മെയിന്റനൻസ് അഞ്ച് പ്രൊഡക്ഷൻ സെന്ററുകളും 22 ജില്ലാ/ സബ് ജില്ലാ വർക്ക്ഷോപ്പുകളിലും കേന്ദ്രീകരിക്കുന്നതിനും ഡിപ്പോ ഗ്യാരേജുകളിൽ പ്രതിദിന, പ്രതിവാര മെയിന്റനൻസുകൾ മാത്രം നിർവ്വഹിക്കുന്നതിനുള്ള ക്രമീകരണം ഏർപ്പെടുത്തിട്ടുണ്ട്. റിപ്പയർ ഷെഡ്യൂളിന്റെ അടിസ്ഥാനത്തിൽ ഫ്ലോട്ട് യൂണിറ്റുകൾ ലഭ്യമാക്കിമാറ്റുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. മെക്കാനിക്കൽ വിഭാഗം ജീവനക്കാരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് വാഹന നിർമ്മാതാക്കൾ മുഖാന്തരം ട്രെയിനിംഗ് നൽകിവരുന്നു. മെക്കാനിക്കൽ വിഭാഗം ജീവനക്കാരുടെ അദ്ധ്വാനഭാരം കുറച്ച് തദ്വാര ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിന് ആധുനിക ഉപകരണങ്ങൾ വാങ്ങി നൽകുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. DBFOT, PPP മോഡലുകളിൽ തിരുവനന്തപുരം ജില്ലകളിലെ വിവിധ യൂണിറ്റുകളിൽ വരുമാനം വർദ്ധിപ്പിക്കത്തക്കരീതിയിൽ Commercial Development കെട്ടിടങ്ങൾ സ്ഥാപിക്കുന്ന നടപടികൾ സ്വീകരിച്ചുവരുന്നു. DIMTS-7

Locations (East Fort, Vikas Bhavan, Peroorkada, Staff Training College (TVM), East Fort near Pump, Thrissur, ST Nagar)

2) മൂന്നാറിൽ PMC-യായ KRDCL-നെ പ്രവൃത്തിയേൽപ്പിക്കുകയും അവരുടെ സഹകരണത്തോടുകൂടി Holiday Home നിർമ്മാണത്തിനുള്ള Estimate തയ്യാറാക്കിവരുന്നു. Public Dormitory, Commercial Development സംവിധാനങ്ങളും ഇതിലുൾപ്പെടുത്തിയിട്ടുണ്ട്.

3) അങ്കമാലി ട്രാൻസിറ്റ് ഹബ്ബാക്കുന്നതിന്റെ ഭാഗമായി നിലവിലുള്ള കെട്ടിടത്തിൽ Public Dormitory, Staff Dormitory, Restaurant നിർമ്മാണത്തിനുള്ള Estimate KRDCL-ന്റെ സഹകരണത്തോടുകൂടി തയ്യാറാക്കിവരുന്നു.

4) IFC-യുടെ സഹകരണത്തോടുകൂടി ഈഞ്ചയ്ക്കൽ, കൊല്ലം, കോട്ടയം, കായംകുളം, കണ്ണൂർ, എറണാകുളം എന്നീ ഡിപ്പോകളിൽ Commercial Development Projects നടപ്പാക്കുന്നതുവഴി അധിക വരുമാനം KSRTC-ക്ക് ലഭിക്കുന്നതാണ്.

5) IOCL, HPCL, BPCL എന്നീ കമ്പനികളുടെ സഹകരണത്തോടുകൂടി KSRTC-യുടെ ഉടമസ്ഥതയിലുള്ള ഭൂമിയിൽ Retail Outlet-കൾ സ്ഥാപിച്ചുവരുന്നു.

ഇലക്ട്രിക് ബസ്സുകൾക്കാവശ്യമായ E.V. ചാർജിംഗ് സ്റ്റേഷനുകൾ വിവിധ ഡിപ്പോകളിൽ സ്ഥാപിച്ചുവരുന്നു. കെ.എസ്.ആർ.ടി.സി. നേരിടുന്ന കടുത്തസാമ്പത്തിക പ്രതിസന്ധി നിമിത്തം വരവും ചെലവും തമ്മിലുള്ള അന്തരം കുറച്ച് സ്ഥാപനത്തിന്റെ പ്രവർത്തനകാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി 2021-22 സാമ്പത്തികവർഷത്തിൽ 2037.51 കോടി രൂപയും 2022-23 സാമ്പത്തികവർഷത്തിൽ നാളിതുവരെ 1069.22 കോടി രൂപയും വായ്പ ധനസഹായമായി സർക്കാർ അനുവദിച്ചിട്ടുണ്ട്. മാത്രമല്ല വിവിധ പദ്ധതികളുടെ നടത്തിപ്പിനായി പദ്ധതി വിഹിതമായി 2021-22 സാമ്പത്തികവർഷത്തിൽ 87.21 കോടി രൂപയും 2022-23 സാമ്പത്തികവർഷത്തിൽ നാളിതുവരെ 5.69 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. 2021-22 സാമ്പത്തികവർഷത്തിൽ പദ്ധതി വിഹിതമായി അനുവദിച്ച 50 കോടി രൂപ വിനിയോഗിച്ച് മൾട്ടി ആക്സിലുൾപ്പെടെ 116 സൂപ്പർ ക്ലാസ് ബസ്സുകൾ വാങ്ങി കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ് മുഖാന്തരം ദീർഘദൂരസർവ്വീസുകൾ നടത്തിവരുന്നുണ്ട്. ഇതിനുപുറമെ കിഫ്ബി ധനസഹായത്തോടെ 50 ഇലക്ട്രിക് ബസ്സുകൾ വാങ്ങുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തീകരിക്കുകയും ലഭ്യമായ 40 ബസ്സുകളുപയോഗിച്ച് സിറ്റി സർക്കുലർ സർവ്വീസും നടത്തുന്നുണ്ട്. ഇപ്രകാരം പുതിയ ബസ്സുകൾ

നിരത്തിലിറക്കിയതുവഴി യാത്രക്കാർക്ക് മെച്ചപ്പെട്ട യാത്രാസൗകര്യങ്ങൾ പ്രദാനം ചെയ്യുന്നതോടൊപ്പം വരുമാനവർദ്ധനവും സാദ്ധ്യമായിട്ടുണ്ട്. 2022-23 കാലയളവിൽ പദ്ധതി വിഹിതമായി അനുവദിച്ച തുക പ്രധാനമായും ജീവനക്കാരുടെ പരിശീലനത്തിനും അടിസ്ഥാനസൗകര്യ വികസനം, വർക്ക്ഷോപ്പുകളുടെയും ഡിപ്പോകളുടെയും നവീകരണം, കമ്പ്യൂട്ടർവൽക്കരണം എന്നീ ആവശ്യങ്ങൾക്കായാണ് വിനിയോഗിച്ചത്. ഇതോടൊപ്പം സ്ഥാപനത്തെ പ്രവർത്തന ലാഭത്തിലെത്തിക്കുന്നതിനായി ഘട്ടംഘട്ടമായി കൂടുതൽ ബസ്സുകൾ നിരത്തിലിറക്കി സർവ്വീസ് നടത്തുന്നതോടൊപ്പം ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിനായി നിരവധി നൂതന പദ്ധതികളും ആസൂത്രണം ചെയ്തുനടപ്പിലാക്കിവരുന്നു. ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ഉപയോഗയോഗ്യമല്ലാത്ത ബസ്സുകൾ സ്റ്റാളുകളാക്കി മാറ്റി വിവിധ ഏജൻസികൾക്ക് വാടകയ്ക്ക് നൽകുന്ന ഷോപ്പ് ഓൺ വീൽസ്, പൊതുജനങ്ങൾക്കുകൂടി കെ.എസ്.ആർ.ടി.സി. പമ്പുകളിൽനിന്നും ഇന്ധനം ലഭ്യമാക്കുന്നതിനായി യാത്രാ ഫ്യൂവൽസ്, മൂന്നാറിലെത്തുന്ന വിനോദസഞ്ചാരികൾക്ക് കുറഞ്ഞചെലവിൽ താമസസൗകര്യം ലഭ്യമാക്കുന്ന സ്ലീപ്പർ ഇൻ ബസ്, വിവിധ വിനോദസഞ്ചാര കേന്ദ്രങ്ങൾ

ബന്ധപ്പെടുത്തിയുള്ള ടൂർ പാക്കേജുകൾ, ല്യൂബ്രിക്കേറ്റിംഗ് ഓയിലുകൾ മിതമായ നിരക്കിൽ ലഭ്യമാക്കുന്ന ല്യൂബ് ഷോപ്പുകൾ, മത്സ്യവിപണന രംഗത്തെ തൊഴിലാളി സ്ത്രീകൾക്ക് പ്രയോജനപ്രദമായ സമുദ്ര, കെ.എസ്.ആർ.ടി.സി.-യുടെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളിൽ നിർമ്മിച്ച വാണിജ്യസമുച്ചയങ്ങൾ ദീർഘകാലാടിസ്ഥാനത്തിൽ വിവിധ സർക്കാർ, അർദ്ധസർക്കാർ സ്ഥാപനങ്ങൾക്ക് വാടകയ്ക്ക് നൽകുന്ന പദ്ധതിയും കെ.എസ്.ആർ.ടി.സി. ഡിപ്പോകളിൽ പാസഞ്ചർ ഇൻഫർമേഷൻ സിസ്റ്റം, ഹോർഡിംഗ്സ് എന്നിവ സ്ഥാപിച്ച് പരസ്യം നൽകുന്നതിലൂടെ അധികവരുമാനം ലഭ്യമാകുന്ന പദ്ധതി എന്നിവയുൾപ്പെടെ നിരവധി നൂതന പദ്ധതികളും സ്ഥാപനത്തിന്റെ പ്രവർത്തനകാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുവേണ്ടി ആസൂത്രണം ചെയ്തുനടപ്പിലാക്കുന്നുണ്ട്.

കമ്പ്യൂട്ടറൈസ്ഡ് വെഹിക്കിൾ ട്രാക്കിംഗ് ആൻഡ് മോണിറ്ററിംഗ് സിസ്റ്റം

പൊതുജനങ്ങൾക്കും യാത്രക്കാർക്കും ഉപയോഗപ്രദമാകുന്ന രീതിയിൽ വിവരസാങ്കേതികവിദ്യ ഉപയോഗിച്ച് ഷെഡ്യൂളുകളുടേയും സർവ്വീസുകളുടേയും യഥാർത്ഥ സമയക്രമം നൽകുന്നതിനായി പാസഞ്ചർ ഇൻഫർമേഷൻ സിസ്റ്റം (PIS), വെഹിക്കിൾ ട്രാക്കിംഗ് സിസ്റ്റം (VLTS) എന്നിവ നടപ്പിലാക്കുന്നതിനായി ഒരു പദ്ധതി DIMTS (Delhi Integrated Multi-

model Transit System)-നെ ഏൽപിച്ച് നടപടികൾ പുരോഗമിച്ചുവരുന്നു. ടി പദ്ധതിയിൽ വരുന്ന പ്രധാന ഘടകങ്ങൾ പാസഞ്ചർ ഇൻഫർമേഷൻ സിസ്റ്റം (PIS), വെഹിക്കിൾ ലൊക്കേഷൻ ട്രാക്കിംഗ് സിസ്റ്റം (VLTS), Decision Support System, Control room monitoring system എന്നിവയാണ്. ടി പദ്ധതി പൂർണ്ണമായി നടപ്പിലാക്കി കഴിയുന്നതിലൂടെ താഴെപ്പറയുന്ന പ്രയോജനങ്ങൾ ലഭ്യമാകുന്നതാണ്.

പൊതുജനങ്ങൾക്കും യാത്രക്കാർക്കും മൊബൈൽ ആപ്ലിക്കേഷൻ ഉപയോഗിച്ച് ഷെഡ്യൂളുകളുടേയും സർവ്വീസുകളുടേയും യഥാർത്ഥ സമയക്രമം ഓൺലൈനായി ലഭ്യമാകും. വെഹിക്കിൾ ട്രാക്കിംഗ് സിസ്റ്റത്തിലൂടെ യാത്രക്കാർക്ക് ബസ്സുകളുടെ ലൊക്കേഷൻ ലൈവായിത്തന്നെ ലഭ്യമാകും. ബസ് യൂട്ടിലൈസേഷൻ, മൈലേജ്, സർവ്വീസ് സംബന്ധിച്ച വിവരങ്ങൾ എന്നിവ വിശകലനം ചെയ്യുവാൻ സാധിക്കും. ഇതിന്റെ ഭാഗമായി വെഹിക്കിൾ ലോക്കേഷൻ ട്രാക്കിംഗ് ഡിവൈസുകളുടെ വാങ്ങുവാനുള്ള പർച്ചേസ് ഓർഡർ നൽകുകയും അതിൻപ്രകാരം ബസ്സുകളിൽ ടി ഡിവൈസുകൾ ഘടിപ്പിക്കുന്ന നടപടികൾ പുരോഗമിച്ചുവരികയുമായാണ്.

GPRS, Bluetooth, RFID സംവിധാനമുള്ള ETM മെഷീനുകൾ

Closed Loop Smart Card സംവിധാനം ഉപയോഗിക്കത്തക്കവിധത്തിൽ GPRS Bluetooth, RFID സംവിധാനമുള്ള ETM മെഷീനുകൾ വാങ്ങുന്നതിനുള്ള പർച്ചേഴ്സ് ഓർഡർ നൽകുകയും വിവിധ ഡിപ്പോകളിലേയ്ക്കും ടി മെഷീനുകളുടെ വിതരണം പുരോഗമിച്ചുവരികയുമാണ്. ഇത് നടപ്പിലാക്കി കഴിയുമ്പോൾ തത്സമയം ഓരോ ട്രിപ്പിലുമുള്ള യാത്രക്കാരുടെയെണ്ണം ഓൺലൈനായി അറിയുവാൻ സാധിക്കും. മാത്രമല്ല പ്രീപെയ്ഡ് കാർഡുപയോഗിച്ച് യാത്ര ചെയ്യുന്നതിനുള്ള സൗകര്യവുമുണ്ടായിരിക്കുന്നതാണ്. കൂടാതെ ഓരോ ട്രിപ്പുകളുടേയും കളക്ഷൻ വിവരങ്ങളും ഓരോ ബസിന്റെയും വരുമാനം സംബന്ധിച്ച വിവരങ്ങളും ലഭ്യമാക്കുവാൻ സാധിക്കും. ആയത് വഴി ടി ട്രിപ്പ് ലാഭകരമാണോയെന്ന് വിശകലനം ചെയ്യുവാനും സാധിക്കും. വിവിധതരം പാസ്സുകളെ സ്മാർട്ട് കാർഡ് സംവിധാനത്തിലേയ്ക്ക് മാറ്റുവാനും കഴിയുന്നതാണ്.

<u>ഓൺലൈൻ റിസർവ്വേഷൻ സംവിധാനം</u>

കെ.എസ്.ആർ.ടി.സി.-യിലേയ്ക്ക് യാത്രക്കാരെ ആകർഷിക്കുന്നതിനും ടിക്കറ്റുകൾ മുൻകൂർ ബുക്ക് ചെയ്യുന്നതിനും പരിഷ്കരിച്ചതും കൂടുതൽ സൗകര്യങ്ങളോടുകൂടിയതുമായ ഓൺലൈൻ റിസർവ്വേഷൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഇതിലൂടെ യാത്രക്കാർക്ക് 30 ദിവസം മുൻകൂറായി

ടിക്കറ്റുകൾ ബുക്ക് ചെയ്യാവുന്നതാണ്. മുൻകൂർ ടിക്കറ്റ് ബുക്കിംഗിനായി "എന്റെ കെ.എസ്.ആർ.ടി.സി." എന്ന മൊബൈൽ ആപ്ലിക്കേഷൻ ആരംഭിച്ചിട്ടുണ്ട്. ടി ആപ്പ് ഉപയോഗിച്ചും യാത്രക്കാർക്ക് കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ ടിക്കറ്റ് ബുക്ക് ചെയ്യാൻ സാധിക്കുന്നതാണ്. ഒരു സ്ഥലത്തുനിന്നും മറ്റൊരു സ്ഥലത്തേയ്ക്ക് നേരിട്ട് ബസ് ലഭ്യമല്ലെങ്കിൽ, 'Link Ticket' എന്ന സംവിധാനത്തിലൂടെ യാത്രക്കാർക്ക് രണ്ട് ബസ്സുകളിലെയും ടിക്കറ്റ് ടി ആപ്പ് മുഖേന ബുക്ക് ചെയ്യാൻ സാധിക്കും. കൂടുതൽ യാത്രക്കാരെ ആകർഷിക്കുന്നതിനായി ഓൺലൈൻ റിസർവേഷൻ ബുക്കിംഗ്ചാർജ് 30 രൂപയിൽനിന്നും 10 രൂപയായി കുറച്ചിട്ടുണ്ട്. കൂടാതെ 'Group Ticket' Option മുഖേന നാലോ അതിലധികമോ യാത്രക്കാർ ഒരുമിച്ചുബുക്ക് ചെയ്യുമ്പോൾ ഒരു ടിക്കറ്റിന്റെ ബുക്കിംഗ് ചാർജ്ജായ പത്തുരൂപ മാത്രം നൽകിയാൽ മതിയാകും. Round Ticket ബുക്ക് ചെയ്യുമ്പോൾ റിട്ടേൺ ടിക്കറ്റ് തുകയുടെ 10 ശതമാനം ഇളവ് ലഭിക്കുന്നതാണ്. പുതിക്കിയ Cancellation Policy പ്രകാരം 72 മണിക്കൂറിന് മുമ്പ് ടിക്കറ്റ് കാൻസൽ ചെയ്യുമ്പോൾ മുഴവൻ തുകയും യാത്രകാർക്ക് തിരികെ നൽകുന്നതാണ്. ടി ആപ്പിൽ കൂടുതൽ Payment Option-കൾ (UPI, Credit/ Debit card, Net banking) ഏർപ്പെടുത്തിയിട്ടുണ്ട്.

<u>ഇ-ഓഫീസ്</u>

ഓഫീസ് പ്രവർത്തനങ്ങൾ സുഗമവും വേഗതയേറിയതും കാര്യക്ഷമവുമാക്കുന്നതിനായി ഇ-ഓഫീസ് സംവിധാനം കേരള സ്റ്റേറ്റ് ഐ.ടി. മിഷൻ/NIC എന്നിവയുമായി ചേർന്ന് നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. ആദ്യഘട്ടമെന്ന നിലയിൽ കെ.എസ്.ആർ.ടി.സി.-യുടെ ചീഫ് ഓഫീസിൽ ടി സംവിധാനം നടപ്പിലാക്കുന്നതാണ്. ഇതിനാവശ്യമായ കമ്പ്യൂട്ടറും മറ്റനുബന്ധ ഉപകരണങ്ങളും ടെണ്ടർ നടപടികളിലൂടെ വാങ്ങിയിട്ടുണ്ട്. ഇ-ഓഫീസ് നടപ്പിലാക്കുമ്പോൾ കടലാസുപയോഗത്തിൽ ഗണ്യമായ കുറവുവരുന്നതാണ്. ഇതോടൊപ്പംതന്നെ ബസ്സുകളിൽ പരസ്യം പതിപ്പിക്കൽ, ബസ്സുകൾ വാടകയ്ക്ക് നൽകൽ, യൂണിറ്റികളിലെ സ്ഥലങ്ങളും കടമുറികളും കച്ചവടസംബന്ധമായ ആവശ്യങ്ങൾക്ക് വാടകയ്ക്ക് അനുവദിക്കൽ, യൂണിറ്റുകളിൽ ജനശ്രദ്ധയാകർഷിക്കുന്ന സ്ഥലങ്ങൾ ഹോർഡിംഗ്സ്, കോഫി വെൻഡിംഗ് (LR Stall) സ്ഥാപിക്കുന്നതിലേയ്ക്കായി സ്ഥലം വാടകയ്ക്കനുവദിക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾ ചെയ്തുവരുന്നു.

(ഡി) കെ.എസ്.ആർ.ടി.സി. ബഡ്ജറ്റ് ടൂറിസം സെൽ നടപ്പിലാക്കി വരുന്ന ടൂറിസം പാക്കേജിനെക്കുറിച്ച് വിശദമാക്കാമോ?

ടിക്കറ്റിതരവരുമാനം വർദ്ധിപ്പിക്കുന്നതിനായി 2021 നവംബർ 1 മുതൽ ബഡ്ജറ്റ് ടൂറിസം സെൽ രൂപീകരിക്കുകയും ടൂറിസം പദ്ധതികൾ നടപ്പിലാക്കിവരുകയും ചെയ്യുന്നു. പൊതുജനങ്ങൾക്ക് കുറഞ്ഞചെലവിൽ വിനോദസഞ്ചാരം സാദ്ധ്യമാക്കുകയെന്ന ലക്ഷ്യത്തോടെയാണ് കെ.എസ്.ആർ.ടി.സി. ബഡ്ജറ്റ് ടൂറിസം ട്രിപ്പുകൾ നടത്തിവരുന്നത്. സംസ്ഥാന സർക്കാരിന്റെ വിവിധ വകുപ്പുകളും ഏജൻസികളുമായും ബന്ധപ്പെട്ടാണ് ഏറ്റവും കൂടുതൽ ടൂർ പാക്കേജുകൾ കെ.എസ്.ആർ.ടി.സി. നടപ്പാക്കിവരുന്നത്. 2021 നവംബറിൽ പ്രവർത്തനം ആരംഭിച്ച് ഒരു വർഷം പിന്നിടുമ്പോൾ രണ്ട് ലക്ഷത്തിലധികം വിനോദസഞ്ചാരികളാണ് ബഡ്ജറ്റ് ടൂറിസത്തിന്റെ വിനോദസഞ്ചാരയാത്രാ സർവ്വീസുകൾ ഉപയോഗപ്പെടുത്തിയത്. മൂന്നാറിലെ സൈറ്റ് സീയിംഗ്, സ്ലീപ്പർ ബസ് യാത്രകൾക്ക് വിനോദസഞ്ചാരികളിൽനിന്ന് ലഭിച്ച സ്വീകാര്യതയും മലക്കപ്പാറ എന്ന കൊച്ചതിർത്തിഗ്രാമത്തിലേയ്ക്ക് സഞ്ചാരികൾക്കായി ഏർപ്പെടുത്തിയ യാത്രകളുടെ വിജയവുമാണ് 2021 നവംബർ 1 മുതൽ ബഡ്ജറ്റ് ടൂറിസം സെൽ എന്ന ഒരു പ്രത്യേക വിഭാഗംതന്നെ കെ.എസ്.ആർ.ടി.സി.-യിൽ ആരംഭിക്കാൻ പ്രേരണയായത്. ഇപ്പോൾ ഏറ്റവും കൂടുതൽ വിനോദയാത്രകൾ നടത്തുന്നതും കൂടുതൽ

ആവശ്യക്കാരുള്ളതും മൂന്നാർ വിനോദയാത്രകൾക്കാണ്. 25 ഡിപ്പോകളിൽനിന്ന് മൂന്നാറിലേയ്ക്ക് വിനോദയാത്രകൾ നടത്തുന്നുണ്ട്. മലപ്പുറം-മൂന്നാർ വിനോദയാത്ര വടക്കൻ കേരളത്തിലുണ്ടാക്കിയ ചലനം വളരെ വലുതായിരുന്നു. ചാലക്കുടി ഡിപ്പോയിൽനിന്നും നടത്തിവന്നിരുന്ന മലക്കപ്പാറ വിനോദയാത്രകൾ ആതിരപ്പള്ളിക്കും വാഴച്ചാലിനുമപ്പുറം മറ്റൊരു മനോഹരലോകമുണ്ടെന്ന് സഞ്ചാരികൾക്ക് അനുഭവവേദ്യമാക്കിക്കൊടുത്തു. മലക്കപ്പാറ എന്ന കൊച്ചുഗ്രാമമിന്ന് നവമാധ്യമങ്ങളിൽ നിറഞ്ഞ് നിൽക്കുന്നുവെങ്കിൽ അതിന് കാരണമായത് കെ.എസ്.ആർ.ടി.സി. നടത്തിയ വിനോദയാത്രകളാണ്. നെല്ലിയാമ്പതി, തട്ടേക്കാട്, പൊൻമുടി, റോസ്മല, അരിപ്പ തുടങ്ങി വനമേഖലകളുമായി ബന്ധപ്പെടുത്തി കെ.എസ്.ആർ.ടി.സി. ആരംഭിച്ച എല്ലാ വിനോദയാത്രകളും വൻവിജയമായിരുന്നു. ഡിസംബർ 1 മുതൽ ഗവിയിലേയ്ക്കുള്ള ജംഗിൾ സഫാരി വിനോദയാത്രകൾ കെ.എസ്.ആർ.ടി.സി ആരംഭിച്ചു. സംസ്ഥാനതല ഉദ്ഘാടനം ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി ശ്രീമതി വീണാ ജോർജ് അവർകൾ പത്തനതിട്ട കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിർവ്വഹിച്ചിരുന്നു. കേരള വനം വകുപ്പുമായുള്ള സംയുക്ത സഹകരണത്തിൽ ദിവസേന മൂന്ന് കെ.എസ്.ആർ.ടി.സി ബസ്സുകൾക്ക് ഗവിയിലേയ്ക്ക്

യാത്രയ്ക്കുള്ള അനുമതി ലഭിച്ചിട്ടുണ്ട്. കേരള സ്റ്റേറ്റ് ഇൻലാൻഡ് നാവിഗേഷൻ കോർപ്പറേഷന്റെ കൊച്ചിയിലെ സാഗര റാണി, ആഡംബര ക്രൂയിസായ നെഫെർറ്റിറ്റി എന്നിവയിലേയ്ക്ക് ഏറ്റവും കൂടുതൽ വിനോദസഞ്ചാരികളെ എത്തിച്ച രണ്ടാമത്തെ സെയിൽസ് ഏജന്റ് എന്ന അവാർഡും ഈ ഒമ്പത് മാസത്തെ പ്രവർത്തനത്തിനിടയിൽ കെ.എസ്.ആർ.ടി.സി. ബഡ്ജറ്റ് ടൂറിസം സെല്ലിനുലഭിച്ചു. കേരളത്തിലാദ്യമായി ഓപ്പൺ ഡെക്ക് ഡബിൾ ഡെക്കർ ബസിൽ സൈറ്റ് സീയിംഗും തിരുവനന്തപുരം നഗരത്തിൽ നടത്തിവരുന്നു. 7000-ത്തിലധികം വിനോദസഞ്ചാരികൾ ഈ സൈറ്റ് സീയിംഗ് സർവ്വീസ് ആസ്വദിച്ചുകഴിഞ്ഞു. വിനോദസഞ്ചാരികളുടെ ആവശ്യപ്രകാരം വയനാട് എന്നിവിടങ്ങൾ കേന്ദ്രീകരിച്ച് സൈറ്റ് സീയിംഗ് യാത്രകൾ പുതുതായി ആരംഭിച്ചിട്ടുണ്ട്. വിനോദസഞ്ചാരികൾക്ക് കുറഞ്ഞചെലവിൽ താമസം നൽകുകയെന്നലക്ഷ്യത്തോടെ മൂന്നാർ, സുൽത്താൻ ബത്തേരി ഡിപ്പോകളുടെ മാതൃകയിൽ എ.സി. സ്ലീപ്പർ ബസ്സുകളും എ.സി. ഡോർമിറ്ററികളും വിവിധ സ്ഥലങ്ങളിൽ സ്ഥാപിക്കുന്ന പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. പതിനായിരത്തിലധികം പേർക്ക് ഒരു ദിവസം കുറഞ്ഞചെലവിലെ താമസസൗകര്യം കേരളത്തിലുടനീളം കെ.എസ്.ആർ.ടി.സി. ഡിപ്പോകളുമായി ബന്ധപ്പെട്ട്

വിനോദസഞ്ചാരികളുടെയും മറ്റ് യാത്രക്കാരുടെയും സൗകര്യാർത്ഥം സ്ഥാപിക്കുകയെന്നതാണ് ലക്ഷ്യം. "കെ.എസ്.ആർ.ടി.സി. ബഡ്ജറ്റ് സ്റ്റേ" എന്ന പേരിൽ കുറഞ്ഞചെലവിൽ താമസസൗകര്യം ഒരുക്കുന്ന സ്വകാര്യസംരഭകരുടെ ലോഡ്ജ്/ഹോം സ്റ്റേ/ഡോർമിറ്ററികളുമായി സഹകരിച്ച് പ്രവർത്തിക്കുന്ന പദ്ധതിക്കും അന്തിമരൂപം നൽകിവരുന്നു. "കെ.എസ്.ആർ.ടി.സി. റിഫ്രഷ്" എന്ന പേരിൽ കേരളത്തിലുടനീളം കെ.എസ്.ആർ.ടി.സി. അംഗീകൃത ഹോട്ടൽ/റെസ്റ്റോറന്റ് ശൃംഖലകൾ വിനോദസഞ്ചാരികൾക്കും യാത്രക്കാർക്കുമായി സ്ഥാപിക്കുന്ന പ്രവർത്തനങ്ങൾക്കും തുടക്കം കുറിച്ചിട്ടുണ്ട്. സംസ്ഥാനത്തുടനീളം വിനോദയാത്രകൾക്കിടയിലും സാധാരണ യാത്രയ്ക്കിടയിലും ഗുണമേന്മയുള്ള ഭക്ഷണം ലഭ്യമാക്കുകയെന്നതാണ് പദ്ധതിയുടെ ലക്ഷ്യം. ഭക്ഷണം മുൻകൂട്ടി ബുക്ക് ചെയ്യുന്നതിനുള്ള ഓൺലൈൻ സംവിധാനവും നടപ്പിൽവരുത്തുന്നതാണ്. ഇത്തരത്തിൽ വിനോദസഞ്ചാര മേഖലയുമായി ബന്ധപ്പെട്ട് വൈവിദ്ധ്യമാർന്ന പദ്ധതികളാണ് ബഡ്ജറ്റ് ടൂറിസം സെൽ നടപ്പാക്കിവരുന്നത്.

(ഇ) കെ.എസ്.ആർ.ടി.സി.-യുടെ ഉടമസ്ഥതയിലുള്ള പാറശാല ഇടിച്ചക്കപ്ലാമൂടിന് സമീപം ഒഴിഞ്ഞുകിടക്കുന്ന ഭൂമിയിൽ പബ്ലിക് പ്രൈവറ്റ് പാർട്ടിസിപ്പേഷനിൽ പദ്ധതികൾ നടപ്പാക്കുന്നതിന് ആലോചിക്കുന്നുണ്ടോ?

പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടിട്ടില്ല.

**പൊന്നാനിയിൽനിന്നും പുതിയ ബസ് റൂട്ട്**

371(2112) ശ്രീ. പി. നന്ദകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആഭ്യന്തര ടൂറിസത്തിന് പ്രശസ്തമായ പൊന്നാനിയിൽനിന്നും മൂന്നാർ-മാട്ടുപ്പെട്ടി-വട്ടവട എന്നിവിടങ്ങളിലേയ്ക്ക് പുതിയ ബസ് റൂട്ടനുവദിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

കുറഞ്ഞചെലവിൽ കേരളത്തിലെ പ്രധാന ടൂറിസം കേന്ദ്രങ്ങളിലേയ്ക്ക് കെ.എസ്.ആർ.ടി.സി ബഡ്ജറ്റ് ടൂറിസമെന്ന പേരിൽ സർവ്വീസുകളാരംഭിച്ചിട്ടുണ്ട്. പൊന്നാനിയിൽനിന്നും മാമലക്കണ്ടം-മാങ്കുളം-മൂന്നാറിലേയ്ക്ക് വിനോദസഞ്ചാരികളായ യാത്രക്കാരുടെ ആവശ്യപ്രകാരം ബഡ്ജറ്റ് ടൂറിസം സെൽ മുഖാന്തരം സർവ്വീസ് നടത്തിവരുന്നു. യാത്രക്കാരുടെ ആവശ്യപ്രകാരം മൂന്നാർ-മാട്ടുപ്പെട്ടി-വട്ടവട

എന്നിവിടങ്ങളിലേയ്ക്ക് ഡിമാന്റനുസരിച്ച് ടൂറിസം സർവ്വീസുകൾ നടത്തുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

(ബി) ദേശസാൽക്കൃത റൂട്ടായ പൊന്നാനി-ചമ്രവട്ടം പാലം-തിരൂർ-കോഴിക്കോട് റൂട്ടിലേയ്ക്ക് പുതിയ കെ.എസ്.ആർ.ടി.സി. ബസ്സുകൾ അനുവദിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

പൊന്നാനി-ചമ്രവട്ടം പാലം-കോഴിക്കോട് ദേശസാൽക്കൃത റൂട്ടിൽ കെ.എസ്.ആർ.ടി.സി പ്രതിദിനം 20 സർവ്വീസുകൾ നടത്തിവരുന്നു. (പൊന്നാനി-7, ഗുരുവായൂർ-3, കോഴിക്കോട്-2, ചേർത്തല-3, തിരുവനന്തപുരം-2, തിരുവമ്പാടി-1, സുൽത്താൻബത്തേരി-1, എറണാകുളം-1) കൂടുതൽ സർവ്വീസുകളും ദീർഘദൂര സർവ്വീസുകളും ഈ റൂട്ടിലൂടെ ആരംഭിക്കുന്നതിന് തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്. യാത്രക്കാരുടെ ആവശ്യകതയുടെ അടിസ്ഥാനത്തിൽ സാദ്ധ്യതാപഠന റിപ്പോർട്ട് തയ്യാറാക്കി കൂടുതൽ സർവ്വീസുകൾ ആരംഭിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

**കിളിമാനൂർ കെ.എസ്.ആർ.ടി.സി. ബസ്സ്റ്റാൻഡ് യാർഡ് നിർമ്മാണം**

372(2113) <u>ശ്രീമതി ഒ. എസ്. അംബിക</u>: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കിളിമാനൂർ കെ.എസ്.ആർ.ടി.സി. ബസ്സ്റ്റാൻഡിന്റെ യാർഡ് നിർമ്മാണത്തിനായുള്ള ടെണ്ടർ നടപടികളിലെ പുരോഗതി വിശദമാക്കുമോ?

കിളിമാനൂർ കെ.എസ്.ആർ.ടി.സി. ബസ്സ്റ്റാൻഡിലെ യാർഡ് നിർമ്മാണത്തിനുള്ള പ്രവൃത്തി ചെയ്യുന്നതിന് M/s. Kerala Electrical & Allied Engineering Company Ltd. (KEL)-നെ Project Management Consultancy ആയി ചുമതലപ്പെടുത്തിയിട്ടുണ്ട്. തുടർനടപടി സ്വീകരിച്ചുവരുന്നു.

**മലയോര മേഖലകളിലേയ്ക്കുള്ള കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ**

373(2114) ശ്രീ. പി. വി. അൻവർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. നിലമ്പൂർ ഡിപ്പോയിൽനിന്നും ലാഭകരമായ രീതിയിൽ സർവ്വീസ് നടത്തിയിരുന്ന എരുമമുണ്ട-മെഡിക്കൽ കോളേജ്-കോഴിക്കോട്, ടി.കെ.കോളനി-മെഡിക്കൽ കോളേജ്-കോഴിക്കോട്, മുണ്ടേരി-മഞ്ചേരി-കോഴിക്കോട്, മരുത-പാലേമാട്-കോഴിക്കോട് എന്നീ മലയോര മേഖലകളിലേയ്ക്കുള്ള സർവ്വീസുകൾ നിർത്തലാക്കാനുണ്ടായ സാഹചര്യം വിശദമാക്കാമോ?

കോവിഡ് പ്രതിസന്ധിരൂക്ഷമായ സമയത്ത് മുഴുവൻ സർവ്വീസുകളും നിർത്തിവച്ച സാഹചര്യത്തിലാണ് പ്രസ്തുത സർവ്വീസുകളും നിർത്തലാക്കിയത്. ടി സർവ്വീസുകൾ കോവിഡ് കാലത്തിനുമുമ്പ് സ്റ്റേ സർവ്വീസുകളായിട്ടാണ് നടത്തിയിരുന്നത്. വരുമാനം കുറഞ്ഞ സർവ്വീസുകളാണ് പുനരാരംഭിക്കുവാൻ കഴിയാത്തത്.

(ബി) നല്ല രീതിയിൽ വരുമാനമുണ്ടായിരുന്ന പ്രസ്തുത സർവ്വീസുകൾ പുനരാരംഭിക്കുന്നതിനുള്ള തടസ്സങ്ങളെന്താണെന്ന് അറിയിക്കാമോ; ആയത് പരിഹരിക്കാനുള്ള മാർഗ്ഗങ്ങൾ വ്യക്തമാക്കാമോ?

കോവിഡാനന്തരം ഏർപ്പെടുത്തിയിരുന്ന നിയന്ത്രണങ്ങൾ അവസാനിച്ചതിനെത്തുടർന്ന് കെ.എസ്.ആർ.ടി.സി. നിർത്തിവച്ചിരുന്ന സർവ്വീസുകൾ പുനരാരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. 2020 ജനുവരി മാസം നടത്തിവന്നിരുന്ന സർവ്വീസുകളിലെ ലാഭകരമായ എല്ലാ ട്രിപ്പുകളും ഇതിനോടകംതന്നെ പുനരാരംഭിച്ചിട്ടുണ്ട്. സമഗ്രപുനരുദ്ധാരണത്തിന്റെ ഭാഗമായി പ്രവർത്തനച്ചെലവുപോലും ലഭിക്കാത്ത വരുമാനക്കുറവുള്ള സർവ്വീസുകൾ/ട്രിപ്പുകൾ പുനഃക്രമീകരിക്കുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് ഡീസൽ ചെലവിനുള്ള തുക ഈടാക്കിക്കൊണ്ട് ഗ്രാമവണ്ടി പദ്ധതി

നടപ്പിലാക്കിയിട്ടുമുണ്ട്. എല്ലാ ഡിപ്പോയിൽനിന്നും ടി പദ്ധതിയിലുൾപ്പെടുത്തി ആവശ്യാനുസരണം സർവ്വീസുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) ജനവാസകേന്ദ്രങ്ങളായ പ്രസ്തുത റൂട്ടുകളിലേയ്ക്ക് സർവ്വീസുകൾ പുനരാരംഭിക്കുന്നതിന് മലപ്പുറം ജില്ലാ ട്രാൻസ്പോർട്ട് ഓഫീസർക്കും നിലമ്പൂർ അസിസ്റ്റന്റ് ട്രാൻസ്പോർട്ട് ഓഫീസർക്കും നിർദ്ദേശം നൽകുമോയെന്ന് വിശദമാക്കാമോ?

ഓർഡിനറി, ഫാസ്റ്റ് പാസഞ്ചർ സർവ്വീസുകൾ സാദ്ധ്യതാപഠനം നടത്തി യോഗ്യമായ സർവ്വീസ് നടത്തിപ്പിന് ബന്ധപ്പെട്ട മേഖല, ക്ലസ്റ്റർ, യൂണിറ്റ് അധികാരികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇപ്രകാരം മേൽ റൂട്ടുകളും പരിഗണിക്കുന്നതാണ്.

**കായംകുളത്ത് പുതിയ ബസ് ടെർമിനൽ**

374(2115) <u>ശ്രീമതി യു. പ്രതിഭ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം കെ.എസ്.ആർ.ടി.സി. ബസ് ഡിപ്പോ കാലപ്പഴക്കത്താൽ ജീർണ്ണാവസ്ഥയിലായി അപകട ഭീഷണിയുയർത്തി നിൽക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കെട്ടിടം താല്ക്കാലികമായി നിലനിർത്തുന്നതിനും യാത്രക്കാർക്ക് അപകടഭീഷണിയുയർത്താത്ത രീതിയിൽ കെട്ടിടത്തിന്റെ അറ്റകുറ്റപ്പണികൾ ചെയ്യുന്നതിനായി 5,19,641/- രൂപയുടെ എസ്റ്റിമേറ്റ് പ്രകാരം ടെണ്ടർ നടപടികൾ കൈകൊണ്ടുവരുന്നു.

(ബി) എങ്കിൽ ഇവിടെ ആധുനിക സജ്ജീകരണങ്ങളോടുകൂടിയ ബസ് ടെർമിനൽ നിർമ്മിക്കുന്ന വിഷയം പരിഗണനയിലുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

നിലവിൽ പരിഗണനയിലില്ല.

## കെ.എസ്.ആർ.ടി.സി. ബസ്സുകൾ താല്ക്കാലിക ക്ലാസ് മുറികളാക്കി മാറ്റുന്നതിനുള്ള നടപടി

375(2116) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കെ.എസ്.ആർ.ടി.സി. ബസ്സുകൾ താല്ക്കാലിക ക്ലാസ് മുറികളാക്കിമാറ്റി, പഠനസൗകര്യമൊരുക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ?

സർക്കാർ സ്കൂൾ/കോളേജ് എന്നിവരുടെ അപേക്ഷപ്രകാരം ക്ലാസ് റൂം, ലൈബ്രറി എന്നീ ആവശ്യങ്ങൾക്കായി നാല് സ്ക്രാപ്പ് ബസ്സുകൾ Kerala University Kariavattom Campus, TVM (1 എണ്ണം), GOVT. UPS.

Beemanadu, Palakkadu, (1 എണ്ണം), Govt. Teachers Training Institute Manacaud (2 എണ്ണം) എന്നീ വിദ്യാഭ്യാസസ്ഥാപനങ്ങൾക്ക് സൗജന്യമായി അനുവദിച്ചു നൽകിയിട്ടുണ്ട്. പ്രസ്തുത ബസ്സുകൾ നീക്കം ചെയ്യുന്നതിനും രൂപമാറ്റം വരുത്തുന്നതിനുമുള്ള ചെലവ് പ്രസ്തുത സ്ഥാപനങ്ങൾ വഹിക്കേണ്ടതും " Donated by K.S.R.T.C" എന്ന് വ്യക്തമായി ഇരുവശങ്ങളിലും രേഖപ്പെടുത്തണമെന്ന് അറിയിച്ചിട്ടുമുണ്ട്.

(ബി) പുതുക്കാട് മണ്ഡലത്തിലെ ഗവൺമെന്റ് എച്ച്.എസ്.എസ്. അളഗപ്പനഗർ, ഗവൺമെന്റ് എച്ച്.എസ്. മുപ്ലിയം എന്നീ വിദ്യാലയങ്ങളിൽ പുതിയ ക്ലാസ് മുറികളുടെ നിർമ്മാണം പൂർത്തിയാകാത്ത സാഹചര്യത്തിൽ പഠനസൗകര്യമൊരുക്കുന്നതിനുവേണ്ടി കെ.എസ്.ആർ.ടി.സി. ബസ്സുകൾ അനുവദിക്കുന്നതിനായി സമർപ്പിച്ച അപേക്ഷകൾ പരിഗണനയിലുണ്ടോ; ഇതിനായി നടപടി സ്വീകരിക്കുമോ?

18-05-2022-ലെ കത്തുപ്രകാരം അളഗപ്പനഗർ പഞ്ചായത്ത് ഹയർ സെക്കണ്ടറി സ്കൂൾ ക്ലാസ്സ് മുറികളാക്കുന്നതിന് സ്ക്രാപ്പ് ബസ്സുകൾ അനുവദിച്ച് നൽകണമെന്നാവശ്യപ്പെട്ട് കെ.എസ്.ആർ.ടി.സി.-യിൽ കത്ത് ലഭ്യമായിട്ടുണ്ട്. ക്ലാസ്സ് മുറികളാക്കുന്നതിന് സ്ക്രാപ്പ് ബസ്സുകൾ ആവശ്യപ്പെട്ട് ലഭ്യമായിട്ടുള്ള അപേക്ഷകളിന്മേൽ കെ.എസ്.ആർ.ടി.സി.-യുടെ

ഭരണസമിതിയിൽ അംഗീകാരത്തിനായി സമർപ്പിക്കുകയും സർക്കാർ വിദ്യാഭ്യാസസ്ഥാപനങ്ങൾക്ക് ക്ലാസ് റൂം/മറ്റ് സ്കൂളാവശ്യങ്ങൾക്കുമാത്രം ഉപയോഗിക്കുന്നതിനായി ബസ് ഒന്നിന് 50,000/- രൂപ നിരക്കിൽ ഈടാക്കി അനുവദിക്കുന്നതിന് 413-മത് ഭരണസമിതി അജണ്ട നമ്പർ 78/413/2022 പ്രകാരം അംഗീകാരം നൽകിയിട്ടുണ്ട്.

**കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസ് പുനരാരംഭിക്കൽ**

376(2117) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോവിഡ് കാലഘട്ടത്തിൽ നിർത്തിവച്ച കാപ്പിൽ എച്ച്.എസ്.-തിരുവനന്തപുരം മെഡിക്കൽ കോളേജ് റൂട്ടിലുള്ള കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസ് പുനരാരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

കോവിഡ് കാലഘട്ടത്തിൽ നിർത്തിവച്ച കാപ്പിൽ എച്ച്.എസ്.-തിരുവനന്തപുരം മെഡിക്കൽ കോളേജ് റൂട്ടിലുള്ള കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസ് പുനഃക്രമീകരിച്ചപ്പോൾ വലിയ ബസുപയോഗിച്ചതിനാൽ കാപ്പിൽ എച്ച്.എസ്. വരെ പോകുവാൻ കഴിഞ്ഞിട്ടില്ല. യാത്രക്കാരുടെ ആവശ്യം പരിശോധിച്ച് സാദ്ധ്യതാപഠനം നടത്തി പ്രസ്തുത സർവ്വീസ് പൂർണ്ണമായും പുനരാരംഭിക്കുന്നത് പരിഗണിക്കുന്നതാണ്.

## കാക്കനാട് ഇുതിയൂർ പ്രദേശങ്ങളിലെ യാത്രക്ലേശം

377(2118) ശ്രീമതി ഉമ തോമസ്: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തൃക്കാക്കര മണ്ഡലത്തിലെ കാക്കനാട്-ഇുതിയൂർ പ്രദേശങ്ങളിലെ യാത്രാക്ലേശം പരിഹരിക്കുന്നതിനായി എറണാകുളം ജില്ലയുടെ വിവിധ ഭാഗങ്ങളിൽനിന്നും ഭരണസിരാകേന്ദ്രമായ കാക്കനാട്ടേയ്ക്കും എറണാകുളത്തുനിന്നും കാക്കനാട് വഴി ഇുതിയൂരിലേയ്ക്കും കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

എറണാകുളം ഡിപ്പോയിൽനിന്നും കോവിഡിനുമുമ്പ് തിരു-കൊച്ചി സർവ്വീസ് നടത്തിയിരുന്ന കാലഘട്ടത്തിൽ ഇുതിയൂർ സർവ്വീസ് ഓപ്പറേറ്റ് ചെയ്തിരുന്നു. എന്നാൽ യാത്രക്കാരുടെ കുറവുമൂലം ടി സർവ്വീസ് നിന്നുപോയി. സാദ്ധ്യതാപഠനം നടത്തി യാത്രക്കാർക്ക് പ്രയോജനമാകുന്നരീതിയിലും കെ.എസ്.ആർ.ടി.സി.-ക്ക് ഗുണകരമാകുന്ന രീതിയിലും പ്രസ്തുത സർവ്വീസ് ആരംഭിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. അതോടൊപ്പം ഡീസൽ ചെലവ് ഗ്രാമപഞ്ചായത്ത് വഹിക്കുവാൻ തയ്യാറായാൽ ഗ്രാമവണ്ടി

പദ്ധതിയിലുൾപ്പെടുത്തി ലാഭനഷ്ടം നോക്കാതെ ടി സർവ്വീസുകൾ ആരംഭിക്കുന്നതിന് കഴിയും.

## മൊബിലിറ്റി ഹബ്ബിന്റെ നിർമ്മാണച്ചുമതല

378(2119) <u>ശ്രീ. എച്ച്. സലാം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ കെ.എസ്.ആർ.ടി.സി. സ്റ്റേഷനിൽ കിഫ്ബി ധനസഹായത്തോടെ നിർമ്മിക്കുന്ന മൊബിലിറ്റി ഹബ്ബിന്റെ നിർമ്മാണച്ചുമതല നൽകിയിട്ടുള്ളത് ഏത് ഏജൻസിക്കാണ്;

(ബി) പദ്ധതിക്ക് എന്നാണ് അംഗീകാരം ലഭിച്ചത്; എത്ര തുകയാണ് അനുവദിച്ചിട്ടുള്ളത്; ആർക്കാണ് നിർമ്മാണ കരാർ നൽകിയിട്ടുള്ളത്; എന്തൊക്കെ നിർമ്മാണപ്രവൃത്തികളാണ് ഇതുവരെ നടപ്പാക്കാൻ കഴിഞ്ഞത്; എന്നത്തേയ്ക്കാണ് നിർമ്മാണം പൂർത്തീകരിക്കേണ്ടത്;

(സി) നിർമ്മാണത്തിലെ കാലതാമസം പരിഹരിക്കുന്നതിനും പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?

(എ-സി) ആലപ്പുഴ മൊബിലിറ്റി ഹബ്ബ് നിർമ്മാണത്തിന്റെ നടത്തിപ്പ് ചുമതല SPV ആയ M/s. INKEL Ltd. എന്ന ഏജൻസിക്കാണ്. പ്രസ്തുത

പ്രവൃത്തിക്ക് 493.06 കോടി രൂപയുടെ ഭരണാനുമതി 01-10-2018-ൽ ലഭിച്ചു. ആലപ്പുഴ മൊബിലിറ്റി ഹബ്ബിന്റെ നിർമ്മാണപ്രവർത്തനം തുടങ്ങുന്നതിനുമുമ്പ് നിലവിലെ കെട്ടിടം പൊളിച്ചുമാറ്റുന്നതിലേയ്ക്കായി കലവൂരിൽ സ്ഥാപിക്കുന്ന Temporary Garage-ന്റെ നിർമ്മാണ പ്രവർത്തനം പുരോഗമിച്ചുവരുന്നു. 80 ശതമാനം നിർമ്മാണ പ്രവൃത്തി പൂർത്തീകരിച്ച പ്രസ്തുത പ്രവൃത്തി 03/2023-ൽ പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. Alappuzha Mobility Hub-ന്റെ piling work-ഉം Temporary Garage-ന്റെ നിർമ്മാണവും ചേർത്ത് M/s. Cresent Constructions എന്ന കമ്പനിക്ക് കരാർ നൽകിയിട്ടുണ്ട്. Alappuzha Mobility Hub-ന്റെ നിർമ്മാണ പ്രവർത്തനത്തിന് Art & Heritage Commission-ൽ നിന്നും അനുമതി ലഭ്യമാക്കണമെന്ന് ചീഫ് ടൗൺ പ്ലാനറുടെ നിർദ്ദേശമുള്ളതിനാൽ ആയത് ലഭ്യമാകുന്നമുറയ്ക്ക് മാത്രമേ പ്രസ്തുത പ്രവൃത്തി തുടങ്ങുവാൻ സാധിക്കുകയുള്ളൂ. ടി അനുമതി ലഭ്യമാകുന്നതിന് കാലതാമസം നേരിടുന്ന സാഹചര്യമുണ്ട്. പ്രസ്തുത വിഷയം പരിഹരിക്കുന്നതിനായി 2016-ലെ Town Planning Act-ലെ 50(3) സെക്ഷൻ പ്രകാരം സർക്കാരിന്റെ വിവേചനാധികാരം ഉപയോഗപ്പെടുത്തി Alappuzha Mobility Hub നിലനിൽക്കുന്ന സ്ഥലത്തിന് ഹെറിട്ടേജ് സോണിൽനിന്നും ഇളവ് ലഭിക്കുന്നകാര്യം പരിശോധിച്ചുവരുന്നു.

## മെട്രോപൊളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റി

379(2120) ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി മെട്രോപൊളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റി എന്നാണ് രൂപീകൃതമായത്?

30-10-2020-ലെ സർക്കാർ ഉത്തരവ് (അച്ചടി)നം.57/2020/ഗതാഗതം (SRO No.757/2020 പ്രകാരം 01-11-2020 പ്രാബല്യത്തിൽ കൊച്ചി മെട്രോപൊളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റി രൂപീകരിച്ചു.

(ബി) പ്രസ്തുത അതോറിറ്റി പൂർണ്ണതോതിൽ പ്രവർത്തനസജ്ജമാക്കുന്നതിന് നേരിടുന്ന കാലതാമസത്തിന്റെ കാരണം വ്യക്തമാക്കുമോ?

കൊച്ചി മെട്രോ ട്രാൻസ്പോർട്ട് അതോറിറ്റിയിൽ നിലവിൽ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, സ്പെഷ്യൽ ഓഫീസർ എന്നീ തസ്തികകൾക്കുപുറമേ മറ്റ് നിയമനങ്ങൾ (ടെക്നിക്കൽ ആൻഡ് നോൺ ടെക്നിക്കൽ സ്റ്റാഫ്) നടത്തുന്ന വിഷയം സർക്കാർ പരിശോധിച്ചുവരികയാണ്. ആയതിനുശേഷം അതോറിറ്റി പൂർണ്ണതോതിൽ പ്രവർത്തനസജ്ജമാവുന്നതാണ്.

(സി) 2019-ലെ കേരള മെട്രോപൊളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റി ആക്റ്റിൽ നിഷ്കർഷിച്ചിരിക്കുന്ന റെഗുലേഷനുകളുടെ കരട് എന്നാണ് സമർപ്പിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; പ്രസ്തുത റെഗുലേഷനുകൾക്ക് അംഗീകാരം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്നത്തേയ്ക്ക് അംഗീകാരം നൽകുവാൻ സാധിക്കുമെന്ന് വിശദമാക്കുമോ?

കൊച്ചി മെട്രോപൊളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റിയുടെ റെഗുലേഷനുകളുടെ കരട് 28-04-2021-ന് സർക്കാറിൽ ലഭിച്ചിട്ടുണ്ട്. പ്രസ്തുത റെഗുലേഷന് ഇതുവരെ അംഗീകാരം നൽകിയിട്ടില്ല. ആയത് നിലവിൽ സർക്കാറിന്റെ പരിശോധനയിലാണ്. ഉചിത പരിശോധനകൾ കഴിയുന്നമുറയ്ക്ക് അംഗീകാരം നൽകുന്നതാണ്.

(ഡി) അതോറിറ്റിയുടെ അധികാര പരിധിയിൽ ജി.സി.ഡി.എ. (ഗ്രെയ്റ്റർ കൊച്ചിൻ ഡെവലപ്മെന്റ് അതോറിറ്റിയുടെയും ജിഡ (ഗോശ്രീ ഐലൻഡ് ഡെവലപ്മെന്റ് അതോറിറ്റി)-യുടെയും അധികാര പരിധിയിലുള്ള പ്രദേശങ്ങളെക്കൂടി ഉൾക്കൊള്ളിച്ചുകൊണ്ട് വിജ്ഞാപനം പ്രസിദ്ധീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത വിജ്ഞാപനം എന്നത്തേയ്ക്ക് പ്രസിദ്ധീകരിക്കുവാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ?

23-11-2022-ലെ സർക്കാർ ഉത്തരവ് (അച്ചടി) നം.32/2022 ഗതാഗതം (SRO No.1178/2022) പ്രകാരം കൊച്ചി മെട്രോപൊളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റിയുടെ പരിധിയിൽ ജി.സി.ഡി.എ. (ഗ്രേറ്റർ കൊച്ചിൻ ഡെവലപ്മെന്റ് അതോറിറ്റി)-യുടെയും ജിഡ (ഗോശ്രീ ഐലൻഡ് ഡെവലപ്മെന്റ് അതോറിറ്റി)-യുടെയും അധികാരപരിധിയിലുള്ള പ്രദേശങ്ങളെക്കൂടി ഉൾക്കൊള്ളിച്ചുകൊണ്ട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളതാണ്. കൊച്ചി മുൻസിപ്പൽ കോർപ്പറേഷനിലുൾപ്പെട്ട പ്രദേശങ്ങളോടൊപ്പം 9 മുൻസിപ്പാലിറ്റികളും 29 പഞ്ചായത്തുകളുമാണ് ഇപ്രകാരം കൂട്ടിച്ചേർത്തിട്ടുള്ളത്.

(ഇ) കൊച്ചി മെട്രോപൊളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റി പൂർണ്ണതോതിൽ പ്രവർത്തനക്ഷമമാക്കുന്നതിനായി തുക വകയിരുത്തിയിട്ടുണ്ടോ; എങ്കിൽ വകയിരുത്തിയിട്ടുള്ള തുക എത്രയെന്ന് വ്യക്തമാക്കുമോ?

ഉണ്ട്. കൊച്ചി മെട്രോപൊളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റിക്കായി 2022-23-ലെ സംസ്ഥാന ബഡ്ജറ്റിൽ മൂന്നരക്കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

(എഫ്) അതോറിറ്റി പൂർണ്ണതോതിൽ പ്രവർത്തന സജ്ജമാക്കുന്നതിനായുള്ള നടപടികൾ സ്വീകരിക്കുന്നതിനായി 19-10-2022-ന് ബഹുമാനപ്പെട്ട മന്ത്രിക്ക് നൽകിയ അപേക്ഷയിൽ സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കുമോ?

പ്രസ്തുത അപേക്ഷ ഇ 2/17/2022/ഗത. നമ്പർ ഫയലിൽ സർക്കാർ പരിശോധിച്ചിട്ടുള്ളതും പ്രസ്തുത അപേക്ഷയിൽ പറഞ്ഞിരിക്കുന്ന കേരള മെട്രോപൊളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റി ആക്ടിൽ നിഷ്കർഷിച്ചിരിക്കുന്ന റെഗുലേഷനുകളുടെ കരട് വിജ്ഞാപനം, അതോറിറ്റിയിൽ ജീവനക്കാരെ നിയമിക്കുന്നകാര്യവും ശമ്പളക്കാര്യവും കെ.എം.ടി.എ.-യുടെ അധികാരപരിധിയിൽ ജി.സി.ഡി.എ., ജിഡ എന്നിവ കൂടി ഉൾപ്പെടുത്തുന്നത് എന്നിവ സംബന്ധിച്ച് സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിവരങ്ങൾ 19-11-2022-ലെ ഇ 2/17/2022/ഗത. നമ്പർ കത്തുപ്രകാരം ബഹുമാനപ്പെട്ട എം.എൽ.എ.-യെ അറിയിച്ചിട്ടുള്ളതുമാണ്.

**പഞ്ചായത്തുകളിൽ ഗ്രാമവണ്ടി**

380(2121) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗ്രാമവണ്ടി സംവിധാനം നടപ്പിലാക്കിയത് ഏതെല്ലാം ഗ്രാമപഞ്ചായത്തുകളിലാണെന്ന് വ്യക്തമാക്കാമോ?

29-07-2022-ൽ സംസ്ഥാനതല ഉദ്ഘാടനം തിരുവനന്തപുരം ജില്ലയിലെ പാറശ്ശാലയിലെ കൊല്ലയിൽ പഞ്ചായത്തിലും തുടർന്ന് 19-08-2022-ന് തൃശ്ശൂർ ജില്ലയിലെ എളവള്ളി പഞ്ചായത്ത്, 03-09-2022-ന് കോഴിക്കോട് ജില്ലയിലെ ചാത്തമംഗലം പഞ്ചായത്ത്, 06-10-2022-നും 25-11-2022-നും കോട്ടയം ജില്ലയിലെ കടുത്തുരുത്തി പഞ്ചായത്തിൽ രണ്ട് സർവ്വീസുകളും 21-10-2022-ന് മലപ്പുറം ജില്ലയിലെ എടവണ്ണ പഞ്ചായത്ത്, 05-11-2022-ന് ആലപ്പുഴ ജില്ലയിലെ പത്തിയൂർ പഞ്ചായത്ത്, 25-11-2022-ന് കൊല്ലം ജില്ലയിലെ കൊല്ലം കോർപ്പറേഷൻ, 01-12-2022-ന് തിരുവനന്തപുരം ജില്ലയിലെ കുന്നത്തുകാൽ പഞ്ചായത്ത്, 03-12-2022-ന് എറണാകുളം ജില്ലയിലെ ചേന്ദമംഗലം പഞ്ചായത്ത് എന്നീ സ്ഥലങ്ങളിൽ ജില്ലാതല ഉദ്ഘാടനവും നടത്തിയിട്ടുണ്ട്. (എട്ട് പഞ്ചായത്തുകളിലായി ഒൻപത് സർവ്വീസുകളും കൊല്ലം കോർപ്പറേഷനിലെ ഒരു സർവ്വീസും ഉൾപ്പെടെ പത്ത് സർവ്വീസുകൾ)

(ബി) സംഘടനകൾക്ക് സ്പോൺസർഷിപ്പിലൂടെ ഗ്രാമവണ്ടി യോടിക്കാൻ അനുമതി നൽകുന്നുണ്ടോ; എങ്കിൽ എന്തെല്ലാം

വ്യവസ്ഥകളാണ് ബന്ധപ്പെട്ട സംഘടനകൾ ഇക്കാര്യത്തിൽ പാലിക്കേണ്ടതെന്ന് വിശദമാക്കാമോ?

സംഘടനകൾക്ക് സ്പോൺസർഷിപ്പിലൂടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന ഗ്രാമവണ്ടിയോടിക്കാനനുമതിയുണ്ട്. സ്പോൺസർ ചെയ്യാനുദ്ദേശിക്കുന്ന അത്രയും ദിവസങ്ങൾക്കുള്ള ഡീസൽ തുക തദ്ദേശസ്ഥാപനങ്ങളിൽ മുൻകൂർ അടച്ച് തദ്ദേശസ്ഥാപനങ്ങളുമായി ചേർന്ന് പ്രവർത്തിക്കാവുന്നതാണ്. വ്യക്തികളോ സ്ഥാപനങ്ങളോ ബസ് സ്പോൺസർ ചെയ്യുകയാണെങ്കിൽ ആ വ്യക്തിയുടെയോ സ്ഥാപനത്തിന്റെയോ കെ.എസ്.ആർ.ടി.സി.-യുടെ അനുമതിയുള്ള പരസ്യം പ്രദർശിപ്പിക്കാവുന്നതാണ്. പരസ്യങ്ങൾ/വിവരണങ്ങൾ ബസ്സുകളിൽ പ്രദർശിപ്പിക്കുന്നതിന് പ്രത്യേക ഇടമുണ്ടായിരിക്കും. ഇതിൽ പ്രദർശിപ്പിക്കേണ്ട പരസ്യം കെ.എസ്.ആർ.ടി.സി. നിഷ്കർഷിച്ചിരിക്കുന്ന വിധത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പ്രദർശിപ്പിക്കാവുന്നതാണ്. ബസിനുള്ളിൽ കെ.എസ്.ആർ.ടി.സി. നിയമത്തിന് വിധേയമായി സൗണ്ട് സിസ്റ്റമുപയോഗിച്ച് പരസ്യം ചെയ്യുന്ന തുക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായിരിക്കും ലഭിക്കുന്നത്.

**അമിത നിരക്കിലെ ടോൾ പിരിവ്**

381(2122) <u>ശ്രീ. പി. പി. സുമോദ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ പന്നിയങ്കര ടോൾ പ്ലാസയിലൂടെ കടന്നുപോകുന്ന കെ.എസ്.ആർ.ടി.സി. ബസ്സുകൾക്കും സ്വകാര്യ ബസ്സുകൾക്കും അമിത നിരക്കിൽ ടോൾ ഏർപ്പെടുത്തിയിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിരക്ക് കുറയ്ക്കുന്നതിനാവശ്യമായ ഇടപെടലുകൾ സർക്കാർ പരിഗണനയിലുണ്ടോ?

(എ&ബി) 240/000 കി.മീ. മുതൽ 270/000 കി.മീ. വരെയുള്ള വടക്കാഞ്ചേരി-തൃശ്ശൂർ പ്രോജക്ട് ഹൈവേയിലെ പന്നിയങ്കര ടോൾ പ്ലാസയിലൂടെ കടന്നുപോകുന്ന KSRTC ബസിനും സ്വകാര്യബസിനും ടോൾ ഫീ നിരക്ക് തീരുമാനിക്കുന്നത് National Highway Fee Rule 2008-ഉം കേന്ദ്ര ഗതാഗത മന്ത്രാലയത്തിന്റെ 06-06-2013-ലെ നോട്ടിഫിക്കേഷൻ നമ്പർ S.O. 1462(E) പ്രകാരവുമാണ്.

**ഷാർജ മോഡൽ ഇന്റർനാഷണൽ ഡ്രൈവിംഗ് & കോച്ചിംഗ് സെന്റർ**

382(2123) <u>ശ്രീ. പി. ഉബൈദുള്ള</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്തർദേശീയ ഡ്രൈവിംഗ് പരിശീലനം സാദ്ധ്യമാക്കുന്നതിന് സംസ്ഥാന ഗതാഗത വകുപ്പ് മലപ്പുറത്ത് അനുവദിച്ച ഷാർജ മോഡൽ ഇന്റർനാഷണൽ ഡ്രൈവിംഗ് & കോച്ചിംഗ് സെന്ററാരംഭിക്കുന്നത് സംബന്ധിച്ച നടപടികളുടെ പുരോഗതി വ്യക്തമാക്കാമോ;

(ബി) ജി.ഒ.(ആർ.റ്റി.) നമ്പർ 24/2020/ഗതാ 20-01-2020 ഉത്തരവുപ്രകാരം ഭരണാനുമതി ലഭിച്ച പ്രസ്തുത പദ്ധതിയാരംഭിക്കുന്നതിന് സ്ഥലം ലഭ്യമായിട്ടുണ്ടോ; പദ്ധതി നടപ്പിലാക്കുന്നതിന് ഫണ്ട് അനുവദിച്ചിട്ടുള്ളതെത്രയാണ്; വിശദാംശം നൽകാമോ?

(എ&ബി) ഇന്റർനാഷണൽ ഡ്രൈവിംഗ് & കോച്ചിംഗ് സെന്റർ ആരംഭിക്കുന്നതിന് നിലവിൽ സ്ഥലം ലഭ്യമായിട്ടില്ല. സ്ഥലമേറ്റെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരികയാണ്. 20-01-2020-ലെ G.O.(Rt.)No.24/2020/Trans. പ്രകാരം 35.42 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(സി) ഷാർജ മോഡൽ ഇന്റർനാഷണൽ ഡ്രൈവിംഗ് & കോച്ചിംഗ് സെന്ററിനുകീഴിൽ എന്തെല്ലാം സൗകര്യങ്ങളാണ് ലഭ്യമാവുക; വിശദീകരിക്കാമോ; പ്രസ്തുത കേന്ദ്രം ആരംഭിക്കുന്നതിനുവേണ്ട സത്വര നടപടി സ്വീകരിക്കാമോ?

ഷാർജ മോഡൽ ഇന്റർനാഷണൽ ഡ്രൈവിംഗ് & കോച്ചിംഗ് സെന്ററിനുകീഴിൽ ലഭ്യമാക്കേണ്ട സൗകര്യങ്ങളെസംബന്ധിച്ച് അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല.

## വൈപ്പിൻകരയിൽനിന്നും സ്വകാര്യബസ്സുകളുടെ എറണാകുളം നഗരത്തിലേയ്ക്കുള്ള പ്രവേശം

383(2124) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻകരയിൽനിന്നുള്ള സ്വകാര്യബസ്സുകളുടെ എറണാകുളം നഗരപ്രവേശനം സംബന്ധിച്ച് 12-07-2022-ൽ ചേർന്ന യോഗതീരുമാനപ്രകാരമുള്ള സമഗ്ര റിപ്പോർട്ട് സമർപ്പിക്കുന്നതിലെ കാലതാമസത്തിന്റെ കാരണം വിശദമാക്കാമോ;

(ബി) ഇതുസംബന്ധിച്ച് 11-10-2022-ന് നൽകിയ കത്തിന്റെ അടിസ്ഥാനത്തിൽ ഗതാഗത (ബി) വകുപ്പിൽനിന്നും ബി1/134/2022 നമ്പർ കത്തുപ്രകാരം ഗതാഗത കമ്മീഷണർക്ക് പ്രസ്തുത റിപ്പോർട്ട് സമർപ്പിക്കുന്നതിനായി നൽകിയ ഓർമ്മക്കുറിപ്പിൽ സ്വീകരിച്ച നടപടി വിശദമാക്കാമോ?

(എ&ബി) വൈപ്പിൻകരയിൽനിന്നുള്ള സ്വകാര്യബസ്സുകളുടെ എറണാകുളം നഗരപ്രവേശനം സംബന്ധിച്ച വിശദമായ റിപ്പോർട്ട് ഗതാഗത

കമ്മീഷണർ സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. സമഗ്രമായ പഠനം ആവശ്യമായി വന്നതിനാലാണ് റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കുവാൻ കാലതാമസമുണ്ടായിട്ടുള്ളതെന്ന് ട്രാൻസ്പോർട്ട് കമ്മീഷണർ അറിയിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരികയാണ്.

(സി) നഗരപ്രവേശനം സാദ്ധ്യമാക്കുന്നതിനായി പൂർത്തീകരിക്കേണ്ട നടപടിക്രമങ്ങൾ വിശദമാക്കാമോ?

1988-ലെ മോട്ടോർവാഹന നിയമത്തിലെ സെക്ഷൻ 102 പ്രകാരം നിലവിലുള്ള സ്കീം പരിഷ്കരിക്കാനുള്ള കരട് വിജ്ഞാപനം തയ്യാറാക്കി പ്രസിദ്ധീകരിച്ചതിനുശേഷം ബന്ധപ്പെട്ട തല്പരകക്ഷികളുടെ അഭിപ്രായങ്ങളും/ നിർദ്ദേശങ്ങളും നേരിൽ കേട്ട് അവ ക്രോഡീകരിച്ച് വിലയിരുത്തി അന്തിമമായി പരിഷ്കരിച്ച് ഒരു സ്കീം പ്രസിദ്ധീകരിക്കേണ്ടതുണ്ട്. പരിഷ്കരിച്ച സ്കീം പ്രകാരം അപേക്ഷകൾ സ്വീകരിച്ച് എറണാകുളം ആർ.ടി.എ. ബോർഡ് നടപടികൾ സ്വീകരിക്കേണ്ടതുണ്ട്.

**ആർട്ടിഫിഷ്യൽ ഇന്റലിജൻസ് നിരീക്ഷണ ക്യാമറകൾ**

384(2125) <u>ശ്രീ. എ. പ്രഭാകരൻ</u>: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആർട്ടിഫിഷ്യൽ ഇന്റലിജൻസ് സംവിധാനമുപയോഗപ്പെടുത്തി ഗതാഗത നിയമലംഘനങ്ങൾ കണ്ടുപിടിക്കുന്നതിനായി സ്ഥാപിച്ചിട്ടുള്ള നിരീക്ഷണ ക്യാമറകൾ പ്രവർത്തനസജ്ജമായിട്ടുണ്ടോ; ഇല്ലെങ്കിൽ എന്നത്തേയ്ക്ക് പ്രവർത്തനക്ഷമമാകുമെന്ന് അറിയിക്കാമോ?

സേഫ് കേരള പദ്ധതിയുടെ ഭാഗമായി സ്ഥാപിച്ചിട്ടുള്ള ആർട്ടിഫിഷ്യൽ ഇന്റലിജൻസ് നിരീക്ഷണ ക്യാമറകൾ പ്രവർത്തനക്ഷമമാക്കുന്നതിന് സമഗ്രമായ ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**റോഡുകളിൽ സ്ഥാപിച്ചിരിക്കുന്ന എ.ഐ. ക്യാമറകൾ**

385(2126) ഡോ. എൻ. ജയരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റോഡുകളിൽ സ്ഥാപിച്ചിട്ടുള്ള ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ക്യാമറകളുടെ എണ്ണമെത്ര; ഇതിനായി ഇതുവരെയെത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ?

സംസ്ഥാനത്ത് മോട്ടോർവാഹന വകുപ്പിന്റെ "സേഫ് കേരള പദ്ധതി"-യുടെ ഭാഗമായി 675 ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്. ക്യാമറകൾ സ്ഥാപിച്ചവകയിൽ കെൽട്രോണിന് നാളിതുവരെ ചെലവായ തുക നൽകിയിട്ടില്ല.

(ബി) പ്രസ്തുത നിരീക്ഷണ ക്യാമറയുടെ ഉപയോഗം വിശദമാക്കാമോ; അതിൽ എത്രയെണ്ണം പ്രവർത്തനമാരംഭിച്ചെന്നും ഉദ്ദേശ്യലക്ഷ്യം കൈവരിച്ചെന്നും അറിയിക്കാമോ?

ഹെൽമറ്റ് ധരിക്കാതിരിക്കുക, ഇരുചക്രവാഹനത്തിൽ രണ്ടുപേരിലധികം യാത്ര ചെയ്യുക, സീറ്റ് ബെൽറ്റ് ധരിക്കാതിരിക്കുക, വാഹനമോടിക്കുമ്പോൾ മൊബൈൽ ഫോൺ ഉപയോഗിക്കുക, നിയമപ്രകാരമല്ലാത്ത നമ്പർ പ്ലേറ്റ് പ്രദർശിപ്പിച്ച് വാഹനമോടിക്കുക, അമിത വേഗത്തിൽ വാഹനമോടിക്കുക മുതലായ നിയമലംഘനങ്ങൾ കണ്ടെത്തി പിഴയുൾപ്പെടെയുള്ള നിയമനടപടികൾ സ്വീകരിക്കുവാനും അതുവഴി റോഡപകടങ്ങൾ കുറയ്ക്കുവാനും സാധിക്കുന്നതാണ്. പ്രസ്തുത ക്യാമറകൾ ഇതുവരെ പ്രവർത്തനമാരംഭിച്ചിട്ടില്ല.

(സി) ഇപ്പോൾ പ്രവർത്തനക്ഷമമല്ലാത്ത ക്യാമറകൾ എന്നത്തേയ്ക്ക് പ്രവർത്തിപ്പിക്കുന്നതിനാണ് ലക്ഷ്യമിടുന്നതെന്ന് അറിയിക്കാമോ; ഇതിന് എന്തെങ്കിലും തടസങ്ങളുണ്ടോയെന്നും അറിയിക്കാമോ;

(ഡി) പൊതുപണം പാഴായിപ്പോകാതെ മുഴുവൻ ക്യാമറകളും അടിയന്തരമായി പ്രവർത്തിപ്പിക്കുന്നതിന് നടപടി സ്വീകരിക്കാമോ?

(സി&ഡി) പ്രസ്തുത പദ്ധതിക്ക് സമഗ്രമായ ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ക്യാമറകൾ അടിയന്തരമായി പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**സേഫ് കേരള പദ്ധതി പ്രകാരം സ്ഥാപിച്ച ക്യാമറകൾ**

386(2127) ശ്രീ. കെ. പി. എ. മജീദ്:
ശ്രീ. പി. കെ. ബഷീർ:
ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മോട്ടോർവാഹന വകുപ്പിന്റെ സേഫ് കേരള പദ്ധതിപ്രകാരം റോഡുകളിൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ക്യാമറകൾ സ്ഥാപിക്കാൻ കരാർ കൊടുത്തിട്ടുള്ളത് ആർക്കാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കരാറിന്റെ വിശദാംശം ലഭ്യമാക്കുമോ?

(എ&ബി) സേഫ് കേരള പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തൊട്ടാകെ 675 ആർട്ടിഫിഷ്യൽ ക്യാമറകളുൾപ്പെടെ ആകെ 726 ക്യാമറകളും ആയത് നിരീക്ഷിച്ച് നടപടികൾ സ്വീകരിക്കുവാൻ ഒരു സ്റ്റേറ്റ് കൺട്രോൾ റൂമും 12 ജില്ലാ കൺട്രോൾ റൂമുകളും സജ്ജീകരിക്കുന്നതിനുള്ള കരാർ കെൽട്രോണുമായി മോട്ടോർവാഹന വകുപ്പ്

ഏർപ്പെട്ടിട്ടുണ്ട്. ഇതിനായി 168,90,26,124/- രൂപയും ഫെസിലിറ്റി മാനേജ്മെന്റ് സർവ്വീസിനായി (എഫ്.എം.എസ്.) 66,92,02,688/- രൂപയും ചേർത്ത് ആകെ 235,82,28,812/- രൂപയാണ് ചെലവുവരുന്നത്. എന്നാൽ ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി, മോട്ടോർവാഹന വകുപ്പും കെൽട്രോണുമായി 16-11-2022-ൽ നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ കൺസൾട്ടിംഗ് ചാർജ്ജുകളുടെ അഞ്ച് ശതമാനം കുറയ്ക്കാൻ കെൽട്രോൺ സമ്മതിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിക്ക് സമഗ്രമായ ഭരണാനുമതി നൽകുന്ന നടപടികൾ അന്തിമഘട്ടത്തിലാണ്.

(സി) ഇപ്രകാരം സ്ഥാപിച്ച എ.ഐ. ക്യാമറകൾ പ്രവർത്തനക്ഷമമായിട്ടില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) ക്യാമറകൾ പ്രവർത്തനക്ഷമമായിട്ടില്ലെങ്കിൽ കാരണം വ്യക്തമാക്കുമോ?

പ്രസ്തുത പദ്ധതിക്ക് സമഗ്രമായ ഭരണാനുമതി നൽകുന്ന നടപടികൾ അന്തിമഘട്ടത്തിലാണ്. അനുമതി ലഭ്യമായാലുടനെ ക്യാമറകൾ പ്രവർത്തനക്ഷമമാക്കുന്നതാണ്.

**മോട്ടോർവാഹന നിയമലംഘനം**

387(2128) ശ്രീ. പി. അബ്ദുൽ ഹമീദ്:
ശ്രീ. കുറുക്കോളി മൊയ്തീൻ:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മോട്ടോർവാഹന നിയമലംഘനങ്ങൾ കണ്ടെത്തി നടപടി സ്വീകരിക്കേണ്ട പ്രസ്തുത വകുപ്പിലെ എൻഫോഴ്സ്മെന്റ് വിഭാഗത്തിന്റെ പ്രവർത്തനം ഫലപ്രദമല്ലെന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ?

സംസ്ഥാനത്ത് മോട്ടോർവാഹന വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന എൻഫോഴ്സ്മെന്റ് വിഭാഗത്തിന്റെ പ്രവർത്തനം സംബന്ധിച്ച ആക്ഷേപങ്ങൾ യഥാസമയം പരിശോധിക്കുകയും തിരുത്തൽനടപടി സ്വീകരിക്കുകയും ചെയ്തുവരുന്നുണ്ട്. മോട്ടോർവാഹന നിയമലംഘനങ്ങൾ കണ്ടെത്തുന്നതുമായി ബന്ധപ്പെട്ടെല്ലാ എൻഫോഴ്സ്മെന്റ് ഉദ്യോഗസ്ഥർക്കും മാസംതോറും നിശ്ചിത ലക്ഷ്യം കൈവരിക്കുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. ആയത് കൈവരിക്കാത്ത ഉദ്യോഗസ്ഥർക്കെതിരെ നടപടികൾ സ്വീകരിക്കുന്നുണ്ട്.

(ബി) വാഹനത്തിന്റെ വേഗത നിയന്ത്രിക്കുന്ന ഇലക്ട്രോണിക് യൂണിറ്റിൽ മാറ്റം വരുത്തുന്ന വാഹന ഉടമകൾക്കെതിരെയും വർക്ക്ഷോപ്പ് ഉടമകൾക്കെതിരെയും നടപടി സ്വീകരിക്കാറുണ്ടോ; വിശദമാക്കുമോ;

(സി) മോട്ടോർവാഹന നിയമലംഘനം നടത്തുന്നവർക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

(ബി&സി) വാഹനത്തിന്റെ വേഗത നിയന്ത്രിക്കുന്ന ഇലക്ട്രോണിക് യൂണിറ്റിൽ കൃത്രിമം കാണിക്കുന്ന വാഹനമുടമകൾക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നുണ്ട്. ഇത്തരത്തിൽ കൃത്രിമം കാണിച്ചിട്ടുള്ള വാഹനങ്ങളുടെ ഫിറ്റ്നെസ് കാൻസൽ ചെയ്യുന്നതിനും പിഴ ഈടാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. എന്നാൽ കൃത്രിമം ചെയ്തുനൽകുന്ന വർക്ക്ഷോപ്പുടമകൾക്കെതിരെ മോട്ടോർവാഹന നിയമപ്രകാരം നടപടി സ്വീകരിക്കാൻ കഴിയില്ല.

## മോട്ടോർവാഹന വകുപ്പിലെ എക്സിക്യൂട്ടീവ് വിഭാഗം ജീവനക്കാരുടെ സ്ഥലംമാറ്റം

388(2129) <u>ശ്രീ. പി. കെ. ബഷീർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മോട്ടോർവാഹന വകുപ്പിലെ എക്സിക്യൂട്ടീവ് വിഭാഗം ജീവനക്കാരുടെ സ്ഥലംമാറ്റം സംബന്ധിച്ച് ചട്ടം നിലവിലുണ്ടോ; വ്യക്തമാക്കുമോ?

മോട്ടോർവാഹന വകുപ്പിലെ എക്സിക്യൂട്ടീവ് വിഭാഗം ജീവനക്കാരുടെ സ്ഥലംമാറ്റം സംബന്ധിച്ച് ചട്ടം നിലവിലുണ്ട്. പൊതുസ്ഥലംമാറ്റത്തിനായി സർക്കാർ പുറത്തിറക്കിയിട്ടുള്ള 25-02-2017-ലെ സ.ഉ.(പി.)നം.03/2017/ പി&എ.ആർ.ഡി. സർക്കാർ ഉത്തരവും അനുബന്ധഭേദഗതികൾക്കും പുറമേ 10-10-2017-ലെ സ.ഉ.(കൈ)നം.79/2017/ഗതാഗതം, 04-01-2019-ലെ സ.ഉ.(കൈ)നം.01/2019/ഗതാഗതം എന്നീ സർക്കാർ ഉത്തരവുകളും മോട്ടോർ വാഹന വകുപ്പിലെ എക്സിക്യൂട്ടീവ് വിഭാഗം ജീവനക്കാരുടെ സ്ഥലംമാറ്റത്തിന് ബാധകമാണ്.

(ബി) എങ്കിൽ പ്രസ്തുത ചട്ടത്തിന്റെ അടിസ്ഥാനത്തിൽ ഓരോവർഷവും ട്രാൻസ്ഫർ നടപടികൾ പൂർത്തിയാക്കുന്നതിന് സമയപരിധി നിശ്ചയിച്ചിട്ടുണ്ടോ; അറിയിക്കുമോ?

25-02-2017-ലെ സ.ഉ.(പി)നം.03/2017/പി.&എ.ആർ.ഡി. പ്രകാരം നോൺവെക്കേഷൻ വകുപ്പുകളിൽ ഏപ്രിൽ 30-നുമുമ്പ് പൊതുസ്ഥലംമാറ്റം പൂർത്തിയാക്കേണ്ടതാണ്.

(സി) അസിസ്റ്റന്റ് മോട്ടോർവെഹിക്കിൾ ഇൻസ്പെക്ടർമാരുടെ കരട് സ്ഥലംമാറ്റപ്പട്ടിക പ്രസിദ്ധീകരിച്ചതെന്നാണെന്നും ആയതിൻപ്രകാരം അന്തിമ സ്ഥലംമാറ്റ പട്ടിക പ്രസിദ്ധീകരിച്ചതെന്നാണെന്നും അറിയിക്കുമോ;

അന്തിമ സ്ഥലംമാറ്റ പട്ടിക നാളിതുവരെയായി പ്രസിദ്ധീകരിച്ചിട്ടില്ലെങ്കിൽ കാരണമെന്താണെന്നും എപ്പോൾ പ്രസിദ്ധീകരിക്കുമെന്നും വ്യക്തമാക്കുമോ?

അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാരുടെ കരട് സ്ഥലംമാറ്റ പട്ടിക 22-06-2022-ൽ പ്രസിദ്ധീകരിച്ചിട്ടുള്ളതും അന്തിമ സ്ഥലംമാറ്റ പട്ടിക 07-12-2022-ൽ പ്രസിദ്ധീകരിച്ചിട്ടുള്ളതുമാണ്. ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ റോഡുസുരക്ഷാ ഉത്തരവുകൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിന്റെ ഭാഗമായുള്ള നടപടികൾ കാര്യക്ഷമമായി പൂർത്തീകരിക്കുന്നതിലേയ്ക്കായി നിലവിലുള്ള ജീവനക്കാരുടെ സേവനം ആവശ്യമായതിനാലാണ് പ്രസ്തുത സ്ഥലംമാറ്റത്തിന് കാലതാമസം നേരിട്ടിട്ടുള്ളത്.

**മോട്ടോർവാഹന നിയമലംഘനം തടയൽ**

389(2130) <u>ശ്രീ. കെ. ഡി. പ്രസേനൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ ഒരു വർഷക്കാലയളവിൽ പാലക്കാട് ജില്ലയിൽ മോട്ടോർവാഹന നിയമലംഘനം നടത്തിയതുമായി ബന്ധപ്പെട്ട് എത്ര കേസ്സുകളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

കഴിഞ്ഞ ഒരു വർഷക്കാലയളവിൽ പാലക്കാട് ജില്ലയിൽ മോട്ടോർവാഹന നിയമലംഘനം നടത്തിയതുമായി ബന്ധപ്പെട്ട് 41,765 (നാല്പത്തൊന്നായിരത്തി എഴുന്നൂറ്റി അറുപത്തിയഞ്ച്) കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) പ്രസ്തുത കാലയളവിൽ പാലക്കാട് ജില്ലയിൽ ഈയിനത്തിൽ എത്ര രൂപയാണ് പിഴയീടാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

പ്രസ്തുത കാലയളവിൽ പാലക്കാട് ജില്ലയിൽ മോട്ടോർവാഹന നിയമലംഘനവുമായി ബന്ധപ്പെട്ട് 6,48,22,610/- (ആറ് കോടി നാല്പത്തിയെട്ട് ലക്ഷത്തി ഇരുപത്തിരണ്ടായിരത്തി അറന്നൂറ്റി പത്ത്) രൂപ പിഴയായിയീടാക്കിയിട്ടുണ്ട്.

(സി) ഏറ്റവും കൂടുതൽ നിയമലംഘനം നടത്തിയിട്ടുള്ളത് ഏതുതരം വാഹനങ്ങളാണെന്ന് അറിയിക്കാമോ?

ഏറ്റവും കൂടുതൽ നിയമലംഘനം നടത്തിയിട്ടുള്ളത് ഇരുചക്രവാഹനങ്ങളാണ്.

**അന്യസംസ്ഥാന വാഹനങ്ങൾക്ക് പ്രവേശന നികുതി**

390(2131) <u>ശ്രീ. അനൂപ് ജേക്കബ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓൾ ഇന്ത്യാ പെർമിറ്റിൽ വാഹനങ്ങളോടിക്കാൻ രാജ്യത്ത് നിയമങ്ങൾ നിലനിൽക്കെ സംസ്ഥാന സർക്കാർ ഇക്കാര്യത്തിൽ വിലക്ക് ഏർപ്പെടുത്താനിടയായ സാഹചര്യം വിശദമാക്കുമോ?

സംസ്ഥാനന്തര ടൂറിസ്റ്റ് വാഹനങ്ങളുടെ തടസ്സരഹിതയാത്ര ഉറപ്പുവരുത്തുവാനായി 2021-ൽ നിലവിൽവന്ന All India (Permit and authorization) Rule പ്രകാരം മറ്റുസംസ്ഥാനങ്ങളിൽ രജിസ്റ്റർ ചെയ്ത All India Permit (in Form 3) എടുത്ത് സംസ്ഥാനത്തേയ്ക്ക് പ്രവേശിക്കുന്ന All India Tourist വാഹനങ്ങളിൽനിന്നും കേരള മോട്ടോർവാഹന ടാക്സേഷൻ നിയമത്തിലെ സെക്ഷൻ 3(5) പ്രകാരം ഷെഡ്യൂളിൽ നിഷ്കർഷിച്ചിട്ടുള്ള നികുതി ഈടാക്കേണ്ടതില്ലെന്ന് എല്ലാ സബ് ഓഫീസുകൾക്കും നിർദ്ദേശം നൽകിയിരുന്നു. എന്നാൽ ഈ അവസരം ഉപയോഗപ്പെടുത്തി കേരളത്തിൽ രജിസ്റ്റർ ചെയ്യേണ്ടതായ ചില All India Tourist വാഹനങ്ങൾ നാഗാലാന്റ്, ഒറീസ്സ, അരുണാചൽപ്രദേശ് തുടങ്ങിയ സംസ്ഥാനങ്ങളിൽ രജിസ്റ്റർ ചെയ്ത് കേരളത്തിനകത്തേയ്ക്ക് സർവ്വീസ് നടത്തി സംസ്ഥാനത്തിന് വരുമാന നഷ്ടമുണ്ടാക്കുന്നതായി വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടു. മാത്രമല്ല, കേരളം ഉൾപ്പെടെയുള്ള സംസ്ഥാനങ്ങളിൽ രജിസ്റ്റർ ചെയ്ത് All India Permit എടുത്ത് തമിഴ്നാടിലേയ്ക്ക് സർവ്വീസ് നടത്തുന്ന വാഹനങ്ങളിൽനിന്നും തമിഴ്നാട്

നികുതിയീടാക്കിവരുന്നുണ്ട്. ഇത് തമിഴ്നാട് ഹൈക്കോടതി WP(C)No.19949/2021, WP(C)No.19203/2021 എന്നീ കേസ്സുകളിൽ ശരിവച്ചിട്ടുമുണ്ട്. ചുരുക്കത്തിൽ, കേരളത്തിൽ രജിസ്റ്റർ ചെയ്ത് തമിഴ്നാട്ടിലേയ്ക്ക് സർവ്വീസ് നടത്തുന്ന All India Tourist വാഹനങ്ങൾ തമിഴ്നാട്ടിലെ നികുതി അടയ്ക്കേണ്ടിവരുകയും എന്നാൽ തമിഴ്നാട്ടിൽ രജിസ്റ്റർ ചെയ്ത് കേരളത്തിലേയ്ക്ക് സർവ്വീസ് നടത്തുന്ന ഇത്തരം വാഹനങ്ങൾക്ക് കേരളത്തിലെ നികുതി അടയ്ക്കേണ്ടതില്ലായെന്നുമുള്ള അവസ്ഥ സംജാതമായിരുന്നു. ഇതുകൂടി കണക്കിലെടുത്താണ് മോട്ടോർവാഹന നിയമത്തിലെ സെക്ഷൻ 88(9), 88(12) എന്നീ വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ അന്യസംസ്ഥാനങ്ങളിൽ രജിസ്റ്റർ ചെയ്ത് All India Permit എടുത്ത് കേരളത്തിലേയ്ക്ക് പ്രവേശിക്കുന്ന എല്ലാ ടൂറിസ്റ്റ് ബസ്സുകളിൽനിന്നും 01-11-2022 മുതൽ കേരള മോട്ടോർവാഹന ടാക്സേഷൻ നിയമത്തിലെ സെക്ഷൻ 3(5) പ്രകാരം Schedule-ൽ പറഞ്ഞിട്ടുള്ള നിരക്കിൽ നികുതി ഈടാക്കാൻ നിർദ്ദേശം നൽകിയത്.

(ബി) അന്യസംസ്ഥാന വാഹനങ്ങൾ സംസ്ഥാനത്തിനകത്തേയ്ക്ക് പ്രവേശിക്കുന്നതിന് നികുതി ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ ഏത്

നിയമത്തിന്റെ/ഉത്തരവിന്റെ/ചട്ടത്തിന്റെ അടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കുമോ;

(സി) കേന്ദ്ര നിയമത്തിനുവിരുദ്ധമായി ഇത്തരം നികുതി ഏർപ്പെടുത്താൻ സംസ്ഥാന സർക്കാരിന് അനുമതി നൽകുന്ന വ്യവസ്ഥകൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ?

(ബി&സി) 1988-ലെ മോട്ടോർവാഹന നിയമത്തിലെ സെക്ഷൻ 88(14) പ്രകാരം All India Tourist Permit എടുത്ത വാഹനങ്ങൾ മറ്റ് സംസ്ഥാനങ്ങളിലേയ്ക്ക് പ്രവേശിക്കുന്നതിന് Authorization നൽകുമ്പോൾ മറ്റു സംസ്ഥാനങ്ങളിലെ നിയമത്തിന്റെയോ ചട്ടത്തിന്റെയോ അടിസ്ഥാനത്തിൽ നികുതി/ഫീസ് ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ അതും അടയ്ക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. അപ്രകാരം മറ്റ് സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത് കേരളത്തിലേയ്ക്ക് സർവ്വീസ് നടത്തുന്ന All India Permit എടുത്ത വാഹനത്തിന് കേരള മോട്ടോർവാഹന ടാക്സേഷൻ നിയമത്തിലെ സെക്ഷൻ 5(3) പ്രകാരം ഷെഡ്യൂളിൽ പറഞ്ഞിട്ടുള്ള നികുതിയടയ്ക്കുവാൻ ബാദ്ധ്യസ്ഥമാണ്. മാത്രമല്ല ഇന്ത്യൻ ഭരണഘടനയുടെ ഏഴാം ഷെഡ്യൂളിലെ പട്ടിക II-ലെ ക്രമനമ്പർ 56, 57 എന്നിവ പ്രകാരം നികുതി നിശ്ചയിക്കുന്നതിനുള്ള അധികാരം സംസ്ഥാന സർക്കാരിൽ നിക്ഷിപ്തമാണ്.

അതുകൊണ്ടുതന്നെ കേന്ദ്ര മോട്ടോർവാഹന ചട്ടത്തിൽ All India Tourist ബസ്സുകൾക്ക് ഉയർന്ന ഫീസ് ഏർപ്പെടുത്തിയതിനാൽ സംസ്ഥാന സർക്കാർ ടി വാഹനങ്ങളിൽനിന്നും നികുതി ഈടാക്കുവാൻ പാടില്ലെന്ന വ്യവസ്ഥ നിലനിൽക്കുന്നതല്ല. ഇക്കാര്യം ബഹുമാനപ്പെട്ട തമിഴ്നാട് ഹൈക്കോടതി WP(C)No.19203/2021 എന്ന കേസിൽ ശരിവച്ചിട്ടുമുണ്ട്.

**മോട്ടോർവാഹന വകുപ്പിൽ ഓൺലൈൻ സേവനം**

391(2132) ശ്രീമതി ശാന്തകുമാരി കെ.: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മോട്ടോർവാഹന വകുപ്പിന്റെ മുഴുവൻ സേവനങ്ങളും ഓൺലൈനിലാക്കുന്നതിനുള്ള നടപടിയുടെ പുരോഗതി വ്യക്തമാക്കുമോ?

നിലവിൽ ലൈസൻസ് സംബന്ധമായ സേവനങ്ങൾ 100 ശതമാനം ഓൺലൈനാക്കിയിട്ടുണ്ട്. വാഹനസംബന്ധമായ സേവനങ്ങളിൽ 90 ശതമാനം ഓൺലൈനായിട്ടുണ്ട്. ബാക്കിയുള്ളവ ഓൺലൈനാക്കുന്നതിലേയ്ക്കുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. ഫീസ്, ടാക്സ്, കോമ്പൗണ്ടിംഗ് ഫീസ് എന്നിവ പൂർണ്ണമായും ഓൺലൈൻ സംവിധാനത്തിലാണ് സ്വീകരിക്കുന്നത്.

**കോൺട്രാക്റ്റ് കാരിയേജ്**

392(2133) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർവ്വീസ് നടത്തുന്ന കോൺട്രാക്ട് കാരിയേജ് ബസ്സുകളിൽ ഘടിപ്പിക്കുവാൻ അനുവദനീയമായ അധികവസ്തുക്കൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ?

കേരള മോട്ടോർവാഹന ചട്ടത്തിലെ ചട്ടം 289 പ്രകാരം, കോൺട്രാക്ട് കാരിയേജ് വാഹനങ്ങളിൽ ഓഡിയോ വിഷ്വൽ യൂണിറ്റ് ഘടിപ്പിക്കുന്നതിന് അനുമതി നൽകുന്നുണ്ട്.

(ബി) ഇതുസംബന്ധിച്ച് ഏതെങ്കിലും തരത്തിലുള്ള ഉത്തരവുകളോ സർക്കുലറുകളോ പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) ഇതുസംബന്ധിച്ചുള്ള വ്യക്തതക്കുറവുകാരണം ഓരോ ആർ.റ്റി.ഒ.-യും വ്യത്യസ്ത രീതിയിലുള്ള നിർദ്ദേശങ്ങൾ നൽകുന്നതും പിഴ ഈടാക്കുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

(ബി&സി) വാഹനങ്ങളിൽ മോഡിഫിക്കേഷൻ/ആൾട്ടറേഷൻ വരുത്തുന്നതുമായി ബന്ധപ്പെട്ട് ഗതാഗത കമ്മീഷണർ പുറപ്പെടുവിച്ച

സർക്കുലർ/മാർഗ്ഗനിർദ്ദേശങ്ങളുടെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.+ വാഹനങ്ങളിൽ രൂപമാറ്റം വരുത്തുന്നതുസംബന്ധിച്ച് ചില രജിസ്റ്ററിംഗ് അതോറിറ്റികൾ വ്യത്യസ്ത നിലപാടുകൾ സ്വീകരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് സംസ്ഥാന വ്യാപകമായി ഒരു ഏകീകൃത മാനദണ്ഡം നടപ്പിലാക്കുന്നതിനായി 19-09-2022-ൽ ഗതാഗത കമ്മീഷണറേറ്റിൽനിന്നും സി1/280/2021/റ്റി.സി. നമ്പരായ ഒരു പൊതുനിർദ്ദേശം എല്ലാ രജിസ്റ്ററിംഗ് അതോറിറ്റികൾക്കും നൽകിയിട്ടുണ്ട്.

(ഡി) ഇതുസംബന്ധിച്ച് പുറപ്പെടുവിച്ചിട്ടുള്ള നിർദ്ദേശങ്ങൾ നിർബന്ധമായും പാലിക്കപ്പെടുന്നുവെന്നുറപ്പുവരുത്താൻ മോട്ടോർവാഹന വകുപ്പ് സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

ഗതാഗത കമ്മീഷണർ പുറപ്പെടുവിച്ചിട്ടുള്ള പൊതുനിർദ്ദേശങ്ങൾ പാലിക്കപ്പെടുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനായി എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ കൃത്യമായ ഇടവേളകളിൽ അവലോകനം ചെയ്യുന്നുണ്ട്. കോൺട്രാക്ട് കാര്യേജുകൾ/സ്വകാര്യ സ്റ്റേജ് കാര്യേജുകൾ എന്നിവയിലെ നിയമലംഘനങ്ങൾ കർശനമായി തടയുന്നതിനായി ഒരു ത്രിതല പരിശോധന സംവിധാനംകൂടി വകുപ്പ് നടപ്പാക്കിയിട്ടുണ്ട്. കോൺട്രാക്ട്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കാര്യേജുകൾ/ സ്വകാര്യ കോൺട്രാക്ട് കാര്യേജുകൾ എന്നിവയുടെ നിരീക്ഷണച്ചുമതല എ.എം.വി.ഐ./എം.വി.ഐ. എന്നിവർക്ക് വീതിച്ചുനൽകിയിട്ടുണ്ട്. ഇത്തരത്തിൽ വീതിച്ചുനൽകിയിട്ടുള്ള വാഹനങ്ങളിൽ ഏതെങ്കിലും തരത്തിലുള്ള നിയമലംഘനങ്ങൾ, ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാരുടെ സ്ക്വാഡിന്റെ കൺട്രോൾ ചെക്കിംഗിലോ, ട്രാൻസ്പോർട്ട് കമ്മീഷണറുടെ സ്ക്വാഡിന്റെ സൂപ്പർ ചെക്കിംഗിലോ കണ്ടെത്തിയാൽ പ്രസ്തുത വാഹനത്തിന്റെ ചുമതല ലഭിച്ചിട്ടുള്ള ഉദ്യോഗസ്ഥനെതിരെ അച്ചടക്ക നടപടി സ്വീകരിക്കുന്നതാണ്.

## വയനാട് ജില്ലയിലെ ഗതാഗത നിയമലംഘനങ്ങൾ

393(2134) <u>ശ്രീ. ഒ. ആർ. കേളു</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ മോട്ടോർവാഹന വകുപ്പ് ഗതാഗത നിയമലംഘനങ്ങൾക്ക് 2022 ഒക്ടോബർ മാസത്തിൽ എത്ര കേസ് രജിസ്റ്റർ ചെയ്തുവെന്ന് വ്യക്തമാക്കാമോ?

വയനാട് ജില്ലയിൽ ഗതാഗത നിയമലംഘനങ്ങൾക്ക് 2022 ഒക്ടോബർ മാസത്തിൽ 2237 (രണ്ടായിരത്തി ഇരുന്നൂറ്റി മുപ്പത്തിയേഴ്) കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) ഇത്തരം കേസുകളിൽ എത്ര രൂപ പിഴയീടാക്കിയെന്നും എതുതരം വാഹനങ്ങളാണ് ഏറ്റവും കൂടുതൽ നിയമലംഘനം നടത്തിയതെന്നും വ്യക്തമാക്കാമോ?

ഇത്തരം കേസ്സുകളിൽ 14,72,571/- (പതിനാല് ലക്ഷത്തി എഴുപത്തിരണ്ടായിരത്തി അഞ്ഞൂറ്റി എഴുപത്തിയൊന്ന്) രൂപ പിഴ ഈടാക്കിയിട്ടുണ്ട്. ഏറ്റവും കൂടുതൽ നിയമലംഘനം നടത്തിയിട്ടുള്ളത് ഇരുചക്രവാഹനങ്ങളാണ്.

(സി) ലൈസൻസില്ലാതെ വാഹനമോടിച്ചതിന് ഈ കാലയളവിൽ വയനാട് ജില്ലയിലെത്ര കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്?

ലൈസൻസില്ലാതെ വാഹനമോടിച്ചതിന് 115 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

**ഡ്രൈവിംഗ് മേഖലയിലെ തൊഴിൽ**

394(2135) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര ഗവൺമെന്റ് 2021-ൽ ഡ്രൈവിംഗ് സ്കൂൾ മേഖലയിൽ വരുത്തിയ നിയമഭേദഗതിമൂലം കേരളത്തിലെ ഡ്രൈവിംഗ് സ്കൂളുടമകളുടെയും

ഈ മേഖലയിൽ പ്രവർത്തിക്കുന്ന ജീവനക്കാരുടെയും തൊഴിൽ നഷ്ടപ്പെടുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആയത് പരിഹരിക്കുന്നതിന് കൈക്കൊണ്ട നടപടികൾ വിശദമാക്കാമോ?

(എ&ബി) ഉണ്ട്. കേന്ദ്ര സർക്കാർ പരിഷ്കരിച്ച നിയമം സംസ്ഥാനത്ത് നടപ്പിലാക്കുമ്പോൾ നിലവിലുള്ള ഡ്രൈവിംഗ് സ്കൂളുടമകളുടേയും ജീവനക്കാരുടേയും താല്പര്യം സംരക്ഷിക്കുന്നതിന് ഒരു പദ്ധതി രൂപീകരിക്കാൻ കഴിയുമോയെന്ന കാര്യം പരിശോധിച്ചുവരികയാണ്.

**വിനോദയാത്രപോകുന്ന വാഹനങ്ങളുടെ പരിശോധന**

395(2136) <u>ശ്രീ. എം. വിജിൻ</u>: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ വിദ്യാഭ്യാസസ്ഥാപനങ്ങളിൽ നിന്ന് വിനോദയാത്ര പോകുന്ന വാഹനങ്ങളുടെ പരിശോധനയ്ക്കായി സർക്കാർ സ്വീകരിച്ച പുതിയ നടപടിക്രമങ്ങൾ വിശദമാക്കുമോ?

സംസ്ഥാനത്തെ വിദ്യാഭ്യാസസ്ഥാപനങ്ങളിൽ നിന്നും വിനോദയാത്രയ്ക്ക് പോകുന്ന വാഹനങ്ങളുടെ പരിശോധന സംബന്ധിച്ച് മോട്ടോർവാഹന വകുപ്പ് നൽകിയ നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

(1) വിദ്യാഭ്യാസസ്ഥാപനങ്ങൾ വിനോദയാത്രയ്ക്കായി ഉപയോഗിക്കുന്ന വാഹനങ്ങളുടെ വിശദാംശങ്ങൾ വിനോദയാത്രാ തീയതിക്കുമുമ്പ് ഏഴ് ദിവസത്തിനകം സംസ്ഥാനത്തെ ഏതെങ്കിലും റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ മുമ്പാകെ സമർപ്പിക്കാവുന്നതാണ്.

(2) വിനോദയാത്ര ആരംഭിക്കുന്നതിനുമുമ്പ് ഏഴ് ദിവസത്തിനകം വാഹന ഉടമയുടെ/ഡ്രൈവറുടെ സൗകര്യപ്രകാരം സംസ്ഥാനത്തെ മോട്ടോർവാഹന വകുപ്പിന്റെ ഏത് ഓഫീസിൽ വേണമെങ്കിലും വാഹനം പരിശോധനയ്ക്കായി ഹാജരാക്കാവുന്നതാണ്.

(3) വാഹന പരിശോധനയ്ക്കുശേഷം ഇതുസംബന്ധിച്ച് ഗതാഗത കമ്മീഷണറുടെ കാര്യാലയത്തിൽനിന്നും നൽകിയ പ്രൊഫോർമയിൽ വാഹനം പരിശോധിച്ചതുസംബന്ധിച്ചുള്ള റിപ്പോർട്ട് തയ്യാറാക്കി ഒരു പകർപ്പ് വാഹന ഉടമയ്ക്ക്/ഡ്രൈവർക്ക് നൽകേണ്ടതും ഓരോ പകർപ്പുകൾ ഓഫീസ് മേധാവിയും വാഹനപരിശോധന നടത്തിയ ഉദ്യോഗസ്ഥനും കൈവശം വയ്ക്കേണ്ടതുമാണ്.

(4) വിനോദയാത്രയ്ക്ക് പോകുന്ന വാഹനത്തിന്റെ ഡ്രൈവർ മേൽറിപ്പോർട്ട് കൈവശം വയ്ക്കേണ്ടതും ഉദ്യോഗസ്ഥരുടെ ആവശ്യപ്രകാരം

റിപ്പോർട്ട് ഹാജരാക്കേണ്ടതുമാണ്. വാഹനപരിശോധനയിൽ വാഹന ഉടമയെ/ഡ്രൈവറെ അനാവശ്യമായി ബുദ്ധിമുട്ടിക്കുവാൻ പാടുള്ളതല്ല.

(5) ഒരു സ്കൂളധികാരിയുടെ അപേക്ഷയിന്മേൽ തയ്യാറാക്കിയ ഇൻസ്പെക്ഷൻ റിപ്പോർട്ട് പ്രസ്തുത തീയതിയിലെ വിനോദയാത്രയ്ക്കുമാത്രമെ ഉപയോഗിക്കുവാൻ പാടുള്ളൂ.

**സേഫ് കേരള എൻഫോഴ്സ്മെന്റ് വിഭാഗത്തിന്റെ പ്രവർത്തനം**

396(2137) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022 ജനവരി ഒന്ന് മുതൽ ഒക്ടോബർ 31 വരെ സംസ്ഥാനത്ത് നടന്ന വാഹനാപകടങ്ങൾ എത്രയാണെന്നും പ്രസ്തുത അപകടങ്ങളിൽ ആകെ എത്രപേരാണ് മരണപ്പെട്ടതെന്നും എത്രപേർക്കാണ് പരിക്കേറ്റതെന്നും അറിയിക്കുമോ?

2022 ജനവരി ഒന്ന് മുതൽ ഒക്ടോബർ 31 വരെ 36043 അപകടങ്ങൾ റിപ്പോർട്ടുചെയ്തതിൽ 3497 പേർ മരണപ്പെടുകയും 39736 പേർക്ക് പരിക്കേൽക്കുകയും ചെയ്തിട്ടുണ്ട്. ടി അപകടങ്ങളുടെ മാസം തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു.+

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത വാഹനാപകടങ്ങളിൽ രാത്രി ഒമ്പത് മണിക്കുശേഷം നടന്ന അപകടങ്ങളുടെയും മരണങ്ങളുടെയും വിവരങ്ങൾ ജില്ല തിരിച്ച് ലഭ്യമാക്കുമോ?

രാത്രി ഒമ്പത് മണിക്കുശേഷം നടന്ന അപകടങ്ങളുടേയും മരണങ്ങളുടേയും മാത്രമായിട്ടുള്ള വിവരങ്ങൾ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല.

(സി) വടക്കഞ്ചേരി ബസ്സപകടത്തിന്റെ പശ്ചാത്തലത്തിൽ റോഡപകടങ്ങളൊഴിവാക്കാൻ മോട്ടോർവാഹന വകുപ്പ് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നും തന്മൂലം അപകടങ്ങൾ കുറയ്ക്കുന്നതിന് കഴിഞ്ഞിട്ടുണ്ടോയെന്നും വിശദമാക്കുമോ;

ടൂറിസ്റ്റ് ബസ്സുകളുടെ അനധികൃത രൂപമാറ്റം റോഡപകടങ്ങൾക്ക് (പ്രധാനമായും രാത്രികാലങ്ങളിൽ) കാരണമാകുന്നുവെന്ന കണ്ടെത്തലിന്റെ അടിസ്ഥാനത്തിൽ ഇത്തരം അനധികൃത രൂപമാറ്റം വരുത്തിയിട്ടുള്ള കോൺട്രാക്ട് കാര്യേജുകൾ/സ്റ്റേജ് കാര്യേജുകൾക്കെതിരെ കർശന നടപടികൾ സ്വീകരിച്ചുവരുന്നു. കോൺട്രാക്ട് കാര്യേജുകളുടെ ഫിറ്റ്നെസ് സർട്ടിഫിക്കറ്റ് കാൻസൽ ചെയ്യുകയും ഡ്രൈവറുടെ ലൈസൻസ് താല്ക്കാലികമായി റദ്ദുചെയ്യുകയും ചെയ്തുവരുന്നു. കോൺട്രാക്ട് കാര്യേജുകളുടെ നിയമലംഘനം കണ്ടെത്തുന്നതിനായി 07-10-2022 മുതൽ 30-10-2022

വരെ ഓപ്പറേഷൻ ഫോക്കസ് മൂന്ന് എന്ന പേരിൽ ഒരു സ്പെഷ്യൽ ഡ്രൈവ് സംഘടിപ്പിക്കുകയുണ്ടായി. പ്രസ്തുത ഡ്രൈവിൽ 13587 വാഹനങ്ങൾക്കെതിരെ നടപടികൾ സ്വീകരിക്കുകയും 46,08,930/- രൂപ പിഴയീടാക്കുകയും ചെയ്തിട്ടുണ്ട്. 682 വാഹനങ്ങളുടെ ഫിറ്റ്നെസ് സർട്ടിഫിക്കറ്റ് റദ്ദുചെയ്യുകയും 287 ഡ്രൈവിംഗ് ലൈസൻസുകൾ സസ്പെൻഡ് ചെയ്യുകയും ചെയ്തിട്ടുണ്ട്. സംസ്ഥാനത്ത് നിലവിലുള്ള കോൺട്രാക്ട് കാര്യേജുകൾ, സ്വകാര്യ സ്റ്റേജ് കാര്യേജുകൾ എന്നിവകളിൽ വ്യാപകമായ നിയമലംഘനങ്ങളും അതുവഴി റോഡപകടങ്ങളും വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ പ്രസ്തുത വാഹനങ്ങൾ പരിശോധിക്കുന്നതിനൊരു പുതിയ ത്രിതല സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. ആയതിലേയ്ക്കായി ഓരോ ജില്ലയിലും ആകെ നിലവിലുള്ള കോൺട്രാക്ട് കാര്യേജുകളുടേയും സ്റ്റേജ് കാര്യേജുകളുടെയും എണ്ണം കണക്കാക്കി എം.വി.ഐ., എ.എം.വി.ഐ. മാർക്ക് പരിശോധനയ്ക്ക് കൃത്യമായി വീതിച്ചുനൽകുകയും ഇങ്ങനെ പരിശോധന നടത്തിയ വാഹനങ്ങൾ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണറുടെ നേതൃത്വത്തിൽ നടക്കുന്ന Control Checking, ട്രാൻസ്പോർട്ട് കമ്മീഷണറുടെ കീഴിലുള്ള സ്പെഷ്യൽ സ്ക്വാഡുകൾ നടത്തുന്ന Super Checking എന്നിവയിൽ നിയമലംഘനം നടത്തിയിട്ടുള്ളതായി തെളിഞ്ഞാൽ പ്രാഥമികഘട്ട

പരിശോധന നടത്തിയിട്ടുള്ള ഉദ്യോഗസ്ഥനെതിരെ അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നുണ്ട്. ഈ രീതിയിൽ കുറ്റമറ്റ പരിശോധനാരീതി അവലംബിക്കുന്നതിനും നിയമലംഘനങ്ങൾ പരമാവധി കുറയ്ക്കുന്നതിനും സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. വിനോദയാത്ര പുറപ്പെടുന്നതിനുമുമ്പായി വിവരം ബന്ധപ്പെട്ട റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസിൽ അറിയിച്ച് വാഹനത്തെയും ഡ്രൈവറേയും പരിശോധിച്ച് സാക്ഷ്യപത്രം വാങ്ങിക്കുവാൻ വിദ്യാഭ്യാസ വകുപ്പിലെ എല്ലാ ഉദ്യോഗസ്ഥർക്കും നിർദ്ദേശം നൽകുന്നതിന് വിദ്യാഭ്യാസ ഡയറക്ടർമാർക്ക് കത്ത് നൽകിയിട്ടുണ്ട്.

(ഡി) റോഡപകടങ്ങൾക്ക് കാരണമായ അമിതവേഗത, മദ്യപിച്ച് വാഹനമോടിക്കൽ തുടങ്ങിയ ഗുരുതരതെറ്റുകൾ കണ്ടെത്തുന്നതിനും വാഹനങ്ങളുടെ 24 മണിക്കൂർ പരിശോധനയ്ക്കുമാവശ്യമായ എക്സിക്യൂട്ടീവ് വിഭാഗം ഉദ്യോഗസ്ഥർ സേഫ് കേരള എൻഫോഴ്സ്മെന്റ് വിഭാഗത്തിലുണ്ടോ; വെളിപ്പെടുത്തുമോ;

(ഇ) സേഫ് കേരള എൻഫോഴ്സ്മെന്റ് വിഭാഗത്തിന്റെ 24 മണിക്കൂർ പ്രവർത്തനത്തിനാവശ്യമായ ഉദ്യോഗസ്ഥരുടെ കുറവുപരിഹരിക്കുന്നതിനായി

ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നതിന് ആലോചിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

(ഡി&ഇ) മോട്ടോർവാഹന വകുപ്പിൽ 24 മണിക്കൂറും പരിശോധന നടത്തുന്നതിനാവശ്യമായ ഉദ്യോഗസ്ഥർ നിലവിലില്ലെന്ന വിഷയം ചൂണ്ടിക്കാട്ടി പ്രസ്തുത ഉദ്യോഗസ്ഥരുടെ കുറവുപരിഹരിക്കുന്നതിനുവേണ്ടി 14 ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരുടെയും 198 മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാരുടെയും പുതിയ തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ച ഗതാഗത കമ്മീഷണറുടെ പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുകയാണ്.

## വാഹനങ്ങളുടെ ഓട്ടോമേറ്റഡ് ഫിറ്റ്നെസ് ടെസ്റ്റിംഗ്

397(2138) ഡോ. എൻ. ജയരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വാഹനങ്ങളുടെ ഓട്ടോമേറ്റഡ് ഫിറ്റ്നെസ് ടെസ്റ്റിംഗ് കേന്ദ്രങ്ങൾ സ്ഥാപിക്കുന്ന പദ്ധതി എവിടെയെല്ലാം പ്രാവർത്തികമായിയെന്ന് അറിയിക്കാമോ?

കോഴിക്കോട്, കണ്ണൂർ, മുട്ടത്തറ, പാറശ്ശാല, മൂവാറ്റുപുഴ, ഉഴവൂർ, കാസർഗോഡ്, തളിപ്പറമ്പ്, തൃപ്പൂണിത്തുറ എന്നിവിടങ്ങളിൽ വാഹനങ്ങളുടെ ഓട്ടോമേറ്റഡ് ഫിറ്റ്നസ് ടെസ്റ്റിംഗ് കേന്ദ്രങ്ങൾ സ്ഥാപിച്ചിട്ടുണ്ട്.

(ബി) എല്ലായിടത്തും അത്തരം സംവിധാനം ഏർപ്പെടുത്തി മുഴുവൻ വാഹനങ്ങളും പ്രസ്തുത സംവിധാനത്തിലൂടെ ഫിറ്റ്നസ് പരിശോധനയ്ക്ക് വിധേയമാക്കാൻ നടപടി സ്വീകരിക്കാമോ?

കേന്ദ്ര ഉപരിതലഗതാഗത മന്ത്രാലയത്തിന്റെ G.S.R. 652 (E) നമ്പർ മാർഗ്ഗനിർദ്ദേശത്തിന്റെ പശ്ചാത്തലത്തിൽ ഓട്ടോമേറ്റഡ് ഫിറ്റ്നെസ് ടെസ്റ്റിംഗ് കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതുസംബന്ധിച്ച വിഷയം സർക്കാരിന്റെ പരിഗണനയിലാണ്.

**ഉൾനാടൻജലഗതാഗത വകുപ്പ് മുഖേനയുള്ള പ്രവൃത്തികൾ**

398 (2140) ശ്രീ. എം. മുകേഷ്: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൊല്ലം മണ്ഡലത്തിൽ ഉൾനാടൻ ജലഗതാഗത വകുപ്പുമുഖേന നടപ്പിലാക്കുന്നതിനായി 2021-22 മുതൽ ഭരണാനുമതി ലഭിച്ചതും നിർവ്വഹണം പുരോഗമിക്കുന്നതുമായ പ്രവൃത്തികളേതെല്ലാമാണ്; അവയുടെ ഇപ്പോഴത്തെ സ്ഥിതി സഹിതം വിശദവിവരം ലഭ്യമാക്കുമോ?

കൊല്ലം മണ്ഡലത്തിൽ ഉൾനാടൻ ജലഗതാഗത വകുപ്പുമുഖേന നടപ്പിലാക്കുന്നതിനായി 2021-22 മുതൽ ഭരണാനുമതി നൽകിയ പ്രവൃത്തികളും നിലവിലെ സ്ഥിതിയും ചുവടെ ചേർക്കുന്നു.

| നം. | പ്രവൃത്തി | നിലവിലെ സ്ഥിതി |
|---|---|---|
| 1 | തൃക്കരുവ പഞ്ചായത്തിലെ വാർഡ് 12-ൽ കാട്ടുംപുറത്ത് കായൽവാരത്തിന് സമീപം അഷ്ടമുടിക്കായലിന്റെ തീരസംരക്ഷണം. | പൂർത്തീകരിച്ചു |
| 2 | പനയം പഞ്ചായത്തിലെ പെരുമൺ ബോട്ടുജെട്ടി നവീകരണം. | 70 ശതമാനം പൂർത്തീകരിച്ചു |
| 3 | കൊല്ലം മാമൂട്ടിൽകടവിന് സമീപം സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിനും കൊച്ചുകിഴക്കതിൽ കായൽവാരത്തിനും ഇടയിൽ അടിയന്തര തീരസംരക്ഷണ പ്രവൃത്തികൾ. | പൂർത്തീകരിച്ചു |
| 4 | തൃക്കരുവ പഞ്ചായത്തിലെ സാമ്പ്രാണിക്കോടി ബോട്ടുജെട്ടിയുടെ പുനരുദ്ധാരണം. | പൂർത്തീകരിച്ചു |
| 5 | തൃക്കരുവ പഞ്ചായത്തിലെ മണലിൽ ബോട്ടുജെട്ടിയുടെ പുനരുദ്ധാരണം. | പൂർത്തീകരിച്ചു |
| 6 | കൊല്ലം തോടിന്റെ ഇടത് വലത് കരകളിലെ അടിയന്തര തീരസംരക്ഷണം (Ch:72.75 Km to 73.10 Km)-ഇൻവെസ്റ്റിഗേഷൻ വർക്ക്. | പൂർത്തീകരിച്ചു |
| 7 | പള്ളിത്തോട്ടത്ത് തകർന്നുവീണ വിംഗ്‌വാൾ പുനർനിർമ്മാണം. | പൂർത്തീകരിച്ചു |
| 8 | ഇൻലാൻഡ് നാവിഗേഷൻ ഡയറക്ടറേറ്റിലെ ഓഫീസ് പുനരുദ്ധാരണ പ്രവൃത്തികൾ | പൂർത്തീകരിച്ചു |
| 9 | ഇൻലാൻഡ് നാവിഗേഷൻ ഡയറക്ടറേറ്റിലെ ഓഫീസ് പുനരുദ്ധാരണ പ്രവൃത്തികൾ - Phase II | പൂർത്തീകരിച്ചു |
| 10 | മൺസൂൺ മുന്നൊരുക്കങ്ങളുമായി ബന്ധപ്പെട്ട് കൊല്ലം KSRTC bus stand-ന് സമീപമുള്ള അഷ്ടമുടിക്കായലിലെ മാലിന്യനിർമ്മാർജ്ജനം. | പൂർത്തീകരിച്ചു |
| 11 | കൊല്ലം/കുന്നത്തൂർ/ചവറ നിയോജകമണ്ഡലത്തിലെ എട്ട് ബോട്ടുജെട്ടികളുടെ ആഴംകൂട്ടലും സംരക്ഷണഭിത്തി നിർമ്മാണവും. | പൂർത്തീകരിച്ചു |
| 12 | പ്രസിഡൻസ് ട്രോഫി ബോട്ട് റേസ് 2022-മായി ബന്ധപ്പെട്ട് അഷ്ടമുടിക്കായൽ വൃത്തിയാക്കൽ. | പൂർത്തീകരിച്ചു |
| 13 | കൊല്ലംതോടിന്റെ റീച്ച്-6 വലതുകരയിലെ റെക്ടിഫിക്കേഷൻ വർക്ക്സ് (ചെ.73.10-73.50 വരെ). | ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു |

## ജലഗതാഗത വകുപ്പിൽ സബോർഡിനേറ്റ് സ്പെഷ്യൽ റൂൾ

399(2141) ശ്രീമതി ദെലീമ: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ജലഗതാഗത വകുപ്പിലെ സ്റ്റേറ്റ് സബോർഡിനേറ്റ് സ്പെഷ്യൽ റൂളിന്റെ ഇപ്പോഴത്തെ സ്ഥിതി വിശദമാക്കാമോ?

സംസ്ഥാന ജലഗതാഗതവകുപ്പിലെ ഓപ്പറേറ്റിംഗ് വിഭാഗത്തിന്റെ വിശേഷാൽ ചട്ടം 18-08-1975-ലെ ജി.ഒ.(പി.) നമ്പർ 151/75 പി.ഡബ്ല്യു. റിപ്പയർ ആൻഡ് മെയിന്റനൻസ് വിഭാഗത്തിന്റെ വിശേഷാൽ ചട്ടം 29-12-1988-ലെ ജി.ഒ. (പി.)നമ്പർ 81/88 പി.ഡബ്ല്യു.&റ്റി. എന്നിവയാണ്. പ്രസ്തുത വിശേഷാൽ ചട്ടങ്ങൾ ഭേദഗതിവരുത്തി സംസ്ഥാന ജലഗതാഗത വകുപ്പ് സബോർഡിനേറ്റ് സർവ്വീസിന് പൊതുവായി വിശേഷാൽ ചട്ടങ്ങൾ പുറപ്പെടുവിക്കുന്നതിനായുള്ള വിജ്ഞാപനത്തിന്റെ കരട് കേരള പബ്ലിക് സർവ്വീസ് കമ്മീഷന് നൽകുകയും ആയത് കമ്മീഷൻ അംഗീകരിച്ച് സർക്കാരിൽ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നിർദ്ദേശിച്ച ഭേദഗതികളുൾപ്പെടുത്തിയുള്ള വിജ്ഞാപനത്തിന്റെ കരട് ബന്ധപ്പെട്ട നിയമസഭ സബ്ജക്ട് കമ്മിറ്റിക്ക് സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## വേളി-കഠിനംകുളം ജലഗതാഗത സർവ്വീസ്

400(2142) ശ്രീ. കടകംപള്ളി സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാർവ്വതിപുത്തനാറിലൂടെ വേളി-കഠിനംകുളം ജലഗതാഗത സർവ്വീസാരംഭിക്കുന്നതിനുള്ള നടപടികൾ വിശദമാക്കാമോ;

(ബി) പ്രസ്തുത റൂട്ടിൽ ബോട്ടുജെട്ടികൾ നിർമ്മിക്കുന്ന നടപടികളുടെ പുരോഗതി വിശദമാക്കാമോ?

(എ&ബി) തിരുവനന്തപുരം ജില്ലയിലെ വേളി ടൂറിസ്റ്റ് വില്ലേജിന് സമീപത്തുനിന്നുമാരംഭിച്ച് പശ്ചിമതീരകനാലിലൂടെ കഠിനംകുളം, പാർവതിപുത്തനാർ, അഴൂർ വഴി പുളിമൂട്ടിൽ കടവെത്തുന്ന രീതിയിലാണ് ഈ ടൂറിസം സർവ്വീസ് വിഭാവനം ചെയ്തിരിക്കുന്നത്. ഈ പദ്ധതി നടപ്പിലാക്കുന്നതിനായി വേളിയിലുള്ള വി.എസ്.എസ്.സി. പാലത്തിന് സമീപം 60 സെന്റ് പുറമ്പോക്ക് സ്ഥലം കണ്ടെത്തിയിട്ടുണ്ട്. ഈ സ്ഥലത്ത് അത്യാവശ്യസൗകര്യങ്ങളായ സ്റ്റേഷൻ ഓഫീസ്, മറ്റടിസ്ഥാനസൗകര്യങ്ങൾ എന്നിവയുടെ നിർമ്മാണപ്രവർത്തികൾ ആരംഭിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. മേൽ നിർമ്മാണപ്രവർത്തികൾ KEL മുഖേന ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. വേളി മുതൽ പുളിമൂട്ടിൽ

കടവുവരെയുള്ള ബോട്ടുജെട്ടി നിർമ്മാണത്തിന് മേല്പടി ബോട്ട് കടന്നുപോകുന്ന മേഖലകളിലെ വാർഡ് കൗൺസിലർമാരെയും പഞ്ചായത്ത് പ്രസിഡന്റുമാരെയും നേരിൽകണ്ട് താല്ക്കാലിക ഫ്ലോട്ടിംഗ് ബോട്ടുജെട്ടി നിർമ്മിക്കുന്നതിനുള്ള സാങ്കേതികവിവരങ്ങൾ കൈമാറുകയും നിർദ്ദിഷ്ട സ്ഥലങ്ങളിൽ അടിയന്തരമായിത്തന്നെ പഞ്ചായത്ത് തനതുഫണ്ട് ഉപയോഗിച്ചോ മറ്റുഫണ്ടുകൾ കണ്ടെത്തിയോ ബോട്ടുജെട്ടികൾ നിർമ്മിക്കണമെന്ന് അഭ്യർത്ഥിച്ചിട്ടുള്ളതാണ്. തുടർനടപടികൾക്കായി തിരുവനന്തപുരം മേയർക്ക് ജലഗതാഗത വകുപ്പിൽനിന്നും കത്ത് നൽകിയിട്ടുണ്ട്. കൂടാതെ ഉൾനാടൻ ജലഗതാഗതവകുപ്പിനോട് ഈ മേഖലയിൽ ബോട്ട് സർവ്വീസിനാവശ്യമായ ബോട്ടുജെട്ടികൾ നിർമ്മിച്ചുനൽകണമെന്നുള്ള ഒരു പ്രൊപ്പോസൽ നൽകിയിട്ടുണ്ട്. ഈ മേഖലയിലേയ്ക്കുള്ള ഒരു ബോട്ടിന്റെ നിർമ്മാണം പൂർത്തീകരിച്ച് ട്രയൽ സർവ്വീസ് നടത്തിവരുന്നു. ബോട്ടുജെട്ടി, അടിസ്ഥാനസൗകര്യങ്ങൾ എന്നിവയുടെ നിർമ്മാണം പൂർത്തീകരിക്കുന്നമുറയ്ക്ക് ടി ബോട്ട് വേളിയിൽ എത്തിച്ച് സർവ്വീസാരംഭിക്കുന്നതിന് സജ്ജമാണ്.

(സി) പ്രസ്തുത റൂട്ടിൽ ഏതൊക്കെ സ്ഥലങ്ങളിലാണ് ബോട്ടു ജെട്ടികൾ നിർമ്മിക്കുവാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

വേളി (സ്റ്റാർട്ടിംഗ്), അബ്ദുൽകലാം പാർക്ക്, സ്റ്റേഷൻ കടവ്, കഠിനംകുളം, മുരിക്കുംപുഴ, അഴൂർ, പുളിമൂട്ടിൽ കടവ്.

(ഡി) എത്ര ബോട്ടുകളുടെ സേവനമാണ് സർവ്വീസിന് ലഭിക്കുന്നതെന്ന് വിശദമാക്കാമോ?

ഒന്ന്.

(ഇ) പ്രസ്തുത സർവ്വീസുകൾ നിർവ്വഹിക്കുന്നതേത് ഡിപ്പാർട്ട്മെന്റ് ആണെന്ന് വിശദമാക്കാമോ?

സംസ്ഥാന ജലഗതാഗത വകുപ്പ്.

**വൈക്കം-തവണക്കടവ് റൂട്ടിൽ റോറോ സർവ്വീസ്**

401(2143) ശ്രീമതി ദെലീമ: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അരൂർ മണ്ഡലത്തിൽ വൈക്കം-തവണക്കടവ് റൂട്ടിൽ റോറോ സർവ്വീസ് തുടങ്ങുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

വളരെ കുറഞ്ഞ സമയംകൊണ്ട് ആലപ്പുഴ-കോട്ടയം ജില്ലകളെ ബന്ധപ്പെടുത്തുന്നതും ചരക്കുഗതാഗതത്തിനുചിതവുമായ ജലഗതാഗത മേഖലയാണ് വൈക്കം-തവണക്കടവ് ജലപാത. ഈ പ്രാധാന്യം ഉൾക്കൊണ്ടുകൊണ്ടാണ് സംസ്ഥാന ജലഗതാഗതവകുപ്പ് നിലവിൽ ബോട്ട്

സർവ്വീസുകൾ നടത്തിവരുന്നത്. ചരക്ക് ഗതാഗതത്തിനുകൂടി പ്രാധാന്യം നൽകികൊണ്ട് ഈ മേഖലയിൽ സോളാർ ഇലക്ട്രിക്ക് റോറോ പദ്ധതി നടപ്പിലാക്കുന്നതിനുള്ള സാദ്ധ്യതകൾ പരിശോധിച്ചുവരുന്നു.

**സീ അഷ്ടമുടി ടൂറിസം-ബോട്ട് സർവ്വീസ്**

402(2144) <u>ശ്രീ. എം. മുകേഷ്</u>: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സീ അഷ്ടമുടി പാസഞ്ചർ-കം-ടൂറിസം ബോട്ട് സർവ്വീസിനാവശ്യമായ ബോട്ടിന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടും സർവ്വീസാരംഭിക്കുന്നതിന് കാലതാമസം നേരിടുന്നതിന്റെ കാരണം വ്യക്തമാക്കുമോ; സർവ്വീസ് ഉടനാരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

കൊല്ലം ജില്ലയുടെ ഹൃദയഭാഗത്തായി സ്ഥിതിചെയ്യുന്ന സംസ്ഥാന ജലഗതാഗതവകുപ്പിന്റെ ബോട്ടുജെട്ടിയിൽനിന്നാരംഭിച്ച് കാവനാട്, കുരീപ്പുഴ, സാമ്പ്രാണിക്കോടി, അഷ്ടമുടി കായൽ, പെരിങ്ങാലം, പേഴംതുരുത്ത്, മൺറോതുരുത്തുവരെപോയി തിരികെവരുന്ന രീതിയിലാണ് സീ അഷ്ടമുടി ടൂറിസം സർവ്വീസ് ക്രമീകരിച്ചിരിക്കുന്നത്. സർവ്വീസ് നടത്തുന്നതിനുള്ള ബോട്ടിന്റെ നിർമ്മാണ പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്. ഈ ബോട്ട്

നിലവിൽ കേരള മാരി ടൈം ബോർഡ്, ഇന്ത്യൻ രജിസ്ട്രാർ ഓഫ് ഷിപ്പിംഗ് എന്നീ സുരക്ഷാ ഏജൻസികളുടെ സർവ്വേ നടപടികൾ പൂർത്തിയാകുന്നതിലേക്കായി അഷ്ടമുടി കായലിൽത്തന്നെ ട്രയൽ സർവ്വീസ് നടത്തിവരുന്നുണ്ട്. ഈ നടപടികൾ പൂർത്തിയാക്കി ഡിസംബർ മാസം അവസാനവാരത്തോടുകൂടി പൊതുജന സേവനത്തിനായി നൽകുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

**ജലഗതാഗത വകുപ്പിലെ ബോട്ട്മാസ്റ്റർ തസ്തിക**

403(2145) ശ്രീമതി ദലീമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലഗതാഗതവകുപ്പിൽ ബോട്ട്മാസ്റ്റർ തസ്തികയിൽ ജോലി ചെയ്യുന്നതിനുള്ള യോഗ്യതകൾ വ്യക്തമാക്കാമോ?

വകുപ്പിലെ ഓപ്പറേറ്റിംഗ് വിഭാഗത്തിന്റെ വിശേഷാൽ ചട്ടം 18-08-1975-ലെ G.O.(P) No.151/75/PW പ്രകാരം ബോട്ട്മാസ്റ്റർ തസ്തികയിലെ നിയമനത്തിനുള്ള യോഗ്യത ചുവടെ ചേർക്കും പ്രകാരമാണ്.

(i) Pass in S.S.L.C or equivalent qualification.

(ii) Boat Masters License.

(ബി) ബോട്ട്മാസ്റ്റർ ലൈസൻസ് നിലവിൽ ഏത് വകുപ്പാണ് വിതരണം ചെയ്യുന്നതെന്ന് വിശദമാക്കാമോ;

ബോട്ട് മാസ്റ്റർ ലൈസൻസ് വിതരണം ചെയ്യുന്നത് പോർട്ട് വകുപ്പാണ്.

(സി) ജലഗതാഗതവകുപ്പിൽ ജോലി ചെയ്യുന്ന ബോട്ട്മാസ്റ്റർ ലൈസൻസുള്ള ജീവനക്കാരുടെയെണ്ണം എത്ര; അവരുടെ പേരും കെ.ഐ.വി. നമ്പരും ലഭ്യമാക്കുമോ?

(ബി&സി) സംസ്ഥാന ജലഗതാഗതവകുപ്പിൽ ജോലി ചെയ്യുന്ന ബോട്ട്മാസ്റ്റർ ലൈസൻസുള്ള ജീവനക്കാരുടെ എണ്ണം 293 ആണ്. ബോട്ട്മാസ്റ്റർ ലൈസൻസുള്ള ജീവനക്കാരുടെ പേരും KIV നമ്പരും രേഖപ്പെടുത്തിയ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.+

(നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2139-ന്റെ ഉത്തരം ബന്ധപ്പെട്ട വകുപ്പിൽനിന്നും ലഭ്യമാക്കിയിട്ടില്ല.)

## അനുബന്ധം II

<u>നക്ഷത്രചിഹ്നമിട്ട (*121)-ാം നമ്പർ ചോദ്യവുമായി ബന്ധപ്പെട്ട ഉപചോദ്യത്തിന് ബഹുമാനപ്പെട്ട തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി നൽകിയ മറുപടിയുടെ വിശദാംശങ്ങൾ</u>

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വിഴിഞ്ഞം രാജ്യാന്തര തുറമുഖത്തിന് കൺസഷൻ കരാർ പ്രകാരം 3100 മീറ്റർ നീളത്തിൽ പുലിമുട്ട് നിർമ്മിക്കേണ്ടതുണ്ട്. സംസ്ഥാന സർക്കാരിന് വേണ്ടി നിർമ്മാണ കമ്പനിയെ തന്നെയാണ് പുലിമുട്ട് നിർമ്മാണത്തിനും ചുമതലപ്പെടുത്തിയിട്ടുള്ളത്. 1387 കോടി രൂപയാണ് പുലിമുട്ട് നിർമ്മാണത്തിന് വേണ്ടി വരുന്ന ചെലവ്; ഇതുവരെ 1850 മീറ്റർ നീളത്തിൽ പുലിമുട്ട് നിർമ്മാണം ഭാഗികമായി പൂർത്തീകരിച്ചിട്ടുണ്ട്. നിർമ്മാണ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. മൊബിലൈസേഷൻ അഡ്വാൻസായി നിർമ്മാണ കമ്പനിക്ക് 292.60 കോടി രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്.

വിഴിഞ്ഞം തുറമുഖത്തിന് ഭൂമി ഏറ്റെടുക്കുന്നതിനായി ഇതുവരെ 697.42 കോടി രൂപയും പുനരധിവാസ പ്രവർത്തനങ്ങൾക്ക് വേണ്ടി 103.99 കോടി രൂപയും സർക്കാർ ചെലവഴിച്ചിട്ടുണ്ട്.